# കേരള നിയമസഭാ നടപടികൾ

## പതിമൂന്നാം കേരള നിയമസഭ

### പതിനഞ്ചാം സമ്മേളനം

### 2015 ഡിസംബർ 7, തിങ്കൾ

# ഔദ്യോഗിക റിപ്പോർട്ട്

# വാല്യം 160 - നമ്പർ 6

വില : ₹ 50

**കേരള നിയമസഭാ സെക്രട്ടേറിയറ്റ്**
**തിരുവനന്തപുരം**

# കേരള നിയമസഭാ നടപടികൾ

## പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

2015 ഡിസംബർ 7, തിങ്കൾ

സ്പീക്കർ
**ശ്രീ. എൻ. ശക്തൻ**

ഡെപ്യൂട്ടി സ്പീക്കർ
**ശ്രീ. പാലോട് രവി**

സെക്രട്ടറി
**ശ്രീ. പി. ഡി. ശാരംഗധരൻ**

ചീഫ് എഡിറ്റർ
**ശ്രീ. ബി. മഹേന്ദ്ര കുമാർ**

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

## മന്ത്രിസഭാംഗങ്ങൾ

| | | |
|---|---|---|
| മുഖ്യമന്ത്രി | : | ശ്രീ. ഉമ്മൻ ചാണ്ടി |
| വിദ്യാഭ്യാസ വകുപ്പുമന്ത്രി | : | ശ്രീ. പി. കെ. അബ്ദു റബ്ബ് |
| റവന്യൂവും കയറും വകുപ്പുമന്ത്രി | : | ശ്രീ. അടൂർ പ്രകാശ് |
| പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി | : | ശ്രീ. എ. പി. അനിൽ കുമാർ |
| ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി | : | ശ്രീ. അനൂപ് ജേക്കബ് |
| ഊർജ്ജ വകുപ്പുമന്ത്രി | : | ശ്രീ. ആര്യാടൻ മുഹമ്മദ് |
| മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി | : | ശ്രീ. കെ. ബാബു |
| സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി | : | ശ്രീ. സി. എൻ. ബാലകൃഷ്ണൻ |
| പൊതുമരാമത്ത് വകുപ്പുമന്ത്രി | : | ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് |
| പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി | : | ശ്രീമതി പി. കെ. ജയലക്ഷ്മി |
| ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി | : | ശ്രീ. കെ. സി. ജോസഫ് |
| ജലവിഭവ വകുപ്പുമന്ത്രി | : | ശ്രീ. പി. ജെ. ജോസഫ് |
| വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി | : | ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി |
| നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി | : | ശ്രീ. മഞ്ഞളാംകുഴി അലി |
| കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി | : | ശ്രീ. കെ. പി. മോഹനൻ |
| പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി | : | ഡോ. എം. കെ. മുനീർ |
| ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി | : | ശ്രീ. രമേശ് ചെന്നിത്തല |
| തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി | : | ശ്രീ. ഷിബു ബേബി ജോൺ |
| ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി | : | ശ്രീ. വി. എസ്. ശിവകുമാർ |
| വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി | : | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ |

# ഉള്ളടക്കം

*പേജ്*

**I ചോദ്യോത്തരങ്ങൾ**

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ 1

2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ 25

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ 25

(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ 66

**II അടിയന്തരപ്രമേയം**

പോലീസ് തലപ്പത്തെ അഴിച്ചുപണി— 434

ശ്രീ. പി. ശ്രീരാമകൃഷ്ണൻ

(അടിയന്തരപ്രമേയാവതരണാനുമതി നിഷേധിച്ചു)

**III ശ്രദ്ധ ക്ഷണിക്കൽ**

1. കാർഷികമേഖലയിൽ പ്രത്യേക പാക്കേജ്—

ശ്രീ. മോൻസ് ജോസഫ് 467

2. ഭിന്നശേഷിയുള്ള കുട്ടികളുടെ വിദ്യാഭ്യാസ സൗകര്യങ്ങൾ—

ശ്രീ. മാത്യു റ്റി. തോമസ് 474

**IV പ്രത്യേക പരാമർശം**

മുല്ലപ്പെരിയാർ ഡാമിൽ ജലനിരപ്പ് ഉയരുന്നതിലുള്ള ആശങ്ക—

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ) 481

**V സബ്മിഷൻ**

1. സർവ്വകലാശാലയിലെ ജനാധിപത്യവിരുദ്ധ നടപടി—

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ) 482

2. വ്യാപാരിയുടെ ദുരൂഹ തിരോധാനം—

ശ്രീ. കെ. ദാസൻ 483

3. തോട്ടം മേഖലയിൽ പാക്കേജ്—

ശ്രീമതി ഇ. എസ്. ബിജിമോൾ 485

പേജ്

4. ഹയർ സെക്കണ്ടറി അദ്ധ്യാപക നിയമനം—

ശ്രീ. പി. സി. വിഷ്ണുനാഥ് 488

5. സർക്കാർ ഉടമസ്ഥതയിൽ സിനിമാ തീയേറ്റർ—

ശ്രീ. കെ. അജിത് 489

6. പാലം നിർമ്മാണത്തിന് സ്ഥലം—

ശ്രീ. റ്റി. യു. കുരുവിള 490

7. ആശുപത്രി പ്രവർത്തനം കാര്യക്ഷമമാക്കൽ—

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ 491

8. അരീക്കോട് യുനാനി ആശുപത്രി—

ശ്രീ. പി. കെ. ബഷീർ 492

9. ക്ഷേത്ര വരുമാനത്തിന്റെ വിനിയോഗവും ധനസഹായം അനുവദിക്കലും—

ശ്രീ. വി. ഡി. സതീശൻ 493

10. പാരിപ്പള്ളി ഇ.എസ്.ഐ. മെഡിക്കൽ കോളേജ്—

ശ്രീ. ജി. എസ്. ജയലാൽ 497

**VI മേശപ്പുറത്തുവച്ച കടലാസ്സുകൾ**

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസുകൾ 499

**VII റിപ്പോർട്ട് സമർപ്പണം**

2015-ലെ കേരള സ്പോർട്സ് (ഭേദഗതി) ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI-ന്റെ റിപ്പോർട്ട് 499

**VIII ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന**

"അവർക്കായ് നമുക്ക വാങ്ങാം" പദ്ധതി

പട്ടികജാതി പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽ കുമാർ) 500

പേജ്

IX നിയമനിർമ്മാണകാര്യം

(1) 2012-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (കേരള സംസ്ഥാന മലിനീകരണനിയന്ത്രണ ബോർഡിന്റെ കീഴിലുള്ള സർവ്വീസുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബില്ലിന്റെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും 501

(2) സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള താഴെ പറയുന്ന ബില്ലുകൾ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും 534

(i) 2015-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (സർവ്വകലാശാലകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബിൽ 534

(ii) 2015-ലെ കൂലി കൊടുക്കൽ (കേരള ഭേദഗതി) ബിൽ 592

# കേരള നിയമസഭാ നടപടികൾ

## പതിമൂന്നാം കേരള നിയമസഭ

### പതിനഞ്ചാം സമ്മേളനം

*2015 ഡിസംബർ 7, തിങ്കൾ*

വാല്യം 160] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 6

നിയമസഭാ 2015 ഡിസംബർ മാസം 7-ാം തീയതി തിങ്കളാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എൻ. ശക്തന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

## I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

### 1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ.... ഓർഡർ.... ചോദ്യം നമ്പർ *151 ............ (ബഹളം)..............

(ചോദ്യോത്തരവേള ആരംഭിച്ചപ്പോൾ മുഖ്യമന്ത്രിയും മൽസ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രിയും രാജിവയ്ക്കണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള ബാനറുകളും പ്ലക്കാർഡുകളും പിടിച്ചുകൊണ്ട് എഴുന്നേറ്റുനിന്ന് മുദ്രാവാക്യം വിളിച്ച് ബഹളം വച്ചുകൊണ്ടിരുന്ന പ്രതിപക്ഷാംഗങ്ങൾ ബഹുമാനപ്പെട്ട സ്പീക്കറുടെ നിർദ്ദേശമനുസരിച്ച് നിശബ്ദരാകുകയും സ്വസ്ഥാനങ്ങളിൽ ഉപവിഷ്ടരാകുകയും ചെയ്തു.)

#### കെ.എസ്.ആർ.ടി.സി. തൊഴിലാളികളുടെ സമരം

1 (*151) ശ്രീ. എം.ചന്ദ്രൻ:
ശ്രീ. എളമരം കരീം:
ശ്രീ. എം. ഹംസ:
ശ്രീ. പി. റ്റി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. നിലനിർത്താനും ശമ്പളവും പെൻഷനും ഉറപ്പാക്കി കിട്ടാനും തൊഴിലാളികൾക്ക് സമരം നടത്തേണ്ടിവരുന്ന സ്ഥിതിവിശേഷം സംബന്ധിച്ച് വിലയിരുത്തിയിട്ടുണ്ടോ;

(ബി) സർക്കാർ നയങ്ങൾ, കെ.എസ്.ആർ.ടി.സി.-യെ ദുരന്തത്തിലെത്തിച്ചിരിക്കുകയാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; മരുന്നും ഭക്ഷണവുമില്ലാതെ ആത്മഹത്യ ചെയ്തതായി പറയപ്പെടുന്ന കെ.എസ്.ആർ.ടി.സി. പെൻഷൻകാർ എത്രയാണെന്നതിന്റെ വിവരം ശേഖരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ബസ്ച്ചാർജ് വർദ്ധിപ്പിച്ചിട്ടും സെസ് ഏർപ്പെടുത്തിയിട്ടും കെ.എസ്.ആർ.ടി.സി.-യെ രക്ഷപ്പെടുത്താൻ ഉതകുന്നനിലയിൽ പ്രവർത്തിപ്പിക്കാൻ തയ്യാറാകാത്തതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഹൈക്കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ യാത്രാസൗജന്യങ്ങളുടെ പേരിൽ കെ.എസ്.ആർ.ടി.സി.-ക്ക് നൽകേണ്ടിയിരുന്നതുൾപ്പെടെയുള്ള തുക നൽകിയിട്ടുണ്ടോ;

(ഡി) സമരത്തെത്തുടർന്ന് സംഘടനകളുമായി ഒത്തുതീർപ്പിലായ വ്യവസ്ഥകൾ പ്രകാരമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ,

(എ) വിലയിരുത്തിയിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.-യെ സാമൂഹിക പ്രതിബദ്ധതയുള്ള, സാമ്പത്തിക സ്വാശ്രയത്തമുള്ള ഒരു സ്ഥാപനമായി നില നിർത്തുന്നതിനായി ഒരു പുനരുദ്ധാരണ പാക്കേജിന് സർക്കാർ അംഗീകാരം നൽകുകയും അതിലെ നിർദ്ദേശങ്ങൾ നടപ്പാക്കിവരികയുമാണ്. കെ.എസ്.ആർ.ടി. സി.-യിൽ പെൻഷൻ ഫണ്ട് രൂപീകരിച്ച് 2015 ഏപ്രിൽ മാസം മുതൽ നവംബർ മാസംവരെയുള്ള പെൻഷൻതുക കൃത്യമായി വിതരണം ചെയ്തു കഴിഞ്ഞു. 2015 ജനുവരി, ഫെബ്രുവരി, മാർച്ച് മാസങ്ങളിലെ പെൻഷൻതുക 15,000 രൂപയായി നിജപ്പെടുത്തിയാണ് വിതരണം ചെയ്തിരുന്നത്. അതിൽ 2015 ജനുവരി മാസത്തെ ടി കുടിശ്ശിക പെൻഷൻ (15,000 രൂപയ്ക്ക് മുകളിലുള്ള തുക) 2015 നവംബർ 30-ാം തീയതി വിതരണം ചെയ്തിട്ടുണ്ട്. 2015 ഫെബ്രുവരി, മാർച്ച് മാസങ്ങളിലെ കുടിശ്ശിക പെൻഷൻതുക 2015 ഡിസംബർ മാസത്തിൽ വിതരണം ചെയ്യാനാണ് ഉദ്ദേശിക്കുന്നത്.

ജീവനക്കാർക്ക് ശമ്പളം അതാതുമാസം അവസാനത്തെ ദിവസം കൃത്യമായി വിതരണം ചെയ്തുവരികയാണ്. ആകയാൽ ശമ്പളത്തിനും പെൻഷനുമായി തൊഴിലാളികൾക്ക് സമരം ചെയ്യേണ്ട സാഹചര്യം ഇപ്പോൾ നിലവിലില്ല.

(ബി) ഇത്തരത്തിൽ ഒരു ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ആകയാൽ ഇത് സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കേണ്ട സാഹചര്യം ഉണ്ടായിട്ടില്ല.

(സി) 2015 ഏപ്രിൽ മാസം മുതൽ കെ.എസ്.ആർ.ടി.സി.യിലെ പെൻഷൻ വിതരണം കൃത്യമായി നടത്തുന്നതിനായി പെൻഷൻ ഫണ്ട് രൂപീകരിക്കുകയും പ്രസ്തുത ഫണ്ടിലേക്ക് പ്രതിമാസം കെ.എസ്.ആർ.ടി.സി. നിക്ഷേപിക്കുന്നതിന് തത്തുല്യമായ തുക (20 കോടി രൂപയിൽ അധികരിക്കാതെ) സർക്കാർ നോൺ-പ്ലാൻ വിഹിതമായി അനുവദിക്കുന്നതിന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പെൻഷൻ ഫണ്ടിലേയ്ക്കുള്ള കോർപ്പറേഷന്റെ വിഹിതമായ തുക കണ്ടെത്തുന്നതിനും യാത്രക്കാർക്ക് അപകട ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നതിനും യാത്രക്കാർക്കു വേണ്ടി ഡിപ്പോകളിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും 15 രൂപയ്ക്ക് മുകളിൽ ടിക്കറ്റ് നിരക്കിൽ യാത്രചെയ്യുന്ന യാത്രക്കാരിൽനിന്നും നിശ്ചിത സ്ലാബ് നിരക്കിൽ, Social Security Cess ഇനത്തിൽ തുക 2015 ഏപ്രിൽ 1 മുതൽ ഈടാക്കുന്നതിന് അനുമതി നൽകി സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ഇത്തരത്തിൽ Cess ഇനത്തിൽ തുക ഈടാക്കുന്നതുവഴി പ്രതിമാസം കെ.എസ്.ആർ.ടി.സി.-ക്ക് 6 കോടിയിൽപ്പരം രൂപ അധികമായി ലഭ്യമാകുന്നുണ്ട്. ഈ തുക പ്രയോജനപ്പെടുത്തി 2015 ഏപ്രിൽ മാസംമുതൽ നവംബർ മാസംവരെയുള്ള പെൻഷൻതുക കൃത്യമായി വിതരണം ചെയ്തുകഴിഞ്ഞു. പെൻഷൻ ഫണ്ട് രൂപീകരിച്ചതുവഴി കെ.എസ്.ആർ.ടി.സി.-ക്ക് കൃത്യമായി പെൻഷൻ നൽകുവാൻ കഴിയുന്നുണ്ട്.

സാമൂഹ്യ പ്രതിബദ്ധത ഇനത്തിൽ കോർപ്പറേഷന് ചെലവായ തുക അനുവദിക്കുന്നതു സംബന്ധിച്ച വിഷയം ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവിന്റെ വെളിച്ചത്തിൽ സർക്കാർ പരിശോധിക്കുകയുണ്ടായി. നിലവിൽ സർക്കാരിൽ നിന്നും സാധ്യമായ സാമ്പത്തിക സഹായങ്ങൾ കോർപ്പറേഷന് അനുവദിച്ചു വരുന്നുണ്ട്. 2008-09 മുതൽ 2013-14 വരെ സർക്കാർ നോൺ-പ്ലാൻ വായ്പയായി കെ.എസ്.ആർ.ടി.സി.-ക്ക് അനുവദിച്ചുനൽകിയ ആകെ തുകയായ 1090.75 കോടി രൂപ സർക്കാരിന്റെ മൂലധന നിക്ഷേപമാക്കി മാറ്റുന്നതിന് തത്വത്തിൽ അംഗീകാരം നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ,

2015 ഏപ്രിൽ മാസം മുതൽ പെൻഷൻ വിതരണം കൃത്യമായി നടത്തുന്നതിന് ഇതുവരെ 134.40 കോടി രൂപ നോൺ-പ്ലാൻ വിഹിതമായി സർക്കാർ അനുവദിച്ചുനൽകിയിട്ടുണ്ട്.

ഭാവിയിൽ ഓരോ യാത്രക്കാരിൽനിന്നും സാമൂഹ്യ പ്രതിബദ്ധതയിനത്തിലുണ്ടാകുന്ന കോർപ്പറേഷന്റെ നഷ്ടം നിയമാനുസൃത അക്കൗണ്ടിംഗ് സംവിധാനം അനുസരിച്ച് രേഖപ്പെടുത്താനും അത്തരം രേഖകളുടെ അടിസ്ഥാനത്തിൽ കൃത്യമായ ക്ലെയിം സമർപ്പിക്കുവാനും ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, കെ.എസ്.ആർ.ടി.സി.-ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) 20-10-2015-ന് തൊഴിലാളി സംഘടനകൾ നടത്തിയ പണിമുടക്കിനു മുന്നോടിയായി ഗതാഗത വകുപ്പുമന്ത്രിയുടെ സാന്നിധ്യത്തിൽ 16-10-2015-ന് വിളിച്ചുചേർത്ത അംഗീകൃത തൊഴിലാളി സംഘടനകളുമായുള്ള ചർച്ചായോഗത്തിൽ തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം നിലനിന്നിരുന്നതിനാൽ തീരുമാനിക്കാനാകാത്ത വിഷയങ്ങൾ 23-11-2015-ന് ചേർന്ന യോഗത്തിൽ ചർച്ച ചെയ്യുകയും തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തിട്ടുണ്ട്. അതിൻപ്രകാരം എല്ലാ താൽക്കാലിക വിഭാഗം ജീവനക്കാരുടെയും വേതനത്തിൽ 1-12-2015 മുതൽ 40 രൂപയുടെ വർദ്ധനവ് വരുത്തുന്നതിനും അംഗീകൃത സംഘടനകൾ അവകാശ പത്രികകൾ സമർപ്പിക്കുന്നമുറയ്ക്ക് ശമ്പള പരിഷ്കരണ ചർച്ച ആരംഭിക്കുന്നതിനും വരുമാനം വർദ്ധിപ്പിക്കുന്നതിന് 1-1-2016 മുതൽ പുതിയ ഇൻസെന്റീവ് സ്കീം നടപ്പാക്കുന്നതിനും വനിതാ ജീവനക്കാർക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ എല്ലാ യൂണിറ്റുകളിലും ഒരുക്കുന്നതിനും കുടിശ്ശിക ക്ഷാമബത്തയിൽ എത്ര ശതമാനം ഏതു മാസംമുതൽ അനുവദിക്കാം എന്നതിനെ സംബന്ധിച്ച് പരിശോധിക്കുന്നതിനും തീരുമാനിക്കുകയുണ്ടായി. പ്രസ്തുത തീരുമാനങ്ങൾ നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

<u>ശ്രീ. എം. ചന്ദ്രൻ</u>: സർ, ഏതാണ്ട് 38,000-ത്തോളം ജീവനക്കാരും 35,000-ാളം പെൻഷൻകാരുമുള്ള കേരളത്തിലെ ഏറ്റവും വലിയ പൊതുമേഖലാ സ്ഥാപനമാണ് കെ.എസ്.ആർ.ടി.സി. പെൻഷൻ ലഭിക്കാത്തതുമൂലം 23 പെൻഷൻകാർ ഇതിനകം ആത്മഹത്യ ചെയ്തു. ബഹുമാനപ്പെട്ട മന്ത്രി അക്കാര്യം

ഉത്തരത്തിൽ വ്യക്തമാക്കിയില്ല. അടുത്തകാലത്തായി ഡീസലിന് ലിറ്ററിന് 10 രൂപ കുറഞ്ഞിട്ടും ബസ് ചാർജ് കുറയ്ക്കുന്നതിനുള്ള ഒരു നടപടിയും സ്വീകരിച്ചിട്ടില്ല. ഇത് 22,000-ത്തോളം വരുന്ന സ്വകാര്യ ബസ് ഉടമകളെ സഹായിക്കുന്നതിനു വേണ്ടിയാണ് എന്നുള്ള കാര്യത്തിൽ സംശയമില്ല. കെ.എസ്.ആർ.ടി.സി.-യുടെ പേരിൽ സ്വകാര്യ ബസ് ഉടമകൾ ലാഭം ഉണ്ടാക്കിക്കൊണ്ടിരിക്കുകയാണ്. സെസ് ഇനത്തിൽ ആറ് കോടി രൂപ പിരിച്ചെടുത്തിട്ടും കെ.എസ്.ആർ.ടി.സി.-യെ സംരക്ഷിക്കാൻ കഴിയുന്നില്ല. പുതിയ ബസ്സുകൾ ഇറക്കാതെയും ഉള്ള ബസ്സുകളുടെ കേടുപാടുകൾ തീർക്കാതെയും നിലവിലുള്ള റൂട്ടുകൾ സംരക്ഷിക്കാതെയും ഈ സ്ഥാപനത്തെ തകർത്ത് സ്വകാര്യ മേഖലയെ പ്രതിഷ്ഠിക്കാനുള്ള ശ്രമമാണ് നടത്തുന്നതെന്നുപറഞ്ഞാൽ അത് നിഷേധിക്കാൻ അങ്ങേക്ക് കഴിയുമോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അങ്ങ് പറഞ്ഞ ചില കാര്യങ്ങളൊഴിച്ച് ബാക്കിയെല്ലാം ഞാൻ നിഷേധിക്കുകയാണ്. കെ.എസ്.ആർ.ടി.സി.-യുടെ പരിതാപകരമായ അവസ്ഥയെക്കുറിച്ച് സംസാരിക്കാത്ത ഒരു പൗരനും കേരളത്തിലുണ്ടാകുമെന്ന് തോന്നുന്നില്ല. അതിനെ മെച്ചപ്പെടുത്തുന്നതിനുള്ള പരിശ്രമങ്ങൾ നടത്തുകയാണ്. കെ.എസ്.ആർ.ടി.സി.-യുടെ ഇപ്പോഴത്തെ ഏകദേശ പ്രതിദിന വരുമാനം 5,65,00,000 രൂപയാണ്. അതിൽ ഇനിയും വർദ്ധനവുണ്ടാകണം. തൊഴിലാളി സംഘടനകളുമായി സംസാരിച്ച് സൗഹൃദമായ അന്തരീക്ഷത്തിൽമാത്രമേ വർദ്ധനവുണ്ടാക്കാൻ സാധിക്കൂ. അതിനുള്ള പരിശ്രമങ്ങൾ നടക്കുകയാണ്. കെ.എസ്.ആർ.ടി.സി. ഒരു വർഷം 1,260 കോടി രൂപയുടെ നഷ്ടത്തിലാണ് ഓടുന്നത്. വർഷങ്ങളായി ആ നഷ്ടം അധികരിച്ചു കൊണ്ടിരിക്കുകയാണ്. 1,260 കോടി രൂപയുടെ നഷ്ടം നികത്തുന്നതിനുള്ള നടപടികളാണ് നമ്മൾ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. ഗവൺമെന്റിന്റെ പുതിയ സമീപനം കൊണ്ട് പ്രതിമാസ വായ്പാ തിരിച്ചടവിനത്തിൽ ഏകദേശം 35 കോടിയോളം രൂപ കുറവ് വരുകയാണ്. ലാഭം എന്നുവേണമെങ്കിൽ അതിനെ പറയാം. കെ.റ്റി.ഡി.എഫ്.സി.-യിൽ നിന്നെടുത്ത 1,300 കോടി രൂപയ്ക്ക് പത്ത് നാഷണലൈസ്ഡ് ബാങ്കുകളുടെ ഒരു കൺസോർഷ്യം ഉണ്ടാക്കി. എസ്.ബി.റ്റി., എസ്.ബി.ഐ. ക്യാപിറ്റൽസിന്റെ നേതൃത്വത്തിൽ കൺസോർഷ്യമുണ്ടാക്കി. ലക്ഷ്മിവിലാസം ബാങ്ക്, സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, സ്റ്റേറ്റ് ബാങ്ക് ഓഫ് ഹൈദ്രാബാദ്, ആന്ധ്രാ ബാങ്ക്, കാനറാ ബാങ്ക്, കേരള ഗ്രാമീൺ ബാങ്ക്, യൂണിയൻ ബാങ്ക്, പഞ്ചാബ് സിന്ധ് ബാങ്ക് എന്നീ ബാങ്കുകളിൽ നിന്നാണ് 1,300 കോടി രൂപ വായ്പ എടുക്കുന്നത്. ആ പ്രോസസ്സിൽ

എസ്.ബി.റ്റി. 200 കോടി രൂപയും ലക്ഷ്മിവിലാസം ബാങ്ക് 75 കോടി രൂപയും ചേർത്ത് 275 കോടിരൂപ അടച്ചുകഴിഞ്ഞു. ബാക്കിയുള്ള ബാങ്കുകളും ആ പ്രോസസ്സിൽ തന്നെ മുന്നോട്ടുപോവുകയാണ്. ഇതെല്ലാംകൂടി വരുമ്പോൾ അടയ്ക്കേണ്ട പ്രതിമാസ വായ്പയുടെ പലിശയിൽ ഏതാണ്ട് 35 കോടി രൂപയുടെ കുറവുണ്ടാകും. അങ്ങനെ ഒരു മാസത്തിൽ 35 കോടി രൂപയുടെ കുറവ് വരുമ്പോൾ 1,260 കോടി രൂപയിൽ പ്രതിവർഷം 420 കോടി രൂപയുടെ കുറവ് വരുകയാണ്. അതോടൊപ്പം തന്നെ പെൻഷൻ ഫണ്ട് രൂപീകരിച്ച് ഗവൺമെന്റ് 20 കോടി രൂപ തരാമെന്ന് പറഞ്ഞു. ആ 20 കോടി രൂപയും കൂടിയാകുമ്പോൾ 240 കോടി രൂപയുടെ അധിക ബാധ്യതയിൽനിന്ന് നമ്മൾ ഒഴിവാക്കപ്പെടുകയാണ്. കൂടാതെ സെസ് ഏർപ്പെടുത്തിയതിലൂടെയും 6 കോടി രൂപ പ്രതിമാസം കിട്ടുന്നുണ്ട്. അങ്ങനെ ഒരു വർഷത്തിൽ 72 കോടി രൂപ. ഇതെല്ലാംകൂടി ചേരുമ്പോൾ 732 കോടി രൂപയാണ് ഇപ്പോഴുള്ള നഷ്ടത്തിൽനിന്ന് കുറച്ചുകൊണ്ടുവരാൻ കഴിയുന്നത്. എന്നാലും ബാക്കി ഏകദേശം 528 കോടി രൂപ നഷ്ടമായി നിൽക്കും. നഷ്ടം നികത്തുന്നതിനുവേണ്ടി തൊഴിലാളി സംഘടനകളുടെ ഭാഗത്തുനിന്നും പോസിറ്റീവായ സമീപനം ആവശ്യമാണ്. നമ്മുടെ കളക്ഷൻ ഒരു മാസം 44 കോടി രൂപ കൂട്ടിയാൽ 528 കോടി രൂപയുടെ ഈ ഗ്യാപ് നികത്താൻ സാധിക്കും. അതിനുവേണ്ടി ഒരു ദിവസം ഒന്നരകോടി രൂപ കളക്ഷൻ ഇനത്തിൽ വർദ്ധിപ്പിക്കണം. അതായത് 5.65 കോടി രൂപയുടെ പ്രതിദിന കളക്ഷൻ 7 കോടി രൂപക്ക് മുകളിൽ എത്തിക്കാൻ കഴിയണം. ഇപ്പോൾ 92 ഡിപ്പോകളാണുള്ളത്. 7 കോടി രൂപയ്ക്ക് മുകളിൽ കളക്ഷൻ വരാൻ വേണ്ടി ഈ ഡിപ്പോകൾക്ക് നമ്മളൊരു ടാർജറ്റ് ഫിക്സ് ചെയ്തിട്ടുണ്ട്. ആ ടാർജറ്റിലെത്താൻ അവർക്കാവശ്യമായ എല്ലാ സഹായങ്ങളും ചെയ്തുകൊടുക്കും. കളക്ഷൻ വർദ്ധിപ്പിക്കുന്നതിനുവേണ്ടിയുള്ള ശ്രമം നടക്കുകയാണ്. അങ്ങനെ പ്രതിമാസം 44 കോടി രൂപയിലെത്താൻ കഴിഞ്ഞാൽ കെ.എസ്.ആർ.ടി.സി. വിൻ പൊസിഷനിൽ വരും. ലാഭവും നഷ്ടവുമില്ലാത്ത കേരളത്തിലെ ഏറ്റവും വലിയ പൊതുമേഖലാ സ്ഥാപനമായി നിലനിൽക്കും. ദീർഘകാലമായി അനുഭവിച്ചുകൊണ്ടിരിക്കുന്ന കടബാധ്യതയിൽനിന്ന് ഒരു പ്രസ്ഥാനത്തെ രക്ഷപ്പെടുത്തുന്നതിനുള്ള പ്രോസസ്സിൽ നിൽക്കുമ്പോൾ എത്ര ദിവസമെന്ന് ചോദിച്ചാൽ എങ്ങനെ മറുപടി പറയും? ആ പ്രോസസ്സിൽ അങ്ങയുടെ പാർട്ടിയിൽപ്പെട്ട യൂണിയനുമുണ്ട്. തൊഴിലാളി സംഘടനകളെല്ലാം വളരെ നന്നായി കോ-ഓപ്പറേറ്റ് ചെയ്യുന്നുണ്ട്.

ശ്രീ. സി. ദിവാകരൻ: സർ, ഇപ്പോൾ ആവശ്യത്തിന് ബസ്സുകളില്ല.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഒറ്റപ്പെട്ട ചില സംഭവങ്ങളുണ്ടാകാം.

ഈ പൊതുമേഖലാ സ്ഥാപനത്തെ രക്ഷപ്പെടുത്തുന്നതിനുവേണ്ടി നടത്തിക്കൊണ്ടിരിക്കുന്ന തീവ്രമായ യത്നത്തിൽ പ്രതിപക്ഷത്തിന്റെയും തൊഴിലാളി സംഘടനകളുടേയും സഹകരണം ഉണ്ടാകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

ശ്രീ. എം. ചന്ദ്രൻ: സർ, ജീവനക്കാരുടെ ശമ്പളം കൃത്യമായി കൊടുക്കുന്നുണ്ടെന്ന് അങ്ങിവിടെ പറഞ്ഞത് നല്ല കാര്യമാണ്. പക്ഷേ ജീവനക്കാരുടെ 33 ശതമാനം ഡി.എ. കുടിശ്ശികയാണ്. അതുപോലെ അഞ്ചുകൊല്ലം കഴിഞ്ഞ താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുമെന്ന് ആവർത്തിച്ച് പറഞ്ഞിട്ടും ഒമ്പത് വർഷമായവർപോലും ഇപ്പോഴും താൽക്കാലിക ജീവനക്കാരായി തൊഴിൽ ചെയ്യുന്ന ഒരു സ്ഥാപനം കെ.എസ്.ആർ.ടി.സി. മാത്രമാണ്. വേതനം വർദ്ധിപ്പിച്ചുവെന്ന് മന്ത്രി അവകാശപ്പെടുന്നുണ്ട്. കണ്ടക്ടർക്ക് 370 രൂപയും ഡ്രൈവർക്ക് 400 രൂപയുമാണ് ശമ്പളമായി നൽകുന്നത്. ഇത് വളരെ മോശപ്പെട്ട വേതനമാണ്. താൽക്കാലിക ജീവനക്കാർക്ക് ചുരുങ്ങിയത് 500 രൂപയെങ്കിലും കൊടുക്കാതെ കെ.എസ്.ആർ.ടി.സി. പോലെ ഒരു പൊതുമേഖലാ സ്ഥാപനത്തെ മുന്നോട്ടു കൊണ്ടുപോകാൻ സാധിക്കുകയില്ല. ജൻറം ബസ്സുകൾ ഓടിച്ച് കെ.എസ്.ആർ.ടി.സി.-യുടെ മറ്റ് സർവ്വീസുകൾ വെട്ടിക്കുറയ്ക്കുകയാണ്. പാലക്കാട് യൂണിറ്റിൽമാത്രം ദിവസേന 25 സർവ്വീസുകളാണ് വെട്ടിക്കുറയ്ക്കുന്നത്. അത് കെ.എസ്.ആർ.ടി.സി.-യെ നഷ്ടത്തിലേക്കാണ് നയിക്കുന്നത്. അതുകൊണ്ട് കെ.എസ്.ആർ.ടി.സി.-യുടെ ഷെഡ്യൂൾ വെട്ടിക്കുറയ്ക്കാതെ അത് നിലനിർത്തുന്നതിനു വേണ്ടിയിട്ടുള്ള ശ്രമം അങ്ങ് നടത്തണം.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അങ്ങ് പറഞ്ഞ നല്ല നിർദ്ദേശങ്ങളോട് ഞാൻ യോജിക്കുകയാണ്. നഷ്ടത്തിലോടുന്ന ഷെഡ്യൂളുകൾ നിലനിർത്തിക്കൊണ്ട് ലാഭത്തിലേക്ക് കൊണ്ടുവരാൻ കഴിയില്ല. അതുകൊണ്ട് നഷ്ടത്തിലോടുന്ന 1900 ഷെഡ്യൂളുകൾ വെട്ടിക്കുറച്ചു. ഒരു ഷെഡ്യൂളിന് കിട്ടുന്നത് 2000 മുതൽ 4000 രൂപ വരെയാണ്. ഇത്തരമൊരു ഷെഡ്യൂൾ എങ്ങനെ നിലനിർത്താൻ കഴിയും; ഇത് ഒരു പൊതുമേഖലാ സ്ഥാപനമല്ലേ; ഓരോ കിലോമീറ്റർ ഓടുന്തോറും നഷ്ടം കൂടിക്കൊണ്ടിരിക്കുകയാണ്. അതുകൊണ്ട് നഷ്ടത്തിലോടുന്ന ഷെഡ്യൂളുകൾ സാവകാശം ഒഴിവാക്കുകയും ലാഭത്തിലോടുന്ന ഷെഡ്യൂളുകൾ നിലനിർത്തിക്കൊണ്ടു പ്പോരുകയും ചെയ്യും. അങ്ങേക്ക് പ്രത്യേകമായി എന്തെങ്കിലും നിർദ്ദേശിക്കാനു ണ്ടെങ്കിൽ അത് പരിശോധിക്കാം.

മി. സ്പീക്കർ: ശ്രീ. എം. ചന്ദ്രൻ താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുമോ എന്നാണ് ചോദിച്ചത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി, അങ്ങ് ഇതുസംബന്ധിച്ച് തുടർന്ന് മറുപടി പറയണം.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, പത്തു വർഷം ജോലിചെയ്ത

താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിനെക്കുറിച്ച് സുപ്രീംകോടതി വിധിയുണ്ട്. നാലും ഒമ്പതും വർഷം കഴിഞ്ഞ ആളുകളെക്കുറിച്ചാണ് ശ്രീ. എം. ചന്ദ്രൻ ഇവിടെ സൂചിപ്പിച്ചത്. കുറേയധികം എം-പാനൽ ജീവനക്കാരെ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം സ്ഥിരപ്പെടുത്തി. മറ്റൊരു പ്രശ്നംകൂടിയുണ്ട്. പി.എസ്.സി. ലൈവ് ലിസ്റ്റ് നിലനിൽക്കുന്നതിനാൽ പി.എസ്.സി. ലിസ്റ്റിൽനിന്നുള്ള നിയമനം വേണമെന്നും വേക്കൻസികൾ ഇത്തരത്തിൽ ഫിൽ ചെയ്യുന്നത് ശരിയല്ല എന്ന ഹൈക്കോടതിയുടെ നിഗമനം കൂടിയുണ്ട്. ഈ സാഹചര്യങ്ങൾകൂടി കണക്കിലെടുത്തുകൊണ്ടുമാത്രമേ ഗവൺമെന്റിന് ഒരു തീരുമാനം എടുക്കാൻ പറ്റുകയുള്ളൂ. ബഹുമാനപ്പെട്ട സ്പീക്കർ പറഞ്ഞതനുസരിച്ച് മുഖ്യമന്ത്രിയും ഇതിനെക്കുറിച്ച് പ്രതികരിക്കുന്നതാണ് .

മി. സ്പീക്കർ: പത്ത് വർഷം കഴിഞ്ഞ താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതു സംബന്ധിച്ച് കോടതി അനുകൂലമായി പറഞ്ഞിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നത് സംബന്ധിച്ച് ഒരു ബുദ്ധിമുട്ടുണ്ട്. താൽക്കാലിക ജീവനക്കാരെ എടുക്കുമ്പോൾ കമ്മ്യൂണൽ റിസർവ്വേഷൻ പാലിക്കാറില്ല. ഇത് നമ്മുടെ പൊതുവായ വ്യവസ്ഥിതിക്ക് തടസ്സമായിട്ടാണ് നിലനിൽക്കുന്നത്. അതേസമയം പത്തുകൊല്ലം കഴിഞ്ഞവർക്ക് പി.എസ്.സി. ലിസ്റ്റ് ഇല്ലെങ്കിൽ, സാമുദായിക റിസർവ്വേഷൻ പരിഗണനകൾ സംരക്ഷിച്ചുകൊണ്ട് സ്ഥിരപ്പെടുത്താൻ പറ്റുമോ എന്ന് ഗവൺമെന്റ് പരിശോധിച്ച് അക്കാര്യത്തിൽ അനുകൂലമായി തീരുമാനമെടുക്കുന്നതിന് പരമാവധി ശ്രമിക്കാം.

ശ്രീ. എളമരം കരീം: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞതിൽ ഒരു വൈരുദ്ധ്യമുണ്ട്. കേരള ഹൗസിൽ താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തിയപ്പോൾ കമ്മ്യൂണിറ്റി റിസർവേഷനൊന്നും പാലിച്ചിട്ടില്ല. ഇക്കാര്യത്തിൽമാത്രം ഇങ്ങനെ പറയുന്നത് ഒരു സാങ്കേതികത്വമാണ്. ട്രാൻസ്പോർട്ട് കോർപ്പറേഷനെ രക്ഷപ്പെടുത്തുന്നതിനുവേണ്ടി ട്രാൻസ്പോർട്ട് മന്ത്രി ഇവിടെ വരച്ചുകാണിച്ച ചിത്രം വളരെ മനോഹരമാണ്. പക്ഷേ എനിക്കുള്ള ആശങ്കയാണ് ഞാൻ പറയുന്നത്. ഏപ്രിൽ മാസത്തിൽ നമ്മളെല്ലാവരും ചേർന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ പങ്കെടുത്ത യോഗത്തിലുണ്ടാക്കിയ കരാറനുസരിച്ച് നടക്കേണ്ട കാര്യങ്ങൾ നടന്നിട്ടില്ല. ഒന്ന്, കെ.റ്റി.ഡി.എഫ്.സി.-യുടെ ലോൺ റീഷെഡ്യൂൾ ചെയ്യുക. അങ്ങ് ഉണ്ടാക്കിയ കൺസോർഷ്യം ഇന്നുവരെ യാഥാർത്ഥ്യമായിട്ടില്ല. എസ്.ബി.ഐ. ബാങ്കിനെ ചുമതലപ്പെടുത്തി. ലക്ഷ്മി വിലാസം ബാങ്കിൽനിന്ന്

കിട്ടിയ പണം കെ.റ്റി.ഡി.എഫ്.സി.-യിൽ അടച്ച് അതിന്റെയടിസ്ഥാനത്തിൽ ലോൺ എടുത്ത് ശമ്പളം കൊടുത്തു. ഇത് എന്ത് റീ-സ്ട്രക്ച്ചറിംഗാണ്? കെ.റ്റി.ഡി.എഫ്.സി.യുടെ പലിശകൂടിയ ലോൺ തീർത്തടച്ച് പലിശ കുറഞ്ഞ ഷെഡ്യൂൾ ബാങ്കിലേക്ക് ലോൺ മാറ്റി ഇതിനെ രക്ഷപ്പെടുത്തിയതിന്റെ ബാധ്യത കുറയ്ക്കണമെന്നാണ് യോഗതീരുമാനം. എത്ര മാസമാണ് ഈ തീരുമാനം നടപ്പിലാക്കാൻ വേണ്ടത്? രണ്ട്, കെ.എസ്.ആർ.ടി.സി.-യുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതുസംബന്ധിച്ച് പഠനം നടത്താൻ ഒരു വിദഗ്ദ്ധ കമ്മിറ്റിയെ വയ്ക്കാൻ തീരുമാനിച്ചു. ഇന്നുവരെ അത് നടന്നിട്ടില്ല. പുതിയ ബസ്സുകൾ വാങ്ങണം. ഷെഡ്യൂൾ ഓപ്പറേഷൻ വർദ്ധിപ്പിച്ചാൽമാത്രമേ വരുമാനം വർദ്ധിപ്പിക്കാൻ സാധിക്കുകയുള്ളൂ. ഇതൊരു പൊതുമേഖലാ സ്ഥാപനമായതുകൊണ്ട് മൂലധനച്ചെലവിന് ഗവൺമെന്റ് പണം വിനിയോഗിക്കണം. ഞാൻ അങ്ങയെമാത്രം കുറ്റപ്പെടുത്തുന്നില്ല. എവിടെ നിന്നെങ്കിലും ഭീമമായ പലിശയ്ക്ക് കടം വാങ്ങി ബസ്സോടിച്ചാൽ അതിലൂടെ വരുമാനമുണ്ടാക്കി കടം വീട്ടാൻ കഴിയില്ല. സർക്കാർ കുറെ പണം നോൺ പ്ലാൻ ഫണ്ടായി തന്നിട്ടുണ്ടെന്നുള്ളകാര്യം ഞാൻ അംഗീകരിക്കുന്നു. ഇരുപത് കോടി രൂപ പെൻഷൻ ഫണ്ടിലേയ്ക്ക് സർക്കാർ തരുന്നത് നല്ല കാര്യം തന്നെയാണ്. എന്നാൽ ഇതിനെ ആകെ റീഷെഡ്യൂൾ ചെയ്യാനാവശ്യമായ ഗൗരവതരമായ എഫർട്ടിലേയ്ക്ക് പോയാൽ മാത്രമേ ഇത് നന്നായി വരൂ എന്ന കാര്യം അങ്ങ് മനസ്സിലാക്കുന്നുണ്ടോ; അത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:</u> സർ, അങ്ങ് എപ്പോഴും ഈ കാര്യങ്ങളിൽ വളരെ പോസിറ്റീവായിട്ടാണ് സമീപിച്ചിട്ടുള്ളത്. അതിന് ഞാൻ നന്ദിയും രേഖപ്പെടുത്തുകയാണ്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ജൻറം ഒന്നാംഘട്ട പദ്ധതിയുടെ ഭാഗമായി 108 ബസ്സുകളും രണ്ടാംഘട്ട പദ്ധതിയുടെ ഭാഗമായി 282 ബസ്സുകളും ഉൾപ്പെടെ 2024 ബസ്സുകൾ പുതുതായി ഇറക്കിയിട്ടുണ്ട്. ഏറ്റവും കൂടുതൽ ബസ്സുകൾ ഈ കാലഘട്ടത്തിലിറങ്ങിയിട്ടുണ്ടെന്നാണ് പഴയ കണക്കുകൾ പരിശോധിക്കുമ്പോൾ ബോദ്ധ്യപ്പെടുന്നത്. അങ്ങ് ഇവിടെ സൂചിപ്പിച്ചതു പോലെ ആശങ്കകൾ കുറയ്ക്കുന്നതിനുവേണ്ടിയുള്ള ശ്രമത്തിലാണ് ഗവൺമെന്റ്. ബാങ്കുകളുമായി കൺസോർഷ്യം ഉണ്ടാക്കി. രണ്ട് ദിവസത്തിനുമുമ്പ് ഇതിലെ പ്രധാനപ്പെട്ട ചില ബാങ്കുകളുമായി പേഴ്സണലായി ഞാൻ ബന്ധപ്പെട്ടിരുന്നു. ഡയറക്ടർ ബോർഡിന്റെ ഡിസിഷനനുസരിച്ച് അവരെല്ലാം നമ്മളെ കമ്മ്യൂണിക്കേറ്റ് ചെയ്തുകൊണ്ടിരിക്കുന്ന ഒരു സന്ദർഭമാണ്. നമ്മൾ പറഞ്ഞിരുന്ന സമയം കഴിഞ്ഞ ആഴ്ചയായിരുന്നു. പക്ഷേ എട്ടോ പത്തോ ദിവസത്തിന്റെ ഒരു വ്യത്യാസം വരുന്ന

എന്നമാത്രമേയുള്ളൂ. എന്നാലും അവർ ആ പ്രോസസ്സിൽ നിൽക്കുകയാണ്. അങ്ങനെ 1300 കോടി രൂപ അടച്ച് ഈ പ്രശ്നത്തിന് സെറ്റിൽമെന്റുണ്ടാക്കുകയാണ്. അതുകൂടാതെ നോൺ ഓപ്പറേറ്റീവ് സെക്ടറിൽക്കൂടിയും വരുമാനം ഉണ്ടാക്കാനുള്ള ശ്രമത്തിലാണ് നിൽക്കുന്നത്. എ.റ്റി.എം. കൗണ്ടർ, പാഴ്സൽ സർവ്വീസ്, കൊറിയർ സർവ്വീസ് ഇതൊക്കെ ആരംഭിച്ച് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള ശ്രമത്തിലാണ്. അതോടൊപ്പംതന്നെ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റിനു വേണ്ടിയും ശ്രമിക്കുന്നുണ്ട്. ഏറ്റവും ശോച്യാവസ്ഥ ട്രാൻസ്പോർട്ട് ഡിപ്പോയിൽ സ്ത്രീ ജീവനക്കാർക്ക് ലേഡീസ് ഫ്രണ്ട്ലി ടോയ്ലെറ്റ് സംവിധാനംപോലുമില്ല എന്നുള്ളതാണ്. ആ സൗകര്യങ്ങളൊക്കെ വർദ്ധിപ്പിക്കുവാനുള്ള തീരുമാനമെടുത്തിരിക്കുകയാണ്. ബസ് സ്റ്റാന്റുകൾ നന്നാക്കുക, ആളുകൾക്ക് ഇരിക്കാനുള്ള സൗകര്യമുണ്ടാക്കുക തുടങ്ങിയ നടപടികളിലേയ്ക്ക് നീങ്ങുകയാണ്. കെ.റ്റി.ഡി.എഫ്.സി.യിൽനിന്ന് തുക വായ്പയെടുത്ത് നാല് സ്ഥലത്ത് ടെർമിനലുകൾ ഉണ്ടാക്കിയിട്ടുണ്ട്. ടെർമിനൽ ഉണ്ടാക്കുന്നതിനു വേണ്ടി എടുത്ത തീരുമാനത്തെ ഞാൻ സ്വാഗതം ചെയ്യുകയാണ്. പക്ഷേ ആ ടെർമിനലുകളെല്ലാം വരുമാനം കിട്ടുന്ന രൂപത്തിലേയ്ക്ക് മാറ്റണ്ടേ? വരുമാനത്തിന്റെ സ്രോതസ്സാക്കി മാറ്റാൻ ശ്രമിക്കുകയാണ്. ഇതെല്ലാം കൂടിയാകുമ്പോൾ കെ.എസ്.ആർ.ടി.സി.-യെ മെച്ചപ്പെട്ട രൂപത്തിലേക്ക് എത്തിക്കാൻ കഴിയുമെന്നാണ് എന്റെ വിശ്വാസം. അങ്ങ് ഇവിടെ സൂചിപ്പിച്ചതുപോലെ നമ്മളൊരു റിവൈവൽ പാക്കേജ് ഉണ്ടാക്കിയിരുന്നു. ആ റിവൈവൽ പാക്കേജിന്റെ പുറത്താണ് ഇത് നമ്മൾ നടത്തിക്കൊണ്ടിരിക്കുന്നത്. അങ്ങുകൂടി പങ്കെടുത്ത മുഖ്യമന്ത്രി വിളിച്ചുചേർത്ത യോഗത്തിൽ എടുത്ത തീരുമാനങ്ങളെല്ലാം ഓരോന്നായി നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. അതേസമയം പെട്ടെന്ന് നടപ്പാക്കാൻ പറ്റുന്നത്, ഹ്രസ്വകാലം കൊണ്ട് നടപ്പാക്കാൻ പറ്റുന്നത്, ദീർഘകാലം കൊണ്ട് നടപ്പാക്കാൻ പറ്റുന്നത് അങ്ങനെ മൂന്നായി തരം തിരിച്ച് റെസ്പോണ്ട് ചെയ്തുകൊണ്ടാണ് കെ.എസ്.ആർ.ടി.സി. മുന്നോട്ടുപോകുന്നത്.

മി. സ്പീക്കർ: മിനിസ്റ്ററുടേയും അംഗങ്ങളുടേയും ശ്രദ്ധയിൽ ഒരു കാര്യം കൊണ്ടുവരട്ടെ, ചോദ്യോത്തര സമയം തുടങ്ങിയിട്ട് 22 മിനിട്ട് ആയി. 2 പേരുടെ ചോദ്യമാണ് ഇതുവരെ എടുത്തത്, 14 പേർ ഉപചോദ്യം ആവശ്യപ്പെട്ടിട്ടുണ്ട്. മെയിൻ ലിസ്റ്റിൽ 2 പേരെ ആയിട്ടുള്ളൂ, അതിൽതന്നെ ഇനിയും 2 പേർ ബാക്കിയുണ്ട്. അങ്ങനെ 16 പേർ ചോദ്യം ചോദിക്കാനുണ്ട്. അതുകൊണ്ട് ചോദ്യം ചോദിക്കുന്ന അംഗങ്ങളും ബഹുമാനപ്പെട്ട മന്ത്രിയും സഹകരിക്കണം.

ശ്രീ. എം. ഹംസ: സർ, കെ.എസ്.ആർ.ടി.സി. ഏറ്റവും വലിയ പബ്ലിക് ട്രാൻസ്പോർട്ട് സിസ്റ്റമാണ്. കെ.എസ്.ആർ.ടി.സി.-ക്ക് ഇന്ന് 960 കോടി രൂപയുടെ ആസ്തി ഉണ്ട് എന്നാണ് കണക്കാക്കിയിരിക്കുന്നത്. 420 ഏക്കർ സ്ഥലമുള്ള ഒരു സ്ഥാപനമാണ് കെ.എസ്.ആർ.ടി.സി. കെ.എസ്.ആർ.ടി.സി. ജീവനക്കാർ പെൻഷൻ കിട്ടാതെ ആത്മഹത്യചെയ്യുന്ന കേരളത്തിൽ, ഈ 420 ഏക്കർ സ്ഥലമുപയോഗപ്പെടുത്തിക്കൊണ്ട് കോർപ്പറേഷന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിനു വേണ്ടി വല്ല പദ്ധതികളും തയ്യാറാക്കിയിട്ടുണ്ടോ? അക്കാര്യത്തിലുണ്ടായിട്ടുള്ള പുരോഗതി വ്യക്തമാക്കാൻ കഴിയുമോ? ഇതര വരുമാനം വർദ്ധിപ്പിച്ചുകൊണ്ടല്ലാതെ കെ.എസ്.ആർ.ടി.സി.-ക്ക് മുന്നോട്ടുപോകുവാൻ കഴിയുമോ എന്നകാര്യം വ്യക്തമാക്കണം അതിനുള്ള പദ്ധതികൾ ആലോചിക്കുമോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, കെ.എസ്.ആർ.ടി.സി.-യുടെ ആസ്തി വിപണനമൂല്യം നിശ്ചയിക്കുവാൻ വർമ്മ ആന്റ് വർമ്മ ചാർട്ടേർഡ് അക്കൗണ്ട്സിനെ ചുമതലപ്പെടുത്തി. 3674.13 കോടി രൂപയാണ് കെ.എസ്.ആർ.ടി.സി.-യുടെ ആസ്തി വിപണനമൂല്യം എന്നാണ് നമുക്ക് കിട്ടിയ കണക്ക്. ടിക്കറ്റ് ഇതര വരുമാനം വർദ്ധിപ്പിക്കുവാൻ ട്രാക്കോൺ എന്ന സ്ഥാപനവുമായി സഹകരിച്ച് ഇപ്പോൾ കൊറിയർ, പാഴ്സൽ സർവ്വീസുകൾ നടത്തിക്കൊണ്ടിരിക്കുകയാണ്. അതോടൊപ്പം എ.ടി.എം. കൗണ്ടറുകൾ, ഇൻഡ്യൻ കോഫി ഹൗസ് ഔട്ട് ലെറ്റുകൾ, ഓൺ ലൈൻ റിസർവേഷൻ സിസ്റ്റം, ഇന്റർ സ്റ്റേറ്റ് ബസ്സുകളിൽ സാറ്റലൈറ്റ് സിസ്റ്റം, ബാംഗ്ലൂരിൽനിന്നും ശാന്തിപുരം, കലാശിപ്പാളയം, പീനിയ, കോരമംഗലം എന്നീ സ്ഥലങ്ങളിൽ പുതിയ റിസർവേഷൻ കൗണ്ടറുകൾ തുടങ്ങിയവയെല്ലാം നടപടികൾ എടുക്കുന്നതിന്റെ ഭാഗമായിട്ടുള്ളതാണ്. നോൺ ഓപ്പറേറ്റിംഗ് സെക്ടറുകളിലുള്ള വരുമാനം കൂട്ടുക, കളക്ഷൻ വർദ്ധിപ്പിക്കുന്നതിന് വേണ്ടി ശ്രമിക്കുക, ബസ്സിനെ ആശ്രയിച്ചുപോകാം എന്ന് ജനങ്ങളിൽ തോന്നൽ ഉളവാക്കുക തുടങ്ങിയ കാര്യങ്ങളിൽ ഏറെക്കുറെ തൃപ്തികരമായി പോകുന്നു എന്നാണ് എന്റെ വിശ്വാസം.

ശ്രീ. പി. റ്റി. എ. റഹീം: സർ, സാമൂഹിക പ്രതിബദ്ധത ഇനത്തിൽ കോർപ്പറേഷന് ചെലവായ തുക അനുവദിക്കുന്നത് സംബന്ധിച്ച് ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ചില നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് അങ്ങ് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. എം.എൽ.എ. മാർക്കും വിദ്യാർത്ഥികൾക്കും കൊടുക്കുന്ന കൺസെഷൻതുക ഗവൺമെന്റ്

കൊടുക്കാത്തതുകൊണ്ട് വലിയ നഷ്ടം ഉണ്ടാകുന്നു എന്ന് പലപ്പോഴും പത്ര വാർത്തകൾ ഉണ്ടാകാറുണ്ട്. ഗവൺമെന്റ് പ്ലാൻ ഇനത്തിലും നോൺപ്ലാൻ ഇനത്തിലും ഒരുപാട് പൈസ കൊടുക്കുന്നുണ്ട്. കൊടുക്കുന്ന സമയത്ത് ഈ തുക തട്ടിക്കഴിക്കുന്ന രൂപത്തിലായാൽ ദുഷ്പേര് കേൾക്കണ്ടല്ലോ, ആ കാര്യത്തിൽ ബഹുമാനപ്പെട്ട മന്ത്രിക്ക് എന്താണ് പറയാനുള്ളത്?

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:</u> സർ, അങ്ങനെയൊരു ദുഷ്പേര് ഏത് പത്രത്തിലാണ് വന്നത് എന്ന് എനിക്കറിയില്ല, ഞങ്ങൾ ഏതായാലും കൊടുത്തിട്ടില്ല, കൊടുക്കുകയും ഇല്ല. ഗവൺമെന്റ് എത്രയോ കാലം മുൻപാണ് ഈ പറയുന്ന കൺസെഷൻസെല്ലാം കൊടുത്തിരിക്കുന്നത്. ഇന്നുണ്ടാകുന്ന നഷ്ടം ഇതുകൊണ്ടാണ് എന്നുപറയുന്നതിൽ എന്തെങ്കിലും അർത്ഥമുണ്ടോ? നമ്മൾ കാണാത്ത ചില മേഖലകളുണ്ട്, അവിടേക്ക് കടന്നുചെല്ലാൻ കഴിയണം, അവിടെ നിന്നും നമുക്ക് വരുമാനം കൂട്ടാൻ കഴിയും. എത്ര എം.എൽ.എ.-മാരാണ് ബസ്സിൽ യാത്ര ചെയ്യുക? കൺസെഷനൊന്നുമല്ല വരുമാനനഷ്ടത്തിന്റെ കാരണം. ഗവൺമെന്റിന് അങ്ങനെ ഒരു സ്റ്റാന്റും ഇല്ല. അങ്ങ് ഉണ്ട് എന്നുപറഞ്ഞ് ഞങ്ങളുടെ മേൽ അടിച്ചേല്പിക്കാൻ ശ്രമിക്കരുത്, അത് മാത്രമേ എനിക്ക് പറയാനുള്ളൂ.

<u>ശ്രീ. കെ. മുരളീധരൻ:</u> സർ, യാത്രാവാഹനങ്ങളിലെ ഡ്രൈവർമാർ 8 മണിക്കൂറിൽ കൂടുതൽ വാഹനം ഓടിക്കാൻ പാടില്ല എന്ന നിയമം വന്നിട്ടുണ്ട്. അതനുസരിച്ച് കെ.എസ്.ആർ.ടി.സി.-യുടെ ദീർഘദൂര സർവ്വീസുകളിൽ ഡ്രൈവർ-കം-കണ്ടക്ടർ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഡ്രൈവർമാർക്കും കണ്ടക്ടർമാർക്കും പ്രത്യേക പരിശീലന പരിപാടി വകുപ്പു തലത്തിൽ നൽകാൻ നടപടി സ്വീകരിക്കുമോ?

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:</u> സർ, അങ്ങ് ഇവിടെ സൂചിപ്പിച്ചതുപോലെ 6 മണിക്കൂർ ആണ് അവർക്ക് ഡ്രൈവിംഗ് നിശ്ചയിച്ചിട്ടുള്ളത്. ഡ്രൈവർ-കം കണ്ടക്ടർ എന്ന സിസ്റ്റത്തെക്കുറിച്ച് ഗൗരവമായി ചർച്ച ചെയ്തുകൊണ്ടിരിക്കുകയാണ്. പക്ഷേ ഇക്കാര്യത്തിൽ യൂണിയനുകൾ തമ്മിൽ ഒരു യോജിപ്പില്ല. ഡ്രൈവേഴ്സ് യൂണിയന് അതിന്റെ ആവശ്യമുണ്ട്. പക്ഷേ കണ്ടക്ടർമാരെ പ്രതിനിധാനം ചെയ്യുന്ന മറ്റ് സംഘടനകളിലെ എല്ലാ യൂണിയനുകൾക്കും അതിനോട് തർക്കം ഉണ്ട്. ആ തർക്കം അവസാനിപ്പിക്കുവാൻ പറ്റുമെങ്കിൽ ഗവൺമെന്റ് ഈ കാര്യത്തിൽ പോസിറ്റീവായി നിലപാട് എടുക്കും. അങ്ങനെ യൂണിയനുകൾ തമ്മിലുള്ള പ്രശ്നം അങ്ങ് പരിഹരിക്കുവാൻ മുൻകൈ എടുത്താൽ ഇതിന് ഒരു പരിഹാരമുണ്ടാക്കാം.

<u>ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ:</u> സർ, അങ്ങ് പറഞ്ഞ എല്ലാ കാര്യങ്ങളോടും യോജിക്കുകയാണ്, സഹതാപവും ഉണ്ട്. എങ്കിലും എല്ലാ

എം.എൽ.എ.-മാരും സഹകരിക്കുന്നില്ല എന്നു പറയാമോ? എന്റെ നിയോജക മണ്ഡലത്തിലെ രണ്ടുഡിപ്പോകളിൽ ഒന്നരക്കോടി രൂപ ഓഫീസ് കെട്ടാനും മറ്റു മെയിന്റനൻസുകൾക്കും വേണ്ടി ചെലവാക്കിയിട്ടുണ്ട്. പക്ഷേ, അങ്ങ് അധികാരത്തിൽ വന്നതിനുശേഷം പമ്പയിലേക്ക് സർവ്വീസ് നടത്തുവാൻ വേണ്ടി ഒരു ബസ്സുപോലും തന്നിട്ടില്ല. ഷെഡ്യൂൾ മുഴുവൻ ഓപ്പറേറ്റ് ചെയ്യണമെങ്കിൽ വെഞ്ഞാറമൂട് ഡിപ്പോയിൽ പന്ത്രണ്ടും പാലോട് എട്ടും ബസ്സുകൾ അധികമായി വേണ്ടിവരും. അതിൽ രണ്ടുമൂന്ന് ബസ്സെങ്കിലും തരാൻ കനിവുണ്ടാകുമോ?

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:</u> സർ, അങ്ങ് പറഞ്ഞ കാര്യങ്ങൾ പരിശോധിച്ചതിനുശേഷം ഏതൊക്കെ കാര്യങ്ങൾ പോസിറ്റീവായി ചെയ്യാം എന്നുള്ളതിനെക്കുറിച്ച് ആലോചിക്കാം. ഈ സഭയിലെ ഒട്ടുമിക്ക എം.എൽ.എ.-മാരും കെ.എസ്.ആർ.ടി.സി.-യെ ഒരു രൂപത്തിൽ അല്ലെങ്കിൽ വേറൊരു രൂപത്തിൽ സഹായിച്ചിട്ടുണ്ട്. മിക്ക എം.എൽ.എ.മാരും അവരവരുടെ എം.എൽ.എ. ഫണ്ടിൽ നിന്ന് നല്ല തുക കെ.എസ്.ആർ.ടി.സി.-ക്കുവേണ്ടി നൽകിയിട്ടുണ്ട്. ഞാൻ അക്കാര്യത്തിൽ നന്ദി രേഖപ്പെടുത്തുന്നു.

<u>ശ്രീ. ജോസഫ് വാഴക്കൻ</u>: സർ, കെ.എസ്.ആർ.ടി.സി.-യെ നന്നാക്കാനായി ബഹുമാനപ്പെട്ട മന്ത്രിയുടെ നേതൃത്വത്തിൽ നടക്കുന്ന ശ്രമങ്ങളെ ഞാൻ അങ്ങേയറ്റം ശ്ലാഘിക്കുകയാണ്, അഭിനന്ദിക്കുകയാണ്. എന്റെ അനുഭവത്തിന്റെ അടിസ്ഥാനത്തിൽ ഞാൻ പറയുകയാണ്, കെ.എസ്.ആർ.ടി.സി.-യുടെ മാനേജ്മെന്റ് കുറേക്കൂടി പ്രൊഫഷണലാകേണ്ടതായിട്ടുണ്ട്. ഒരു പ്രൊഫഷണൽ മാനേജ്മെന്റ് ഇല്ല എന്നുള്ളതാണ് കെ.എസ്.ആർ.ടി.സി.യുടെ പരാജയങ്ങളുടെ പ്രധാനപ്പെട്ട കാരണമെന്ന് ഞാൻ വിശ്വസിക്കുന്നു. ആരുടേയും പ്രൊമോഷനെയൊന്നും ഞാൻ എതിർക്കുന്നില്ല. പ്രൊമോഷൻ കിട്ടി തലപ്പത്തൊക്കെ വന്നോട്ടെ, കെ.എസ്.ആർ.ടി.സി. ഭംഗിയായി നടത്തിക്കൊണ്ടുപോകാനും കൃത്യമായ പദ്ധതികൾ ആവിഷ്ക്കരിക്കുവാനുമായി കെ.എസ്.ആർ.ടി.സി.യിൽ ഒരു പ്രൊഫഷണൽ മാനേജ്മെന്റ് ഉണ്ടാക്കുന്നതിനെക്കുറിച്ച് ആലോചിക്കുമോ എന്നാണ് എനിക്ക് അറിയേണ്ടത്?

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:</u> സർ, യൂണിയനുകളുമായി ഞാൻ ചർച്ച ചെയ്തതാണ്. അവർ പോസിറ്റീവായ നിലപാടാണ് സ്വീകരിച്ചത്. മിഡിൽ മാനേജ്മെന്റ് തലത്തിൽ പ്രൊഫഷണലായി വരുത്തുന്നതിനുള്ള ശ്രമങ്ങൾ നടത്തി, അതിൽ കുറേ കാര്യങ്ങൾ മുന്നോട്ടുപോയിട്ടുണ്ട്. തനി പ്രൊഫഷണൽ ആയാലും പറ്റില്ല, കാരണം ഇത് സാമൂഹികപ്രതിബദ്ധതയുള്ള കാര്യങ്ങളാണ്. കൃത്യമായി

അളന്നുമുറിച്ച്  ലാഭം മാത്രം എന്നുള്ള നിലപാടെടുക്കാൻ പാടില്ല. ജനങ്ങളുടെ ആവശ്യവും നടക്കണം, അതോടൊപ്പം കെ.എസ്.ആർ.ടി.സി. നഷ്ടമില്ലാതെ ലാഭത്തിൽ പോകുകയും വേണം. ഇതു രണ്ടുകൂടി കൂട്ടിച്ചേർക്കുന്ന ഒരു equilibrium പോയിന്റ് കണ്ടെത്തണം, അതിനുവേണ്ടിയുള്ള ഒരു ശ്രമത്തിലാണ്. അങ്ങയുടെ നിർദ്ദേശം പോസിറ്റീവായി എടുക്കുന്നു.

ശ്രീ. കെ. അജിത്: സർ, എല്ലാ എം.എൽ.എ.-മാരും കെ.എസ്.ആർ.ടി.സി.യെ പലവിധത്തിൽ സഹായിച്ചിട്ടുണ്ടെന്ന് സൂചിപ്പിച്ചു. എം.എൽ.എ.-മാർ വണ്ടി വാങ്ങാനുള്ള നിർദ്ദേശവുമായി പണം ചോദിച്ച് ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രിയെ സമീപിച്ചപ്പോൾ അദ്ദേഹം അതിനെ ചവറ്റുകുട്ടയിലിടുകയാണ് ചെയ്തത്. ഇപ്പോൾ അങ്ങയുടെ നേതാവും നമ്മുടെ സഭാനേതാവുമാണ് ധനകാര്യവകുപ്പുമന്ത്രി. രണ്ടുപേരും ആലോചിച്ചുവേണ്ടവിധത്തിൽ പ്രവർത്തിച്ചാൽ എം.എൽ.എ. ഫണ്ട് ഉപയോഗിച്ചുകൊണ്ട് ആവശ്യമായ സ്ഥലങ്ങളിൽ ബസ് വാങ്ങാൻ കഴിയും. കെ.എസ്.ആർ.ടി.സി.-യെ രക്ഷിക്കാൻ കഴിയും. പ്രതിപക്ഷത്തിന് ഒരിക്കലും ബസ് അനുവദിച്ചുതരുമെന്ന് ഞങ്ങൾ വിശ്വസിക്കുന്നില്ല.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, ബഹുമാന്യനായ കെ. എം. മാണി സാർ എം.എൽ.എ.-മാരുടെ ആവശ്യം ചവറ്റുകുട്ടയിലിട്ടു എന്നൊന്നും എനിക്ക് അഭിപ്രായമില്ല. ഫിനാൻസ് ഡിപ്പാർട്ടുമെന്റിൽനിന്നും ലഭിച്ച ക്വറിയിൽ പറയുന്നത് ആസ്തിവികസന ഫണ്ട് ഗവൺമെന്റിൽവരണം എന്നാണ്. കെ.എസ്.ആർ.ടി.സി. ഒരു കോർപ്പറേഷനാണ്. അതുകൊണ്ട് അതിൽനിന്ന് പറ്റില്ല എന്നുള്ള ടെക്നിക്കൽ തർക്കമാണ് അവർ ഉന്നയിച്ചിട്ടുള്ളത്. ആ തർക്കം ഇപ്പോഴും നിലനിൽക്കുകയാണ്. അത് പരിഹരിക്കുന്നതിനെക്കുറിച്ച് ആലോചിക്കാം. കോൺസ്റ്റിറ്റ്യൂവൻസിയിലെ യാത്രാക്ലേശം പരിഹരിക്കുന്നതിനുള്ള നല്ല നിർദ്ദേശം എന്ന നിലയിൽ എല്ലാവരുടേയും അംഗീകാരത്തോടുകൂടിയാണ് മാണി സാറിനെ കാണാൻ പോയത്. ഫിനാൻസ് ഡിപ്പാർട്ടുമെന്റിലെ ചില ഉദ്യോഗസ്ഥർ ടെക്നിക്കൽ ആയി ഒരു ക്വറി എഴുതി അയച്ചു എന്നതാണ് പ്രശ്നം.

ശ്രീ. എൻ. എ. നെല്ലിക്കുന്ന് : സർ, കെ.എസ്.ആർ.ടി.സി.-യെ നന്നാക്കാനുള്ള മന്ത്രിയുടെ ആത്മാർത്ഥതയേയും താൽപ്പര്യത്തേയും ഞാൻ അഭിനന്ദിക്കുന്നു. അതേയവസരത്തിൽ കാസർഗോഡ് ജില്ലയെക്കൂടി കണക്കിലെടുക്കണമെന്നാണ് ബഹുമാനപ്പെട്ട മന്ത്രിയോട് എനിക്ക് അപേക്ഷിക്കാനുള്ളത്. കാസർഗോഡ് ജില്ലയോടുള്ള അവഗണന അവസാനിപ്പിക്കണം, കാസർഗോഡ്

ജില്ലയിലെ പല ഡിപ്പോകളിലേയും പല സർവ്വീസുകളും റദ്ദ് ചെയ്തിരിക്കുകയാണ്. ഡിപ്പോയിൽ അന്വേഷിക്കുമ്പോൾ എം.എൽ.എ.-മാരായ ഞങ്ങൾക്ക് കിട്ടുന്ന മറുപടി ബസ്സുകൾ ഓടിക്കുവാൻ ഡ്രൈവർമാരും കണ്ടക്ടർമാരും ഇല്ലാത്തതിനാൽ പുതിയ ബസ്സുകൾ അനുവദിക്കുന്നില്ല എന്നാണ്. രണ്ടുദിവസം മുമ്പ് ചേർന്ന ഡി.ഡി.സി. യോഗത്തിലും ഡിപ്പോ അധികൃതർ ഞങ്ങൾക്ക് എഴുതിത്തന്ന മറുപടി ഇതുതന്നെയാണ്. അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി ഇടപെട്ട് ഈ അവഗണന അവസാനിപ്പിക്കണമെന്ന് അപേക്ഷിക്കുന്നു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, കാസർഗോഡ് ജില്ലയിൽ 41 ബസ്സുകൾ ഇപ്പോൾ സർവ്വീസ് നടത്തിക്കൊണ്ടിരിക്കുന്നുണ്ട്. കൂടാതെ കാഞ്ഞങ്ങാടിന് അഡീഷണലായി അനുവദിച്ച ഒൻപത് ബസ്സുകളുംകൂടി ചേർത്ത് മൊത്തം അൻപത് ബസ്സുകൾ അവിടെ ഓടുന്നുണ്ടെന്നാണ് രേഖകളുടെ അടിസ്ഥാനത്തിൽ മനസ്സിലാകുന്നത്. ഇനിയും എന്തെങ്കിലും പ്രശ്നമുണ്ടെങ്കിൽ നമുക്ക് ആലോചിക്കാം. കഴിയുന്ന സഹായങ്ങൾ ചെയ്യുന്നതാണ്.

ശ്രീ. ബി. ഡി. ദേവസ്സി : സർ, ചാലക്കുടി ബസ്സ്റ്റാൻഡിലെ യാത്രക്കാർക്കും ജീവനക്കാർക്കും കാന്റീൻ സൗകര്യമില്ലാത്ത സാഹചര്യത്തിൽ എം.എൽ.എ. ഫണ്ടുപയോഗിച്ച് ഒരു കെട്ടിടം നിർമ്മിക്കുകയും അങ്ങ് തന്നെ അതിന്റെ ഉദ്ഘാടനം നിർവ്വഹിക്കുകയും ചെയ്ത കാര്യം ഓർക്കുമല്ലോ. എന്നാൽ നാളിതുവരെ അതിന്റെ പ്രവർത്തനം ആരംഭിച്ചിട്ടില്ല. അതിനാൽ ആ കാന്റീന്റെ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതോടൊപ്പംതന്നെ ബസ്സ്റ്റാൻഡിലെ ഉപയോഗശൂന്യമായി കിടക്കുന്ന മൂന്ന് ഏക്കർ സ്ഥലം അതിരപ്പിള്ളി ടൂറിസം സാധ്യതകൾ കണക്കിലെടുത്ത് കെ.എസ്.ആർ.ടി.സി.-ക്ക് പ്രയോജനപ്പെടുന്ന രീതിയിൽ ഒരു പ്രോജക്ട്കൂടി നടപ്പാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, അത്തരമൊരു പ്രോജക്ട് വരുന്ന സമയത്ത് അതിനെപ്പറ്റി ആലോചിക്കാം. അങ്ങയുടെ ഫണ്ടിൽനിന്നാണ് അതിനുള്ള തുക അനുവദിച്ചത്, ഞാൻ അവിടെ വന്നു എന്നുള്ളത് ശരിയാണ്, അങ്ങയുടെ ഈ പ്രവർത്തനത്തെ ഞാൻ പരസ്യമായി പ്രകീർത്തിക്കുകയും ചെയ്തു. അത് നന്നായി മുന്നോട്ടുപോകട്ടെ. അവിടെ അവശേഷിക്കുന്ന ഭൂമി ഉപയോഗിച്ച് അതിരപ്പിള്ളി ടൂറിസം സെന്ററിന് പ്രയോജനപ്പെടുന്ന എന്തെങ്കിലും നടപടി എടുക്കണമെന്ന് അങ്ങ് അന്നും പറയുകയുണ്ടായി. അത്തരമൊരു പ്രോജക്ട്

വരുന്നആ ഘട്ടത്തിൽ അതിനെക്കുറിച്ച് ആലോചിക്കാം.

ശ്രീ. സണ്ണി ജോസഫ് : സർ, ശ്രീ. എൻ. എ. നെല്ലിക്കുന്ന് കാസർഗോഡ് ജില്ലയോടുള്ള അവഗണനയെക്കുറിച്ച് പറഞ്ഞു. കണ്ണൂർ ജില്ല അതിനേക്കാളേറെ അവഗണന അനുഭവിക്കുന്ന ഒരു ജില്ലയാണ്. ഡിപ്പോകളുടെ എണ്ണത്തിന്റെ കാര്യത്തിലും ഷെഡ്യൂളുകളുടെ കാര്യത്തിലും മറ്റ് ജില്ലകളുമായി താരതമ്യം ചെയ്യുമ്പോൾ വളരെ വ്യത്യാസമുണ്ട്. കണ്ണൂർ ജില്ലയിലുള്ളതിനേക്കാൾ പത്തിരട്ടി ഷെഡ്യൂളുകളുള്ള ജില്ലകൾ കേരളത്തിലുണ്ട്. പല കാരണങ്ങളുടേയും പേരിൽ, ഉള്ള ഷെഡ്യൂളുകൾ പലതും വെട്ടിക്കുറയ്ക്കുകയാണ്. ഏറ്റവും അവസാനം എ.സി. ബസ്സുകൾ അനുവദിച്ചപ്പോൾ കണ്ണൂർ ജില്ലയിൽമാത്രം എ.സി. ബസ്സുകൾ അനുവദിച്ചില്ല. പലപ്പോഴും ഞാൻ മന്ത്രിയുടെയും കെ.എസ്.ആർ.ടി.സി. എം.ഡി.-യുടേയും ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ ലഭിച്ച മറുപടി 2009-ൽ കേന്ദ്രവും സംസ്ഥാനവും തമ്മിലുണ്ടാക്കിയ കരാർ അനുസരിച്ച് എ.സി. ബസ്സുകൾ അനുവദിക്കുന്നതിൽനിന്നും കണ്ണൂർ ജില്ലയെ ഒഴിവാക്കിയിരിക്കുകയാണ് എന്നാണ്. ഇത്തരത്തിലുള്ള അവഗണന അവസാനിപ്പിക്കാനും യാത്രക്കാരുടെ ആവശ്യംകൂടി പരിഗണിച്ചുകൊണ്ട്, ഉള്ള ഷെഡ്യൂളുകൾ നിലനിർത്താനും മറ്റ് യാത്രാസൗകര്യം ഇല്ലാത്ത സ്ഥലങ്ങളിൽ പുതിയ സർവ്വീസുകൾ ആരംഭിക്കാനും നടപടി സ്വീകരിക്കുമോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : അങ്ങ് പറഞ്ഞ ഒരു കാര്യം സത്യമാണ്. 2009-ൽ കേന്ദ്രവും സംസ്ഥാനവും തമ്മിൽ ഉണ്ടാക്കിയ കരാറിൽ കാസർഗോഡ്, കണ്ണൂർ എന്നീ രണ്ട് ജില്ലകൾ ഉൾപ്പെട്ടില്ല. അതിനാൽ വയനാട്ടിൽനിന്നും കണ്ണൂരിലേയ്ക്ക് ബസ് ഓടിച്ചുകൊണ്ട് കണ്ണൂരുമായി ബന്ധിപ്പിച്ചു. എന്തുകൊണ്ടെന്നാൽ വയനാട് ഈ നെറ്റ്‌വർക്കിനുള്ളിൽ വരുന്നുണ്ട്, കണ്ണൂർ ജില്ല ഉൾപ്പെടുന്നില്ല. കാസർഗോഡും ഇതേ രീതിയിൽത്തന്നെയാണ് ചെയ്തത്. ഇപ്പോൾ കണ്ണൂർ ജില്ലയിൽ 66 ബസ്സുകളുണ്ടെന്നുള്ള കണക്കുകളാണ് എനിക്ക് ലഭിച്ചിട്ടുള്ളത്. എ.സി. ബസ്സും അവിടേയ്ക്ക് അനുവദിച്ചിട്ടുണ്ട്. ഞാൻ തന്നെയാണ് ഉദ്ഘാടനം നിർവ്വഹിച്ചതും. നടപ്പിലാക്കാൻ കഴിയുന്ന കാര്യങ്ങളെല്ലാം നമുക്ക് പോസിറ്റീവ് ആയി ചെയ്യാം. പക്ഷേ അന്നത്തെ നെറ്റ്‌വർക്ക് കവറേജിൽ കണ്ണൂർ ഉൾപ്പെടാത്തതുകൊണ്ട് നിർവ്വാഹമില്ല. കാരണം അത് കേന്ദ്രവും സംസ്ഥാനവും തമ്മിലുള്ള ഒരു എഗ്രിമെന്റിന്റെ ഭാഗമാണ്. അത് ഇപ്പോൾ തിരുത്തുവാൻ നിർവ്വാഹമില്ല.

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u> : സർ, കാസർഗോഡ് ജില്ലയിലെ ബസ്സുകളുടെ എണ്ണത്തെക്കുറിച്ച് അങ്ങ് പറയുകയുണ്ടായി. ജില്ലയിൽ ഓടുന്ന ബസ്സുകളിലധികവും 2000-നുമുമ്പ് പുറത്തിറക്കിയ ബസ്സുകളാണ്. പതിനഞ്ചുവർഷം തികയാൻ പോകുന്ന ബസ്സുകൾ ഏറ്റവും കൂടുതൽ ഓടുന്നത് കാസർഗോഡ് ജില്ലയിലായിരിക്കും. മറ്റൊരു ജില്ലയിലെ ഡിപ്പോകളിൽ കണ്ടക്ടർമാരുടേയും ഡ്രൈവർമാരുടെയും ഒഴിവുകളുടെ എണ്ണം 90 ആണ്. ബഹുമാന്യനായ ആര്യാടൻ മുഹമ്മദ് വകുപ്പുമന്ത്രി ആയിരുന്ന കാലത്താണ് എം.എൽ.എ./എം.പി. ഫണ്ട് ഉപയോഗിച്ചുനിർമ്മിച്ച കാഞ്ഞങ്ങാട് സബ് ഡിപ്പോ ഉദ്ഘാടനം ചെയ്തത്. അന്ന് അദ്ദേഹം എം.എൽ.എ.-യുടെ ശിപാർശ പ്രകാരം മൂന്ന് പുതിയ ഷെഡ്യൂളുകൾ അനുവദിച്ചുകൊടുത്തുവെങ്കിലും ഒരു ബസ്സുപോലും അന്നുമുതൽ ഇന്നുവരെയും ഓടിയിട്ടില്ല. അതുകൊണ്ട് അവിടത്തെ ജീവനക്കാരുടെ ഒഴിവുകൾ നികത്തണം. അന്തർസംസ്ഥാന പാതയിലോടുന്ന ബസ്സുകളിൽ ഏറ്റവും ലാഭകരമായി ഓടുന്നത് കാസർഗോഡും മംഗലാപുരത്തുമാണ്. നഷ്ടത്തിലോടുന്ന ബസ്സുകളാണ് നിർത്തുന്നതെന്ന് അങ്ങ് പറഞ്ഞു. എന്നാൽ മംഗലാപുരം-കാസർഗോഡ് റൂട്ടിൽ സർവ്വീസ് നടത്തുന്ന ബസ്സുകൾപോലും ഷെഡ്യൂൾ അനുസരിച്ച് സർവ്വീസ് നടത്താൻ കഴിയാത്തത് ജീവനക്കാരുടെ കുറവുകൊണ്ടാണ്. അത് പരിഹരിക്കാൻ നടപടിയുണ്ടാകണം.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> : സർ, കാസർഗോഡ് ജില്ലയ്ക്ക് ഒരു പ്രത്യേക സാഹചര്യമുണ്ട്. കാസർഗോഡ് ജില്ലയിലുള്ള വിദ്യാർത്ഥികളിൽ ഒട്ടുമുക്കാലും പഠിക്കുന്നത് മംഗലാപുരത്താണ്. ആളുകളുടെ യാത്രാക്ലേശംകൂടി പരിഗണിച്ച് എങ്ങനെ ഇത് പോസിറ്റീവായി കൊണ്ടുപോകാൻ പറ്റുമെന്ന് ആലോചിക്കാം. കെ.എസ്.ആർ.ടി.സി.-യുടെ ഇപ്പോഴത്തെ സ്ഥിതി അനുസരിച്ച് ഏത് പരിധിവരെ സഹായിക്കാൻ പറ്റും എന്നുള്ളതുകൂടി പരിശോധിക്കേണ്ടതായിട്ടുണ്ട്. അതിനുവേണ്ടി ഒരു പ്രത്യേക യോഗം വിളിച്ചുചേർക്കാം. ജീവനക്കാരുടെ പ്രശ്നമെന്താണെന്ന് പരിശോധിക്കാം. പേപ്പർ ഷെഡ്യൂളിന്റെ പേരിൽ ജീവനക്കാരെ നിയമിക്കാൻ ബുദ്ധിമുട്ടുണ്ട്. യഥാർത്ഥ ഷെഡ്യൂളിൽ ജീവനക്കാരുടെ കുറവുണ്ടെങ്കിൽ ആ കുറവ് എങ്ങനെ നികത്താം എന്നതിനെക്കുറിച്ച് ഒരു ചർച്ചയ്ക്കുശേഷം തീരുമാനിക്കാം.

<u>ശ്രീ. റ്റി. യു. കുരുവിള</u> : സർ, എന്റെ മണ്ഡലത്തിലെ ഡിപ്പോയ്ക്ക് ഞാൻ 75 ലക്ഷം രൂപ ആസ്തി വികസനഫണ്ടിൽനിന്നും കൊടുത്തു. അതിന്റെ പണി ഇതുവരേയും പൂർത്തീകരിച്ചിട്ടില്ല. അത് പൂർത്തിയാക്കാത്തതിന് കാരണമായി പറയുന്നത് അവർക്ക് പേമെന്റ് കൊടുക്കുന്നില്ല എന്നുള്ളതാണ്. കുറച്ച് പണിയുംകൂടി തീർക്കാനുണ്ട്. ഡിപ്പോയുടെ മുൻവശം മുഴുവനും കുഴിയായി കിടക്കുകയാണ്.

ഇതെല്ലാം പരിഹരിക്കേണ്ടതായിട്ടുണ്ട്. അതുപോലെതന്നെ ബസ്സുകളുടെ എണ്ണം തീരെ കുറവാണ്. അതും പരിഹരിക്കണം.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, അങ്ങ് പറഞ്ഞ നിർദ്ദേശങ്ങളിൽ ഗവൺമെന്റിന് സ്വീകരിക്കാൻ കഴിയുന്നകാര്യങ്ങൾ പരിശോധിച്ച് നടപടി സ്വീകരിക്കാം.

ശ്രീ. റ്റി. വി. രാജേഷ് : സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രികൂടി ശ്രദ്ധിക്കേണ്ട കാര്യമാണ്. കെ.എസ്.ആർ.ടി.സി.യിൽ 2013-ൽ 9300 പേർക്ക് അഡ്വൈസ് മെമ്മോ അയയ്ക്കുകയും 1800 പേർ ഒഴികെയുള്ളവർക്ക് നിയമനം ലഭിക്കുകയും ചെയ്തു. ആ 1800 പേർ രണ്ട് വർഷമായി നിയമനവും കാത്ത് നിൽക്കുകയാണ്. നിരവധി പ്രക്ഷോഭങ്ങൾ നടത്തുകയും നിരവധി തവണ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ നേരിൽ കാണുകയുംചെയ്തു. കഴിഞ്ഞവർഷം ഒരു സമരത്തിന്റെ ഭാഗമായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി, ആഭ്യന്തര വകുപ്പുമന്ത്രി, ട്രാൻസ്പോർട്ട് വകുപ്പുമന്ത്രി എന്നിവരുടെ സാന്നിദ്ധ്യത്തിൽ ഒരു ചർച്ച നടക്കുകയും 2015 ഒക്ടോബർ മാസം 17-ാം തീയതിക്കുള്ളിൽ മുഴുവൻ പേർക്കും നിയമനം നൽകാമെന്ന് ഉറപ്പുനൽകുകയും ചെയ്തു. ഇപ്പോൾ രണ്ട് മാസം കഴിഞ്ഞിരിക്കുകയാണ്. കേരളത്തിന്റെ ചരിത്രത്തിൽ ഇന്നേവരെയും അഡ്വൈസ് മെമ്മോ ലഭിച്ച് അപ്പോയിന്റ്മെന്റ് ഓർഡർ ലഭിക്കാനായി ഇത്രയും നീണ്ട കാത്തിരിപ്പ് ഉണ്ടായിട്ടില്ല. ഇപ്പോൾ ഒരു മറുപടി തന്നിരിക്കുന്നത് നിയമനം ലഭിക്കുന്നതുവരെ നിയമന ഉത്തരവ് നിലനിൽക്കു മെന്നാണ്. 1800 പേരുടെ ലൈഫിന്റെ കാര്യമാണ്. അതുകൊണ്ട് അവർക്ക് ജോലി ലഭിക്കുമോ ഇല്ലയോ എന്നുള്ളകാര്യം ബഹുമാനപ്പെട്ട മുഖ്യമന്ത്രി സഭയിൽ വ്യക്തമാക്കണം.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, 3308 വേക്കൻസിയുണ്ടായിരുന്ന കാലത്ത് 9300 പേർക്ക് അഡ്വൈസ് മെമ്മോ അയച്ചു. അതെങ്ങനെ അയച്ചു എന്നുള്ളതിന്റെ പരിശോധന നടക്കുകയാണ്. അന്ന് കെ.എസ്.ആർ.ടി.സി.-യിൽ 3308 വേക്കൻസി മാത്രമാണ് ഉണ്ടായിരുന്നത്. പക്ഷേ, 9300 പേർക്കാണ് അഡ്വൈസ് മെമ്മോ അയച്ചത്. ആ പ്രശ്നം എങ്ങനെ പരിഹരിക്കാമെന്നുള്ള ശ്രമത്തിലാണ്. 1800 പേർക്കൊഴിച്ച് ബാക്കിയുള്ളവർക്ക് നിയമനം നൽകി. NJD ആയി വന്നിട്ടുള്ള ചില പോസ്റ്റുകളുണ്ട്. പി.എസ്.സി.-യുടെ പെർമിഷനോടു കൂടി മാത്രമേ അത് ഫിൽ ചെയ്യാൻ പറ്റുകയുള്ളൂ. പി.എസ്.സി. പെർമിറ്റ് ചെയ്താൽ ബാക്കിയുള്ള കാര്യത്തിലേക്ക് പോകും. എന്നാൽ അഡ്വൈസ് മെമ്മോ ലഭിച്ച

കുട്ടികൾക്ക് പ്രശ്നം ഉണ്ടാകാതിരിക്കുന്നതിനുവേണ്ടിയാണ് അവർക്ക് നിയമനം കൊടുക്കുന്നതുവരെ ഇത് മുന്നോട്ടുകൊണ്ടുപോകുമെന്ന് പറഞ്ഞത്. അന്ന് ആരോചെയ്ത തെറ്റ് പരിഹരിക്കുന്നതിനുവേണ്ടിയുള്ള പരിശ്രമത്തിലാണ്.

ശ്രീ. സി. മോയിൻകുട്ടി : സർ, മലയോര-കുടിയേറ്റ മേഖലകളിൽനിന്ന് പലപ്പോഴും ഷെഡ്യൂളുകൾ വെട്ടിച്ചുരുക്കുകയോ നിർത്തലാക്കുകയോ ചെയ്യുന്നതുകാരണം ദൂരയാത്ര ചെയ്യേണ്ട വിദ്യാർത്ഥികൾ വലിയ ചെലവിൽ സ്വകാര്യ വാഹനങ്ങളെ ആശ്രയിക്കുകയാണ്. ഇത് വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്കിനുപോലും കാരണമായി മാറുകയാണ്. ആ സാഹചര്യത്തിൽ തിരുവമ്പാടി പോലെയുള്ള മലയോര-കുടിയേറ്റ മേഖലയിലെ വിദ്യാർത്ഥികളെക്കൂടി പരിഗണിച്ചുകൊണ്ട് കൃത്യമായി ബസ് ഓടിക്കുന്നതിനുവേണ്ടിയുള്ള എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തുമോ? ഇക്കാര്യം നേരത്തെ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളതാണ്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, അങ്ങ് പറഞ്ഞ നിർദ്ദേശം പരിഗണിക്കാം. സാമൂഹിക പ്രതിബദ്ധതയുടെ അടിസ്ഥാനത്തിൽ ഇത്രയും വിഷമങ്ങളുടെ മധ്യത്തിൽ നിന്നുകൊണ്ടാണ് 1,35,000 കുട്ടികൾക്ക് സമ്പൂർണ്ണ സൗജന്യ യാത്ര കെ.എസ്.ആർ.ടി.സി.-യിൽ അനുവദിച്ചിട്ടുള്ളത്. അത്തരം ഒരു പ്രതിബദ്ധത മറ്റൊരു രൂപത്തിലും ഒരുകാലത്തും ഉണ്ടായിട്ടുള്ളതായി തോന്നുന്നില്ല. അങ്ങ് ഇവിടെ പറഞ്ഞ കാര്യത്തിൽ പോസിറ്റീവായി എന്ത് ചെയ്യാൻ കഴിയുമെന്ന് പരിശോധിക്കാം.

ശ്രീ. എ. എം. ആരിഫ് : സർ, കെ.എസ്.ആർ.ടി.സി.-യെ രക്ഷപ്പെടുത്താൻ വേണ്ടിയാണ് ഞാനടക്കമുള്ള ധാരാളം എം.എൽ.എ.-മാർ ആസ്തി വികസന ഫണ്ടിൽ നിന്നും ഒരു കോടി രൂപ വീതം നൽകാനുള്ള നിർദ്ദേശം സമർപ്പിച്ചത്. ശ്രീ. മാത്യു റ്റി. തോമസ് അതുസംബന്ധിച്ച് സബ്മിഷൻ ഉന്നയിക്കുകയുണ്ടായി. ധനകാര്യ വകുപ്പ് അതിന് അനുമതി നിഷേധിച്ചുകൊണ്ടുള്ള ഉത്തരവ് ഇറക്കുകയും ചെയ്തു. ആസ്തി വികസന ഫണ്ട് ആരംഭിച്ച 2012-ൽ എന്റെ നിയോജക മണ്ഡലത്തിലെ പെരുമ്പളം ദ്വീപിലേക്ക് വേറെ യാത്രാസൗകര്യമില്ലാത്തതുകൊണ്ട് ജങ്കാറിനുവേണ്ടി ഞാൻ പ്രസ്തുത ഫണ്ട് കൊടുത്തു. ആദ്യം ധനകാര്യ വകുപ്പ് നിഷേധ ഉത്തരവ് ഇറക്കി. ശ്രീ. ജോയി ധനകാര്യ വകുപ്പുസെക്രട്ടറി ആയിരിക്കുമ്പോഴും ശ്രീ. സോമസുന്ദരം ധനകാര്യ വകുപ്പുസെക്രട്ടറിയായി ഇരിക്കുമ്പോഴുമായിരുന്നു അത്. ഞങ്ങൾ പോയി കണ്ട് ബോധ്യപ്പെടുത്തുകയും പറയുകയും ചെയ്തു. അന്ന് ശക്തമായ ഇടപെടലുകൾ ഉണ്ടായതിന്റെ

അടിസ്ഥാനത്തിൽ അതിന് അനുമതി നൽകുകയും രണ്ടാഴ്ചയ്ക്കകം ഒന്നര കോടി രൂപ മുടക്കിയുള്ള ജങ്കാർ നീറ്റിൽ ഇറക്കാൻ പോകുകയുമാണ്. വെള്ളത്തിൽ ഓടുന്ന ജങ്കാറിന് അനുമതി നൽകുകയും കരയിൽ ഓടുന്ന ബസ്സിന് അനുമതി നൽകാതിരിക്കുകയും ചെയ്യുന്നതിലെ വൈരുദ്ധ്യം എന്താണെന്ന് മനസ്സിലാകുന്നില്ല. ധനകാര്യവകുപ്പ് എടുക്കുന്ന നിലപാടിൽ ശക്തമായ ഇടപെടൽ ഉണ്ടാകുന്നില്ല. കെ.എസ്.ആർ.ടി.സി.യെ രക്ഷപ്പെടുത്താൻ എം.എൽ.എ.മാരെല്ലാം മുന്നോട്ടുവന്നിട്ടും അതിനെ ഉപയോഗപ്പെടുത്താതിരുന്നതിനെക്കുറിച്ച് അങ്ങ് പരിശോധിക്കുമോ?

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> : സർ, ഞാൻ നേരത്തെ അതിനൊരു മറുപടി പറഞ്ഞതാണ്. ഞാൻ ആ പ്രൊപ്പോസലിൽ സ്ട്രോങ്ങായിട്ടുള്ള വ്യൂ ഉള്ളയാളാണ്. ഒരിക്കൽക്കൂടി ആവർത്തിക്കേണ്ട എന്നതുകൊണ്ട് പഴയ മറുപടി ആവർത്തിക്കുന്നില്ല.

<u>മി. സ്പീക്കർ</u> : ഇനിയും ഒട്ടേറെ അംഗങ്ങൾ ചോദ്യം ചോദിക്കാൻ ആവശ്യപ്പെടുന്നുണ്ട്. ഇപ്പോൾത്തന്നെ 43 മിനിറ്റ് ഈ ചോദ്യത്തിനെടുത്തു. അതുകൊണ്ട് അടുത്ത ചോദ്യത്തിലേക്ക് പോകുകയാണ്.

**അധികാര വികേന്ദ്രീകരണം**

2 (*152) <u>ശ്രീ. ബി. സത്യൻ</u>:
<u>പ്രൊഫ. സി. രവീന്ദ്രനാഥ്</u>:
<u>ശ്രീ. കെ. വി. വിജയദാസ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ;

(എ) ഭരണരംഗത്തെ ഒട്ടേറെ അധികാരങ്ങൾ ഇപ്പോഴും സെക്രട്ടേറിയറ്റിൽ കേന്ദ്രീകരിച്ചിരിക്കുന്നത് വികസന പ്രവർത്തനങ്ങളെ ഏതെല്ലാംനിലയിൽ ബാധിക്കുന്നുണ്ടെന്ന് പരിശോധിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം അധികാരങ്ങൾ ഇനിയും വികേന്ദ്രീകരിച്ച് നൽകുവാൻ ഉദ്ദേശിക്കുന്നു; ഈ സർക്കാരിന്റെ കാലത്ത് നിയമഭേദഗതിയിലൂടെ എന്തെങ്കിലും അധികാരം വികേന്ദ്രീകരിച്ച് നൽകുകയുണ്ടായോ; പ്രസ്തുത രംഗത്ത് നിർദ്ദേശങ്ങൾ ശേഖരിച്ചിട്ടുണ്ടോ;

(സി) ഒറ്റ വകുപ്പായിരുന്നതിനെ മൂന്നായി തിരിച്ച് നൽകിയതും പദ്ധതി തുക നൽകാതിരുന്നതും അധികാര വികേന്ദ്രീകരണ പ്രക്രിയയും ഏകോപനവും ദുർബലപ്പെട്ട അവസ്ഥയിലാക്കിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) തദ്ദേശസ്ഥാപനങ്ങളെ കാലികമായി ശക്തിപ്പെടുത്തുവാൻ തയ്യാറാകുമോ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : സർ,

(എ) അധികാര വികേന്ദ്രീകരണം ശക്തിപ്പെടുത്തുന്നതിനുതകുംവിധത്തിലാണ് പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ തയ്യാറാക്കിയിരിക്കുന്നത്. പ്രദേശിക ഭരണസംവിധാനത്തെ ശാക്തീകരിക്കുന്നതിനും കൂടുതൽ ജനാധിപത്യവത്കരിക്കുന്നതിനും അധികാരവികേന്ദ്രീകരണം അർത്ഥ പൂർണ്ണമാക്കുന്നതിനും ലക്ഷ്യമിട്ട് ഈ സർക്കാർ നടപ്പാക്കിയ സുപ്രധാന പദ്ധതിയാണ് 'സേവാഗ്രാം' എന്ന പേരിൽ എല്ലാ തദ്ദേശസ്വയംഭരണ വാർഡുകളിലും ഗ്രാമകേന്ദ്രങ്ങൾ സ്ഥാപിക്കുക എന്നത്. ഭരണഘടനയുടെ 73-74 ഭേദഗതി അനുസരിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അധികാരം വികേന്ദ്രീകരിച്ചു നൽകിയതിൽ ഏറ്റവും മുൻപന്തിയിൽ നിൽക്കുന്ന സംസ്ഥാനമാണ് കേരളം. ഏറ്റവും നല്ല രീതിയിൽ അധികാര വികേന്ദ്രീകരണം നടത്തിയതിന് അഖിലേന്ത്യാടിസ്ഥാനത്തിൽ 2013-14 സാമ്പത്തിക വർഷത്തിൽ ഒന്നാം സ്ഥാനം കേരളത്തിന് ലഭിക്കുകയുണ്ടായി.

(ബി) അധികാരങ്ങൾ ഇനിയും വികേന്ദ്രീകരിച്ച് നൽകുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല. ഈ സർക്കാരിന്റെ കാലത്ത് നിയമഭേദഗതിയിലൂടെ അധികാരം വികേന്ദ്രീകരിച്ച് നൽകിയിട്ടില്ല.

(സി) ഒറ്റ വകുപ്പായിരുന്ന തദ്ദേശസ്വയംഭരണ വകുപ്പിനെ വിഭജിച്ചിട്ടില്ല. സർക്കാർതലത്തിൽ ഒരു പ്രിൻസിപ്പൽ സെക്രട്ടറി, സെക്രട്ടറി എന്നിവർ അടങ്ങുന്ന ഏക വകുപ്പായാണ് ഇപ്പോഴും പ്രവർത്തിച്ചുവരുന്നത്. വിവിധ വിഷയങ്ങളിൽ കൂടുതൽ ശ്രദ്ധ പതിപ്പിക്കുന്നതിനും കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുമായി ഒന്നിലധികം മന്ത്രിമാർക്ക് ഭരണച്ചുമതല വിഭജിച്ച് നൽകിയിട്ടുണ്ട്. ബന്ധപ്പെട്ട മന്ത്രിമാർക്ക് സെക്രട്ടറിമാർ ഫയലുകൾ സമർപ്പിച്ചുവരുന്നു. കൂടാതെ നിലവിലുള്ള പഞ്ചായത്ത്, നഗരകാര്യം, ഗ്രാമവികസനം തുടങ്ങിയ വകുപ്പുകളുടെ പ്രവർത്തനവുമായി ബന്ധപ്പെട്ടുള്ള വിഷയങ്ങളിൽ ഏകോപനം ആവശ്യമായി വരുന്നപക്ഷം തീരുമാനമെടുക്കുന്നതിന് മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ പഞ്ചായത്ത് വകുപ്പുമന്ത്രി, നഗരകാര്യ വകുപ്പുമന്ത്രി, ഗ്രാമവികസന വകുപ്പുമന്ത്രി എന്നിവരുൾപ്പെടുന്ന ഒരു ഉപസമിതി രൂപീകരിച്ചിട്ടുണ്ട്.

(ഡി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ കാലികമായി ശക്തിപ്പെടുത്തുന്നതിനുള്ള ഒട്ടനവധി കാര്യങ്ങൾ ഈ സർക്കാരിന്റെ കാലത്ത് നടപ്പിലാക്കിയിട്ടുണ്ട്.

ശ്രീ. ബി. സത്യൻ : സർ, 73-74 ഭരണഘടനാ ഭേദഗതിയിലൂടെ ആദ്യമായി ത്രിതല പഞ്ചായത്ത് രാജ് സംവിധാനം ശക്തിപ്പെട്ടു. ത്രിതല പഞ്ചായത്ത് രാജ് സംവിധാനം ശക്തിപ്പെട്ട ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ കാലഘട്ടത്തിലാണ് ഏതാണ്ട് 40 ശതമാനത്തോളം വരുന്ന തുക തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ബഡ്ജറ്റ് വിഹിതത്തിൽനിന്ന് നേരിട്ട് നൽകി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സ്വയം പദ്ധതികൾ തയ്യാറാക്കി സ്വയം പ്രഖ്യാപിത സർക്കാരുകളാക്കി മാറ്റാൻവേണ്ടിയിട്ടുള്ള എല്ലാ സംവിധാനവും ഉണ്ടാക്കിയെടുത്തത്. ആ ഘട്ടത്തിൽ ആരംഭിച്ച വികേന്ദ്രീകരണ പ്രക്രിയ രാജ്യത്ത് ശക്തിപ്പെട്ടു. എല്ലാ തലങ്ങളിലും അഭൂതപൂർവ്വമായ മുന്നേറ്റം ഉണ്ടാക്കാൻ കഴിഞ്ഞു. അങ്ങ് ഇവിടെ പറഞ്ഞു, മൂന്ന് തട്ടുകളിലായി നിൽക്കുകയാണെന്ന്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഇന്ന് അഭിമുഖീകരിക്കുന്ന ഗൗരവമായിട്ടുള്ള ബുദ്ധിമുട്ടുകളും പ്രയാസങ്ങളും പരിഹരിക്കാൻ ഏതെങ്കിലുമൊരു മന്ത്രി എവിടെയെങ്കിലും ഒരു യോഗം വിളിച്ചതായി അങ്ങേയ്ക്ക് പറയാൻ കഴിയുമോ? അങ്ങ് വിളിച്ചുകൂട്ടിയിട്ടുള്ള ജനസമ്പർക്ക പരിപാടിയിൽ ആയിരക്കണക്കിന് ആളുകൾ തന്ന പരാതിയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സ്വയം സർക്കാരുകളാക്കി പ്രവർത്തിപ്പിക്കാതിരിക്കാൻ സെക്രട്ടേറിയറ്റിലെ ഉന്നത ഉദ്യോഗസ്ഥരുടെയും മന്ത്രിമാരുടെയും ഭാഗത്തുനിന്നും ഉണ്ടായിട്ടുള്ള നിരന്തരമായ ഇടപെടലുകളും മറ്റും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തയ്യാറാക്കിയ പദ്ധതികൾ നടപ്പിലാക്കാൻ പറ്റാത്ത നിലയിലാക്കി. ഈ മൂന്ന് വകുപ്പിലെ മന്ത്രിമാരും അങ്ങും കൂടിയിരുന്ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കഴിഞ്ഞ വർഷത്തെ പദ്ധതിയെങ്കിലും അവലോകനം ചെയ്യാൻ അങ്ങേക്ക് കഴിഞ്ഞിട്ടുണ്ടോ?

ശ്രീ. ഉമ്മൻ ചാണ്ടി : സർ, ബഹുമാനപ്പെട്ട ബി. സത്യൻ പറഞ്ഞത് കാര്യങ്ങൾ പൂർണ്ണമായും അറിയാത്തതുകൊണ്ടാണ്. ക്യാബിനറ്റ് ഉപസമിതി ആവശ്യം വന്നാൽ മാത്രം കൂടിയാൽ മതി. ആഴ്ചതോറും കൂടുന്നത് ഈ മൂന്ന് മന്ത്രിമാരും കൂടിയുള്ള കമ്മിറ്റിയാണ്. ഈ മൂന്ന് മന്ത്രിമാരും അവരുടെ കോ-ഓർഡിനേഷൻ കമ്മിറ്റിയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുംകൂടി ആഴ്ചതോറും കൂടുന്നു. എന്തെങ്കിലും തർക്കവിഷയങ്ങൾ ഉണ്ടായാൽ മാത്രമാണ് അങ്ങനെയൊരു മീറ്റിംഗിൽ ഞാൻകൂടി പങ്കെടുക്കുന്നത്. ഞാൻകൂടി പങ്കെടുത്ത ഒരു യോഗം മാത്രമേ കൂടേണ്ടി വന്നിട്ടുള്ളൂ. കാരണം, കാര്യങ്ങളൊക്കെ വളരെ സുഗമമായി മുന്നോട്ടുപോകുന്നുവെന്നതുകൊണ്ടുതന്നെയാണ്. ഫണ്ട് അനുവദിക്കുന്നത് സംബന്ധിച്ച് നല്ല ആശയങ്ങൾ പറയാം. പക്ഷേ യാഥാർത്ഥ്യത്തിൽ കൊണ്ടുവരുന്നത് ഫണ്ട് അനുവദിക്കുന്നതുമായി ബന്ധപ്പെട്ടാണ്. ഒരു ഉദാഹരണം മാത്രം പറയാം. 2010-11-ൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടി വികസന ഫണ്ടായി നൽകിയത് 1400 കോടി രൂപയാണ്. 2015-16 (ഈ നടപ്പുവർഷം) വികസന

ഫണ്ട് 4800 കോടി രൂപയാണ് അലോട്ട് ചെയ്തിരിക്കുന്നത്.

ശ്രീ. വി. ശിവൻകുട്ടി : സർ, എക്സ്പെന്റീച്ചറിന്റെ കണക്കുകൂടി അങ്ങ് പറയണം.

ശ്രീ. ഉമ്മൻ ചാണ്ടി : സർ, ഈ വർഷം അലോട്ട് ചെയ്തിരിക്കുന്നത് 4,800 കോടി രൂപയാണ്. ആദ്യകാലങ്ങളിൽ മാർച്ച് 31-നകം ചെലവാക്കിയില്ലെങ്കിൽ ഈ തുക ലാപ്സായി പോകുമായിരുന്നു. ഇപ്പോൾ ഈ ഫണ്ട് ചെലവഴിക്കുന്നതിന് ഒരു വർഷംകൂടി സമയം കൊടുത്തിരിക്കുകയാണ്. തുക ലാപ്സായി പോകുന്ന ഒരു സാഹചര്യം ഉണ്ടാകാതിരിക്കാൻ വേണ്ടിയാണ് ഗവൺമെന്റ് ഉദാരമായ ഈ സമീപനം സ്വീകരിച്ചിരിക്കുന്നത്. മുമ്പ് അനുവദിച്ച തുക ചെലവാക്കിയില്ലെങ്കിൽ അടുത്ത വർഷത്തെ പ്ലാൻ ഫണ്ടിൽ കുറവ് ചെയ്യുമായിരുന്നു. അങ്ങനെ കുറവു ചെയ്യുന്ന സിസ്റ്റം നിർത്തലാക്കിക്കൊണ്ട് ചെലവഴിക്കുന്നതിനുവേണ്ടി സമയം കൂടുതൽ കൊടുത്ത് പരമാവധി എല്ലാ പഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും ഫണ്ട് വിനിയോഗിക്കുന്നതിനുള്ള അവസരമുണ്ടാക്കിയിരിക്കുകയാണ്.

ശ്രീ. ബി. സത്യൻ : സർ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അധികാരമേറ്റെടുത്തിട്ട് ഏതാനും ദിവസങ്ങളേ ആയിട്ടുള്ളൂ. ജനങ്ങളുമായി അടുത്ത് ബന്ധപ്പെടുന്ന കുടിവെള്ളം, വൈദ്യുതി, വിദ്യാഭ്യാസം, മരാമത്ത്, ആരോഗ്യം, കൃഷി തുടങ്ങിയവയുടെ അവസ്ഥയെന്താണ്? തദ്ദേശസ്വയംഭരണ സ്ഥാപനവുമായി ബന്ധപ്പെട്ട് പദ്ധതി ആസൂത്രണം ചെയ്യുവാനും നടപ്പിലാക്കുവാനും ജില്ലാതല ആസൂത്രണ സമിതിയുണ്ട്. ഗ്രാമപഞ്ചായത്ത്, ജില്ലാപഞ്ചായത്ത്, നഗരസഭ എന്നിവയുടെ ബന്ധപ്പെട്ട മന്ത്രിമാരും സെക്രട്ടറിമാരും എന്താണ് ഈ കാലയളവിൽ ചെയ്തുകൊണ്ടിരുന്നത്; അങ്ങേക്ക് പറയാൻ സാധിക്കുമോ? തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പുതിയ ജനപ്രതിനിധികളെ വിളിച്ചുകൂട്ടി അവർക്ക് ആത്മവിശ്വാസം നൽകി പ്രവർത്തിക്കുവാൻ അങ്ങ് മുൻകയ്യെടുക്കുമോ?

ശ്രീ. ഉമ്മൻ ചാണ്ടി : സർ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ പരമാവധി ശാക്തീകരിക്കാനും അവർക്ക് പ്രവർത്തിക്കാൻ അവസരങ്ങൾ ഉണ്ടാക്കാനുമാണ് ഈ ഗവൺമെന്റ് ശ്രമിച്ചിട്ടുള്ളത്. ഒന്നാമതായി വരുന്നത് ഫണ്ട് അലോക്കേഷനാണ്. ഫണ്ട് അലോട്ട് ചെയ്യുന്ന സമയത്ത് 24 ശതമാനം ഫണ്ട് അവർക്ക് ലഭ്യമാക്കുന്നത് ഉറപ്പുവരുത്തിയിട്ടുണ്ട്. അത് 24-25 ശതമാനംവരെ എത്തണമെന്നതാണ് ഗവൺമെന്റിന്റെ ആഗ്രഹം. അനുവദിച്ച ഫണ്ട് ലാപ്സായി പോകാതിരിക്കാൻ വേണ്ടിയാണ് നേരത്തെ പറഞ്ഞ രീതിയിലുള്ള ഉദാരമായ സമീപനമെടുത്തത്. ഇതിനെക്കുറിച്ച് പഞ്ചായത്ത് അധികൃതരുമായി സംസാരിച്ചപ്പോൾ അവർ ഉന്നയിച്ച പ്രധാനപ്രശ്നം ആവശ്യത്തിന് സ്റ്റാഫില്ലാത്തതുകൊണ്ട് ഫണ്ട്

വിനിയോഗിക്കാൻ സാധിക്കുന്നില്ല എന്നാണ്. ഇതിനുവേണ്ടി 864 അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ തസ്തികകൾ സൃഷ്ടിച്ച് അവരെ പോസ്റ്റ് ചെയ്തിരിക്കുകയാണ്. എല്ലാ പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും കുറഞ്ഞത് ഒരു അസിസ്റ്റന്റ് എഞ്ചിനീയറെങ്കിലും നിലവിലുണ്ട്. 990 ക്ലെറിക്കൽ തസ്തികകൾ സൃഷ്ടിച്ചു. 800-ലധികം പഞ്ചായത്തുകളിൽ അസിസ്റ്റന്റ് സെക്രട്ടറിയുടെ പോസ്റ്റും നൽകിയിരിക്കുകയാണ്. നമ്മുടെ പഞ്ചായത്ത് ഭരണത്തിന്റെ ചരിത്രമെടുത്ത് പരിശോധിച്ചാൽ അഞ്ചുകൊല്ലത്തിനിടയിൽ ഇത്രയും പോസ്റ്റുകൾ അനുവദിച്ചിട്ടുള്ള അവസരം ഇതിനുമുമ്പ് ഒരിക്കലും ഉണ്ടായിട്ടില്ല. ജനപ്രതിനിധികൾ അവരുടെ ശിൽപ്പശാലയിൽ ഉന്നയിച്ച പ്രധാനപ്രശ്നം വേണ്ടത്ര സ്വാതന്ത്ര്യവും പ്രവർത്തിക്കാനുള്ള അവസരവുമില്ലെന്നാണ്. മെമ്പർമാർ പറഞ്ഞ തടസ്സങ്ങളെല്ലാം ഈ ഗവൺമെന്റ് മാറ്റിക്കൊടുത്തു. ടെക്നിക്കൽ കമ്മിറ്റികൾ പിരിച്ചുവിട്ടു. അതാത് വകുപ്പുകൾക്ക് അനുമതി കൊടുക്കാനുള്ള സ്വാതന്ത്ര്യം കൊടുത്തു. തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾക്കായിരിക്കണം അതിനുള്ള അധികാരവും അവകാശവും കൊടുക്കേണ്ടത്. പക്ഷേ, ഡിപ്പാർട്ടുമെന്റിന്റെ പൊതുവായിട്ടുള്ള മേൽനോട്ടവും അവരുടെ സാങ്കേതികമായ ഉപദേശങ്ങളും ആവശ്യമാണ്. ടെക്നിക്കൽ കമ്മിറ്റികൾ എന്തായിരുന്നുവെന്ന് എം.എൽ.എ.മാർക്ക് അറിയാവുന്നതാണ്. ഈ ജനപ്രതിനിധികളുടെ മുകളിൽ കയറിയിരുന്നുകൊണ്ട് അതിനുള്ള അവസരങ്ങൾ നിഷേധിക്കുന്ന സ്ഥിതിയാണുണ്ടായിരുന്നത്. അതുമാറി, അത് ഏറെ ലഘൂകരിച്ചു. അതിനുശേഷമാണ് ഏറ്റവും സുപ്രധാനമായിട്ടുള്ള ഒരു തീരുമാനം വന്നിരിക്കുന്നത്. ഗ്രാമകേന്ദ്രങ്ങളും വാർഡുതലത്തിലുള്ള സേവാകേന്ദ്രങ്ങളും ഇതിന്റെ പ്രവർത്തനത്തിന് സഹായകമാകും എന്നാണ് പ്രതീക്ഷിക്കുന്നത്.

ശ്രീ. ഇ. പി. ജയരാജൻ : സർ, .........

മി. സ്പീക്കർ : ശ്രീ. ഇ.പി. ജയരാജൻ, അങ്ങേക്ക് സംസാരിക്കാൻ പ്രത്യേക അവസരം തരാം. ബഹുമാനപ്പെട്ട ജയരാജൻ..... പ്ലീസ്....

പ്രൊഫ. സി. രവീന്ദ്രനാഥ് : സർ, കേന്ദ്രീകൃത ആസൂത്രണവും വികേന്ദ്രീകൃത ആസൂത്രണവും രണ്ടും രണ്ടാണ്. കേന്ദ്രീകൃത ആസൂത്രണ ശൈലിയിലുള്ള നിലവിലുള്ള ഭരണ സംവിധാനങ്ങളെ വികേന്ദ്രീകൃത ആസൂത്രണ ശൈലിയിലേയ്ക്ക് വിന്യസിക്കുമ്പോൾ അത് പൂർണ്ണമായിട്ടില്ല എന്നുള്ളത് ഒരു വസ്തുതയാണ്. കഴിഞ്ഞ ചോദ്യത്തിന് അങ്ങ് മറുപടി പറഞ്ഞത് ടെക്നിക്കൽ സമിതികൾ പിരിച്ചുവിട്ടു, ഡി.പി.സി.-യുടെ ജനകീയത മുഴുവനും നശിപ്പിച്ചു എന്നാണ്. യഥാർത്ഥത്തിൽ കേന്ദ്രീകൃത ആസൂത്രണ ശൈലിയിലുള്ള ഭരണ സംവിധാനം,

വികേന്ദ്രീകൃത ആസൂത്രണത്തിലും വരുന്നു എന്നാണ് അതിന്റെ അർത്ഥം. അതുകൊണ്ട് വികേന്ദ്രീകൃത ആസൂത്രണ ശൈലിയിലുള്ള പദ്ധതി രൂപീകരണവും നിർവ്വഹണവും മാറി കേന്ദ്രീകൃത ആസൂത്രണ ശൈലിയിലേക്ക് മാറി എന്നുള്ള വളരെ പ്രകടമായിട്ടുള്ള വിമർശനം കേരളത്തിന്റെ വികേന്ദ്രീകൃത ആസൂത്രണ പ്രക്രിയയിൽ വന്നിരിക്കുകയാണ്. അക്കാദമിക് രംഗത്ത് ഇത് വളരെ ചർച്ച ചെയ്യപ്പെടുന്ന കാര്യമാണ്. ജനകീയാസൂത്രണത്തിൽനിന്നും ഇന്നത്തെ വികേന്ദ്രീകരണ ത്തിലേയ്ക്ക് വന്നപ്പോൾ വികേന്ദ്രീകൃതശൈലിയിൽനിന്നും കേന്ദ്രീകൃത ശൈലിയിലേയ്ക്ക് മാറി. അതിന്റെ ഫലമായിട്ടാണ് പല പദ്ധതിവിഹിതങ്ങളും ചെലവഴിക്കാൻ പറ്റാത്തതും പല പദ്ധതികളും നടപ്പാക്കാൻ സാധിക്കാതെ വന്നതും ജനകീയ പ്രശ്നങ്ങൾ പരിഹരിക്കാൻ സാധിക്കാതെവന്നതും. അതുകൊണ്ട് കേന്ദ്രീകൃത ശൈലിയിലേക്കുള്ള മാറ്റം ശരിയാണോ തെറ്റാണോ; ഇതിൽ സർക്കാരിന്റെ സമീപനം എന്താണ്; എങ്ങനെയാണ് ഭരണ വികേന്ദ്രീകരണത്തെ യഥാർത്ഥ വികേന്ദ്രീകൃത ആസൂത്രിതമായി പരസ്പരപൂരകമാക്കാൻ കഴിയുകയെന്നത് വ്യക്തമാക്കാമോ?

<u>ശ്രീ. ഉമ്മൻ ചാണ്ടി</u> : സർ, വികേന്ദ്രീകരണ പദ്ധതി നിർവ്വഹണമാണ് ഈ ഗവൺമെന്റ് ലക്ഷ്യമിടുന്നത്. പക്ഷേ, വികേന്ദ്രീകരണമെന്നുള്ള പേരിൽ തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികളുടെ മുകളിൽ കയറിയിരിക്കാൻ ആരെയും അനുവദിക്കില്ല. ടെക്നിക്കൽ കമ്മിറ്റികൾ എന്നുപറഞ്ഞുകൊണ്ട് ജനപ്രതിനിധികൾക്ക് സ്വാതന്ത്ര്യമില്ലാത്ത ഒരു സാഹചര്യം വന്നു. അങ്ങയുടെ നിയോജകമണ്ഡലത്തിലെ ജനപ്രതിനിധികളുമായി ഇതിനെക്കുറിച്ച് സംസാരിച്ചാൽ മനസ്സിലാകുന്നതാണ്. ഞങ്ങൾ ജനപ്രതിനിധികളുമായി സംസാരിച്ചതിനുശേഷമാണ് ഇങ്ങനെ തീരുമാനമെടുത്തത്. അതിൽ കക്ഷിരാഷ്ട്രീയമില്ല. ടെക്നിക്കൽ കമ്മിറ്റികൾ കാലതാമസമുണ്ടാക്കുന്നു, അവരുടെ അനുമതിക്കുവേണ്ടിയുള്ള കാത്തിരിപ്പ് ഞങ്ങൾ മടുത്തിരിക്കുന്നു, ഞങ്ങൾക്ക് അവസരമില്ല എന്നാണ് എല്ലാവരും അഭിപ്രായപ്പെട്ടത്. അതുകൊണ്ടാണ് ഗവൺമെന്റ് ഈ സമീപനമെടുത്തത്. ഒരിക്കലും വികേന്ദ്രീകരണ സംവിധാനത്തെ പരാജയപ്പെടുത്തുന്ന സമീപനം സ്വീകരിക്കില്ല. അതുപോലെ പഞ്ചായത്തുകളിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും 'Five Year Plan' എന്ന ആശയം കൊണ്ടുവന്നതുവഴി അടുത്തകൊല്ലത്തെ പദ്ധതിക്ക് ഇപ്പോൾത്തന്നെ രൂപം കൊടുക്കാനുള്ള അവസരമുണ്ടാക്കുകയും ഏപ്രിൽ ഒന്നുമുതൽ പ്രവർത്തിക്കുന്നതിനുള്ള സാഹചര്യം ഉണ്ടാക്കുകയും ചെയ്തിരിക്കുകയാണ്.

<u>ശ്രീ. കെ. വി. വിജയദാസ്</u> : സർ, ഭരണരംഗത്തെ അധികാര വികേന്ദ്രീകരണവുമായി ബന്ധപ്പെട്ടുകൊണ്ട് ബഹുമാന്യനായ മുഖ്യമന്ത്രി ഞാൻ ചോദിച്ച ഒരു ചോദ്യത്തിന് 30-11-2015-ൽ തന്ന മറുപടിയിൽ ഇപ്രകാരമാണ്

പറയുന്നത്. 2011-12 മുതൽ 2015-16 വരെ എല്ലാ ബഡ്ജറ്റിലുംകൂടി പദ്ധതി/പദ്ധതിയേതര ഇനങ്ങളിലായി ബഡ്ജറ്റ് എസ്റ്റിമേറ്റ് തുക 4,38,760.66 കോടി രൂപയാണ്. ഇതിൽ പദ്ധതി നടത്തിപ്പിലേക്കായി 2015 സെപ്റ്റംബർ വരെ പിൻവലിച്ച തുക 52,703.47 കോടി രൂപയാണ്. കോടാനുകോടി രൂപ നമ്മുടെ ട്രഷറിയിൽ ചെലവാകാതെ കിടക്കുന്നു എന്നാണ് ഇതിൽനിന്നും മനസ്സിലാക്കുന്നത്.

മി. സ്പീക്കർ : ബഹുമാനപ്പെട്ട മെമ്പർ സമയമായി. മറുപടി വേണമെങ്കിൽ ചോദ്യം ചുരുക്കണം.

ശ്രീ. കെ. വി. വിജയദാസ് : സർ, ഈ ഗവൺമെന്റ് വന്നതിനുശേഷം എം.എൽ.എ.മാർക്ക് അനുവദിക്കപ്പെട്ട അസറ്റ് ഡെവലപ്മെന്റ് ഫണ്ട് പദ്ധതിയിൽ 25 ലക്ഷം രൂപയ്ക്ക് റോഡ് നിർമ്മിക്കണമെന്നുപറഞ്ഞാൽ ഇതിനെ സംബന്ധിച്ച് സൂപ്പർവൈസർ കാണണം, എ.ഇ. കാണണം, എ.എസ്. കാണണം, സൂപ്രണ്ടിംഗ് എഞ്ചിനീയർ, പി.ഡബ്ല്യൂ.ഡി. സെക്ഷനിൽ പോകണം. പിന്നെ അത് സെക്രട്ടേറിയറ്റിൽ വന്നാൽ അവിടെയുള്ള അസിസ്റ്റന്റും സെക്ഷൻ ഓഫീസറും അണ്ടർ സെക്രട്ടറിയും ജോയിന്റ് സെക്രട്ടറിയും അഡീഷണൽ സെക്രട്ടറിയും കാണണം. പി.ഡബ്ല്യൂ.ഡി. മിനിസ്റ്റർ കാണണം. തിരിച്ചുവന്നിട്ടാണ് ഇവിടെ ജി.ഒ. ആയി ഇറങ്ങുന്നത്. ആ ജി.ഒ. തിരിച്ച് ഫിനാൻസിലേക്ക് പോകുകയാണ്. ഫിനാൻസിൽ അസിസ്റ്റന്റും സെക്ഷൻ ഓഫീസറും അണ്ടർ സെക്രട്ടറിയും ജോയിന്റ് സെക്രട്ടറിയും അഡീഷണൽ സെക്രട്ടറിയും സ്പെഷ്യൽ സെക്രട്ടറിയും ഫിനാൻസ് മിനിസ്റ്ററും കണ്ടതിനുശേഷമാണ് 25 ലക്ഷം രൂപയുടെ റോഡിന് റ്റി.എസ്സും, എ.എസ്സും കൊടുക്കുന്നത്. ഇതിന് ഒരു വർഷമെങ്കിലും വേണം. ഇത്തരത്തിലുള്ള ഒരു സ്ഥിതിയിൽ നിന്നും മാറ്റം വരാൻ എന്ത് ചെയ്യാൻ കഴിയും എന്നു ചിന്തിക്കേണ്ടിയിരിക്കുന്നു.

മി. സ്പീക്കർ : ഓർഡർ........... ഓർഡർ......, ചോദ്യോത്തരസമയം കഴിഞ്ഞു. അങ്ങ് സമയം നോക്കൂ. ഈ സമയത്തിനപ്പുറത്തേയ്ക്കു പോകാൻ ചെയറിന് സാധിക്കുകയില്ല.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

# 2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

## (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### വ്യാജമദ്യ ലഭ്യതയും എക്സൈസ് നികുതി വെട്ടിപ്പും

3 (*153) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)) :

ശ്രീ. എ. കെ. ബാലൻ :

ശ്രീ. കെ. കെ. നാരായണൻ :

ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇതര സംസ്ഥാനങ്ങളിൽനിന്നും നികുതി ഒടുക്കാതെ സെക്കന്റ്സ് മദ്യം കടത്തിക്കൊണ്ടുവരുന്നതായുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സ്പിരിറ്റ് കടത്തും സെക്കന്റ്സ് കടത്തും വ്യാപകമായതോടെ വ്യാജമദ്യ ലഭ്യതയും എക്സൈസ് നികുതി വെട്ടിപ്പും വൻതോതിൽ നടക്കുന്നതായറിയാമോ ;

(സി) കള്ളക്കടത്ത് നടത്തുന്ന മദ്യത്തിന്റെ ചെറിയൊരു ശതമാനം മാത്രമേ പിടികൂടുന്നുള്ളൂ എന്ന വസ്തുത പരിഗണിച്ചിട്ടുണ്ടോ; ചെറുകിട ബാറുകൾക്ക് വിദേശമദ്യവില്പനക്കുള്ള ലൈസൻസ് നൽകേണ്ടതില്ലെന്ന തീരുമാനത്തിനുശേഷം, എക്സൈസ് അധികൃതർക്കു പിടികൂടാൻ കഴിഞ്ഞ സ്പിരിറ്റ്, സെക്കന്റ്സ് മദ്യം, വ്യാജമദ്യം, വാറ്റ് ചാരായം, വ്യാജ കള്ള്, മറ്റ് ലഹരി വസ്തുക്കൾ എന്നിവയുടെ വിശദാംശങ്ങൾ ലഭ്യമാണോ ; വെളിപ്പെടുത്തുമോ ;

(ഡി) പ്രസ്തുത വിഷയം മൂലമുണ്ടായ നികുതി നഷ്ടം വിശദമാക്കാമോ ?

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു) :

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേന്ദ്രഭരണപ്രദേശമായ മാഹി, അയൽ സംസ്ഥാനങ്ങളായ കർണ്ണാടക, ഗോവ, തമിഴ്നാട് തുടങ്ങിയ സ്ഥലങ്ങളിൽമാത്രം വില്ക്കപ്പെടുവാനുള്ള ഇന്ത്യൻ നിർമ്മിത വിദേശമദ്യം കേരളത്തിലേയ്ക്ക് കടത്തിക്കൊണ്ടുവരുന്നത് കണ്ടുപിടിച്ച് എക്സൈസ് വകുപ്പ് അബ്കാരി കേസ്സുകൾ രജിസ്റ്റർ ചെയ്യുന്നുണ്ട്.

(ബി) വ്യാജമദ്യ ലഭ്യതയും എക്സൈസ് നികുതി വെട്ടിപ്പും വൻതോതിൽ

നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. വ്യാജമദ്യ വില്പന തടയുന്നതിനായി എക്സൈസ് വകുപ്പ് ശക്തമായ എൻഫോഴ്സ്മെന്റ് നടപടികളാണ് സ്വീകരിച്ചുവരുന്നത്.

2014 വർഷത്തിൽ എക്സൈസ് വകുപ്പ് ആകെ 14,638 അബ്കാരി/ എൻ.ഡി.പി.എസ്. കേസ്സുകൾ കണ്ടുപിടിക്കുകയും ടി കേസ്സുകളിലായി 14,169 പേരെ അറസ്റ്റുചെയ്യുകയും ചെയ്തിട്ടുണ്ട്. ടി കേസ്സുകളിലായി 34,433 ലിറ്റർ സ്പിരിറ്റ്, 35,350 ലിറ്റർ ഐ.എം.എഫ്.എൽ., 3016 ലിറ്റർ ചാരായം, 10,551 ലിറ്റർ കള്ള്, 10,384 ലിറ്റർ അരിഷ്ടം, 4263 ലിറ്റർ ബിയർ, 1,19,655 ലിറ്റർ വാഷ്, 809 കി.ഗ്രാം കഞ്ചാവ്, കേസ്സിലുൾപ്പെട്ട 617 വാഹനങ്ങൾ എന്നിവ കണ്ടെടുത്തിട്ടുണ്ട്. 2015 വർഷത്തിൽ ഒക്ടോബർ മാസംവരെ എക്സൈസ് വകുപ്പ് 14,132 അബ്കാരി/ എൻ.ഡി.പി.എസ്. കേസ്സുകൾ രജിസ്റ്റർ ചെയ്യുകയും ടി കേസ്സുകളിലായി 13,626 പേരെ അറസ്റ്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്. ടി കേസ്സുകളിലായി 15,391 ലിറ്റർ സ്പിരിറ്റ്, 29098 ലിറ്റർ ഐ.എം.എഫ്.എൽ., 2694 ലിറ്റർ ചാരായം, 8452 ലിറ്റർ കള്ള്, 13,238 ലിറ്റർ അരിഷ്ടം, 1,63,048 ലിറ്റർ വാഷ്, 677.15 കി.ഗ്രാം കഞ്ചാവ്, കേസ്സിലുൾപ്പെട്ട 613 വാഹനങ്ങൾ എന്നിവ കണ്ടെടുത്തിട്ടുണ്ട്. 2015 ഒക്ടോബർ 31 വരെയുള്ള കണക്കുകൾ പ്രകാരം മുൻവർഷവുമായി താരതമ്യപ്പെടുത്തുമ്പോൾ ഇതേ കാലയളവിൽ എക്സൈസ് നികുതി വരുമാനത്തിൽ വർദ്ധനവാണ് ഉണ്ടായിട്ടുള്ളത്. 2014 ഒക്ടോബർ 31 വരെയുള്ള എക്സൈസ് റവന്യൂ വരുമാനം 1019.63 കോടി രൂപയായിരുന്നു. എന്നാൽ 2015 ഒക്ടോബർ 31 വരെയുള്ള കണക്കുകൾ പ്രകാരം ഇതേ കാലയളവിലെ എക്സൈസ് റവന്യൂ വരുമാനം 1121.14 കോടി രൂപയാണ്. മുൻവർഷത്തെ ഇതേ കാലയളവുമായി താരതമ്യപ്പെടുത്തുമ്പോൾ എക്സൈസ് നികുതി വരുമാനത്തിൽ 101.51 കോടി രൂപയുടെ വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

(സി) കള്ളക്കടത്ത് നടത്തുന്ന മദ്യത്തിന്റെ ചെറിയൊരു ശതമാനം മാത്രമേ പിടികൂടുന്നുള്ളു എന്ന വസ്തുത ശരിയല്ല. ചെറുകിട ബാറുകൾക്ക് വിദേശമദ്യ വില്പനയ്ക്കുള്ള ലൈസൻസ് നല്കേണ്ടതില്ലെന്ന തീരുമാനത്തിനുശേഷം, എക്സൈസ് അധികൃതർക്ക് പിടികൂടാൻ കഴിഞ്ഞ സ്പിരിറ്റ്, സെക്കന്റ്സ് മദ്യം, വ്യാജമദ്യം, വാറ്റ് ചാരായം, വ്യാജക്കള്ള്, മറ്റ് ലഹരി വസ്തുക്കൾ എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

2014 വർഷത്തിൽ എക്സൈസ് വകുപ്പ് ആകെ 14,638 അബ്കാരി/

എൻ.ഡി.പി.എസ്. കേസ്സുകൾ കണ്ടുപിടിക്കുകയും ടി കേസ്സുകളിലായി 14,169 പേരെ അറസ്റ്റു ചെയ്യുകയും ചെയ്തിട്ടുണ്ട്. ടി കേസ്സുകളിലായി 34,433 ലിറ്റർ സ്പിരിറ്റ്, 35,350 ലിറ്റർ ഐ.എം.എഫ്.എൽ., 3016 ലിറ്റർ ചാരായം, 10,551 ലിറ്റർ കള്ള്, 10,384 ലിറ്റർ അരിഷ്ടം, 4263 ലിറ്റർ ബിയർ, 1,19,655 ലിറ്റർ വാഷ്, 809 കി.ഗ്രാം കഞ്ചാവ്, കേസ്സിലുൾപ്പെട്ട 617 വാഹനങ്ങൾ എന്നിവ കണ്ടെടുത്തിട്ടുണ്ട്.

2015 വർഷത്തിൽ ഒക്ടോബർ മാസംവരെ എക്സൈസ് വകുപ്പ് 14,132 അബ്കാരി/എൻ.ഡി.പി.എസ്. കേസ്സുകൾ രജിസ്റ്റർ ചെയ്യുകയും ടി കേസ്സുകളിലായി 13,626 പേരെ അറസ്റ്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്. ടി കേസ്സുകളിലായി 15,391 ലിറ്റർ സ്പിരിറ്റ്, 29, 098 ലിറ്റർ ഐ.എം.എഫ്.എൽ., 2694 ലിറ്റർ ചാരായം, 8452 ലിറ്റർ കള്ള്, 13,238 ലിറ്റർ അരിഷ്ടം, 1,63,048 ലിറ്റർ വാഷ്, 677.15 കി.ഗ്രാം കഞ്ചാവ്, കേസ്സിലുൾപ്പെട്ട 613 വാഹനങ്ങൾ എന്നിവ കണ്ടെടുത്തിട്ടുണ്ട്.

(ഡി) എക്സൈസ് വകുപ്പിന്റെ കണക്കുകൾ പ്രകാരം കേരളാ സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷൻവഴി വിറ്റഴിക്കപ്പെടുന്ന മദ്യത്തിന്റെ ഡ്യൂട്ടിയും മറ്റ് വരുമാനവുമാണ് നികുതി വരുമാനമായി കണക്കാക്കപ്പെടുന്നത്. അനധികൃതമായി വിൽക്കപ്പെടുന്നമദ്യത്തിൽ ഏറിയപങ്കും ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനത്തിന്റെ ഭാഗമായി കണ്ടുപിടിച്ച് അബ്കാരി കേസ്സുകൾ രജിസ്റ്റർ ചെയ്യുന്നുണ്ട്.

**ഓപ്പറേഷൻ കുബേര**

4 (*154) ശ്രീ. എൻ. എ. നെല്ലിക്കുന്ന് :
ശ്രീ. പി. ഉബൈദുള്ള :
ശ്രീ. സി. മോയിൻകുട്ടി :
ശ്രീ. റ്റി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓപ്പറേഷൻ കുബേര നടപടിയെ അതിജീവിച്ചും ബ്ലേഡ് മാഫിയ പ്രവർത്തനം നിലനില്ക്കുന്നതിന്റെ കാരണങ്ങൾ വിശകലനം ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) ഇക്കാര്യത്തിൽ പോലീസിന്റെ ഭാഗത്തുനിന്നും ബ്ലേഡ് മാഫിയയെ സഹായിക്കാനുള്ള പരോക്ഷ നടപടികൾ ഉണ്ടായിട്ടുള്ളതായ ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ബ്ലേഡ് മാഫിയയ്ക്കും,അതിന് ഒത്താശചെയ്യുന്ന പോലീസ് ഉദ്യോഗസ്ഥർക്കുമെതിരെ ശക്തവും ഫലപ്രദവുമായ നടപടികൾ സ്വീകരിക്കുന്നതിനെക്കുറിച്ച് ആലോചിക്കുമോ?

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല) :

(എ) ഓപ്പറേഷൻ കുബേര നടപടിയെ അതിജീവിച്ചും ബ്ലേഡ് മാഫിയ പ്രവർത്തനം നിലനിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അംഗീകൃത പണമിടപാട് സ്ഥാപനങ്ങളിൽനിന്നും വായ്പ ലഭിക്കുന്നതിന് നടപടി ക്രമങ്ങൾമൂലം ഉണ്ടാകുന്ന കാലതാമസവും അത്യാവശ്യ ഘട്ടങ്ങളിൽ പ്രത്യേകിച്ച് വിവാഹം, വിദ്യാഭ്യാസം തുടങ്ങിയ ആവശ്യങ്ങൾക്കും മറ്റും പ്രസ്തുത സ്ഥാപനങ്ങളിൽനിന്നും സമയത്തിന് വായ്പ ലഭിക്കാത്ത അവസരത്തിലും, തക്ക സമയത്ത് ആവശ്യമായ പണം ബ്ലേഡ്കാരിൽ നിന്നും ലഭിക്കുമെന്നതിനാൽ ഭാവിയിലുള്ള ഭവിഷ്യത്തുകളെക്കുറിച്ച് ചിന്തിക്കാതെ രഹസ്യമായി ബ്ലേഡ് മാഫിയകളിൽനിന്നും വായ്പ കൈപ്പറ്റുകയും, തിരിച്ചടയ്ക്കാൻ കഴിയാതെ വരുന്ന സന്ദർഭങ്ങളിൽ മാത്രം വായ്പയെക്കുറിച്ച് പരസ്യമാക്കുകയും ചെയ്യുന്ന പ്രവണത ജനങ്ങളിൽ നിലനിൽക്കുന്നതിനാൽ ബ്ലേഡ് മാഫിയകളെ തുടക്കത്തിൽത്തന്നെ കണ്ടെത്താൻ സാധിക്കാതെ വരുന്നുണ്ട്.

(ബി) പോലീസിന്റെ ഭാഗത്തുനിന്നും ബ്ലേഡ് മാഫിയയെ സഹായിക്കാനുള്ള പരോക്ഷ നടപടികൾ ഉണ്ടായിട്ടുള്ളതായ ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ഇതുമായി ബന്ധപ്പെട്ട് രണ്ട് കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുള്ളതും, രണ്ട് പോലീസുദ്യോഗസ്ഥരെ സസ്പെന്റ് ചെയ്തിട്ടുള്ളതുമാകുന്നു. ബ്ലേഡ് മാഫിയ പ്രവർത്തനങ്ങളെ കർശനമായി നിരീക്ഷിക്കുക എന്ന ലക്ഷ്യത്തോടെ ഓപ്പറേഷൻ കുബേരയുടെ പ്രവർത്തനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തുവാനായി ലോക്കൽ പോലീസിലെയും, ക്രൈംബ്രാഞ്ചിലെയും എസ്.പി.-മാരെ ഉൾക്കൊള്ളിച്ചുകൊണ്ട് ട്രെയിനിംഗ് നൽകുവാനും അതുവഴി പോലീസുദ്യോഗസ്ഥരെ ബ്ലേഡ് മാഫിയ രംഗത്ത് കൂടുതൽ ജാഗരൂകരാക്കാനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. കൂടാതെ ഇതുമായി ബന്ധപ്പെട്ട് നടത്തിയ റെയ്ഡുകൾ, രജിസ്റ്റർ ചെയ്യപ്പെട്ട കേസ്സുകൾ, ചാർജ്ജ്ഷീറ്റ് സമർപ്പിക്കപ്പെട്ട കേസ്സുകൾ, അറസ്റ്റ് ചെയ്യപ്പെട്ടവരുടെ എണ്ണം, പിടിച്ചെടുത്ത തുക തുടങ്ങിയ വിവരങ്ങൾ സമയബന്ധിതമായി അവലോകനം ചെയ്തുവരുന്നുണ്ട്. ബ്ലേഡ് മാഫിയ റെയ്ഡുമായി ബന്ധപ്പെട്ട് 11-5-2014 മുതൽ 1-12-2015 രാവിലെ 6.00 മണിവരെ 14156 റെയ്ഡുകൾ

നടത്തുകയും, 3238 കേസ്സുകൾ രജിസ്റ്റർ ചെയ്യുകയും 2133 പ്രതികളെ അറസ്റ്റ് ചെയ്യുകയും 4,66,34,615 രൂപ കണ്ടെടുക്കുകയും ചെയ്തിട്ടുണ്ട്. ജില്ലതിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) ബ്ലേഡ് മാഫിയ പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ അത്തരക്കാർക്കെതിരെ ശക്തമായ നിയമനടപടികൾ സ്വീകരിക്കുന്നതാണ്. അതിന് പോലീസ് ഉദ്യോഗസ്ഥരാരെങ്കിലും ഒത്താശ ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ അത്തരക്കാർക്കെതിരെ ശക്തവും, ഫലപ്രദവുമായ നിയമ നടപടികളും വകുപ്പുതല നടപടികളും സ്വീകരിക്കുന്നതാണ്.

**ഒഴിവുകൾ കൃത്യമായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ പദ്ധതി**

5 (*155) ശ്രീ. എം. പി. വിൻസെന്റ് :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ സർവ്വീസിലെ ഒഴിവുകൾ കൃത്യമായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ എന്തെല്ലാം കർമ്മ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) ഇതിനായി പ്രത്യേക സോഫ്റ്റ്‌വെയർ സംവിധാനം ഏർപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ;

(സി) ഒഴിവുകൾ ഇ-മെയിൽവഴി പി.എസ്.സി.-യെ അറിയിക്കുവാനും യഥാസമയം ഒഴിവുകൾ റിപ്പോർട്ട് ചെയ്യാതിരിക്കുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കുവാനുള്ള സംവിധാനം ഏർപ്പെടുത്തുമോയെന്ന് വിശദമാക്കുമോ;

(ഡി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നത്; വിശദാംശം നൽകുമോ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി):

(എ&ബി) സർക്കാർ സർവ്വീസിലെ ഒഴിവുകൾ കൃത്യമായി റിപ്പോർട്ട് ചെയ്യാൻ e-vacancy എന്ന സോഫ്റ്റ്‌വെയറിന് പി.എസ്.സി. രൂപം നൽകിയിട്ടുണ്ട്. പ്രസ്തുത

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

സോഫ്റ്റ്‌വെയറിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട് ഓരോ വകുപ്പിലെയും VMU (Vacancy Master User)-ന് പരിശീലനവും പി.എസ്.സി. നൽകിയിട്ടുണ്ട്. Software-ൽ log in ചെയ്യുവാനുള്ള User ID, Password എന്നിവ VMU മാർക്ക് ഇതിനോടകം നൽകിക്കഴിഞ്ഞു.

(സി&ഡി) ഒഴിവുകൾ പി.എസ്.സി.-യെ ഇ-മെയിൽവഴി അറിയിക്കുന്ന സംവിധാനം ഇപ്പോൾതന്നെ നിലവിൽ ഉണ്ട്. തെരഞ്ഞെടുപ്പ് നടപടികൾ വേഗത്തിലാക്കാൻ 1-12-2015-ലെ 14816/ഉപ.സി.3/15/ഉഭപവ നമ്പർ സർക്കുലർ പ്രകാരം എല്ലാ ഒഴിവുകളും e-vacancy software മുഖേന പി.എസ്.സി.-യെ അറിയിക്കണമെന്ന് എല്ലാ നിയമനാധികാരികൾക്കും വകുപ്പുമേധാവികൾക്കും സർക്കാർ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിനായി നിയമനാധികാരി ഡിജിറ്റൽ ഒപ്പ് കരസ്ഥമാക്കണമെന്നും ഓരോ വകുപ്പിലും നിലവിലുള്ള ഒരു ഉദ്യോഗസ്ഥനെ Administrator-Vacancy Master User (VMU) ആയി നിയോഗിക്കണമെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്.

**മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുവാനുള്ള പദ്ധതി**

6 (*156) <u>ശ്രീ. പി. ബി. അബ്ദുൾ റസാക്</u> :
<u>ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ</u> :
<u>ശ്രീ. സി. മോയിൻകുട്ടി</u> :
<u>ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാടൻ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കാനുള്ള സംസ്ഥാന ജൈവവൈവിദ്ധ്യ ബോർഡിന്റെ പദ്ധതിയിൽ മത്സ്യബന്ധന വകുപ്പിന്റെ പങ്കാളിത്തം സംബന്ധിച്ച വിശദവിവരം നൽകാമോ ;

(ബി) നാടൻ മത്സ്യക്കുഞ്ഞുങ്ങളുടെ ഉല്പാദനം, ജലാശയങ്ങളിൽ അവ നിക്ഷേപിക്കൽ എന്നീ കാര്യങ്ങളിൽ ഫിഷറീസ് വകുപ്പ് എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) ഏതെല്ലാം നാടൻ മത്സ്യ ഇനങ്ങളാണ് വംശനാശഭീഷണി നേരിടുന്നതെന്നും അവയുടെ വംശവർദ്ധനയ്ക്ക് പ്രത്യേക പദ്ധതി നടപ്പാക്കുന്നുണ്ടോ എന്നും അറിയിക്കുമോ ?

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (<u>ശ്രീ. കെ. ബാബു</u>) :

(എ) മത്സ്യങ്ങളെ നാട്ടുകുളങ്ങളിലും വീട്ടുകുളങ്ങളിലും പ്രജനനകാലത്ത് സംരക്ഷിച്ചശേഷം പുഴകളിൽ തിരികെവിടുന്ന ഊത്ത സംരക്ഷണം പോലുള്ള പദ്ധതികൾ സംസ്ഥാന ജൈവവൈവിധ്യ ബോർഡ് സ്വന്തം

നിലയിലാണ് നടപ്പാക്കിവരുന്നത്. വെള്ളായണി കായലിലെ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനായി ബയോഡൈവേഴ്സിറ്റി ബോർഡ് വെള്ളായണി കായലിൽ നിക്ഷേപിച്ച നാടൻ മത്സ്യയിനങ്ങൾ ഫിഷറീസ് വകുപ്പിന്റെ ഏജൻസിയായ അഡാക്കിൽനിന്നാണ് വാങ്ങിയിട്ടുള്ളത്. സംസ്ഥാന ജൈവവൈവിധ്യ ബോർഡുമായി സഹകരിച്ച് പ്രത്യേക പദ്ധതികളൊന്നും ഫിഷറീസ് വകുപ്പ് ആവിഷ്കരിച്ചിട്ടില്ല. എന്നാൽ ഫിഷറീസ് വകുപ്പ് അനുബന്ധ ഏജൻസികളായ ഫിർമ, അഡാക്ക് എന്നിവയുടെ സഹകരണത്തോടെ നാടൻ മത്സ്യങ്ങളുടെ സംരക്ഷണത്തിനായി വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു.

(ബി) വെള്ളായണി കായലിൽ 2009-12-ൽ പരിസ്ഥിതി വകുപ്പിന്റെ ധനസഹായത്തോടെ 53.63 ലക്ഷം രൂപ ചെലവാക്കി അഡാക്ക് നടപ്പിലാക്കിയ സുസ്ഥിര മത്സ്യോത്പാദനവും മത്സ്യത്തൊഴിലാളികളുടെ ജീവനോപാധി മെച്ചപ്പെടുത്തലും പദ്ധതിയുടെ ഭാഗമായി 13840 എണ്ണം കരിമീൻ കുഞ്ഞുങ്ങളെയും 7.1 ലക്ഷം ആറ്റ്കൊഞ്ച് കുഞ്ഞുങ്ങളെയും നിക്ഷേപിച്ചിട്ടുണ്ട്. 2013-15 കാലയളവിൽ പരിസ്ഥിതി വകുപ്പിന്റെ ധനസഹായത്തോടെ 10 ലക്ഷം രൂപ ചെലവാക്കി നടപ്പിലാക്കിയ നിയന്ത്രിത ശുദ്ധജല മത്സ്യകൃഷി വികസനം പദ്ധതിയുടെ ഭാഗമായി 14430 എണ്ണം കരിമീൻ കുഞ്ഞുങ്ങളെയും 1,08,000 എണ്ണം ആറ്റ് കൊഞ്ച് കുഞ്ഞുങ്ങളെയും വെള്ളായണി കായലിൽ നിക്ഷേപിച്ചിട്ടുണ്ട്.

13-ാം ധനകാര്യ കമ്മീഷൻ-കുട്ടനാട് പാക്കേജിന്റെ ധനസഹായത്തോടെ ആയിരംതെങ്ങ് ഫാമിനെ കരിമീൻ വിത്തുല്പാദന കേന്ദ്രമാക്കി മാറ്റുന്ന 16.60 കോടി രൂപയുടെ പദ്ധതി 2012-13 സാമ്പത്തിക വർഷം മുതൽ അഡാക്ക് നടപ്പിലാക്കിവരുന്നു. ടി പദ്ധതി മുഖേന 71551 എണ്ണം കരിമീൻ കുഞ്ഞുങ്ങളെ ഉത്പാദിപ്പിച്ച് വിതരണം ചെയ്തിട്ടുണ്ട്. ഫാമിന്റെ നവീകരണം, റെയ്സ്‌വേ ഹാച്ചറി, മത്സ്യരോഗനിർണ്ണയ ലാബ്, ബോധവൽക്കരണ കേന്ദ്രം മുതലായവയാണ് പദ്ധതിയുടെ പ്രധാന ഘടകങ്ങൾ. എരഞ്ഞോളി ഫാം പുനരുദ്ധാരണത്തിനായി 2008-09 RKVY പദ്ധതി പ്രകാരം അനുവദിച്ച 331 ലക്ഷം രൂപയിൽ 34.1 ലക്ഷം രൂപ ചെലവഴിച്ച് നിർമ്മിച്ച മത്സ്യവിത്തുൽപ്പാദന കേന്ദ്രത്തിൽനിന്നും 2015-16-ൽ ഇതുവരെ 7167 എണ്ണം കരിമീൻ കുഞ്ഞുങ്ങളെ ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്തിട്ടുണ്ട്.

കരിമീൻ കുഞ്ഞുങ്ങളുടെ ഉൽപ്പാദനത്തോത് വർദ്ധിപ്പിക്കുന്നതിനായി ചെറുകിട ഹാച്ചറികൾക്ക് മത്സ്യസമൃദ്ധി പദ്ധതിയുടെ സാമ്പത്തിക സഹായം നൽകിവരുന്നുണ്ട്. കൂടാതെ കേജ് കൾച്ചർ, അട്ടുക്കളക്കുളങ്ങളിൽ കരിമീൻകൃഷി എന്നിവ നടപ്പാക്കുന്നതിന് പ്രത്യേക ഘടകങ്ങൾ മത്സ്യസമൃദ്ധി പദ്ധതിയിൽ

ഉൾപ്പെടുത്തിയിട്ടുണ്ട്. സ്വകാര്യ ജലാശയങ്ങൾ, പൊതുജലാശയങ്ങൾ എന്നിവിടങ്ങളിൽ നാടൻ മത്സ്യഇനമായ കരിമീൻ വിത്ത് നിക്ഷേപിക്കുന്നതിന് ടി പദ്ധതിയിൽ നടപടികൾ സ്വീകരിച്ചുവരുന്നു. ഇവ കൂടാതെ പൊതു ജലാശയങ്ങളിൽ കരിമീനിന്റെ ഉത്പാദന വർദ്ധനവിന് കരിമീൻ കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്ന ഓപ്പൺ വാട്ടർ റാഞ്ചിംഗ് പദ്ധതിയും ഫിഷറീസ് വകുപ്പ് നടപ്പിലാക്കിവരുന്നുണ്ട്.

കേരളത്തിന്റെ ഉൾനാടൻ മത്സ്യോത്പാദനത്തിൽ ഒരു പുത്തൻ ഉണർവ് സമ്മാനിച്ച മത്സ്യസമൃദ്ധി പദ്ധതിയിൽനിന്നും ഏകദേശം ഇരട്ടി അടങ്കൽ തുകയുള്ളതും കർഷകർക്ക് കൂടുതൽ ആനുകൂല്യം നൽകുന്നതിനും സഹായകരമായ രീതിയിലാണ് പുതിയ പദ്ധതിയായ മത്സ്യസമൃദ്ധി II, 2015-18 വർഷത്തേയ്ക്ക് ആവിഷ്കരിച്ചിട്ടുള്ളത്. ഇരു പദ്ധതികളിലും സംസ്ഥാന മത്സ്യമായ കരിമീനിന്റെ സംരക്ഷണത്തിനും വംശവർദ്ധനവിനും വളരെയധികം പ്രാധാന്യം നൽകിക്കൊണ്ട് താഴെപ്പറയുന്ന ഘടക പദ്ധതികൾ നടപ്പാക്കുന്നു:

- കരിമീൻ വിത്തുപരിപാലന വിപണന യൂണിറ്റുകൾ (പി.എസ്.ആർ.യു.).
- കരിമീൻ കുഞ്ഞുങ്ങളെ ഉൽപ്പാദിപ്പിക്കുന്ന സർക്കാർ ഹാച്ചറികൾക്ക് സാമ്പത്തിക സഹായം നൽകുന്നു.
- കരിമീൻ മിനി ഹാച്ചറി സംരംഭകർക്ക് ധനസഹായം.
- അടുക്കളക്കുളം (കിച്ചൺ പോണ്ട്).
- കുളങ്ങളിലെ കരിമീൻ കൃഷി.
- കൂടുകളിലെ/വലവളപ്പുകളിലെ കരിമീൻ കൃഷി.

പൊതുജലാശയങ്ങളിലെ കരിമീൻ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികൾ കോട്ടയം മത്സ്യകർഷക വികസന ഏജൻസിയുടെകീഴിലുള്ള പള്ളം ഗവ.ഫിഷ് ഫാമിൽ നാടൻ മത്സ്യങ്ങളായ കല്ലട, കാരി, വരാൽ തുടങ്ങിയ വംശനാശ ഭീഷണി നേരിടുന്ന നാടൻ മത്സ്യങ്ങളെ സംരക്ഷിക്കുന്നതോടൊപ്പം നൂതന സാങ്കേതികവിദ്യയിലൂടെ ഇവയുടെ പ്രജനനം നടത്തുന്ന പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

പത്തനംതിട്ട ജില്ലയിലെ പോളച്ചിറ ദേശീയ മത്സ്യവിത്തുൽപ്പാദന കേന്ദ്രത്തിന്റെ അനുബന്ധ ഫാമായ ഐരാറ്റ് നാടൻ മത്സ്യങ്ങളായ കാരി, മുഷി, മഞ്ഞക്കൂരി, കല്ലേമുട്ടി, എന്നിവയുടെ വിത്തുല്പാദനത്തിനുവേണ്ടി 5 കോടി രൂപ

അടങ്കൽ തുകയായ പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിന്റെ പ്രാരംഭ പ്രവർത്തനമായി പോളച്ചിറ ഫാമിൽ കാരി, കല്ലേമുട്ടി എന്നിവയുടെ പരീക്ഷണാടിസ്ഥാനത്തിലുള്ള വിത്തുല്പാദനം ആരംഭിച്ചിട്ടുണ്ട്.

പീച്ചിയിൽ ഒരു മൾട്ടി സ്പീഷീസ് ഫിൻ ഫിഷ് ഹാച്ചറി ആരംഭിക്കുന്നതിന് 284 ലക്ഷം രൂപ അനുവദിക്കുകയും അതിൽ കാരി, മുഷി, വരാൽ, മഞ്ഞക്കൂരി, കരിമീൻ എന്നീ തദ്ദേശീയമായ മത്സ്യകുഞ്ഞുങ്ങളെ ഉൽപ്പാദിപ്പിക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

അഴീക്കോട് ഹാച്ചറിയിൽ ഈ വർഷം ഒരു ലക്ഷത്തിലധികം കരിമീൻ കുഞ്ഞുങ്ങളെ ഉൽപ്പാദിപ്പിച്ച് കർഷകർക്ക് നൽകിയിട്ടുണ്ട്. അലങ്കാര മത്സ്യമായ ചെങ്കണിയാനും (മിസ് കേരള) കഴിഞ്ഞ 5 വർഷമായി ഉൽപ്പാദിപ്പിച്ചുവരുന്നു.

ഉൾനാടൻ ജലാശയങ്ങളിൽ മത്സ്യകുഞ്ഞുങ്ങളെ നിക്ഷേപിക്കുന്നതിന്റെ ഭാഗമായി 2015-16 വർഷം 6 ലക്ഷം രൂപവീതം ആകെ 30 ലക്ഷം രൂപ ആലപ്പുഴ, എറണാകുളം, മലപ്പുറം, കോഴിക്കോട്, കണ്ണൂർ ജില്ലകൾക്ക് അനുവദിച്ചുനൽകിയിരുന്നു. ടി തുക വിനിയോഗിച്ച് 7,29,000 പൂമീൻ കുഞ്ഞുങ്ങളെ മേൽപ്പറഞ്ഞ ജില്ലകളിലെ പൊതുജലാശയങ്ങളിൽ നിക്ഷേപിച്ചിട്ടുണ്ട്. ആലപ്പുഴ ജില്ലയിൽ 1,47,000 പൂമീൻ കുഞ്ഞുങ്ങളെ തൈക്കാട്ടുശ്ശേരി ഊട്ടുപ്പുഴകടവ്, തൃക്കുന്നപ്പുഴ എന്നീ ജലാശയങ്ങളിൽ നിക്ഷേപിച്ചു. എറണാകുളം ജില്ലയിൽ 1,46,000 പൂമീൻ കുഞ്ഞുങ്ങളെ കുമ്പളങ്ങി, മരട്, കോട്ടുവള്ളി, പള്ളിപ്പുറം എന്നീ സ്ഥലങ്ങളിലെ ജലാശയങ്ങളിൽ നിക്ഷേപിച്ചു. മലപ്പുറം ജില്ലയിൽ 1,48,500 പൂമീൻ കുഞ്ഞുങ്ങളെ പുറത്തൂർ, പുതുപൊന്നാനി, വള്ളിക്കുന്ന് എന്നീ സ്ഥലങ്ങളിലെ ജലാശയങ്ങളിൽ നിക്ഷേപിച്ചു. കോഴിക്കോട് ജില്ലയിൽ 1,41,250 പൂമീൻ കുഞ്ഞുങ്ങളെ വെങ്ങളം, അത്തോളി, ചേളന്നൂർ എന്നീ സ്ഥലങ്ങളിലെ ജലാശയങ്ങളിൽ നിക്ഷേപിച്ചു. കണ്ണൂർ ജില്ലയിൽ 1,45,763 പൂമീൻ കുഞ്ഞുങ്ങളെ മംഗലശ്ശേരി പാറമേൽകടവ്, തലശ്ശേരിക്കടവ്, ധർമ്മടം പടിഞ്ഞാറെപ്പുഴക്കര എന്നീ സ്ഥലങ്ങളിലെ ജലാശയങ്ങളിൽ നിക്ഷേപിച്ചു.

നാടൻമത്സ്യ ഇനങ്ങളുടെ വംശവർദ്ധനവിനായി ഇരട്ടിപ്പുഴ, ശാസ്താംകോട്ട കായൽ, പെരിയാർ, പമ്പയാർ, ചാലിയാർ, നീലേശ്വരം നദി എന്നിവിടങ്ങളിൽ മത്സ്യസങ്കേതങ്ങൾ ഫിർമ സ്ഥാപിച്ചിട്ടുണ്ട്. പമ്പയാർ, മൂവാറ്റുപുഴ, ചേലൂർ കായൽ, നീലംപേരൂർ, കുമരകം, വളപട്ടണം പുഴ എന്നിവിടങ്ങളിലും സാങ്ച്വറികൾ സ്ഥാപിച്ചുവരുന്നു. വളപട്ടണം പുഴയിലെ ആറ്റുകൊഞ്ചിന്റെ പുനരുജ്ജീവനത്തിനുള്ള പദ്ധതി 3 വർഷങ്ങളായി ഫിർമയിൽ നടപ്പിലാക്കിവരുന്നു. കുട്ടനാടൻ

കൊഞ്ചിന്റെയും കരിമീനിന്റേയും 'റീസ്റ്റോറേഷൻ റാഞ്ചിങ് ആന്റ് റിക്രൂട്ട്മെന്റ് എന്ന പദ്ധതി പ്രകാരം കുട്ടനാട് പ്രദേശത്തെ ജലാശയങ്ങളിൽ ആറ്റ്കൊഞ്ചും, കരിമീനും നിക്ഷേപിക്കുന്ന പദ്ധതിയും നടപ്പിലാക്കിവരുന്നു.

(സി) ഫിർമ നടത്തിയ പഠനങ്ങൾ പ്രകാരം 10 തരം ശുദ്ധജല മത്സ്യങ്ങൾ ക്രിട്ടിക്കലി എൻഡേൻജേർഡ് വിഭാഗത്തിലും 25 തരം മത്സ്യങ്ങൾ എൻഡേൻജേർഡ് വിഭാഗത്തിലും 17 തരം മത്സ്യങ്ങൾ വൾനറബിൾ വിഭാഗത്തിലും ആണെന്ന് മനസ്സിലാക്കിയിട്ടുണ്ട്.

നാടൻ മത്സ്യ ഇനങ്ങളുടെ വംശവർദ്ധനവിനായി മത്സ്യസങ്കേതം സ്ഥാപിക്കൽ, വളപട്ടണം പുഴയിലെ ആറ്റുകൊഞ്ചിന്റെ പുനരുജ്ജീവനം, കുട്ടനാടൻ കൊഞ്ചിന്റെയും കരിമീനിന്റെയും "റീസ്റ്റോറേഷൻ എന്നീ പദ്ധതികൾ ഫിർമ മുഖേന നടപ്പിലാക്കി വരുന്നു.

കരിമീനിന്റെ സംരക്ഷണത്തിനും വംശവർദ്ധനവിനും മത്സ്യസമൃദ്ധി പദ്ധതിയിലൂടെ നടപ്പാക്കുന്ന സ്കീമുകൾ ചുവടെ ചേർക്കുന്നു.:

- കരിമീൻ കുഞ്ഞുങ്ങളെ ഉൽപ്പാദിപ്പിക്കുന്ന സർക്കാർ ഹാച്ചറികൾക്ക് സാമ്പത്തിക സഹായം നൽകുന്നു.
- കരിമീൻ മിനി ഹാച്ചറി സംരംഭകർക്ക് ധനസഹായം.
- അടുക്കളക്കുളം (കിച്ചൺ പോണ്ട്).
- കുളങ്ങളിലെ കരിമീൻ കൃഷി.
- കൂടുകളിലെ/വലവളപ്പുകളിലെ കരിമീൻ കൃഷി.

**പോലീസിലെ വനിതാ പ്രാതിനിധ്യം**

7 (*157) ശ്രീ. വർക്കല കഹാർ :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസിലെ വനിതാപ്രാതിനിധ്യം ഉയർത്തുന്നതിന് കർമ്മ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതിവഴി കൈവരിക്കാനുദ്ദേശി

ക്കുന്നതെന്ന് വിശദമാക്കുമോ;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ ?

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല) :

(എ) ലോക്കൽ പോലീസിലെയും ആംഡ് റിസർവ്വിലെയും മൊത്തം അംഗബലത്തിന്റെ 10 ശതമാനമായി വനിതാ പോലീസ് കോൺസ്റ്റബിൾമാരുടെ അംഗബലം വർദ്ധിപ്പിക്കുവാൻ സർക്കാർതലത്തിൽ തീരുമാനിച്ചിരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്ന അവസരത്തിൽ കേരള പോലീസിലെ വനിതാ പ്രാതിനിധ്യം 6 ശതമാനത്തിൽ താഴെയായിരുന്നു. തുടർന്ന് പോലീസിലെ വനിതാ പ്രാതിനിധ്യം ഉയർത്തുന്നതിന്റെ ഭാഗമായി 25-8-2014-ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 169/14/ആഭ്യന്തരം പ്രകാരം നേരിട്ടുള്ള നിയമനത്തിനായി 60 വനിതാ സബ്ഇൻസ്പെക്ടർമാരുടെയും 250 വനിതാ പോലീസ് കോൺസ്റ്റബിൾമാരുടെയും തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

(ബി) വനിതാ പോലീസ് ഉദ്യോഗസ്ഥരെ പോലീസ് സ്റ്റേഷനുകളിൽ നിയമിക്കുന്നതുവഴി സ്ത്രീകൾക്കും കുട്ടികൾക്കും പോലീസ് സ്റ്റേഷനുകളിൽ ചെന്ന് അവരുടെ പരാതികൾ പറയുന്നതിന് ഏറെ സഹായകമായി തീരുന്നതാണ്. സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിന്, സ്ത്രീകൾക്കെതിരെയുള്ള കുറ്റകൃത്യങ്ങൾ കൃത്യമായി അന്വേഷിച്ച് കുറ്റവാളികൾക്കെതിരെ നടപടി സ്വീകരിക്കേണ്ടത് വളരെ അത്യാവശ്യമാണ്. ഇക്കാര്യത്തിൽ പോലീസ് സദാ ജാഗരൂകരായിരിക്കേണ്ടതും സ്ത്രീകളുടെ സാന്നിധ്യം ഉള്ള സ്ഥലങ്ങളിൽ പ്രത്യേകിച്ച് പൊതുസ്ഥലങ്ങൾ, തീരപ്രദേശങ്ങൾ, റെയിൽവേ സ്റ്റേഷനുകൾ, ആരാധനാലയങ്ങൾ എന്നിവിടങ്ങളിൽ രാത്രി വൈകിയും നിരീക്ഷണ വിധേയമാക്കുന്നതിനും വനിതാ പോലീസ് സേനാംഗങ്ങളുടെ സാന്നിധ്യം ഉറപ്പുവരുത്തേണ്ടതുണ്ട്. സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷയ്ക്ക് കൂടുതൽ പ്രാധാന്യം നൽകിക്കൊണ്ടുള്ള പദ്ധതികളാണ് ആവിഷ്കരിച്ചുവരുന്നത്.

(സി) കേരള പോലീസിലെ വനിതാ പ്രാതിനിധ്യം ഉയർത്തുന്നതിനായി 25-8-2014 തീയതിയിലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 169/14/ആഭ്യന്തരം പ്രകാരം നേരിട്ടുള്ള നിയമനത്തിനായി 60 വനിതാ സബ്ഇൻസ്പെക്ടർമാരുടെയും 250 വനിതാ പോലീസ് കോൺസ്റ്റബിൾമാരുടെയും തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. കൂടാതെ, 485 തസ്തികകളിൽ വനിതാ പോലീസ് കോൺസ്റ്റബിൾ ഉദ്യോഗാർത്ഥികൾക്ക് നിയമന ശുപാർശ നൽകുന്നതിനായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ നിയമന ശുപാർശ പി.എസ്.സി.-യിൽനിന്നും

ലഭിച്ചിട്ടുള്ളവർക്ക് പരിശീലനം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നുണ്ട്. പുതുതായി 6 വനിതാ പോലീസ് സ്റ്റേഷനുകൾ ആരംഭിച്ചു. നിലവിൽ 8 വനിതാ പോലീസ് സ്റ്റേഷനുകളുടെ ചുമതല വനിതാ സബ്ഇൻസ്പെക്ടർമാർക്കാണ്.

**ബാലസാന്ത്വനം പദ്ധതി**

8 (*158) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രഷറി വകുപ്പിന് കീഴിൽ ക്യാൻസർ രോഗികളായ കുട്ടികൾക്ക് ബാലസാന്ത്വനം പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) :

(എ) സർക്കാർ G.O. (P) No. 575/14/Fin dated 23-12-2014 ഉത്തരവ് പ്രകാരം, അർബുദ ബാധിതരായ കുട്ടികളുടെ ചികിത്സാ ചെലവുകൾക്കായി സർക്കാർ/പൊതുമേഖല/സ്വയംഭരണ സ്ഥാപനങ്ങളിലെ സന്നദ്ധരായ ജീവനക്കാരുടെ ശമ്പളത്തിൽനിന്നും ഒരു നിശ്ചിത തുക സ്വീകരിക്കുന്നതിന് ബാലസാന്ത്വനം 2014 എന്ന പദ്ധതിക്ക് സംസ്ഥാന സർക്കാർ രൂപം കൊടുത്തിട്ടുണ്ട്.

(ബി) ജീവനക്കാരുടെ ശമ്പളത്തിൽനിന്നും കുറവ് ചെയ്യുന്ന തുക 8658-00-102-Suspense Accounts (Civil)-96-32 എന്ന ഹെഡ് ഓഫ് അക്കൗണ്ടിലാണ് സ്വരൂപിക്കുന്നത്. ഇപ്രകാരം സ്വരൂപിക്കുന്ന തുക തിരുവനന്തപുരം ജില്ലാ ട്രഷറിയിൽ ധനകാര്യ അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേരിലുള്ള special TSB A/c. 104-ൽ ക്രഡിറ്റ് ചെയ്തുവരുന്നു.

(സി) പദ്ധതി നടപ്പിലാക്കാനായി എല്ലാ വകുപ്പ് മേധാവികൾക്കും ഉത്തരവിന്റെ കോപ്പികൾ അയച്ചുകൊടുക്കുകയും സർക്കാർ വെബ്സൈറ്റുകളായ www.kerala.gov.in, www.finance.kerala.gov.in-ൽ ഉത്തരവ് പ്രസിദ്ധപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. സന്നദ്ധരായ ജീവനക്കാരുടെ സമ്മതപത്രം വകുപ്പുതലവൻമാർ

സ്വീകരിച്ച് ആയതിൻപ്രകാരം അവരുടെ ശമ്പളത്തിൽനിന്നുള്ള വിഹിതം ട്രഷറി മുഖേന പ്രസ്തുത പദ്ധതിയിലേയ്ക്ക് സമാഹരിച്ചുകൊണ്ടിരിക്കുന്നു. അക്കൗണ്ടിൽ സ്വരൂപിക്കുന്ന തുക ക്യാൻസർ ബാധിതരായ കുട്ടികളുടെ ചികിത്സാ ചെലവുകൾക്കായി തിരുവനന്തപുരം ആർ.സി.സി. മേധാവിയുടെ ശിപാർശ/ അഭ്യർത്ഥന പ്രകാരം നേരിട്ട് അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുന്നതാണ്. സമാഹരിച്ച തുക ടി പദ്ധതി പ്രകാരം വിനിയോഗിക്കാനായി അർഹതപ്പെട്ടവരുടെ പട്ടിക എത്രയും പെട്ടെന്ന് ലഭ്യമാക്കാൻ ആർ.സി.സി. ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**പി.എസ്.സി.-യുടെ സാമ്പത്തിക പ്രതിസന്ധിയുടെ കാരണങ്ങൾ**

9 (*159) ശ്രീ. ആർ. രാജേഷ് :
ശ്രീ. എം. എ. ബേബി :
ശ്രീ. റ്റി. വി. രാജേഷ് :
ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിത്യാനിദാന ചെലവുകൾക്കുള്ള ബില്ലുകളടക്കം ധനവകുപ്പ് തടഞ്ഞതാണ് പി.എസ്.സി.-യുടെ സാമ്പത്തിക പ്രതിസന്ധിയ്ക്ക് കാരണമായിട്ടുള്ളതെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ബില്ലുകൾ ട്രഷറിയിൽനിന്നും നിയന്ത്രിച്ചുകൊണ്ട് ധനവകുപ്പ് പുറപ്പെടുവിച്ച ഉത്തരവ് ലഭ്യമാക്കുമോ ;

(സി) പരീക്ഷ, ഇന്റർവ്യൂ, പ്രായോഗിക പരീക്ഷ തുടങ്ങിയവ നടത്തുന്നതിനുള്ള തുക യഥാസമയം പി.എസ്.സി.-യ്ക്ക് ലഭ്യമാക്കാതിരിക്കുന്നതിന്റെ കാരണം വെളിപ്പെടുത്താമോ ;

(ഡി) പി.എസ്.സി.-യ്ക്ക് ആവശ്യമായ പണം സ്വയം കണ്ടെത്തുന്നതിന്റെ ഭാഗമായി ഉദ്യോഗാർത്ഥികളിൽനിന്ന് അപേക്ഷാഫീസ് ഈടാക്കാൻ പി.എസ്.സി.-യ്ക്ക് അനുവാദം നൽകിയിട്ടുണ്ടോ ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി):

(എ) ഇല്ല.

(ബി) പി.എസ്.സി.-യുടെ ബില്ലുകൾ മാത്രം ബാധകമാക്കിക്കൊണ്ട് ട്രഷറി നിയന്ത്രണ ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല.

(സി) ലഭ്യമാക്കാതിരുന്നിട്ടില്ല. സർക്കാർ ഈ സാമ്പത്തിക വർഷത്തിൽ ബഡ്ജറ്റിൽ വകകൊള്ളിച്ചിരിക്കുന്നതിനേക്കാൾ അധികമായി 12 കോടി 50 ലക്ഷം രൂപ വിവിധ ഹെഡ്ഡുകളിലായി പി.എസ്.സി.-ക്ക് അനുവദിച്ചു നൽകിയിട്ടുണ്ട്.

(ഡി) ഇല്ല. ഓരോ തസ്തികയ്ക്കും 40%-ത്തിൽ അധികം വരുന്ന അനർഹരായ ഉദ്യോഗാർത്ഥികൾ അപേക്ഷ സമർപ്പിക്കുന്നത് കാരണം സർക്കാർ ഖജനാവിൽ നിന്നും പാഴ്ച്ചെലവ് സംഭവിക്കുന്നുവെന്ന വിഷയം കമ്മീഷൻ പരിഗണിക്കുകയും അത് പരമാവധി നിയന്ത്രിക്കുന്നതിനുള്ള നടപടികളിൽ ഒന്ന് എന്ന രീതിയിൽ ഉദ്യോഗാർത്ഥികളിൽനിന്നും അപേക്ഷാ ഫീസ് ഈടാക്കുന്നതിന് കമ്മീഷൻ തത്വത്തിൽ തീരുമാനിച്ചു. ആയതിന് അനുമതി നൽകണമെന്ന് സർക്കാരിനോട് അഭ്യർത്ഥിക്കുകയും ചെയ്തിട്ടുണ്ട്. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു വരികയാണ്.

**നിർഭയ കേരളം പദ്ധതി**

10 (*160) ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീ. വി. എസ്. സുനിൽ കുമാർ :
ശ്രീ. ചിറ്റയം ഗോപകുമാർ:
ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിർഭയ കേരളം പദ്ധതി പൂർണ്ണമായും നടപ്പാക്കാൻ കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത പദ്ധതി പൂർണ്ണമായും നടപ്പാക്കാൻ കഴിയാതിരുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് ദുരൂഹ സാഹചര്യത്തിൽ കാണാതാകുന്നവരുടെ എണ്ണം വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരത്തിൽ കാണാതാകുന്നവരെ കണ്ടുപിടിക്കുന്നതിന് പ്രത്യേകമായ എന്തെങ്കിലും സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ; പ്രസ്തുത സംവിധാനങ്ങൾ നിലവിൽ വന്നതിനുശേഷം കാണാതായ എത്ര പേരെ കണ്ടെത്താനായിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(സി) ഇ - ബീറ്റ് പദ്ധതി വിജയകരമായി നടപ്പാക്കാൻ കഴിയാതെ പോയത്

എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ?

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല):

(എ) 2014-15-ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച പദ്ധതി നടപ്പിലാക്കുവാൻ 7 കോടി രൂപയാണ് ചെലവ് പ്രതീക്ഷിച്ചിരുന്നത്. ഫണ്ടിന്റെ അപര്യാപ്തതമൂലം പദ്ധതി പൂർണ്ണമായും നടപ്പിലാക്കാൻ സാധിച്ചിട്ടില്ല.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ഇ-ബീറ്റ് പദ്ധതി നടപ്പിലാക്കാൻ കരാർ എടുത്ത M/s. Wifinity Technology, Bangalore എന്ന കമ്പനി കരാർ പ്രകാരമുള്ള ഇൻസ്റ്റലേഷൻ, കമ്മീഷനിംഗ്, ട്രെയിനിംഗ് എന്നിവ പൂർണ്ണമായും നടപ്പിലാക്കാത്തതിനാലും ടി പദ്ധതി നടപ്പിലാക്കാൻ വാങ്ങിയ റീഡറുകൾ തകരാറിലായത് കാരണവുമാണ് പദ്ധതി വിജയകരമായി നടപ്പാക്കുവാൻ കാലതാമസം ഉണ്ടായത്.

**പുതിയ ബസ്സുകൾ**

11 (*161) ശ്രീ. മാത്യു റ്റി. തോമസ് :
ശ്രീ. സി. കെ. നാണു :
ശ്രീമതി ജമീലാ പ്രകാശം :
ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം എത്ര പുതിയ ബസ്സുകളാണ് പുറത്തിറക്കിയിട്ടുള്ളതെന്നും ഏതൊക്കെ ഡിപ്പോകളിലേക്കാണ് അലോട്ട് ചെയ്തതെന്നും വിശദമാക്കുമോ ;

(ബി) ബസ്സുകൾ അലോട്ട് ചെയ്യുന്ന കാര്യത്തിൽ ദേശസാൽകൃത മേഖലയിൽ പ്രവർത്തിക്കുന്ന ഡിപ്പോകൾക്ക് മുൻഗണന നൽകിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ):

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം JnNRUM ഒന്നാം ഘട്ട പദ്ധതിയുടെ ഭാഗമായി ലഭിച്ച 108 ബസ്സുകളും രണ്ടാം ഘട്ട പദ്ധതി പ്രകാരം ലഭിച്ച 282 ബസ്സുകളും ഉൾപ്പെടെ 2024 ബസ്സുകൾ പുറത്തിറക്കിയിട്ടുണ്ട്. ഡിപ്പോ തിരിച്ച് അലോട്ട് ചെയ്ത കണക്ക് അനുബന്ധമായി ചേർക്കുന്നു. *

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ബസ്സുകൾ അലോട്ട് ചെയ്യുന്ന കാര്യത്തിൽ ദേശസാൽകൃത മേഖലയിൽ പ്രവർത്തിക്കുന്ന ഡിപ്പോകൾക്ക് സാധ്യമായ വിധത്തിൽ മുൻഗണന നൽകിയിട്ടുണ്ട്.

**വിഴിഞ്ഞം തുറമുഖ പദ്ധതിയുടെ നിർമ്മാണ കരാർ**

12 (*162) പ്രൊഫ. സി. രവീന്ദ്രനാഥ് :
ശ്രീ. എ. കെ. ബാലൻ :
ഡോ. ടി.എം. തോമസ് ഐസക് :
ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം തുറമുഖ പദ്ധതിയുടെ നിർമ്മാണ കരാറിലെ വിശദാംശം വെളിപ്പെടുത്തുമോ ; സംസ്ഥാനത്തിന്റെ ദീർഘകാല താൽപര്യം സംരക്ഷിക്കുന്നതിന് കരാറിലെ വ്യവസ്ഥകൾ പര്യാപ്തമാണോ എന്ന് പരിശോധിച്ചിട്ടുണ്ടോ ;

(ബി) അന്താരാഷ്ട്ര കപ്പൽ പാതയിൽനിന്ന് ഏതാനും കിലോമീറ്റർ മാത്രം അകലെയുള്ള പ്രകൃതിദത്തമായ വിഴിഞ്ഞം പദ്ധതിക്ക് എഴുപത് ശതമാന ത്തിലധികം തുകയും കേന്ദ്ര - സംസ്ഥാന സർക്കാരുകൾ നിക്ഷേപിക്കുന്ന സാഹചര്യത്തിൽ, കരാർ വ്യവസ്ഥകൾ പൊതു താൽപര്യത്തിന് ഗുണകരമാണോ എന്നും കരാറിനെ തുടർന്നുള്ള ആക്ഷേപങ്ങളും പരിശോധിക്കുകയുണ്ടായോ?

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു):

(എ) വിഴിഞ്ഞം തുറമുഖത്തിന്റെ നിർമ്മാണത്തിനും നടത്തിപ്പിനുമായുള്ള കൺസഷൻ കരാർ സംസ്ഥാന സർക്കാർ 2015 ആഗസ്റ്റ് മാസം 17-ാം തീയതി ഒപ്പുവച്ചു. സുതാര്യമായ രണ്ടുഘട്ട തെരഞ്ഞെടുപ്പ് പ്രക്രിയയിലൂടെ തെരഞ്ഞെടുക്കപ്പെട്ട ബിഡ്ഡർ ആയ അദാനി പോർട്ട്സ് & സ്പെഷ്യൽ ഇക്കണോമിക് സോൺ പദ്ധതിക്കായി രൂപീകരിച്ച പ്രത്യേക ഉദ്ദേശ കമ്പനിയായ അദാനി വിഴിഞ്ഞം പോർട്ട് പ്രൈവറ്റ് ലിമിറ്റഡുമായാണ് കരാർ ഒപ്പുവച്ചത്. 300-ാളം പേജുകളുള്ള ഈ കരാർ പൂർണ്ണരൂപത്തിൽ വിഴിഞ്ഞം തുറമുഖ കമ്പനിയുടെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. കേന്ദ്ര ആസൂത്രണ കമ്മീഷൻ തയ്യാറാക്കിയ സംസ്ഥാന തുറമുഖങ്ങൾക്കായുള്ള മാതൃക കൺസഷൻ എഗ്രിമെന്റ് പ്രകാരമാണ് ഈ പദ്ധതിക്കായുള്ള കൺസഷൻ കരാർ തയ്യാറാക്കിയിട്ടുള്ളത്. കരാറിലെ ചില മുഖ്യ വ്യവസ്ഥകൾ താഴെ പറയുന്നവയാണ്:

<u>കരാർ കാലാവധി</u> :

40 വർഷമാണ് കരാർ കാലാവധി. ഇതിൽ നാല് വർഷം നിർമ്മാണ കാലാവധിയും ഉൾപ്പെടും. കൺസഷനയർ സ്വന്തം ചെലവിൽ തുടർഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ കരാറിനനുസൃതമായി നടത്തുകയാണെങ്കിൽ മാത്രം 20 വർഷം കൂടി നീട്ടി നൽകുന്നതാണ്.

<u>കരാർ തുകയും സഹായധനവും</u> :

കരാർ പ്രകാരം വിഴിഞ്ഞം പദ്ധതിയിൽ തുറമുഖത്തിന് മാത്രമായുള്ള ആകെ തുക 5552 കോടി രൂപയാണ്. ഇതിൽ 4089 കോടി രൂപ പി.പി.പി. ഘടകവും 1463 കോടി രൂപ സർക്കാർ ചെലവിൽ നിർമ്മിക്കുന്ന ഫണ്ടഡ് വർക്കായ ബ്രേക്ക്‌വാട്ടറിന്റെ തുകയുമാണ്.

പി.പി.പി. ഘടകത്തിൽ സ്വകാര്യ പങ്കാളിക്ക് 40% സഹായ ധനത്തിന് അർഹതയുണ്ട്. ബിഡ്ഡർ ആവശ്യപ്പെട്ട സഹായധനം 1635 കോടി രൂപയാണ്. ഇതിൽ പി.പി.പി. ഘടകത്തിന്റെ 30% സഹായധനം 1226.7 കോടി രൂപ "Equity Support" ആയി നിർമ്മാണ ഘട്ടത്തിലും 408.3 കോടി രൂപ "O&M Support" ആയി നടത്തിപ്പ് കാലയളവിലും സ്വകാര്യ പങ്കാളിക്ക് നൽകേണ്ടതാണ്.

കേന്ദ്ര സർക്കാർ നിർമ്മാണ കാലയളവിൽ 817.8 കോടി രൂപ ചെലവ് സഹായധനമായി നൽകും (പി.പി.പി. ഘടകത്തിന്റെ 20%)

സംസ്ഥാന സർക്കാർ നിർമ്മാണ കാലയളവിൽ 1463 കോടി രൂപയുടെ ഫണ്ടഡ് വർക്കിന്റെ ചെലവ് വഹിക്കും. ഒപ്പം 408.9 കോടി രൂപ ചെലവ് സഹായധനമായി (പി.പി.പി. ഘടകത്തിന്റെ 10%) നൽകും. നിർമ്മാണ കാലയളവിൽ സംസ്ഥാന സർക്കാരിന്റെ ചെലവ് 1871.9 കോടി രൂപയാണ്. (1463+408.9)

സംസ്ഥാന സർക്കാർ നടത്തിപ്പ് കാലയളവിൽ 408.3 കോടി രൂപ സഹായധനമായി നൽകും.

<u>വരുമാന വിഹിതം</u> :

തുറമുഖ നടത്തിപ്പിന്റെ പതിനഞ്ചാം വർഷം മുതൽ (കരാറിന്റെ പത്തൊമ്പതാം വർഷം) സംസ്ഥാന സർക്കാരിന് തുറമുഖത്തിന്റെ നടത്തിപ്പിൽ

നിന്നുള്ള വരുമാനത്തിന്റെ വിഹിതം ലഭിച്ചുതുടങ്ങും. ഇരുപതാം വർഷം ഈ വിഹിതം ഒരു ശതമാനവും പിന്നീടുള്ള ഓരോ വർഷവും ഒരു ശതമാനം വീതം കൂടി കരാർ കാലാവധി പൂർത്തിയാകുന്ന നാൽപ്പതാം വർഷം ഇരുപത്തി ഒന്ന് ശതമാനം വരെ ഉയരും.

തുറമുഖേതര പ്രവർത്തനങ്ങളായ പോർട്ട് എസ്റ്റേറ്റ് ഡെവലപ്മെന്റിന്റെ ആകെ വരുമാനത്തിന്റെ 10% തുറമുഖ നടത്തിപ്പിന്റെ ഏഴാം വർഷം മുതൽ സംസ്ഥാന സർക്കാരിന് ലഭിക്കും.

<u>മറ്റ് വ്യവസ്ഥകൾ</u>

പൊതു/സ്വകാര്യ പങ്കാളിത്തത്തിൽ വികസിപ്പിക്കുന്ന ഈ പദ്ധതിയിൽ സംസ്ഥാനത്തിന്റെ താൽപര്യം സംരക്ഷിക്കുവാൻ നിരവധി വ്യവസ്ഥകളുണ്ട്. അവയിൽ ചിലത് താഴെ പറയുന്നു:

- കർശനമായ നിബന്ധനകൾക്ക് അനുസൃതമായി മാത്രമാണ് സഹായധനം നൽകുന്നത്. കൺസഷനയർ സ്വന്തം മുതൽമുടക്ക് പൂർണ്ണമായി വിനിയോഗിച്ചതിനുശേഷംമാത്രമേ സഹായധനം നൽകുകയുള്ളൂ.
- കരാർ പ്രകാരമുള്ള എല്ലാ സാമ്പത്തിക ക്രയവിക്രയങ്ങളും ഒരു എസ്ക്രോ അക്കൗണ്ടിനും എസ്ക്രോ എഗ്രിമെന്റിനും അനുസൃതമായിരിക്കും.
- നിർമ്മാണ നിർവ്വഹണ മേൽനോട്ടത്തിനായി ഒരു സ്വതന്ത്ര ഏജൻസി (Independent Engineer) ഉണ്ടായിരിക്കുന്നതാണ്.
- കണക്കുകൾ പരിശോധിക്കുന്നതിനായി ഓഡിറ്റർ പാനൽ സർക്കാർ തയ്യാറാക്കുന്നതാണ്. സ്വതന്ത്ര ഓഡിറ്റിംഗ് (Concurrent) സർക്കാരിനും നടത്താം.
- നിർമ്മാണം കർശനമായും സർക്കാർ നിഷ്കർഷിക്കുന്ന Manual of Specification and Standards പ്രകാരമായിരിക്കും.

(ബി) വലിയ വികസന കാലാവധി (Long Gestation period) വേണ്ടിവരുന്ന അടിസ്ഥാന സൗകര്യ പദ്ധതികളിൽ പലതും അവയ്ക്ക് ലഭിക്കാവുന്ന വരുമാനത്തിന്റെ പരിധിമൂലവും പരിമിതിമൂലവും കേവലം സാമ്പത്തികമായി നിലനിൽക്കാൻ കഴിവില്ലാത്തവയാണ്. (Financially unviable)

നിലവിൽ ഇന്ത്യൻ ട്രാൻസ്ഷിപ്പ്മെന്റിന്റെ സിംഹഭാഗവും കൈകാര്യം

ചെയ്യുന്നത് സിംഗപ്പൂർ, സലാല, ദുബായ്, കൊളംബോ എന്നീ തുറമുഖങ്ങളാണ്. കഴിഞ്ഞ ദശകത്തിൽ ചൈനയുടെ സാമ്പത്തിക സഹായത്തോടെ ശ്രീലങ്ക കൊളംബോ, ഹമ്പൻ ടോട്ട എന്നീ തുറമുഖങ്ങളുടെ കണ്ടെയ്നർശേഷി ഗണ്യമായി വർദ്ധിപ്പിച്ചു. ശക്തമായ മൽസരത്താൽ നിയന്ത്രിതമായ ഷിപ്പിംഗ് വ്യവസായത്തിൽ വിഴിഞ്ഞം തുറമുഖത്തിന് ചരക്കുകപ്പലുകളെ ആകർഷിക്കാൻ മറ്റ് തുറമുഖങ്ങളിലുള്ളതിനേക്കാൾ നിരക്കിൽ ഇളവുകൾ നൽകേണ്ടത് അനിവാര്യമാണ്. ഇതുമൂലമാണ് പദ്ധതിയുടെ സാമ്പത്തിക സാധ്യത താഴ്ന്നതും സഹായധനം ആവശ്യമായിവരുന്നതും. ഇത് 2010-ലെ ഉപദേശകരായ ഐ.എഫ്.സി. തയ്യാറാക്കിയ "Strategic Option Report" ലും വിശദമാക്കിയിട്ടുണ്ട്. അത് സർക്കാർ അംഗീകരിച്ചിട്ടുണ്ട്. തുറമുഖത്തിന്റെ ആദ്യഘട്ടങ്ങളിൽ ബാഹ്യ അടിസ്ഥാന സൗകര്യങ്ങളുടെ വികസനത്തിന് സംസ്ഥാന സർക്കാരിന്റെ മുതൽമുടക്ക് അനിവാര്യമാണെന്നു പി.പി.പി. ഘടകങ്ങളുടെ നിർമ്മാണത്തിനും നടത്തിപ്പിനും സഹായധനം വേണ്ടിവരുമെന്നും ഐ.എഫ്.സി. റിപ്പോർട്ട് പറയുന്നുണ്ട്. 2010-ൽ ഐ.എഫ്.സി. നിർദ്ദേശിച്ചതും അന്ന് സർക്കാർ അംഗീകരിച്ചതുമായ റിപ്പോർട്ടിൽ ഭൂരിപക്ഷ നിർമ്മാണ പ്രവർത്തനങ്ങളും സർക്കാർ ചെലവിൽ നടത്തണമെന്നും, സ്വകാര്യ പങ്കാളി ഏറ്റെടുക്കുന്ന തുറമുഖ നടത്തിപ്പ് ഉൾപ്പെടെ ചെലവിടുന്ന 970 കോടി രൂപയ്ക്ക് ഗ്രാന്റ് നൽകണമെന്നും പറഞ്ഞിട്ടുണ്ടായിരുന്നു. വരുമാന വിഹിതവും ഉണ്ടാവില്ല. ഈ മോഡൽ, വിപണിയിൽ പരീക്ഷിച്ചതാണ്. അതിൽ ക്വോട്ട് ചെയ്ത വെൽസ്പൺ കമ്പനി അവർ ചെലവാക്കേണ്ട 970 കോടി രൂപയിൽ 479.54 കോടി രൂപ ഗ്രാന്റാണ് സർക്കാരിനോട് ആവശ്യപ്പെട്ടത്. വരുമാന വിഹിതവും ഉണ്ടായില്ല.

സർക്കാർ ചെലവാക്കുന്ന തുകയ്ക്ക് സർക്കാരിന് ലഭിക്കുന്ന മറ്റ് സാമ്പത്തിക നേട്ടങ്ങൾ വിശകലനം ചെയ്താൽ അതായത് ഒരു Social Cost Benefit Analysis നടത്തിയാൽ ഈ മുതൽ മുടക്കിന് 12 ശതമാനത്തിൽ കൂടുതൽ Economic Rate of Return (ERR) നൽകുന്നുണ്ടെന്ന് തുറമുഖ കമ്പനി നടത്തിയ പഠനങ്ങൾ വ്യക്തമാക്കുന്നുണ്ട്.

മേൽപ്പറഞ്ഞ കാരണങ്ങളാൽ സർക്കാരിന്റെ ഭാഗത്തുനിന്നുള്ള ഗണ്യമായ സാമ്പത്തിക സഹായത്തോടെമാത്രമേ വിഴിഞ്ഞം പദ്ധതി സാധ്യമാവുകയുള്ളുവെങ്കിലും നിലവിലുള്ള പദ്ധതി ഘടനയും കരാറും പൊതുതാൽപര്യത്തിന് ഗുണകരമാണ്. ഇതിനുമുമ്പ് IFC വിഭാവനം ചെയ്ത മാതൃകയിൽ 85 ശതമാനത്തിലധികം സർക്കാർ

മുതൽ മുടക്കുണ്ടായിട്ടും വരുമാന വിഹിതം ഇല്ലായിരുന്നു. അതുമായി താരതമ്യം ചെയ്യുമ്പോൾ നിലവിലുള്ള മാതൃകയിൽ സർക്കാർ മുതൽ മുടക്ക് ഗണ്യമായി കുറച്ചിട്ടുണ്ടെങ്കിലും വരുമാന വിഹിതം ഉൾപ്പെടുത്തിയിട്ടുണ്ട്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് വിഭാവനംചെയ്ത മാതൃകയുമായി തുലനം ചെയ്താൽ ഈ കരാർ പല മടങ്ങ് പൊതുതാൽപര്യത്തിന് ഗുണകരമാണ്.

കരാർ സംബന്ധിച്ച് നിരവധി ആക്ഷേപങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അവയിൽ മിക്കതും പദ്ധതി ഘടനയോ കരാറോ പൂർണ്ണമായി പഠിക്കാതെയുള്ള ആക്ഷേപങ്ങളായിരുന്നു. ആക്ഷേപങ്ങൾക്കും സംശയങ്ങൾക്കും മറുപടിയും വിശദീകരണവും നൽകുവാൻ മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ഒരു സർവ്വകക്ഷി യോഗം 2015 ജൂൺ മാസം 3-ാം തീയതിയിൽ നടക്കുകയുണ്ടായി. പദ്ധതിയുമായി ബന്ധപ്പെട്ട എല്ലാ ആക്ഷേപങ്ങളും ദൂരീകരിക്കാൻ എല്ലാ പ്രധാനപ്പെട്ടരേഖകളും തുറമുഖ കമ്പനിയുടെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

**കാരുണ്യ ലോട്ടറി**

13 (*163) ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. സി. ദിവാകരൻ :
ശ്രീമതി ഗീതാ ഗോപി :
ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ലോട്ടറി ഫണ്ടിന്റെ വിനിയോഗത്തിൽ അഴിമതിയുണ്ടെന്നുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത ഫണ്ടിന്റെ എത്ര ശതമാനം തുക ഭരണചെലവിനായി ഉപയോഗിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത ഫണ്ട് എപ്പോഴെങ്കിലും സ്റ്റാറ്റ്യൂട്ടറി ഓഡിറ്റിംഗിന് വിധേയമാക്കിയിട്ടുണ്ടോ ;

(ഡി) യഥാസമയം ഫണ്ട് ലഭിക്കാത്തതുമൂലം പല ആശുപത്രികളും പ്രസ്തുത പദ്ധതിയിൽനിന്നും ഒഴിഞ്ഞുമാറുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി):

(എ) ഇതുസംബന്ധിച്ചുള്ള പത്രറിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കാരുണ്യ ബനവലന്റ് ഫണ്ടിലേയ്ക്ക് ലഭിച്ചിട്ടുള്ള ആകെ തുകയിൽ 0.007 ശതമാനം തുകയാണ് നാളിതുവരെ ഭരണപരമായ ചെലവുകൾക്കായി ഉപയോഗിച്ചിട്ടുള്ളത്.

(സി) കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് 2015 ആഗസ്റ്റ് മാസത്തിൽ കാരുണ്യ ബനവലന്റ് ഫണ്ട് പദ്ധതിയുമായി ബന്ധപ്പെട്ട് വിശദമായ ഓഡിറ്റിംഗ് നടത്തിയിട്ടുണ്ട്.

(ഡി) കാരുണ്യ ബനവലന്റ് ഫണ്ട് പദ്ധതിയുമായി ബന്ധപ്പെട്ട് ഡയാലിസിസ് സെന്ററുകൾ ഉൾപ്പെടെ 104 സ്വകാര്യ ആശുപത്രികളാണ് അക്രഡിറ്റ് ചെയ്തിട്ടുള്ളത്. സ്വകാര്യ ആശുപത്രികളുടെ ക്ലെയിമുകളിൽ ചില അപാകതകൾ ഉള്ളതുകാരണം വിശദമായ പരിശോധനകൾക്കുശേഷമാണ് ക്ലെയിം അനുവദിക്കുന്നത്. വിശദമായ പരിശോധന നടത്തേണ്ടിവരുന്നത് കാരണം ക്ലെയിം അനുവദിക്കുന്നതിൽ കുറച്ച് കാലതാമസം നേരിടുന്നുണ്ട്. എന്നിരുന്നാലും പദ്ധതിയിൽപ്പെട്ട ആശുപത്രികൾ ഒന്നുംതന്നെ പദ്ധതിയിൽ നിന്നും ഒഴിഞ്ഞുമാറിയിട്ടില്ല. ക്ലെയിമുകൾ ലഭിക്കുന്നതനുസരിച്ച് ഫണ്ട് ലഭ്യമാക്കി വരുന്നുണ്ട്.

**ട്രെയിൻ യാത്രക്കാരുടെ സുരക്ഷ**

14 (*164) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ :
ശ്രീ. ഇ. പി. ജയരാജൻ :
ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) :
ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീവണ്ടി യാത്രകളിൽ നടക്കുന്ന അതിക്രമങ്ങളും മോഷണം , പിടിച്ചുപറി തുടങ്ങിയവ തടയുന്നതിനും നിലവിലുള്ള സംവിധാനങ്ങളിൽ എന്തെങ്കിലും മാറ്റം വരുത്തേണ്ടതുണ്ടോ; ആയത് വിശദമാക്കുമോ ;

(ബി) റയിൽവേ സംരക്ഷണ സേനയ്ക്ക് കുറ്റകൃത്യങ്ങൾ തടയുന്നതിനും നടപടി സ്വീകരിക്കുന്നതിനും നിലവിലെ സംവിധാനത്തിൽ പരിമിതികളുണ്ടെന്നുള്ള ആക്ഷേപം വിലയിരുത്തിയിട്ടുണ്ടോ ?

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല):

(എ) ഇല്ല. നിലവിലുള്ള ഉദ്യോഗസ്ഥരെ പരമാവധി വിനിയോഗപ്പെടുത്തി പോലീസ് പട്രോളിംഗ് ശക്തമാക്കിയും രഹസ്യവിവരങ്ങൾ സ്വീകരിച്ചും കുറ്റകൃത്യങ്ങൾ തടയുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. റെയിൽവെയുടെ അനുവാദവും തീരുമാനവും ലഭിച്ചാൽ, എല്ലാ ട്രെയിനുകളിലും മുഴുവൻ സമയം

പട്രോളിംഗും മറ്റും നടത്തുന്നതിനും റെയിൽവെ പോലീസിന്റെ അംഗബലവും ആയുധബലവും വർദ്ധിപ്പിച്ച് ആധുനിക സാങ്കേതിക ഉപകരണങ്ങൾ നൽകി ട്രെയിൻ യാത്രക്കാരുടെ സുരക്ഷ കൂടുതൽ ഉറപ്പിക്കാൻ സാധിക്കുന്നതാണ്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് തീവണ്ടികളിൽ നടന്ന പിടിച്ചുപറിയുമായി ബന്ധപ്പെട്ട് 27 കേസ്സുകളിലായി 26 പേരെ അറസ്റ്റുചെയ്യുകയും, അതിൽ 5 പേർ ശിക്ഷിക്കപ്പെടുകയും, തീവണ്ടികളിൽ നടന്ന മോഷണവുമായി ബന്ധപ്പെട്ട് 1031 കേസ്സുകളിലായി 613 പേരെ അറസ്റ്റു ചെയ്യുകയും അതിൽ 189 പേർ ശിക്ഷിക്കപ്പെടുകയും ചെയ്തിട്ടുണ്ട്.

**സംയോജിത ചെക്ക്പോസ്റ്റ്**

15 (*165) <u>ശ്രീ. കെ. മുരളീധരൻ</u> :
<u>ശ്രീ. വി. ഡി. സതീശൻ</u> :
<u>ശ്രീ. വർക്കല കഹാർ</u> :
<u>ശ്രീ. കെ. ശിവദാസൻ നായർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംയോജിത ചെക്ക്പോസ്റ്റ് പദ്ധതി നടപ്പാക്കിയിട്ടുണ്ടോ ;

(ബി) പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങൾ എന്തെല്ലാം ;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

മുഖ്യമന്ത്രി (<u>ശ്രീ. ഉമ്മൻ ചാണ്ടി</u>):

(എ) ഉണ്ട്. തിരുവനന്തപുരം ജില്ലയിലെ അമരവിളയിൽ സംയോജിത ഇൻ, ഔട്ട് ചെക്ക്പോസ്റ്റുകളുടെ പ്രവർത്തനം 1-9-2011-ൽ ആരംഭിച്ചു. വാഹന പരിശോധനയ്ക്കുള്ള സൗകര്യാർത്ഥം സംയോജിത ഔട്ട് ചെക്ക്പോസ്റ്റിന്റെ പ്രവർത്തനം 27-11-2012- മുതൽ അമരവിള ടോൾ ജംഗ്ഷനിലേക്ക് മാറ്റിയിട്ടുണ്ട്.

(ബി) വാഹന പരിശോധന കൂടുതൽ കാര്യക്ഷമമാക്കുക, ചരക്ക് വാഹനങ്ങൾ വിവിധ സ്ഥലങ്ങളിൽ നിർത്തിയിടുന്നത് ഒഴിവാക്കി സംയുക്ത പരിശോധനയിലൂടെ അന്തർ സംസ്ഥാന ചരക്ക് നീക്കം സുഗമവും വേഗത്തിലുമാക്കുക, ചരക്ക് വാഹനങ്ങളുടെ നിർത്തിയിടൽമൂലമുണ്ടാകുന്ന ഗതാഗതക്കുരുക്ക് ഒഴിവാക്കുക തുടങ്ങിയവയാണ് സംയോജിത ചെക്ക്പോസ്റ്റുകളുടെ ഉദ്ദേശ ലക്ഷ്യങ്ങൾ. സംയുക്ത പരിശോധനയിലൂടെ വിവിധ വകുപ്പുകളുടെ പരിശോധന ഒരേ സമയം നടക്കുമെന്നുള്ളതിനാൽ പരിശോധന സമയം കാര്യമായി കുറയുകയും ആയതിനെ തുടർന്ന് വാഹനങ്ങൾ വേഗത്തിൽ കടത്തിവിടുന്നതിന് സാധ്യമാവുകയും ചെയ്യും. കേന്ദ്രീകൃത പരിശോധനയ്ക്കായി അത്യാധുനിക സംവിധാനങ്ങളും പ്രയോഗത്തിൽ കൊണ്ടുവരാൻ സാധിക്കും.

(സി) വാളയാർ, മുത്തങ്ങ, ബംഗ്രമഞ്ചേശ്വരം, വഴിക്കടവ്, ആര്യങ്കാവ് എന്നീ

പ്രധാനപ്പെട്ട ചെക്ക്പോസ്റ്റുകൾ സംയോജിത ചെക്ക്പോസ്റ്റുകളാക്കി മാറ്റുന്നതിനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു. ബംഗ്രമഞ്ചേശ്വരത്ത് ഇതിനായി 9.33 ഏക്കർ സ്ഥലം ഏറ്റെടുത്തു. ഇവിടെ സംയോജിത ചെക്ക്പോസ്റ്റിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി നാറ്റ്പാക്കിനെക്കൊണ്ട് പഠനം നടത്തി മാസ്റ്റർ പ്ലാൻ തയ്യാറാക്കി ഒരു ഗവൺമെന്റ് അംഗീകൃത ഏജൻസി മുഖാന്തിരം നാറ്റ്പാക്കിനെ കൺസൾട്ടൻസിയായി അംഗീകരിച്ച് ഒരു മാർഗ്ഗ ദർശക പദ്ധതിയായി നടപ്പിലാക്കാനുള്ള നടപടികൾ ആരംഭിച്ചു. വാളയാറിൽ സംയോജിത ഇൻ ചെക്ക്പോസ്റ്റ് സ്ഥാപിക്കുന്നതിനുവേണ്ടി കണ്ടെത്തിയ 12.49 ഹെക്ടർ സ്ഥലം പാരിസ്ഥിതിക ആഘാതമുള്ളതാണെന്ന് നിയമസഭ പരിസ്ഥിതി സമിതി കണ്ടെത്തിയിട്ടുള്ളതിനാൽ മറ്റൊരു സ്ഥലം കണ്ടെത്തി ആയത് വാണിജ്യ നികുതി വകുപ്പിന് കൈമാറാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ വാണിജ്യ നികുതി വകുപ്പിന്റെ കൈവശത്തിലുള്ള വാളയാർ ഔട്ട് ചെക്ക്പോസ്റ്റിലെ 1.3 ഏക്കർ സ്ഥലത്ത് ചെക്ക്പോസ്റ്റ് വിപുലീകരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. മുത്തങ്ങയിൽ സംയോജിത ചെക്ക്പോസ്റ്റിനുവേണ്ടി 7.96 ഏക്കർ സ്ഥലം ഏറ്റെടുക്കുന്നതിനുവേണ്ടി 7,27,60,000 രൂപ അനുവദിച്ചിട്ടുണ്ട്. ആര്യങ്കാവിൽ സംയോജിത ചെക്ക്പോസ്റ്റിനുവേണ്ടി തെന്മലയിലെ വനഭൂമി ഏറ്റെടുക്കൽ നടപടികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ കഴിയാത്തതിനാൽ നിലവിലെ ചെക്ക്പോസ്റ്റ് വിപുലീകരിച്ച് സംയോജിത ചെക്ക്പോസ്റ്റ് ആരംഭിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. നിലവിലെ ചെക്ക്പോസ്റ്റ് സംയോജിത ചെക്ക്പോസ്റ്റ് ആക്കുന്നതിലേയ്ക്ക് പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കുന്നതിന് പൊതുമരാമത്ത് വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. വഴിക്കടവിൽ സംയോജിത ചെക്ക്പോസ്റ്റ് സ്ഥാപിക്കുന്നതിന് ആവശ്യമായ വനഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു.

**ഗതാഗത വകുപ്പിൽ ഇ-പേമെന്റ് സംവിധാനം**

16 (*166) ശ്രീ. ജോസഫ് വാഴക്കൻ :

ശ്രീ. വി. റ്റി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗതാഗത വകുപ്പിൽ ഇ-പേമെന്റ് സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ):

(എ) ഉണ്ട്.

(ബി) പൊതുജനങ്ങൾക്ക് ഓഫീസുകളിൽ നേരിട്ട് വരാതെ തന്നെ ഫീസും നികുതിയും അടയ്ക്കുക, അഴിമതി തടയുക, ഇടനിലക്കാരെ ഒഴിവാക്കുക, പണമിടപാട് സുതാര്യമാക്കുക എന്നിവയാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

മോട്ടോർ വാഹന വകുപ്പ് 2012 മുതൽ ഇ-പേമെന്റ് സംവിധാനം നടപ്പിലാക്കിവരുന്നു. തുടക്കത്തിൽ തിരുവനന്തപുരം ജില്ലയിൽമാത്രം നടപ്പിലാക്കിയ പദ്ധതി പിന്നീട് സംസ്ഥാനം മുഴുവനായി വ്യാപിപ്പിച്ചു. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ, സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ എന്നീ ബാങ്കുകൾ വഴിയാണ് പദ്ധതി നടപ്പിലാക്കിയത്. ഇ-ട്രഷറിയുമായി ബന്ധപ്പെടുത്തി കൂടുതൽ ബാങ്കുകളെ ഉൾപ്പെടുത്തുവാനുള്ള നടപടികൾ നടന്നുവരുന്നു. വകുപ്പ് സ്ഥാപിച്ചിട്ടുള്ള സ്പീഡ് ക്യാമറകളിൽനിന്ന് പുറപ്പെടുവിക്കുന്ന ചാർജ് മെമ്മോയുള്ള ഫൈനും ഇപ്പോൾ ഇ-പേമെന്റ് വഴി അടയ്ക്കാവുന്നതാണ്. വകുപ്പിന്റെ 23 ഓൺലൈൻ സേവനങ്ങളിൽ 19 സേവനങ്ങൾക്കുള്ള ഫീസും പുതിയ നോൺ ട്രാൻസ്പോർട്ട് വാഹനങ്ങളുടേയും ഓട്ടോറിക്ഷാ (ട്രാൻസ്പോർട്ട്) വാഹനങ്ങളുടേയും ടാക്സും ഓൺലൈനായി സ്വീകരിച്ചുവരുന്നു. ടാക്സ് അടയ്ക്കുന്ന തീയതിയിൽ കവറേജ് ഉള്ള വാഹന ഇൻഷ്വറൻസ്, ടാക്സ് അടയ്ക്കുന്ന മാസത്തിന്റെ തൊട്ടുമുമ്പുള്ള മാസം വരെ ക്ഷേമനിധി അടച്ചതിന്റെ തെളിവ് എന്നിവ ഉണ്ടെങ്കിൽ മാത്രമേ ട്രാൻസ്പോർട്ട് വാഹനങ്ങളുടെ നികുതി സ്വീകരിക്കുവാൻ കേരള മോട്ടോർ വാഹന നികുതി നിയമപ്രകാരം അനുവാദമുള്ളൂ. ഇക്കാര്യങ്ങൾ ഓൺലൈനായി പരിശോധിക്കാനുള്ള സൗകര്യം ഇപ്പോൾ നിലവിലില്ല. അതിനുശേഷം ട്രാൻസ്പോർട്ട് വാഹനങ്ങളുടെ ടാക്സും ഇ-പേമെന്റ് മുഖാന്തരം അടയ്ക്കുന്നതിന് സാധിക്കും. ഈ സൗകര്യം ഒരുക്കാനായി ഇൻഷ്വറൻസ് ഇൻഫർമേഷൻ ബ്യൂറോ, മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ് എന്നിവരുമായി ബന്ധപ്പെട്ട് ചർച്ചകൾ നടന്നുവരുന്നു.

(സി) ഇ-പേമെന്റ് നടപ്പാക്കാനായി 2014-ലെ കേരള ഫിനാൻസ് ആക്ട് പ്രകാരം, 1976-ലെ കേരള മോട്ടോർ വെഹിക്കിൾസ് ടാക്സേഷൻ ആക്ടും, 13-3-2015-ലെ ജി.ഒ.(പി) നമ്പർ 15/2015/ഗതാ. നമ്പർ ഉത്തരവ് പ്രകാരം, 1975-ലെ കേരള മോട്ടോർ വെഹിക്കിൾസ് ടാക്സേഷൻ റൂൾസും ഭേദഗതി ചെയ്തിട്ടുണ്ട്. ഇ-പേമെന്റ് സ്വീകരിച്ചുകൊണ്ട് നല്കാവുന്ന സേവനങ്ങൾ എല്ലാം നൽകിവരുന്നുണ്ട്.

## സമാന്തര പോലീസ് സ്റ്റേഷനുകൾ

17 (*167) ശ്രീ. പി. ശ്രീരാമകൃഷ്ണൻ :
ശ്രീ. സി. കെ. സദാശിവൻ :
ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമാന്തര പോലീസ് സ്റ്റേഷനുകൾ പ്രവർത്തിക്കുന്നതായി വിവരം ലഭിച്ചിട്ടുണ്ടോ ; എങ്കിൽ അത്തരം കേന്ദ്രങ്ങൾക്കെതിരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) കൊച്ചിയിൽ സമാന്തര പോലീസ് സ്റ്റേഷൻ പ്രവർത്തിച്ചുവരുന്നതായി പോലീസിന് എപ്പോഴാണ് വിവരം ലഭിച്ചത് ; ഇതേ തുടർന്ന് എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്തുകൊണ്ട് പോലീസ് അന്വേഷണം നടത്തുകയുണ്ടായോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ ;

(സി) കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിയില്ലെങ്കിൽ അതിനുള്ള കാരണങ്ങൾ വെളിപ്പെടുത്തുമോ ;

(ഡി) സംസ്ഥാനത്തെ പോലീസ് സംവിധാനം എത്രത്തോളം കാര്യക്ഷമമാണ് ; സമാന്തര പോലീസ് സ്റ്റേഷനുകളുടെ ആവിർഭാവത്തിനുകാരണം വ്യക്തമാക്കുമോ ;

(ഇ) കൊച്ചിയിലെ സെൻട്രൽ പോലീസ് സ്റ്റേഷനുമുന്നിൽ സമാന്തര പോലീസ് സ്റ്റേഷൻ പ്രവർത്തിക്കുന്നുവെന്ന് സർക്കാരിനുവേണ്ടി അഡ്വക്കേറ്റ് ജനറൽ കോടതിയിൽ സത്യവാങ്മൂലം നൽകിയിട്ടുണ്ടോ ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല):

(എ) സംസ്ഥാനത്ത് സമാന്തര പോലീസ് സ്റ്റേഷനുകൾ പ്രവർത്തിക്കുന്നതായി ഏതെങ്കിലും അന്വേഷണ റിപ്പോർട്ടുകളിൽനിന്നോ, രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുന്ന കേസ്സുകളിൽനിന്നോ വെളിവായിട്ടില്ലാത്തതാണ്.

(ബി) കൊച്ചിയിൽ സമാന്തര പോലീസ് സ്റ്റേഷൻ പ്രവർത്തിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇക്കാര്യത്തിൽ കൊച്ചിയിൽ എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്തിട്ടില്ലാത്തതാണ്.

(സി) കൊച്ചിയിൽ സമാന്തര പോലീസ് സ്റ്റേഷൻ നടത്തിവരുന്നതായി പോലീസിന് പരാതികളോ, റിപ്പോർട്ടുകളോ ലഭിച്ചിട്ടില്ലാത്തതിനാലാണ് ഇക്കാര്യത്തിൽ കേസ് രജിസ്റ്റർ ചെയ്യാത്തത്.

(ഡി) കുറ്റകൃത്യങ്ങൾ തടയുന്നതിനും റിപ്പോർട്ടാകുന്ന കുറ്റകൃത്യങ്ങൾക്കെതിരെ കർശന നിയമ നടപടികൾ സ്വീകരിക്കുന്നതിനും പൊതുജന സുരക്ഷയ്ക്കും നാടിന്റെ സുരക്ഷയ്ക്കും ശരിയായ രീതിയിലുള്ള ക്രമസമാധാനപാലനം നടത്തുന്നതിനും ജനങ്ങളുടെ സമാധാനം കാത്തുസൂക്ഷിക്കുന്നതിനും പര്യാപ്തമായ പോലീസ് സംവിധാനം സംസ്ഥാനത്ത് നിലവിലുണ്ട്. ജനങ്ങളുടെ ജീവനും സ്വത്തും സംരക്ഷിക്കുവാൻ പോലീസ് സദാ ജാഗരൂകരാണ്. അതിനാൽ സമാന്തര പോലീസ് സ്റ്റേഷൻ ഉണ്ടാകേണ്ടതായ ഒരു സാഹചര്യവും സംസ്ഥാനത്ത് നിലവിലില്ല.

(ഇ) കൊച്ചിയിൽ സമാന്തര പോലീസ് സ്റ്റേഷൻ പ്രവർത്തിക്കുന്നുവെന്ന ഒരു റിപ്പോർട്ട് പോലീസ് കോടതിയിൽ നൽകിയിട്ടില്ല.

**തീരദേശ പരിപാലന നിയമം**

18 (*168) ഡോ. കെ. ടി. ജലീൽ :
ശ്രീ. എസ്. ശർമ്മ :
ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശങ്ങളിൽനിന്നും മത്സ്യത്തൊഴിലാളികളെ അകറ്റുന്നതിനിടയാക്കുന്ന നിയമങ്ങൾ നിലവിലുണ്ടോ ; വ്യക്തമാക്കുമോ ;

(ബി) വർഷങ്ങളായി താമസിച്ചുവരുന്ന തീരദേശത്ത്, വീടുകൾ പുതുക്കുന്നതിനും നിർമ്മിക്കുന്നതിനും മത്സ്യത്തൊഴിലാളികൾക്ക് കഴിയാത്ത അവസ്ഥയെപ്പറ്റി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിനായി തീരദേശ പരിപാലന നിയമത്തിൽ ഇളവ് നൽകുന്നതിനുള്ള വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ടോ ;

(സി) നിലവിലെ നിയമംമൂലം തീരദേശ നിവാസികളുടെ കൈവശഭൂമിക്ക് പട്ടയം നൽകാതിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) കടലിന്റെ മക്കൾക്ക് ആനുകൂല്യങ്ങൾ നിഷേധിക്കുന്ന ഇത്തരം നിയമങ്ങൾ തിരുത്തുമോ ;

(ഇ) തീരദേശ നിവാസികൾ നേരിടുന്ന ജീവിത പ്രയാസങ്ങൾ പഠിക്കുന്നതിനും, അവയ്ക്ക് പരിഹാരം കണ്ടെത്തുന്നതിനും തയ്യാറാകുമോ ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി):

(എ) ഇല്ല.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തീരദേശ പരിപാലന നിയമത്തിൽ ഇളവുകൾ നൽകുന്നതിന് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ പരിഗണനയ്ക്കായി നിർദ്ദേശം സമർപ്പിച്ചിട്ടുണ്ട്. ഇതനുസരിച്ച് നിയമത്തിൽ ഇളവുകൾ നൽകിക്കൊണ്ടുള്ള വിജ്ഞാപനം കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിട്ടില്ല.

(സി) നിലവിലെ തീരദേശ പരിപാലന നിയമം പട്ടയം നൽകുന്നതിന് ബാധകമല്ല.

(ഡി) നിലവിലുള്ള നിയമത്തിൽ ഇളവ് വരുത്തണമെന്ന് കേന്ദ്ര സർക്കാരിനോട് നിരന്തരമായി ആവശ്യപ്പെടുന്നുണ്ട്.

(ഇ) തീരദേശ മേഖലയിലെ നിർമ്മാണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ആ മേഖലയിൽ വസിക്കുന്നവരുടെ പരാതികൾ പരിഗണിച്ചാണ് തീരപരിപാലന നിയമത്തിൽ ഇളവുകൾ നല്കുന്നതിന് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ പരിഗണനക്കായി നിർദ്ദേശം സമർപ്പിച്ചത്. തീരദശ പരിപാലന നിയമത്തിൽ ഇളവുകൾ വരുത്തിക്കൊണ്ടുള്ള വിജ്ഞാപനം പുറപ്പെടുവിക്കേണ്ടത് കേന്ദ്ര സർക്കാരാണ്.

**ഹെലിക്യാമറകളുടെ ഉപയോഗത്തിന് നിയന്ത്രണം**

19 (*169) ശ്രീ. പി. ഉബൈദുള്ള :
ശ്രീ. സി. മോയിൻകുട്ടി :
ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി :
ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹെലിക്യാമറകൾ ഉപയോഗിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) മുൻകരുതലുകൾ ഇല്ലാതെയുള്ള അവയുടെ ഉപയോഗം ഉണ്ടാക്കാവുന്ന അപകടങ്ങളെക്കുറിച്ച് പരിശോധിച്ചിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ;

(സി) ഇവ നിയന്ത്രിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ ?

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ.രമേശ് ചെന്നിത്തല):

(എ) സംസ്ഥാനത്ത് ആഡംബര വിവാഹചടങ്ങുകളുടെയും ചില ആഘോഷങ്ങളുടെയും വീഡിയോ ചിത്രീകരണത്തിന് ഹെലിക്യാമറകൾ ഉപയോഗിക്കുന്ന ചില ഒറ്റപ്പെട്ട സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) മുൻകരുതലുകൾ ഇല്ലാതെയുള്ള ഹെലിക്യാമറകളുടെ ഉപയോഗം വളരെയധികം സുരക്ഷാ പ്രശ്നങ്ങൾക്കും അപകടങ്ങൾക്കും കാരണമായേക്കാവുന്നതാണ്. മുൻകൂർ അനുമതിയില്ലാതെ, ഹെലിക്യാമറ പോലുള്ള ഉപകരണങ്ങളുടെ ഉപയോഗം വിധ്വംസക പ്രവർത്തനങ്ങൾക്ക് അനുകൂല സാഹചര്യം സൃഷ്ടിച്ചേക്കാവുന്നതിനാൽ അത്തരം വസ്തുക്കളുടെ ഏത് കാര്യങ്ങൾക്കുവേണ്ടിയുള്ള ഉപയോഗത്തിനും മുൻകൂർ അനുമതി വാങ്ങേണ്ടത് ആവശ്യമാണ്. അതീവ സുരക്ഷാ മേഖലകളിൽ നിരോധിക്കപ്പെടേണ്ടതുമാണ്.

(സി) ഹെലിക്യാമറകൾ, Unmanned Aerial Vehicle (UAV/Unmanned Aircraft System (UAS)) എന്നിവയുടെ പരിധിയിൽപ്പെടുന്നവയാണ്. ഈ വിഭാഗത്തിൽ വരുന്ന ഉപകരണങ്ങളുടെ, ഇന്ത്യൻ സിവിൽ എയർസ്പേസിലുള്ള, അനുമതിയില്ലാതെയുള്ള ഉപയോഗം നിരോധിച്ചുകൊണ്ട് 7-10-2014-ൽ കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള വ്യോമ മന്ത്രാലയം ഒരു പബ്ലിക് നോട്ടീസ് പുറപ്പെടുവിച്ചിരുന്നു. ഇത് 26-10-2015-ൽ സംസ്ഥാനങ്ങൾക്ക് നടപ്പാക്കാനായി അയച്ചുതന്നിട്ടുണ്ട്. അതനുസരിച്ചുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**മത്സ്യസമൃദ്ധി പദ്ധതി**

20 (*170) ശ്രീ. വി. റ്റി. ബൽറാം :
ശ്രീ. പി. എ. മാധവൻ :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. ആർ. സെൽവരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യസമൃദ്ധി പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശം വെളിപ്പെടുത്തുമോ ;

(ബി) പ്രസ്തുത പദ്ധതി നടപ്പാക്കിയത് വഴി മത്സ്യ ഉൽപ്പാദനത്തിൽ ഉണ്ടായ വർദ്ധന എത്രയാണ് ; വിശദമാക്കാമോ ;

(സി) ഉൾനാടൻ മത്സ്യകൃഷിരംഗത്ത് പ്രവർത്തിക്കുന്നവർക്ക് ഇൻസെന്റീവ് നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ?

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു) :

(എ) ഉണ്ട്.

സംസ്ഥാനത്തിന്റെ ഉൾനാടൻ മത്സ്യോല്പാദനം വർദ്ധിപ്പിക്കുന്നതിനായി ആവിഷ്കരിച്ച് 2012 മുതൽ നടപ്പാക്കിയ മത്സ്യസമൃദ്ധി പദ്ധതിയുടെ കാലാവധി 2015 മാർച്ച് 31-ന് അവസാനിച്ചു. മത്സ്യസമൃദ്ധി പദ്ധതിക്ക് വൻതോതിലുള്ള ജനപിന്തുണ ലഭിച്ചതിനെ തുടർന്ന് 2015 മുതൽ 2018 വരെയുള്ള മൂന്ന് വർഷക്കാലയളവിൽ മത്സ്യസമൃദ്ധി II എന്ന പദ്ധതി നടപ്പാക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) മത്സ്യസമൃദ്ധി പദ്ധതി നടപ്പിലാക്കിയതിലൂടെ 2012-15 വരെയുള്ള മൂന്ന് വർഷക്കാലയളവിൽ ആകെ 1.025 ലക്ഷം ടൺ മത്സ്യം ഉൽപ്പാദിപ്പിക്കുവാൻ സാധിച്ചിട്ടുണ്ട്. ടി പദ്ധതിയിലൂടെ സമയബന്ധിതമായി കൂടുതൽ ജനപങ്കാളിത്തത്തോടെ സംസ്ഥാനത്തെ 12224 ഹെക്ടറിൽ മത്സ്യകൃഷി വ്യാപിപ്പിക്കുവാൻ സാധിച്ചു. 930 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലായി പദ്ധതി നടപ്പിലാക്കിയതിലൂടെ ഏകദേശം 70000-ത്തോളം കർഷകർ ഗുണഭോക്താക്കളാവുകയും അതുവഴി 30 ലക്ഷത്തിലധികം തൊഴിൽ ദിനങ്ങൾ പദ്ധതിയിലൂടെ സൃഷ്ടിക്കപ്പെട്ടതായും കണക്കുകൾ വിലയിരുത്തുന്നു. വടക്കൻ ജില്ലകളിൽ കല്ലുമ്മേക്കായയുടെ ഉല്പാദനം ഗണ്യമായ തോതിൽ വർദ്ധിപ്പിക്കുന്നതിനും ഈ പദ്ധതിക്ക് കഴിഞ്ഞിട്ടുണ്ട്.

കൂടാതെ നിലവിൽ മത്സ്യസമൃദ്ധി II പദ്ധതിയുടെ മത്സ്യവിത്ത് സ്റ്റോക്കിംഗ് എല്ലാ ജില്ലകളിലും 2015 നവംബർ മാസത്തോടെ പൂർത്തിയാക്കിയിട്ടുണ്ട്. വിളവെടുപ്പ് ഏപ്രിൽ/മേയ് മാസത്തിൽ നടക്കും.

(സി) ഉൾനാടൻ മത്സ്യകൃഷിരംഗത്ത് പ്രവർത്തിക്കുന്നവർക്ക് ഇൻസെന്റീവ് നൽകുന്ന പദ്ധതികളൊന്നും നിലവിൽ ആവിഷ്കരിച്ചിട്ടില്ല.

എന്നാൽ സംസ്ഥാന സർക്കാർ ഫിഷറീസ് വകുപ്പ് മുഖേന നടപ്പിലാക്കിയ മത്സ്യകേരളം, മത്സ്യ സമൃദ്ധി പദ്ധതി, നിലവിൽ നടപ്പിലാക്കിവരുന്ന മത്സ്യ സമൃദ്ധി II പദ്ധതി എന്നിവ മുഖാന്തരം സംസ്ഥാനത്ത് ഉൾനാടൻ മത്സ്യകൃഷി രംഗത്ത് പ്രവർത്തിക്കുന്ന കർഷകർക്ക് മത്സ്യവിത്ത്, മത്സ്യത്തീറ്റ എന്നിവ സബ്സിഡിയായി നൽകിവരുന്നു. സൗജന്യ വിള ഇൻഷ്വറൻസ് പദ്ധതിയും നടപ്പാക്കുന്നു. ഇവ കൂടാതെ കർഷകർക്ക് പരിശീലനം നൽകൽ, മത്സ്യ കൃഷിയെക്കുറിച്ചുള്ള സൗജന്യ

കൈപ്പുസ്തകം വിതരണം ചെയ്യൽ തുടങ്ങിയ വളരെയധികം പ്രയോജനപ്രദങ്ങളായ പദ്ധതി പ്രവർത്തനങ്ങൾ ഈ മേഖലയിൽ കർഷകർക്ക് ലഭ്യമാക്കിവരുന്നു.

**അഴിമതിക്കെതിരെയുള്ള വിജിലൻസ് അന്വേഷണങ്ങൾ**

21 (*171) ശ്രീ. ബാബു എം. പാലിശ്ശേരി :
ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീ. വി. ശിവൻകുട്ടി :
ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഴിമതികൾക്കെതിരെയുള്ള വിജിലൻസ് അന്വേഷണങ്ങൾ അട്ടിമറിക്കപ്പെടുന്നുണ്ടോ ; എങ്കിൽ ആയത് തടയാൻ തയ്യാറാകുമോ ;

(ബി) അഴിമതിയും കെടുകാര്യസ്ഥതയും ഉന്നയിക്കപ്പെടുമ്പോൾ ഉണ്ടാകുന്ന വിജിലൻസ് അന്വേഷണങ്ങളിൽ, അധികാര ദുർവിനിയോഗം ചെയ്തുകൊണ്ടും അന്വേഷണ ഉദ്യോഗസ്ഥന്മാരെ സമ്മർദ്ദത്തിലാക്കിക്കൊണ്ടും അന്വേഷണങ്ങൾ അട്ടിമറിക്കപ്പെടുന്നുണ്ടോ ;

(സി) അഴിമതിക്കാരും അധികാരം ദുർവിനിയോഗം ചെയ്തു വരുന്നവരും നിയമത്തിന്റെ മുന്നിൽനിന്നും രക്ഷപ്പെട്ടു പോകുന്ന ദുരവസ്ഥ അവസാനിപ്പിക്കാൻ എന്ത് നടപടി സ്വീകരിക്കാനുദ്ദേശിക്കുന്നു ; വിശദമാക്കുമോ ;

(ഡി) ഈ സർക്കാരിന്റെ കാലത്ത് ആരോപണം ഉന്നയിക്കപ്പെട്ടതും വിജിലൻസ് അന്വേഷണം നടത്തി ഉന്നതരായ കുറ്റവാളികളെ ശിക്ഷിച്ചതുമായ കേസ്സുകൾ ഉണ്ടായിട്ടുണ്ടോ ; വിശദമാക്കുമോ ?

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല):

(എ&ബി) അന്വേഷണങ്ങൾ ഒരു സാഹചര്യത്തിലും അട്ടിമറിക്കപ്പെടുന്നില്ല.

(സി) പ്രസ്തുത ദുരവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) അത്തരം കേസുകളില്ല.

**സിനിമാ തിയേറ്ററുകളിലെ സെസ്സ്**

22 (*172) ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാംസ്കാരിക പ്രവർത്തന ക്ഷേമനിധി ബോർഡിന്റെ ഫണ്ട് ശേഖരണാർത്ഥം സിനിമാ തീയേറ്ററുകളിലെ ഓരോ ടിക്കറ്റ് തുകയിൽനിന്നും 3 രൂപ സെസ്സ് ഇനത്തിൽ ശേഖരിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഇതനുസരിച്ച് സെസ്സ് പിരിക്കുവാൻ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ എന്ന് മുതൽ എന്ന് വ്യക്തമാക്കുമോ ;

(ബി) സെസ്സ് ഇനത്തിൽ നാളിതുവരെ എത്ര രൂപ പിരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ; ഇക്കാര്യത്തിൽ തീയറ്ററുടമകളുമായി എന്തെങ്കിലും കേസ് നിലവിലുണ്ടോ ; എങ്കിൽ അതിന്റെ നിജസ്ഥിതി വ്യക്തമാക്കുമോ ;

(സി) സെസ്സ് പിരിച്ച് നല്കുവാൻ വിസമ്മതിക്കുന്ന തീയേറ്ററുടമകൾക്കെതിരെ എന്ത് നടപടിയാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ):

(എ) ഉണ്ട്. തിയേറ്ററുകളിൽനിന്നും സെസ്സ് ഇനത്തിൽ പിരിച്ചതുക 18-5-2013 മുതൽ സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡിന്റെ അക്കൗണ്ടിൽ വന്നുചേർന്നിട്ടുണ്ട്.

(ബി) നാളിതുവരെ (30-11-2015) സെസ്സ് ഇനത്തിൽ മൊത്തം 42,00,385 രൂപയാണ് വന്നുചേർന്നിട്ടുള്ളത്.

സെസ്സ് പിരിവുമായി ബന്ധപ്പെട്ട നിയമവ്യവസ്ഥകൾ ചോദ്യം ചെയ്തുകൊണ്ട് കേരള ഫിലിം എക്സിബിറ്റേഴ്സ് ഫെഡറേഷനും മറ്റുചില കക്ഷികളും ബഹു. കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്തിരുന്ന WP(C) No. 4195/2013, 5465/2013, 4897/2013, 12705/2013 എന്നീ കേസ്സുകളിൽ ഹർജിക്കാരുടെ വാദമുഖങ്ങൾ തള്ളി 12-10-2015-ൽ ബഹു. ഹൈക്കോടതി അന്തിമവിധി പുറപ്പെടുവിച്ചിരുന്നു. ഈ വിധിക്കെതിരെ കേരള ഫിലിം എക്സിബിറ്റേഴ്സ് ഫെഡറേഷൻ ഫയൽ ചെയ്ത WA 2300/2015 ഇപ്പോൾ ബഹു. ഹൈക്കോടതിയുടെ ഡിവിഷൻ ബഞ്ചിന്റെ പരിഗണനയിലാണ്. ഈ റിട്ട് അപ്പീലിൽ 21-10-2015-ൽ ഡിവിഷൻ ബഞ്ച് പുറപ്പെടുവിച്ച ഇടക്കാല ഉത്തരവിൽ 2013-ലെ കേരള ലോക്കൽ അതോറിറ്റീസ് എന്റർടെയിന്റ്മെന്റ് ടാക്സ് ഭേദഗതി നിയമം പ്രകാരമുള്ള പ്രോസിക്യൂഷൻ നടപടികളൊന്നും തൽക്കാലം ഹർജിക്കാർക്കെതിരെ കൈക്കൊള്ളരുതെന്ന് ഉത്തരവായിട്ടുണ്ട്. അതോടൊപ്പം ആലപ്പുഴനിന്നും സീതാസ്

തിയേറ്റർ ഉടമയും തലശ്ശേരിയിലെ ലിബർട്ടി തിയേറ്റർ കോംപ്ലക്സ് ഉടമയും ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP (C) 34632/15 (D) എന്ന കേസിൽ 17-11-2015-ൽ പുറപ്പെടുവിച്ച ഇടക്കാല ഉത്തരവിൽ കേരള ലോക്കൽ അതോറിറ്റീസ് എന്റർടെയിൻമെന്റ് ടാക്സ് പ്രകാരം ടി തിയേറ്ററുകളിൽ നിന്നുള്ള സെസ്സ് പിരിവ് കേസ്സിലെ കോടതി വിധിക്ക് വിധേയമായിരിക്കുമെന്നും ആക്ട് വ്യവസ്ഥകൾ പാലിക്കാതിരിക്കുന്നതുമൂലം ഉണ്ടാകാൻ സാധ്യതയുള്ള പ്രോസിക്യൂഷൻ നടപടികൾക്ക് താൽക്കാലിക വിലക്കും ഏർപ്പെടുത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) സെസ്സ് ഉൾപ്പെടെ നികുതികൾ അടയ്ക്കാത്ത തിയേറ്ററുകൾക്ക് ലൈസൻസ്/പെർമിറ്റ് നൽകേണ്ടതില്ല എന്ന വ്യവസ്ഥ 2013-ലെ കേരള ലോക്കൽ അതോറിറ്റീസ് എന്റർടെയിന്റ്മെന്റ് ടാക്സ് (ഭേദഗതി) നിയമത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ തിയേറ്റർ ഉടമകൾക്കെതിരെ പ്രോസീക്യൂഷൻ നടപടികൾ കൈക്കൊള്ളാൻ പാടില്ല എന്ന് 21-10-2015-ലെ WA2300/ 2015-ലെ ഹൈക്കോടതി ഡിവിഷൻ ബഞ്ചിന്റെ താൽക്കാലിക വിധിയും WP(C)34632/15/(D) കേസിൽ 17-11-2015-ലെ വിധിയും നിലവിലുള്ളതിനാൽ മേൽ പ്രസ്താവിച്ച നടപടികൾ തൽക്കാലം കൈക്കൊള്ളാനാവില്ല. ഹൈക്കോടതി മുമ്പാകെയുള്ള മേൽപ്പടി റിട്ട് അപ്പീൽ തീർപ്പാക്കുന്നതിനുള്ള ശ്രമം നടത്തിവരികയാണ്.

## ഗതാഗത വകുപ്പിന്റെ ശാക്തീകരണം

23 (*173) ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. വി. റ്റി. ബൽറാം :
ശ്രീ. പി. എ. മാധവൻ :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗതാഗത വകുപ്പിനെ ശാക്തീകരിക്കുവാൻ എന്തെല്ലാം പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട് ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതിവഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ):

(എ) മോട്ടോർ വാഹന വകുപ്പിന്റെ എൻഫോഴ്സ്മെന്റ് വിഭാഗം ശക്തിപ്പെടുത്തുന്നതിനായി ആധുനിക ഉപകരണങ്ങളായ ഇന്റർസെപ്റ്ററുകൾ, റഡാറുകൾ, ആൽക്കോമീറ്ററുകൾ, ക്യാമറകൾ, രാത്രികാല ചെക്കിംഗ് ഉപകരണങ്ങൾ എന്നിവ വാങ്ങി നൽകിയിട്ടുണ്ട്. കൂടാതെ അമിത വേഗത, അലക്ഷ്യമായ ഡ്രൈവിംഗ് എന്നിവ കണ്ടുപിടിക്കുന്നതിനായി വിവിധ ഇടങ്ങളിലായി 201 ക്യാമറ സർവൈലൻസ് സിസ്റ്റം സ്ഥാപിച്ചുകഴിഞ്ഞു. ഡ്രൈവിംഗ് ടെസ്റ്റും വാഹന പരിശോധനയും കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി കണ്ണൂരിലെ ഇളവായൂർ, കോഴിക്കോട് ചേവായൂർ, തിരുവനന്തപുരം പാറശ്ശാല എന്നീ മൂന്ന് സ്ഥലങ്ങളിൽ കമ്പ്യൂട്ടറൈസ്ഡ് വാഹന പരിശോധന, ഡ്രൈവിംഗ് ടെസ്റ്റിംഗ് ട്രാക്കുകൾ സ്ഥാപിച്ചു കഴിഞ്ഞു. മുട്ടത്തറ (തിരുവനന്തപുരം), ആരക്കുഴ (മൂവാറ്റുപുഴ), മോനിപ്പള്ളി (കോട്ടയം) എന്നിവിടങ്ങളിൽ പണി നടന്നുവരുന്നു. പൊതുജനങ്ങൾക്ക് കൂടുതൽ സൗകര്യാർത്ഥം ഫീസ്, ടാക്സ്, പിഴ എന്നിവ ഒടുക്കുന്നതിനായി ഇ-പേയ്മെന്റ് സംവിധാനം ഏർപ്പെടുത്തുകയുണ്ടായി. എട്ട് പുതിയ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകൾ കുട്ടനാട്, ഉഴവൂർ, ദേവികുളം, ഉടുമ്പൻചോല, ചിറ്റൂർ, നിലമ്പൂർ, സുൽത്താൻ ബത്തേരി, മാനന്തവാടി എന്നിവിടങ്ങളിൽ ആരംഭിച്ചു. കൂടാതെ 461 ജീവനക്കാരുടെ അധിക തസ്തികകളും സൃഷ്ടിക്കുകയുണ്ടായി.

സംസ്ഥാന ജലഗതാഗത വകുപ്പിനു കീഴിലെ പഴയ തടി ബോട്ടുകൾക്ക് പകരം പുതിയ സ്റ്റീൽ ബോട്ടുകൾ നീറ്റിലിറക്കി. പാസഞ്ചർ-കം-ടൂറിസ്റ്റ് കാരിയർബോട്ടുകൾ, ടൂ വീലർ കം-പാസഞ്ചർ കാരിയർ ബോട്ടുകൾ എന്നീ സർവ്വീസുകൾ ആരംഭിച്ചു. സ്റ്റീൽബോട്ടുകളുടെ റിപ്പയർ കാര്യക്ഷമമാക്കുന്നതിനായി ആധുനിക സജ്ജീകരണങ്ങളോടുകൂടിയ സ്ലിപ് വേയും, ഡ്രൈഡോക്കും പണി കഴിപ്പിച്ചു. വിനോദസഞ്ചാരികൾക്കും പൊതുജനങ്ങൾക്കും പ്രയോജനപ്രദമാകുന്ന രീതിയിൽ പുതിയ ബോട്ട് സർവ്വീസുകൾ ആരംഭിക്കുവാൻ നടപടി സ്വീകരിച്ചു. ഇന്ത്യയിലെ തന്നെ പ്രഥമ സംരംഭമായ സോളാർ ബോട്ട് നിർമ്മാണം ആരംഭിച്ചു. എ.സി. കാബിനോടുകൂടിയ രണ്ട് ബോട്ട് നിർമ്മാണത്തിന് ഭരണാനുമതി നൽകി.

കെ.എസ്.ആർ.ടി.സി.-യുടെ വരവ് ചെലവ് അന്തരം കുറച്ച് പുനരുദ്ധരിച്ച് ലാഭത്തിലേക്ക് നയിക്കുന്നതിനായി ഒരു പുനരുദ്ധാരണ പാക്കേജ് തയ്യാറാക്കുകയും പ്രസ്തുത പാക്കേജിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കിവരികയുമാണ്. കെ.ടി.ഡി.എഫ്.സി.-യിൽ നിന്നും കൂടിയ പലിശ നിരക്കിലും കുറഞ്ഞ തിരിച്ചടവ് കാലാവധിയിലും

എടുത്തിട്ടുള്ള വായ്പകൾ മറ്റ് പൊതുമേഖലാ/വാണിജ്യ ബാങ്കുകളിലേക്ക് മാറ്റുന്നതിനായി ബാങ്കുകളുടെ ഒരു കൺസോർഷ്യം രൂപീകരിക്കുന്നതിനായി M/s SBI CAPITAL MARKETS Ltd. എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തുകയും ടി സ്ഥാപനം KSRTC-യെ സംബന്ധിച്ച Financial Information Memorandum തയ്യാറാക്കി പൊതുമേഖലാ/വാണിജ്യ ബാങ്കുകൾക്ക് നൽകുകയും 10 ബാങ്കുകൾ വായ്പ അനുവദിക്കാമെന്ന് സമ്മതിക്കുകയും ചെയ്തിട്ടുണ്ട്. SBT, Lekshmi Vilas Bank (LVB) എന്നീ ബാങ്കുകൾ യഥാക്രമം 200 കോടി, 75 കോടി രൂപ കെ.ടി.ഡി.എഫ്.സി.-യിൽ നിന്നുള്ള വായ്പ ബാദ്ധ്യത ഒടുക്കി തീർക്കുന്നതിലേയ്ക്കായി കെ.ടി.ഡി.എഫ്.സി.-ക്ക് അനുവദിച്ച് നൽകിക്കഴിഞ്ഞു. ഇത്തരത്തിൽ കെ.ടി.ഡി.എഫ്.സി.-യിൽനിന്നുള്ള വായ്പാ ബാദ്ധ്യത പൂർണ്ണമായി മറ്റ് ബാങ്കുകൾ ഏറ്റെടുക്കുകവഴി KSRTC-ക്ക് പ്രതിമാസ വായ്പാ തിരിച്ചടവ് ഇനത്തിൽ 35 കോടിയോളം രൂപ ലാഭിക്കാൻ കഴിയുന്നതാണ്.

സമയബന്ധിതമായി പുതിയ ബസ്സുകൾ നിരത്തിലിറക്കി വരുമാനം വർദ്ധിപ്പിച്ചുവരികയാണ്. ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിനായി KSRTC കൊറിയർ/പാർസൽ സർവ്വീസുകൾ M/s TRACKON എന്ന സ്ഥാപനവുമായി സഹകരിച്ച് ആരംഭിച്ചുകഴിഞ്ഞു. കൂടുതൽ അന്തർ സംസ്ഥാന സർവ്വീസുകൾ ആരംഭിക്കുന്നതിനായി തമിഴ്നാട്, കർണ്ണാടക, ആന്ധ്രാപ്രദേശ്, തെലുങ്കാന, ഗോവ എന്നീ സംസ്ഥാനങ്ങളുമായി KSRTC കരാറിൽ ഏർപ്പെട്ടുകഴിഞ്ഞു.

(ബി) പൊതുജനങ്ങൾക്ക് കൂടുതൽ സൗകര്യപ്രദമായി വകുപ്പിന്റെ സേവനങ്ങൾ നൽകുക, നിയമലംഘകരെ തെളിവോടെ പിടികൂടുക, നിയമലംഘനങ്ങൾ തടയുക, വാഹനാപകടങ്ങൾ പരമാവധി കുറയ്ക്കുക എന്നിവയാണ് മോട്ടോർ വാഹന വകുപ്പിന്റെ പദ്ധതികൾവഴി കൈവരിക്കാനുദ്ദേശിക്കുന്നത്.

പൊതുജനങ്ങൾക്ക് സുരക്ഷിതമായതും വേഗതയിലുള്ളതുമായ ജലയാത്ര ഉറപ്പ് വരുത്തുന്നതിലൂടെ വകുപ്പിന്റെ ബോട്ട് സർവ്വീസുകൾ കാര്യക്ഷമമാക്കാനും ലാഭകരമാക്കാനുമാണ് ലക്ഷ്യമിടുന്നത്. കെ.ടി.ഡി.എഫ്.സി.-യിൽനിന്നും കൂടിയ പലിശ നിരക്കിലും കുറഞ്ഞ തിരിച്ചടവ് കാലാവധിയിലും എടുത്തിട്ടുള്ള വായ്പ കുറഞ്ഞ പലിശ നിരക്കിലും കൂടിയ തിരിച്ചടവ് കാലാവധിയിലും പൊതുമേഖലാ/ വാണിജ്യ ബാങ്കുകളിലേക്ക് പൂർണ്ണമായി മാറ്റി കെ.എസ്.ആർ.ടി.സി.യുടെ പ്രതിമാസ വായ്പാ തിരിച്ചടവിൽ ഗണ്യമായ ഇളവ് വരുത്തിയും, ലാഭകരമല്ലാത്ത

സർവ്വീസുകൾ പുനഃക്രമീകരിച്ച് ലാഭകരമാക്കിയും സമയബന്ധിതമായി പുതിയ ബസ്സുകൾ പുറത്തിറക്കുകയും ചെയ്ത് കെ.എസ്.ആർ.ടി.സി.-യെ പുനരുദ്ധരിച്ച് ലാഭകരമാക്കുവാനും ലക്ഷ്യമിടുന്നു.

(സി) മോട്ടോർ വാഹന വകുപ്പിലും സംസ്ഥാന ജലഗതാഗത വകുപ്പിലും നടപ്പാക്കുന്ന പദ്ധതികൾക്കാവശ്യമായ സാമ്പത്തിക ഭരണ അനുമതികൾ സമയബന്ധിതമായി നൽകുന്നുണ്ട്. കെ.എസ്.ആർ.ടി.സി.-യിലെ പുനരുദ്ധാരണ പാക്കേജ് നടപ്പിലാക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.-യുടെ വരുമാനം കുറഞ്ഞ 1900 സർവ്വീസുകൾ പുനഃക്രമീകരിച്ച് ലാഭകരമായ സർവ്വീസുകളാക്കി മാറ്റുകയും സമയബന്ധിതമായി പുതിയ ബസുകൾ പുറത്തിറക്കുകയും ചെയ്തത് വഴി കെ.എസ്.ആർ.ടി.സി.-യുടെ പ്രതിദിന വരുമാനം ഉയർന്നിട്ടുണ്ട്. അത് 5.50 കോടി രൂപയിൽനിന്നും ശരാശരി 7 കോടി രൂപയായി വർദ്ധിപ്പിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

**പോലീസ് യൂണിവേഴ്സിറ്റി**

24 (*174) ശ്രീ. ഹൈബി ഈഡൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് യൂണിവേഴ്സിറ്റി സ്ഥാപിക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശലക്ഷ്യങ്ങളാണ് പദ്ധതിവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ഇത് പ്രാവർത്തികമാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല):

(എ)-(സി) സംസ്ഥാനത്ത് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന നാഷണൽ യൂണിവേഴ്സിറ്റി ഫോർ പോലീസ് സയൻസസ് & സെക്യൂരിറ്റി സ്റ്റഡീസിന്റെ നോഡൽ ഓഫീസറായി റിട്ടയേർഡ് ഡയറക്ടർ ജനറൽ ഓഫ് പോലീസ് ശ്രീ. എം. എൻ. കൃഷ്ണമൂർത്തിയെ നിയമിച്ചിട്ടുണ്ട്.

**ജയിലുകള്‍**

25 (*175) ശ്രീ. കെ. എന്‍. എ. ഖാദര്‍ :

ശ്രീ. എന്‍. ഷംസുദ്ദീന്‍ :

ശ്രീ. എം. ഉമ്മര്‍ :

ശ്രീ. പി. കെ. ബഷീര്‍ : താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക് ആഭ്യന്തരവും വിജിലനന്‍സും വകുപ്പുമന്ത്രി സദയം മറുപടി നല്‍കുമോ:

(എ) ജയിലുകളില്‍ ഒരു വിഭാഗം തടവുകാര്‍ സംഘടിത അക്രമങ്ങള്‍ നടത്തുന്നതായ റിപ്പോര്‍ട്ടുകള്‍ ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കില്‍ മറ്റ് തടവുകാര്‍ക്കും ജയില്‍ ഉദ്യോഗസ്ഥര്‍ക്കും ഭീഷണിയാവുന്ന പ്രസ്തുത പ്രവണത അസാനിപ്പാക്കാന്‍ എന്തൊക്കെ നടപടികള്‍ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ ;

(സി) ജയില്‍ നിയമങ്ങള്‍ കര്‍ശനമായി നടപ്പാക്കാനും സഹതടവുകാരുടെ സുരക്ഷയും അവകാശങ്ങളും സംരക്ഷിക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുമോ ?

ആഭ്യന്തരവും വിജിലന്‍സും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല):

(എ) വിയ്യൂര്‍ സെന്‍ട്രല്‍ ജയിലില്‍ ഒരു വിഭാഗം തടവുകാര്‍ അക്രമങ്ങള്‍ നടത്തിയതായി ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ട്.

(ബി&സി) ഇത്തരം അക്രമങ്ങള്‍ അവസാനിപ്പിക്കാന്‍ പരിശീലനം ലഭിച്ച ഉദ്യോഗസ്ഥരെ ഡ്യൂട്ടിക്ക് നിയോഗിക്കുകയും അക്രമങ്ങള്‍ക്ക് ഉത്തരവാദി യാകുന്നവര്‍ക്കെതിരെ ജയില്‍ നിയമത്തില്‍ അനുശാസിക്കുന്ന പ്രകാരം ശിക്ഷാ നടപടികള്‍ സ്വീകരിക്കുകയും ചെയ്തുവരുന്നുണ്ട്.

**ജനമൈത്രി എക്സൈസ് ഓഫീസ്**

26 (*176) ശ്രീ. ബെന്നി ബെഹനാന്‍ :

ശ്രീ. ലൂഡി ലൂയിസ് :

ശ്രീ. കെ. എസ്. ശബരീനാഥന്‍ :

ശ്രീ. കെ. മുരളീധരന്‍ : താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക് മത്സ്യബന്ധനവും

തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനമൈത്രി എക്സൈസ് ഓഫീസ് ആരംഭിക്കാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതിവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു):

(എ) ഉണ്ട്. ഇതിന്റെ ഭാഗമായി അട്ടപ്പാടിയിൽ ജനമൈത്രി എക്സൈസ് സ്ക്വാഡ് രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു.

(ബി) സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന മദ്യാസക്തിക്കെതിരെ ലഹരി വിരുദ്ധ ബോധവത്ക്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്ന സന്നദ്ധ സംഘടനകളുടെ സഹകരണം ഉറപ്പാക്കി അതിലൂടെ മദ്യ-മയക്കുമരുന്നുകളുടെയും ലഹരി വസ്തുക്കളുടെയും ഉപഭോഗംമൂലം ഉണ്ടാകുന്ന ദൂഷ്യവശങ്ങളെക്കുറിച്ച് ജനങ്ങളെ ബോധവാൻമാരാക്കി "ലഹരിമുക്ത കേരളം" എന്ന ലക്ഷ്യം സാക്ഷാത്കരിക്കുക, മദ്യ-മയക്കുമരുന്നുകളുടെ ഉൽപ്പാദനവും വിപണനവും ഇല്ലായ്മ ചെയ്യുക, ശക്തമായി എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളിൽ ജനങ്ങളുടെ സഹകരണം ഉറപ്പാക്കി കുറ്റവാളികളെ നിയമത്തിന്റെ മുമ്പിൽകൊണ്ടുവരിക എന്നീ ലക്ഷ്യങ്ങളാണ് ജനമൈത്രി എക്സൈസ് എന്ന പദ്ധതിവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്. ആദിവാസി ഊരുകളിലെ ഊരുമൂപ്പൻമാർ, അട്ടപ്പാടിയിലെ സ്ത്രീ ശാക്തീകരണ സംഘടനയായ മഹിളാ സാമൂഹിക തായ്കുല സംഘം, കുടുംബശ്രീ, എല്ലാ എക്സൈസ് റേഞ്ചിന്റെയും അധികാര പരിധിയിലുള്ള സന്നദ്ധ സംഘടനകൾ എന്നിവയുടെ സഹകരണത്തോടെ വ്യാജമദ്യം, ലഹരിവസ്തുക്കൾ എന്നിവയുടെ ഉത്പാദന വിപണന കേന്ദ്രങ്ങളുടെ വിവരങ്ങൾ ശേഖരിച്ച് ശക്തമായി എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളിലൂടെ മദ്യ-മയക്കുമരുന്ന് മാഫിയകൾക്കെതിരെ നിയമ നടപടി സ്വീകരിക്കുകയും ചെയ്യുന്നു.

(സി) അട്ടപ്പാടി ജനമൈത്രി എക്സൈസ് സ്ക്വാഡ് പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനായി 15 അംഗങ്ങൾ ഉള്ള എക്സൈസ് ഉദ്യോഗസ്ഥരുടെ പ്രത്യേക സ്ക്വാഡ് രൂപീകരിച്ചിട്ടുണ്ട്. ആയതിലേക്ക് എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ-1,

എക്സൈസ് ഇൻസ്പെക്ടർ-1, അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ-1, പ്രിവന്റീവ് ഓഫീസർ -3 , സിവിൽ എക്സൈസ് ഓഫീസർ - 8 എന്നീ തസ്തികകൾ പുതിയതായി സൃഷ്ടിച്ചിട്ടുണ്ട്. പ്രസ്തുത സ്ക്വാഡിന്റെ രൂപീകരണം ലഹരിവിരുദ്ധ ബോധവത്കരണ പ്രവർത്തനങ്ങളിൽ ഗുണപരമായമാറ്റം വരുത്തിയിട്ടുണ്ട്. ആദിവാസി ഊരുകളിലെ ഊരുമൂപ്പൻമാർ, അട്ടപ്പാടിയിലെ സന്നദ്ധ സംഘടനകൾ, കോളേജുകൾ, സ്കൂളുകൾ, ഐ.റ്റി.ഐ., പോളിടെക്നിക്കുകൾ, ലഹരിവിരുദ്ധ ക്ലബ്ബുകൾ എന്നിവയുമായി ബന്ധപ്പെട്ട് ബോധവത്ക്കരണ പ്രവർത്തനങ്ങൾ നടത്തുന്നു. പോലീസ് ഫോറസ്റ്റ് വകുപ്പുകളുമായി ചേർന്നും സംയുക്ത റെയ്ഡുകൾ നടത്തിവരുന്നു.

**പി.എസ്.സി. റാങ്കലിസ്റ്റുകളുടെ സമയബന്ധിതമായ പ്രസിദ്ധീകരണം**

27 (*177) ശ്രീ. കെ. അച്ചുതൻ :
ശ്രീ. വർക്കല കഹാർ :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.പി.എസ്.സി. റാങ്കലിസ്റ്റുകളുടെ സമയബന്ധിതമായ പ്രസിദ്ധീകരണത്തിന് കർമ്മപദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പദ്ധതിവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി):

(എ&ബി) ഉണ്ട്. ഒരു തസ്തികയുടെ റാങ്ക് പട്ടിക കാലാവധി അവസാനിക്കുന്നമുറയ്ക്ക് പുതിയ റാങ്ക് പട്ടിക പ്രസിദ്ധീകരിക്കുക, പരീക്ഷാ നടത്തിപ്പിന്റെ വേഗത, കാര്യക്ഷമത, കൃത്യത എന്നിവ വർദ്ധിപ്പിക്കുക, എല്ലാ തസ്തികകളിലും സമയബന്ധിതമായി റാങ്ക് പട്ടിക പ്രസിദ്ധീകരിച്ച് റാങ്ക് ലിസ്റ്റ് നിലവിലില്ലാത്ത കാരണത്താൽ ജീവനക്കാരുടെ അഭാവം ഉണ്ടാകുന്ന സാഹചര്യം ഒഴിവാക്കുക എന്നീ ലക്ഷ്യങ്ങൾ കൈവരിക്കാനാണുദ്ദേശിക്കുന്നത്. ഡോക്ടർമാർ,

എൽ.ഡി.സി., എൽ.ജി.എസ്., അസിസ്റ്റന്റ് (സെക്രട്ടേറിയറ്റ്, പി.എസ്.സി.....etc), പോലീസ് വകുപ്പിലെ വിവിധ തസ്തികകൾ എന്നിവയുടെ റാങ്ക് പട്ടികകൾ സമയബന്ധിതമായി പ്രസിദ്ധീകരിച്ചുവരുന്നുണ്ട്. അതുപോലെ യൂണിഫോംഡ് ഫോഴ്സിലെ വിവിധ തസ്തികകൾക്ക് വാർഷിക നിയമനം സാധ്യമായിട്ടുണ്ട്.

(സി) തെരഞ്ഞെടുപ്പ് നടപടിക്രമങ്ങളുടെ വേഗത വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി One time Registration, One time Verification എന്നീ പദ്ധതികൾ പി.എസ്.സി. ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു. ഇതുകൂടാതെ പരീക്ഷാ നടത്തിപ്പിന്റെ വേഗത, കാര്യക്ഷമത, കൃത്യത എന്നിവ വർദ്ധിപ്പിക്കുന്നതിനായി ഓൺലൈൻ പരീക്ഷ ആരംഭിച്ചു. തിരുവനന്തപുരം, പത്തനംതിട്ട, എറണാകുളം എന്നിവിടങ്ങളിൽ പി.എസ്.സി. സ്വന്തമായി ഓൺലൈൻ പരീക്ഷാ കേന്ദ്രങ്ങൾ നിർമ്മിച്ചിട്ടുണ്ട്. കോഴിക്കോട് ജില്ലയിലെ ഓൺലൈൻ പരീക്ഷാകേന്ദ്ര നിർമ്മാണം പുരോഗമിച്ചു വരുന്നു.

**വനമേഖലയിലെ ഗവേഷണങ്ങളും പഠനങ്ങളും**

28 (*178) ശ്രീ. ജി. എസ്. ജയലാൽ :
ശ്രീ. ഇ. ചന്ദ്രശേഖരൻ :
ശ്രീ. ഇ. കെ. വിജയൻ :
ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വനമേഖലയിലെ ഗവേഷണങ്ങൾക്കും പഠനങ്ങൾക്കുമായി ഏതെല്ലാം സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ഇതിനായി കേന്ദ്ര ഗവൺമെന്റിൽനിന്നും സഹായം ലഭിക്കുന്നുണ്ടോ; എങ്കിൽ നടപ്പുസാമ്പത്തിക വർഷം ഇതുവരെ എത്രമാത്രം സഹായം ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത മേഖലയിൽ ഏതെല്ലാം തരത്തിലുള്ള ഗവേഷണങ്ങളും പഠനങ്ങളുമാണ് നടന്നു വരുന്നതെന്ന് വിശദമാക്കുമോ ; പ്രസ്തുത പഠനങ്ങളും ഗവേഷണങ്ങളും നിലച്ചിട്ടുണ്ടോയെന്നും ഉണ്ടെങ്കിൽ അതിനുള്ള കാരണങ്ങൾ

എന്തെല്ലാമാണെന്നും വെളിപ്പെടുത്തുമോ ?

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ):

(എ) സംസ്ഥാന ബഡ്ജറ്റ് വിഹിതം ഉപയോഗിച്ച് Kerala Forest Research Insttitute (KFRI), Jawaharlal Nehru Tropical Botanical Garden and Research Institute (JNTBGRI), Institute of Forest Genetics and Tree Breeding (IFGTB), Institution of Foresters, Kerala (IFK), വനം വകുപ്പിലെ റിസർച്ച് വിഭാഗം, Kerala Agricultural University (KAU) എന്നിവയാണ് സംസ്ഥാനത്ത് വനമേഖലയിലെ ഗവേഷണങ്ങൾക്കും പഠനങ്ങൾക്കുമായി പ്രവർത്തിക്കുന്നത്.

(ബി) വനമേഖലയിലെ ഗവേഷണങ്ങൾക്ക് വനം വകുപ്പിന് കേന്ദ്ര സർക്കാരിൽനിന്നും ധനസഹായം ഒന്നും ലഭിക്കുന്നില്ല.

(സി) സംസ്ഥാന സർക്കാരിന്റെ "2406-01-104-95-Payment out of the KFDF for Forest Research" എന്ന ബഡ്ജറ്റ് ശീർഷകത്തിൽ വകയിരുത്തുന്ന തുകയിൽനിന്നും വനമേഖലയിലെ ഗവേഷണങ്ങൾക്കും പഠനങ്ങൾക്കും ധനസഹായം നൽകുന്നതിന് പ്രൊവിഷൻ ഉണ്ട്.

മേൽ പറഞ്ഞ സ്ഥാപനങ്ങൾ സമർപ്പിക്കുന്ന പ്രോജക്ട് പ്രൊപ്പോസലുകൾ Kerala Forest Development Fund കമ്മിറ്റി പരിശോധിക്കുകയും പ്രസ്തുത കമ്മിറ്റി അംഗീകരിക്കുന്ന പ്രോജക്ട് പ്രൊപ്പോസലുകൾക്ക് Kerala Forest Development Fund-ൽനിന്നും വനമേഖലയിലെ ഗവേഷണങ്ങൾക്കും പഠനങ്ങൾക്കും ധനസഹായം നൽകിവരുകയും ചെയ്യുന്നു. പ്രസ്തുത ധനസഹായംകൊണ്ട് ഇപ്പോൾ നടന്നുവരുന്ന ഗവേഷണങ്ങളും പഠനങ്ങളും സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു:

| | | |
|---|---|---|
| 1. | Wood Balance Study 2015-16 | KFRI |
| 2. | Raising root trainer stump, seedlings | Research (South) & |

| | | |
|---|---|---|
| | | (North) |
| 3. | Preparation of an illustrated bilingual field guide on medicinal fruits, seeds and their seedlings occurring in Kerala Forests | JNTBGRI |
| 4. | Establishment of Seed Book and Field Gene bank of saroca asoca -A Vulnerable medicinal species of the Indian subcontinent | JNTBGRI |
| 5. | Ex-situ conservation and biosystematic studies on piper species of Kerala Forests with special reference to intraspecific varieties of the wild Piper Nigrum L | JNTBGRI |
| 6. | Comprehensive study of Sacred Groves | IFK |
| 7. | Genetic improvement of Teak Phase-I : Locating plus trees and establishment of clonal hedge gardens and clonal seed orchards | KFRI |
| 8. | Storage practices in Recalcitrast Tropical seeds of Western Ghats | KFRI |
| 9. | Total Evaluation of Forest Development Agencies | IFK |
| 10. | Mixed plantation trials in failed teak plantations | Research (South) |
| 11. | Gemplasm documentation, evaluation ex-situ conservation and popularization of local mango varieties in Kerala | JNTBGRI |
| 12. | Regeneration dynamics, propagation and restoration | KFRI |

| | | |
|---|---|---|
| | of selected rare and threatened rattens in the Kerala part of Western Ghats | |
| 13. | Population Structure, Carbon sequestration, litter dynamics, propagation economic and livelihood potential of Pseudoxytetanthrareteheyi and ochiandra -setigera | KFRI |
| 14. | Conservation of calamus shenduruni & Calamus wighii, two endangered and endemic Rattans of Western Ghats, through micropropagation, Re-introduction and Cryobanking. | JNTBGRI |
| 15. | Conservation and sustainable utilization of Garcinoi species of the Southern Western Ghats | KAU |
| 16. | Standardization of non-destinative methods for evaluating timber properties of currently used timbers of Kerala | KAU |
| 17. | Development of an online manual for the Forest Tree Seeds of Kerala | KAU |
| 18. | Conservation through restoration of wild nutmug tree population of Western Ghats of Kerala | KFRI |
| 19. | Structure, Composition, Dynamics and Management of 'Vayal' Eco system in Periyar Tiger Reserve | KFRI |
| 20. | Reclamation of laterite soils using beneficial microbes in Kannur District. | IFGTB |

പ്രസ്തുത പഠനങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. അവ നിലച്ചിട്ടില്ല.

**മാവോയിസ്റ്റ് നീക്കം തടയാൻ പദ്ധതി**

29 (*179) ശ്രീ. അൻവർ സാദത്ത് :

ശ്രീ. ജോസഫ് വാഴക്കൻ :

ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവോയിസ്റ്റ് നീക്കം തടയാൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യ ലക്ഷ്യങ്ങളാണ് പദ്ധതിവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല):

(എ) മാവോയിസ്റ്റ് ഭീഷണി നേരിടുന്നതിന് വ്യക്തമായ രൂപരേഖകൾ തയ്യാറാക്കിയിട്ടുണ്ട്.

(ബി) ഇന്ത്യാരാജ്യത്തിനും രാഷ്ട്രത്തിന്റെ ഭരണഘടനയ്ക്ക് എതിരായും പ്രവർത്തിക്കുന്ന നിരോധിത സംഘടനയിലെ സായുധരും അക്രമകാരികളുമായ അംഗങ്ങളെ പിടികൂടുകയും അവരുടെ പ്രവർത്തനങ്ങൾകൊണ്ട് സമൂഹത്തിന് എന്തെങ്കിലും വിധത്തിലുള്ള അസ്വസ്ഥതകൾ ഉണ്ടാകുന്നത് തടയുകയും ചെയ്യുക എന്നതാണ് ഇതിന്റെ സുപ്രധാന ലക്ഷ്യം. ഇതുസംബന്ധിച്ച് കൂടുതൽ വിവരങ്ങൾ വെളിപ്പെടുത്തുന്നത് ഉചിതമല്ല.

(സി) ഇത് നടപ്പിലാക്കുന്നതിലേക്കായി ആവശ്യമായ എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് കൂടുതൽ വിവരങ്ങൾ വെളിപ്പെടുത്തുന്നത് ഉചിതമല്ല.

**ഗ്രീൻ ഇൻഡ്യാ മിഷൻ പദ്ധതി**

30 (*180) ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. എം. വി. ശ്രേയാംസ് കുമാർ :
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പ് നടപ്പാക്കുന്ന "ഗ്രീൻ ഇന്ത്യ മിഷൻ പദ്ധതി"യുടെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) ഇതിന്റെ ആദ്യഘട്ടത്തിലെ പ്രധാന കണ്ടെത്തലുകൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പദ്ധതിയുടെ അടുത്തഘട്ടം എന്നുമുതലാണ് നടപ്പാക്കുന്നതെന്ന് വ്യക്തമാക്കുമോ ?

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ):

(എ) "ഗ്രീൻ ഇൻഡ്യാ മിഷൻ പദ്ധതി" നടപ്പാക്കൽ കേരളത്തിൽ ആരംഭിച്ചിട്ടില്ല. പദ്ധതിയുടെ മുന്നോടിയായി "ബ്രിഡ്ജ് പ്ലാൻ" നടപ്പാക്കുവാൻ 2011-12-ൽ അനുവദിച്ച 194.60 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതിന്റെ വിലയിരുത്തൽ വകുപ്പുതലത്തിൽ നടത്തിയിട്ടുണ്ട്.

(ബി) "ഗ്രീൻ ഇൻഡ്യാ മിഷൻ പദ്ധതി" സംബന്ധിച്ച ആശയ പ്രചരണത്തിനുള്ള ശില്പശാലകൾ സംഘടിപ്പിക്കുക, പദ്ധതി നിർവ്വഹണ തലത്തിൽ സൂക്ഷ്മാസൂത്രണ രേഖ തയ്യാറാക്കുക, ദീർഘകാല പദ്ധതി തയ്യാറാക്കുന്നതിനുള്ള വിവരശേഖരണം നടത്തുക എന്നിവയായിരുന്നു "ബ്രിഡ്ജ് പ്ലാൻ"വഴി നടപ്പാക്കിയത്. പദ്ധതി നിർവ്വഹണത്തിനായി വനസംരക്ഷണ സമിതികൾ, ഇക്കോഡെവലപ്മെന്റ് കമ്മിറ്റികൾ എന്നിവയെ സജ്ജമാക്കുവാൻ "ബ്രിഡ്ജ് പ്ലാൻ" പദ്ധതി

സഹായകരമായി എന്നാണ് വിലയിരുത്തൽ.

(സി) 2015-16 സാമ്പത്തിക വർഷംമുതൽ അഞ്ചുവർഷത്തേക്ക് സംസ്ഥാനം തയ്യാറാക്കിയ 333.15 കോടി രൂപയുടെ ദീർഘകാല പദ്ധതിക്ക് 2015 ഒക്ടോബർ 9-ാം തീയതി ചേർന്ന ഗ്രീൻ ഇൻഡ്യാ മിഷന്റെ ദേശീയ എക്സിക്യൂട്ടീവ് കൗൺസിൽ തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. അന്തിമ അംഗീകാരവും ആദ്യഘട്ട ഫണ്ടും ലഭ്യമായിട്ടില്ല.

## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### സമുന്നതി തൊഴിൽ പരിശീലന പദ്ധതി

1 (1823) ശ്രീ. കെ. മുരളീധരൻ :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുന്നോക്ക സമുദായ കോർപ്പറേഷൻ സമുന്നതി തൊഴിൽ പരിശീലന പദ്ധതി നടപ്പാക്കിയിട്ടുണ്ടോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതിവഴി നടപ്പാക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) നടപ്പിലാക്കിവരുന്നു.

(ബി) കുടുംബവാർഷിക വരുമാനം എല്ലാ മാർഗ്ഗങ്ങളിൽനിന്നും രണ്ട് ലക്ഷം രൂപയിൽ താഴെയുള്ള കേരള സംസ്ഥാനത്തിലെ സംവരണേതര സമുദായങ്ങളിൽ ഉൾപ്പെടുന്ന തൊഴിൽരഹിതരായ യുവജനങ്ങളുടെ തൊഴിൽപരമായ അഭിരുചി കണ്ടെത്തി, അവർക്ക് നൈപുണ്യ പരിശീലനം നൽകി, ഏറ്റവും മികവുള്ളവർക്ക് സ്വകാര്യ മേഖലയിൽ തൊഴിൽ നേടിയെടുക്കാൻ പ്രാപ്തി നൽകുകയും തൊഴിൽ നൽകുകയും ചെയ്യുക എന്നതാണ് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം.

(സി) തൊഴിൽ നൈപുണ്യ പരിശീലനത്തിനായുള്ള കേരള സർക്കാരിന്റെ

accredited agency ആയ KASE (Kerala Academy for Skills Excellence) മായി ചേർന്നാണ് 2014-15 കാലയളവിലെ നൈപുണ്യ പരിശീലന പദ്ധതി നടപ്പാക്കുന്നത്. ഇതിനായി ഒരു കോടി രൂപയുടെ ഭരണാനുമതി ലഭ്യമാക്കുകയും പ്രസ്തുത തുക വിനിയോഗിച്ച് നൈപുണ്യ പരിശീലന പദ്ധതി കേരളത്തിലെ വിവിധ കേന്ദ്രങ്ങളിൽ സംഘടിപ്പിച്ചുവരികയും ചെയ്യുന്നു.

2015-16 സാമ്പത്തിക വർഷത്തിൽ 1 കോടി രൂപ ബഡ്ജറ്റ് വിഹിതമായി നൈപുണ്യ വികസന പദ്ധതിക്ക് അനുവദിക്കുകയും ആയതിന് 3-12-2015-ലെ ജി.ഒ. (ആർടി.) 8691/2015/പൊ.ഭ.വ. ഉത്തരവ് പ്രകാരം ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്.

**സർക്കാർ വകുപ്പുകളിലെ അധിക തസ്തികകൾ**

2 (1824) <u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വിവിധ വകുപ്പുകളിലായി എത്ര തസ്തികകളാണ് പുതുതായി സൃഷ്ടിച്ചതെന്ന് വകുപ്പ്, തസ്തിക തിരിച്ച് കണക്കുകൾ ലഭ്യമാക്കാമോ ;

(ബി) ഈ സർക്കാരിന്റെ കാലത്ത് വിവിധ വകുപ്പുകളിലായി എത്ര തസ്തികകളാണ് റദ്ദാക്കിയത് എന്ന് വകുപ്പ്, തസ്തികതിരിച്ച് വിവരങ്ങൾ നൽകാമോ;

(സി) വകുപ്പുകളിൽ എത്ര അധിക തസ്തികകൾ ഉണ്ടെന്ന് വ്യക്തമാക്കുമോ ;

(ഡി) അധിക തസ്തികകൾ കണ്ടെത്തുന്നതിന് സ്വീകരിച്ച മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) പൊതുഭരണ സെക്രട്ടേറിയറ്റിൽ വിവിധ വകുപ്പുകളിലായി 51 പുതിയ തസ്തികകൾ സൃഷ്ടിച്ചു. തസ്തിക തിരിച്ചുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| സൃഷ്ടിച്ച തസ്തിക | സൃഷ്ടിച്ച തസ്തികകളുടെ എണ്ണം |
|---|---|
| (1) | (2) |
| അഡീഷണൽ സെക്രട്ടറി | 2 |
| ജോയിന്റ് സെക്രട്ടറി | 2 |

| | |
|---|---|
| ഡെപ്യൂട്ടി സെക്രട്ടറി | 1 |
| അണ്ടർ സെക്രട്ടറി | 2 |
| സെക്ഷൻ ഓഫീസർ | 4 |
| അസിസ്റ്റന്റ് | 10 |
| ഓഫീസ് സൂപ്രണ്ട് | 2 |
| കമ്പ്യൂട്ടർ അസിസ്റ്റന്റ് | 4 |
| ഓഫീസ് അസിസ്റ്റന്റ് | 1 |
| പേഴ്സണൽ അസിസ്റ്റന്റ് | 6 |
| (1) | (2) |
| ഓഫീസ് അറ്റൻഡന്റ് | 9 |
| ക്ലറിക്കൽ അസിസ്റ്റന്റ് | 1 |
| ബൈന്റർ | 1 |
| ഡ്രൈവർ | 2 |
| ഡോബി | 2 |
| ഫുൾടൈം ഫോട്ടോകോപ്പിയർ-കം ടെലഫോൺ-കം-കമ്പ്യൂട്ടർ ക്ലീനർ | 2 |
| അസിസ്റ്റന്റ് സെക്യൂരിറ്റി ഓഫീസർ | 1 |
| ആകെ | 52 |

പൊതുഭരണ വകുപ്പിലെ ബൈന്റർ തസ്തികയിലെ രണ്ട് തസ്തികകൾ സൂപ്പർവൈസറി തസ്തികയാക്കി മാറ്റിയിട്ടുണ്ട്. മറ്റുവകുപ്പുകളെ സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ചുവരുന്നു.

(ബി) പൊതുഭരണ സെക്രട്ടേറിയറ്റിൽ തസ്തികകൾ റദ്ദാക്കിയിട്ടില്ല. മറ്റ് വകുപ്പുകളെ സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ചുവരുന്നു.

(സി&ഡി) പൊതുഭരണ സെക്രട്ടേറിയറ്റിൽ അധിക തസ്തികകളില്ല. മറ്റ് വകുപ്പുകളെ സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ചുവരുന്നു.

**ജീവനക്കാരുടെ ഡെപ്യൂട്ടേഷൻ വ്യവസ്ഥകൾ**

3 (1825) ശ്രീ. എ. പ്രദീപ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ സർക്കാർ വകുപ്പുകളിലും കോർപ്പറേഷനുകളിലും ബോർഡുകളിലും ക്ഷേമനിധി ആഫീസുകളിലും ജോലി നോക്കിവരുന്നവരുടെ പെൻഷൻ കോൺട്രിബ്യൂഷൻ, പി.എഫ്., ലീവ് സറണ്ടർ, മെഡിക്കൽ അലവൻസ് തുടങ്ങിയവ നല്കേണ്ടത് മാതൃസ്ഥാപനത്തിൽ നിന്നാണോയെന്ന് വിശദമാക്കുമോ ;

(ബി) പെൻഷൻ കോൺട്രിബ്യൂഷനും ലീവ് സറണ്ടറും മറ്റും മാതൃ സ്ഥാപനങ്ങളിൽനിന്നോ ഡെപ്യൂട്ട് ചെയ്യപ്പെട്ട വക്തികളിൽനിന്നുതന്നെയോ അടയ്ക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടോയെന്ന് നിലവിലുള്ള വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ വിശദമാക്കുമോ ?

ഉത്തരം

(എ) ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ സർക്കാർ വകുപ്പുകളിലും കോർപ്പറേഷനുകളിലും ബോർഡുകളിലും ക്ഷേമനിധി ഓഫീസുകളിലും ജോലി നോക്കിവരുന്നവരുടെ പെൻഷൻ കോൺട്രിബ്യൂഷൻ, ലീവ് സറണ്ടർ, മെഡിക്കൽ അലവൻസ് എന്നിവ ഡെപ്യൂട്ടേഷൻ സ്ഥാപനം തന്നെയാണ് നൽകേണ്ടത്. പി.എഫ്. ജീവനക്കാരന്റെ ശമ്പളത്തിൽനിന്നും പിടിച്ചുനൽകേണ്ടതാണ്.

(ബി) കെ.എസ്.ആർ. ഭാഗം I ചട്ടം 145 (b) പ്രകാരം ഡെപ്യൂട്ടേഷനിലുള്ള ഉദ്യോഗസ്ഥന്റെ പെൻഷൻ കോൺട്രിബ്യൂഷൻ തുക ഒടുക്കാൻ ഡെപ്യൂട്ടേഷൻ സ്ഥാപനം വിസമ്മതിക്കുന്നപക്ഷം ഉദ്യോഗസ്ഥൻ തന്നെ പ്രസ്തുതതുക സർക്കാരിലേയ്ക്ക് ഒടുക്കേണ്ടതാണ്. കൂടാതെ കെ.എസ്.ആർ. ഭാഗം I ചട്ടം 145-ന് കീഴിലെ സർക്കാർ തീരുമാനം 2 പ്രകാരം ലീവ് സറണ്ടർ ഡെപ്യൂട്ടേഷൻ സ്ഥാപനം ഉദ്യോഗസ്ഥന് നൽകേണ്ടതാണ്.

**ഉദ്യോഗസ്ഥർക്കെതിരെയുള്ള പരാതികളിന്മേൽ നടപടി**

4 (1826) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാടിന്റെ വികസനത്തിനായി നടപ്പിലാക്കുന്ന പദ്ധതികളിൽ എം.എൽ.എ.മാരുടെ നിർദ്ദേശങ്ങൾ പരിഗണിക്കാതെയും തെറ്റായി വ്യാഖ്യാനിച്ചും കാലതാമസം വരുത്തിയും ഭരണാനുമതിയടക്കം തടസ്സം വരുത്തിയും തെറ്റായി ഉത്തരവുകളിറക്കിയും പദ്ധതികളെ അട്ടിമറിക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ ഈ സർക്കാർ കാലയളവിൽ എത്ര പരാതികൾ ലഭിച്ചിട്ടുണ്ട്, പ്രസ്തുത പരാതികളുടെ അടിസ്ഥാനത്തിൽ എത്രപേർക്കെതിരെ നടപടികൾ എടുത്തുവെന്ന് പറയാമോ ;

(ബി) മണ്ഡലം ആസ്തിവികസന പദ്ധതിയിൽപ്പെടുത്തി സമർപ്പിക്കപ്പെട്ടിരുന്ന പദ്ധതികൾ സംബന്ധിച്ച ഫയലിൽ നടപടി എടുക്കുന്നതിന് താമസം വരുത്തുകയും ഇറക്കിയ ഉത്തരവിൽ തന്നെ അനാവശ്യമായ ക്ലോസുകൾ ചേർക്കുകയും തെറ്റ് ചൂണ്ടിക്കാണിച്ചിട്ടും തിരുത്താൻ വിസമ്മതിക്കുകയും ചെയ്ത് പ്രവൃത്തികൾക്ക് കാലതാമസം വരുത്തിയതു സംബന്ധിച്ച് ശ്രീ.പി. തിലോത്തമൻ എം.എൽ.എ നൽകിയിരുന്ന പരാതിയിൽ എന്ത് നടപടി കൈക്കൊണ്ടു എന്ന് വ്യക്തമാക്കുമോ ;

(സി) പരാതികൾ സമർപ്പിക്കപ്പെട്ടാൽ ആയതിൻമേൽ സ്വീകരിച്ച നടപടി സംബന്ധിച്ച വിവരം യഥാസമയം പരാതിക്കാരനെ അറിയിക്കാത്തത് എന്തു കൊണ്ടാണെന്ന് പറയാമോ ?

ഉത്തരം

(എ-സി) നിയോജകമണ്ഡല ആസ്തിവികസന പദ്ധതിയിൽ ഉൾപ്പെടുത്തി നിർദ്ദേശിക്കുന്ന പ്രവർത്തികൾ പരിശോധിച്ച് ധനാനുമതിയും ഭരണാനുമതിയും നൽകുന്നതായ വിവിധ ഘട്ടങ്ങളിൽ ഉദ്യോഗസ്ഥർ വീഴ്ചവരുത്തുന്നതായുള്ള പരാതികളൊന്നുംതന്നെ ധനവകുപ്പിൽ ലഭിച്ചിട്ടില്ല. എം.എൽ.എ.മാരുടെ നിർദ്ദേശങ്ങൾ അതീവ ഗൗരവത്തോടെയാണ് കൈകാര്യം ചെയ്തുവരുന്നത്. മറ്റ് വകുപ്പുകളിൽ ഇപ്രകാരമുള്ള പരാതി ലഭിച്ചിട്ടുണ്ടോയെന്നും ആയതിന്മേൽ സ്വീകരിച്ച നടപടികളെന്തെന്നും വ്യക്തമാക്കുവാൻ വകുപ്പുകൾക്ക് അടിയന്തര നിർദ്ദേശം നൽകിയിട്ടുണ്ട്. ടി വിവരം ശേഖരിച്ചുനൽകുന്നതാണ്.

**എം.എൽ.എ.-മാർക്ക് ഉത്തരവുകളുടെ പകർപ്പ്**

5 (1827) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിയോജക മണ്ഡലത്തിലെ വികസന പ്രവർത്തനങ്ങളെ സംബന്ധിച്ച

ഉത്തരവുകളുടെ പകർപ്പുകൾ എം.എൽ.എ.-മാർക്ക് ലഭ്യമാക്കണമെന്ന ഉത്തരവ് പാലിക്കപ്പെടുന്നില്ല എന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) അത്തരം ഉത്തരവുകൾ ഇറക്കുമ്പോൾ തന്നെ ആയത് സാമാജികരുടെ ഇ-മെയിൽ വിലാസത്തിൽ അയയ്ക്കുന്നതിന് വകുപ്പുകൾക്ക് അടിയന്തര നിർദ്ദേശം നൽകുമോ ;

(സി) ഇക്കാര്യത്തിൽ എന്ത് നടപടിയാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി&സി) നിയോജകമണ്ഡലത്തിലെ വികസന പ്രവർത്തനങ്ങളെ സംബന്ധിച്ചുള്ള സർക്കാർ ഉത്തരവുകൾ പുറപ്പെടുവിക്കുമ്പോൾത്തന്നെ എം.എൽ.എ.മാർക്കുകൂടി ലഭ്യമാക്കേണ്ടതാണെന്ന് നിർദ്ദേശിച്ചുകൊണ്ട് പാർലമെന്ററികാര്യ വകുപ്പിൽനിന്നും 7-5-2008-ൽ പുറപ്പെടുവിച്ച 1294/എ 2/07/പാ.കാ.വ. നമ്പർ സർക്കുലർ, 21-11-2011-ൽ പൊതുഭരണ (ഏകോപനം) വകുപ്പിൽനിന്നും പുറപ്പെടുവിച്ച 77369/സി.ഡി.എൻ. 4/11/പൊ.ഭ.വ. നമ്പർ സർക്കുലർ എന്നിവ നിലവിലുണ്ട്. കൂടാതെ ടി സർക്കുലറുകളിലെ നിർദ്ദേശങ്ങൾ നിർബന്ധമായി പാലിക്കണമെന്നും ഇക്കാര്യത്തിൽ വീഴ്ചവരുത്തുന്നത് ഗുരുതരമായ കൃത്യ വിലോപമായി കണക്കാക്കി ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതാണെന്നും വിശദീകരിച്ച് 11-6-2012-ലെ സ.ഉ. (എംഎസ്.) നമ്പർ 142/12/പൊ.ഭ.വ. എന്ന ഉത്തരവും നിലവിലുണ്ട്.

ഈ സാഹചര്യത്തിൽ നിയോജക മണ്ഡലത്തിലെ വികസന പ്രവർത്തനങ്ങളെ സംബന്ധിച്ച ഉത്തരവുകളുടെ പകർപ്പുകൾ സാമാജികരുടെ ഇ-മെയിൽ വിലാസത്തിൽ അയയ്ക്കണമെന്ന നിർദ്ദേശം ഇപ്പോൾ പരിഗണനയിലില്ല.

**ശമ്പളപരിഷ്കരണ റിപ്പോർട്ട്**

6 (1828) <u>ശ്രീ. കെ. അജിത്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ജീവനക്കാരുടെ ശമ്പള പരിഷ്കരണവുമായി ബന്ധപ്പെട്ട റിപ്പോർട്ട് പൂർണ്ണമായി സർക്കാരിന് ലഭിച്ചിട്ടുണ്ടോ; റിപ്പോർട്ട് ലഭിക്കുന്നതിന് കാലയളവ് നിശ്ചയിച്ചിട്ടുണ്ടോ എന്നും റിപ്പോർട്ട് സംബന്ധിച്ച് എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്നും വ്യക്തമാക്കുമോ ;

(ബി) ശമ്പള പരിഷ്കരണ റിപ്പോർട്ട് പരിശോധിക്കുന്നതിന് മന്ത്രിസഭ ഉപ സമിതിയെ നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഉപസമിതിയിൽ ആരൊക്കെയാണ് ഉൾപ്പെടുന്നതെന്ന് വ്യക്തമാക്കുമോ ;

<u>ഉത്തരം</u>

(എ) ഇല്ല. ശമ്പള കമ്മീഷൻ റിപ്പോർട്ടിലെ ശുപാർശകൾ പഠിച്ച് നിർദ്ദേശം സമർപ്പിക്കുന്നതിനായി 13-8-2015-ലെ സ.ഉ.(കൈ) നമ്പർ 358/2015/ധന* പ്രകാരം മന്ത്രിസഭാ ഉപസമിതി രൂപീകരിച്ചു. കമ്മീഷന്റെ കാലപരിധി 31-12-2015 വരെയാണ്.

(ബി) ഉണ്ട്. ധനകാര്യ-നിയമ-ഭവന നിർമ്മാണ വകുപ്പുമന്ത്രി, ആഭ്യന്തര വകുപ്പുമന്ത്രി, വ്യവസായ-വിവര സാങ്കേതികവിദ്യാ വകുപ്പുമന്ത്രി, ഊർജ്ജ വകുപ്പുമന്ത്രി, ജലസേചന വകുപ്പുമന്ത്രി എന്നിവരാണ് ഉപസമിതിയിലെ അംഗങ്ങൾ. ധനകാര്യമന്ത്രി രാജിവച്ച ഒഴിവിൽ ജലവിഭവ വകുപ്പുമന്ത്രിയെ പുതുതായി ഉൾപ്പെടുത്തിയിട്ടുണ്ട്.

**ശമ്പള കമ്മീഷൻ റിപ്പോർട്ട്**

7 (1829) <u>ശ്രീ. കെ. കെ. ജയചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാരുടെയും അധ്യാപകരുടെയും ശമ്പളം പരിഷ്കരിക്കുന്നതിനായി ശമ്പള കമ്മീഷനെ നിയമിച്ചത് എന്നാണ് ;

(ബി) ശമ്പള കമ്മീഷൻ നൽകിയ റിപ്പോർട്ടിന്മേൽ സ്വീകരിച്ച നടപടികളുടെ വിശദാംശം നൽകുമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) നടപടികൾ ഒന്നും സ്വീകരിച്ചിട്ടില്ല എങ്കിൽ എന്തുകൊണ്ടാണ് എന്ന് വിശദീകരിക്കുമോ?

<u>ഉത്തരം</u>

(എ) സർക്കാർ ജീവനക്കാരുടെയും അദ്ധ്യാപകരുടെയും ശമ്പളം പരിഷ്കരിക്കുന്നതിനായി 30-11-2013-ലെ സ.ഉ. (കൈ) നമ്പർ 583/2013/ധന. പ്രകാരം പത്താം ശമ്പളപരിഷ്കരണ കമ്മീഷനെ നിയമിച്ചു.

(ബി&സി) ശമ്പള കമ്മീഷൻ നൽകിയ റിപ്പോർട്ടിലെ ശുപാർശകൾ പഠിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായി 13-8-2015-ലെ സ.ഉ.(കൈ) നമ്പർ 358/2015/ധന. പ്രകാരം മന്ത്രിസഭാ ഉപസമിതി രൂപീകരിച്ചിരുന്നു. പ്രസ്തുത ഉപസമിതിയുടെ ഒരു യോഗം 3-12-2015-ൽ കൂടുവാൻ തീരുമാനിച്ചിട്ടുണ്ട്.

**ആശ്രിത നിയമനം**

8 (1830) <u>ശ്രീ. പി. കെ. ഗുരുദാസൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് ആശ്രിതനിയമനംനല്കിയ ജീവനക്കാർക്ക് വിവിധ ആനുകൂല്യങ്ങൾ ലഭിക്കുന്നില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാം ആനുകൂല്യങ്ങളാണ് നിഷേധിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത ജീവനക്കാർക്ക് ആനുകൂല്യങ്ങൾ നല്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആനുകൂല്യങ്ങൾ പുനസ്ഥാപിച്ച് നൽകാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് നടത്തിയ ആശ്രിതനിയമനങ്ങൾ അപേക്ഷകരുടെ മുൻഗണനാക്രമമനുസരിച്ച് റഗുലർ വേക്കൻസികൾ ഉണ്ടാകുന്നമുറയ്ക്ക് റഗുലറൈസ് ചെയ്യുന്നതാണ്. സൂപ്പർ ന്യൂമററി തസ്തികയിൽ നിയമിക്കപ്പെട്ടവർക്ക് റെഗുലറൈസേഷൻ ലഭിക്കുന്ന തീയതി

മുതൽക്ക് മാത്രമേ സീനിയോറിറ്റി ലഭിക്കുകയുള്ളൂ. റഗുലർ ഒഴിവുകളിലേയ്ക്ക് നിയമിക്കപ്പെട്ടതിനുശേഷമായിരിക്കും അവരുടെ പ്രൊബേഷൻ ആരംഭിക്കുന്നത്. 4-9-2015-ലെ G.O.(Ms) 26/15/ഉ.ഭ.പ.വ. പ്രകാരം ഡെപ്യൂട്ടേഷൻ, അന്തർ വകുപ്പ്/മ്യൂച്വൽ സ്ഥലംമാറ്റങ്ങൾക്കും ഇവർ അർഹരല്ല. റഗുലറൈസേഷൻ ലഭിക്കുന്നതുവരെ റഗുലർ വേക്കൻസിയിലേയ്ക്ക് പ്രൊമോഷൻ ലഭിക്കുന്നതിനോ, റേഷ്യോ പ്രൊമോഷനോ ഇവർക്ക് അർഹതയുണ്ടായിരിക്കുന്നതല്ല.

(ബി) സൂപ്പർ ന്യൂമററി തസ്തികകളിലെ ആശ്രിത നിയമനം സംബന്ധിച്ച വ്യവസ്ഥകളിൽ മാറ്റം വരുത്തുന്നകാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

**ആശ്രിത നിയമനം**

9 (1831) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാതൃവകുപ്പിൽ ആശ്രിത നിയമനം നടത്തുമ്പോൾ ആകെവരുന്ന ഒഴിവുകളുടെ അഞ്ചുശതമാനം ഒഴിവുകളിൽ തന്നെയാക്കി നിജപ്പെടുത്തുമോയെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത നിയമനം റെഗുലറൈസ് ചെയ്യുമ്പോൾ നിശ്ചിത ശതമാനം പാലിക്കാറുണ്ടോയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) ആശ്രിത നിയമനത്തിന് നിലവിലുള്ള വ്യവസ്ഥകൾ പ്രകാരം മരണമടഞ്ഞ സർക്കാർ ജീവനക്കാരന്റെ ആശ്രിതന് ടിയാൻ സേവനമനുഷ്ഠിച്ചിരുന്ന വകുപ്പിൽ (മാതൃവകുപ്പിൽ) നിലവിലുള്ളതോ, അടുത്തതായി ഉണ്ടാകുന്നതോ ആയ ഒഴിവിൽ നിയമനം നൽകേണ്ടതാണ്. മാതൃവകുപ്പിലെ ഇത്തരം നിയമനത്തിന് ശതമാനം നിശ്ചയിച്ചിട്ടില്ല.

**മലയാളം ഔദ്യോഗിക ഭാഷയാക്കാൻ പദ്ധതി**

10 (1832) ശ്രീ. അൻവർ സാദത്ത് :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :

ശ്രീ. ഹൈബി ഈഡൻ :

ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലയാളത്തെ ഔദ്യോഗിക ഭാഷയാക്കാൻ കർമ്മ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതിവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

ഉത്തരം

(എ) ഉണ്ട്.

(ബി) മലയാളം കമ്പ്യൂട്ടിങ്ങ് പരിശീലനം, ഭരണഭാഷാ പരിശീലനം, കോഡുകളും മാന്വലുകളും പരിഭാഷപ്പെടുത്തി പ്രസിദ്ധീകരിക്കൽ, ബോർഡുകൾ മലയാളത്തിലാക്കൽ, പരിഭാഷാ സെൽ രൂപീകരണം, വകുപ്പുതല സമിതി, ഭരണഭാഷാ പ്രചാരണം മലയാളത്തിലാക്കൽ, വെബ്സൈറ്റിലെ വിവരം മലയാളത്തിൽക്കൂടി ലഭ്യമാക്കൽ, ക്ലാസ് I & II ഓഫീസർമാർക്ക് മലയാളം കമ്പ്യൂട്ടിംഗിലും ഭാഷയിലും പരിശീലനം നൽകൽ തുടങ്ങിയ കാര്യങ്ങൾക്ക് പ്രത്യേക ഊന്നൽ നൽകിക്കൊണ്ടാണ് കർമ്മ പരിപാടി രൂപപ്പെടുത്തിയത്. പ്രസ്തുത പരിപാടി നടപ്പിലാക്കുന്നതിനായി ഓരോ വകുപ്പിലും ഏകോപനാധികാരിയെ നിയോഗിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) ഭരണഭാഷാ വർഷാഘോഷം 2015 നവംബർ 1 മുതൽ 2016 ഒക്ടോബർ 31 വരെയുള്ള ഒരു വർഷക്കാലത്തേയ്ക്കുകൂടി ദീർഘിപ്പിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്. ഭാഷാമാറ്റ പുരോഗതി 100% കൈവരിക്കുന്നതിനാവശ്യമായ കർമ്മ പദ്ധതി ഔദ്യോഗിക ഭാഷാ വകുപ്പ് തയ്യാറാക്കിയിട്ടുള്ള നിശ്ചിത പ്രൊഫോർമയിൽ തയ്യാറാക്കി നടപ്പിലാക്കുന്നതിനായി 5-2-2014-ലെ സ.ഉ.(കൈ) 5/2014/ഉ.ഭ.പ.വ. 17/10/2014-ലെ സ.ഉ.(കൈ) 35/2014/ഉ.ഭ.പ.വ എന്നീ ഉത്തരവുകൾവഴി സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും എല്ലാ സർക്കാർ വകുപ്പുകൾക്കും സർക്കാർ നിയന്ത്രണത്തിലുള്ള പൊതുമേഖല/അർദ്ധ സർക്കാർ/ സ്വയംഭരണ സ്ഥാപനങ്ങൾക്കും നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. മേൽപ്പറഞ്ഞ പ്രൊഫോർമയുടെ വിവരങ്ങൾ അടങ്ങിയ പകർപ്പ് ഒദ്യോഗികഭാഷാ വകുപ്പിന് ലഭ്യമാക്കാനും നിർദ്ദേശം നൽകിയിട്ടുണ്ട്.

**കോട്ടയം ജില്ലയിലെ എൽ.ഡി.സി. നിയമനം സംബന്ധിച്ച്**

11 (1833) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിൽ നിലവിൽവന്ന എൽ.ഡി.സി. റാങ്ക് ലിസ്റ്റിൽ നിന്ന് എത്ര പേരെ നടപ്പ് സാമ്പത്തിക വർഷം നിയമിച്ചു എന്നറിയിക്കാമോ ;

(ബി) എൽ.ഡി.സി. റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടവരെ കേരള വാട്ടർ അതോറിറ്റിയിലെ എൽ.ഡി.സി. വേക്കൻസികളിൽ നിയമിക്കുന്നതിന് ഏതെങ്കിലും തരത്തിലുള്ള നിയമ തടസ്സം നിലനിൽക്കുന്നുണ്ടോ ; എങ്കിൽ കാരണം വ്യക്തമാക്കാമോ ;

(സി) 2015-16 സാമ്പത്തിക വർഷം കോട്ടയം ജില്ലയിൽ എത്ര എൽ.ഡി.സി. ഒഴിവുകളാണ് ഇതുവരെ നിലവിൽ വന്നത് ; ഇതിൽ എത്ര വിരമിക്കൽ ഒഴിവുകളുണ്ട്. പ്രസ്തുത ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ. ഇല്ലെങ്കിൽ എത്രയും വേഗം റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) 31-3-2015-ൽ നിലവിൽ വന്ന കോട്ടയം എൽ.ഡി.സി. റാങ്ക് ലിസ്റ്റിൽനിന്നും ഈ സാമ്പത്തികവർഷം 30 നിയമന ശിപാർശകൾ നൽകിയിട്ടുണ്ട്.

(ബി) കേരള വാട്ടർ അതോറിറ്റിയുടെ എൽ.ഡി.ക്ലാർക്ക് തസ്തികയുടെ വിദ്യാഭ്യാസ യോഗ്യത 1-3-2011-ലെ G.O. (P) No. 19/2011/WRD സർക്കാർ ഉത്തരവ് പ്രകാരം ഭേദഗതി ചെയ്തിട്ടുള്ളതിനാലും ആയത് വിവിധ വകുപ്പുകളിലെ എൽ.ഡി.സി. തസ്തികയുടെ വിദ്യാഭ്യാസ യോഗ്യതകളിൽനിന്നും വ്യത്യസ്തമായതിനാലും ടി ലിസ്റ്റിൽനിന്നും നികത്താൻ കഴിയുകയില്ല.

(സി) വിവരം ശേഖരിച്ചുവരുന്നു. നിലവിലുള്ള ഒഴിവുകൾ പി.എസ്.സി.-ക്ക്

റിപ്പോർട്ട് ചെയ്യാൻ എല്ലാ വകുപ്പുമേധാവികൾക്കും നിയമനാധികാരികൾക്കും സർക്കാർ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

**പബ്ലിക് സർവ്വീസ് കമ്മീഷൻവഴി അഡ്വൈസ്**

12 (1834) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽവന്ന് നാളിതുവരെ സംസ്ഥാന പബ്ലിക് സർവ്വീസ് കമ്മീഷൻവഴി എത്ര ഉദ്യോഗാർത്ഥികൾക്ക് അഡ്വൈസ് മെമ്മോ നൽകിയെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 18-5-2011 മുതൽ 31-10-2015 വരെ പി.എസ്.സി.വഴി 1,39,192 ഉദ്യോഗാർത്ഥികൾക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ട്.

**മലപ്പുറം ജില്ലയിലെ എൽ.ഡി. ക്ലാർക്ക്, ലാസ്റ്റ് ഗ്രേഡ് റാങ്ക് ലിസ്റ്റ്**

13 (1835) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ ഇപ്പോൾ നിലവിലുള്ള വിവിധ വകുപ്പുകളിലേക്കുള്ള എൽ.ഡി.ക്ലാർക്ക്, ലാസ്റ്റ് ഗ്രേഡ് റാങ്ക് ലിസ്റ്റുകളിൽനിന്നും നാളിതുവരെ നടത്തിയ നിയമന നടപടികൾ വിശദീകരിക്കാമോ ;

(ബി) ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിനും നിയമന ശുപാർശകൾ നൽകുന്നതിനും ജില്ലയിലെ വകുപ്പ് മേധാവികൾക്ക് വീഴ്ചസംഭവിച്ചിട്ടുണ്ടോ ; എങ്കിൽ അടിയന്തരമായി നിയമന നടപടികൾ ത്വരിതപ്പെടുത്തുമോ ;

(സി) എൽ.ഡി.സി., ലാസ്റ്റ് ഗ്രേഡ് തസ്തികയിലേക്ക് എത്ര പുതിയ ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്; നിയമന ശുപാർശ നൽകിയിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വെളിപ്പെടുത്തുമോ ?

<u>ഉത്തരം</u>

(എ) മലപ്പുറം ജില്ലയിൽ 31-3-2015-ന് നിലവിൽ വന്ന എൽ.ഡി.സി. റാങ്ക് പട്ടികയിൽനിന്നും 90 പേർക്കും 30-6-2015-ന് നിലവിൽ വന്ന എൽ.ജി.എസ്. റാങ്ക് പട്ടികയിൽനിന്നും 67 പേർക്കും നിയമന ശിപാർശ നൽകിയിട്ടുണ്ട്.

(ബി) ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിന് വകുപ്പുമേധാവികൾക്കും നിയമന ശിപാർശ നൽകുന്നതിന് പി.എസ്.സി.-ക്കും വീഴ്ച സംഭവിച്ചതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. നിയമന നടപടികൾ ത്വരിതപ്പെടുത്തുന്നതിനായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യേണ്ടതായ ഹെഡ് ക്വാർട്ടർ ഒഴിവുകൾ ഉൾപ്പെടെയുള്ള എല്ലാ ഒഴിവുകളും അടിയന്തരമായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുവാൻ എല്ലാ വകുപ്പുമേധാവികൾക്കും നിയമനാധികാരികൾക്കും സർക്കാർ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) എൽ.ഡി.സി.-യിൽ 14-ഉം, എൽ.ജി.എസ്.-ൽ 3-ഉം ഒഴിവുകൾ പുതിയതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആയതിലേക്കുള്ള നിയമന ശിപാർശ നടപടികൾ പുരോഗമിക്കുന്നു.

**കൊയിലാണ്ടി മണ്ഡലത്തിലെ വികസന പദ്ധതികൾ**

14 (1836) <u>ശ്രീ. കെ. ദാസൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ മുഖ്യമന്ത്രിയുടെ കീഴിലുള്ള വിവിധ വകുപ്പുകൾ മുഖേന കൊയിലാണ്ടി മണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ ;

(ബി) ഓരോ പദ്ധതിയ്ക്കും അനുവദിച്ച തുകയും പദ്ധതിയുടെ പുരോഗതിയും വകുപ്പ് തിരിച്ച് വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

**രണ്ടാംഘട്ട ജനസമ്പർക്ക പരിപാടി**

15 (1837) <u>ശ്രീമതി കെ. എസ്. സലീഖ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക്

മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ രണ്ടാംഘട്ട ജനസമ്പർക്ക പരിപാടിയിൽ എത്ര പരാതികൾ ലഭിക്കുകയുണ്ടായി ; ആയതിൽ എത്രയെണ്ണം തീർപ്പാക്കി ; എത്ര പരാതികൾ തീർപ്പാക്കാൻ അവശേഷിക്കുന്നു ; ആയതിൽ എത്ര പേർക്ക് എത്ര തുകയുടെ ധനസഹായം അനുവദിച്ചു ; ജില്ല തിരിച്ച് വ്യകതമാക്കുമോ ;

(ബി) ഒന്നാം ഘട്ട ജനസമ്പർക്ക പരിപാടിക്ക് ലഭിച്ച എത്ര അപേക്ഷകൾ ഇനിയും തീർപ്പാക്കാനുണ്ട് ; ജില്ല തിരിച്ച് വ്യക്തമാക്കുമോ ;

(സി) രണ്ടാംഘട്ട ജനസമ്പർക്ക പരിപാടിക്കായി പരസ്യയിനത്തിൽ ഖജനാവിൽനിന്നും പത്ര-ദൃശ്യമാധ്യമങ്ങൾക്ക് ചെലവഴിച്ചതുക ജില്ലതിരിച്ച് ലഭ്യമാക്കുമോ ;

(ഡി) പ്രസ്തുത പരിപാടിയ്ക്കായി പന്തൽ, ഭക്ഷണം, മറ്റുള്ളവ എന്നിവയ്ക്കായി എന്തു തുക ചെലവഴിച്ചു ; ജില്ല തിരിച്ച് വ്യക്തമാക്കുമോ ;

(ഇ) പ്രസ്തുത പരിപാടിയെ സംബന്ധിച്ച് 'ടൈംസ് ഓഫ് ഇന്ത്യ' ഉൾപ്പെടെയുള്ള പത്ര-ദൃശ്യമാധ്യമങ്ങൾക്ക് പരസ്യയിനത്തിൽ എന്തുതുക ഖജനാവിൽ നിന്നും നൽകി ; വിശദാംശം ലഭ്യമാക്കുമോ ;

(എഫ്) പ്രസ്തുത പരിപാടിയുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രി ഉൾപ്പെടെയുള്ള കാബിനറ്റ് മന്ത്രിമാർ ഓരോരുത്തരും റ്റി.എ./ഡി.എ. ഇനത്തിൽ എന്തുതുക കൈപ്പറ്റി ; വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) മുഖ്യമന്ത്രിയുടെ രണ്ടാംഘട്ട ജനസമ്പർക്ക പരിപാടിയിൽ 3,21,069 പരാതികൾ ലഭിച്ചു. ആയതിൽ 3,20,272 പരാതികൾ തീർപ്പാക്കി. 797 പരാതികൾ തീർപ്പാക്കാനുണ്ട്. 61,921 പേർക്കായി 71,47,21,259 രൂപ (എഴുപത്തിയൊന്നു കോടി നാല്പത്തിയേഴു ലക്ഷത്തി ഇരുപത്തിയൊന്നായിരത്തി ഇരുന്നൂറ്റി അൻപത്തിയൊമ്പത് രൂപ മാത്രം) ധനസഹായം അനുവദിച്ചു. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധം 1-ൽ ചേർത്തിരിക്കുന്നു. *

(ബി) 15,064 അപേക്ഷകൾ തീർപ്പാക്കാനുണ്ട്. ജില്ലതിരിച്ചുള്ള കണക്ക്

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

അനുബന്ധം II-ൽ* ചേർത്തിരിക്കുന്നു.

(സി) രണ്ടാം ഘട്ട ജനസമ്പർക്ക പരിപാടിയുടെ പരസ്യയിനത്തിൽ 1,27,73,725 രൂപ (ഒരു കോടി ഇരുപത്തിയേഴ് ലക്ഷത്തി എഴുപത്തിമൂവായിരത്തി എഴുന്നൂറ്റി ഇരുപത്തിയഞ്ച് രൂപ) ചെലവായിട്ടുണ്ട്. ജില്ലതിരിച്ച് റിലീസ് ഓഡറുകൾ നൽകിയിട്ടില്ല.

(ഡി) പന്തൽ, ഭക്ഷണം മറ്റുള്ളവ എന്നിവയ്ക്കായി 5,24,21,288 രൂപ (അഞ്ചുകോടി ഇരുപത്തിനാല് ലക്ഷത്തി ഇരുപത്തിയൊന്നായിരത്തി ഇരുന്നൂറ്റി എൺപത്തിയെട്ട് രൂപ) ചെലവഴിച്ചിട്ടുണ്ട്. ജില്ലതിരിച്ചുള്ള കണക്കുകൾ അനുബന്ധം 3* ആയി ചേർത്തിരിക്കുന്നു.

(ഇ) രണ്ടാംഘട്ട ജനസമ്പർക്ക പരിപാടിയുടെ പരസ്യയിനത്തിൽ ടൈംസ് ഓഫ് ഇൻഡ്യ ഉൾപ്പെടെയുള്ളവയ്ക്ക് 1,27,73,725 രൂപ (ഒരു കോടി ഇരുപത്തിയേഴ് ലക്ഷത്തി എഴുപത്തിമൂവായിരത്തി എഴുന്നൂറ്റി ഇരുപത്തിയഞ്ച് രൂപ) ചെലവായിട്ടുണ്ട്.

(എഫ്) ജനസമ്പർക്ക പരിപാടിയുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രിയുൾപ്പെടെയുള്ള മന്ത്രിമാർ റ്റി.എ./ഡി.എ. ഇനത്തിൽ പ്രത്യേകം തുക കൈപ്പറ്റിയിട്ടില്ല.

**സ്പോർട്സ് ക്വാട്ട നിയമനം**

16 (1838) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ സർവ്വീസിലെ സ്പോർട്സ്ക്വാട്ട നിയമനം നിർത്തിവച്ചിരിക്കുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത നിയമനത്തിനാവശ്യമായ നടപടികൾ ത്വരിതപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) സ്പോർട്സ്ക്വാട്ട നിയമനം തടസ്സമില്ലാതെ നടത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്തൊക്കെയെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) ഇല്ല.

(ബി&സി) 2010 മുതൽ 2014 വരെയുള്ള സ്പോർട്സ്ക്വാട്ടാ നിയമനത്തിനുള്ള വിജ്ഞാപനം പുറപ്പെടുവിക്കുന്നത് സംബന്ധിച്ച നടപടികൾ അന്തിമഘട്ടത്തിലാണ്.

**പത്തനംതിട്ട ജില്ലയിലെ ജനസമ്പർക്ക പരിപാടി**

17 (1839) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മുഖ്യമന്ത്രി ജില്ലകൾ തോറും എത്ര തവണയാണ് ജനസമ്പർക്ക പരിപാടി സംഘടിപ്പിച്ചത് ;

(ബി) പത്തനംതിട്ട ജില്ലയിൽ ഓരോ ജനസമ്പർക്ക പരിപാടിയിലും എത്ര അപേക്ഷ വീതമാണ് ലഭിച്ചിട്ടുള്ളത്; എത്ര അപേക്ഷകളിന്മേൽ ഇനിയും തീരുമാനം എടുക്കാനുണ്ട്; തീരുമാനം വൈകുന്നതിന്റെ കാരണം എന്താണ് ; വിശദമാക്കുമോ ;

(സി) പ്രസ്തുത പരിപാടിയുമായി ബന്ധപ്പെട്ട് ജില്ലയിൽ പുതുതായി ഏതൊക്കെ പദ്ധതികൾ ആരംഭിച്ചു ; ഇതിനായി എത്ര രൂപ ചെലവഴിച്ചു ; വിശദമാക്കാമോ ;

(ഡി) മറ്റുപദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള തടസ്സം എന്തൊക്കെയാണ് ?

ഉത്തരം

(എ) മൂന്ന് ഘട്ടങ്ങളിലായി ഓരോ ജില്ലയിലും മൂന്നുതവണവീതം ജനസമ്പർക്ക പരിപാടി സംഘടിപ്പിച്ചിട്ടുണ്ട്.

(ബി) ജനസമ്പർക്ക പരിപാടികളിൽ ഒന്നും രണ്ടും മൂന്നും ഘട്ടങ്ങളിലായി യഥാക്രമം 44,199, 11,614, 21,587 പരാതികൾ ലഭിച്ചിട്ടുണ്ട്. ഒന്നും രണ്ടും ഘട്ടങ്ങളിലെ എല്ലാ അപേക്ഷകളും തീർപ്പുകൽപ്പിച്ചിട്ടുണ്ട്. 2015-ൽ നടന്ന മൂന്നാംഘട്ട ജനസമ്പർക്ക പരിപാടിയിൽ ലഭിച്ച അപേക്ഷകളിൽ 1,827 അപേക്ഷകൾ തീർപ്പുകൽപ്പിക്കാനുണ്ട്. അവയിൽ കോടതിയുടെ പരിഗണനയിലുള്ളതും വേഗം തീർപ്പുകൽപ്പിക്കാനാകാത്തതും മറ്റുമായ അപേക്ഷകൾ ഉൾപ്പെടുന്നു.

(സി) (1) ഉണർവ് പദ്ധതി - ജില്ലയിലെ ഹയർസെക്കണ്ടറി ക്ലാസ്സുകളിൽ പഠിക്കുന്ന മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികളുടെ ആരോഗ്യം, ബോധവത്കരണം, തൊഴിൽ നിർദ്ദേശങ്ങൾ നൽകുന്നതിനുള്ള പരിശീലന പരിപാടി. ഈ പദ്ധതിക്ക്

സാമൂഹ്യനീതി വകുപ്പിൽനിന്നും ആദ്യ ഘട്ടമായി 2.86
ലക്ഷം
രൂപയും രണ്ടാം ഘട്ടമായി ജില്ലാ പഞ്ചായത്തിൽനിന്നും
5.65
ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്.

(2) പ്രവാസി മിത്രം - ജില്ലയിലെ പ്രവാസി മലയാളികളുടെ ക്ഷേമത്തിനായുള്ള പദ്ധതിയുടെ നടത്തിപ്പിനായി
ആദ്യഘട്ടമായി
3 ലക്ഷം രൂപ കുടുംബശ്രീ മിഷനിൽനിന്നും
അനുവദിച്ചിട്ടുണ്ട്

(3) എക്സ്പ്ലോർ പത്തനംതിട്ട-പദ്ധതിയുടെ ഉത്ഘാടനം
നടത്തിയിട്ടുണ്ട്

(4) ജനസേവ പ്രോജക്ട് - സർക്കാർ സേവനങ്ങളെക്കുറിച്ച് ജനങ്ങൾക്കിടയിൽ ബോധവൽക്കരണം
ഉണ്ടാക്കുന്നതിനും
സർക്കാരിന്റെ വിവിധ ക്ഷേമപദ്ധതികൾക്ക്
അർഹരായവരെ
കണ്ടെത്തുന്നതിനുമായുള്ള പദ്ധതി ആരംഭിച്ചിട്ടുണ്ട്.

(ഡി) ഊരിൽ സ്വപ്ന വീട്, കേരള-തമിഴ്നാട് അന്തർ സംസ്ഥാന പദ്ധതി, പിൽഗ്രിം ടൂറിസം, പ്ലാസ്റ്റിക് ഫ്രീ ശബരിമല എന്നീ പദ്ധതികൾ പരിഗണനയിലാണ്.

**സർക്കാർ ജീവനക്കാരുടെ കലാ സാംസ്കാരിക പ്രവർത്തനങ്ങൾ**

18 (1840) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

സർക്കാർ ജീവനക്കാരുടെ കലാ സാംസ്കാരിക പ്രവർത്തനങ്ങൾ നിയന്ത്രിച്ചുകൊണ്ട് പുതിയ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ ; ആയതിനുള്ള സാഹചര്യം വെളിപ്പെടുത്താമോ ; വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

കേരള സർക്കാർ ജീവനക്കാർക്ക് നിലവിൽ അവരുടെ പെരുമാറ്റ ചട്ടത്തിൽ വ്യവസ്ഥ ചെയ്തിരിക്കുന്ന നിയന്ത്രണങ്ങളല്ലാതെ യാതൊരുവിധ നിയന്ത്രണവും പുതുതായി ഏർപ്പെടുത്തി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല. സർക്കാരിന്റെ മുൻകൂർ അനുമതിയോടെ ഒരു ജീവനക്കാരന് ദൂരദർശനിലും ആകാശവാണിയിലും അനൗൺസിംഗ് നടത്തുന്നതിനും വാർത്തകൾ വായിക്കുന്നതിനും സ്വകാര്യ ഏജൻസികളാൽ സ്പോൺസർ ചെയ്യപ്പെടാത്ത ദൂരദർശൻ പരിപാടികളിൽ പങ്കെടുക്കുന്നതിനും അതിന് പ്രതിഫലം പറ്റുന്നതിനും 16-5-1991-ലെ G.O.(P)17/91/P&ARD, 3-7-2002-ലെ G.O.(P) 33/02/P&ARD എന്നീ നമ്പർ ഉത്തരവുകൾ പ്രകാരം അനുവാദമുണ്ട്. എന്നാൽ പ്രതിഫലം കൈപ്പറ്റി സ്വകാര്യ ടി.വി. ചാനലുകളിൽ വാർത്ത വായിക്കുന്നതിനോ പരിപാടികൾ അവതരിപ്പിക്കുന്നതിനോ സിനിമ, നാടകം എന്നിവയിൽ അഭിനയിക്കുന്നതിനോ അതുമായി ബന്ധപ്പെട്ട മറ്റ് പ്രവർത്തനം നടത്തുന്നതിനോ വാണിജ്യാ അടിസ്ഥാനത്തിൽ പുസ്തകം പബ്ലിഷ് ചെയ്യുന്നതിനോ അത്തരം സംരംഭത്തിൽ പങ്കാളിയാകുന്നതിനോ നിലവിൽ വ്യവസ്ഥയില്ല. കോട്ടയം ജില്ലയിലെ കോത്തല ഗവ. വൊക്കേഷണൽ ഹയർസെക്കണ്ടറി സ്കൂളിലെ ഹൈസ്കൂൾ അസിസ്റ്റന്റായ (ഹിന്ദി) ശ്രീമതി എസ്. സരളാംബിക വിദ്യാർത്ഥികളുടെ കൈയക്ഷരം മെച്ചപ്പെടുത്തുന്നതിന് സഹായകമായ ഒരു ഹിന്ദി കോപ്പി റൈറ്റിംഗ് ബുക്ക് പ്രസിദ്ധീകരിക്കുന്നതിന് ഒരപേക്ഷ സർക്കാരിന് സമർപ്പിച്ചിരുന്നു. എന്നാൽ ടി അപേക്ഷയിലെ ആവശ്യം അനുവദിക്കുന്നതിന് നിലവിൽ വ്യവസ്ഥയില്ലാത്തതിനാൽ സർക്കാരിലെ പൊതുവിദ്യാഭ്യാസ വകുപ്പ് അപേക്ഷ ആദ്യം നിരസിക്കുകയാണുണ്ടായത്. വിദ്യാർത്ഥികളുടെ കൈയക്ഷരം മെച്ചപ്പെടുത്തുന്നതിന് സഹായകമായ ഒരുപാധി എന്ന പൊതുതാൽപര്യം പരിഗണിച്ച് ടി അദ്ധ്യാപികയ്ക്ക് പിന്നീട് പ്രത്യേകാനുമതി നൽകുകയാണ് 29-5-2014-ലെ സ.ഉ.(സാ) നമ്പർ 2110/2014/പൊ.വി.വ പ്രകാരം ചെയ്തത്. കേരളാ സർക്കാർ ജീവനക്കാരുടെ പെരുമാറ്റ ചട്ടങ്ങളിൽ ഭൂരിഭാഗവും 1960 കാലഘട്ടത്തിൽ രൂപംകൊടുത്തതാണ്. മേൽപ്പറഞ്ഞ പ്രത്യേകാനുമതി നൽകിയ കേസ്സുകളിലെപ്പോലെ ജനോപകാരപ്രദമായ സംരംഭങ്ങളിൽ പ്രത്യേകാനുവാദമല്ലാതെ എല്ലാ ജീവനക്കാർക്കും ബാധകമാകുന്ന ഒരു പൊതുവ്യവസ്ഥ രൂപീകരിക്കണമെന്നും ഔദ്യോഗിക കൃത്യനിർവ്വഹണം എന്ന പ്രാഥമിക ചുമതലയിൽ വീഴ്ചവരുത്താതെ, നിലവിലുള്ള പെരുമാറ്റചട്ടത്തിന്

അനുസൃതമായി ഉദ്യോഗസ്ഥരെ സർഗ്ഗാത്മക പ്രവർത്തനങ്ങളിൽ മുഴകുന്നതിന് അനുവദിക്കണമെന്നുമുള്ള സദുദ്ദേശ്യത്തോടെയാണ് സംസ്ഥാന ജീവനക്കാർക്ക് പുസ്തകം പ്രസിദ്ധീകരിക്കുന്നതിനും സ്വകാര്യ റേഡിയോ/ടി.വി. ചാനലുകളിൽ പരിപാടികൾ അവതരിപ്പിക്കുന്നതിനും സിനിമ, സീരിയൽ/പ്രൊഫഷണൽ നാടകം എന്നിവയിൽ അഭിനയിക്കുന്നതിനും അനുവാദം നൽകിക്കൊണ്ട് 11-11-2015-ൽ G.O.(P)28/15/ഉ.ഭ.പ.വ. എന്ന നമ്പരിലുള്ള സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചത്. ജീവനക്കാരെ ഇത്തരം പ്രവർത്തനങ്ങളിൽ ഏർപ്പെടുവാൻ അനുവദിക്കുമ്പോൾ അത് ടി ജീവനക്കാരന്റെ ഔദ്യോഗിക കൃത്യനിർവ്വഹണത്തെ ഏതെങ്കിലും വിധത്തിൽ പ്രതികൂലമായി ബാധിക്കുമോ, ജീവനക്കാരൻ സർഗ്ഗാത്മക പ്രവർത്തനത്തിന് നൽകുന്ന അനുവാദം ഒരു ട്രേഡ്/ബിസിനസ് നടത്തുന്നതിനായി ദുരുപയോഗപ്പെടുത്തുമോ, പുസ്തക പ്രസിദ്ധീകരണം നിലവിലെ പെരുമാറ്റ ചട്ടത്തിന് അനുസൃതമായാണോ നിർവ്വഹിച്ചിരിക്കുന്നത് എന്നിങ്ങനെയുള്ള ന്യായമായ പരിശോധന മെറിറ്റടിസ്ഥാനത്തിൽ നടത്തണമെന്ന് മാത്രമേ ടി ഉത്തരവിൽ സർക്കാർ ഉദ്ദേശിച്ചിട്ടുള്ളൂ. എന്നിരുന്നാലും ഈ ഉത്തരവ് സംബന്ധമായി വന്ന വിമർശനങ്ങളെത്തുടർന്ന് ടി ഉത്തരവിന്റെ പ്രവർത്തനം 24-11-2015-ലെ സ.ഉ.(പി)32/2015/ഉ.ഭ.പ.വ. പ്രകാരം സർക്കാർ മരവിപ്പിച്ചിരിക്കുകയാണ്.

**സർക്കാർ ജീവനക്കാരുടെ കലാസാഹിത്യ പ്രവർത്തനങ്ങൾ**

19 (1841) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാരുടെ കലാസാഹിത്യ പ്രവർത്തനങ്ങൾക്ക് കടുത്തനിയന്ത്രണം വരുത്തിക്കൊണ്ട് പെരുമാറ്റചട്ടം ഭേദഗതിചെയ്ത് ഉത്തരവ് പുറത്തിറക്കിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ അറിയിക്കുമോ ;

(ബി) പ്രസ്തുത ഭേദഗതി ഉത്തരവ് ഇറക്കാനുണ്ടായ പ്രത്യേക സാഹചര്യം എന്താണെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ&ബി) സംസ്ഥാന സർക്കാർ ജീവനക്കാരുടെ 1960-ലെ പെരുമാറ്റ ചട്ടങ്ങളിൽ പറഞ്ഞിട്ടുള്ള വ്യവസ്ഥകളല്ലാതെ പുതിയ വ്യവസ്ഥകളൊന്നും സർക്കാർ നടപ്പിലാക്കിയിട്ടില്ല. ചട്ടങ്ങൾക്കനുസൃതമായി ചില നിയന്ത്രണങ്ങളിൽ അയവ്

വരുത്തുകയാണ് ചെയ്തത്. എന്നാൽ സംസ്ഥാന സർക്കാർ ജീവനക്കാർക്ക് പുസ്തകം പ്രസിദ്ധീകരിക്കുന്നതിനും സ്വകാര്യ റേഡിയോ/ടി.വി. ചാനലുകളിൽ പരിപാടി അവതരിപ്പിക്കുന്നതിനും സിനിമ/സീരിയൽ/പ്രൊഫഷണൽ നാടകം എന്നിവയിൽ അഭിനയിക്കുന്നതിനും മറ്റ് പ്രവർത്തനങ്ങൾ നടത്തുന്നതിനും അനുമതി നൽകുന്നത് സംബന്ധിച്ച വ്യവസ്ഥകൾ രൂപീകരിച്ചുകൊണ്ട് 11-11-2015-ൽ G.O.(P) 28/15/ ഉ.ഭ.പ.വ എന്ന നമ്പരിലുള്ള സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഈ ഉത്തരവിനെതിരെ വിമർശനമുണ്ടായതിനെത്തുടർന്ന് ആയത് 24-11-2015-ലെ G.O.(P) 32/15/ഉ.ഭ.പ.വ. എന്ന നമ്പർ ഉത്തരവ് പ്രകാരം മരവിപ്പിച്ചിരിക്കുകയാണ്.

### സർക്കാർ ജീവനക്കാരുടെ കലാസാഹിത്യ പ്രവർത്തനങ്ങൾ

20 (1842) ശ്രീ. പുരുഷൻ കടലുണ്ടി :
ശ്രീ. കെ. കെ. നാരായണൻ :
ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ :
ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാരുടെ കലാസാഹിത്യ പ്രവർത്തനങ്ങൾക്ക് നിയന്ത്രണവും സെൻസർഷിപ്പും ഏർപ്പെടുത്തിയിട്ടുണ്ടോ ; ഇതുസംബന്ധമായ തീരുമാനം വെളിപ്പെടുത്താമോ ;

(ബി) ഭാഷയെയും സാഹിത്യത്തെയും പരിപോഷിപ്പിക്കുവാൻ നടത്തുന്ന ശ്രമങ്ങൾക്ക് പ്രസ്തുത നിലപാട് ഭീഷണിയാകുമോ ; ഇത്തരമൊരു നിലപാട് സ്വീകരിക്കുവാൻ പ്രേരിപ്പിച്ച ഘടകങ്ങൾ എന്തെല്ലാമാണ് ;

(സി) പ്രസ്തുത തീരുമാനം സർഗ്ഗസൃഷ്ടികൾ നടത്തുന്നവരെ സർവ്വീസിൽ നിന്നും മാറ്റിനിർത്താൻ ഇടയാക്കുമോ ;

(ഡി) നിയന്ത്രണങ്ങളുടെ ഭാഗമായി ഏതെല്ലാം തലത്തിലുള്ള കലാ-സാഹിത്യ പ്രവർത്തനങ്ങൾക്ക് മേലുദ്യോഗസ്ഥന്റെ അനുമതി വാങ്ങേണ്ടതായിട്ടുണ്ട് ; എന്ത് മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് അപേക്ഷകളിന്മേൽ മേലുദ്യോഗസ്ഥർ തീരുമാനം കൈക്കൊള്ളുക ; വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ) ഇല്ല. കേരള സർക്കാർ ജീവനക്കാരുടെ 1960-ലെ പെരുമാറ്റ ചട്ടങ്ങളിൽ

വ്യവസ്ഥ ചെയ്തിരിക്കുന്ന നിയന്ത്രണങ്ങളല്ലാതെ യാതൊരുവിധ നിയന്ത്രണവും പുതുതായി ഏർപ്പെടുത്തിയിട്ടില്ല. നിലവിലുള്ള ചട്ടപ്രകാരം ഒരുദ്യോഗസ്ഥന് പുസ്തകരചനനടത്തി പബ്ലിഷേഴ്സ് വഴി പുസ്തകത്തിന് വില നിശ്ചയിച്ച് പ്രസിദ്ധീകരിക്കാനോ, സ്വകാര്യ റേഡിയോ, ടെലിവിഷൻ ചാനലുകളിൽ വാർത്ത വായിച്ച് അല്ലെങ്കിൽ പരിപാടികൾ അവതരിപ്പിച്ച് പ്രതിഫലം കൈപ്പറ്റുവാനോ നിലവിൽ വ്യവസ്ഥയില്ല. ഈ സാഹചര്യത്തിൽ സംസ്ഥാന സർക്കാർ ജീവനക്കാർക്ക് പുസ്തകം പ്രസിദ്ധീകരിക്കുന്നതിനും, സ്വകാര്യ റേഡിയോ/ടി.വി. ചാനലുകളിൽ പരിപാടി അവതരിപ്പിക്കുന്നതിനും സിനിമ/സീരിയൽ/ പ്രൊഫഷണൽ നാടകം എന്നിവയിൽ അഭിനയിക്കുന്നതിനും അതുമായി ബന്ധപ്പെട്ട മറ്റ് പ്രവർത്തനം നടത്തുന്നതിനും അനുമതി നൽകുന്നതിന് വ്യവസ്ഥകൾ രൂപീകരിച്ചു കൊണ്ടുമാണ് 11-11-2015-ൽ G.O.(P) 28/15/ഉ.ഭ.പ.വ. എന്ന നമ്പരിലുള്ള ഉത്തരവ് സർക്കാർ പുറപ്പെടുവിച്ചത്. പക്ഷേ ഈ ഉത്തരവിനെതിരെ വിമർശനമുണ്ടായതിനെത്തുടർന്ന് ആയത് 24-11-2015-ലെ G.O.(P) 32/15/ ഉ.ഭ.പ.വ. എന്ന നമ്പർ ഉത്തരവ് പ്രകാരം മരവിപ്പിച്ചിരിക്കുകയാണ്.

(ബി&സി) 11-11-2015-ലെ ഉത്തരവ് കേരള സർക്കാർ ജീവനക്കാരുടെ സർഗ്ഗാത്മകത പരിപോഷിപ്പിക്കുവാൻ കൂടുതൽ അവസരം നൽകണം എന്ന ഉദ്ദേശ്യത്തോടെ പുറപ്പെടുവിച്ചതാണ്. ഈ ഉത്തരവ് നിലവിലെ പെരുമാറ്റച്ചട്ടങ്ങളിലില്ലാത്ത യാതൊരു നിയന്ത്രണവും ഉദ്യോഗസ്ഥരുടെമേൽ അടിച്ചേൽപ്പിക്കുന്നില്ല.

(ഡി) 11-11-2015-ലെ ഉത്തരവ് മരവിപ്പിച്ചിരിക്കുന്ന സാഹചര്യത്തിൽ ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ ലഭിക്കുന്ന അപേക്ഷകൾ മേലുദ്യോഗസ്ഥർ പരിശോധിക്കേണ്ട സാഹചര്യം ഉദിക്കുന്നില്ല. എന്നാൽ 1960-ലെ പെരുമാറ്റ ചട്ടങ്ങൾ പ്രകാരം അതിൽ പറഞ്ഞിട്ടുള്ള കലാ-സാഹിത്യ പ്രവർത്തനങ്ങൾക്ക് സർക്കാരിന്റെ അനുമതി ആവശ്യമാണ്.

**ജനസമ്പർക്ക പരിപാടി**

21 (1843) <u>ശ്രീ. സി. ദിവാകരൻ</u> :

<u>ശ്രീ. ഇ. കെ. വിജയൻ</u> :

<u>ശ്രീ. കെ. രാജു</u> :

<u>ശ്രീ. ജി. എസ്. ജയലാൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടികളിലെല്ലാം കൂടിആകെ എത്ര അപേക്ഷകൾ ലഭിച്ചു ; എത്ര അപേക്ഷകൾ തീർപ്പാക്കാത്തതുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ബി) തീർപ്പാകാത്ത അപേക്ഷകളിന്മേൽ ഉള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കുമോ ; പ്രസ്തുത അപേക്ഷകളിൽ തീർപ്പു കല്പിക്കുന്നതിന് എത്രകാലം വേണ്ടിവരുമെന്ന് വ്യക്തമാക്കുമോ ;

(സി) ജനസമ്പർക്ക പരിപാടികളുടെ നടത്തിപ്പിനായി എത്ര തുക ചെലവഴിച്ചിട്ടുണ്ട് ; വ്യക്തമാക്കുമോ ?

ഉത്തരം

(എ) ആകെ 12,50,554 അപേക്ഷകൾ ലഭിച്ചു. 1,21,465 അപേക്ഷകൾ തീർപ്പാക്കാനുണ്ട്.

(ബി) കോടതി കേസ്സുകൾ, നിയമപരമായി തടസ്സം നിൽക്കുന്നവ, വിവിധ വകുപ്പുകൾവഴി തീരുമാനിക്കാനുള്ളവ, നയപരമായും സാങ്കേതികവുമായി നടപടി ക്രമങ്ങൾ പൂർത്തിയാകാത്തവ, റീ-സർവ്വേയുമായി ബന്ധപ്പെട്ട വിഷയങ്ങൾ, അന്വേഷണംനടത്തി റിപ്പോർട്ട് ലഭ്യമാകാത്തവ, മാനദണ്ഡത്തിനനുസരിച്ചുള്ള സർട്ടിഫിക്കറ്റുകൾ ഇല്ലാത്തവ എന്നിവയിലാണ് കാലതാമസം നേരിട്ടിട്ടുള്ളത്. ഇവ വേഗത്തിൽ തീർപ്പ് കൽപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) നാളിതുവരെ 20,22,85,696 രൂപ ചെലവഴിച്ചിട്ടുണ്ട്.

**പൊതുമരാമത്ത് വകുപ്പുമന്ത്രിയുടെ ഔദ്യോഗിക ചെലവുകൾ**

22 (T1844) ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011 മേയ് മുതൽ 2015 നവംബർ വരെ പൊതുമരാമത്ത് വകുപ്പ് മന്ത്രി ശമ്പളവും മറ്റ് അലവൻസുകളും ഇനത്തിൽ എത്ര രൂപ കൈപ്പറ്റിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ സർക്കാരിന്റെ കാലത്ത് 2011 മുതൽ 2015 വരെ പൊതുമരാമത്ത് വകുപ്പ് മന്ത്രി ഔദ്യോഗികമായും സ്വകാര്യമായും നടത്തിയ വിദേശയാത്രകളുടെ വിശദവിവരം വർഷം തിരിച്ച് ലഭ്യമാക്കാമോ ;

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

(സി) പ്രസ്തുത വിദേശയാത്രകൾക്ക് സർക്കാർ ആകെ ചെലവഴിച്ച തുക എത്രയെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) 2011 മെയ് മുതൽ 2015 നവംബർവരെ പൊതുമരാമത്ത് വകുപ്പുമന്ത്രി ശമ്പളവും മറ്റ് അലവൻസുകളും ഇനത്തിൽ കൈപ്പറ്റിയ തുക അനുബന്ധം - എ* ആയി ചേർക്കുന്നു.

(ബി) ഈ സർക്കാരിന്റെ കാലത്ത് 2011 മുതൽ 2015 വരെ പൊതുമരാമത്ത് വകുപ്പുമന്ത്രി ഔദ്യോഗികമായും സ്വകാര്യമായും നടത്തിയ വിദേശ യാത്രകളുടെ വിശദവിവരം വർഷം തിരിച്ച് അനുബന്ധം -ബി* ആയി ചേർക്കുന്നു.

(സി) വിദേശയാത്രകൾക്ക് മന്ത്രിമാരുടെ വിമാനയാത്രക്കൂലി വകയിരുത്തുന്ന 2013-00-108-99-04-1 എന്ന ശീർഷകത്തിൽനിന്നും തുകയൊന്നും ചെലവഴിച്ചിട്ടില്ല.

**ഗതാഗത വകുപ്പിൻകീഴിലുള്ള പദ്ധതികൾ**

23 (1845) ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ 2011-12-ലെ ബഡ്ജറ്റിൽ പ്രത്യേക മുൻഗണന നൽകി നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ചിരുന്ന ഗതാഗത വകുപ്പിൻ കീഴിലുള്ള പദ്ധതികൾ ഏതെല്ലാം ആയിരുന്നു ;

(ബി) പ്രസ്തുത പദ്ധതികളിൽ 2011-12 സാമ്പത്തികവർഷം പൂർത്തിയാക്കുവാൻ സാധിക്കാത്ത പദ്ധതികൾ ഏതെല്ലാമായിരുന്നു ; വ്യക്തമാക്കുമോ ;

(സി) 2011-12-ൽ പൂർത്തിയാക്കുവാൻ സാധിക്കാത്ത പദ്ധതികൾക്കായി തുടർന്നുള്ള ബഡ്ജറ്റുകളിൽ തുക വകയിരുത്തിയിരുന്നോ ; എങ്കിൽ എത്ര വീതം ഓരോ വർഷവും അനുവദിച്ചു ; ട്രഷറിയിൽ അവശേഷിച്ച തുക എത്ര ; വ്യക്തമാക്കുമോ ;

(ഡി) ഇവയിൽ പ്രഖ്യാപിക്കപ്പെട്ട് നാലരവർഷത്തിനുശേഷവും പൂർത്തിയാക്കാൻ കഴിയാത്ത പദ്ധതികൾ ഏതെല്ലാം ; വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഗതാഗത വകുപ്പിന് കീഴിൽ മോട്ടോർ വാഹന വകുപ്പിൽ ഡ്രൈവർ ടെസ്റ്റിംഗ്ട്രാക്ക്, ഇ-പേമെന്റ് സംവിധാനം, എൻഫോഴ്സ്മെന്റ് ഓട്ടോമേഷൻ എന്നീ പദ്ധതികൾ പ്രഖ്യാപിച്ചിരുന്നു.

2011-12-ലെ ബഡ്ജറ്റിൽ കൊച്ചി മെട്രോയുടെ നിർമ്മാണ അനുമതി കേന്ദ്ര

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

സർക്കാരിൽനിന്നും ലഭിക്കുമെന്ന പ്രതീക്ഷയിൽ മെട്രോ പണിയുമ്പോൾ അനിവാര്യമായിവരുന്ന റെയിൽ ഓവർബ്രിഡ്ജുകൾക്കും റോഡുകൾക്കുമായി 156 കോടി രൂപയുടെ 5 നവീകരണ ജോലികൾക്ക് അനുമതി നൽകിയതായി പ്രഖ്യാപിക്കുകയുണ്ടായി. കൂടാതെ കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവള പദ്ധതി, തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവള വികസനത്തിനായി ഭൂമി ഏറ്റെടുത്ത് നൽകൽ എന്നിവയും പ്രഖ്യാപിച്ചിരുന്നു.

(ബി) മോട്ടോർ വാഹന വകുപ്പിലെ 3 പദ്ധതികളുടെയും പ്രവർത്തനം 2011-12-ൽ തന്നെ അനുവദിച്ചെങ്കിലും 2012 അവസാനത്തോടെയും 2013 ആരംഭത്തിലുമാണ് പൂർത്തീകരിച്ചത്.

2011-12-ലെ ബഡ്ജറ്റിൽ കൊച്ചി മെട്രോയുടെ നിർമ്മാണ അനുമതി കേന്ദ്ര സർക്കാരിൽനിന്നും ലഭിക്കുമെന്ന പ്രതീക്ഷയിൽ മെട്രോ പണിയുമ്പോൾ അനിവാര്യമായിവരുന്ന റെയിൽ ഓവർബ്രിഡ്ജുകൾക്കും റോഡുകൾക്കുമായി 156 കോടി രൂപയുടെ 5 നവീകരണ ജോലികൾക്ക് അനുമതി നൽകിയതായി പ്രഖ്യാപിക്കുകയുണ്ടായി. തുടർന്ന് ഈ ജോലികൾ DMRC ഏറ്റെടുത്ത് നടപ്പാക്കിവരുന്നു.

കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവള പദ്ധതികളിൽ 2011-12 സാമ്പത്തിക വർഷംതന്നെ പൂർത്തീകരിക്കാൻ സാധിക്കുന്ന പദ്ധതിയായിരുന്നില്ല.

തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവള വികസനത്തിന് ഭൂമി ഏറ്റെടുക്കുമ്പോൾ കുടിയിറക്കപ്പെട്ടവരുടെ പുനരധിവാസപാക്കേജുമായി ബന്ധപ്പെട്ട തദ്ദേശവാസികളുടെ ശക്തമായ എതിർപ്പുമൂലം ടി ഭൂമി ഏറ്റെടുത്ത് നൽകുവാൻ സാധിച്ചിട്ടില്ല.

(സി) കൊച്ചി മെട്രോ റെയിൽ പദ്ധതിയുമായി ബന്ധപ്പെട്ട ഓരോ വർഷവും ബഡ്ജറ്റിൽ വകയിരുത്തിയ തുകയും വിനിയോഗിച്ച തുകയും താഴെ ചേർക്കുന്നു:

| | 2011-12 | 2012-13 | 2013-14 | 2014-15 | 2015-16 |
|---|---|---|---|---|---|
| വകയിരുത്തിയ തുക | 52.9943 | 80.4319 | ... | 56.705 | ... |
| ശീർഷകം 3075-60-800-96-ൽ നിന്നും | 52.9943 | 80.4319 | ... | ... | ... |

| | | | | | |
|---|---|---|---|---|---|
| വിനിയോഗിച്ച തുക | | | | | |
| ട്രഷറിയിൽ അവശേഷിച്ചത് | ... | ... | ... | 0.005 | ... |

ബാക്കി തുകയായ 217 കോടി രൂപ ഇ. എൽ. എ.-യിലേക്ക് മാറ്റുകയും 2015-16-ൽ വിനിയോഗിക്കുകയും ചെയ്തു. 0.005 കോടി രൂപ സറണ്ടർ ചെയ്യുകയുണ്ടായി.

കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവള പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| വർഷം | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ട്രഷറിയിൽ അവശേഷിച്ചത് |
|---|---|---|---|
| 2011-12 | 10 കോടി | 10 കോടി | ഈ ഇനത്തിൽ തുകയൊന്നും ബാക്കിയില്ല. |
| 2012-13 | 50 കോടി | 50 കോടി | |
| 2013-14 | 1.03 ലക്ഷം | കണ്ണൂർ എയർപോർട്ടിന് തുകയൊന്നും ലഭിച്ചിട്ടില്ല. | ... |
| 2014-15 | 1.00 ലക്ഷം | ... | |
| 2015-16 | ... | ... | ... |

തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിനുവേണ്ടി ഭൂമി ഏറ്റെടുക്കുന്നതിനും ചെലവുകൾക്കുമായി 2012-13 വർഷത്തിൽ 5,64,07,015 രൂപയും 2013-14 വർഷത്തിൽ 3,05,00,000 രൂപയും 2014-15 വർഷത്തിൽ 3,31,78,411 രൂപയും ടി ശീർഷകത്തിൽ അനുവദിച്ചിരുന്നു. മുഴുവൻ തുകയും ലാന്റ് അക്വിസിഷൻ ഓഫീസർക്ക് കൈമാറിയിട്ടുണ്ട്.

(ഡി) കൊച്ചി മെട്രോ റയിൽ പദ്ധതിയിലെ എറണാകുളം സൗത്ത് സ്റ്റേഷൻ

അപ്രോച്ച് റോഡ്, എം.ജി. റോഡ് നന്നാക്കൽ - മാധവ ഫാർമസി- തേവര എന്നീ പ്രവൃത്തികൾ മെട്രോ നിർമ്മാണ പ്രവൃത്തികൾക്കൊപ്പം പുരോഗമിക്കുന്നു.

കരാർ വ്യവസ്ഥ പ്രകാരം കണ്ണൂർ വിമാനത്താവളം 2016 മധ്യത്തോടെ പൂർത്തിയാക്കി വാണിജ്യാടിസ്ഥാനത്തിലുള്ള സർവ്വീസ് നടത്തുന്നതിനുള്ള പ്രവർത്തനം നടത്തിവരികയാണ്.

തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവള വികസനത്തിനായി ഏറ്റെടുത്ത് നൽകേണ്ട 120 ഏക്കറിൽ 82 ഏക്കർ ഭൂമികൂടി ഏറ്റെടുത്ത് നൽകേണ്ടതായിട്ടുണ്ട്. ഇതിൽ 18.92 ഏക്കർ ഭൂമി ഏറ്റെടുത്ത് നൽകണമെന്ന എയർപോർട്ട് അതോറിറ്റിയുടെ അഭ്യർത്ഥനയനുസരിച്ച് ആയതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്.

**മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയിൽ ലഭിച്ച അപേക്ഷകൾ**

24 (1846) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയിൽ ആകെ എത്ര അപേക്ഷകൾ ലഭിച്ചുവെന്ന് ഘട്ടം, ജില്ല എന്നിവ തിരിച്ച് വ്യക്തമാക്കാമോ ;

(ബി) ഇതിൽ എത്ര അപേക്ഷകളിൻമേൽ തത്സമയം തീരുമാനമെടുത്തു, എത്ര അപേക്ഷകളിൽ പിന്നീട് ഇതുവരെ തീരുമാനമെടുത്തു എന്ന് ഘട്ടം, ജില്ല എന്നിവ തിരിച്ച് വിശദമാക്കാമോ ;

(സി) ജനസമ്പർക്ക പരിപാടികളിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നുമുള്ള ധനസഹായത്തിന് എത്ര അപേക്ഷകളാണ് ലഭിച്ചതെന്നും, അതിൽ തത്സമയം തുക അനുവദിച്ചവയും, പിന്നീട് അനുവദിച്ചവയും, ഇനിയും അനുവദിക്കാനുള്ളവയും ജില്ല, ഘട്ടം, എണ്ണം എന്നിവ തിരിച്ച് വിശദമാക്കാമോ ;

(ഡി) ജനസമ്പർക്ക പരിപാടികളിൽ ലഭിച്ച അപേക്ഷയിൻമേൽ ഇനിയും തീർപ്പ് കൽപ്പിക്കാത്ത എത്ര അപേക്ഷകളാണ് ഉള്ളതെന്ന് ജില്ലതിരിച്ച് പറയാമോ;

(ഇ) ഇവ തീർപ്പ് കൽപ്പിക്കുന്നതിന് കാലതാമസം നേരിട്ടത് എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) അനുബന്ധം I ആയി ചേർക്കുന്നു. *

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) തത്സമയം തീരുമാനമെടുത്തതും പിന്നീട് ഇതുവരെയും തീരുമാനമെടുത്തതുമായ അപേക്ഷകളുടെ വിവരം വേർതിരിച്ച് രേഖപ്പെടുത്തിയിട്ടില്ല. ഓരോ ഘട്ടത്തിലും മൊത്തത്തിൽ തീർപ്പാക്കിയ അപേക്ഷകളുടെ വിവരങ്ങൾ ജില്ല തിരിച്ച് അനുബന്ധം 2-ൽ* ചേർത്തിരിക്കുന്നു.

(സി) ജനസമ്പർക്ക പരിപാടികളിൽ ലഭിച്ച അപേക്ഷകളിൽ ധനസഹായത്തിനുള്ളവയിൽ മാനദണ്ഡമനുസരിച്ചുള്ള സർട്ടിഫിക്കറ്റുകളും മറ്റനുബന്ധ രേഖകളും ലഭ്യമാക്കിയ അപേക്ഷകളിൽ അർഹതപ്പെട്ടവയ്ക്കാണ് ധനസഹായം നൽകിയിട്ടുള്ളത്. തത്സമയവും പിന്നീടും ധനസഹായം അനുവദിച്ച അപേക്ഷകളുടെ വിവരങ്ങൾ വേർതിരിച്ച് രേഖപ്പെടുത്തിയിട്ടില്ല. ഓരോ ഘട്ടത്തിലും മൊത്തത്തിൽ ധനസഹായം അനുവദിച്ച അപേക്ഷകളുടെ വിവരങ്ങൾ അനുബന്ധം 3* ആയി ചേർക്കുന്നു. മിക്കവാറും എല്ലാ ജില്ലകളിലും ഒന്നും രണ്ടും ഘട്ടങ്ങളിൽ ധനസഹായത്തിനായുള്ള അപേക്ഷകളെല്ലാം തീർപ്പാക്കിയിട്ടുള്ളതാണ്. മൂന്നാം ഘട്ടത്തിൽ തീർപ്പാക്കാനായി അവശേഷിക്കുന്ന അപേക്ഷകളിൽ ധനസഹായത്തിനുള്ളവയുടെ വിവരങ്ങൾ ക്രോഡീകരിച്ചിട്ടില്ല.

(ഡി) അനുബന്ധം 4-ൽ *ചേർക്കുന്നു.

(ഇ) ബി.പി.എൽ. കാർഡ് അനുവദിക്കുന്നതിനായി ലഭിച്ച അപേക്ഷകളിൽ മാനദണ്ഡമനുസരിച്ചുള്ള സർട്ടിഫിക്കറ്റുകൾ ഉള്ളടക്കം ചെയ്യാത്ത അപേക്ഷകൾ, കോടതി കേസ്സുകൾ, റീ-സർവ്വേയുമായി ബന്ധപ്പെട്ട കേസ്സുകൾ, മെഡിക്കൽ സർട്ടിഫിക്കറ്റുകളും അനുബന്ധരേഖകളും ഹാജരാക്കാത്ത അപേക്ഷകൾ എന്നിവ ഉൾപ്പെടുന്നതിനാലാണ് തീർപ്പ് കൽപ്പിക്കുന്നതിന് കാലതാമസം നേരിടുന്നത്.

## സെക്രട്ടേറിയറ്റ് അസിസ്റ്റന്റ് നിയമനം

25 (1847) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെക്രട്ടറിയേറ്റിൽ 2015 ഏപ്രിൽ മുതൽ 2015 ഒക്ടോബർ 31 വരെ അസിസ്റ്റൻറ് മുതൽ മുകളിലോട്ട് എത്ര ജീവനക്കാർ പെൻഷനായിട്ടുണ്ട്. ജീവനക്കാരുടെ വിരമിക്കൽ, പ്രൊമോഷൻ എന്നിവ കാരണം പ്രസ്തുത കാലഘട്ടത്തിൽ എത്ര ഒഴിവുകൾ ഉണ്ടായിട്ടുണ്ട്. ഇതിൽ എത്ര തസ്തികകൾ പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. റിപ്പോർട്ട് ചെയ്തിട്ടുള്ള ഫയൽ നമ്പരും തീയതിയും വ്യക്തമാക്കാമോ ;

(ബി) ഈ കാലയളവിൽ അസിസ്റ്റൻറ് നിയമന ഒഴിവുകൾ ഒഴിച്ചിടാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ ; ടി കാലയളവിൽ സെക്രട്ടറിയേറ്റിൽനിന്നും എത്ര ജീവനക്കാർ ഡെപ്യൂട്ടേഷനിൽ മറ്റ് വകുപ്പുകളിലേക്ക് പോയിട്ടുണ്ട്. പ്രസ്തുത ഒഴിവുകൾ ഒഴിച്ചിടാൻ

തീരുമാനിച്ചിട്ടുണ്ടോ ; നിയമനം നടത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം നൽകാമോ ?

ഉത്തരം

(എ) പൊതുഭരണ വകുപ്പിൽ അസിസ്റ്റന്റ് തസ്തികയിൽ മൂന്നുപേരും സെക്ഷൻ ഓഫീസർ തസ്തികയിൽ എട്ട് പേരും അണ്ടർ സെക്രട്ടറി മുതൽ സ്പെഷ്യൽ സെക്രട്ടറി വരെ 51 പേരും ഉൾപ്പെടെ മൊത്തം 62 പേർ വിരമിച്ചിട്ടുണ്ട്. ധനകാര്യ വകുപ്പിൽ അസിസ്റ്റന്റ് മുതൽ മുകളിലേയ്ക്കുള്ള തസ്തികയിൽ 17 ജീവനക്കാർ വിരമിച്ചിട്ടുണ്ട്. നിയമ വകുപ്പിൽ ലീഗൽ അസിസ്റ്റന്റ്മുതൽ മുകളിലേയ്ക്ക് 14 ജീവനക്കാർ വിരമിച്ചിട്ടുണ്ട്.

പൊതുഭരണ വകുപ്പിൽ വിരമിക്കൽ മുഖേന അസിസ്റ്റന്റ് തസ്തികയിൽ 50 വേക്കൻസികൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. വിരമിക്കൽ മുഖേന അസിസ്റ്റന്റ് തസ്തികയിലുണ്ടായ 24 വേക്കൻസികൾ 28-2-2015-ലെ 63215/ എസ്.എ.2/2014/ പൊ.ഭ.വ നമ്പർ കത്ത് മുഖേന ആന്റിസിപ്പേറ്ററിയായി റിപ്പോർട്ട് ചെയ്തിരുന്നു. 2 വേക്കൻസികൾകൂടി പിന്നീട് 13-7-2015-ലെ 46023/എസ്.എ 2/2015/പൊ.ഭ.വ കത്ത് പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പ്രൊമോഷൻ മുഖേനയുണ്ടായ 11 വേക്കൻസികളും 2 എൻ.ജെ.ഡി വേക്കൻസികളും 24-8-2015-ലെയും 14-10-2015-ലെയും 46776/എസ്.എ 2/2015/പൊ.ഭ.വ കത്ത് പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. വിരമിക്കൽ മുഖേനയുണ്ടായ 13 വേക്കൻസികൾ 16-10-2015-ലെ 67141/എസ്.എ 2/2015/പൊഭവ കത്ത് പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അണ്ടർ സെക്രട്ടറി മുതൽ സ്പെഷ്യൽ സെക്രട്ടറി വരെയുള്ള ജീവനക്കാരുടെ വിരമിക്കൽ, പ്രൊമോഷൻ, അകാലമരണം എന്നിവ മൂലം 52 ഒഴിവുകൾ ഉണ്ടായിട്ടുണ്ട്.

ധനകാര്യ വകുപ്പിൽ ഈ കാലയളവിൽ 20 ഒഴിവുകൾ ഉണ്ടായിട്ടുണ്ട്. അവ 29-4-2015, 26-6-2015 എന്നീ തീയതികളിലെ 5107/ഭരണം-എ 3/2015/ധന കത്ത് പ്രകാരം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇക്കാലയളവിൽ വിരമിക്കൽ മൂലമുണ്ടായ ഒഴിവുകൾ പ്രതീക്ഷിത ഒഴിവുകളായി 2014 ജൂണിൽ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. (ഫയൽ നമ്പർ 57981/ഭരണം-എ 3/2014/ധന തീയതി 1-7-2014.)

നിയമവകുപ്പിൽ ലീഗൽ അസിസ്റ്റന്റിന്റെ 16 അപ്രതീക്ഷിത ഒഴിവുകളിലേക്ക് 31-12-2014-ലെ 26831/ഭരണ II (2)/2014/നിയമം ഫയൽ പ്രകാരം പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. (പെൻഷൻ തസ്തികകളിലേക്ക് പ്രൊമോഷൻ മുഖാന്തരം ഉദ്യോഗസ്ഥരെ നിയമിച്ചിട്ടുണ്ട്.)

(ബി) ഈ കാലയളവിൽ പൊതുഭരണ വകുപ്പിലെ അസിസ്റ്റന്റ് തസ്തികയിലെ 15 പേർ ഡെപ്യൂട്ടേഷനിൽ മറ്റ് വകുപ്പുകളിൽ പ്രവേശിച്ചിട്ടുണ്ട്. ഡെപ്യൂട്ടേഷനിൽ നിന്നും തിരികെ വന്നവർ മുഖേന ഈ ഒഴിവുകൾ നികത്തപ്പെട്ട് വന്നതിനാൽ അസിസ്റ്റന്റ് തസ്തികയിലെ ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടില്ല. ഓഫീസ് അറ്റൻഡന്റ് തസ്തികയിൽനിന്നും 9 പേർ ഡെപ്യൂട്ടേഷനിൽ മറ്റ് ബോർഡുകൾ/കോർപ്പറേഷൻ എന്നിവയിലേക്ക് പോയിട്ടുണ്ട്. ഈ ഒഴിവുകൾ നികത്താനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സെക്ഷൻ ഓഫീസർ തസ്തികയിൽനിന്നും 32 പേർ ഡെപ്യൂട്ടേഷനിൽ പോയിട്ടുണ്ട്. ഈ ഒഴിവുകൾ ഉദ്യോഗക്കയറ്റം വഴി നികത്തിയിട്ടുണ്ട്. അണ്ടർ സെക്രട്ടറി മുതൽ അഡീഷണൽ സെക്രട്ടറി വരെ 54 പേർ ഡെപ്യൂട്ടേഷനിൽ മറ്റ് വകുപ്പുകളിലേക്ക് പോയിട്ടുണ്ട്. പ്രസ്തുത ഒഴിവുകളിൽ അതത് സമയംതന്നെ നിയമനം നടത്തിയിട്ടുണ്ട്.

ധനകാര്യ വകുപ്പിൽ അസിസ്റ്റന്റ് നിയമന ഒഴിവുകൾ ഒഴിച്ചിടാൻ തീരുമാനിച്ചിട്ടില്ല. ഈ കാലയളവിൽ ധനകാര്യ വകുപ്പിൽനിന്നും 6 ജീവനക്കാർ ഡെപ്യൂട്ടേഷനിൽ മറ്റ് വകുപ്പുകളിലേക്ക് പോയിട്ടുണ്ട്. ഈ ഒഴിവുകളിൽ 3 എണ്ണം അന്തർ വകുപ്പ് സ്ഥലംമാറ്റം മുഖേനയും ഒരെണ്ണം തസ്തികമാറ്റം മുഖേനയും നികത്തിയിട്ടുണ്ട്. ഒരെണ്ണം സൂപ്പർ ന്യൂമററിയായുള്ള ആശ്രിത നിയമനം റെഗുലറൈസ് ചെയ്യുന്നതിനും ഒരെണ്ണം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുമുള്ള നടപടി സ്വീകരിച്ചുവരുന്നു.

നിയമവകുപ്പിൽ ലീഗൽ അസിസ്റ്റന്റ് ഒഴിവുകൾ ഒഴിച്ചിടാൻ തീരുമാനിച്ചിട്ടില്ല. ഇക്കാലയളവിൽ 35 ജീവനക്കാർ മറ്റ് വകുപ്പുകളിലേക്ക് ഡെപ്യൂട്ടേഷനിൽ പോയിട്ടുണ്ട്. പ്രസ്തുത ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എന്നാൽ ലീഗൽ അസിസ്റ്റന്റ് തസ്തികയിൽ പി.എസ്.സി. ലിസ്റ്റ് നിലവിലില്ലാത്തതിനാൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷനിൽനിന്നും നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമാക്കി പ്രൊഫഷണൽ ആന്റ് എക്സിക്യൂട്ടീവ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽനിന്നും താത്കാലിക അടിസ്ഥാനത്തിൽ എട്ട് ലീഗൽ അസിസ്റ്റന്റുമാർക്ക് നിയമനം നൽകിയിട്ടുണ്ട്.

**മന്ത്രിമാരുടെയും ഉദ്യോഗസ്ഥരുടെയും വിദേശയാത്ര**

26 (1848) ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീ. സി. കൃഷ്ണൻ :
ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മന്ത്രിമാരുടെയും ഉദ്യോഗസ്ഥരുടെയും വിദേശ യാത്ര നിയന്ത്രിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഔദ്യോഗിക ആവശ്യങ്ങൾ എന്ന നിലയിൽ വിദേശ സന്ദർശനം നടത്തുന്നത് നിയന്ത്രിക്കാൻ നടപടി സ്വീകരിക്കുമോ ;

(സി) ഈ സർക്കാരിന്റെ കാലത്ത് മന്ത്രിമാരും, ഉദ്യോഗസ്ഥരും നടത്തിയ വിദേശയാത്രയുടെ ചെലവും മറ്റ് വിശദാംശങ്ങളും വെളിപ്പെടുത്താമോ ;

(ഡി) ഒന്നിൽ കൂടുതൽ വിദേശ സന്ദർശനം നടത്തിയ മന്ത്രിമാർ ആരൊക്കെയാണ് ;

(ഇ) വിദേശയാത്ര സംബന്ധിച്ച ചട്ടങ്ങൾ പാലിക്കാത്തവർ ആരൊക്കെയായിരുന്നു ; യാത്ര കഴിഞ്ഞ് തിരിച്ച് വന്നതിനുശേഷം റിപ്പോർട്ട് സമർപ്പിച്ചിട്ടില്ലാത്തവർ ആരൊക്കെ ?

<u>ഉത്തരം</u>

(എ&ബി) കേന്ദ്ര ഗവൺമെന്റിന്റെയും മുഖ്യമന്ത്രിയുടെയും അനുമതിക്ക് വിധേയമായാണ് മന്ത്രിമാരും ഉദ്യോഗസ്ഥരും വിദേശയാത്ര നടത്തുന്നത്.

(സി) ഈ സർക്കാരിന്റെ കാലത്ത് മന്ത്രിമാരും, പേഴ്സണൽ സ്റ്റാഫിലെ ഉദ്യോഗസ്ഥരും നടത്തിയ വിദേശയാത്രകളുമായി ബന്ധപ്പെട്ട് ചെലവഴിച്ച തുകയുടെ വിശദാംശം അനുബന്ധമായി ചേർത്തിട്ടുണ്ട്.* അന്തിമ മറുപടി ശേഖരിച്ച് നൽകുന്നതാണ്.

(ഡി) ശ്രീ. സി. എൻ. ബാലകൃഷ്ണൻ, ശ്രീമതി പി. കെ. ജയലക്ഷ്മി എന്നിവർ ഒഴികെയുള്ള മന്ത്രിമാർ ഒന്നിലധികം തവണ വിദേശയാത്ര നടത്തിയിട്ടുണ്ട്.

(ഇ) കേന്ദ്ര ഗവൺമെന്റിന്റെയും മുഖ്യമന്ത്രിയുടെയും അനുമതിക്ക് വിധേയമായാണ് മന്ത്രിമാർ വിദേശയാത്ര നടത്തിയിട്ടുള്ളത്. യാത്ര കഴിഞ്ഞ് തിരിച്ചുവന്നതിനുശേഷം റിപ്പോർട്ട് സമർപ്പിച്ചിട്ടില്ലാത്തതായുള്ള കേസ്സുകൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**സെക്രട്ടേറിയറ്റിലെ ഗാർഡ് തസ്തിക**

27 (1849) <u>ശ്രീമതി കെ. കെ. ലതിക</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക്

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെക്രട്ടേറിയറ്റിലെ ഗാർഡ് തസ്തികയിൽ താൽക്കാലിക നിയമനം ലഭിച്ച് സ്ഥിരപ്പെട്ടവർ എത്രയുണ്ടെന്നും അവരെ ഏത് ഉത്തരവ് വഴിയാണ് സ്ഥിരപ്പെടുത്തിയതെന്നും വ്യക്തമാക്കുമോ ;

(ബി) മേൽ ഉത്തരവ് പുറപ്പെടുവിക്കുന്ന സമയത്ത് പ്രസ്തുത തസ്തികയുടെ പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുണ്ടായിരുന്നോ എന്നും റാങ്ക് ലിസ്റ്റ് നിലവിലിരിക്കേ താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തിയത് എന്തുകൊണ്ടെന്നും വ്യക്തമാക്കുമോ ;

(സി) പ്രസ്തുത ജീവനക്കാരും പി.എസ്.സി. വഴി നിയമിതരായവരും നിയമനം, പ്രൊമോഷൻ എന്നിവ സംബന്ധിച്ച് കേസുകൾ ഫയൽ ചെയ്യുകയുണ്ടായോ എന്നും കോടതിയുടെ അന്തിമ വിധി എന്തായിരുന്നുവെന്നും വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത വിധി അനുസരിച്ച് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) 8-4-2015 തീയതിയിലെ സ.ഉ.(എംഎസ്.) 114/2005/പൊ.ഭ.വ. നമ്പർ ഉത്തരവ് പ്രകാരം ദിവസവേതനാടിസ്ഥാനത്തിൽ സേവനമനുഷ്ഠിച്ചിരുന്ന 27 സെക്യൂരിറ്റി ഗാർഡുമാരെ സെക്രട്ടേറിയറ്റിൽ സ്ഥിരപ്പെടുത്തുകയുണ്ടായി.

(ബി) പൊതുഭരണ സെക്രട്ടേറിയറ്റിൽ അനേക വർഷമായി സെക്യൂരിറ്റി ഗാർഡ് തസ്തികയിൽ താൽക്കാലികമായി സേവനമനുഷ്ഠിച്ചുകൊണ്ടിരുന്ന 27 സെക്യൂരിറ്റി ഗാർഡുമാർ തങ്ങളെ സ്ഥിരപ്പെടുത്തണമെന്ന ആവശ്യം ഉന്നയിച്ച് സർക്കാരിന് നിരന്തരം അപേക്ഷകൾ സമർപ്പിച്ചിരുന്നു. ആയതിന്റെ നടപടികൾ പൂർത്തീകരിച്ച് ഉത്തരവായപ്പോഴേക്കും പി.എസ്.സി. സെക്യൂരിറ്റി ഗാർഡ് റാങ്ക് ലിസ്റ്റ് നിലവിൽ വരുകയും ചെയ്തു. പ്രസ്തുത റാങ്ക് ലിസ്റ്റിൽനിന്നും അഡ്വൈസ് ചെയ്ത ഒഴിവുകളിൽ 27 എണ്ണം തിരികെ വിളിപ്പിച്ച് ആയതിലേയ്ക്ക് താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുകയാണുണ്ടായത്. അവരിൽ 6 പേരൊഴികെ

മറ്റെല്ലാവരും സർവ്വീസിൽനിന്ന് റിട്ടയർ ചെയ്തുകഴിഞ്ഞു. താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിന് കാലങ്ങളായി സ്വീകരിച്ചുവരുന്ന നടപടി പൂർത്തീകരിക്കുന്നത് പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിൽ വന്നതിന് ഏതാനും ദിനങ്ങൾക്ക് ശേഷമാണ്.

(സി) ഉണ്ട്. ബഹു. കോടതിയുടെ അന്തിമ വിധി പ്രകാരം പി.എസ്.സി. റാങ്ക് ലിസ്റ്റ് മുഖേന നിയമിതരായവർക്ക് സീനിയോറിറ്റി നിശ്ചയിച്ച് ലിസ്റ്റ് പ്രസിദ്ധീകരിക്കാനാണ് ഉത്തരവായത്.

(ഡി) ഉണ്ട്. പ്രസ്തുത കോടതി വിധി അനുസരിച്ച് പ്രസ്തുത കേസിലെ വാദികളായ, കേരള പി.എസ്.സി. മുഖേന നിയമിതരായവർക്ക് ശേഷം മാത്രമേ സ്ഥിരപ്പെടുത്തിയ സെക്യൂരിറ്റി ജീവനക്കാർക്ക് നിയമനം നൽകുകയുള്ളുവെന്ന് പ്രസ്താവിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്.

**കെട്ടിക്കിടക്കുന്ന ഫയലുകൾ തീർപ്പാക്കാൻ പദ്ധതി**

28 (1850) ശ്രീ. സണ്ണി ജോസഫ് :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെട്ടിക്കിടക്കുന്ന ഫയലുകൾ തീർപ്പാക്കാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പദ്ധതിവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്. സംസ്ഥാനത്ത് കെട്ടിക്കിടക്കുന്ന ഫയലുകൾ തീർപ്പാക്കുന്നതിന് നൂറുദിന കർമ്മ പരിപാടി രൂപീകരിക്കുകയും അതിന്റെ ഭാഗമായി 2014 മെയ്-ജൂൺ മാസങ്ങളിൽ ഫയൽ തീർപ്പാക്കൽ തീവ്രയത്ന പരിപാടി നടത്തുകയും ഫയലുകൾ തീർപ്പാക്കുകയുമുണ്ടായി. കൂടാതെ ഒരു വർഷത്തിൽ കൂടുതൽ പഴക്കമുള്ള

ഫയലുകൾ തീർപ്പാക്കുന്നതിനായി 2014 സെപ്റ്റംബർ 22 മുതൽ ഒക്ടോബർ 31 വരെ ഒരു ഫയൽ അദാലത്തുകൂടി നടത്തുകയുണ്ടായി. ഓരോ വകുപ്പും ബന്ധപ്പെട്ട എല്ലാ ഉദ്യോഗസ്ഥരേയും പങ്കെടുപ്പിച്ചുകൊണ്ട് വകുപ്പ് തലത്തിൽ ചർച്ച ചെയ്ത് ഫയൽ കെട്ടിക്കിടക്കാതിരിക്കുന്നതിനും ഫയൽ തീർപ്പാക്കുന്നതിനുമുള്ള നടപടി സ്വീകരിക്കുവാനും തീർപ്പാക്കാൻ അവശേഷിക്കുന്ന ഫയലുകളെ സംബന്ധിച്ച് അവലോകനം നടത്തുവാനും മൂന്ന് മാസത്തിലൊരു ദിവസം ഫയൽ അദാലത്തിനായി നീക്കി വയ്ക്കണമെന്നും വകുപ്പുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) ഫയൽ തീർപ്പാക്കൽ പുരോഗതി പരമാവധി കൈവരിക്കുക എന്നതും ഫയൽ കെട്ടിക്കിടക്കുന്ന സാഹചര്യം ഉണ്ടാകാതെ സമയബന്ധിതമായി അവയുടെ തീർപ്പാക്കലുമാണ് മേൽപ്പറഞ്ഞ പദ്ധതികൾ ലക്ഷ്യമിടുന്നത്.

(സി) ഫയൽ അദാലത്തുകളിൽക്കൂടി വകുപ്പുകളിൽ കെട്ടിക്കിടക്കുന്ന ഫയലുകൾ വിശദമായി പരിശോധിക്കാനും അവയിൽ നടപടി എടുക്കുവാൻ അവശേഷിക്കുന്നുണ്ടെങ്കിൽ ആയതിനുള്ള തീരുമാനവും സാധ്യമെങ്കിൽ ആ സമയത്തുതന്നെ എടുക്കുവാനും നിർദ്ദേശം നൽകിയിട്ടുണ്ട്. ഫയൽ കെട്ടിക്കിടക്കാതിരിക്കുന്നതിനും ഫയൽ നീക്കം സുഗമമാക്കുന്നതിനുമായി 4-8-2015-ലെ 12960/എ.ആർ.14(2)/15/ഉഭപവ നമ്പർ സർക്കുലർ പ്രകാരം എല്ലാ വകുപ്പുകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. (സർക്കുലർ അനുബന്ധമായി* ചേർത്തിരിക്കുന്നു.)

## കേന്ദ്ര സർവ്വീസിലേക്ക് ഡെപ്യൂട്ടേഷനിൽ പോയിട്ടുള്ള സിവിൽ സർവ്വീസ് ഉദ്യോഗസ്ഥർ

29 (1851) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഐ.എ.എസ്., ഐ.പി.എസ്., ഐ.എഫ്.എസ്. തുടങ്ങിയ സിവിൽ സർവ്വീസ് കേഡറുകളിൽ ഉണ്ടാവേണ്ട സ്റ്റാഫ് സ്ട്രങ്ത്ത് എത്ര ; അതിൽ എത്ര ഒഴിവുണ്ട് ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രസ്തുത കേഡറുകളിൽനിന്നും എത്ര പേർ കേന്ദ്ര സർവ്വീസിലേക്ക് ഡെപ്യൂട്ടേഷനിൽ പോയിട്ടുണ്ട് ; വിശദവിവരം

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

നൽകുമോ ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് ഐ.എ.എസ്. കേഡറിൽ 231 ഉം, ഐ.പി.എസ്. കേഡറിൽ 163 ഉം, ഐ.എഫ്.എസ്. കേഡറിൽ 107 ഉം ആണ് അനുവദിച്ചിട്ടുള്ള അംഗസംഖ്യ.

ഐ.എ.എസ്.-ൽ 74 ഉം, ഐ.പി.എസ്.-ൽ 42 ഉം, ഐ.എഫ്.എസ്.-ൽ 28 ഉം ഒഴിവുകളുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്ന് നാളിതുവരെ 33 ഐ.എ.എസ്. ഉദ്യോഗസ്ഥരും 15 ഐ.പി.എസ്. ഉദ്യോഗസ്ഥരും 12 ഐ.എഫ്.എസ്. ഉദ്യോഗസ്ഥരും കേന്ദ്ര സർവ്വീസിലേക്ക് ഡെപ്യൂട്ടേഷനിൽ പോയിട്ടുണ്ട്. ഉദ്യോഗസ്ഥരുടെ പേരുവിവരങ്ങൾ അനുബന്ധം 1, 2, 3 -ൽ* ചേർക്കുന്നു.

## ഐ.എ.എസ്., ഐ.പി.എസ്. ഓഫീസർമാരുടെ ഇടയിലെ അനൈക്യം

30 (1852) <u>ശ്രീ. കെ. വി. വിജയദാസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഐ.എ.എസ്., ഐ.പി.എസ്. ഓഫീസർമാരുടെ ഇടയിൽ കടുത്ത കിടമൽസരവും അനൈക്യവും വന്നുചേർന്നിട്ടുള്ളതായി വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദവിവരം നൽകുമോ ;

(ബി) പ്രസ്തുത വിഭാഗത്തിൽ ഉൾപ്പെട്ട ഉദ്യോഗസ്ഥരുടെ പ്രസ്താവനകൾമൂലം സർക്കാർ പ്രതിക്കൂട്ടിലാകുന്ന സന്ദർഭങ്ങൾ ഉണ്ടായിട്ടുണ്ടോ ; ഇക്കാര്യത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദവിവരങ്ങൾ നൽകുമോ ?

<u>ഉത്തരം</u>

(എ&ബി) ഇല്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**പുതിയ താലൂക്കുകളിലെ മജിസ്ട്രേറ്റ് കോടതി**

31 (1853) ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ നിലവിൽ വന്നശേഷം അനുവദിച്ച എല്ലാ പുതിയ താലൂക്കുകളിലും മജിസ്ട്രേറ്റ് കോടതി അനുവദിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഏതൊക്കെ താലൂക്കുകളിൽ അനുവദിച്ചിട്ടുണ്ടെന്നും അനുവദിക്കാനുള്ള താലൂക്കുകൾ ഏതെല്ലാമാണെന്നും വ്യക്തമാക്കുമോ;

(ബി) അനുവദിക്കാനുള്ള താലൂക്കുകളിൽ അതിനായുള്ള സർക്കാർ നടപടികൾ നിലവിലുണ്ടെങ്കിൽ അതിന്റെ പുരോഗതിയും, എപ്പോൾ പൂർത്തിയാകുമെന്നും വിശദമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആരംഭിച്ച മജിസ്ട്രേറ്റ് കോടതികളുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) സ.ഉ.(സാധാ) നമ്പർ 1919/2009/ആഭ്യന്തരം തീയതി 6-7-2009 എന്ന സർക്കാർ ഉത്തരവ് പ്രകാരം സംസ്ഥാനത്ത് കോടതികൾ ആരംഭിക്കുന്നതിനുള്ള ഒരു പരിഗണന പട്ടിക ഇപ്പോൾ നിലവിലുണ്ട്. പുതിയ കോടതികൾ ആരംഭിക്കുന്നതിന് അവയെ പരിഗണന പട്ടികയിൽ ഉൾപ്പെടുത്തി സർക്കാരിന്റെ സാമ്പത്തിക സ്ഥിതി കണക്കിലെടുത്ത് മാത്രമേ സാധ്യമാവുകയുള്ളൂ.

**ശാസ്ത്രം, സാങ്കേതികം, പരിസ്ഥിതി എന്നീ വകുപ്പുകൾക്കായി പ്രഖ്യാപിക്കപ്പെട്ട പദ്ധതികൾ**

32 (1854) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2013-14-ലെ സംസ്ഥാന ബഡ്ജറ്റിൽ ശാസ്ത്രം, സാങ്കേതികം, പരിസ്ഥിതി എന്നീ വകുപ്പുകൾക്ക് കീഴിൽ പ്രഖ്യാപിക്കപ്പെട്ട ഓരോ പദ്ധതിക്കുമായി എത്ര തുക വീതം വകയിരുത്തപ്പെട്ടുവെന്ന് വ്യക്തമാക്കാമോ ;

(ബി) ഇവയ്ക്ക് ഓരോന്നിനുമായി എത്ര തുക വീതം അനുവദിക്കപ്പെട്ടു ; എത്ര തുക വീതം പിൻവലിക്കപ്പെടാതെ ട്രഷറിയിൽ അവശേഷിച്ചു ; വ്യക്തമാക്കാമോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) ഈ പദ്ധതികളിൽ ഏതെങ്കിലും ഇതുവരെയും പൂർത്തിയാക്കാത്തതായുണ്ടോ ; എങ്കിൽ വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ&ബി)

<u>ശാസ്ത്ര സാങ്കേതിക വകുപ്പ് :</u> (തുക ലക്ഷത്തിൽ)

| പദ്ധതി | വിഹിതം | അനുവദിച്ചത് | സറണ്ടർ ചെയ്തത് |
|---|---|---|---|
| കരമന നദിയുടെ ശാസ്ത്രീയ പരിപാലന പദ്ധതി | 500 | 500 | 33.34 |
| സയൻസ് സിറ്റി | 100 | 100 | 83.34 |
| സാങ്കേതിക വിദ്യ കൈമാറ്റവും റോഡ് മാപ്പ് തയ്യാറാക്കലും നിർവ്വഹണവും | 350 | 250 | 308 |
| കുട്ടികൾക്കായുള്ള ശാസ്ത്ര നഗരം, കളമശ്ശേരി | 0.01 | Nil | Nil |
| ശ്രീനിവാസ രാമാനുജൻ ബേസിക് സയൻസ് ഇൻസ്റ്റിറ്റ്യൂട്ട്, പാമ്പാടി | 0.01 | Nil | Nil |

<u>പരിസ്ഥിതി വകുപ്പ് :</u>

| പദ്ധതി | വിഹിതം | അനുവദിച്ചത് | സറണ്ടർ ചെയ്തത് |
|---|---|---|---|
| നഗര പരിസ്ഥിതി മെച്ചപ്പെടുത്തൽ പദ്ധതി | 1005 | 1005 | Nil |

2013-14-ൽ മേൽ വകുപ്പുകൾക്ക് കീഴിലുള്ള മറ്റു പദ്ധതികൾ മുൻവർഷങ്ങളിൽ നിന്നും തുടർന്നുവന്നവയാണ്.

(സി) ഈ പദ്ധതികളെല്ലാം നടപ്പിലാക്കിവരികയാണ്.

## 2012-13 ബഡ്ജറ്റിൽ ശാസ്ത്ര-സാങ്കേതിക-പരിസ്ഥിതി വകുപ്പിന് കീഴിൽ ആരംഭിക്കുമെന്ന് പ്രഖ്യാപിച്ചിരുന്ന പദ്ധതികൾ

33 (1855) <u>ശ്രീമതി കെ. കെ. ലതിക</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2012-13 സംസ്ഥാന ബഡ്ജറ്റിൽ ശാസ്ത്ര-സാങ്കേതിക-പരിസ്ഥിതി വകുപ്പിന് കീഴിൽ പുതുതായി ആരംഭിക്കുമെന്ന് പ്രഖ്യാപിച്ചിരുന്ന ഓരോ സ്ഥാപനത്തിനും പദ്ധതികൾക്കും എത്ര തുക വീതം വകയിരുത്തിയിരുന്നു ; എത്ര തുക വീതം അനുവദിക്കപ്പെട്ടു ; എത്ര തുക വീതം പിൻവലിക്കാതെ ട്രഷറിയിൽ അവശേഷിക്കുന്നു ; വ്യക്തമാക്കാമോ ;

(ബി) ഇവയിൽ 2012-13 വർഷത്തിൽ തന്നെ പ്രവർത്തനം ആരംഭിക്കാൻ കഴിയാത്ത സ്ഥാപനങ്ങളോ പദ്ധതികളോ ഉണ്ടോ ; എങ്കിൽ വ്യക്തമാക്കാമോ ;

(സി) ഇതുവരെയും പൂർത്തിയാക്കാൻ കഴിയാത്ത സ്ഥാപനങ്ങളോ പദ്ധതികളോ ഉണ്ടോ ; എങ്കിൽ വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) <u>ശാസ്ത്ര സാങ്കേതിക വകുപ്പ്</u> : (തുക ലക്ഷത്തിൽ)

| പദ്ധതി | വകയിരുത്തിയ വിഹിതം | അനുവദിച്ചത് | സറണ്ടർ ചെയ്തത് |
|---|---|---|---|
| പ്രാദേശിക ശാസ്ത്ര കേന്ദ്രം, കോട്ടയം | 725.01 | 725.01 | Nil |
| മൂന്നാറിലെ പാർവ്വതി മലയിൽ ബൊട്ടാണിക്കൽ ഗാർഡൻ | 0.010 | Nil | Nil |
| കേരള ഇന്നൊവേഷൻ മിഷൻ | 0.01 | Nil | Nil |

<u>പരിസ്ഥിതി വകുപ്പ്</u> :

| പദ്ധതി | വിഹിതം | അനുവദിച്ചത് | സറണ്ടർ ചെയ്തത് |
|---|---|---|---|
| പശ്ചിമഘട്ട കാലാവസ്ഥ വ്യതിയാന ഗവേഷണ സ്ഥാപനം, കോട്ടയം | 0.01 | Nil | Nil |

(ബി) ഉണ്ട്. മൂന്നാറിലെ പാർവ്വതി മലയിൽ ബൊട്ടാണിക്കൽ ഗാർഡൻ, കേരള ഇന്നൊവേഷൻ മിഷൻ, പശ്ചിമഘട്ട കാലാവസ്ഥാ വ്യതിയാന ഗവേഷണ സ്ഥാപനം, കോട്ടയം എന്നിവ 2012-13 വർഷത്തിൽ പ്രവർത്തനം ആരംഭിക്കാൻ കഴിയാതിരുന്ന സ്ഥാപനങ്ങളാണ്.

(സി) പദ്ധതികളെല്ലാം നടപ്പിലാക്കി വരികയാണ്.

**എൻ.സി.എ. ഒഴിവുകൾ**

34 (1857) <u>ശ്രീ. പി. കെ. ബഷീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തുടർച്ചയായി മൂന്ന് തവണ വിജ്ഞാപനം ചെയ്തിട്ടും എൻ.സി.എ. ഒഴിവുകളിലേക്ക് അപേക്ഷകരില്ലെങ്കിൽ പ്രസ്തുത തസ്തികകളിൽ മെയിൻ ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതിന് തടസ്സങ്ങളുണ്ടോ ;

(ബി) പ്രസ്തുത കാര്യത്തിൽ പി.എസ്.സി.യുടെ അഭിപ്രായം ആരാഞ്ഞിരുന്നോ ; എങ്കിൽ എന്തെല്ലാം കാര്യങ്ങൾ ആരാഞ്ഞിരുന്നുവെന്നും ആയതിന് എന്തു മറുപടിയാണ് ലഭിച്ചതെന്നും വ്യക്തമാക്കുമോ ;

(സി) പ്രസ്തുത കാര്യത്തിനാവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) KS&SSR-ലെ ഭാഗം II ചട്ടം 15(a) പ്രകാരം ഒരു തസ്തികയിലെ നിയമനത്തിനായി ഒരു സമുദായത്തിൽനിന്ന് അനുയോജ്യനായ ഉദ്യോഗാർത്ഥി ലഭ്യമല്ലാതെ വന്നാൽ ആ ഒഴിവ് നികത്താതെ മാറ്റി വയ്ക്കേണ്ടതും ആ സമുദായത്തിന് മാത്രമായി പ്രത്യേകം വിജ്ഞാപനം പുറപ്പെടുവിക്കേണ്ടതുമാണ്. രണ്ടിൽ കുറയാത്ത തവണ പുനർ വിജ്ഞാപനം ചെയ്തിട്ടും ടി സമുദായത്തിൽനിന്ന് യോഗ്യരായ ഉദ്യോഗാർത്ഥികൾ ലഭ്യമല്ലെങ്കിൽ ഒഴിവ് തൊട്ടടുത്ത സംവരണ

വിഭാഗത്തിന് നൽകേണ്ടതാണ്. എന്നാൽ SC/ST വിഭാഗങ്ങളുടെ ഊഴം ആവർത്തിച്ചുള്ള എൻ.സി.എ. വിജ്ഞാപനങ്ങൾക്കുശേഷവും മറ്റ് വിഭാഗങ്ങൾക്ക് മാറ്റി നൽകാവുന്നതല്ല.

(ബി) എൻ.സി.എ. നിയമനങ്ങളിലെ സങ്കീർണത പരിഹരിക്കുന്ന കാര്യത്തിൽ KS&SSR-ൽ ഭേദഗതി വരുത്തണമെന്ന പബ്ലിക് സർവ്വീസ് കമ്മീഷന്റെ ശുപാർശ പരിഗണിച്ച് സർക്കാർ തീരുമാനം കൈക്കൊണ്ടതിന്റെ അടിസ്ഥാനത്തിൽ കരട് വിജ്ഞാപനം തയ്യാറാക്കി അതിന്മേൽ പി.എസ്.സി.യുടെ ഉപദേശം തേടിയിരുന്നു. എൻ.സി.എ. വിജ്ഞാപനങ്ങൾ തമ്മിലുള്ള ഇടവേള ആറ് മാസമാക്കണമെന്നും, വിജ്ഞാപനങ്ങൾ രണ്ട് തവണയായി നിജപ്പെടുത്തണമെന്നും, മറ്റ് വിഭാഗങ്ങൾക്ക് മാറ്റി നൽകുന്ന ഊഴങ്ങൾ (എസ്.സി.-എസ്.ടി. വിഭാഗങ്ങളുടെ ഊഴങ്ങൾ ഉൾപ്പെടെ) ഏറ്റവും അടുത്ത അവസരത്തിൽ തിരികെ നൽകുന്നതിനുമുള്ള നിർദ്ദേശങ്ങളാണ് കരട് വിജ്ഞാപനത്തിൽ ഉൾക്കൊള്ളിച്ചിരുന്നത്. എൻ.സി.എ. വിജ്ഞാപനങ്ങൾ രണ്ട് തവണയായി നിജപ്പെടുത്താമെന്നും എന്നാൽ വിജ്ഞാപനങ്ങൾ തമ്മിലുള്ള ഇടവേള ഒരു വർഷം വേണമെന്നും, എസ്.സി.-എസ്.ടി. വിഭാഗങ്ങളുടെ ഊഴങ്ങൾ മറ്റ് വിഭാഗങ്ങൾക്ക് മാറ്റി നൽകേണ്ടതില്ല എന്നുമാണ് പി.എസ്.സി.-യുടെ മറുപടിയിലുള്ളത്.

(സി) പബ്ലിക് സർവ്വീസ് കമ്മീഷന്റെ പുതിയ നിർദ്ദേശങ്ങൾ പരിശോധിച്ച് KS&SSR-ൽ അനുയോജ്യമായ ഭേദഗതികൾ വരുത്തുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

**മലയാളം ഭരണഭാഷ**

35 (1858) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലയാളം ഭരണഭാഷയാക്കുന്നതിന്റെ പുരോഗതി വിലയിരുത്താൻ താലൂക്ക് തലത്തിലും ജില്ലാതലത്തിലും ഉണ്ടായിരുന്ന സംവിധാനം നിർത്തലാക്കിയതിന്റെ കാരണങ്ങൾ വിശദമാക്കുമോ ;

(ബി) പ്രസ്തുത സംവിധാനത്തിന്റെ നാളിതുവരെയുള്ള പ്രവർത്തന പുരോഗതി വിശദമാക്കുമോ ;

(സി) ഭരണഭാഷാ നിയമം പാസ്സാക്കുന്നതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ നിലവിൽ ഏതു ഘട്ടത്തിലാണെന്നും ആയത് നടപ്പിലാക്കാൻ വൈകുന്നതിന്റെ

കാരണമെന്തെന്നും വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ&ബി) ജില്ലാ കളക്ടർ അദ്ധ്യക്ഷനായുള്ള താലൂക്കുതല ഔദ്യോഗിക ഭാഷാ സമിതികളുടെ പ്രവർത്തനം സർക്കാർ വിഭാവനം ചെയ്ത രീതിയിൽ നടക്കുന്നില്ലെന്നും റവന്യൂ വകുപ്പ് അധികാരികളായ ജില്ലാ കളക്ടർമാരുടെയും തഹസീൽദാർമാരുടെയും ഔദ്യോഗിക തിരക്കുകൾ ഇതിന് പ്രധാന കാരണമാകുന്നുണ്ടെന്നും സർക്കാർ വിലയിരുത്തിയിരുന്നു. ഇതിനെത്തുടർന്ന് മലയാളം പൂർണ്ണമായി ഭരണഭാഷയാക്കുന്നത് സംബന്ധിച്ച ഭാഷാമാറ്റ നടപടികൾ ത്വരിതപ്പെടുത്തുന്നതിനും പുരോഗതി അവലോകനം ചെയ്യുന്നതിനുമായി കാര്യക്ഷമമായി പ്രവർത്തിക്കാത്ത മേൽപ്പറഞ്ഞ സമിതികളുടെ പ്രവർത്തനം അവസാനിപ്പിക്കുകയും പകരം വകുപ്പുതല മേധാവിയെ അദ്ധ്യക്ഷനായും വകുപ്പിലെ മേഖലാ ജില്ലാതല മേധാവികളെ അംഗങ്ങളായും അദ്ധ്യക്ഷന് തൊട്ടുതാഴെയുള്ള ഉദ്യോഗസ്ഥനെ കൺവീനറായും ഉൾപ്പെടുത്തിക്കൊണ്ട് ഔദ്യോഗിക ഭാഷ സംബന്ധിച്ച വകുപ്പുതല ഏകോപന സമിതിയും വകുപ്പിലെ ജില്ലാതല മേധാവിയെ അദ്ധ്യക്ഷനായും വകുപ്പിന്റെ ജില്ലയിലെ മറ്റ് കീഴ് ഓഫീസ് തലവൻമാരെ അംഗങ്ങളാക്കിയും ജില്ലാ ഓഫീസിലെ ജില്ലാ മേധാവികളുടെ തൊട്ടു താഴെയുള്ള ഉദ്യോഗസ്ഥനെ കൺവീനറായും ഉൾപ്പെടുത്തിക്കൊണ്ടുള്ള ജില്ലാതല ഔദ്യോഗിക ഭാഷാ സമിതിയും രൂപീകരിക്കാൻ നിർദ്ദേശിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) മലയാള ഭാഷാ നിയമത്തിന്റെ കരട് ബിൽ നിയമസഭയുടെ നടപ്പ് സമ്മേളനത്തിൽ അവതരിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

**മെയിൽ ജയിൽ വാർഡൻമാരുടെ റാങ്ക് ലിസ്റ്റ്**

36 (1859) <u>ശ്രീ. മുല്ലക്കര രത്നാകരൻ</u> : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ ജയിലുകളിൽ മെയിൽ ജയിൽ വാർഡൻമാരുടെ ഒഴിവുകളിലേക്ക് നിയമിക്കുന്നതിന് പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ ; പ്രസ്തുത ലിസ്റ്റിൽ നിന്നും ജയിൽ വർഡർമാരുടെ ഒഴിവുകൾ നികത്തുന്നതിനുള്ള സത്വര നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

റാങ്ക് ലിസ്റ്റ് നിലവിലുണ്ട്. ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ

സ്വീകരിച്ചിട്ടുണ്ട്.

**സർക്കാർ ജീവനക്കാർക്ക് തിരിച്ചറിയൽ കാർഡ്**

37 (1861) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഓഫീസുകളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ ;

(ബി) എല്ലാ സർക്കാർ ജീവനക്കാർക്കും തിരിച്ചറിയൽ കാർഡ് അനുവദിക്കാൻ നടപടി സ്വീകരിക്കുമോ ;

(സി) ഇതുമായി ബന്ധപ്പെട്ട് സർക്കാർ ഉത്തരവ് ഉണ്ടോ; പകർപ്പ് ലഭ്യമാക്കാമോ ;

(ഡി) ഏതൊക്കെ വകുപ്പുകളിലാണ് നിലവിൽ ജീവനക്കാർക്ക് തിരിച്ചറിയൽ കാർഡ് അനുവദിക്കാൻ ബാക്കിയുള്ളതെന്നും ആയതിന്റെ കാരണവും അറിയിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി-ഡി) എല്ലാ സർക്കാർ ജീവനക്കാർക്കും തിരിച്ചറിയൽ കാർഡ് അനുവദിച്ചിട്ടുണ്ട്. ഡ്യൂട്ടിയിലുള്ള സർക്കാർ ജീവനക്കാരെ തിരിച്ചറിയുന്നതിനായി പ്രവൃത്തി സമയങ്ങളിൽ നെയിംബാഡ്ജ്/ നെയിംബോർഡ് കർശനമായും ധരിക്കണമെന്നും കാർഡ് ഇതുവരെ ലഭിച്ചിട്ടില്ലാത്ത ജീവനക്കാർക്ക് ആയത് ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കണമെന്നും നിർദ്ദേശിച്ചുകൊണ്ട് 19-9-2015-ലെ 13671/എ.ആർ.13(2)/2015/ഉഭപവ നമ്പർ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത സർക്കുലർ അനുബന്ധമായി ചേർത്തിട്ടുണ്ട്. *

**ജീവനക്കാരുടെ പെരുമാറ്റച്ചട്ടങ്ങളിൽ മാറ്റം**

38 (1862) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരമേറ്റശേഷം സംസ്ഥാന ജീവനക്കാരുടെ പെരുമാറ്റ ചട്ടങ്ങളിൽ മാറ്റം വരുത്തിയിട്ടുണ്ടോ ; എങ്കിൽ എത്ര തവണ; എന്തെല്ലാമാണ് വരുത്തിയ മാറ്റങ്ങൾ ; പ്രസ്തുത മാറ്റങ്ങളുടെ ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കാമോ ; പെരുമാറ്റചട്ടങ്ങളിൽ മാറ്റം വരുത്താനുള്ള കാരണങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

ഈ സർക്കാർ അധികാരമേറ്റശേഷം 7-8-2014-ലെ G.O.(P)27/14/ P&ARD (പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്)* പ്രകാരം ഒരു തവണ 1960-ലെ കേരള സർക്കാർ ജീവനക്കാരുടെ പെരുമാറ്റ ചട്ടങ്ങളിലെ ചട്ടം 67-ൽ ഭേദഗതി വരുത്തിയിട്ടുണ്ട്. ഇതനുസരിച്ച് സംസ്ഥാന സർക്കാർ ജീവനക്കാർ മത/സാമുദായിക സംഘടനകളുടെ ഭാരവാഹികളാകുന്നത് വിലക്കിയിട്ടുണ്ട്. കൂടാതെ സർക്കാർ ജീവനക്കാർ ശാസ്ത്ര, സാഹിത്യ, ജീവകാരുണ്യ സംഘടനകളുടെയോ അതുപോലെയുള്ള ട്രസ്റ്റ്, സൊസൈറ്റി എന്നിവയുടെയോ ഭാരവാഹികളാകുന്നപക്ഷം ചുമതലയേറ്റ് ഒരു മാസത്തിനകം ആ വിവരം സർക്കാരിനെ അറിയിക്കേണ്ടതും, സർക്കാർ ആവശ്യപ്പെടുകയാണെങ്കിൽ പ്രസ്തുത ഭാരവാഹിത്വം രാജി വയ്ക്കേണ്ടതുമാണ്. ഇത്തരത്തിൽ ഭാരവാഹിത്വം ഏറ്റെടുക്കുന്നവർ പണപ്പിരിവ് നടത്തുകയോ, വരിസംഖ്യ സ്വീകരിക്കുകയോ മറ്റ് സാമ്പത്തിക ഇടപാടുകൾ നടത്തുകയോ ചെയ്യരുത്. സർക്കാർ ജീവനക്കാർ മത/സാമുദായിക സംഘടനാ ഭാരവാഹികളായി പണപ്പിരിവും മറ്റ് സാമ്പത്തിക ഇടപാടുകളും നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്നാണ് സർക്കാർ പ്രസ്തുത ഭേദഗതി ഉത്തരവ് പുറപ്പെടുവിച്ചത്.

**അഗ്രികൾച്ചറൽ അസിസ്റ്റന്റ് റാങ്ക് ലിസ്റ്റ്**

39 (1863) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 18-5-2012-ൽ നിലവിൽവന്ന അഗ്രിക്കൾച്ചറൽ അസിസ്റ്റന്റ് റാങ്ക് ലിസ്റ്റിൽ നിന്ന് നാളിതുവരെ എത്രപേർക്ക് നിയമനം നൽകിയിട്ടുണ്ട്; സംവരണ നില പ്രകാരമുള്ള വിശദാംശം ലഭ്യാക്കുമോ ;

(ബി) പ്രസ്തുത തസ്തികയിൽ പുതുതായി എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത തസ്തികയിലേക്ക് പി.എസ്.സി. പുതിയ വിജ്ഞാപനം ക്ഷണിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ ടി റാങ്ക് ലിസ്റ്റിന്റെ കാലാവധി നീട്ടി നൽകുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 18-5-2012-ൽ നിലവിൽ വന്ന അഗ്രികൾച്ചറൽ അസിസ്റ്റന്റ് റാങ്ക് ലിസ്റ്റിൽ നിന്നും 9-11-2015-വരെ 1511 ഉദ്യോഗാർത്ഥികൾക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ട്. സംവരണനില പ്രകാരമുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി) പുതിയതായി 3 എൻ.ജെ.ഡി. ഒഴിവും മരണംമൂലമുണ്ടായ രണ്ട് ഒഴിവും

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) ടി റാങ്ക് ലിസ്റ്റിന്റെ കാലാവധി 31-3-2016 വരെ ദീർഘിപ്പിച്ചിട്ടുള്ളതിനാൽ പുതിയ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടില്ല.

## 2014-ലെ പി.എസ്.സി. പരീക്ഷകൾ

40 (1864) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014-ൽ ഏതെല്ലാം തസ്തികകളിലെ നിയമനത്തിനായാണ് പി.എസ്.സി. അപേക്ഷ ക്ഷണിച്ചിരുന്നത് ; അതിൽ ഏതെല്ലാം തസ്തികകളിലാണ് എഴുത്തു പരീക്ഷ നടത്തിയത് ; വിശദമാക്കുമോ ;

(ബി) 2014-ൽ പരീക്ഷ നടത്തിയ ഒട്ടുമിക്ക തസ്തികകളിലും റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചില്ല എന്ന ആക്ഷേപം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിലത് അടിയന്തരമായി പരിഹരിക്കാൻ നടപടികൾ സ്വീകരിക്കുമോ ; വിശദാംശം ലഭ്യമാക്കാമോ ?

ഉത്തരം

(എ) 2014-ൽ ആകെ 783 തസ്തികകളിലേയ്ക്ക് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിൽ 451 തസ്തികകളുടെ പരീക്ഷ നടന്നിട്ടുണ്ട്. വിശദാംശം അനുബന്ധമായി ചേർത്തിട്ടുണ്ട്. *

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## 515/2013/ധന. നമ്പർ സർക്കാർ ഉത്തരവിലെ അപാകതകൾ

41 (1865) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശൂന്യവേതന അവധി മുഖേന ഉണ്ടാകുന്ന ഒഴിവുകൾ, 11-10-2013-ലെ 515/2013/ധനം എന്ന സർക്കാർ ഉത്തരവ് കാരണം, പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാതിരിക്കുന്ന സ്ഥിതിവിശേഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഇത്തരം ഒഴിവുകളിൽ താൽക്കാലിക ജീവനക്കാരെ നിയമിക്കുന്നത് ഒഴിവാക്കി പി.എസ്.സി. വഴി നിയമിക്കാനും ഉത്തരവ് റദ്ദാക്കുവാനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) ശൂന്യവേതന അവധി മുഖേനയുണ്ടാകുന്ന ഒഴിവുകൾ 6 മാസക്കാലയളവിലേക്ക് താത്കാലികമായി മാത്രമേ നികത്താവൂ എന്നാണ് 11-10-2013-ലെ സ.ഉ.(പി) നമ്പർ 515/2013/ധന പ്രകാരം നിഷ്കർഷിച്ചിട്ടുള്ളത് എന്നതിനാൽ ഇവ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യേണ്ടുന്ന സ്ഥിതിവിശേഷം ഉണ്ടാകുന്നില്ല.

**ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ടു ചെയ്യുന്നുണ്ടോയെന്ന് പരിശോധിക്കാൻ P&ARD സ്ക്വാഡ്**

42 (1866) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

വിവിധ വകുപ്പുകൾ യഥാസമയം പി.എസ്.സി.ക്ക് ഒഴിവുകൾ റിപ്പോർട്ടു ചെയ്യുന്നുണ്ടോയെന്ന പരിശോധിക്കാൻ P&ARD യുടെ ഒരു സ്ക്വാഡിനെ ചുമതലപ്പെടുത്താൻ തയ്യാറാവുമോ ?

ഉത്തരം

ഒഴിവുകൾ റിപ്പോർട്ട് ചെയ്യാത്തത് സംബന്ധിച്ച് ഗുരുതരമായ ആക്ഷേപം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുമ്പോൾ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് പ്രസ്തുത വകുപ്പുകളിൽ പരിശോധന നടത്താറുണ്ട്.

**ഇടമലക്കുടി പഞ്ചായത്തിലെ തെരഞ്ഞെടുപ്പ് ഡ്യൂട്ടിക്കുള്ള വേതനം**

43 (1867) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തെരഞ്ഞെടുപ്പ് ഡ്യൂട്ടിക്ക് നിയോഗിക്കപ്പെട്ടിരുന്ന ഉദ്യോഗസ്ഥർക്ക് നല്കിയ വേതനം സംബന്ധിച്ച വിശദാംശം നൽകാമോ ;

(ബി) ഇടമലക്കുടി പഞ്ചായത്തിലെ തെരഞ്ഞെടുപ്പ് ഡ്യൂട്ടിക്ക് നിയോഗിക്കപ്പെട്ടിരുന്നവർ രണ്ടു ദിവസം അധിക ഡ്യൂട്ടി ചെയ്തിട്ടും അധിക വേതനം നൽകിയിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇതു പരിഹരിച്ച് അധികമായി ജോലി ചെയ്തതിനു ലഭിക്കേണ്ട വേതനം നൽകുന്നതിനുള്ള നിർദ്ദേശം നൽകുമോ ;

(സി) തെരഞ്ഞെടുപ്പ് ഡ്യൂട്ടിക്ക് നിയോഗിക്കപ്പെട്ടിരുന്ന ഉദ്യോഗസ്ഥർക്ക് എത്ര ദിവസത്തെ നഷ്ടപരിഹാര അവധിയാണ് എടുക്കാൻ അനുവാദമുള്ളത് ; ഇടമലക്കുടി പഞ്ചായത്തിൽ ഡ്യൂട്ടി ചെയ്തവർക്ക് എത്ര ദിവസത്തെ നഷ്ടപരിഹാര അവധി അനുവദിച്ചിട്ടുണ്ട് ;

(ഡി) ഇടമലക്കുടിയിൽ ഡ്യൂട്ടിക്ക് നിയോഗിക്കപ്പെട്ടിരുന്ന ഉദ്യോഗസ്ഥർക്ക് അനുവദിച്ചിരുന്ന മറ്റു സൗകര്യങ്ങൾ എന്തൊക്കെയാണെന്ന് വിശദീകരിക്കുമോ ?

<u>ഉത്തരം</u>

(എ) തെരഞ്ഞെടുപ്പ് ഡ്യൂട്ടിക്ക് നിയോഗിക്കപ്പെട്ടിരുന്ന പ്രിസൈഡിംഗ് ഓഫീസർക്ക് 2 ദിവസത്തേക്ക് ഫുഡ് അലവൻസ് ഉൾപ്പെടെ 1,000 രൂപയും മറ്റ് ഓഫീസർമാർക്ക് 2 ദിവസത്തേക്ക് ഫുഡ് അലവൻസ് ഉൾപ്പെടെ 800 രൂപ വീതവും വേതനം അനുവദിച്ചിരുന്നു.

(ബി) ഇടമലക്കുടി ഗ്രാമപഞ്ചായത്തിലെ തെരഞ്ഞെടുപ്പ് ഡ്യൂട്ടിക്ക് നിയോഗിക്കപ്പെട്ടിരുന്നവർക്ക് 2 ദിവസത്തെ വേതനമാണ് നൽകിയിരുന്നത്. എന്നാൽ ഉദ്യോഗസ്ഥർ അധിക ഡ്യൂട്ടി ചെയ്ത കാര്യം ശ്രദ്ധയിൽപ്പെട്ടപ്പോൾ, അധികമായി ജോലി ചെയ്ത 2 ദിവസത്തെ വേതനംകൂടി ഉദ്യോഗസ്ഥർക്ക് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ഇടമലക്കുടി ഗ്രാമ പഞ്ചായത്ത് ഉൾപ്പെടെ സംസ്ഥാനത്ത് തിരഞ്ഞെടുപ്പ് ഡ്യൂട്ടിക്ക് നിയോഗിച്ചിരുന്ന ഉദ്യോഗസ്ഥർക്ക് നഷ്ടപരിഹാര അവധി അനുവദിച്ചിരുന്നില്ല.

(ഡി) ഇടമലക്കുടിയിൽ ഡ്യൂട്ടിക്ക് നിയോഗിക്കപ്പെട്ടിരുന്നവർക്ക് ഇലക്ഷൻ സാമഗ്രികളുടെ വിതരണ ദിവസം മുതൽ ഭക്ഷണം നൽകുകയും 13 ബൂത്തികളിലേക്കായി വാഹനം എത്തുന്ന സ്ഥലം വരെ ചെല്ലുന്നതിനായി 41 ഫോർ വീൽ ജീപ്പുകളും, ഒരു ടെമ്പോയും അയച്ചിരുന്നു. കൂടാതെ ഉദ്യോഗസ്ഥരോടൊപ്പം മെഡിക്കൽ ടീമിനെ ആവശ്യമായ മരുന്നുകൾ സഹിതം അയച്ചിരുന്നു. കമ്മ്യൂണിക്കേഷനുവേണ്ടി 24 ഹാം റേഡിയോ പ്രവർത്തകരേയും അക്ഷയ ടീമിനെയും ഇടമലക്കുടിയിൽ നിയോഗിച്ചിരുന്നു. ഡ്യൂട്ടിക്ക് നിയോഗിക്കപ്പെട്ടിരുന്ന ഉദ്യോഗസ്ഥർക്കായി ഇടമലക്കുടിയിൽ ഭക്ഷണം നൽകുന്നതിന് ദേവികുളം താലൂക്ക് എസ്.ടി. ഓഫീസർ മുഖാന്തരം ക്രമീകരണങ്ങൾ നടത്തുകയും കുറ്റമറ്റ രീതിയിൽ

അത് നൽകുകയും ചെയ്തു.

കൂടാതെ ഇടമലക്കുടിയിൽ ഡ്യൂട്ടിക്ക് നിയോഗിക്കപ്പെട്ട എല്ലാ ഉദ്യോഗസ്ഥർക്കും സ്ലീപ്പിംഗ് ബാഗ്, ഫസ്റ്റ് എയ്ഡ് കിറ്റ്, ഓരോ ബൂത്തിലേക്കും ഓരോ എമർജൻസി ലാമ്പ്, 2 ടോർച്ചുകൾ എന്നിവ നൽകുകയും ഇലക്ഷൻ സാമഗ്രികളും മറ്റും ചുമന്നുകൊണ്ടുപോകുന്നതിനായി പരിചയസമ്പന്നരായ ചുമട്ടുതൊഴിലാളികളെ ഏർപ്പെടുത്തുകയും ചെയ്തിരുന്നു. വിജയകരമായി പോളിംഗ് ഡ്യൂട്ടികൾ നിർവഹിച്ച് തിരിച്ചുവന്ന ഉദ്യോഗസ്ഥരെ സ്വീകരിച്ച് ആരോഗ്യ പ്രശ്നങ്ങൾ പരിശോധിക്കുന്നതിനായി വാൽപ്പാറയിൽ വേണ്ട സൗകര്യങ്ങൾ ചെയ്തിരുന്നു. ഈ കേന്ദ്രത്തിൽ ഭക്ഷണവും മറ്റ് ക്രമീകരണങ്ങളും ഏർപ്പെടുത്തിയിരുന്നു.

**തദ്ദേശസ്വയംഭരണ സ്ഥാപന തെരഞ്ഞെടുപ്പിന് ചെലവാക്കിയ തുക**

44 (1868) <u>ശ്രീ. എം. ചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപന തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് പാലക്കാട് ജില്ലയിൽ പോലീസ് ഉപയോഗിച്ച സ്വകാര്യ വാഹനങ്ങൾക്ക് ഇനിയും വാടക നൽകിയിട്ടില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഗ്രാമ-ബ്ലോക്ക്തല വരണാധികാരികളായി പ്രവർത്തിച്ച ഉദ്യോഗസ്ഥർക്കും അനുബന്ധ സ്റ്റാഫിനും ഓണറേറിയം നിശ്ചയിച്ച് നൽകിയിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷനുമായി ആലോചിച്ച് ഇക്കാര്യം തീരുമാനിക്കുമോ ;

(ഡി) തെരഞ്ഞെടുപ്പിന് ആവശ്യമായ തുക സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷനു നൽകിയിട്ടുണ്ടോ ; ഇതുവരെ എത്ര രൂപ നൽകി; ഇനിയും എത്ര തുക കൂടി നൽകുവാനുണ്ട് ; പ്രതീക്ഷിക്കുന്ന ചെലവ് എത്രയാണെന്നു കണക്കാക്കിയിട്ടുണ്ടോ ; വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) തദ്ദേശസ്വയംഭരണ സ്ഥാപന തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് പാലക്കാട് ജില്ലയിൽ പോലീസ് ഉപയോഗിച്ച സ്വകാര്യ വാഹനങ്ങൾക്ക് മുഴുവൻ വാടകയും നൽകിയിട്ടുണ്ട്.

(ബി&സി) ഇല്ല. വരണാധികാരികൾക്കും ഉപവരണാധികാരികൾക്കും ഓണറേറിയം നിശ്ചയിച്ച് നൽകുന്ന വിഷയം സംസ്ഥാന തെരഞ്ഞെടുപ്പ്

കമ്മീഷന്റെ പരിശോധനയിലാണ്.

(ഡി) പൊതുതെരഞ്ഞെടുപ്പിന്റെ നടത്തിപ്പിലേക്കായി നാളിതുവരെ സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷന് 92 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ജില്ലാ തെരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻമാരോടും തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് പ്രവർത്തിച്ച അച്ചടി, സ്റ്റേഷനറി വകുപ്പുകളോടും മറ്റ് വകുപ്പുകളോടും തെരഞ്ഞെടുപ്പ് ചെലവുകളെ സംബന്ധിച്ച അന്തിമ റിപ്പോർട്ട് സമർപ്പിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ ഇനിയും എത്ര തുകകൂടി തെരഞ്ഞെടുപ്പ് ചെലവിലേക്ക് ആവശ്യമായി വരുമെന്ന് കണക്കാക്കുവാൻ സാധിക്കുകയുള്ളൂ.

**വീണ്ടും ചികിത്സാ സഹായം**

45 (1869) <u>ശ്രീ. പി. തിലോത്തമൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചികിത്സാ സഹായമായി പരമാവധി നൽകുന്ന തുക എത്രയാണെന്നും ഏതെല്ലാം മാനദണ്ഡങ്ങൾ പാലിച്ചാണ് ചികിത്സാ ധനസഹായം അനുവദിക്കുന്നതെന്നും വ്യക്തമാക്കാമോ ;

(ബി) ഗുരുതരമായ പല രോഗങ്ങൾക്കും ചെലവേറിയ ചികിത്സ കൂടുതൽ കാലം വേണമെന്നിരിക്കേ ഒരേ രോഗിയ്ക്ക് ഒന്നിൽ കൂടുതൽ തവണ ചികിത്സാ ധനസഹായം അനുവദിക്കുന്നതിന് തടസ്സമുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(സി) ഇപ്രകാരമുള്ള രോഗികൾക്ക് ആദ്യം ചെറിയൊരു തുക സഹായമായി ലഭിച്ചു എന്ന കാരണത്താൽ വീണ്ടും സഹായധനം നൽകേണ്ടതില്ല എന്ന നിർദ്ദേശം റവന്യൂ ഉദ്യോഗസ്ഥർക്ക് നൽകിയിട്ടുണ്ടോ? എങ്കിൽ പ്രസ്തുത നിർദ്ദേശത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(ഡി) ആദ്യം ചെറിയൊരു തുക സഹായമായി ലഭിച്ച രോഗികൾക്ക് വീണ്ടും അപേക്ഷിച്ചതിൻ പ്രകാരം അനുവദിച്ച സഹായധനം ചേർത്തല താലൂക്ക് ഓഫീസ് വഴി നൽകാതിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; മറ്റ് ജില്ലകളിൽ ഒരേ രോഗിക്ക് പലപ്പോഴായി പതിനായിരം രൂപയോ അതിലധികമോ നൽകുമ്പോൾ ഇവിടെ മാത്രം ഇപ്രകാരം നിലപാടെടുക്കുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ ; രോഗികൾക്ക് ബുദ്ധിമുട്ടാകുന്ന തരത്തിലുള്ള ഇത്തരം നടപടികൾ അവസാനിപ്പിയ്ക്കുന്നതിന് നിർദ്ദേശം നൽകുമോ ?

<u>ഉത്തരം</u>

(എ&ബി) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ചികിത്സാ ധനസഹായമായി ജില്ലാ കളക്ടർമാർ 2,000 രൂപ വരെയും റവന്യൂ വകുപ്പുമന്ത്രി

5,000 രൂപവരെയും അനുവദിക്കുന്നു. മരണം സംഭവിച്ച ദുരന്തപൂർണ്ണമായ സാഹചര്യങ്ങളിൽ, മുഖ്യമന്ത്രിയുടെ വിവേചനാധികാരം ഉപയോഗിച്ച് 1,00,000 രൂപ വരെ അനുവദിക്കുന്നു. മന്ത്രിസഭായോഗ തീരുമാനത്തിന് വിധേയമായി ഒരു ലക്ഷം രൂപയിൽ കൂടുതൽ തുകയും അനുവദിക്കാറുണ്ട്.

ചികിത്സാസഹായം, അപകടമരണം എന്നിവയ്ക്കാണ് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും പ്രധാനമായും ധനസഹായം അനുവദിക്കുന്നത്.

അപേക്ഷകന്റെ കുടുംബ വാർഷിക വരുമാനം 1,00,000 (ഒരു ലക്ഷം) രൂപയിൽ താഴെയായിരിക്കണം.

ഒരു വ്യക്തിക്ക് ഒരു തവണ മാത്രമേ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ധനസഹായം ലഭിക്കുകയുള്ളു.

ക്യാൻസർ, കിഡ്നി സംബന്ധമായ ഗുരുതര രോഗങ്ങൾ എന്നിവയ്ക്ക് പ്രത്യേക സാഹചര്യം പരിഗണിച്ച് ധനസഹായം ലഭിച്ച് രണ്ട് വർഷത്തിനുശേഷം വീണ്ടും ധനസഹായത്തിന് അപേക്ഷിക്കാവുന്നതാണ്.

ക്യാൻസർ, വൃക്കരോഗം, ഹൃദയരോഗം, ന്യൂറോ സംബന്ധമായ രോഗം, ഹീമോഫീലിയ, എയ്ഡ്സ് എന്നീ ഗുരുതര രോഗങ്ങൾക്ക് 10,000 രൂപവരെ അനുവദിക്കുന്നു.

അപകട മരണങ്ങൾക്ക് ഇരയാകുന്നവരുടെ ആശ്രിതർ, മരണം നടന്ന് ഒരു വർഷത്തിനുള്ളിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ധനസഹായത്തിന് അപേക്ഷിക്കേണ്ടതാണ്.

തീപിടുത്തംമൂലം വാസഗൃഹങ്ങൾക്കും, ചെറുകിട വ്യാപാര സ്ഥാപനങ്ങൾക്കും ഉണ്ടാകുന്ന നാശനഷ്ടങ്ങൾക്കും 10,000 രൂപ വരെയും അനുവദിക്കുന്നു.

വിദ്യാർത്ഥികളും കുട്ടികളും ഉൾപ്പെടുന്ന ബോട്ടപകടം/റോഡപകടംപോലുള്ള ദാരുണമായ അപകടങ്ങളിൽ മരണം സംഭവിക്കുന്നവരുടെ കുടുംബങ്ങൾക്ക് സാമ്പത്തിക സഹായം നൽകുന്നുണ്ട്.

സ്ഫോടകശക്തിയുള്ള ഇന്ധനങ്ങളോ മറ്റ് പദാർത്ഥങ്ങളോ വഹിക്കുന്ന വാഹനങ്ങൾ അപകടത്തിൽപ്പെടുമ്പോഴോ അതുപോലുള്ള ആകസ്മിക ദുരന്തങ്ങളിലോ മരണമടയുന്നവരുടെ കുടുംബത്തിന് പ്രാഥമിക സഹായമായി ഒരു ലക്ഷം രൂപ നൽകുന്നതാണ്.

(സി&ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി

46 (1870) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ആലപ്പുഴ ജില്ലയിൽ 2014-15 വർഷത്തിൽ എത്ര രൂപ അനുവദിച്ചു എന്ന് താലൂക്ക് തിരിച്ച് വ്യക്തമാക്കാമോ ?

ഉത്തരം

| താലൂക്ക് | തുക |
|---|---|
| ചേർത്തല | 3,52,45,152 |
| അമ്പലപ്പുഴ | 3,43,69,000 |
| കുട്ടനാട് | 1,65,72,500 |
| കാർത്തികപ്പള്ളി | 3,63,35,100 |
| മാവേലിക്കര | 1,87,43,500 |
| ചെങ്ങന്നൂർ | 88,23,000 |

## സി. എം.ഡി.ആർ.എഫ്.ആനുകൂല്യം

47 (1871) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 31-10-2015-ന് അവസാനിച്ച കാലയളവിൽ ഈ സാമ്പത്തിക വർഷം പാലക്കാട് ജില്ലയിൽ എത്ര പേർക്ക് സി.എം.ഡി.ആർ.എഫ്. ൽ നിന്നും ആനുകൂല്യം നൽകിയിട്ടുണ്ട് ; വ്യക്തമാക്കുമോ ;

(ബി) എത്ര തുകയാണ് ഈ ഇനത്തിൽ ജില്ലയിൽ അനുവദിച്ചത് ; എത്ര തുകയാണ് വിതരണം ചെയ്തത് ; വ്യക്തമാക്കുമോ ;

(സി) പാലക്കാട് ജില്ലയിൽ സി.എം.ഡി.ആർ.എഫ്.-ന്റെ എത്ര അപേക്ഷകളാണ് നിലവിലുള്ളത് വ്യക്തമാക്കുമോ ;

(ഡി) ഇവയിന്മേൽ സമയബന്ധിതമായി നടപടി സ്വീകരിക്കുമോയെന്നു വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) 31-10-2015-ന് അവസാനിച്ച കാലയളവിൽ ഈ സാമ്പത്തിക വർഷം പാലക്കാട് ജില്ലയിൽ 3397 പേർക്ക് സി.എം.ഡി.ആർ.എഫ്.-ൽനിന്നും ആനുകൂല്യം അനുവദിച്ചിട്ടുണ്ട്.

(ബി) ഈ ഇനത്തിൽ പാലക്കാട് ജില്ലയിൽ 7,14,09,500 രൂപയാണ് അനുവദിച്ചത്. ഇതിൽ 5,84,72,500 രൂപ ഗുണഭോക്താക്കൾക്ക് വിതരണം നടത്തിയിട്ടുണ്ട്.

(സി) പാലക്കാട് ജില്ലയിൽ 23-6-2015 തീയതിവരെ ഉത്തരവായ സർക്കാർ ഉത്തരവുകൾക്ക് ധനസഹായം വിതരണം ചെയ്തിട്ടുണ്ട്. പ്രസ്തുത തീയതിക്കുശേഷം ഉത്തരവായ അപേക്ഷകർക്ക് ധനസഹായം വിതരണം ചെയ്തിട്ടില്ല.

(ഡി) സീനിയോറിറ്റിയും ഫണ്ടിന്റെ ലഭ്യതയും അനുസരിച്ച് ധനസഹായ വിതരണം നടത്തുന്നതാണ്.

**ദുരിതാശ്വാസ നിധിയിൽനിന്നും ധനസഹായം**

48 (1872) <u>ശ്രീ. ജോസ് തെറ്റയിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തുറവൂർ പഞ്ചായത്തിലെ വാഴേലിപ്പറമ്പിൽ സതീശൻ. വി.പി.-ടെ മകൾ ഗോപികയുടെ ചികിത്സയ്ക്കായി ദുരിതാശ്വാസ നിധിയിൽനിന്നും തുക അനുവദിച്ച് കിട്ടുന്നതിനായി 4-5-2015-ന് സമർപ്പിച്ച അപേക്ഷയിൽ (No. 3546/VIP/CM/2015) സ്വീകരിച്ചിട്ടുള്ള നടപടി എന്തെന്ന് വ്യക്തമാക്കുമോ ;

(ബി) കുടുംബത്തിന്റെ ദയനീയാവസ്ഥ കണക്കിലെടുത്ത് അടിയന്തരമായി തുക അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ & ബി) 15-12-2015 തീയതിയിലെ സ.ഉ.(സാധ) നമ്പർ 6631/15/റവ പ്രകാരം എറണാകുളം ജില്ല, ആലുവ, തുറവൂർ, കിടങ്ങൂർ വാഴേലിപറമ്പിൽ സതീശൻ വി. പി.-ക്ക് മകളുടെ ചികിത്സയ്ക്കായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും 1,00,000 രൂപ (ഒരു ലക്ഷം രൂപ മാത്രം) ധനസഹായം അനുവദിച്ചിട്ടുണ്ട്.

**ജനസമ്പർക്ക പരിപാടികളിലൂടെയുള്ള ചികിത്സാ സഹായം**

49 (1873) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനസമ്പർക്ക പരിപാടികളിൽ ചികിത്സാ സഹായത്തിനുള്ള അപേക്ഷകളോടൊപ്പം സമർപ്പിക്കപ്പെടുന്ന രേഖകളുടെ ആധികാരികത പരിശോധിക്കുന്നത് എപ്രകാരമാണെന്ന് പറയാമോ ;

(ബി) പലതവണ ഒരാൾ തന്നെ ചികിത്സാ സഹായം ലഭിക്കുന്നതിന് അപേക്ഷ സമർപ്പിച്ചാൽ അതോടൊപ്പം സമർപ്പിക്കപ്പെടുന്നത് ഒരേ രേഖകളുടെ പകർപ്പുകളാണെങ്കിലും വ്യത്യസ്ഥതമായ തുക അനുവദിക്കുന്നതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇപ്രകാരം സംഭവിക്കാതിരിക്കുവാൻ എന്തു നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത് ;

(സി) വിവിധ രാഷ്ട്രീയ പാർട്ടിയിൽപ്പെട്ട ആളുകൾ സമർപ്പിക്കുന്ന ഒരേ അപേക്ഷകന്റെ ഒരേ രോഗത്തിനുള്ള ചികിത്സാ സഹായത്തിനുള്ള അപേക്ഷകളിൽ വ്യത്യസ്ത തുകയാണ് അനുവദിക്കുന്നതെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എന്തുകൊണ്ടാണ് ഇപ്രകാരം സംഭവിക്കുന്നതെന്ന് പറയാമോ ;

(ഡി) ചെലവേറിയ ചികിൽസ വേണ്ട ക്യാൻസർ പോലെയുള്ള അസുഖങ്ങൾക്ക് ചെറിയ തുകമാത്രം അനുവദിച്ച് അപേക്ഷകരെ പരിഹസിക്കുന്ന സാഹചര്യമാണ് നിലനിൽക്കുന്നതെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ രോഗത്തിന്റെ ഗൗരവത്തിനും രോഗിയുടെ സാമ്പത്തിക സ്ഥിതിയ്ക്കും അനുസൃതമായി സഹായധനം അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ജനസമ്പർക്ക പരിപാടികളിൽ സമർപ്പിക്കുന്ന അപേക്ഷകളിൽ സ്ക്രീനിംഗ് കമ്മിറ്റിയാണ് രേഖകളുടെ ആധികാരികത പരിശോധിക്കുന്നത്. ചികിത്സാ സഹായത്തിനുള്ള അപേക്ഷകൾ തഹസിൽദാർ മുഖേന അന്വേഷണം നടത്തി ആവശ്യമായ കേസ്സുകളിൽ, ജില്ലാ ഓഫീസർമാർ മുഖേനയും അന്വേഷണം നടത്തിയതിന്റെ അടിസ്ഥാനത്തിലും ധനസഹായം അനുവദിക്കുന്നു. രജിസ്ട്രേഷൻ സമയത്ത് ഹാജരാക്കുന്ന ആധാർ കാർഡ്, ID കാർഡ് എന്നീ രേഖകളുടെയും അപേക്ഷയോടൊപ്പം ഹാജരാക്കുന്ന അസ്സൽ സർട്ടിഫിക്കറ്റുകളുടെയും അടിസ്ഥാനത്തിലുമാണ് ആധികാരികത പരിശോധിക്കുന്നത്.

(ബി) ഒന്നിൽ കൂടുതലുള്ള അപേക്ഷകളിൽ ധനസഹായം അനുവദിച്ചാൽ അനുവദിച്ച തുകകളിൽ കൂടിയ തുക കക്ഷിക്ക് നൽകുന്നതും മറ്റുള്ള അപേക്ഷകൾ നിരസിക്കുന്നതുമാണ്. ചികിത്സാ ധനസഹായത്തിനുള്ള അപേക്ഷയോടൊപ്പം അസ്സൽ മെഡിക്കൽ സർട്ടിഫിക്കറ്റ് ഹാജരാക്കുന്ന മുറയ്ക്ക് മാത്രമാണ് ധനസഹായം അനുവദിച്ചിട്ടുള്ളത്. ഒരാൾക്ക് ഒരേ ആവശ്യത്തിന് ഒന്നിൽ കൂടുതൽ തവണ ധനസഹായം ലഭിക്കുന്നില്ലെന്ന് ബന്ധപ്പെട്ട തഹസിൽദാർമാർ മുഖാന്തിരം പരിശോധന നടത്തി ഉറപ്പാക്കുന്നുണ്ട്. അപേക്ഷയുടെ ഇരട്ടിപ്പ് കണ്ടുപിടിക്കുന്നതിന് പ്രത്യേകം സോഫ്റ്റ്‌വെയർ 'കരുതൽ 2015' ൽ C-DIT മുഖേന ലഭ്യമാക്കിയിരുന്നു. ആധാർ നമ്പർ, ബാങ്ക് അക്കൗണ്ട് മുഖേനയും ഇരട്ടിപ്പ് കണ്ടുപിടിക്കാൻ കഴിയുന്നതാണ്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ചികിത്സാ സഹായത്തിനായി ലഭിക്കുന്ന അപേക്ഷകളിൽ രോഗത്തിന്റെ ഗൗരവം, രോഗിയുടെ പ്രായം, ചികിത്സാചെലവ്, സാമ്പത്തിക സ്ഥിതി തുടങ്ങിയവ കണക്കിലെടുത്താണ് ധനസഹായം അനുവദിക്കാറുള്ളത്.

**ദുരിതാശ്വാസനിധി**

50 (1874) ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തുറവൂർ പഞ്ചായത്തിലെ കോവാട്ട് വീട്ടിൽ ശൗരിയാർ ദുരിതാശ്വാസനിധിയിൽ

നിന്നും തുക അനുവദിച്ച് കിട്ടുന്നതിനായി 19-5-2015-ൽ സമർപ്പിച്ച അപേക്ഷയിൽ (No. 4346/VIP/CM/2015) സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കുമോ ;

(ബി) കുടുംബത്തിന്റെ ദയനീയാവസ്ഥ കണക്കിലെടുത്ത് അടിയന്തരമായി തുക അനുവദിക്കുവാൻ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ&ബി) 27-11-2015-ലെ സ.ഉ.(സാധാ) നമ്പർ 6331/15/റവ-ലെ ക്രമ നമ്പർ 20 പ്രകാരം ശൗരിയാറിന് ചികിത്സയ്ക്കായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും 10,000 രൂപ (പതിനായിരം രൂപ മാത്രം) അനുവദിച്ചിട്ടുണ്ട്.

**മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി**

51 (1875) <u>ശ്രീ. സി. കൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ധനസഹായം അനുവദിച്ച് ഉത്തരവായാൽ എത്ര ദിവസത്തിനുള്ളിൽ തുക വിതരണം ചെയ്യാൻ കഴിയുമെന്നും ഇത് സംബന്ധിച്ച് എന്തെങ്കിലും മാനദണ്ഡങ്ങൾ ഉണ്ടോയെന്നും വ്യക്തമാക്കുമോ ;

(ബി) ധനസഹായം ലഭിക്കുന്നതിനുള്ള ഉത്തരവായിട്ടും എത്ര തുക കുടിശ്ശികയാണെന്നു ജില്ല തിരിച്ച് വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ) ധനസഹായത്തിനുള്ള അപേക്ഷകരുടെ ബാഹുല്യവും ഫണ്ടിന്റെ അപര്യാപ്തതയുംമൂലം ഉത്തരവ് പുറപ്പെടുവിച്ചുകഴിഞ്ഞാലും ഗുണഭോക്താക്കൾക്ക് തുക ലഭ്യമാകാൻ കാലതാമസം നേരിടുന്നുണ്ട്. ജില്ലാ കളക്ടർമാർ അനുവദിക്കുന്ന തുക 14 ദിവസത്തിനകവും സർക്കാർ ഗുണഭോക്താവിന്റെ പേര് എടുത്തുപറഞ്ഞുകൊണ്ട് അനുവദിക്കുന്ന തുക ഒരു മാസത്തിനകവും വിതരണം ചെയ്യുന്നതിന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി)

| ജില്ല | തുക |
|---|---|
| (1) | (2) |

| | |
|---|---|
| തിരുവനന്തപുരം | 2,97,0,000 |
| കൊല്ലം | 4,29,19,000 |
| പത്തനംതിട്ട | 2,46,29,000 |
| ആലപ്പുഴ | 6,63,04,000 |
| കോട്ടയം | 9,86,06,500 |
| ഇടുക്കി | 2,24,80,538 |
| എറണാകുളം | 11,76,52,000 |
| തൃശ്ശൂർ | 98,50,500 |
| പാലക്കാട് | 2,89,70,782 |
| മലപ്പുറം | 2,60,91,987 |
| (1) | (2) |
| കോഴിക്കോട് | 1,79,37,500 |
| വയനാട് | 50,00,000 |
| കണ്ണൂർ | ... |
| കാസർഗോഡ് | 1,62,51,500 |

**മുഖ്യമന്ത്രിയുടെ ചികിത്സാ സഹായം**

52 (1876) ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ എന്തു തുക മുഖ്യമന്ത്രിയുടെ ചികിത്സാ സഹായഫണ്ടിൽ നിന്ന് ധനസഹായമായി നല്കിയിട്ടുണ്ട് ;

(ബി) കഴിഞ്ഞ ഗവൺമെന്റിന്റെ കാലയളവിൽ പ്രസ്തുത ആവശ്യത്തിനായി എന്ത് തുക നല്കിയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം മുഖ്യമന്ത്രിയുടെ ചികിത്സാ സഹായഫണ്ടിൽ നിന്ന് നാളിതുവരെ (30-11-2015 വരെ) ചികിത്സാ സഹായമുൾപ്പെടെയുള്ള വിവിധ സഹായധനമായി ആകെ 651,23,18,033 രൂപ (അറുനൂറ്റി അൻപത്തൊന്ന് കോടി ഇരുപത്തിമൂന്ന് ലക്ഷത്തി പതിനെട്ടായിരത്തി മുപ്പത്തിമൂന്ന് രൂപ മാത്രം) അനുവദിച്ചിട്ടുണ്ട്.

(ബി) കഴിഞ്ഞ ഗവൺമെന്റിന്റെ കാലയളവിൽ വിവിധ ധനസഹായങ്ങൾ വിതരണം ചെയ്യുന്നതിനായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്ന് ആകെ 120,24,96,038 രൂപ (നൂറ്റിയിരുപത് കോടി ഇരുപത്തിനാല് ലക്ഷത്തി തൊണ്ണൂറ്റാറായിരത്തി മുപ്പത്തിയെട്ട് രൂപ മാത്രം) അനുവദിച്ചിട്ടുണ്ട്.

### മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി

53 (1877) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് ശ്രീമതി ലൂസി ചാക്കോ, മുക്കോണിൽ വീട്, കാണക്കാരി കോട്ടയം നൽകിയ അപേക്ഷ (പെറ്റീഷൻ നമ്പർ 31034/cm/14 dated 27-10-2014)യിൻമേൽ സ്വീകരിച്ച നടപടികൾ അറിയിക്കുമോ ;

(ബി) പ്രസ്തുത അപേക്ഷ സംബന്ധിച്ച് കോട്ടയം കളക്ടർ റിപ്പോർട്ട് നല്കിയിട്ടുണ്ടോ ; ആയതിൻമേൽ തുക അനുവദിച്ചിട്ടുണ്ടോ ;എങ്കിൽ എത്ര രൂപയാണ്; സർക്കാർ ഉത്തരവ് ലഭ്യമാക്കുമോ ; .ഇക്കാര്യം പരാതിക്കാരിയെ അറിയിച്ചിട്ടുണ്ടോ ; പ്രസ്തുത അപേക്ഷയിൻമേൽ നടപടി സ്വീകരിക്കുന്നതിൽ കാലതാമസം ഉണ്ടായിട്ടുണ്ടോ ; എങ്കിൽകാരണം വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) ധനസഹായം അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

### റവന്യൂ വരുമാനത്തിന് നൽകിയ സ്റ്റേ

54 (1878) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കഴിഞ്ഞ 5 വർഷങ്ങളിൽ റവന്യൂ വരുമാനത്തിന് സ്റ്റേ നൽകിയത് എത്ര പ്രാവശ്യമെന്ന് വിശദമാക്കാമോ ?

<u>ഉത്തരം</u>

വിവരം ശേഖരിച്ചുവരുന്നു.

**പൊതുകടത്തിന്റെ നിക്ഷേപം**

55 (1879) <u>ശ്രീ. കെ. രാധാകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുകടത്തിന്റെ ഭാഗമായി സ്വരൂപിച്ച തുകയിൽ വിവിധ പദ്ധതി പ്രവർത്തനങ്ങൾക്ക് എത്ര രൂപ നിക്ഷേപിച്ചു ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) പൊതുകടം വർദ്ധിക്കുന്നതുമൂലമുള്ള ജനങ്ങളുടെ ആശങ്ക പരിഹരിക്കുവാൻ എന്തെങ്കിലും നടപടികൾ സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) കടമെടുത്ത തുക വികസന ചെലവുകൾക്കും പദ്ധതി പ്രവർത്തനങ്ങൾക്കുമാണ് പ്രധാനമായും ചെലവഴിക്കുന്നത്. 2014-15 സാമ്പത്തിക വർഷത്തിൽ വിവിധ പദ്ധതികൾക്കായി 14,252.27 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. ആയതിന്റെ വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

(ബി) അതാതു സാമ്പത്തിക വർഷങ്ങളിൽ കേന്ദ്ര സർക്കാർ നിശ്ചയിച്ചുനൽകുന്ന വായ്പാപരിധിക്കുള്ളിൽ നിന്നുകൊണ്ടാണ് സംസ്ഥാനം വായ്പയെടുക്കുന്നത്. 13-ാം കേന്ദ്ര ധനകാര്യ കമ്മീഷന്റെ ശുപാർശ പ്രകാരമുള്ള ധനഉത്തരവാദിത്ത നിയമത്തിൽ നിഷ്കർഷിക്കുന്ന Debt-GSDP അനുപാതത്തിനുള്ളിൽത്തന്നെ സംസ്ഥാനത്തിന്റെ കടബാദ്ധ്യത നിലനിർത്തുവാൻ സാധിച്ചിട്ടുള്ളതിനാൽ പൊതുകടം വർദ്ധിക്കുന്നുവെന്ന ആശങ്കയ്ക്ക് അടിസ്ഥാനമില്ല.

**ശമ്പള പരിഷ്കരണ റിപ്പോർട്ടിന്റെ കാലതാമസം**

56 (1880) <u>ശ്രീ. മുല്ലക്കര രത്നാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ജീവനക്കാരുടെ ശമ്പളപരിഷ്കരണ റിപ്പോർട്ട് നടപ്പിലാക്കുന്നതിനുള്ള കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വ്യക്തമാക്കുമോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) കാലതാമസം ഒഴിവാക്കി ശമ്പള പരിഷ്കരണം നടപ്പിലാക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ ; ജീവനക്കാർക്ക് ഇടക്കാലാശ്വാസം നൽകുന്ന കാര്യം പരിഗണനയിലുണ്ടോ ; വിശദമാക്കുമോ ?

ഉത്തരം

(എ) കാലതാമസം വരാതെ ശമ്പള കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) കാലതാമസം വരാതെ ശമ്പള കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതിനാൽ ഇടക്കാലാശ്വാസം നൽകുന്ന കാര്യം പരിഗണനയിലില്ല.

**കോൺട്രാക്ടർമാർക്ക് നൽകാനുള്ള സംഖ്യ**

57 (1881) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ കോൺട്രാക്റ്റർമാർക്ക് നല്കി തീർക്കാനുള്ള സംഖ്യ എത്രയാണെന്ന് വ്യക്തമാക്കാമോ ;

(ബി) കോൺട്രാക്റ്റർമാർക്ക് നല്കി തീർക്കാനുള്ള സംഖ്യ എത്രയാണെന്ന് വ്യക്തമാക്കാമോ ;

(സി) എത്ര കോടി രൂപയുടെ കടപത്രമാണ് പുറപ്പെടുവിക്കുന്നത് ?

ഉത്തരം

(എ&ബി) ഭരണ വകുപ്പിൽനിന്നും ധനകാര്യ വകുപ്പിൽ ലഭ്യമായ ലെറ്റർ ഓഫ് ക്രെഡിറ്റ് നിർദ്ദേശങ്ങൾ അനുസരിച്ച് പൊതുമരാമത്ത് (നിരത്ത്, പാലം, കെട്ടിടം), ജലവിഭവം എന്നീ വകുപ്പുകളിലായി ആകെ 1604.49 കോടി രൂപയുടെ കുടിശ്ശിക കോൺട്രാക്ടർമാർക്ക് നൽകാനുണ്ട്.

(സി) 2015-16 വർഷത്തെ ആദ്യ മൂന്ന് പാദങ്ങളിലേക്ക് 11,500 കോടി രൂപയുടെ കടപ്പത്രം പുറപ്പെടുവിക്കുന്നതിനുള്ള അനുമതിയാണ് കേന്ദ്രമന്ത്രാലയം സംസ്ഥാനത്തിന് നൽകിയിട്ടുള്ളത്. ഇതിൽ 2015 നവംബർ 30 വരെ 10,450

കോടി രൂപയുടെ കടപ്പത്രം പുറപ്പെടുവിച്ചിട്ടുണ്ട്.

**ഇ-ഫയൽ സംവിധാനം**

58 (1882) <u>ശ്രീ. എ. റ്റി. ജോർജ്</u> :

<u>ശ്രീ. ലൂഡി ലൂയിസ്</u> :

<u>ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി</u> :

<u>ശ്രീ. ആർ. സെൽവരാജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ധനവകുപ്പിൽ ഇ-ഫയൽ സംവിധാനം നടപ്പിലാക്കിയുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) പ്രസ്തുത സംവിധാനം നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) നടപ്പിലാക്കിയിട്ടുണ്ട്.

(ബി) ഫയൽ പരിശോധിച്ച് നടപടി സ്വീകരിക്കുന്നതിനുള്ള സമയദൈർഘ്യം കുറയ്ക്കുന്നതിനും അതുവഴി പൊതുജനങ്ങൾക്ക് പരമാവധി വേഗത്തിൽ സുതാര്യമായി സർക്കാർ സേവനങ്ങൾ ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടെയാണ് ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കിവരുന്നത്. പ്രസ്തുത സംവിധാനത്തിന്റെ ലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു:

1. സുതാര്യമായും കാര്യക്ഷമമായും ഫയൽ തീർപ്പുകൽപ്പിക്കുവാൻ ഉദ്യോഗസ്ഥരെ പ്രാപ്തരാക്കുക.
2. മേലുദ്യോഗസ്ഥൻമാരുടെ മേൽനോട്ട ചുമതലാ നിർവ്വഹണം എളുപ്പമാക്കുക.
3. സർക്കാർ സേവനങ്ങൾ പൊതുജനങ്ങൾക്ക് ഓൺലൈനായി നൽകുക.
4. ഫയൽ തീർപ്പുകൽപ്പിക്കുന്നതിനുള്ള സമയദൈർഘ്യം കുറയ്ക്കുക.

5. ഒരു ഉദ്യോഗസ്ഥന്റെ അഭാവത്തിൽ മേലുദ്യോഗസ്ഥന് ഫയൽ നടപടി പൂർത്തിയാക്കുവാൻ സാധിക്കുക.
6. ഫയലുകൾ കൈമാറ്റം ചെയ്യുന്നതിനുള്ള സമയം പൂർണ്ണമായും ഒഴിവാക്കുവാൻ സാധിക്കുക.
7. റിക്കോർഡുകൾ സൂക്ഷിക്കുന്നതിനും ആവശ്യാനുസരണം പരിശോധിക്കുവാനുമുള്ള സൗകര്യം ആയാസരഹിതമാക്കുക.
8. ഇ-ഓഫീസ് പൂർണ്ണമായും നിലവിൽ വരുന്നതോടെ സ്റ്റേഷനറി, പ്രിന്റിംഗ് തുടങ്ങിയ ഇനത്തിൽ ചെലവ് കുറയ്ക്കുക.
9. ഫയലിലെ തീരുമാനങ്ങൾ കാലതമാസമില്ലാതെ ജനങ്ങളെ അറിയിക്കാനുള്ള സൗകര്യമൊരുക്കുക.
10. ഉദ്യോഗസ്ഥർക്ക് ഏത് സമയത്തും ഫയൽ പരിശോധിക്കാൻ സാധിക്കുന്നതിനുള്ള സംവിധാനം ഒരുക്കുക.
11. ശുചിത്വപൂർണ്ണമായ ആധുനിക സർക്കാർ ഓഫീസുകൾ.

(സി) ധനകാര്യ വകുപ്പിൽ ഇ-ഫയൽ സംവിധാനം നടപ്പിലാക്കുന്നതിന് ആവശ്യമായ സോഫ്റ്റ് വെയർ സപ്പോർട്ട് നൽകുന്നത് എൻ.ഐ.സി. (നാഷണൽ ഇൻഫർമാറ്റിക്സ് സെന്റർ) എന്ന കേന്ദ്ര സർക്കാർ സ്ഥാപനമാണ്. ഇ-ഫയൽ സംവിധാനം തുടങ്ങിയപ്പോൾ ധനവകുപ്പിലെ പ്രധാനപ്പെട്ട ഫയലുകളെല്ലാം കെൽട്രോൺ മുഖാന്തിരം ഡിജിറ്റൈസ് ചെയ്യുകയും തുടർന്നുവരുന്ന ഫിസിക്കൽ ഫയലുകൾ, തപാലുകൾ, പരാതികൾ എന്നിവ ഡിജിറ്റൈസ് ചെയ്യുന്നതിനായി സി.ആർ.യു. (സെൻട്രൽ രജിസ്റ്ററി യൂണിറ്റ്), ഡി. യു. (ഡയറൈസിംഗ് യൂണിറ്റ്) എന്നീ സെക്ഷനുകൾ പ്രവർത്തിക്കുകയും ചെയ്യുന്നു. ഇവർക്കാവശ്യമായ സാങ്കേതിക പരിശീലനവും നൽകുകയുണ്ടായി. ടി സെക്ഷനുകളിൽ ഹൈസ്പീഡ് സ്കാനറുകളും കമ്പ്യൂട്ടറുകളും സ്ഥാപിച്ചതിനുപുറമെ ധനവകുപ്പിലെ എല്ലാ സെക്ഷനുകളിലെയും കമ്പ്യൂട്ടറുകൾ അപ്ഗ്രേഡ് ചെയ്യുകയും സെക്ഷനുകളിൽ സ്കാനറുകൾ തുടങ്ങി ആവശ്യമായ ഉപകരണങ്ങൾ നൽകുകയുമുണ്ടായി. ധനവകുപ്പിലെ ഫയൽ കൈകാര്യം ചെയ്യുന്ന എല്ലാ ജീവനക്കാർക്കും ഇ-ഓഫീസിൽ പ്രത്യേകം പരിശീലനം നൽകുകയും ചെയ്തു. ഇ-ഓഫീസ് നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഏകോപ്പിപ്പിക്കുന്നതിനുവേണ്ടി ഒരു ഉദ്യോഗസ്ഥനെ നോഡൽ ഓഫീസറായി ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

ഡിജിറ്റൽ സിഗ്നേച്ചർ, വെർച്വൽ പ്രൈവറ്റ് നെറ്റ് വർക്ക് എന്നിവ കേരള സ്റ്റേറ്റ് ഐ.ടി. മിഷൻ മുഖേന അനുവദിച്ചുനൽകുന്നു. സോഫ്റ്റ്‌വെയർ വികസിപ്പിച്ച എൻ.ഐ.സി. (നാഷണൽ ഇൻഫർമാറ്റിക്സ് സെന്റർ) ആണ് പദ്ധതിക്ക് വേണ്ട സാങ്കേതിക സഹായങ്ങൾ നൽകിവരുന്നത്. ജീവനക്കാർക്ക് ഇ-ഓഫീസ് കൈകാര്യം ചെയ്യുന്ന സമയത്ത് വരുന്ന സംശയങ്ങൾ ദൂരീകരിക്കുന്നതിന് ഹാൻഡ് ഹോൾഡിംഗ് സപ്പോർട്ടിംഗ് സ്റ്റാഫിന്റെ സേവനവും നൽകിയിട്ടുണ്ട്.

**കെ.എസ്.എഫ്.ഇ. യുടെ വിദ്യാധനം വായ്പാ പദ്ധതി**

59 (1883) ഡോ. ടി. എം. തോമസ് ഐസക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ ആദ്യ ബഡ്ജറ്റിൽ കെ.എസ്.എഫ്.ഇ.യുടെ ആഭിമുഖ്യത്തിൽ പാവപ്പെട്ട വിദ്യാർത്ഥികൾക്കായി നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ചിരുന്ന വിദ്യാധനം വായ്പാ പദ്ധതിയിലേക്ക് തുടർന്നുള്ള 4 ബഡ്ജറ്റുകളിലും തുക വകയിരുത്തിയിരുന്നോ ; എങ്കിൽ എത്ര വീതം; ഇതിൽ ഓരോ വർഷവും അനുവദിക്കപ്പെട്ട തുക എത്ര വീതം ; വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത പദ്ധതിയിലേയ്ക്കായി 2011 മുതൽ ഓരോ വർഷവും എത്ര വീതം അപേക്ഷകൾ ലഭിച്ചിരുന്നു ; ഇവരിൽ വായ്പയ്ക്കർഹരാണെന്ന് ഓരോ വർഷവും കണ്ടെത്തിയവരുടെ എണ്ണം എത്ര ;

(സി) ഓരോ വർഷവും അർഹരായ അപേക്ഷകരിൽ വായ്പാതുക ലഭ്യമായവർ എത്ര ; ലഭ്യമാകാത്തവർ എത്ര ;

(ഡി) പ്രസ്തുത പദ്ധതിയിലേക്കായി അനുവദിക്കപ്പെട്ട തുകയിൽ ഓരോ വർഷവും പിൻവലിക്കപ്പെടാതെ കിടക്കുന്ന തുക എത്ര വീതമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) കഴിഞ്ഞ 4 വർഷങ്ങളിലെ ബഡ്ജറ്റുകളിൽ വിദ്യാധനം പദ്ധതിക്ക് വകയിരുത്തിയ തുകയുടെയും അനുവദിക്കപ്പെട്ട തുകയുടെയും വിശദ വിവരം താഴെ കൊടുക്കുന്നു:

| വർഷം | വകയിരുത്തിയ തുക | അനുവദിക്കപ്പെട്ട തുക |
|---|---|---|

| | | |
|---|---|---|
| 2011-12 | ... | ... |
| 2012-13 | 10 കോടി രൂപ | 0.28 കോടി |
| 2013-14 | 2 കോടി രൂപ | 0.26 കോടി |
| 2014-15 | 2 കോടി രൂപ | 0.12 കോടി രൂപ |

(ബി&സി)

| വർഷം | വായ്പാ അപേക്ഷകരുടെ എണ്ണം | വായ്പയ്ക്ക് അർഹരായവരുടെ എണ്ണം |
|---|---|---|
| 2011-12 | 18 | 16 |
| 2012-13 | 7 | 6 |
| 2013-14 | 7 | 6 |
| 2014-15 | 4 | 4 |

വായ്പയ്ക്ക് അർഹരായ എല്ലാവർക്കും വായ്പാതുക നൽകിയിട്ടുണ്ട്.

(ഡി) 2011-12-ൽ പ്രത്യേകം തുക അനുവദിച്ചിരുന്നില്ല എങ്കിലും 51.24 ലക്ഷം രൂപ ലോൺ അനുവദിക്കുകയുണ്ടായി.

| വർഷം | പിൻവലിക്കപ്പെടാത്ത തുക |
|---|---|
| 2012-13 | 9.72 കോടി രൂപ |
| 2013-14 | 1.74 കോടി രൂപ |
| 2014-15 | 1.88 കോടി രൂപ |

**റോഡ് പുനർനിർമ്മാണത്തിനായുള്ള ഭരണാനുമതി**

60 (1884) <u>ശ്രീ. കെ. എം. ഷാജി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ അഴീക്കോട് നിയോജക മണ്ഡലത്തിലെ പൊടിക്കുണ്ട് - താന റോഡ് പുനർനിർമ്മാണത്തിനായുള്ള ഭരണാനുമതി പുതുക്കി ലഭിക്കുന്നതിനായി ധനകാര്യവകുപ്പിൽ നിലവിലുള്ള ഇ 119865/15 നമ്പർ ഫയലിൽ അന്തിമ തീരുമാനമെടുത്തിട്ടുണ്ടോ ; നാളിതുവരെ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ;

(ബി) ഭരണാനുമതി നൽകിയശേഷം ആവശ്യമായ സ്ഥലം സൗജന്യമായി ലഭ്യമായതിനാൽ അക്വിസിഷൻ ചെലവ് വേണ്ടിവരാത്തതുകൊണ്ടാണ് അനുമതി തുകയിൽ കുറവുണ്ടായതെന്നും റിവിഷൻ ആവശ്യമായി വന്നതെന്നുമുള്ള വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഭരണാനുമതി ലഭിച്ചതിനുശേഷം സൗജന്യമായി ലഭിച്ച ഭൂമിയിലെ നിർമ്മിതികൾ നീക്കുന്നതിന് 2012-ലെ ഭരണാനുമതി പ്രകാരം ഒരു ലക്ഷത്തിലധികം രൂപ ചെലവഴിച്ചിട്ടുള്ളതിനാൽ ഭരണാനുമതി പുതുക്കി ലഭിക്കാൻ അർഹതയുണ്ടായിട്ടും പ്രസ്തുത ഫയലിൽ കാലതാമസമുണ്ടാകുന്നതിനുള്ള കാരണം എന്തെന്ന് വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത വിഷയത്തിൽ ധനകാര്യവകുപ്പിന്റെ അന്തിമ ഉത്തരവ് എന്നത്തേക്ക് ലഭ്യമാകുമെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) ഈ വിഷയം സംബന്ധിച്ച ഫയൽ പരിഗണനയിലാണ്.

(ബി) ഇപ്പോൾ ലഭ്യമാക്കിയിരിക്കുന്ന പുതുക്കിയ ഭരണാനുമതി നിർദ്ദേശത്തിൽ കണ്ണൂർ മുനിസിപ്പാലിറ്റിയിലുള്ള റോഡുഭാഗവും കോട്ടാളിക്കും കക്കാടിനും ഇടയിലുള്ള റോഡുഭാഗവും ഒഴിവാക്കിയതുകൊണ്ടുകൂടിയാണ് എസ്റ്റിമേറ്റ് തുകയിൽ കുറവ് വന്നിട്ടുള്ളത്.

(സി&ഡി) ഈ വിഷയത്തിന്റെ വിവിധ വശങ്ങൾ പരിശോധിച്ച് എത്രയും വേഗം ഫയലിൽ അന്തിമ തീരുമാനം എടുക്കുന്നതാണ്.

**ആസ്തി വികസന ഫണ്ടിലെ പ്രൊപ്പോസലുകൾ**

61 (1885) <u>ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്ര നിയോജക മണ്ഡലത്തിൽ ആസ്തി വികസന ഫണ്ടിൽ നിന്നും 2011-12 മുതൽ 2015-16 വരെ വിദ്യാഭ്യാസം, ആരോഗ്യ കുടുംബക്ഷേമം, ജലവിഭവം, തദ്ദേശസ്വയംഭരണം എന്നീ വകുപ്പുകളിൽ നിന്നും എന്തൊക്കെ പ്രപ്പോസലുകൾ ലഭിച്ചു എന്നും ഓരോ പ്രവൃത്തിയുടേയും പ്രപ്പോസൽ എന്നാണ്‌ ലഭിച്ചതെന്നും വ്യക്തമാക്കുമോ ;

(ബി) എത്ര പ്രവൃത്തികൾക്ക് ഭരണാനുമതി ലഭിച്ചു എന്നും ഏതൊക്കെ പ്രവൃത്തി പൂർത്തിയായെന്നും വിശദമാക്കുമോ ;

(സി) ഭരണാനുമതി നൽകാത്ത പ്രപ്പോസലുകളുടെ ഇപ്പോഴത്തെ അവസ്ഥ

വ്യക്തമാക്കുമോ ; പ്രസ്തുത പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) പേരാമ്പ്ര നിയോജക മണ്ഡലത്തിൽ ആസ്തി വികസന പദ്ധതി ആരംഭിച്ച സാമ്പത്തിക വർഷം 2012-13 മുതൽ 2015-16 വരെ വിദ്യാഭ്യാസം, ആരോഗ്യ-കുടുംബക്ഷേമം, ജലവിഭവം, തദ്ദേശസ്വയംഭരണം എന്നീ വകുപ്പുകൾ ശുപാർശ ചെയ്ത് ലഭിക്കുകയും ധനകാര്യ വകുപ്പ് അനുമതി നൽകിയതുമായ പ്രപ്പോസലുകളുടെ വിശദ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി & സി) വിവരം ശേഖരിച്ചുവരുന്നു.

**ശമ്പള കമ്മീഷനുവേണ്ടിയുള്ള ചെലവ്**

62 (1886) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്താം ശമ്പള കമ്മീഷൻ ചെയർമാനും മറ്റ് അംഗങ്ങളും അന്യ സംസ്ഥാനങ്ങളിലേക്ക് യാത്ര നടത്തിയിട്ടുണ്ടെങ്കിൽ എത്ര തവണ ; യാത്ര ബത്ത ഇനത്തിൽ എത്ര തുക കൈപ്പറ്റി ; വിശദമാക്കാമോ ;

(ബി) ചെയർമാൻ, അംഗങ്ങൾ, മറ്റ് ജീവനക്കാർ എന്നിവരുടെ ഒരു മാസത്തെ ശമ്പളം, മറ്റ് അലവൻസുകൾ എന്നിവ എത്ര വീതമാണ്; വിശദമാക്കാമോ ; ശമ്പളം, അലവൻസുകൾ, യാത്ര ബത്ത, മറ്റ് കാര്യങ്ങൾ തുടങ്ങിയ ഇനങ്ങളിൽ നാളിതുവരെ എത്ര തുകയാണ് ചെലവഴിച്ചത് ?

ഉത്തരം

(എ) പത്താം ശമ്പള കമ്മീഷൻ ചെയർമാനും മറ്റ് അംഗങ്ങളും സമഗ്ര ആരോഗ്യ ഇൻഷ്വറൻസ്, സർക്കാർ മേഖലയിൽ വിവരസാങ്കേതികവിദ്യയുടെ സമഗ്ര ഉപയോഗം തുടങ്ങിയ പരിഗണനാ വിഷയങ്ങളെപ്പറ്റി പഠിക്കുന്നതിനായി

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

2 തവണ അന്യസംസ്ഥാനങ്ങളിലേയ്ക്ക് യാത്ര നടത്തിയിട്ടുണ്ട്. പ്രസ്തുത യാത്രാ ഇനത്തിൽ 4,60,682 രൂപ ചെലവായിട്ടുണ്ട്.

(ബി) വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.*

**ശമ്പള പരിഷ്കരണം**

63 (1887) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

സർക്കാർ ജീവനക്കാരുടെയും അദ്ധ്യാപകരുടെയും ശമ്പള പരിഷ്കരണം, കമ്മീഷൻ റിപ്പോർട്ട് സമർപ്പിച്ച് മാസങ്ങൾ കഴിഞ്ഞിട്ടും വൈകുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ ;

ഉത്തരം

ശമ്പള കമ്മീഷൻ റിപ്പോർട്ട് മന്ത്രിസഭാ ഉപസമിതി പഠിച്ച് വരികയാണ്. ശമ്പള പരിഷ്കരണം കാലതാമസം കൂടാതെ നടപ്പിലാക്കുന്നതിനായി 3-12-2015-ൽ സമിതി യോഗം ചേരുന്നുണ്ട്.

**ശമ്പള പരിഷ്കരണം**

64 (1888) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്താം ശമ്പള പരിഷ്കരണ നടപടികൾ മന്ത്രിസഭാ ഉപസമിതി പഠിച്ചുകഴിഞ്ഞുവോ ;

(ബി) ഇല്ലെങ്കിൽ സമയബന്ധിതമായി ഈ നടപടി പൂർത്തീകരിക്കുമോ ;

(സി) ശമ്പള പരിഷ്കരണം നടപ്പിലാക്കുന്നതു സംബന്ധിച്ച് വിവിധ സർവ്വീസ് സംഘടനകളുമായി ചർച്ച നടത്തിയിട്ടുണ്ടോ ;

(ഡി) ശമ്പള പരിഷ്കരണ നടപടി 2015-ൽ തന്നെ നടപ്പിലാക്കി, തുക ജീവനക്കാർക്ക് ലഭ്യമാക്കുമോ ?

ഉത്തരം

(എ&ബി) ശമ്പള കമ്മീഷൻ റിപ്പോർട്ട് മന്ത്രിസഭാ ഉപസമിതിയുടെ പരിഗണനയിലാണ്. ഉപസമിതിയുടെ ഒരു യോഗം 3-12-2015-ൽ കൂടുവാൻ തീരുമാനിച്ചിട്ടുണ്ട്.

(സി) ശമ്പള കമ്മീഷൻ വിവിധ സർവ്വീസ് സംഘടനകളുമായി ചർച്ച നടത്തിയാണ് റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളത്. സർക്കാർ തലത്തിൽ ചർച്ച നടത്തിയിട്ടില്ല.

(ഡി) ഇക്കാര്യം മന്ത്രിസഭാ ഉപസമിതിയുടെ പരിഗണനയിലാണ്.

**കേരള സംസ്ഥാന സംരംഭക മിഷൻ**

65 ([T]1889) <u>ശ്രീ. ചിറ്റയം ഗോപകുമാർ</u> : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

സംരംഭക വികസന മിഷന്റെ ഗുണഭോക്താക്കളായി എത്ര പേർ ഉണ്ടെന്നും എത്ര തുക ആയതിലേക്കായി ലഭ്യമാക്കിയിട്ടുണ്ടെന്നും ജില്ല തിരിച്ച് വാർഷികാടിസ്ഥാനത്തിലുള്ള കണക്കുകൾ ലഭ്യമാക്കുമോ ?

<u>ഉത്തരം</u>

സംരംഭക വികസന മിഷന്റെ ഗുണഭോക്താക്കളായി 2979 പേർ ഉണ്ട്. 14323.94 ലക്ഷം രൂപ ഇതിലേയ്ക്കായി ലഭ്യമാക്കിയിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്കുകൾ ചുവടെ ചേർക്കുന്നു:

| ജില്ല | 2012 ഏപ്രിൽ മുതൽ 2013 മാർച്ച് വരെ | | | 2012 ഏപ്രിൽ മുതൽ 2014 മാർച്ച് വരെ | | | 2012 ഏപ്രിൽ മുതൽ 2015 മാർച്ച് വരെ | | | 2012 ഏപ്രിൽ മുതൽ 2015 ഒക്ടോബർ വരെ (രൂപ ലക്ഷത്തിൽ) | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | സംരംഭങ്ങൾ | സംരംഭകർ | വായ്പ ലഭ്യമാക്കിയ തുക | സംരംഭങ്ങൾ | സംരംഭകർ | വായ്പ ലഭ്യമാക്കിയ തുക | സംരംഭങ്ങൾ | സംരംഭകർ | വായ്പ ലഭ്യമാക്കിയ തുക | സംരംഭങ്ങൾ | സംരംഭകർ | വായ്പ ലഭ്യമാക്കിയ തുക |
| തിരുവനന്തപുരം | 21 | 47 | 222.88 | 100 | 242 | 1232.6 | 198 | 469 | 2066.84 | 217 | 503 | 2374.34 |
| കൊല്ലം | 8 | 13 | 61 | 13 | 23 | 121.1 | 29 | 51 | 289.35 | 47 | 82 | 543.99 |
| പത്തനംതിട്ട | 1 | 1 | 8.4 | 8 | 18 | 98.32 | 24 | 53 | 178.32 | 26 | 56 | 247.02 |
| കോട്ടയം | 11 | 35 | 153.05 | 32 | 83 | 364.73 | 61 | 151 | 714.18 | 79 | 190 | 975.90 |
| ആലപ്പുഴ | 9 | 15 | 66.8 | 18 | 35 | 161.9 | 40 | 74 | 295.10 | 64 | 117 | 488.38 |
| എറണാകുളം | 15 | 42 | 120.52 | 46 | 108 | 487.38 | 115 | 262 | 1254.74 | 163 | 360 | 1865.97 |
| ഇടുക്കി | 6 | 13 | 34.00 | 29 | 68 | 304.00 | 83 | 190 | 814.32 | 116 | 257 | 1149.72 |
| തൃശ്ശൂർ | 2 | 7 | 35.98 | 13 | 24 | 112.93 | 28 | 56 | 284.07 | 44 | 88 | 444.41 |
| മലപ്പുറം | 15 | 42 | 168.48 | 52 | 136 | 604.53 | 130 | 339 | 1522.70 | 167 | 417 | 1904.50 |

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

| | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| പാലക്കാട് | 9 | 15 | 51.63 | 27 | 51 | 205.64 | 53 | 107 | 466.52 | 83 | 164 | 771.34 |
| കോഴിക്കോട് | 17 | 39 | 124.56 | 59 | 145 | 605.10 | 101 | 218 | 1078.82 | 118 | 254 | 1278.96 |
| വയനാട് | 7 | 21 | 90.00 | 20 | 55 | 220.00 | 54 | 131 | 602.00 | 74 | 176 | 847.00 |
| കണ്ണൂർ | 5 | 7 | 25.48 | 21 | 66 | 274.04 | 59 | 159 | 657.18 | 79 | 202 | 902.46 |
| കാസർഗോഡ് | 5 | 15 | 58.20 | 16 | 41 | 171.35 | 34 | 80 | 340.95 | 48 | 113 | 529.95 |
| മൊത്തം | 131 | 312 | 1220.98 | 454 | 1095 | 4963.62 | 1009 | 2340 | 10565.09 | 1325 | 2979 | 14323.94 |

**ട്രഷറി എ.ടി.എം. സംവിധാനം**

66 (1890) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ട്രഷറി ഇടപാടുകൾ പൊതുജനത്തിന് കൂടുതൽ സൗകര്യ പ്രദമാകുന്ന തരത്തിൽ കാലോചിതമായി പരിഷ്കരിക്കേണ്ടത് ആവശ്യമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ട്രഷറി നിക്ഷേപകർക്ക് എ.ടി.എം. സംവിധാനം ഏർപ്പെടുത്തുന്നതിന് എന്തെങ്കിലും സാങ്കേതിക തടസ്സം നിലവിലുണ്ടോ ;

(സി) ട്രഷറികളിലെ തിരക്ക് കുറയ്ക്കുന്നതിനും ഇടപാടുകളിലെ നടപടിക്രമങ്ങൾ കൂടുതൽ ലഘൂകരിക്കുന്നതിനും എ.ടി.എം. സംവിധാനം ഉൾപ്പെടെയുള്ളവ ഏർപ്പെടുത്തി കാലോചിതമായ പരിഷ്കാരങ്ങൾ വരുത്തുന്നതിന് സൗകര്യപ്രദമായിരിക്കുമെന്ന വിഷയം പരിഗണിക്കുമോ ?

ഉത്തരം

(എ-സി) പൊതുജനങ്ങൾക്ക് ട്രഷറി സന്ദർശിക്കാതെതന്നെ പണം ഓൺലൈൻവഴി അടയ്ക്കുന്നതിന് സൗകര്യമൊരുക്കുന്ന ഇ-ട്രഷറി സംവിധാനം ഇതിനകം നിലവിൽ വന്നിട്ടുണ്ട്. ട്രഷറി അക്കൗണ്ടുകളെ പരസ്പരം ബന്ധിപ്പിച്ച് കോർബാങ്കിംഗ് സംവിധാനം ഏർപ്പെടുത്തുന്ന നടപടികൾ അന്തിമഘട്ടത്തിലാണ്. ഈ സൗകര്യം നിലവിൽ വന്നതോടെ ഏതുട്രഷറികളിൽനിന്നും ട്രഷറി അക്കൗണ്ടിലെ പണം പിൻവലിക്കാൻ കഴിയുന്നതാണ്. ഇതുകൂടാതെ ട്രഷറികളിൽ

എ.ടി.എം. സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

**ആളോഹരി കടം**

67 (1891) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ നാലരവർഷം പൂർത്തിയാക്കുമ്പോൾ അക്കൗണ്ടന്റ് ജനറലിന്റെ കണക്കുകൾ പ്രകാരം സംസ്ഥാനത്തിന്റെ കടബാദ്ധ്യത ഓരോ വർഷവും എത്ര തുകയാണ് വ്യക്തമാക്കാമോ ; ഓരോ വർഷവും ആളോഹരിയായി വരുന്ന കടം എത്ര തുകയാണെന്ന് വ്യക്തമാക്കാമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ ഇത് എത്രയായിരുന്നു ; വ്യക്തമാക്കാമോ ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഓരോ വർഷവും അക്കൗണ്ടന്റ് ജനറലിന്റെ കണക്കുകൾ പ്രകാരം കേന്ദ്ര സർക്കാരിൽനിന്നും മറ്റ് വിദേശ/സ്വദേശ സ്ഥാപനങ്ങളിൽനിന്നും എത്ര തുക കടം വാങ്ങിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ഡി) ഇവയിൽ ഏതെല്ലാം സ്ഥാപനങ്ങളിൽ എത്ര തുക തിരിച്ചടച്ചു ; ഏതെല്ലാം സ്ഥാപനങ്ങളിൽ അടയ്ക്കേണ്ട സമയം ആയിട്ടില്ല എന്നും എപ്പോഴാണ് അടയ്ക്കേണ്ടതെന്നും വിശദമാക്കാമോ ;

(ഇ) ഈ കാലയളവിൽ കേന്ദ്ര ലോൺ എടുത്ത വകയിൽ തുക എഴുതിത്തള്ളിയിട്ടുണ്ടോ ; എങ്കിൽ വിശദമാക്കാമോ ?

ഉത്തരം

(എ) ഈ സർക്കാർ നാലര വർഷം പൂർത്തിയാക്കുമ്പോൾ അക്കൗണ്ടന്റ് ജനറലിന്റെ കണക്കുകൾ പ്രകാരം സംസ്ഥാനത്തിന്റെ കടബാദ്ധ്യത, ആളോഹരി കടം എന്നിവ വർഷം തിരിച്ച് ചുവടെ ചേർക്കുന്നു:

| വർഷം | കടബാധ്യത (തുക കോടിയിൽ) | ആളോഹരി കടം (രൂപയിൽ) |
|---|---|---|

| | | |
|---|---|---|
| 2011-12 | 89418.18 | 26691.99 |
| 2012-13 | 103560.84 | 30730.22 |
| 2013-14 | 119009.07 | 35314.26 |
| 2014-15 | 135440.24 | 40189.98 |

(ബി) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ 31-3-2011 വരെ സംസ്ഥാനത്തിന്റെ കടബാദ്ധ്യത 78,673.24 കോടി രൂപയും ആളോഹരി കടം 23554.86 കോടി രൂപയുമായിരുന്നു.

(സി&ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അക്കൗണ്ടന്റ് ജനറലിന്റെ കണക്കുകൾ പ്രകാരം കേന്ദ്രസർക്കാർ/വിദേശ/സ്വദേശ സ്ഥാപനങ്ങളിൽ നിന്നും കടമെടുത്ത തുകയും തിരിച്ചടച്ച തുകയും വർഷം തിരിച്ച് ചുവടെ ചേർക്കുന്നു:

(തുക കോടിയിൽ)

| വർഷം | കേന്ദ്രസർക്കാർ/ വിദേശ സഹായം | | സ്വദേശ സ്ഥാപനങ്ങൾ | |
|---|---|---|---|---|
| | കടമെടുത്തത് | തിരിച്ചടച്ചത് | കടമെടുത്തത് | തിരിച്ചടച്ചത് |
| 2011-12 | 407.15 | 370.54 | 9391.82 | 2522.52 |
| 2012-13 | 552.29 | 326.20 | 12708.89 | 2477.88 |
| 2013-14 | 392.02 | 351.58 | 14069.17 | 2893.23 |
| 2014-15 | 752.47 | 349.63 | 17756.70 | 5493.14 |

കേന്ദ്ര സഹായം/വിദേശ വായ്പാ സഹായം ഇവയുടെ തിരിച്ചടവ് അക്കൗണ്ടന്റ് ജനറൽ അറിയിക്കുന്ന റീ-പേമെന്റ് ഷെഡ്യൂൾ പ്രകാരവും സ്വദേശ സ്ഥാപനങ്ങളിലെ തിരിച്ചടവ് വായ്പകളുടെ re-payment ഷെഡ്യൂൾ പ്രകാരവുമാണ് നടത്തുന്നത്.

(ഇ) 13-ാം ധനകാര്യ കമ്മീഷന്റെ ശുപാർശ പ്രകാരം 31-3-2010 വരെ കേന്ദ്ര പദ്ധതി/കേന്ദ്ര സഹായ പദ്ധതി എന്നിവയിലൂടെ സംസ്ഥാന സർക്കാർ കേന്ദ്ര

ധനകാര്യ വകുപ്പ് ഒഴികെയുള്ള വകുപ്പുകളിൽനിന്നും എടുത്തിട്ടുള്ള 5118.25 ലക്ഷം രൂപ കേന്ദ്ര സർക്കാർ 2011-12 സാമ്പത്തിക വർഷത്തിൽ എഴുതിത്തള്ളിയിട്ടുണ്ട്. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | കേന്ദ്രസർക്കാരിലെ വിവിധ വകുപ്പുകളുടെ പേര് | തുക (ലക്ഷം) |
|---|---|---|
| 1 | മിനിസ്ട്രി ഓഫ് കൊമേഴ്സ് | 16.67 |
| 2 | മിനിസ്ട്രി ഓഫ് ഷിപ്പിംഗ് | 202.22 |
| 3 | മിനിസ്ട്രി ഓഫ് അഗ്രിക്കൾച്ചർ | 4256.33 |
| 4 | മിനിസ്ട്രി ഓഫ് റോഡ്, ട്രാൻസ്പോർട്ട് & ഇൻഡസ്ട്രീസ് | 0.26 |
| 5 | മിനിസ്ട്രി ഓഫ് ഇൻഡസ്ട്രീസ് | 5.64 |
| 6 | മിനിസ്ട്രി ഓഫ് പവർ | 5.73 |
| 7 | മിനിസ്ട്രി ഓഫ് വാട്ടർ റിസോഴ്സസ് | 278.38 |
| 8 | മിനിസ്ട്രി ഓഫ് അർബൻ ഡെവലപ്മെന്റ് | 353.02 |
| | ആകെ | 5118.25 |

**മണ്ഡലം ആസ്തിവികസന ഫണ്ട്**

68 (1892) ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2012-13, 2013-14, 2014-15 വർഷങ്ങളിൽ നാട്ടിക നിയോജകമണ്ഡല ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി ഭരണാനുമതിയ്ക്കായി നിർദ്ദേശിക്കപ്പെട്ട പ്രവൃത്തികൾ ഏതെല്ലാമെന്നും ഓരോന്നിന്റെയും തുക എത്രയാണെന്നും അറിയിക്കുമോ ;

(ബി) ആയതിൽ ഭരണാനുമതി നൽകിയ പ്രവൃത്തികൾ ഏതൊക്കെയെന്നും തുക എത്രയാണെന്നും വിശദമാക്കുമോ ;

(സി) ഭരണാനുമതി ലഭിക്കാൻ ബാക്കി നിൽക്കുന്ന പ്രവൃത്തികൾക്ക് എത്രയും പെട്ടെന്ന് ഭരണാനുമതി നൽകുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) 2012-13, 2013-14, 2014-15 എന്നീ വർഷങ്ങളിൽ ആസ്തി വികസന പദ്ധതിയിൻകീഴിൽ നാട്ടിക നിയോജകമണ്ഡലത്തിൽ ഭരണാനുമതിക്കായി നിർദ്ദേശിക്കപ്പെട്ടതും ധനാനുമതി നൽകിയതുമായ പ്രവൃത്തികളുടെ ലിസ്റ്റ് അനുബന്ധമായി* ചേർത്തിരിക്കുന്നു.

(സി) ആസ്തിവികസന പദ്ധതിയുടെ മാർഗ്ഗനിർദ്ദേശങ്ങൾ പൂർണ്ണമായും പാലിച്ചുകൊണ്ട് ഭരണവകുപ്പിൽനിന്നും ഭരണാനുമതിക്കായി ശുപാർശകൾ ലഭ്യമാകുന്ന മുറയ്ക്ക് ധനകാര്യ വകുപ്പിന്റെ അനുമതിയോടുകൂടി ബന്ധപ്പെട്ട ഭരണ വകുപ്പിൽനിന്നും ഭരണാനുമതി ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്.

**പത്താം ശമ്പള കമ്മീഷൻ**

69 (1893) <u>ശ്രീ. വി. ശശി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്താം ശമ്പള കമ്മിഷനെ നിയമിച്ചത് എന്നാണ്; നിയമിക്കുമ്പോൾ കാലാവധി എത്ര മാസമായിരുന്നു; എത്ര തവണ കാലാവധി പുതുക്കി നൽകി ; അതിനുള്ള സാഹചര്യം എന്തായിരുന്നു ;

(ബി) ശമ്പള കമ്മീഷൻ റിപ്പോർട്ടിലെ ശിപാർശകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) 30-11-2013-ൽ പത്താം ശമ്പള പരിഷ്കരണ കമ്മീഷന് ആറുമാസ കാലാവധി നിശ്ചയിച്ച് നിയമിക്കുകയുണ്ടായി. പിന്നീട് നാല് തവണ കാലാവധി പുതുക്കി നൽകുകയുണ്ടായി. കമ്മീഷനിൽ നിക്ഷിപ്തമായിരിക്കുന്ന അധിക ജോലിയുടെ അടിസ്ഥാനത്തിൽ കാലാവധി ദീർഘിപ്പിച്ചുനൽകി.

(ബി) ശമ്പള കമ്മീഷന്റെ പൂർണ്ണ റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല.

**നികുതി വരുമാനം**

70 (1894) <u>ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ</u> : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

നികുതി പിരിവിൽ കഴിഞ്ഞ നാല് സാമ്പത്തിക വർഷങ്ങളിലും ലക്ഷ്യം കൈവരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ അതിനുള്ള കാരണങ്ങൾ വ്യക്തമാക്കുമോ ?

ഉത്തരം

നികുതി പിരിവിൽ കഴിഞ്ഞ നാല് സാമ്പത്തിക വർഷങ്ങളിലും ലക്ഷ്യം കൈവരിക്കാൻ കഴിഞ്ഞിട്ടില്ല. വിവിധ വകുപ്പുകളിൽ നികുതി പിരിവിൽ ലക്ഷ്യം കൈവരിക്കാൻ കഴിയാതിരുന്നതിനുള്ള കാരണങ്ങൾ ചുവടെ ചേർക്കുന്നു:

1. രജിസ്ട്രേഷൻ വകുപ്പിൽ 2011-12 സാമ്പത്തിക വർഷം മുതൽ 2014-15 സാമ്പത്തിക വർഷം വരെ ഓരോ സാമ്പത്തിക വർഷവും ആധാരങ്ങളുടെ എണ്ണത്തിൽ ഗണ്യമായ കുറവുള്ളതിനാൽ പ്രതീക്ഷിത വരുമാനം ലഭ്യമായിട്ടില്ല. കാർഷികനാണ്യ വിളകൾക്കുണ്ടായ വിലയിടിവും റിയൽ എസ്റ്റേറ്റ് മേഖലയിലെ മാന്ദ്യവുമാണ് ആധാരങ്ങളുടെ എണ്ണത്തിൽ കുറവ് വരാൻ കാരണമായത്.

2. മോട്ടോർ വാഹന വകുപ്പിൽ 2011-12, 2012-13 വർഷങ്ങളിൽ പ്രതീക്ഷിച്ചതിനേക്കാൾ വരുമാനം ലഭിച്ചിട്ടുണ്ട്. എന്നാൽ 2013-14 വർഷത്തിൽ ടാർജറ്റ് 48% വും, 2014-15 വർഷത്തിൽ 21 ശതമാനവും വർദ്ധിപ്പിച്ചത് ശതമാനക്കണക്കിന് നികുതി വരുമാനം കുറയുന്നതിന് കാരണമായിട്ടുണ്ട്. പുതിയ വാഹനങ്ങളുടെ രജിസ്ട്രേഷൻ മുൻവർഷങ്ങളെ അപേക്ഷിച്ച് കുറവായതും പ്രതീക്ഷിത വരുമാനം നേടാനാകാത്തതിന് കാരണമായിട്ടുണ്ട്.

3. സംസ്ഥാനത്ത് പ്രവർത്തിച്ചുകൊണ്ടിരുന്ന 712 എഫ്.എൽ.-3 ലൈസൻസുകൾ (ബാറുകൾ) നിർത്തലാക്കിയതും 78 എഫ്.എൽ.-1 വിദേശമദ്യ ഔട്ട്ലെറ്റുകൾ നിർത്തലാക്കിയതും എക്സൈസ് നികുതി വരുമാനത്തിൽ കുറവ് വരുത്തിയിട്ടുണ്ട്. 712 എഫ്.എൽ.-3 ലൈസൻസുകൾ നിർത്തിലാക്കിയതുമൂലം ലൈസൻസ് ഫീസിനത്തിൽ മാത്രം എക്സൈസ് നികുതി വരുമാനത്തിൽ 163.76 കോടി രൂപയുടെ കുറവുണ്ടായിട്ടുണ്ട്. കൂടാതെ പിഴയിനത്തിലും മറ്റും ടി ലൈസൻസികളിൽനിന്നും ലഭിച്ചിരുന്ന വരുമാനത്തിലും നഷ്ടം ഉണ്ടായിട്ടുണ്ട്.

എക്സൈസ് വകുപ്പിന്റെ പ്രധാന വരുമാന സ്രോതസ്സ് ഇൻഡ്യൻ നിർമ്മിത വിദേശമദ്യത്തിന്റെ മേൽ ചുമത്തപ്പെടുന്ന എക്സൈസ് ഡ്യൂട്ടിയാണ്. ഇത്തരത്തിലുള്ള വരുമാനം വിദേശമദ്യ വില്പനയുമായി നേരിട്ട് ബന്ധപ്പെട്ടിരിക്കുന്നു. നിലവിൽ മുൻവർഷങ്ങളിലെ വിദേശമദ്യ വില്പനയുമായി താരതമ്യം ചെയ്യുമ്പോൾ വളർച്ചാനിരക്കിൽ കുറവ് വന്നിട്ടുണ്ട്.

2012-13 സാമ്പത്തിക വർഷത്തിനുശേഷം കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷൻ വഴിയുള്ള മദ്യവില്പനയിൽ കുറവ് വന്നിട്ടുണ്ട്.

4. വാണിജ്യനികുതി വകുപ്പിൽ 31-3-2015 വരെയുള്ള കണക്കനുസരിച്ച് റബ്ബറിൽനിന്നുള്ള വരുമാനത്തിൽ 41 ശതമാനം കുറവുണ്ടായിട്ടുണ്ട്. കൂടാതെ റബ്ബറിനെ 2014 ഡിസംബർ 20 മുതൽ 2015 മാർച്ച് 31 വരെ നികുതിയിൽനിന്നും ഒഴിവാക്കിയിട്ടുണ്ട്.

മോട്ടോർ വാഹനങ്ങളിൽനിന്നുള്ള നികുതി ഇനത്തിലും ഉദ്ദേശിച്ച ലക്ഷ്യം കൈവരിക്കാൻ സാധിച്ചിട്ടില്ല. പെട്രോൾ, ഡീസൽ എന്നിവയുടെ വിലയിൽവന്ന കുറവും ബിറ്റുമെൻ, ഫർണസ് ഓയിൽ എന്നിവയുടെ വിൽപ്പനയിൽവന്ന കുറവും കാരണം എണ്ണക്കമ്പനികളിൽനിന്നും 8 ശതമാനം വർദ്ധനവ് മാത്രമേ ഉണ്ടായിട്ടുള്ളൂ.

5. നിരവധി സ്റ്റേ സംബന്ധിച്ച കേസ്സുകൾ നിലവിലുള്ളതിനാൽ ലാന്റ് റവന്യൂ വകുപ്പിൽ നികുതി പിരിവിൽ ലക്ഷ്യം കൈവരിക്കാൻ കഴിഞ്ഞിട്ടില്ല.

6. സ്വർണ്ണത്തിന്റെ നികുതി പിരിവിൽ 3 ശതമാനം കുറവ് സംഭവിച്ചിട്ടുണ്ട്. അരി, ഗോതമ്പ്, മൈദ, ആട്ട, സൂചി എന്നിവയെ നികുതിയിൽനിന്നും ഒഴിവാക്കിയതും നികുതി പിരിവ് കുറയുന്നതിനുള്ള ഒരു കാരണമാണ്. ചിക്കന്റെ നികുതിയിനത്തിലും ഉദ്ദേശിച്ച വളർച്ച കൈവരിക്കുവാൻ സാധിച്ചിട്ടില്ല. ബാർ ഹോട്ടലുകൾ അടച്ചതും നികുതി വരുമാനത്തെ പ്രതികൂലമായി ബാധിച്ചു. ബിവറേജസ് കോർപ്പറേഷന്റെ വരുമാനത്തിലും വിൽപ്പനയിൽവന്ന കുറവുമൂലം പ്രതീക്ഷിച്ച വർദ്ധനവ് ഉണ്ടായിട്ടില്ല. വർക്ക്സ് കോൺട്രാക്ടിന്റെ പിരിവിലും (പ്രധാനമായും പി.ഡബ്ല്യു.ഡി. കോൺട്രാക്ടർമാരുടേത് ) കുറവ് സംഭവിച്ചു.

**ട്രഷറി നിക്ഷേപം ആകർഷകമാക്കുന്നതിനുള്ള നടപടി**

71 (1896) <u>ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽവന്നശേഷം ട്രഷറി നിക്ഷേപം ആകർഷകമാക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) പൊതുമേഖലാ സ്ഥാപനങ്ങളുടെയും സർക്കാർ സ്ഥാപനങ്ങളുടെയും ട്രഷറി നിക്ഷേപം ഉറപ്പാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ് ;

(സി) 2013-14, 2014-15 വർഷങ്ങളിൽ ട്രഷറികളിൽനിന്നും പൊതുമേഖലാ സ്ഥാപനങ്ങളും സർക്കാർ വകുപ്പുകളും ബാങ്കുകളിലേക്ക് നിക്ഷേപം മാറ്റിയിട്ടുണ്ടോ ; എങ്കിൽ എത്ര തുക മാറ്റിയിട്ടുണ്ട് ; അതിനുള്ള കാരണങ്ങൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) ട്രഷറി നിക്ഷേപങ്ങളിലേക്ക് പൊതുജനങ്ങളെ ആകർഷിക്കുന്നതിന്റെ ഭാഗമായി ട്രഷറി സ്ഥിരനിക്ഷേപങ്ങൾക്കുള്ള പലിശനിരക്ക് പുതുക്കി G.O.(P) 156/15/Fin dated 29-4-2015 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ Short Term Special Deposit Scheme പ്രകാരം ഒന്നുമുതൽ മൂന്ന് മാസം വരെയുള്ള നിക്ഷേപങ്ങൾക്ക് 7.5% പലിശ നൽകുന്നതിന് G.O.(Ms) No. 121/2014/Fin dated 29-3-2014 പ്രകാരവും അനുമതി നൽകിയിട്ടുണ്ട്.

ട്രഷറി സ്ഥിരനിക്ഷേപങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി സ്ഥിരനിക്ഷേപങ്ങൾ ക്യാൻവാസ് ചെയ്യുന്ന ട്രഷറി ഉദ്യോഗസ്ഥർക്ക് ഇൻസെന്റീവ് നൽകുന്ന പദ്ധതിയും നിലവിലുണ്ട്.

സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾ/സ്വയംഭരണ സ്ഥാപനങ്ങൾ/ വെൽഫെയർ ബോർഡുകൾ എന്നിവയ്ക്ക് സംസ്ഥാന സർക്കാർ വിഹിതമായി നൽകിയ ഫണ്ടുകൾ സർക്കാർ ട്രഷറികളിൽ മാത്രമേ നിക്ഷേപിക്കാവൂ എന്നും അവയുടെ സ്വന്തം ഫണ്ടുകൾ സർക്കാർ ട്രഷറികളിലെ സ്ഥിരനിക്ഷേ പങ്ങളേക്കാൾ ഉയർന്ന പലിശ ലഭ്യമാകുന്ന സാഹചര്യത്തിൽ മാത്രമേ മറ്റ് ബാങ്കുകളിൽ നിക്ഷേപിക്കാവൂ എന്നും നിർദ്ദേശിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി ഫണ്ടുകൾ ബാങ്കിൽ നിക്ഷേപിക്കുന്നത് കണ്ടെത്താനായി ധനകാര്യ പരിശോധനാ വിഭാഗത്തിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

തൊഴിൽ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന എല്ലാ ക്ഷേമനിധി ബോർഡുകളിലെയും നിക്ഷേപങ്ങൾ സംസ്ഥാന ട്രഷറി സേവിംഗ്സ് ബാങ്കിൽ നിക്ഷേപിക്കുന്നു എന്നത് ഉറപ്പുവരുത്താൻ ക്ഷേമനിധി ബോർഡുകളിലെ ചീഫ് കോ-ഓർഡിനേറ്റർ എന്ന നിലയിൽ ലേബർ കമ്മീഷണറെ ചുമതലപ്പെടുത്തി ഉത്തരവായിട്ടുണ്ട്.

(സി) ബാങ്കിൽ നിക്ഷേപിച്ചിട്ടുള്ള സർക്കാർ ധനസഹായങ്ങളും ഫണ്ടുകളും തിരികെ ട്രഷറിയിൽ നിക്ഷേപിക്കണമെന്ന കർശന നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. (സർക്കുലർ 31/2014/Fin തീയതി 27-3-2014) സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായ നടപടികൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**നികുതി കുടിശ്ശിക**

72 (1897) ഡോ. ടി. എം. തോമസ് ഐസക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ നികുതി കുടിശ്ശികയുണ്ടോ ; എങ്കിൽ എത്ര തുകയെന്ന് വ്യക്തമാക്കാമോ ;

(ബി) ഇത്തരത്തിൽ നികുതി കുടിശ്ശികയ്ക്ക് ഇടയായ കാരണങ്ങൾ ഏതെല്ലാം ; അവ ഓരോന്നുംമൂലം കുടിശ്ശികയായ തുക എത്ര വീതം വ്യക്തമാക്കാമോ ;

(സി) 2015-16 വർഷത്തെ നികുതി കുടിശ്ശിക എത്ര ; ഇതിൽ എത്ര തുക ഇതുവരെ പിരിച്ചെടുത്തു ; വ്യക്തമാക്കാമോ ;

(ഡി) ഇനിയും പിരിഞ്ഞ് കിട്ടാനുള്ള കുടിശ്ശിക എത്ര; ഇത് ഏതെല്ലാം വകുപ്പുകളിൽ നിന്ന് ; വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്. വകുപ്പുതിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:

| | | |
|---|---|---|
| രജിസ്ട്രേഷൻ വകുപ്പ് | - | 1.427 കോടി രൂപ |
| എക്സൈസ് വകുപ്പ് | - | 245.54 കോടി രൂപ |
| ലാന്റ് റവന്യൂ വകുപ്പ് | - | 52.78 കോടി രൂപ |

(നികുതി കുടിശ്ശികയും വിവിധ സ്റ്റേയിനങ്ങളിലായി 109.96 കോടി രൂപയും)

| | | |
|---|---|---|
| വാണിജ്യ നികുതി വകുപ്പ് | - | 6566. 72 കോടി രൂപ |
| മോട്ടോർ വാഹന വകുപ്പ് | - | 1289.25 കോടി രൂപ |

(ഇതിൽ 1050.09 കോടി രൂപ KSRTC-യുടെ കുടിശ്ശികയാണ്.)

(ബി) നികുതി കുടിശ്ശികയ്ക്ക് ഇടയായ കാരണങ്ങൾ വകുപ്പുതിരിച്ച് ചുവടെ ചേർക്കുന്നു:

1. <u>രജിസ്ട്രേഷൻ വകുപ്പ്</u> : ആധാരത്തിൽ ശരിയായ മൂല്യം കാണിക്കാത്തതുകൊണ്ടാണ് ഒരു ആധാരം അണ്ടർ വാല്യുവേഷന് റിപ്പോർട്ട് ചെയ്യപ്പെടുന്നത്. ജില്ലാ രജിസ്ട്രാർമാർ നൽകുന്ന അന്തിമ ഉത്തരവ് പ്രകാരമുള്ള കുടിശ്ശിക തുക യഥാസമയം ബന്ധപ്പെട്ട കക്ഷികൾ ഒടുക്കുന്നതായി കാണുന്നില്ല. ഇത്തരം കേസ്സുകളിൽനിന്നും 2015 ഒക്ടോബർ മാസം വരെ 1,42,69,021 രൂപ കുടിശ്ശികയുണ്ട്.

2. <u>എക്സൈസ് വകുപ്പ്</u>: കള്ളുഷാപ്പുകൾ, ചാരായ ഷാപ്പുകൾ എന്നിവ നടത്തിയ വകയിലുള്ള അബ്കാരി കുടിശ്ശിക, ഡിസ്റ്റിലറികൾ, ഫാർമസ്യൂട്ടിക്കൽസ്, കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷൻ മുതലായ സ്ഥാപനങ്ങൾ വരുത്തിയ കോസ്റ്റ് ഓഫ് എസ്റ്റാബ്ലിഷ്മെന്റ്, എക്സൈസ് ഡ്യൂട്ടി തുടങ്ങിയ ഇനങ്ങളിൽപ്പെട്ട് കുടിശ്ശികയായ തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

| | |
|---|---|
| കള്ളുഷാപ്പുകൾ, ചാരായ ഷാപ്പുകൾ എന്നിവ നടത്തിയ വകയിലുള്ള കുടിശ്ശിക | 233.25 കോടി രൂപ |
| ഡിസ്റ്റിലറികൾ, ഫാർമസ്യൂട്ടിക്കൽസ്, കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷൻ മുതലായ സ്ഥാപനങ്ങൾ വരുത്തിയ കുടിശ്ശിക | 12.29 കോടി രൂപ |
| ആകെ | 245.54 കോടി രൂപ |

3. <u>ലാന്റ് റവന്യൂ വകുപ്പ്</u>: കോടതി, സർക്കാർ, അപ്പലേറ്റ് അതോറിറ്റികൾ എന്നിവ മുഖാന്തിരം സ്റ്റേ ഇനങ്ങളിലായി വിവിധ ലാന്റ് റവന്യൂ ഇനങ്ങളിൽ 109.96 കോടി രൂപ കുടിശ്ശികയുണ്ട്. കുടിശ്ശികയായ തുകയുടെ വിവരം ചുവടെ ചേർക്കുന്നു:

(തുക കോടി രൂപയിൽ)

| നികുതിയിനം | കോടതി സ്റ്റേ | സർക്കാർ സ്റ്റേ | അപ്പലേറ്റ് സ്റ്റേ | ആകെ സ്റ്റേ |
|---|---|---|---|---|
| (1) | (2) | (3) | (4) | (5) |
| അടിസ്ഥാന ഭൂനികുതി | 0.0287 | 1.4915 | 0.1724 | 1.6926 |
| ലാന്റ് റവന്യൂ അദർ ദാൻ ബേസിക് ടാക്സ് | 44.7841 | 26.6191 | 12.5093 | 83.9125 |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| കെട്ടിട നികുതി | 10.449 | 4.4046 | 5.2809 | 20.1304 |
| തോട്ട നികുതി | 2.0613 | 1.2539 | 0.0124 | 3.3276 |
| ജല നികുതി | ... | 0.0011 | 0.0322 | 0.0333 |
| ആഡംബര നികുതി | 0.0915 | 0.0606 | 0.6795 | 0.8316 |
| മറ്റിനങ്ങൾ | ... | ... | 0.0333 | 0.0333 |
| ആകെ | 57.4105 | 33.8308 | 18.72 | 109.9613 |

4. <u>വാണിജ്യ നികുതി</u>: കോടതി സ്റ്റേ, സർക്കാർ സ്റ്റേ, അപ്പീൽ അധികാരികളുടെ സ്റ്റേ, മറ്റ് കാരണങ്ങൾ എന്നിവ മൂലമാണ് കുടിശ്ശികയുണ്ടായിരിക്കുന്നത്. ഓരോയിനത്തിലും ഉൾപ്പെട്ട തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

| ഇനം | ഉൾപ്പെട്ട തുക (കോടി രൂപയിൽ) |
|---|---|
| കോടതി സ്റ്റേ | 1696.10 |
| സർക്കാർ സ്റ്റേ | 187.78 |
| അപ്പീൽ അധികാരികളുടെ സ്റ്റേ | 650.80 |
| മറ്റ് സംസ്ഥാനങ്ങളിലെ കച്ചവടക്കാരുടെ കുടിശ്ശിക | 273.50 |
| എഴുതിത്തള്ളാനുള്ളത് | 97.79 |
| കളക്ടബിൾ ഡിമാന്റ് | 1137.62 |
| മറ്റ് കാരണങ്ങൾ | 2523.13 |

5. <u>മോട്ടോർ വാഹന വകുപ്പ്</u>: ടാക്സ് അടയ്ക്കാത്തതും ഡി.സി.ബി.-യിൽ ഉൾപ്പെട്ടിരിക്കുന്നതുമായ വാഹനങ്ങളുടെ നികുതി ഒരോ ത്രൈമാസവും നിയമപ്രകാരം കൂട്ടിയെടുക്കേണ്ടതുണ്ട്. ഇതിൽ പല വാഹനങ്ങളും ഉപയോഗക്ഷമമല്ലാത്തതിനാൽ നിലവിൽ നിരത്തിലിറക്കാത്തവയാണ്. ഇവയെ കമ്പ്യൂട്ടറൈസേഷന്റെ സമയത്ത് തെറ്റായി ബാക്ക് ലോഗ് ചെയ്തതുകാരണം ഡിമാന്റിൽനിന്നും പൂർണ്ണമായും ഒഴിവാക്കിയിട്ടില്ലാത്തതിനാൽ, ഇത്തരം വാഹനങ്ങളുടെ നികുതി കൂടി വരുന്നതിനാൽ

കുടിശ്ശിക വർദ്ധനയുണ്ടായി. മറ്റുപല കാരണങ്ങളാൽ ടാക്സ് അടയ്ക്കാത്ത വാഹനങ്ങളുടെ നികുതിയും കുടിശ്ശിക വർദ്ധനയ്ക്ക് ഇടയാക്കിയിട്ടുണ്ട്. ഇത്തരത്തിൽ 1289.25 കോടി രൂപ കുടിശ്ശികയായിട്ടുണ്ട്.

(സി) 2015-16 വർഷത്തെ നികുതി കുടിശ്ശിക സംബന്ധിച്ച് വകുപ്പ് തിരിച്ചുള്ള കണക്കുകൾ ചുവടെ ചേർക്കുന്നു.

1. <u>രജിസ്ട്രേഷൻ വകുപ്പ്</u>: 14-11-2014-ലെ 188/2014/നി.വ. നമ്പരായി ഭൂമിയുടെ ന്യായവില 50% വർദ്ധിപ്പിച്ചുകൊണ്ട് ഉത്തരവായിരുന്നു. അതിനുശേഷം നാമമാത്രമായ കേസ്സുകളാണ് അണ്ടർ വാല്യുവേഷന് റിപ്പോർട്ട് ചെയ്തുവരുന്നത്. 1986 മുതൽ നാളിതുവരെയുള്ള കേസ്സുകൾക്ക് ഇപ്പോൾ കുടിശ്ശിക തിട്ടപ്പെടുത്തി അന്തിമ ഉത്തരവ് നൽകുന്ന നടപടി പുരോഗമിച്ചുവരുന്നതിനാൽ 2015-16-ൽ റിപ്പോർട്ടുചെയ്ത കേസ്സുകൾക്ക് മാത്രമായി കുടിശ്ശിക സംബന്ധിച്ച കണക്കുകൾ ലഭ്യമല്ല. കൂടാതെ, ഈ സാമ്പത്തിക വർഷം 2,91,08,117 രൂപ പിരിച്ചെടുത്തിട്ടുണ്ടെങ്കിലും ആയത് 2015-16 സാമ്പത്തിക വർഷത്തിലെ കേസ്സുകളോടൊപ്പം മുൻവർഷങ്ങളിലെ കേസ്സുകളിൽനിന്നുകൂടിയുള്ള വരുമാനമാണ്.

2. <u>എക്സൈസ് വകുപ്പ്</u>: 2015-16 സാമ്പത്തിക വർഷം 31-10-2015 വരെ മുതലും പലിശയും അടക്കം ആകെ 247.03 കോടി രൂപ അബ്കാരി കുടിശ്ശികയായി നിലനിന്നിരുന്നു. അതിൽ 1.49 കോടി രൂപ ഈ സാമ്പത്തിക വർഷം പിരിച്ചെടുത്തിട്ടുണ്ട്.

3. <u>റവന്യൂ വകുപ്പ്</u>: റവന്യൂ വകുപ്പിൽ 2015-16 സാമ്പത്തിക വർഷം 31-10-2015 വരെയുള്ള കണക്ക് പ്രകാരം പിരിക്കാവുന്ന മുതലിൽ 52.78 കോടി രൂപയും വിവധ സ്റ്റേയിനങ്ങളിലായി 109.96 കോടി രൂപയും കുടിശ്ശികയായി ഉണ്ട്. ഇതുവരെ പിരിച്ചെടുത്ത തുകയുടെ കണക്കുകൾ ചുവടെ ചേർക്കുന്നു:

| നികുതിയിനം (2015-16) | പിരിക്കാവുന്ന മുതലിൽ പിരിവ് വന്ന തുക (കോടി രൂപയിൽ) |
|---|---|
| അടിസ്ഥാന ഭൂനികുതി | 96.4002 |
| ലാന്റ് റവന്യൂ അദർ ദാൻ ബേസിക് ടാക്സ് | 21.0496 |
| കെട്ടിട നികുതി | 53.4199 |
| തോട്ട നികുതി | 0.2957 |

| | | |
|---|---|---|
| ജല നികുതി | | 0.6747 |
| ആഡംബര നികുതി | | 4.4247 |
| മറ്റിനങ്ങൾ | | 1.2033 |
| | ആകെ | 177.4681 |

4. വാണിജ്യ നികുതി: 2015-16 വർഷത്തിൽ 31-10-2015 വരെ 6566.72 കോടി രൂപ കുടിശ്ശികയുണ്ട്. പ്രസ്തുത കുടിശ്ശികയിൽ ഈ വർഷം 31-10-2015 വരെ 60.04 കോടി രൂപ പിരിച്ചെടുത്തു.

5. മോട്ടോ വാഹന വകുപ്പ്: 30-6-2015-ലെ ഡി.സി.ബി. പ്രകാരം കുടിശ്ശിക 1289.25 കോടി രൂപയാണ്. ഇതിൽ 1050.09 കോടി രൂപ കെ.എസ്.ആർ.ടി.സി. യുടെ കുടിശ്ശികയാണ്. വകുപ്പിന്റെ മാത്രമായിട്ടുള്ള കുടിശ്ശിക 239.16 കോടി രൂപയാണ്.

(ഡി) രജിസ്ട്രേഷൻ വകുപ്പ്: എല്ലാ അണ്ടർ വാല്യുവേഷൻ കേസുകൾക്കും അന്തിമ ഉത്തരവ് നൽകാത്തതിനാൽ യഥാർത്ഥ കുടിശ്ശികയുടെ വിവരം ലഭ്യമല്ല. 2015 ഒക്ടോബർ മാസം വരെ അന്തിമ ഉത്തരവ് നൽകിയ കേസ്സുകളിൽനിന്നും 1,42,69,021 രൂപ പിരിച്ചെടുക്കാനുണ്ട്.

എക്സൈസ് വകുപ്പ്: 31-10-2015 വരെ 245.54 കോടി രൂപ അബ്കാരി കുടിശ്ശികയിനത്തിൽ പിരിഞ്ഞുകിട്ടാനുണ്ട്.

റവന്യൂ വകുപ്പ്: 31-10-2015 വരെ പിരിഞ്ഞുകിട്ടാനുള്ള കുടിശ്ശികത്തുകയുടെ വിവരം ചുവടെ ചേർക്കുന്നു:

(തുക കോടി രൂപയിൽ)

| നികുതിയിനം (2015-16) | പിരിക്കാവുന്ന മുതലിൽ പിരിക്കാൻ ബാക്കിനിൽക്കുന്ന തുക | വിവിധ സ്റ്റേയിനങ്ങളിൽ ഉൾപ്പെട്ടിരിക്കുന്ന തുക | ആകെ |
|---|---|---|---|
| (1) | (2) | (3) | (4) |

| | | | |
|---|---|---|---|
| അടിസ്ഥാന ഭൂനികുതി | 21.6592 | 1.6926 | 23.3518 |
| ലാന്റ് റവന്യൂ അദർ ദാൻ ബേസിക് ടാക്സ് | 8.6252 | 83.9126 | 92.5378 |
| കെട്ടിട നികുതി | 8.7738 | 20.1304 | 28.9042 |
| തോട്ട നികുതി | 0.5270 | 3.3276 | 3.8546 |
| ജല നികുതി | 0.4813 | 0.0332 | 0.5145 |
| (1) | (2) | (3) | (4) |
| ആഡംബര നികുതി | 12.3580 | 0.8316 | 13.1896 |
| മറ്റിനങ്ങൾ | 0.3556 | 0.0333 | 0.3889 |
| ആകെ | 52.7801 | 109.9614 | 162.7415 |

വാണിജ്യ നികുതി വകുപ്പ് : ഇനിയും പിരിഞ്ഞുകിട്ടാനുള്ള തുക 6506.68 കോടി രൂപയാണ്.

മോട്ടാർ വാഹന വകുപ്പ്: 30-6-2015-ലെ ഡി.സി.ബി. പ്രകാരം മോട്ടാർ വാഹന വകുപ്പിന്റെ കുടിശ്ശിക 1289.25 കോടി രൂപയാണ്. ഇതിൽ 1050.09 കോടി രൂപ കെ.എസ്.ആർ.ടി.സി.യുടെ കുടിശ്ശികയാണ്.

**നൂറനാട് സബ് ട്രഷറിക്ക് കെട്ടിടം നിർമ്മാണം**

73 (1898) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിൽ നൂറനാട് സബ്ട്രഷറിയ്ക്ക് കെട്ടിടം നിർമ്മിക്കുന്നതിന് എം.എൽ.എ-ആസ്തി-വികസന പദ്ധതിയിൽ ഉൾപ്പെടുത്തി തുക അനുവദിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ ഭരണാനുമതി നാളിതുവരെ ലഭ്യമാക്കിയിട്ടില്ല എന്ന് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ; എങ്കിൽ ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള തടസ്സങ്ങൾ എന്താണ് ;

(സി) പ്രസ്തുത പ്രവൃത്തിയ്ക്ക് അടിയന്തര ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ; എങ്കിൽ ആയവ വിശദമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) നൂറനാട് സബ് ട്രഷറിക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി നിലവിലുള്ള നിരക്ക് പ്രകാരം കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയർ തയ്യാറാക്കിയ പുതിയ എസ്റ്റിമേറ്റ് സർക്കാർ നിർദ്ദേശം അനുസരിച്ച് ട്രഷറി ഡയറക്ടറുടെ ശുപാർശ സഹിതം ധനകാര്യ വകുപ്പിൽ 4-12-2015-ൽ ലഭ്യമാക്കിയിട്ടുണ്ട്. ആയതിന് ഭരണാനുമതി നൽകുന്ന കാര്യം പരിശോധിച്ച് തീരുമാനിക്കുന്നതാണ്.

## കണ്ണൂർ ഗവൺമെന്റ് നഴ്സിംഗ് സ്കൂൾ

74 (1899) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ഗവ. നേഴ്സിംഗ് സ്കൂളിന്റെ ബിൽഡിംഗ് നിർമ്മാണ വർക്ക് ടെർമിനേറ്റ് ചെയ്യുന്നതു സംബന്ധിച്ച് ധനകാര്യ വകുപ്പിലുള്ള 120287/15 ഇ ഫയലിൽ അന്തിമ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത നടപടി ഉത്തരവ് ലഭിക്കുന്നതിന് സാങ്കേതിക തടസ്സങ്ങളെന്തെങ്കിലും നിലവിലുണ്ടോ ; വ്യക്തമാക്കുമോ ;

(സി) പ്രസ്തുത ഫയലിൽ തീരുമാനമാകാത്തതിനാൽ പ്രസ്തുത നേഴ്സിംഗ് സ്കൂളിന്റെ അംഗീകാരം നഷ്ടപ്പെടാൻ സാധ്യതയുണ്ടെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ഉത്തരം

(എ) ഈ വിഷയം സംബന്ധിച്ച് പൊതുമരാമത്ത് വകുപ്പിന്റെ 11930/ഇ 3/15/പൊ.മ.വ. നമ്പർ ഫയലിൽ 17-11-2015-ൽ 73560/ഇൻഡ് & പി. ഡബ്ല്യു.ബി2/15/ധന നമ്പർ പ്രകാരം ധനവകുപ്പിന്റെ അഭിപ്രായത്തോടെ ഫയൽ നൽകിയിട്ടുണ്ട്.

(ബി) ഇത് സംബന്ധിച്ച അന്തിമ ഉത്തരവ് പുറപ്പെടുവിക്കേണ്ടത് പൊതുമരാമത്ത് വകുപ്പിൽനിന്നുമാണ്.

(സി) ഇക്കാര്യം പൊതുമരാമത്ത് വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതാണ്.

## പബ്ലിക് പോളിസി റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്

75 (1900) ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2012-13 സാമ്പത്തിക വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ മുൻഗണനാപരിപാടിയായി ആരംഭിക്കുമെന്ന് പ്രഖ്യാപിച്ചിരുന്ന 'സെന്റർ ഫോർ പബ്ലിക് റിസർച്ച് എന്ന സ്ഥാപനം സംസ്ഥാനത്ത് ആരംഭിച്ചിട്ടുണ്ടോ ; എങ്കിൽ എന്നാണ് ആരംഭിച്ചത് ; ഇത് എവിടെയാണ് സ്ഥിതിചെയ്യുന്നത് ;

(ബി) പ്രസ്തുത സ്ഥാപനത്തിന്റെ ഘടനയും പ്രവർത്തനരീതിയും വിശദമാക്കുമോ ; സ്ഥാപനത്തിന്റെ പ്രഖ്യാപനവേളയിൽ ലക്ഷ്യമിട്ടിരുന്ന നേട്ടങ്ങൾ ആയതിന്റെ ഇതുവരെയുള്ള പ്രവർത്തനഫലമായി ലഭ്യമാക്കാൻ കഴിഞ്ഞിട്ടുണ്ടോ ; വിശദമാക്കുമോ ;

(സി) പ്രസ്തുത സ്ഥാപനത്തിനായി 2012-13 വർഷത്തിലെ ബഡ്ജറ്റിൽ എത്ര തുക വകയിരുത്തിയിരുന്നുവെന്നും ആയതിൽ എത്ര തുക അനുവദിക്കപ്പെട്ടു എന്നും എത്ര തുക പിൻവലിക്കപ്പെടാതെയുണ്ടെന്നും വ്യക്തമാക്കുമോ ;

(ഡി) തുടർന്നുള്ള ബഡ്ജറ്റുകളിൽ ആയതിനായി തുക വകയിരുത്തിയിരുന്നോ ; എത്ര തുക വീതം വകയിരുത്തിയിരുന്നുവെന്നും എത്ര വീതം അനുവദിക്കപ്പെട്ടുവെന്നും എത്ര തുക പിൻവലിക്കാതെ ട്രഷറിയിൽ അവശേഷിക്കുന്നുവെന്നും വ്യക്തമാക്കുമോ ?

### ഉത്തരം

(എ) സെന്റർ ഫോർ പബ്ലിക് റിസർച്ച് എന്ന സ്ഥാപനം ധനകാര്യ വകുപ്പിന്റെ കീഴിൽ ആരംഭിച്ചിട്ടില്ല. 13-2-2013-ലെ ഗവ. ഉത്തരവ് (പി) നമ്പർ 78/2013/ധന പ്രകാരം സംസ്ഥാനത്ത് "പബ്ലിക് പോളിസി റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്" ആരംഭിച്ചിട്ടുണ്ട്. തിരുവനന്തപുരം കൈമനത്ത് (പാപ്പനംകോട് ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആന്റ് ടാക്സേഷന്റെ പഴയ ബിൽഡിംഗിൽ) സ്ഥിതി ചെയ്യുന്നു.

(ബി) സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസിന്റെ മാതൃകയിൽ ആണ് പബ്ലിക് പോളിസി റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് പ്രവർത്തിക്കാൻ ഉദ്ദേശിക്കുന്നത്. കേരള സമൂഹവും സമ്പദ് വ്യവസ്ഥയും നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി

വിവിധമേഖലകളിലെ ഗവേഷണവും ഡോക്കുമെന്റേഷനും ഏറ്റെടുത്തുകൊണ്ട് അറിവിന്റെ ഉൽപ്പാദനത്തിന്റെയും വ്യാപനത്തിന്റെയും കേന്ദ്രമായി പ്രവർത്തിക്കുക എന്നതാണ് പബ്ലിക് പോളിസി റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രധാന പ്രവർത്തന മേഖല. 31-3-2015 തീയതിയിലെ സ.ഉ. (സാധ) 3307/2015/ധന നമ്പർ ഉത്തരവ് പ്രകാരം പബ്ലിക് പോളിസി റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് രൂപീകരിക്കുന്നത് സംബന്ധിച്ച പ്രോജക്ട് റിപ്പോർട്ട് സർക്കാർ അംഗീകരിച്ചിട്ടുണ്ട്. കൂടാതെ മുൻ ധനകാര്യ വകുപ്പ് മന്ത്രി ശ്രീ. കെ. എം. മാണി അദ്ധ്യക്ഷനായും റിസർവ് ബാങ്ക് മുൻ ഗവർണർ ഡോ. സി. രംഗരാജൻ സഹ അദ്ധ്യക്ഷനായും പ്രൊഫ. എം. എസ്. സ്വാമിനാഥൻ, ഡോ. എം. എസ്. വല്യത്താൻ, ചീഫ് സെക്രട്ടറി, ഡോ. എം. എ. ഉമ്മൻ, ഡോ. ആർ. വി. ജി. മേനോൻ, ശ്രീ. പി. സി. സിറിയക്ക്, ശ്രീ. കൊച്ചൗസേഫ് ചിറ്റിലപ്പള്ളി എന്നിവരടങ്ങിയ ഒരു ഭരണ സമിതി പബ്ലിക് പോളിസി റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി രൂപീകരിച്ചിട്ടുണ്ട്. സ്പെഷ്യൽ ഓഫീസറായി ഡോ. ജോസ് ജേക്കബിനെ പബ്ലിക് പോളിസി റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ എക്സ് ഒഫിഷ്യോ സെക്രട്ടറിയായി നിയമിച്ചിട്ടുണ്ട്. ഇതിന്റെ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

(സി) 2012-13 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ പബ്ലിക് പോളിസി റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന് തുക അനുവദിച്ചിരുന്നില്ല.

(ഡി) 2013-14-ൽ 25 ലക്ഷം രൂപ വകയിരുത്തിയിരുന്നതിൽ 3 ലക്ഷം രൂപ ചെലവഴിച്ചു. 2014-15ൽ 10 ലക്ഷം രൂപ വകയിരുത്തിയിരുന്നതിൽ 5 ലക്ഷം രൂപ ചെലവഴിച്ചു. 2015-16-ൽ 3 കോടി രൂപ വകയിരുത്തിയിരുന്നതിൽ 50 ലക്ഷം രൂപ അനുവദിച്ചിരുന്നു. പബ്ലിക് പോളിസി റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ അറിയിച്ച പ്രകാരം 30 ലക്ഷം രൂപ ട്രഷറിയിൽ അവശേഷിക്കുന്നുണ്ട്.

## ബഡ്ജറ്റ് വിഹിതം

76 (1901) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-12 മുതൽ 2015-16 വരെയുള്ള ഓരോ സാമ്പത്തിക വർഷവും ബഡ്ജറ്റിൽ പദ്ധതി/പദ്ധതിയേതര ചെലവുകൾക്കായി ഓരോ വകുപ്പിനും വകയിരുത്തപ്പെട്ട തുക, യഥാർത്ഥ ചെലവ്, വകയിരുത്തപ്പെട്ട തുകയുടെ എത്ര ശതമാനം ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ ;

(ബി) 2006-07 മുതൽ 2010-11 വരെയുള്ള ഓരോ സാമ്പത്തിക വർഷവും

ബഡ്ജറ്റിൽ പദ്ധതി/പദ്ധതിയേതര ചെലവുകൾക്കായി ഓരോ വകുപ്പിനും വകയിരുത്തപ്പെട്ട തുക, യഥാർത്ഥ ചെലവ്, വകയിരുത്തപ്പെട്ട തുകയുടെ എത്ര ശതമാനം ചെലവഴിച്ചുവെന്നും വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ&ബി) 2006-07 മുതൽ 2015-16 വരെയുള്ള ഓരോ സാമ്പത്തിക വർഷവും വിവിധധനാഭ്യർത്ഥനകളിൽ ഓരോ വകുപ്പുകൾക്കായി പദ്ധതി/പദ്ധതിയേതര ചെലവുകൾക്ക് വകയിരുത്തപ്പെട്ട തുക, ചെലവ്, ചെലവഴിച്ച തുകയുടെ ശതമാനം എന്നിവ അനുബന്ധമായി* ചേർക്കുന്നു.

**അടിസ്ഥാന സൗകര്യ വികസനം**

77 (1902) <u>ശ്രീ. പി. ശ്രീരാമകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ ആദ്യ ബഡ്ജറ്റിൽ (2011-12) സംസ്ഥാനത്തിന്റെ അടിസ്ഥാന സൗകര്യ വികസനത്തിന്റെ ഗതിവേഗം വർദ്ധിപ്പിക്കുന്നതിനായി ചില പ്രധാന പദ്ധതികൾ പ്രത്യേക പരിഗണന നൽകി നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ചിരുന്നോ ; വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതികളിൽ ഈ സർക്കാരിന്റെ നാലര വർഷത്തെ ഭരണശേഷവും പൂർത്തീകരിക്കാത്ത പദ്ധതികൾ ഏതെല്ലാം ; വ്യക്തമാക്കുമോ ;

(സി) 2011 മുതൽ ഇതുവരെയുള്ള ഓരോ ബഡ്ജറ്റിലും പ്രസ്തുത പദ്ധതികൾക്കായി തുക വകയിരുത്തിയിരുന്നോ; എങ്കിൽ എത്ര വീതം; ഓരോ വർഷവും ഓരോ പദ്ധതിക്കുമായി അനുവദിക്കപ്പെട്ട തുക എത്രയെന്നും ആയതിൽ ട്രഷറിയിൽ നിന്നും പിൻവലിക്കാതെ അവശേഷിച്ച തുക എത്രയെന്നും വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) വിഴിഞ്ഞം തുറമുഖ പദ്ധതി, സ്മാർട്ട് സിറ്റി, കൊച്ചി മെട്രോ പദ്ധതി, കണ്ണൂർ വിമാനത്താവളം, മലയോര വികസന അതോറിറ്റി, വർക്കലയുടെ സമഗ്ര വികസനം, കോട്ടയം-കുമരകം-ചേർത്തല ടൂറിസ്റ്റ് ഹൈവേ, വള്ളുവനാട് വികസന അതോറിറ്റി, ഭരണങ്ങാനം വികസന അതോറിറ്റി, ഹിൽ ഹൈവേ, കോട്ടയം

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

മൊബിലിറ്റി ഹബ് തുടങ്ങിയവയാണ് സംസ്ഥാനത്തിന്റെ അടിസ്ഥാന സൗകര്യ വികസനത്തിന്റെ ഗതിവേഗം വർദ്ധിപ്പിക്കുന്നതിനായി 2011-12 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച പ്രകാരം പ്രത്യേക പരിഗണന നൽകി നടപ്പിലാക്കി വരുന്ന പദ്ധതികളിൽ പ്രധാനപ്പെട്ടവ.

(ബി) പ്രസ്തുത പദ്ധതികൾ പൂർത്തീകരണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്.

(സി) 2011-12 സാമ്പത്തിക വർഷം മുതൽ പ്രധാനപ്പെട്ട അടിസ്ഥാന സൗകര്യ വികസന പദ്ധതികൾക്ക് ബഡ്ജറ്റിൽ വകയിരുത്തിയ വിഹിതം, യഥാർത്ഥ ചെലവ് എന്നിവയുടെ വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

**നബാർഡ് ധനസഹായം ലഭ്യമാക്കാൻ നടപടി**

78 (1903) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014 ആഗസ്റ്റ് 29 ന് ആലപ്പുഴ തീരദേശ ഹൈവേയിൽ വാടാപ്പൊഴി പാലത്തിന് അപ്രോച്ച് റോഡ് നിർമ്മിക്കാൻ തുക അനുവദിക്കണമെന്ന് ആവശ്യപ്പെട്ട്, അമ്പലപ്പുഴ എം.എൽ.എ.-യുടെ നേതൃത്വത്തിൽ, ആലപ്പുഴ ബിഷപ്പിന്റെ പ്രതിനിധികളും ആക്ഷൻ കൗൺസിൽ പ്രതിനിധികളും അടങ്ങിയ നിവേദക സംഘം ബഹു. ധനകാര്യ വകുപ്പുമന്ത്രിയ്ക്ക് സമർപ്പിച്ച നിവേദനത്തിൻമേൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;പ്രസ്തുത നിവേദനത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(ബി) അപ്രോച്ച് റോഡ് നിർമ്മിക്കുന്നതിന് നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകാമെന്ന ബഹു. ധനമന്ത്രിയുടെ ഉറപ്പിന്മേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ;

(സി) അപ്രോച്ച് റോഡിന്റെ നിർമ്മാണത്തിന് സ്ഥലം ഏറ്റെടുക്കുന്നതിന് ഭരണാനുമതി ലഭ്യമായിട്ടുള്ള സാഹചര്യത്തിൽ, നബാർഡ് സഹായത്തോടെ റോഡ് നിർമ്മിക്കുവാൻ ഭരണാനുമതി നൽകാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-സി) 27-8-2014-ൽ ലഭിച്ച നിവേദനം നബാർഡിന്റെ ധനസഹായം

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ലഭ്യമാക്കാനായി വിശദമായ പ്രോജക്ട് റിപ്പോർട്ട് ആവശ്യപ്പെട്ടുകൊണ്ട് 22-9-2014-ൽ പൊതുമരാമത്ത് വകുപ്പിന് അനൗദ്യോഗിക കുറിപ്പ് അയയ്ക്കുകയുണ്ടായി. അതുപ്രകാരം 30-9-2014-ൽ പൊതുമരാമത്ത് വകുപ്പ് 250 ലക്ഷം രൂപയുടെ പദ്ധതിരേഖ ധനകാര്യവകുപ്പിന് സമർപ്പിക്കുകയുണ്ടായി. ധനകാര്യ വകുപ്പ് 14-10-2014-ൽ പ്രസ്തുത പദ്ധതിരേഖ നബാർഡിന്റെ സാമ്പത്തിക സഹായത്തിനായി അയയ്ക്കുകയുണ്ടായി.

എന്നാൽ 21-11-2014-ൽ നബാർഡ് പ്രസ്തുത പദ്ധതി നടത്തിപ്പിനായി ആവശ്യമായ സ്ഥലം ഇല്ലാത്തതടക്കം ചില അപാകതകൾ ചൂണ്ടിക്കാണിച്ചുകൊണ്ട് ധനകാര്യവകുപ്പിന് കത്തയയ്ക്കുകയുണ്ടായി. തുടർന്ന് ധനകാര്യ വകുപ്പ് 2-12-2014-ൽ ഈ വിവരം പൊതുമരാമത്ത് വകുപ്പിനെ രേഖാമൂലം അറിയിക്കുകയുണ്ടായി. അതിനുശേഷം പൊതുമരാമത്ത് വകുപ്പ് 9-12-2014-ൽ ഈ വിവരം പി.ഡബ്ല്യു.ഡി. ചീഫ് എഞ്ചിനീയറെ അറിയിക്കുകയും ന്യൂനതകൾ ഇല്ലാത്ത പദ്ധതിരേഖ (DPR) നബാർഡിൽ നേരിട്ട് സമർപ്പിക്കുവാൻ ചുമതലപ്പെടുത്തുകയും ചെയ്തു.

ആവശ്യമായ സ്ഥലം ലഭ്യമായാൽ നബാർഡിന്റെ സഹായത്തിനായി പദ്ധതിരേഖ വീണ്ടും സമർപ്പിക്കാവുന്നതാണ്.

നടപ്പ് സാമ്പത്തിക വർഷം വിവിധ പദ്ധതികൾക്കായി പി.ഡബ്ല്യു.ഡി.യ്ക്ക് 100 കോടി രൂപ RIDF XXI-ൽ വകയിരുത്തിയിരുന്നു. എന്നാൽ 146 കോടി രൂപയുടെ പദ്ധതികൾ ഇതിനോടകംതന്നെ നബാർഡിന് സമർപ്പിക്കുകയുണ്ടായി. ആയതിനാൽ അടുത്ത സാമ്പത്തിക വർഷം RIDF XXII(2016-17) പ്രസ്തുത പദ്ധതി നബാർഡിന്റെ ധനസഹായത്തിനായി സമർപ്പിക്കാവുന്നതാണ്. (ബന്ധപ്പെട്ട കത്തുകളുടെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.*)

**ബഡ്ജറ്റിലെ പദ്ധതികൾ**

79 (1904) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014-15-ലെ ബഡ്ജറ്റിലെ എത്ര പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ; പൂർത്തീകരിച്ച പദ്ധതികൾക്കായി എത്ര തുക ചെലവഴിച്ചുവെന്ന്

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

വ്യക്തമാക്കുമോ ; ഇത് പദ്ധതികൾക്കായി നീക്കിവച്ച തുകയുടെ എത്ര ശതമാനമെന്ന് വ്യക്തമാക്കുമോ ;

(ബി) ബഡ്ജറ്റിൽ നിർദ്ദേശിച്ച എത്ര പണികൾ ഇതുവരെ ആരംഭിക്കാൻ കഴിഞ്ഞില്ല എന്ന് വ്യക്തമാക്കുമോ ; പ്രസ്തുത പദ്ധതികൾക്കായി നീക്കിവച്ചിട്ടുള്ള തുകയെത്രയെന്നും ഇത് മൊത്തം അടങ്കലിന്റെ എത്ര ശതമാനമെന്നും വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) 31-3-2015-ലെ താൽക്കാലിക കണക്ക് പ്രകാരം 2014-15 ബഡ്ജറ്റിലെ 874 പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്. പൂർത്തീകരിച്ച പദ്ധതികൾക്കായി 13991.19 കോടിരൂപ ചെലവഴിച്ചിട്ടുണ്ട്. ഇത് പദ്ധതികൾക്കായി നീക്കിവച്ച തുകയുടെ 70% ആണ്.

(ബി) ബഡ്ജറ്റിൽ നിർദ്ദേശിച്ച 209 പദ്ധതികൾ ആരംഭിച്ചിട്ടില്ല. പ്രസ്തുത പദ്ധതികൾക്കായി 2426.67 കോടി രൂപ നീക്കിവച്ചിട്ടുള്ളത് അടങ്കലിന്റെ 12% ആണ്.

**കടബാദ്ധ്യത**

80 (1905) <u>ശ്രീ. ബാബു എം. പാലിശ്ശേരി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ കടബാദ്ധ്യത വർഷംതോറും വർദ്ധിച്ചുവരുന്നത് എന്തുകൊണ്ടാണെന്ന് വിലയിരുത്തിയിട്ടുണ്ടോ ;

(ബി) നടപ്പ് വർഷം നികുതിയിനത്തിൽ എത്ര രൂപ ഇതുവരെ പിരിച്ചെടുത്തിട്ടുണ്ട് ; പിരിച്ചെടുത്ത തുക പ്രതീക്ഷിച്ച നികുതി വരുമാനത്തിന്റെ എത്ര ശതമാനം വരും ; വിശദാംശം വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2011-12 സാമ്പത്തിക വർഷത്തിൽ പദ്ധതി അടങ്കൽ 12,010 കോടി രൂപയും 2012-13-ൽ 14,010 കോടി രൂപയും 2013-14-ൽ 17,000 കോടി രൂപയും 2014-15-ൽ 20,000

കോടി രൂപയുമായിരുന്നു. ഇപ്രകാരം പദ്ധതി അടങ്കലിലെ വർദ്ധനവിന് അനുസരിച്ച് കടമെടുപ്പിലും വർദ്ധനവുണ്ടായിട്ടുണ്ട്.

(ബി) അക്കൗണ്ടന്റ് ജനറലിന്റെ മാസാടിസ്ഥാനത്തിലുള്ള കണക്കനുസരിച്ച് 31-10-2015 വരെ 21,633.47 കോടി രൂപ പിരിച്ചെടുത്തിട്ടുണ്ട്. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

(തുക കോടിയിൽ)

| നികുതിയിനങ്ങൾ | പിരിച്ചെടുത്ത നികുതി വരുമാനം |
|---|---|
| ഭൂ നികുതി | 120.70 |
| സ്റ്റാമ്പ്സ് & രജിസ്ട്രേഷൻ | 1668.44 |
| സംസ്ഥാന എക്സൈസ് | 1135.52 |
| വാണിജ്യ നികുതി | 16969.56 |
| മോട്ടാർ വാഹന നികുതി | 1545.64 |
| മറ്റുള്ളവ | 193.61 |
| ആകെ | 21633.47 |

(# 2015-16 ഒക്ടോബർ മാസത്തെ അക്കൗണ്ടന്റ് ജനറലിന്റെ കണക്കുകൾ പ്രകാരം)

ഇപ്രകാരം പിരിച്ചെടുത്ത തുക പ്രതീക്ഷിച്ച നികുതി വരുമാനത്തിന്റെ (ബഡ്ജറ്റ് എസ്റ്റിമേറ്റ് 45,428.03 കോടി രൂപ) 47.62 ശതമാനമാണ്.

**മാവേലിക്കര ജില്ലാ ആശുപത്രിയിലെ ഡയാലിസിസ് സെന്റർ**

81 (1906) ശ്രീ. ആർ രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര ജില്ലാ ആശുപത്രിയിൽ ഡയാലിസിസ് സെന്റർ ആരംഭിക്കുന്നതിനാവശ്യമായ കെട്ടിടം നിർമ്മിക്കുന്നതിന് എം.എൽ.എ.-യുടെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി തുക അനുവദിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ ഭരണാനുമതി ലഭ്യമാക്കുന്നതിന് സ്വീകരിച്ച

നടപടികൾ വിശദമാക്കുമോ ;

(സി) പ്രസ്തുത സെന്റർ ആരംഭിക്കുന്നതിന് ആരോഗ്യ വകുപ്പിൽനിന്നും ആവശ്യമായ റിപ്പോർട്ട് ലഭിച്ചിട്ടും പ്രവൃത്തിക്ക് ഭരണാനുമതി ലഭ്യമാക്കാത്തതിന്റെ കാരണം വിശദമാക്കുമോ ;

(ഡി) പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി ലഭ്യമാക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ-ഡി) പ്രസ്തുത ശുപാർശ ധനകാര്യ വകുപ്പിൽ ലഭിച്ചതനുസരിച്ച് ആയത് പരിശോധിക്കുകയും ടി പ്രോജക്ടിന്റെ ഭാഗമായി അധിക നിയമനങ്ങൾ, നിലവിലുള്ള ജീവനക്കാരുടെ പുനർവിന്യാസം എന്നിവ സംബന്ധിച്ച് വ്യക്തത നൽകുവാൻ ആരോഗ്യ വകുപ്പിനോടാവശ്യപ്പെടുകയുണ്ടായി. ടി വകുപ്പിൽ നിന്നും ഫയൽ ലഭ്യമാകുന്ന മുറയ്ക്ക് ധനാനുമതി നൽകുന്ന കാര്യം പരിശോധിക്കുകയും ധനാനുമതി ലഭിക്കുന്ന മുറയ്ക്ക് ഭരണാനുമതി നൽകുന്നതിനുള്ള അടിയന്തര നിർദ്ദേശം ബന്ധപ്പെട്ട ഭരണവകുപ്പിന് നൽകുന്നതുമാണ്.

**സർക്കാർ മേഖലയിലെ പുതിയ പെൻഷൻ സ്കീം**

82 (1907) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ നിലവിൽ അംഗങ്ങളായിട്ടുള്ള സർക്കാർ ജീവനക്കാരുടെ എണ്ണം എത്ര ; മൊത്തം സർക്കാർ ജീവനക്കാരുടെ എത്ര ശതമാനമാണിതെന്ന് വെളിപ്പെടുത്തുമോ ;

(ബി) ജീവനക്കാരന്റെ വിഹിതവും സർക്കാരിന്റെ വിഹിതവും ചേർത്ത് പെൻഷൻ അക്കൗണ്ടിൽ നിക്ഷപിക്കുന്ന തുകയ്ക്ക് പലിശ ലഭിക്കുമോ ; വിശദാംശം നൽകുമോ ;

(സി) സ്റ്റാറ്റ്യൂട്ടറി പെൻഷൻ പദ്ധതിയിൽ തുടരുന്ന ജീവനക്കാർക്ക് ലഭിക്കുന്ന ഏതെല്ലാം ആനുകൂല്യങ്ങളാണ് പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ അംഗമാകുന്ന

ജീവനക്കാരന് നഷ്ടമാകുന്നത് എന്ന് വ്യക്തമാക്കുമോ ;

(ഡി) മേൽപദ്ധതി പ്രകാരം പെൻഷൻ വാങ്ങുന്ന ജീവനക്കാരൻ മരണപ്പെടുന്ന സാഹചര്യത്തിൽ കുടുംബത്തിന് ഫാമിലി പെൻഷൻ ആനുകൂല്യം ലഭിക്കുമോ ; ലഭിക്കുമെങ്കിൽ എത്ര ; വിശദമാക്കുമോ ;

(ഇ) പ്രസ്തുത പദ്ധതി പ്രകാരം സർക്കാർ സർവ്വീസിൽ നിന്ന് വിരമിക്കുന്ന ജീവനക്കാരന് ലഭിക്കുന്ന മിനിമം പെൻഷനും മാക്സിമം പെൻഷനും എത്രയാണ് ;

(എഫ്) പങ്കാളിത്ത പെൻഷൻ പദ്ധതിയുമായി ബന്ധപ്പെട്ട് നാളിതുവരെ സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകൾ,സർക്കുലറുകൾ,അനുബന്ധ രേഖകൾ എന്നിവയുടെ പകർപ്പ് ലഭ്യമാക്കുമോ ; പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ എന്തെങ്കിലും അപാകതകൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; പ്രസ്തുത പദ്ധതി പിൻവലിച്ച് സ്റ്റാറ്റ്യൂട്ടറി പെൻഷൻ പുനഃസ്ഥാപിക്കുന്നകാര്യം പരിഗണനയിലുണ്ടോ ?

<u>ഉത്തരം</u>

(എ) ദേശീയ പെൻഷൻ പദ്ധതിയിൽ നിലവിൽ അംഗങ്ങളായിട്ടുള്ള സർക്കാർ ജീവനക്കാരുടെ എണ്ണം 26621 ആണ്.

മൊത്തം സർക്കാർ ജീവനക്കാരുടെ 5.21 ശതമാനം ജീവനക്കാരാണ് ദേശീയ പെൻഷൻ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളത്.

(ബി) ദേശീയ പെൻഷൻ പദ്ധതിയിലെ ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും അടിസ്ഥാന ശമ്പളത്തിന്റെയും ക്ഷാമബത്തയുടെയും തുകയുടെ 10% പെൻഷൻ വിഹിതമായി കുറവ് ചെയ്ത് തത്തുല്യ സർക്കാർ വിഹിതത്തോടൊപ്പം പി.എഫ്.ആർ.ഡി.എ.-യുടെ വ്യവസ്ഥകൾക്കനുസരിച്ച് എസ്.ബി.ഐ. പെൻഷൻ ഫണ്ട് പ്രൈവറ്റ് ലിമിറ്റഡ്, യു.റ്റി.ഐ. റിട്ടയർമെന്റ് സൊല്യൂഷൻസ് ലിമിറ്റഡ്, എൽ.ഐ.സി. പെൻഷൻ ഫണ്ട് ലിമിറ്റഡ് എന്നീ പെൻഷൻ ഫണ്ട് മാനേജർമാർ മുഖേന 14-8-2008 തീയതിയിലെ ഗവൺമെന്റ് ഓഫ് ഇന്ത്യയുടെ എഫ്. നമ്പർ 5(88)/2006/പി.ആർ എന്ന നോട്ടിഫിക്കേഷനിൽ നിർദ്ദേശിച്ചിട്ടുള്ള വിഭാഗങ്ങളിൽ നിക്ഷേപിക്കുകയും അതിൽനിന്നുള്ള ഇൻവെസ്റ്റ്മെന്റ് റിട്ടേണിന്റെ അടിസ്ഥാനത്തിൽ പി.എഫ്.ആർ.ഡി.എ. വ്യവസ്ഥകൾക്കനുസരിച്ച് പെൻഷൻ

വിതരണം നടത്തുകയുമാണ് ചെയ്യുന്നത്.

(സി) KSR Part III പ്രകാരമുള്ള ആനുകൂല്യങ്ങളൊന്നുംതന്നെ ദേശീയ പെൻഷൻ പദ്ധതിയിൽ അംഗമാകുന്ന ജീവനക്കാർക്ക് ബാധകമല്ല.

(ഡി) ദേശീയ പെൻഷൻ പദ്ധതി പ്രകാരം ജീവനക്കാരൻ മരണപ്പെടുന്ന സാഹചര്യത്തിൽ കുടുംബത്തിന് ഫാമിലി പെൻഷൻ ആനുകൂല്യം ലഭ്യമല്ല.

(ഇ) ദേശീയ പെൻഷൻ പദ്ധതിയിലേക്കുള്ള നിക്ഷേപത്തിന്റെ തോത് അനുസരിച്ചാണ് പെൻഷൻ തുക നിശ്ചയിക്കപ്പെടുന്നത്.

(എഫ്) പങ്കാളിത്ത പെൻഷൻ പദ്ധതിയുമായി ബന്ധപ്പെട്ട് നാളിതുവരെ സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകൾ, സർക്കുലറുകൾ, അനുബന്ധ രേഖകൾ എന്നിവയുടെ പകർപ്പ് ഉള്ളടക്കം ചെയ്തിരിക്കുന്നു.* ദേശീയ പെൻഷൻ പദ്ധതിയിൽ എന്തെങ്കിലും അപാകതകൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പ്രസ്തുത പദ്ധതി പിൻവലിച്ച് സ്റ്റാറ്റ്യൂട്ടറി പെൻഷൻ പുനഃസ്ഥാപിക്കുന്നകാര്യം പരിഗണനയിൽ ഇല്ല.

**നികുതിയിളവ്**

83 (1908) <u>ശ്രീ. കെ. സുരേഷ് കുറുപ്പ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഏതെല്ലാം മേഖലകളിലാണ് നികുതി ഇളവ് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) നികുതിയിളവ് ഏതെല്ലാം ബഡ്ജറ്റുകളിലാണെന്നും ഏതെല്ലാം ഉത്തരവുകൾ പ്രകാരമാണെന്നും വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ബജറ്റ് പ്രഖ്യാപനങ്ങളുടെ അടിസ്ഥാനത്തിൽ  കേരള ധനകാര്യ നിയമം മുഖേന വാറ്റ്, കെ.ജി.എസ്.റ്റി., ലക്ഷ്വറി ടാക്സ്, മോട്ടാർ വാഹന നികുതി, ലാൻഡ് റവന്യൂ, രജിസ്ട്രേഷൻ ഡ്യൂട്ടി എന്നിവയിൽ നൽകിയിട്ടുള്ള പ്രധാന ഇളവുകൾ അനുബന്ധമായി* ചേർക്കുന്നു. ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**ബഡ്ജറ്റിൽ ഓരോ വകുപ്പിനും വകയിരുത്തിയ തുകയും**

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

**ചെലവഴിച്ച തുകയും**

84 (1909) <u>ശ്രീ. എം. ഹംസ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014-15 വർഷത്തെ ബഡ്ജറ്റിൽ ഓരോ വകുപ്പിനും പാസാക്കി നൽകിയ തുക എത്രയായിരുന്നു ; ഓരോ വകുപ്പും തനതു വർഷം ചെലവഴിച്ച തുകയും എത്രയായിരുന്നു ; ശതമാനകണക്കുൾപ്പെടെ വ്യക്തമാക്കാമോ ?

(ബി) 2015-16 വർഷത്തെ ബഡ്ജറ്റിൽ ഓരോ വകുപ്പിനും പാസാക്കി നൽകിയ തുക എത്രയെന്ന് പറയാമോ ; 31-10-2015 വരെ എത്ര ശതമാനം തുകയാണ് ഓരോ വകുപ്പും ചെലവഴിച്ചതെന്ന് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) 2014-15 വർഷത്തെ ബഡ്ജറ്റിൽ ഓരോ ധനാഭ്യർത്ഥനയിലും വിവിധ വകുപ്പുകൾക്കായി വകയിരുത്തിയ തുകയും ചെലവഴിച്ച തുകയും ശതമാനക്കണക്കുൾപ്പെടെ അനുബന്ധം* 1 ആയി ചേർക്കുന്നു.

(ബി) 2015-16 സാമ്പത്തിക വർഷം ഓരോ ധനാഭ്യർത്ഥനയിലും വിവിധ വകുപ്പുകൾക്കായി പാസ്സാക്കി നൽകിയ തുകയും ഇതിൽ അക്കൗണ്ടന്റ് ജനറലിന്റെ കണക്കുപ്രകാരം 2015 സെപ്റ്റംബർ വരെ ചെലവഴിച്ച തുകയുടെ ശതമാനവും അനുബന്ധം 2* ആയി ചേർക്കുന്നു.

**ബഡ്ജറ്റിൽ വകയിരുത്തിയ തുക**

85 (1911) <u>ശ്രീ. കെ. കെ. ജയചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2013-14, 2014-15, 2015-16 സാമ്പത്തിക വർഷങ്ങളിൽ മുഖ്യമന്ത്രിയുടെകീഴിലുള്ള വകുപ്പുകളിൽ ഓരോ വകുപ്പിലും എത്ര രൂപ വീതം ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട് ; ഇതിൽ ഓരോ വകുപ്പിലും എത്ര രൂപ വീതം ചെലവഴിച്ചിട്ടുണ്ട് ;

(ബി) ഓരോ സാമ്പത്തിക വർഷത്തിലും ബഡ്ജറ്റിൽ വകയിരുത്തിയ തുക ചെലവഴിക്കപ്പെടാതെ പോയ സാഹചര്യം പരിശോധിച്ചിട്ടുണ്ടോ ; വിശദീകരണം നൽകാമോ ?

<u>ഉത്തരം</u>

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(എ) അനുബന്ധം 1-ൽ* ഉള്ളടക്കം ചെയ്തിരിക്കുന്നു.

(ബി) ഓരോ സാമ്പത്തിക വർഷത്തിലും ബഡ്ജറ്റിൽ വകയിരുത്തിയ തുക ചെലവഴിക്കപ്പെടാതെ പോയ സാഹചര്യം പരിശോധിക്കുകയും ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ നടത്തുന്ന അവലോകന യോഗത്തിലും മന്ത്രിമാർ നടത്തുന്ന യോഗത്തിലും ബഡ്ജറ്റിൽ വകയിരുത്തുന്നതുക വിനിയോഗിക്കുന്നതിനുള്ള അടിയന്തര നടപടികൾ കൈക്കൊള്ളുന്നതിന് നിർദ്ദേശം നൽകുകയും ചെയ്തുവരുന്നു. കൂടാതെ, 2014-15 സാമ്പത്തിക വർഷം മുതൽ ചെലവഴിക്കപ്പെടാതെ വരുന്ന തുകകൾ ഇലക്ട്രോണിക് ലെഡ്ജർ അക്കൗണ്ടിൽ പോസ്റ്റ് ചെയ്യുന്നതിനുള്ള നടപടികൾ നടത്തിയിട്ടുണ്ട്.

**ബഡ്ജറ്റിൽ ഭവന നിർമ്മാണ വകുപ്പിന് പ്രഖ്യാപിച്ചിരുന്ന പദ്ധതി**

86 (1912) ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2013-14-ലെ ബഡ്ജറ്റിൽ ഭവനനിർമ്മാണ വകുപ്പിന് കീഴിൽ പ്രഖ്യാപിച്ചിരുന്ന ഏതെങ്കിലും പദ്ധതി ഇതേവരെ പൂർത്തിയാക്കാത്തതായോ ലക്ഷ്യം നേടാനാവാത്തതായോ ഉണ്ടോയെന്ന് വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയ്ക്കായി 2013-14-ൽ വകയിരുത്തപ്പെട്ട തുകയിൽ അനുവദിക്കപ്പെട്ട തുകയും പിൻവലിക്കാതെ അവശേഷിച്ച തുകയും എത്രയെന്ന് വിശദമാക്കുമോ ;

(സി) തുടർന്നുള്ള ബഡ്ജറ്റുകളിൽ പ്രസ്തുത പദ്ധതിയ്ക്കായി വകയിരുത്തപ്പെട്ട തുക, അനുവദിക്കപ്പെട്ട തുക, പിൻവലിക്കാതെ അവശേഷിച്ച തുക എന്നിവ എത്ര വീതമെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) 1. കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് :

കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് വഴി നടപ്പിലാക്കുന്നതിനായി 2013-14 വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിലൂടെ പ്രഖ്യാപിച്ച പദ്ധതികളിൽ ലക്ഷ്യം നേടാനാവാത്ത പദ്ധതികൾ ചുവടെ ചേർക്കുന്നു:

(a) അന്യസംസ്ഥാന തൊഴിലാളികൾക്ക് വേണ്ടിയുള്ള നൈറ്റ് ഷെൽട്ടർ പദ്ധതി.

(b) മൂന്ന് വർഷം കൊണ്ട് മൂന്ന് ലക്ഷം ഭവനങ്ങൾ നിർമ്മിക്കുന്ന പദ്ധതി.

(c) തൊടുപുഴ സിറ്റി സെന്റർ പദ്ധതി.

(d) കൊച്ചി മറൈൻ ഡ്രൈവിൽ ഫിനാൻസ് സിറ്റി പദ്ധതി.

2013-14 ബഡ്ജറ്റിൽ തുക വകയിരുത്തിയിരുന്നതിൽ ഇനിയും പൂർത്തിയാകാനുള്ള പദ്ധതികൾ ചുവടെ ചേർക്കുന്നു:

(a) ഇന്നൊവേറ്റീവ് ഭവന പദ്ധതി

(b) സാഫല്യം ഭവന പദ്ധതി

(c) ഗൃഹശ്രീ ഭവന പദ്ധതി

(d) വർക്കിംഗ് വിമൻസ് ഹോസ്റ്റൽ പദ്ധതി

(e) ഹരിപ്പാട് റവന്യൂ ടവർ പദ്ധതി

സർക്കാർ ഭൂമിയിൽ സർക്കാർ ജീവനക്കാർക്കുള്ള ഭവന പദ്ധതി ദേവികുളം, കാസർഗോഡ് എന്നിവിടങ്ങളിൽ പൂർത്തിയാകുകയും കുട്ടനെല്ലൂർ പുരോഗതിയിലുമാണ്.

2. <u>കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം :</u>

2013-14-ലെ ബഡ്ജറ്റിൽ കെസ്നിക്കിന്റെകീഴിൽ റെഡിമിക്സ് കോൺക്രീറ്റ് യൂണിറ്റ്, കൃത്രിമ മണൽ നിർമ്മാണ യൂണിറ്റ് എന്നിവയ്ക്ക് തുക വകയിരുത്തിയിരുന്നു എങ്കിലും നടപ്പായിട്ടില്ല.

3. <u>ഹൗസിംഗ് കമ്മീഷണറുടെ കാര്യാലയം :</u>

ഭവനനിർമ്മാണവകുപ്പിന്റെ സാങ്കേതിക സെല്ലിന് കീഴിൽ പ്രഖ്യാപിച്ചിരുന്ന പദ്ധതികളായ ഷെൽട്ടർ ഫണ്ട് (അഭയ നിധി), ടെക്നോളജി ഇന്നൊവേഷൻ ഫണ്ട് (സാങ്കേതിക വികസന നിധി) എന്നിവ ഇതുവരെ ആരംഭിച്ചിട്ടില്ല.

(ബി) 1. കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിനെ സംബന്ധിച്ച വിവരങ്ങൾ അനുബന്ധം I-ൽ* ചേർത്തിരിക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

2. <u>കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം :</u>

ഉത്തരം എ(2)-ന്റെ അടിസ്ഥാനത്തിൽ ബാധകമല്ല.

3. <u>ഹൗസിംഗ് കമ്മീഷണറുടെ കാര്യാലയം :</u>

2013-14-ലെ ബഡ്ജറ്റിൽ ടെക്നോളജി ഇന്നൊവേഷൻ ഫണ്ടിലേക്ക് 59 ലക്ഷം രൂപയും ഷെൽട്ടർ ഫണ്ടിലേക്ക് 1 കോടി രൂപയും വകയിരുത്തിയിരുന്നു എങ്കിലും ഈ തുക അനുവദിച്ചിട്ടില്ല.

(സി) 1. കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിനെ സംബന്ധിച്ച വിവരങ്ങൾ അനുബന്ധം II-ൽ ചേർത്തിരിക്കുന്നു.

2. <u>കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം :</u>

തുടർ ബഡ്ജറ്റുകളിൽ ടി പദ്ധതികൾ ഉൾപ്പെട്ടിട്ടുണ്ടായിരുന്നില്ല.

3. <u>ഹൗസിംഗ് കമ്മീഷണറുടെ കാര്യാലയം :</u>

2014-15, 2015-16 വർഷങ്ങളിലെ ബഡ്ജറ്റുകളിൽ ടെക്നോളജി ഇന്നൊവേഷൻ ഫണ്ട് പദ്ധതിക്കായി 70 ലക്ഷം രൂപ വീതവും ഷെൽട്ടർ ഫണ്ടിലേക്ക് 1 കോടി രൂപയും വകയിരുത്തിയിരുത്തുകയുണ്ടായി. ഈ തുക അനുവദിച്ചിട്ടില്ല.

**മുഖ്യമന്ത്രിയടക്കമുള്ള മന്ത്രിമാരുടെ വിദേശ യാത്രകളുടെ വിവരം**

87 (1913) <u>ശ്രീ. കെ. വി. വിജയദാസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാന മുഖ്യമന്ത്രി അടക്കമുള്ള മന്ത്രിമാർ ഏതെല്ലാം ആവശ്യങ്ങൾക്കായാണ് വിദേശ യാത്രകൾ നടത്തിയതെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത യാത്രയിലൂടെ കേരളത്തിനുണ്ടായിട്ടുള്ള നേട്ടങ്ങൾ വിശദീകരിക്കുമോ ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ബഹു. സഹകരണ വകുപ്പുമന്ത്രി ശ്രീ. സി. എൻ. ബാലകൃഷ്ണൻ ഒഴികെയുള്ള മന്ത്രിമാരും മുഖ്യമന്ത്രിയും ഔദ്യോഗികവും സ്വകാര്യവുമായ ആവശ്യങ്ങളുമായി ബന്ധപ്പെട്ട് വിദേശയാത്രകൾ

നടത്തിയിട്ടുണ്ട്.

(ബി) വിവിധ വികസന പദ്ധതികൾ നടപ്പിലാക്കുന്നതിൽ വിദേശ രാജ്യങ്ങൾ പിന്തുടരുന്ന ആധുനികരീതികൾ മനസ്സിലാക്കുന്നതിനും അനുയോജ്യമായവ സംസ്ഥാനത്ത് നടപ്പിലാക്കുന്നതിനും സഹായിച്ചിട്ടുണ്ട്.

## സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് സ്കീം

88 (T1914) <u>ശ്രീ. വി. ശശി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് സ്കീമിൽ 2014-15-ൽ ആകെ എത്ര രൂപ അനുവദിച്ചുവെന്നും അതിൽ എത്ര രൂപ ചെലവഴിച്ചുവെന്നും വ്യക്തമാക്കാമോ ;

(ബി) ഏത് ഫണ്ടിൽ നിന്നാണ് ഇതിനുള്ള തുക അനുവദിച്ചതെന്നും പട്ടികജാതി വകുപ്പിന്റെ ഫണ്ടിൽ നിന്നും ഇതിനായി എത്ര തുക നീക്കിവെച്ചിട്ടുണ്ടെന്നും വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ) സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി പ്രവർത്തനങ്ങൾക്കായി 2014-15 സാമ്പത്തിക വർഷം പോലീസ് നവീകരണ പദ്ധതിയിൽ ഉൾപ്പെടുത്തി ആറ് കോടി (6,00,00,000) രൂപ അനുവദിച്ചുനൽകുകയും അതിൽ അഞ്ച് കോടി എൺപത്തി ഒൻപത് ലക്ഷത്തി എൺപത്തൊന്നായിരത്തി നാനൂറ്റി എൺപത്തേഴ് രൂപ (5,89,81,487) പദ്ധതി നടത്തിപ്പിനായി ചെലവഴിക്കുകയും ചെയ്തു.

(ബി) പോലീസ് വകുപ്പിൽ സർക്കാരിന്റെ പ്ലാൻ സ്കീമിൽ ഉൾപ്പെടുത്തി പോലീസ് നവീകരണ പദ്ധതിയിനത്തിലാണ് ഫണ്ട് അനുവദിക്കുന്നത്. പട്ടികജാതി വികസന വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന മോഡൽ റെസിഡൻഷ്യൽ സ്കൂളുകളിൽ കഴിഞ്ഞ (2014-15) സാമ്പത്തിക വർഷത്തിൽ സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി പ്രവർത്തനങ്ങൾക്കായി ഇരുപത്തിയഞ്ച് ലക്ഷത്തി തൊണ്ണൂറ്റി രണ്ടായിരത്തി അഞ്ഞൂറ്റി എഴുപത്തിമൂന്ന് രൂപ (25,92,573) അനുവദിച്ചുനൽകിയിട്ടുണ്ട്.

## കടപ്പത്രങ്ങൾ

---

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

89 (1915) <u>ശ്രീ. കെ. സുരേഷ് കുറുപ്പ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ വികസന പദ്ധതികൾക്ക് പണം കണ്ടെത്തുന്നതിനായി എത്ര തവണ കടപ്പത്രങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട് ; വ്യക്തമാക്കാമോ ;

(ബി) ഏതെല്ലാം വികസന പദ്ധതികൾക്ക് വേണ്ടിയാണ് കടപ്പത്രങ്ങൾ പുറപ്പെടുവിച്ചത് ; ഓരോ പദ്ധതിക്കുമായി കടപ്പത്രങ്ങൾ മുഖേന എത്രതുക സമാഹരിച്ചിട്ടുണ്ട് ; വ്യക്തമാക്കാമോ ;

(സി) ഓരോ വികസന പദ്ധതിക്കുമായി ഇതിനോടകം എത്രതുക ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 30-11-2015 വരെ വികസന പദ്ധതികൾക്ക് പണം കണ്ടെത്താനായി 64 തവണകളിലായി 56913 കോടി രൂപ കടപ്പത്രങ്ങൾ വഴി സമാഹരിച്ചിട്ടുണ്ട്.

(ബി&സി) സംസ്ഥാനത്തിന്റെ പൊതുവായ വികസന ആവശ്യങ്ങൾക്കുവേണ്ടിയാണ് സാധാരണയായി കടപ്പത്രങ്ങൾ പുറപ്പെടുവിക്കാറുള്ളത്. ഏതെങ്കിലും ഒരു പ്രത്യേക പദ്ധതിക്ക് മാത്രമായി ഈ സർക്കാരിന്റെ കാലത്ത് കടപ്പത്രം പുറപ്പെടുവിച്ചിട്ടില്ല.

**അടിസ്ഥാന സൗകര്യ വികസന മേഖലയിലെ പദ്ധതികൾ**

90 (1916) <u>ശ്രീ. എസ്. രാജേന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് പുതുതായി ആവിഷ്കരിക്കുകയും ബഡ്ജറ്റിൽ ഉൾപ്പെടുത്തി പൂർണ്ണമായും നടപ്പിലാക്കുകയും ചെയ്ത അടിസ്ഥാനസൗകര്യ വികസന മേഖലയിലെ പദ്ധതികൾ ഏതൊക്കെയായിരുന്നു ;

(ബി) ഈ പദ്ധതികൾക്ക് ചെലവഴിച്ച തുകയും കമ്മീഷൻ ചെയ്ത തീയതിയും പദ്ധതിയുടെ പേരും വിശദമാക്കുമോ ; പദ്ധതി ഓരോന്നിന്റെയും ഭൗതികനേട്ടം വിലയിരുത്തിയിട്ടുണ്ടോ ; വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ&ബി) ഈ സർക്കാരിന്റെ കാലത്ത് മുഖ്യഅടിസ്ഥാന വികസന പദ്ധതികൾക്കായി 2013-14, 2014-15, 2015-16 വർഷങ്ങളിൽ യഥാക്രമം 846.03, 1225, 2000 കോടി രൂപ സാമാഹ്യത ഫണ്ടായി വകയിരുത്തുകയുണ്ടായി. ഇതിൽ കൃത്യമായി ഡി.പി.ആർ. സമർപ്പിക്കുന്ന പദ്ധതികൾക്കാണ് ഫണ്ട് അനുവദിക്കുന്നത്. അതിൻപ്രകാരം മുഖ്യഅടിസ്ഥാന വികസന പദ്ധതികൾക്ക് നാളിതുവരെ ചെലവഴിച്ച തുക സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

(തുക കോടിയിൽ )

| ക്രമ നമ്പർ | പദ്ധതികൾ | ചെലവഴിച്ച തുക |
|---|---|---|
| (1) | (2) | (3) |
| 1 | കണ്ണൂർ വിമാനത്താവളം | 387.41 |
| 2 | കൊച്ചി മെട്രോ | 1190.45 |
| 3 | മോണോ റെയിൽ | 28.00 |
| 4 | സബർബൻ റെയിൽ | 10.13 |
| 5 | വിഴിഞ്ഞം തുറമുഖം | 521.53 |
| 6 | നാഷണൽ ഹൈവേ ബൈപാസ് (കൊല്ലം & ആലപ്പുഴ) | 8.29 |
| 7 | കൊച്ചി വിമാനത്താവളം(സിയാൽ) | 142.00 |
| (1) | (2) | (3) |
| 8 | ക്യാപിറ്റൽ റീജിയൻ ഡെവലപ്മെന്റ് പ്രോഗ്രാം | 40.08 |
| 9 | ദേശീയ ഗെയിംസ് | 388.16 |
| 10 | മൊബിലിറ്റി ഹബ് | 6.05 |
| | ആകെ | 2722.10 |

**കൊയിലാണ്ടിയിലെ വികസന പദ്ധതികൾ**

91 (1917) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ധനകാര്യ വകുപ്പുമുഖേന കൊയിലാണ്ടി നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുള്ള വികസന പദ്ധതികൾ എന്തെല്ലാം ; ഓരോ പദ്ധതിക്കും ഭരണാനുമതി നല്കി അനുവദിച്ച തുക എത്ര ; വകുപ്പ് തിരിച്ച് വ്യക്തമാക്കുമോ ?

ഉത്തരം

വിവരം ശേഖരിച്ചുവരുന്നു.

## കടപ്പത്രത്തിന് റിസർവ് ബാങ്ക് അനുമതി

92 (1918) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015-16 സാമ്പത്തിക വർഷം കടപ്പത്രംവഴി എത്ര കോടി രൂപ കടം എടുക്കുവാനാണ് റിസർവ് ബാങ്ക് അനുമതി നൽകിയിട്ടുള്ളത് ; വ്യക്തമാക്കുമോ ;

(ബി) ആയതിൽ നടപ്പുസാമ്പത്തിക വർഷത്തിൽ നാളിതുവരെ എത്ര കോടി രൂപ സമാഹരിച്ചു ; വ്യക്തമാക്കുമോ ;

(സി) ഇപ്രകാരം കടമെടുക്കുന്ന തുക വികസന പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കാതെ റവന്യൂ ചെലവുകൾക്കാണോ ഉപയോഗിക്കുന്നത് എന്ന് പരിശോധിച്ചിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ ;

(ഡി) ഈ സർക്കാർ അധികാരമേറ്റതിനുശേഷം നാളിതുവരെ ലോക ബാങ്ക്, ഏഷ്യൻ വികസന ബാങ്ക്, വിദേശ ഏജൻസികൾ മറ്റ് കേന്ദ്ര ഏജൻസികൾ തുടങ്ങിയവകളിൽ നിന്നും എത്ര തുക വായ്പയായി സ്വീകരിച്ചു; ഏതൊക്കെ ഏജൻസികളിൽ നിന്ന് എത്ര തുക വീതം അവയുടെ തിരിച്ചടവ് കാലാവധി തുടങ്ങുന്നതെന്നും പലിശനിരക്ക് എത്ര ശതമാനമെന്നും സബ്സിഡികൾ ലഭ്യമാണോയെന്നും അറിയിക്കുമോ ?

ഉത്തരം

(എ) കടപ്പത്രം പുറപ്പെടുവിക്കാനുള്ള അനുമതി നൽകുന്നത് കേന്ദ്രസർക്കാരാണ്. 2015-16 സാമ്പത്തിക വർഷത്തെ വായ്പ പരിധിയായ 15605 കോടി രൂപയിൽ (തനി) ആദ്യ മൂന്ന് പാദങ്ങളിലായി 11500 കോടി രൂപയുടെ കടപ്പത്രം പുറപ്പെടുവിക്കാനാണ് സംസ്ഥാനത്തിന് അനുമതി ലഭിച്ചിട്ടുള്ളത്.

(ബി) ഇതിൽ 30-11-2015 വരെ 10450 കോടി രൂപ സമാഹരിച്ചു.

(സി) വായ്പ എടുത്ത മുഴുവൻ തുകയും Consolidated Fund-ൽ വകയിരുത്തിയാണ് ചെലവുകൾക്കായി വിനിയോഗിക്കപ്പെടുന്നത്. Consolidated Fund-ൽ മറ്റ് വരുമാനങ്ങളും ഉൾപ്പെടുന്നതുകൊണ്ട് വായ്പ എടുത്ത തുക ഏതൊക്കെ ചെലവുകൾക്കായി വിനിയോഗിക്കപ്പെട്ടെന്ന് വേർതിരിക്കാനാവില്ല.

(ഡി) ഈ സർക്കാർ അധികാരമേറ്റശേഷം ലോകബാങ്ക്, ഏഷ്യൻ വികസന ബാങ്ക്, വിദേശ ഏജൻസികൾ, മറ്റ് കേന്ദ്ര ഏജൻസികൾ തുടങ്ങിയവയിൽനിന്നും എടുത്ത വായ്പയുടെ വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

വായ്പകൾക്ക് സബ്സിഡി ലഭ്യമാണോ എന്നതിനെ സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.

**സ്കൂളുകൾക്ക് കമ്പ്യൂട്ടറും പ്രിന്ററും ലഭ്യമാക്കാൻ ഭരണാനുമതി**

93 (1919) <u>ശ്രീ. ആർ. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ.-യുടെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി, മാവേലിക്കര മണ്ഡലത്തിലെ സ്കൂളുകൾക്ക് കമ്പ്യൂട്ടറും പ്രിന്ററും നൽകുന്നതിന് എം.എൽ.എ.യുടെ നിർദ്ദേശം ലഭ്യമായിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ;

(ബി) ഈ പ്രവൃത്തിക്ക് ഭരണാനുമതി ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ;

(സി) ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള തടസ്സങ്ങൾ എന്താണെന്ന് വിശദമാക്കുമോ ;

(ഡി) ഈ പ്രവൃത്തിക്ക് ഭരണാനുമതി അടിയന്തിരമായി ലഭ്യമാക്കുമോ ; വിശദാംശങ്ങൾ നൽകുമോ ?

<u>ഉത്തരം</u>

(എ-ഡി) ടി പ്രവൃത്തി നിർദ്ദേശം ലഭിച്ചിട്ടുണ്ട്. സർക്കാർ, എയ്ഡഡ് മേഖലകളിൽ ഉൾപ്പെട്ട സ്കൂളുകളിലാണ് പ്രവൃത്തി നടപ്പാക്കുവാൻ അനുമതി ആവശ്യപ്പെട്ടിരുന്നത്. മണ്ഡല ആസ്തി വികസന പദ്ധതി ലക്ഷ്യമിട്ടിരിക്കുന്നത് പൂർണ്ണമായും സർക്കാർ ഉടമസ്ഥതയിലുള്ളതും മൂലധന സ്വഭാവമുള്ളതുമായ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

സ്ഥിരമായ ആസ്തികളുടെ സൃഷ്ടിയായതിനാൽ എയ്ഡഡ് മേഖലയിലുള്ള സ്കൂളുകൾക്ക് കമ്പ്യൂട്ടറും പ്രിന്ററും അനുവദിക്കാൻ കഴിയാത്ത അവസ്ഥയാണ് ഉള്ളതെന്നും ആയതിനാൽ സർക്കാർ മേഖലയിൽ ഉൾപ്പെടുന്ന സ്കൂളുകൾ മാത്രമായി ഉൾപ്പെടുത്തി പ്രവൃത്തി നിർദ്ദേശം സമർപ്പിക്കുവാനും നിർദ്ദേശം നൽകിയിട്ടുണ്ട്. ധനവകുപ്പിൽ ടി നിർദ്ദേശം ലഭിക്കുന്ന മുറയ്ക്ക് ധനാനുമതിയും തുടർന്ന് ഭരണാനുമതിയും നൽകുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

**തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള പദ്ധതി വിഹിതം**

94 (1920) <u>ശ്രീ. ബാബു എം. പാലിശ്ശേരി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015-16 സാമ്പത്തിക വർഷത്തെ തദ്ദേശസ്വംയഭരണ സ്ഥാപനങ്ങൾക്കുള്ള പദ്ധതി വിഹിതമായി ഇതേവരെ എത്ര കോടി രൂപ അനുവദിച്ചു എന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതി വിഹിതത്തിൽ ഇനി എത്ര കോടി രൂപ അനുവദിച്ചു നൽകാനുണ്ട് എന്നും ആയത് എന്നത്തേക്ക് നൽകാൻ കഴിയും എന്നുമുള്ള വിശദാംശങ്ങൾ നല്കുമോ ?

<u>ഉത്തരം</u>

(എ) നാലാം സംസ്ഥാന ധനകാര്യ കമ്മീഷന്റെ സർക്കാർ അംഗീകരിച്ച ശുപാർശ പ്രകാരം 2015-16 സാമ്പത്തിക വർഷം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള പദ്ധതി വിഹിതമായി ഇതേവരെ (2015 നവംബർ 30) 2573.40 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതി വിഹിതത്തിൽനിന്നും ഇനി 2225.33 കോടി രൂപ അനുവദിച്ചുനൽകാനുണ്ട്. പ്രാദേശിക സർക്കാരുകളുടെ എണ്ണത്തിലും ഘടനയിലും 2015 നവംബർ ഒന്നുമുതൽ സർക്കാർ പരിഷ്കരണം വരുത്തിയിരുന്നു. ആയതിനാൽ പ്രാദേശിക സർക്കാരുകളുടെ തുടർന്നുള്ള പദ്ധതി വിഹിതം പുനർനിർണ്ണയിക്കേണ്ടതുണ്ട്. അത് സംബന്ധിച്ച നടപടികൾ തദ്ദേശസ്വയംഭരണ വകുപ്പ് കൈക്കൊണ്ട് വരികയാണ്. ഇത് പൂർത്തിയാകുന്ന മുറയ്ക്ക് എത്രയും വേഗം ബാക്കിയുള്ള പദ്ധതി വിഹിതം അനുവദിച്ചുനൽകുന്നതാണ്.

**സംസ്ഥാനത്തിന്റെ പൊതുകടം**

95 (1921) <u>ശ്രീ. എം. ഹംസ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി

സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം എത്ര പ്രാവശ്യം കടപ്പത്രം പുറപ്പെടുവിച്ചിട്ടുണ്ട് ; ആയതിന്റെ വിശദാംശം ലഭ്യമാക്കാമോ ;

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം കടപ്പത്രംവഴി എത്ര രൂപ സമാഹരിച്ചു ; വിശദമായ സ്റ്റേറ്റ്മെന്റ് നൽകാമോ ;

(സി) ഈ സർക്കാർ അധികാരമേറ്റശേഷം എത്ര രൂപ ധനകാര്യ സ്ഥാപനങ്ങളിൽനിന്നും വായ്പ എടുത്തു ;

(ഡി) വിദേശ ഫണ്ടിങ് ഏജൻസികളിൽ നിന്ന് ഏതെല്ലാം തരത്തിലുള്ള ധനസമാഹരമാണ് ഈ സർക്കാർ നടത്തിയിട്ടുള്ളത് ; സ്ഥാപനവും സമാഹരിച്ച തുകയും പ്രത്യേകം പ്രത്യേകം വ്യക്തമാക്കാമോ ;

(ഇ) കഴിഞ്ഞ അഞ്ചു വർഷത്തിനുള്ളിൽ സംസ്ഥാനത്തിൽ കടത്തിൽ എത്ര വർദ്ധനയുണ്ടായി ;

(എഫ്) 1-7-2015 തീയതിയിൽ സംസ്ഥാനത്തിന്റെ പൊതുകടം എത്രയായിരുന്നു ;

(ജി) 31-10-2015 തീയതിയിൽ സംസ്ഥാനത്തിന്റെ പൊതുകടം എത്രയായിരുന്നുവെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ & ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 30-11-2015 വരെ വികസന പദ്ധതികൾക്ക് പണം കണ്ടെത്തുന്നതിനായി 64 തവണകളിലായി 56913 കോടി രൂപ കടപ്പത്രങ്ങൾവഴി സമാഹരിച്ചിട്ടുണ്ട്. വിശദാംശം അനുബന്ധം 1-ൽ* ചേർക്കുന്നു.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നബാർഡിൽനിന്ന് 2298.94 കോടി രൂപ വായ്പയായി ലഭിച്ചു.

(ഡി) വിദേശ ഫണ്ടിംഗ് ഏജൻസികളിൽനിന്ന് സമാഹരിച്ച തുകയുടെ വിശദാംശം അനുബന്ധം 2-ൽ ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ഇ) 2011-12 മുതൽ 2014-15 വരെയുള്ള കാലയളവിൽ കടത്തിൽ 56767 കോടി രൂപയുടെ വർദ്ധനവുണ്ടായിട്ടുണ്ട്. അതായത് ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ 31-3-2011 വരെയുണ്ടായിരുന്ന കടബാദ്ധ്യതയായ 78673.24 കോടി രൂപയുമായി താരതമ്യം ചെയ്യുമ്പോൾ 72.16 ശതമാനം വർദ്ധനവാണ് ഉണ്ടായിട്ടുള്ളത്.

(എഫ്) അക്കൗണ്ടന്റ് ജനറലിന്റെ 2015 ജൂൺ മാസത്തെ കണക്കുകൾ പ്രകാരം സംസ്ഥാനത്തിന്റെ പൊതുകടം 121525.71 കോടി രൂപയായിരുന്നു.

(ജി) അക്കൗണ്ടന്റ് ജനറലിന്റെ 2015 ഒക്ടോബർ മാസത്തെ പ്രാഥമിക കണക്കുകൾ പ്രകാരം 31-10-2015 വരെ സംസ്ഥാനത്തിന്റെ പൊതുകടം 145152.77 കോടി രൂപയായിരുന്നു.

**ഇന്റഗ്രേറ്റഡ് റവന്യൂ റെസീപ്റ്റ് മാനേജ്മെന്റ് സിസ്റ്റം**

96 (1922) ഡോ. ടി. എം. തോമസ് ഐസക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-12 വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ പ്രഖ്യപിച്ചിരുന്ന ഇന്റഗ്രേറ്റഡ് റവന്യൂ റസീപ്റ്റ് മാനേജ്മെന്റ് സിസ്റ്റം (ഐ.ആർ.ആർ.എം.എസ്.) ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ടോ ;

(ബി) ഏതെല്ലാം ബാങ്കുകളാണ് ഈ പദ്ധതിയുടെ ഭാഗമായിട്ടുള്ളത് ;

(സി) ഈ സിസ്റ്റം ഏതെല്ലാം വകുപ്പിൻകീഴിലാണ് ഇതുവരെ നടപ്പിലാക്കിയിട്ടുള്ളത് ;

(ഡി) 2011 മുതൽ ഇതുവരെയുള്ള ഓരോ വർഷവും ഓരോ വകുപ്പിനും ഈ സിസ്റ്റം മുഖേന എത്ര തുക വീതം ലഭ്യമായിട്ടുണ്ട് ; വ്യക്തമാക്കാമോ ?

**ഉത്തരം**

(എ-ഡി) സർക്കാരിന്റെ റവന്യൂ കളക്ഷൻ കൂടുതൽ സുതാര്യവും എളുപ്പവുമാക്കാൻ വേണ്ടി വാണിജ്യ നികുതി, എക്സൈസ്, രജിസ്ട്രേഷൻ എന്നീ വകുപ്പുകളിൽ ആവിഷ്കരിച്ച് നടപ്പിലാക്കുമെന്ന് 2011-12 വർഷത്തെ സംസ്ഥാന

ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്ന ഇന്റഗ്രേറ്റഡ് റവന്യൂ റെസീപ്റ്റ്സ് മാനേജ്മെന്റ് സിസ്റ്റം പ്രസ്തുത വകുപ്പുകളിൽ നടപ്പിലാക്കിയിട്ടില്ല.

**ധനകാര്യ വകുപ്പിന് കീഴിൽ നികുതി മേൽനോട്ട സമിതി**

97 (1923) <u>ഡോ. ടി. എം. തോമസ് ഐസക്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-12 വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ ധനകാര്യവകുപ്പിന് കീഴിൽ ആരംഭിക്കുമെന്ന് പ്രഖ്യാപിച്ചിരുന്ന നികുതി മേൽനോട്ടസമിതി രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ ; എങ്കിൽ എന്നാണ് ആരംഭിച്ചത് ;

(ബി) നിലവിൽ ഈ സമിതിയിൽ എത്ര അംഗങ്ങൾ ഉണ്ട് ; അവർ ആരെല്ലാമാണെന്ന് വ്യക്തമാക്കാമോ ;

(സി) ഈ സമിതി, രൂപീകരണശേഷം ഇതുവരെയുള്ള കാലയളവിൽ എത്ര തവണ യോഗം ചേർന്നിട്ടുണ്ട് ;

(ഡി) ഓരോ യോഗത്തിലും വിശകലനം ചെയ്ത വിഷയങ്ങളും സർക്കാരിന് നല്കിയ നിർദ്ദേശങ്ങളും വിശദമാക്കാമോ ;

(ഇ) ഇവയിൽ സർക്കാർ നടപ്പിലാക്കിയതും അല്ലാത്തതുമായ നിർദ്ദേശങ്ങൾ ; ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) നികുതി വകുപ്പിന് കീഴിൽ നികുതി മേൽനോട്ട സമിതി രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ആദ്യ യോഗം 21-12-2011-ന് ചേർന്നു.

(ബി) 17 അംഗങ്ങൾ. വിവരം ചുവടെ കൊടുക്കുന്നു:

1. ധനകാര്യ മന്ത്രി, ചെയർമാൻ
2. ധനകാര്യ വകുപ്പ് സെക്രട്ടറി, വൈസ് ചെയർമാൻ
3. നികുതി വകുപ്പ് സെക്രട്ടറി, കൺവീനർ
4. നിയമ വകുപ്പ് സെക്രട്ടറി
5. ഡയറക്ടർ, ഗിഫ്റ്റ്
6. വാണിജ്യ നികുതി വകുപ്പ് കമ്മീഷണർ
7. എക്സൈസ് വകുപ്പ് കമ്മീഷണർ

8. കമ്മീഷണർ, ഗതാഗത വകുപ്പ്
9. ഇൻസ്പെക്ടർ ജനറൽ, രജിസ്ട്രേഷൻ വകുപ്പ്
10. ഡോ. രാമലിംഗം, അസോസിയേറ്റ് പ്രൊഫസർ, ഗിഫ്റ്റ്
11. ഡോ. തോമസ് ജോസഫ് തുംകുഴി, രജിസ്ട്രാർ, ഗിഫ്റ്റ്
12. നികുതി വകുപ്പ്, സ്പെഷ്യൽ ഗവ. പ്ലീഡർ, ഹൈക്കോടതി
13. ശ്രീ. ആർ. കൃഷ്ണയ്യർ, ചാർട്ടേർഡ് അക്കൗണ്ടന്റ്
14. ശ്രീ. ഇ. എം. നജീബ്, എയർ ട്രാവൽസ് & എന്റർപ്രൈസസ്, തിരുവനന്തപുരം
15. ശ്രീ. എ. ബാബു, ചാർട്ടേർഡ് അക്കൗണ്ടന്റ്
16. ശ്രീ. വക്കച്ചൻ മറ്റത്തിൽ, എക്സ് എം.പി.
17. ശ്രീ. ആനന്ദ കുമാർ, തിരുവനന്തപുരം

(സി) 8 തവണ.

(ഡി&ഇ) ഓരോ യോഗത്തിലും വിശകലനം ചെയ്ത വിഷയങ്ങളും സമിതിയുടെ നിർദ്ദേശങ്ങളും (നടപ്പിലാക്കിയതും അല്ലാത്തതുമായവ) അനുബന്ധമായി* ചേർക്കുന്നു.

**സർക്കാരിലേയ്ക്ക് പണയപ്പെടുത്തിയ വസ്തുവിന്റെ രണ്ടാം മോർട്ട്ഗേജ്**

98 (1924) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഉദ്യോഗസ്ഥർ സർക്കാരിലേക്ക് പണയപ്പെടുത്തിയ വസ്തു രണ്ടാം മോർട്ട്ഗേജ് ചെയ്യുന്നതിനും ആയത് സ്വീകരിച്ച് അംഗീകൃത ധനകാര്യ സ്ഥാപനങ്ങൾ സർക്കാർ ഉദ്യോഗസ്ഥർക്ക് അധിക ഭവന നിർമ്മാണ മുൻകൂർ തുക നൽകുന്നതിനുമായി നിലവിലുള്ള സർക്കാർ ഉത്തരവുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) പ്രസ്തുത ഉത്തരവ് പ്രകാരം ജീവനക്കാർക്ക് വായ്പ നൽകുന്നതിന് എസ്.ബി.ഐ. ഉൾപ്പെടെയുള്ള പ്രധാന ബാങ്കുകൾ വിമുഖത കാണിക്കുന്നതും പ്രസ്തുത ഉത്തരവ് പ്രകാരം ആനുകൂല്യം ജീവനക്കാർക്ക് ലഭ്യമാക്കാൻ നൽകിയ 31-5-2014-ലെ നമ്പർ 52-2014-ധന. നമ്പർ സർക്കുലറിലെ നിർദ്ദേശം പാലിയ്ക്കാൻ പ്രധാന ധനകാര്യ സ്ഥാപനങ്ങൾ തയ്യാറാകാത്ത സാഹചര്യവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പ്രസ്തുത സർക്കുലർ നിർദ്ദേശം പാലിച്ച് ജീവനക്കാർക്ക് ധനകാര്യ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

സ്ഥാപനങ്ങൾ വായ്പ ലഭ്യമാക്കുന്നു എന്ന് ഉറപ്പുവരുത്താൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ) സർക്കാർ ഉദ്യോഗസ്ഥർ സർക്കാരിലേക്ക് പണയപ്പെടുത്തിയ വസ്തു രണ്ടാം മോർട്ട്ഗേജ് ചെയ്യുന്നതിനും ആയത് സ്വീകരിച്ച് അംഗീകൃത ധനകാര്യ സ്ഥാപനങ്ങൾ സർക്കാർ ഉദ്യോഗസ്ഥർക്ക് അധിക ഭവന നിർമ്മാണ മുൻകൂർ തുക നൽകുന്നതിന് താഴെ പറയുന്ന ഉത്തരവുകൾ ഇറക്കിയിട്ടുണ്ട്:

1. 31-7-1991-ലെ സ.ഉ.(പി) നമ്പർ 436/91/ധന പ്രകാരം സർക്കാർ ജീവനക്കാർക്ക് രണ്ടാം മോർട്ട്ഗേജ് വഴി മറ്റു ധനകാര്യ സ്ഥാപനങ്ങളിൽനിന്നും അടിസ്ഥാന ശമ്പളത്തിന്റെ 70 ഇരട്ടി (പരമാവധി 3 ലക്ഷം രൂപ വരെ) വായ്പാ ലഭിക്കും എന്ന് ഉത്തരവായിട്ടുണ്ട്.

2. 7-5-1997-ലെ സ.ഉ.(പി) നമ്പർ 528/97/ധന പ്രകാരം വായ്പാ പരിധി അടിസ്ഥാന ശമ്പളത്തിന്റെ 90 ഇരട്ടി (പരമാവധി 4 ലക്ഷം രൂപ വരെ) ഉയർത്തി.

3. 22-7-1999-ലെ സ.ഉ.(പി) നമ്പർ 1610/99/ധന പ്രകാരം വായ്പാ പരിധി അടിസ്ഥാന ശമ്പളത്തിന്റെ 100 ഇരട്ടി (പരമാവധി 10 ലക്ഷം രൂപ വരെ) ഉയർത്തി ഉത്തരവായി.

4. 11-2-2008-ലെ സ.ഉ.(പി) നമ്പർ 76/08/ധന പ്രകാരം സർക്കാർ ജീവനക്കാർക്ക് രണ്ടാം മോർട്ട്ഗേജ് വഴി മറ്റു ധനകാര്യ സ്ഥാപനങ്ങളിൽനിന്നും വിദ്യാഭ്യാസ വായ്പകൂടി എടുക്കാമെന്ന് ഉത്തരവായിട്ടുണ്ട്.

5. 18-2-2013-ലെ സ.ഉ.(പി) നമ്പർ 87/13/ധന പ്രകാരം വായ്പാ പരിധി അടിസ്ഥാന ശമ്പളത്തിന്റെ 100 ഇരട്ടി (പരമാവധി 25 ലക്ഷം രൂപ വരെ) ഉയർത്തി ഉത്തരവായി.

(ബി) ഇല്ല.

(സി) ഉദിക്കുന്നില്ല.

**10-ാം ശമ്പള പരിഷ്കരണ കമ്മീഷൻ**

99 (1925) <u>ശ്രീമതി കെ. എസ്. സലീഖ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന 10-ാം ശമ്പള പരിഷ്കരണ പ്രവർത്തനവുമായി ബന്ധപ്പെട്ട് കമ്മീഷനെ നിയമിച്ചതുമുതൽ നാളിതുവരെ ഉദ്യോഗസ്ഥ പ്രവർത്തനങ്ങൾക്കും മറ്റു പ്രവൃത്തികൾക്കുമായി സർക്കാർ ഖജനാവിൽ നിന്നും ചെലവായ തുക എത്ര ; വിശദാംശം ലഭ്യമാക്കുമോ ;

(ബി) 10-ാം ശമ്പള കമ്മീഷൻ ചെയർമാൻ ഇക്കാലയളവിൽ സർക്കാരിൽ നിന്നും സ്വീകരിച്ച (ശമ്പളം ഉൾപ്പെടെയുള്ള) സാമ്പത്തിക ആനുകൂല്യങ്ങൾ എത്രയെന്ന് വ്യക്തമാക്കുമോ ;

(സി) ശമ്പള കമ്മീഷന്റെ പ്രവർത്തനത്തിനായി ഏതെല്ലാം ഇനത്തിൽപ്പെട്ട എത്ര വാഹനങ്ങൾ നാളിതുവരെ അനുവദിച്ചിട്ടുണ്ട് ; ഓരോ വാഹനത്തിനും നാളിതുവരെ ചെലവായ തുക എത്രയെന്ന് വിശദമാക്കുമോ ;

(ഡി) ശമ്പള കമ്മീഷൻ ചെയർമാൻ മറ്റേതെങ്കിലും കമ്മീഷന്റെ ഭാഗമായോ, ചെയർമാനായോ നിലവിൽ പ്രവർത്തിക്കുന്നുണ്ടോ ; വിശദമാക്കുമോ; എങ്കിൽ ഇവയിൽനിന്നും ശമ്പളം/റ്റി.എ./ഡി.എ. ഉൾപ്പെടെ എന്തു തുക നാളിതുവരെ കൈപ്പറ്റിയെന്നും എത്ര വാഹനങ്ങൾ ഇപ്പോഴും ഉപയോഗിക്കുന്നുണ്ടെന്നും വ്യക്തമാക്കുമോ ;

(ഇ) ഇപ്രകാരം പല ശമ്പളവും പെൻഷനും ഉൾപ്പെടെ ശമ്പള കമ്മീഷൻ ചെയർമാൻ സംസ്ഥാന സർക്കാർ ഖജനാവിൽ നിന്ന് പ്രതിമാസം എത്ര രൂപ കൈപ്പറ്റുന്നുവെന്ന് വ്യക്തമാക്കുമോ ;

(എഫ്) 10-ാം ശമ്പള പരിഷ്കരണ റിപ്പോർട്ട് എന്നാണ് കമ്മീഷൻ സർക്കാരിന് സമർപ്പിച്ചത് ; ഇത് നടപ്പിലാക്കാൻ സർക്കാർ നിയോഗിച്ച മന്ത്രിസഭാ ഉപസമിതി നാളിതുവരെ കൂടിയില്ലെങ്കിൽ അതിന്റെ കാരണമെന്ത് ; ഉപസമിതി അംഗങ്ങൾ ആരൊക്കെ ; വിശദാംശം നൽകുമോ ?

<u>ഉത്തരം</u>

(എ) പത്താം ശമ്പള പരിഷ്കരണ കമ്മീഷൻ ചെയർമാൻ, മെമ്പർ സെക്രട്ടറി, മെമ്പർ എന്നിവർക്ക് ശമ്പളമായി 39,55,644 രൂപയും മറ്റ് ജീവനക്കാർക്കുള്ള ശമ്പളം, റ്റി.എ. മറ്റ് അലവൻസുകൾ എന്നീ ഇനത്തിൽ നാളിതുവരെ 1,45,60,919 രൂപയും ശമ്പളേതര ഇനത്തിൽ 39,14,193 രൂപയും ചെലവായിട്ടുണ്ട്.

| | | | |
|---|---|---|---|
| (ബി) | ശമ്പളം | - | 13,18,548 |
| | യാത്രാബത്ത | - | 1,42,500 |
| | ഇന്ധന ചെലവ് | - | 1,74,190 |
| | ആകെ | - | 16,35,238 |

(സി) ശമ്പള കമ്മീഷൻ ഉപയോഗത്തിനായി സർക്കാരിൽനിന്നും 3 വാഹനങ്ങളും കരാർ അടിസ്ഥാനത്തിൽ ഒരു വാഹനവും കമ്മീഷൻ ഉപയോഗിക്കുന്നു. ഓരോ വാഹനത്തിനും നാളിതുവരെ ചെലവായ തുക ചുവടെ ചേർക്കുന്നു:

| മഹീന്ദ്ര ബൊലേറോ | ഫോർഡ് ഫിയസ്റ്റ | ടൊയോട്ട കൊറോള | കരാർ വാഹനം |
|---|---|---|---|
| 68,626 | 78,574 | 1,67,172 | 2,96,600 |

(ഡി) ശമ്പള കമ്മീഷൻ ചെയർമാൻ ജസ്റ്റിസ് സി. എൻ. രാമചന്ദ്രൻ നായർ കേരള ഡാം സേഫ്റ്റി അതോറിറ്റി ചെയർമാനായും പ്രവർത്തിക്കുന്നുണ്ട്. ടി ഓഫീസിൽനിന്നും കൈപ്പറ്റിയ സാമ്പത്തിക ആനുകൂല്യങ്ങൾ സംബന്ധിച്ച വിവരങ്ങൾ ഈ ഓഫീസിൽ ലഭ്യമല്ല. ശമ്പള കമ്മീഷനിൽനിന്നും ചെയർമാന് വാഹനം അനുവദിച്ചിട്ടില്ല. സർക്കാർ ഉത്തരവ് പ്രകാരം ഡാം സേഫ്റ്റി അതോറിറ്റി ചെയർമാന്റെ വാഹനം ശമ്പള കമ്മീഷൻ ആവശ്യത്തിനും ഉപയോഗിക്കാൻ അനുവദിച്ചിട്ടുണ്ട്. കമ്മീഷൻ ആവശ്യത്തിനുള്ള ഉപയോഗത്തിന്റെ ഇന്ധന ചെലവ് മാത്രമേ ഈ ഓഫീസ് അനുവദിച്ചിട്ടുള്ളൂ.

(ഇ) ശമ്പള കമ്മീഷൻ ചെയർമാൻ ജസ്റ്റിസ് സി. എൻ. രാമചന്ദ്രൻ നായർക്ക് പ്രതിമാസം 50,000 രൂപ വീതം 31-3-2015 വരെയും 1-4-2015 മുതൽ 75,000 രൂപ വീതവും അനുവദിച്ചിട്ടുണ്ട്.

(എഫ്) പത്താം ശമ്പള കമ്മീഷൻ റിപ്പോർട്ട് 13-7-2015-ൽ സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ഇത് നടപ്പിലാക്കാൻ സർക്കാർ നിയോഗിച്ച മന്ത്രിസഭാ ഉപസമിതി 3-12-2015-ന് കൂടിയിട്ടുണ്ട്.

<u>ഉപസമിതിയുടെ അംഗങ്ങൾ :</u>

മുഖ്യമന്ത്രി - കൺവീനർ

ആഭ്യന്തര വകുപ്പുമന്ത്രി

വ്യവസായ-വിവര സാങ്കേതികവിദ്യാ വകുപ്പുമന്ത്രി

ഊർജ്ജ വകുപ്പുമന്ത്രി

## 2014-15 സാമ്പത്തിക വർഷം വിവിധ വകുപ്പുകൾക്ക് അനുവദിച്ച തുക

100 (1926) ശ്രീ. പി. കെ. ഗുരുദാസൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

2014-15 സാമ്പത്തികവർഷം വിവിധ വകുപ്പുകൾക്ക് അനുവദിച്ച തുകയിൽ ഏതെല്ലാം പദ്ധതികൾക്ക് തുക ചെലവഴിച്ചില്ല എന്നറിയിക്കുമോ ; പ്രസ്തുത പദ്ധതികൾക്ക് വേണ്ടി തുക വിനിയോഗിക്കുന്നതിന് സ്വീകരിച്ച നടപടി വിശദമാക്കുമോ ;

ഉത്തരം

2014-15 സാമ്പത്തിക വർഷം വിവിധ വകുപ്പുകൾക്ക് അനുവദിച്ച പദ്ധതികളിൽ തുക ചെലവഴിച്ചിട്ടില്ലാത്ത പദ്ധതികളുടെ പട്ടിക അനുബന്ധമായി* ചേർക്കുന്നു.

## 2015-16 സാമ്പത്തിക വർഷത്തെ നികുതി

101 (1927) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015-16 സാമ്പത്തിക വർഷം ഓരോ വകുപ്പുകൾക്കും അനുവദിച്ച തുക എത്രയെന്നും ; ആയതിൽ ഓരോ വകുപ്പും 2015 ഒക്ടോബർ 31 വരെ എത്ര തുക വീതം ചെലവഴിച്ചുവെന്നും വിശദമാക്കുമോ ;

(ബി) നടപ്പുവർഷം ലോട്ടറി, മോട്ടോർ വാഹന, രജിസ്ട്രേഷൻ വകുപ്പുകളിൽ നിന്നും എത്ര തുക നികുതിയിനത്തിൽ പിരിക്കുവാനാണ് തീരുമാനിച്ചത് ; പ്രസ്തുത വകുപ്പുകളിൽനിന്നും 2015 ഒക്ടോബർ 31 വരെ എത്ര തുക പിരിഞ്ഞുകിട്ടി ; വ്യക്തമാക്കുമോ ;

(സി) നടപ്പു സാമ്പത്തിക വർഷം നികുതിയിനത്തിൽ മദ്യ വിപണനം വഴി ഉദ്ദേശിച്ച വരുമാനം എത്ര ; ആയതിൽ 2015 ഒക്ടോബർ 31 വരെ എത്ര തുക

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

പിരിഞ്ഞു കിട്ടി ; വിശദമാക്കുമോ ;

(ഡി) സ്വർണ്ണ വിപണന രംഗത്തുനിന്നും നടപ്പുവർഷംനികുതിയിനത്തിൽ ഉദ്ദേശിച്ച വരുമാനം എത്ര ; നാളിതുവരെ (2015 ഒക്ടോബർ 31 വരെ) എത്ര തുക പിരിഞ്ഞു കിട്ടി ; പ്രസ്തുത മേഖലയിലെ നികുതി ഘടനയിലെ അപാകതകൾമൂലം നികുതി വരുമാനം കുറയുകയും സ്വർണ്ണക്കള്ളക്കടത്ത് കൂടുകയും ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ആയത് പരിഹരിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) വിശദവിവരങ്ങൾ അനുബന്ധമായി* ചേർത്തിട്ടുണ്ട്.

(ബി) <u>ലോട്ടറി വകുപ്പ് :</u>

പ്രതിവാര ഭാഗ്യക്കുറികൾക്ക് 50 ലക്ഷം രൂപ വീതവും ബമ്പർ ഭാഗ്യക്കുറികൾക്ക് ഒരു കോടി രൂപ വീതവും മുൻകൂർ നികുതി ചുമത്തുന്നുണ്ട്. 2015 ഒക്ടോബർ 31 വരെ ഈയിനത്തിൽ 108 കോടി രൂപ കിട്ടിയിട്ടുണ്ട്.

<u>മോട്ടോർ വാഹന വകുപ്പ് :</u>

2015-16 സാമ്പത്തിക വർഷത്തിൽ മോട്ടാർ വാഹന വകുപ്പ് 3087.35 കോടി രൂപയാണ് പിരിച്ചെടുക്കാൻ ലക്ഷ്യമിട്ടിരിക്കുന്നത്. ഇതിൽ 2015 ഒക്ടോബർ 31 വരെ 1532.81 കോടി രൂപ പിരിഞ്ഞുകിട്ടിയിട്ടുണ്ട്.

<u>രജിസ്ട്രേഷൻ വകുപ്പ് :</u>

4166 കോടി രൂപ പിരിക്കുവാൻ ലക്ഷ്യമിട്ടിരിന്നു. ഇതിൽ 2015 ഒക്ടോബർ 31 വരെ 1462.15 കോടി രൂപ പിരിഞ്ഞുകിട്ടി.

(സി) നടപ്പ് സാമ്പത്തിക വർഷം നികുതിയിനത്തിൽ മദ്യവിപണനംവഴി ഉദ്ദേശിച്ച വരുമാനം 2600.66 കോടി രൂപയാണ്. ആയതിൽ 2015 ഒക്ടോബർ 31 വരെ 1121.14 കോടി രൂപ പിരിഞ്ഞുകിട്ടി.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) സ്വർണ്ണ വിപണന രംഗത്ത് നടപ്പ് സാമ്പത്തിക വർഷം നികുതിയിനത്തിൽ പ്രത്യേക ടാർജറ്റ് നിശ്ചയിച്ചിട്ടില്ല. 2015 ഒക്ടോബർ 31 വരെ സ്വർണ്ണ വിപണനംവഴിയുള്ള നികുതിയായ 322.72 കോടി രൂപ പിരിച്ചെടുത്തു. നടപ്പ് സാമ്പത്തിക വർഷം സ്വർണ്ണത്തിൽ നിന്നുള്ള നികുതി വരുമാനത്തിൽ കുറവ് വന്നിട്ടില്ല. 31-10-2015-ലെ കണക്കുകൾ പ്രകാരം 19% വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

**ഇ-പേമെന്റ് സംവിധാനം**

102 (1928) ശ്രീ. കെ. അച്ചുതൻ:
ശ്രീ. പാലോട് രവി :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാണിജ്യ നികുതി വകുപ്പിൽ ഇ-പേമെന്റ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ടോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) പ്രസ്തുത സംവിധാനം നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

ഉത്തരം

(എ) 2009 ജനുവരി മാസം മുതൽ വാണിജ്യ നികുതി വകുപ്പിൽ ഇ-പേയ്മെന്റ് സംവിധാനം നിലവിലുണ്ട്.

(ബി) ഇ-പേമെന്റ് സംവിധാനത്തിലൂടെ നിർണ്ണയിക്കപ്പെട്ടിട്ടുള്ള നികുതി വ്യാപാരിതന്നെ വ്യാപാരിയുടെ ഓൺലൈൻ ബാങ്ക് അക്കൗണ്ടിൽനിന്നും സർക്കാരിലേക്ക് ഉടനടി ഒടുക്കാൻ സാധിക്കുന്നു. അവർക്ക് ഇതിനായി ഓഫീസിൽ വരേണ്ട സാഹചര്യം ഒഴിവായി. കൂടാതെ സർക്കാരിന് ലഭിക്കേണ്ട നികുതി കാലതാമസം കൂടാതെ കൃത്യസമയത്തുതന്നെ ലഭ്യമാകുന്നു. ആയതുമൂലം

ഓഫീസുകളിൽ നികുതി അടവുമായി ബന്ധപ്പെട്ടിട്ടുള്ള വ്യാപാരികളിൽനിന്നും ചെക്ക്, ഡി.ഡി. മുതലായ മാർഗ്ഗങ്ങളിലൂടെയുള്ള നികുതി അടവിലുണ്ടാകുന്ന കാലതാമസം ഒഴിവാക്കാൻ സാധിച്ചിട്ടുണ്ട്. കൂടാതെ ട്രഷറിയും അക്കൗണ്ടന്റ് ജനറൽ ഓഫീസുമായിട്ടുള്ള റീകൺസിലിയേഷൻ നടപടികളിലെ കാലതാമസവും ഒഴിവാക്കാൻ സാധിച്ചിട്ടുണ്ട്. ആയതിനാൽ ഇത് വ്യാപാരിക്കും സർക്കാരിനും ഒരേപോലെ പ്രയോജനപ്രദമാണ്.

(സി) ഇത് നടപ്പിലാക്കാൻ വാറ്റ് നിയമത്തിലും കേരള ഫിനാൻഷ്യൽ കോഡിലും ആവശ്യമായ ഭേദഗതികൾ വരുത്തിയിട്ടുണ്ട്. ഇതോടൊപ്പം ഇ-പേയ്മെന്റിന് ആവശ്യമായിട്ടുള്ള ഇലക്ട്രോണിക് നടപടിക്രമങ്ങൾ സർക്കാരിന്റെ ഇ-ഗവേണൻസ് സോഫ്റ്റ്വെയറും ബാങ്കുകളുടെ ഓൺലൈൻ സംവിധാനവുമായി ബന്ധിപ്പിച്ച് നടപ്പിലാക്കിയിട്ടുണ്ട്. ചെറുകിട വ്യാപാരികൾക്ക് റിട്ടേൺ ഫയൽ ചെയ്യാനും on-line payment നടത്താനും അക്ഷയ കേന്ദ്രങ്ങളുടെ സഹായം പ്രയോജന പ്പെടുത്താനുള്ള സംവിധാനവുമുണ്ട്. ഇതിന്റെ ചെലവ് സർക്കാരാണ് വഹിക്കുന്നത്.

**ബീഡിക്ക് പുതുതായി ഏർപ്പെടുത്തിയ നികുതി**

103 (1929) ശ്രീ. പി. റ്റി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബീഡിക്ക് പുതുതായി നികുതി ഏർപ്പെടുത്തിയിട്ടുണ്ടോ ;

(ബി) ബീഡി മേഖലയിൽ തൊഴിലെടുക്കുന്നവരുടെ ജോലി സുരക്ഷിതത്വത്തിന് ഇത് ഭീഷണിയുയർത്തുന്നതായ പരാതി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(സി) പ്രസ്തുത കാര്യം സംബന്ധിച്ച് കേരള ദിനേശ് ബീഡി തൊഴിലാളി കേന്ദ്ര സഹകരണ സംഘം നൽകിയ നിവേദനം ലഭിച്ചിട്ടുണ്ടോ ; എന്ത് നടപടിയാണ് ഇക്കാര്യത്തിൽ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ;

(ഡി) തോട്ടം തൊഴിൽ മേഖലയിൽ നൽകിയ മാതൃകയിൽ ബീഡി മേഖലയിലും നികുതിയിളവ് നൽകാൻ തയ്യാറാവുമോ ?

<u>ഉത്തരം</u>

(എ) പുകയില ഉല്പന്നങ്ങളുടെ ഉപയോഗം കൊണ്ടുണ്ടാകുന്ന ആരോഗ്യ പ്രശ്നങ്ങൾ കണക്കിലെടുത്ത് ഇതിന്റെ ഉപയോഗം കുറയ്ക്കുക എന്ന ലക്ഷ്യത്തിന്റെ തുടർനടപടിയുടെ ഭാഗമായി ബീഡിക്ക്മേൽ കേരള ധനകാര്യ നിയമം 2015 പ്രകാരം 14.5 ശതമാനം നികുതി ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) കേരള ദിനേശ് ബീഡി തൊഴിലാളി കേന്ദ്ര സഹകരണ സംഘം നൽകിയ നിവേദനം ലഭിച്ചിട്ടുണ്ട്. പുകയില ഉല്പന്നങ്ങളുടെ ഉപയോഗം കൊണ്ടുണ്ടാകുന്ന ആരോഗ്യപ്രശ്നങ്ങൾ കണക്കിലെടുത്ത് ഇവയുടെ ഉപയോഗം കുറയ്ക്കുക എന്ന ലക്ഷ്യത്തിന്റെ തുടർനടപടിയുടെ ഭാഗമായാണ് ബീഡിക്ക് 14.5% നികുതി ഏർപ്പെടുത്തിയിട്ടുള്ളത്. കേരള ദിനേശ് ബീഡിക്ക് മാത്രമായി നികുതി നിരക്ക് കുറയ്ക്കാൻ സാധ്യമല്ല. അയൽ സംസ്ഥാനങ്ങളിൽനിന്നും വരുന്ന ബീഡിക്കും ഈ നികുതി നിരക്ക് ബാധകമാണ്.

(ഡി) പുകയില ഉല്പന്നങ്ങളുടെ ഉപയോഗം കൊണ്ടുണ്ടാകുന്ന ആരോഗ്യ പ്രശ്നങ്ങൾ കണക്കിലെടുത്ത് ഇവയുടെ ഉപയോഗം കുറയ്ക്കുക എന്ന സർക്കാർ നയത്തിന്റെ ഭാഗമായി ബീഡിക്ക് നികുതിയിളവ് നൽകുന്നത് ഇപ്പോൾ പരിഗണനയിലില്ല.

**പെട്രോളിനും ഡീസലിനും ഏർപ്പെടുത്തിയ സെസ്**

104 (1930) <u>ശ്രീ. ബാബു എം. പാലിശ്ശേരി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെട്രോൾ, ഡീസൽ എന്നിവയ്ക്ക് ഒരു രൂപ വീതം സെസ് ഏർപ്പെടുത്തിയതുമൂലം എത്ര കോടി രൂപ ഇതുവരെ ഖജനാവിൽ എത്തിയിട്ടുണ്ട് ;

(ബി) എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കാനാണ് പെട്രോളിനും ഡീസലിനും ഒരു രൂപ സെസ്സ് ഏർപ്പെടുത്തിയത് ; അത് സംബന്ധിച്ച വിശദാംശം വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) പെട്രോൾ, ഡീസൽ എന്നിവയുടെമേൽ പ്രത്യേക സെസ് ഈടാക്കുന്നില്ല. എന്നാൽ ഇവയുടെ മേൽ ലിറ്ററിന് ഒരു രൂപ നിരക്കിൽ 1-4-2015 മുതൽ അധിക വില്പന നികുതി ചുമത്തിയിട്ടുണ്ട്. 31-10-2015 വരെ 254.44 കോടി രൂപ ഈ

ഇനത്തിൽ പിരിച്ചെടുത്തിട്ടുണ്ട്.

(ബി) പെട്രോൾ, ഡീസൽ എന്നിവയുടെ മേൽ പ്രത്യേക സെസ് ഈടാക്കുന്നില്ല. എന്നാൽ സ്വന്തമായി പാർപ്പിടമില്ലാത്ത പാവപ്പെട്ടവർക്ക് വീട് വയ്ക്കുന്നതിനായും ഡിസ്ട്രക്ട് ഫ്ലാഗ്ഷിപ്പ് ഇൻഫ്രാസ്ട്രക്ചർ പ്രോജക്ട് പ്രകാരം തെരഞ്ഞെടുക്കപ്പെട്ട റോഡ് വികസന പ്രവർത്തനങ്ങൾക്കുമായി 1-4-2015 മുതൽ പെട്രോൾ, ഡീസൽ എന്നിവയിൽനിന്നും ലിറ്ററിന് ഒരു രൂപ നിരക്കിൽ അധിക വില്പന നികുതി പിരിച്ചെടുക്കുന്നുണ്ട്.

**ഫെസിലിറ്റേഷൻ സെന്ററുകൾ**

105 (1931) <u>ശ്രീ. പി. ശ്രീരാമകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വ്യാപാരികൾക്ക് തങ്ങളുടെ ചരക്ക് നീക്കം സംബന്ധിച്ച വിവരങ്ങൾ സമർപ്പിക്കുന്നതിനായി വാണിജ്യനികുതി വകുപ്പിന്റെ കീഴിൽ ഫെസിലിറ്റേഷൻ സെൻററുകൾ ആരംഭിക്കണമെന്ന് 2011-12-ലെ സംസ്ഥാന ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ടായിരുന്നോ ; എങ്കിൽ ഇവ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ ; വ്യക്തമാക്കാമോ ;

(ബി) സംസ്ഥാനത്താകെ ഇത്തരം എത്ര ഫെസിലിറ്റേഷൻ സെൻററുകൾ പ്രവർത്തിക്കുന്നുണ്ട് ; എവിടെയെല്ലാം ; വ്യക്തമാക്കാമോ ;

(സി) ഓരോ സെന്ററിലും ഇതുവരെ എത്ര വ്യാപാരികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ; വ്യക്തമാക്കാമോ ;

(ഡി) ഈ സെന്ററുകളുടെ പ്രവർത്തനംമൂലം സംസ്ഥാനത്തിന് ലഭിക്കേണ്ട നികുതി തിട്ടപ്പെടുത്തുന്നതിനും നികുതി ചോർച്ച തടയുന്നതിനും കഴിഞ്ഞിട്ടുണ്ടോ ; എങ്കിൽ വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ) ഫെസിലിറ്റേഷൻ സെന്റുകൾ ആരംഭിച്ചിട്ടുണ്ട്.

(ബി) വെല്ലിംഗ്ഡൺ ഐലന്റ്, വല്ലാർപാടം എന്നിവിടങ്ങളിലായി രണ്ട് ഫെസിലിറ്റേഷൻ സെന്ററുകൾ പ്രവർത്തിക്കുന്നുണ്ട്.

(സി) പ്രസ്തുത കേന്ദ്രങ്ങൾ വഴി രജിസ്ട്രേഷൻ നൽകാൻ അനുമതിയില്ല.

(ഡി) ഈ കേന്ദ്രങ്ങൾവഴി കപ്പലിൽ വരുന്ന ഇറക്കുമതി, കയറ്റുമതി ചരക്ക് നീക്കങ്ങൾ വ്യാപാരികൾക്ക് സ്വയം പ്രഖ്യാപിക്കുവാനും മുൻകൂർ നികുതി ബാധ്യത

വരുന്ന ചരക്കുകൾ ടാക്സ് അടച്ചതിന് അംഗീകാരം കിട്ടുവാനും ട്രാൻസിറ്റ് പാസ്സുകൾ നൽകുവാനും തിരികെ സമർപ്പിക്കുവാനും പ്രയോജനപ്പെടുന്നുണ്ട്.

## വിശ്വസ്ത താരം (Star of Trust) സർട്ടിഫിക്കേഷൻ പദ്ധതി

106 (1932) ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിയമാനുസൃതം പ്രവർത്തിക്കുന്ന വ്യാപാരികളെ പ്രോത്സാഹിപ്പിക്കുന്നതിനായി 2011-12-ലെ സംസ്ഥാന ബഡ്ജറ്റിൽ ആരംഭിക്കുമെന്ന് പ്രഖ്യാപിച്ചിരുന്ന വിശ്വസ്തതാരം (Star of Trust) സർട്ടിഫിക്കേഷൻ പദ്ധതി ആരംഭിച്ചിട്ടുണ്ടോ ; എങ്കിൽ എന്നാണ് ആരംഭിച്ചത് ; വ്യക്തമാക്കുമോ ;

(ബി) നിലവിൽ വാറ്റ് നിയമപ്രകാരം രജിസ്റ്റർ ചെയ്ത എത്ര വ്യാപാരികളുണ്ട് ; വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പദ്ധതി ആരംഭിച്ചതിന് ശേഷം ഇതുവരെയുള്ള ഓരോ വർഷവും എത്ര വീതം വ്യാപാരികൾക്ക് വിശ്വസ്തതാരം സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ; ഇതിന്റെ ജില്ല തിരിച്ചുള്ള വിശദാംശം ലഭ്യമാക്കാമോ ?

ഉത്തരം

(എ) 2011-12-ലെ സംസ്ഥാന ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്ന വിശ്വസ്ത താരം (Star of Trust) സർട്ടിഫിക്കേഷൻ പദ്ധതി നടപ്പിലായിട്ടില്ല.

(ബി) 2015 ഡിസംബർ ഒന്നാം തീയതിയിലെ കണക്ക് പ്രകാരം 231999 വ്യാപാരികൾ കേരള മൂല്യവർദ്ധിത നികുതി നിയമ പ്രകാരം രജിസ്ട്രേഷൻ എടുത്തിട്ടുണ്ട്.

(സി) ഉത്തരം (എ)യുടെ വെളിച്ചത്തിൽ ബാധകമല്ല.

## നെറ്റ്‌വർക്കിംഗ്, കോർബാങ്കിംഗ് സംവിധാനങ്ങൾ

107 (1933) ഡോ. ടി. എം. തോമസ് ഐസക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2012-13 ലെ ബഡ്ജറ്റിൽ ട്രഷറി പ്രവർത്തനങ്ങളെ പരസ്പരം ബന്ധിപ്പിച്ച് കൊണ്ട് ആരംഭിക്കുമെന്ന് പ്രഖ്യാപിച്ചിരുന്ന നെറ്റ് വർക്കിംഗ്, കോർ ബാങ്കിംഗ് സംവിധാനങ്ങൾ ആരംഭിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത ബഡ്ജറ്റിൽ ധനകാര്യ വകുപ്പിന് കീഴിൽ എന്തെല്ലാം പുതിയ പദ്ധതികളാണ് പ്രഖ്യാപിച്ചിരുന്നതെന്നും ഓരോന്നിനും എന്ത് തുക വകയിരുത്തിയിരുന്നുവെന്നും എന്ത് തുക അനുവദിച്ചുവെന്നും അതിൽ എന്ത് തുക വീതം ട്രഷറിയിൽ അവശേഷിച്ചിരുന്നുവെന്നും വ്യക്തമാക്കുമോ ;

(സി) പ്രസ്തുത വർഷം പൂർത്തിയാക്കാത്ത പദ്ധതികളുണ്ടോ ; ഇവയ്ക്കായി തുടർ വർഷങ്ങളിൽ പണം അനുവദിച്ചിരുന്നോ ; ഇവയിൽ ഇനിയും പൂർത്തിയാകാത്ത പദ്ധതികളുണ്ടോ എന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) 2012-13-ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്ന ട്രഷറി നെറ്റ്‌വർക്കിംഗ്, കോർബാങ്കിംഗ് എന്നീ സംവിധാനങ്ങൾ നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. 2015 ഡിസംബർ 31-നകം പ്രസ്തുത പദ്ധതികൾ പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി&സി) ട്രഷറി, ഇൻഷ്വറൻസ്, നാഷണൽ സേവിംഗ്സ്, സ്റ്റേറ്റ് ആഡിറ്റ് എന്നീ വകുപ്പുകളാണ് ധനകാര്യ വകുപ്പിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ പ്രവർത്തിക്കുന്നത്. ഇവയിൽ 2012-13-ലെ ബഡ്ജറ്റിൽ ആധുനികവത്ക്കരണത്തിന്റെ ഭാഗമായി നടപ്പാക്കി വരുന്ന കമ്പ്യൂട്ടർ വൽക്കരണം, അടിസ്ഥാന സൗകര്യവികസനം തുടങ്ങിയ തുടർ പദ്ധതികളല്ലാതെ പുതിയ പദ്ധതികൾ ഒന്നും ഉൾപ്പെടുത്തിയിട്ടില്ല. തുടർ പദ്ധതികൾക്ക് തുടർന്നുള്ള വർഷങ്ങളിലും പണം അനുവദിച്ചിട്ടുണ്ട്.

ധനകാര്യ വകുപ്പിന് കീഴിൽ Centre for Training in Financial Management (CTFM) വിപുലീകരിക്കുമെന്നും മുതുകുളത്ത് പുതിയ ട്രഷറി ആരംഭിക്കുമെന്നും കെ.എഫ്.സി. വഴി സംസ്ഥാന സ്വയംസംരംഭക മിഷൻ ആരംഭിക്കുമെന്നും ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിരുന്നു. ഇവയെല്ലാംതന്നെ നടപ്പിലാക്കിയിട്ടുണ്ട്.

**പിണറായി സബ് ട്രഷറി**

108 (1934) <u>ശ്രീ. കെ. കെ. നാരായണൻ</u> : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ധർമ്മടം നിയോജക മണ്ഡലത്തിലെ പിണറായിയിൽ സബ് ട്രഷറി സ്ഥാപിക്കുന്നതിനുള്ള പ്രപ്പോസൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

ധർമ്മടം നിയോജക മണ്ഡലത്തിലെ പിണറായിയിൽ സബ്ട്രഷറി സ്ഥാപിക്കുന്നത് സംബന്ധിച്ച് പ്രൊപ്പോസൽ ഒന്നുംതന്നെ സർക്കാരിൽ ലഭിച്ചിട്ടില്ല.

**കുത്തിയതോട് സബ് ട്രഷറി ഓഫീസിന് പുതിയ കെട്ടിടം**

109 (1935) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

അരൂർ മണ്ഡലത്തിലെ കുത്തിയതോട് സബ്ട്രഷറി വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത സബ് ട്രഷറി ഓഫീസിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

ഉണ്ട്. കുത്തിയതോട് സബ്ട്രഷറിക്ക് പുതിയ കെട്ടിടം നിർമ്മിക്കുവാൻ 8 സെന്റ് സ്ഥലം അനുവദിച്ച് 11-8-2004-ലെ ജി.ഒ.(ആർ.റ്റി) നമ്പർ 2851/2004/ തസ്വഭവ പ്രകാരം ഉത്തരവായെങ്കിലും 10-5-2013-ൽ ചേർന്ന കുത്തിയതോട് ഗ്രാമ പഞ്ചായത്ത് കമ്മിറ്റി ട്രഷറി വകുപ്പിന് ഭൂമി അനുവദിച്ച ഉത്തരവ് റദ്ദാക്കണമെന്ന് സർക്കാരിനോട് ആവശ്യപ്പെടാൻ തീരുമാനിക്കുകയും ഈ വിവരം ഔദ്യോഗികമായി ട്രഷറി വകുപ്പിനെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. ഈ സാഹചര്യത്തിൽ കുത്തിയതോട് സബ്ട്രഷറിക്ക് പുതിയ കെട്ടിടം പണിയാൻ ഭൂമി ലഭിക്കുന്ന മുറയ്ക്ക് അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

**മലപ്പുറം ജില്ലാ ട്രഷറി**

110 (1936) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലാ ട്രഷറി വിഭജിച്ച് ഒരു പെൻഷൻ ട്രഷറിയും അഡീഷണൽ ജില്ലാ ട്രഷറിയും ആരംഭിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത വിഷയത്തിനായി നാളിതുവരെ സ്വീകരിച്ച നടപടികൾ വെളിപ്പെടുത്താമോ ?

<u>ഉത്തരം</u>

(എ&ബി) ഇല്ല. എന്നാൽ കോട്ടയ്ക്കൽ സബ്ട്രഷറി അഡീഷണൽ ജില്ലാ ട്രഷറിയായി ഉയർത്തുന്നതിനുള്ള ആവശ്യം സർക്കാരിൽ ലഭിച്ചിരുന്നു. ഇക്കാര്യം സർക്കാർ പരിശോധിച്ച് നിരസിച്ചിരുന്നു.

**കുന്ദമംഗലം സബ്ട്രഷറി**

111 (1937) <u>ശ്രീ. പി. റ്റി. എ. റഹീം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ.ഉ. (എം.എസ്) 343/14/ധന, തീയതി 18-8-2014 പ്രകാരം കോഴിക്കോട് ജില്ലയിലെ കുന്ദമംഗലം കേന്ദ്രമാക്കി അനുവദിച്ച സബ്ട്രഷറി ആരംഭിക്കുന്നതിന് കാലതാമസം നേരിട്ടതെന്തുകൊണ്ട് ;

(ബി) പ്രസ്തുത ട്രഷറി എന്നത്തേക്ക് പ്രവർത്തനമാരംഭിക്കുമെന്ന് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ&ബി) കുന്ദമംഗലം സബ്ട്രഷറി ആരംഭിക്കുന്നതിനുള്ള ഭരണാനുമതി നൽകിയെങ്കിലും പ്രവർത്തനത്തിനായി സബ്ട്രഷറി ഓഫീസറുടേതുൾപ്പെടെയുള്ള തസ്തികകൾ അനുവദിക്കേണ്ടതുണ്ട്. ആധുനികവൽക്കരണത്തിന്റെ ഭാഗമായി ട്രഷറികളുടെ നെറ്റ്‌വർക്കിംഗ് പൂർത്തിയായിട്ടില്ല. നെറ്റ്‌വർക്കിംഗ് പൂർത്തിയായ ശേഷം ആവശ്യകത പരിശോധിച്ച് കുന്ദമംഗലം സബ്ട്രഷറിക്കായുള്ള തസ്തിക സൃഷ്ടിക്കുന്നത് പരിശോധിക്കുന്നതാണ്.

ആധുനികവത്ക്കരണ ഭാഗമായ ട്രഷറി നെറ്റ്‌വർക്കിംഗ് പൂർത്തിയായ ശേഷം പ്രവർത്തനം ആരംഭിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

**പെൻഷനേഴ്സ് ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട്**

112 (1938) <u>ശ്രീ. കെ. സുരേഷ് കുറുപ്പ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014-15 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തെ ട്രഷറിയിലെ പെൻഷണേഴ്സ് ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടുകളിലെ ആകെ റെസീപ്റ്റ്സ് എന്തു തുകയാണെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത കാലയളവിൽ സംസ്ഥാനത്തെ ട്രഷറികളിലെ പെൻഷണേഴ്സ് ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടുകളിലെ ആകെ പേമെന്റ്സ് എന്തു

തുകയാണ്; വ്യക്തമാക്കാമോ ;

(സി) 31-3-2015-ലെ സംസ്ഥാനത്തെ ട്രഷറിയിലെ പെൻഷണേഴ്സ് ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടുകളുടെ ക്ലോസിംഗ് ബാലൻസ് എന്തു തുകയാണ് വ്യക്തമാക്കാമോ ;

(ഡി) ട്രഷറിയിലെ പെൻഷണേഴ്സ് ട്രഷറി എസ്.ബി. അക്കൗണ്ടുകളിൽ പിൻവലിക്കപ്പെടാതെ കിടക്കുന്ന ബാലൻസ് തുക സർക്കാരിന്റെ ഏതെങ്കിലും പ്രവർത്തനങ്ങൾക്കായി ചെലവഴിക്കാറുണ്ടോ ; എങ്കിൽ 2014-15-ൽ ഇത് എത്ര ; വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) 2014-15 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തെ ട്രഷറികളിലെ പെൻഷനേഴ്സ് ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടുകളിലെ റെസീപ്റ്റ്സിന്റെ ആകെ തുക 8358.81 കോടി രൂപയാണ്.

(ബി) 2014-15 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തെ ട്രഷറികളിലെ പെൻഷനേഴ്സ് ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടുകളിലെ പേയ്മെന്റിന്റെ ആകെ തുക 8393.48 കോടി രൂപയാണ്.

(സി) 31-3-2015-ലെ സംസ്ഥാനത്തെ ട്രഷറികളിലെ പെൻഷനേഴ്സ് ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടുകളിലെ ക്ലോസിംഗ് ബാലൻസ് 1207.68 കോടി രൂപയാണ്.

(ഡി) ട്രഷറി സേവിംഗ്സ് അക്കൗണ്ടുകൂടി ഉൾപ്പെടുന്ന പബ്ലിക് അക്കൗണ്ടിലെ നീക്കിയിരുപ്പ് സംസ്ഥാനത്തിന്റെ ക്യാഷ്ബാലൻസിൽ പ്രതിഫലിക്കാറുണ്ട്. എന്നാൽ ഈ തുകയെ സർക്കാർ പണമായി കണക്കാക്കാൻ കഴിയാത്തതിനാൽ സർക്കാരിന്റെ മറ്റ് പ്രവർത്തനങ്ങൾക്ക് ഈ തുക വിനിയോഗിക്കാൻ കഴിയില്ല.

**കാരുണ്യ ചികിത്സ ധനസഹായം**

113 (1939) <u>ശ്രീ. റ്റി. എ. അഹമ്മദ് കബീർ</u> : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കാരുണ്യ ചികിത്സാധനസഹായം അപകടങ്ങൾ കാരണമുള്ള ചികിത്സകൾക്കും അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

ഇക്കാര്യം ഇപ്പോൾ പരിഗണനയിലില്ല. എന്നാൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നുമുള്ള സഹായം അനുവദിക്കുന്നുണ്ട്.

**കാരുണ്യ ബെനവലന്റ് സ്കീം**

114 (1940) <u>ശ്രീ. വി. ശശി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ലോട്ടറി എന്നുമുതലാണ് ആരംഭിച്ചത് ; ഇതുവരെ എത്ര നറുക്കെടുപ്പുകൾ നടത്തി ; ഓരോ നറുക്കെടുപ്പിൽ നിന്നും ലഭിച്ച തുക, ഇവയുടെ നടത്തിപ്പിനായി ചെലവഴിച്ച തുക എന്നിവയുടെ വിവരം വർഷം തിരിച്ച് വ്യക്തമാക്കുമോ ;

(ബി) കാരുണ്യ ബനവലന്റ് സ്കീം എന്നു മുതലാണ് ആരംഭിച്ചത് ; ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഈ സ്കീമിൽ ഓരോ വർഷവും എത്ര രോഗികൾക്ക് ചികിത്സാ സഹായം നൽകി ; അതിനായി എത്ര തുക ചെലവഴിച്ചുവെന്നതിന്റെ കണക്ക് വർഷം തിരിച്ച് നൽകാമോ ;

(സി) ചികിത്സാ ചെലവിനായി എത്ര കേസുകൾക്ക് സഹായം നൽകാനുണ്ടെന്നും അത് ആകെ എത്ര തുകയുണ്ടെന്നും വെളിപ്പെടുത്തുമോ ; ഏതെങ്കിലും ആശുപത്രികൾ ഈ സ്കീമിൽനിന്നും പുറത്തുപോയിട്ടുണ്ടോ ; ഉണ്ടെങ്കിൽ കാരണം വെളിപ്പെടുത്തുമോ ;

(ഡി) ഏതെല്ലാം രോഗങ്ങൾക്കാണ് ധനസഹായം അനുവദിക്കുന്നത് ; ധനസഹായം നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡം, അനുവദിക്കുന്ന പരമാവധി ധനസഹായം, ധനസഹായം ലഭിക്കുന്നതിനുള്ള നടപടിക്രമം എന്നിവ വ്യക്തമാക്കുമോ ;

<u>ഉത്തരം</u>

(എ) 3-9-2011-ന് വിൽപ്പന ആരംഭിച്ച കാരുണ്യ ഭാഗ്യക്കുറിയുടെ ആദ്യ നറുക്കെടുപ്പ് 24-9-2011-ന് ആണ് നടന്നത്. കാരുണ്യ ഭാഗ്യക്കുറിയുടെ 217 നറുക്കെടുപ്പുകൾ നടത്തിയിട്ടുണ്ട്. കാരുണ്യ ഭാഗ്യക്കുറിയിൽ നിന്നും ലഭിച്ച തുക, ഇവയുടെ നടത്തിപ്പിനായി ചെലവഴിച്ച തുക (സമ്മാനം, ഡിസ്കൗണ്ട്, ടാക്സ്, പ്രിന്റിംഗ്, പരസ്യം, എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ എന്നിവ ഉൾപ്പെടെ) എന്നിവയുടെ വർഷം തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു:

| വർഷം | വിറ്റുവരവ് (കോടി രൂപയിൽ) | ചെലവ് (കോടി രൂപയിൽ) (Approximate) |
|---|---|---|
| 2011-12 | 188.87 | 149.90 |
| 2012-13 | 464.61 | 359.36 |
| 2013-14 | 602.10 | 470.07 |
| 2014-15 | 695.27 | 553.47 |
| 2015-16 (നവംബർവരെ) | 506.39 | 409.04 |

ഓരോ നറുക്കെടുപ്പിൽനിന്നും ലഭിച്ച തുക, ചെലവഴിച്ച തുക (ഏകദേശം) എന്നിവയുടെ വിശദാംശങ്ങൾ അനുബന്ധം (എ)* ആയി ചേർത്തിരിക്കുന്നു.

(ബി) കാരുണ്യ ബെനവലന്റ് സ്കീം 26-2-2012-ൽ ആണ് ആരംഭിച്ചത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഈ സ്കീമിൽ ഓരോ വർഷവും എത്ര രോഗികൾക്ക് ചികിത്സാ ധനസഹായം നൽകി, ചെലവഴിച്ചിട്ടുള്ള തുക എന്നിവയുടെ വർഷം തിരിച്ചുള്ള സ്റ്റേറ്റ്മെന്റ് അനുബന്ധം ബി* ആയി ചേർത്തിട്ടുണ്ട്.

(സി) ചികിത്സാ ചെലവിനായി 44513 പേർക്ക് 422.55 കോടി രൂപ നൽകുവാനുണ്ട്. പദ്ധതി പ്രകാരം അക്രെഡിറ്റ് ചെയ്തിട്ടുള്ള ആശുപത്രികൾ ഒന്നുംതന്നെ സ്കീമിൽ നിന്നും പുറത്തുപോയിട്ടില്ല.

(ഡി) കാൻസർ, ഹൃദ്രോഗം, വൃക്കരോഗം, തലച്ചോർ/കരൾ എന്നിവയ്ക്കുള്ള സർജറി ഉൾപ്പെടെയുള്ള ചികിത്സ, ഹീമോഫീലിയ, പാലിയേറ്റീവ് കെയർ, ഗുരുതരമായ ശ്വാസകോശ രോഗങ്ങൾ, നട്ടെല്ല്, സുഷുമ്നാനാഡി എന്നിവയ്ക്ക് സംഭവിക്കുന്ന മാരകമായ രോഗങ്ങൾ എന്നിവയ്ക്കാണ് ചികിത്സാ ധനസഹായം നൽകിവരുന്നത്. കാരുണ്യാ ചികിത്സാ പദ്ധതി പ്രകാരം അനുവദിക്കുന്ന പരമാവധി ചികിത്സാ ധനസഹായത്തുക രണ്ട് ലക്ഷം രൂപയാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ധനസഹായം നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡം ചുവടെ ചേർക്കുന്നു:</u>

1. മൂന്ന് ലക്ഷം രൂപയിൽ കവിയാതെ വാർഷിക വരുമാനമുള്ള ബി.പി.എൽ/എ.പി.എൽ. കുടുംബങ്ങൾക്ക് ചികിത്സാ ധനസഹായം ലഭിക്കും. പരമാവധി ചികിത്സാ ധനസഹായമായി 2 ലക്ഷം രൂപയാണ് അനുവദിക്കുന്നത്.

2. കാൻസർ, ഹൃദ്‌രോഗം, വൃക്കരോഗം, തലച്ചോർ/കരൾ എന്നിവയുടെ സർജറി ഉൾപ്പെടെയുള്ള ചികിത്സ, ഹീമോഫീലിയ, പാലിയേറ്റീവ് കെയർ, ഗുരുതരമായ ശ്വാസകോശ രോഗങ്ങൾ, നട്ടെല്ല്, സുഷുമ്നാനാഡി എന്നിവയ്ക്ക് സംഭവിക്കുന്ന മാരകമായ രോഗങ്ങൾ എന്നിവയ്ക്ക് ചികിത്സാ ധനസഹായം ലഭിക്കും.

3. എല്ലാ സർക്കാർ ആശുപത്രികളിലും കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതി പ്രകാരം അക്രെഡിറ്റ് ചെയ്തിട്ടുള്ള സർക്കാരിതര ആശുപത്രികളിലും ചികിത്സ തേടുന്നവർക്ക് ചികിത്സാ ധനസഹായം ലഭിക്കും.

4. ഒരു കുടുംബത്തിൽ ഒന്നിലധികം ഹീമോഫീലിയ രോഗികളുണ്ടെങ്കിൽ ആകെ ധനസഹായ പരിധിയിൽ ഇളവ് വരുത്തി ഓരോ രോഗിക്കും പരിധിയില്ലാതെ ചികിത്സാ ധനസഹായം അനുവദിക്കുന്നു.

<u>ധനസഹായം ലഭിക്കുന്നതിനുള്ള നടപടിക്രമം ചുവടെ ചേർക്കുന്നു:</u>

1. നിശ്ചിത മാതൃകയിലുള്ള അപേക്ഷാ ഫോറത്തിൽ രോഗി സ്ഥിരമായി താമസമുള്ളതും റേഷൻ കാർഡുള്ളതുമായ ജില്ലയിലെ ജില്ലാ ലോട്ടറി ഓഫീസിലാണ് അപേക്ഷ സമർപ്പിക്കേണ്ടത്.

2. റേഷൻ കാർഡിന്റെ പകർപ്പ്, ആശുപത്രിയിൽനിന്നും ലഭിച്ചിട്ടുള്ള ചികിത്സാ ചെലവ് കണക്കാക്കിക്കൊണ്ടുള്ള എസ്റ്റിമേറ്റ്, രോഗിയും കുടുംബാംഗങ്ങളും ചേർന്ന് രോഗി താമസിക്കുന്ന വീടിന് മുന്നിൽ നിന്നും എടുത്തിട്ടുള്ളതുമായ ഒരു കളർ ഫോട്ടോ, രോഗിയുടെ പാസ്പോർട്ട് സൈസ് ഫോട്ടോ എന്നിവ അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്.

3. ജില്ലാതല കമ്മിറ്റിയുടെ ശിപാർശ അനുസരിച്ച് സംസ്ഥാനതല കമ്മിറ്റി അനുവദിക്കുന്ന ചികിത്സാ ധനസഹായത്തുക ബന്ധപ്പെട്ട ആശുപത്രികളിലേയ്ക്ക് നൽകുന്നു. എന്നാൽ അടിയന്തര ചികിത്സ ആവശ്യമുള്ള ഘട്ടങ്ങളിൽ ഡോക്ടറുടെ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ മുൻകൂർ ചികിത്സാനുമതി നൽകുവാൻ ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനതല കമ്മിറ്റിയിലേയ്ക്ക് ശിപാർശ

ചെയ്തിട്ടുള്ള അപേക്ഷകളിൽ അടിയന്തര ഘട്ടങ്ങളിൽ സർജറി ഉൾപ്പെടുയുള്ള ചികിത്സ ആവശ്യമായി വരുന്ന പക്ഷം സംസ്ഥാന തലത്തിൽ അഡ്മിനിസ്ട്രേറ്ററും മുൻകൂർ ചികിത്സാനുമതി നൽകുന്നുണ്ട്. ചികിത്സാ ധനസഹായം ലഭിക്കുവാൻ കാലതാമസം വരുന്ന കേസുകളിൽ രോഗി സ്വന്തം കയ്യിൽനിന്നും ചികിത്സയ്ക്കായി വിനിയോഗിച്ച തുക റീ-ഇംബേഴ്സ്മെന്റായി നൽകുവാനും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

4. അപേക്ഷ സമർപ്പിച്ച തീയതി മുതലാണ് ധനസഹായത്തിന് അർഹത. എന്നാൽ അപേക്ഷ സമർപ്പിക്കുന്നതിന് മുമ്പ് അടിയന്തരമായി സർജറിക്ക് വിധേയരാകേണ്ടിവരുന്ന, സർക്കാർ ആശുപത്രിയിൽ ചികിത്സ തേടുന്ന ഗുണഭോക്താക്കളുടെ അപേക്ഷ സർജറി കഴിഞ്ഞ് 72 മണിക്കൂറിനുള്ളിൽ അതാത് ജില്ലാ ഭാഗ്യക്കുറി ആഫീസിൽ സമർപ്പിച്ചാലും ധനസഹായത്തിനായി പരിഗണിക്കുന്നതാണ്. ഫീമോഫീലിയ രോഗികൾക്ക് ആവശ്യമായ ഫാക്ടുകൾ (മരുന്ന് ) കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിലൂടെ ലഭ്യമാക്കുന്നുണ്ട്.

**കാരുണ്യ ബെനവലന്റ് ഫണ്ട്**

115 (1941) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ബെനവലന്റ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള ആശുപത്രികളുടെ വിശദാംശങ്ങളും പ്രസ്തുത ആശുപത്രകളിൽ ചികിൽസ നടത്തിയ ഇനത്തിൽ കൊടുത്തു തീർക്കേണ്ട കുടിശ്ശിക തുക എത്ര വീതമുണ്ടെന്നും വിശദമാക്കുമോ ;

(ബി) കുടിശ്ശികയുള്ളതിനാൽ ആശുപത്രികളിൽ ചികിത്സ നിഷേധിക്കുന്ന സാഹചര്യം പരിഹരിക്കുവാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(സി) പ്രസ്തുത പദ്ധതിയിൽ നിന്നും ഗുരുതരമായ ചികിൽസകൾക്കു വേണ്ടിയല്ലാതെ ചെറിയ ചികിൽസകൾക്ക് ഇതേവരെ എന്തു തുക അനുവദിച്ചിട്ടുണ്ടെന്നും അത് ആർക്കെല്ലാമാണെന്നും ജില്ലതിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ വിദഗ്ധ ചികിത്സാ സൗകര്യങ്ങളുള്ള എല്ലാ സർക്കാർ ആശുപത്രികളിലും പരിയാരം സഹകരണം മെഡിക്കൽ കോളേജ്, ശ്രീചിത്തിര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ്, റീജിയണൽ കാൻസർ

സെന്റർ, മലബാർ കാൻസർ സെന്റർ എന്നിവിടങ്ങളിലും കാരുണ്യ ചികിത്സാ പദ്ധതി പ്രകാരം ചികിത്സ ലഭ്യമാണ്. കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതി പ്രകാരം അക്രഡിറ്റേഷൻ നടത്തിയിട്ടുള്ള സ്വകാര്യ ആശുപത്രികൾ, സ്വകാര്യ ഡയാലിസിസ് സെന്ററുകൾ എന്നിവയുടെ വിശദാംശങ്ങൾ യഥാക്രമം അനുബന്ധം 'എ' യും 'ബി'യും ആയി ചേർത്തിട്ടുണ്ട്*. സർക്കാർ ആശുപത്രികൾക്ക് 406.91 കോടി രൂപയും, സ്വകാര്യ ആശുപത്രികൾക്ക് 15.63 കോടി രൂപയും കുടിശ്ശികയായി നൽകാനുണ്ട്.

(ബി) കുടിശ്ശികയുള്ളതിനാൽ ആശുപത്രികളിൽ ചികിത്സ നിഷേധിക്കുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഗവ. ആശുപത്രി തലങ്ങളിലും സ്വകാര്യ ആശുപത്രി തലങ്ങളിലും കുടിശ്ശിക തുക താമസംവിനാ അനുവദിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തിയിട്ടുണ്ട്.

(സി) പ്രസ്തുത പദ്ധതിയിൽനിന്നും ഗുരുതരമായ ചികിത്സകൾക്ക് വേണ്ടിയല്ലാതെ ചെറിയ ചികിത്സകൾക്കായി ഒറ്റത്തവണ സമാശ്വാസ ചികിത്സ ധനസഹായം അനുവദിച്ചുവരുന്നുണ്ട്. ജില്ലതിരിച്ച് അനുവദിച്ചിട്ടുള്ള ഗുണഭോക്താക്കളുടെ എണ്ണവും ആകെ തുകയും സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം സി* ആയി ചേർത്തിട്ടുണ്ട്.

**കാരുണ്യ ബെനവലന്റ് ഫണ്ടിൽ ഉൾപ്പെട്ടവരുടെ ചികിത്സാ ധനസഹായം**

116 (1942) <u>ശ്രീ. ആർ. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ബെനവലന്റ് ഫണ്ടിൽ ഉൾപ്പെടുത്തി ചികിത്സാ ധനസഹായം ലഭിക്കുന്നതിന് നൽകിയ അപേക്ഷകളിൽ ആയിരത്തിൽപരം രോഗികൾക്ക് സഹായം നൽകിയിട്ടില്ല എന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കാരുണ്യ ബനവലന്റ് ഫണ്ടി (കെ.ബി.എഫ്.)-ന്റെ സംസ്ഥാനതല സമിതി അംഗീകരിച്ചിട്ടും നാളിതുവരെ ചികിത്സാ ധനസഹായം നൽകാത്തവരുടെ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) കെ.ബി.എഫ്.-ൽ ഉൾപ്പെടുത്തി ആലപ്പുഴ ജില്ലയിൽ ചികിത്സാ ധനസഹായം ലഭിച്ച രോഗികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ഡി) കെ.ബി.എഫ്.-ൽ അപേക്ഷ നൽകിയ വിജയൻ, എസ്., പോക്കാട് വീട്, വള്ളികുന്നം പി. ഒ. മാവേലിക്കര, ആലപ്പുഴ (KBFSS-10288/14) എന്ന വ്യക്തിക്ക് ധനസഹായം നൽകിയിട്ടില്ല എന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) അപേക്ഷകന് ചികിത്സാ ധനസഹായം ലഭ്യമാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കുമോ ; വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സ്റ്റേറ്റ് ലെവൽ കമ്മിറ്റി അംഗീകരിച്ച 1207 അപേക്ഷകൾക്ക് ധനസഹായം നൽകാൻ സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ധനസഹായ വിതരണത്തിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) കെ.ബി.എഫ്.-ൽ ഉൾപ്പെടുത്തി ആലപ്പുഴ ജില്ലയിൽ 8,424 പേർക്ക് 30-7-2015 വരെയുള്ള കാലയളവിൽ 51,25,90,298 രൂപ ധനസഹായം നൽകിയിട്ടുണ്ട്. ഇതുസംബന്ധിച്ച വിശദാംശങ്ങൾ www.karunya.kerala.gov.in എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(ഡി&ഇ) ശ്രീ. വിജയൻ, എസ്., പോക്കാട് വീട്, വള്ളിക്കുന്നം പി. ഒ., മാവേലിക്കര, ആലപ്പുഴയുടെ അപേക്ഷയിന്മേൽ ധനസഹായ അനുമതി സർക്കാർ നൽകിയിട്ടുണ്ട്. ധനസഹായം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**കാരുണ്യ ബെനവലന്റ് ഫണ്ട്**

117 (1943) <u>ശ്രീ. എ. കെ. ബാലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ലോട്ടറി ടിക്കറ്റിന്റെ വിൽപനയിലൂടെ ലഭിച്ച തുകയിൽ കാരുണ്യ ബെനവലന്റ് ഫണ്ടിലേക്ക് മാറ്റിയതൊഴികെ ബാക്കി തുകയുടെ ചെലവിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) കാരുണ്യ ബെനവലന്റ് ഫണ്ടിൽ നിന്നും ഇതുവരെ സർക്കാർ ആശുപത്രി, അക്രഡിറ്റഡ് സ്വകാര്യ ആശുപത്രി, റീ-ഇമ്പേഴ്സ്മെന്റ്, സ്പെഷ്യൽ സാങ്ഷൻ എന്നിവവഴി എത്ര തുക എത്ര പേർക്ക് ആനുകൂല്യം ലഭിച്ചുവെന്ന് ഇനം തിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) പ്രസ്തുത ഫണ്ടിൽ നിന്നും അനുവദിച്ച തുക പൂർണ്ണമായും ആശുപത്രികൾക്ക് വിതരണം ചെയ്തിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്ന് വരെയുള്ള തുക വിതരണം ചെയ്തിട്ടുണ്ട് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) കാരുണ്യ, കാരുണ്യ പ്ലസ് എന്നീ ഭാഗ്യക്കുറികളുടെ അറ്റാദായമാണ് കാരുണ്യ ബനവലന്റ് ഫണ്ടിലേക്ക് മുതൽക്കൂട്ടുന്നത്.

28-11-2015 വരെ കാരുണ്യ ലോട്ടറിയിൽനിന്നും ലഭിച്ച അറ്റാദായം 515.37 കോടി രൂപയാണ്. മൊത്തം വിറ്റുവരവായ 2457.21 കോടി രൂപയുടെ ബാക്കി തുകയായ 1941.84 കോടി രൂപ സമ്മാനം, ഡിസ്കൗണ്ട്, ടാക്സ്, പ്രിന്റിംഗ്, പരസ്യം, എസ്റ്റാബ്ലിഷ്മെന്റ് ചാർജ് എന്നീ ഇനങ്ങളിലായി ചെലവഴിച്ചു.

26-11-2015 വരെ കാരുണ്യ പ്ലസ് ലോട്ടറിയിൽനിന്നും ലഭിച്ച അറ്റാദായം 221.44 കോടി രൂപയാണ്. മൊത്തം വിറ്റുവരവായ 1191.43 കോടി രൂപയുടെ ബാക്കി തുകയായ 969.99 കോടി രൂപ സമ്മാനം, ഡിസ്കൗണ്ട്, ടാക്സ്, പ്രിന്റിംഗ്, പരസ്യം, എസ്റ്റാബ്ലിഷ്മെന്റ് ചാർജ് എന്നീ ഇനങ്ങളിലായി ചെലവഴിച്ചു.

(ബി) കാരുണ്യ ബെനവലന്റ് ഫണ്ടിൽനിന്നും 30-11-2015 വരെയുള്ള കാലയളവിൽ സർക്കാർ ആശുപത്രി തലത്തിൽ 47480 പേർക്ക് 596.19 കോടി രൂപയും സ്വകാര്യ ആശുപത്രികളിൽ 16643 പേർക്ക് 54.34 കോടി രൂപയും റീ-ഇംബേഴ്സ്മെന്റ് ഇനത്തിൽ 559 പേർക്ക് 3.45 കോടി രൂപയും സ്പെഷ്യൽ സാങ്ഷൻ ഇനത്തിൽ 245 പേർക്ക് 2.60 കോടി രൂപയുമാണ് ചികിത്സാ ധനസഹായമായി നൽകിയിട്ടുള്ളത്.

(സി) പ്രസ്തുത ഫണ്ടിൽനിന്നും അനുവദിച്ചതുക പൂർണ്ണമായും ആശുപത്രികൾക്ക് വിതരണം ചെയ്തിട്ടില്ല. 1-1-2015 മുതൽ സർക്കാർ തലത്തിലുള്ള ആശുപത്രികളിൽ 406.91 കോടി രൂപയും സ്വകാര്യ ആശുപത്രികൾക്ക് 15.63 കോടി രൂപയും വിതരണം ചെയ്യാനുണ്ട്.

**കാരുണ്യ ബെനവലന്റ് ഫണ്ട്**

118 (1944) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മംഗലപുരത്ത് ചികിത്സ നടത്തുന്ന രോഗികൾക്കും കാരുണ്യ ബെനവലന്റ് ഫണ്ടിൽ നിന്നും ധനസഹായം ലഭ്യമാക്കുമെന്ന പ്രഖ്യാപനം അനുസരിച്ച് അത് സംബന്ധിച്ച ഉത്തരവ് ഇറക്കിയിട്ടുണ്ടോ ; എങ്കിൽ ഉത്തരവിന്റെ കോപ്പി ലഭ്യമാക്കുമോ ;

(ബി) പ്രസ്തുത ഫണ്ടിൽ നിന്നും ചികിത്സ തുക റീഫണ്ട് ലഭിക്കേണ്ട രോഗികൾക്ക് മാസങ്ങളായിട്ടും ആയത് ലഭിക്കാത്തത് എന്തുകൊണ്ടാണ് ; എത്രയും വേഗം തുക റീഫണ്ട് ചെയ്യുമോ ?

ഉത്തരം

(എ) മംഗലപുരത്ത് ചികിത്സ നടത്തുന്ന രോഗികൾക്ക് കാരുണ്യ ബെനവലന്റ് ഫണ്ടിൽനിന്നും ധനസഹായം ലഭ്യമാക്കുന്നത് സംബന്ധിച്ച ഉത്തരവ് ഇറക്കിയിട്ടില്ല. പക്ഷേ, ഇതുൾപ്പെടെ കൂടുതൽ പ്രയോജനം ജനങ്ങൾക്ക് ലഭിക്കുന്നതിനുള്ള ഏർപ്പാടുകൾ പരിഗണനയിലാണ്.

(ബി) റീ-ഇംബേഴ്സ്മെന്റ് സംബന്ധിച്ച് നിലവിലുള്ള സർക്കാർ ഉത്തരവിലെ അവ്യക്തതകൾ നീക്കം ചെയ്യുന്നതിനുള്ള പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു. തീരുമാനമാകുന്ന മുറയ്ക്ക് റീഫണ്ട് തുക വിതരണം ചെയ്യുന്നതാണ്.

**കാരുണ്യ ബെനവലന്റ് പദ്ധതി**

119 (1945) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ബെനവലന്റ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള സംസ്ഥാനത്തെ ആശുപത്രികളുടെ പട്ടിക ജില്ല തിരിച്ച് ലഭ്യമാക്കുമോ ;

(ബി) നാളിതുവരെ പ്രസ്തുത പദ്ധതി പ്രകാരം എത്ര പേർക്ക് എത്ര തുക ചികിത്സാ സഹായമായി അനുവദിച്ചിട്ടുണ്ട്; സ്വകാര്യ ആശുപത്രികളിലെ അടിയന്തിര ശസ്ത്രക്രിയകൾക്ക് ചികിത്സയ്ക്കുശേഷം തുക അനുവദിച്ചിട്ടുണ്ടോ ; എങ്കിൽ എത്ര പേർക്ക് എത്ര തുക വീതം ചികിത്സാ സഹായം അനുവദിച്ചിട്ടുണ്ട് ;

(സി) സ്വകാര്യ ആശുപത്രികളിലെ ചികിത്സയ്ക്ക് കാരുണ്യ പദ്ധതി പ്രകാരം ഇതേവരെ എത്ര തുക നൽകിയിട്ടുണ്ട് ; ഓരോ ആശുപത്രിയും എന്നുവരെ നടത്തിയ

ചികിത്സയ്ക്കാണ് തുക അനുവദിച്ചിട്ടുള്ളത് എന്ന് ആശുപത്രികളുടെ പേര് സഹിതം വ്യക്തമാക്കുമോ ;

(ഡി) കാരുണ്യ ബെനവലന്റ് പദ്ധതിയിൽ അക്രഡിറ്റ് ചെയ്യപ്പെട്ട സ്വകാര്യ ആശുപത്രികൾ പ്രസ്തുത പദ്ധതിയിൽ നിന്നും പിൻമാറിയിട്ടുണ്ടോ ; എങ്കിൽ ഏതൊക്കെ ആശുപത്രികൾ എന്തു കാരണത്താലാണ് പിൻമാറിയതെന്ന് വ്യക്തമാക്കുമോ ;

(ഇ) കാരുണ്യ പദ്ധതിപ്രകാരം ചികിത്സ നൽകിയ ഇനത്തിൽ സ്വകാര്യ ആശുപത്രികൾക്ക് പണം നൽകാനുണ്ടോ ; എങ്കിൽ ഏതൊക്കെ ആശുപത്രികൾക്ക് എത്ര തുക വീതം നൽകാനുണ്ടെന്ന് തരം തിരിച്ച് വ്യക്തമാക്കുമോ ; പ്രസ്തുത തുക നൽകാൻ വൈകിയതിനു കാരണവും ആയത് എന്നേക്ക് കൊടുത്തു തീർക്കാനാകും എന്നും വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ വിദഗ്ദ്ധ ചികിത്സാ സൗകര്യങ്ങളുള്ള എല്ലാ സർക്കാർ ആശുപത്രികളിലും പരിയാരം സഹകരണ മെഡിക്കൽ കോളേജ്, ശ്രീ ചിത്തിര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ്, റീജിയണൽ ക്യാൻസർ സെന്റർ, മലബാർ കാൻസർ സെന്റർ എന്നിവിടങ്ങളിലും കാരുണ്യ ചികിത്സാ പദ്ധതി പ്രകാരം ചികിത്സ ലഭ്യമാണ്. പദ്ധതി പ്രകാരം അക്രഡിറ്റേഷൻ നടത്തിയിട്ടുള്ള സ്വകാര്യ ആശുപത്രികൾ, സ്വകാര്യ ഡയാലിസിസ് സെന്ററുകൾ എന്നിവയുടെ വിശദാംശങ്ങൾ അടങ്ങിയ ലിസ്റ്റ് അനുബന്ധം (എ)യും (ബി)യുമായി ചേർത്തിട്ടുണ്ട്*.

(ബി) 3-9-2015 വരെ പദ്ധതിപ്രകാരം 104785 രോഗികൾക്ക് 778.34 കോടി രൂപ ചികിത്സാ ധനസഹായമായി അനുവദിച്ചിട്ടുണ്ട്. സ്വകാര്യ ആശുപത്രികളിലെ അടിയന്തര ശസ്ത്രക്രിയകൾക്ക് ചികിത്സയ്ക്കുശേഷം തുക അനുവദിച്ചിട്ടില്ല.

(സി) സ്വകാര്യ ആശുപത്രികളിലെ ചികിത്സയ്ക്ക് കാരുണ്യ പദ്ധതിപ്രകാരം നാളിതുവരെ 54.34 കോടി രൂപ ചികിത്സാ ധനസഹായമായി നൽകിയിട്ടുണ്ട്. ഓരോ ആശുപത്രിക്കും അനുവദിച്ചതുക സംബന്ധിച്ച വിവരം ശേഖരിച്ച് നൽകുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) കാരുണ്യ ബെനവലന്റ് പദ്ധതിയിൽ അക്രഡിറ്റ് ചെയ്യപ്പെട്ട സ്വകാര്യ ആശുപത്രികൾ പ്രസ്തുത പദ്ധതിയിൽനിന്നും നാളിതുവരെ പിൻമാറിയിട്ടില്ല.

(ഇ) കാരുണ്യ പദ്ധതി പ്രകാരം ചികിത്സ നൽകിയ ഇനത്തിൽ സ്വകാര്യ ആശുപത്രികൾക്ക് പണം നൽകാനുണ്ട്. ആശുപത്രി, തുക എന്നിവയുടെ ഇനം തിരിച്ചുള്ള ലിസ്റ്റ് അനുബന്ധം (സി)* ആയി ചേർത്തിട്ടുണ്ട്. സ്വകാര്യ ആശുപത്രികളിൽനിന്നും ക്ലെയിമുകൾ ലഭിക്കുന്നതിനനുസരിച്ച് അവ വിശദമായി പരിശോധിച്ചാണ് ചികിത്സാ ധനസഹായം അനുവദിക്കുന്നത്. കുടിശ്ശികയായിട്ടുള്ള ചികിത്സാ ധനസഹായ തുക അനുവദിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു.

**ലോട്ടറി വില്പന വരുമാനം**

120 (1946) <u>ശ്രീ. വി. ചെന്താമരാക്ഷൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭാഗ്യക്കുറി വകുപ്പിന് 2015-16 സാമ്പത്തിക വർഷം ഓക്ടോബർ 31 വരെ എത്ര തുക വിറ്റുവരവ് ഇനത്തിൽ ലഭ്യമായി ; സാമ്പത്തിക വർഷം അവസാനിക്കുമ്പോൾ തുക എത്ര വർദ്ധിക്കുമെന്നാണ് കണക്കാക്കുന്നതെന്ന് വിശദമാക്കുമോ ;

(ബി) കഴിഞ്ഞ സാമ്പത്തിക വർഷം ലോട്ടറി വിൽപ്പനയിലൂടെ എത്ര കോടി ലഭിച്ചുവെന്ന് വിശദമാക്കുമോ ;

(സി) നടപ്പ് സാമ്പത്തിക വർഷം ഭാഗ്യക്കുറിയിൽ നിന്നും ലാഭവും നികുതി വരുമാനവുമായി എത്ര ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നതെന്നും 2015 ജനുവരി 15 വരെ ഈ ഇനത്തിൽ എത്ര തുക ലഭിച്ചുവെന്നും വിശദമാക്കുമോ ;

(ഡി) നടപ്പ് സാമ്പത്തിക വർഷം എത്ര പേർ ഭാഗ്യക്കുറിയിൽ ഏജന്റ്മാരായി ജോലി ചെയ്യുന്നുണ്ട് ; ഭാഗ്യക്കുറി വിൽപ്പനക്കാരുടേയും ഏജന്റ് മാരുടേയും ക്ഷേമനിധി മുഖേന നടപ്പ് വർഷം ഇതുവരെ എത്ര തുക ധനസഹായമായി നൽകിയെന്നും എത്ര പേർക്ക് ഇതിന്റെ പ്രയോജനം ലഭിച്ചുവെന്നും വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ) ഭാഗ്യക്കുറി വകുപ്പിന് 2015-16 സാമ്പത്തിക വർഷം ഒക്ടോബർ 31 വരെ വിറ്റുവരവ് ഇനത്തിൽ 3491.80 കോടി രൂപ ലഭ്യമായിട്ടുണ്ട്. ഈ സാമ്പത്തിക വർഷം അവസാനിക്കുമ്പോൾ വിറ്റുവരവ് 6365 കോടി രൂപയായി വർദ്ധിക്കുമെന്ന് കണക്കാക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) കഴിഞ്ഞ സാമ്പത്തിക വർഷം (2014-15) ലോട്ടറി വിൽപ്പനയിലൂടെ 5445.84 കോടി രൂപ ലഭിച്ചു.

(സി) നടപ്പ് സാമ്പത്തിക വർഷം (2015-16) ഭാഗ്യക്കുറിയിൽനിന്നും ഏകദേശം 1365 കോടി രൂപ അറ്റാദായം/ലാഭം പ്രതീക്ഷിക്കുന്നു. നടപ്പ് സാമ്പത്തിക വർഷം 2015 ഒക്ടോബർ വരെയുള്ള ഏകദേശ ലാഭം 797 കോടി രൂപയാണ്. 2014-15 സാമ്പത്തിക വർഷത്തിൽ 2015 ജനുവരി 15 വരെയുള്ള ലാഭം ഏകദേശം 917.84 കോടി രൂപയാണ്. നടപ്പ് സാമ്പത്തിക വർഷത്തിൽ ഭാഗ്യക്കുറി നറുക്കെടുപ്പിന്മേലുള്ള മുൻകൂർ നികുതിയിനത്തിൽ ഏകദേശം 186.5 കോടി രൂപ ഒടുക്കേണ്ടിവരുമെന്ന് പ്രതീക്ഷിക്കുന്നു. ഇതിൽ നവംബർ മാസംവരെ 124 കോടി രൂപ ഒടുക്കിയിട്ടുണ്ട്. 2014-15 സാമ്പത്തിക വർഷത്തിൽ ജനുവരി 15 വരെ 154 കോടി രൂപ നറുക്കെടുപ്പിന്മേലുള്ള മുൻകൂർ നികുതിയിനത്തിൽ ഒടുക്കിയിട്ടുണ്ട്.

(ഡി) നിലവിൽ 32,302 പേർ ഭാഗ്യക്കുറി ഏജന്റുമാരായിട്ടുണ്ട്. ഭാഗ്യക്കുറി വിൽപ്പനക്കാരുടെയും ഏജന്റുമാരുടെയും ക്ഷേമനിധി മുഖേന നടപ്പുവർഷം ധനസഹായമായി 12,81,20,676 രൂപ 32,250 പേർക്ക് അനുവദിച്ചിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | ആനുകൂല്യങ്ങൾ | അനുവദിച്ച തുക (രൂപയിൽ) | ആനുകൂല്യം അനുവദിക്കപ്പെട്ടവരുടെ എണ്ണം |
|---|---|---|---|
| 1 | പെൻഷൻ | 76,41,000 | 2068 |
| 2 | കുടുംബ പെൻഷൻ | 3,33,000 | 147 |
| 3 | മരണാനന്തര ധനസഹായം | 64,47,350 | 115 |
| 4 | ചികിത്സാ ധനസഹായം | 1,98,827 | 45 |
| 5 | വിവാഹ ധനസഹായം | 3,95,000 | 79 |
| 6 | പ്രസവാനുകൂല്യം | 50,000 | 10 |
| 7 | വിദ്യാഭ്യാസ അവാർഡ് | 1,85,000 | 117 |
| 8 | ഓണം അലവൻസ് | 11,19,60,800 | 29,565 |
| 9 | ഒറ്റത്തവണ സ്കോളർഷിപ്പ് | 8,75,000 | 81 |

| | | | |
|---|---|---|---|
| 10 | ക്ഷേമനിധി അംഗത്വം അവസാനിപ്പിച്ചത് | 34,699 | 23 |
| | ആകെ | 12,81,20,676 | 32,250 |

**കാരുണ്യ ബെനവലന്റ് സ്കീമിലെ ജീവനക്കാർ**

121 (1947) ശ്രീ. എ. കെ. ശശീന്ദ്രൻ :

ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ബെനവലന്റ് സ്കീമിന്റെ പ്രവർത്തനത്തിനായി അധികമായി എത്ര ജീവനക്കാരെയാണ് നിയമിച്ചിരിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ;

(ബി) പി.എസ്.സി. മുഖേനയാണോ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയാണോ പ്രസ്തുത ജീവനക്കാരെ നിയമിച്ചതെന്ന് വ്യക്തമാക്കുമോ ;

(സി) അല്ലെങ്കിൽ അതിനുള്ള കാരണം വെളിപ്പെടുത്തുമോ ;

(ഡി) 14 ജില്ലകളിലും ഹെഡ്ക്വാർട്ടേഴ്സിലുമായി പ്രസ്തുത സ്കീമിനായി ലെയ്സൺ ഓഫീസർമാരെ നിയമിച്ചിട്ടുണ്ടോ ; വ്യക്തമാക്കുമോ ;

(ഇ) എങ്കിൽ ഇവരുടെ നിയമനത്തിന്റെ സ്വഭാവം വ്യക്തമാക്കുമോ ; കരാർ അടിസ്ഥാനത്തിൽ നിയമിച്ച ലെയ്സൺ ഓഫീസർമാരെ പിരിച്ചുവിട്ട് പി.എസ്.സി. വഴിയോ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയോ നിയമനം നടത്താൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കാരുണ്യ പദ്ധതിയിൽ സംസ്ഥാനത്തൊട്ടാകെ സർക്കാർ ജീവനക്കാരായി 6 പേരെയും കരാർ അടിസ്ഥാനത്തിൽ 19 പേരെയും ദിവസ വേതനാടിസ്ഥാനത്തിൽ 73 പേരെയും നിയമിച്ചിട്ടുണ്ട്.

(ബി) സർക്കാർ ജീവനക്കാർ ഒഴികെയുള്ള മറ്റ് കരാർ/ദിവസവേതന ജീവനക്കാരെ പി.എസ്.സി. വഴിയോ, എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയോ അല്ല നിയമിച്ചിട്ടുള്ളത്.

(സി) കരാർ/ദിവസവേതന ജീവനക്കാരെ സ്റ്റേറ്റ് ലെവൽ കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് നിയമിച്ചിട്ടുള്ളത്.

(ഡി) നിയമിച്ചിട്ടുണ്ട്.

| | | |
|---|---|---|
| ആസ്ഥാന ഓഫീസിൽ | - | 2 (1 ഒഴിഞ്ഞുകിടക്കുന്നു) |
| തിരുവനന്തപുരം | - | 1 |
| കൊല്ലം | - | 1 |
| പത്തനംതിട്ട | - | 1 |
| ആലപ്പുഴ | - | 1 ( ഒഴിഞ്ഞുകിടക്കുന്നു) |
| കോട്ടയം | - | 1 |
| ഇടുക്കി | - | 1 |
| എറണാകുളം | - | 1 |
| തൃശ്ശൂർ | - | 1 |
| പാലക്കാട് | - | 1 |
| മലപ്പുറം | - | 1 ( ഒഴിഞ്ഞുകിടക്കുന്നു) |
| കോഴിക്കോട് | - | 1 |
| വയനാട് | - | 1 ( ഒഴിഞ്ഞുകിടക്കുന്നു) |
| കണ്ണൂർ | - | 1 |
| കാസർഗോഡ് | - | 1 |

(ഇ) പത്രപരസ്യം നൽകി ഇന്റർവ്യൂ നടത്തി സ്റ്റേറ്റ് ലെവൽ കമ്മിറ്റിയുടെ തീരുമാനപ്രകാരമാണ് ലെയ്സൺ ഓഫീസർമാരെ കരാർ അടിസ്ഥാനത്തിൽ നിയമിച്ചിട്ടുള്ളത്. പി.എസ്.സി./എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്വഴി നിയമനം നടത്തുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല.

**കാരുണ്യ ബെനവലന്റ് സ്കീം**

122 (1948) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ബനവലെന്റ് സ്കീമിൽ മംഗലാപുരം ആശുപത്രികളെ കൂടി ഉൾപ്പെടുത്തണം എന്ന് ഏതെല്ലാം കേന്ദ്രങ്ങളിൽനിന്ന് ആവശ്യം ഉയർന്നിട്ടുണ്ട് ;

(ബി) ഈ കാര്യത്തിൽ ഏതെങ്കിലും തരത്തിലുള്ള വാഗ്ദാനങ്ങൾ സർക്കാർ നൽകിയിട്ടുണ്ടോ ; എങ്കിൽ ആ വാഗ്ദാനങ്ങൾ പാലിക്കപ്പെടാതിരിക്കാൻ കാരണം എന്താണ് ;

(സി) കാരുണ്യ ബെനവലെന്റ് സ്കീമിൽ മംഗലാപുരം ആശുപത്രികളെ ഉൾപ്പെടുത്താത്തുകൊണ്ട് കാസർഗോഡ് ജില്ലയിലെ ജനങ്ങൾ നേരിടുന്ന പ്രശ്നങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ഉത്തരം

(എ&ബി) കാരുണ്യ ബെനവലന്റ് സ്കീമിൽ മംഗലാപുരം ആശുപത്രികളെക്കൂടി ഉൾപ്പെടുത്തണമെന്ന് ബഹു. മഞ്ചേശ്വരം എം.എൽ.എ. ശ്രീ. പി. ബി. അബ്ദുൾ റസാഖ്, ബഹു. കണ്ണൂർ എം.എൽ.എ. ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി എന്നിവർ മുഖാന്തരവും, കാസർഗോഡ് ജില്ലാ കളക്ടർ, കാസർഗോഡ് ജില്ലാ ഭാഗ്യക്കുറി ഓഫീസർ, മംഗലാപുരത്തുള്ള ഇന്ത്യാന ഹോസ്പിറ്റൽ എന്നിവർ മുഖാന്തരവും ആവശ്യം ഉയർന്നിട്ടുണ്ട്. ഇക്കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

**മങ്കടയിൽ കെ.എസ്.എഫ്.ഇ. ബ്രാഞ്ച് ആരംഭിക്കുന്നത്**

123 (1949) ശ്രീ. റ്റി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട ഗ്രാമ പഞ്ചായത്തിൽ മങ്കട ആസ്ഥാനമാക്കി കെ.എസ്.എഫ്.ഇ.-യുടെ ഒരു ബ്രാഞ്ച് ആരംഭിക്കണമെന്നാവശ്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത ബ്രാഞ്ച് ആരംഭിക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) മങ്കടയിൽ കെ.എസ്.എഫ്.ഇ. ബ്രാഞ്ച് ആരംഭിക്കാൻ നടപടി സ്വീകരിച്ചുവരുന്നു.

**കോ-ഇൻഷ്വറൻസ് സംവിധാനം**

124 (1950) ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. പി. എ. മാധവൻ :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റേറ്റ് ഇൻഷ്വറൻസ് വകുപ്പ് കോ-ഇൻഷ്വറൻസ് സംവിധാനം രൂപീകരിച്ചിട്ടുണ്ടോ ;

(ബി) ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് വിശദീകരിക്കുമോ ;

(സി) പ്രസ്തുത സംവിധാനം നടപ്പാക്കാൻ ഭരണ തലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

<u>ഉത്തരം</u>

(എ) കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിൽ കോ-ഇൻഷ്വറൻസ് സംവിധാനം രൂപീകരിച്ചിട്ടുണ്ട്.

(ബി) കോ-ഇൻഷ്വറൻസ് വ്യവസ്ഥയിൽ ഏർപ്പെടുന്നതുകൊണ്ട് സർക്കാരിന്റെ പബ്ലിക് അക്കൗണ്ടിലേക്ക് വലിയൊരു തുക സമാഹരിക്കുന്നതിന് സാധിക്കുന്നു. കൂടാതെ സർക്കാർ, അർദ്ധസർക്കാർ, പോതുമേഖല, സഹകരണ സ്ഥാപനങ്ങൾക്ക് സംതൃപ്തമായ ഇൻഷ്വറൻസ് ഇടപാട് വകുപ്പ് മുഖേന നടത്തുന്നതിനും ഈ സംവിധാനം ഉപകരിക്കുന്നതാണ്.

(സി) കോ-ഇൻഷ്വറൻസ് സംവിധാനം നടപ്പാക്കുന്നതിലേക്കായി പൊതുമേഖലാ ഇൻഷ്വറൻസ് കമ്പനികളായ യുണൈറ്റഡ് ഇന്ത്യാ ഇൻഷ്വറൻസ് കമ്പനി, ന്യൂ ഇന്ത്യാ അഷ്വറൻസ് കമ്പനി, നാഷണൽ ഇൻഷ്വറൻസ് കമ്പനി, ഓറിയന്റൽ ഇൻഷ്വറൻസ് കമ്പനി എന്നിവയുമായി സഹകരിച്ച് സർക്കാർ കോ-ഇൻഷ്വറൻസ് ഉടമ്പടി ഒപ്പുവച്ചിട്ടുണ്ട്. പദ്ധതി നടത്തിപ്പിന്റെ പുരോഗതി സർക്കാർ തലത്തിൽ അവലോകനം നടത്തിവരുന്നു.

**ഗ്രാമ ന്യായാലയങ്ങൾ**

125 (1951) <u>ഡോ. കെ. ടി. ജലീൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2012-13 ലെ സംസ്ഥാന ബജറ്റിൽ ബ്ലോക്ക് പഞ്ചായത്ത് തലത്തിൽ ആരംഭിക്കുമെന്ന് പ്രഖ്യാപിച്ചിരുന്ന ഗ്രാമ ന്യായാലയങ്ങൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ ; വ്യക്തമാക്കാമോ ;

(ബി) എങ്കിൽ സംസ്ഥാനത്ത് ഏതെല്ലാം സ്ഥലങ്ങളിൽ ഇപ്പോൾ ന്യായാലയങ്ങൾ പ്രവർത്തിക്കുന്നുണ്ട് ; വ്യക്തമാക്കാമോ ;

(സി) പ്രസ്തുത ന്യായാലയങ്ങൾവഴി എത്ര കേസുകൾ ഇതുവരെ തീർപ്പാക്കാൻ സാധിച്ചു ; ഇനിയും തീർപ്പാക്കാനായി അവശേഷിക്കുന്ന കേസുകളെത്ര ; വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ-സി) 1-3-2011-ലെ ജി.ഒ. (എംഎസ്.) 86/11/ആഭ്യന്തരം ഉത്തരവ് പ്രകാരം 30 ഗ്രാമ ന്യായാലയങ്ങൾ ആരംഭിക്കാനുള്ള അനുമതി നൽകിയിരുന്നു. എന്നാൽ സംസ്ഥാനത്ത് ഇതുവരെ ഗ്രാമ ന്യായാലയങ്ങൾ ഒന്നും പ്രവർത്തനം ആരംഭിച്ചിട്ടില്ല.

**അഭിഭാഷക ക്ഷേമനിധി പ്രവർത്തനം**

126 (1952) ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഭിഭാഷക ക്ഷേമനിധി പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ ;

(ബി) പെൻഷൻ തുക വർദ്ധിപ്പിക്കുവാൻ ഉദ്ദേശമുണ്ടോ ; എങ്കിൽ എത്ര ;

(സി) അഭിഭാഷക ക്ഷേമനിധി നടത്തിക്കുന്നതിന് സർക്കാരിന്റെ ഭാഗത്തുനിന്നും നല്കുന്ന സാമ്പത്തിക പങ്കാളിത്തം വിശദമാക്കുമോ ?

ഉത്തരം

(എ) പ്രാക്ടീസ് ചെയ്യുന്ന അഭിഭാഷകർക്ക് ഫണ്ടിൽ അംഗത്വം നൽകൽ, ചികിത്സാ സഹായം, പ്രാക്ടീസ് അവസാനിക്കുമ്പോൾ വിരമിക്കൽ ആനുകൂല്യങ്ങൾ നൽകുക, മരണപ്പെട്ട അഭിഭാഷകരുടെ നോമിനികൾക്കോ നിയമപരമായ അവകാശികൾക്കോ ആനുകൂല്യങ്ങൾ നൽകുക എന്നിവയാണ് ക്ഷേമനിധിയുടെ പ്രധാന പ്രവർത്തനങ്ങൾ.

(ബി) പെൻഷൻ പദ്ധതികൾ ഒന്നുംതന്നെയില്ല. ക്ഷേമനിധി ആനുകൂല്യം മാത്രമേ നൽകിവരുന്നുള്ളൂ.

(സി) 27-11-2013-ൽ ഒറ്റത്തവണ ഗ്രാന്റായി സർക്കാരിൽനിന്ന് രണ്ട് കോടി രൂപയും ബഡ്ജറ്റ് വിഹിതമായി ലഭിച്ച തുകയിൽനിന്ന് നാളിതുവരെ ആകെ 12,35,14,668 രൂപയും അനുവദിച്ചിട്ടുണ്ട്.

**വ്യവഹാരനയം**

127 (1953) ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. വർക്കല കഹാർ :
ശ്രീ. ആർ. സെൽവരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യവഹാരനയം നടപ്പാക്കിയിട്ടുണ്ടോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഈ നയംവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

ഉത്തരം

(എ) ഉണ്ട്. 3-12-2011 തീയതിയിലെ സ.ഉ.(അച്ചടി) നമ്പർ 12/2011/നിയമം പ്രകാരം സംസ്ഥാന വ്യവഹാരനയം രൂപീകരിച്ചിട്ടുണ്ട്.

(ബി) സംസ്ഥാന വ്യവഹാര നയത്തിന്റെ പ്രധാന ലക്ഷ്യം സംസ്ഥാന സർക്കാരിനെ കൂടുതൽ കാര്യക്ഷമവും ഉത്തരവാദിത്വവുമുള്ള വ്യവഹാരിയാക്കി മാറ്റുകയും സർക്കാർ കക്ഷിയായുള്ള കേസുകൾ തീർപ്പാക്കുന്നതിനുള്ള ശരാശരി കാലാവധി പതിനഞ്ച് വർഷത്തിൽനിന്നും മൂന്ന് വർഷമായി കുറയ്ക്കുക എന്നതുമാണ്. കൂടാതെ കേസുകളുടെ നടത്തിപ്പ് ഏകോപിതമായും സമയബന്ധിതമായും പൂർത്തിയാക്കുകയും ശരിയായ കേസുകൾ ഫലപ്രദമായി നടത്തുകയും അനാവശ്യ വ്യവഹാരങ്ങൾ പ്രോത്സാഹിപ്പിക്കാതിരിക്കുകയുംവഴി സംസ്ഥാന ഖജനാവിന് കേസ് നടത്തിപ്പിൽവരുന്ന ഭീമമായ ചെലവ് ലഘൂകരിക്കുകയും ചെയ്യുക എന്നതുമാണ്.

(സി) സംസ്ഥാന വ്യവഹാരനയം നടപ്പിലാക്കുന്നതിന്റെ ഭാഗമായി താലൂക്ക് അടിസ്ഥാനത്തിലും ജില്ലാടിസ്ഥാനത്തിലും ഓരോ എംപവേർഡ് കമ്മിറ്റി വീതം രൂപീകരിച്ചിട്ടുണ്ട്. ഇവയുടെ റിപ്പോർട്ടുകളും നിർദ്ദേശങ്ങളും പരിശോധിച്ച് വേണ്ട നടപടികളും നിർദ്ദേശങ്ങളും നൽകുന്നതിന് വേണ്ടി സംസ്ഥാനതല എംപവേർഡ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റികൾ മാസത്തിൽ ഒരു തവണയെങ്കിലും യോഗം ചേരണമെന്ന് വ്യവഹാര നയത്തിൽ നിർദ്ദേശിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ എല്ലാ ജില്ലകളിലും കമ്മിറ്റികൾ കൂടുകയും സർക്കാർ കക്ഷിയായിട്ടുള്ള കേസുകളുടെ നടത്തിപ്പ് വിശകലനം ചെയ്യാറുമുണ്ട്. സംസ്ഥാന വ്യവഹാരനയം നടപ്പിലാക്കുന്നതിനായി വിവിധ വകുപ്പുകളിൽ ഇപ്പോൾ ജോലി ചെയ്യുന്ന ലാ ഓഫീസർമാരെ നിമയ (നോഡൽ) ഓഫീസർമാരായി ചുമതലപ്പെടുത്തിയിട്ടുണ്ട്. നിലവിൽ പത്ത് ജില്ലകളിൽ നിമയ (നോഡൽ) ഓഫീസർമാരെ നിയമിച്ചിട്ടുണ്ട്. മറ്റ് ജില്ലകളിൽക്കൂടി നിമയ (നോഡൽ) ഓഫീസർമാരെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**അഭിഭാഷക ക്ഷേമനിധി**

128 (1954) <u>ശ്രീമതി ഇ. എസ്. ബിജിമോൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഭിഭാഷക ക്ഷേമനിധിയിൽനിന്ന് നല്കുന്ന ആനുകൂല്യങ്ങൾ എന്തൊക്കെ ;

(ബി) പ്രസ്തുത ക്ഷേമനിധി അഞ്ച് ലക്ഷത്തിൽനിന്ന് പത്ത് ലക്ഷം ആയി ഉയർത്തണമെന്ന് ആവശ്യപ്പെട്ട് നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടോ ; എങ്കിൽ നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) അംഗങ്ങൾക്ക് ചികിത്സാ സഹായമായി 5,000 രൂപയും പ്രാക്ടീസിൽ ഇരിക്കെ മരണമടയുന്ന അംഗങ്ങളുടെ ആശ്രിതർക്ക് കുറഞ്ഞത് മൂന്ന് ലക്ഷം രൂപയും പരമാവധി അഞ്ച് ലക്ഷം രൂപയുംവരെ ആനുകൂല്യമായി നൽകിവരുന്നു. പ്രാക്ടീസ് അവസാനിക്കുമ്പോൾ യഥാർത്ഥ പ്രാക്ടീസ് പൂർത്തിയാക്കിയ ഓരോ വർഷത്തിനും 14,285 രൂപ നിരക്കിൽ പരമാവധി അഞ്ച് ലക്ഷം രൂപ വരെ നൽകിവരുന്നു.

(ബി) കേരള ബാർ കൗൺസിൽ ഈ ആവശ്യം ഉന്നയിച്ചുകൊണ്ട് നിവേദനം സമർപ്പിച്ചിട്ടുള്ളതാണ്. പ്രസ്തുത നിവേദനം സർക്കാരിന്റെ പരിഗണനയിലാണ്.

**പരിസ്ഥിതി സൗഹൃദ ഭവനനിർമ്മാണ പദ്ധതി**

129 (1955) <u>ശ്രീ. കെ. എൻ. എ. ഖാദർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരിസ്ഥിതി സൗഹൃദ ഭവനനിർമ്മാണ പദ്ധതിക്കായി എത്ര തുകയാണ് നീക്കിവച്ചിട്ടുള്ളത് ;

(ബി) പദ്ധതിയിൽ ഏത് തരത്തിലുള്ള നിർമ്മാണ സാമഗ്രികളാണ് ഉപയോഗിക്കുവാൻ തീരുമാനിച്ചിട്ടുള്ളത് ; ഇത്തരത്തിൽ എത്ര വീടുകളാണ് ആദ്യഘട്ടത്തിൽ നിർമ്മിക്കാൻ ഉദ്ദേശിക്കുന്നത് ;

(സി) പദ്ധതിയിൽ ഗുണഭോക്താക്കളെ ഏത് രീതിയിൽ കണ്ടെത്താനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ ;

(ഡി) സംസ്ഥാനത്ത് നിർമ്മിക്കുന്ന വീടുകൾ, ഫ്ലാറ്റുകൾ, സർക്കാർ ഓഫീസുകൾ എന്നിവ എത്രമാത്രം പരിസ്ഥിതി സൗഹൃദമാണെന്ന പഠനം നടത്തിയിട്ടുണ്ടോ ; വിശദാംശം നൽകുമോ ;

(ഇ) നിർമ്മിതികൾ പരിസ്ഥിതി സൗഹൃദമാക്കുന്നതിന് എന്തെല്ലാം തരത്തിലുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) പഠനം നടത്തിയിട്ടില്ല.

(ഇ) നിർമ്മിതി കേന്ദ്രങ്ങൾ മുഖേന ചെലവ് കുറഞ്ഞതും പരിസ്ഥിതി ക്കിണങ്ങിയതുമായ കെട്ടിട നിർമ്മാണ ശൈലി പ്രചരിപ്പിക്കുകയും പരിശീലിപ്പിക്കുകയും ചെയ്തുവരുന്നു. പരിസ്ഥിതി സൗഹൃദ നിർമ്മിതികളിൽ പൊതുജനങ്ങൾക്ക് അവബോധം ഉണ്ടാക്കുന്നതിനായി വിവിധ പരിശീലന പരിപാടികൾ നടത്തുന്നതോടൊപ്പം പരിസ്ഥിതി സൗഹൃദ സാങ്കേതികവിദ്യ ഉപയോഗിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തിവരികയും ചെയ്യുന്നു. കൂടാതെ നിർമ്മാണ കേന്ദ്രങ്ങളുടെ ഉല്പാദന കേന്ദ്രങ്ങളും നടത്തുന്നുണ്ട്.

**ഭവനനിർമ്മാണ യൂണിറ്റുകൾ**

130 (1956) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2012-13-ലെ ബഡ്ജറ്റിൽ ഭവനനിർമ്മാണ വകുപ്പിന് കീഴിൽ ആരംഭിക്കുമെന്ന് പ്രഖ്യാപിച്ചിരുന്ന മണൽ നിർമ്മാണ യൂണിറ്റ്, ഉച്ചവരുമാനക്കാർക്കുള്ള ഫ്ലാറ്റുകൾ, വർക്കിംഗ് വിമൻസ് ഹോസ്റ്റലുകൾ ഇവയ്ക്കോരോന്നിനുമായി എത്ര തുക വകയിരുത്തി ; അനുവദിച്ച തുകയും ട്രഷറിയിൽ അവശേഷിക്കുന്ന തുകയും വ്യക്തമാക്കുമോ :

(ബി) മണൽ നിർമ്മാണ യൂണിറ്റിന്റേയും വർക്കിംഗ് വിമൻസ് ഹോസ്റ്റലുകളുടെയും നിർമ്മാണം പൂർത്തിയാക്കി പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ ;

(സി) ഉച്ച വരുമാനക്കാർക്കായുള്ള എത്ര ഫ്ലാറ്റുകൾ പ്രസ്തുത കാലയളവിൽ

നിർമ്മിച്ചിട്ടുണ്ട് ; ഇതിന് അർഹതയുള്ള ഗുണഭോക്താക്കളെത്ര; ഇവരിൽ ഫ്ലാറ്റുകൾ ലഭ്യമാകാത്തവർ എത്ര ; വ്യക്തമാക്കുമോ ?

ഉത്തരം

(എ) 2012-13-ലെ ബഡ്ജറ്റിൽ സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന്റെ കീഴിൽ മണൽ നിർമ്മാണ യൂണിറ്റ് ആരംഭിക്കുന്നതിന് ഒരു കോടി രൂപ വകയിരുത്തി. എന്നാൽ തുക അനുവദിച്ചിരുന്നില്ല. തുച്ഛ വരുമാനക്കാർക്കായുള്ള ഫ്ലാറ്റ് നിർമ്മാണത്തിനായി 2012-13-ൽ തുക ഒന്നും വകയിരുത്തിയിരുന്നില്ല. എന്നാൽ 2012-13-ലെ പുതുക്കിയ എസ്റ്റിമേറ്റ് അനുസരിച്ച് 1000 രൂപ വകയിരുത്തിയിരുന്നു. തുക ഒന്നും അനുവദിച്ചിരുന്നില്ല.

വർക്കിംഗ് വിമൻസ് ഹോസ്റ്റലുകൾക്കായി 2012-13-ലെ ബഡ്ജറ്റിൽ 350 ലക്ഷം രൂപ വകയിരുത്തിയിരുന്നു. ഇതിൽ നിന്നും 224.50 ലക്ഷം രൂപ അനുവദിച്ച് നൽകുകയും ആയത് വിനിയോഗിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) മണൽ നിർമ്മാണ യൂണിറ്റിന്റെ പ്രവർത്തനം ആരംഭിച്ചിട്ടില്ല. കോഴിക്കോട്, കട്ടപ്പന, മുട്ടം (അഡീഷണൽ ബ്ലോക്ക്) എന്നീ വർക്കിംഗ് വിമൻസ് ഹോസ്റ്റൽ പദ്ധതികളിൽ മുട്ടം (അഡീഷണൽ ബ്ലോക്ക്) ഡബ്ല്യൂ.ഡബ്ല്യൂ.എച്ച്. പദ്ധതിയുടെ നിർമ്മാണം പൂർത്തിയാക്കി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. മറ്റ് വർക്കിംഗ് വിമൻസ് ഹോസ്റ്റലുകളുടെ നിർമ്മാണം പുരോഗതിയിലാണ്.

(സി) തുച്ഛ വരുമാനക്കാർക്കായി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ കൈവശമുള്ള ഭൂമിയിൽ ധനകാര്യ സ്ഥാപനങ്ങളുടെ സഹായത്തോടെ ഗുണഭോക്തൃ വിഹിതവും ഉപയോഗിച്ച് ഫ്ലാറ്റുകൾ നിർമ്മിച്ചുനൽകുന്ന പദ്ധതി പഞ്ചായത്തുകളിൽനിന്നും അനുയോജ്യമായ ഭൂമി ലഭ്യമാകാത്തതിനാൽ നടപ്പിലാക്കാനായിട്ടില്ല.

**സായൂജ്യം സ്വാശ്രയ പദ്ധതി**

131 (1957) ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2012-13-ലെ ബഡ്ജറ്റിൽ ഭവനനിർമ്മാണ ബോർഡിന് കീഴിൽ ഇടത്തരക്കാർക്കായി ആരംഭിക്കുമെന്ന് പ്രഖ്യാപിച്ചിരുന്ന സായൂജ്യം സ്വാശ്രയ പദ്ധതി പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത പദ്ധതിക്ക് കീഴിൽ നിലവിൽ എത്ര പ്ലോട്ടുകളാണുള്ളത് ;

ജില്ല തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ ;

(സി) പ്രസ്തുത പ്ലോട്ടുകൾക്കായി ഗുണഭോക്താക്കളുടെ എത്ര അപേക്ഷകൾ ലഭിച്ചിരുന്നു; എത്രപേർ അർഹരാണ് ; അർഹരായവരിൽ എത്രപേർക്ക് പ്ലോട്ടുകൾ ലഭ്യമാകാനുണ്ട് ; ജില്ല തിരിച്ച് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) കോട്ടയം ജില്ലയിൽ അയർക്കുന്നത്ത് 12 പ്ലോട്ടുകളും കാസർഗോഡ് ജില്ലയിൽ മധൂറിൽ 22 പ്ലോട്ടുകളുമാണ് നിലവിലുള്ളത്.

(സി) കാസർഗോഡ് ജില്ലയിൽ ലഭിച്ച 29 അപേക്ഷകളിൽ 17 അപേക്ഷകർക്കായി 21 പ്ലോട്ടുകൾ അലോട്ട് ചെയ്തിട്ടുണ്ട്. കോട്ടയം ജില്ലയിൽ അപേക്ഷകളൊന്നും ലഭിച്ചിട്ടില്ല.

**ഭവന രഹിതരായ കുടുംബങ്ങൾ**

132 (1958) <u>ശ്രീ. എം. ഹംസ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്വന്തമായി ഭവനം ഇല്ലാത്ത എത്ര കുടുംബങ്ങൾ ഉണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ ; എങ്കിൽ അതിന്റെ കണക്ക് ജില്ലാടിസ്ഥാനത്തിൽ ലഭ്യമാക്കാമോ ;

(ബി) സ്വന്തമായി വീടില്ലാത്ത കുടുംബങ്ങൾക്ക് വീട് നിർമ്മിച്ച് നൽകുന്നതിനായി ഈ സർക്കാർ 1-7-2011 മുതൽ 31-10-2015 വരെ എത്ര തുക ചെലവഴിച്ചു ; വിശദാംശം ലഭ്യമാക്കാമോ ;

(സി) പാലക്കാട് ജില്ലയിൽ ഹൗസിംഗ് ബോർഡിന് നിലവിൽ ഏതെല്ലാം പ്രോജക്ടുകൾ ആണുള്ളത് ; വിശദാംശവും കാലികസ്ഥിതിയും വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) ലാന്റ് റവന്യൂ കമ്മീഷണറുടെ 26-11-2013-ലെ റിപ്പോർട്ട് അനുസരിച്ച് സംസ്ഥാനത്ത് സ്വന്തമായി ഭവനമില്ലാത്തവരായി 4,70,606 കുടുംബങ്ങളുണ്ട്.

ജില്ലാടിസ്ഥാനത്തിലുള്ള കണക്ക് അനുബന്ധം-1 ആയി ചേർത്തിരിക്കുന്നു.*

(ബി) വിശദാംശം അനുബന്ധം -2 ആയി ചേർത്തിരിക്കുന്നു.*

(സി) വിശദാംശം അനുബന്ധം -3 ആയി ചേർത്തിരിക്കുന്നു.*

**കേരള സ്റ്റേറ്റ് ഹൗസിംഗ് ഡവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷന്റെ പ്രവർത്തനം**

133 (1959) ശ്രീ. എ. പ്രദീപ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-12-ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്ന കേരള സ്റ്റേറ്റ് ഹൗസിംഗ് ഡവലപ്പ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ, കേരള സ്റ്റേറ്റ് ഹൗസിംഗ് സെക്ടർ റെഗുലേറ്ററി അതോറിറ്റി എന്നിവയുടെ പ്രവർത്തനം പൂർണ്ണതോതിൽ ആരംഭിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഹൗസിംഗ് ഫിനാൻസ് കോർപ്പറേഷൻ ഇതുവരെ എത്ര രൂപ ഭവന വായ്പയായി നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(സി) ഹൗസിംഗ് സെക്ടർ റെഗുലേറ്ററി അതോറിറ്റിയിൽ ഇതുവരെ എത്ര പരാതികൾ ലഭിച്ചിട്ടുണ്ട് ; ഇവയിൽ പരിഹരിക്കാതെ അവശേഷിക്കുന്നത് എത്ര ; വ്യക്തമാക്കാമോ ?

ഉത്തരം

(എ-സി) 1956-ലെ കമ്പനീസ് ആക്ട് പ്രകാരം 19-7-2013-ന് സംസ്ഥാനത്ത് പൊതുമേഖലയിൽ കേരള സ്റ്റേറ്റ് ഹൗസിംഗ് ഡവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ ലിമിറ്റഡ് രൂപീകരിച്ചു. ഇതിന്റെ പ്രവർത്തനം പൂർണ്ണതോതിൽ ആരംഭിച്ചിട്ടില്ല. ഭവന നിർമ്മാണ വകുപ്പിന്റെ കീഴിൽ കേരള സ്റ്റേറ്റ് ഹൗസിംഗ് സെക്ടർ റെഗുലേറ്ററി അതോറിറ്റി രൂപീകരിച്ചിട്ടില്ല.

**കേരള കൺസ്ട്രക്ഷൻ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട്, റെഗുലേറ്ററി അതോറിറ്റി എന്നിവയുടെ പ്രവർത്തനം**

134 (1960) ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

സദയം മറുപടി നൽകുമോ:

(എ) 2012-13-ലെ സംസ്ഥാന ബഡ്ജറ്റിൽ സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന്റെ കീഴിൽ തൊഴിൽ ബാങ്ക് നിർമ്മിതി ബോർഡിന്റേയും ഹൗസിംഗ് ബോർഡിന്റേയും സംയുക്താഭിമുഖ്യത്തിൽ ആരംഭിക്കുമെന്ന് പ്രഖ്യാപിച്ചിരുന്ന കേരള കൺസ്ട്രക്ഷൻ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട്, റിയൽ എസ്റ്റേറ്റ് രംഗത്ത് രൂപീകരിക്കുമെന്ന് പ്രഖ്യാപിച്ചിരുന്ന റഗുലേറ്ററി അതോറിറ്റി ഇവ ഓരോന്നും പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ ;

(ബി) 2012-13-ൽ ഇവയ്ക്കോരോന്നിനും വേണ്ടി എത്ര തുക വകയിരുത്തിയിരുന്നു ; എത്ര തുക അനുവദിച്ചു ; എത്ര തുക പിൻവലിക്കാതെ ട്രഷറിയിൽ അവശേഷിക്കുന്നുണ്ട് ; വ്യക്തമാക്കാമോ ;

(സി) നിർമ്മിതി കേന്ദ്രത്തിന് കീഴിലുള്ള തൊഴിൽ ബാങ്കിൽ നിലവിൽ എത്ര അംഗങ്ങളാണുള്ളത് ; ഏതൊക്കെ മേഖലയിലേക്ക് തൊഴിലാളികളെ നൽകാൻ ബാങ്കിന് കഴിഞ്ഞിട്ടുണ്ട് ; വ്യക്തമാക്കാമോ ;

(ഡി) കൺസ്ട്രക്ഷൻ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് മുഖേന ഇതുവരെ എത്ര തൊഴിലാളികൾക്ക് പരിശീലനം നൽകിയിട്ടുണ്ട് ; വ്യക്തമാക്കാമോ ;

(ഇ) റിയൽ എസ്റ്റേറ്റ് രംഗത്തെ റെഗുലേറ്ററി അതോറിറ്റിയുടെ ഇതുവരെയുള്ള പ്രവർത്തനം വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ) 2012-13-ലെ സംസ്ഥാന ബഡ്ജറ്റിൽ സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന്റെ കീഴിൽ തൊഴിൽബാങ്ക് രൂപീകരിക്കാൻ നിർദ്ദേശം ഉണ്ടായിരുന്നെങ്കിലും ടി പദ്ധതിയിൽ തുടർനടപടികളൊന്നും ഉണ്ടായിട്ടില്ല.

നിർമ്മിതി ബോർഡിന്റെയും ഹൗസിംഗ് ബോർഡിന്റെയും സംയുക്താഭിമുഖ്യത്തിൽ രൂപീകരിക്കാൻ നിർദ്ദേശമുണ്ടായിരുന്നെങ്കിലും കേരള കൺസ്ട്രക്ഷൻ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് പദ്ധതിയുടെ പ്രായോഗികതാ പഠനം നടത്താൻ സർക്കാർ നിർദ്ദേശിച്ചതനുസരിച്ച് ബോർഡ് പഠനം നടത്തുകയും പദ്ധതി ബോർഡിന് സാമ്പത്തികമായി നടപ്പിലാക്കാൻ സാധിക്കാത്തതിനാൽ നിലവിലുള്ള കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡിന്റെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് ഈ പദ്ധതി നടപ്പിലാക്കേണ്ടതില്ലായെന്ന് 19-8-2015-ൽ ഇനം നമ്പർ ഒന്നായി ആയി കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് യോഗം തീരുമാനിച്ചിട്ടുണ്ട്.

റിയൽ എസ്റ്റേറ്റ് രംഗത്ത് രൂപീകരിക്കുമെന്ന് പ്രഖ്യാപിച്ചിരുന്ന റഗുലേറ്ററി

അതോറിറ്റി രൂപീകരിച്ചിട്ടുണ്ട്.

(ബി) 2012-13-ൽ തുകയൊന്നും വകയിരുത്തിയിട്ടില്ല.

(സി&ഡി) നിർമ്മിതി കേന്ദ്രത്തിന് കീഴിൽ തൊഴിൽ ബാങ്ക്, കൺസ്ട്രക്ഷൻ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് എന്നിവ രൂപീകരിച്ചിട്ടില്ല.

(ഇ) റിയൽ എസ്റ്റേറ്റ് (റെഗുലേഷൻ & ഡവലപ്മെന്റ്) ഓർഡിനൻസ് 2015 പ്രകാരമുള്ള ബില്ല് നിയമസഭയിൽ അവതരിപ്പിക്കാനുള്ള നടപടികൾ തദ്ദേശ സ്വയംഭരണ വകുപ്പിൽനിന്നും സ്വീകരിച്ചുവരുന്നു. ഇത് സംബന്ധിച്ച് കരട് ചട്ടങ്ങളും തയ്യാറാക്കിയിട്ടുണ്ട്. വെബ്സൈറ്റ് തുടങ്ങാനുള്ള നടപടിയും സ്റ്റാഫിന്റെ നിയമനം, ആവശ്യമായ ഫണ്ട് അനുവദിക്കൽ എന്നിവയ്ക്കുള്ള നടപടിയും സ്വീകരിച്ചുവരുന്നു. സ്വരാജ് ഭവനിൽ പ്രസ്തുത ഓഫീസ് പ്രവർത്തനമാരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**സാഫല്യം ഭവനനിർമ്മാണ പദ്ധതി**

135 (1961) ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ 2011-12-ലെ സംസ്ഥാന ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്ന സാഫല്യം ഭവനനിർമ്മാണ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ടോ ; വ്യക്തമാക്കുമോ ;

(ബി) 2011-12 നുശേഷം ഇതുവരെ അവതരിപ്പിച്ച ഓരോ ബഡ്ജറ്റിലും പ്രസ്തുത പദ്ധതിക്കായി വകയിരുത്തപ്പെട്ട തുക എത്ര ; അനുവദിക്കപ്പെട്ട തുക എത്ര ; പിൻവലിക്കാതെ അവശേഷിക്കുന്ന തുക എത്ര ; വ്യക്തമാക്കാമോ ;

(സി) ഈ പദ്ധതിയിൽ ഇതുവരെ എത്ര ഘട്ടങ്ങളിലായി എത്ര വീടുകൾ നിർമ്മിക്കുന്നതിനാണ് ലക്ഷ്യമിട്ടിരുന്നത് ; ഓരോ ഘട്ടത്തിലും നിശ്ചയിച്ചിരുന്ന ലക്ഷ്യം പൂർത്തീകരിച്ചിട്ടുണ്ടോ ; ഇതിന്റെ ജില്ലതിരിച്ചുള്ള വിശദാംശം ലഭ്യമാക്കാമോ ;

(ഡി) ഇതുവരെയുള്ള ഓരോ ഘട്ടത്തിലും ഈ പദ്ധതിയിലേക്ക് എത്ര അപേക്ഷകൾ വീതം ലഭിച്ചിട്ടുണ്ട് ; അവയിൽനിന്നും എത്ര ഗുണഭോക്താക്കളെ വീതം തെരഞ്ഞെടുത്തിട്ടുണ്ട് ; ഇതിനുസ്വീകരിച്ച മാനദണ്ഡം എന്ത് ; വ്യക്തമാക്കാമോ ;

(ഇ) ഇവരിൽ ഇനിയും പാർപ്പിടം ലഭ്യമാകാതെ അവശേഷിക്കുന്നവരുണ്ടോ ; എങ്കിൽ

അതിന്റെ ജില്ല തിരിച്ചുള്ള വിശദാംശം ലഭ്യമാക്കാമോ ?

ഉത്തരം

(എ) കേരളത്തിലെ ദുർബല വിഭാഗത്തിൽപ്പെട്ട ദാരിദ്രരേഖയ്ക്ക് താഴെയുള്ള ഭൂ-ഭവനരഹിതർക്ക് പാർപ്പിടം ലഭ്യമാക്കുന്നതിനായി സന്നദ്ധ സംഘടന/ കാരുണ്യവാന്മാരായ വ്യക്തികളുടെ സഹകരണത്തോടെയും സർക്കാർ സബ്സിഡിയോടും കൂടി ഫ്ലാറ്റുകൾ നിർമ്മിച്ചുനൽകുന്ന സാഫല്യം പദ്ധതി ഭവന നിർമ്മാണ ബോർഡ് നടപ്പിലാക്കിവരുന്നു.

(ബി) സാഫല്യം ഭവന പദ്ധതിക്കായി ഓരോ സാമ്പത്തിക വർഷവും താഴെ പറയും പ്രകാരം തുക വകയിരുത്തി:

| | |
|---|---|
| 2012-13 സാമ്പത്തിക വർഷം | 17 കോടി രൂപ<br>(ഫണ്ട് ലഭ്യമാക്കിയിട്ടില്ല.) |
| 2013-14 സാമ്പത്തിക വർഷം | 5 കോടി രൂപ<br>5 കോടി രൂപ അനുവദിച്ചു. |
| 2014-15 സാമ്പത്തിക വർഷം | 10 കോടി രൂപ<br>62.78 ലക്ഷം രൂപ അനുവദിച്ചു. |
| 2015-16 സാമ്പത്തിക വർഷം | 5 കോടി രൂപ |

(സി) 2013-14 സാമ്പത്തിക വർഷം :

ബഡ്ജറ്റിലൂടെ അനുവദിച്ച 500 ലക്ഷം രൂപ, 250 ഫ്ലാറ്റുകൾക്ക് 2 ലക്ഷം രൂപ നിരക്കിൽ സബ്സിഡിയായി വിനിയോഗിക്കുന്നതിനാണ് ലക്ഷ്യമിട്ടിരുന്നത്. ടി സാമ്പത്തികവർഷം 4 പഞ്ചായത്തുകളിലായി ആകെ 216 ഫ്ലാറ്റുകൾ നിർമ്മിക്കുന്നതിനുള്ള പദ്ധതികൾ താഴെപ്പറയും പ്രകാരം നടപ്പിലാക്കിവരുന്നു:

കൊല്ലം ജില്ലയിൽ ചാത്തന്നൂരിൽ 48 ഫ്ലാറ്റുകൾ - നിർമ്മാണം പൂർത്തിയായി.

തൃശ്ശൂർ ജില്ലയിൽ പുതുകാടിൽ 48 ഫ്ലാറ്റുകൾ - നിർമ്മാണ പ്രവർത്തനങ്ങൾ

| | | |
|---|---|---|
| കോഴിക്കോട് ജില്ലയിൽ ചേളന്നൂരിൽ 66 ഫ്ലാറ്റുകൾ | - | 15 ശതമാനം പൂർത്തീകരിച്ചിട്ടുണ്ട്. നിർമ്മാണ പ്രവർത്തങ്ങൾ 85 ശതമാനം പൂർത്തീകരിച്ചിട്ടുണ്ട്. |
| എറണാകുളം ജില്ലയിൽ ചോറ്റാനിക്കരയിൽ 54 | - | നിർമ്മാണ പ്രവർത്തനങ്ങൾ 47% ഫ്ലാറ്റുകൾ പൂർത്തീകരിച്ചിട്ടുണ്ട്. |

2014-15 സാമ്പത്തിക വർഷം :

ബഡ്ജറ്റിലൂടെ വകയിരുത്തിയ 1000 ലക്ഷം രൂപ 500 ഫ്ലാറ്റുകൾക്ക് 2 ലക്ഷം രൂപ നിരക്കിൽ സബ്സിഡിയായി വിനിയോഗിക്കുന്നതിനാണ് ലക്ഷ്യമിട്ടിരുന്നത്. പദ്ധതിക്ക് ഹഡ്കോ വായ്പ സമാഹരിക്കാൻ സർക്കാർ ഗ്യാരണ്ടി ലഭ്യമാകാത്തതിനാൽ ടി തുക വഹിക്കാൻ തയ്യാറായ പഞ്ചായത്തുകളിൽ മാത്രമാണ് പദ്ധതി രൂപകൽപ്പന ചെയ്തത്. ഇപ്രകാരം ടി സാമ്പത്തിക വർഷം താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്:

| | | |
|---|---|---|
| എറണാകുളം ജില്ലയിൽ ഇലഞ്ഞിയിൽ | – | 48 ഫ്ലാറ്റുകൾ |
| പാലക്കാട് ജില്ലയിൽ ലക്കിടി - പേരൂരിൽ | – | 24 ഫ്ലാറ്റുകൾ |
| കാസർഗോഡ് ജില്ലയിൽ ചെമ്മനാടിൽ | – | 24 ഫ്ലാറ്റുകൾ |

2015-16 സാമ്പത്തിക വർഷം :

ബഡ്ജറ്റിലൂടെ വകയിരുത്തിയിട്ടുള്ള 500 ലക്ഷം രൂപ 250 ഫ്ലാറ്റുകൾക്ക് 2 ലക്ഷം രൂപ നിരക്കിൽ സബ്സിഡിയായി വിനിയോഗിക്കാനാകുമെങ്കിലും

പഞ്ചായത്തുകളുടെ സഹകരണം ഉറപ്പാക്കാത്തതിനാലും ഹഡ്കോ വായ്പ സമാഹരിക്കാൻ സർക്കാർ ഗ്യാരണ്ടി ലഭ്യമാകാത്തതിനാലും ടി സാമ്പത്തിക വർഷത്തിൽ പദ്ധതികളൊന്നും രൂപകൽപ്പന ചെയ്തിട്ടില്ല.

(ഡി) സാഫല്യം പദ്ധതികളിലൂടെ ആകെ 312 ഗുണഭോക്താക്കൾക്ക് ഫ്ലാറ്റുകൾ ലഭ്യമാക്കുന്നതാണ്. താഴെപ്പറയുന്ന മാനദണ്ഡങ്ങൾ പ്രകാരമാണ് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത്.

പദ്ധതിപ്രകാരം ഉൾപ്പെടുന്ന തദ്ദേശസ്വയംഭരണ സ്ഥാപത്തിലെയോ സമീപങ്ങളിലുള്ള തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെയോ ദുർബല വിഭാഗത്തിൽപ്പെട്ട ഭൂ-ഭവനരഹിതരായ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള വ്യക്തികളെ ഭവന നിർമ്മാണ ബോർഡിന്റെ ബന്ധപ്പെട്ട ഡിവിഷൻ ഓഫീസിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർ/ അദ്ദേഹം നിർദ്ദേശിക്കുന്ന ഉദ്യോഗസ്ഥൻ, പദ്ധതി നടപ്പിലാക്കുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ സെക്രട്ടറി/അദ്ദേഹം നിർദ്ദേശിക്കുന്ന ഉദ്യോഗസ്ഥർ, പദ്ധതി പ്രദേശത്തെ തദ്ദേശസ്വയംഭരണ സ്ഥാപനത്തെിലെ വാർഡ് മെമ്പർ/ വാർഡ് കൗൺസിലർ എന്നിവർ അടങ്ങുന്ന Beneficiary Selection Commitee ആയിരിക്കും അർഹരായ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത്.

ഭൂ-ഭവന രഹിതരായ ദുർബല വിഭാഗക്കാരായ വ്യക്തികളുടെ വിവര ശേഖരണത്തിനായി കേരളത്തിലെ 14 ജില്ലകളിലും പ്രചാരമുള്ള മൂന്ന് മലയാള ദിനപത്രങ്ങളിലും വ്യാപകമായ പരസ്യപ്രചരണം നടത്തി ഒരു ജില്ലാതല ഡേറ്റാ ബാങ്ക് രൂപീകരിച്ച് അതിൽനിന്നും പദ്ധതിക്കുവേണ്ടി പദ്ധതി നടപ്പിലാക്കുന്ന പ്രദേശം ഉൾപ്പെടുന്ന തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെയോ സമീപങ്ങളിലുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെയോ ഗുണഭോക്താക്കൾക്ക് മുൻഗണന നൽകി അപേക്ഷ വാങ്ങി യുക്തമായ നടപടിക്രമങ്ങളിലൂടെ മേൽപ്പറഞ്ഞ Beneficiary Selection Commitee തെരഞ്ഞെടുക്കുന്നതാണ്.

ഓരോ ഘട്ടങ്ങളിലും ലഭിച്ച അപേക്ഷകളുടെ വിവരം ശേഖരിച്ചുവരുന്നു.

(ഇ) വിവരം ശേഖരിച്ചുവരുന്നു.

**പരിസ്ഥിതി സൗഹൃദ ഭവനനിർമ്മാണ പദ്ധതി**

136 (1962) <u>ശ്രീ. തോമസ് ഉണ്ണിയാടൻ</u> :

ശ്രീ. മോൻസ് ജോസഫ് :

ശ്രീ. സി. എഫ്. തോമസ് :

ശ്രീ. റ്റി. യു. കുരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പരിസ്ഥിതി സൗഹൃദ ഭവന നിർമ്മാണ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് വിദേശരാജ്യങ്ങൾ താല്പര്യം പ്രകടിപ്പിച്ചിട്ടുണ്ടോ ; എങ്കിൽ ഏതെല്ലാം രാജ്യങ്ങൾ മുമ്പോട്ടുവന്നിട്ടുണ്ട് ; വ്യക്തമാക്കുമോ ;

(സി) ഏതെല്ലാം വിഭാഗത്തിൽപ്പെട്ടവരെയാണ് പ്രസ്തുത പദ്ധതിയിലൂടെ ലക്ഷ്യമിടുന്നതെന്ന് വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ;

(ഇ) പ്രസ്തുത പദ്ധതിയുടെ സാമ്പത്തിക സാങ്കേതിക സഹായം, പങ്കാളിത്തം, മാനേജ്മെന്റ് എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ-ഇ) വിവരം ശേഖരിച്ചുവരുന്നു.

**ചാലക്കുടി വനിതാ ഹോസ്റ്റലിന്റെ നിർമ്മാണം**

137 (1963) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി നഗരത്തിൽ, ഹൗസിംഗ് ബോർഡ് നിർമ്മിക്കുന്ന വനിതാ ഹോസ്റ്റലിന്റെ നിർമ്മാണം ഏതു ഘട്ടത്തിലാണെന്നും നിർമ്മാണം എന്നേക്ക് പൂർത്തിയാക്കാൻ സാധിക്കുമെന്നും വിശദമാക്കാമോ ;

(ബി) ചാലക്കുടിയിൽ ഹൗസിംഗ് ബോർഡിന്റെവക സ്ഥലത്ത് വാണിജ്യകേന്ദ്രം നിർമ്മിക്കുന്നതിനായി നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ചാലക്കുടിയിൽ നിർമ്മിച്ചുകൊണ്ടിരിക്കുന്ന വനിതാ ഹോസ്റ്റലിന്റെ (മൂന്ന് നില കെട്ടിടം) മൂന്ന് നിലയും വാർത്ത് കഴിഞ്ഞു. ഒന്ന്, രണ്ട് നിലകളിലെ ബ്ലോക്ക് മേസണറി പണികൾ 50 ശതമാനം പൂർത്തീകരിച്ചു. 2016 മാർച്ചിൽ പണി പൂർത്തിയാക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) ചാലക്കുടിയിൽ ഭവന നിർമ്മാണ ബോർഡിന്റെ വക സ്ഥലത്ത് വാണിജ്യകേന്ദ്രം പാരസ്പര്യം മാതൃകയിൽ നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു.

**ടെക്നോളജി ഇന്നവേഷൻ ഫണ്ട്**

138 (1964) ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെട്ടിട നിർമ്മാണ മേഖലയിലെ നൂതന പരീക്ഷണങ്ങൾ ത്വരിതപ്പെടുത്തുന്നതിനുവേണ്ടി 2012-13-ലെ സംസ്ഥാന ബഡ്ജറ്റിൽ രൂപീകരിക്കുമെന്ന് പ്രഖ്യാപിച്ചിരുന്ന ടെക്നോളജി ഇന്നവേഷൻ ഫണ്ട് രൂപീകരിച്ചിട്ടുണ്ടോ ;

(ബി) ഇതിലേക്ക് 2012-13-ൽ എത്ര തുക വകയിരുത്തിയിരുന്നു ; എത്ര തുക അനുവദിച്ചു ; എത്ര തുക പിൻവലിക്കാതെ അവശേഷിക്കുന്നു ;

(സി) ഈ ഫണ്ട് ഏതെല്ലാം ഇനത്തിലാണ് വിനിയോഗിച്ചത് ; ഇതുമൂലം കെട്ടിടനിർമ്മാണ മേഖലയ്ക്കുണ്ടായ നേട്ടങ്ങൾ എന്തെല്ലാം ;

(ഡി) തുടർന്നുള്ള ബഡ്ജറ്റുകളിൽ ഇതിലേക്കായി തുക വകയിരുത്തിയിരുന്നോ ; എങ്കിൽ എത്രവീതം ; ഇതിൽ എത്രവീതം അനുവദിച്ചു ; എത്രവീതം പിൻവലിക്കാതെ അവശേഷിക്കുന്നു ; വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഇല്ല.

(ബി&സി) 2012-13-ലെ പുതുക്കിയ ബഡ്ജറ്റ് എസ്റ്റിമേറ്റിൽ ടോക്കൺ തുകയായി 1000 രൂപ വകയിരുത്തിയിരുന്നു.

(ഡി) 2013-14 ലെ ബഡ്ജറ്റിൽ ടെക്നോളജി ഇന്നവേഷൻ ഫണ്ടിലേക്ക് 59 ലക്ഷം രൂപയും 2014-15-ൽ 70 ലക്ഷം രൂപയും 2015-16-ൽ 70 ലക്ഷം രൂപയും വകയിരുത്തിയിരുന്നെങ്കിലും പ്രസ്തുത പദ്ധതി, പുതുതായി രൂപീകരിക്കുന്ന

കേരള സ്റ്റേറ്റ് ഹൗസിംഗ് ഡവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ മുഖേന നടപ്പിലാക്കുന്നതിനാലും പ്രസ്തുത കോർപ്പറേഷൻ പൂർണ്ണരൂപത്തിൽ പ്രവർത്തന ക്ഷമമായിട്ടില്ലാത്തതിനാലും ഇതിലേക്ക് തുകയൊന്നും അനുവദിച്ചിട്ടില്ല.

**ഔദ്യോഗിക ഭാഷയിൽ കേരളം എന്ന മാറ്റം**

139 (1965) <u>ശ്രീ. കെ. കെ. ജയചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

മലയാളം ഔദ്യോഗിക ഭാഷയാക്കിയതിന്റെ ഭാഗമായി കേരള എന്നത് കേരളം എന്നാക്കി മാറ്റിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

കേരള സംസ്ഥാനത്തിന്റെ പേര് എല്ലാ ഭാഷയിലും 'കേരളം' (Keralam) എന്നാക്കി മാറ്റുന്നതിന് കേന്ദ്രസർക്കാരിന്റെ അനുമതി തേടിയിട്ടുണ്ട്.

**സേവനാവകാശ നിയമം**

140 (1966) <u>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ</u> :
<u>ശ്രീ. റ്റി. എൻ. പ്രതാപൻ</u> :
<u>ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി</u> :
<u>ശ്രീ. പാലോട് രവി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സേവനാവകാശ നിയമം നടപ്പാക്കാൻ കർമ്മ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതിവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) പദ്ധതി നടപ്പാക്കാൻ ഭരണ തലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

<u>ഉത്തരം</u>

(എ-സി) 2012 നവംബർ 1 മുതൽ നിലവിൽ വന്ന സേവനാവകാശ നിയമം നടപ്പിലാക്കുന്നതിനായി സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ ഇപ്രകാരമാണ്. സേവനാവകാശ നിയമവും ചട്ടങ്ങളും സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. കേരള സംസ്ഥാന സേവനാവകാശ നിയമം, 2012, 3-ാം വകുപ്പുപ്രകാരം, ഈ

നിയമം പ്രാബല്യത്തിൽ വന്ന തീയതി മുതൽ 6 മാസത്തിനകം ഓരോ സർക്കാർ വകുപ്പും ഓരോ വകുപ്പുമേധാവിയും പൊതുജനങ്ങൾക്ക് പ്രദാനം ചെയ്യുന്നതായ സേവനങ്ങൾ (ടി നിയമം 2(ജി) വകുപ്പിന്റെ പരിധിയിൽപ്പെട്ടവ), നിയുക്ത ഉദ്യോഗസ്ഥർ, നിശ്ചിത സമയപരിധി, ഒന്നാം അപ്പീൽ അധികാരി, രണ്ടാം അപ്പീൽ അധികാരി എന്നിവ ഗസറ്റിൽ വിജ്ഞാപനം ചെയ്യേണ്ടതുണ്ട്.

പൊതുജനങ്ങൾക്ക് സമയബന്ധിതമായി സേവനങ്ങൾ നൽകുകയെന്നതും അഴിമതി കുറയ്ക്കുകയെന്നതുമാണ് സേവനാവകാശ നിയമം നടപ്പിലാക്കുനതുവഴി ലക്ഷ്യമിടുന്നത്.

23-11-2012, 19-2-2013 എന്നീ തീയതികളിലെ 21145/ഏ.ആർ.12 (1)/12/ ഉ.ഭ.പ.വ., 20-12-2012-ലെ 14944/എം.ആർ12(1)/12/ഉ.ഭ.പ.വ., 4-10-2013-ലെ 16203/ഏ.ആർ.12(1)/13/ഉ.ഭ.പ.വ എന്നീ സർക്കുലറുകൾ പ്രകാരം ടി നിയമം നടപ്പിലാക്കുന്നതിനായി ഗസറ്റ് വിജ്ഞാപനം പുറപ്പെടുവിക്കുന്നതിലേയ്ക്കും, കേരള സംസ്ഥാന സേവനാവകാശ ചട്ടം 6 പ്രകാരം സർക്കാർ ഓഫീസുകളിലെ നോട്ടീസ് ബോർഡിൽ ഗസറ്റ് വിജ്ഞാപനത്തിലെ വിവരങ്ങളും സേവനങ്ങൾ ലഭിക്കുന്നതിനുള്ള അപേക്ഷയോടൊപ്പം ഹാജരാക്കേണ്ട രേഖകളും ചട്ടങ്ങളിലെ ഫോറങ്ങളും എഴുതി പ്രദർശിപ്പിക്കുന്നതിലേക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. കേരള സംസ്ഥാന സേവനാവകാശ ചട്ടങ്ങളിലെ ചട്ടം 4 പ്രകാരം സേവനത്തിന് അർഹതയുള്ള ഒരാളുടെ അപേക്ഷ ലഭിക്കുന്നതിന്മേൽ, നിയുക്ത ഉദ്യോഗസ്ഥനോ, പ്രാധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ അതത് സംഗതി പോലെ, അപേക്ഷകന്, ഫാറം നമ്പർ 1-ൽ കൈപ്പറ്റ് രസീത് നൽകേണ്ടതാണെന്നും സേവനം നൽകുന്നതിനാവശ്യമായ ഏതെങ്കിലും രേഖകൾ അപേക്ഷയോടൊപ്പം ഉള്ളടക്കം ചെയ്തിട്ടില്ലാത്തപക്ഷം ആയത് കൈപ്പറ്റ് രസീതിൽ വ്യക്തമായി രേഖപ്പെടുത്തേണ്ടതും അത്തരം സേവനത്തിനുള്ള നിശ്ചിത സമയപരിധി രേഖ ഹാജരാക്കുന്ന തീയതി മുതൽ ആരംഭിക്കുന്നതുമാണെന്ന് 21-10-2014-ലെ സർക്കുലർ നമ്പർ 16203/ഏ.ആർ.12(1)/2013/ഉ.ഭ.പ.വ. പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. സേവനാവകാശ നിയമപ്രകാരം നൽകിയ സേവനങ്ങൾ സംബന്ധിച്ച സമാഹൃത റിപ്പോർട്ട് ഓരോ മാസവും വകുപ്പുതലവന്മാർ ബന്ധപ്പെട്ട ഭരണവകുപ്പ് മുഖേന ലഭ്യമാക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ, സേവനങ്ങൾ ലഭിക്കുന്നതിന് കേരള സംസ്ഥാന സേവനാവകാശ നിയമപ്രകാരം പ്രത്യേകം അപേക്ഷകളൊന്നും നൽകേണ്ടതില്ലെന്നും സേവനങ്ങൾ നൽകുന്നതിനു വേണ്ടി സർക്കാർ ഓഫീസുകളിൽ/സ്ഥാപനങ്ങളിൽ ലഭിക്കുന്ന അപേക്ഷകൾ കേരള

സംസ്ഥാന സേവനാവകാശ നിയമപ്രകാരം പ്രസ്തുത വകുപ്പുകൾ ഗസറ്റിൽ വിജ്ഞാപനം ചെയ്തിട്ടുള്ള സേവനങ്ങളിൽ ഉൾപ്പെട്ടിട്ടുള്ളവയാണെങ്കിൽ, അത്തരം എല്ലാ അപേക്ഷകളും വിജ്ഞാപനപ്രകാരമുള്ള നിശ്ചിത സമയപരിധിക്കുള്ളിൽ തീർപ്പാക്കേണ്ടതാണെന്നും 15-11-2014-ലെ 16203/എ.ആർ.12(1)/2013/ഉ.ഭ.പ.വ നമ്പർ സർക്കുലർ പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്.

## നാഷണൽ ഗ്രീൻ ട്രിബ്യൂണൽ

141 (1967) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാഷണൽ ഗ്രീൻ ട്രിബ്യൂണലിൻെറ സർക്യൂട്ട് ബഞ്ച് കേരളത്തിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ ; എങ്കിൽ എവിടെയാണ് ആരംഭിച്ചതെന്നും എന്നു മുതലാണ് ആരംഭിച്ചതെന്നും വ്യക്തമാക്കുമോ ;

(ബി) ഇല്ലെങ്കിൽ ആയതിനുള്ള ശ്രമങ്ങൾ ആരംഭിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) ട്രിബ്യൂണലിന് പരാതി നൽകുന്നതിനുള്ള നടപടിക്രമങ്ങൾ വിശദമാക്കുമോ ;

(ഡി) ട്രിബ്യൂണലിന്റെ സർക്യൂട്ട് ബഞ്ച് ആരംഭിക്കുന്നതിന് എന്തെല്ലാം സൗകര്യങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത് ?

### ഉത്തരം

(എ-ഡി) കേരള ഹൈക്കോടതിയോട് അനുബന്ധിച്ച് നാഷണൽ ഗ്രീൻ ട്രിബ്യൂണലിന്റെ സർക്യൂട്ട് ബഞ്ച് ആരംഭിക്കുന്നതിനുള്ള എല്ലാ സൗകര്യങ്ങളും ഹൈക്കോടതിയുമായി കൂടിയാലോചിച്ച് സർക്കാർ ചെയ്തു നൽകിയിട്ടുണ്ട്. എന്നാൽ ഇതുവരെ ആയതിന്റെ പ്രവർത്തനം ആരംഭിച്ചിട്ടില്ല. ഒരു മാസത്തിലെ ഒന്നും, നാലും ആഴ്ചകളിലായിരിക്കും ബഞ്ച് പ്രവർത്തിക്കുക പഴയ ഹൈക്കോടതിയുടെ ഹാൾ നമ്പർ VII ക്യാമ്പ് സിറ്റിംഗിനായി ഉപയോഗിക്കുന്നതാണ്. കൂടാതെ മെമ്പർമാർക്കുള്ള ചേമ്പറും ഓഫീസ് പ്രവർത്തിക്കുന്നതിനുള്ള സൗകര്യവും അനുവദിച്ച് നൽകിയിട്ടുണ്ട്. സ.ഉ. (സാധാ. നമ്പർ 2497/2015/ആഭ്യന്തരം തീയതി 3-10-2015 പ്രകാരം ട്രിബ്യൂണലിന്റെ പ്രവർത്തനത്തിനാവശ്യമായ കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിനുള്ള ഭരണാനുമതി നൽകുകയും ആയത് വാങ്ങുന്നതിനുള്ള നടപടി ഹൈക്കോടതി സ്വീകരിച്ചുവരികയും ചെയ്യുന്നു.

**സർഫാസി നിയമം**

142 (1968) <u>ശ്രീ. എസ്. ശർമ്മ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർഫാസി നിയമപ്രകാരം ജനങ്ങളെ കബളിപ്പിക്കുന്ന സംഘം പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇത് സംബന്ധിച്ച് പരാതികൾ ലഭിച്ചിട്ടുണ്ടോ ; എങ്കിൽ ഇത്തരം പരാതികളിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) പ്രസ്തുത നിയമപ്രകാരം കിടപ്പാടം നഷ്ടപ്പെട്ടവർ നടത്തിവരുന്ന സമരം ഒത്തുതീർപ്പാക്കുന്നതിന് സ്വീകരിച്ച നടപടി വ്യക്തമാക്കുമോ ;

(സി) പ്രസ്തുത നിയമപ്രകാരം ജപ്തി നടപടികൾക്ക് വിധേയരായവർക്ക് പണം തിരിച്ചടവിനുള്ള സമയപരിധി നൽകിക്കൊണ്ട് ജപ്തി നടപടിയിൽനിന്നും ഇളവ് നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ-സി) വ്യക്തിപരമായ പരാതികളൊന്നും ലഭിച്ചിട്ടില്ല. എന്നാൽ ബഹുമാനപ്പെട്ട പട്ടികജാതി പട്ടികഗോത്രവർഗ്ഗ കമ്മീഷന്റെ പരിഗണനയി ലിരിക്കുന്ന ഒൻപത് കേസ്സുകൾ സംബന്ധിച്ച വിവരങ്ങൾ കമ്മീഷൻ മുഖാന്തരം ലഭിച്ചിട്ടുണ്ട്. അതിന്മേൽ കമ്മീഷന്റെ ഉത്തരവുപ്രകാരം വായ്പാ തട്ടിപ്പിനിരയായി ഭൂമി നഷ്ടപ്പെട്ടവർക്ക് അനുയോജ്യമായ സ്ഥലം കണ്ടെത്തി പുനരധിവാസം നടത്തുന്നകാര്യം പരിശോധിക്കുന്നതാണ്.

കൂടാതെ സർഫാസി ബാങ്ക് ജപ്തി വഞ്ചനയ്ക്കെതിരായ സമരസമിതിയുടെയും ബ്ലേഡ് ബാങ്ക് ജപ്തിവിരുദ്ധ സമിതിയുടെയും ഭാരവാഹികൾ സമർപ്പിച്ച നിവേദനത്തിലെ ആവശ്യങ്ങൾ അടുത്ത എസ്.എൽ.ബി.സി യോഗത്തിൽ അജണ്ടയായി ഉൾപ്പെടുത്തി ചർച്ച ചെയ്ത് നിയമാനുസൃതം സാധ്യമായ നടപടി സ്വീകരിക്കുന്നതാണ്.

ഇത്തരം കേസ്സുകൾ സംബന്ധിച്ച് അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ജില്ലാ പോലീസ് മേധാവിക്ക് എറണാകുളം ജില്ലാ കളക്ടർ

നിർദ്ദേശം കൊടുത്തിട്ടുണ്ട്. സർഫാസി ബാങ്ക് ജപ്തി നടപടികൾക്കെതിരെ സമരം നടത്തുന്നവരുടെ കൂട്ട ഹർജിയും ലഭിച്ചിട്ടുണ്ട്.

**നഴ്സുമാരുടെ എമിഗ്രേഷൻ സംബന്ധിച്ച്**

143 (1969) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എമിഗ്രേഷൻ ക്ലിയറൻസ് ലഭിക്കാത്തതുമൂലം കേരളത്തിൽ ആയിരക്കണക്കിന് നഴ്സുമാർ ദുരിതം അനുഭവിക്കുകയാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) നഴ്സുമാരുടെ എമിഗ്രേഷൻ ക്ലിയറൻസ് നൽകാതിരിക്കുന്നത് സംബന്ധിച്ച പ്രശ്നത്തിൽ ഏതെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(സി) കേന്ദ്ര സർക്കാരിൽ പ്രസ്തുത പ്രശ്നം ഉന്നയിക്കുന്നതിന് നടപടി എടുത്തിട്ടുണ്ടോ ?

ഉത്തരം

(എ-സി) 18 ഇ.സി.ആർ. രാജ്യങ്ങളിലേക്കുള്ള ഇന്ത്യൻ നഴ്സുമാരുടെ നിയമനത്തിന് 31-5-2015 മുതൽ എമിഗ്രേഷൻ ക്ലിയറൻസ് നിർബന്ധമാക്കി കൊണ്ടും കേരള സർക്കാർ ഏജൻസികളായ നോർക്ക റൂട്ട്സ്, ഓവർസീസ് ഡവലപ്മെന്റ് ആന്റ് എംപ്ലോയ്മെന്റ് പ്രൊമോഷൻ കൺസൾട്ടന്റ്സ് (ODEPC), തമിഴ്നാട് സർക്കാർ ഏജൻസിയായ ഓവർസീസ് മാൻപവർ കോർപ്പറേഷൻ ലിമിറ്റഡ് (OMC Ltd.) ചെന്നൈ എന്നിവർ മുഖാന്തരം മാത്രമെ റിക്രൂട്ട്മെന്റ് അനുവദിക്കുകയുള്ളൂവെന്ന് നിഷ്കർഷിച്ചും 12-3-2015-ലെ F.No. 0111012/10/2013-EP പ്രകാരം കേന്ദ്ര പ്രവാസികാര്യ മന്ത്രാലയം ഉത്തരവായിട്ടുണ്ട്. പ്രസ്തുത ഉത്തരവിന് മുൻപായി വിദേശ നിയമത്തിനുള്ള സെലക്ഷൻ നടപടികൾ പൂർത്തീകരിച്ച നഴ്സുമാർക്ക് എമിഗ്രേഷൻ ക്ലിയറൻസ് നിബന്ധയിൽ ഇളവ് നൽകണമെന്ന് സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര സർക്കാരിന്റെ മേൽപ്പറഞ്ഞ ഉത്തരവ് തീയതിയായ 12-3-2015-ന് മുമ്പ് ഇന്റർവ്യൂ/ഓഫർലെറ്റർ ലഭിച്ചവർക്ക് എമിഗ്രേഷൻ നിബന്ധനയിൽനിന്ന് ഇളവ് നൽകിയിട്ടുണ്ട്.

കേന്ദ്രസർക്കാരിന്റെ ഉത്തരവ് പ്രകാരം നോർക്ക-റൂട്ട്സ് നഴ്സിംഗ് റിക്രൂട്ട്മെന്റ് ആരംഭിച്ചിട്ടുണ്ട്. വിദേശ നിയമനം സംബന്ധിച്ച കാര്യങ്ങളുടെ ക്രമീകരണത്തിനായി

കേന്ദ്രസർക്കാർ നടപ്പിലാക്കിയിട്ടുള്ള ഇ-മൈഗ്രേറ്റ് (e-Migrate) എന്ന ഓൺലൈൻ സംവിധാനത്തിലൂടെ നിലവിൽ 600-ഓളം ഡിമാന്റുകൾ ലഭിച്ചിട്ടുണ്ട്. ഇതിൽ 88 പേർക്ക് ഇതിനകം എമിഗ്രേഷൻ ക്ലിയറൻസ് നൽകുകയും അവർ വിദേശ ജോലിയിൽ പ്രവേശിക്കുകയും ചെയ്തിട്ടുണ്ട്. ബാക്കി 500-ൽ അധികം ഒഴിവുകളിലേക്കുള്ള റിക്രൂട്ട്മെന്റ് നടപടികൾ പുരോഗമിച്ചുവരുന്നു.

ഇ-മൈഗ്രേറ്റ് സംവിധാനത്തിലെ സാങ്കേതികപ്രശ്നങ്ങളും പ്രസ്തുത സംവിധാനത്തിലെ നടപടിക്രമങ്ങളും ലഘൂകരിക്കേണ്ടതിന്റെ ആവശ്യകതയും സംസ്ഥാന സർക്കാർ കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽക്കൊണ്ടുവന്നിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ഇ-മൈഗ്രേറ്റ് സംവിധാനത്തിലെ നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിനും സാങ്കേതിക പിഴവുകൾ പരിഹരിക്കുന്നതിനുമായി പ്രൊട്ടക്ടർ ജനറൽ ഓഫ് എമിഗ്രന്റ്സ് അദ്ധ്യക്ഷനായി കേന്ദ്രസർക്കാർ ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റിയിൽ നോർക്ക-റൂട്ട്സ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അംഗമാണ്. ഇതിനുപുറമേ കുവൈറ്റ്, സൗദി അറേബ്യ, ഒമാൻ എന്നീ രാജ്യങ്ങളിലെ ആരോഗ്യമന്ത്രാലയത്തിന് കീഴിലെ ഇന്ത്യൻ നേഴ്സുമാരുടെ നിയമനം സർക്കാർ ഏജൻസികൾ വഴിയാക്കുന്നതിന് നോർക്ക മുൻകൈയെടുത്ത് കേന്ദ്ര സർക്കാർ മുഖേന ചർച്ചകൾ പുരോഗമിച്ച് വരികയാണ്. ഇതുവഴി ഈ രാജ്യങ്ങളിലേക്കുള്ള നഴ്സുമാരുടെ റിക്രൂട്ട്മെന്റ് സുതാര്യമായും ചൂഷണരഹിതമായും നടത്തുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

**വരട്ടാറിന്റെ ഒഴുക്ക് സുഗമമാക്കുന്നതിന് നടപടി**

144 (1970) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെങ്ങന്നൂർ മുനിസിപ്പാലിറ്റി, തിരുവൻവണ്ടൂർ പഞ്ചായത്ത് എന്നീ പ്രദേശങ്ങളിലൂടെ ഒഴുകിയിരുന്ന വരട്ടാറിന്റെ ഒഴുക്ക് സാദ്ധ്യമാക്കുന്നതിനായി ഈ സർക്കാരിന്റെ കാലത്ത് എത്ര തുക ഏതെല്ലാമിനത്തിൽ വകയിരുത്തിയിട്ടുണ്ടെന്നും ആയതിൽ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും ഉള്ള വിവരം വാർഷികാടിസ്ഥാനത്തിൽ ലഭ്യമാക്കാമോ ;

(ബി) വരട്ടാറിന്റെ നീരൊഴുക്ക് സാദ്ധ്യമാക്കുന്നതിന് അനുബന്ധ വകുപ്പുകളെ ഉൾപ്പെടുത്തി ഒരു സംയുക്ത ആലോചനാ യോഗം വിളിക്കാമെന്ന് ഉറപ്പു നൽകിയിട്ടുണ്ടോ ;

(സി) എങ്കിൽ പ്രസ്തുത ആലോചനയോഗം സമയബന്ധിതമായി വിളിക്കുന്നതിന്

നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) വരട്ടാറിന്റെ നീരൊഴുക്ക് സുഗമമാക്കുന്നതുമായി ബന്ധപ്പെട്ട് ജലസേചന വകുപ്പ് മുഖാന്തരം ഒരു തുകയും ചെലവഴിച്ചിട്ടില്ല.

(ബി&സി) ബന്ധപ്പെട്ട വകുപ്പുകളെ ഉൾപ്പെടുത്തി ആലോചനായോഗം ഏറ്റവും വേഗം വിളിക്കാവുന്നതാണ്.

**എക്സൈസ് വകുപ്പിന്റെ പദ്ധതികൾ**

145 (1971) <u>ശ്രീ. പുരുഷൻ കടലുണ്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ 2011-12-ലെ ബഡ്ജറ്റിൽ എക്സൈസ് വകുപ്പിന് കീഴിൽ നടപ്പിലാക്കാനുദ്ദേശിച്ചിരുന്ന പദ്ധതികൾ എന്തെല്ലാമായിരുന്നു; വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത ബഡ്ജറ്റിൽ ഓരോ പദ്ധതിയ്ക്കും എത്ര തുക വകയിരുത്തിയിരുന്നുവെന്നും എത്ര തുക അനുവദിക്കപ്പെട്ടുവെന്നും ആയതിൽ എത്ര തുക ട്രഷറിയിൽനിന്നും പിൻവലിക്കപ്പെടാതെ അവശേഷിച്ചിരുന്നുവെന്നും വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പദ്ധതികളിൽ 2011-12 സാമ്പത്തികവർഷം പൂർത്തീകരിക്കുകയോ ലക്ഷ്യത്തിലെത്തുകയോ ചെയ്യാത്തവ ഏതെല്ലാമായിരുന്നുവെന്ന് വ്യക്തമാക്കുമോ; ഇവയിൽ ഏതെല്ലാം പദ്ധതികൾക്കായി എത്രവീതം തുക തുടർന്നുള്ള ബഡ്ജറ്റുകളിൽ വകയിരുത്തിയിട്ടുണ്ട് ; വ്യക്തമാക്കുമോ ;

(ഡി) ഇവയിൽ നാലരവർഷത്തിന് ശേഷവും പൂർത്തീകരിക്കാൻ കഴിയാത്ത പദ്ധതികൾ ഏതെല്ലാം ; വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ-ഡി) 2011-12 കാലയളവിൽ എക്സൈസ് വകുപ്പിൽ “2039-00-800-99-എക്സൈസ് വകുപ്പിൽ മദ്യപരിശോധനാലാബുകൾ സ്ഥാപിക്കൽ" എന്ന പദ്ധതിക്ക് പ്ലാൻ ഫണ്ടിൽ ഒരു കോടി രൂപ ആദ്യമായി അനുവദിച്ചിരുന്നുവെങ്കിലും പുതിയ സർക്കാർ വന്നതിനുശേഷമുള്ള 2011-12-ലെതന്നെ ആദ്യ ബഡ്ജറ്റിന്മേലുള്ള ഭേദഗതി പത്രികയിൽ ടി ഫണ്ട് പിൻവലിച്ചിരുന്നു. ആയതിനാൽ 2011-12-ലെ ബഡ്ജറ്റിൽ എക്സൈസ് വകുപ്പിന് പദ്ധതികൾ ഇല്ലായിരുന്നു.

## കെ.എസ്.ബി.സി. വില്പന നടത്തിയ വിദേശമദ്യം, ബിയർ, വൈൻ എന്നിവ സംബന്ധിച്ച വിവരം

146 (1972) ശ്രീ. പി. കെ. ഗുരുദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014-15 സാമ്പത്തിക വർഷം കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷൻ വില്പന നടത്തിയ വിദേശമദ്യം, ബിയർ, വൈൻ എന്നിവ സംബന്ധിച്ച വിശദ വിവരം ലഭ്യമാക്കുമോ ;

(ബി) 2015-16 സാമ്പത്തിക വർഷം ഇതുവരെ കെ.എസ്.ബി.സി. വില്പന നടത്തിയ വിദേശമദ്യം, ബിയർ, വൈൻ എന്നിവ സംബന്ധിച്ച വിശദ വിവരം ലഭ്യമാക്കുമോ ?

ഉത്തരം

(എ) അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു.*

(ബി) 2015-16 സാമ്പത്തികവർഷം 2015 ഒക്ടോബർ വരെയുള്ള വിവരം അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു.*

## കെ.എസ്.ബി.സി. സോഷ്യൽ റെസ്പോൺസിബിലിറ്റി സ്കീം പ്രകാരം നടപ്പാക്കുന്ന പദ്ധതികൾ

147 (1973) ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. ജോസഫ് വാഴക്കൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബിവറേജസ് കോർപ്പറേഷൻ സോഷ്യൽ റെസ്പോൺസിബിലിറ്റി സ്കീം പ്രകാരം സംസ്ഥാനത്ത് നടപ്പാക്കുന്ന പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ ;

(ബി) സംസ്ഥാനത്തെ അന്ധരായവർക്ക് വൈറ്റ് കെയിൻ നൽകുവാൻ കെ.എസ്.ബി.സി. പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ ;

(സി) വിദ്യാസമ്പന്നരായ അന്ധവിദ്യാർത്ഥികൾക്ക് ബ്രെയ്‌ലി കമ്പ്യൂട്ടർ വിതരണം ചെയ്യുന്നതിന് കെ.എസ്.ബി.സി. പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ ; ഈ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള മാനദണ്ഡം എന്താണ് ;

(ഡി) അന്ധരായവർക്കുള്ള സഹായം വിതരണം ചെയ്യുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) 2012-13 വർഷത്തെ അബ്കാരി നയത്തിന്റെ ഭാഗമായി ബിവറേജസ് കോർപ്പറേഷൻ സോഷ്യൽ റെസ്പോൺസിബിലിറ്റി സ്കീമിന്റെ ഭാഗമായി ലഹരി വിമുക്ത കേന്ദ്രങ്ങൾക്ക് സാമ്പത്തിക സഹായം നൽകണമെന്ന് നിർദ്ദേശിക്കുകയും തുടർന്ന് സർക്കാർ അനുമതിയോടുകൂടി 2012-13 കാലയളവിൽ ബിവറേജസ് കോർപ്പറേഷൻ സോഷ്യൽ റെസ്പോൺസിബിലിറ്റി സ്കീം പ്രകാരം 3.5 കോടി രൂപ ഈ ആവശ്യത്തിനായി മാറ്റി വയ്ക്കുകയുണ്ടായി. മൊത്തം തുകയായ 3.5 കോടി രൂപയിൽനിന്നും സർക്കാർ അനുമതിയോടെ കെ.എസ്.ബി.സി. വിനിയോഗിച്ച/ മാറ്റി വച്ച തുകയുടെ വിശദാംശങ്ങൾ താഴെ പറയുന്നവയാണ്:

| സോഷ്യൽ റെസ്പോൺസിബിലിറ്റി സ്കീം പ്രവർത്തനങ്ങൾ | വിനിയോഗിച്ച/മാറ്റിവച്ച തുക (രൂപ കോടിയിൽ) |
|---|---|
| സർക്കാർ അംഗീകൃത 11 ലഹരി വിമുക്ത കേന്ദ്രങ്ങൾക്ക് ധനസഹായം നൽകിയ തുക | 1,00,35,840 |
| കളമശ്ശേരി സഹകരണ മെഡിക്കൽ കോളേജിന് നൽകിയ തുക | 30,00,000 |
| കാഞ്ഞിരപ്പള്ളി സെന്റ് മേരീസ് ഹയർ സെക്കന്ററി സ്കൂളിന് സ്മാർട്ട് ക്ലാസ് ആരംഭിക്കുന്നതിന് നൽകിയ തുക | 2,00,000 |
| അർഹരായ കാഴ്ച വൈകല്യമുള്ളവർക്ക് ബ്രെയ്‌ലി കമ്പ്യൂട്ടർ, വൈറ്റ് കെയ്ൻ എന്നിവ വാങ്ങുന്നതിന് മാറ്റിവച്ചിട്ടുള്ള തുക | 1,50,00,000 |
| ബഹു. ഹൈക്കോടതിയുടെ നിർദ്ദേശ പ്രകാരം മാനസികവൈകല്യമുള്ള ആൾക്കാർക്ക് സൗകര്യങ്ങൾ ഒരുക്കുന്നതിലേയ്ക്കായി മാറ്റി വച്ച തുക | 25,00,000 |
| കളമശ്ശേരി മെഡിക്കൽ കോളേജിന് അധിക തുക | 20,00,000 |

അനുവദിക്കുന്നതിന് മാറ്റിവച്ച തുക

ആകെ വിനിയോഗിച്ച/മാറ്റിവച്ച തുക 3,27,35,840

---

(ബി-ഡി) സംസ്ഥാനത്ത് അന്ധരായവർക്ക് വൈറ്റ്കെയ്നും ബ്രെയ്ലി കമ്പ്യൂട്ടറും നൽകുവാൻ കെ.എസ്.ബി.സി. പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ട്. ആയതിലേക്ക് മാനദണ്ഡം നിശ്ചയിച്ച് ജില്ലാതലങ്ങളിൽ അപേക്ഷകൾ ക്ഷണിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**നീര ഉൽപ്പാദത്തിന് ലൈസൻസ്**

148 (T1974) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ നീര ഉൽപ്പാദനത്തിന് ഏതെങ്കിലും സഹകരണ സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകിയിട്ടുണ്ടോ ; എങ്കിൽ എത്രയെണ്ണത്തിനെന്ന് വിശദമാക്കുമോ ;

(ബി) ഏതു മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണ് ലൈസൻസ് നൽകിയതെന്ന് വ്യക്തമാക്കുമോ ;

(സി) ആയതിന് വ്യക്തികൾക്ക് അനുമതി നൽകിയിട്ടുണ്ടോ ; ഇല്ലെങ്കിൽ നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ ?

<u>ഉത്തരം</u>

(എ) കേരളത്തിൽ നീര ഉല്പാദനത്തിന് സഹകരണസ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകിയിട്ടില്ല.

(ബി) ബാധകമല്ല.

(സി) ഇല്ല. നീര എന്ന പാനീയം ദുരുപയോഗം ചെയ്യാൻ സാധ്യതയുള്ളതിനാൽ വ്യക്തികൾക്ക് നീര ലൈസൻസ് നൽകുന്നത് സർക്കാരിന്റെ പരിഗണനയിലില്ല.

**ലഹരി വിമുക്ത കേന്ദ്രങ്ങൾക്ക് ധനസഹായം**

149 (1975) ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. ബെന്നി ബെഹനാൻ :

---

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

ശ്രീ. വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലഹരി വിമുക്ത കേന്ദ്രങ്ങൾക്ക് ധനസഹായത്തിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങൾ നേടിയെടുക്കുവാൻ വേണ്ടിയാണ് പ്രസ്തുത പദ്ധതി ആവിഷ്കരിച്ചത് ;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

ഉത്തരം

(എ) ഉണ്ട്.

(ബി) സമൂഹത്തിൽ വർദ്ധിച്ചുവരുന്ന അമിതമദ്യപാനം, ലഹരിവസ്തുക്കളുടെ ഉപയോഗം എന്നിവയിൽനിന്നും കേരള സമൂഹത്തെ വിമുക്തമാക്കുക, മദ്യ-മയക്കുമരുന്നുകൾക്ക് അടിമകളായവരെ ലഹരിമുക്ത ചികിത്സയിലൂടെ വീണ്ടും സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരിക എന്നിവയാണ് ഈ പദ്ധതി നടപ്പിലാക്കുന്നതിലൂടെ ലക്ഷ്യംവയ്ക്കുന്നത്. സാമൂഹ്യനീതി വകുപ്പിന്റെ സഹകരണത്തോടെ നടപ്പിലാക്കുന്ന ഈ പദ്ധതിയുടെ പൂർണ്ണ മേൽനോട്ടം എക്സൈസ് വകുപ്പിനാണ്. സംസ്ഥാനതലത്തിലും ജില്ലാതലത്തിലും രൂപീകരിച്ചിട്ടുള്ള കമ്മിറ്റികളുടെ പരിശോധനയ്ക്ക് വിധേയമായാണ് തുക അനുവദിച്ചുവരുന്നത്.

(സി) അർഹമായ സ്ഥാപനങ്ങളെ കണ്ടെത്തുന്നതിനുവേണ്ടി 23-8-2013-ലെ സർക്കാർ ഉത്തരവ് (സാധാ.) നമ്പർ 147/13/നി.വ. ഉത്തരവുപ്രകാരം ഡീ-അഡിക്ഷൻ സെന്ററുകളെ തെരഞ്ഞെടുക്കുവാനുള്ള മാനദണ്ഡം രൂപീകരിക്കുകയും ടി മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിൽ ജില്ലാതല സമിതിയുടെയും സംസ്ഥാനതല സമിതിയുടെയും ശിപാർശയുടെ അടിസ്ഥാനത്തിൽ 9-6-2014-ലെ ജി.ഒ. (എംഎസ്.) നമ്പർ 86/2014/നി.വ. ഉത്തരവ് പ്രകാരം തെരഞ്ഞെടുത്ത 11 ലഹരിമുക്ത ചികിത്സാകേന്ദ്രങ്ങൾക്ക് 1,00,35,840 രൂപ ധനസഹായം അനുവദിച്ചുനൽകിയിട്ടുണ്ട്.

## ലഹരിവസ്തുക്കൾമൂലമുള്ള ആരോഗ്യപ്രശ്നങ്ങളെ സംബന്ധിച്ച് ബോധവൽക്കരണം

150 (1976) ശ്രീ ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലഹരി വസ്തുക്കൾമൂലമുള്ള ആരോഗ്യപ്രശ്നങ്ങളെ സംബന്ധിച്ച് പൊതു ജനങ്ങളിൽ ബോധവൽക്കരണം നടത്തുന്നതിനായി എക്സൈസ് വകുപ്പിന്

എന്തെല്ലാം പരിപാടികളാണ് നിലവിലുള്ളത് എന്നറിയിക്കുമോ ;

(ബി) ഈ സർക്കാരിന്റെ കാലയളവിൽ ലഹരിവിരുദ്ധ അനുബന്ധ പ്രവർത്തനങ്ങൾക്കായി വകുപ്പ് എത്ര തുക അനുവദിച്ചിട്ടുണ്ടെന്നും ആയതിൽ ഏതെല്ലാം പ്രവർത്തനങ്ങൾക്കായി എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും ഇനം തിരിച്ച് ജില്ലാടിസ്ഥാനത്തിലുള്ള വാർഷിക കണക്കുകൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) ലഹരിവസ്തുക്കൾമൂലമുള്ള ആരോഗ്യപ്രശ്നങ്ങളെ സംബന്ധിച്ച് പൊതു ജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനായി വിവിധങ്ങളായ ബോധവൽകരണ പ്രവർത്തനങ്ങളാണ് സംസ്ഥാനതലത്തിൽ നടപ്പിലാക്കിവരുന്നത്. ലഹരിവിരുദ്ധ സെമിനാർ, ലഹരിവിരുദ്ധ ബോധവത്ക്കരണ ക്ലാസ്, ലഹരി വിരുദ്ധ ബോധവത്കരണ സ്റ്റാളുകൾ, ഘോഷയാത്ര, കൂട്ടയോട്ടം, ഉപന്യാസ മത്സരം, പ്രസംഗമത്സരം, ഡോക്യുമെന്ററി പ്രദർശനം, ലഹരിവിരുദ്ധ ആശയങ്ങൾ അടങ്ങിയ ക്വിസ് പ്രോഗ്രാം, സ്കൂളുകളിൽ ലഹരിവിരുദ്ധ ബോധവത്കരണം, കോളനികൾ കേന്ദ്രീകരിച്ച ബോധവത്ക്കരണ പ്രവർത്തനങ്ങൾ, സ്കൂൾ-കോളേജ് തലങ്ങളിൽ ലഹരിവിരുദ്ധക്ലബ്ബുകൾ വഴിയുള്ള ബോധവത്കരണ പ്രവർത്തനങ്ങൾ, ആദിവാസി-പിന്നോക്ക മേഖലകളിലെ പ്രത്യേക പദ്ധതി പ്രകാരമുള്ള ബോധവത്ക്കരണ പരിപാടികൾ, കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാന്റുകളിലും, റെയിൽവേ സ്റ്റേഷൻ എന്നിവിടങ്ങളിലെ സി.സി.ടി.വി. വഴിയുള്ള ബോധവത്ക്കരണം, റെയിൽവേ സ്റ്റേഷനുകളിലെ ബോധവത്ക്കരണ അനൗൺസ്മെന്റ്, ദൃശ്യ-ശ്രാവ്യ, അച്ചടി മാധ്യമങ്ങളിലൂടെയുള്ള ബോധവത്കരണം, മദ്യത്തിന്റെയും മയക്കു മരുന്നിന്റെയും ദൂഷ്യവശങ്ങളെക്കുറിച്ച് ബോധവത്കരണ സന്ദേശങ്ങൾ അടങ്ങിയ പാഠഭാഗം പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി എസ്.സി.ഇ.ആർ.ടി.-യുമായി ചേർന്ന് അദ്ധ്യാപകർക്കുവേണ്ടി "അതിജീവനം" എന്ന് മലയാളത്തിലും "Survival" എന്ന് ഇംഗ്ലീഷിലും കൈപ്പുസ്തകം തയ്യാറാക്കി പരിശീലനം നൽകിയിട്ടുണ്ട്. സംസ്ഥാനതലത്തിൽ ബോധവത്കരണ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് നടത്തുന്നതിനായി എക്സൈസ് ഉദ്യോഗസ്ഥർക്ക് ബോധവത്കരണ പരിശീലന ക്ലാസ് തുടങ്ങിയ പരിപാടികളാണ് ഇതിനോടനുബന്ധിച്ച് എക്സൈസ് വകുപ്പ് ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നത്. ലഹരിയ്ക്കടിമപ്പെട്ടവരെ ചികിത്സിക്കുന്നതിനായി സംസ്ഥാനതലത്തിൽ ഡീ-അഡിക്ഷൻ സെന്ററുകൾക്ക് കെ.എസ്.ബി.സി.-യുടെ സോഷ്യൽ റെസ്പോൺസിബിലിറ്റി സ്കീം പ്രകാരം മാറ്റിവച്ച തുക വിനിയോഗിച്ച് ധനസഹായം നൽകിവരുന്നുണ്ട്. കൂടാതെ പുനർജനി-2030 നോടനുബന്ധിച്ച് കെ.എസ്.ബി.സി.-യിലൂടെ വില്പന നടത്തുന്ന വിദേശമദ്യവില്പന നികുതിയിന്മേൽ അഞ്ച് ശതമാനം സെസ്സ് ഈടാക്കി ടി തുക ഉപയോഗിച്ച് 'സുബോധം' എന്ന പേരിൽ പ്രത്യേക ബോധവത്ക്കരണ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്. മദ്യവും മറ്റ്

ലഹരിവസ്തുക്കളും ഉപയോഗിക്കുന്നത് മൂലമുണ്ടാകുന്ന ആരോഗ്യ-സാമ്പത്തിക പ്രശ്നങ്ങൾ, സാമ്പത്തികനഷ്ടം, സർക്കാർ ഇതര സാമൂഹ്യസംഘടനകളുടെ സഹായത്തോടെയുള്ള ബോധവത്കരണം നടത്തുന്നതിനുള്ള സാധ്യതാപഠനവും തിരുവനന്തപുരം മെഡിക്കൽ കോളേജിലെ കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗം മേധാവിയായിരുന്ന ഡോ. കെ. വിജയകുമാറിന്റെ നേതൃത്വത്തിൽ പൂർത്തീകരിച്ചിട്ടുമുണ്ട്.

(ബി) വിവിധ ലഹരിവിരുദ്ധ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി എക്സൈസ് വകുപ്പിൽ ജോയിന്റ് എക്സൈസ് കമ്മീഷണറുടെ മേൽനോട്ടത്തിൽ ബോധവത്കരണ വിഭാഗം പ്രവർത്തിച്ചുവരുന്നുണ്ട്. ബോധവത്കരണ പ്രവർത്തനങ്ങൾക്കായി അനുവദിക്കുന്ന തുക സംസ്ഥാനതലത്തിൽ വിവിധ പ്രചാരണ പരിപാടികൾക്കായി അനുവദിക്കുന്നതോടൊപ്പം ജില്ലാതലത്തിലും പ്രവർത്തനങ്ങൾക്ക് ആവശ്യമായ തുക പൊതുവായി അനുവദിച്ചു നൽകുകയാണ് ചെയ്യുന്നത്. ജില്ലാതല പ്രവർത്തനങ്ങൾക്ക് ടി തുക ഇനം തിരിച്ചല്ല അനുവദിച്ചു നൽകുന്നത്. ഈ സർക്കാർ ലഹരി വിരുദ്ധപ്രവർത്തനങ്ങൾക്കായി എക്സൈസ് വകുപ്പ് മുഖാന്തരം ചെലവഴിച്ച തുകയുടെ വിശദവിവരം ചുവടെ ചേർക്കുന്നു:

| നമ്പർ | സാമ്പത്തിക വർഷം | അനുവദിച്ച തുക | ചെലവഴിച്ച തുക |
|---|---|---|---|
| 1 | 2011-12 | 1,20,00,000 | 1,19,27,247 |
| 2 | 2012-13 | 90,00,000 | 89,41,085 |
| 3 | 2013-14 | 75,20,000 | 73,38,852 |
| 4 | 2014-15 | 60,00,000 | 60,00,000 |
| 5 | 2015-16 | 80,00,000 | 37,20,273 |
| | ആകെ | 4,25,20,000 | 3,79,27,457 |

മേൽ അനുവദിച്ച തുകയിൽനിന്നും ജില്ലാതലത്തിൽ മാത്രമായി ചെലവഴിച്ച തുകയുടെ വിവരം:

| ക്രമ നമ്പർ | ജില്ല | ചെലവഴിച്ച തുക | | | |
|---|---|---|---|---|---|
| | | 2011-12 | 2012-13 | 2013-14 | 2014-15 |
| 1 | Thiruvananthapuram | 1,77,500 | 2,42,019 | 2,13,000 | 31,5000 |
| 2 | Kollam | 1,77,500 | 1,90,934 | 25,000 | 1,10,000 |

| | | | | | |
|---|---|---|---|---|---|
| 3 | Pathanamthitta | 1,77,500 | 1,20,000 | 25,000 | 1,10,000 |
| 4 | Alappuzha | 1,77,500 | 1,21,978 | 25,000 | 1,10,000 |
| 5 | Kottayam | 1,77,500 | 2,38,950 | 25,000 | 1,10,000 |
| 6 | Idukki | 1,77,500 | 2,13,185 | 25,000 | 2,10,000 |
| 7 | Ernakulam | 1,77,500 | 3,02,039 | 25,000 | 1,25,000 |
| 8 | Thrissur | 1,77,500 | 2,32,099 | 2,76,663 | 1,70,000 |
| 9 | Palakkad | 1,77,500 | 1,17,000 | 25,000 | 2,10,000 |
| 10 | Malappuram | 1,77,500 | 2,34,394 | 25,000 | 1,10,000 |
| 11 | Kozhikode | 1,77,500 | 1,57,238 | 25,000 | 1,30,000 |
| 12 | Wayanad | 1,77,500 | 1,14,660 | 25,000 | 2,10,000 |
| 13 | Kannur | 1,77,500 | 2,84,134 | 25,000 | 1,10,000 |
| 14 | Kasaragod | 1,77,500 | 1,44,409 | 25,000 | 1,10,000 |
| | Total | 24,85,000 | 27,43,039 | 8,39,663 | 21,40,000 |

**സുബോധം പദ്ധതി**

151 (1977) ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുബോധം പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതിവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) പദ്ധതി നടപ്പാക്കാൻ എന്തെല്ലാം നടപടികളാണ് ഭരണതലത്തിൽ സ്വീകരിച്ചിട്ടുള്ളത് ?

ഉത്തരം

(എ) പുനർജനി 2030-ന്റെ ഭാഗമായി ലഹരിവിമുക്ത കേരളം സാക്ഷാത്കരിക്കുന്നതിനായി 'സുബോധം' എന്ന ഒരു ബൃഹത്തായ പദ്ധതിക്ക് 25-9-2015-ലെ ജി.ഒ.(എംഎസ്.)171/15/നി.വ. നമ്പർ ഉത്തരവ് പ്രകാരം രൂപം നൽകിയിട്ടുണ്ട്.

(ബി) സർക്കാർ പ്രഖ്യാപിത മദ്യനയത്തിന്റെ അന്തഃസത്ത പൂർത്തീകരിക്കുന്നതിനും, മദ്യരഹിത കേരളം എന്ന മഹത്തായ ലക്ഷ്യം വരുന്ന പത്ത് വർഷത്തിനുള്ളിൽ കൈവരിക്കുകയെന്ന ഉദ്ദേശത്തോടുകൂടി ബൃഹത്തായ ബോധവത്കരണ പരിപാടികളിലൂടെ ഒരു വർഷംകൊണ്ട് മദ്യത്തിനടിമപ്പെട്ട ഒരു ലക്ഷം പേരെ അതിൽനിന്നും പിൻതിരിപ്പിക്കുകയെന്ന ലക്ഷ്യത്തോടെ 'പുനർജനി 2030' പദ്ധതിയുടെ ഭാഗമായി, ബൃഹത്തായ ബോധവത്കരണ പരിപാടികൾ, ബിഹേവിയറൽ ചെയ്ഞ്ച് കാംപെയ്ൻ, അച്ചടി ഇലക്ട്രോണിക്, നവമാധ്യമങ്ങൾ, സാമൂഹിക ചാനലുകൾ എന്നിവ വഴിയുള്ള ബോധവത്കരണ സന്ദേശം പ്രദർശിപ്പിക്കൽ, പൊതുജനങ്ങൾക്ക് തങ്ങളുടെ ആശയങ്ങൾ പങ്കുവയ്ക്കാൻ അനുയോജ്യമായ വേദി ഒരുക്കൽ, പരസ്യപ്രചരണം, ലഹരിവിരുദ്ധ സന്ദേശമടങ്ങിയ ലഘുലേഖ വിതരണം, റിയാലിറ്റി ഷോ ഉൾപ്പെടെയുള്ള വിവിധ ടെലിവിഷൻ പ്രോഗ്രാമുകൾ എന്നീ പ്രവർത്തനങ്ങളിലൂടെ മദ്യത്തിന്റെ ആവശ്യകത കുറയ്ക്കുക, ദുരിത ലഘൂകരണം, ലഹരിക്ക് അടിമപ്പെട്ടവരുടെ പുനഃരധിവാസം നടത്തുക അതുവഴി ലഹരിവിമുക്ത കേരളം എന്ന ലക്ഷ്യത്തിൽ എത്തിച്ചേരുകയെന്നതാണ് സുബോധം പദ്ധതിയുടെ ഉദ്ദേശലക്ഷ്യം.

(സി) 'സുബോധം' പദ്ധതിയുടെ പൂർണ്ണനടത്തിപ്പിനും മേൽനോട്ടത്തിനുമായി 27-4-2015-ലെ ജി.ഒ.(എംഎസ്.) നമ്പർ 73/2015/നി.വ. ഉത്തരവ് പ്രകാരം ഒരു ഉന്നതതല കമ്മിറ്റി രൂപീകരിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്. കൂടാതെ 25-9-2015-ലെ ജി.ഒ.(എംഎസ്.) നമ്പർ 171/15/നി.വ. നമ്പർ ഉത്തരവ് പ്രകാരം 'സുബോധം' പദ്ധതിരേഖ അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. കൂടാതെ 2015-16 സാമ്പത്തിക വർഷത്തിൽ ടി പദ്ധതിൻകീഴിൽ നടപ്പാക്കാനുദ്ദേശിക്കുന്ന വിവിധ പ്രവർത്തനങ്ങൾക്കായി 78.80 കോടി രൂപയുടെ പദ്ധതിക്ക് 25-9-2015-ലെ ഉത്തരവുപ്രകാരം അംഗീകാരം നൽകിയിട്ടുള്ളതുമാണ്.

**ബിയർ പാർലറുകൾ**

152 (1978) ശ്രീ കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് അടച്ചുപൂട്ടിയ ബാറുകൾ ബിയർ പാർലറുകളായി മാറ്റിയതുവഴി എത്ര കോടി രൂപയുടെ നികുതി നഷ്ടം ഉണ്ടാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

സർക്കാരിന്റെ പുതിയ മദ്യനയത്തിന്റെ ഭാഗമായി 712 എഫ്.എൽ-3 ലൈസൻസുകൾ നിർത്തലാക്കിയതുമൂലം ലൈസൻസ് ഫീസിനത്തിൽ മാത്രം എക്സൈസ് നികുതി വരുമാനത്തിൽ 163.76 കോടി രൂപയുടെ കുറവുണ്ടായിട്ടുണ്ട്. കൂടാതെ പിഴയിനത്തിലും മറ്റും ടി ലൈസൻസികളിൽനിന്നും ലഭിച്ചിരുന്ന വരുമാനത്തിലും നഷ്ടം ഉണ്ടായിട്ടുണ്ട്.

സംസ്ഥാനത്ത് നിർത്തലാക്കിയ എഫ്.എൽ.3 ലൈസൻസുകളിൽ 670 എണ്ണത്തിന് ബിയർ/വൈൻ പാർലർ ലൈസൻസുകൾ അനുവദിച്ചു നൽകിയിട്ടുണ്ട്. ഇതുവഴി എക്സൈസ് നികുതി വരുമാനത്തിൽ 26.8 കോടി രൂപ സമാഹരിക്കാനായിട്ടുണ്ട്. പിഴയിനത്തിലും മറ്റും ടി ലൈസൻസികളിൽനിന്നും ലഭിച്ചിരുന്ന വരുമാനം നിശ്ചിത വരുമാനം അല്ലാതിരുന്നതിനാൽ കൃത്യമായ നികുതി നഷ്ടം എത്രയാണെന്ന് കണക്കാക്കാനായിട്ടില്ല.

**നാഷണൽ ഹൈവേകളുടെ വശങ്ങളിലുള്ള ബിവറേജസ് ഔട്ട് ലെറ്റുകൾ**

153 (1979) <u>ശ്രീ പി. റ്റി. എ. റഹീം</u> : താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൻ.എച്ച്. 212-ൽ കുന്ദമംഗലം ഠൗണിൽ പ്രവർത്തിച്ചുവരുന്ന ബിവറേജ് ഔട്ട്ലെറ്റ് അടച്ചു പൂട്ടുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ ;

(ബി) പ്രസ്തുത ഔട്ട്ലെറ്റ് ഗതാഗതക്കുരുക്കിനും അപകടങ്ങൾക്കും ഇടയാക്കുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

<u>ഉത്തരം</u>

(എ) എൻ.എച്ച്. 212-ൽ കുന്ദമംഗലം ടൗണിൽ പ്രവർത്തിച്ചുവരുന്ന എഫ്.എൽ-1-11012 കേരള ബിവറേജസ് ഔട്ട്ലെറ്റ് മാറ്റി സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

(ബി) പ്രസ്തുത ഔട്ട്ലെറ്റ് ഗതാഗതക്കുരുക്കിനും അപകടങ്ങൾക്കും ഇടയാക്കുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**എക്സൈസ് വകുപ്പിന്റെ ആധുനികവൽക്കരണം**

154 (1980) ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എക്സൈസ് വകുപ്പിന്റെ ആധുനികവൽക്കരണത്തിന് കർമ്മപദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതിവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) പദ്ധതി നടപ്പാക്കുവാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

ഉത്തരം

(എ) ഉണ്ട്.

(ബി) എക്സൈസ് എൻഫോഴ്സ്മെന്റ് പ്രവർത്തനം ശക്തിപ്പെടുത്തുക, ലൈസൻസ്ഡ് സ്ഥാപനങ്ങളിലൂടെ ശുദ്ധമായ മദ്യം നൽകുന്നുവെന്ന് ഉറപ്പ് വരുത്തുക, ചെക്ക്പോസ്റ്റുകളിലെ അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്തുക, സ്റ്റേറ്റ് എക്സൈസ് അക്കാദമിയെ നവീകരിക്കുക, ഫീൽഡ് ഓഫീസുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുക, വാഹനപരിശോധന കാര്യക്ഷമമാക്കുക, കേസ്സുകൾ കണ്ടെടുക്കുന്നതിനും ആയതിന്റെ ഫലപ്രദമായ അന്വേഷണത്തിനും ജീവനക്കാരെ സജ്ജരാക്കുക തുടങ്ങിയ ലക്ഷ്യങ്ങളാണ് കൈവരിക്കാൻ ഉദ്ദേശിക്കുന്നത്. ടി ലക്ഷ്യങ്ങൾ നേടുന്നതിനുവേണ്ടി എക്സൈസ് ചെക്ക്പോസ്റ്റുകളിൽ കണ്ടെയ്നർ മൊഡ്യൂൾ സ്ഥാപിച്ചുകൊണ്ടും ലൈസൻസ്ഡ് സ്ഥാപനങ്ങളിൽ ശുദ്ധമായ കള്ള്/മദ്യം മാത്രമേ വിൽക്കുന്നുള്ളൂവെന്ന് ഉറപ്പുവരുത്തുവാനായി മേഖലാതലത്തിൽ ഓരോ മൊബൈൽ ലിക്വർ ടെസ്റ്റിംഗ് ലാബ് ആരംഭിച്ചുകൊണ്ടും സ്റ്റേറ്റ് എക്സൈസ് അക്കാദമി ആന്റ് റിസർച്ച് സെന്ററിനെ ദേശീയ നിലവാരത്തിലുള്ള ഒരു ട്രെയിനിംഗ് സ്ഥാപനമായി മാറ്റുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ എക്സൈസ് വകുപ്പിന്റെ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനും കേസ്സുകൾ കണ്ടുപിടിക്കുന്നതിനും അന്വേഷണം ഫലപ്രദമായി നടത്തുന്നതിനും മദ്യം/മയക്കമരുന്ന് വിൽപ്പനയ്ക്കും കടത്തിനുമെതിരെ രഹസ്യവിവരം ശേഖരിക്കുന്നതിനും മറ്റും ജീപ്പുകൾ, മോട്ടോർബൈക്കുകൾ, സിംകാർഡുകൾ തുടങ്ങിയവ നൽകുന്നതിനും ഫീൽഡ് ഓഫീസുകളിലെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി കൈയ്യാമങ്ങൾ, വെയിംഗ് മെഷീനുകൾ, ക്യാമറ, റെയിൻകോട്ട്, ട്രോളിലാഡറുകൾ തുടങ്ങിയ സാമഗ്രികൾ വാങ്ങുന്നതിനും

പദ്ധതിയേതരയിനത്തിൽ അനുവദിച്ച ഫണ്ട് ഉപയോഗിക്കുന്നു.

(സി) <u>മൊബൈൽ ലിക്വർ ടെസ്റ്റിംഗ് ലാബ്:</u>

ലൈസൻസ് നേടി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും ശുദ്ധമായ മദ്യം/കള്ള് മാത്രമേ വിതരണം ചെയ്യുന്നുള്ളൂവെന്ന് ഉറപ്പുവരുത്തുന്നതിനുവേണ്ടി ദക്ഷിണമേഖല കേന്ദ്രീകരിച്ച് തിരുവനന്തപുരം ജില്ലയിൽ ഒരു മൊബൈൽ ലാബ് പ്രവർത്തിച്ചുവരുന്നു. കൂടാതെ മധ്യമേഖല കേന്ദ്രീകരിച്ചും ഉത്തരമേഖല കേന്ദ്രീകരിച്ചും ഓരോ മൊബൈൽ ലാബ് തുടങ്ങുന്നതിന് അനുമതി ലഭിച്ചിട്ടുള്ളതും ആയതിന്റെ അടിസ്ഥാനത്തിൽ മധ്യമേഖല കേന്ദ്രീകരിച്ച് ഒരു മൊബൈൽ ലാബ് പ്രവർത്തന സജ്ജമായിട്ടുള്ളതും ഉത്തരമേഖല കേന്ദ്രീകരിച്ച് തുടങ്ങുന്ന ലാബിനു വേണ്ടി 11,11,640 രൂപ ചെലവിൽ ഒരു ബസ് വാങ്ങിയിട്ടുള്ളതും ടി ലാബ് സജ്ജീകരിക്കുന്നതിന് കെമിക്കലുകളും ഉപകരണങ്ങളും മറ്റും വാങ്ങുന്നതിനുമായി 40 ലക്ഷം രൂപ പ്ലാൻ പദ്ധതിയിൽ ഉൾപ്പെടുത്തി അനുവദിച്ചിട്ടുണ്ട്.

<u>ചെക്ക് പോസ്റ്റുകളിൽ കണ്ടെയ്നർ മൊഡ്യൂൾ സ്ഥാപിക്കൽ:</u>

എക്സൈസ് വകുപ്പിലെ ചെക്ക്പോസ്റ്റുകളുടെ നവീകരണത്തിനും അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുമായി 2014-15 സാമ്പത്തിക വർഷത്തിൽ ഒരു കോടി ഇരുപത്തിരണ്ട് ലക്ഷം രൂപ ചെലവിൽ തെരഞ്ഞെടുത്ത 12 ചെക്ക് പോസ്റ്റുകളിൽ കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം മുഖേന കണ്ടെയ്നർ മൊഡ്യൂളുകൾ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ നടപ്പ് സാമ്പത്തികവർഷം കണ്ടെയ്നർ മൊഡ്യൂൾ സ്ഥാപിക്കുന്നതിന് 80 ലക്ഷം രൂപ അനുവദിച്ചിട്ടുള്ളതും തെരഞ്ഞെടുത്ത ഏഴ് ചെക്ക്പോസ്റ്റുകളിൽ ടി നിർമ്മിതികേന്ദ്രം മുഖേന കണ്ടെയ്നർ മൊഡ്യൂളുകൾ സ്ഥാപിക്കുന്നതിന് അനുമതി നൽകിയിട്ടുള്ളതുമാണ്.

<u>എക്സൈസ് അക്കാദമിയുടെ നവീകരണം:</u>

എക്സൈസ് അക്കാദമിയുടെ നവീകരണത്തിനായി 2012-13 സാമ്പത്തിക വർഷത്തിൽ 50 ലക്ഷം രൂപ അനുവദിച്ചിരുന്നു. ആയതിൽ 49.83 ലക്ഷം രൂപ ചെലവാക്കി വിവിധ വികസന പദ്ധതികൾ നടത്തിയിട്ടുണ്ട്. 2013-14 സാമ്പത്തികവർഷത്തിൽ 40 ലക്ഷം രൂപ അനുവദിക്കുകയും ആയതിൽ 39,94,365 രൂപ നവീകരണത്തിനായി വിനിയോഗിച്ചിട്ടുള്ളതുമാണ്.

കൂടാതെ 2014-15 സാമ്പത്തികവർഷത്തിൽ നവീകരണത്തിനായി ഒരു കോടി അമ്പത് ലക്ഷം രൂപ അനുവദിക്കുകയും ആയതിൻ 1,48,92,071 രൂപ ചെലവഴിച്ച് വികസനപദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ നടപ്പ്

സാമ്പത്തിക വർഷം 2,30,00,000 രൂപ പദ്ധതിയിനത്തിൽ അക്കാദമിയുടെ വികസനത്തിനായി അനുവദിക്കുകയും ആയതിൽ 75,77,523 രൂപ ഇതിനോടകം ചെലവഴിച്ച് വിവിധ വികസന പ്രവർത്തനങ്ങൾ നടത്തിയിട്ടുള്ളതും മറ്റു പ്രവർത്തനങ്ങൾ നടന്നുവരുന്നതുമാണ്.

ആധുനികവൽക്കരണം:

വകുപ്പിലുണ്ടായിരുന്ന 110 എണ്ണം 0.32 പിസ്റ്റലുകൾക്ക് 8,53,122 രൂപ ചെലവിൽ 26,000 എണ്ണം വെടിയുണ്ടകൾ പൂനയിലെ അമ്മ്യൂണിഷൻ ഫാക്ടറിയിൽനിന്ന് വാങ്ങുകയും ടി പിസ്റ്റലുകൾ സൂക്ഷിക്കുന്നതിനായി 31,12,340 രൂപ ചെലവിൽ 110 സെക്യൂരിറ്റി ചെസ്റ്റുകൾ വിതരണം ചെയ്തിട്ടുള്ളതുമാണ്. കൂടാതെ ഓഫീസുകളുടെ സുഗമമായ പ്രവർത്തനത്തിനും കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുംവേണ്ടി ഫോട്ടോകോപ്പിയർ, സ്കാനർ, പ്രിന്റർ, ഫർണിച്ചർ എന്നിവയും ലഭ്യമാക്കിയിട്ടുണ്ട്.

പുതിയ ഓഫീസുകളും തസ്തികകളും:

അട്ടപ്പാടി ആദിവാസി മേഖലയിലെ മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും വ്യാപകമായ ഉപയോഗം നിയന്ത്രിക്കുന്നതിനായി ടി മേഖലയിൽ 15 തസ്തികകൾ പുതുതായി സൃഷ്ടിച്ചുകൊണ്ട് ഒരു ജനമൈത്രി എക്സൈസ് എൻഫോഴ്സ്മെന്റ് സ്ക്വാഡും കോട്ടയം ജില്ലയിൽ 18 തസ്തികകൾ പുതുതായി സൃഷ്ടിച്ചുകൊണ്ട് എരുമേലി റേഞ്ചും രൂപീകരിച്ചിട്ടുണ്ട്. കൂടാതെ അബ്കാരി/എൻ.ഡി.പി.എസ്. കേസ്സുകളുടെ സ്ഥിതി വിവരകണക്ക് തയ്യാറാക്കി സൂക്ഷിക്കുന്നതിനും വിശകലനം ചെയ്യുന്നതിനും കുറ്റവാളികളുടെ വിവരം ശേഖരിക്കുന്നതിനുംവേണ്ടി ഒരു ജോയിന്റ് എക്സൈസ് കമ്മീഷണർ ഉൾപ്പെടെ 9 പുതിയ തസ്തികകൾ സൃഷ്ടിച്ചുകൊണ്ട് എക്സൈസ് വകുപ്പിൽ ക്രൈം റിക്കോർഡ്സ് ബ്യൂറോയും മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും ഉപയോഗത്തിനെതിരെ ബോധവൽക്കരണ പരിപാടികൾ ഏകോപിപ്പിക്കുന്നതിനായി ഒരു ജോയിന്റ് എക്സൈസ് കമ്മീഷണറുടെ തസ്തിക സൃഷ്ടിച്ചുകൊണ്ട് ഒരു പ്രത്യേക വിഭാഗവും ആരംഭിക്കുകയുണ്ടായി.

പുതിയ വാഹനങ്ങൾ:

എക്സൈസ് വകുപ്പിന്റെ എൻഫോഴ്സ്മെന്റ് പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനും അനധികൃത മദ്യത്തിന്റെയും ലഹരി പദാർത്ഥങ്ങളുടേയും കടത്തും വിൽപ്പനയും മറ്റും സംബന്ധിച്ച രഹസ്യവിവരം ശേഖരിക്കുന്നതിനും 2011-12 വർഷത്തിൽ 1.74 കോടി രൂപ ചെലവിൽ 33 ജീപ്പുകൾ, 5 കാറുകൾ എന്നിവയും

2012-13 വർഷത്തിൽ 32,26,921 രൂപാ ചെലവിൽ 70 മോട്ടോർബൈക്കുകളും ഫീൽഡ് ഓഫീസുകളിൽ വാങ്ങി നൽകിയിട്ടുണ്ട്. കൂടാതെ 2013-14 സാമ്പത്തിക വർഷത്തിൽ 23,91,678 രൂപ ചെലവിൽ 48 മോട്ടോർ ബൈക്കുകളും 4,87,079 രൂപ ചെലവിൽ ഒരു ജീപ്പും 2014-15 വർഷത്തിൽ 23,91,707 രൂപ ചെലവിൽ 48 മോട്ടോർ ബൈക്കുകളും 52,02,409 രൂപ ചെലവിൽ 9 ജീപ്പുകളും 7,25,297 രൂപ ചെലവിൽ ഒരു Xylo കാറും എൻഫോഴ്സ്മെന്റ് പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനായി വാങ്ങി നൽകിയിട്ടുണ്ട്.

<u>വാർത്താവിനിമയം:</u>

എക്സൈസ് വകുപ്പിലെ എല്ലാ ഓഫീസുകളിലും ഇന്റർനെറ്റ് കണക്ഷൻ ലഭ്യമാക്കിയിട്ടുണ്ട്. അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർ മുകളിലുള്ള എല്ലാ ഉദ്യോഗസ്ഥർക്കും എക്സൈസ് ഇന്റലിജൻസ് ബ്യൂറോ എക്സൈസ് ഇൻസ്പെക്ടർമാർക്കും ഇ-മെയിൽ ഐ.ഡി. നൽകിയിട്ടുണ്ട്. കൂടാതെ എൻഫോഴ്സ്മെന്റ് പ്രവർത്തനം കൂടുതൽ ശക്തിപ്പെടുത്തുന്നതിനും, രഹസ്യവിവരം ശേഖരിക്കുന്നതിനും ഫീൽഡ് യൂണിറ്റുകളിലെ അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ, പ്രിവന്റീവ് ഓഫീസർ എന്നീ റാങ്കിലുള്ള ഉദ്യോഗസ്ഥർക്ക് 858 ബി.എസ്.എൻ.എൽ. സിം കാർഡ് വാങ്ങി വിതരണം ചെയ്തിട്ടുണ്ട്.

<u>ഇ-പേമെന്റ്:</u>

വാണിജ്യനികുതി വകുപ്പിന്റെ ഇ-പേമെന്റ് സംവിധാനമായ KVATIS എന്ന സോഫ്റ്റ്‌വെയർ കസ്റ്റമൈസ് ചെയ്ത് ഒരു പുതിയ മൊഡ്യൂൾ രൂപീകരിച്ച് എക്സൈസ് വകുപ്പ് ഇ-പേമെന്റ് സംവിധാനം നടപ്പിൽ വരുത്തിയിട്ടുണ്ട്. ടി സോഫ്റ്റ്‌വെയർ വഴി 23 ഇനം ഫീസുകൾ ഓൺലൈനായി ഒടുക്കുന്നതിനുള്ള സംവിധാനം വകുപ്പിൽ ഏർപ്പെടുത്തിയിട്ടുണ്ട്.

<u>ഇ-ഫയലിംഗ്, ഇ-സർവ്വീസ്:</u>

എക്സൈസ് വകുപ്പിൽ ഇ-ഫയലിംഗ് സിസ്റ്റം നടപ്പിൽ വരുത്തുന്നതിന്റെ ഭാഗമായി എക്സൈസ് കമ്മീഷണറുടെ കാര്യാലയത്തിൽ ടി സംവിധാനം ആരംഭിക്കുന്നതിനുവേണ്ടി 96 കമ്പ്യൂട്ടറുകൾ വാങ്ങി നൽകുകയും ടി സംവിധാനം കാര്യക്ഷമമായി നടപ്പിൽ വരുത്തുന്നതിന്റെ ഭാഗമായി എക്സൈസ് കമ്മീഷണറേറ്റിൽ

അൻപത് ലക്ഷം രൂപ ചെലവിൽ ക്യൂബിക്കിൾ സംവിധാനം പി.ഡബ്ല്യൂ.ഡി. മുഖേന നടപ്പിലാക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

സേവനാവകാശ നിയമത്തിൽ ഉൾപ്പെട്ട 26 സേവനങ്ങളിൽനിന്നും ഓൺ ലൈൻ രൂപത്തിൽ നൽകുവാൻ കഴിയുന്ന 22 സർവ്വീസുകളിൽ എഫ്.എൽ. 3, എഫ്.എൽ. 11, ലൈസൻസ് പുതുക്കൽ എഫ്.എൽ. (എ) ലൈസൻസ് പുതുക്കൽ എന്നീ മൂന്നിനം സർവ്വീസുകൾ നാഷണൽ ഇൻഫർമേഷൻ സെന്ററിന്റെ സർവ്വീസ് പ്ലസ് എന്ന സോഫ്റ്റ്‌വെയർ കസ്റ്റമൈസ് ചെയ്ത് ഇലക്ട്രോണിക്സ് രൂപത്തിൽ നൽകിവരുന്നു.

**അങ്കമാലി എക്സൈസ് ഓഫീസ്**

155 (1981) <u>ശ്രീ. ജോസ് തെറ്റയിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഇറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഓഫീസുകൾ മിനിസിവിൽ സ്റ്റേഷനിലേക്ക് മാറ്റുമ്പോൾ ഒഴിവായി കിട്ടുന്ന സ്ഥലത്ത് നിർമ്മിക്കാവുന്ന പുതിയ കെട്ടിടത്തിലേക്ക് അങ്കാമാലി എക്സൈസ് ഓഫീസ് മാറ്റി സ്ഥാപിക്കുന്നതിനായി സമർപ്പിച്ചിരുന്ന അപേക്ഷകളിൻ മേൽ സ്വീകരിച്ചിട്ടുള്ള നടപടി എന്തെന്ന് വിശദമാക്കാമോ ;

(ബി) മിനി സിവിൽ സ്റ്റേഷന്റെ പ്രവർത്തനം സുഗമമാക്കുന്നതിനായി എക്സൈസ് ഓഫീസിന്റെ പ്രവർത്തനം താല്ക്കാലികമായി മറ്റൊരു കെട്ടിടത്തിലേയ്ക്ക് മാറ്റുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ ;

(സി) എങ്കിൽ ഇതിനായി സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) 25-11-2011-ലെ റവന്യൂ വകുപ്പിന്റെ ജി.ഒ. (എംഎസ്.) നമ്പർ 431/2011/റവന്യൂ ഉത്തരവുപ്രകാരം നിലവിൽ എക്സൈസ് ഓഫീസ് പ്രവർത്തിക്കുന്ന അങ്കമാലി വില്ലേജിൽ, ബ്ലോക്ക് നമ്പർ 11-ൽ സർവ്വേ നമ്പർ 581/3-ൽ 13.40 ആർ സ്ഥലം എക്സൈസ് വകുപ്പിന്റെ പേരിൽ തനതായി കൈമാറ്റം ചെയ്ത് കിട്ടിയിട്ടുണ്ട്. ടി സ്ഥലത്ത് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി 162 ലക്ഷം രൂപയുടെ

എസ്റ്റിമേറ്റും പ്ലാനും ലഭിച്ചിട്ടുണ്ട്. ഭരണാനുമതി നൽകുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.

(ബി&സി) അങ്കമാലി എക്സൈസ് റേഞ്ച് ഓഫീസ് നിലവിൽ പ്രവർത്തിക്കുന്ന സ്ഥലത്ത് നിലനിർത്തുന്നതുമൂലം സിവിൽ സ്റ്റേഷന്റെ പ്രവർത്തനത്തെ ഒരു തരത്തിലും ബാധിക്കുമെന്ന് കരുതുന്നില്ല.

**വ്യാജമദ്യ നിർമ്മാണം**

156 (1982) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഫൈവ് സ്റ്റാർ ഒഴികെയുള്ള ബാറുകൾ നിർത്തലാക്കിയതിനെത്തുടർന്ന് വ്യാജമദ്യ നിർമ്മാണം വർദ്ധിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദമാക്കുമോ ?

ഉത്തരം

ഫൈവ് സ്റ്റാർ ഒഴികെയുള്ള ബാറുകൾ നിർത്തലാക്കിയതിനെത്തുടർന്ന് വ്യാജമദ്യ നിർമ്മാണം വർദ്ധിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ കേന്ദ്രഭരണ പ്രദേശമായ മാഹി, അയൽസംസ്ഥാനങ്ങളായ കർണ്ണാടക, ഗോവ, തമിഴ്നാട്, തുടങ്ങിയ സ്ഥലങ്ങളിൽ മാത്രം വിൽക്കപ്പെടുവാനുള്ള ഇന്ത്യൻ നിർമ്മിത വിദേശമദ്യവും അയൽ സംസ്ഥാനങ്ങളിൽനിന്നും സ്പിരിറ്റും കേരളത്തിലേക്ക് കടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരത്തിലുള്ള കള്ളക്കടത്ത് കണ്ടുപിടിച്ച് എക്സൈസ് വകുപ്പ് അബ്കാരി കേസ്സുകൾ രജിസ്റ്റർ ചെയ്ത് വരുന്നുണ്ട്.

വ്യാജമദ്യത്തിന്റെ ഉല്പാദനവും വിതരണവും തടയുന്നതിനായി സംസ്ഥാനത്തെ എല്ലാ എക്സൈസ് ഡിവിഷനുകളിലും ഊർജ്ജിതമായ എൻഫോഴ്സ്മെന്റ് പ്രവർത്തനം വകുപ്പ് നടത്തിവരുന്നു. നിലവിലുള്ള സംവിധാനങ്ങൾക്ക് പുറമെ എല്ലാ ഡിവിഷനുകളിലും രാത്രികാല വാഹനപരിശോധന നടത്തുന്നതിനും പട്രോളിംഗിനുമായി സ്ട്രൈക്കിംഗ് ഫോഴ്സുകൾ പ്രവർത്തിക്കുന്നുണ്ട്. പകലും രാത്രിയും വിവിധ എക്സൈസ് പാർട്ടികൾ ദേശീയപാതയിലും മറ്റു പ്രധാന റോഡുകളിലും വാഹനപരിശോധന നടത്തുന്നുണ്ട്. എക്സൈസ് കമ്മീഷണറുടെ നേരിട്ട് നിയന്ത്രണത്തിലുള്ള സ്പെഷ്യൽ സ്ക്വാഡുകളും എക്സൈസ് ഇന്റലിജൻസ്

വിഭാഗവും വ്യാജമദ്യത്തിന്റെ നിർമ്മാണം, വില്പന എന്നിവ സംബന്ധിച്ച് ഇന്റലിജൻസ് വിവരം ശേഖരിച്ച് അതിന്മേൽ നടപടി എടുത്തുവരുന്നു. താലൂക്ക് തലങ്ങളിൽ എക്സൈസ് സർക്കിൾ ഇൻസ്പെക്ടറുടെ കീഴിൽ പ്രത്യേക സ്ക്വാഡ് രൂപീകരിച്ചും ജനകീയ കമ്മിറ്റികൾ യഥാസമയം കൂടിയും പൊതുജനങ്ങളിൽ നിന്ന് ലഭിക്കുന്ന പരാതികളിന്മേൽ പരിശോധന നടത്തിയും വ്യാജമദ്യ വില്പനക്കെതിരെ നടപടി സ്വീകരിച്ചുവരുന്നു.

**തുറമുഖ വകുപ്പിന് അനുവദിച്ച പദ്ധതികൾ**

157 (1984) <u>ശ്രീ. പുരുഷൻ കടലുണ്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2013-14-ലെ ബഡ്ജറ്റിൽ തുറമുഖ വകുപ്പിന് പ്രഖ്യാപിച്ച പുതിയ പദ്ധതികൾക്ക് ഓരോന്നിനുമായി വകയിരുത്തപ്പെട്ട തുക എത്ര ; അനുവദിക്കപ്പെട്ട തുക എത്രയെന്നും അവശേഷിക്കുന്ന തുക എത്രയെന്നും വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത വർഷം പൂർത്തിയാകാത്ത പദ്ധതികൾക്ക് തുടർന്നുള്ള ബഡ്ജറ്റുകളിൽ തുക വകയിരുത്തപ്പെട്ടിട്ടുണ്ടോ; എങ്കിൽ തുടർന്ന് ഓരോ വർഷവും ഏതെല്ലാം പദ്ധതികൾക്കായി എത്ര തുക വീതം വകയിരുത്തപ്പെട്ടു ; എത്ര തുക വീതം അനുവദിച്ചുവെന്നും അതിൽ എത്ര തുക വീതം അവശേഷിച്ചിരുന്നുവെന്നും ; വ്യക്തമാക്കാമോ ;

(സി) അവയിൽ ഇനിയും പൂർണ്ണമായും നടപ്പിലാകാത്ത പദ്ധതികൾ ഏതെല്ലാം ?

<u>ഉത്തരം</u>

(എ) <u>തുറമുഖ വകുപ്പ് :</u>

2013-14-ലെ ബഡ്ജറ്റിൽ തുറമുഖ വകുപ്പിനായി പ്രഖ്യാപിച്ച പുതിയ പദ്ധതികളുടെ വിശദാംശങ്ങൾ താഴെക്കൊടുക്കുന്നു:

| നമ്പർ | പദ്ധതികൾ | അനുവദിച്ച തുകയിൽ (രൂപയിൽ) | സറണ്ടർ ചെയ്ത തുക (രൂപയിൽ) |
|---|---|---|---|
| 1 | സമുദ്രതീര വ്യാവസായികവികസനം | 40 ലക്ഷം | 40 ലക്ഷം |

(3051-02-001-89)

| | | | |
|---|---|---|---|
| 2 | ചെറുകിട തുറമുഖ വികസനത്തിന് മാസ്റ്റർ പ്ലാൻ തയ്യാറാക്കൽ (3051-02-005-99) | 65 ലക്ഷം | 65 ലക്ഷം |

<u>ഹൈഡ്രോഗ്രാഫിക് സർവ്വേ വിംഗ്</u>

2013-14-ൽ ബഡ്ജറ്റിൽ പ്രഖ്യാപിച്ച പുതിയ പദ്ധതികൾ:

| | | | |
|---|---|---|---|
| 1 | ഓഫീസ് കെട്ടിട നിർമ്മാണവും വിപുലീകരണവും [മറൈൻ സർവ്വെയർ ഓഫീസ്, കൊല്ലം] | 20 ലക്ഷം | 20 ലക്ഷം |

(ബി) <u>തുറമുഖ വകുപ്പ്- പദ്ധതികൾ :</u>

(I) സമുദ്രതീര വ്യാവസായിക വികസനം 3051-02-001-89

| നമ്പർ | വർഷം | വകയിരുത്തിയ തുക | അനുവദിച്ച തുക | ചെലവ് | ബാക്കി |
|---|---|---|---|---|---|
| 1 | 2014-15 | 70 ലക്ഷം | 70 ലക്ഷം | 12.13 ലക്ഷം | 57.87 ലക്ഷം |
| 2 | 2015-16 | 25 ലക്ഷം | 25 ലക്ഷം | 2.87 ലക്ഷം | 22.13 ലക്ഷം |

II) ചെറുകിട തുറമുഖ വികസനത്തിന് മാസ്റ്റർ പ്ലാൻ തയ്യാറാക്കൽ 3051-02-005-99

2014-15 വർഷത്തിലും 2015-16 വർഷത്തിലും തുകയൊന്നും വകയിരുത്തിയിട്ടില്ല.

<u>ഹൈഡ്രോഗ്രാഫിക് സർവ്വേ വിംഗ് :</u>

ഓഫീസ് കെട്ടിട നിർമ്മാണവും വിപുലീകരണവും (മറൈൻ സർവ്വെയർ ഓഫീസ്, കൊല്ലം).

| നമ്പർ | വർഷം | അനുവദിച്ച തുക | ബാക്കി |
|---|---|---|---|
| 1 | 2014-15 | 20 ലക്ഷം | ... |
| 2 | 2015-16 | 60 ലക്ഷം | 60 ലക്ഷം |

(സി) <u>തുറമുഖ വകുപ്പ്-</u> 3051-02-001-89

'സമുദ്രതീര വ്യവസായ വികസനം' പദ്ധതി ഇപ്പോഴും തുടർന്നുവരുന്നു.

<u>ഹൈഡ്രോഗ്രാഫിക് സർവ്വെ വിംഗ്</u>

<u>ഓഫീസ് കെട്ടിട നിർമ്മാണവും വിപുലീകരണവും :</u>

കൊല്ലം മറൈൻ സർവ്വേയർ ഓഫീസ് നിർമ്മാണവും വിപുലീകരണവും ഇപ്പോഴും നടന്നുവരുന്നു.

**തുറമുഖ വകുപ്പിനും ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിനുമായി പ്രഖ്യാപിച്ച പദ്ധതികൾ**

158 (1985) <u>ശ്രീ. പുരുഷൻ കടലുണ്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2012-13-ലെ സംസ്ഥാന ബഡ്ജറ്റിൽ തുറമുഖ വകുപ്പിനും ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിനുമായി എന്തെല്ലാം പുതിയ പദ്ധതികളാണ് പ്രഖ്യാപിക്കപ്പെട്ടത് ;

(ബി) ഇവയ്ക്കോരോന്നിനും എത്ര തുക വീതം വകയിരുത്തപ്പെട്ടു ; എത്ര തുക വീതം അനുവദിച്ചു ; എത്ര തുക വീതം പിൻവലിക്കാതെ അവശേഷിച്ചു ; വ്യക്തമാക്കാമോ ;

(സി) പ്രസ്തുത പദ്ധതികളിൽ 2012-13-ൽ പൂർത്തീകരിക്കാത്ത പദ്ധതികളുണ്ടോ ; വ്യക്തമാക്കാമോ ; അവയ്ക്കായി തുടർ വർഷങ്ങളിൽ തുക അനുവദിക്കപ്പെട്ടിട്ടുണ്ടോ ; വ്യക്തമാക്കാമോ ;

(ഡി) ഇവയിൽ ഇതേവരെ പൂർത്തിയാക്കാൻ കഴിയാത്ത പദ്ധതികളുണ്ടോ ; വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ-ഡി) അനുബന്ധം I, II, III & IV ആയി ചേർത്തിട്ടുണ്ട്.*

**സംസ്ഥാന തീരദേശ വികസന കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ**

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

159 (1986) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന തീരദേശ വികസന കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കുമോ ; തീരദേശ മേഖലയിലെ ഏതെല്ലാം പ്രവർത്തനങ്ങളാണ് കോർപ്പറേഷൻ ഏറ്റെടുത്ത് നടത്തുന്നത് ;

(ബി) കോർപ്പറേഷന്റെ പ്രവർത്തനങ്ങൾക്ക് കേന്ദ്ര സംസ്ഥാന സർക്കാരുകൾ നൽകുന്ന സാമ്പത്തിക സഹായങ്ങൾ സംബന്ധിച്ച വിശദ വിവരങ്ങൾ വെളിപ്പെടുത്തുമോ ;

(സി) പ്രസ്തുത കോർപ്പറേഷൻവഴി സമർപ്പിക്കുന്ന പദ്ധതികൾക്ക് അംഗീകാരം നൽകുവാൻ കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ തീരദേശ മേഖലയുടെ സമഗ്രമായ അടിസ്ഥാന സൗകര്യവികസനം, മത്സ്യവിതരണ വിപണനരംഗത്തെ ആധുനികവൽക്കരണം, മത്സ്യത്തൊഴിലാളികളുടെ ഉന്നമനം എന്നിവ പ്രധാന ലക്ഷ്യമാക്കിയുള്ള വിവിധ പദ്ധതികൾ കോർപ്പറേഷൻ മുഖേന നടപ്പിലാക്കിവരുന്നു. സമഗ്ര തീരദേശ വികസന പദ്ധതി, സംയോജിത മത്സ്യഗ്രാമ വികസന പദ്ധതി, നബാർഡിന്റെ ഗ്രാമീണ അടിസ്ഥാനസൗകര്യ വികസന പദ്ധതി, മാതൃകാ മത്സ്യഗ്രാമം പദ്ധതി, ആധുനിക മത്സ്യ മാർക്കറ്റുകൾ നിർമ്മാണം, കടൽസുരക്ഷാ പദ്ധതി, ആഴക്കടൽ മത്സ്യബന്ധന പദ്ധതി, കൃത്രിമപാര് പദ്ധതി, കോൾഡ് ചെയിൻ സംവിധാനം, മൂല്യവർദ്ധിത മത്സ്യഉല്പന്ന നിർമ്മാണം തുടങ്ങിയവയാണ് പ്രധാന പദ്ധതികൾ.

(ബി) കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ:

| പദ്ധതി | കേന്ദ്ര വിഹിതം (കോടി രൂപ) | സംസ്ഥാന വിഹിതം (കോടി രൂപ) |
|---|---|---|
| സമഗ്ര തീരദേശ വികസന പദ്ധതി | .. | 35.83 |

| | | |
|---|---|---|
| സംയോജിത മത്സ്യഗ്രാമ വികസന പദ്ധതി | .. | 112.36 |
| നബാർഡിന്റെ ഗ്രാമീണ അടിസ്ഥാന സൗകര്യ വികസന പദ്ധതി | .. | 160.00 |
| 13-ാം ധനകാര്യ കമ്മീഷന്റെ മാതൃകാ മത്സ്യഗ്രാമ പദ്ധതി | 44.27 | .. |
| ഭൂരഹിത ഭവനരഹിത മത്സ്യത്തൊഴിലാളികൾക്ക് ഭവന പദ്ധതി | .. | 48.75 |
| ഫ്രഷ് ഫിഷ് ടു ആൾ പദ്ധതി | 2.70 | 0.30 |
| കട്ടമരങ്ങൾക്ക് ഒ.ബി.എം. നൽകുന്ന പദ്ധതി | 0.30 | 0.33 |
| കടൽ സുരക്ഷ പദ്ധതി | 6.75 | 0.10 |
| ആധുനിക മത്സ്യമാർക്കറ്റുകൾ | 64.43 (എൻ.എഫ്.ഡി. ബി.) | 14.28 |
| മത്സ്യത്തൊഴിലാളി സാമൂഹിക അടിസ്ഥാന സൗകര്യവികസന പദ്ധതി | .. | 17.74 |
| മൂല്യവർദ്ധിത മത്സ്യഉല്പന്ന നിർമ്മാണം (ഫിഷ് മെയ്ഡ്) | 3.00 | 0.35 |

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**വിഴിഞ്ഞം തുറമുഖ പദ്ധതി**

160 (1987) ശ്രീ. ഇ. പി. ജയരാജൻ :
ശ്രീ. എസ്. ശർമ്മ :
ശ്രീ. ബി. സത്യൻ :
ശ്രീ. പി. കെ. ഗുരുദാസൻ : താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വിഴിഞ്ഞം തുറമുഖ പദ്ധതി പ്രദേശത്ത് മത്സ്യബന്ധനത്തിലേർപ്പെട്ടവരും മറ്റുനിലയിൽ ജീവനോപാധിയിൽ ഏർപ്പെട്ടവരും പദ്ധതി പ്രതികൂലമായി ബാധിച്ചിട്ടുള്ളവരും എത്രയാണെന്ന് വിശദമാക്കുമോ ?

ഉത്തരം

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖപദ്ധതി നിർമ്മാണംമൂലം പദ്ധതി പ്രദേശത്തെ 325 മത്സ്യത്തൊഴിലാളികൾ സ്ഥിരമായി ബാധിതരാകുമെന്നും 2000-ത്തോളം മത്സ്യത്തൊഴിലാളികൾ താൽക്കാലികമായി ബാധിതരാകുമെന്നുമാണ് പദ്ധതിയുടെ പാരിസ്ഥിതിക സാമൂഹിക പഠന റിപ്പോർട്ടിൽ (2013) സൂചിപ്പിച്ചിട്ടുള്ളത്. ഇതുസംബന്ധിച്ച് അർഹരായവരെ കണ്ടെത്തുന്നതിനായി ഒരു Livelihood Impact Appraisal Committee(LIAC)-യും ഇതിന്മേൽ ലഭിക്കുന്ന പരാതികൾ പരിഗണിക്കുന്നതിനായി ഒരു അപ്പീൽ കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്. Livelihood Impact Appraisal Committee(LIAC) 18-9-2015-ൽ പ്രസിദ്ധീകരിച്ച റിപ്പോർട്ടിന്മേൽ 18,839 പരാതികൾ ലഭിക്കുകയുണ്ടായി. പ്രസ്തുത പരാതികൾ വിവിധ വിഭാഗങ്ങളായി തരംതിരിച്ച് LIAC അപ്പീൽ കമ്മിറ്റി പരിശോധിച്ചു വരുന്നു. LIAC അപ്പീൽ കമ്മിറ്റിയുടെ റിപ്പോർട്ട് അന്തിമമാകുന്ന മുറയ്ക്ക് മാത്രമെ ബാധിതരുടെ അന്തിമ പട്ടിക പൂർത്തിയാക്കുകയുള്ളൂ.

**വിഴിഞ്ഞം തുറമുഖ പദ്ധതി - ഭൂമി ഏറ്റെടുക്കൽ നടപടിയും അടിസ്ഥാനസൗകര്യ വികസന പദ്ധതികളും**

161 (1988) ശ്രീ. ബി. സത്യൻ :
ശ്രീ. വി. ശിവൻകുട്ടി :
ശ്രീ. പി. കെ. ഗുരുദാസൻ :
ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം തുറമുഖ പദ്ധതിക്കായി മുൻസർക്കാരിന്റെ കാലത്ത് ആരംഭിച്ച ഭൂമി ഏറ്റെടുക്കാൻ നടപടിയും അടിസ്ഥാന സൗകര്യം ഒരുക്കാനുള്ള പദ്ധതികളും പൂർത്തിയായിട്ടുണ്ടോ ;

(ബി) ഇതു സംബന്ധമായി ഇതിനകം കൈക്കൊണ്ട തീരുമാനങ്ങളിൽ പൂർണ്ണമായും നടപ്പിലാക്കാൻ കഴിയാതെ അവശേഷിക്കുന്നവ ഏതൊക്കെ ; മൊത്തം ഏതെല്ലാം ഇനങ്ങളിൽ എന്തു തുക ഭൂമി ഏറ്റെടുക്കുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും ചെലവ് പ്രതീക്ഷിച്ചിട്ടുണ്ടായിരുന്നു ; ഏതെല്ലാം

സാമ്പത്തിക വർഷങ്ങളിലായി എന്തു തുക ഇതിനകം ചെലവഴിക്കുകയുണ്ടായി ; പൂർത്തിയാക്കുന്നതിന് എന്തു തുക ഇനിയും ആവശ്യമായിട്ടുണ്ട് ;

(സി) സീ പോർട്ട് കമ്പനിയുടെ പേരിൽ വാങ്ങിയ ഭൂമിയിൽ അദാനി ഗ്രൂപ്പിന് കൈമാറിയത് എത്ര ഏക്കർ ; കൈമാറുമ്പോഴുള്ള മാർക്കറ്റ് വാല്യൂ എത്ര കോടിയായിരുന്നു ; അടിസ്ഥാന സൗകര്യ വികസന പദ്ധതികൾക്ക് ചെലവാക്കിയത് മൊത്തം തുക എത്രയായിരുന്നു ;

(ഡി) 28-7-2015-ന് മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന ഉന്നതതല യോഗ തീരുമാനങ്ങൾ എന്തെല്ലാമായിരുന്നു ; വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ&ബി) വിഴിഞ്ഞം തുറമുഖ പദ്ധതിക്കായി ആരംഭിച്ച ഭൂമി ഏറ്റെടുക്കലിന്റെയും അടിസ്ഥാന സൗകര്യം ഒരുക്കുന്നതു സംബന്ധിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു:

1. <u>ഭൂമി</u>: പദ്ധതിക്കാവശ്യമായ 90% ഭൂമിയും ഏറ്റെടുത്തുകഴിഞ്ഞു.
2. <u>വെള്ളം</u>: വെള്ളം എത്തിക്കുന്നതിനായുള്ള പദ്ധതി പൂർത്തിയായി.
3. <u>വൈദ്യുതി</u>: വൈദ്യുതി എത്തിക്കുന്നതിനായുള്ള പണികൾ പുരോഗമിച്ചുവരുന്നു.
4. <u>റെയിൽ</u> : റെയിൽ വികസനത്തിനായുള്ള ഡീറ്റെയ്ൽഡ് പ്രോജക്ട് റിപ്പോർട്ട് (ഡി.പി.ആർ.) തയ്യാറാക്കി റെയിൽവെയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. റെയിൽ വികസനം സാഗർമാല പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി കേന്ദ്രസർക്കാരിനെ സമീപിക്കുന്നതാണ്. റെയിൽ പദ്ധതിക്കായുള്ള ഭൂമി ഏറ്റെടുക്കൽ ഉടൻ ആരംഭിക്കുന്നതാണ്.

സർക്കാർ എടുത്ത തീരുമാനങ്ങൾ പൂർണ്ണമായും നടപ്പിലാക്കാൻ സാധിച്ചിട്ടുണ്ട്. ഭൂമി ഏറ്റെടുക്കുന്നതിനും അനുബന്ധ വികസനത്തിനും പുലിമുട്ട്, ഫിഷിംഗ് ഹാർബർ എന്നിവ ഉൾപ്പെടെ 3436 കോടിയുടെ ചെലവ് പ്രതീക്ഷിക്കുന്നു. ഇതിൽനിന്നും റെയിൽ വികസനം കേന്ദ്രസർക്കാരിന്റെ സാഗർമാല പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായുള്ള ശ്രമങ്ങൾ നടന്നുവരുന്നു.

സാമ്പത്തിക വർഷാടിസ്ഥാനത്തിൽ തുറമുഖ വികസനത്തിനായി വിനിയോഗിച്ച

തുക ചുവടെ ചേർക്കുന്നു:

| സാമ്പത്തിക വർഷം | ചെലവഴിച്ച തുക (കോടിയിൽ) |
|---|---|
| 2004 - 05 | 0.05 |
| 2005 - 06 | 0.22 |
| 2006 - 07 | 0.08 |
| 2007 - 08 | 1.31 |
| 2008 - 09 | 1.26 |
| 2009 - 10 | 3.09 |
| 2010 - 11 | 83.97 |
| 2011 - 12 | 227.63 |
| 2012-13 | 69.77 |
| 2013 - 14 | 229.9 |
| 2014 - 15 | 18.81 |
| 2015 - 16 ഒക്ടോബർ വരെ | 4.33 |
| മൊത്തം | 640.42 |

പദ്ധതി പൂർത്തിയാക്കുന്നതിനായി ഭൂമിയും മറ്റ് അനുബന്ധ വികസന സൗകര്യങ്ങൾക്കുമായി 2796 കോടി രൂപ പ്രതീക്ഷിക്കുന്നു. ഇതിൽ സാഗർമാല പദ്ധതിയിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്ന ഏകദേശം 400 കോടി രൂപ പ്രതീക്ഷിക്കുന്ന റെയിൽ വികസനവും ഉൾപ്പെടുന്നു.

(സി) സീ പോർട്ട് കമ്പനിയുടെ പേരിൽ വാങ്ങിയ 203 ഏക്കർ ഭൂമി സർക്കാരിന് ലീസ് നൽകുകയും സർക്കാർ അതിൽ 199 ഏക്കർ ഭൂമി അദാനി വിഴിഞ്ഞം പോർട്ട് പ്രൈവറ്റ് കമ്പനിക്ക് നിർമ്മാണത്തിനും നടത്തിപ്പിനുമായുള്ള Right of Way (RoW) നൽകുകയും ചെയ്തു. ഭൂമിക്കും മറ്റ് അടിസ്ഥാന

സൗകര്യങ്ങൾക്കുമായി ചെലവഴിച്ച തുക ചുവടെ ചേർക്കുന്നു:

| | തുക (കോടിയിൽ) |
|---|---|
| ഭൂമി | 533 |
| വെള്ളം | 7 |
| വൈദ്യുതി | 51 |
| റെയിൽ | 4 |
| ആകെ | 595 |

(ഡി) 28-7-2015-ന് മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന ഉന്നതതല യോഗ തീരുമാനങ്ങൾ ചുവടെ ചേർക്കുന്നു:

I. തുറമുഖഭൂമി വികസനത്തിന് ആവശ്യമായ ബാക്കി ഭൂമി ഏറ്റെടുക്കുന്ന നടപടികൾ ത്വരിതപ്പെടുത്താൻ ജില്ലാ കളക്ടറെ ചുമതലപ്പെടുത്തി.

II. പദ്ധതിയുമായി ബന്ധപ്പെട്ട പുനരധിവാസത്തെ സംബന്ധിച്ച് നഷ്ടപരിഹാരം നൽകുന്നതിനുള്ള നടപടികൾ കൈക്കൊണ്ടുവരുന്നതായി ഫിഷറീസ് സെക്രട്ടറി യോഗത്തെ ധരിപ്പിച്ചു.

III. NH 47 നേയും NH 47 ബൈപ്പാസിനേയും ബന്ധിപ്പിക്കുന്ന മൂന്ന് റോഡുകൾ (1. പള്ളിച്ചൽ - വിഴിഞ്ഞം, 2. ബാലരാമപുരം - മുക്കോല, 3. വഴിമുക്ക് - കാഞ്ഞിരംകുളം) ദൃഢപ്പെടുത്തുന്നതിനായി ഡീറ്റെയ്ൽഡ് പ്രോജക്ട് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി പൊതുമരാമത്ത് വകുപ്പിനെ ചുമതലപ്പെടുത്തി.

IV. നിർദ്ദിഷ്ട NH 47 ബൈപ്പാസ് മുക്കോലയിൽനിന്നും കോട്ടുകാലിലേക്ക് നീട്ടുന്നതിനായുള്ള നടപടികൾ കൈക്കൊള്ളാൻ തീരുമാനമായി.

## എലത്തൂർ നിയോജക മണ്ഡലത്തിലെ തീരദേശ വികസന കോർപ്പറേഷന്റെ പദ്ധതികൾ

162 (1989) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം എലത്തൂർ നിയോജക മണ്ഡലത്തിൽ തീരദേശ വികസന കോർപ്പറേഷൻവഴി ഏതെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത് ; ഇതിനായി എന്തു തുക ചെലവഴിച്ചു ;

(ബി) പ്രസ്തുത മണ്ഡലത്തിൽ തീരദേശ വികസന കോർപ്പറേഷൻവഴി നടപ്പിലാക്കുന്ന പദ്ധതികളിൽ പൂർണ്ണമായും കേന്ദ്രഫണ്ട് ചെലവഴിക്കുന്ന പദ്ധതികൾ ഏതൊക്കെ എന്നും കേന്ദ്ര സംസ്ഥാന ഫണ്ടുകൾ തുല്യമായി ചെലവഴിക്കുന്ന പദ്ധതികൾ ഏതൊക്കെ എന്നും വ്യക്തമാക്കുമോ ;

(സി) എലത്തൂർ മണ്ഡലത്തിൽ പ്രസ്തുത കോർപ്പറേഷൻ വഴി നടപ്പിലാക്കുന്നതിന് അനുമതി ലഭിച്ചിട്ടും ആരംഭിക്കാത്ത പദ്ധതികൾ ഉണ്ടോ ; വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) കോഴിക്കോട് ജില്ലയിലെ എലത്തൂർ നിയോജക മണ്ഡലത്തിൽ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന താഴെപ്പറയുന്ന പദ്ധതികൾക്ക് ഭരണാനുമതി നൽകി:

1. 2012-13 സാമ്പത്തിക വർഷത്തിൽ സംയോജിത മത്സ്യഗ്രാമ വികസന പദ്ധതിയിലുൾപ്പെടുത്തി ഏലത്തൂർ മത്സ്യഗ്രാമത്തിൽ—

| | | |
|---|---|---|
| കുടിവെള്ള പദ്ധതി | - | 163 ലക്ഷം രൂപ |
| വൈദ്യുതീകരണം | - | 53.55 ലക്ഷം രൂപ |
| ഹൈമാസ്റ്റ്ലൈറ്റ് (2 എണ്ണം) | - | 14.00 ലക്ഷം രൂപ |

10 ഗുണഭോക്താക്കൾക്ക് 36,000 രൂപയുടെ ജീവനോപാധി സഹായം വിതരണം ചെയ്തു.

2. 2012-13 സാമ്പത്തിക വർഷത്തിൽ ആഴക്കടൽ മത്സ്യബന്ധന പദ്ധതിയിലുൾപ്പെടുത്തി പുതിയാപ്പ മത്സ്യഗ്രാമത്തിൽ 5 ഗുണഭോക്താക്കൾക്കും എലത്തൂർ മത്സ്യഗ്രാമത്തിൽ 36 ഗുണഭോക്താക്കൾക്കും 55,000 രൂപയുടെ ആഴക്കടൽ മത്സ്യബന്ധന ഉപകരണങ്ങൾ വിതരണം ചെയ്തു.

3. 13-ാം ധനകാര്യ കമ്മീഷൻ ശിപാർശപ്രകാരം നടപ്പിലാക്കുന്ന പദ്ധതിയിലുൾപ്പെടുത്തി പുതിയാപ്പ കോളനി വൈദ്യുതീകരണത്തിനായി 9.20 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി.

4. 2011-12 സാമ്പത്തിക വർഷത്തിൽ കടൽ സുരക്ഷാ പദ്ധതിയിൽ ഉൾപ്പെടുത്തി പുതിയാപ്പ മത്സ്യഗ്രാമത്തിൽ ഒരു ഗുണഭോക്താവിന് ഏകദേശം 1.25 ലക്ഷം രൂപയുടെ കടൽ സുരക്ഷാ ഉപകരണങ്ങൾ വിതരണം ചെയ്തു.

(ബി) കോഴിക്കോട് ജില്ലയിലെ എലത്തൂർ നിയോജകമണ്ഡലത്തിൽ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന നടപ്പിലാക്കുന്ന പദ്ധതികളിൽ പൂർണ്ണമായും കേന്ദ്രഫണ്ട് ചെലവഴിക്കുന്ന പദ്ധതികളും കേന്ദ്ര സംസ്ഥാന ഫണ്ടുകളും തുല്യമായി ചെലവഴിക്കുന്ന പദ്ധതികളും ഉൾപ്പെടുന്നില്ല.

(സി) എലത്തൂർ മണ്ഡലത്തിൽ കോർപ്പറേഷൻവഴി നടപ്പിലാക്കുന്നതിന് അനുമതി ലഭിച്ചിട്ടും ആരംഭിക്കാത്ത പദ്ധതികളില്ല.

**അമ്പലപ്പുഴ മണ്ഡലത്തിലെ വികസന പ്രവർത്തനങ്ങൾ**

163 (1990) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇതുവരെ തുറമുഖ വകുപ്പ് അമ്പലപ്പുഴ മണ്ഡലത്തിൽ നടപ്പാക്കിയ വികസന പ്രവർത്തനം വിശദമാക്കാമോ ;

(ബി) വിവിധ പദ്ധതികൾക്കായി എത്ര തുക ചെലവഴിച്ചു ; ഓരോ പ്രവൃത്തിക്കും ചെലവഴിച്ചതുക തരം തിരിച്ച് വ്യക്തമാക്കാമോ ;

(സി) തുറമുഖ വകുപ്പ് അമ്പലപ്പുഴ മണ്ഡലത്തിൽ നടപ്പാക്കുവാനുദ്ദേശിക്കുന്ന പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തുറമുഖ വകുപ്പിൽ നിന്നും അമ്പലപ്പുഴ മണ്ഡലത്തിൽ വികസന പ്രവർത്തനങ്ങളൊന്നും നടപ്പിലാക്കിയിട്ടില്ല.

(ബി&സി) ബാധകമല്ല.

**വല്ലാർപാടം കണ്ടെയ്നർ ടെർമിനൽ പദ്ധതി**

164 (1991) ശ്രീ. എളമരം കരീം :

ശ്രീ. കെ. രാധാകൃഷ്ണൻ :

ശ്രീ. സാജുപോൾ :

ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യത്തിന്

മത്സ്യബന്ധനവും ഇുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചിയിലെ വല്ലാർപ്പാടം കണ്ടെയ്നർ ടെർമിനൽ പദ്ധതിയ്ക്ക് കബോട്ടാഷ് വ്യവസ്ഥകളിൽ ഇളവ് ലഭിക്കുകയുണ്ടായോ ; ഇക്കാര്യത്തിൽ മുൻ യു.പി.എ. സർക്കാരിന്റെ കാലത്ത് ഷിപ്പിംഗ് മന്ത്രാലയം സ്വീകരിച്ച നിലപാട് എന്തായിരുന്നു ; കേരളത്തിൽ നിന്നുണ്ടായിരുന്ന കേന്ദ്രമന്ത്രിമാർ ഇക്കാര്യത്തിൽ സമ്മർദ്ദം ചെലുത്തിയിട്ടുണ്ടായിരുന്നുവോ ;

(ബി) ഇപ്പോഴുള്ള പ്രതികൂല സാഹചര്യങ്ങളെ അതിജീവിക്കാൻ എന്തെല്ലാം നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു ; വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) കൊച്ചിയിലെ വല്ലാർപാടം കണ്ടെയ്നർ ടെർമിനൽ പദ്ധതിക്ക് കേന്ദ്ര ഷിപ്പിംഗ് മന്ത്രാലയം 21-9-2012-ൽ കബോട്ടാഷ് നിയമത്തിൽ മൂന്ന് വർഷത്തിനു ശേഷമുള്ള അവലോകനത്തിന് വിധേയമായി ഇളവ് അനുവദിക്കുകയുണ്ടായി. കേരളത്തിൽ നിന്നുള്ള അന്നത്തെ കേന്ദ്രമന്ത്രിമാരുടെ ഇടപെടലും സമ്മർദ്ദവുമുണ്ടായിരുന്നു.

(ബി) കാർഗോ കൂടുതൽ ലഭിക്കുന്നതിനായി നികുതി ഗതാഗത എക്സൈസ് വകുപ്പിലെ നിലവിലുള്ള നടപടിക്രമങ്ങൾ ലഘൂകരിച്ചുകൊണ്ട് കൊച്ചി ഇുറമുഖത്ത് നിന്നും കണ്ടെയ്നർ കയറ്റുമതി ചെയ്യുന്നതിന് സംസ്ഥാന ഗവൺമെന്റ് നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ Mainline വെസ്സലുകളോടനുബന്ധിച്ചുള്ള ചാർജ്ജുകളിൻമേലും ടെർമിനൽ ഹാൻഡ് ലിംഗ് ചാർജസിലും റിബേറ്റ് നൽകി വരുന്നു. കോയമ്പത്തൂരിൽനിന്നും റയിൽ മാർഗ്ഗം ICTT-യിൽ കാർഗോ എത്തിക്കുന്നതിനും ശ്രമിച്ചുവരുന്നു.

**നാട്ടിക മണ്ഡലത്തിലെ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് വക റോഡുകളുടെ ഭരണാനുമതി**

165 (1992) <u>ശ്രീമതി ഗീതാ ഗോപി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഇുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാട്ടിക നിയോജക മണ്ഡലത്തിലെ ഏതെല്ലാം റോഡുകളാണ് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ഭരണാനുമതിക്കായി സമർപ്പിച്ചിട്ടുള്ളത്; വിശദമാക്കാമോ;

(ബി) പ്രസ്തുത റോഡുകൾക്ക് ഭരണാനുമതി നല്കുന്നതിനുള്ള നടപടി ക്രമങ്ങൾ പൂർത്തിയായിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്നത്തേക്ക് ഭരണാനുമതി ലഭ്യമാകുമെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ&ബി) ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് നാട്ടിക നിയോജക മണ്ഡലത്തിലെ താഴെപ്പറയുന്ന 12 റോഡുകളുടെ എസ്റ്റിമേറ്റ് തയ്യാറാക്കി തീരദേശ റോഡുകളുടെ നിലവാരമുയർത്തൽ പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതിയ്ക്കായി ലഭിച്ചിട്ടുണ്ട്:

| ക്രമ നമ്പർ | റോഡിന്റെ പേര് | അംഗീകരിച്ച ലിസ്റ്റിലെ ക്രമനമ്പർ<br>2012-13 ലിസ്റ്റ്-4 | തുക ലക്ഷത്തിൽ |
|---|---|---|---|
| 1 | നാട്ടിക പഞ്ചായത്ത് - കോട്ടൺ മിൽ റോഡ് | ക്രമനമ്പർ 28 | 20.25 |
| 2 | തൃപ്രയാർ ബീച്ച് കണക്ഷൻ റോഡ് (താടിവളവിന് തെക്ക്) | ക്രമനമ്പർ 29 | 22.00 |
| 3 | നാട്ടിക പഞ്ചായത്ത് - നേതാജി റോഡ് | ക്രമനമ്പർ 30 | 11.00 |
| 4 | തളിക്കുളം പഞ്ചായത്ത് - നമ്പിക്കടവ് സബ് സെന്റർ രവിനഗർ ലിങ്ക് റോഡ് | ക്രമനമ്പർ 31 | 25.20 |
| 5 | തളിക്കുളം പഞ്ചായത്ത് - വളറുപ്പ റോഡ് | ക്രമനമ്പർ 32 | 10.00 |
| 6 | തളിക്കുളം പഞ്ചായത്ത് - തമ്പാൻകടവ് ത്രിവേണി ലിങ്ക് റോഡ് | ക്രമനമ്പർ 33 | 13.00 |
| 7 | വലപ്പാട് പഞ്ചായത്ത് -വലപ്പാട്- ചന്തപ്പടി ടിപ്പുസുൽത്താൻ റോഡ് | ക്രമനമ്പർ 34 | 9.00 |
| 8 | വലപ്പാട് പഞ്ചായത്ത് - വെയർ | ക്രമനം.36 | 24.00 |

| | | | |
|---|---|---|---|
| | ഹൗസ് റോഡ് | | |
| | | 2013-14 ലിസ്റ്റ്-2 | |
| 9 | വലപ്പാട് ബീച്ച് കോസ്റ്റൽ റോഡ് - വലപ്പാട് പഞ്ചായത്ത് | ക്രമനമ്പർ 1 | 48.00 |
| 10 | കോതക്കുളം ബീച്ച് റോഡ് | ക്രമനമ്പർ 2 | 25.00 |
| | | 2014-15 ലിസ്റ്റ് -1 | |
| 11 | പുതുക്കുളം റോഡ് വാർഡ് 5, 8, 11 നാട്ടിക പഞ്ചായത്ത് | ക്രമനമ്പർ 3 | 9.00 |
| 12 | പി. വി. വേലായി റോഡ് | ക്രമനമ്പർ 4 | 24.00 |

മുകളിൽ പരാമർശിച്ച 12 റോഡുകളിൽ ക്രമനമ്പർ 7, 8, 9 ഒഴികെയുള്ള 9 റോഡുകൾക്കും ഇതിനകം സർക്കാരിൽനിന്നും ഭരണാനുമതി നൽകിയിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ബാക്കി റോഡുകൾക്ക് ഭരണാനുമതി നൽകുന്ന കാര്യം പരിശോധിക്കുന്നതാണ്.

**അജാനൂർ മത്സ്യബന്ധന തുറമുഖം**

166 (1993) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അജാനൂർ മത്സ്യബന്ധന തുറമുഖത്തിന്റെ സാധ്യതാ പഠനം ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ;

(ബി) ഏത് ഏജൻസിയാണ് പഠനം നടത്തുന്നതെന്നും എത്ര വർഷം കൊണ്ട് പഠനം പൂർത്തീകരിക്കുമെന്നും വിശദമാക്കുമോ ;

(സി) പഠനത്തിനായി ഇതുവരെ എത്ര രൂപ ചെലവഴിച്ചുവെന്നും ഇനി എത്ര രൂപ ചെലവ് വരുമെന്നും വിശദമാക്കുമോ ?

ഉത്തരം

(എ&ബി) അജാനൂർ മത്സ്യബന്ധന തുറമുഖത്തിന്റെ മാതൃകാപഠനം പൂനയിലെ CWPRS എന്ന ഏജൻസിയാണ് നടത്തുന്നത്. ആയതിന്റെ കരട് റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. ടി സ്ഥാപനം ആവശ്യപ്പെട്ട അധിക വിശദാംശങ്ങൾ ശേഖരിച്ച് വരികയാണ്. ആയത് ലഭ്യമാക്കി നാല് മാസത്തിനകം പഠനം പൂർത്തിയാക്കാമെന്നാണ് CWPRS അധികൃതർ അറിയിച്ചിട്ടുള്ളത്.

(സി) അന്വേഷണ ഗവേഷണ പ്രവൃത്തികൾക്കും മാതൃകാപഠനത്തിനുമായി

ഇതുവരെ 19,79,428 രൂപ ചെലവഴിച്ചിട്ടുണ്ട്. മത്സ്യബന്ധന തുറമുഖത്തിന്റെ അന്വേഷണ ഗവേഷണ പ്രവൃത്തികൾക്കായി 53.00 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പരിസ്ഥിതി പഠനം CRS റിപ്പോർട്ട്, Pollution Control Board-ന്റെ consent എന്നിവ ലഭിക്കാനുണ്ട്. ഭരണാനുമതി തുകയിൽ നിജപ്പെടുത്തി പഠനം പൂർത്തീകരിക്കാനാകുന്നതാണ്.

**എലത്തൂർ മണ്ഡലത്തിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന്റെ റോഡുകൾ**

167 (1994) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോഴിക്കോട് ജില്ലയിലെ എലത്തൂർ നിയോജക മണ്ഡലത്തിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് എത്ര റോഡുകൾക്ക് ഭരണാനുമതി നൽകിയെന്നും, അനുവദിച്ച തുകയും വർഷാടിസ്ഥാനത്തിൽ വെളിപ്പെടുത്താമോ ;

(ബി) ഭരണാനുമതി ലഭിച്ചിട്ടും പൂർത്തീകരിക്കാത്ത റോഡുകൾ എത്രയെന്ന് വെളിപ്പെടുത്താമോ ;

(സി) പ്രസ്തുത നിയോജക മണ്ഡലത്തിൽ ഭരണാനുമതിക്കായി ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന്റെ എത്ര റോഡുകൾ ഉണ്ടെന്നും, അവയ്ക്ക് എന്ന് ഭരണാനുമതി ലഭ്യമാകുമെന്നും വെളിപ്പെടുത്താമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എലത്തൂർ നിയോജക മണ്ഡലത്തിലെ 12 റോഡുകൾക്ക് 445.20 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി. വർഷാടിസ്ഥാനത്തിൽ അനുവദിച്ച തുക ചുവടെ ചേർക്കുന്നു:

| | |
|---|---|
| 2011-12 | 11.20 ലക്ഷം |
| 2012-13 | 190.60 ലക്ഷം |
| 2013-14 | 134.40 ലക്ഷം |
| 2014-15 | 56.00 ലക്ഷം |
| 2015-16 | 53.00 ലക്ഷം |

(ബി) ഭരണാനുമതി ലഭിച്ച മൂന്ന് റോഡുകളുടെ പ്രവൃത്തി പൂർത്തീകരിക്കാനുണ്ട്.

(സി) പ്രസ്തുത നിയോജകമണ്ഡലത്തിൽ സർക്കാർ അംഗീകരിച്ച ലിസ്റ്റിൽ ഉൾപ്പെട്ട 23 റോഡുകൾക്ക് ഭരണാനുമതി നൽകാനുണ്ട്. ഇവയിൽ 12 റോഡുകളുടെ എസ്റ്റിമേറ്റ് ഭരണാനുമതിക്കായി സർക്കാരിന് ലഭ്യമായിട്ടുണ്ട്. ഫണ്ടിന്റെ

ലഭ്യതയനുസരിച്ച് ഭരണാനുമതി നൽകുന്നകാര്യം പരിശോധിക്കുന്നതാണ്. മറ്റ് റോഡുകളുടെ എസ്റ്റിമേറ്റ് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ചീഫ് എഞ്ചിനീയർ തയ്യാറാക്കിവരുന്നു.

**ഓഷ്യനേറിയം പദ്ധതി**

168 (1995) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വൈപ്പിനിലെ നിർദ്ദിഷ്ട ഓഷ്യനേറിയം പദ്ധതി നടപ്പാക്കുന്നത് സംബന്ധിച്ചുള്ള പാരിസ്ഥിതിക ആഘാത പഠന റിപ്പോർട്ട്, പാരിസ്ഥിതിക അനുമതി എന്നിവയ്ക്കായി സമർപ്പിച്ചിരുന്ന അപേക്ഷയിൽ സ്റ്റേറ്റ് എൻവയോൺമെന്റ് ഇംപാക്റ്റ് അസസ്മെന്റ് അതോറിറ്റി 15 കാര്യങ്ങളിൽ വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് ഫിർമക്ക് അയച്ച കത്തിന് മറുപടി നൽകിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ ?

ഉത്തരം

ഓഷ്യനേറിയം പദ്ധതി നടപ്പാക്കുന്നത് സംബന്ധിച്ചുള്ള പാരിസ്ഥിതിക ആഘാതപഠന റിപ്പോർട്ട്, പാരിസ്ഥിതിക അനുമതി എന്നിവയ്ക്കായി സമർപ്പിച്ചിരുന്ന അപേക്ഷയിൽ സ്റ്റേറ്റ് എൻവയോൺമെന്റ് ഇംപാക്റ്റ് അസസ്മെന്റ് അതോറിറ്റി പതിനഞ്ച് കാര്യങ്ങളിൽ വിശദീകരണം ആവശ്യപ്പെട്ടുകൊണ്ടുള്ള കത്ത് ഫിർമയ്ക്ക് ലഭിച്ചിട്ടില്ല. എന്നാൽ SEIAA-യുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ച മിനിറ്റ്സ് പ്രകാരം ആവശ്യപ്പെട്ടിരുന്ന വിവരങ്ങൾ ഫിർമ, എക്സിക്യൂട്ടീവ് ഡയറക്ടർ പരിസ്ഥിതി വകുപ്പിന് നൽകിയിട്ടുണ്ട്.

**കോഴിക്കോട് ജില്ലയിലെ പുതിയാപ്പ ഹാർബർ**

169 (1996) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് കോഴിക്കോട് ജില്ലയിലെ പുതിയാപ്പ ഹാർബറിന് തുറമുഖ വകുപ്പ് എത്ര തുക ചെലവഴിച്ചെന്ന് വ്യക്തമാക്കാമോ ;

(ബി) അനുവദിക്കപ്പെട്ട പ്രവൃത്തികളിൽ എത്രയെണ്ണം പൂർത്തീകരിച്ചുവെന്നും അല്ലാത്തവ എത്രയെന്നും വിശദമാക്കാമോ ?

ഉത്തരം

(എ) ഈ സർക്കാരിന്റെ കാലത്ത് പുതിയാപ്പ ഹാർബറിന് 374.89 ലക്ഷം

രൂപ തുറമുഖ വകുപ്പ് ചെലവഴിച്ചു.

(ബി) അനുവദിക്കപ്പെട്ട എട്ട് പ്രവൃത്തികളിൽ അഞ്ചെണ്ണം പൂർത്തീകരിച്ചിട്ടുണ്ട്. രണ്ട് പ്രവൃത്തികൾ പുരോഗമിക്കുന്നു. ഒരു പ്രവൃത്തി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. വിശദാംശം ചുവടെ ചേർക്കുന്നു:

| നമ്പർ | പ്രവൃത്തിയുടെ പേര് | അവസ്ഥ |
|---|---|---|
| 1 | പുതിയാപ്പ ഡ്രഡ്ജിംഗ് | പുരോഗമിക്കുന്നു |
| 2 | ഇൻവെസ്റ്റിഗേഷൻ രണ്ടാംഘട്ട വികസന പ്രവൃത്തി | പൂർത്തീകരിച്ചു |
| 3 | ആർ.കെ.വി.വൈ.-ഐസ് പ്ലാന്റിന്റെ നിർമ്മാണം | പൂർത്തീകരിച്ചു |
| 4 | ഐസ് ക്രഷിംഗ് ഷെഡിന്റെ നിർമ്മാണം | പുരോഗമിക്കുന്നു |
| 5 | ബൊള്ളാർഡ് സ്ഥാപിക്കുന്ന പ്രവർത്തി | പൂർത്തീകരിച്ചു |
| 6 | പാർക്കിംഗ് ഏരിയയുടെ നിർമ്മാണം | പൂർത്തീകരിച്ചു |
| 7 | ഹാർബറിലെ ഇന്റേണൽ റോഡിന്റെ നിർമ്മാണം | പ്രവൃത്തി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു |
| 8 | ഫെന്റർ സ്ഥാപിക്കുന്ന പ്രവൃത്തി | പൂർത്തീകരിച്ചു |

**കാസർഗോഡ് മത്സ്യബന്ധന തുറമുഖം**

170 (1997) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് മത്സ്യബന്ധന തുറമുഖം എപ്പോഴാണ് ഉദ്ഘാടനം ചെയ്യുക ; ഇതിന്റെ നിർമ്മാണം ഏത് ഘട്ടത്തിലായി എന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത നിർമ്മാണവുമായി ബന്ധപ്പെട്ട് ഏതെങ്കിലും പരാതികൾ ലഭിച്ചിട്ടുണ്ടോ ; എങ്കിൽ അതു സംബന്ധിച്ച് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) കാസർഗോഡ് മത്സ്യബന്ധന തുറമുഖത്തിന്റെ നിർമ്മാണം അവസാന ഘട്ടത്തിലാണ്. ഹാർബറിലേക്കുള്ള അപ്രോച്ച് റോഡിന്റെ നിർമ്മാണവും വൈദ്യുതീകരണ പ്രവൃത്തികളും ഒഴികെയുള്ള പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ശേഷിക്കുന്ന പ്രവൃത്തികൾ ഡിസംബർ അവസാനത്തോടുകൂടി പൂർത്തീകരിച്ച് ടി പദ്ധതി 2016 ജനുവരി മാസത്തോടെ കമ്മീഷൻ ചെയ്യാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) പ്രസ്തുത നിർമ്മാണവുമായി ബന്ധപ്പെട്ട് പുലിമുട്ടുകളുടെ സ്ഥാനം സംബന്ധിച്ച് മത്സ്യത്തൊഴിലാളികളിൽനിന്നും പരാതി ലഭിച്ചിട്ടുണ്ട്. ടി പരാതി പുലിമുട്ട് രൂപകൽപ്പന നടത്തിയ കേന്ദ്രസർക്കാർ സ്ഥാപനമായ CWPRS-നെ അറിയിക്കുകയും CWPRS-ൽനിന്നും റിപ്പോർട്ട് ലഭിക്കുകയും ചെയ്തിട്ടുണ്ട്. ആയത് പ്രകാരം പുലിമുട്ടുകൾക്കിടയിൽ മണ്ണടിയുന്നതിന്റെ വിശദാംശങ്ങളും വെള്ളത്തിന്റെ ഒഴുക്ക് സംബന്ധിച്ച വിശദാംശങ്ങളും കൃത്യമായ ഇടവേളകളിൽ പരിശോധിക്കാനും ആയതിന്റെ അടിസ്ഥാനത്തിൽ ഭേദഗതികൾ ആവശ്യമെങ്കിൽ വരുത്താനുമാണ് അറിയിച്ചിരിക്കുന്നത്. പുലിമുട്ടുകൾക്കിടയിലുള്ള നിലവിലെ അകലം ബോട്ടുകൾ പ്രവേശിക്കുന്നതിന് പര്യാപ്തമാണെന്നും CWPRS അറിയിച്ചിട്ടുണ്ട്.

**പുതിയങ്ങാടി ഫിഷിംഗ് ഹാർബർ**

171 (1998) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ പുതിയങ്ങാടിയിൽ ഫിഷിംഗ് ഹാർബർ നിർമ്മാണവുമായി ബന്ധപ്പെട്ട് കേന്ദ്രസർക്കാർ ഏജൻസിയായ പൂനെയിലെ സി.ഡബ്ല്യൂ.പി.ആർ.എസ്. നടത്തിവരുന്ന പഠനം പൂർത്തിയായിട്ടുണ്ടോ; ഇല്ലെങ്കിൽ എപ്പോൾ പൂർത്തീകരിക്കാൻ കഴിയും ; ഏതൊക്കെ വിധത്തിലുള്ള പഠനങ്ങളാണ് പൂർത്തീകരിച്ചിട്ടുള്ളത് ;

(ബി) ഇതുവരെയായി എത്ര ലക്ഷം രൂപയുടെ ഭരണാനുമതിയാണ് പഠനത്തിനായി ലഭിച്ചിട്ടുള്ളത് ; ഇവയിൽ എത്ര ലക്ഷം രൂപ പഠനത്തിനായി ചെലവഴിച്ചു ; ഹാർബറിന്റെ നിർമ്മാണം എപ്പോൾ ആരംഭിക്കാൻ കഴിയും ; വിശദാംശം നൽകുമോ ?

<u>ഉത്തരം</u>

(എ) മാതൃകാ പഠനത്തിനായി സി.ഡബ്ല്യൂ.പി.ആർ.എസ്. ആവശ്യപ്പെട്ട അധിക വിശദാംശങ്ങൾ തയ്യാറാക്കിവരുന്നു. ആയത് ലഭിച്ച് നാല് മാസത്തിനകം ടി പഠനം പൂർത്തിയാക്കാമെന്നാണ് സി.ഡബ്ല്യൂ.പി.ആർ.എസ്. അറിയിച്ചിരിക്കുന്നത്.

(ബി) ടി ഫിഷിംഗ് ഹാർബറിന്റെ പഠനത്തിനായി 65 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇൻവെസ്റ്റിഗേഷൻ, മാതൃകാപഠനം എന്നിവ നടത്തുന്നതിനായി ഇതുവരെ 36,59,604 രൂപ ചെലവഴിച്ചിട്ടുണ്ട്.

പുതിയങ്ങാടി ഫിഷിംഗ് ഹാർബർ നിർമ്മാണവുമായി ബന്ധപ്പെട്ട് സി.ഡബ്ല്യൂ.പി.ആർ.എസ്-ന്റെ മാതൃകാപഠന റിപ്പോർട്ട് ലഭിച്ചതിനുശേഷം പരിസ്ഥിതി പഠനം അക്രഡിറ്റഡ് ഏജൻസി മുഖേന നടത്തേണ്ടതുണ്ട്. പത്ത് മാസം നീണ്ടുനിൽക്കുന്ന പരിസ്ഥിതി പഠനം അനിവാര്യമാണ്. മാതൃകാപഠനത്തിനും പരിസ്ഥിതി പഠനത്തിനുംശേഷം പരിസ്ഥിതി ക്ലിയറൻസ് ലഭിച്ചാലുടനെ പദ്ധതിയുടെ ഭരണാനുമതി കേന്ദ്രസർക്കാരിൽനിന്നും ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

**കോഴിക്കോട് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന്റെ പ്രവൃത്തികൾ**

172 (1999) ശ്രീ. എ. പ്രദീപ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നോർത്ത് നിയോജക മണ്ഡലത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എന്തെല്ലാം പ്രവൃത്തികളാണ് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് നടപ്പിലാക്കിയതെന്ന് വിശദമാക്കുമോ ;

(ബി) ഓരോ പ്രവൃത്തിക്കും ചെലവഴിച്ച തുക എത്രയെന്ന വിശദമാക്കുമോ ?

ഉത്തരം

(എ) വിശദമാക്കാം. കോഴിക്കോട് നോർത്ത് നിയോജകമണ്ഡലത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് നടപ്പിലാക്കി വരുന്ന പ്രവൃത്തികൾ ചുവടെ ചേർക്കുന്നു:

1. തീരദേശ റോഡുകൾ 6 എണ്ണം
2. വെള്ളയിൽ മത്സ്യബന്ധന തുറമുഖം (75% CSS)
3. കോരപ്പുഴ മത്സ്യം കരയ്ക്കടുപ്പിക്കൽ കേന്ദ്രത്തിന്റെ അന്വേഷണ ഗവേഷണ പ്രവർത്തനങ്ങൾ
4. ശാന്തിനഗർ കോളനിയിലെ കമ്മ്യൂണിറ്റി ഹാളിന്റെ നിർമ്മാണം (എം.എൽ.എ. ഫണ്ട്)
5. ഭട്ട് റോഡ്-ചുറ്റുമതിൽ, നിലവിലുള്ള ഘടകങ്ങളുടെ നവീകരണം (എം.എൽ.എ. ഫണ്ട്)
6. ടൂറിസം കോഴിക്കോട് ഭട്ട് റോഡ് ബീച്ച് ഇലക്ട്രിഫിക്കേഷൻ
7. കോഴിക്കോട് പോർട്ട് മറൈൻ ഡ്രൈവിന്റെ അറ്റകുറ്റപ്പണികൾ
8. ടൂറിസം-ഭട്ട് റോഡിന്റെ അറ്റകുറ്റപ്പണികൾ

(ബി) ഓരോ പ്രവർത്തിക്കും ചെലവഴിച്ച തുക ചുവടെ ചേർക്കുന്നു:

| | | |
|---|---|---|
| 1. | വെള്ളയിൽ ഫിഷിംഗ് ഹാർബർ | 2748.46 ലക്ഷം |
| 2. | പൂർത്തീകരിച്ച രണ്ട് തീരദേശ റോഡുകൾ | |
| (a) | കണ്ണാടിക്കൽ കൃഷ്ണൻ കടവ് റോഡ് | 23.53 ലക്ഷം |
| (b) | കുയിപ്പ വയൽ റോഡ് | 4.73 ലക്ഷം |
| 3. | ടൂറിസം കോഴിക്കോട് ഭട്ട് റോഡ് ബീച്ച് ഇലക്ട്രിഫിക്കേഷൻ | 27.09 ലക്ഷം |
| 4. | ടൂറിസം ഭട്ട് റോഡ് റിപ്പയർ വർക്സ് | 4.50 ലക്ഷം |

ബാക്കി അംഗീകാരം നൽകിയ പ്രവർത്തികൾ നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്.

**കോട്ടയം ജില്ലയിൽ മത്സ്യത്തൊഴിലാളി ഭവനപദ്ധതി**

173 (2000) <u>ശ്രീ. മോൻസ് ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക്

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫിഷറീസ്-ദേശീയ മത്സ്യത്തൊഴിലാളി ക്ഷേമനിധി സഹായത്തോടെ ഫിഷറീസ് വകുപ്പ് നടപ്പിലാക്കുന്ന ഭവന നിർമ്മാണ പദ്ധതിയിൽ 2013-14, 2014-15, 2015-16 എന്നീ സാമ്പത്തിക വർഷങ്ങളിൽ കോട്ടയം ജില്ലയിൽ സഹായം നൽകിയ ഗുണഭോക്താക്കളുടെ എണ്ണവും പേരുവിവരം ലഭ്യമാക്കാമോ ;

(ബി) പ്രസ്തുത പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കുന്നത് ഏത് ഏജൻസി വഴിയാണ് ?

ഉത്തരം

(എ) ദേശീയ മത്സ്യത്തൊഴിലാളി ക്ഷേമനിധി സഹായത്തോടെ ഫിഷറീസ് വകുപ്പ് കോട്ടയം ജില്ലയിൽ 2013-14 വർഷം 25 വീടുകൾക്കും 2014-15 വർഷം 4 വീടുകൾക്കും ഭവന നിർമ്മാണ ധനസഹായം അനുവദിക്കുകയുണ്ടായി. 2015-16 വർഷം ദേശീയ മത്സ്യത്തൊഴിലാളി ക്ഷേമനിധി ഭവനനിർമ്മാണ പദ്ധതി നിർവ്വഹണം ആരംഭിച്ചിട്ടില്ല. 2013-14, 2014-15 എന്നീ വർഷങ്ങളിലെ ഗുണഭോക്താക്കളുടെ പേരുവിവരം ചുവടെ ചേർക്കുന്നു:

ദേശീയ മത്സ്യത്തൊഴിലാളി ക്ഷേമനിധി ഭവന നിർമ്മാണ പദ്ധതി 2013-14 :

1. വി. വി. മനോഹരൻ, കൊളുവത്ര, കുമരകം
2. കെ. ആർ. രമേഷൻ, കൊച്ചുവടക്കുഴി, വൈക്കം
3. ഷൺമുഖൻ കെ. ആർ., കരീച്ചിറ ഹൗസ്, പോളശ്ശേരി, വൈക്കം
4. ഷാജി, ജെ. ഇ., ഇളങ്ങളൂർച്ചിറ, നാട്ടകം
5. മാത്യു, ആര്യാട്ടുഴത്തിൽ, ആർപ്പൂക്കര
6. വാസു, വി.വി., പുളിനിൽക്കുംകാലായിൽ, കെ.എസ്.മംഗലം പി.ഒ.
7. സലിംകുമാർ. പി. കെ., പുത്തൻതറ, ഉദയനാപുരം പി.ഒ.
8. ബിജുമോൻ, പി. ഡി. പുത്തൻപറമ്പിൽ, ചീപ്പുങ്കൽ പി.ഒ.
9. ദിലീപ്കുമാർ, ഇളംകുറ്റ്, കുമരകം പി.ഒ.
10. ചന്ദ്രൻ, വടകരംഞ്ചേരി കായിപ്പുറത്ത്, വൈക്കം
11. പൊന്നപ്പൻ, തേവരേഴത്ത്, റ്റി.വി. പുരം
12. പി. ആർ. തിലകൻ, മുക്കിൽ, റ്റി.വി. പുരം പി.ഒ.
13. കെ. എ. ബാബു, കോട്ടയ്ക്കൽ മാലി, മര്യാതുരുത്ത് പി.ഒ.
14. പി. ഉത്തമൻ, ഫിഷർമെൻ കോളനി, വൈക്കം

15. ഷൺമുഖൻ, പേരേപ്പള്ളിൽ, ചെമ്പ് പി.ഒ.
16. ബിജു കെ. വി., കളവംകോടത്തുചിറ, കുമരകം പി.ഒ.
17. രഘു, കെ. കെ., ആദിത്യഭവനം, വൈക്കം
18. സന്തോഷ്, പി. വി., പടിഞ്ഞാറേ മൂലാത്തറ, മറവന്തുരുത്ത്
19. എം. എസ്. ഓമനക്കുട്ടൻ, മുറ്റുകുത്തിൽ, ചെമ്പ് പി. ഒ.
20. പി. എസ്. ചന്ദ്രൻ, പുത്തൻതറ, തലയാഴം
21. പുരുഷോത്തമൻ, വേങ്കിത്തറ, ചെമ്പ്
22. മോഹനൻ പി. കെ., ചുഴലിക്കുഴി, ആർപ്പൂക്കര (വെസ്റ്റ്)
23. രതീശൻ, കെ. പി, കണ്ണന്തറ, പോളശ്ശേരി, വൈക്കം
24. പി. കെ. പ്രതാപൻ, പുത്തൻപുരയിൽ, കുമ്പേൽ, ചെമ്പ് പി.ഒ.
25. ദേവരാജൻ, അയ്യൻചിറയിൽ, അംബികാ മാർക്കറ്റ് പി.ഒ., വെച്ചൂർ

<u>ദേശീയ മത്സ്യത്തൊഴിലാളി ക്ഷേമനിധി ഭവന നിർമ്മാണ പദ്ധതി 2014-15 :</u>

1. പി. ഡി. അച്ചൻകുഞ്ഞ്, കണിയാംകുളത്തിൽ, നാട്ടകം പി.ഒ.
2. വിജയൻ, കറുപ്പന്തറ, ഉദയനാപുരം പി.ഒ.
3. ഷാജി, കൃഷ്ണൻതുരുത്ത്, ബ്രഹ്മമംഗലം പി.ഒ., ചെമ്പ്
4. അജയൻ, എസ്., വട്ടത്തറ, ഉദയനാപുരം പി.ഒ.

(ബി) ദേശീയ മത്സ്യത്തൊഴിലാളി ക്ഷേമനിധി ഭവനനിർമ്മാണ പദ്ധതി ഫിഷറീസ് വകുപ്പ് നേരിട്ടാണ് സംസ്ഥാനത്ത് നടപ്പാക്കുന്നത്.

**ഫിഷ് മെയ്ഡ്-ഫിഷ് കിയോസ്കുകൾ**

174 (2001) <u>ഡോ. കെ. ടി. ജലീൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2012-13 ലെ സംസ്ഥാന ബഡ്ജറ്റിൽ ഫിഷ് മെയ്ഡ്എന്ന ബ്രാൻഡ് നെയിമിൽ തീരദേശ വികസന കോർപ്പറേഷൻ മുഖേന ആരംഭിക്കുമെന്ന് പ്രഖ്യാപിച്ചിരുന്ന നൂറ് ഫിഷ് കിയോസ്കുകൾ പ്രവർത്തനമാരംഭിച്ചിട്ടുണ്ടോ ;

(ബി) സംസ്ഥാനത്ത് ഏതെല്ലാം സ്ഥലങ്ങളിലാണ് ഇവ സ്ഥാപിക്കപ്പെട്ടിട്ടുള്ളത് ;

(സി) പ്രഖ്യാപന വേളയിൽ എത്ര തുകയുടെ വിറ്റുവരവാണ് ലക്ഷ്യമിട്ടിരുന്നത്;

ഇതുവരെയുള്ള കാലയളവിൽ ഈ കിയോസ്കുകൾവഴി ലഭ്യമായ വിറ്റുവരവ് എത്ര ; വ്യക്തമാക്കാമോ ?

ഉത്തരം

(എ) തീരദേശ വികസന കോർപ്പറേഷൻ മുഖേന പ്രസ്തുത പദ്ധതി പ്രകാരം അനുവദിച്ച ഒരു കിയോസ്കിന് 3.5 ലക്ഷം രൂപ അപര്യാപ്തമായതിനാൽ സംസ്ഥാന സർക്കാരിൽനിന്നും പുതിയ ഭരണാനുമതി നൽകിയ ഫിഷ് മെയ്ഡ് പ്രീമിയം ഔട്ട്ലെറ്റിൽ ഒരെണ്ണം സ്ഥാപിച്ചിട്ടുണ്ട്. ബാക്കിയുള്ളവ സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(ബി) ആദ്യത്തെ ഔട്ട്ലെറ്റ് കൊച്ചിയിൽ പ്രവർത്തനം ആരംഭിച്ചു.

(സി) ഒരു ഔട്ട്ലെറ്റിൽനിന്നും ആഴ്ചയിൽ 2,62,500 രൂപയുടെ വിറ്റ് വരവ് ലക്ഷ്യമിട്ടിരുന്നു. എന്നാൽ കൊച്ചിയിലെ പ്രീമിയം ഔട്ട്ലെറ്റുവഴി നാളിതുവരെ 3,68,722 രൂപയുടെ വിറ്റുവരവ് നടന്നിട്ടുണ്ട്.

**മറൈൻ ആംബുലൻസ്**

175 (2002) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഇറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഞ്ച് കേന്ദ്രങ്ങളിൽ മറൈൻ ആംബുലൻസ് ഏർപ്പെടുത്തുമെന്ന 2013-14-ലെ ബഡ്ജറ്റ് പ്രഖ്യാപനം യാഥാർത്ഥ്യമായിട്ടുണ്ടോ ;

(ബി) എങ്കിൽ ഏതെല്ലാം സ്ഥലങ്ങളിൽ പ്രാവർത്തികമായിട്ടുണ്ട് ; അപകടത്തിൽപ്പെട്ട എത്രപേരെ പ്രസ്തുത സംവിധാനംവഴി രക്ഷിക്കാൻ സാധിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) ഇല്ല. കടൽരക്ഷാ പ്രവർത്തനങ്ങൾക്കായുള്ള മറൈൻ ആംബുലൻസ് സംവിധാനം ഏർപ്പെടുത്തുന്നതിന് 2013-14 ബഡ്ജറ്റ് പ്രസംഗത്തിൽ മൂന്ന് കോടി

രൂപ വകയിരുത്തുമെന്ന് പ്രഖ്യാപിച്ചതിന്റെ അടിസ്ഥാനത്തിൽ, രണ്ട് കോടി രൂപ നിരക്കിൽ മൂന്ന് മറൈൻ ആംബുലൻസുകൾ വാങ്ങുന്നതിനായി ആറ് കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. എന്നാൽ 2015-16 വർഷത്തെ ബഡ്ജറ്റിൽ ടി പദ്ധതിക്കായി ആവശ്യമായ തുക വകയിരുത്തിയിട്ടില്ല.

**മത്സ്യവിത്തിന്റെ ഗുണനിലവാരം**

176 (2003) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. പി. എ. മാധവൻ :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി ചെയ്യുന്ന മത്സ്യ വിത്തിന്റെ ഗുണനിലവാരം ഉറപ്പാക്കുവാൻ നിയമനിർമ്മാണം നടത്തിയിട്ടുണ്ടോ ; വിശദാംശം വെളിപ്പെടുത്തുമോ ;

(ബി) ഗുണനിലവാരം കുറഞ്ഞ മത്സ്യകുഞ്ഞുങ്ങളെ ഉപയോഗിച്ച് മത്സ്യകൃഷി നടത്തുന്നത്‌വഴി മത്സ്യങ്ങൾക്ക് വേഗത്തിൽ രോഗം ബാധിക്കുന്നതായും ആയത് ഭക്ഷണത്തിന് യോഗ്യമല്ലെന്നുമുള്ള കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ ഫിഷറീസ് വകുപ്പ് ഇവയുടെ ഗുണനിലവാരം ഉറപ്പാക്കുവാൻ സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ ;

(സി) മത്സ്യവിത്തിന്റെ ഗുണനിലവാര പരിശോധന ആരംഭിച്ചിട്ടുണ്ടോ ; ഏത് അതോറിറ്റിയെയാണ് ഇതിനായി ചുമതലപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ ;

(ഡി) മത്സ്യവിത്ത് ഉല്പാദന കേന്ദ്രങ്ങൾക്ക് രജിസ്ട്രേഷൻ ഏർപ്പെടുത്തി മത്സ്യവിത്തുകളുടെ ഗുണനിലവാരം ഉറപ്പുവരുത്തുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്. കേരള നിയമസഭ പാസ്സാക്കിയതിൻപ്രകാരമുള്ള 2014-ലെ കേരള മത്സ്യവിത്ത് ബില്ലിന് 2014 ഡിസംബർ 31-ാം തീയതി ബഹുമാനപ്പെട്ട കേരള ഗവർണറുടെ അനുമതി ലഭിച്ചിട്ടുണ്ട്. 2015-ലെ 4-ാം ആക്ട് ആയി ടി നിയമം പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

(ബി) നിലവിൽ അഡാക്കിന്റെ ഉടമസ്ഥതയിൽ വർക്കല ഓടയം ഹാച്ചറി,

കുമ്പളങ്ങി, വടക്കൻ പറവൂർ എന്നിവിടങ്ങളിൽ മത്സ്യ/ചെമ്മീൻ വിത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിന് പി.സി.ആർ. ഉൾപ്പെടെയുള്ള വിവിധ തരത്തിലുള്ള ടെസ്റ്റുകൾ ചെയ്യുന്നതിന് വേണ്ടിയുള്ള ലാബുകൾ പ്രവർത്തിച്ചുവരുന്നു. ചെമ്മീൻ വിത്തിന്റെ ഗുണനിലവാരം പരിശോധിച്ച് രോഗാണു വിമുക്തമാണെന്ന് ഉറപ്പുവരുത്തിയതിനുശേഷമാണ് ചെമ്മീൻ വിത്തുകൾ കർഷകർക്ക് നൽകി വരുന്നത്. കൂടാതെ അഡാക്കിന്റെ നേതൃത്വത്തിൽ അക്വാട്ടിക് ആനിമൽ ഹെൽത്ത് ലബോറട്ടറി NFDB ധനസഹായത്തോടെ തേവരയിൽ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 2014-ലെ കേരള മത്സ്യവിത്ത് ആക്ട് നടപ്പാക്കുന്നതിന് ആവശ്യമായ മത്സ്യവിത്ത് ചട്ടങ്ങൾ തയ്യാറാക്കി വരികയാണ്. ടി ചട്ടങ്ങൾ നിലവിൽ വരുമ്പോൾ മത്സ്യവിത്ത് ഫാമിനും ഹാച്ചറികൾക്കും രജിസ്ട്രേഷൻ, ലൈസൻസ് എന്നിവ നൽകൽ, സീഡ് സർട്ടിഫിക്കേഷൻ, ഹാച്ചറികളിലും ഫാമുകളിലും പരിശോധന നടത്തുക, രോഗബാധിതമായ വിത്തുകൾ നശിപ്പിച്ചു കളയുക, ഇത്തരം വിത്തുകൾ വിൽക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നിയമനടപടികൾ സ്വീകരിക്കുക തുടങ്ങിയ കാര്യങ്ങൾ പ്രാബല്യത്തിൽ കൊണ്ടുവരാൻ കഴിയും.

(സി) മത്സ്യവിത്തിന്റെ ഗുണനിലവാര പരിശോധന ആരംഭിച്ചിട്ടുണ്ട്. നിലവിൽ ഫിഷറീസ് വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന കേരള ജലകൃഷി വികസന ഏജൻസിയെയാണ് (അഡാക്ക്) ചുമതലപ്പെടുത്തിയിട്ടുള്ളത്.

(ഡി) 2014-ലെ കേരള മത്സ്യവിത്ത് ആക്ട് നടപ്പാക്കുന്നതിനാവശ്യമായ ചട്ടങ്ങൾ തയ്യാറാക്കി വരികയാണ്. ആയത് പ്രസിദ്ധീകരിക്കുന്നതോടെ 2014-ലെ കേരള മത്സ്യവിത്ത് ആക്ടും പ്രസ്തുത ചട്ടങ്ങളും പ്രകാരം മത്സ്യവിത്ത് ഉല്പാദന കേന്ദ്രങ്ങൾക്ക് രജിസ്ട്രേഷൻ, ലൈസൻസ് എന്നിവ ഏർപ്പെടുത്തുകയും മത്സ്യ വിത്തുകളുടെ ഗുണനിലവാരം നിയമപരമായി ഉറപ്പുവരുത്തുന്നതിന് കഴിയുന്നതുമാണ്.

**മത്സ്യോൽപ്പാദനം വർദ്ധിപ്പിക്കുവാൻ നടപടി**

177 (2004) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യോൽപ്പാദന രംഗം സർക്കാർ വിലയിരുത്തിയിട്ടുണ്ടോ ;

(ബി) മത്സ്യോൽപ്പാദനം വർദ്ധിപ്പിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) മത്സ്യ കർഷകർക്ക് എന്തൊക്കെ സബ്സിഡികളാണ് നൽകി വരുന്നത്; വിശദമാക്കാമോ ;

(ഡി) ഇവർക്ക് പെൻഷൻ അനുവദിക്കുന്നുണ്ടോ ; ഇല്ലെങ്കിൽ പ്രതിമാസ പെൻഷൻ അനുവദിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 2012 മുതൽ 2015 വരെയുള്ള കാലയളവിൽ നടപ്പാക്കിയ മത്സ്യ സമൃദ്ധിപദ്ധതി മുഖേന ഉൾനാടൻ മത്സ്യോല്പാദനം 1.5 ലക്ഷം ടണ്ണിൽനിന്നും 2.5 ലക്ഷം ടണ്ണായി ഉയർത്തി ഉൾനാടൻ മത്സ്യോല്പാദനത്തിന്റെകാര്യത്തിൽ സ്വയംപര്യാപ്തത നേടുക എന്ന ഉദ്യമം ലക്ഷ്യം കണ്ടിരുന്നു.

2015-18 കാലയളവിൽ 1.5 ലക്ഷം മെട്രിക് ടൺ അധിക മത്സ്യ ഉല്പാദനം പ്രതീക്ഷിച്ചുകൊണ്ട് മത്സ്യസമൃദ്ധി II എന്ന പേരിൽ പുതിയൊരു പദ്ധതി സംസ്ഥാനത്തുടനീളം നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ജല കർഷക വികസന ഏജൻസി (അഡാക്ക്) വഴി നടപ്പിലാക്കുന്ന പദ്ധതികൾ:

സംസ്ഥാനാവിഷ്കൃത പദ്ധതിയിലുൾപ്പെടുത്തി ജല കർഷക വികസന ഏജൻസി മുഖേന പൊക്കാളി നിലങ്ങളിൽ പരിസ്ഥിതി സൗഹൃദ ചെമ്മീൻ കൃഷി, ഒരു നെല്ലും ഒരു മീനും-കുട്ടനാട്-കോൾ നിലങ്ങളിൽ, കൈപ്പാട് നിലങ്ങളിലെ ചെമ്മീൻ കൃഷി എന്നിവയും 13-ാം ധനകാര്യകമ്മിഷൻ കുട്ടനാട്ട് പാക്കേജ് പദ്ധതിപ്രകാരം ആലപ്പുഴ, കോട്ടയം, പത്തനംതിട്ട ജില്ലകളിലായി ഒരു നെല്ലും ഒരു മീനും പദ്ധതി, പെൻമത്സ്യകൃഷി, പരമ്പരാഗത മത്സ്യസമ്പത്ത് സംരക്ഷണം, കൂടുകളിലെ കൃഷി എന്നിവ നടപ്പിലാക്കിയിട്ടുണ്ട്. വെള്ളായണിക്കായലിൽ ഒരു മത്സ്യ സങ്കേതം സ്ഥാപിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

13-ാം ധനകാര്യ കമ്മിഷൻ കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി പാതിരാമണലിൽ 10 ഹെക്ടർ സ്ഥലത്ത് ഒരു മത്സ്യസങ്കേതം സ്ഥാപിക്കാനുള്ള നടപടിയും പുരോഗമിച്ചുവരുന്നു. NFDB-യുടെ ധനസഹായത്തോടുകൂടി കേരളത്തിലെ 18 ജലസംഭരണികളിൽ മത്സ്യവിത്തു നിക്ഷേപിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കി. അതിനുപുറമേ ആയിരംതെങ്ങ് ഫാമിൽ നൂതന ജലകൃഷി പദ്ധതിയിൽ ഉൾപ്പെടുത്തി ഓരുജല മത്സ്യകൃഷി, സമുദ്രജല മത്സ്യങ്ങളുടെ കൂടുകൃഷി, പെൻമത്സ്യകൃഷി എന്നിവയും പൊയ്യഫാമിലെ പുനരുദ്ധാരണ പദ്ധതിയിലുൾപ്പെടുത്തി പൂമീൻ, കരിമീൻ, തിരുത, കാളാഞ്ചി, പൊംപാനോ,

വനാമി എന്നിവയും കൃഷി ചെയ്യുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്.

ആർ.കെ.വി.വൈ. പദ്ധതിപ്രകാരം സമഗ്ര കോൾ വികസന പദ്ധതിയുടെ ഭാഗമായി തൃശ്ശൂർ, മലപ്പുറം ജില്ലകളിലെ കോൾ നിലങ്ങളിലെ സംയോജിത ആറ്റുകൊഞ്ച്/മത്സ്യകൃഷി പദ്ധതിയും നടപ്പിലാക്കിവരുന്നു.

ഫിർമ വഴി നടപ്പിലാക്കുന്ന പദ്ധതികൾ:

നാടൻ മത്സ്യഇനങ്ങളുടെ വംശവർദ്ധനവിനായി ഇരിട്ടിപ്പുഴ ശാസ്താംകോട്ട കായൽ, പെരിയാർ, പമ്പയാർ, ചാലിയാർ നീലേശ്വരം നദി എന്നിവിടങ്ങളിൽ ഫിർമ മത്സ്യസങ്കേതം സ്ഥാപിച്ചിട്ടുണ്ട്. പമ്പയാർ, മൂവാറ്റുപുഴ, ചേലൂർ കായൽ, നീലംപേരൂർ, കുമരകം, വളപട്ടണം പുഴ എന്നിവിടങ്ങളിലും സാങ്ച്വറികൾ സ്ഥാപിച്ചുവരുന്നു. വളപട്ടണം പുഴയിലെ ആറ്റുകൊഞ്ചിന്റെ പുനരുജ്ജീവനത്തിനുള്ള പദ്ധതി മൂന്ന് വർഷങ്ങളായി ഫിർമ നടപ്പിലാക്കിവരുന്നു. കുട്ടനാടൻ കൊഞ്ചിന്റെയും കരിമീനിന്റെയും റീസ്റ്റോറേഷൻ റാഞ്ചിംഗ് ആന്റ് റിക്രൂട്ട്മെന്റ് എന്ന പദ്ധതി പ്രകാരം കുട്ടനാട് പ്രദേശത്തെ ജലാശയങ്ങളിൽ ആറ്റുകൊഞ്ചും കരിമീനും നിക്ഷേപിക്കുന്ന പദ്ധതിയും നടപ്പിലാക്കിവരുന്നു.

ഉൾനാടൻ ജലാശയങ്ങളിൽ മത്സ്യകുഞ്ഞുങ്ങളെ നിക്ഷേപിക്കുന്നതിന്റെ ഭാഗമായി 2015-16 വർഷം 6 ലക്ഷം രൂപ വീതം ആകെ 30 ലക്ഷം രൂപ ആലപ്പുഴ, എറണാകുളം, മലപ്പുറം, കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലകൾക്ക് അനുവദിച്ച് നൽകിയിരുന്നു. ടി തുക വിനിയോഗിച്ച് 7,29,000 പൂമീൻ കുഞ്ഞുങ്ങളെ മേൽപ്പറഞ്ഞ ജില്ലകളിലെ പൊതുജലാശയങ്ങളിൽ നിക്ഷേപിച്ചിട്ടുണ്ട്.

(സി) സംസ്ഥാന സർക്കാർ ഫിഷറീസ് വകുപ്പ് മുഖേന നടപ്പിലാക്കിയ മത്സ്യകേരളം, മത്സ്യസമൃദ്ധി പദ്ധതി I, നിലവിൽ നടപ്പിലാക്കിവരുന്ന മത്സ്യസമൃദ്ധി II പദ്ധതി എന്നിവ മുഖാന്തരം സംസ്ഥാനത്ത് വിവിധ തരത്തിലുള്ള ഉൾനാടൻ മത്സ്യകൃഷി രംഗത്ത് പ്രവർത്തിക്കുന്ന കർഷകർക്ക് മത്സ്യവിത്ത്, മത്സ്യത്തീറ്റ എന്നിവ ഇൻപുട്ട് സബ്സിഡിയായി നൽകിവരുന്നു. കൂടാതെ സൗജന്യ മത്സ്യകൃഷി ഇൻഷ്വറൻസ് നടപ്പിലാക്കിവരുന്നു. ഇവ കൂടാതെ കർഷകർക്ക് പരിശീലനം നൽകൽ, മത്സ്യകൃഷിയെക്കുറിച്ചുള്ള സൗജന്യ കൈപ്പുസ്തകം വിതരണം ചെയ്യൽ തുടങ്ങിയ വളരെയധികം പ്രോത്സാഹനങ്ങൾ ഈ മേഖലയിൽ കർഷകർക്ക് ലഭ്യമാക്കിവരുന്നു.

വിവിധ സബ്സിഡി വിവരങ്ങൾ ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | ഘടക പദ്ധതികൾ | ഏരിയ | സബ്സിഡി തുക (രൂപയിൽ ) |
|---|---|---|---|
| 1 | ശുദ്ധജല മത്സ്യകൃഷി | ഒരു ഹെക്ടർ | 10,000 |
| 2 | മത്സ്യ/ചെമ്മീൻകൃഷി (പാടശേഖരങ്ങളിലും കോൾ പാടങ്ങളിലും) | ഒരു ഹെക്ടർ | 10,000 |
| 3 | ചെമ്മീൻ കൃഷി (പൊക്കാളി, കൈപ്പാട് നിലങ്ങൾ, സ്വകാര്യ കുളങ്ങൾ) | ഒരു ഹെക്ടർ | 20,000 |
| 4 | കല്ലുമേക്കായ കൃഷി | യൂണിറ്റ് | 2500 യൂണിറ്റ് |
| 5 | ഞണ്ട് പരിപോഷണം (ഞണ്ട് കൊഴുപ്പിക്കൽ) കൃഷി | യൂണിറ്റ് | 12500 യൂണിറ്റ് |

(1) നെല്ലും മീനും പദ്ധതി - 1 ഹെക്ടറിന് 1,48,680 രൂപ

(2) കൂടുകളിലെ കരിമീൻ കൃഷി - ഒരു ഗ്രൂപ്പിന് 8 ലക്ഷം രൂപ

(3) വലവളപ്പുകളിലെ കൃഷി - ഒരു ഗ്രൂപ്പിന് 5 യൂണിറ്റുകളുടെ ആനുകൂല്യം (90,000 രൂപ)

(4) കരിമീൻ വിത്തുല്പാദന യൂണിറ്റുകൾ - ഒരു യൂണിറ്റിന് 10,000 രൂപ

കൂടാതെ കോൾ നിലങ്ങളിലെ ഒരു നെല്ലും ഒരു മീനും പദ്ധതിക്ക് പാടശേഖര സമിതികൾക്ക് നേഴ്സറി ബണ്ട് നിർമ്മാണത്തിന് (60%) മത്സ്യആറ്റുകൊഞ്ച് വിത്തുകൾക്ക് (100%) കുളം ഒരുക്കലിനും മത്സ്യതീറ്റയ്ക്കും (75%) സബ്സിഡി നൽകിവരുന്നു. മത്സ്യകർഷക വികസന ഏജൻസി വഴിയായി മത്സ്യ കർഷകർക്കായി മത്സ്യക്കുളം നിർമ്മാണം, മത്സ്യത്തീറ്റ, മത്സ്യക്കുളം പുനഃരുദ്ധാരണം എന്നിവയ്ക്കുള്ള സബ്സിഡി വിതരണം ചെയ്തുവരുന്നു. മത്സ്യക്കുളം നിർമ്മാണത്തിന് സെന്റൊന്നിന് 368 രൂപയും മത്സ്യത്തീറ്റയ്ക്ക് സെന്റൊന്നിന് 40 രൂപയും മത്സ്യക്കുളം പുനഃരുദ്ധാരണത്തിന് സെന്റൊന്നിന് 60 രൂപയും സബ്സിഡിയായി നൽകിവരുന്നു.

(ഡി) കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന മത്സ്യത്തൊഴിലാളികൾക്കും മത്സ്യത്തൊഴിലാളി വിധവകൾക്കും അനുബന്ധ തൊഴിലാളികൾക്കുമാണ് പെൻഷൻ നൽകിവരുന്നത്. മത്സ്യകർഷകർക്ക് നിലവിൽ പെൻഷൻ നൽകിവരുന്നില്ല. മത്സ്യകർഷകർക്ക് പെൻഷൻ അനുവദിക്കുന്നകാര്യം ഇപ്പോൾ പരിഗണനയിലില്ല.

**കടലിൽ പോയി മരിക്കുന്നവരുടെ കുടുംബങ്ങൾക്കുള്ള നഷ്ടപരിഹാരം**

178 (2005) <u>ശ്രീ. എം. വി. ശ്രേയാംസ് കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഉറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടലിൽ പോയി മരിക്കുന്നവരുടെ കുടുംബങ്ങൾക്ക് എത്ര തുകയാണ് നഷ്ടപരിഹാരമായി നൽകുന്നതെന്നും അതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ ;

(ബി) മരിച്ചയാളുടെ ശവശരീരം കിട്ടിയിട്ടില്ലെങ്കിൽ ആ കുടുംബത്തിന് നഷ്ടപരിഹാരം ലഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത നിബന്ധനകൾ ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) കടലിൽപ്പോയി അപകടംമൂലം മരണപ്പെടുന്ന മത്സ്യത്തൊഴിലാളികളുടെ കുടുംബങ്ങൾക്ക് (ആശ്രിതർക്ക്) മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന താഴെപ്പറയുന്ന രണ്ട് പദ്ധതികൾ പ്രകാരം ധനസഹായം നൽകിവരുന്നു:

1. <u>ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി :</u>

പദ്ധതി പ്രകാരം അപകടമരണത്തിനും മത്സ്യബന്ധനത്തിനിടയിൽ കാണാതാകുന്നവരുടെ ആശ്രിതർക്കും സ്ഥിരവും പൂർണ്ണവുമായ അവശതയ്ക്കും 5,00,000 രൂപയും സ്ഥിരവും ഭാഗികവുമായ അവശതയ്ക്ക് 2,50,000 രൂപയും മരണാനന്തര ശവസംസ്കാര ചടങ്ങിന് പരമാവധി 2000 രൂപയും രണ്ട് കുട്ടികളുടെ വിദ്യാഭ്യാസ ചെലവിനായി പരമാവധി 10,000 രൂപയും അപകടംമൂലം 24 മണിക്കൂറിലധികം ആശുപത്രിയിൽ കിടത്തി ചികിൽസ വേണ്ടിവരുന്നവർക്ക് ചികിത്സാ ചെലവിനായി പരമാവധി 25,000 രൂപയും ധനസഹായമായി നൽകിവരുന്നു. പ്രസ്തുത പദ്ധതിപ്രകാരം ധനസഹായം ലഭിക്കുന്നതിന് താഴെപ്പറയുന്ന

രേഖകൾ ഹാജരാക്കേണ്ടതാണ്:

1) നിശ്ചിത മാതൃകയിലുള്ള അപേക്ഷ ഫോറം.
2) ഏഴ് ദിവസത്തിനുള്ളിൽ ഇൻഷ്വറൻസ് കമ്പനിക്ക് ഫിഷറീസ് ഓഫീസർ സമർപ്പിക്കുന്ന പ്രാഥമിക റിപ്പോർട്ട്.
3) ഒറിജിനൽ മരണ സർട്ടിഫിക്കറ്റ്.
4) ഫിഷറീസ് ഓഫീസറുടെ അന്വേഷണ റിപ്പോർട്ട്.
5) റീജിയണൽ എക്സിക്യൂട്ടീവിന്റെ അന്വേഷണ റിപ്പോർട്ട്.
6) എഫ്.ഐ.ആർ.-ന്റെ കോപ്പി.
7) പോസ്റ്റ്മോർട്ടം റിപ്പോർട്ട്.
8) പോസ്റ്റ്മോർട്ടം റിപ്പോർട്ടിൽ കെമിക്കൽ അനാലിസിസ് റിപ്പോർട്ട്.
9) പോലീസിന്റെ ഫൈനൽ റിപ്പോർട്ട്.

2. ആം ആദ്മി ബീമ യോജന പദ്ധതി :

ആം ആദ്മി ബീമ യോജന പദ്ധതിപ്രകാരം അപകടംമൂലം മരണമടയുന്നവർക്ക് 75,000 രൂപ നഷ്ടപരിഹാരം നൽകുന്നു. പ്രസ്തുത പദ്ധതിപ്രകാരം ധനസഹായം ലഭിക്കുന്നതിന് താഴെപ്പറയുന്ന സർട്ടിഫിക്കറ്റുകൾ ഹാജരാക്കേണ്ടതാണ്:

(1) നിശ്ചിത മാതൃകയിലുള്ള അപേക്ഷാഫോറം
(2) ഒറിജിനൽ മരണ സർട്ടിഫിക്കറ്റ്

(ബി) കടലിൽ മത്സ്യബന്ധനത്തിന് പോകുന്ന മത്സ്യത്തൊഴിലാളികൾ അപകടത്തിൽ മരിച്ചാൽ മൃതദേഹം കണ്ടുകിട്ടിയില്ലെങ്കിൽ ഏഴ് വർഷം കഴിഞ്ഞ് മാത്രമാണ് അവരുടെ അവകാശികൾക്ക് ധനസഹായം നൽകിവന്നിരുന്നത്. ടി കാലതാമസം ഒഴിവാക്കുന്നതിനായി റവന്യൂ വകുപ്പ് 10-11-2014 തീയതിയിൽ പുറപ്പെടുവിച്ച 56020/ടി2/2014/റ.വ. നമ്പർ സർക്കുലർ പ്രകാരം, കടലിൽ മത്സ്യബന്ധത്തിനിടെ മത്സ്യത്തൊഴിലാളി അപകടംമൂലം കാണാതാവുമ്പോൾ പോലീസ് സ്റ്റേഷനിൽ ഫയൽ ചെയ്യുന്ന കേസ് പോലീസ് അന്വേഷിച്ച് നോൺ ട്രെയ്സബിൾ ആണെന്ന റിപ്പോർട്ടിന്റെയും വില്ലേജ് ഓഫീസറുടെ അന്വേഷണത്തിന്റെ അടിസ്ഥാനത്തിലും കളക്ടർ/ആർ.ഡി.ഒ.-യ്ക്ക് 'ആളെ കാൺമാനില്ല' എന്ന സർട്ടിഫിക്കറ്റ് നൽകുന്നതിന് എല്ലാ ജില്ലാ കളക്ടർമാർക്കും റവന്യൂ വകുപ്പ് നിർദ്ദേശം

നൽകിയിട്ടുണ്ട്. ടി സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ കുടുംബാംഗങ്ങളിൽ നിന്നും ഇൻഡമിനിറ്റി ബോണ്ട് എഴുതിവാങ്ങി കാലതാമസം കൂടാതെ ധനസഹായം നൽകിവരുന്നു.

**തവനൂർ മണ്ഡലത്തിലെ മത്സ്യഗ്രാമം പദ്ധതി**

179 (2006) ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി തവനൂർ മണ്ഡലത്തിലെ മംഗലം പഞ്ചായത്തിൽ പ്രവൃത്തി നടത്താൻ തീരുമാനിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഏതെല്ലാം പദ്ധതികൾക്കാണ് അനുമതി നൽകിയിട്ടുള്ളത് എന്ന് തുക സഹിതം വിശദമാക്കുമോ ;

(സി) പ്രസ്തുത പ്രവൃത്തിയുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്നും, പ്രവൃത്തി എന്നത്തേക്ക് തുടങ്ങാൻ സാധിക്കുമെന്നും എന്ന് പൂർത്തിയാക്കാനും കഴിയുമെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) 2014-15 സാമ്പത്തികവർഷത്തിൽ സംയോജിത മത്സ്യഗ്രാമ വികസന പദ്ധതിയിലുൾപ്പെടുത്തി തവനൂർ മണ്ഡലത്തിലെ മംഗലം പഞ്ചായത്തിലെ കൂട്ടായി മത്സ്യഗ്രാമത്തിൽ 1.98 കോടി രൂപയുടെ പദ്ധതികൾ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻമുഖേന നടപ്പിലാക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) സംയോജിത മത്സ്യഗ്രാമ വികസനപദ്ധതിയിലുൾപ്പെടുത്തി തവനൂർ മണ്ഡലത്തിലെ മംഗലം പഞ്ചായത്തിലെ കൂട്ടായി മത്സ്യഗ്രാമത്തിൽ 1.98 കോടി രൂപയുടെ താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കുന്നു:

കുടിവെള്ള പദ്ധതി - 110.00
ലക്ഷം രൂപ വൈദ്യുതീകരണം -
302.24 ലക്ഷം രൂപ
ഹൈമാസ്റ്റ്ലൈറ്റ് സ്ഥാപിക്കൽ - 16.00 ലക്ഷം രൂപ
ജീവനോപാധി സഹായം - 41.60 ലക്ഷം രൂപ

(സി) പദ്ധതികളെല്ലാം ആരംഭിച്ചുകഴിഞ്ഞു. കുടിവെള്ള പദ്ധതി, വൈദ്യുതീകരണം, ഹൈമാസ്റ്റ്ലൈറ്റ് എന്നിവ കരാർ കാലാവധി പൂർത്തിയാകുന്ന മുറയ്ക്ക് പൂർത്തീകരിക്കുന്നതാണ്. ജീവനോപാധി സഹായത്തിനുള്ള അർഹരായ ഗുണഭോക്താക്കളുടെ കരട് ലിസ്റ്റ് അതാത് മത്സ്യഭവൻ ഓഫീസുകളിൽ പരാതികളുണ്ടെങ്കിൽ സമർപ്പിക്കുന്നതിനായി പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | അടങ്കൽ തുക | പദ്ധതി പുരോഗതി |
|---|---|---|---|
| 1 | കൂട്ടായി മത്സ്യഗ്രാമം കുടിവെള്ള പദ്ധതി | 110.00 ലക്ഷം രൂപ | വാട്ടർ അതോറിറ്റി യുമായി എഗ്രിമെന്റ് വച്ച് ഫണ്ട് കൈമാറി |
| 2 | വൈദ്യുതീകരണം | 30.24 ലക്ഷം രൂപ | കെ.എസ്.ഇ.ബി. യുമായി എഗ്രിമെന്റ് വച്ച് ഫണ്ട് കൈമാറി |
| 3 | ഹൈമാസ്റ്റ് ലൈറ്റ് | 16.00 ലക്ഷം രൂപ | ടെണ്ടർ പൂർത്തീകരിച്ചു |
| 4 | ജീവനോപാധി സഹായം | 41.60 ലക്ഷം രൂപ | പദ്ധതി പുരോഗമിക്കുന്നു |

## രാമന്തളി വലിയപറമ്പ് പാണ്ഡ്യാലക്കടവ് നടപ്പാലം

180 (2007) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വലിയപറമ്പ് ദ്വീപ് പഞ്ചായത്തിനെ രാമന്തളിയുമായി ബന്ധിപ്പിക്കുന്ന രാമന്തളി വലിയപറമ്പ് പാണ്ഡ്യാലക്കടവ് നടപ്പാലം നിർമ്മാണവുമായി ബന്ധപ്പെട്ട്

ഭരണാനുമതി നൽകിയിരുന്നുവെങ്കിലും റിവൈസ്ഡ് ഭരണാനുമതി അനുവദിക്കാൻ കാലതാമസം വരുന്നതിന്റെ കാരണം വ്യക്തമാക്കാമോ ?

ഉത്തരം

കാസർഗോഡ് ജില്ലയിലെ രാമന്തളി വലിയ പറമ്പ നടപ്പാലത്തിന്റെ നിർമ്മാണത്തിന് 750 ലക്ഷം രൂപയുടെ ഭരണാനുമതി നബാർഡ് RIDF XVI-ൽ ഉൾപ്പെടുത്തി അനുവദിച്ചിരുന്നു. അതനുസരിച്ച് പ്രവൃത്തിയുടെ പ്രാരംഭ നടപടികൾ ആരംഭിച്ച സാഹചര്യത്തിൽ സ്ഥലത്തെ ജനപ്രതിനിധികൾ നടപ്പാലത്തിനുപകരം ഒരു സിംഗിൾ ലെയിൻ പാലമാണ് ആവശ്യമെന്ന് അറിയിക്കുകയുണ്ടായി. അതനുസരിച്ച് സിംഗിൾ ലെയിൻ പാലത്തിനുള്ള 1210 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് നബാർഡിൽ സമർപ്പിച്ചു. എന്നാൽ RIDF XVIII, XIX, XX എന്നിവയിൽ ഉൾപ്പെടുത്തി ഈ പദ്ധതിക്ക് അംഗീകാരം ലഭിക്കാത്ത സാഹചര്യത്തിൽ പ്രസ്തുത പദ്ധതിയുടെ 22 കോടി രൂപ വരുന്ന പുതുക്കിയ പ്രൊപ്പോസൽ RIDF XXI-ൽ ഉൾപ്പെടുത്തി അംഗീകാരം നൽകുവാൻ കഴിയുമോയെന്ന കാര്യം പരിശോധിച്ചുവരുന്നു.

**വിഴിഞ്ഞം മത്സ്യബന്ധന തുറമുഖം**

181 (2008) ശ്രീ. സി. കെ. നാണു :
ശ്രീമതി ജമീലാ പ്രകാശം :
ശ്രീ. ജോസ് തെറ്റയിൽ :
ശ്രീ. മാത്യു റ്റി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ എത്ര മത്സ്യബന്ധന തുറമുഖങ്ങളും ഫിഷ് ലാന്റിംഗ് സെന്ററുകളുമാണ് പ്രവർത്തിക്കുന്നതെന്നും അവ ഏതെല്ലാമാണെന്നും വ്യക്തമാക്കുമോ ;

(ബി) വിഴിഞ്ഞം മത്സ്യബന്ധന തുറമുഖത്തിന്റെ നിർമ്മാണം പൂർത്തീകരിക്കുവാൻ ഈ ഗവൺമെന്റ് അധികാരത്തൽ വന്നതിനുശേഷം എന്ത് തുക ചെലവഴിച്ചു ;

(സി) പ്രസ്തുത തുക വിനിയോഗിച്ച് നടത്തിയ നിർമ്മാണ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത തുറമുഖം എന്നേക്ക് കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കേരളത്തിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിനുകീഴിൽ പ്രവർത്തനക്ഷമമായ

13 മത്സ്യബന്ധന തുറമുഖങ്ങളുണ്ട്. (ഹാർബറുകൾ) തുറമുഖങ്ങളുടെ വിശദവിവരം അനുബന്ധമായി ചേർക്കുന്നു.*

7-12-2013-ലെ സർക്കാർ ഉത്തരവ് നമ്പർ 73/2013/മ.ഇ.വ. പ്രകാരം 187 ഫിഷ്‌ലാന്റിംഗ് സെന്ററുകൾ ലിസ്റ്റ് ചെയ്ത് ഉത്തരവ് പ്രസിദ്ധീകരിച്ചിരുന്നു. എന്നാൽ പ്രസിദ്ധീകരിച്ച ലിസ്റ്റിൽ പല ലാന്റിംഗ് സെന്ററുകളും പ്രവർത്തിക്കുന്നില്ലെന്നും ലിസ്റ്റിൽപ്പെടാത്ത ലാന്റിംഗ് സെന്ററുകൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ കോസ്റ്റ് ഗാർഡ്, ഫിഷറീസ് വകുപ്പ്, കോസ്റ്റൽ പോലീസ് എന്നിവർ സംയുക്തമായി പരിശോധന നടത്തി 204 ലാന്റിംഗ് സെന്ററുകൾ ഉള്ളതായി റിപ്പോർട്ട് നൽകിയതിന്റെ അടിസ്ഥാനത്തിൽ ടി 204 ലാന്റിംഗ് സെന്ററുകൾ/പോയിന്റുകൾ നോട്ടിഫൈ ചെയ്യുന്നതിന്റെ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) വിഴിഞ്ഞം മത്സ്യബന്ധന തുറമുഖ നിർമ്മാണവുമായി ബന്ധപ്പെട്ട് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ 33,22,277 രൂപ ചെലവഴിച്ചു.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിഴിഞ്ഞം പ്രോജക്ട് ഏരിയിലെ ഡ്രെഡ്ജിംഗ് & റിക്ലമേഷൻ പ്രവൃത്തി വെർട്ടിക്കൽ എക്സ്റ്റൻഷൻ ഓഫ് ഗ്രോയിൻ എന്നീ പ്രവൃത്തികൾ നടപ്പിലാക്കി.

(ഡി) വിഴിഞ്ഞം മത്സ്യബന്ധന തുറമുഖത്ത് അവശേഷിക്കുന്ന പ്രവൃത്തികളായ ഖബർ സംരക്ഷണം, ശേഷിക്കുന്ന ചുറ്റുമതിൽ, ഡ്രഡ്ജിംഗ് എന്നിവയ്ക്ക് 737 ലക്ഷം രൂപയുടെ ഭരണാനുമതി VISIL-ന്റെ Corporate Social Responsibility(CSR) പദ്ധതിയിൽ നൽകിയിട്ടുള്ളതും, പ്രസ്തുത പ്രവൃത്തി ഏർപ്പാടാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നതുമാണ്. ടി പ്രവൃത്തി പൂർത്തീകരിക്കുവാൻ ചുരുങ്ങിയത് ഒരു വർഷം ആവശ്യമാണ്. ആയതിനുശേഷം കമ്മീഷൻ ചെയ്യാൻ കഴിയുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**കല്ലാനോട് സഹകരണ മത്സ്യഹാച്ചറി**

182 (2009) <u>ശ്രീ. പുരുഷൻ കടലുണ്ടി</u> : താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ബാലുശ്ശേരി അസംബ്ലിമണ്ഡലത്തിലെ കല്ലാനോട് സഹകരണ മത്സ്യ ഹാച്ചറിയിൽ എന്തെല്ലാം വികസന പരിപാടികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; അവയുടെ പുരോഗതി വിശദമാക്കുമോ ?

<u>ഉത്തരം</u>

കോഴിക്കോട് ജില്ലയിൽ ബാലുശ്ശേരി അസംബ്ലി മണ്ഡലത്തിൽ ഫിഷറീസ് വകുപ്പിന്റെ ഉടമസ്ഥതയിലുള്ള കല്ലാനോട് മത്സ്യഹാച്ചറിയുടെ പുനഃരുദ്ധാരണത്തിന്റെ ഭാഗമായി 410 ലക്ഷം രൂപയുടെ പദ്ധതിക്ക് സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. നിർമ്മാണ പ്രവൃത്തികൾ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേനയാണ് നിർവ്വഹിക്കുന്നത്. നിലവിൽ ടി ഹാച്ചറി പെരുവണ്ണാമുഴി പട്ടികജാതി മത്സ്യത്തൊഴിലാളി വികസന ക്ഷേമസഹകരണ സംഘമാണ് 6-11-1986 മുതൽ പ്രവർത്തിപ്പിച്ചുവരുന്നത്. തുടക്കത്തിൽ മത്സ്യവിത്ത് ഉല്പാദനം നിർവ്വഹിക്കപ്പെട്ടിരുന്നുവെങ്കിലും 25-8-2009 മുതൽ 8-6-2014 വരെ ടി ഹാച്ചറി പ്രവർത്തനരഹിതമായിരുന്നു. ആയതിനാൽ ഫിഷറീസ് വകുപ്പിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ ടി ഹാച്ചറി പ്രവർത്തിപ്പിക്കത്തക്കതരത്തിലും ഉല്പാദനശേഷി കൂട്ടുന്നതിനുംവേണ്ട അടിസ്ഥാന സൗകര്യങ്ങളായ ജലസംഭരണി, പുതിയ വെർട്ടിക്കൽ കുളങ്ങൾ, ബ്രൂഡർ ടാങ്കുകൾ, സെമി നാച്വറൽ പോണ്ടുകൾ, കണ്ടീഷണിംഗ് കുളങ്ങൾ, ഡ്രെയിനേജ് കനാൽ, സെയിൽസ് ഔട്ട്ലെറ്റ് എന്നിവയുടെ നിർമ്മാണം വൈദ്യുതീകരണം തുടങ്ങിയവയാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. പദ്ധതി നടപ്പിലാക്കു ന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**കൊണ്ടോട്ടി മത്സ്യമാർക്കറ്റിന്റെ നവീകരണം**

183 (2010) <u>ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യമാർക്കറ്റുകളുടെ നവീകരണത്തിന് എന്തെല്ലാം പദ്ധതികളാണ് നിലവിലുള്ളത് : ഇതിന് കേന്ദ്ര ഫണ്ട് ലഭ്യമാണോ എന്ന് വിശദമാക്കുമോ ;

(ബി) ഇതിനകം സംസ്ഥാനത്ത് ഏതെല്ലാം മത്സ്യമാർക്കറ്റുകളുടെ നവീകരണത്തിന് ഫണ്ട് അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ :

(സി) കൊണ്ടോട്ടിയിലെ മത്സ്യ മാർക്കറ്റ് നവീകരണത്തിന വേണ്ടി സമർപ്പിച്ച അപേക്ഷയിൻമേൽ ഫണ്ട് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ദേശീയ മത്സ്യ വികസന ബോർഡിന്റെ ധനസഹായത്തോടെ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന സംസ്ഥാനത്തുടനീളം ആധുനിക ശുചിത്വ മത്സ്യമാർക്കറ്റുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി നിലവിലുണ്ട്. ഇതിന് ദേശീയ മത്സ്യ വികസന ബോർഡ് അംഗീകരിക്കുന്ന തുകയുടെ തൊണ്ണൂറ് ശതമാനം സബ്സിഡിയായിരുന്നു. ഇപ്പോൾ ഈ സഹായം ദേശീയ മത്സ്യ വികസന ബോർഡ് 60:40 അനുപാതത്തിലാക്കി പുനഃക്രമീകരിച്ചിട്ടുണ്ട്.

(ബി) മേൽ ഉൾപ്പെടുത്തിയിട്ടുള്ളവരെ താഴെപ്പറയുന്ന മത്സ്യമാർക്കറ്റുകൾക്ക് ഫണ്ട് അനുവദിച്ചു:

| ക്രമ നമ്പർ | ഫിഷ്മാർക്കറ്റ് | അടങ്കൽ തുക (ലക്ഷത്തിൽ) | എൻ.എഫ്. ഡി.ബി. വിഹിതം (ലക്ഷത്തിൽ) | സംസ്ഥാന വിഹിതം (ലക്ഷത്തിൽ) |
|---|---|---|---|---|
| (1) | (2) | (3) | (4) | (5) |
| 1 | കുളത്തൂർ | 137.55 | 117.25 | 20.3 |
| 2 | ചിറയിൻകീഴ് | 190.05 | 159.05 | 31.00 |
| 3 | പാങ്ങോട് | 250.00 | 225.00 | 25.00 |
| 4 | പൂവച്ചൽ | 103.58 | 87.11 | 16.47 |
| 5 | കഴക്കൂട്ടം | 232.64 | 195.68 | 36.96 |
| 6 | നെടുമങ്ങാട് | 238.5 | 200.6 | 37.9 |
| 7 | വെഞ്ഞാറമൂട് | 237.04 | 199.38 | 37.66 |
| 8 | കോന്നി | 225.75 | 189.873 | 35.877 |
| 9 | പത്തനംതിട്ട | 250.00 | 225.00 | 25.00 |
| 10 | പാലമേൽ | 174.61 | 141.372 | 33.238 |
| 11 | ചെങ്ങന്നൂർ | 103.74 | 83.99 | 19.75 |

| | | | | |
|---|---|---|---|---|
| 12 | കരുവാറ്റ | 196.53 | 159.12 | 37.41 |
| 13 | ഏറ്റുമാന്നൂർ | 345.49 | 225 | 120.49 |
| 14 | വൈക്കം | 162.24 | 146.02 | 16.22 |
| 15 | ചങ്ങനാശ്ശേരി | 357.76 | 225.00 | 132.76 |
| (1) | (2) | (3) | (4) | (5) |
| 16 | കോട്ടയം കോടിമാത | 240.27 | 202.00 | 38.27 |
| 17 | പള്ളുരുത്തി | 230.36 | 207.324 | 23.036 |
| 18 | നോർത്ത്പറവൂർ | 250.00 | 225.00 | 25.00 |
| 19 | ആലുവ | 250.00 | 225.00 | 25.00 |
| 20 | തേവര | 150.00 | 121.5 | 28.5 |
| 21 | മൂവാറ്റുപുഴ | 160.00 | 130.5 | 29.5 |
| 22 | കാലടി | 239.77 | 201.67 | 38.1 |
| 23 | ഉദയംപേരൂർ | 125.62 | 105.66 | 19.96 |
| 24 | മുളംതുരുത്തി | 123.41 | 103.81 | 19.6 |
| 25 | കുമിളി | 119.71 | 90.00 | 29.71 |
| 26 | തൊടുപുഴ | 161.2 | 135.00 | 26.20 |
| 27 | മാള | 70.72 | 63.65 | 7.07 |
| 28 | വടക്കാഞ്ചേരി | 103.45 | 87.00 | 16.45 |
| 29 | ഇരിങ്ങാലക്കുട | 250.00 | 225.00 | 25.00 |
| 30 | പട്ടാമ്പി | 237.82 | 200.00 | 37.82 |
| 31 | നിലമ്പൂർ | 151.32 | 136.188 | 15.132 |
| 32 | വണ്ടൂർ | 112.31 | 90.00 | 22.31 |
| 33 | കൽപ്പറ്റ | 148.72 | 133.848 | 14.872 |
| 34 | സുൽത്താൻബത്തേരി | 196.56 | 171.00 | 25.56 |

| | | | | |
|---|---|---|---|---|
| 35 | പയ്യോളി | 115.63 | 90.00 | 25.63 |
| 36 | തലശ്ശേരി | 250.00 | 225.00 | 25.00 |
| 37 | കണ്ണൂർ | 250.00 | 225.00 | 25.00 |
| 38 | കാസർഗോഡ് | 250.00 | 225.00 | 25.00 |
| 39 | പൈക | 80.26 | 67.51 | 12.75 |

(സി) കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻവഴി നടപ്പിലാക്കുന്ന ആധുനിക ശുചിത്വമത്സ്യമാർക്കറ്റ് നിർമ്മാണം നാഷണൽ ഫിഷറീസ് ഡവലപ്മെന്റ് ബോർഡിന്റെ അംഗീകാരം ലഭിച്ചതിനുശേഷമാണ് ആരംഭിക്കുന്നത്. ഇതുപ്രകാരം കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ സമർപ്പിച്ച 12 മത്സ്യമാർക്കറ്റുകൾക്ക് നാഷണൽ ഫിഷറീസ് ഡെവലപ്മെന്റ് ബോർഡിന്റെ അംഗീകാരം ഇതുവരെയും ലഭിച്ചിട്ടില്ല. പ്രസ്തുത മാർക്കറ്റുകൾക്ക് അംഗീകാരം ലഭിച്ചശേഷം മാത്രമെ പുതിയ പ്രൊപ്പോസലുകൾ സമർപ്പിക്കുവാൻ സാധിക്കുകയുള്ളൂ. ആയതിനാൽ പുതിയ പ്രൊപ്പോസൽ സമർപ്പിക്കുന്ന സമയം കൊണ്ടോട്ടി മാർക്കറ്റിന്റെകാര്യവും പരിഗണിക്കുന്നതാണ്.

**ഉൾനാടൻ മത്സ്യകൃഷി**

184 (2011) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉൾനാടൻ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിൻെറ ഭാഗമായി വയനാട് ജില്ലയിൽ നടപ്പാക്കുന്ന പദ്ധതികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത ജില്ലയിലെ മത്സ്യ കർഷകർക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകുന്നതെന്ന് വിശദമാക്കുമോ ;

(സി) കഴിഞ്ഞ സാമ്പത്തിക വർഷം കൽപ്പറ്റ നിയോജക മണ്ഡലത്തിൽ നടപ്പാക്കിയിട്ടുള്ള പദ്ധതികളുടെയും മത്സ്യ കർഷകർക്ക് നൽകിയ ആനുകൂല്യങ്ങളുടെയും വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) ഉൾനാടൻ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി വയനാട് ജില്ലയിൽ മത്സ്യസമൃദ്ധി പദ്ധതിയും ആത്മയുമായി സഹകരിച്ച് പട്ടുതകുളം, മത്സ്യകൃഷി പരിശീലനം, പ്രദർശനകുളങ്ങൾ സ്ഥാപിക്കൽ, ഫാംസ്കൂൾ, ഫാർമേഴ്സ് ക്ലബ്ബിന് സ്വന്തമായ കെട്ടിടം തുടങ്ങി വിവിധ പദ്ധതികളും, കേന്ദ്രാവിഷ്കൃത ഫണ്ട് ഉപയോഗപ്പെടുത്തി കുളം നിർമ്മിച്ച് മത്സ്യകൃഷി ആരംഭിക്കുന്നതിന് ധനസഹായം, ശാസ്ത്രീയമത്സ്യകൃഷിയിൽ പരിശീലനം മുതലായ പദ്ധതികളും നടപ്പിലാക്കി വരുന്നു. അലങ്കാര മത്സ്യ ഉൽപ്പാദന യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് നാഷണൽ ഫിഷറീസ് ഡവലപ്മെന്റ് ബോർഡ് (NFDB) ആവിഷ്കരിച്ച് പദ്ധതി ഫിർമവഴി നടപ്പാക്കിവരുന്നു.

(ബി) ജില്ലയിലെ മത്സ്യകർഷകരെ മത്സ്യസമൃദ്ധി പദ്ധതിയിലുൾപ്പെടുത്തി മത്സ്യവിത്ത്, മത്സ്യത്തീറ്റ എന്നിവയ്ക്ക് നൂറ് ശതമാനം ധനസഹായം നൽകിയിട്ടുണ്ട്. കൂടാതെ മത്സ്യക്കുളം നിർമ്മാണം, മത്സ്യകുളം പുനരുദ്ധാരണം എന്നിവയ്ക്ക് സബ്സിഡിയും നൽകുന്നു.

(സി) കഴിഞ്ഞ സാമ്പത്തിക വർഷം കൽപ്പറ്റ നിയോജകമണ്ഡലത്തിൽ താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്:

(1) മത്സ്യവിത്ത് വിതരണം: കൽപ്പറ്റ നിയോജകമണ്ഡലത്തിൽ 1055 കർഷകർക്കായി 5,05,509 മത്സ്യവിത്തുകൾ സൗജന്യമായി വിതരണം ചെയ്തു.

(2) ശാസ്ത്രീയ മത്സ്യകൃഷി പരിശീലനം: കൽപ്പറ്റ നിയോജകമണ്ഡലത്തിൽ 58 കർഷകർക്ക് ശാസ്ത്രീയ മത്സ്യകൃഷിയിൽ പരിശീലനം നൽകി.

(3) തീറ്റ സബ്സിഡി: കൽപ്പറ്റ നിയോജകമണ്ഡലത്തിൽ 21538 രൂപ തീറ്റ സബ്സിഡിയായി വിതരണം ചെയ്തു.

(4) കുളം നിർമ്മാണം സബ്സിഡി: കൽപ്പറ്റ നിയോജകമണ്ഡലത്തിൽ മൂന്ന് കർഷകർക്കായി ഒരേക്കർ കുളം നിർമ്മാണത്തിനായി 36,800 രൂപ സബ്സിഡിയായി അനുവദിച്ചു.

(5) പട്ടുതാക്കുളം: കൽപ്പറ്റ നിയോജകമണ്ഡലത്തിൽ 9 കർഷകർക്ക് പട്ടുതാക്കുളത്തിൽ സംയോജിത മത്സ്യകൃഷിക്കായി ആത്മയുമായി സഹകരിച്ച് 45 സെന്റ് പട്ടുതാക്കുളത്തിന് 5,94,000 രൂപ സബ്സിഡിയായി അനുവദിച്ചു.

**അമ്പലപ്പുഴ മണ്ഡലത്തിൽ നടപ്പാക്കിയ വികസന പ്രവർത്തനങ്ങൾ**

185 (2012) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഇുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മത്സ്യബന്ധന വകുപ്പ് അമ്പലപ്പുഴ മണ്ഡലത്തിൽ നടപ്പാക്കിയ വികസന പ്രവർത്തനങ്ങൾ വിശദമാക്കാമോ ;

(ബി) വിവിധ വികസന പ്രവർത്തനങ്ങൾക്കായി എന്തു തുക ചിലവഴിച്ചു ; ഓരോ പദ്ധതിയ്ക്കായി ചെലവഴിച്ച തുക തരംതിരിച്ച് വ്യക്തമാക്കാമോ ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മത്സ്യബന്ധന വകുപ്പ് മുഖേന എത്ര മത്സ്യത്തൊഴിലാളികൾക്ക് അമ്പലപ്പുഴ മണ്ഡലത്തിൽ വീട് നിർമ്മിച്ചു നൽകി ; വിശദാംശം നൽകുമോ ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം മത്സ്യബന്ധന വകുപ്പിന്റെ ഫണ്ട് ഉപയോഗിച്ച് എത്ര റോഡുകൾ നിർമ്മിച്ചു; ഓരോ പ്രവൃത്തിയ്ക്കും എന്തു തുക ചെലവഴിച്ചു ; വിശദാംശം നൽകുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അമ്പലപ്പുഴ മണ്ഡലത്തിൽ ഫിഷറീസ് വകുപ്പ് നേരിട്ട് നടപ്പിലാക്കിയ പദ്ധതികളുടെ വിവരങ്ങൾ അനുബന്ധം (എ) ആയി ചേർത്തിരിക്കുന്നു.*

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന അമ്പലപ്പുഴ മണ്ഡലത്തിൽ നടപ്പാക്കിയതും വിവിധഘട്ടങ്ങളിലായി നടന്നുവരുന്നതുമായ വികസന പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ അനുബന്ധം (ബി) ആയി ചേർത്തിരിക്കുന്നു.*

(ബി) ഫിഷറീസ് വകുപ്പുവഴി നേരിട്ട് നടപ്പിലാക്കുന്ന പദ്ധതികളുടെ വിവരം അനുബന്ധം (സി) ആയി ചേർത്തിരിക്കുന്നു.*

വിവിധ വികസന പ്രവർത്തനങ്ങൾക്കായി അമ്പലപ്പുഴ മണ്ഡലത്തിൽ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന നടപ്പിലാക്കിയ പദ്ധതികൾക്കുവേണ്ടി ചെലവഴിച്ച തുകയുടെ വിശദാംശം അനുബന്ധം (ഡി) ആയി ചേർത്തിരിക്കുന്നു.*

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഫിഷറീസ് വകുപ്പ് മുഖേന 843 മത്സ്യത്തൊഴിലാളികൾക്ക് വീട് നിർമ്മാണത്തിന് ധനസഹായം അനുവദിച്ചിട്ടുണ്ട്.

(ഡി) ഫിഷറീസ് വകുപ്പ് നേരിട്ട് അമ്പലപ്പുഴ മണ്ഡലത്തിൽ റോഡുകൾ നിർമ്മിക്കുന്ന പദ്ധതി നടപ്പിലാക്കിയിട്ടില്ല.

ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന തീരദേശ റോഡുകളുടെ നിലവാരമുയർത്തുന്ന പദ്ധതിയിലുൾപ്പെടുത്തി 54 റോഡുകൾക്ക് ഭരണാനുമതി നൽകുകയും 27 റോഡുകൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധം (ഇ) ആയി ചേർത്തിരിക്കുന്നു.*

**ഉൾനാടൻ മത്സ്യോത്പാദനം**

186 (2013) <u>ശ്രീ. ബെന്നി ബെഹനാൻ</u> :
<u>ശ്രീ. വി. ഡി. സതീശൻ</u> :
<u>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ</u> :
<u>ശ്രീ. കെ. ശിവദാസൻ നായർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഉൾനാടൻ മത്സ്യോത്പാദനത്തിൽ വർദ്ധന ഉണ്ടായിട്ടുണ്ടോ ; എങ്കിൽ എത്ര ശതമാനമെന്ന് വ്യക്തമാക്കുമോ ?

(ബി) സംസ്ഥാനത്തെ ഉൾനാടൻ മത്സ്യകൃഷി രംഗത്ത് തൊഴിലെടുക്കുന്ന ജനവിഭാഗങ്ങളുടെ നിലനിൽപ്പിനായി പദ്ധതി തയ്യാറാക്കുമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഉൾനാടൻ മത്സ്യോല്പാദനത്തിൽ 66 ശതമാനം വർദ്ധനവ് രേഖപ്പെടുത്തിയിട്ടുണ്ട്. 2010-11-ൽ 1.21 ലക്ഷം ടൺ ആയിരുന്ന ഉൾനാടൻ മത്സ്യോത്പാദനം 2014-15-ൽ

2.02 ലക്ഷം ടൺ ആയി വർദ്ധിച്ചു.

(ബി) ഉൾനാടൻ മത്സ്യകൃഷി രംഗത്ത് തൊഴിലെടുക്കുന്ന ജനവിഭാഗങ്ങളെ സഹായിക്കുന്നതിനായി പൊതുജലാശയങ്ങളിലെ മത്സ്യവിത്ത് നിക്ഷേപിക്കുന്ന പദ്ധതിക്കായി മത്സ്യസമൃദ്ധി II-ൽ 2015-18 കാലയളവിലേയ്ക്ക് 210 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്. 2015-18 കാലയളവിൽ മത്സ്യസമൃദ്ധി -II പദ്ധതി നടപ്പാക്കുന്നതിലൂടെ മൂന്ന് വർഷം കൊണ്ട് 35 ലക്ഷം തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെടുന്നു. കൂടാതെ കേജ് കൃഷി/പെൻ കൾച്ചർ/മസ്സൽ കൾച്ചർ എന്നീ പദ്ധതികൾ സംസ്ഥാനത്ത് നടപ്പിലാക്കുന്നതിലൂടെ ഈ മേഖലയിൽ പ്രവർത്തിക്കുന്നവർക്ക് നിരവധി തൊഴിൽ ദിനങ്ങൾ പുതിയതായി സൃഷ്ടിക്കപ്പെടുന്നു.

**തീരദേശ വികസന കോർപ്പറേഷൻ വഴിയുള്ള പദ്ധതികൾ**

187 (2014) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2012-13-ലെ സംസ്ഥാന ബഡ്ജറ്റിൽ തീരദേശവികസന കോർപ്പറേഷൻ വഴി ആരംഭിക്കുമെന്ന് പ്രഖ്യാപിച്ചിരുന്ന പദ്ധതികൾ ഏതെല്ലാം ആയിരുന്നുവെന്ന് വ്യക്തമാക്കാമോ ;

(ബി) ഇവയിൽ പ്രസ്തുത സാമ്പത്തിക വർഷം പൂർത്തിയാക്കാനോ ലക്ഷ്യത്തിലെത്താനോ കഴിയാത്ത പദ്ധതികളുണ്ടോ ; എങ്കിൽ വ്യക്തമാക്കാമോ ;

(സി) ഇവയിൽ മൂന്നര വർഷത്തിനുശേഷവും പൂർത്തിയാക്കാൻ കഴിയാത്ത പദ്ധതികളുണ്ടോ ; എങ്കിൽ വ്യക്തമാക്കാമോ ;

(ഡി) ഓരോ പദ്ധതിയ്ക്കും 2012-13-ൽ വകയിരുത്തിയ തുക എത്ര ; അനുവദിക്കപ്പെട്ട തുക എത്ര ; പിൻവലിക്കാതെ അവശേഷിക്കുന്ന തുക എത്ര ;

(ഇ) ഇവയിൽ ഏതെങ്കിലും പദ്ധതിയ്ക്ക് തുടർന്നുള്ള ബഡ്ജറ്റുകളിൽ തുക വകയിരുത്തിയിട്ടുണ്ടോ ; എങ്കിൽ ഓരോ ബഡ്ജറ്റിലും വകയിരുത്തിയ തുക എത്ര ; അനുവദിക്കപ്പെട്ട തുക എത്ര ; ട്രഷറിയിൽ പിൻവലിക്കാതെ അവശേഷിക്കുന്ന തുക എത്ര എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) സംയോജിത കടൽസുരക്ഷാ പദ്ധതി, കോൾഡ് ചെയിൻ പദ്ധതി, ഫിഷ് മെയ്ഡ്, സംയോജിത മത്സ്യഗ്രാമ വികസന പദ്ധതി എന്നിവയാണ് 2012-13-ലെ സംസ്ഥാന ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്ന പദ്ധതികൾ.

(ബി)

1. സംയോജിത മത്സ്യഗ്രാമ വികസന പദ്ധതിയിലുൾപ്പെടുത്തി 25 മത്സ്യഗ്രാമങ്ങളിൽ വികസന പദ്ധതി നടപ്പിലാക്കുന്നതിനായി ഭരണാനുമതിനൽകി. പദ്ധതി പുരോഗമിക്കുന്നു.
2. ഫിഷ് മെയ്ഡ് പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.
3. കോൾഡ് ചെയിൻ പദ്ധതി അംഗീകാരത്തിനായി നാഷണൽ ഫിഷറീസ് ഡെവലപ്മെന്റ് ബോർഡിന് സമർപ്പിച്ചെങ്കിലും അംഗീകാരം ലഭിച്ചിട്ടില്ല.
4. 33 കോടി രൂപ അടങ്കൽ തുക വരുന്ന സംയോജിത കടൽസുരക്ഷാ പദ്ധതിക്ക് അംഗീകാരം നൽകിയിട്ടില്ല.

(സി) ഫിഷ് മെയ്ഡ് പദ്ധതി, സംയോജിത മത്സ്യഗ്രാമ വികസന പദ്ധതി എന്നിവയുടെ പ്രവർത്തനം പുരോഗമിക്കുന്നു. സംയോജിത കടൽ സുരക്ഷാ പദ്ധതി, കോൾഡ് ചെയിൻ പദ്ധതി എന്നിവയ്ക്ക് അനുമതി നൽകിയിട്ടില്ല.

(ഡി)

| പദ്ധതി | ബഡ്ജറ്റിൽ വകയിരുത്തിയ തുക | അനുവദിക്കപ്പെട്ട തുക | പിൻവലിക്കാതെ അവശേഷിക്കുന്ന തുക |
|---|---|---|---|
| ഫിഷ് മെയ്ഡ് | 16.67 ലക്ഷം | 16.67 ലക്ഷം | 16.67 ലക്ഷം |
| സംയോജിത മത്സ്യഗ്രാമ വികസന പദ്ധതി | 50 കോടി | 47.09 കോടി | 17.49 കോടി |

(ഇ) 2012-13-ലെ സംസ്ഥാന ബഡ്ജറ്റിൽ പ്രഖ്യാപിച്ച പദ്ധതികൾക്ക് തുടർന്നുള്ള ബഡ്ജറ്റുകളിൽ തുക വകയിരുത്തിയിട്ടില്ല.

**മത്സ്യസമ്പത്ത്**

188 (2015) ശ്രീ. സി. എഫ്. തോമസ് :
ശ്രീ. തോമസ് ഉണ്ണിയാടൻ :
ശ്രീ. റ്റി. യു. കുരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മത്സ്യസമ്പത്ത് കുറഞ്ഞുവരുന്നതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ;

(ബി) അങ്ങനെയുണ്ടെങ്കിൽ ഇതിനുള്ള കാരണങ്ങൾ എന്താണെന്ന് പരിശോധിച്ചിട്ടുണ്ടോ ; വ്യക്തമാക്കാമോ ;

(സി) മത്സ്യസമ്പത്ത് കുറഞ്ഞുവരുന്നതു പരിഹരിക്കുന്നതിനും മത്സ്യ തൊഴിലാളികളെ വറുതിയിൽനിന്നും രക്ഷിക്കുന്നതിനും നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഫിഷറീസ് വകുപ്പ് നേരിട്ട് ഇതുസംബന്ധിച്ച് പഠനങ്ങൾ ഒന്നും നടത്തിയിട്ടില്ല. Illegal unregulated unreported fishing-ഉം കാലാവസ്ഥ വ്യതിയാനവുമാണ് മത്സ്യസമ്പത്ത് കുറയുന്നതിനുള്ള പ്രധാന കാരണങ്ങളെന്ന് ശാസ്ത്രസമൂഹം അഭിപ്രായപ്പെട്ടിട്ടുണ്ട്.

(സി) സംസ്ഥാനത്തെ മത്സ്യസമ്പത്ത് നിലനിർത്തുന്നതിനും വർദ്ധിപ്പിക്കുന്നതിനുമായി നിലവിൽ അനുവർത്തിക്കുന്ന അശാസ്ത്രീയവും നിരോധിതവുമായ രീതികൾ തടയുന്നതിനായി മറൈൻ എൻഫോഴ്സ്മെന്റിന്റെ മേൽനോട്ടത്തിൽ അഞ്ച് ഫിഷറീസ് സ്റ്റേഷനുകൾ കേന്ദ്രീകരിച്ച് കടൽ പട്രോളിംഗ്നടത്തി അനധികൃത മത്സ്യബന്ധനം നടത്തുന്ന യാനങ്ങളെ ഇംപൗണ്ട് ചെയ്ത് ആവശ്യമായ ശിക്ഷണനടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. കൂടാതെ മത്സ്യസമ്പത്ത് സംരക്ഷിക്കുന്നതിനായി മത്സ്യങ്ങളുടെ പ്രജനന കാലമായ ജൂൺ, ജൂലൈ മാസങ്ങളിൽ KMFR Act 4-ാം വകുപ്പ് അനുസരിച്ച് കേരളത്തിലെ തീരപ്രദേശങ്ങളിൽ ട്രോളിംഗ് നിരോധനം ഏർപ്പെടുത്തിവരുന്നുണ്ട്. മത്സ്യസമ്പത്ത് സംരക്ഷിക്കുന്നതിന്റെ ഭാഗമായി ചെറുമത്സ്യങ്ങളെ പിടിക്കുന്നത് നിരോധിച്ചുകൊണ്ട് KMFR Act -ലെ സെക്ഷൻ 4 അനുസരിച്ച് നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ മത്സ്യസമ്പത്ത് സംരക്ഷിക്കുന്നതിന്റെ ഭാഗമായി കടലിൽ കൃത്രിമപാരുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നുണ്ട്.

ഉൾനാടൻ മത്സ്യസമ്പത്ത് കുറഞ്ഞുവരുന്നത് പരിഹരിക്കുന്നതിനായി

പൊതുജലാശയങ്ങളിൽ മത്സ്യവിത്ത് നിക്ഷേപിക്കൽ, മത്സ്യക്കുഞ്ഞുങ്ങളെ സംരക്ഷിക്കുന്നതിനും പരിപാലിക്കുന്നതിനുമായി മത്സ്യസങ്കേതങ്ങൾ കൃത്രിമ പാരുകൾ, മത്സ്യ/കൊഞ്ച് നിക്ഷേപിക്കൽ തുടങ്ങിയ പദ്ധതികളിലൂടെ മത്സ്യ സമ്പത്ത് വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ നടപ്പിലാക്കിവരുന്നു. കൂടാതെ 2012-15 വരെയുള്ള കാലയളവിൽ മത്സ്യസമൃദ്ധി I മുഖേന ഉൾനാടൻ മത്സ്യോല്പാദനം 1.5 ലക്ഷം ടണ്ണിൽനിന്നും 2.5 ലക്ഷം ടണ്ണായി ഉയർത്തി. 2015-18 കാലയളവിൽ മത്സ്യസമൃദ്ധി II എന്ന പദ്ധതി 1.5 ലക്ഷം മെട്രിക് ടൺ അധിക മത്സ്യഉല്പാദനം ലക്ഷ്യം വച്ച് കൂടുതൽ ഘടകപദ്ധതികൾ ഉൾപ്പെടുത്തി സംസ്ഥാനത്തുടനീളം നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനായി അഡാക്ക് മുഖേന പൊക്കാളി നിലങ്ങളിൽ പരിസ്ഥിതി സൗഹൃദ ചെമ്മീൻകൃഷി, ഒരു നെല്ലും ഒരു മീനും കുട്ടനാട് കോൾ നിലങ്ങളിൽ ഒരു കൈപ്പാട് നിലങ്ങളിലെ ചെമ്മീൻ കൃഷി എന്നിവയും 13-ാം ധനകാര്യ കമ്മീഷൻ കുട്ടനാട് പാക്കേജ് പദ്ധതിപ്രകാരം ആലപ്പുഴ കോട്ടയം പത്തനംതിട്ട ജില്ലകളിലായി ഒരു നെല്ലും ഒരു മീനും പദ്ധതി, പെൻ മത്സ്യകൃഷി, പരമ്പരാഗത മത്സ്യസമ്പത്ത് സംരക്ഷണം, കൂടുകളിലെ കൃഷി എന്നിവയും നടപ്പിലാക്കിയിട്ടുണ്ട്.

മത്സ്യത്തൊഴിലാളികളെ വറുതിയിൽനിന്നും രക്ഷിക്കുന്നതിനായി ട്രോളിംഗ് നിരോധന കാലയളവിൽ സൗജന്യ റേഷൻ വിതരണം ചെയ്യുന്നുണ്ട്. സമ്പാദ്യ സമാശ്വാസ പദ്ധതിവഴി 2700 രൂപ വിതരണം ചെയ്തുവരുന്നുണ്ട്. പലിശക്കാരുടെ ചൂഷണത്തിൽനിന്നും ഇവരെ രക്ഷിക്കുന്നതിനായി NCDC ധനസഹായം മുഖേന കുറഞ്ഞ പലിശ നിരക്കിൽ മത്സ്യബന്ധന ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള വായ്പ മത്സ്യഫെഡ്വഴി മത്സ്യത്തൊഴിലാളികൾക്ക് വിതരണം ചെയ്തുവരുന്നുണ്ട്. കൂടാതെ പ്രാഥമിക സഹകരണ സംഘങ്ങൾവഴി കുറഞ്ഞ പലിശ നിരക്കിൽ മറ്റ് വായ്പയും നൽകിവരുന്നുണ്ട്.

**മത്സ്യമേഖലയുടെ വികസനത്തിന് ബഡ്ജറ്റ് വിഹിതം**

189 (2016) ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2013-14-ലെ ബഡ്ജറ്റിൽ മത്സ്യമേഖലയുടെ വികസനത്തിനും മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിനുമായി ഏതെല്ലാം പദ്ധതികൾ പ്രഖ്യാപിച്ചിരുന്നു ; എത്ര തുക വകയിരുത്തിയിരുന്നു ; വ്യക്തമാക്കാമോ ;

(ബി) ഓരോ പദ്ധതിക്കുമായി അനുവദിക്കപ്പെട്ട തുക എത്ര ; പിൻവലിക്കാതെ

അവശേഷിച്ച തുക എത്ര ; വ്യക്തമാക്കാമോ ;

(സി) തുടർന്നുള്ള വർഷങ്ങളിൽ തുക അനുവദിക്കപ്പെട്ട പദ്ധതികളുണ്ടോ ; എങ്കിൽ എത്ര തുക വീതം അനുവദിച്ചു ; എത്ര വീതം പിൻവലിക്കാതെ അവശേഷിക്കുന്നു ; വ്യക്തമാക്കാമോ ;

(ഡി) പ്രസ്തുത പദ്ധതികളിൽ ഇനിയും പൂർണ്ണമായി നടപ്പിലാക്കാൻ കഴിയാത്തവ ഉണ്ടോ ; ഏതെല്ലാം വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ&ബി) 2013-14 ബഡ്ജറ്റിൽ മത്സ്യമേഖലയുടെ വികസനത്തിനും മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിനുമായി 54 പദ്ധതികളും ഓരോ പദ്ധതിക്കും അനുവദിക്കപ്പെട്ട തുകയും സംബന്ധിച്ച വിവരം അനുബന്ധം ആയി ചേർത്തിരിക്കുന്നു.* 2013-14 വർഷത്തെ പദ്ധതിക്കായി അനുവദിക്കപ്പെട്ടവയിൽ പിൻവലിക്കാതെ അവശേഷിച്ച തുക ആകെ 5642.25 ലക്ഷമാണ്.

(സി) 2013-14 വർഷം അനുവദിക്കപ്പെട്ട പദ്ധതികളിൽ spill over നടത്തിപ്പിനായി തുടർന്നുള്ള വർഷങ്ങളിൽ തുക അനുവദിക്കേണ്ടിവന്നിട്ടില്ല.

(ഡി) പ്രസ്തുത പദ്ധതികളെല്ലാംതന്നെ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു.

## മത്സ്യത്തിന്റെ ഗുണനിലവാരം

190 (2017) <u>ശ്രീ. വർക്കല കഹാർ</u> :
<u>ശ്രീ. സി. പി. മുഹമ്മദ്</u> :
<u>ശ്രീ. സണ്ണി ജോസഫ്</u> :
<u>ശ്രീ. ടി. എൻ പ്രതാപൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഉറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിറ്റഴിക്കുന്ന മത്സ്യത്തിന്റെ ഗുണനിലവാരം ഉറപ്പാക്കുവാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ബി) ഫോർമാലിൻ പോലുള്ള രാസപദാർത്ഥങ്ങൾ കലർത്തി വ്യാപകമായ തോതിൽ മത്സ്യങ്ങൾ വിറ്റഴിക്കപ്പെടുന്നുവെന്ന വിവരം ഫിഷറീസ് വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അതിനെതിരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) പ്രസ്തുത രീതിയിൽ മത്സ്യം വിറ്റഴിക്കുന്നവർക്കെതിരെ കർശന ശിക്ഷാ നടപടികൾ സ്വീകരിക്കുന്നതിനും നിയമനിർമ്മാണം നടത്തുന്നതിനും അടിയന്തരനടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാനത്ത് വിറ്റഴിക്കുന്ന മത്സ്യത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് പ്രാപ്തമായ വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചു കൊണ്ടുള്ള "കേരള മത്സ്യ വില്പനയും മത്സ്യഗുണനിലവാരവും മാനേജ്മെന്റ്" ബിൽ നിയമമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) ഫോർമാലിൻ പോലുള്ള രാസപദാർത്ഥങ്ങൾ കലർത്തി വ്യാപകമായ തോതിൽ മത്സ്യങ്ങൾ വിറ്റഴിക്കപ്പെടുന്നുവെന്ന വിവരം പത്ര റിപ്പോർട്ടിലൂടെ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെങ്കിലും നിലവിലെ അവസ്ഥയിൽ ഫിഷറീസ് വകുപ്പിൽനിന്നും നിയമപരമായി നടപടി സ്വീകരിക്കാൻ ഉതകുന്ന തരത്തിലുള്ള വ്യവസ്ഥകൾ നിലവിലില്ലാത്തതിനാൽ അപ്രകാരം നടപടി സ്വീകരിക്കുന്നതിന് കഴിയില്ല. എന്നാൽ "കേരള മത്സ്യ വിൽപ്പനയും മത്സ്യഗുണനിലവാരവും മാനേജ്മെന്റ്" ബിൽ നിയമമാകുന്നതോടെ അപ്രകാരം ശക്തമായ നടപടികൾ സ്വീകരിക്കുന്നതിന് സാധിക്കുന്നതാണ്. കൂടാതെ മത്സ്യത്തിൽ മായം കലർത്തുന്നതിനെതിരെ മത്സ്യത്തൊഴിലാളികൾക്കും മത്സ്യവിപണന മേഖലയിലെ തൊഴിലാളികൾക്കും വകുപ്പിൽനിന്നും ബോധവത്കരണം നടത്തുന്നുമുണ്ട്.

(സി) പ്രസ്തുത രീതിയിൽ മത്സ്യം വിറ്റഴിക്കുവർക്കെതിരെ കർശന ശിക്ഷാനടപടികൾ സ്വീകരിക്കുന്നതിനും നിയമനിർമ്മാണം നടത്തുന്നതിനുമുള്ള വ്യവസ്ഥകൾ "കേരള മത്സ്യ വിൽപ്പനയും മത്സ്യഗുണനിലവാരവും മാനേജ്മെന്റ്" ബില്ലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

**മത്സ്യത്തൊഴിലാളികൾക്ക് സഹായം**

191 (2018) ശ്രീ. റ്റി. യു. കുരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക്

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികൾക്ക് നൽകിവരുന്ന സഹായങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത വിഭാഗക്കാരുടെ ജീവിതനിലവാരം ഉയർത്തുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ;

(സി) കുടിവെള്ള പ്രശ്നമുൾപ്പെടെയുള്ളവ പരിഹരിക്കുന്നതിനായി ഒരു മാസ്റ്റർ പ്ലാൻ നടപ്പാക്കുന്നതിന് നടപടികൾ ഉണ്ടാകുമോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ;

(ഡി) പ്രസ്തുത വിഭാഗക്കാരുടെ കടബാധ്യതകൾ എഴുതി തള്ളുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികൾക്കായി ഫിഷറീസ് വകുപ്പ് മുഖേന നൽകിവരുന്ന സഹായങ്ങൾ ചുവടെ ചേർക്കുന്നു:

1. ഭവനനിർമ്മാണ ധനസഹായം - യൂണിറ്റിന് 2,00,000 രൂപ
2. ഭവനഅറ്റകുറ്റപ്പണിധനസഹായം- യൂണിറ്റിന് 50,000 രൂപ
3. ടോയ്‌ലെറ്റ് നിർമ്മാണ ധനസഹായം - യൂണിറ്റിന് 17,500 രൂപ
4. സമ്പാദ്യ സമാശ്വാസ പദ്ധതി - 2,700 രൂപ മൂന്ന് മാസങ്ങളിലായി നൽകുന്നു.
5. സൗജന്യ റേഷൻ - പഞ്ഞമാസങ്ങളിൽ നൽകുന്നു.

കൂടാതെ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന തെരഞ്ഞെടുത്ത മത്സ്യഗ്രാമങ്ങളിലെ മത്സ്യത്തൊഴിലാളികൾക്ക് കട്ടമരവും വലയും വാങ്ങുന്നതിന് യൂണിറ്റിന് 40,000 രൂപ വീതം ധനസഹായം നൽകുന്നു. മത്സ്യത്തൊഴിലാളികൾക്ക് മത്സ്യഫെഡ് മുഖേന താഴെപ്പറയുന്ന സേവനങ്ങൾ നൽകിവരുന്നു:

1. എൻ.ബി.സി.എഫ്.ഡി.സി./എൻ.എം.ഡി.എഫ്.സി. എന്നീ ദേശീയ ധനകാര്യ സ്ഥാപനങ്ങളുടെ ധനസഹായത്തോടുകൂടിയുള്ള പദ്ധതികളായ ടേം വായ്പകൾ, മൈക്രോഫിനാൻസ് വായ്പ
2. മത്സ്യത്തൊഴിലാളി വനിതകൾക്ക് മത്സ്യവിപണനത്തിന് പലിശരഹിത വായ്പാ പദ്ധതി
3. ലോൺ ഡിസ്ട്രസ് റിലീഫ് സ്കീം

4. എൻ.സി.ഡി.സി ധനസഹായത്തോടുകൂടിയുള്ള സംയോജിത മത്സ്യ വികസന പദ്ധതി
5. വലകൾക്കുള്ള സബ്സിഡി പദ്ധതി
6. ബാങ്കുകളിൽനിന്നുള്ള വായ്പയ്ക്കുള്ള സബ്സിഡി പദ്ധതി
7. മത്സ്യഫെഡ് ഉപകരണ സുരക്ഷാ പദ്ധതി
8. നാടൻ വള്ളങ്ങളുടെ നവീകരണം
9. മത്സ്യത്തൊഴിലാളികൾക്ക് ഉൽപ്പാദനവർദ്ധനവിനും വരുമാന വർദ്ധനവിനുമായി ഉൽപ്പാദന ബോണസ് പദ്ധതി
10. സബ്സിഡി നിരക്കിൽ വെള്ള മണ്ണെണ്ണ വിതരണ പദ്ധതി
11. മത്സ്യബന്ധനത്തിന് ഉപയോഗപ്രദമായ വിവിധ വാണിജ്യ പ്രവർത്തനങ്ങൾ

മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന മത്സ്യത്തൊഴിലാളികൾക്കായി നടപ്പിലാക്കുന്ന പ്രധാന ക്ഷേമപദ്ധതികൾ അനുബന്ധം 1 ആയി ചേർക്കുന്നു.*

(ബി) തീരപ്രദേശങ്ങളിലെ സാമൂഹിക വിദ്യാഭ്യാസ ആരോഗ്യ മേഖലകളിലെ അടിസ്ഥാന സൗകര്യ വികസനത്തിനായി കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന കുടിവെള്ള പദ്ധതി, വൈദ്യുതീകരണം, ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ, ബയോഗ്യാസ് പ്ലാന്റ് നിർമ്മാണം, റോഡ് നിർമ്മാണം, ലൈബ്രറി/കമ്മ്യൂണിറ്റി ഹാൾ/പബ്ലിക് ഹെൽത്ത് സെന്റർ/ അംഗൻവാടി/സ്കൂൾ എന്നിവയുടെ കെട്ടിട നിർമ്മാണം ഉൾപ്പെടെയുള്ള നിരവധി പദ്ധതികൾ സംയോജിത മത്സ്യഗ്രാമവികസന പദ്ധതി, 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ്, നബാർഡ് ധനസഹായത്തോടെയുള്ള അടിസ്ഥാന സൗകര്യ വികസന ഫണ്ട് സമഗ്ര തീരദേശ വികസന പദ്ധതി എന്നിവയും നടപ്പിലാക്കിവരുന്നു.

(സി) തീരദേശ മേഖലയിലെ കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിനായി സമഗ്ര തീരദേശ വികസന പദ്ധതി, 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ്, സംയോജിത മത്സ്യഗ്രാമ പദ്ധതി, നബാർഡിന്റെ ധനസഹായത്തോടെയുള്ള അടിസ്ഥാനസൗകര്യ വികസനപദ്ധതി എന്നിവ പ്രകാരം കുടിവെള്ള പദ്ധതികൾ നടപ്പിലാക്കിവരുന്നു.

(ഡി) മത്സ്യത്തൊഴിലാളികൾ സഹകരണ ബാങ്കുകൾ, സഹകരണ സംഘങ്ങൾ, വ്യത്യസ്ത ഭരണവകുപ്പുകളുടെ കീഴിൽ പ്രവർത്തിക്കുന്ന ധനകാര്യ സ്ഥാപനങ്ങൾ ദേശസാൽകൃത ബാങ്കുകൾ മത്സ്യഫെഡ്, മുതലായ സ്ഥാപനങ്ങളിൽ നിന്ന് എടുത്ത കടങ്ങൾക്ക് മുതലിനത്തിൽ ഒരു കുടുംബത്തിന് പരമാവധി 75,000 രൂപയും പലിശയിനത്തിൽ ബാക്കിനിൽക്കുന്ന പലിശയുടെ 25 ശതമാനവും എന്ന

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ക്രമത്തിൽ കടാശ്വാസം ശിപാർശ ചെയ്തിട്ടുണ്ട്.

കടാശ്വാസ കമ്മീഷന് ആകെ ലഭിച്ച 1,29,691 അപേക്ഷകളിൽ സിറ്റിംഗിലും അദാലത്തുകളിലും ഇതിനകം പരിശോധിച്ച അപേക്ഷകളിൽ 72639 കടങ്ങളിൽ കടാശ്വാസത്തിനു അർഹത കണ്ടെത്തുകയും സർക്കാർ അംഗീകരിച്ച എട്ട് ലിസ്റ്റുകളിൽ ആറ് ലിസ്റ്റുകൾ വരെയുള്ള കടങ്ങൾക്ക് കടാശ്വാസം അനുവദിച്ചു നൽകിയിട്ടുണ്ട്.

മത്സ്യഫെഡ്/സഹകരണ വകുപ്പ്/ദേശസാൽകൃത ബാങ്കുകൾ/ധനകാര്യ സ്ഥാപനങ്ങൾ എന്നിവ മുഖേന വിതരണം ചെയ്ത കടാശ്വാസ തുകയുടെ വിശദവിവരം അനുബന്ധം II ആയി ചേർക്കുന്നു.*

**മത്സ്യത്തൊഴിലാളികൾക്കുള്ള ഭവനനിർമ്മാണ പദ്ധതി**

192 (2019) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഉൾനാടൻ മത്സ്യ തൊഴിലാളികൾക്കുള്ള ഭവന നിർമ്മാണ പദ്ധതി പ്രകാരം കുട്ടനാട്ടിൽ എത്ര മത്സ്യത്തൊഴിലാളികൾക്ക് വീട് അനുവദിച്ചു എന്നത് സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കുമോ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഫിഷറീസ് വകുപ്പ് മുഖേന നടപ്പിലാക്കിയ മത്സ്യത്തൊഴിലാളി ഭവന നിർമ്മാണ പദ്ധതികൾ വഴി ആലപ്പുഴ ജില്ലയിലെ കുട്ടനാടൻ പ്രദേശത്തെ ആകെ 57 ഉൾനാടൻ മത്സ്യ ത്തൊഴിലാളികൾക്ക് വീടുകൾ അനുവദിച്ചിട്ടുണ്ട്. ഇതിനായി 1,14,00,000 രൂപ ചെലവഴിച്ചിട്ടുണ്ട്. ഫിഷറീസ് വകുപ്പ് മുഖേന ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്കായി പ്രത്യേകം ഭവന നിർമ്മാണ പദ്ധതികൾ നിലവിൽ നടപ്പിലാക്കുന്നില്ല.

**മത്സ്യത്തൊഴിലാളികൾക്കുള്ള സുരക്ഷാപദ്ധതികൾ**

193 (2020) ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(എ) 2012-13-ലെ സംസ്ഥാന ബഡ്ജറ്റിൽ മത്സ്യത്തൊഴിലാളികളുടെ സുരക്ഷ ഉറപ്പാക്കുന്ന വിവിധ പദ്ധതികൾക്കായി വകയിരുത്തിയിരുന്ന തുക എത്രയെന്ന് വ്യക്തമാക്കാമോ ; ഇതിൽ എത്ര തുക അനുവദിക്കപ്പെട്ടുവെന്നും എത്ര തുക ട്രഷറിയിൽ പിൻവലിക്കാതെ അവശേഷിക്കുന്നുവെന്നും വ്യക്തമാക്കുമോ ;

(ബി) എല്ലാ മത്സ്യബന്ധനബോട്ടുകളിലും വയർലെസ്സോ മൊബൈൽ കണക്ടിവിറ്റിയോ ഉണ്ടെന്ന് ഉറപ്പാക്കുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; എല്ലാ മത്സ്യത്തൊഴിലാളികൾക്കും കടൽ സുരക്ഷാ ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) 2012-13 സാമ്പത്തിക വർഷം മത്സ്യവിഭവങ്ങളുടെ സംരക്ഷണവും പരിപാലനവും (കടൽ മത്സ്യസമ്പത്ത്) എന്ന പദ്ധതി നടത്തിപ്പിനായി വകയിരുത്തിയ 100 ലക്ഷം രൂപ, കടൽ രക്ഷാപ്രവർത്തനം, കടൽ പട്രോളിംഗ്, മത്സ്യബന്ധനയാനങ്ങളുടെ രജിസ്ട്രേഷൻ എന്നിവയിലേയ്ക്കായി ചെലവഴിച്ചിട്ടുണ്ട്.

(ബി) മത്സ്യബന്ധന ബോട്ടുകളിൽ വയർലെസ്സോ മൊബൈൽ കണക്ടിവിറ്റിയോ ഉണ്ടെന്ന് ഉറപ്പാക്കാനുള്ള പൂർണ്ണമായ നടപടികൾ സ്വീകരിച്ചിട്ടില്ല. കേരളത്തിൽ നിന്നും മത്സ്യബന്ധനത്തിനുപോകുന്ന 7262 മത്സ്യ ബന്ധനയാന ഉടമകൾക്ക് ലൈഫ്ബോയ്, റഡാർ, റിഫ്ലക്ടർ, കോമ്പസ്, ഹീലിയോഗ്രാഫ്, റേഡിയോ ബീക്കൺ, ഫിഷിംഗ് കം എമർജൻസി ഫ്ലാഷ് ലൈറ്റ്, ഫസ്റ്റ് എയിഡ് കിറ്റ്, വൈറ്റമിൻ ബിസ്ക്കറ്റ്, ജാക്ക്നൈഫ്, കന്നാസ് എന്നീ സുരക്ഷാ ഉപകരണങ്ങൾ ഉൾപ്പെട്ട കടൽ സുരക്ഷാ കിറ്റുകൾ വിതരണം ചെയ്തിട്ടുണ്ട്.

**എയർ കേരള പദ്ധതിയുടെ പുരോഗതി**

194 (2021) <u>ശ്രീ. റ്റി. എ. അഹമ്മദ് കബീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എയർ കേരള പദ്ധതി ആരംഭിക്കുന്നകാര്യം പരിഗണനയിലുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതിയുടെ പുരോഗതി വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ&ബി) പ്രവാസിമലയാളികൾ പ്രത്യേകിച്ച് ഗൾഫ് മേഖലയിൽ തൊഴിൽ

ചെയ്യുന്ന പ്രവാസി മലയാളികളുടെ വർദ്ധിച്ചുവരുന്ന ആവശ്യങ്ങൾ കണക്കിലെടുത്ത് സർക്കാരിന്റെ പങ്കാളിത്തത്തോടെ ഒരു ബഡ്ജറ്റ് എയർലൈൻ മുഖാന്തിരം കുറഞ്ഞ ചെലവിലുള്ള യാത്രാസൗകര്യം ഏർപ്പെടുത്തുകയെന്ന ഉദ്ദേശ്യലക്ഷ്യത്തോടെ സംസ്ഥാന സർക്കാർ 'എയർ കേരള' എന്ന പദ്ധതി എയർ കേരള ഇന്റർനാഷണൽ സർവ്വീസ് കമ്പനി മുഖേന നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഈ കമ്പനിയുടെ ബോർഡ്, ഏണസ്റ്റ് & യംഗ് എന്ന കൺസൾട്ടന്റ് സമർപ്പിച്ച പദ്ധതി റിപ്പോർട്ടിനെ അടിസ്ഥാനമാക്കി അന്താരാഷ്ട്ര മേഖലയിൽ പ്രവർത്തിക്കാൻ കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിച്ചശേഷം എയർകേരള എയർലൈൻ സർവ്വീസ് ആരംഭിക്കുവാൻ തീരുമാനിച്ചിരിക്കുകയാണ്. സംസ്ഥാനത്ത് മൂന്ന് പ്രധാന വിമാനത്താവളങ്ങളായ തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എയർപോട്ടുകളും ദക്ഷിണേന്ത്യയിലെ മറ്റ് വിമാനത്താവളങ്ങളായ കോയമ്പത്തൂർ, മധുര, തൃച്ചി, ബാംഗ്ലൂർ, ചെന്നൈ വിമാനത്താവളങ്ങളെ ബന്ധിപ്പിച്ചാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. കേന്ദ്ര സർക്കാരിന്റെ നിലവിലുള്ള നിബന്ധനകൾ പ്രകാരം അന്താരാഷ്ട്ര സർവ്വീസുകൾ നടത്തുന്നതിന് കുറഞ്ഞത് അഞ്ച് കൊല്ലത്തെ ആഭ്യന്തരമേഖലയിലെ പരിചയവും 20 വിമാനങ്ങളും കമ്പനിക്കാവശ്യമാണ്. കമ്പനിക്ക് പ്രവർത്തനം ആരംഭിക്കാൻ ഈ വ്യവസ്ഥകൾ ഇളവു ചെയ്ത് നൽകണമെന്ന് കേന്ദ്രവ്യോമയാന മന്ത്രാലയത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്. കേന്ദ്ര വ്യോമയാന മന്ത്രാലയത്തിന്റെ മറുപടി ലഭ്യമായെങ്കിൽ മാത്രമെ മറ്റു കാര്യങ്ങളിൽ തീരുമാനമെടുക്കാൻ കഴിയൂ. അന്തർദേശീയ വ്യോമയാന മേഖലയിലെ ദീർഘകാല പ്രവൃത്തിപരിചയം കണക്കിലെടുത്ത് സിയാലിന്റെ നേതൃത്വത്തിൽ 'AIR KERALA' എന്ന പേരിൽ International Budget Airline അനുവദിക്കുന്നതിന് ആവശ്യമായ ഇളവുകളും അനുമതിയും നൽകുന്നതിന് നടപടികൾ സ്വീകരിക്കണമെന്നഭ്യർത്ഥിച്ച് 8-6-2015-ലും മുഖ്യമന്ത്രി കേന്ദ്ര വ്യോമയാന മന്ത്രിക്ക് കത്തയച്ചിട്ടുണ്ട്.

**കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളം**

195 (2023) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ പാസഞ്ചർ ടെർമിനൽ,

ഏപ്രൺ, എയർ ട്രാഫിക് കൺട്രോൾ ടവർ എന്നിവയുടെ നിർമ്മാണം ഏതു ഘട്ടത്തിലാണെന്നും ആയവ എന്നത്തേക്ക് പൂർത്തീകരിക്കാനാകുമെന്നും അറിയിക്കുമോ ?

ഉത്തരം

കണ്ണൂർ വിമാനത്താവളത്തിന്റെ പാസഞ്ചർ ടെർമിനൽ, ഏപ്രൺ, എയർ ട്രാഫിക് കൺട്രോൾ ടവർ എന്നിവയുടെ നിർമ്മാണം ഏകദേശം 50 ശതമാനം പൂർത്തിയായി. 2016 മധ്യത്തോടുകൂടി പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിക്കുന്ന വിധത്തിൽ പ്രവർത്തനങ്ങൾ ക്രമീകരിച്ചിരിക്കുന്നു.

**കോഴിക്കോട് വിമാനത്താവള വികസനം**

196 (2024) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് വിമാനത്താവളത്തിന്റെ റൺവേ റീകാർപ്പറ്റിംങ് ജോലികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ് ;

(ബി) ഏതെല്ലാം ജോലികളാണ് ഇപ്പോൾ നടക്കുന്നതെന്നും, എന്നത്തേക്ക് പ്രവൃത്തി പൂർത്തിയാക്കി വിമാനത്താവളം പൂർവ്വ സ്ഥിതിയിൽ പ്രവർത്തിപ്പിക്കുമെന്നും വ്യക്തമാക്കുമോ ;

(സി) അതുവരെ ചെറുവിമാനങ്ങൾ കൂടുതലായി ഉപയോഗിച്ച് യാത്രക്കാരുടെ പ്രയാസങ്ങൾ ദൂരീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 10 ശതമാനം ജോലികൾ ചെയ്തു തീർന്നിട്ടുണ്ട്.

(ബി) Longitudinal Geo Fabric Drain 2.5 Km പ്രവൃർത്തി തീർന്നിട്ടുണ്ട്. റൺവേ 28-ന്റെ ഭാഗത്ത് 90 മീറ്റർ നീളത്തിലും 45 മീറ്റർ വീതിയിലും 70 സെന്റീമീറ്റർ കുഴിക്കുന്ന പ്രവൃത്തി നടക്കുന്നു. കൂടാതെ Runway Turn Pad-ന്റെ മണ്ണുനീക്കൽ പ്രവൃത്തിയും നടക്കുന്നുണ്ട്. 'റൺവേ 10' ഭാഗത്തുനിന്നും bitumen ഉപയോഗിച്ച് റൺവേ ബലപ്പെടുത്തുന്ന പ്രവൃത്തിയും നടക്കുന്നു.

(സി) ഇതിനായി ശ്രമം നടക്കുന്നുണ്ട്.

**കണ്ണൂരിൽ അന്താരാഷ്ട്ര വിമാനത്താവളത്തിനുള്ള ബാങ്ക് വായ്പ**

197 (2025) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവള നിർമ്മാണത്തിന് ബാങ്കുകളുടെ

കൺസോർഷ്യവുമായി എത്ര കോടി രൂപയുടെ വായ്പക്കാണ് കരാറൊപ്പിട്ടത് ;

(ബി) ഏതെല്ലാം ബാങ്കുകൾ എത്ര കോടി രൂപ വീതമാണ് വായ്പ നൽകുന്നത് ;

(സി) ഓരോ ബാങ്കിൽ നിന്നും എത്ര തുക വീതം വായ്പ ലഭിക്കുകയുണ്ടായി എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവള നിർമ്മാണത്തിന് ബാങ്കുകളുടെ കൺസോർഷ്യവുമായി 892 കോടി രൂപയുടെ വായ്പയ്ക്കാണ് കരാർ ഒപ്പിട്ടത്.

(ബി) കാനറാ ബാങ്ക് 692 കോടി രൂപ, സൗത്ത് ഇൻഡ്യ ബാങ്ക് 110 കോടി രൂപ, ഫെഡറൽ ബാങ്ക് 90 കോടി രൂപ.

(സി) കാനറാ ബാങ്കിൽ നിന്നും 116.37 കോടി രൂപയും സൗത്ത് ഇൻഡ്യൻ ബാങ്കിൽ നിന്നും 18.50 കോടി രൂപയും ഫെഡറൽ ബാങ്കിൽ നിന്നും 15.13 കോടി രൂപയും വായ്പ എടുക്കുകയുണ്ടായി.

**രാജീവ് ഗാന്ധി സെന്റർ ഫോർ ഏവിയേഷൻ ടെക്നോളജി**

198 (2026) ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജീവ്ഗാന്ധി സെന്റർ ഫോർ ഏവിയേഷൻ ടെക്നോളജിക്കുവേണ്ടി വാങ്ങിയ വിമാനം പറത്താനാവാത്ത സാഹചര്യത്തിൽ നശിച്ചു കൊണ്ടിരിക്കുകയാണെന്ന റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) വിമാനം പറത്താനാവാത്ത സാഹചര്യം തരണം ചെയ്യാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ;

(സി) പൈലറ്റ് നിയമനക്കാര്യത്തിൽ എന്തു നടപടി സ്വീകരിച്ചു എന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) വിമാനത്തിന് സിവിൽ ഏവിയേഷൻ ഡയറക്ടർ ജനറലിന്റെ Air worthiness Certificate ലഭിക്കാത്തതുകൊണ്ടാണ് ഉപയോഗിക്കാൻ കഴിയാത്തത്. Air worthiness Certificate ലഭിക്കുന്നതിനുവേണ്ടി വിമാനത്തിന് സിവിൽ ഏവിയേഷൻ ഡയറക്ടർ ജനറൽ നിഷ്കർഷിക്കുന്ന ചില പരിശോധനകൾ നടത്തേണ്ടതായിട്ടുണ്ട്. ഇത് നടക്കണമെങ്കിൽ ആദ്യം രാജീവ്ഗാന്ധി അക്കാദമി

ഫോർ ഏവിയേഷൻ ടെക്നോളജിയുടെ എഞ്ചിനീയറിംഗ് വിഭാഗത്തിന് സിവിൽ ഏവിയേഷൻ ഡയറക്ടർ ജനറലിന്റെ അംഗീകാരം നേടേണ്ടതുണ്ട്. ഇതിന് അക്കാദമി പുതിയതായി നിർമ്മിച്ച ഹാംഗർ പ്രവർത്തനക്ഷമമാകണം. പുതിയ ഹാംഗറിൽ നിന്നും വിമാനങ്ങൾ എയർപോർട്ടിലേക്ക് പറക്കുന്നതിനുവേണ്ടിയുള്ള പ്രവേശനകവാടം സുരക്ഷാ കാരണങ്ങളാൽ Airport Authority of India നാളിതുവരെ തുറന്നു തന്നിട്ടില്ല. ഇത് സിവിൽ ഏവിയേഷൻ ഡയറക്ടർ ജനറലിന്റെ അംഗീകാരം ലഭിക്കുന്നത് വൈകാൻ കാരണമാകുന്നു. Airport Authority of India നിഷ്കർഷിക്കുന്ന സുരക്ഷാ സജ്ജീകരണങ്ങൾ അക്കാദമി ത്വരിതഗതിയിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. പുതിയ ഹാംഗറിൽനിന്നും എയർപോർട്ടിലേക്ക് വിമാനങ്ങൾ പ്രവേശിക്കാനുള്ള അനുമതി ലഭിച്ചാലുടൻ വിമാനത്തിന് Air worthiness Certificate ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ത്വരിതമാക്കി വിമാനം പറക്കലിന് സജ്ജമാക്കുന്നതാണ്.

(സി) പൈലറ്റിനെ നിയമിക്കുന്നതിനുവേണ്ടി അക്കാദമി നോട്ടിഫിക്കേഷൻ നൽകികഴിഞ്ഞു. യോഗ്യരായ അപേക്ഷകരിൽനിന്നും പൈപ്പർ വിമാനത്തിന്റെ പരിശീലകനെ ഉടൻതന്നെ നിയമിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

**കപ്പൽ ഗതാഗത പദ്ധതി**

199 (2027) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ വിവിധ തുറമുഖങ്ങളെ കേന്ദ്രീകരിച്ച് കപ്പൽ വഴിയുള്ള ഗതാഗതത്തിനുള്ള പദ്ധതി ഏതെല്ലാം തീരങ്ങളെ കേന്ദ്രീകരിച്ചാണ് വിഭാവനം ചെയ്യുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) പദ്ധതി എന്ന് ആരംഭിക്കാനാകുമെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) കേരള തീരദേശംവഴിയുള്ള കപ്പൽ ഗതാഗതപദ്ധതി കൊല്ലം വിഴിഞ്ഞം, ബേപ്പൂർ, കൊടുങ്ങല്ലൂർ എന്നീ തുറമുഖങ്ങളെ കേന്ദ്രീകരിച്ചാണ് വിഭാവനം ചെയ്തിട്ടുള്ളത്.

(ബി) കപ്പൽ ഗതാഗത പദ്ധതി 2013 നവംബർ ഒൻപതാം തീയതി കൊല്ലം തുറമുഖത്ത് വച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉദ്ഘാടനം നിർവ്വഹിച്ചു. അഴീക്കൽ തുറമുഖത്തും പദ്ധതി 30-10-2014-ൽ ആരംഭിച്ചു. ബേപ്പൂർ, വിഴിഞ്ഞം തുറമുഖങ്ങളിൽ കണ്ടെയ്നർ ചരക്കുകൾ ഒഴികെയുള്ളവ തീരദേശ കപ്പൽ ഗതാഗതം വഴി കൈകാര്യം ചെയ്യുന്നുണ്ട്. കണ്ടെയ്നർ ക്രെയിൻ ഈ തുറമുഖങ്ങളിൽ

ലഭ്യമാകുന്നതോടെ കണ്ടെയ്നർ ചരക്കുകളും കപ്പൽ ഗതാഗതംവഴി കൈകാര്യം ചെയ്യുവാനാകും.

**കടൽമാർഗ്ഗമുള്ള ചരക്കുഗതാഗതം**

200 (2028) ശ്രീ. എം. എ. വാഹീദ് :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റോഡ് ഗതാഗത്തിന്റെശേഷി പരമാവധി ഉപയോഗപ്പെടുത്തുന്ന സാഹചര്യത്തിൽ, തീരദേശം വഴിയുള്ള ചരക്ക് ഗതാഗതത്തിന് ബദൽ മാർഗ്ഗം കണ്ടെത്തുവാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വെളിപ്പെടുത്തുമോ ;

(ബി) പെട്രോളിയം ഉൽപ്പന്നങ്ങൾ, വളം, മണൽ തുടങ്ങിയ പദാർത്ഥങ്ങൾ റോഡ് മാർഗ്ഗം എത്തിക്കുന്നതിന് പകരം കടൽമാർഗ്ഗം ഗതാഗതം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ ;

(സി) ചെലവ് കുറഞ്ഞതും അപകടസാദ്ധ്യത കുറഞ്ഞതുമായ ഗതാഗത മാർഗ്ഗത്തിന് സഹായകരമായ പദ്ധതികൾ പ്രാധാന്യത്തോടെ നടപ്പാക്കുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) റോഡ് മാർഗ്ഗവും റെയിൽ മാർഗ്ഗവുമുള്ള ചരക്കുനീക്കം കടൽ മാർഗ്ഗത്തിലൂടെ കേരളത്തിലെ ചെറുകിട തുറമുഖങ്ങൾവഴി തിരിച്ച് വിടുന്നതിനാണ് തീരദേശ കപ്പൽ ഗതാഗത പദ്ധതി ആരംഭിച്ചിട്ടുള്ളത്. 2020-ൽ ചരക്ക് നീക്കത്തിന്റെ നാൽപ്പത് ശതമാനവും 2030-ൽ അൻപത് ശതമാനവും തീരദേശ കപ്പൽഗതാഗതംവഴി മാറ്റാനാണ് പ്രസ്തുത പദ്ധതി ലക്ഷ്യമിടുന്നത്. ഈ പദ്ധതിയുടെ നടത്തിപ്പിനായി ഡിലോയിറ്റ് എന്ന കൺസൾട്ടൻസി തയ്യാറാക്കിയ കർമ്മ പദ്ധതി സർക്കാർ അംഗീകരിക്കുകയും പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം കൊല്ലം തുറമുഖത്ത് 9-11-2013-ന് മുഖ്യമന്ത്രി നിർവ്വഹിക്കുകയും ചെയ്തു. ആദ്യഘട്ടത്തിൽ കൊല്ലം, വിഴിഞ്ഞം, ബേപ്പൂർ, അഴീക്കൽ, കൊടുങ്ങല്ലൂർ എന്നീ തുറമുഖങ്ങളിൽ കൂടിയാണ് ചരക്കുഗതാഗതം നടത്താൻ തീരുമാനിച്ചിട്ടുള്ളത്. ഈ പദ്ധതി വടക്കൻ കേരളത്തിലേക്ക് വ്യാപിപ്പിക്കുന്നതിന്റെ ഫലമായി 30-10-2014-ന്

അഴീക്കൽ പോർട്ടിലും ഉദ്ഘാടനം നിർവ്വഹി ക്കുകയുണ്ടായി. ഘട്ടംഘട്ടമായി ഈ പദ്ധതി ബേപ്പൂർ, വിഴിഞ്ഞം, കൊടുങ്ങല്ലൂർ തുറമുഖങ്ങളിലേക്കും വ്യാപിപ്പിക്കും. തീരദേശ കപ്പൽ ഗതാഗതപദ്ധതിയിലൂടെ കൈകാര്യം ചെയ്യുന്ന ചരക്കുകൾക്ക് ഒരു ടണ്ണിന് ഒരു കിലോമീറ്ററിന് ഒരു രൂപ നിരക്കിലും യാത്രക്കാരന് ഒരു കിലോമീറ്ററിന് ഒരു രൂപ നിരക്കിലും ഇൻസെന്റീവ് അനുവദിച്ചിട്ടുണ്ട്. കപ്പലുകൾക്ക് ചെറുകിട തുറമുഖങ്ങളിൽ പോർട്ട് ചാർജ്ജുകളിൽ ഇളവ് അനുവദിക്കുന്നതും കപ്പൽ നിർമ്മാണത്തിന് സബ്സിഡി അനുവദിക്കുന്ന കാര്യങ്ങളും സർക്കാരിന്റെ പരിഗണനയിലാണ്. തീരദേശ ഗതാഗത പദ്ധതിയുമായി ബന്ധപ്പെട്ട എല്ലാ തുറമുഖങ്ങളിലും അടിസ്ഥാന സൗകര്യ വികസനത്തിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) നിലവിൽ കേരളത്തിലെ ചെറുകിട തുറമുഖങ്ങളായ ബേപ്പൂർ, കൊല്ലം, അഴീക്കൽ എന്നിവിടങ്ങളിൽ കൂടി പെട്രോളിയം ഉൽപ്പന്നങ്ങൾ, വളം, മണൽ എന്നിവ കൈകാര്യം ചെയ്യുന്നുണ്ട്. കൂടാതെ പെട്രോളിയം, ഫർണസ് ഓയിൽ എൽ.പി.ജി. മുതലായ അപകട സാധ്യതയുള്ള വസ്തുക്കൾ തീരദേശ കപ്പൽ ഗതാഗതംവഴിയാക്കുന്നതിനുള്ള ഒരു techno commercial feasility study നടത്താൻ കേരള ഷിപ്പിംഗ് ആന്റ് ഇൻലാന്റ് നാവിഗേഷൻ കോർപ്പറേഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(സി) സ്വീകരിച്ചുകൊണ്ടിരിക്കുന്നു.

**വാഹനങ്ങളുടെ സമയക്രമം**

201 (2029) <u>ശ്രീ. എം. ഉമ്മർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത്, തിരക്കേറിയ രാവിലെയും വൈകുന്നേരങ്ങളിലും അപകടകരമാംവിധം നിർമ്മാണസാമഗ്രികൾ വാഹനങ്ങളിൽ കൊണ്ടുപോകുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദാംശം നൽകുമോ ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത വാഹനങ്ങളുടെ സമയക്രമത്തിൽ മാറ്റം വരുത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ ;

(സി) ഇക്കാര്യത്തിൽ നിലവിലുള്ള നിയന്ത്രണങ്ങൾ എന്തൊക്കെയാണെന്ന്

വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി) തിരക്കേറിയ സമയങ്ങളിൽ മണൽ, മെറ്റൽ ഇരുമ്പുകമ്പി എന്നിവ വഹിച്ചുകൊണ്ട് ചരക്കുവാഹനങ്ങൾ സർവ്വീസ് നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതുമൂലമുള്ള ബുദ്ധിമുട്ടുകൾ നിയന്ത്രിക്കുന്നതിനായി രാവിലെ 9 മണി മുതൽ 10 മണിവരെയും വൈകുന്നേരം 4 മണിമുതൽ 5 മണിവരെയും ടിപ്പർ ലോറികളുടെ പൊതുനിരത്തുകളിലൂടെയുള്ള ഗതാഗതം നിരോധിച്ചിട്ടുണ്ട്. ഇതോടൊപ്പം പെട്രോളിയം ഉല്പന്നങ്ങൾ വഹിച്ചുകൊണ്ട് പോകുന്ന വാഹനങ്ങൾക്ക് കോർപ്പറേഷൻ, മുനിസിപ്പാലിറ്റി മേഖലകളിൽ രാവിലെ 8 മണി മുതൽ 11 മണിവരെയും വൈകുന്നേരം 4 മണിമുതൽ 6 മണിവരെയും നിരോധനം ഏർപ്പെടുത്തിയിട്ടുണ്ട്.

## സി.സി.റ്റി.വി. ക്യാമറ സ്ഥാപിക്കൽ

202 (2030) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹോസ്ദുർഗ്ഗ് പോലീസ് സ്റ്റേഷൻ പരിധിയിലെ സെൻസിറ്റീവ് ഏരിയകളിൽ എത്ര സി.സി.റ്റി.വി. ക്യാമറകളാണ് സ്ഥാപിച്ചതെന്ന് വിശദമാക്കുമോ ;

(ബി) ഇതിൽ എത്രയെണ്ണം പ്രവർത്തിക്കുന്നുണ്ടെന്നും പ്രവർത്തിക്കാത്തവ എത്രയാണെന്നും വിശദമാക്കുമോ ;

(സി) പ്രവർത്തിക്കാത്തവയുടെ തകരാർ പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ&ബി) ഹോസ്ദുർഗ്ഗ് പോലീസ് സ്റ്റേഷൻ പരിധിയിലെ സെൻസിറ്റീവ് ഏരിയകളിൽ 32 ക്യാമറകളാണ് സ്ഥാപിച്ചിരുന്നത്. ഇവയിൽ നാല് ക്യാമറകൾ ഈ സ്ഥലങ്ങളിലെ റോഡ് പണിമൂലം അഴിച്ചുമാറ്റിവച്ചിരിക്കുകയാണ്. ബാക്കിയുള്ള ക്യാമറകളിൽ 25 എണ്ണം പ്രവർത്തിച്ചുവരുന്നതും മൂന്നെണ്ണം തകരാറിലായവയുമാണ്.

(സി) തകരാർ പരിഹരിക്കുന്നത് നടപടി സ്വീകരിച്ചുവരുന്നു.

## വനിതാ സെല്ലുകളുടെ ചുമതല

203 (2031) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജില്ലകളിലെ വനിതാ സെല്ലുകളുടെ ചുമതല വനിത ഡി. വൈ.എസ്.പി. മാരിൽ നിക്ഷിപ്തമാക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കും ;

(ബി) പോലീസിൽ എത്ര വനിതാ സി.ഐ. മാരുണ്ട് ; പ്രസ്തുത സി.ഐ മാരെ ഡിവൈ.എസ്.പി. ഗ്രേഡിലേക്ക് ഉയർത്തുവാൻ നടപടി സ്വീകരിക്കുമോ ;

(സി) പോലീസ് സ്റ്റേഷനുകളിൽ പ്രവർത്തിക്കുന്ന വനിതാ ഹെൽപ്പ് ഡസ്കുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കും ; വ്യക്തമാക്കുമോ ?

ഉത്തരം

(എ) ജില്ലകളിലെ വനിതാ സെല്ലുകളുടെ ചുമതല വഹിക്കുന്നതിലേയ്ക്കായി 21 ഡിവൈ.എസ്.പി തസ്തിക സൃഷ്ടിക്കുന്നതു സംബന്ധിച്ച ശിപാർശ സർക്കാർ പരിശോധിച്ചുവരുന്നു

(ബി) പോലീസിൽ 22 വനിതാ സി.ഐ.മാരുണ്ട്. ജില്ലകളിലെ വനിതാ സെല്ലുകളുടെ ചുമതല വഹിക്കുന്നതിലേക്കായി 21 ഡിവൈ.എസ്.പി. തസ്തിക സൃഷ്ടിക്കുന്നതു സംബന്ധിച്ച ശിപാർശ സർക്കാർ പരിശോധിച്ചുവരുന്നു.

(സി) പോലീസ് സ്റ്റേഷനുകളിൽ പ്രവർത്തിക്കുന്ന വനിതാഹെൽപ്പ് ഡെസ്കുകൾ സ്ത്രീകളുടെയും കുട്ടികളുടെയും പരാതി കൈകാര്യം ചെയ്യുന്നതിനും സ്ത്രീകൾക്ക് ആവശ്യമായ സുരക്ഷ ഒരുക്കുന്നതിനും വേണ്ടി പ്രവർത്തിച്ചുവരുന്നു. ഇത് കൂടുതൽ കാര്യക്ഷമമാക്കുന്നതിന് ആവശ്യമായ പരിശീലനങ്ങളും വനിതാ ഹെൽപ്പ് ഡെസ്കുകളുടെ പ്രവർനത്തെക്കുറിച്ച് പൊതുജനങ്ങളിലേക്ക് അറിവ് പകരുന്നതിനായി കുടുംബശ്രീ മീറ്റിംഗുകൾ, റെസിഡൻസ് അസോസിയേഷൻ എന്നിവ വഴി ആവശ്യമായ ക്ലാസ്സുകൾ നടത്തിയും ലഘുലേഖകൾ വിതരണം ചെയ്തും അവബോധം നൽകിവരുന്നു.

**ഷെയ്പ്പ് പദ്ധതി**

204 (2032) ശ്രീ. വർക്കല കഹാർ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും

വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഷെയ്പ്പ് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതിവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ ഭരണ തലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) പോലീസ് ഉദ്യോഗസ്ഥരുടെ ആരോഗ്യ പരിപാലനത്തിനായി ആരംഭിച്ച പദ്ധതിയാണ് ഷെയ്പ്പ് (SHAPE). ഈ പദ്ധതി പ്രകാരം സംസ്ഥാനത്തെ എല്ലാ പോലീസ് ഉദ്യോഗസ്ഥരുടേയും ആരോഗ്യ പരിശോധന സംസ്ഥാന ആരോഗ്യവകുപ്പുമായി ചേർന്ന് നടത്തിവരുന്നു.

(സി) 6-3-2015-ലെ GO(Rt) No.774/2015/H&FWD നമ്പർ ഉത്തരവ് പ്രകാരമാണ് ഷെയ്പ്പ് പദ്ധതി ആരംഭിച്ചത്. ഷെയ്പ്പ് പദ്ധതിയുമായി ബന്ധപ്പെട്ട് പോലീസ് ഉദ്യോഗസ്ഥരെ 'Periodical Check Up'- നായി അതത് ഓഫീസിൽ നിന്നും അയയ്ക്കാനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. അതനുസരിച്ച് 'Check Up' നടപടികൾ ആരംഭിച്ചുകഴിഞ്ഞു.

**ജയിൽ വകുപ്പിന്റെ പ്രവർത്തനങ്ങൾക്കായി വകയിരുത്തിയ തുക**

205 (2033) <u>ശ്രീ. സി. കൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2012-13 വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ ജയിൽ വകുപ്പിന്റെ പ്രവർത്തനങ്ങൾക്കായി എത്ര തുകയാണ് വകയിരുത്തിയിരുന്നത് ;

(ബി) ഏതെല്ലാം പദ്ധതികൾക്കായി എത്ര തുക വീതം അനുവദിക്കപ്പെട്ടു ; എത്ര തുക വീതം പിൻവലിക്കാതെ അവശേഷിച്ചിരുന്നു ; വ്യക്തമാക്കാമോ ;

(സി) പ്രസ്തുത വർഷം ലക്ഷ്യമിട്ടിരുന്ന പ്രവർത്തനങ്ങൾ പൂർത്തീകരിക്കാൻ കഴിയാത്ത പദ്ധതികളുണ്ടോ ; എങ്കിൽ വിശദമാക്കാമോ ;

(ഡി) മൂന്നര വർഷത്തിന് ശേഷവും ലക്ഷ്യം പൂർത്തിയാക്കാൻ കഴിയാത്ത പദ്ധതികളുണ്ടോ ; എങ്കിൽ തുടർന്നുള്ള ബഡ്ജറ്റുകളിൽ ഇവയ്ക്കായി തുക വകയിരുത്തിയിരുന്നോയെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) 2012-13 വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ ജയിലുകളുടെ നവീകരണം, തടവുകാരുടെ ക്ഷേമം എന്നീ രണ്ടു വാർഷിക പദ്ധതികൾക്കായി 1.30 കോടി രൂപ വീതം വകയിരുത്തിയിരുന്നു. 2012-13 വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ ജയിൽ വകുപ്പിലെ പദ്ധതിയിതര ചെലവുകൾക്കായി 70,61,88,000 രൂപയും വകയിരുത്തിയിരുന്നു. ജയിലുകളുടെ നവീകരണം പദ്ധതിയിൽ 1.30 കോടി രൂപയും തടവുകാരുടെ ക്ഷേമ പദ്ധതിയിൽ 1,29,98,500 രൂപയും ചെലവഴിച്ചു.

(സി&ഡി) 2012-13 വർഷത്തിൽ ലക്ഷ്യമിട്ടിരുന്ന പദ്ധതി പ്രവർത്തനങ്ങളെല്ലാം പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടുണ്ട്. ആയതിനാൽ തുടർന്നുള്ള ബഡ്ജറ്റുകളിൽ ഇവയ്ക്കായി തുക വകയിരുത്തിയിരുന്നില്ല.

**മഞ്ചേഷ് ദുരൂഹ സാഹചര്യത്തിൽ മരണപ്പെട്ട സംഭവം**

206 (2034) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ഉദുമ പഞ്ചായത്ത് മുതിയാക്കൽ സ്വദേശി മഞ്ചേഷ് വയനാട് വൈത്തിരിയിലെ വൈത്തിരി വില്ലേജ് ലക്ഷ്വറി സ്പാഗറിസോർട്ടിൽ 18-7-2015-ൽ ദുരൂഹ സാഹചര്യത്തിൽ മരണപ്പെട്ട സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച് കേസ് രജിസ്റ്റർ ചെയ്തിരുന്നുവോ ; ഏതൊക്കെ വകുപ്പുകൾ ചേർത്താണ് കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളത് ; ആരൊക്കെയാണ് പ്രതികൾ ; വിശദാംശങ്ങൾ അറിയിക്കുമോ ;

(സി) മകന്റെ മരണം ആത്മഹത്യയാക്കി തള്ളിക്കളയാനുള്ള അന്വേഷണ ഉദ്യോഗസ്ഥന്റെ നീക്കങ്ങൾക്കെതിരെ മാതാപിതാക്കൾ പരാതി നൽകിയിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കുമോ ;

(ഡി) എങ്കിൽ പോസ്റ്റ്മോർട്ടം റിപ്പോർട്ടിലടക്കം വ്യക്തമായ തെളിവുള്ള സാഹചര്യത്തിൽ മേൽ കേസ് ഫലപ്രദമായ രീതിയിൽ അന്വേഷിക്കുന്നതിന് നടപടി സ്വീകരിക്കുമോ ; വിശദാംശങ്ങൾ അറിയിക്കുമോ ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. വൈത്തിരി പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 333/15 u/s 174 CrPC. ടി കേസിൽ പ്രതികളായി ആരെയും ഉൾപ്പെടുത്തിയിട്ടില്ല. മരണത്തിലേക്ക് നയിച്ച കാരണം കണ്ടെത്തുന്നതിലേക്ക് അന്വേഷണം നടന്നു വരികയാണ്.

(സി) അന്വേഷണം ശരിയായരീതിയിൽ നടത്തണമെന്ന് കാണിച്ച് മരണപ്പെട്ടയാളുടെ അമ്മ പോലീസിൽ പരാതി നൽകിയിട്ടുണ്ട്. കൂടാതെ അന്വേഷണം സ്റ്റേറ്റ് ക്രൈം ബ്രാഞ്ചിനു കൈമാറണമെന്നാവശ്യപ്പെട്ട് ബഹുമാനപ്പെട്ട എം.എൽ.എ. ശ്രീ. കെ. കുഞ്ഞിരാമൻ മുഖേന സർക്കാരിലും പരാതി ലഭിച്ചിട്ടുണ്ട്. ഇക്കാര്യവുമായി ബന്ധപ്പെട്ട കേസ്സിന്റെ അന്വേഷണം ഊർജ്ജിതപ്പെടുത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ സംസ്ഥാന പോലീസ് മേധാവിയോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ഡി) പോസ്റ്റ്മോർട്ട് റിപ്പോർട്ടിലും അന്വേഷണത്തിലും ശാസ്ത്രീയ പരിശോധനയിലും മുങ്ങിമരിച്ചതാണെന്ന് വ്യക്തമായിട്ടുള്ളതാണ്. മരണത്തിലേക്ക് നയിച്ച കാരണം കണ്ടെത്തുന്നതിന് അന്വേഷണം നടന്ന് വരികയാണ്.

**കൊയിലാണ്ടി നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ**

207 (2035) <u>ശ്രീ. കെ. ദാസൻ</u> : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാരിന്റെ കാലയളവിൽ ആഭ്യന്തരവകുപ്പ് മന്ത്രിയുടെ കീഴിലുള്ള വിവിധ വകുപ്പുകൾ മുഖേന കൊയിലാണ്ടി നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ എന്തെല്ലാം ; ഓരോ പദ്ധതിയ്ക്കും അനുവദിച്ച തുക എത്ര ; ഓരോ പദ്ധതിയുടേയും നിലവിലെ അവസ്ഥ എന്ത് ; ഓരോ പദ്ധതിയും വകുപ്പ് തിരിച്ച് വിശദമാക്കുമോ ?

<u>ഉത്തരം</u>

പോലീസ് വകുപ്പിൽ 2011-12-ലെ മോഡണൈസേഷൻ ഓഫ് പോലീസ് ഫോഴ്സ് എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി 6.67 ലക്ഷം രൂപ ചെലവിൽ പയ്യോളി സർക്കിൾ ഓഫീസിന് പുതിയ കെട്ടിടവും 13- ാം ധനകാര്യ കമ്മീഷൻ ഫണ്ട് മുഖേന 25 ലക്ഷം രൂപ ചെലവിൽ പയ്യോളിയിൽ ഒരു കമ്മ്യൂണിറ്റി പോലീസ് റിസോഴ്സ് സെന്ററും കേരള പോലീസ് ഹൗസിംഗ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ

മുഖേന നിർമ്മിച്ചിട്ടുണ്ട്.

13-ാം ധനകാര്യ കമ്മീഷൻ ഫണ്ട് ഉപയോഗിച്ച് കാപ്പാട് എന്ന സ്ഥലത്ത് ഒരു ടൂറിസ്റ്റ് പ്രൊട്ടക്ഷൻ ആന്റ് പോലീസ് അസിസ്റ്റൻസ് സെന്ററിന്റെ നിർമ്മാണം നടന്നുവരുന്നു. 20 ലക്ഷം രൂപ ചെലവ് വരുന്ന ഇതിന്റെ നിർമ്മാണവും കേരള പോലീസ് ഹൗസിംഗ് കൺസ്ട്രക്ഷൻ കോർപ്പറേഷനാണ് നടത്തുന്നത്.

കൂടാതെ കോഴിക്കോട് റൂറൽ എ.ആർ. ക്യാമ്പിൽ 50 ലക്ഷം രൂപ ചെലവിൽ ചുറ്റുമതിലിന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

എം.എൽ.എ.മാരുടെ ആസ്തി വികസന ഫണ്ടിലുൾപ്പെടുത്തി കൊയിലാണ്ടി കോടതി പരിസരത്ത് ഒരു കെട്ടിടം നിർമ്മിക്കുന്നതിന് ഒരു കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ടെങ്കിലും ഇതിന്റെ പണി ആരംഭിച്ചിട്ടില്ല.

കൊയിലാണ്ടി സബ് ജയിലിൽ 13-ാം ധനകാര്യ കമ്മീഷൻ ഫണ്ട് മുഖേന 2013-14-ൽ 293143 രൂപ (രണ്ട് ലക്ഷത്തി തൊണ്ണൂറ്റി മൂവായിരത്തി ഒരുനൂറ്റി നാല്പത്തി മൂന്ന് രൂപ മാത്രം) ചെലവിൽ മൂന്ന് കിലോ വാട്ട് ശേഷിയുള്ള റൂഫ് ടോപ്പ് സൗരോർജ്ജ പ്ലാന്റ് സ്ഥാപിച്ചിട്ടുണ്ട്. അനർട്ട് എമ്പാനൽ ചെയ്ത ടാറ്റാ പവർ സോളാർ സിസ്റ്റംസ് ലിമിറ്റഡ് എന്ന ഏജൻസി മുഖേനയാണ് ടി പദ്ധതി നടപ്പിലാക്കിയത്.

**പിൻവലിച്ച കേസ്സുകൾ**

208 (2036) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന് നാളിതുവരെ എത്ര ക്രൈം കേസുകളും വിജിലൻസ് കേസ്സുകളും പിൻവലിക്കാൻ നിരാക്ഷേപ പത്രം നൽകിയെന്ന് വെളിപ്പെടുത്താമോ ;

(ബി) ഏതൊക്കെ സ്വഭാവമുള്ള കേസ്സുകളാണ് പിൻവലിച്ചതെന്ന് വിശദമാക്കാമോ ;

(സി) പിൻവലിച്ച വിജിലൻസ് കേസ്സുകൾ ഏതൊക്കെയെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) 5607 ക്രൈം കേസ്സുകളും 12 വിജിലൻസ് കേസുകളും പിൻവലിക്കുന്നതിന് സർക്കാർ നിരാക്ഷേപപത്രം നൽകിയിട്ടുണ്ട്.

(ബി) രാഷ്ട്രീയ സംഘടനകൾ നടത്തിയ ഉപരോധം, പ്രകടനം എന്നിവയുമായി ബന്ധപ്പെട്ട കേസുകളും, ജനകീയ സമരങ്ങളുമായി ബന്ധപ്പെട്ട കേസുകളും അഴിമതി ആരോപണ സംബന്ധമായ വിജിലൻസ് കേസുകളും.

(സി) 4 കേസുകൾ.

1. വി.സി.03/1997/ കെ.എസ്.ഡി

2. വി.സി.06/2009 /സി.ആർ.ഇ.
3. വി.സി.07/ 2009 /സി. ആർ.ഇ.
4. വി.സി.08/2006 /കെ.എൻ.ആർ.

**കൊട്ടാരക്കര റൂറൽ സെക്ഷനിൽ കൊലപാതക ശ്രമം**

209 (2037) <u>ശ്രീ. കെ. രാജു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015 നവംബർ 4 ബുധനാഴ്ച രാത്രി ഒരു കൂട്ടം അക്രമികൾ കൊട്ടാരക്കര റൂറൽ സെക്ഷനിൽപ്പെട്ട കുന്നിക്കോട് പോലീസ് അതിർത്തിയിൽപ്പെട്ട സി.പി.ഐ. വിളങ്ങടി ലോക്കൽ കമ്മിറ്റി അംഗവും എ.ഐ.വൈ.എഫ്. നേതാവുമായ എസ്. നസറുദ്ദീനെയും പിതാവ് യൂനസ് കുഞ്ഞിനെയും വീട്ടീൽ കയറി വെട്ടി കൊലപ്പെടുത്താൻ നടത്തിയ ശ്രമത്തിന് കേസ് എടുത്തിട്ടുണ്ടോ ;

(ബി) ഏതെല്ലാം വകുപ്പുകളാണ് എഫ്.ഐ.ആർ.-ൽ ഉൾപ്പെടുത്തിയിട്ടുള്ളത് ; അന്വേഷണം ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ;

(സി) ഏതൊക്കെ പ്രതികളെ അറസ്റ്റു ചെയ്തിട്ടുണ്ട് ; മുഴുവൻ പ്രതികളെയും അറസ്റ്റു ചെയ്തിട്ടുണ്ടോ ; വിശദാംശം നൽകുമോ ;

(ഡി) ആർ.എസ്.എസ്. വീണ്ടും സംഘർഷം സൃഷ്ടിക്കാൻ ശ്രമിക്കുന്നത് പോലീസിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) ഇതിനെതിരെ എന്ത് കരുതൽ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ?

<u>ഉത്തരം</u>

(എ) കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) കുന്നിക്കോട് പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 1674/2015 u/s 143, 147, 148, 323, 324, 452, 308, 427, 149 and Arms Act 27 എന്നീ വകുപ്പുകൾ പ്രകാരമാണ് കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. പ്രസ്തുത കേസ്സിലെ പ്രതികളെ തിരിച്ചറിയുവാൻ സാധിച്ചിട്ടില്ല. കേസ് അന്വേഷണാവസ്ഥയിലാണ്.

(സി) പ്രതികളെ തിരിച്ചറിഞ്ഞിട്ടില്ലാത്തതിനാൽ അറസ്റ്റ് ചെയ്യാൻ

സാധിച്ചിട്ടില്ല. മുഖംമൂടി ധരിച്ച ഒമ്പത് പേരാണ് അക്രമികൾ.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) രഹസ്യാന്വേഷണവും പോലീസ് നിരീക്ഷണവും പ്രസ്തുത മേഖലകളിൽ ശക്തമാക്കിയിട്ടുണ്ട്.

**എ. കെ. ജി. സ്മാരക വായനശാലാ ബോംബാക്രമണം**

210 (2038) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വെണ്ടുട്ടായി എ.കെ.ജി. സ്മാരക വായനശാലയ്ക്ക് നേരെ ബോംബെ് എറിഞ്ഞതുമായി ബന്ധപ്പെട്ട കേസ്സ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതിലെ പ്രതികളാരെല്ലാമാണെന്നും ആരെയെല്ലാം അറസ്റ്റ് ചെയ്തിട്ടുണ്ടെന്നും വ്യക്തമാക്കാമോ ?

ഉത്തരം

(എ) രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) ടി കേസ്സിൽ 5 പേർക്കെതിരെ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. (1) പ്രണവ് ബാബു S/o സുരേഷ് ബാബു, (2) പ്രേംജിത്ത് S/o. ചന്ദ്രൻ, (3) സുർജിത്ത് S/o ചന്ദ്രൻ, (4) ശരത് S/o ശശി, (5) പ്രജിത്ത് പൊക്കായി S/o പ്രകാശൻ എന്നിവരാണ് പ്രതികൾ. ഇതുവരെയുള്ള അന്വേഷണത്തിൽ മേൽ സംഭവം നടന്നതായി യാതൊരു തെളിവും ലഭിച്ചിട്ടില്ല. ആയതിനാൽ ടി കേസ് False ആയി കണക്കാക്കി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി നടപടികൾ സ്വീകരിച്ചുവരുന്നു.

**എസ്. ആർ. അരുണിന്റെ തിരോധാനം**

211 (2039) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വി. ഇ. ഒ. ആയി ജോലി ചെയ്തിരുന്ന ആറ്റിങ്ങൽ അവനവൻചേരി അശ്വതിഭവനിൽ ശശിധരന്റെ മകൻ എസ്. ആർ. അരുണിനെ തെരഞ്ഞെടുപ്പ് ഡ്യൂട്ടിയ്ക്കിടെ കാണാതായ സംഭവവുമായി ബന്ധപ്പെട്ട അന്വേഷണം ഏത്

ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ;

(ബി) ഏത് ഉദ്യോഗസ്ഥന്റെ മേൽനോട്ടത്തിലാണെന്ന് പ്രസ്തുത കേസ് അന്വേഷിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) അരുണിനെ കാണാതായ കാര്യത്തിന് പുത്തൻകുരിശ് പോലീസ് സ്റ്റേഷനിൽ ക്രൈം 1327/15 നമ്പരായി 5-11-2015-ന് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം ആരംഭിച്ചിരുന്നു.

1-12-2015-ന് ഉച്ചയ്ക്ക് ചോറ്റാനിക്കര പോലീസ് സ്റ്റേഷൻ പരിധിയിൽപ്പെട്ട ശാസ്താംമുകൾ എന്ന സ്ഥലത്തിനു സമീപമുള്ള പാറമടയിൽ അഴുകിയ നിലയിൽ ഒരു പുരുഷജഡം വെള്ളത്തിൽ പൊങ്ങിക്കിടക്കുന്നതായി കാണപ്പെട്ടതിനെ തുടർന്ന് ചോറ്റാനിക്കര പോലീസ് എത്തി മൃതദേഹം വെള്ളത്തിൽ നിന്നും കയറ്റി പോലീസ് നടപടിക്രമങ്ങൾക്ക് ശേഷം പോസ്റ്റ്മോർട്ടത്തിനായി ആലപ്പുഴ മെഡിക്കൽ കോളേജിലേക്ക് അയച്ചിട്ടുള്ളതാണ്.

കൃത്യസ്ഥലത്ത് പുത്തൻകുരിശ് പോലീസ് സ്റ്റേഷൻ സബ് ഇൻസ്പെക്ടറും മറ്റും എത്തി അന്വേഷണം നടത്തിയതിൽ കാണാതായ സമയം ടി അരുൺ ധരിച്ചിരുന്ന വസ്ത്രവും മൃതദേഹത്തിൽ കാണപ്പെട്ട വസ്ത്രവും തമ്മിൽ സാമ്യം തോന്നുകയും മൃതദേഹത്തിൽ നിന്നും ലഭിച്ച മൊബൈൽ ഫോണിലെ സിം കാർഡ് പരിശോധിച്ചതിൽ ആയത് ടി അരുണിന്റെ സിം ആണെന്ന് മനസ്സിലാവുകയും ചെയ്തിട്ടുള്ളതാണ്. ആലപ്പുഴ മെഡിക്കൽ കോളേജിൽ ബന്ധുക്കൾ എത്തി മൃതദേഹം തിരിച്ചറിഞ്ഞിട്ടുണ്ട്.

(ബി) ഇതു സംബന്ധിച്ച കേസ് പുത്തൻകുരിശ് സർക്കിൾ ഇൻസ്പെക്ടറുടെ മേൽനോട്ടത്തിൽ തുടരന്വേഷണം നടത്തിവരുന്നു.

**എസ്.ഐ., സി.ഐ. തസ്തികകളിൽ നിയമനം**

212 (2040) <u>ശ്രീ. വി. പി. സജീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ പോലിസിൽ ജനറൽ എക്സിക്യൂട്ടീവ് ബ്രാഞ്ചിൽ എസ്.ഐ., സി.ഐ. തസ്തികകളിൽ എത്ര ഒഴിവുകൾ നിലവിലുണ്ട് ; വ്യക്തമാക്കുമോ ;

(ബി) ഡി.പി.സി. ലിസ്ററ് നിലവിലുണ്ടോ ;

(സി) ഡി.പി.സി. യോഗം കൂടുന്ന തീയതി എന്നാണെന്ന് അറിയിക്കുമോ ;

(ഡി) അടിയന്തരമായി എസ്.ഐ., സി.ഐ. പ്രൊമോഷൻ നടപടികൾ ആരംഭിക്കുമോ ;

(ഇ) എസ്.ഐ., സി.ഐ. ലിസ്റ്റ് നിലവിലുണ്ടെങ്കിൽ അതിന്റെ ലിസ്റ്റ് മേശപ്പുറത്ത് വെയ്ക്കുമോ ?

<u>ഉത്തരം</u>

(എ) നിലവിൽ എസ്.ഐ. തസ്തികയിൽ പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്യുവാനായി ഒഴിവുകളൊന്നും തന്നെയില്ല. എസ്.ഐ.മാരുടെ നേരിട്ടുള്ള നിയമനത്തിനായി 255 അധിക ഒഴിവുകൾ (Excess Vacancies) വിവിധ കോടതി ഉത്തരവുകൾ പ്രകാരം പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എന്നാൽ ടി ഉത്തരവുകൾക്കെതിരെ അപ്പീൽ നൽകുവാനായി അഡ്വക്കേറ്റ് ജനറലിനോട് അപേക്ഷിച്ചിട്ടുണ്ട്. സി.ഐ. തസ്തികയിൽ 7 ഒഴിവുകൾ നിലവിലുണ്ട്.

(ബി) എസ്.ഐ.-മാരുടെ സെലക്ട് ലിസ്റ്റ് നിലവിലുണ്ട്.

(സി) ഡി.പി.സി. കൂടുന്ന തീയതി തീരുമാനിച്ചിട്ടില്ല.

(ഡി) എസ്.ഐ.മാരായി പ്രൊമോഷൻ നൽകുന്നതിനുള്ള നടപടികൾ റേഞ്ച് ഐ.ജി. തലത്തിൽ നടന്നുവരുന്നു. എസ്.ഐ.മാരുടെ സീനിയോറിറ്റി ലിസ്റ്റിലുള്ള തർക്കം പരിഹരിച്ചാലുടൻ തന്നെ സി.ഐ. പ്രൊമോഷനുള്ള നടപടികൾ സ്വീകരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(ഇ) എസ്.ഐ.-മാരുടെ സെലക്ട് ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.* സി.ഐ.-മാരുടെ സെലക്ട് ലിസ്റ്റ് നിലവിലില്ല.

**കേരള പോലീസിലെ ഒഴിവുകൾ**

213 (2041) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പോലീസിൽ മോട്ടോർ ട്രാൻസ്പോർട്ട് വിഭാഗത്തിൽ മെക്കാനിക്/ഫിറ്റർ, ഇലക്ട്രീഷ്യൻ, സിവിൽപോലീസ് ഓഫീസർമാരുടെ എത്ര ഒഴിവുകൾ നിലവിൽ ഉണ്ട് ;

(ബി) പ്രസ്തുത ഒഴിവുകൾക്ക് സ്പെഷ്യൽ റൂൾസ് ഇറക്കിയിട്ടുണ്ടോ ; പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(സി) കേരള പോലീസിൽ ആർമറർ സബ്ഇൻസ്പെക്ടർമാരുടെ എത്ര ഒഴിവുകൾ നിലവിലുണ്ട് ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) കേരള പോലീസിൽ മോട്ടോർ ട്രാൻസ്പോർട്ട് വിഭാഗത്തിൽ മെക്കാനിക്/ഫിറ്റർ-36, ഇലക്ട്രീഷ്യൻ-9.

കേരള പോലീസിൽ മോട്ടോർ ട്രാൻസ്പോർട്ട് വിഭാഗത്തിൽ സിവിൽ പോലീസ് ഓഫീസർമാരുടെ തസ്തിക നിലവിലില്ല.

(ബി) കേരള പോലീസിൽ മോട്ടോർ ട്രാൻസ്പോർട്ട് വിഭാഗത്തിൽ മെക്കാനിക്, ഇലക്ട്രീഷ്യൻ പോലീസ് കോൺസ്റ്റബിൾമാരുടെ തസ്തികകളുടെ സ്പെഷ്യൽ റൂൾസ് പുറത്തിറക്കിയിട്ടുണ്ട്. ഫിറ്റർ പോലീസ് കോൺസ്റ്റബിൾ ഉൾപ്പെടുന്ന ടെക്നിക്കൽ വിഭാഗത്തിനായുള്ള സ്പെഷ്യൽ റൂൾ പരിശോധിച്ചുവരുന്നു.

(സി) 4 ഒഴിവുകൾ.

(ഡി) പ്രസ്തുത ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ആർ. ശിവശങ്കരന് പ്രൊമോഷൻ**

214 (2042) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ കോട്ടായിൽ എസ്.ഐ. ആയി ജോലി നോക്കുന്ന ശ്രീ. ആർ. ശിവശങ്കരനെ പ്രൊമോഷന് വേണ്ടിയുള്ള ഡി.പി.സി. സെലക്ട് ലിസ്റ്റിൽ ഉൾപ്പെടുത്താത്തതിന്റെ കാരണം വ്യക്തമാക്കുമോ ;

(ബി) 29-6-2010, 4-2-2011, 24-8-2012, 1-11-2013 എന്നീ തീയതികളിൽ കൂടിയ ഡി.പി.സി. (ലോവറും) 26-5-2015-ൽ കൂടിയ അഡ്ഹോക്ക് ഡി.പി.സി. (ലോവറും) പരിഗണിച്ച ശ്രീ. ആർ. ശിവശങ്കരന്റെ എ.സി.ആർ. (ആന്വൽ കോൺഫിഡൻഷ്യൽ റിപ്പോർട്ട്)-ലെ അഡ്വേഴ്സ് റിമാർക്ക് ഉം അതിൽ ഉണ്ടായിരുന്ന അച്ചടക്ക, ശിക്ഷണ നടപടികൾ എന്നിവ സംബന്ധിച്ചും വകുപ്പ് അന്തിമ തീരുമാനം എടുത്തിട്ടുണ്ടോ ;

(സി) എങ്കിൽ അന്തിമ തീരുമാനം സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(ഡി) ശിവശങ്കരനെതിരെ അച്ചടക്ക നടപടി, ശിക്ഷാ നടപടി എന്തെങ്കിലും

നിലവിലുണ്ടോ ;

(ഇ) ശ്രീ. ആർ. ശിവശങ്കരനെ പ്രൊമോഷന് വേണ്ടിയുള്ള ഡി.പി.സി. സെലക്ട് ലിസ്റ്റിൽ ഉൾപ്പെടുത്താൻ എന്തെങ്കിലും നിയമതടസ്സം ഉണ്ടോ ;

(എഫ്) ഇല്ലെങ്കിൽ സി.ഐ.-ലേക്കുള്ള പ്രൊമോഷന് വേണ്ടിയുള്ള അടുത്ത ഡി.പി.സി. ലിസ്റ്റിൽ ശ്രീ. ആർ. ശിവശങ്കരന്റെ പേര് ഉൾപ്പെടുത്താൻ നടപടി എടുക്കുമോ ?

<u>ഉത്തരം</u>

(എ) ശ്രീ. ആർ. ശിവശങ്കരനെതിരെയുള്ള അച്ചടക്ക ശിക്ഷാ നടപടികളുടെയും ടിയാന്റെ കോൺഫിഡൻഷ്യൽ റിപ്പോർട്ടിൽ ടിയാനെതിരെയുള്ള പ്രതികൂല പരാമർശത്തിന്റെയും അടിസ്ഥാനത്തിലാണ് ഡി.പി.സി./അഡ്ഹോക്ക് ഡി.പി.സി. ടിയാനെ എസ്.ഐ. സെലക്ട് ലിസ്റ്റിൽ നിന്നും ഒഴിവാക്കിയത്.

(ബി&സി) കോൺഫിഡൻഷ്യൽ റിപ്പോർട്ടിലെ പ്രതികൂല പരാമർശം ഒഴിവാക്കണമെന്ന് ആവശ്യപ്പെട്ടുള്ള ശ്രീ. ആർ. ശിവശങ്കരന്റെ 5-10-2015-ലെ അപേക്ഷയുടെ അടിസ്ഥാനത്തിൽ ഇതുമായി ബന്ധപ്പെട്ട റിപ്പോർട്ട് വകുപ്പു തലത്തിൽ ആവശ്യപ്പെട്ടിട്ടുണ്ട്.

(ഡി) നിലവിലില്ല.

(ഇ) ശ്രീ. ആർ. ശിവശങ്കരനെ എസ്.ഐ.മാരുടെ സെലക്ട് ലിസ്റ്റിൽ ഉൾപ്പെടുത്തുന്നകാര്യം പരിശോധിച്ച് തീരുമാനം കൈക്കൊള്ളേണ്ടത് ഡിപ്പാർട്ട്മെന്റ് പ്രൊമോഷൻ കമ്മിറ്റിയാണ്.

(എഫ്) ശ്രീ. ആർ. ശിവശങ്കരൻ ഉൾപ്പെടെ സെലക്ട് ലിസ്റ്റിൽ നിന്നും ഒഴിവാക്കപ്പെട്ട എല്ലാ ഉദ്യോഗസ്ഥരെയും തുടർന്ന് നടക്കുന്ന മെയിൻ ഡി.പി.സി.-യിൽ പരിഗണിക്കുന്നുണ്ട്.

**ആർ.എസ്.എസ്., ബി.ജെ.പി. പ്രവർത്തകർ പ്രതിയായ കേസ്സുകൾ**

215 (2043) <u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന് നാളിതുവരെ ആർ.എസ്സ്.എസ്സ്., ബി.ജെ.പി., സംഘപരിവാർ പ്രവർത്തകർ പ്രതിയായ എത്ര കേസുകൾ

പിൻവലിക്കാൻ സർക്കാർ നിരാക്ഷേപപത്രം നൽകിയെന്ന് അറിയിക്കാമോ ;

(ബി) പ്രസ്തുത കേസുകൾ ഏതൊക്കെയെന്ന് വിശദമാക്കാമോ ;

(സി) ഇത്തരത്തിലുള്ള കേസ്സുകൾ പിൻവലിക്കുന്നതുമായി ബന്ധപ്പെട്ട് ഏതെങ്കിലും കേസിൽ പോലീസ് അനുകൂല നിലപാടെടുത്തിരുന്നോ ; വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

**കേരള പോലീസ്**

216 (2044) <u>ശ്രീ. ഷാഫി പറമ്പിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ പോലീസിൽ ജനറൽ എക്സിക്യൂട്ടീവ് സി.ഐ. മുതൽ ഡിവൈ.എസ്.പി. വരെയുള്ളവരുടെ എത്ര ഒഴിവുകൾ നിലവിലുണ്ട് ;

(ബി) പ്രസ്തുത തസ്തികകളുടെ ഡി.പി.സി.. ലിസ്റ്റ് നിലവിലുണ്ടോ ;

(സി) പ്രസ്തുത തസ്തികയിലുള്ളവരുടെ പ്രൊമോഷൻ നടപടികൾ അടിയന്തരമായി ആരംഭിക്കുമോ ;

(ഡി) പ്രസ്തുത തസ്തികയിലുള്ളവരുടെ സീനിയോറിറ്റി ലിസ്റ്റിന്റെ പകർപ്പ് ലഭ്യമാക്കുമോ ?

<u>ഉത്തരം</u>

(എ) സർക്കിൾ ഇൻസ്പെക്ടർമാരുടെ 7 ഒഴിവുകളും ഡെപ്യൂട്ടി സൂപ്രണ്ട് ഓഫ് പോലീസ് തസ്തികയിൽ 21 ഒഴിവുകളും നിലവിലുണ്ട്. (ഡിവൈ.എസ്.പി.-മാരുടെ ഒഴിവുകളിൽ 5 എണ്ണം യു.എൻ.-ലേക്ക് ഡെപ്യൂട്ടേഷനിൽ പോയത് മുഖേന ഉണ്ടായതാണ്.)

(ബി) സർക്കിൾ ഇൻസ്പെക്ടർമാരുടെ പ്രൊമോഷനുള്ള സെലക്ട് ലിസ്റ്റ് നിലവിലുള്ളതും എന്നാൽ ഡെപ്യൂട്ടി സൂപ്രണ്ട് ഓഫ് പോലീസ് തസ്തികയിൽ പ്രമോഷനുള്ള സെലക്ട് ലിസ്റ്റ് നിലവിലില്ലാത്തതുമാണ്.

(സി) സബ് ഇൻസ്പെക്ടർമാരുടെ സീനിയോറിറ്റി ലിസ്റ്റിലുള്ള തർക്കം പരിഹരിച്ചാലുടൻതന്നെ സബ്ഇൻസ്പെക്ടർമാരുടെ സെലക്ട് ലിസ്റ്റ് തയ്യാറാക്കുന്നതിനായി ഡിപ്പാർട്ട്മെന്റ് പ്രമോഷൻ കമ്മിറ്റി (ലോവർ) ചേരുവാൻ

സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(ഡി) സബ് ഇൻസ്പെക്ടർമാരുടെ സംസ്ഥാനതല സീനിയോറിറ്റി ലിസ്റ്റ് 31-12-2006 വരെയുള്ളത് നിലവിലുണ്ട്. എന്നാൽ ടി സീനിയോറിറ്റി ലിസ്റ്റ് സംബന്ധിച്ച് ഡയറക്ട് എസ്.ഐ.-മാരും പ്രൊമോഷൻ ലഭിച്ച എസ്.ഐ.മാരും തമ്മിൽ തർക്കം നിലനിൽക്കുന്നുണ്ട്. ആയത് സംബന്ധിച്ച് ഒരു കമ്മിറ്റി രൂപീകരിക്കുകയും ഈ കമ്മിറ്റിയുടെ റിപ്പോർട്ട് പ്രകാരം 1996 മുതലുള്ള എസ്.ഐ.-മാരുടെ സീനിയോറിറ്റി ലിസ്റ്റ് പുനഃപരിശോധിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഡെപ്യൂട്ടി സൂപ്രണ്ട് ഓഫ് പോലീസ് തസ്തികയിലുള്ളവരുടെ സീനിയോറിറ്റി ലിസ്റ്റിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു. *

**വനിതാ പോലീസ് കോൺസ്റ്റബിൾമാരുടെ തസ്തിക സൃഷ്ടിക്കൽ**

217 (2045) <u>ശ്രീ. ഷാഫി പറമ്പിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനിതാ പോലീസ് കോൺസ്റ്റബിൾമാരുടെ തസ്തിക സൃഷ്ടിക്കൽ പരിഗണനയിലുണ്ടോ ; വിശദമാക്കുമോ ;

(ബി) പ്രസ്തുത വിഭാഗത്തിലെ എത്ര ഒഴിവുകളാണ് പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളത് ; ബറ്റാലിയൻ തിരിച്ച് വിശദാംശങ്ങൾ നൽകുമോ ;

(സി) പുരുഷ-വനിത കോൺസ്റ്റബിൾമാരുടെ തസ്തിക നിർണ്ണയം വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്. 17-5-2014-ലെ സ.ഉ. (കൈ) നമ്പർ 101/2014/ആഭ്യന്തരം പ്രകാരം അനുമതി നൽകിയ പുതിയ വനിതാ പോലീസ് സ്റ്റേഷനുകളിൽ നിയമിക്കുന്നതിനായി 150 വനിതാ പോലീസ് കോൺസ്റ്റബിൾമാരുടെ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള ശുപാർശ സർക്കാരിന്റെ പരിഗണനയിലുണ്ട്.

(ബി) കെ.എ.പി. I-69, കെ.എ.പി. II-69, കെ.എ.പി. III-69, കെ.എ.പി. IV-69, കെ.എ.പി.V-69, എസ്.എ.പി.--71, എം.എസ്.പി.-69 എന്നീ ബറ്റാലിയനുകളിലായി 485 വനിതാ പോലീസ് കോൺസ്റ്റബിൾമാരുടെ ഒഴിവുകൾ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) കേരള സിവിൽ പോലീസ് കേഡർ പ്രകാരം പുരുഷൻമാർക്കും സ്ത്രീകൾക്കും തുല്യ അവകാശമായതിനാൽ പ്രത്യേകം തസ്തികകൾ നിർണ്ണയിച്ചിട്ടില്ല.

**പോലീസ് സർജൻ അലവൻസ്**

218 (2046) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ മുപ്പത്തിയാറ് വർഷത്തിനിടയിൽ ഒരിക്കൽപോലും പരിഷ്ക്കരിക്കപ്പെടാത്തതായ പ്രതിമാസ പോലിസ് സർജൻ അലവൻസ്, ശമ്പള പരിഷ്ക്കരണ കമ്മീഷൻ പരിഗണിച്ചില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത അലവൻസ് അടിസ്ഥാന ശമ്പളത്തിന്റെ പത്ത് ശതമാനമാക്കി വർദ്ധിപ്പിക്കണമെന്ന സംസ്ഥാന പോലീസ് മേധാവിയുടെയും മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെയും ശിപാർശ അടിയന്തരമായി നടപ്പിലാക്കുമോ ;

(സി) പോലീസ് സർജൻമാർക്ക് കോടതി ഡ്യൂട്ടിക്ക് പോകുന്നതിനായി നൽകിവരുന്ന ടി.എ/ഡി.എ. എന്നിവയുടെ പ്രതിമാസ/ത്രൈമാസ പരിധി എടുത്ത് മാറ്റുന്നതിനുള്ള നടപടി സ്വീകരിക്കുമോ ;

(ഡി) പോലീസ് വാഹനവും, സുരക്ഷാ ഉദ്യോഗസ്ഥനേയും എല്ലാ പോലീസ് സർജൻ യൂണിറ്റുകൾക്കും ലഭ്യമാക്കുമോ ;

(ഇ) ആരോഗ്യവകുപ്പിൽ ജോലി ചെയ്യുന്ന ഫോറൻസിക് മെഡിസിൻ ജൂനിയർ കൺസൾട്ടന്റുമാരെ അസിസ്റ്റന്റ് പോലീസ് സർജൻമാരായി നിയമിക്കുന്നതിന് ആരോഗ്യ വകുപ്പ് ഡയറക്ടർ നൽകിയ ശിപാർശ അടിയന്തരമായി നടപ്പിലാക്കുമോ ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) പോലീസ് സർജൻമാരുടെ പ്രതിമാസ അലവൻസ് വർദ്ധിപ്പി ക്കണമെന്നാവശ്യപ്പെട്ട് കേരള മെഡിക്കോ ലീഗൽ സൊസൈറ്റി സമർപ്പിച്ച അപേക്ഷയിന്മേൽ സംസ്ഥാന പോലീസ് മേധാവി, മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ എന്നിവർ ശുപാർശ സമർപ്പിക്കുകയുണ്ടായി. ആയത് പരിശോ

ധിച്ചതിന്റെ അടിസ്ഥാനത്തിൽ ടി ശുപാർശ ശമ്പള പരിഷ്കരണ കമ്മീഷൻ മുമ്പാകെ സമർപ്പിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) ഇതു സംബന്ധിച്ച ശുപാർശ ലഭിച്ചിട്ടില്ല.

(ഡി) അവശ്യ സമയങ്ങളിൽ പോലീസ് വാഹനവും പ്രത്യേക സുരക്ഷ ഏർപ്പെടുത്തേണ്ട അവസരങ്ങളിൽ സുരക്ഷാ ഉദ്യോഗസ്ഥനേയും നൽകിവരുന്നുണ്ട്.

(ഇ) ഇതു സംബന്ധിച്ച് സംസ്ഥാന പോലീസ് മേധാവിയുടെ റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ട്.

**പോലീസ് ഗവേഷണകേന്ദ്രം**

219 (2047) ശ്രീ. എം. വി. ശ്രേയാംസ് കുമാർ :
ശ്രീ. റോഷി അഗസ്റ്റിൻ :
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് ഗവേഷണ കേന്ദ്രം ആരംഭിക്കുന്നതു സംബന്ധിച്ച് നയം വ്യക്തമാക്കുമോ ;

(ബി) പോലീസ് സേനയുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് പോലീസ് ഗവേഷണ കേന്ദ്രം എത്രമാത്രം പ്രയോജനകരമാണെന്ന് കണ്ടെത്തിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(സി) ഗവേഷണ കേന്ദ്രത്തിന്റെ ഘടന, പ്രവർത്തനം എന്നിവ എപ്രകാരമാണെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ-സി) പോലീസ് സേനയുടെ നവീകരണത്തിനും കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുമായി ദേശീയതലത്തിൽ സ്ഥാപിതമായ ബ്യൂറോ ഓഫ് പോലീസ് റിസർച്ച് ആന്റ് ഡവലപ്പ്മെന്റ് (BPR&D)-ന്റെ മാതൃകയിൽ സംസ്ഥാന തലത്തിലും ഇത്തരം ഒരു ഗവേഷണ കേന്ദ്രം രൂപീകരിക്കുവാൻ സർക്കാർ തലത്തിൽ ആലോചിക്കുന്നുണ്ട്.

**വയനാട് ജില്ലാ കോൺഗ്രസ് ഡി.സി.സി. സെക്രട്ടറി ആത്മഹത്യചെയ്ത സംഭവം**

220 (2048) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും

വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലാ കോൺഗ്രസ് ഡി. സി. സി. സെക്രട്ടറി പി. വി. ജോൺ മാനന്തവാടി കോൺഗ്രസ് ഓഫീസിൽ ആത്മഹത്യ ചെയ്ത സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പി. വി. ജോണിന്റെ ആത്മഹത്യാകുറിപ്പ് പോലീസിന് ലഭിക്കുകയുണ്ടായോ ; എങ്കിൽ ആരുടെയൊക്കെ പേരുകളാണ് ഉള്ളതെന്നും അവർ കോൺഗ്രസിലെ ഏതൊക്കെ സ്ഥാനങ്ങൾ വഹിയ്ക്കുന്നവരാണെന്നും വ്യക്തമാക്കാമോ ;

(സി) ഇതുമായി ബന്ധപ്പെട്ട് ശ്രീ. പി. വി. ജോണിന്റെ കുടുംബം ആഭ്യന്തര മന്ത്രിക്ക് പരാതി നൽകുകയുണ്ടായോ ; എങ്കിൽ പരാതിയുടെ പകർപ്പ് ലഭ്യമാക്കാമോ ;

(ഡി) ആത്മഹത്യാകുറിപ്പിൽ പറഞ്ഞിരിക്കുന്ന വ്യക്തികൾക്കെതിരെ കേസെടുക്കുകയുണ്ടായോ, എങ്കിൽ ഏതെല്ലാം വകുപ്പ് പ്രകാരമാണ് കേസെടുത്തത് എന്ന് വ്യക്തമാക്കാമോ ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ ;

(ഇ) ടാഗോർ വിദ്യാനികേതൻ സ്കൂളിലെ ശശിധരൻ മാസ്റ്ററുടെ ആത്മഹത്യയെ തുടർന്ന് ശ്രീ. ജെയിംസ് മാത്യൂ എം. എൽ. എ.യെ അറസ്റ്റ് ചെയ്ത് ജയിലിലാക്കാനുള്ള കാരണം എന്തായിരുന്നു ; ഏതൊക്കെ വകുപ്പുകൾ പ്രകാരമാണ് എം.എൽ.എ.യ്ക്ക് എതിരെ കേസ് എടുത്തിട്ടുള്ളതെന്ന് അറിയിക്കുമോ ;

(എഫ്) മേൽപ്പറഞ്ഞ കേസ്സുകളിൽ ഇരട്ടനീതി നടപ്പാക്കിയതായ ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ വിശദാംശം നല്കുമോ ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ലഭിച്ചിട്ടുണ്ട്.

1. കെ. എൽ. പൗലോസ്, ഡി.സി.സി. പ്രസിഡന്റ്
2. സിൽവി തോമസ്, ഡി.സി.സി. സെക്രട്ടറി
3. വി.കെ. ജോസ്, കോൺഗ്രസ് ബ്ലോക്ക് വൈസ് പ്രസിഡന്റ്
4. ലേഖ രാജീവൻ, കോൺഗ്രസ് മണ്ഡലം സെക്രട്ടറി

(സി) ഉണ്ട്. അനുബന്ധമായി ചേർത്തിരിക്കുന്നു. *

(ഡി) ഇല്ല. പി. വി. ജോണിന്റെ മരണവുമായി ബന്ധപ്പെട്ട ആത്മഹത്യ കുറിപ്പിൽ പരാമർശിക്കുന്ന ആളുകളായ കെ. എൽ. പൗലോസ്, ഡി.സി.സി. പ്രസിഡന്റ്, സിൽവി തോമസ്, ഡി.സി.സി. സെക്രട്ടറി, വി. കെ. ജോസ്, കോൺഗ്രസ് ബ്ലോക്ക് വൈസ് പ്രസിഡന്റ്, ലേഖ രാജീവൻ, കോൺഗ്രസ് മണ്ഡലം സെക്രട്ടറി എന്നിവർ ക്രിമിനൽ കുറ്റം ചെയ്തതായി വെളിവായിട്ടില്ല. ടി കേസിന്മേലുള്ള അന്വേഷണം ഊർജിതമായി നടന്നുവരുന്നു.

(ഇ) ടാഗോർ വിദ്യാനികേതൻ സ്കൂളിലെ ശശിധരൻ മാസ്റ്ററുടെ ആത്മഹത്യയുമായി ബന്ധപ്പെട്ട അന്വേഷണത്തിൽ വിദ്യാനികേതൻ ഗവ. ഹയർ സെക്കണ്ടറി സ്കൂളിലെ അദ്ധ്യാപകനായിരുന്ന ശ്രീ. ഷാജി മാസ്റ്ററുടെയും ബഹു. എം.എൽ.എ. ആയ ശ്രീ. ജെയിംസ് മാത്യുവിന്റെയും പ്രേരണ മൂലമാണ് ടിയാൻ മരിക്കാൻ ഇടയായതെന്ന് വെളിവായതിന്റെ അടിസ്ഥാനത്തിൽ ടിയാൻമാരെ പ്രതികളായി Section 306 IPC ആയി ഉൾപ്പെടുത്തി ഒന്നും രണ്ടും പ്രതികളെ അറസ്റ്റ് ചെയ്ത് കോടതിയിൽ ഹാജരാക്കിയിട്ടുള്ളതും ആകുന്നു.

(എഫ്) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**പോലീസ് സേനയിലെ നിയമന പ്രക്രിയ**

221 (2049) <u>ശ്രീ. എം. പി. വിൻസെന്റ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ പോലീസ് സേനയിൽ യുവാക്കളായ ഓഫീസർമാരുടെ എണ്ണം വർദ്ധിപ്പിക്കുന്നതിന് വേണ്ടി ഈ സർക്കാരിന്റെ കാലത്ത് ആരംഭിച്ച വാർഷിക നിയമന പ്രക്രിയയുടെ നിലവിലെ അവസ്ഥ എന്താണ്; ഇതിലേക്ക് നിയമനങ്ങൾ ആരംഭിച്ചോ എന്ന് വ്യക്തമാക്കുമോ ;

(ബി) വനിതാ എസ്.ഐ.മാരുടെ പി.എസ്.സി. റാങ്ക് പട്ടികയിൽനിന്ന് നിയമനം നടത്താനുള്ള ആഭ്യന്തര വകുപ്പിന്റെ തീരുമാനം നടപ്പിലായോ ;

(സി) കേരള പോലീസിൽ കേഡർ രൂപീകൃതമായതിനുശേഷം സിവിൽ പോലീസ് കേഡറിലേക്ക് ആദ്യമായി നിലവിൽവന്ന എസ്.ഐ. റാങ്ക്

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

പട്ടികയിലേക്ക് വേക്കൻസികൾ റിപ്പോർട്ട് ചെയ്ത് തുടങ്ങിയോ എന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) വാർഷിക നിയമന പ്രക്രിയയുമായി ബന്ധപ്പെട്ട നടപടികൾ നടന്നുവരുന്നു. പി.എസ്.സി.-യിൽ നിന്നും നിയമന ശുപാർശ ലഭിക്കുന്ന മുറയ്ക്കാണ് പോലീസ് വകുപ്പിൽ നിന്നും നിയമന ഉത്തരവ് നൽകുന്നത്.

(ബി) വനിതാ എസ്.ഐ. തസ്തികയിൽ പുതുതായി സൃഷ്ടിച്ച 60 തസ്തികകളിലേക്ക് നേരിട്ടുള്ള നിയമനത്തിനുള്ള നടപടികൾ പുരോഗമിക്കുകയാണ്. വനിതാ എസ്.ഐ.-ക്ക് മാത്രമായി പ്രത്യേകം റാങ്ക് പട്ടിക പി.എസ്.സി. പ്രസിദ്ധീകരിച്ചിട്ടില്ല.

(സി) ഒഴിവുകൾ സമയബന്ധിതമായി പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്യുന്നുണ്ട്. ഏത് റാങ്ക് ലിസ്റ്റിൽ നിന്ന് നിയമന നിർദ്ദേശം നൽകണം എന്ന് തീരുമാനിക്കുന്നത് പി.എസ്.സി.യാണ്.

**സ്ത്രീ സുരക്ഷാ പദ്ധതി**

222 (2050) <u>ശ്രീമതി ഗീതാ ഗോപി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആഭ്യന്തര വകുപ്പ് സ്ത്രീ സുരക്ഷാ പദ്ധതി ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ ലക്ഷ്യങ്ങൾ എന്തെല്ലാമാണ് ;

(ബി) പദ്ധതിയുമായി ആരെയെല്ലാം സഹകരിപ്പിക്കുവാനാണ് ഉദ്ദേശിക്കുന്നത് ;

(സി) സന്നദ്ധ സംഘടനകളേയും സ്ത്രീ പ്രസ്ഥാനങ്ങളേയും ഇതിൽ സഹകരിപ്പിക്കുമോ ?

<u>ഉത്തരം</u>

(എ-സി) ഉണ്ട്. സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെ വർദ്ധിച്ചുവരുന്ന അക്രമ പ്രവർത്തനങ്ങൾ തടഞ്ഞ് അവർക്ക് സുരക്ഷിതത്വം നൽകുന്നതിനായാണ് ഈ പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. എറണാകുളം ജില്ലയിൽ ഒരു പൈലറ്റ് പ്രോജക്ടായി 'നിർഭയകേരളം സുരക്ഷിത കേരളം' പദ്ധതി ആരംഭിച്ചിട്ടുണ്ട്. സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള ലൈംഗിക അതിക്രമം എന്ന

മഹാവിപത്തിനെതിരെ ബോധവൽക്കരണം നടത്തുകയും ഇതിന് കാരണമാകുന്ന ഗാർഹിക പീഡനം, മദ്യപാനാസക്തി എന്നിവ തടയുന്നതിനായി നടപടികൾ സ്വീകരിക്കുകയും ഇത്തരം കുറ്റകൃത്യങ്ങൾക്കെതിരെ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം ത്വരിതപ്പെടുത്തുകയും കുറ്റവാളികൾക്കെതിരെ ശക്തമായ നിയമ നടപടികൾ സ്വീകരിച്ച് കോടതി നടപടികൾ വേഗത്തിലാക്കി കുറ്റക്കാർക്ക് പരമാവധി ശിക്ഷ ഉറപ്പുവരുത്തുകയും ലൈംഗിക അതിക്രമത്തിന് ഇരയായ പീഡിതർക്ക് അത്യാവശ്യമായി ചെയ്തുകൊടുക്കേണ്ട സംരക്ഷണവും പുനരധിവാസവും പുനരേകീകരണവും സാധ്യമാക്കുകയും ഒക്കെ ഈ പദ്ധതിയുടെ ഭാഗമാണ്. കുറ്റകൃത്യങ്ങൾക്ക് ഇരയായ സ്ത്രീകൾക്കും കുട്ടികൾക്കും തുടർ വിദ്യാഭ്യാസവും തൊഴിൽ പരിശീലനവും നൽകി. സമൂഹത്തിൽ മറ്റുള്ളവരെപ്പോലെ മാന്യമായി ജീവിക്കാൻ ഇവരെ പ്രാപ്തരാക്കുന്നതും ഈ പദ്ധതിയുടെ ലക്ഷ്യങ്ങളിൽപ്പെടുന്നു. സ്കൂൾ കോളേജ് ക്യാമ്പസ്സുകളിൽ കുറ്റകൃത്യങ്ങൾക്കെതിരെ പ്രതികരിക്കാനുള്ള പരിശീലനവും അവബോധവും നൽകുന്നതിലൂടെ പെൺകുട്ടികളെ ശക്തരാക്കുക എന്നതും ഈ പദ്ധതിയുടെ ലക്ഷ്യമാണ്. ആയതിന്റെ ഭാഗമായി ബോധവൽക്കരണ ക്ലാസ്സുകളും വുമൺ സെൽഫ് ഡിഫൻസ് ടെക്നിക് (WSDT) ട്രെയിനിംഗ് എന്നിവ നൽകിവരുന്നു. സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള അതിക്രമങ്ങൾ കണ്ടെത്തുന്നതിനായി വില്ലേജ് തലങ്ങളിൽ സർവ്വേ, ക്രൈം മാപ്പിംഗ് എന്നിവ നടത്തുകയും അതാതു സ്ഥലങ്ങളിലെ ബന്ധപ്പെട്ട അധികാരികളുടെ സഹായത്തോടെ സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങൾക്കെതിരെ വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നുമുണ്ട്. സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷയ്ക്ക് കൂടുതൽ പ്രാധാന്യം നൽകികൊണ്ട് സംസ്ഥാനത്ത് പുതിയതായി ആറ് വനിതാപോലീസ് സ്റ്റേഷനുകൾ ആരംഭിച്ചിട്ടുണ്ട്. നേരിട്ടുള്ള നിയമനത്തിനായി പുതിയതായി 60 വനിതാ സബ് ഇൻസ്പെക്ടർമാരുടെ തസ്തികകൾ സൃഷ്ടിച്ച് നിയമനനടപടികൾ നടന്നുവരുന്നു. 700-ലധികം വനിത സിവിൽ പോലീസ് ഓഫീസർമാരുടെ പുതിയ തസ്തികകളിൽ നിയമനത്തിനുള്ള നടപടികൾ ആയിട്ടുണ്ട്.

**പോലീസ് സേനയിലെ നിയമനത്തട്ടിപ്പ്**

223 (2051) ശ്രീ. പി. കെ. ഗുരുദാസൻ :
ശ്രീ. സി. കൃഷ്ണൻ :
ശ്രീ. എ. എം. ആരിഫ് :

ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് സേനയിൽ നിയമനം നൽകാമെന്നു പറഞ്ഞ് തട്ടിപ്പ് നടത്തിയ സംഭവത്തിൽ അന്വേഷണം നടത്താൻ തയ്യാറാകുമോ ; തട്ടിപ്പുകാർ നൂറിലധികം ആളുകളിൽ നിന്നായി ലക്ഷക്കണക്കിന് രൂപ കോഴ വാങ്ങിയതായുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) സിവിൽ പോലീസ് ഓഫീസറുടെ നേതൃത്വത്തിൽ ഉന്നതരുടെ അറിവോടുകൂടിയാണ് നിയമനതട്ടിപ്പ് നടത്തിയിട്ടുള്ളതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പ്രതികളിലൊരാളായ ശരണ്യ, ഹരിപ്പാട് കോടതിയിൽ നൽകിയ മൊഴി പോലീസ് ശേഖരിച്ചിട്ടുണ്ടോ ; മൊഴി വെളിപ്പെടുത്താവുന്നതാണോ ; ഉന്നതതലത്തിലുള്ള ഏതെല്ലാം സർക്കാർ ആഫീസുകളിൽ നിന്നും തട്ടിപ്പിന് സഹായങ്ങൾ ലഭിച്ചിട്ടുണ്ടെന്ന് മൊഴിയിൽ പറഞ്ഞിട്ടുണ്ട് ;

(ഡി) പ്രസ്തുത തട്ടിപ്പുമായി ബന്ധപ്പെട്ട് പുറത്തുവന്നിട്ടുള്ള കാര്യങ്ങൾ പരിഗണിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ; ഏത് എഫ്.ഐ.ആർ. പ്രകാരം ആരുടെ നേതൃത്വത്തിലാണ് അന്വേഷണം നടക്കുന്നത്; വ്യക്തമാക്കുമോ ?

ഉത്തരം

(എ) പോലീസ് സേനയിൽ നിയമനം നൽകാമെന്ന് പറഞ്ഞ് തട്ടിപ്പ് നടത്തിയത് സംബന്ധിച്ച് ആലപ്പുഴ ജില്ലയിലെ വിവിധ പോലീസ് സ്റ്റേഷനുകളിൽ റിപ്പോർട്ട് ചെയ്ത 32 കേസ്സുകൾ ക്രൈംബ്രാഞ്ച് സി.ഐ.ഡി. ആന്റി പൈറസി സെൽ പോലീസ് സൂപ്രണ്ട് ശ്രീ. പ്രതീഷ് കുമാർ ഐ.പി.എസ്.ന്റെ നേതൃത്വത്തിൽ അന്വേഷിച്ചുവരുന്നു. ഇതുവരെയുള്ള അന്വേഷണത്തിൽ 45-ഓളം പേരിൽ നിന്നായി ലക്ഷക്കണക്കിന് രൂപ വാങ്ങിയിട്ടുള്ളതായി വെളിവായിട്ടുണ്ട്.

(ബി) തൃക്കുന്നപ്പുഴ പോലീസ് സ്റ്റേഷനിലെ സീനിയർ സിവിൽ പോലീസ് ഓഫീസർ ശ്രീ. പ്രദീപിനു (എ 5488) തട്ടിപ്പിൽ കാര്യമായ പങ്കുള്ളതായി വെളിവായതിന്റെ അടിസ്ഥാനത്തിൽ ക്രൈം നമ്പർ 174/CR/APC/TVPM/2015 എന്ന കേസിൽ പ്രതിയായി അറസ്റ്റ് ചെയ്തിട്ടുള്ളതാണ്. ഉന്നതരുടെ അറിവോടുകൂടിയാണ് ടിയാൻ തട്ടിപ്പ് നടത്തിയത് എന്നതിന് ഇതുവരെയുള്ള അന്വേഷണത്തിൽ തെളിവുകളൊന്നും ലഭിച്ചിട്ടില്ല.

(സി) പ്രതികളിൽ ഒരാളായ ശരണ്യ, ഹരിപ്പാട് കോടതിയിൽ ബഹു. ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റിന് നൽകിയത് രഹസ്യമൊഴിയാണ്. ആയത് ഇതുവരെയും അന്വേഷണ സംഘത്തിന് കൈമാറിയിട്ടില്ല.

(ഡി) ക്രൈംബ്രാഞ്ച് ഐ.ജി. ശ്രീജിത്ത് ഐ.പി.എസ്.-ന്റെ മേൽനോട്ടത്തിലും ആന്റി പൈറസി സെൽ പോലീസ് സൂപ്രണ്ട് ശ്രീ. പ്രതീഷ് കുമാർ ഐ.പി.എസ്.-ന്റെ നേതൃത്വത്തിലും അന്വേഷണം നടന്നുവരുന്നു. ക്രൈം നമ്പർ, പോലീസ് സ്റ്റേഷൻ തുടങ്ങിയ വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

## സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിന് നടപടി

224 (2052) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നു ;

(ബി) പെൺവാണിഭമടക്കമുള്ള കുറ്റകൃത്യങ്ങൾക്ക് വേണ്ടി സാമൂഹ്യ മാധ്യമങ്ങളെ ഉപയോഗിക്കുന്നതിനാൽ ഇവ നിരീക്ഷിക്കുന്നതിന് പ്രത്യേക സംവിധാനം ഏർപ്പെടുത്തുമോ ?

ഉത്തരം

(എ) സൈബർ കുറ്റകൃത്യങ്ങളെക്കുറിച്ചും അവയുടെ ഭവിഷ്യത്തുകളെക്കുറിച്ചും അവയ്ക്ക് ഇരയാകാതിരിക്കാനുള്ള മുൻകരുതലുകളെക്കുറിച്ചും ഇരകളായാൽ സ്വീകരിക്കേണ്ട നടപടികളെക്കുറിച്ചും വിദ്യാർത്ഥികളേയും പൊതുജനങ്ങളേയും ബോധവൽക്കരി ക്കുന്നതിലേയ്ക്കായി സൈബർ പോലീസ് സ്റ്റേഷൻ, ഹൈടെക് ക്രൈം എൻക്വയറി സെൽ എന്നിവ മുഖാന്തരം ബോധവൽക്കരണ ക്ലാസുകൾ നടത്തിവരുന്നു. സ്കൂളുകൾ, കോളേജുകൾ, വിദ്യാഭ്യാസ രംഗത്തു പ്രവർത്തിക്കുന്ന മറ്റു സ്ഥാപനങ്ങൾ, നാഷണൽ സർവ്വീസ് സ്കീം, ഐ.സി.ഡി.എസ്. പ്രോജക്ട്, റസിഡൻസ് അസോസിയേഷനുകൾ, ദൃശ്യ-ശ്രാവ്യ-പത്ര മാധ്യമങ്ങൾ എന്നിവയുമായി സഹകരിച്ചാണ് ബോധവൽക്കരണ ക്ലാസുകൾ നടത്തിവരുന്നത്.

(ബി) ഇന്റർനെറ്റ് കുറ്റകൃത്യങ്ങളെ സംബന്ധിച്ച് നിരീക്ഷണം നടത്തുന്നതിനായി ഒരു സൈബർഡോം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## സമാന്തര പോലീസ് സംവിധാനം

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

225 (2053) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സമാന്തര പോലീസ് സംവിധാനം പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ ; ഇതിനെതിരെ എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) കൊച്ചിയിൽ സമാന്തര പോലീസ് സംവിധാനം നിലവിലുള്ളതായ റിപ്പോർട്ട് സംബന്ധിച്ച് ആഭ്യന്തര വകുപ്പ് എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്നും ഇതിൽ സംസ്ഥാന പോലീസ് സർവ്വീസിലുള്ള ആർക്കെങ്കിലും പങ്കുള്ളതായി കണ്ടെത്തിയിട്ടുണ്ടോ എന്നും വെളിപ്പെടുത്തുമോ ;

(സി) സമാന്തര പോലീസ് സംവിധാനം ഉള്ളതായ റിപ്പോർട്ട് സംസ്ഥാനത്ത് അരാജകത്വം സൃഷ്ടിക്കുമെന്ന ആക്ഷേപം വിലയിരുത്തിയിട്ടുണ്ടോ ?

ഉത്തരം

(എ) സംസ്ഥാനത്ത് സമാന്തര പോലീസ് സ്റ്റേഷനുകൾ പ്രവർത്തിക്കുന്നതായി ഏതെങ്കിലും അന്വേഷണ റിപ്പോർട്ടുകളിൽ നിന്നോ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുന്ന കേസ്സുകളിൽ നിന്നോ വെളിവായിട്ടില്ലാത്തതാണ്.

(ബി) കൊച്ചിയിൽ സമാന്തര പോലീസ് സ്റ്റേഷൻ പ്രവർത്തിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇക്കാര്യത്തിൽ കൊച്ചിയിൽ എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്തിട്ടില്ലാത്തതാണ്.

(സി) സംസ്ഥാനത്ത് സമാന്തര പോലീസ് സംവിധാനം ഉള്ളതായോ പ്രവർത്തിക്കുന്നതായോ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**ചെറുപുഴ പോലീസ് സ്റ്റേഷൻ**

226 (2054) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ ചെറുപുഴയിൽ പുതതായി അനുവദിച്ച പോലീസ് സ്റ്റേഷന്റെ പ്രവർത്തനം എപ്പോൾ ആരംഭിക്കുമെന്നും ഏതെല്ലാം പ്രദേശങ്ങളാണ് സ്റ്റേഷന്റെ പരിധിയിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കുമോ ;

(ബി) ഇതുമായി ബന്ധപ്പെട്ട് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ?

ഉത്തരം

(എ&ബി) സർക്കാർ ഉത്തരവ് (കൈ) നമ്പർ 212/2015/ആഭ്യന്തരം തീയതി 29-9-2015 പ്രകാരം ചെറുപുഴയിൽ പുതിയ പോലീസ് സ്റ്റേഷൻ തുടങ്ങുവാൻ സർക്കാർ തത്വത്തിൽ അനുമതി നൽകിയിട്ടുണ്ട്. തളിപ്പറമ്പാ താലൂക്കിലെ വയക്കര വില്ലേജിനു കീഴിൽ വരുന്ന കോലുവള്ളി, വ്യാളായി, തട്ടുമ്മൽ, മച്ചിയിൽ, കക്കയംചാൽ, മണ്ണാക്കാട്, ചെറുപുഴ, കുണ്ടറക്കാണം, കുണ്ടംതാടം എന്നീ പ്രദേശങ്ങളും തിരുമേനി വില്ലേജിലെ താബോർ, ചട്ടിവയൽ, തിരുമേനി, മുതുവം, കൊക്കടവ്, പ്രാപ്പോയിൽ, കോരാളി, പോക്കിരിമുക്ക്, മുരുത്തംപോടി, കുണ്ടേരി, പേരുവട്ടം, ഇയ്യാംകല്ല്, മുളപ്പാറ, പരുത്തിക്കല്ല്, പാറോത്തുംനീര് എന്നീ പ്രദേശങ്ങളും പുളിംഗോം വില്ലേജിലെ രാജഗിരി, കാനംവയൽ, ജോസ്ഗിരി, ഇടവരമ്പ്, കോഴിച്ചൽ, മീൻതുള്ളി, പൊൻപുഴ, കാരിയക്കര, ചുണ്ട, മരുത്തുംതട്ട്, ഉമയംചൽ, പുളിംഗോം, വാഴക്കണ്ടം, കോട്ടത്തലാച്ചിമല, സൂര്യഗിരി, ചൂരപടവ്, കുമ്പാങ്കുന്ന്, ചേനാട്ട് കൊല്ലി എന്നീ പ്രദേശങ്ങളുമാണ് ഈ പോലീസ് സ്റ്റേഷന്റെ പരിധിയിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നത്. ടി പോലീസ് സ്റ്റേഷൻ പ്രവർത്തനത്തിനായി വിജ്ഞാപനം പുറപ്പെടുവിക്കേണ്ടതായുണ്ട്. ഇതിനായുള്ള കരട് വിജ്ഞാപനം വകുപ്പുതലത്തിൽ തയ്യാറാക്കിവരുന്നു.

**പരിയാരം മെഡിക്കൽ കോളേജ് പോലീസ് സ്റ്റേഷന് സ്വന്തമായി കെട്ടിടം**

227 (2055) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ പരിയാരം മെഡിക്കൽ കോളേജ് പോലീസ് സ്റ്റേഷന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ബി) പരിയാരം ടി.ബി. സാനിറ്റോറിയത്തിന്റെ ഭൂമിയിൽ നിന്നും മെഡിക്കൽ കോളേജ് പോലീസ് സ്റ്റേഷന് സ്ഥലം ലഭ്യമാക്കുന്നതിന് ആവശ്യമായ അടിയന്തര നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ&ബി) കണ്ണൂർ ജില്ലയിലെ പരിയാരം ടി.ബി. സാനിറ്റോറിയത്തിന്റെ 13.0936 ഹെക്ടർ ഭൂമിയിൽ നിന്നും ഒരു ഹെക്ടർ ഭൂമി, പരിയാരം മെഡിക്കൽ കോളേജ് പോലീസ് സ്റ്റേഷന് സ്വന്തമായി കെട്ടിടവും ക്വാർട്ടേഴ്സും നിർമ്മിക്കുന്നതിന് പോലീസ് വകുപ്പിന് കൈമാറി ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സ്ഥലം ലഭ്യമായെങ്കിൽ മാത്രമേ കെട്ടിട നിർമ്മാണത്തിനുള്ള തുടർ നടപടി സ്വീകരിക്കുവാൻ കഴിയുകയുള്ളൂ.

## സംസ്ഥാന ബഡ്ജറ്റിൽ ആഭ്യന്തര വകുപ്പിനായുള്ള പദ്ധതികൾ

228 (2056) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-12, 2012-13, 2013-14, 2014-15 വർഷങ്ങളിലെ സംസ്ഥാന ബഡ്ജറ്റിൽ ആഭ്യന്തര വകുപ്പിനായി എന്തെല്ലാം പദ്ധതികൾ ആരംഭിക്കുമെന്നാണ് പ്രഖ്യാപിച്ചിരുന്നത്;

(ബി) ഓരോ പദ്ധതിക്കുമായി ഓരോ ബഡ്ജറ്റിലും എത്ര തുക വീതം വകയിരുത്തിയിരുന്നു ; എത്ര തുക വീതം അനുവദിക്കപ്പെട്ടു ; എത്ര തുക വീതം ട്രഷറിയിൽ പിൻവലിക്കാതെ അവശേഷിക്കുന്നു ; വ്യക്തമാക്കുമോ ;

(സി) ഇവയിൽ അതതു വർഷം ലക്ഷ്യം പൂർത്തീകരിക്കാൻ കഴിയാത്ത പദ്ധതികളുണ്ടോ ; എങ്കിൽ വിശദമാക്കുമോ ;

(ഡി) ഇതുവരെയും ലക്ഷ്യം പൂർത്തിയാക്കാൻ കഴിയാത്ത പദ്ധതികളോ പ്രവർത്തനങ്ങളോ ഉണ്ടോ ; വ്യക്തമാക്കുമോ ;

(ഇ) പുതുതായി ആരംഭിക്കുമെന്ന് പ്രഖ്യാപിച്ചിരുന്ന സ്ഥാപനങ്ങളിൽ ഇതുവരെ പ്രവർത്തനം ആരംഭിക്കാത്തവ ഉണ്ടോ ; വ്യക്തമാക്കുമോ ?

ഉത്തരം

(എ - ഇ) വിവരം ശേഖരിച്ചുവരുന്നു.

## പോലീസ് ഔട്ട്പോസ്റ്റ് നിർമ്മാണം

229 (2057) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂർ മണ്ഡലത്തിലെ ദ്വീപ് പഞ്ചായത്തായ പെരുമ്പളത്ത് ഒരു പോലീസ് ഔട്ട്പോസ്റ്റ് നിർമ്മിക്കണമെന്നുള്ള അപേക്ഷയിന്മേൽ എന്തു നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ ;

(ബി) ഇല്ലെങ്കിൽ ആയതിനുള്ള സത്വര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) അരൂർ മണ്ഡലത്തിലെ ദ്വീപ് പഞ്ചായത്തായ പെരുമ്പളത്ത് ഒരു

പോലീസ് ഔട്ട് പോസ്റ്റ് സ്ഥാപിക്കണമെന്ന അപേക്ഷ വകുപ്പുതലത്തിൽ പരിശോധിക്കുകയും അവിടെ 6 പി.സി.-മാരും 2 എച്ച്.സി.-മാരുമടങ്ങുന്ന ഒരു പോലീസ് എയ്ഡ് പോസ്റ്റ് സ്ഥാപിക്കാവുന്നതാണ് എന്ന് കണ്ടെത്തുകയും ചെയ്തിട്ടുണ്ട്. എന്നിരിക്കിലും പോലീസ് സ്റ്റേഷനുകളിലെ ജോലിഭാരം സംബന്ധിച്ച് ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ് നടത്തിവരുന്ന വർക്ക് സ്റ്റഡി റിപ്പോർട്ട് ലഭിച്ച ശേഷം, മുൻഗണനാക്രമത്തിൽ, പുതിയ പോലീസ് സ്റ്റേഷനുകൾ/ഔട്ട് പോസ്റ്റുകൾ ആരംഭിച്ചാൽ മതിയെന്ന് സർക്കാർ തത്വത്തിൽ തീരുമാനമെടുത്തിട്ടുള്ളതിനാൽ പ്രസ്തുത വർക്ക് സ്റ്റഡി റിപ്പോർട്ട് ലഭിച്ചശേഷം മാത്രമേ പെരുമ്പളത്ത് പോലീസ് ഔട്ട് പോസ്റ്റ് ആരംഭിക്കുന്ന വിഷയം പരിശോധിക്കാൻ കഴിയുകയുള്ളൂ.

**ടാങ്കർലോറി അപകടങ്ങൾ**

230 (2058) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടാങ്കർ ലോറി അപകടങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ദുരന്തങ്ങൾ ആവർത്തിക്കാതിരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ബി) ഇത്തരം അപകടങ്ങൾ നടക്കുമ്പോൾ രക്ഷാപ്രവർത്തനം ഊർജ്ജിതമാക്കുന്നതിനായി ഫയർഫോഴ്സിന് ആധുനിക ഉപകരണങ്ങൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശം നൽകുമോ ?

ഉത്തരം

(എ) അമിതവേഗത്തിലും അശ്രദ്ധമായും ഉദാസീനമായും വാഹനമോടിക്കുന്ന ടാങ്കർ ലോറി ഡ്രൈവർമാർക്കെതിരെ നിയമനടപടികൾ സ്വീകരിച്ചുവരുന്നു. തിരക്കേറിയ സമയങ്ങളിൽ നഗരത്തിൽ ടാങ്കർലോറിക്ക് പ്രവേശനം നിയന്ത്രിക്കുകയും പ്രത്യേക സമയപരിധി ക്രമീകരിക്കുകയും ചെയ്തിട്ടുണ്ട്. പെട്രോളിയം ഉല്പന്നങ്ങൾ കൊണ്ടുപോകുന്ന ടാങ്കർ വാഹനങ്ങളിൽ ഹെവി മോട്ടോർ വെഹിക്കിൾ ഡ്രൈവിംഗ് ലൈസൻസുള്ള രണ്ട് ഡ്രൈവർമാർ നിർബന്ധമായും ഉണ്ടായിരിക്കുക, വാഹനത്തിന് എക്സ്പ്ലോസീവ് ലൈസൻസുണ്ടായിരിക്കുക, സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കുക തുടങ്ങിയ നിർദ്ദേശങ്ങൾ പാലിക്കുന്നുണ്ടോ എന്ന് കർശന പരിശോധന നടത്തുന്നുണ്ട്. ടാങ്കർലോറി അപകടങ്ങൾ ഉണ്ടാകുന്ന

സാഹചര്യത്തിൽ വൻദുരന്തങ്ങൾ ഒഴിവാക്കുന്നതിനായി ടാങ്കർ ലോറി ഡ്രൈവർമാർ, പോലീസ്, ഫയർഫോഴ്സ് ഉൾപ്പെടെയുള്ള ജീവനക്കാർ, പൊതുജനങ്ങൾ എന്നിവർ സ്വീകരിക്കേണ്ട മുൻകരുതൽ നടപടികളെക്കുറിച്ച് ബോധവൽക്കരണം നടത്തിവരുന്നു. പെട്രോളിയം ഉല്പന്നങ്ങൾ, പാചകവാതകം പോലുള്ള ഇന്ധനങ്ങൾ എന്നിവയുമായി ടാങ്കർ ലോറികൾ അപകടത്തിൽപ്പെട്ടാൽ സ്വീകരിക്കേണ്ട മുൻകരുതലുകളെപ്പറ്റിയും അപകടങ്ങൾ ഒഴിവാക്കുന്നതിനുള്ള മാർഗ്ഗങ്ങളെ സംബന്ധിച്ചും അഗ്നിശമന രക്ഷാസേന വകുപ്പിലെ ഒരു വിഭാഗം ജീവനക്കാർക്ക് പെട്രോളിയം കമ്പനികൾ ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിച്ചിട്ടുണ്ട്.

(ബി) രക്ഷാപ്രവർത്തനം ഊർജ്ജിതമാക്കുന്നതിനായി അഗ്നിശമന രക്ഷാസേവന വകുപ്പിന് ആധുനിക ഉപകരണങ്ങൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. പെട്രോളിയം ഉല്പന്നങ്ങളുടെ ചോർച്ച കണ്ടുപിടിക്കുന്നതിനുള്ള മൾട്ടി ഗ്യാസ് ഡിറ്റക്ടർ, ജീവനക്കാർക്ക് ഫയർ ഫൈറ്റിംഗിനുള്ള ഫയർ സ്യൂട്ട്, പേഴ്സണൽ പ്രൊട്ടക്ടീവ് ഉപകരണങ്ങൾ, ലോങ്ങ് റേഞ്ച് അഗ്നിശമനത്തിനുള്ള മോണിറ്റർ, ഹാൻഡ് കൺട്രോൾ ബ്രാഞ്ച് എന്നീ ആധുനിക ഉപകരണങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ അഗ്നിശമന സേനയിലെ എല്ലാ വാഹനങ്ങൾക്കും സ്പാർക്ക് അറസ്റ്റർ ഘടിപ്പിച്ചിട്ടുണ്ട്.

**സോളാർ കേസിലെ പ്രതികളുമായുള്ള കൂടിക്കാഴ്ച**

231 (2059) ശ്രീ. എ. പ്രദീപ് കുമാർ :
ശ്രീ. കെ. കെ. ജയചന്ദ്രൻ :
ശ്രീ. ജെയിംസ് മാത്യു :
ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സോളാർ കേസിലെ പ്രതി ബിജു രാധാകൃഷ്ണനുമായി ജയിൽ സൂപ്രണ്ട് കൂടിക്കാഴ്ചകൾ നടത്തിയതായുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പൂജപ്പുര സെൻട്രൽ ജയിൽ സൂപ്രണ്ടിന് ഇക്കാര്യത്തിൽ പ്രത്യേകം നിർദ്ദേശം വല്ലതും നൽകിയിട്ടുണ്ടായിരുന്നുവോ ; വ്യക്തമാക്കുമോ ;

(സി) സോളാർ കമ്മീഷനു മുന്നിലും വിവിധ കോടതികളിലും ഹാജരാക്കേണ്ട ദിവസങ്ങൾക്ക് തൊട്ടുമുമ്പുള്ള ദിവസങ്ങളിൽ ലോക്കപ്പ് സമയം കഴിഞ്ഞതിനു ശേഷമായിരുന്നു കൂടിക്കാഴ്ചകൾ നടത്തിയിരുന്നതെന്നറിയാമോ ;

(ഡി) സോളാർ കേസിലെ പ്രതി സരിത എസ്. നായർ അട്ടക്കുളങ്ങര വനിതാ ജയിലിൽ കഴിഞ്ഞപ്പോൾ അന്നത്തെ ജയിൽ ഡി.ഐ.ജി. സന്ദർശനം നടത്തിയിരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; സമാനസംഭവമാണിപ്പോൾ ഉണ്ടായിരിക്കുന്നതെന്ന കാര്യം പരിശോധിക്കുമോ ;

(ഇ) സംഭവത്തെക്കുറിച്ചുള്ള അന്വേഷണ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ ; ഇക്കാര്യങ്ങൾ സോളാർ കമ്മീഷന്റെ ശ്രദ്ധയിൽ കൊണ്ടുവരാൻ നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) നിർദ്ദേശം നൽകിയിട്ടില്ല.

(സി) ലോക്കപ്പ് സമയം കഴിഞ്ഞതിനുശേഷം കൂടിക്കാഴ്ച നടത്തിയതായിട്ടുണ്ടെങ്കിലും ഇക്കാര്യത്തിൽ സൂപ്രണ്ടിന്റെ നടപടി നിയമവിരുദ്ധമായിട്ടുള്ളതല്ല.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ദേശീയ മനുഷ്യാവകാശ കമ്മീഷൻ വനിതാ ജയിൽ സന്ദർശിക്കുമെന്ന് അറിയിച്ചതിനെ തുടർന്ന് ബഹു. കമ്മീഷന്റെ സന്ദർശന സമയത്ത് ആവശ്യമായ ക്രമീകരണങ്ങൾ ചെയ്യുന്നതിന് വനിതാ ജയിൽ അധികാരികൾക്ക് വേണ്ട നിർദ്ദേശം നൽകുന്നതിനുവേണ്ടി കൃത്യനിർവ്വഹണത്തിന്റെ ഭാഗമായാണ് മുൻ ജയിൽ ഡി.ഐ.ജി. വനിതാ ജയിൽ സന്ദർശിച്ചിട്ടുള്ളത്. ഇക്കാര്യത്തിനും പ്രതി ബിജു രാധാകൃഷ്ണനുമായി സൂപ്രണ്ട് കൂടിക്കാഴ്ച നടത്തിയതും തമ്മിൽ സമാനതകൾ ഉണ്ടെന്നു കരുതുന്നില്ല.

(ഇ) ലഭിച്ചിട്ടുണ്ട്. കമ്മീഷൻ ഇതുമായി ബന്ധപ്പെട്ട റിപ്പോർട്ട് ആവശ്യപ്പെട്ടാൽ ആയത് നൽകുന്നതാണ്.

## മലപ്പുറം ജില്ലയിലെ എം.എസ്.പി. പോലീസ് കോൺസ്റ്റബിൾ ഡ്രൈവർ റാങ്ക് ലിസ്റ്റ്

232 (2060) <u>ശ്രീ. പി. ഉബൈദുള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014 സെപ്റ്റംബർ മാസം നിലവിൽ വന്ന മലപ്പുറം ജില്ലയിലെ എം.എസ്.പി. പോലീസ് കോൺസ്റ്റബിൾ ഡ്രൈവർ (കാറ്റഗറി നമ്പർ-267/11) തസ്തികയിലേക്കുള്ള റാങ്ക് ലിസ്റ്റിൽ നിന്നും നാളിതുവരെ എത്ര പേരെ നിയമിച്ചു ;

(ബി) പുതുതായി എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട് ; അയതിലേക്ക് നിയമന ശുപാർശ നല്കിയിട്ടുണ്ടോ ;

(സി) പ്രസ്തുത തസ്തികയിലെ ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നകാര്യത്തിൽ എന്തെങ്കിലും വീഴ്ച ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ നിലവിലുള്ള മുഴുവൻ ഒഴിവുകളും റിപ്പോർട്ടുചെയ്യുന്നതിനും നിയമനങ്ങൾ ത്വരിതപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) 36 പേർ ട്രെയിനിംഗ് പൂർത്തിയാക്കി ജോലിയിൽ പ്രവേശിച്ചിട്ടുണ്ട്. 4 പേരുടെ പരിശീലനം നടന്നുവരുന്നു. 7 പേരുടെ മെഡിക്കൽ പരിശോധന പൂർത്തിയാക്കി തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) 14-10-2015 തീയതിയിൽ 10 ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇല്ല.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ബാധകമല്ല.

**പോലീസിലെ സാങ്കേതിക വിഭാഗത്തിലുള്ളവരുടെ വിവിധ അലവൻസുകൾ**

233 (2061) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പോലീസിൽ സാങ്കേതിക വിഭാഗത്തിൽ പ്രവർത്തിയെടുക്കുന്ന മെക്കാനിക്ക്, ഫിറ്റർ, ഇലക്ട്രീഷ്യൻ, ആർമറർ, ബ്യൂഗ്ളർ, ഡ്രൈവർ, ബാന്റ് പോലീസ് കോൺസ്റ്റബിൾമാർക്ക് ഡേ ഓഫ് അലവൻസ്, ഇലക്ട്രിസിറ്റി & വാട്ടർ അലവൻസ്, ഫീഡിംഗ് ചാർജ് അലവൻസ്, റേഷൻ മണി അലവൻസ്, റിസ്ക് അലവൻസ്, സ്മാർട്ട്നെസ്സ് അലവൻസ് തുടങ്ങിയ അലവൻസുകൾ ഇപ്പോൾ ലഭ്യമാക്കാത്തതിന്റെ കാരണം വിശദമാക്കുമോ ; പ്രസ്തുത അലവൻസുകൾ പുനഃസ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുമോ ;

(ബി) പോലീസിലെ സാങ്കേതിക വിഭാഗം പോലീസുകാരുടെ നിയമനങ്ങൾ പി.എസ്.സി. വഴിയാക്കി ഉത്തരവിറക്കിയിട്ടുണ്ടോ ; എങ്കിൽ പി.എസ്.സി. വഴി ഇത്തരം നിയമനങ്ങൾ നടത്താൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ) പോലീസ് ജീവനക്കാരുടെ ജോലിയുടെ അപകട സാദ്ധ്യതയും പ്രത്യേക സ്വഭാവവും കണക്കിലെടുത്ത് അവർക്ക് അനുവദിച്ചിട്ടുള്ള പോലീസ് സ്പെഷ്യൽ അലവൻസ്, ഡേ ഓഫ് അലവൻസ് എന്നിവ പോലീസ് വകുപ്പിലെ സാങ്കേതിക വിഭാഗത്തിൽപ്പെട്ടവർക്ക് അനുവദനീയമല്ല. എന്നാൽ പോലീസ് വകുപ്പിലെ ഡ്രൈവർ വിഭാഗത്തിൽപ്പെട്ട എല്ലാപേർക്കും ഡേ ഓഫ് അലവൻസ്, ഇലക്ട്രിസിറ്റി

& വാട്ടർ അലവൻസ്, ഫീഡിംഗ് അലവൻസ്, റേഷൻ മണി അലവൻസ്, റിസ്ക് അലവൻസ്, സ്മാർട്ട്നെസ്സ് അലവൻസ് എന്നിവ എല്ലാം തന്നെ നൽകുന്നുണ്ട്.

(ബി) ഉണ്ട്. 26-2-2011-ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 681/2011/ആഭ്യന്തരം പ്രകാരം സാങ്കേതിക വിഭാഗത്തിന്റെ നിയമനങ്ങൾ പി.എസ്.സി.ക്ക് വിട്ടുനൽകിയിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

**ആഭ്യന്തര വകുപ്പിന്റെ പ്രവർത്തനം**

234 (2062) ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റാന്വേഷണവും, ക്രമസമാധാനവും ഒരു ഓഫീസർ തന്നെ നിർവ്വഹിക്കുന്നത് ആഭ്യന്തര വകുപ്പിന്റെ പ്രവർത്തനത്തെ ബാധിക്കുന്നുണ്ടോ ; ഇവ രണ്ടാക്കാനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോ ;

(ബി) എസ്.ഐ., സി.ഐ., ഡിവൈ.എസ്.പി., എസ്.പി. പ്രൊമോഷൻ വൈകുന്നത് എന്തുകൊണ്ടാണ് ; ഇതുമായി ബന്ധപ്പെട്ട് കേസുകൾ നിലവിലുണ്ടോ ;

(സി) എസ്.ഐ. നിയമന പ്രക്രിയകൾ സ്ഥിരമായി കോടതി വ്യവഹാരത്തിൽ പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എസ്. ഐ. ട്രെയിനിംഗ് സിലബസ് പരിഷ്കരിക്കുന്നതിനു നടപടി സ്വീകരിച്ചിട്ടുണ്ടോ ?

ഉത്തരം

(എ) 27-12-2006-ലെ സർക്കാർ ഉത്തരവ് നമ്പർ ജി.ഒ.(ആർ.റ്റി) നമ്പർ 3069/2006/ആഭ്യന്തരം പ്രകാരം കേസന്വേഷണങ്ങൾ കാര്യക്ഷമതയോടെയും വേഗത്തിലും നടത്തുന്നതിനായി, ക്രമസമാധാന പോലീസ് വിഭാഗത്തിൽ നിന്നും അന്വേഷണ വിഭാഗത്തെ വേർപ്പെടുത്തുവാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. പ്രാരംഭ നടപടി എന്ന നിലയിൽ തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ മൂന്ന് പോലീസ് സിറ്റി ജില്ലകളിലെ ക്രമസമാധാന പോലീസ് വിഭാഗത്തെയും അന്വേഷണ വിഭാഗത്തേയും വേർതിരിച്ച് പ്രവർത്തനം നടത്തിവരുന്നു.

(ബി) സബ് ഇൻസ്പെക്ടർ ഓഫ് പോലീസ്, സർക്കിൾ ഇൻസ്പെക്ടർ ഓഫ് പോലീസ് തസ്തികകളിലേയ്ക്കുള്ള പ്രമോഷൻ നൽകുന്നുണ്ട്. സർക്കിൾ ഇൻസ്പെക്ടർമാരുടെ സീനിയോറിറ്റി ലിസ്റ്റ് നിലവിലില്ലാത്തതുകൊണ്ടാണ് ഡെപ്യൂട്ടി സൂപ്രണ്ട് ഓഫ്

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

പോലീസ് തസ്തികയിലേക്ക് പ്രമോഷൻ വൈകുന്നത്. ഇതുമായി ബന്ധപ്പെട്ട് കേസുകൾ നിലവിലുണ്ട്.

(സി) ഉണ്ട്.

(ഡി) ജി.ഒ. നമ്പർ 174/2013/ആഭ്യന്തരം തീയതി 5-7-2013 പ്രകാരം എസ്.ഐ. ട്രെയിനിംഗ് സിലബസ് പരിഷ്കരിച്ചിട്ടുണ്ട്.

**ട്രാഫിക്ക് കുറ്റകൃത്യങ്ങൾ**

235 (2063) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ട്രാഫിക് കുറ്റകൃത്യങ്ങൾക്ക് 2013-14, 2014-15 വർഷങ്ങളിലും 2015-ൽ ഇതുവരെയും എത്ര കേസുകളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത് ; പ്രസ്തുത വർഷങ്ങളിൽ പിഴയിനത്തിൽ എത്ര തുക ഈടാക്കി ; ഏത് ജില്ലയിലാണ് ഏറ്റവും കൂടുതൽ കേസുകൾ രജിസ്റ്റർ ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

ട്രാഫിക്ക് കുറ്റകൃത്യങ്ങൾക്ക് രജിസ്റ്റർ ചെയ്ത കേസുകൾ, പെറ്റിക്കേസുകൾ, പിഴയിനത്തിൽ ഈടാക്കിയ തുക എന്നിവ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു:

| വർഷം | രജിസ്റ്റർ ചെയ്ത കേസ്സുകളുടെ എണ്ണം | പെറ്റികേസു കളുടെ എണ്ണം | പിഴയിനത്തിൽ ഈടാക്കിയ തുക |
|---|---|---|---|
| 2013-14 | 2,95,773 | 47,18,701 | 71,80,96,812 |
| 2014-15 | 2,88,022 | 41,65,295 | 61,85,16,220 |
| 2015 (ഏപ്രിൽ മുതൽ നവംബർ 28 വരെ) | 2,24,678 | 36,50,703 | 49,17,12,301 |

എറണാകുളം റൂറൽ ജില്ലയിലാണ് ട്രാഫിക്ക് കുറ്റകൃത്യങ്ങൾക്ക് ഏറ്റവും കൂടുതൽ കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുള്ളത്.

**സൈബർ ഡോം**

236 (2064) ശ്രീ. ജോസഫ് വാഴക്കൻ :

ശ്രീ. ഐ. സി. ബാലകൃഷ്ണൻ :

ശ്രീ. പി. എ. മാധവൻ :

ശ്രീ. ആർ. സെൽവരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സൈബർ ഡോം പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങൾ നേടിയെടുക്കുവാൻ വേണ്ടിയാണ് പ്രസ്തുത പദ്ധതി ആവിഷ്കരിച്ചത് ;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

ഉത്തരം

(എ) ഉണ്ട്.

(ബി) സൈബർ ലോകത്തെ കുറ്റകൃത്യങ്ങൾ തടയുക, സൈബർ സുരക്ഷിതത്വം ഉറപ്പ് വരുത്തുക തുടങ്ങിയ ലക്ഷ്യങ്ങളോടുകൂടി ഐ.റ്റി. മേഖലയുമായി സഹകരിച്ച് കേരള പോലീസ് ആവിഷ്ക്കരിച്ച പദ്ധതിയാണ് സൈബർ ഡോം.

(സി) സൈബർ ഡോമിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ നടന്നുവരികയാണ്. 2016 ജനുവരിയിൽ സൈബർ ഡോം പ്രവർത്തനക്ഷമമാകും എന്ന് പ്രതീക്ഷിക്കുന്നു.

**വർഗ്ഗീയ ഭീഷണി**

237 (2065) ശ്രീ. ഇ. പി. ജയരാജൻ :

ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :

ഡോ. കെ. ടി. ജലീൽ :

ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർഗ്ഗീയ ഭീഷണികൾ നേരിടുന്നതിൽ സർക്കാർ പരാജയപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത വിഷയം സംബന്ധിച്ച് മതനിരപേക്ഷതയിലൂന്നിയ നിലപാട്

സ്വീകരിക്കുന്നതിൽ വീഴ്ച ഉണ്ടായിട്ടുണ്ടോ ; എങ്കിൽ അവ എന്തെല്ലാമായിരുന്നു എന്ന് പരിശോധിക്കുമോ ;

(സി) ജനങ്ങൾ എങ്ങനെ ജീവിക്കണം എന്തു കഴിക്കണം എന്നെല്ലാം വർഗ്ഗീയവാദികൾ കല്പിക്കുന്ന അവസ്ഥയ്ക്ക് അനുകൂലമായ നിലപാട് സ്വീകരിക്കുന്നുണ്ടോ ; വ്യക്തമാക്കുമോ ;

(ഡി) പോലീസ് സംവിധാനം വർഗ്ഗീയ ഭീഷണികൾക്കെതിരെ നടപടി സ്വീകരിക്കുന്നുണ്ടോ ; പോലീസിന്റെ മൃദുസമീപനം വർഗ്ഗീയത വളർത്താൻ ഇടയാക്കുന്നുണ്ടോ ;

(ഇ) സാമുദായിക ഐക്യം തകർക്കുന്നതരത്തിൽ പ്രസംഗങ്ങൾ ആവർത്തിക്കുന്നവർക്കെതിരെ നിയമ നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) വർഗീയ ഭീഷണി സംബന്ധിച്ച് മതനിരപേക്ഷതയിലൂന്നിയ നിലപാട് സ്വീകരിക്കുന്നതിൽ വീഴ്ചയുണ്ടായിട്ടില്ല.

(സി) ജനങ്ങൾ എങ്ങനെ ജീവിക്കണം, എന്തു കഴിക്കണം എന്നെല്ലാം വർഗീയവാദികൾ കല്പിക്കുന്ന അവസ്ഥ ഇപ്പോൾ നമ്മുടെ സംസ്ഥാനത്ത് നിലനിൽക്കുന്നില്ല.

(ഡി) കേരള പോലീസ് ഇക്കാര്യത്തിൽ നിയമാനുസരണം ശക്തമായ നടപടികൾ സ്വീകരിക്കുന്നുണ്ട്.

(ഇ) സാമുദായിക ഐക്യം തകർക്കുന്ന തരത്തിൽ പ്രസംഗങ്ങൾ ആവർത്തിക്കുന്നവർക്കെതിരെ നിയമ നടപടി സ്വീകരിക്കുന്നതാണ്.

**സ്വതന്ത്ര ഇന്റലിജൻസ് സംവിധാനം**

238 (2066) <u>ശ്രീ. എം. പി. വിൻസെന്റ്</u> :
<u>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ</u> :
<u>ശ്രീ. സി. പി. മുഹമ്മദ്</u> :
<u>ശ്രീ. കെ. ശിവദാസൻ നായർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസിൽ സ്വതന്ത്ര ഇന്റലിജൻസ് സംവിധാനം നടപ്പിലാക്കുമോ ;

(ബി) ഇതിനായി പ്രത്യേക റിക്രൂട്ടുമെന്റ് നടത്തുമോ ;

(സി) ഇതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് ?

ഉത്തരം

(എ-സി) ഇപ്പോൾ പരിഗണനയിലില്ല.

**വിജിലന്റ് കേരള പദ്ധതി**

239 (2067) ശ്രീ. എം. പി. വിൻസെന്റ് :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. റ്റി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിജിലൻറ് കേരള പദ്ധതിയ്ക്ക് രൂപം നൽകിയിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതിവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) കേരളത്തിലെ തദ്ദേശ സ്വയംഭരണ പ്രദേശങ്ങളിൽ 100% അഴിമതി വിമുക്ത പദ്ധതിനടത്തിപ്പും ഭരണനിർവ്വഹണവും ലക്ഷ്യമിട്ടുകൊണ്ട് ജനപങ്കാളിത്തത്തോടെ, പരാതി സംസ്കാരത്തിൽ നിന്നുമാറി കൂട്ടായ പ്രശ്നപരിഹാര സംസ്കാരം ലക്ഷ്യമിട്ടുകൊണ്ട് നടപ്പിലാക്കിവരുന്ന അഴിമതി വിരുദ്ധ പദ്ധതി ആണ് വിജിലന്റ് കേരള. ഈ ലക്ഷ്യപ്രാപ്തിക്കായി പ്രദേശത്തെ ഓരോരുത്തരും പരാതി പറയുന്നതിനുപകരം, അഴിമതി വിരുദ്ധ പ്രവർത്തനത്തിന് പങ്കാളികളാകുക എന്നതാണ് വിജിലന്റ് കേരളയുടെ പ്രത്യേകത.

വിജിലന്റ് കേരളയുടെ പ്രവർത്തനത്തിൽ ഏഴുതരം പങ്കാളികളുണ്ട്.

ഗ്രൂപ്പ്-1 സർക്കാർ, അർദ്ധസർക്കാർ ഓഫീസുകളിലോ സർക്കാർ

പ്രവർത്തനങ്ങളിലോ അഴിമതി അഭിമുഖീകരിക്കുകയോ കാണുകയോ ചെയ്യുന്നവർ.

ഗ്രൂപ്പ്-2 അഴിമതി വിരുദ്ധ പ്രവർത്തനങ്ങളിൽ അറിവും കഴിവും നേടി, സജീവ പങ്കാളികളാവുന്ന കോയിലേഷൻ മെമ്പർ.

ഗ്രൂപ്പ്-3 വിജിലന്റ് കേരള വെബ്സൈറ്റിൽ പോസ്റ്റ് ചെയ്യുന്ന പ്രശ്നം പരിഹരിക്കാൻ ഡെലിഗേറ്റഡ് അതോറിറ്റി (പൂർണ്ണ ഉത്തരവാദിത്വവും അധികാരവും) ഉള്ള അംഗങ്ങൾ.

ഗ്രൂപ്പ്-4 ജില്ലയിലെ വിജിലൻസ് ഉദ്യോഗസ്ഥരും വിജിലൻസ് സ്റ്റാഫും.

ഗ്രൂപ്പ്-5 ജില്ലാതല വിജിലൻസ് കമ്മിറ്റി അംഗങ്ങളും മറ്റ് ജില്ലാതല ഭരണ മേധാവികളും.

ഗ്രൂപ്പ്-6 വകുപ്പ് മേധാവികൾ, പൊതുമേഖലാ സ്ഥാപന മേധാവികൾ, ബോർഡ് മേധാവികൾ, മറ്റ് സർക്കാർ ഉന്നതോദ്യോഗസ്ഥർ.

ഗ്രൂപ്പ് -7 വിജിലൻസ് ആസ്ഥാനത്തെ ഉദ്യോഗസ്ഥർ.

2014 ആഗസ്റ്റ് മുതൽ പൈലറ്റ് പ്രോജക്ട് ആയി എട്ട് ജില്ലകളിൽ നടപ്പിലാക്കി വരുന്ന ഈ പദ്ധതിയുടെ ഔപചാരിക ഉദ്ഘാടനം 9-7-2015 രാവിലെ പത്ത് മണിയ്ക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ സാമൂഹിക ക്ഷേമ വകുപ്പുമന്ത്രി ഡോ. എം. കെ. മുനീർ, ആരോഗ്യവും ദേവസ്വവും വകുപ്പുമന്ത്രി ശ്രീ. വി. എസ്. ശിവകുമാർ എന്നിവരുടെ സാന്നിദ്ധ്യത്തിൽ വി.ജെ.ടി. ഹാളിൽ നടന്ന ചടങ്ങിൽവച്ച് ആദരണീയനായ കേരള ഗവർണ്ണർ ജസ്റ്റിസ് പി. സദാശിവം അവർകൾ നിർവ്വഹിച്ചു.

(സി) വിജിലന്റ് കേരള പദ്ധതി കൂടുതൽ തലങ്ങളിൽ നടപ്പിലാക്കുന്ന വിഷയം സർക്കാർ പരിശോധിച്ചുവരികയാണ്.

**ഓപ്പറേഷൻ കുബേര**

240 (2068) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 'ഓപ്പറേഷൻ കുബേര'ക്കുശേഷവും കൊള്ളപ്പലിശക്കാരും, വട്ടിപ്പലിശക്കാരും രംഗത്തുണ്ടോ ;

(ബി) അടുത്ത ദിവസം പാലക്കാട് ജില്ലയിലെ കുഴൽമന്ദത്തിനടുത്ത്

ഇതുമായി ബന്ധപ്പെട്ട് യുവാവ് ജീവനൊടുക്കിയ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പ്രസ്തുത വിവരം സംബന്ധിച്ച പരാതി ലഭിച്ചിട്ടുണ്ടോ ; എങ്കിൽ എന്തു നടപടിയാണ് സ്വീകരിച്ചത് ;

(ഡി) ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കുവാനും അമിത പലിശക്കാരെ അമർച്ച ചെയ്യുന്നതിനും നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) ഓപ്പറേഷൻകുബേരക്കുശേഷവും കൊള്ളപ്പലിശക്കാരുടെയും വട്ടിപ്പലിശക്കാരുടെയും ഒറ്റപ്പെട്ട പ്രവർത്തനങ്ങൾ സംസ്ഥാനത്തിന്റെ ചില ഭാഗങ്ങളിൽ നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സതീഷ് S/o കിട്ടു എന്നയാൾ ആത്മഹത്യ ചെയ്ത സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ഉണ്ട്. ഇത് സംബന്ധിച്ച് കുഴൽമന്ദം പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 894/2015 u/s 174 Cr.P.C പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം ആരംഭിച്ചിട്ടുള്ളതും മൃതദേഹത്തിൽ നിന്നും ആത്മഹത്യ കുറിപ്പ് ലഭിച്ചത് പ്രകാരം സെക്ഷൻ 306 ഐ.പി.സി. ആയി കേസ് മാറ്റി പ്രതികളായ (1) കൃഷ്ണൻ @ കാട കൃഷ്ണൻ (2) ഷിനു S/o കൃഷ്ണൻ എന്നിവരെ അറസ്റ്റ് ചെയ്ത് റിമാന്റിൽ പാർപ്പിച്ചിട്ടുണ്ട്.

(ഡി) ഇത്തരം സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ കർശന നിയമ നടപടികൾ സ്വീകരിക്കുന്നതാണ്.

**ക്രമസമാധാന പാലനം**

241 (2069) <u>ശ്രീ. സാജു പോൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ക്രമസമാധാന പാലനം ഉറപ്പാക്കിയിട്ടുണ്ടോ ;

(ബി) ഈ സർക്കാരിന്റെ കാലത്ത് എത്ര വധശ്രമങ്ങൾ നടന്നിട്ടുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ ;

(സി) ഈ സർക്കാരിന്റെ കാലത്ത് എത്ര വീടുകളാണ് ആക്രമിക്കപ്പെട്ടിട്ടുള്ളതെന്ന ജില്ല തിരിച്ച് വ്യക്തമാക്കുമോ ;

(ഡി) ഈ സർക്കാരിന്റെ കാലത്ത് നടന്ന കൊലപാതകങ്ങളിൽ ആകെ എത്ര

പ്രതികളുണ്ടെന്നും അതിൽ എത്രപേരെ ഇനിയും പിടികൂടാനുണ്ടെന്നും ജില്ല തിരിച്ച് വിശദമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് ക്രമസമാധാന പാലനം ഉറപ്പാക്കിയിട്ടുണ്ട്.

(ബി) ഈ സർക്കാരിന്റെ കാലത്ത് 2520 വധശ്രമങ്ങൾ നടന്നിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) ഈ സർക്കാരിന്റെ കാലത്ത് 1601 വീടുകൾ ആക്രമിക്കപ്പെട്ടിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ഡി) ഈ സർക്കാരിന്റെ കാലത്ത് നടന്ന കൊലപാതകങ്ങളിൽ 3018 പ്രതികളുണ്ട്. അതിൽ 149 പേരെ ഇനിയും പിടികൂടാനുണ്ട്. ജില്ല തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

**ഓപ്പറേഷൻ കുബേര**

242 (2070) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓപ്പറേഷൻ കുബേര ഉദ്ദേശിച്ച ഫലം ലഭിച്ചിട്ടുണ്ടോ ; പലിശക്കാർ പ്രസ്തുത പദ്ധതി അട്ടിമറിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) ഓപ്പറേഷൻ കുബേര പ്രകാരം രജിസ്റ്റർ ചെയ്ത കേസുകളിൽ എടുത്തിട്ടുള്ള നിയമ നടപടികളും ശിക്ഷാനടപടികളും സംബന്ധിച്ച വിശദവിവരം നൽകുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് നടപ്പിലാക്കിയ 'ഓപ്പറേഷൻ കുബേര' പദ്ധതി ഉദ്ദേശിച്ച ഫലം ലഭിച്ചിട്ടുണ്ട്. ഓപ്പറേഷൻ കുബേര പദ്ധതി നടപ്പിലാക്കിയതിനുശേഷം സംസ്ഥാനത്ത് അമിത പലിശ വാങ്ങി പണമിടപാട് നടത്തുകയും അതിനായി വ്യാജരേഖകൾ ചമയ്ക്കുകയും ഗുണ്ടായിസം, ഭീഷണി മുതലായ പ്രവൃത്തികൾ കർശനമായി നിയന്ത്രിക്കുകയും സാധാരണ ജനങ്ങൾക്ക് ന്യായമായ പലിശയ്ക്ക് ബാങ്ക്/സഹകരണ സ്ഥാപനങ്ങൾ എന്നിവയിൽനിന്നും പണം ലഭിക്കുന്നതിനുമുള്ള സാഹചര്യവും ഇപ്പോൾ നിലവിലുണ്ട്. പ്രസ്തുത പദ്ധതി അട്ടിമറിച്ചതായി

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഓപ്പറേഷൻ കുബേര പദ്ധതി പ്രകാരം സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത കേസ്സുകളിൽ അന്വേഷണം പൂർത്തിയായ കേസ്സുകൾ കോടതികളുടെ പരിഗണനയിലാണ്.

**കുന്ദമംഗലം പോലീസ് സ്റ്റേഷൻ കെട്ടിടം**

243 (2071) ശ്രീ. പി. റ്റി. എ. റഹീം : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കുന്ദമംഗലം പോലീസ് സ്റ്റേഷന് വേണ്ടിയുള്ള കെട്ടിടത്തിന്റെ നിർമ്മാണം ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

കുന്ദമംഗലം പോലീസ് സ്റ്റേഷൻ കെട്ടിടം നിർമ്മിക്കുന്നതിന് ഉദ്ദേശിച്ചിട്ടുള്ള സ്ഥലം പാറകൾ നിറഞ്ഞതായതിനാൽ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് മുന്നോടിയായി പാറകൾ പൊട്ടിച്ച് ടി സ്ഥലം നിരപ്പാക്കു ന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

**സാമ്പത്തിക തട്ടിപ്പുകേസ്സുകൾ**

244 (2072) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന് നാളിതുവരെ സംസ്ഥാനത്ത് എത്ര സാമ്പത്തിക തട്ടിപ്പു കേസുകൾ രജിസ്റ്റർ ചെയ്തെന്ന് വെളിപ്പെടുത്താമോ ;

(ബി) സാമ്പത്തിക തട്ടിപ്പുകേസ്സിൽ ആകെ എത്ര പ്രതികളുണ്ടെന്ന് വിശദമാക്കാമോ ;

(സി) ഓരോ കേസിലും എത്ര രൂപയുടെ തട്ടിപ്പാണ് നടത്തിയതെന്നും ആകെ എത്ര കോടി രൂപയുടെ തട്ടിപ്പാണെന്നും വിശദമാക്കാമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ സംസ്ഥാനത്ത് 4410 സാമ്പത്തിക തട്ടിപ്പ് കേസുകൾ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ട്.

(ബി) ഈ സാമ്പത്തിക തട്ടിപ്പ് കേസ്സുകളിൽ ആകെ 8964 പ്രതികൾ ഉണ്ട്.

(സി) ഓരോ കേസിലും എത്ര രൂപയുടെ തട്ടിപ്പാണ് നടത്തിയത് എന്നുള്ള വിവരം ഇതോടൊപ്പം അനുബന്ധമായി ചേർത്തിരിക്കുന്നു.* പരാതികൾ പ്രകാരം ഏകദേശം 742,94,79,728 (എഴുന്നൂറ്റി നാൽപ്പത്തിരണ്ട് കോടി തൊണ്ണൂറ്റിനാല് ലക്ഷത്തി എഴുപത്തി ഒൻപതിനായിരത്തി എഴുന്നൂറ്റി ഇരുപത്തിയെട്ട് ) രൂപയുടെ തട്ടിപ്പാണ് നടന്നിരിക്കുന്നത്.

## കാസർഗോഡ് ജില്ലയ്ക്ക് പ്രത്യേക പാക്കേജുകൾ

245 (2073) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയുടെ പ്രത്യേകസാഹചര്യം കണക്കിലെടുത്ത് ആഭ്യന്തര വകുപ്പ് ഏതെല്ലാം പ്രത്യേക പാക്കേജുകളാണ് അനുവദിച്ചിട്ടുള്ളത് ;

(ബി) പ്രസ്തുത പാക്കേജ് പ്രകാരം ജില്ലയ്ക്ക് അനുവദിക്കപ്പെട്ട പ്രത്യേക ആനുകൂല്യങ്ങൾ എന്തൊക്കെയാണ് എന്ന് വ്യക്തമാക്കാമോ ;

(സി) മറ്റു ജില്ലകളെ അപേക്ഷിച്ച് കാസർഗോഡ് ജില്ലയിൽ പോലീസ് സേനയിലും അനുവദിക്കുന്ന പോലീസ് വാഹനങ്ങളിലും വർദ്ധനവ് ഉണ്ടോ; എങ്കിൽ വിശദവിവരം നൽകാമോ ?

<u>ഉത്തരം</u>

(എ&ബി) കാസർഗോഡ് ജില്ലയുടെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് 150 സിവിൽ പോലീസ് ഓഫീസർമാർ, 15 എ.എസ്.ഐ.മാർ, 10 ഡ്രൈവർ പോലീസ് കോൺസ്റ്റബിൾമാർ, 50 ടൂവീലർ, 5 ടവേര, 1 ബസ്, 82 നിരീക്ഷണ ക്യാമറ, 200 സി.യു.ജി. സിം കാർഡ് എന്നിവ പ്രത്യേക പാക്കേജായി കാസർഗോഡ് ജില്ലയ്ക്ക് അനുവദിച്ചിട്ടുണ്ട്.

(സി) ഉണ്ട്. കാസർഗോഡ് ജില്ലയിൽ ആകെ 284 എണ്ണം വിവിധതരം വാഹനങ്ങൾ ഉണ്ട്. ടി വാഹനങ്ങളുടെ എണ്ണം മറ്റ് ചില പോലീസ് ജില്ലകളിലെ വാഹനങ്ങളുടെ എണ്ണത്തിന് സമാനവും മറ്റ് ചില ജില്ലകളിലെ വാഹനങ്ങളുടെ എണ്ണത്തെക്കാൾ കൂടുതലുമാണ്.

## വെഞ്ഞാറമൂട് പോലീസ് സബ് ഇൻസ്പെക്ടർ ശ്രീ. റിയാസ് രാജിനെതിരെയുള്ള നടപടി

246 (2074) <u>ശ്രീ. കെ. വി. അബ്ദുൾ ഖാദർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(എ) കേരള പ്രവാസി സംഘം സംസ്ഥാന എക്സിക്യൂട്ടീവ് അംഗവും തിരുവനന്തപുരം ജില്ലാസെക്രട്ടറിയുമായ സജീവ് തൈക്കാടിന്റെ വീട് അന്യായമായി ആക്രമിച്ച വെഞ്ഞാറമൂട് പോലീസ് സബ് ഇൻസ്പെക്ടർ ശ്രീ. റിയാസ് രാജിനെതിരെ വകുപ്പുതല നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) അർദ്ധരാത്രിയിൽ വീടുകൾ റെയ്ഡ് നടത്തുന്നതിന് ബഹു. സുപ്രീം കോടതി നിർദ്ദേശിച്ചിട്ടുള്ള നടപടിക്രമങ്ങൾ പ്രസ്തുത ഉദ്യോഗസ്ഥൻ പാലിച്ചിട്ടുണ്ടോ ; വ്യക്തമാക്കുമോ ;

(സി) പോലീസ് ചട്ടങ്ങൾക്ക് വിരുദ്ധമായി, പ്രതികാര മനോഭാവത്തോടെ പൗരന്മാരോട് പെരുമാറുന്ന ഇത്തരം ഉദ്യോഗസ്ഥരെ മാതൃകാപരമായി ശിക്ഷിക്കുന്നതിന് ആഭ്യന്തര വകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ?

<u>ഉത്തരം</u>

(എ) വെഞ്ഞാറമൂട് പോലീസ് സബ് ഇൻസ്പെക്ടർ ശ്രീ. റിയാസ് രാജിനെതിരെ വകുപ്പുതല അച്ചടക്ക നടപടി (ഓറൽ എൻക്വയറി) ഉത്തരവാകുകയും അന്വേഷണത്തിന് തിരുവനന്തപുരം റൂറൽ ജില്ലാ സ്പെഷ്യൽ ബ്രാഞ്ച് ഡി.വൈ.എസ്.പി.-യെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

(ബി) വീടുകൾ റെയ്ഡ് ചെയ്യുന്നതുമായി ബന്ധപ്പെട്ട് നിയമാനുസൃത നടപടിക്രമങ്ങൾ പാലിച്ചിട്ടുണ്ടോ എന്ന കാര്യവും അറസ്റ്റുമായി ബന്ധപ്പെട്ട സുപ്രീം കോടതി നിർദ്ദേശങ്ങൾ പാലിച്ചിട്ടുണ്ടോ എന്ന കാര്യവും വകുപ്പുതല നടപടിയുടെ ഭാഗമായ അന്വേഷണത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) പ്രതികാര മനോഭാവത്തോടെ പൗരന്മാരോട് പെരുമാറുന്ന പോലീസ് ഉദ്യോഗസ്ഥർക്കെതിരെ കർശനമായ വകുപ്പുതല ശിക്ഷാനടപടികളും ആവശ്യമെങ്കിൽ നിയമനടപടികളും സ്വീകരിക്കുന്നുണ്ട്.

**സ്റ്റുഡന്റ് പോലീസ് യൂണിറ്റ് ആരംഭിക്കുന്നതിനുള്ള നടപടി**

247 (2075) <u>ശ്രീ. കെ. കെ. നാരായണൻ</u> : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പിണറായി എ.കെ.ജി. മെമ്മോറിയൽ ഗവ. ഹയർസെക്കണ്ടറി സ്കൂളിൽ സ്റ്റുഡന്റ് പോലീസ് യൂണിറ്റ് ആരംഭിക്കുന്നതിന് വേണ്ടിയുള്ള പ്രൊപ്പോസൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

2015-16 അദ്ധ്യയന വർഷത്തിൽ സ്റ്റുഡന്റ് പോലീസ് കേഡറ്റ് യൂണിറ്റ് അനുവദിക്കുന്നതിലേക്കായി ലഭിച്ച അപേക്ഷകൾ 10-7-2015-ന് ചേർന്ന സംസ്ഥാനതല ഉപദേശക സമിതി പരിശോധിക്കുകയും പ്രസ്തുത യോഗതീരുമാന

പ്രകാരം തയ്യാറാക്കിയ സ്റ്റുഡന്റ് പോലീസ് കേഡറ്റ് യൂണിറ്റ് ആരംഭിക്കുന്നതിനുള്ള സ്കൂളുകളുടെ പട്ടികയിൽ ടി സ്കൂളിനെ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഇത് സർക്കാർ പരിശോധിച്ചുവരുന്നു.

**ഡിറ്റക്ടീവ് ഏജൻസികൾ**

248 (2076) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്വകാര്യ ഡിറ്റക്ടീവ് ഏജൻസികൾ പ്രവർത്തിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ എത്ര സ്ഥാപനങ്ങൾ ; എവിടെയെല്ലാം പ്രവർത്തിക്കുന്നു എന്നാണ് കണ്ടെത്തിയിട്ടുള്ളത് ;

(ബി) എന്തെല്ലാം പ്രവർത്തനങ്ങളാണ് പ്രസ്തുത സ്ഥാപനങ്ങൾ നടത്തുന്നത് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) പ്രസ്തുത സ്ഥാപനങ്ങൾ നടത്തുന്നവരിൽ റിട്ടയേർഡ് പോലീസ് ഓഫീസർമാരോ, സർവ്വീസിലുള്ള പോലീസുകാരോ ഉള്ളതായി കണ്ടെത്തിയിട്ടുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ഡി) പ്രസ്തുത സ്ഥാപനങ്ങൾക്ക് നിയമ സാധുതയുണ്ടോയെന്നും സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് എൻ. ഒ . സി . നൽകുന്നുണ്ടോയെന്നും വിശദമാക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആകെ 10 സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതിൽ 9 സ്ഥാപനങ്ങൾ എറണാകുളം സിറ്റിയിലും ഒരു സ്ഥാപനം കോഴിക്കോട് സിറ്റിയിലും പ്രവർത്തിക്കുന്നു.

(ബി) വിവാഹം, തൊഴിൽ, സാമ്പത്തിക സ്രോതസ്സ്, കുടുംബപശ്ചാത്തലം തുടങ്ങിയ വിവരങ്ങൾ, വ്യക്തികളുടെയും സ്വകാര്യ സ്ഥാപനങ്ങളുടെയും മറ്റും ആവശ്യപ്രകാരം അന്വേഷിച്ച് കൈമാറുന്ന പ്രവർത്തനങ്ങൾ നടത്തിവരുന്നതായി അറിയുന്നു. കൂടാതെ Pre Job Verification, കാണാതായ ആളുകളെക്കുറിച്ചുള്ള അന്വേഷണം, വാഹന അപകടക്കേസുകളിൽ ഇൻഷ്വറൻസ് കമ്പനിക്കാവശ്യമായ അന്വേഷണം, ബാങ്കുകളിൽ നിന്ന് ലോൺ എടുത്ത് അവ അടയ്ക്കാത്തവരെ കുറിച്ചുള്ള അന്വേഷണം, മെഡിക്കൽ ക്ലെയിം തുടങ്ങിയവയെ സംബന്ധിച്ചുള്ള അന്വേഷണവും നടത്തിവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) പ്രസ്തുത സ്ഥാപനങ്ങൾ നടത്തുന്നതിൽ റിട്ടയേർഡായ 27 പോലീസ് ഉദ്യോഗസ്ഥർ പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിലവിൽ, സർവ്വീസിലുള്ള പോലീസുകാർ ആരുംതന്നെ പ്രസ്തുത സ്ഥാപനങ്ങളിൽ പ്രവർത്തിക്കുന്നതായി

കണ്ടെത്തിയിട്ടില്ല.

(ഡി) സംസ്ഥാനത്ത് സ്വകാര്യ ഡിറ്റക്ടീവ് ഏജൻസികൾ ആരംഭിക്കുന്നതിന് ആഭ്യന്തര വകുപ്പിൽ നിന്നും NOC നൽകുന്നില്ല.

**അന്യസംസ്ഥാന തൊഴിലാളികളുടെ കുറ്റകൃത്യങ്ങളിലുള്ള പങ്ക്**

249 (T2077) <u>ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അന്യസംസ്ഥാന തൊഴിലാളികളുടെ എണ്ണം വർദ്ധിച്ചു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ;

(ബി) കവർച്ച, പിടിച്ചുപറി, കൊലപാതകം, മാനഭംഗം എന്നീ കേസുകളിൽ ഇവർക്കുള്ള പങ്ക് നിയന്ത്രിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. *

(ബി) കവർച്ച, പിടിച്ചുപറി, കൊലപാതകം, മാനഭംഗം എന്നീ കേസ്സുകളിൽ ഇവർക്കുള്ള പങ്ക് നിയന്ത്രിക്കുന്നതിനായി എല്ലാ പോലീസ് സ്റ്റേഷനുകളിലും ഇതരസംസ്ഥാന തൊഴിലാളികളുടെ പൂർണ്ണമായ വിവരങ്ങൾ അടങ്ങിയ രജിസ്റ്റർ സൂക്ഷിച്ചുവരുന്നു. ഈ രജിസ്റ്ററിൽ ഇതര സംസ്ഥാന തൊഴിലാളികളുടെ പൂർണ്ണമായ വിലാസം, ഫോട്ടോ, ഫിംഗർ പ്രിന്റ്, ഇലക്ഷൻ ഐഡന്റിറ്റി കാർഡിന്റെ വിവരങ്ങൾ, ഈ തൊഴിലാളികളുടെ കോൺട്രാക്ടർമാരുടെ വിവരങ്ങൾ എന്നിവ കൃത്യമായും രേഖപ്പെടുത്തി സൂക്ഷിച്ചുവരുന്നു. കൂടാതെ ഇത്തരക്കാർ താമസിക്കുന്ന സ്ഥലങ്ങളിൽ പോലീസിന്റെ പ്രത്യേക ശ്രദ്ധ കേന്ദ്രീകരിക്കുന്ന തരത്തിൽ പട്രോളിംഗ്, ബീറ്റ്ഡ്യൂട്ടി എന്നിവ നടപ്പിലാക്കി വരുന്നു. ഇതരസംസ്ഥാന തൊഴിലാളികളുടെ പ്രവർത്തനങ്ങൾ നിരീക്ഷി ക്കുന്നതിനായി സ്പെഷ്യൽ ബ്രാഞ്ച് ഉദ്യോഗസ്ഥരുടെ സേവനവും പ്രയോജന പ്പെടുത്തിവരുന്നു.

**എരുവട്ടിയിലെ അഷറഫ് വധം, കായലോട് ബേക്കറി ആക്രമണം**

250 (2078) <u>ശ്രീ. കെ. കെ. നാരായണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എരുവട്ടിയിലെ അഷറഫ് വധം, കായലോട് ബേക്കറി ആക്രമണകേസ് എന്നിവയിൽ ആരൊക്കെയായിരുന്നു പ്രതികളെന്ന് പ്രത്യേകമായി വിശദമാക്കാമോ ;

(ബി) പ്രസ്തുത പ്രതികളുടെ പേരിൽ കണ്ണൂർ ജില്ലയിലെ ഏതെല്ലാം പോലീസ്

---

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

സ്റ്റേഷനുകളിൽ എത്രയൊക്കെ കേസ്സുകൾ ഉണ്ടെന്നും അവയുടെ വിശദാംശങ്ങളും ലഭ്യമാക്കുമോ ;

(സി) പ്രതികളുടെ പേരിൽ കോടതി അറസ്റ്റ് വാറണ്ട് ഉത്തരവായിട്ടുണ്ടോ ; എങ്കിൽ ഏതൊക്കെ കേസ്സുകളിലാണെന്ന വിശദാംശം വെളിപ്പെടുത്താമോ ;

(ഡി) പ്രസ്തുത പ്രതികളുടെ പേരിൽ ഗുണ്ടാ ആക്ട് പ്രകാരം കേസ്സ് നിലവിലുണ്ടോ ; ഇതിന്റെ വിശദാംശം വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) പ്രതികളുടെ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) പ്രസ്തുത കേസ്സുകളിലെ പ്രതികൾ കണ്ണൂർ ജില്ലയിൽ മറ്റ് കേസ്സുകളിൽ ഉൾപ്പെട്ടതിന്റെ വിവരം ചുവടെ ചേർക്കുന്നു:

1. പ്രണൂപ് ബാബു, S/o സുരേഷ് ബാബു,
   ചക്കരക്കൽ പോലീസ് സ്റ്റേഷൻ, ധർമ്മടം പോലീസ് സ്റ്റേഷൻ, കതിരൂർ പോലീസ് സ്റ്റേഷൻ (3 കേസ്സുകൾ).
2. ആർ. വി. നിധീഷ് @ റ്റുറ്റു, S/o ദിലീപ്,
   ചക്കരക്കൽ പോലീസ് സ്റ്റേഷൻ
3. മരോളി ഷിജിൻ @ കുക്കു, S/o പ്രകാശൻ,
   കതിരൂർ പോലീസ് സ്റ്റേഷൻ (2 കേസ്സുകൾ)
4. എം. ആർ. ശ്രീജിത്ത് @ കൊത്തൻ(Kothan), S/o ശ്രീനിവാസൻ,
   ചക്കരക്കൽ പോലീസ് സ്റ്റേഷൻ
5. പ്രേംജിത്ത് മരോളി, S/o ചന്ദ്രൻ,
   ചക്കരക്കൽ പോലീസ് സ്റ്റേഷൻ, ധർമ്മടം പോലീസ് സ്റ്റേഷൻ, പേരാവൂർ പോലീസ് സ്റ്റേഷൻ (TR from Kannavam Police Station)

(സി) അറസ്റ്റ് വാറണ്ട് നിലവിലില്ല.

(ഡി) ഗുണ്ടാ ആക്ട് പ്രകാരം കേസ് നിലവിലില്ല.

**ഗോത്രവർഗ്ഗ കോളനികൾ കേന്ദ്രീകരിച്ചുള്ള തീവ്രവാദ പ്രവർത്തനം**

251 (2079) <u>ശ്രീ. ഇ. പി. ജയരാജൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(എ) കേരളത്തിലെ ഗോത്രവർഗ്ഗ കോളനികൾ കേന്ദ്രീകരിച്ചുള്ള തീവ്രവാദ സംഘടന പ്രവർത്തനവുമായി ബന്ധപ്പെട്ട് എതെല്ലാം കോളനികളിൽ നിന്നും ഏതെല്ലാം തീവ്രവാദ സംഘടനാ പ്രവർത്തകരെ കസ്റ്റഡിയിലെടുത്തിട്ടുണ്ട് ; എത്രപേരെ കസ്റ്റഡിയിലെടുത്തിട്ടുണ്ട് ; വിശദമാക്കാമോ ;

(ബി) എന്തെല്ലാം കേസുകളാണ് ഇവർക്കെതിരെ ചുമത്തിയിട്ടുള്ളത് ; വിശദമാക്കാമോ ;

(സി) ഇത് സംബന്ധിച്ച കേസന്വേഷണം ഇപ്പോൾ ഏത് ഘട്ടത്തിലാണ് ; വ്യക്തമാക്കാമോ ;

(ഡി) ഇതുമായി ബന്ധപ്പെട്ട പോലീസിന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തിന്റെ വടക്കൻ മേഖലയിലെ ജില്ലകളായ മലപ്പുറം, വയനാട്, പാലക്കാട്, കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലകളിലെ ചില ആദിവാസി ഊരുകളിൽ മാവോയിസ്റ്റ് സാന്നിദ്ധ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇവിടങ്ങളിൽ നിന്നും ആരെയും കസ്റ്റഡിയിൽ എടുത്തിട്ടില്ല. മാവോയിസ്റ്റുകൾ ആദിവാസികളെ സ്വാധീനിക്കുവാൻ ശ്രമിച്ചുവരുന്നു. പക്ഷേ നാളിതുവരെയും അവരെ കാര്യമായി വശത്താക്കാൻ മാവോയിസ്റ്റുകൾക്ക് സാധിച്ചിട്ടില്ല.

(ബി) കേസ്സുകൾ എടുത്തിട്ടില്ല.

(സി) കേസ്സുകൾ എടുത്തിട്ടില്ല.

(ഡി) സംസ്ഥാനത്ത് മുഖ്യമായും വടക്കൻ മേഖലയിലാണ് മാവോയിസ്റ്റ് പ്രവർത്തനങ്ങൾ കാണപ്പെട്ടിട്ടുള്ളത്. മറ്റ് ചില പ്രദേശങ്ങളിലും അവരുടെ പ്രവർത്തനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് നിരീക്ഷിക്കാനും അവരുടെ പ്രവർത്തനം തടയാനും പോലീസിനെ ശക്തിപ്പെടുത്താൻ നടപടി സ്വീകരിച്ചുവരുന്നു. മാവോയിസ്റ്റ് വിരുദ്ധപ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി കണ്ണൂർ ഡി.ഐ.ജി.യെ മാവോയിസ്റ്റ് വിരുദ്ധ പ്രവർത്തനങ്ങളുടെ മേധാവിയായി നിയമിച്ചിട്ടുണ്ട്. ആവശ്യമായി വരുന്ന ഘട്ടങ്ങളിൽ ഉപയോഗിക്കുവാൻ പ്രാപ്തിയുള്ള കമാൻഡോ സംവിധാനവും നിലവിൽ വന്നിട്ടുണ്ട്.

**അപകടങ്ങളിൽപ്പെടുന്നവർക്ക് അടിയന്തര ചികിത്സ**

252 (2080) ശ്രീ. എൻ. എ. നെല്ലിക്കുന്ന് :
ശ്രീ. റ്റി. എ. അഹമ്മദ് കബീർ :
ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി :
ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അപകടങ്ങളിൽപ്പെടുന്നവരെ എത്രയും വേഗത്തിൽ ആശുപത്രികളിൽ എത്തിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ സർക്കാർ തലത്തിൽ സ്വീകരിച്ചിട്ടുള്ള മുൻ കരുതൽ നടപടികളെക്കുറിച്ച് വ്യക്തമാക്കുമോ ;

(ബി) അപകടത്തിനിരയാകുന്നവർക്ക് അടിയന്തര ചികിത്സ ലഭ്യമാക്കാൻ സർക്കാർ/സ്വകാര്യ ആശുപത്രികൾക്ക് എന്തെങ്കിലും പ്രത്യേക നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) അപകടത്തിനിരയാകുന്നവരെ ആശുപത്രിയിലെത്തിക്കുന്നവർക്ക് ബുദ്ധിമുട്ടുണ്ടാക്കാതെ അപകടത്തെക്കുറിച്ചുള്ള വസ്തുതാ ശേഖരണത്തിനും തുടർ നടപടികൾക്കും ഇപ്പോൾ അനുവർത്തിച്ചുവരുന്ന രീതി എന്താണെന്നും ഇതിന് എന്തെങ്കിലും പരിഷ്കരണം പരിഗണനയിലുണ്ടോ എന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) 24 മണിക്കൂറും ഹൈവേ പോലീസിന്റെ സേവനവും സർക്കാർവക ആംബുലൻസ് സർവ്വീസും ലഭ്യമാക്കിയിട്ടുണ്ട്. ഇതിനായി ഹൈവേ സുരക്ഷാ ജാഗ്രതാ സമിതി രൂപീകരിച്ചും ഹൈവേ പോലീസിന്റെയും സ്റ്റേഷൻ മൊബൈലുകളുടേയും ട്രാഫിക് പോലീസിന്റേയും സേവനം ഉപയോഗപ്പെടുത്തി വാഹനാപകടങ്ങളിൽപ്പെടുന്നവരെ എത്രയും പെട്ടെന്ന് ആശുപത്രിയിലെത്തിക്കുകയും കൂടാതെ സൈമൽ പദ്ധതി പ്രകാരം പോലീസും ആരോഗ്യ വകുപ്പും സംയുക്തമായി വാഹനാപകടങ്ങളിൽപ്പെടുന്നവരെ ഫസ്റ്റ് എയ്ഡ് ചികിത്സ നടത്തി ആശുപത്രികളിലെത്തിക്കേണ്ട നടപടികളും സ്വീകരിച്ചുവരുന്നു. മാത്രമല്ല വാഹനാപകടങ്ങളിൽപ്പെടുന്നവരെ ആശുപത്രിയിലെത്തിക്കാൻ സഹായിക്കുന്നവർക്ക് ആക്സിഡന്റ് റിലീഫ് സ്കീം പ്രകാരം പോലീസ് ധനസഹായം നൽകിവരുന്നു.

(ബി) കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിന്റെ 12-5-2015-ലെ 25035/101/2014/ആർ.എസ്. നമ്പർ വിജ്ഞാപനത്തിൽ അപകടത്തിൽ ഇരയാവുന്നവർക്ക് അടിയന്തര ചികിത്സ ലഭ്യമാക്കാൻ സർക്കാർ/സ്വകാര്യ ആശുപത്രികൾക്ക് കൃത്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. പകർപ്പ്

അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) പരിക്കേൽക്കുന്നവരെ ആശുപത്രിയിൽ എത്തിച്ച എന്ന കാരണത്താൽ ഒരു വ്യക്തിക്കും ബുദ്ധിമുട്ട് ഉണ്ടാക്കരുതെന്നും പരിക്കേറ്റയാളെ ആശുപത്രിയിൽ എത്തിച്ച വ്യക്തിയുടെ മൊഴി കേസിന്റെ ആവശ്യത്തിനായി എടുക്കേണ്ടതുണ്ടെങ്കിൽ അവരുടെ സൗകര്യാർത്ഥം മൊഴി എടുക്കണമെന്നും അവരെ യാതൊരു കാരണവശാലും തുടർനടപടികൾക്കായി ബുദ്ധിമുട്ടിക്കരുതെന്നും മറ്റും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

**മയക്കുമരുന്ന് മാഫിയയെ അമർച്ച ചെയ്യുന്നതിന് പദ്ധതി**

253 (2081) ശ്രീ. കെ. മുരളീധരൻ :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മയക്കുമരുന്ന് മാഫിയയെ അമർച്ച ചെയ്യുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങൾ നേടിയെടുക്കുവാൻ വേണ്ടിയാണ് പ്രസ്തുത പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത് ;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

ഉത്തരം

(എ) മയക്കുമരുന്ന് മാഫിയയെ അമർച്ച ചെയ്ത് മയക്കുമരുന്നുകളുടെ വ്യാപനം തടയുന്നതിനായി, 'സ്പെഷ്യൽ ഡ്രൈവ് പ്രോജക്ട്', 'ക്ലീൻ ക്യാമ്പസ് സേഫ് ക്യാമ്പസ് ' പദ്ധതികളും കൂടാതെ 'ഓപ്പറേഷൻ സുരക്ഷ' പോലുള്ള പദ്ധതികൾ പ്രകാരവും പോലീസ്, എക്സൈസ് ഉദ്യോഗസ്ഥർ നിരന്തരമായ റെയ്ഡുകളും മറ്റും നടത്തിയും മയക്കുമരുന്നുകളുടെ വ്യാപനം തടയാനുള്ള കർശനമായ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) വിദ്യാലയങ്ങളിലും സമൂഹത്തിലും മയക്കുമരുന്നിന്റെ ഉപയോഗം, വ്യാപനം, വില്പന എന്നിവ തടയുക, സമൂഹത്തിന്റെ പ്രത്യേകിച്ച് യുവജനങ്ങളെ മയക്കുമരുന്ന് വിപത്തിൽ നിന്നും മുക്തരാക്കുക എന്നിവയാണ് ലക്ഷ്യങ്ങൾ.

(സി) 'ക്ലീൻ ക്യാമ്പസ് സേഫ് ക്യാമ്പസ് ', ജനമൈത്രി, സ്കൂൾ പ്രൊട്ടക്ഷൻ ഗ്രൂപ്പ്, സ്റ്റുഡന്റ്സ് പോലീസ്, മറ്റ് സന്നദ്ധ സംഘടനകൾ തുടങ്ങിയവയുടെ സഹകരണത്തോടെ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചും സ്കൂൾ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കുമായി ലഹരി മരുന്നുകൾക്കെതിരെ എക്സൈസ് വകുപ്പ് കൈപ്പുസ്തകവും ലഘുലേഖകളും വിതരണം ചെയ്യും സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ സപ്പോർട്ടിംഗ് ടീം (SIST)-ന്റെ കീഴിൽ രൂപീകരിക്കപ്പെട്ട ആന്റി-നാർക്കോട്ടിക് സ്ക്വാഡിന്റെ പ്രവർത്തനംവഴിയും രാത്രികാല വാഹന പരിശോധനകൾ നടത്തിയും മയക്കുമരുന്ന് ഉല്പന്നങ്ങളുടെ ഉപയോഗം, വ്യാപനം, വില്പന എന്നിവ തടയുന്നതിനായി കർമ്മ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.

**മയക്കുമരുന്ന് വ്യാപനം തടയുന്നതിന് സ്പെഷ്യൽ ഡ്രൈവ്**

254 (2082) ശ്രീ. സി. പി. മുഹമ്മദ് :

ശ്രീ. എ. റ്റി. ജോർജ് :

ശ്രീ. വി. പി. സജീന്ദ്രൻ :

ശ്രീ. റ്റി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മയക്കുമരുന്ന് വ്യാപനം തടയുന്നതിന് സ്പെഷ്യൽ ഡ്രൈവ് പദ്ധതി നടപ്പാക്കിയിട്ടുണ്ടോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) യുവതലമുറയിലേക്ക് ലഹരിയുടെ വ്യാപനം തടയുകയും വിദ്യാലയങ്ങളിലും സമൂഹത്തിലും ഇതരസംസ്ഥാന തൊഴിലാളികളിലും മയക്കുമരുന്നിന്റെ ഉപയോഗം, വ്യാപനം, വില്പന എന്നിവ തടയുകയും അതുവഴി വരുംതലമുറയെ പരിപൂർണ്ണമായും ലഹരി വിമുക്ത സമൂഹമായി മാറ്റിയെടുക്കുകയും ചെയ്യുക എന്നുള്ളതാണ് സ്പെഷ്യൽ ഡ്രൈവ് പദ്ധതിയുടെ ലക്ഷ്യം.

(സി) സംസ്ഥാനത്ത് സ്കൂൾ, കോളേജ് ക്യാമ്പസിനകത്തും സമീപ പ്രദേശങ്ങളിലും മദ്യ-മയക്കുമരുന്ന് വില്പന നടക്കുന്നുണ്ടോ എന്നറിയുന്നതിനും ആയത് കണ്ടെത്തി അറിയിക്കുന്നതിലേയ്ക്കുമായി സ്കൂൾ പി.ടി.എ. കമ്മിറ്റി, സ്റ്റുഡന്റ്

പോലീസ് കേഡറ്റ്, സ്കൂൾ പ്രൊട്ടക്ഷൻ ഗ്രൂപ്പ്, സ്കൂൾ ജാഗ്രതാ സമിതികൾ തുടങ്ങിയവയുമായി നിരന്തരം ബന്ധം പുലർത്തി സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ മനസ്സിലാക്കിയും ക്ലീൻ ക്യാമ്പസ് സേഫ് ക്യാമ്പസ് പദ്ധതിയിലൂടെ വിദ്യാർത്ഥികളിലും സ്പെഷ്യൽ ബ്രാഞ്ച്, ജനമൈത്രി പോലീസ് എന്നീ സംവിധാനങ്ങളുപയോഗിച്ച് രഹസ്യനിരീക്ഷണം നടത്തി കുറ്റക്കാർക്കെതിരെ ശക്തമായ നിയമനടപടികൾ സ്വീകരിച്ചും ഇത്തരം കുറ്റകൃത്യങ്ങൾ തടയുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**അമ്പലക്കരയിൽ സി.പി.എം. പ്രവർത്തകരെ ആക്രമിച്ച സംഭവം**

255 (2083) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര പോലീസ് സ്റ്റേഷൻ പരിധിയിൽ ഉമ്മന്നൂർ പഞ്ചായത്തിലെ അമ്പലക്കരയിൽ സി.പി.എം. പ്രവർത്തകരെ ആക്രമിച്ച സംഭവങ്ങളിൽ എത്ര കേസുകൾ രജിസ്റ്റർ ചെയ്തു ; അവയുടെ വിശദാംശങ്ങളും രജിസ്റ്റർ ചെയ്ത വകുപ്പുകളും വിശദമാക്കുമോ ;

(ബി) പ്രസ്തുത കേസുകളിലെ പ്രതികളുടെ രാഷ്ട്രീയ പശ്ചാത്തലം വിശദമാക്കുമോ ;

(സി) പ്രസ്തുത കേസുകളിൽ അറസ്റ്റ് ചെയ്യപ്പെട്ടവരുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) 4 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

1. കൊട്ടാരക്കര പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 2797/15 u/s 143, 147, 148, 341, 294 (b), 323, 324 r/w 149 IPC
2. കൊട്ടാരക്കര പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 2798/15 u/s 294 (b), 323, 324, 452, 34 IPC
3. കൊട്ടാരക്കര പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 2799/15 u/s 143, 147, 148, 294 (b), 307 r/w 149 IPC
4. കൊട്ടാരക്കര പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 2804/15 u/s 143, 147, 148, 341, 326, 307 r/w 149 IPC

(ബി) ബി.ജെ.പി., ആർ.എസ്.എസ്. പ്രവർത്തകരും അനുഭാവികളുമാണ്.

(സി) 1. കൊട്ടാരക്കര പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 2797/15-ൽ 5 പ്രതികളിൽ ആരെയും അറസ്റ്റ് ചെയ്തിട്ടില്ല.

2. കൊട്ടാരക്കര പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 2798/15-ൽ 4 പ്രതികളിൽ 3 പേരെ അറസ്റ്റ് ചെയ്തു. അറസ്റ്റ് ചെയ്ത പ്രതികൾ-

(1) സജയൻ, S/o ശശിധരൻ

(2) പ്രവീൺ കുമാർ, S/o ദിലീപ് കുമാർ

(3) ഗോകുൽ, S/o രാജേന്ദ്രൻപിള്ള

3. കൊട്ടാരക്കര പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 2799/15-ൽ 8 പ്രതികളിൽ 4 പേരെ അറസ്റ്റ് ചെയ്തു. അറസ്റ്റ് ചെയ്ത പ്രതികൾ-

(1) പ്രവീൺ കുമാർ, S/o ദിലീപ് കുമാർ

(2) ശ്യാംരാജ് , S/o രാജേന്ദ്രൻ

(3) ഗോകുൽ, S/o രാജേന്ദ്രൻപിള്ള

(4) സുധീഷ്, S/o സുരേന്ദ്രൻപിള്ള

4. കൊട്ടാരക്കര പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 2804/15-ൽ 5 പ്രതികളിൽ ആരെയും അറസ്റ്റ് ചെയ്തിട്ടില്ല.

**സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമം**

256 (2084) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം സംസ്ഥാനത്ത് സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെ നടന്ന അതിക്രമങ്ങളിൽ എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ;

(ബി) ഇത്തരം കേസുകളിൽപ്പെട്ട എത്രപേരെ ശിക്ഷിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ ;

(സി) സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെ വർദ്ധിച്ചു വരുന്ന അതിക്രമങ്ങൾ തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; വിശദവിവരം ലഭ്യമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത്

സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെ നടന്ന അതിക്രമങ്ങളിൽ 62843 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്കുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) ഇത്തരം കേസ്സുകളിൽ 1546 പേരെ ശിക്ഷിച്ചിട്ടുണ്ട്.

(സി) സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിനായി ജനമൈത്രി പോലീസ്, സ്റ്റുഡൻസ് പോലീസ് കേഡറ്റ്, റസിഡൻസ് അസോസിയേഷൻ, വനിതാ സംഘടനകൾ തുടങ്ങിയവയുടെ സഹകരണത്തോടെ സ്കൂൾ-കോളേജ് തലത്തിലും, പൊതുജനങ്ങൾക്കിടയിലും ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുകയും വനിതാ പോലീസ് ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി പട്രോളിംഗ് ശക്തമാക്കുകയും ചെയ്തുവരുന്നു. കൂടാതെ ഇത്തരം സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ ഉടൻതന്നെ കേസ് രജിസ്റ്റർ ചെയ്ത് കുറ്റക്കാർക്കെതിരെ ശക്തമായ നിയമനടപടികൾ സ്വീകരിച്ചുവരുന്നു.

**കുറ്റകൃത്യങ്ങളിലെ ഇരകൾക്ക് നഷ്ടപരിഹാരം**

257 (2085) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റകൃത്യങ്ങളിലെ ഇരകൾക്ക് നഷ്ടപരിഹാരം നൽകുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ;

(ബി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വ്യക്തമാക്കാമോ ;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

ഉത്തരം

(എ) ഉണ്ട്. കേരള വിക്ടിം കോമ്പൻസേഷൻ സ്കീം 2014

(ബി&സി) 10-8-2015-ലെ ജി.ഒ.(ആർ.റ്റി) നമ്പർ 7284/2015/ഫിൻ. പ്രകാരം ഈ പദ്ധതിയുടെ നടത്തിപ്പിനായി ഒരു കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഈ പദ്ധതിയുമായി ബന്ധപ്പെട്ട തുക വിനിയോഗിക്കുന്നതിന് Member Secretary, Kerala Legal Services Authority (KELSA)-യെ സർക്കാർ ചുമതലപ്പെടുത്തിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

മെമ്പർ സെക്രട്ടറിയുടെ ആവശ്യപ്രകാരം 30 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

**കുറ്റകൃത്യങ്ങളിൽ സംസ്ഥാനത്തിന്റെ സ്ഥാനം**

258 (2086) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാഷണൽ ക്രൈം റെക്കോഡ്സ് ബ്യൂറോയുടെ ഏറ്റവും പുതിയ റിപ്പോർട്ടുകൾ പ്രകാരം കൊലപാതകം, ബലാൽസംഗം, സ്ത്രീകളെ തട്ടിക്കൊണ്ടുപോകൽ, സ്ത്രീകൾക്കെതിരായ ലൈംഗിക പീഡനം, പെൺകുട്ടികളെ തട്ടിക്കൊണ്ടുപോകൽ, സ്ത്രീകളെ മോശമായി ചിത്രീകരിക്കൽ തുടങ്ങിയ കുറ്റകൃത്യങ്ങളിൽ കേരളം രാജ്യത്ത് എത്രാം സ്ഥാനത്താണെന്ന് വ്യക്തമാക്കുമോ ;

(ബി) 2015-ൽ കേരളത്തിൽ എത്ര കൊലപാതകക്കേസുകൾ രജിസ്റ്റർ ചെയ്തു ;

(സി) 2015-ൽ കേരളത്തിൽ എത്ര ബലാൽസംഗക്കേസുകൾ രജിസ്റ്റർ ചെയ്തു ;

(ഡി) 2015-ൽ കേരളത്തിൽ സ്ത്രീകളെ തട്ടികൊണ്ടുപോയതുമായി ബന്ധപ്പെട്ട് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തു ;

(ഇ) 2015-ൽ കേരളത്തിൽ സ്ത്രീകൾക്കെതിരായ ലൈംഗിക പീഡന കേസ്സുകൾ എത്രയെണ്ണം രജിസ്റ്റർ ചെയ്തു ;

(എഫ്) 2015-ൽ കേരളത്തിൽ പെൺകുട്ടികളെ തട്ടിക്കൊണ്ടു പോയതുമായി ബന്ധപ്പെട്ട് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തു ;

(ജി) 2015-ൽ കേരളത്തിൽ എത്ര സൈബർ കുറ്റകൃത്യങ്ങൾ രജിസ്റ്റർ ചെയ്തു ?

ഉത്തരം

(എ) നാഷണൽ ക്രൈം റെക്കോർഡ്സ് ബ്യൂറോയുടെ ഏറ്റവും പുതിയ റിപ്പോർട്ടുകൾ പ്രകാരം കുറ്റകൃത്യങ്ങളിൽ കേരളത്തിന്റെ സ്ഥാനം ചുവടെ പറയും പ്രകാരമാണ്:

കൊലപാതക കേസുകൾ-10 ; ബലാത്സംഗ കേസുകൾ ; സ്ത്രീകളെയും പെൺകുട്ടികളെയും തട്ടിക്കൊണ്ടു പോകുന്നതുമായി ബന്ധപ്പെട്ട കേസ്സുകൾ-21 ; സ്ത്രീകൾക്കെതിരായ ലൈംഗിക പീഡനം-9 ; സ്ത്രീകളെ മോശമായി ചിത്രീകരിക്കൽ-8 എന്നീ സ്ഥാനങ്ങളിലാണ്.

(ബി) 279.

(സി) 1077.

(ഡി) 136.

(ഇ) 5171.

(എഫ്) 122.

(ജി) 282.

**അന്യസംസ്ഥാന തൊഴിലാളികളുമായി ബന്ധപ്പെട്ട കേസുകൾ**

259 (2087) <u>ശ്രീ. ചിറ്റയം ഗോപകുമാർ</u> : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അന്യസംസ്ഥാനതൊഴിലാളികളുമായി ബന്ധപ്പെട്ട കുറ്റകൃത്യങ്ങളെ സംബന്ധിച്ച എത്ര കേസുകൾ ഈ സർക്കാരിന്റെ കാലത്ത് രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ടെന്ന് വാർഷികാടിസ്ഥാനത്തിൽ ജില്ല തിരിച്ച് ലഭ്യമാക്കുമോ ?

<u>ഉത്തരം</u>

1671 കേസ്സുകൾ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ട്. വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

**അഗ്നിശമനസേനയിലെ സ്കൂബ മുങ്ങൽ വിദഗ്ദ്ധ സംഘം**

260 (2088) <u>ശ്രീ. കെ. എൻ. എ. ഖാദർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ അഗ്നിശമനസേനയിലെ സ്കൂബ മുങ്ങൽ വിദഗ്ദ സംഘത്തിൽ എത്ര അംഗങ്ങളുണ്ട് ; ഇവർ നാളിതുവരെ എത്ര ഓപ്പറേഷനുകളിൽ പങ്കെടുത്തിട്ടുണ്ട് ;

(ബി) അഗ്നിശമന സേനയിലെ മുങ്ങൽ വിദഗ്ദരുടെ പ്രത്യേക ടീമായ സ്കൂബ വിഭാഗത്തിലെ അംഗങ്ങൾക്ക് സേനയിലെ സമാന തസ്തികയിലുള്ളവരേക്കാൾ സാമ്പത്തിക ആനുകൂല്യം ഒന്നും നൽകുന്നില്ലായെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പ്രത്യേക വൈദഗ്ദ്യം നേടിയിട്ടുള്ളവരും അത്യന്തം അപകടകരമായ ജോലിയിൽ ഏർപ്പെടുകയും ചെയ്യുന്ന ഇവർക്ക് സേനയിലെ സമാന തസ്തികയിലുള്ളവർക്ക് നൽകുന്ന വേതനം തന്നെ നൽകുന്നത് അനീതിയല്ലേ ;

(ഡി) പ്രസ്തുത വിഭാഗത്തിന് ഏതെങ്കിലും തരത്തിലുള്ള സാമ്പത്തിക

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ആനുകൂല്യങ്ങൾ നൽകുന്നതിന് പുതിയ ശമ്പള പരിഷ്കരണ റിപ്പോർട്ടിൽ ശുപാർശയുണ്ടോ ; ഇല്ലെങ്കിൽ ആയത് അനുവദിച്ച് നൽകുന്നതിന് പ്രത്യേക തീരുമാനം കൈക്കൊള്ളുന്ന കാര്യം പരിഗണിയ്ക്കുമോ ;

(ഇ) പ്രസ്തുത വിഭാഗത്തിന് മറ്റ് അംഗങ്ങളെപ്പോലെ സാമ്പത്തിക ആനുകൂല്യവും ലഭിക്കാത്തത് സ്കൂബ ടീം അംഗങ്ങളുടെ മനോവീര്യം കെടുത്തുന്നതും ഇതിലേക്കുള്ള താത്പര്യം കുറയ്ക്കുന്നതാണെന്നുമുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(എഫ്) വളരെയേറെ ആഴമുള്ള ജലാശയങ്ങളിലും ഡാമുകളുടെ അടിത്തട്ടിലും മുങ്ങൽ നടത്തേണ്ടിവരുന്ന പ്രസ്തുത ടീം അംഗങ്ങൾക്ക് ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടാകാൻ ഇടയുണ്ടെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

<u>ഉത്തരം</u>

(എ) 158 അംഗങ്ങൾ. ഇവർ നാളിതുവരെ 330 ഓപ്പറേഷനുകളിൽ പങ്കെടുത്തിട്ടുണ്ട്.

(ബി-ഇ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സ്കൂബ മുങ്ങൽ വിദഗ്ധർക്ക് കൂടുതൽ ആനുകൂല്യം ലഭ്യമാക്കുന്നത് സംബന്ധിച്ച് 10-ാം ശമ്പള കമ്മീഷൻ റിപ്പോർട്ടിൽ ശുപാർശ ഇല്ല. സർക്കാരിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് ഇവർക്ക് കൂടുതൽ ആനുകൂല്യം ലഭ്യമാക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്.

(എഫ്) സ്കൂബാ ഡൈവിംഗ് ഉൾപ്പെടെയുള്ള എല്ലാ റെസ്ക്യൂ ഓപ്പറേഷനുകളിലും പങ്കെടുക്കുന്നവർക്ക് ആരോഗ്യപ്രശ്നങ്ങൾ ഉണ്ടാകാനുള്ള സാദ്ധ്യത കൂടുതലാണ്.

**അഗ്നിസുരക്ഷാ വകുപ്പിന്റെ എൻ.ഒ.സി.**

261 (2089) <u>ശ്രീ. എം. വി. ശ്രേയാംസ് കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഗ്നി സുരക്ഷാ വകുപ്പിന്റെ എൻ.ഒ.സി. ലഭിക്കാത്തതുമൂലം പണി പൂർത്തിയാക്കിയ ഫ്ലാറ്റുകളിൽ ഉപഭോക്താക്കൾക്ക് താമസം തുടങ്ങാൻ കഴിയാതിരിക്കുന്ന സ്ഥിതിവിശേഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) നിലവിൽ എൻ.ഒ.സി.-ക്കായുള്ള എത്ര അപേക്ഷകൾ പെന്റിംഗിലാണ് ;

(സി) തിരുവനന്തപുരത്തുള്ള എത്ര ഫ്ലാറ്റുകളുടെ അപേക്ഷയാണ്

പെന്റിംഗുള്ളത് ; അവ ഏതെല്ലാമാണെന്ന് വെളിപ്പെടുത്താമോ ;

(ഡി) 2015 മാർച്ചിനുശേഷം എൻ.ഒ.സി.-ക്കായിട്ടുള്ള ഏതെല്ലാം ഫ്ലാറ്റുകളുടെ അപേക്ഷ നിരസിച്ചു ;

(ഇ) വീടിനായി പണം മുടക്കി കാത്തിരിക്കുന്ന ഉപഭോക്താക്കൾ വഞ്ചിക്കപ്പെടാതിരിക്കാനും അവർക്ക് അിടയന്തിരമായി വീടുകൾ ലഭ്യമാക്കുന്നതിനുമായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്താമോ ?

<u>ഉത്തരം</u>

(എ) ഉപഭോക്താക്കളുടെ പരാതികൾ സർക്കാരിൽ ലഭിച്ചിട്ടില്ല.

(ബി) 125 അപേക്ഷ.

(സി) 13 അപേക്ഷ. വിശദാംശം അനുബന്ധം - 1 ആയി ചേർക്കുന്നു.*

(ഡി) 2015 മാർച്ചിന് ശേഷം അഗ്നിശമന രക്ഷാ സേവന വകുപ്പിൽ നിന്ന് താൽക്കാലികമായി നിരസിച്ച റസിഡൻഷ്യൽ കാറ്റഗറിയിലുള്ള 86 ബിൽഡിംഗുകളുടെ എൻ.ഒ.സി. അപേക്ഷകരെ സംബന്ധിച്ച വിശദാംശം അനുബന്ധം-2 ആയി ചേർക്കുന്നു.*

(ഇ) കേരള മുനിസിപ്പാലിറ്റി ബിൽഡിംഗ്സ് റൂൾസിലെ നിയമ വ്യവസ്ഥകൾ അനുവർത്തിച്ച് നടപടികൾ സ്വീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

**അരൂർ ഫയർ സ്റ്റേഷൻ**

262 (2091) <u>ശ്രീ. എ. എം. ആരിഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂർ ഫയർ സ്റ്റേഷൻ നിർമ്മിക്കുന്നതിന് ആഭ്യന്തര, വ്യവസായ വകുപ്പ് മന്ത്രിമാരുടെയും അരൂർ എം.എൽ.എ യുടേയും സാന്നിദ്ധ്യത്തിൽ തീരുമാനിച്ചത് എന്നാണ്;

(ബി) ഇതിലേക്കായി ഇൻഡസ്ട്രിയൽ ഡിപ്പാർട്ട്മെന്റിന്റെ സ്ഥലം അനുവദിച്ച്

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

നൽകുന്നതിനായി ഫയർ ഡിപ്പാർട്ട്മെന്റ് ആലപ്പുഴ വ്യവസായ കേന്ദ്രം മാനേജർക്കോ, വ്യവസായ വകുപ്പ് ഡയറക്ടർക്കോ അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ ;

(സി) മന്ത്രിമാരുടേയും എം.എൽ.എ.-യുടേയും വ്യവസായ, ആഭ്യന്തര സെക്രട്ടറിമാരുടേയും സാന്നിദ്ധ്യത്തിൽ തീരുമാനം എടുത്തിട്ടും ഫയർ & റെസ്ക്യൂ ഡിപ്പാർട്ട്മെന്റ് അപേക്ഷ നൽകുന്നതിൽ കാലതാമസം വരുത്തിയിട്ടുണ്ടോ ; എങ്കിൽ കാരണമെന്ത് ;

(ഡി) പ്രസ്തുത കെട്ടിടം നിർമ്മിച്ചു നൽകുന്നതിന് അരൂർ ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് അസോസിയേഷന് സമ്മതമാണെന്ന് അറിയിച്ചിട്ടും സ്ഥലം ഫയർ ഡിപ്പാർട്ട്മെന്റിന്റെ അധീനതയിലാക്കിയാൽ മാത്രമേ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കാനാവൂ എന്നത് മനസ്സിലാക്കി പ്രസ്തുത സ്ഥലം ലഭ്യമാക്കി ഫയർ സ്റ്റേഷൻ നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) 17-3-2015-ൽ.

(ബി&സി) 17-3-2015-ൽ കൂടിയ യോഗത്തിൽ അരൂർ പോലീസ് സ്റ്റേഷൻ പുതിയ കെട്ടിടത്തിലേക്ക് മാറ്റുവാൻ തീരുമാനം സ്വീകരിച്ചിട്ടുള്ളതിനാൽ ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ പോലീസ് സ്റ്റേഷൻ സ്ഥിതി ചെയ്യുന്ന സ്ഥലം ഫയർ ആന്റ് റെസ്ക്യൂ വകുപ്പിന് ഉപയോഗപ്രദമാക്കാമെന്നാണ് <u>ബഹു.</u> എം.എൽ.എ. അഭിപ്രായപ്പെട്ടത്. ഇപ്രകാരം അരൂർ പോലീസ് സ്റ്റേഷൻ മാറ്റുന്നമുറയ്ക്ക് പോലീസ് സ്റ്റേഷൻ നിലനിൽക്കുന്ന സ്ഥലത്ത് ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷൻ ആരംഭിക്കുന്ന കാര്യം പരിഗണിക്കാം എന്നാണ് തീരുമാനിച്ചിട്ടുള്ളത്.

(ഡി) പ്രസ്തുത സ്ഥലം ഫയർ ആന്റ് റെസ്ക്യൂ വകുപ്പിന്റെ പേരിൽ കൈമാറി ലഭിക്കുന്ന മുറയ്ക്ക് ഫയർ സ്റ്റേഷൻ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**അങ്കമാലി അഗ്നിരക്ഷാ നിലയത്തിന്റെ ശോചനീയാവസ്ഥ**

263 (2092) <u>ശ്രീ. ജോസ് തെറ്റയിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കമാലിയിലെ അഗ്നിരക്ഷാ നിലയത്തിലെ പോരായ്മകളും

ശോചനീയാവസ്ഥയും ശ്രദ്ധയിൽപ്പെടുത്തിയിട്ടും അത് പരിഹരിക്കാൻ നടപടി സ്വീകരിക്കാത്തതിന്റെ കാരണം വിശദമാക്കാമോ ;

(ബി) അങ്കമാലി അഗ്നിരക്ഷാ നിലയത്തിലെ പോരായ്മകൾ എന്നത്തേക്ക് പരിഹരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ&ബി) അങ്കമാലി അഗ്നിരക്ഷാ നിലയത്തിന്റെ പോരായ്മകളും ശോചനീയാവസ്ഥയും ഭൂരിഭാഗവും പരിഹരിക്കപ്പെട്ടിട്ടുണ്ട്. പോരായ്മകൾ റിപ്പോർട്ട് ചെയ്യുന്ന മുറയ്ക്ക് അതിനുള്ള നടപടികൾ സ്വീകരിച്ച് പരിഹരിക്കുന്നതാണ്.

**അഗ്നിശമന രക്ഷാപ്രവർത്തനങ്ങൾക്കുള്ള ഉപകരണങ്ങളുടെ പോരായ്മകൾ**

264 (2093) <u>ശ്രീ. പി. തിലോത്തമൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഗ്നിശമന രക്ഷാപ്രവർത്തനങ്ങൾക്കായുള്ള ഉപകരണങ്ങളുടെ പോരായ്മകൾ പരിഹരിക്കണമെന്നും കൂടുതൽ മെച്ചപ്പെട്ട ഉപകരണങ്ങളും അവ വിനിയോഗിക്കുന്നതിനുള്ള പരിശീലനവും ജീവനക്കാർക്ക് നൽകണമെന്നും ആവശ്യപ്പെട്ട് ഔദ്യോഗിക തലത്തിൽ എത്ര പരാതികൾ ലഭിച്ചു ; ഇവ പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ ;

(ബി) ചേർത്തല ഫയർ സ്റ്റേഷനിലെ ഉപകരണങ്ങളുടെ പോരായ്മയും വാഹനങ്ങളുടെ ഇല്ലായ്മയും പരിഹരിക്കണമെന്നാവശ്യപ്പെട്ട് നൽകിയ പരാതി പരിഹരിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? എങ്കിൽ എന്തുകൊണ്ടാണെന്ന് പറയാമോ, ഇവിടുത്തെ പോരായ്മകൾ അടിയന്തരമായി പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) അഗ്നിശമനരക്ഷാ പ്രവർത്തനങ്ങൾക്കായുള്ള ഉപകരണങ്ങളുടെ പോരായ്മ പരിഹരിക്കുന്നതിനും മെച്ചപ്പെട്ട ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനും വേണ്ടി വിവിധ പ്രദേശങ്ങളിലെ നിയമസഭാ സാമാജികർ, ജനപ്രതിനിധികൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ മേലധ്യക്ഷന്മാർ എന്നിവരിൽ നിന്നും തനത് വർഷം പത്തോളം അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ടി അപേക്ഷകൾ പരിഗണിച്ച്

2014-15 സാമ്പത്തിക വർഷത്തെ പദ്ധതി വിഹിതമുപയോഗിച്ച് വാങ്ങിയ ഉപകരണങ്ങളും വാഹനങ്ങളും ഏറ്റവും അത്യാവശ്യമുള്ള നിലയങ്ങളിലേക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്. കൂടാതെ 2015-16 സാമ്പത്തിക വർഷത്തിൽ സംസ്ഥാന പദ്ധതി വിഹിതമായ 272800000 രൂപയും ഒറ്റത്തവണ അധിക കേന്ദ്ര ധനസഹായമായ 92400000 രൂപയും വിനിയോഗിച്ച് ആധുനിക അഗ്നിശമന ജീവൻ രക്ഷാ ഉപകരണങ്ങളും വാഹനങ്ങളും വാങ്ങുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(ബി) പുതിയ വാഹനങ്ങളും ഉപകരണങ്ങളും ലഭ്യമാകുന്നതനുസരിച്ച് ചേർത്തല നിലയത്തിനാവശ്യമായവ നൽകി പോരായ്മ പരിഹരിക്കുന്നതാണ്.

**അഗ്നിശമന സേനയിലെ പഴക്കമുള്ള വാഹനങ്ങൾ**

265 (2094) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഗ്നിശമന സേനയിൽ പത്ത് വർഷത്തിൽ കൂടുതൽ പഴക്കമുള്ള വാഹനങ്ങൾ ഉണ്ടോ ; എങ്കിൽ വ്യക്തമാക്കാമോ ;

(ബി) ഏഴ് വർഷത്തിൽ കൂടുതൽ പഴക്കമുള്ള വാഹനങ്ങൾക്ക് പകരം പുതിയ വാഹനങ്ങൾ മൂന്ന് വർഷത്തിനകം വാങ്ങുമെന്ന 2012-13 ബഡ്ജറ്റിലെ പ്രഖ്യാപനം നടപ്പിലായിട്ടുണ്ടോ ; വ്യക്തമാക്കാമോ ;

(സി) 2012-13 ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്ന സ്കൈലിഫ്റ്റ് പദ്ധതി, നഗര അഗ്നി സുരക്ഷാ പദ്ധതി ഇവ നടപ്പിലാക്കിയിട്ടുണ്ടോ ; വ്യക്തമാക്കാമോ ;

(ഡി) 2012-13 ലെ ബഡ്ജറ്റിൽ അഗ്നിശമന സേനാവകുപ്പിലെ വിവിധ പദ്ധതികൾക്കായി വകയിരുത്തപ്പെട്ട തുക എത്രയെന്നും ഓരോന്നിനും അനുവദിക്കപ്പെട്ട തുക എത്രയെന്നും പിൻവലിക്കാതെ അവശേഷിച്ച തുക എത്രയെന്നും വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | വാഹനം | എണ്ണം |
|---|---|---|
| 1 | വാട്ടർ ടെണ്ടർ | 121 |
| 2 | മിനി വാട്ടർ ടെണ്ടർ | 29 |
| 3 | വാട്ടർ ലോറി | 42 |
| 4 | ക്രാഷ് ടെണ്ടർ | 10 |
| 5 | ഇൻഡസ്ട്രിയൽ വാട്ടർ ടെണ്ടർ | 5 |
| 6 | എമർജൻസി ടെണ്ടർ | 15 |
| 7 | റിക്കവറി വെഹിക്കിൾ | 8 |
| 8 | ജീപ്പ് | 44 |
| 9 | ആംബുലൻസ് | 43 |
| 10 | സ്റ്റോർവാൻ | 1 |
| | ആകെ | 318 വാഹനങ്ങൾ |

(ബി) നടപ്പിലാക്കിവരുന്നു. 2013-14-ലെ ബഡ്ജറ്റ് പ്രൊവിഷൻ അനുസരിച്ച് 9,04,91,580 രൂപ വിനിയോഗിച്ച് 81 ഷാസികൾ വാങ്ങുകയും 2012-13-ൽ വാങ്ങിയിട്ടിരുന്ന 2 ഷാസികളും ചേർത്ത് ആകെ 83 എണ്ണം വാട്ടർ ടെണ്ടറുകൾ ഫാബ്രിക്കേറ്റ് ചെയ്യുന്നതിനായി 14,94,00,000 രൂപ 2014-15-ലെ പ്ലാൻ ഫണ്ടിൽ നിന്നും അനുവദിച്ചിരുന്നു. ആയതനുസരിച്ച് 65 വാട്ടർ ടെണ്ടറുകൾ ഫാബ്രിക്കേറ്റ് ചെയ്തത് നിലയങ്ങളിലേക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്. ശേഷിക്കുന്ന 18 വാട്ടർ ടെണ്ടറുകളുടെ ഫാബ്രിക്കേഷൻ ജോലികൾ പൂർത്തിയായി വരികയാണ്. കൂടാതെ 2015-16 സാമ്പത്തിക വർഷത്തെ പ്ലാൻ ഫണ്ടിൽനിന്നും 7,20,00,000 രൂപ വിനിയോഗിച്ച് 5 എമർജൻസി ടെണ്ടർ വാങ്ങുന്നതിനുള്ള ടെണ്ടർ നടപടികളും പുരോഗമിച്ചുവരികയാണ്.

(സി) സ്കൈലിഫ്റ്റ്/ഏരിയൽ ലാഡർ പ്ലാറ്റ്ഫോം വാങ്ങുന്നതിനായി നടപടികൾ സ്വീകരിച്ചുവരുന്നു. നഗര അഗ്നിസുരക്ഷാ പദ്ധതിയുടെ ഭാഗമായി തിരുവനന്തപുരത്ത് ചാല, എറണാകുളത്ത് ഹൈക്കോടതി ജംഗ്ഷൻ, കോഴിക്കോട് മിഠായി തെരുവ് എന്നിവിടങ്ങളിൽ സാറ്റലൈറ്റ് ഫയർ ഔട്ട് പോസ്റ്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) 2012-13 സാമ്പത്തിക വർഷം 850 ലക്ഷം രൂപ വകയിരുത്തിയതിൽ ഒന്നും ചെലവഴിക്കുകയുണ്ടായില്ല. ടി തുക സറണ്ടർ ചെയ്തു.

**മങ്കടയിൽ അഗ്നിശമന യൂണിറ്റ്**

266 (2095) ശ്രീ. റ്റി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട മണ്ഡലത്തിൽ ഒരു അഗ്നിശമന യൂണിറ്റ് ആരംഭിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ അവിടെ അഗ്നിശമന യൂണിറ്റ് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-ബി) ഉണ്ട്. എന്നാൽ നിലവിൽ സ്വന്തമായി സ്ഥലവും കെട്ടിടവുമുള്ള സ്ഥലങ്ങളിൽ മാത്രമാണ് ഫയർ സ്റ്റേഷൻ ആരംഭിക്കുവാൻ മുൻഗണന നൽകിവരുന്നുള്ളൂ. ഇപ്രകാരം സ്ഥലവും കെട്ടിടവും ലഭ്യമാകുന്നമുറയ്ക്ക് മങ്കടയിൽ ഫയർ സ്റ്റേഷൻ ആരംഭിക്കുന്നകാര്യം പരിഗണിക്കാവുന്നതാണ്.

**ഫയർഫോഴ്സ് വിഭാഗത്തിന്റെ ആധുനികവൽക്കരണം**

267 (2096) ശ്രീ. വി. എസ്. സുനിൽ കുമാർ :
ശ്രീ. പി. തിലോത്തമൻ :
ശ്രീ. കെ. രാജു :
ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകു പ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഗ്നിശമന സേനയ്ക്ക് ആധുനിക ഉപകരണങ്ങൾ വാങ്ങുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ; എങ്കിൽ എത്രകോടി രൂപയുടെ എന്തെല്ലാം ഉപകരണങ്ങൾ വാങ്ങുന്നതിനാണ് തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) ദ്രുതഗതിയിൽ തീപിടിത്തം തടയുന്നതിനുള്ള പുതിയ ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള ശുപാർശകൾ സമർപ്പിച്ചത് എന്നാണ് ; പ്രസ്തുത ശുപാർശകളിന്മേൽ എന്തു നടപടികളാണ് സ്വീകരിച്ചതെന്ന് വിശദീകരിക്കുമോ ;

(സി) ഫയർഫോഴ്സ് വിഭാഗത്തെ ആധുനികവൽക്കരിക്കുന്നതിന് എന്തു നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ-സി) 2015-16 സാമ്പത്തിക വർഷത്തെ പ്ലാൻ ഫണ്ടിൽനിന്നും 27,28,00,000 രൂപ വിനിയോഗിച്ച് ചുവടെ പറയുന്ന അഗ്നിശമന/ജീവൻ രക്ഷാ ഉപകരണങ്ങളും വാഹനങ്ങളും വാങ്ങുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. അതിന്മേൽ തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

| ക്രമ നമ്പർ | വാഹനം | എണ്ണം |
|---|---|---|
| 1 | മിനി വാട്ടർ ടെണ്ടറുകൾ | 24 |
| 2 | എമർജൻസി ടെണ്ടറുകൾ | 5 |
| 3 | സ്കൂബാ സെറ്റുകൾ | 18 |
| 4 | ഹൈഡ്രോളിക് റെസ്ക്യൂ ടൂൾസ് | 20 |
| 5 | ബ്രീത്തിംഗ് അപ്പാരൽസ് | 138 |
| 6 | ഹെൽമറ്റ് വിത്ത് വൈസർ | 1994 |
| 7 | വാക്കിടോക്കി | 100 |
| 8 | ഡെലിവറി ഹോസ് 15 മീറ്റർ നീളമുള്ളത് | 1800 |
| 9 | കമ്പ്യൂട്ടർ | 10 |

കൂടാതെ ഒറ്റത്തവണ അധിക കേന്ദ്ര ധനസഹായ പദ്ധതി പ്രകാരം 2010-11-ൽ അനുവദിച്ച തുകയിൽ നീക്കിയിരിപ്പുള്ള 924 ലക്ഷം രൂപ വിനിയോഗിച്ച് ഒരു ഏരിയൽ ലാഡർ പ്ലാറ്റ്ഫോം/ടേൺ ടെമ്പിൾ ലാഡർ വാങ്ങുന്നതിനും കേന്ദ്രാവിഷ്കൃത പദ്ധതി അനുസരിച്ച് അനുവദിച്ചിരിക്കുന്ന തുകയിൽ നീക്കിയിരിപ്പുള്ള 2,63,67,000 രൂപ വിനിയോഗിച്ച് 14 ക്യൂക്ക് റെസ്പോൺസ് വെഹിക്കിൾസ് ഫാബ്രിക്കേറ്റ് ചെയ്യുന്നതിനും 28 കോമ്പി ടൂൾസ് വാങ്ങുന്നതിനും തീരുമാനിച്ചിട്ടുണ്ട്. കൂടാതെ അഗ്നിശമന രക്ഷാസേവന വകുപ്പിനെ ആധുനികവൽക്കരിക്കുന്നതിന്റെ ഭാഗമായി 2015-16, 2016-17 വർഷങ്ങളിലായി 175.63 കോടി രൂപയുടെ വിവിധങ്ങളായ അൻപതിൽപരം അഗ്നിശമന/രക്ഷാ സേവന ഉപകരണങ്ങളും വാഹനങ്ങളും വാങ്ങുന്നതിനുള്ള പ്രൊപ്പോസലും പരിഗണനയിലുണ്ട്.

### പഴയങ്ങാടിയിൽ ഫയർസ്റ്റേഷൻ

268 (2097) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും

വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കല്ല്യാശ്ശേരി മണ്ഡലത്തിലെ പഴയങ്ങാടിയിൽ ഫയർസ്റ്റേഷൻ സ്ഥാപിക്കുന്നതിന് മാടായിക്കാവിലെ ദേവസ്വം ഭൂമിയിൽ നിന്ന് 50 സെന്റ് സ്ഥലം അനുവദിക്കണമെന്ന ആവശ്യത്തിൻമേൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(ബി) മലബാർ ദേവസ്വം ബോർഡുമായി ബന്ധപ്പെട്ട് സ്ഥലം ലഭ്യമാക്കി ഫയർസ്റ്റേഷൻ അനുവദിക്കാൻ നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ&ബി) കണ്ണൂർ ജില്ലയിലെ പഴയങ്ങാടിയിൽ ഫയർസ്റ്റേഷൻ ആരംഭിക്കുന്നതിനായി മാടായിപ്പാറയിൽ തിരുവർക്കാട്ട്കാവ് ക്ഷേത്രത്തിന്റെ അധീനതയിലുള്ള 50 സെന്റ് സ്ഥലം സംബന്ധിച്ച് അന്വേഷണം നടത്തിവരുന്നു. നിർദ്ദിഷ്ട സ്ഥലം വകുപ്പിന് കൈമാറി ലഭിക്കുന്നമുറയ്ക്ക് ഫയർസ്റ്റേഷൻ ആരംഭിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്. 21-12-2011-ലെ സ.ഉ.(സാധാ) 3764/2011/ ആഭ്യന്തരം ഉത്തരവ് പ്രകാരം അടുത്ത അഞ്ച് വർഷത്തിനുള്ളിൽ ആരംഭിക്കുവാൻ ഉദ്ദേശിച്ച് പുറപ്പെടുവിച്ചിട്ടുള്ള ഫയർസ്റ്റേഷനുകളുടെ പട്ടികയിൽ പഴയങ്ങാടി ഉൾപ്പെട്ടിട്ടില്ല. എങ്കിലും, സ്വന്തമായി സ്ഥലവും കെട്ടിടവും ലഭ്യമാകുന്ന മുറയ്ക്ക് പഴയങ്ങാടിയിൽ ഫയർസ്റ്റേഷൻ ആരംഭിക്കുവാൻ നടപടികൾ സ്വീകരിക്കാവുന്നതാണ്.

**കൊണ്ടോട്ടിയിൽ പുതിയ ഫയർസ്റ്റേഷൻ**

269 (2098) <u>ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ ഫയർ സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന് പ്രയോറിറ്റി ലിസ്റ്റിലുള്ള സ്ഥലങ്ങളിൽ, അവ തുടങ്ങാൻ തദ്ദേശ സ്ഥാപനങ്ങൾ എന്തെല്ലാം സൗകര്യങ്ങൾ ചെയ്ത് കൊടുക്കണമെന്ന് വിശദമാക്കുമോ ;

(ബി) കൊണ്ടോട്ടിയിലെ നിർദ്ദിഷ്ട ഫയർസ്റ്റേഷൻ സ്ഥാപിക്കുന്നതിന് വേണ്ടി ഇതിനകം എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ) പ്രയോറിറ്റി ലിസ്റ്റിലുള്ള സ്ഥലങ്ങളിൽ ഫയർസ്റ്റേഷൻ തുടങ്ങുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പ്രധാനമായും ചുവടെപ്പറയുന്ന സൗകര്യങ്ങൾ

ചെയ്തുതരേണ്ടതുണ്ട്:

1. സ്ഥലം കുറഞ്ഞത് 50 സെന്റ്.

2. കെട്ടിടം - 37 ജീവനക്കാർക്കുള്ള താമസ സൗകര്യങ്ങൾ (റെസ്റ്റ് റൂം), സ്റ്റേഷൻ ഓഫീസർക്കുള്ള റൂം, അസിസ്റ്റന്റ് സ്റ്റേഷൻ ഓഫീസറുടെ റൂം, മെക്കാനിക്ക് റൂം, വാച്ച് റൂം, സ്റ്റോർ മുറി, ക്ലാസ് റൂം, റിക്രിയേഷൻ റൂം, പരേഡ് ഗ്രൗണ്ട്.

3. മിനിമം 5 വാഹനങ്ങളെങ്കിലും ഇടാനുള്ള ഗ്യാരേജ്.

4.വൈദ്യുതി, വെള്ളം.

5. വാട്ടർ ടാങ്ക് (കുറഞ്ഞത് 50,000 ലിറ്റർ).

6. കുടിവെള്ള ടാങ്ക് മുതലായ സൗകര്യങ്ങൾ ചെയ്തു തരേണ്ടതുണ്ട്.

(ബി) നിലവിൽ സ്വന്തമായി സ്ഥലവും കെട്ടിടവുമുള്ള സ്ഥലങ്ങളിലാണ് ഫയർ സ്റ്റേഷൻ ആരംഭിക്കുവാൻ മുൻഗണന നൽകിവരുന്നത്. ഇപ്രകാരം സ്റ്റേഷൻ ആരംഭിക്കുന്നതിന് അനുയോജ്യമായ സ്ഥലം ലഭ്യമായശേഷം ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് കൊണ്ടോട്ടിയിൽ ഫയർസ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**മൈക്രോ ക്രെഡിറ്റ് വായ്പാ ദുരുപയോഗ തട്ടിപ്പ്**

270 (2099) ശ്രീ. എസ്. ശർമ്മ :

ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) :

ശ്രീ. വി. ചെന്താമരാക്ഷൻ :

ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൈക്രോ ക്രെഡിറ്റ് വായ്പാ ദുരുപയോഗ തട്ടിപ്പ് സംബന്ധിച്ച് ലഭ്യമായ പരാതികളുടെ പൊതുസ്വഭാവം വിശദമാക്കുമോ ;

(ബി) പ്രസ്തുത പരാതികളിൽ ആർക്കൊക്കെയെതിരെയാണ് ഇതുവരെ ക്രിമിനൽ കേസുകൾ രജിസ്റ്റർ ചെയ്തിട്ടുള്ളത് ; വിശദാംശം നൽകുമോ ;

(സി) പ്രസ്തുത വിഷയത്തിൽ ക്രൈംബ്രാഞ്ചിന്റെയോ വിജിലൻസിന്റെയോ അന്വേഷണങ്ങൾ നടക്കുന്നുണ്ടോ ; വിശദാംശം നൽകുമോ ?

ഉത്തരം

(എ) മൈക്രോ ക്രെഡിറ്റ് വായ്പാ ദുരുപയോഗ തട്ടിപ്പ് സംബന്ധിച്ച് പരാതികളൊന്നും ലഭിച്ചിട്ടില്ല. എന്നാൽ മൈക്രോ ഫിനാൻസ് തട്ടിപ്പുമായി ബന്ധപ്പെട്ട് 37 പരാതികൾ ലഭിച്ചിട്ടുണ്ട്. കേരള പിന്നോക്ക വികസന കോർപ്പറേഷൻ, വിവിധ ദേശസാൽകൃത/ഷെഡ്യൂൾഡ് ബാങ്കുകൾ എന്നിവയിൽ നിന്നും കുറഞ്ഞ പലിശയ്ക്ക് വായ്പ എടുത്ത് കൂടിയ പലിശയ്ക്ക് സംഘങ്ങൾക്കും വ്യക്തികൾക്കും വിതരണം ചെയ്ത് തട്ടിപ്പ് നടത്തി എന്നുള്ളതാണ് പരാതികൾ.

(ബി&സി) എസ്.എൻ.ഡി.പി. ജനറൽ സെക്രട്ടറി ശ്രീ. വെള്ളാപ്പള്ളി നടേശൻ വിവിധ ജില്ലകളിലെ എസ്.എൻ.ഡി.പി. ശാഖാ യൂണിയൻ ഭാരവാഹികൾ, ഉദ്യോഗസ്ഥർ തുടങ്ങിയവർക്കെതിരെയാണ് പ്രസ്തുത പരാതികളിൽ ആരോപണം ഉന്നയിച്ചിട്ടുള്ളത്. ഇതുമായി ബന്ധപ്പെട്ട് 19 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിലെ 3 പരാതികളിന്മേലുള്ള അന്വേഷണം ക്രൈംബ്രാഞ്ച് വിഭാഗമാണ് നടത്തിവരുന്നത്.

**അഴിമതി നിർമ്മാർജ്ജനത്തിനായുള്ള നടപടികൾ**

271 (2100) <u>ശ്രീ. പി. ശ്രീരാമകൃഷ്ണൻ</u> :
<u>ശ്രീ. വി. ചെന്താമരാക്ഷൻ</u> :
<u>ശ്രീ. രാജു എബ്രഹാം</u> :
<u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ എല്ലാ തലങ്ങളിലും അഴിമതിയും കെടുകാര്യസ്ഥതയും വർദ്ധിച്ചിരിക്കുന്നതായുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; കാരണം പരിശോധിച്ചിട്ടുണ്ടോ ;

(ബി) അഴിമതി നിർമ്മാർജ്ജനത്തിനും അഴിമതിക്കാർക്കെതിരെയും മാതൃകാപരമായ നടപടികൾ സ്വീകരിക്കുവാൻ തയ്യാറാകുമോ ;

(സി) അഴിമതി നിയന്ത്രിക്കാനുള്ള സംവിധാനം നിഷ്പക്ഷവും നീതിപൂർവ്വവുമായി പ്രവർത്തിപ്പിക്കുവാൻ കഴിയുന്നുണ്ടോ ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ ;

(ഡി) അഴിമതി ആരോപണങ്ങൾ ശരിവെയ്ക്കുന്ന നിലയിലുള്ള തെളിവുകൾ വിജിലൻസ് അവഗണിക്കുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

<u>ഉത്തരം</u>

(എ) അത്തരം റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയ്ക്ക് നിലവിലുള്ള

നിയമങ്ങളുടെ അടിസ്ഥാനത്തിലുള്ള സംവിധാനം അനുസരിച്ച് ഉചിതമായ നടപടികൾ സ്വീകരിക്കുവാൻ സാധിക്കുന്നുണ്ട്.

(സി) അഴിമതി നിയന്ത്രിക്കാനുള്ള സംവിധാനം നിഷ്പക്ഷവും നീതിപൂർവ്വവുമായി പ്രവർത്തിപ്പിക്കുവാൻ കഴിയുന്നുണ്ട്.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**ബാർകോഴക്കേസിൽ ഹൈക്കോടതി പരാമർശം**

272 (2101) <u>ശ്രീ. കെ. വി. അബ്ദുൾ ഖാദർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാർകോഴ കേസിൽ ഹൈക്കോടതി സർക്കാരിനെതിരെ നടത്തിയ പരാമർശങ്ങൾ എങ്ങനെയാണ് വിലയിരുത്തുന്നത് ;

(ബി) ഹൈക്കോടതിയുടെ വിവിധ ബഞ്ചുകൾ തുടർച്ചയായി സർക്കാർ വീഴ്ചകൾ ചൂണ്ടിക്കാട്ടിയിട്ടും എന്തു നടപടിയാണ് കൈക്കൊണ്ടത് ;

(സി) വിജിലൻസ് ഡയറക്ടർ സ്ഥാനത്തു നിന്ന് രാജിവച്ച വിൻസന്റ് എം. പോളിന് പുതിയ പദവികൾ നൽകിയിട്ടുണ്ടോ ?

<u>ഉത്തരം</u>

(എ&ബി) ബാർകോഴക്കേസുമായി ബന്ധപ്പെട്ട ബഹുമാനപ്പെട്ട ഹൈക്കോടതി വിധിയിൽ സർക്കാരിനെതിരെ പരാമർശങ്ങൾ നടത്തിയിട്ടില്ല.

(സി) രാജി വച്ചിട്ടില്ല. അവധിയിലായിരുന്നു. പുതിയ നിയമനം നൽകിയിട്ടില്ല.

**ബാർ കോഴ ആരോപണങ്ങൾ**

273 (2102) <u>ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ</u> :
<u>ശ്രീ. കെ. വി. അബ്ദുൾ ഖാദർ</u> :
<u>ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)</u> :
<u>ശ്രീ. പി. റ്റി. എ. റഹീം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എക്സൈസ് വകുപ്പ് മന്ത്രിക്കെതിരെ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയുടെ ത്വരിതാന്വേഷണം നടക്കുന്നുണ്ടോ ;

(ബി) ത്വരിതാന്വേഷണം നടത്തുന്നത് ആരുടെ നേതൃത്വത്തിലാണെന്നും

അന്വേഷണ സംഘത്തിൽ ആരെല്ലാമുണ്ടെന്നും അന്വേഷണം ആരംഭിച്ചത് എന്ന് മുതലാണെന്നും വെളിപ്പെടുത്താമോ ;

(സി) അന്വേഷണത്തിന്റെ ഭാഗമായി ആരെയെല്ലാം ചോദ്യം ചെയ്യുകയുണ്ടായി ; എന്തെല്ലാം രേഖകൾ കസ്റ്റഡിയിൽ എടുത്തു ; ആരെയെല്ലാം അറസ്റ്റു ചെയ്യുകയുണ്ടായി ; കൈക്കൂലി വാങ്ങിയതായി ആരോപിക്കപ്പെട്ട മന്ത്രിയുടെ ആഫീസ് നിലകൊള്ളുന്ന സ്ഥലത്തെ ഓഫീസിലെ ക്യാമറ ദൃശ്യങ്ങൾ ശേഖരിക്കുകയുണ്ടായോ ; വ്യക്തമാക്കുമോ ;

(ഡി) കൈക്കൂലി നൽകാൻ ഒരുമിച്ച് പോയതായി മൊഴി നൽകിയവരുടെ മൊബൈൽ ഫോണുകളുടെ അന്നത്തെ ലൊക്കേഷൻ പരിശോധിക്കുകയുണ്ടായോ ; ശ്രീ. ബിജുരമേശും ബാർഹോട്ടൽ അസോസിയേഷൻ ഭാരവാഹികളും ഹാജരാക്കിയ ശബ്ദരേഖകൾ പരിശോധിക്കുകയുണ്ടായോ ; ബാറുടമകളുടെ അസോസിയേഷന്റെ രഹസ്യ കണക്കുബുക്കുകൾ കണ്ടെത്തി പരിശോധിക്കുയുണ്ടായോ ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി-ഡി) (എ)-യുടെ ഉത്തരത്തിന്റെ അടിസ്ഥാനത്തിൽ ബാധകമല്ല.

**നിയമോപദേശം തേടിയ കേസ്സുകൾ**

274 (2103) <u>ശ്രീമതി കെ. കെ. ലതിക</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2013-14, 2014-15, 2015-16 സാമ്പത്തിക വർഷത്തിൽ വിജിലൻസ് വകുപ്പ് നിയമോപദേശം തേടിയ കേസുകൾ ഏതൊക്കെയെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത ഓരോ കേസിലും നിയമോപദേശം നൽകിയത് ആരൊക്കെയെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത കേസ്സുകളിൽ ഈ വകയിൽ ഉണ്ടായ സാമ്പത്തിക ചെലവ് കേസ് തിരിച്ച് വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത കേസ്സുകളിൽ ഏതൊക്കെ കേസുകളാണ് നിയമോപദേശം ലഭിച്ച ശേഷം അവസാനിപ്പിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ-ഡി) 2013-14 മുതൽ 2015-16 വരെയുള്ള വർഷങ്ങളിൽ അന്വേഷണം പൂർത്തിയാക്കിയ എല്ലാ വിജിലൻസ് കേസ്സുകളിലും നിയമോപദേശം തേടിയിട്ടുണ്ട്.

ബാർ കോഴക്കേസ് (വി.സി.06/14/എസ്.ഐ.യു.I) ഒഴികെ എല്ലാ കേസ്സുകളിലും വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയുടെ അഡീഷണൽ ഡയറക്ടർ ഓഫ് പ്രോസിക്യൂഷൻ/നിയമവിഭാഗം നിയമോപദേഷ്ടാവ്/ ഉപനിയമോപദേഷ്ടാവ് മുതലായവരാണ് നിയമോപദേശം നൽകിയത്. വി.സി. 06/14/എസ്.ഐ.യു. I കേസിൽ സുപ്രീംകോടതി അഭിഭാഷകരായ സർവ്വശ്രീ. മോഹൻ പരാശരനും എൽ. നാഗേശ്വര റാവുവുമാണ് നിയമോപദേശം നൽകിയത്. ബാർകോഴക്കേസിൽ നിയമോപദേശം നൽകിയ വകയിൽ 7,70,000 രൂപയുടെ മെമ്മോ ഓഫ് ഫീസ് ലഭിച്ചിട്ടുണ്ട്. എന്നാൽ ഇതുവരെ തുക നൽകിയിട്ടില്ല. ഓരോ കേസുകളിലും ലഭിച്ച നിയമോപദേശത്തിന്റെ അടിസ്ഥാനത്തിൽ അതാത് കേസുകളിൽ പ്രോസിക്യൂഷൻ നടപടിയോ, ട്രിബ്യൂണൽ എൻക്വയറി ഉൾപ്പെടെയുള്ള വകുപ്പുതല നടപടിയോ കൈക്കൊണ്ടിട്ടുണ്ട്. ബാർകോഴക്കേസ് അവസാനിപ്പിച്ചിട്ടില്ല.

**ജയിൽ വകുപ്പിനായുള്ള പദ്ധതികൾ**

275 (2104) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2013-14 വർഷത്തിലെ ബഡ്ജറ്റിൽ ജയിൽ വകുപ്പിനായി എന്തെല്ലാം പദ്ധതികളാണ് പ്രഖ്യാപിച്ചിരുന്നത് ;

(ബി) ഓരോ പദ്ധതിക്കുമായി പ്രസ്തുത ബഡ്ജറ്റിൽ വകയിരുത്തപ്പെട്ട തുക എത്ര ; അനുവദിക്കപ്പെട്ട തുക എത്ര; അവശേഷിച്ച തുക എത്ര ; വിശദാംശം നൽകുമോ ;

(സി) പ്രസ്തുത വർഷം പൂർത്തിയാക്കാനോ ലക്ഷ്യത്തിലെത്താൻ കഴിയാത്തതോ ആയ പദ്ധതികളുണ്ടോ ; വ്യക്തമാക്കുമോ ;

(ഡി) തുടർന്നുള്ള ബഡ്ജറ്റുകളിൽ ഇവയ്ക്കായി തുക വകയിരുത്തുകയും അനുവദിക്കുകയും ചെയ്തിരുന്നോ ; വ്യക്തമാക്കുമോ ;

(ഇ) 2013-14-ൽ പ്രഖ്യാപിച്ച് ഇനിയും ലക്ഷ്യത്തിലെത്താൻ കഴിയാത്ത പദ്ധതികളുണ്ടോ ; വ്യക്തമാക്കുമോ ?

ഉത്തരം

(എ) കേരളത്തിലെ 16 ജയിലുകളിൽ ജലസംഭരണികൾ സ്ഥാപിക്കുക, ജയിലുകളിൽ തടവുകാർക്ക് തൊഴിൽ നൽകുന്നതിനായി വിവിധ പരിശീലന പരിപാടികൾ ആരംഭിക്കുക എന്നീ പദ്ധതികളാണ് പ്രഖ്യാപിച്ചിരുന്നത്.

(ബി) ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച പുതിയ പദ്ധതികളുടെ നടത്തിപ്പിനാവശ്യമായ തുക പ്രത്യേകമായി ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിരുന്നില്ല. എന്നാൽ 2013-14-ൽ 'ജയിലുകളുടെ നവീകരണം', 'തടവുകാരുടെ ക്ഷേമം' എന്നീ വാർഷിക പദ്ധതികളുടെ നടത്തിപ്പിനായി ബഡ്ജറ്റിൽ 2.50 കോടി രൂപ വീതം അനുവദിച്ചിരുന്നു. 'ജയിലുകളുടെ നവീകരണം' പദ്ധതിക്കായി അനുവദിച്ച 2.50 കോടി രൂപ പൂർണ്ണമായും ചെലവഴിച്ചു. 'തടവുകാരുടെ ക്ഷേമം' പദ്ധതിയ്ക്ക് അനുവദിച്ച 2.50 കോടി രൂപയിൽ 2,46,37,779 രൂപ ചെലവഴിച്ചു. ഈ പദ്ധതിയിൽ അവശേഷിച്ച തുക 3,62,221 രൂപയാണ്.

പ്രസ്തുത വാർഷിക പദ്ധതികളിൽ ഉൾപ്പെടുത്തിയാണ് ബഡ്ജറ്റിൽ പ്രഖ്യാപിച്ച പുതിയ പദ്ധതികളും പരിപാടികളും നടപ്പിലാക്കിയത്.

(സി) 16 ജയിലുകളിൽ ജലസംഭരണികൾ സ്ഥാപിക്കുക, തടവുകാർക്ക് തൊഴിൽ പരിശീലനം നൽകുന്നതിനായി പരിശീലന പരിപാടികൾ ആരംഭിക്കുക എന്നീ പദ്ധതികൾ 2013-14 വർഷത്തിൽ നടപ്പിലാക്കാൻ കഴിഞ്ഞില്ല. തടവുകാർക്ക് തൊഴിൽ പരിശീലനം നൽകുക എന്ന പദ്ധതി 2014-15, 2015-16 സാമ്പത്തിക വർഷങ്ങളിലെ 'തടവുകാരുടെ ക്ഷേമം' പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയിട്ടുണ്ട്.

(ഡി) 2014-15-ലെ തടവുകാരുടെ ക്ഷേമം പദ്ധതിയിൽ ഉൾപ്പെടുത്തി തടവുകാർക്ക് തൊഴിൽ പരിശീലനം നൽകുന്നതിനായി 35.40 ലക്ഷം രൂപ വകയിരുത്തുകയും ആയത് നടപ്പാക്കുകയും ചെയ്തിട്ടുണ്ട്. 2015-16 വർഷത്തിലെ തടവുകാരുടെ ക്ഷേമം പദ്ധതിയിൽ ഉൾപ്പെടുത്തി തടവുകാർക്ക് തൊഴിൽ പരിശീലനം നൽകുന്നതിന് 51.50 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

(ഇ) 2013-14-ൽ പ്രഖ്യാപിച്ച 16 ജയിലുകളിൽ ജലസംഭരണികൾ സ്ഥാപിക്കുക എന്ന പദ്ധതി നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല.

**ജയിലുകളിലെ ഭക്ഷ്യോല്പാദന യൂണിറ്റുകൾ**

276 (2105) ശ്രീ. എം. പി. വിൻസെന്റ് :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. പി. എ. മാധവൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജയിലുകളിൽ ഭക്ഷ്യോത്പാദന യൂണിറ്റുകളും സംരക്ഷ സംരഭവും ആരംഭിച്ചിട്ടുണ്ടോ ;

(ബി) ഇതുവഴി എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് കൈവരിക്കാൻ ഉദ്ദേശിക്കുന്നത് ; ആയതിലേയ്ക്ക് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

ഉത്തരം

(എ&ബി) ഉണ്ട്. തടവുകാർക്കുള്ള തൊഴിൽ പരിശീലനമെന്ന നിലയിൽ ആരംഭിച്ച ഭക്ഷ്യോല്പാദന യൂണിറ്റിലൂടെ പൊതുജനങ്ങൾക്ക് ഗുണമേന്മയേറിയ ഭക്ഷണസാധനങ്ങൾ കുറഞ്ഞ വിലയ്ക്ക് വിതരണം ചെയ്യുന്നതിനുള്ള പദ്ധതി "സംരക്ഷ" എന്ന പേരിൽ അറിയപ്പെടുന്നു. തടവുകാരുടെ പുനരധിവാസത്തിന് ആവശ്യമായ പരിശീലനവും പൊതുജനങ്ങൾക്ക് ഗുണമേന്മയുള്ള ഭക്ഷ്യോല്പന്നങ്ങൾ മിതമായ വിലയ്ക്ക് ലഭ്യമാക്കുക എന്നതുമാണ് ഇതുകൊണ്ട് ഉദ്ദേശിച്ചിട്ടുള്ളത്. ടി പദ്ധതിക്കാവശ്യമായ സാധനസാമഗ്രികൾ സജ്ജീകരിക്കുകയും വിതരണത്തിന് ആവശ്യമായ വാഹനങ്ങൾ ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

**തടവുകാർക്ക് നൽകുന്ന വേതനം**

277 (2106) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജയിലുകളിലെ തടവുകാർക്ക് ജയിയിനുള്ളിലെ ജോലിയ്ക്ക് നൽകുന്ന ഒരു ദിവസത്തെ വേതനം എത്ര രൂപയാണ് ; ഇത് ഏറ്റവും ഒടുവിൽ പരിഷ്കരിച്ചതെന്നാണ് ;

(ബി) തടവുകാർക്ക് ജയിലിനുള്ളിലെ എല്ലാത്തരം ജോലികൾക്കും തുല്യവേതനമാണോ നൽകിവരുന്നത് ; അല്ലെങ്കിൽ ഇത് നൽകുന്നതിന്റെ മാനദണ്ഡമെന്താണ് ;

(സി) ശിക്ഷാ കാലാവധിയ്ക്കുശേഷം പുറത്തുവരുന്ന തടവുകാർക്ക് ജീവിതം മുന്നോട്ട് കൊണ്ടുപോകുവാൻ വളരെയേറെ പ്രയാസങ്ങൾ അനുഭവിക്കേണ്ടി വരുന്നുണ്ടെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഇത്തരക്കാർക്ക് ജീവിതം മുന്നോട്ട് കൊണ്ടുപോകുന്നതിന് സഹായകരമായ തരത്തിലുള്ള വേതനം ജയിലുകളിലെ ജോലിയ്ക്ക് ലഭിക്കേണ്ടതാണെന്ന് സർക്കാർ കരുതുന്നില്ലേ ; എങ്കിൽ ഈ വേതനം പരിഷ്കരിക്കുന്ന കാര്യം സർക്കാർ പരിഗണിക്കുമോ ?

ഉത്തരം

(എ) ജയിലിലെ തടവുകാർക്ക് ലഭിക്കുന്ന ഒരു ദിവസത്തെ ഏറ്റവും കുറഞ്ഞ വേതനം 21 രൂപയും ഏറ്റവും കൂടിയ വേതനം 117 രൂപയുമാണ്. 22-6-2007-ലെ ജി.ഒ. (എം.എസ്) നമ്പർ 144/2007/ആഭ്യന്തരം ഉത്തരവു പ്രകാരമാണ് ജയിൽ തടവുകാരുടെ വേതനം അവസാനമായി പരിഷ്കരിച്ചത്.

(ബി) അല്ല. ജയിലുകളിൽ തടവുകാർ ചെയ്യുന്ന തൊഴിലുകളെ കഠിനം, ഇടത്തരം, ലഘുവായത് എന്നിങ്ങനെ മൂന്നായി തരം തിരിച്ചിരിക്കുന്നു. ജോലിയുടെ പ്രത്യേകതയും കാഠിന്യവും പരിഗണിച്ചാണ് വേതനം നിശ്ചയിച്ചിട്ടുള്ളത്.

(സി&ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. തടവുകാർക്കായി ജയിലുകളിൽ വിവിധയിനം തൊഴിൽ പരിശീലന പരിപാടികൾ നടത്തിവരുന്നുണ്ട്. ജയിൽ മോചനത്തിനുശേഷമുള്ള അവരുടെ പുനരധിവാസം ലക്ഷ്യമിട്ടാണ് ഇത്തരം തൊഴിൽ പരിശീലനം നൽകിവരുന്നത്. കൂടാതെ, തടവുകാരുടെ വേതനം പുനർനിർണ്ണയിക്കുന്നതിനുള്ള നിർദ്ദേശം സർക്കാർ പരിശോധിച്ചുവരുന്നു.

**ബെധൂർ-കമ്പല്ലൂർ റോഡിന്റെ ശോച്യാവസ്ഥ**

278 (2107) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യത്തിന് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിലെ തൃക്കരിപ്പൂർ മണ്ഡലത്തിലെ ബെസൂർ അക്കരച്ചേരി വനമേഖലയിലൂടെ കടന്ന് പോകുന്ന ബെധൂർ-കമ്പല്ലൂർ ഫോറസ്റ്റ് റോഡിന്റെ ശോച്യാവസ്ഥ പരിഹരിക്കാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ?

ഉത്തരം

കാസർഗോഡ് ജില്ലയിലെ ഏളേരി റിസർവ് വനത്തിലൂടെ കടന്നുപോകുന്ന വെസ്റ്റ് എളേരി-ഈസ്റ്റ് ഏളേരി ഗ്രാമപഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന റോഡാണ് ബെധൂർ-കമ്പല്ലൂർ റോഡ്. വർഷങ്ങൾക്ക് മുമ്പ് ടാർചെയ്ത ഈ റോഡിന് വളരെയധികം അറ്റകുറ്റപ്പണികൾ ആവശ്യമായതിനാൽ അടിയന്തര പ്രാധാന്യം കണക്കിലെടുത്ത് റോഡ് അറ്റകുറ്റപ്പണി നടത്തുന്നതിന് 16-1-2015-ന് കാസർഗോഡ് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസിൽ നിന്നും പൊതുമരാമത്ത് വകുപ്പിന് അനുമതി നൽകിയിട്ടുള്ളതും ടി പ്രവൃത്തിക്ക് ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകിയിട്ടുള്ളതുമാകുന്നു. എന്നാൽ നാളിതുവരെയായിട്ടും ടി പ്രവൃത്തി പൊതുമരാമത്ത് വകുപ്പ് ആരംഭിച്ചിട്ടില്ല.

**വനഭൂമിയുടെ ദുരുപയോഗം**

279 (2108) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി

നൽകുമോ:

(എ) നിലമ്പൂർ നോർത്ത് ഡിവിഷനുകീഴിൽ കാർഷികാവശ്യത്തിനു കൈമാറിയ ഭൂമി നിശ്ചിത ഉദ്ദേശ്യത്തിൽ നിന്നും മാറ്റി ഉപയോഗിക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത നിയമലംഘനങ്ങൾക്കെതിരെ വനംവകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത ഡിവിഷനുകീഴിൽ കാർഷികാവശ്യത്തിനു കൈമാറിയ ഭൂമിയിലോ വന ഭൂമിയോട് ചേർന്നോ ക്വാറികൾ പ്രവർത്തിക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോ ; എങ്കിൽ ഇതിനെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശം വ്യക്തമാക്കുമോ ;

(സി) കാർഷികാവശ്യത്തിനായി കൈമാറിയ ഭൂമി എത്ര ഹെക്ടർ ആണെന്നും പ്രസ്തുത ഭൂമി നിശ്ചിത ആവശ്യത്തിന് തന്നെയാണോ ഉപയോഗപ്പെടുത്തുന്നതെന്നും പരിശോധിച്ചിട്ടുണ്ടോ ; വ്യക്തമാക്കുമോ ;

(ഡി) വനംവകുപ്പ് കൈമാറിയ ഭൂമിയിൽ ക്വാറികൾ പ്രവർത്തിക്കുവാൻ റവന്യൂ വകുപ്പ് അനുമതി നൽകിയിട്ടുണ്ടോ എന്നും ഇത് നിയമവിധേയമാണോ എന്നും വ്യക്തമാക്കുമോ ;

(ഇ) വനം വകുപ്പ് കാർഷികാവശ്യത്തിനു നല്കിയ ഭൂമി നിയമ വിരുദ്ധമായി ഉപയോഗിച്ചിട്ടുണ്ടെങ്കിൽ അത് തിരിച്ചെടുക്കാനുള്ള നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ&ബി) ഉണ്ട്. വനം-റവന്യൂ വകുപ്പുകൾ ചേർന്ന് സംയുക്ത സർവ്വേ നടത്തുകയും കാർഷികാവശ്യത്തിനും താമസത്തിനും മറ്റും മാത്രമായി പതിച്ച് നൽകുകയും ചെയ്ത വനഭൂമിയിൽ പാറ ഖനനം നടത്തിവന്നിരുന്ന ബിസ്മി ഗ്രാനൈറ്റ് ഇൻഡസ്ട്രീസ് എന്ന സ്ഥാപനത്തിന്റെ ഖനനാനുമതി റദ്ദ് ചെയ്യുന്നതിന് നിലമ്പൂർ നോർത്ത് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ ശിപാർശ ചെയ്ത പ്രകാരം മലപ്പുറം ജില്ലാ കളക്ടർ ടി സ്ഥാപനത്തിന് സ്റ്റോപ് മെമ്മോ നൽകിയിരുന്നു. ഇതിനെതിരെ പ്രസ്തുത സ്ഥാപനം സർക്കാരിൽ സമർപ്പിച്ച അപ്പീൽ നിരസിച്ച് റവന്യൂ വകുപ്പ് ഉത്തരവായെങ്കിലും ടി തീരുമാനത്തിനെതിരെ അവർ ബഹു. ഹൈക്കോടതിയെ സമീപിക്കുകയും ചെയ്തു. ബഹു. ഹൈക്കോടതിയുടെ നിർദ്ദേശാനുസരണം മേൽ അപ്പീൽ വീണ്ടും സർക്കാരിന്റെ പരിഗണനയിലുമാണ്.

കൂടാതെ നിലമ്പൂർ നോർത്ത് ഡിവിഷനിൽ ഉൾപ്പെട്ടുവരുന്ന പതിച്ച

നൽകിയിട്ടില്ലാത്ത വനഭൂമി ഉൾപ്പെടെയുള്ള ഭൂമിയിൽ ലാന്റ് ട്രൈബ്യൂണൽ പട്ടയം നേടി പ്രവർത്തിച്ചിരുന്ന ഒതായി ഗ്രാനൈറ്റ് എന്ന സ്ഥാപനത്തിന് കളക്ടർ നൽകിയ സ്റ്റോപ് മെമ്മോയ്ക്കെതിരെ ടി സ്ഥാപനം ഹൈക്കോടതിയെ സമീപിക്കുകയും കോടതി നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ടി അപേക്ഷ റവന്യൂ വകുപ്പ് പരിശോധിച്ച് അത് നിരസിക്കുകയും ചെയ്തിരുന്നു. ഇതിനെതിരെ ടി സ്ഥാപനം ഫയൽ ചെയ്ത 35843/15-ാം നമ്പർ റിട്ട് പെറ്റീഷൻ ബഹു. ഹൈക്കോടതിയുടെ പരിഗണനയിലാണ്.

(സി) നിലമ്പൂർ നോർത്ത് ഡിവിഷന്റെ കീഴിൽ 1917.4841 ഹെക്ടർ വനഭൂമി കാർഷികാവശ്യത്തിന് പതിച്ചു കൊടുക്കുന്നതിനായി റവന്യൂ വകുപ്പിന് കൈമാറി. അതിൽ 1194.38 ഹെക്ടർ പതിച്ചു നൽകിയിട്ടുണ്ട്.

(ഡി) 11-11-2015-ലെ ജി.ഒ.(എം.എസ്) നമ്പർ 593/15/റവ. നമ്പർ ഉത്തരവിൽ ഭൂ പതിവ് ചട്ടപ്രകാരം പതിച്ചുനൽകിയ എൽ.എ. പട്ടയഭൂമിയിലെ ക്വാറികൾക്ക് പ്രവർത്തനാനുമതി നൽകുന്നതിന് റവന്യൂ വകുപ്പിനെ ചുമതലപ്പെടുത്തുകയും അപ്രകാരം ലഭിക്കുന്ന അപേക്ഷകൾ പരിശോധിച്ച് തീർപ്പാക്കുന്നതിന് ബന്ധപ്പെട്ട ജില്ലാ കളക്ടർമാരെ നിയോഗിക്കുകയും ചെയ്തിട്ടുണ്ട്.

(ഇ) കാർഷിക ആവശ്യത്തിന് പതിച്ചു നൽകുന്ന വനഭൂമിയിൽ പാറ ഖനനത്തിന് അനുമതി നൽകുന്നത് 1980-ലെ കേന്ദ്ര വന സംരക്ഷണ നിയമപ്രകാരം ലംഘനമാണ്. പതിച്ചു നൽകാതെ അവശേഷിക്കുന്ന വനഭൂമി തിരിച്ചെടുക്കുവാനുള്ള സർവ്വേ നടപടികൾ കോടതി വിധി പ്രകാരം നടന്നുവരുന്നു. 175.81 ഹെക്ടർ വനഭൂമി വീണ്ടെടുക്കുവാൻ കഴിഞ്ഞു. 421.4752 ഹെക്ടർ വനഭൂമിയുടെ സർവ്വേ പൂർത്തിയായിട്ടുണ്ട്.

**തടിവ്യവസായം**

280 (2109) ശ്രീ. റ്റി. യു. കുരുവിള :
ശ്രീ. തോമസ് ഉണ്ണിയാടൻ :
ശ്രീ. സി. എഫ്. തോമസ് :
ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മരവ്യവസായം പരിപോഷിപ്പിക്കുന്നതിന് വനം വകുപ്പ് എന്തെങ്കിലും

നടപടി കൈക്കൊണ്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത രംഗത്തെ പ്രതിസന്ധികൾ എന്തെല്ലാമെന്നും അവ എങ്ങനെ പരിഹരിക്കാൻ കഴിയുമെന്നും വിശദമാക്കുമോ ;

(സി) തടി വ്യവസായത്തിനുള്ള ലൈസൻസിംഗ്, പുതുക്കൽ എന്നിവ സംബന്ധിച്ച് നടപ്പിലാക്കിയ പരിഷ്കാരങ്ങൾ എന്തെല്ലാം ?

ഉത്തരം

(എ) നിലവിലുള്ള കോടതി വിധികൾ, നിയമങ്ങൾ, ചട്ടങ്ങൾ എന്നിവയ്ക്ക് വിധേയമായി മരവ്യവസായം പരിപോഷിപ്പിക്കുന്നതിന് ഉതകുംവിധം നടപടികൾ എടുക്കുന്നുണ്ട്.

(ബി) ബഹു. സുപ്രീം കോടതിയുടെ വിധി പ്രകാരം 30-10-2002 എന്ന തീയതിക്ക് മുമ്പിനാലെ മുതൽ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ ലൈസൻസോടെ പ്രവർത്തിച്ചുവരുന്ന മരവ്യവസായ യൂണിറ്റുകൾക്ക് തുടർന്നും അതേ കപ്പാസിറ്റിയോടുകൂടി പ്രവർത്തിക്കുവാൻ ലൈസൻസ് നൽകുന്നുണ്ട്. എന്നാൽ 30-10-2002-ന് ശേഷം ആരംഭിക്കുന്ന തടിയധിഷ്ഠിത വ്യവസായ സ്ഥാപനത്തിന് തടി ലഭ്യത പരിശോധിച്ച്, തടി ലഭ്യത അടിസ്ഥാനമാക്കി മാത്രമേ ലൈസൻസ് നൽകുവാൻ കഴിയുകയുള്ളൂ. തടി ലഭ്യത സംബന്ധിച്ച് പഠനം നടത്തി തടി ലഭ്യത തിട്ടപ്പെടുത്താറുണ്ട്.

(സി) 19-4-2012-ലെ ചട്ടങ്ങൾ പ്രകാരം [സ.ഉ.(പി) നമ്പർ 51/2012/വനം] വനം വകുപ്പിന്റെ ലൈസൻസില്ലാതെ ഒരു തടിയധിഷ്ഠിത വ്യവസായ സ്ഥാപനവും പ്രവർത്തിക്കാൻ പാടില്ലാത്തതാകുന്നു. സംസ്ഥാനത്തെ തടി ലഭ്യത സംബന്ധിച്ച് പഠനം നടത്തിയശേഷം ആവശ്യത്തിന് തടി ലഭ്യമാണ് എന്ന് സ്റ്റേറ്റ് ലെവൽ അഡ്വൈസറി കമ്മിറ്റിക്ക് ബോധ്യമാണെങ്കിൽ മാത്രമേ പുതിയ സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിക്കാൻ നിവൃത്തിയുള്ളൂ. എന്നാൽ 30-10-2002-ന് മുമ്പ് നിലവിൽ ഉണ്ടായിരുന്ന സാമില്ലുകൾക്ക് ഇപ്പോൾ ലൈസൻസ് നൽകുന്നതിനും പുതുക്കുന്നതിനും 19-4-2012-ൽ നിലവിൽ വന്ന ജി.ഒ.(പി) നമ്പർ 51/2012/വനം [The Kerala Forest (Regulation of Sawmills & other wood based industrial units) Rule 2012] പ്രകാരവും നിയമം അനുവദിക്കുന്നുണ്ട്. കേരള ഫോറസ്റ്റ് (റെഗുലേഷൻ ഓഫ് സാമിൽസ് & അദർ വുഡ് ബേസ്ഡ് ഇൻഡസ്ട്രിയൽ യൂണിറ്റ്) ഭേദഗതി നിയമം, 2015 [സ.ഉ.(പി)66/2015/വനം] 9-9-2015 മുതൽ പ്രാബല്യത്തിൽ വന്നിട്ടുണ്ട്. ടി ഉത്തരവ് പ്രകാരം ലൈസൻസിന് അപേക്ഷിക്കേണ്ട

കാലാവധി ഉത്തരവ് തീയതി മുതൽ 6 മാസത്തേക്കു കൂടി നീട്ടി നൽകിയിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

**വനം വന്യജീവി സംരക്ഷണ പ്രവർത്തനങ്ങൾക്കായി അനുവദിച്ച തുക**

281 (2110) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2012-13-ലെ സംസ്ഥാന ബജറ്റിൽ വനം-വന്യജീവി സംരക്ഷണ പ്രവർത്തനങ്ങൾക്കായി എത്ര തുക വകയിരുത്തിയിരുന്നുവെന്ന് വ്യക്തമാക്കാമോ ;

(ബി) ഇതിൽ എത്ര തുക ഇതുവരെ അനുവദിക്കപ്പെട്ടു ; എത്ര തുക ഇനിയും പിൻവലിക്കാതെ ട്രഷറിയിൽ അവശേഷിക്കുന്നുവെന്ന് വ്യക്തമാക്കാമോ ;

(സി) തുക വിനിയോഗിച്ച് നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ചിരുന്ന പദ്ധതികളിൽ ലക്ഷ്യത്തിലെത്താൻ കഴിയാത്തവ ഏതെല്ലാം ; വ്യക്തമാക്കാമോ ?

ഉത്തരം

(എ) 2012-13-ലെ സംസ്ഥാന ബജറ്റിൽ വനം-വന്യജീവി സംരക്ഷണ പ്രവർത്തനങ്ങൾക്കായി '2406-01-800-95 വനസംരക്ഷണം' എന്ന ശീർഷകത്തിൽ 1250 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

(ബി) ഇതിൽ മുഴുവൻ തുകയും അനുവദിച്ചിട്ടുണ്ട്. ഇനിയും പിൻവലിക്കാതെ ട്രഷറിയിൽ തുകയൊന്നും അവശേഷിക്കുന്നില്ല.

(സി) ടി തുകയിൽ ഉൾപ്പെടുത്തിയിരുന്ന എല്ലാ പദ്ധതികളും ലക്ഷ്യത്തിൽ എത്തിയിട്ടുണ്ട്.

**വീട് നിർമ്മാണത്തിന് തടി ലഭ്യമാക്കൽ**

282 (2111) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യത്തിന് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

നൽകുമോ:

വീട് നിർമ്മാണത്തിന് ആവശ്യമായ തടി വനംവകുപ്പിൽ നിന്നും നൽകുന്നതിനുള്ള വ്യവസ്ഥകളിൽ ഏതെങ്കിലും മാറ്റം വന്നിട്ടുണ്ടോ; ഇത്തരം വ്യവസ്ഥകൾമൂലം ഗൃഹനിർമ്മാണവുമായി ബന്ധപ്പെട്ടവർ നേരിടുന്ന തടസ്സം പരിഹരിക്കുവാൻ നടപടികൾ സ്വീകരിക്കുമോ ?

<u>ഉത്തരം</u>

വീട് നിർമ്മാണത്തിനാവശ്യമായ തടി വനം വകുപ്പിൽനിന്നും നൽകുന്നതിനുള്ള വ്യവസ്ഥകളിൽ മാറ്റം വന്നിട്ടില്ല. നിലവിൽ സർക്കാർ ഉത്തരവ് (എംഎസ്.) 36/2008/വനം തീയതി 16-6-2008 പ്രകാരം റീട്ടെയിൽ സെയിൽ വഴി വീട് നിർമ്മാണത്തിന് 5 ക്യൂബിക് മീറ്റർ തേക്ക് തടി ഡിപ്പോകൾ വഴിയും ലഭ്യത അനുസരിച്ച് നൽകുന്നുണ്ട്. സർക്കാർ ഉത്തരവ് (എം.എസ്)42/2015/വനം തീയതി 6-6-2015 പ്രകാരം സർക്കാർ പദ്ധതികൾ മുഖേനയുള്ള ഭവന നിർമ്മാണത്തിന് ധനസഹായം ലഭിക്കുന്ന പട്ടിക വർഗ്ഗക്കാർക്ക് വനാവകാശ നിയമം അനുസരിച്ച് ലഭ്യമായതും, അല്ലാതെയും ഉള്ള കൈവശഭൂമിയിൽ വീട്ടുപണിക്കായി അവർ നട്ടുപിടിപ്പിച്ച ആഞ്ഞിലി, പ്ലാവ്, മരുതി, ചടച്ചി, ഇരുൾ എന്നീ വൃക്ഷങ്ങളിൽ നിന്നും ഒന്നര ക്യുബിക് മീറ്റർ തടി ബന്ധപ്പെട്ട വനംവകുപ്പ് റെയിഞ്ച് ഓഫീസറുടെ അനുമതിയോടെ മുറിച്ചെടുത്ത് ഉപയോഗിക്കാവുന്നതാണ്. കൂടാതെ ഇ-ഓക്ഷനിലൂടെ 8 ക്യുബിക് മീറ്റർ തടി വരെ വ്യക്തികളുടെ സ്വന്തം ആവശ്യത്തിന് ലേലം കൊള്ളാവുന്നതാണ്. വീട് നിർമ്മാണത്തിനാവശ്യമായ തടി വനം വകുപ്പിൽ നിന്നും നൽകുന്നത് സംബന്ധിച്ച വ്യവസ്ഥകൾമൂലം ഗൃഹ നിർമ്മാണവുമായി ബന്ധപ്പെട്ടവർ നേരിടുന്ന തടസ്സം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**കർഷക ഭൂമി ഏറ്റെടുക്കൽ**

283 (2112) <u>ശ്രീ. ഇ. കെ. വിജയൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനഭൂമിയോട് ചേർന്നുകിടക്കുന്ന കർഷക ഭൂമി വനം വകുപ്പ് ഏറ്റെടുക്കാൻ തീരുമാനിച്ചിട്ടുണ്ടോ ;

(ബി) ഇതുമായി ബന്ധപ്പെട്ട് കർഷകരിൽ നിന്നും അപേക്ഷകൾ ലഭിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ പ്രസ്തുത അപേക്ഷയിൻമേൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) വനഭൂമിയോട് ചേർന്നുകിടക്കുന്ന കർഷക ഭൂമിയിൽ ഇ.എഫ്.എൽ. നിയമം വകുപ്പ് 15 പ്രകാരമുള്ള മാനദണ്ഡമനുസരിച്ച് ഏറ്റെടുക്കുവാൻ നിർദ്ദേശിച്ചിട്ടുള്ള പാരിസ്ഥിതിക പ്രാധാന്യമുള്ള ഭൂപ്രദേശങ്ങൾ ഉപദേശക സമിതിയുടെ ശിപാർശയനുസരിച്ച് വകുപ്പ് (4) പ്രകാരം ഏറ്റെടുക്കാവുന്നതാണ്. ഇത്തരത്തിൽ ലഭിക്കുന്ന ശിപാർശകൾ ഉപദേശക സമിതിയുടെ മുമ്പാകെ സമർപ്പിക്കുവാനും ഇത് പരിശോധിക്കുവാനും ഒരു ഉപസമിതി രൂപീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

(ബി) ഇല്ല.

(സി) ബാധകമല്ല.

**ഗാന്ധിസ്മൃതി വനം പദ്ധതി**

284 (2113) <u>ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗാന്ധി സ്മൃതി വനം, വിവിധ ഇക്കോ ടൂറിസം പദ്ധതികൾ, കോട്ടൂരിലേയും കാപ്പുകാട്ടേയും ആന സംരക്ഷണ കേന്ദ്രങ്ങൾ എന്നിവയ്ക്കോരോന്നിനും 2012-13 ലെ ബഡ്ജറ്റിൽ എത്ര തുക വീതം വകയിരുത്തിയിരുന്നു ; എത്ര തുക വീതം അനുവദിക്കപ്പെട്ടു ; എത്ര തുക വീതം പിൻവലിക്കാതെ അവശേഷിക്കുന്നു ; വ്യക്തമാക്കുമോ ;

(ബി) തുടർന്നുള്ള ബഡ്ജറ്റുകളിൽ പ്രസ്തുത പദ്ധതികൾക്കായി തുക വകയിരുത്തിയിരുന്നോ ; എങ്കിൽ ഓരോന്നിനും വകയിരുത്തിയ തുക എത്ര ; അനുവദിക്കപ്പെട്ട തുക എത്ര ; അതിൽ പിൻവലിക്കാതെ അവശേഷിക്കുന്ന തുക എത്ര ; വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) ഗാന്ധിസ്മൃതി വനം, വിവിധ ഇക്കോ ടൂറിസം പദ്ധതികൾ, കോട്ടൂരിലേയും കാപ്പുകാട്ടേയും ആന സംരക്ഷണ കേന്ദ്രങ്ങൾ എന്നിവയ്ക്കോരോന്നിനും 2012-13-ലെ ബഡ്ജറ്റിൽ വകയിരുത്തിയ തുക, അനുവദിക്കപ്പെട്ട തുക, പിൻവലിക്കാതെ അവശേഷിക്കുന്ന തുക എന്നിവ ചുവടെ ചേർക്കുന്നു:

തുക ലക്ഷത്തിൽ

| | 2012-13-ലെ | അനുവദിക്കപ്പെട്ട | പിൻവലിക്കാതെ |
|---|---|---|---|

| | ബജറ്റിൽ വകയിരുത്തിക തുക | തുക | അവശേഷിക്കുന്ന തുക |
|---|---|---|---|
| ഗാന്ധിസ്മൃതി വനം | ... | 100.01 (SDG) | ... |
| വിവിധ ഇക്കോ ടൂറിസം പദ്ധതികൾ | 300.00 | 300.00 | 6.191 (Balance) |
| കോട്ടൂരിലേയും കാപ്പുകാട്ടേയും ആന സംരക്ഷണ കേന്ദ്രങ്ങൾ | ... | 100.01 (SDG) | ... |

(ബി) തുടർന്നുള്ള ബഡ്ജറ്റുകളിൽ ഗാന്ധിസ്മൃതി വനം, കോട്ടൂരിലേയും കാപ്പുകാട്ടേയും ആന സംരക്ഷണ കേന്ദ്രങ്ങൾ പദ്ധതികൾക്കായി പ്രത്യേകം തുക വകയിരുത്തിയിരുന്നില്ല. എന്നാൽ ഇക്കോ ടൂറിസം പദ്ധതിക്ക് തുടർന്നുള്ള വർഷങ്ങളിൽ വകയിരുത്തിയ തുകയും അനുവദിക്കപ്പെട്ട തുകയും സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു:

തുക ലക്ഷത്തിൽ

| വർഷം | വകയിരുത്തിയ തുക | അനുവദിക്കപ്പെട്ട തുക | പിൻവലിക്കാതെ അവശേഷിക്കുന്ന തുക |
|---|---|---|---|
| 2013-14 | 605.00 | 605.00 | 35.89 (Balance) |
| 2014-15 | 682.00 | 682.00 | 15.04 (Balance) |
| 2015-16 | 700.00 | 700.00 | 579.29 (ongoing) |

**തെക്കേ ഇന്ത്യൻ വനം വകുപ്പുമന്ത്രിമാരുടെ സമ്മേളനം**

285 (2114) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തെക്കേ ഇന്ത്യൻ വനം വകുപ്പ് മന്ത്രിമാരുടെ സമ്മേളനത്തിനുള്ള തുക

അനുവദിച്ചുകൊണ്ട് ഭരണാനുമതി ലഭിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത സമ്മേളനത്തിന് എത്ര തുക ചെലവഴിച്ചിട്ടുണ്ട് ; ഇനംതിരിച്ച് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത സമ്മേളനത്തിന് ഉപഹാരങ്ങൾ വാങ്ങുന്നതിനായി എത്ര തുക ചെലവഴിച്ചിട്ടുണ്ട് ; ഇതിൽ വിതരണം ചെയ്യാത്ത ഉപഹാരങ്ങൾ എത്ര എണ്ണം ഉണ്ടെന്നും അവ എന്തു ചെയ്തെന്നും വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) തെക്കേ ഇന്ത്യൻ സംസ്ഥാനങ്ങളിലെ വനം വകുപ്പുമന്ത്രിമാരുടെ സമ്മേളനത്തിന് 5-8-2015-ാം തീയതിയിലെ സർക്കാർ ഉത്തരവ് (ആർറ്റി.) 370/2015/വനം-വന്യജീവി പ്രകാരം 35 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്.

(ബി) ടി സമ്മേളനത്തിനായി 29,51,623 രൂപ (ഇരുപത്തൊൻപത് ലക്ഷത്തി അമ്പത്തിഒന്നായിരത്തി അറുന്നൂറ്റി ഇരുപത്തി മൂന്ന് രൂപ മാത്രം) ചെലവഴിച്ചിട്ടുണ്ട്. ആയത് ഇനം തിരിച്ച് ചുവടെ ചേർക്കുന്നു:

| | | |
|---|---|---|
| പ്രോഗ്രാം കമ്മിറ്റി | ... | 189168.00 |
| ലോജിസ്റ്റിക് കമ്മിറ്റി (ഉപഹാരം, ഗതാഗതം ഉൾപ്പെടെ) | ... | 366114.00 |
| പരസ്യപ്രചാരണം, കലാസന്ധ്യ | ... | 1070480.00 |
| താമസം, ഭക്ഷണം | ... | 1325861.00 |
| ആകെ | ... | 2951623.00 |

(സി) ഉപഹാരങ്ങൾ വാങ്ങുന്നതിനായി 1,27,500 (ഒരു ലക്ഷത്തി ഇരുപത്തി ഏഴായിരത്തി അഞ്ഞൂറ് രൂപ മാത്രം) ചെലവായി. ആറന്മുള കണ്ണാടികളാണ് വാങ്ങിയത്. ആകെ 25 കണ്ണാടികൾ വാങ്ങിയതിൽ 17 എണ്ണം അതിഥികൾക്ക് നൽകി. ബാക്കി 8 എണ്ണം വനം വകുപ്പിന്റെ സ്റ്റോക്കിലുണ്ട്.

**ഈർച്ച മില്ലുകളോടനുബന്ധിച്ച് ഫർണിച്ചർ നിർമ്മാണ യൂണിറ്റുകൾ**

286 (2115) <u>ശ്രീ. പി. റ്റി. എ. റഹീം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മരം ഈർച്ച മില്ലുകളോടനുബന്ധിച്ച് ഫർണിച്ചർ നിർമ്മാണ യൂണിറ്റുകൾ ആരംഭിക്കുന്നതിന് നിലവിൽ നിയന്ത്രണങ്ങളുണ്ടോ ; വിശദമാക്കാമോ ;

(ബി) പുതുതായി ഫർണിച്ചർ നിർമ്മാണ യൂണിറ്റുകൾ ആരംഭിക്കുന്നതിന് എൻ.ഒ.സി നൽകുന്നുണ്ടോ ; ഇവ ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ വിശദമാക്കാമോ ;

(സി) നിലവിലുള്ള ഈർച്ച മില്ലുകളോടനുബന്ധിച്ച് ഫർണിച്ചർ യൂണിറ്റുകൾ ആരംഭിക്കാൻ അനുമതി നൽകുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ)നിയന്ത്രണങ്ങളുണ്ട്. 30-10-2002-ന് മുമ്പ് മുതൽ പ്രവർത്തിച്ചുവരുന്ന യൂണിറ്റുകളോട് ചേർന്ന് പ്രസ്തുത തീയതിക്കുമുമ്പ് പ്രവർത്തനമാരംഭിച്ച ഫർണിച്ചർ യൂണിറ്റുകൾക്ക് മാത്രമേ തുടർന്നും അതേ മാതിരി പ്രവർത്തിക്കാൻ അനുമതിയുള്ളൂ.

(ബി) പുതുതായി തുടങ്ങുന്ന ഫർണിച്ചർ നിർമ്മാണ യൂണിറ്റുകൾ ആരംഭിക്കുന്നതിന് വനം വകുപ്പ് ലൈസൻസ് അനുവദിക്കുന്നുണ്ട്. ലൈസൻസ് ലഭിക്കുന്നതിനായി നിശ്ചിത ഫീസടച്ച് നിശ്ചിത ഫോറത്തിൽ ലൈസൻസിനായുള്ള അപേക്ഷ ബന്ധപ്പെട്ട ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ മുഖാന്തിരം സമർപ്പിക്കേണ്ടതാണ്. ലൈസൻസ് ലഭിക്കുന്നതിന് 3-8-2012-ലെ സ.ഉ.(സാധാ)398/2012/വനംനമ്പർ ഉത്തരവ് പ്രകാരമുള്ള ഒറ്റത്തവണ നിക്ഷേപം അടയ്ക്കേണ്ടതുമുണ്ട്.

(സി) 30-10-2002-ന് മുമ്പ് മുതൽ പ്രവർത്തിച്ചുവരുന്ന ഈർച്ച മില്ലിനോട് ചേർന്ന് പ്രസ്തുത തീയതിക്ക് മുമ്പ് പ്രവർത്തനമാരംഭിച്ച ഫർണിച്ചർ യൂണിറ്റുകൾക്ക് മാത്രമേ നിലവിൽ അതേമാതിരി പ്രവർത്തിക്കുന്നതിന് അനുമതിയുള്ളൂ. ബാക്കിയുള്ള ഈർച്ച മില്ലുകളോടനുബന്ധിച്ച് ഫർണിച്ചർ യൂണിറ്റ് കൂടി പ്രവർത്തിപ്പിക്കുവാൻ ചട്ടങ്ങൾ അനുവദിക്കുന്നില്ല.

**വനഭൂമിയുടെ പരിപാലനം**

287 (2116) <u>ശ്രീ. എം. ഉമ്മർ</u> :

<u>ശ്രീ. പി. കെ. ബഷീർ</u> :

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u> :

<u>ശ്രീ. കെ. എൻ. എ. ഖാദർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജ്യത്തെ വനഭൂമിയുടെ പരിപാലനം സ്വകാര്യമേഖലയ്ക്ക് കൈമാറാനുള്ള

കേന്ദ്ര സർക്കാരിന്റെ മാർഗ്ഗരേഖ ലഭിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഇക്കാര്യത്തിലുള്ള നിലപാട് എന്താണെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത നിലപാടിന് അടിസ്ഥാനമായ കാരണങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ) മാർഗ്ഗരേഖയുടെ കരട് സംസ്ഥാനങ്ങളുടെ അഭിപ്രായത്തിനായി നൽകിയിട്ടുണ്ട്.

(ബി) സ്വാഭാവിക വനം സ്വകാര്യ മേഖലയ്ക്ക് കൈമാറേണ്ടതില്ല. ശോഷിച്ച പ്ലാന്റേഷനുകളുടെ ഉല്പാദനക്ഷമത വനവികസന ഏജൻസികളുടെ പങ്കാളിത്തത്തോടെ വർദ്ധിപ്പിക്കുന്നതിനുള്ള സാധ്യത പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കുക എന്നിവയാണ് നിലപാട്.

(സി) വനാശ്രിത സമൂഹത്തിന്റെ തൊഴിലവസരം വർദ്ധിപ്പിക്കുക, വനങ്ങളുടെ പാരിസ്ഥിതിക സേവനങ്ങൾ മെച്ചപ്പെടുത്തുക, ഈ പ്രവർത്തനങ്ങൾക്കായി അധികവിഭവ സമാഹരണം നടത്തുക എന്നിവയാണ് പ്രസ്തുത നിലപാടിനുള്ള കാരണങ്ങൾ.

**വനഭൂമിയിലെ കയ്യേറ്റങ്ങൾ**

288 (2117) <u>ശ്രീ. എം. എ. ബേബി</u> :
<u>ശ്രീ. കെ. കെ. നാരായണൻ</u> :
<u>ശ്രീ. രാജു എബ്രഹാം</u> :
<u>ശ്രീ. ബി. ഡി. ദേവസ്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനഭൂമിയിലെ കയ്യേറ്റങ്ങൾ സംബന്ധിച്ച് ഹൈക്കോടതിഡിവിഷൻ ബെഞ്ചിന്റെ ഒടുവിലത്തെ വിധി പ്രസ്താവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) പ്രസ്തുത വിധിയെ തുടർന്ന് സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ് ;

(സി) എത്ര ഹെക്ടറിലധികം വനഭൂമി കൈയ്യേറിയതായിട്ടാണ് കോടതിയെ

അറിയിച്ചിരുന്നത് ; കോടതിയ്ക്ക് നൽകിയ ഉറപ്പ് അനുസരിച്ച് എത്ര ഹെക്ടർ ഭൂമി തിരിച്ചുപിടിക്കുകയുണ്ടായി ; ഇതു സംബന്ധിച്ച് നിലവിൽ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. ബഹു. കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത ഒ.പി. നമ്പർ 18467/02, ഒ.പി. നമ്പർ 1947/03 എന്നീ കേസ്സുകളിലെ 4-9-2015-ലെ വിധിപ്രകാരം സമയബന്ധിതമായി വനം കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിന് ഉത്തരവായിട്ടുണ്ട്.

വിധി പകർപ്പ് ലഭിച്ച തീയതി മുതൽ 6 മാസത്തിനകം കേരള വനനിയമം 1961, കേരള ലാന്റ് കൺസർവൻസി ആക്ട് 1957 എന്നിവ പ്രകാരം കയ്യേറ്റക്കാരന് നോട്ടീസ് നൽകി കയ്യേറ്റം ഒഴിപ്പിക്കൽ നടപടികൾ ആരംഭിക്കുകയും തുടർന്നുള്ള 6 മാസത്തിനകം ഒഴിപ്പിക്കൽ പ്രക്രിയ പൂർത്തീകരിക്കുന്നതിനുമാണ് വിധിയിൽ നിർദ്ദേശിച്ചിട്ടുള്ളത്.

(ബി&സി) ഒ.പി. നമ്പർ 18467/02 കേസിൽ ബഹു. ഹൈക്കോടതി മുമ്പാകെ സമർപ്പിച്ച എതിർ സത്യവാങ്മൂലത്തിൽ 7289.3377 ഹെക്ടർ ഭൂമി കയ്യേറിയതായും 183.64 ഹെക്ടർ ഭൂമി ഒഴിപ്പിച്ചതായും ബഹു. ഹൈക്കോടതിയെ അറിയിച്ചിട്ടുണ്ട്. ബഹു. ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ ഒരു വർഷത്തിനുള്ളിലാണ് കയ്യേറ്റങ്ങൾ ഒഴിപ്പിക്കേണ്ടത്. കേരളലാന്റ് കൺസർവൻസി ആക്ട് 1957 പ്രകാരം നോട്ടീസ് നൽകി കയ്യേറ്റക്കാരനെ ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നത് സംബന്ധിച്ച് പരിശോധിച്ചുവരുന്നു. ഇതിലേയ്ക്കായി അഡ്വക്കേറ്റ് ജനറലിന്റെ അഭിപ്രായം ആവശ്യപ്പെട്ടിരിക്കുകയാണ്.

**ബഡ്ജറ്റിൽ വനം വകുപ്പിന്റെ അധീനതയിൽ ലക്ഷ്യമിട്ടിരുന്ന പദ്ധതികൾ**

289 (2118) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പിന്റെ അധീനതയിലുള്ള ദേശീയഉദ്യാനങ്ങൾ, വന്യജീവി സങ്കേതങ്ങൾ, അഗസ്ത്യമല പരിസ്ഥിതി പദ്ധതി, വാഗമണ്ണിലെ ഓർക്കിഡ് ഉദ്യാനം, പുത്തൂരിലെ സുവോളജിക്കൽ പാർക്ക് ഇവയ്ക്കോരോന്നിനും 2012-13 ലെ ബഡ്ജറ്റിൽ എത്ര തുക വീതം വകയിരുത്തിയിരുന്നു ;

(ബി) ഇതിൽ എത്ര തുക ഓരോ പദ്ധതിയ്ക്കും അനുവദിച്ചുവെന്നും എത്ര തുക അവശേഷിക്കുന്നുവെന്നും വ്യക്തമാക്കാമോ ;

(സി) ഇവയിൽ ബഡ്ജറ്റിൽ ലക്ഷ്യമിട്ടിരുന്നതും പ്രസ്തുത വർഷം തന്നെ പൂർത്തിയാക്കാൻ സാധിക്കാത്തതുമായ പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ ; മൂന്നര വർഷത്തിന് ശേഷവും ലക്ഷ്യം പൂർത്തിയാക്കാൻ കഴിയാത്തവ ഏതെല്ലാം ;

(ഡി) വാഗമണ്ണിൽ ആരംഭിക്കുമെന്ന് പ്രഖ്യാപിച്ചിരുന്ന ഓർക്കിഡ് ഉദ്യാനവും പുത്തൂരിലെ സുവോളജിക്കൽ പാർക്കും വന്യജീവി സംരക്ഷണ ഗവേഷണകേന്ദ്രവും 2012-13-ൽ തന്നെ പൂർത്തിയാക്കാൻ സാധിച്ചിട്ടുണ്ടോ ; നിലവിൽ ഇവയുടെ പ്രവർത്തനം പൂർണതോതിൽ ആരംഭിച്ചിട്ടുണ്ടോ ; വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) ദേശീയ ഉദ്യാനങ്ങൾ, വന്യജീവി സങ്കേതങ്ങൾ, അഗസ്ത്യമല പരിസ്ഥിതി പദ്ധതി എന്നിവയുമായി ബന്ധപ്പെട്ടവ 50% കേന്ദ്രസഹായ പദ്ധതികളാണ്. ഇത് സംബന്ധിച്ച് 2012-13 ലെ ബഡ്ജറ്റിൽ വകയിരുത്തിയ തുകയുടെ വിശദവിവരം അനുബന്ധം-1 ആയി ചേർക്കുന്നു.*

വാഗമണ്ണിലെ ഓർക്കിഡ് ഉദ്യാനം, പുത്തൂരിലെ സുവോളജിക്കൽ പാർക്ക് ഇവയ്ക്കോരോന്നിനും 2012-13 ബഡ്ജറ്റിൽ 100 ലക്ഷം രൂപവീതം വകയിരുത്തിയിരുന്നു.

(ബി) ദേശീയ ഉദ്യാനങ്ങൾ, വന്യജീവി സങ്കേതങ്ങൾ, അഗസ്ത്യമല പരിസ്ഥിതി പദ്ധതി എന്നിവയ്ക്ക് 2012-13-ൽ അനുവദിച്ച തുകയും അവശേഷിക്കുന്ന തുകയും അനുബന്ധം-2 ആയി ചേർക്കുന്നു.* അവശേഷിച്ച തുക തുടർന്ന് വന്ന സാമ്പത്തിക വർഷത്തിൽ ബന്ധപ്പെട്ട പദ്ധതികൾക്കായി വിനിയോഗിച്ചിട്ടുണ്ട്. വാഗമണ്ണിലെ ഓർക്കിഡ് ഉദ്യാനത്തിനും പുത്തൂരിലെ സുവോളജിക്കൽ പാർക്കിനും 2012-13-ൽ അനുവദിച്ച തുകയും അവശേഷിക്കുന്ന തുകയും ചുവടെ ചേർക്കുന്നു:

| പദ്ധതി | അനുവദിച്ച തുക (ലക്ഷത്തിൽ) | അവശേഷിക്കുന്ന തുക (ലക്ഷത്തിൽ) |
|---|---|---|
| വാഗമൺ | 50.010 | 00.010 |

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

| | | |
|---|---|---|
| പുത്തൂർ | 250.010 | 00.010 |

(സി) നടപ്പിലാക്കാത്ത പദ്ധതികൾ ഒന്നും തന്നെയില്ല.

(ഡി) വാഗമണ്ണിൽ ആരംഭിക്കുമെന്ന് പ്രഖ്യാപിച്ചിരുന്ന ഓർക്കിഡ് ഉദ്യാനവും പുത്തൂരിലെ സുവോളജിക്കൽ പാർക്കും വന്യജീവി സംരക്ഷണ ഗവേഷണ കേന്ദ്രവും 2012-13-ൽ തന്നെ പൂർത്തിയാക്കാൻ സാധിച്ചിട്ടില്ല.

നിലവിൽ വാഗമണ്ണിലെ ഓർക്കിഡ് ഉദ്യാനത്തിന്റെ പ്രവർത്തനം പൂർണ്ണതോതിൽ ആരംഭിക്കുകയും പൊതുജനങ്ങൾക്കായി തുറന്നു നൽകിയിട്ടുമുണ്ട്. പുത്തൂരിലെ സുവോളജിക്കൽ പാർക്കും വന്യജീവി സംരക്ഷണ ഗവേഷണ കേന്ദ്രത്തിന്റെ പ്രവൃത്തികളും പുരോഗമിച്ചുവരികയാണ്.

**മംഗളാദേവിയിലെ കണ്ണകി ക്ഷേത്രം**

290 (T[T]2119) ശ്രീ. എ. കെ. ശശീന്ദ്രൻ :
ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂർണ്ണമായും കേരളത്തിനുള്ളിലുള്ളതും പെരിയാർ കടുവാ സങ്കേതത്തിന് ഉള്ളിലുള്ളതുമായ മംഗളാദേവിയിലെ കണ്ണകി ക്ഷേത്രത്തിലേക്ക് വർഷം മുഴുവൻ പ്രവേശനത്തിന് അനുമതി നൽകണമെന്ന ആവശ്യത്തിന്മേൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത ഭാഗം തമിഴ് നാടിന്റേതാണെന്നുള്ള അവകാശവാദം ഉന്നയിക്കപ്പെട്ടിട്ടുണ്ടോ ; തമിഴ് നാടിന്റെ പ്രസ്തുത നീക്കത്തെ ചെറുക്കുന്നതിൽ സംസ്ഥാനത്തെ ബന്ധപ്പെട്ട വകുപ്പുകൾ നിസ്സംഗത പാലിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ പ്രസ്തുത കാര്യത്തിൽ അടിയന്തര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) പെരിയാർ കടുവ സങ്കേതത്തിന്റെ ബഫർ സോണിൽ ഉൾപ്പെട്ടിട്ടുള്ള മംഗളാദേവിയിലെ കണ്ണകി ക്ഷേത്രത്തിന്റെ സംരക്ഷണവും, ക്ഷേത്രത്തിലേക്ക് വർഷംമുഴുവൻ പ്രവേശനത്തിന് അനുവാദവും നൽകണമെന്നും ആവശ്യപ്പെട്ടുകൊണ്ട് കമ്പം ആസ്ഥാനമായ മംഗളാദേവികണ്ണകി ട്രസ്റ്റ് ബഹു. കേരള ഹൈക്കോടതിയിൽ

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

WP(C) No. 14853/14 നമ്പരായി ഹർജി ഫയൽ ചെയ്തിട്ടുള്ളതും ആയത് കോടതിയുടെ അന്തിമ തീർപ്പായിട്ടില്ലാത്തതുമാണ്.

(ബി) പ്രസ്തുത ഭാഗം തമിഴ്നാടിന്റേതാണെന്നുള്ള അവകാശവാദം ഉന്നയിക്കപ്പെട്ടിട്ടില്ല. മംഗളാദേവി ക്ഷേത്രവും ക്ഷേത്രത്തിലേക്കുള്ള നടപ്പാതയും പെരിയാർ കടുവാ സങ്കേതത്തിന്റെ ബഫർസോണിലും സമീപ വനഭാഗം പെരിയാർ കടുവാ സങ്കേതത്തിന്റെ കോർ സോണിലും ഉൾപ്പെടുന്നു. മാത്രമല്ല പ്രസ്തുത വനഭാഗം കടുവ, വരയാട്, കാട്ടുപോത്ത് തുടങ്ങിയ വന്യജീവികളുടെ ആവാസവ്യവസ്ഥയും കൂടിയായതിനാൽ ഇക്കാര്യങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് ടി കേസിൽ യഥാസമയം പ്രതിവാദപത്രിക സമർപ്പിച്ചിട്ടുള്ളതുമാണ്. കേസ് നടത്തിപ്പിന്റെ കാര്യത്തിൽ വനംവകുപ്പിന്റെ ഭാഗത്തുനിന്ന് യാതൊരുവിധ വീഴ്ചയും ഉണ്ടായിട്ടില്ല.

(സി) ഉത്തരം (ബി)യുടെ വെളിച്ചത്തിൽ ബാധകമല്ല.

**പാട്ടക്കരാർ ലംഘനം**

291 (2120) <u>ശ്രീ. എ. കെ. ബാലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാട്ടക്കരാർ ലംഘനം നടത്തി വനഭൂമി കൈവശം വച്ചിരിക്കുന്നവരുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ; എത്ര ഏക്കർ ഭൂമിയാണ് ഇപ്രകാരം കൈവശം വച്ചിരിക്കുന്നത് ;

(ബി) പ്രസ്തുത വനഭൂമികളുടെ പാട്ടകാലാവധികൾ എന്നാണ് അവസാനിച്ചത് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) പാട്ടകുടിശിക വരുത്തിയിട്ടുള്ള പാട്ടകരാറുകാർ ആരെല്ലാമാണ് ; വിശദാംശങ്ങൾ നൽകുമോ ;

(ഡി) പാട്ടക്കരാർലംഘനവും, പാട്ടകുടിശികയും വരുത്തിയവർക്കെതിരെ വനംവകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കമോ ; ഏതെല്ലാം ഭൂമിയാണ് വനംവകുപ്പ് ഏറ്റെടുത്തത് ; വിശദാംശങ്ങൾ നൽകുമോ ;

(ഇ) കരാർലംഘനം നടത്തിയ വനഭൂമി ഏറ്റെടുക്കുന്നതിന് കോടതിയുടെ സ്റേറ നിലവിലുണ്ടോ ; ഏതെല്ലാം ഭൂമി ഏറ്റെടുക്കുന്നതിനാണ് സ്റ്റേ എന്നറിയിക്കുമോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

<u>ഉത്തരം</u>

(എ) 64 സ്വകാര്യ വ്യക്തികൾ 318.506 ഏക്കർ വനഭൂമിയും 36 എസ്റ്റേറ്റുകൾ

18909.8905 ഏക്കർ വനഭൂമിയും 15 പൊതുമേഖലാ, സർക്കാർ, അർദ്ധ സർക്കാർ സ്ഥാപനങ്ങൾ 20453.737 ഏക്കർ വനഭൂമിയും പാട്ടക്കരാർ ലംഘനം നടത്തി കൈവശം വച്ചിട്ടുണ്ട്.

(ബി) വിശദാംശം അനുബന്ധം I ആയി ചേർക്കുന്നു.*

(സി) പാട്ടകുടിശ്ശിക വരുത്തിയിട്ടുള്ള സ്ഥാപനങ്ങളുടെ വിവരം അനുബന്ധം II ആയും വ്യക്തികളുടെ വിവരം അനുബന്ധം III ആയും ചേർക്കുന്നു.*

(ഡി) പാട്ടക്കരാർ ലംഘനവും പാട്ട കുടിശ്ശികയും വരുത്തിയവർക്കെതിരെ പാട്ടക്കരാർ പുതുക്കുന്നതിനും അല്ലാത്ത പക്ഷം വനഭൂമി തിരികെ ഏറ്റെടുക്കുന്നതിനും പാട്ടക്കുടിശ്ശിക ലഭ്യമാക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ചാലക്കുടി ഡിവിഷനിലെ പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരളായിൽ നിന്നും പാട്ടകുടിശ്ശിക ഈടാക്കുന്നതിന് റവന്യൂ റിക്കവറി നടപടികൾ ആരംഭിച്ചിട്ടുണ്ട്. പാട്ടക്കുടിശ്ശിക വരുത്തിയ കെ.എസ്.ഇ.ബി., കെ.എഫ്.ഡി.സി. എന്നിവർക്ക് കൗണ്ടർസൈൻ ചെയ്ത ചെലാനുകൾ നൽകിയിട്ടുണ്ട്. നെന്മാറ ഡിവിഷനിലെ മീരാ ഫ്ലോറസ്, ബിയാട്രീസ് എന്നീ എസ്റ്റേറ്റുകൾ വനം വകുപ്പ് ഏറ്റെടുത്തിട്ടുണ്ട്. കൂടാതെ കാസർഗോഡ് റെയിഞ്ചിലെ മണ്ടകോൽ റിസർവ് വനത്തിൽ ഗോറിഗഡ്ഡ അണ്ണപ്പ നായിക്കിന് പാട്ടത്തിന് നൽകിയ 4 ഏക്കർ ഭൂമിയിൽ 3.90 ഏക്കർ ഭൂമി സർക്കാരിലേയ്ക്ക് ഏറ്റെടുത്തിട്ടുണ്ട്. ഭൂമി ഏറ്റെടുക്കുന്നതിനെതിരെ കാസർഗോഡ് മുൻസിഫ് കോടതിയിൽ ഒ.എസ്. നം. 392/14 കേസ് നിലവിലുള്ളതിനാൽ ബാക്കി 10 സെന്റ് ഭൂമി ഏറ്റെടുക്കുവാൻ കഴിഞ്ഞിട്ടില്ല.

(ഇ) നെന്മാറ ഡിവിഷനിലെ ചെറുനെല്ലി, രാജാക്കാട്, മോങ്കുഡ്, കാരപ്പാറ -എ, കാരപ്പാറ -ബി, അലക്സാണ്ട്രിയ – എ, അലക്സാണ്ട്രിയ – ബി, ബ്രൂക്ക് ലാന്റ് എന്നീ എസ്റ്റേറ്റുകൾ ഏറ്റെടുത്തതിനെതിരെ ബഹു. ഹൈക്കോടതിയിൽ സ്റ്റേ നിലവിലുണ്ട്. നോർത്തേൺ സർക്കിൾ കണ്ണൂരിലെ കിളിങ്കർ നടുമന ശങ്കരനാരായണഭട്ടിന്റെ 6.704 ഹെക്ടർ വനഭൂമി സംബന്ധിച്ച് ബഹു. ഹൈക്കോടതിയിൽ 4 കേസ്സുകളിലായി സ്റ്റേ നിലവിലുണ്ട്. കൂടാതെ ചാലക്കുടി ഡിവിഷനിൽ ഹാരിസൺ മലയാളം കമ്പനി പാട്ടക്കരാർ ലംഘിച്ചതിനെ തുടർന്ന് 4896.65 ഏക്കർ വനഭൂമി ഏറ്റെടുക്കാൻ സർക്കാർ ഉത്തരവായെങ്കിലും ബഹു. ഹൈക്കോടതി സ്റ്റേ ചെയ്തിട്ടുള്ളതിനാൽ ഏറ്റെടുക്കുവാൻ കഴിഞ്ഞിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**പൊതുമരാമത്ത് വകുപ്പിന് വനം വകുപ്പിൽ ഭൂമി വിട്ടുകിട്ടുന്നതിന് നടപടി**

292 (2121) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേലക്കര മണ്ഡലത്തിൽ നിരന്തരമായ വാഹന അപകടങ്ങൾ സംഭവിക്കുന്ന വാഴക്കോട് ജംഗ്ഷനിലെ കൊടും വളവ് ഒഴിവാക്കുവാനായി പൊതുമരാമത്ത് വകുപ്പിന് വനംവകുപ്പിൽ നിന്നും കുറച്ച് ഭൂമി വിട്ടുകിട്ടുന്നതിനുള്ള അപേക്ഷയിൻമേൽ വനംവകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) ഇത് സംബന്ധിച്ച അപേക്ഷ വനം വകുപ്പിന് എപ്പോഴാണ് ലഭിച്ചതെന്നും അതിൻമേൽ നടപടി സ്വീകരിക്കുന്നതിനുള്ള തടസ്സങ്ങൾ ഏതെല്ലാമാണെന്നും പറയാമോ ;

(സി) വനംവകുപ്പിൽനിന്നും ഭൂമി വിട്ടുനൽകുവാൻ സത്വര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ &ബി) പ്രസ്തുത ആവശ്യത്തിന് ഭൂമി വിട്ടുകിട്ടുന്നതിനായി പുതുക്കിയ വനസംരക്ഷണ നിയമം/ചട്ട പ്രകാരം അപേക്ഷകൾ യാതൊന്നും തന്നെ വനം വകുപ്പിന് ലഭ്യമായിട്ടില്ല. അതിനാൽ തുടർ നടപടികളൊന്നും സ്വീകരിക്കുവാൻ കഴിഞ്ഞിട്ടില്ല.

(സി) പൊതുമരാമത്ത് വകുപ്പ് അപേക്ഷ സമർപ്പിക്കുന്ന മുറയ്ക്ക് 1980-ലെ വനസംരക്ഷണ നിയമത്തിലെ നിബന്ധനകൾക്ക് വിധേയമായി നടപടികൾ സ്വീകരിക്കുന്നതാണ്.

**ചന്ദനമരങ്ങളുടെ മോഷണം**

293 (2122) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തു നിന്ന് ചന്ദനമരങ്ങളുടെ മോഷണം നിയന്ത്രിക്കുന്നതിനായി വനംവകുപ്പ് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്നും പ്രസ്തുത നടപടികൾ

ഫലപ്രദമാണോയെന്ന പരിശോധിക്കുന്നതിനുള്ള സംവിധാനങ്ങൾ എന്തൊക്കെയാണെന്നും വ്യക്തമാക്കുമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം മറയൂർ ചന്ദന ഡിവിഷനിൽ നിന്നും പ്രതി വർഷം മുറിച്ച് മാറ്റപ്പെട്ട ചന്ദനമരങ്ങളുടെ എണ്ണം, ബുക്ക് ചെയ്ത ഒ.ആർ. കേസുകളുടെ എണ്ണം, നഷ്ടപ്പെട്ട ചന്ദനത്തിന്റെ തൂക്കം, കസ്റ്റഡിയിലെടുത്ത ചന്ദനത്തിന്റെ തൂക്കം, അറസ്റ്റ് ചെയ്ത പ്രതികളുടെ എണ്ണം, ചാർജ്ജ് ചെയ്ത കേസുകളുടെ എണ്ണം എന്നിവ പ്രത്യേകം ലഭ്യമാക്കുമോ ?

<u>ഉത്തരം</u>

(എ) ചന്ദന റിസർവ്വിൽ ചെയിൻലിംഗ്ഡ് ഫെൻസിംഗും സോളാർ ഫെൻസിംഗും സ്ഥാപിച്ചും, പകൽ-രാത്രി കാലങ്ങളിൽ ജീവനക്കാരേയും, ദിവസവേതന വാച്ചർമാരേയും ചന്ദന സംരക്ഷണ പ്രവർത്തനങ്ങൾക്കായി നിയോഗിച്ചും, ഡോഗ്സ്ക്വാഡിന്റെ സേവനവും, രാത്രികാലങ്ങളിൽ റിസർവ്വിനകത്തും പുറത്തും വാഹനങ്ങളിൽ പട്രോളിംഗ് നടത്തിയും ചന്ദനമര മോഷണം നിയന്ത്രിക്കുന്നതിനായി സംരക്ഷണപ്രവർത്തനങ്ങൾ നടത്തിവരുന്നു. കൂടാതെ വനസംരക്ഷണ സമിതി അംഗങ്ങളുടെ സേവനവും പ്രയോജന പ്പെടുത്തുന്നു. വനം വകുപ്പ് ജീവനക്കാർക്ക് റൈഫിൾ, പിസ്റ്റൽ തുടങ്ങിയ ആയുധങ്ങൾ നൽകിയും ചന്ദനമോഷ്ടാക്കളെ പിടികൂടുന്നതിനായി ചന്ദന റിസർവ്വിൽ പ്രത്യേക സ്ഥലങ്ങളിൽ ഒളിക്യാമറ ഘടിപ്പിച്ചും ചന്ദനമോഷണം ഫലപ്രദമായി തടയുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ ചന്ദന റിസർവ്വിനകത്ത് അനധികൃതമായി പ്രവേശിക്കുന്നത് തൽസമയം കണ്ടെത്തി തടയുന്നതിന് അത്യാധുനികമായി 'ഇലക്ട്രോണിക് ഐ' എന്ന സംവിധാനം സ്ഥാപിക്കുന്നതിനുള്ള പ്രാഥമിക നടപടികൾ പൂർത്തിയാക്കി തുടർനടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ചന്ദനസംരക്ഷണ നിയന്ത്രണം സംബന്ധിച്ച സംവിധാനങ്ങളുടെ ഫലപ്രാപ്തി ഉന്നത ഉദ്യോഗസ്ഥർ കാലാകാലങ്ങളിൽ പരിശോധിച്ച് ഉറപ്പുവരുത്തുന്നു. വിജിലൻസ് വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ നേതൃത്വത്തിലുള്ള ചന്ദന മോണിറ്ററിംഗ് സെൽ ചന്ദനസംരക്ഷണ നടപടികൾ കാലാകാലങ്ങളിൽ അവലോകനം ചെയ്തു വരുന്നതുമാണ്. ചന്ദന മോഷണ കേസുകളിൽ ഉണ്ടായിട്ടുള്ള

ഗണ്യമായ കുറവ് മോഷണ നിയന്ത്രണ സംവിധാനം ഫലപ്രദമാണെന്ന് തെളിയിക്കുന്നു.

(ബി) അനുബന്ധമായി ചേർത്തിരിക്കുന്നു*

**വന്യമൃഗങ്ങളുടെ ആക്രമണംമൂലം കൃഷിനാശം**

294 (2123) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനാതിർത്തികളിൽ വന്യമൃഗങ്ങളുടെ ആക്രമണം മൂലമുള്ള കൃഷി നാശം ഉൾപ്പെടെയുള്ള എത്ര കേസ്സുകൾ ഈ സർക്കാരിന്റെ കാലത്ത് രജിസ്റ്റർ ചെയ്തിട്ടുണ്ട് ; വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ;

(ബി) ഇത്തരം ആക്രമണങ്ങളുടെ ഇരകളാകുന്ന കർഷകർക്ക് ഇപ്പോൾ ലഭ്യമാകുന്ന നഷ്ടപരിഹാരത്തുക വർദ്ധിപ്പിക്കാനുള്ള നടപടി കൈക്കൊണ്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ വ്യക്തമാക്കുമോ ;

(സി) മാൻ-അനിമൽ കോൺഫ്ലിക്ട് നിയന്ത്രിക്കുന്നതിനുള്ള എന്തെല്ലാം സംവിധാനങ്ങൾ നിലവിലുണ്ട്; പ്രസ്തുത സംവിധാനങ്ങൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ടോ ; എങ്കിൽ ആയത് പരിശോധിക്കുന്നതിന് എന്ത് സൗകര്യമാണ് വകുപ്പിലുള്ളതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാരിന്റെ കാലത്ത് വനാതിർത്തികളിൽ വന്യമൃഗങ്ങളുടെ ആക്രമണംമൂലമുള്ള കൃഷിനാശം ഉൾപ്പെടെ 30943 പരാതികൾ ലഭിച്ചിട്ടുണ്ട്. ആയതിന്റെ വർഷം തിരിച്ചുള്ള കണക്കുകൾ ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | വർഷം | കേസ്സുകളുടെ എണ്ണം |
|---|---|---|
| 1 | 2011-12 | 6409 |
| 2 | 2012-13 | 5784 |
| 3 | 2013-14 | 7122 |
| 4 | 2014-15 | 7499 |
| 5 | 2015-16 | 4129 |

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) മനുഷ്യർക്ക് ജീവഹാനി സംഭവിക്കുന്നതിന് നഷ്ടപരിഹാരമായി നൽകുന്ന തുക ജി.ഒ (എം.എസ്)96/2014/എഫ്&ഡബ്ല്യൂ എൽ ഡി തീയതി 17-11-2014 പ്രകാരം 5 ലക്ഷം രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. കാർഷിക വിളകളുടെ നഷ്ടത്തിനും മനുഷ്യർക്ക് ഉണ്ടാകുന്ന പരിക്കിനും നൽകാവുന്ന പരമാവധി നഷ്ടപരിഹാരത്തുക 75,000 രൂപയിൽ നിന്ന് ഒരു ലക്ഷം രൂപയായി വർദ്ധിപ്പിക്കുന്നതിന് കേരളനിയമസഭയുടെ സബ്ജക്ട് കമ്മിറ്റി ശുപാർശ ചെയ്തിട്ടുണ്ട്. ആയതുപ്രകാരം നഷ്ടപരിഹാരത്തുക വർദ്ധിപ്പിക്കുന്നതിനുള്ള ശുപാർശ സർക്കാർ പരിഗണനയിലാണ്.

(സി) മാൻ-ആനിമൽ കോൺഫ്ലിക്ട് നിയന്ത്രിക്കുവാൻ താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചുവരുന്നു:

1. സൗരോർജ്ജ കമ്പിവേലി നിർമ്മിച്ചുകൊണ്ടുള്ള പ്രതിരോധം.
2. ആനപ്രതിരോധ കിടങ്ങുകളുടെ നിർമ്മാണം.
3. ആനപ്രതിരോധ മതിലുകളുടെ നിർമ്മാണം.
4. റാപ്പിഡ് റെസ്പോൺസ് ടീമുകൾ രൂപീകരിച്ച് വനത്തിനു വെളിയിൽ വരുന്ന മൃഗങ്ങളെ തിരിച്ച് വനത്തിനുള്ളിലേക്ക് തെളിച്ചുവിടുന്നതിനുള്ള നടപടികൾ.
5. പ്രശ്നക്കാരായ ആനകളെ റോഡിയോ കോളർ ഘടിപ്പിച്ച് നിരീക്ഷിച്ച് കർഷകർക്ക് മുന്നറിയിപ്പ് കൊടുക്കുന്നതിനുള്ള സംവിധാനം നടപ്പിലാക്കാൻ നടപടിയെടുത്തുവരുന്നു.
6. വന്യജീവികളെ ആകർഷിക്കുന്ന കൃഷിരീതികൾ ഒഴിവാക്കുന്നതിനായി കർഷകർക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിനുള്ള നടപടികൾ.
7. വന്യജീവി ആക്രമണംമൂലമുള്ള കൃഷിനാശം അനുഭവപ്പെടുന്ന വനത്തിനകത്തുള്ള സെറ്റിൽമെന്റുകളിൽ നിന്നും കുടുംബങ്ങളെ നഷ്ടപരിഹാരം നൽകി അവരുടെ സമ്മതത്തോടെ മാറ്റിപ്പാർപ്പിക്കുന്നതിനുള്ള നടപടികൾ.
8. കാട്ടിലേക്ക് തിരിച്ചയക്കാൻ സാധിക്കാതെ വരുന്ന കാട്ടാനകളെ പിടിച്ചു മെരുക്കുന്നതിനുള്ള ആനപ്പന്തികളുടെ നിർമ്മാണം.
9. പ്രശ്നക്കാരായ ആനകളെ പിടിച്ചു മാറ്റുന്നതിനുള്ള എലിഫന്റ് സ്ക്വാഡുകളുടെ പ്രവർത്തനം.

10. ആനത്താരകളുടെ ക്രോഡീകരണത്തിന്റെ ഭാഗമായി സ്വകാര്യ സ്ഥലങ്ങൾ ഏറ്റെടുക്കുന്ന നടപടികൾ.

11. വനത്തിനകത്ത് വന്യമൃഗങ്ങൾക്ക് ജലവും ഭക്ഷണവും ലഭ്യമാക്കുന്നതിന് ജലസംഭരണികളും ചെക്ക് ഡാമുകളും നിർമ്മിക്കുന്നതിനും വനവല്ക്കരണം നടത്തുന്നതിനുമുള്ള നടപടികൾ.

12. പ്രശ്നങ്ങളുണ്ടാക്കുന്ന കുരങ്ങുകളെ പിടിച്ച് മാറ്റാനും വന്ധീകരിക്കുവാനും ഉള്ള നടപടികൾ.

13. വനത്തിനകത്ത് വന്യമൃഗങ്ങൾക്ക് ഭക്ഷണ ലഭ്യത ഉറപ്പു വരുത്തുന്നതിനായി ഫലവൃക്ഷങ്ങൾ നട്ടു വളർത്തുക.

14. കൃഷിയെ നശിപ്പിക്കുന്ന കാട്ടുപന്നികളെ കൃഷിയിടങ്ങളിൽ വച്ച് കർഷകർക്ക് വ്യവസ്ഥകൾക്ക് വിധേയമായി വേട്ടയാടുന്നതിനുള്ള അനുമതി.

മേൽപ്പറഞ്ഞ സംവിധാനങ്ങൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. സ്ഥലം എം.എൽ.എ, ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്, വിവിധ സന്നദ്ധ സംഘടനകളുടെ പ്രതിനിധികൾ (എൻ.ജി.ഒ.) എന്നിവർ ഉൾപ്പെടുന്ന ഒരു മേൽനോട്ടസമിതി, ഡിപ്പാർട്ടുമെന്റ് നടത്തുന്ന വിവിധ സംരക്ഷണ പ്രവർത്തനങ്ങളെ വിലയിരുത്തി വരുന്നു.

**വനപ്രദേശങ്ങളിൽ മാവോയിസ്റ്റുകളുടെ സാന്നിദ്ധ്യം**

295 (2124) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനപ്രദേശങ്ങളിൽ മാവോയിസ്റ്റുകളുടെ സാന്നിദ്ധ്യവുമായി ബന്ധപ്പെട്ട് ഈ സർക്കാരിന്റെ കാലത്ത് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) മാവോയിസ്റ്റ് സാന്നിദ്ധ്യം തിരിച്ചറിയുന്നതിനും ചെറുക്കുന്നതിനുമായി വകുപ്പ് എന്തൊക്കെ സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) മാവോയിസ്റ്റുകളെ നേരിടുന്നതിനായി വനംവകുപ്പ് ഉദ്യോഗസ്ഥർക്ക് ആധുനിക ആയുധങ്ങളും പരിശീലനവും നൽകിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) വനപ്രദേശങ്ങളിൽ മാവോയിസ്റ്റുകളുടെ സാന്നിദ്ധ്യവുമായി ബന്ധപ്പെട്ട് ഈ സർക്കാരിന്റെ കാലത്ത് ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ, ഈസ്റ്റേൺ സർക്കിളിന്റെ കീഴിൽ 7 കേസ്സുകളും, ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ, നോർത്തേൺ സർക്കിളിന്റെ കീഴിൽ ഒരു കേസ്സും വനം വകുപ്പ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) മാവോയിസ്റ്റ് സാന്നിദ്ധ്യം തിരിച്ചറിയുന്നതിനായി വനസംരക്ഷണ വിഭാഗം ജീവനക്കാരെ വനമേഖലയിൽ നിയോഗിക്കുകയും, സ്ട്രൈക്കിംഗ് ഫോഴ്സ്, സ്റ്റേഷനുകളിലെ സംരക്ഷണ വിഭാഗം ജീവനക്കാർ എന്നിവരുടെ പകൽ രാത്രികാല പട്രോളിംഗുകൾ ശക്തിപ്പെടുത്തിയിട്ടുമുണ്ട്. കേരള, തമിഴ്നാട് സംസ്ഥാനങ്ങളുടെ വനാതിർത്തികളിൽ വനം-പോലീസ് ഉദ്യോഗസ്ഥർ സംയുക്ത പട്രോളിംഗ് നടത്തിവരുന്നു. കൂടാതെ വനജാഗ്രതാസമിതി, വനസംരക്ഷണ സമിതി എന്നിവയുടെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുകയും വനപ്രദേശങ്ങളിൽ അപരിചിതരായ ആളുകൾ പ്രവേശിക്കുന്നത് ശ്രദ്ധയിൽപ്പെട്ടാൽ അറിയിക്കുന്നതിന് പ്രത്യേകം നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. പൊതുജനങ്ങൾക്കും ഇക്കാര്യത്തിൽ ബോധവൽക്കരണം നൽകുകയും ചെയ്തുവരുന്നു.

(സി) മാവോയിസ്റ്റുകളെ നേരിടുന്നതിനായി വനംവകുപ്പ് ഉദ്യോഗസ്ഥർക്ക് ആധുനിക ആയുധങ്ങളും പരിശീലനവും നൽകിയിട്ടില്ല.

**കണ്ടൽക്കാടുകളുടെ സംരക്ഷണം**

296 (2125) <u>ശ്രീമതി ഗീതാ ഗോപി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സംരക്ഷിത കണ്ടൽ വനങ്ങളുടെ വിസ്തൃതി എത്രയാണെന്ന് അറിയിക്കുമോ ; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ;

(ബി) കണ്ടൽക്കാടുകളുടെ സംരക്ഷണത്തിന് വനം വകുപ്പ് നടത്തിവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വിശദീകരിക്കുമോ ;

(സി) കണ്ടൽ വനങ്ങളുടെ സംരക്ഷണത്തിനുള്ള വകുപ്പുതല ഉദ്യോഗസ്ഥ വിന്യാസം സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് എത്ര ഹെക്ടർ കണ്ടൽ വനങ്ങൾ ഉണ്ടെന്നുള്ള പഠനം അടുത്തകാലത്ത് നടത്തിയിട്ടില്ല എന്നിരുന്നാലും ലഭ്യമായ കണക്കുകൾ പ്രകാരം

കേരളത്തിൽ 1671 ഹെക്ടർ കണ്ടൽ വനങ്ങളുണ്ട്. ആയതിന്റെ ജില്ല തിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു:

| | | | |
|---|---|---|---|
| തിരുവനന്തപുരം | - | 23 | ഹെക്ടർ |
| കൊല്ലം | - | 58 | ,, |
| ആലപ്പുഴ | - | 90 | ,, |
| കോട്ടയം | - | 80 | ,, |
| എറണാകുളം | - | 260 | ,, |
| തൃശ്ശൂർ | - | 21 | ,, |
| മലപ്പുറം | - | 12 | ,, |
| കോഴിക്കോട് | - | 293 | ,, |
| കണ്ണൂർ | - | 755 | ,, |
| കാസർഗോഡ് | - | 79 | ,, |
| ആകെ | - | 1671 | ,, |

(ബി) The Kerala Promotion of tree growth in Non Forest Areas(Amendment Act 2007) Section 6 (3) പ്രകാരം സ്വകാര്യ കണ്ടൽക്കാടുകൾ പ്രത്യേക വിജ്ഞാപനം വഴി സംരക്ഷിക്കേണ്ടതും നശിപ്പിക്കുന്നവർക്കെതിരെ നടപടി എടുക്കേണ്ടതുമാണ്. കൂടാതെ കണ്ടൽവനങ്ങളുടെ പാരിസ്ഥിതികവും ജൈവപരവുമായ പ്രാധാന്യവും അവ പരിസ്ഥിതിക്ക് നൽകുന്ന സേവനങ്ങളും കണക്കിലെടുത്ത് അന്താരാഷ്ട്ര ജൈവവൈവിധ്യ വർഷമായ 2010-ൽ കണ്ടലുകൾ പരിരക്ഷിക്കുന്നതിനായി സംസ്ഥാന വനം വന്യജീവി വകുപ്പ് പദ്ധതി തയ്യാറാക്കുകയും ആയതിന് സർക്കാർ 14-9-2010-ൽ ജി.ഒ.(ആർ.റ്റി) 402/12/എഫ്. ആന്റ് ഡബ്ല്യൂ. എൽ.ഡി. പ്രകാരം ഭരണാനുമതിയും നൽകിയിട്ടുണ്ട്. ആയതിനാൽ നിലവിലുള്ള കണ്ടലുകളെ പൊതുജനങ്ങളുടെ പങ്കാളിത്തത്തോടെ സംരക്ഷിക്കുന്നതിനും ആയതിന്റെ വിസ്തൃതി വർദ്ധിപ്പിക്കുന്നതിനും, കണ്ടൽ തൈകൾ പൊതുജനങ്ങൾക്ക് വിതരണം ചെയ്യുക, കണ്ടൽ സംരക്ഷിച്ച് നിലനിർത്താൻ താൽപ്പര്യമുള്ള സ്വകാര്യ വ്യക്തികൾക്ക് നിലവിലുള്ള സർക്കാർ ഉത്തരവിൽ പ്രതിപാദിക്കുന്ന മാർഗ്ഗരേഖയുടെ അടിസ്ഥാനത്തിൽ ഒരേക്കറിന് 4000 രൂപ പാരിതോഷികമായി നൽകുക. കണ്ടൽ വനങ്ങൾ വച്ചു പിടിപ്പിക്കുന്നതിനും സ്വാഭാവിക പുനരുജ്ജീവനം നൽകുന്നതിനും സാമ്പത്തിക സഹായം നൽകുകയും വിദ്യാർത്ഥികൾക്കും പൊതുജനങ്ങൾക്കും ഇടയിൽ കണ്ടലുകളുടെ സംരക്ഷണ പ്രാധാന്യത്തെക്കുറിച്ച് അവബോധം ഉണ്ടാക്കുക തുടങ്ങിയ പ്രധാന പ്രവർത്തനങ്ങൾ ആണ് വനംവകുപ്പ് കണ്ടൽക്കാടുകളുടെ സംരക്ഷണ പദ്ധതിയിൽ നടപ്പിലാക്കിവരുന്നത്.

(സി) അതാത് ജില്ല സോഷ്യൽ ഫോറസ്ട്രി അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർമാരെ കണ്ടൽ വനങ്ങളുടെ സംരക്ഷണത്തിനായി ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ 7-3-2014-ലെ Kerala Coastal Zone പ്രകാരം അതാത് ജില്ലാ കളക്ടർമാർക്ക് അവരവരുടെ അധികാരപരിധിയിൽ വരുന്ന കണ്ടൽക്കാടുകളുടെ സംരക്ഷണത്തിന് ഭംഗം വരുത്തുന്നവർക്കെതിരെ Environmental Protection Act 1986 Section 19 പ്രകാരം നടപടിയെടുക്കുന്നതിനുള്ള അധികാരം നൽകിയിട്ടുണ്ട്.

## 2011-12-ലെ ബഡ്ജറ്റിൽ വനം വകുപ്പിനായി പ്രഖ്യാപിക്കപ്പെട്ട പദ്ധതികൾ

297 (2126) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-12 ലെ സംസ്ഥാന ബഡ്ജറ്റിൽ വനം വകുപ്പിനായി പ്രഖ്യാപിക്കപ്പെട്ട പദ്ധതികളിൽ ആ സാമ്പത്തിക വർഷം തന്നെ പൂർത്തീകരിക്കാനോ ലക്ഷ്യത്തിൽ എത്താനോ കഴിയാത്ത പദ്ധതികൾ ഏതെല്ലാം ;

(ബി) പ്രസ്തുത പദ്ധതികൾക്കോരോന്നിനുമായി ബഡ്ജറ്റിൽ വകയിരുത്തപ്പെട്ട തുക മുഴുവൻ അനുവദിക്കപ്പെട്ടിരുന്നോ; അനുവദിക്കപ്പെട്ട തുക പിൻവലിക്കാതെ അവശേഷിക്കുന്നുണ്ടോ ; വിശദമാക്കാമോ ;

(സി) പ്രസ്തുത പദ്ധതികൾക്കായി തുടർന്നുള്ള ബഡ്ജറ്റുകളിൽ തുക വകയിരുത്തപ്പെട്ടവ ഏതെല്ലാമായിരുന്നു ; വ്യക്തമാക്കാമോ ;

(ഡി) ഇവയിൽ നാലരവർഷത്തിന് ശേഷവും ലക്ഷ്യം കാണാനോ പൂർത്തീകരിക്കാനോ സാധിക്കാത്ത ഏതെല്ലാം പദ്ധതികളുണ്ടെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 2011-12 ബഡ്ജറ്റ് നിർദ്ദേശത്തിലെ വനം വകുപ്പിനായി പ്രഖ്യാപിക്കപ്പെട്ട പദ്ധതികളിൽ:

1. സ്വകാര്യഭൂമിയിൽ മരം വച്ചുപിടിപ്പിക്കുന്നവർക്ക് ധനസഹായം നൽകാനുള്ള പദ്ധതി 2012-13 സാമ്പത്തിക വർഷം മുതൽ നടപ്പിലാക്കി വരുന്നുണ്ട്.
2. നിലവിലുള്ള കൺവീനർ സമ്പ്രദായത്തിനുപകരം കോൺട്രാക്ട്

സമ്പ്രദായം എന്നത് നടപ്പിലാക്കിയിട്ടില്ല. ഇത് സർക്കാരിന്റെ പരിഗണനയിലാണ്.

(ബി&സി) വനംവകുപ്പിലെ സാമൂഹ്യ വനവൽക്കരണ വിഭാഗത്തിന് പൊതുവായി അനുവദിക്കപ്പെടുന്ന ഫോറസ്റ്റ് പബ്ലിസിറ്റി/എക്സ്റ്റൻഷൻ ഫോറസ്ട്രി എന്നീ ബഡ്ജറ്റ് ശീർഷകങ്ങളിൽ ലഭ്യമാകുന്ന തുകയിൽ നിന്നുമാണ് സ്വകാര്യ ഭൂമിയിൽ മരം വച്ചുപിടിപ്പിക്കുന്നവർക്ക് ധനസഹായം നൽകുവാനുള്ള പദ്ധതി നടപ്പിലാക്കിവരുന്നത്.

ഈ പദ്ധതിക്ക് മാത്രമായി പ്രത്യേകം ബഡ്ജറ്റ് വകയിരുത്തൽ ഉണ്ടായിട്ടില്ല.

കൺവീനർ സമ്പ്രദായത്തിനുപകരം കോൺട്രാക്ട് സമ്പ്രദായം നടപ്പാക്കുന്നതിന് ബഡ്ജറ്റിൽ തുക വകയിരുത്തേണ്ടതില്ല.

(ഡി) ടി പദ്ധതിക്കുവേണ്ടി പ്രത്യേക കാലയളവ് നിഷ്കർഷിച്ചിട്ടില്ല. പദ്ധതി ഇപ്പോഴും തുടരുന്നു.

**2013-14-ലെ സംസ്ഥാന ബഡ്ജറ്റിലെ വനം വകുപ്പിന്റെ പദ്ധതി വിഹിതം**

298 (2127) ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2013-14-ലെ സംസ്ഥാന ബഡ്ജറ്റിൽ വനം വകുപ്പിന്റെ പദ്ധതി വിഹിതം എത്ര ; വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത കാലയളവിൽ ഓരോ പദ്ധതിയ്ക്കുമായി അനുവദിച്ചതുക എത്രയെന്നും പിൻവലിക്കാതെ ട്രഷറിയിൽ അവശേഷിക്കുന്ന തുക എത്രയെന്നും വ്യക്തമാക്കാമോ ;

(സി) പ്രസ്തുതവർഷം പൂർത്തിയാകാത്ത പദ്ധതികൾക്ക് തുടർന്നുള്ള ബഡ്ജറ്റുകളിൽ വകയിരുത്തപ്പെട്ട തുക എത്ര വീതം ; അനുവദിക്കപ്പെട്ട തുക എത്ര വീതം ; പിൻവലിക്കാതെ അവശേഷിച്ച തുക എത്ര വീതം ; വ്യക്തമാക്കാമോ ;

(ഡി) ഇതു വരെയും പൂർണ്ണമായും നടപ്പിലാക്കാൻ കഴിയാത്ത പദ്ധതികളുണ്ടോ ;

വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) 2013-14-ലെ സംസ്ഥാന ബഡ്ജറ്റിലെ വനം വകുപ്പിന്റെ പദ്ധതി വിഹിതം 170.25 കോടി രൂപയാണ്.

(ബി) പ്രസ്തുത കാലയളവിൽ ഓരോ പദ്ധതിയ്ക്കുമായി വിവിധ ശീർഷകങ്ങളിൽ അനുവദിച്ച തുകയും ചെലവഴിച്ച തുകയും സംബന്ധിച്ച സ്റ്റേറ്റുമെന്റ് അനുബന്ധം 1 ആയി* ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

(സി) പ്രസ്തുത വർഷം പൂർത്തിയാക്കാത്ത പ്രധാന ഒരു പദ്ധതിയെപ്പറ്റിയുള്ള വിവരം ചുവടെ ചേർക്കുന്നു: (തുക ലക്ഷത്തിൽ)

| പദ്ധതിയുടെ പേര് | വർഷം | ബഡ്ജറ്റിൽ വകയിരുത്തിയ തുക | അനുവദിക്കപ്പെട്ട തുക | പിൻവലിക്കാതെ അവശേഷിച്ച തുക |
|---|---|---|---|---|
| പുത്തൂർ സുവോളജിക്കൽ പാർക്ക്- വന്യജീവി സംരക്ഷണ ഗവേഷണ കേന്ദ്രം | 2014-15 | 500.00 | 500.00 | ... |
| | 2015-16 | 200.00 | 200.00 | Ongoing |

തുടർന്നുള്ള ബഡ്ജറ്റുകളിൽ വകയിരുത്തപ്പെട്ട തുകയും ചെലവഴിക്കപ്പെട്ട തുകയും അനുബന്ധം (2) ആയി * ചേർത്തിരിക്കുന്നു.

(ഡി) തൃശ്ശൂർ ജില്ലയിൽ പുത്തൂർ സുവോളജിക്കൽ പാർക്ക്-വന്യജീവി സംരക്ഷണ ഗവേഷണ കേന്ദ്രം എന്ന പദ്ധതി പൂർണ്ണമായും നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല. ആയതിന്റെ പ്രവർത്തനങ്ങൾ നടന്നുവരികയാണ്. നടപ്പു സാമ്പത്തിക വർഷം ടി പദ്ധതിക്കായി 200 ലക്ഷം രൂപ അനുവദിച്ചതിൽ 92,000 രൂപ (31-10-2015 വരെ) ചെലവഴിച്ചു.

## നാട്ടാനകളുടെ പരിപാലനം

299 (2128) <u>ശ്രീ. കെ. ബി. ഗണേഷ് കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(എ) നാട്ടാനകളുടെ പരിപാലനത്തിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ച് വരുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) കേരളാ എലിഫന്റ് വെൽഫെയർ ബോർഡ് സ്ഥാപിക്കുന്നതിനായി എന്തെങ്കിലും നടപടികൾ നിലവിലുണ്ടോ ; ഉണ്ടെങ്കിൽ വ്യക്തമാക്കുമോ ;

(സി) ആനകളുടെ ചികിത്സയ്ക്കായി സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രി ആരംഭിക്കുന്നതിനുള്ള നടപടികൾ നിലവിലുണ്ടോ ;

(ഡി) ഉത്സവാഘോഷങ്ങളിൽ പങ്കെടുക്കുന്ന ആനകൾക്കുള്ള രജിസ്ട്രേഷൻ നടപടികളിൽ എന്തെങ്കിലും നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ?

ഉത്തരം

(എ) നാട്ടാനകളുടെ ശരിയായ പരിപാലനം ഉറപ്പുവരുത്തുന്നതിനായി നിലവിലുണ്ടായിരുന്ന ചട്ടങ്ങൾ പരിഷ്കരിച്ച് 18-12-2012-ൽ ജി.ഒ.(പി) നമ്പർ 119/12/വനം പ്രകാരം ഉത്തരവായിരുന്നു. കൂടാതെ 21-1-2012-ലെ ജി.ഒ.(പി) 03/2012 വനം നമ്പർ ഉത്തരവ് പ്രകാരം ഉത്സവാഘോഷങ്ങൾക്കും പൊതു പരിപാടികൾക്കും ആനകളെ എഴുന്നള്ളിക്കുമ്പോൾ പാലിക്കേണ്ട മാർഗ്ഗരേഖകൾ അംഗീകരിച്ച് ഉത്തരവായിരുന്നു. മേൽ ചട്ടങ്ങളിലും മാർഗ്ഗരേഖകളിലും നിഷ്കർഷിക്കുന്ന പ്രകാരമുള്ള നടപടികൾ നാട്ടാന പരിപാലനത്തിനായി സ്വീകരിച്ചുവരുന്നു. ഇതിനുപുറമേ ബഹുമാനപ്പെട്ട സുപ്രീം കോടതി WP(C) 743/14-ാം നമ്പർ കേസ്സിൽ 2015-ൽ പുറപ്പെടുവിച്ചിട്ടുള്ള നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലുള്ള തുടർ നടപടികളും സ്വീകരിച്ചുവരുന്നു.

(ബി) കേരള എലിഫന്റ് വെൽഫെയർ ബോർഡിന്റെ കരട് റൂൾ അടുത്ത സ്റ്റേറ്റ് വൈൽഡ് ലൈഫ് ബോർഡിന്റെ മീറ്റിംഗിൽ വയ്ക്കുന്നതിനായി തീരുമാനിച്ചിരിക്കുകയാണ്.

(സി) സർക്കാരിൽ ഇത് സംബന്ധിച്ച ശുപാർശകൾ നിലവിലില്ല.

(ഡി) ഉത്സവാഘോഷങ്ങളിൽ പങ്കെടുക്കുന്ന ആനകൾക്കായുള്ള രജിസ്ട്രേഷന്റെ ചുമതല 21-8-2015-ലെ സർക്കുലർ നമ്പർ 3/15 പ്രകാരം കേരളാ നാട്ടാന പരിപാലന ചട്ടത്തിലെ റൂൾ 10 പ്രകാരം നടപടി സ്വീകരിക്കുവാൻ ജില്ലാതല കമ്മറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

**കാലാവസ്ഥാ വ്യതിയാനം പഠിക്കാൻ പദ്ധതി**

300 (2129) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. വി. റ്റി. ബൽറാം :
ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാലാവസ്ഥ വ്യതിയാനം പഠിക്കാൻ എന്തെല്ലാം പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ട് ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പദ്ധതിവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത് ;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

ഉത്തരം

(എ&ബി) കാലാവസ്ഥാ വ്യതിയാനം എന്ന വിഷയത്തിൽ സമഗ്ര പഠനത്തിനായി കോട്ടയം ആസ്ഥാനമാക്കി കാലാവസ്ഥാ വ്യതിയാന പഠന കേന്ദ്രം സ്ഥാപിച്ചിട്ടുണ്ട്. സംസ്ഥാന സർക്കാരിന് നയപരമായ തീരുമാനങ്ങളെടുക്കാൻ സഹായിക്കുംവിധം കാലാവസ്ഥാ വ്യതിയാന സംബന്ധമായ വിഷയങ്ങളിൽ സമഗ്ര പഠനവും ഗവേഷണവും നടത്തുക എന്നതാണ് കാലവസ്ഥാ വ്യതിയാന പഠന കേന്ദ്രത്തിന്റെ പ്രാഥമിക ലക്ഷ്യം. കൂടാതെ കാലാവസ്ഥാ വ്യതിയാനം വിലയിരുത്തുന്നതിനായി താഴെപ്പറയുന്ന പദ്ധതികളും നടപ്പാക്കിവരുന്നു:

1. ബാംഗ്ലൂർ ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന സി.എസ്.ഐ.ആർ. സ്ഥാപനമായ സെന്റർ ഫോർ മാത്തമാറ്റിക്കൽ മോഡലിങ്ങ് ആന്റ് കമ്പ്യൂട്ടർ സിമുലേഷന്റെ സഹായത്തോടെ Ultra High Resoultion Global Climate Model എന്ന സാങ്കേതികവിദ്യ ഉപയോഗിച്ച് കേരളത്തിന്റെ കാലാവസ്ഥാ വ്യതിയാനം പഠിക്കുന്നതിനുള്ള പദ്ധതി നടപ്പാക്കിവരുന്നു. പ്രധാന കാലാവസ്ഥാ വ്യതിയാന ഘടകങ്ങളായ അന്തരീക്ഷ മർദ്ദം, ഊഷ്മാവ്, ആഗോള താപനില, മഴയുടെ അളവ്, കാറ്റിന്റെ ദിശാവേഗം തുടങ്ങിയവയാൽ അനുഭവപ്പെടുന്ന വ്യതിയാനങ്ങളും അവയുടെ കാരണങ്ങളും കണ്ടെത്തുക, തൻമൂലം കാർഷിക രംഗത്തുണ്ടാകുന്ന

വ്യതിയാനങ്ങൾ പ്രവചിക്കുക തുടങ്ങിയ ലക്ഷ്യങ്ങളാണ് പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്.

2. കേന്ദ്ര ഭൗമശാസ്ത്ര പഠന കേന്ദ്രത്തിന്റെ (NCESS) ആഭിമുഖ്യത്തിൽ തീരദേശ സമുദ്രനിരപ്പിന്റെ വ്യതിയാനം മനസ്സിലാക്കുന്നതിനുവേണ്ട ഒരു പഠനം നടത്തിവരുന്നു. ഓരുജലത്തിന്റെ സാന്ദ്രത, ഇതിന്റെ വേലിയേറ്റത്തിന്റെ തോത്, സമുദ്ര നിരപ്പിന്റെ ഉയര വ്യത്യാസം, ഭാവിയിൽ സംഭവിക്കാവുന്ന സമുദ്ര നിരപ്പിന്റെ വ്യതിയാനം എന്നിവ വിശകലനം ചെയ്യുക, സമുദ്രനിരപ്പിൽ താഴെ സ്ഥിതി ചെയ്യുന്ന കുട്ടനാട് പ്രദേശത്തെ നെൽവയലുകളുടെ കാർഷിക ഉപഭോഗ വ്യതിയാനം കാർഷിക ഗവേഷണ സാദ്ധ്യതകൾ, കൃഷി നാശത്തിന്റെ തോത്, കാലാവസ്ഥാ വ്യതിയാനം വിളകളുടെ പരിവർത്തനം എന്നിവയെക്കുറിച്ച് സൂക്ഷ്മമായി വിശകലനം ചെയ്യുക എന്നിവയാണ് ഉദ്ദേശ്യലക്ഷ്യങ്ങൾ.

3. പാരിസ്ഥിതിക സുസ്ഥിരതാസൂചികയുടെ (Environmental sustainability Index) അടിസ്ഥാനത്തിൽ കേരളത്തിലെ മുഴുവൻ ജില്ലകളെയും പഠന വിധേയമാക്കുകയും ഇതിന്റെ അടിസ്ഥാനത്തിൽ വ്യത്യസ്ത ഘടകങ്ങളുടെ സ്ഥിരവും അസ്ഥിരവുമായ വ്യതിയാനങ്ങൾ പഠിക്കുക, വ്യതിയാനത്തിന് ആധാരമായ കാരണങ്ങൾ പ്രവചിക്കുക, അവയുടെ തോത് നിശ്ചയിക്കുക തുടങ്ങിയ ലക്ഷ്യങ്ങൾ മുൻനിർത്തി ചെന്നൈ ആസ്ഥാനമായി പ്രവർത്തിക്കുന്ന ഐ.എഫ്.എം.ആർ. എന്ന സ്ഥാപനവുമായി ചേർന്ന് പദ്ധതി നടപ്പാക്കിവരുന്നു.

4. കാലാവസ്ഥാ വ്യതിയാന ഘടകങ്ങളായ ഊഷ്മാവ്, അന്തരീക്ഷ മർദ്ദം, സാന്ദ്രത, കാറ്റിന്റെ ദിശാവേഗം തുടങ്ങിയവ കൃത്യമായി അളക്കുന്നതിനായി പാലക്കാട് ജില്ലയിൽ അഞ്ച് അന്തരീക്ഷ നിരീക്ഷണ സംവിധാനങ്ങൾ കാർഷിക വകുപ്പിന്റെ കീഴിലുള്ള Vegetable and Fruits Promotion Council മുഖേന സ്ഥാപിച്ചിട്ടുണ്ട്.

5. സെക്രട്ടേറിയറ്റ് ആസ്ഥാനമാക്കി, കാലാവസ്ഥാ വ്യതിയാനത്തിന്റെ പ്രധാന ഘടകമായ കാർബൺ ഫുട്ട് പ്രിന്റിന്റെ പഠനം എനർജി മാനേജ്മെന്റ് സെന്ററിന്റെ ആഭിമുഖ്യത്തിൽ നടത്തുകയുണ്ടായി. കാർബൺ സംയുക്തങ്ങളുടെ ബഹിർഗമനം നിയന്ത്രണ വിധേയമാക്കുന്നതിനുള്ള കർമ്മപദ്ധതികൾ ആവിഷ്കരിക്കുക എന്നതാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യം.

(സി) പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന വകുപ്പ് പദ്ധതി പ്രവർത്തനങ്ങൾ സൂക്ഷ്മമായി നിരീക്ഷിക്കുകയും മേൽനോട്ടം വഹിക്കുകയും ആവശ്യമായ സഹായങ്ങൾ ലഭ്യമാക്കുകയും ചെയ്യുന്നു.

**പാരിസ്ഥിതിക പ്രശ്നങ്ങൾ**

301 (2130) ശ്രീ. എം. പി. വിൻസെന്റ് :
ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. റ്റി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളം നേരിടുന്ന പ്രധാന പാരിസ്ഥിതിക പ്രശ്നങ്ങൾ ഏതെല്ലാം ;

(ബി) പരിസ്ഥിതി സംരക്ഷണം ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന എത്ര സർക്കാർ ഏജൻസികൾ ഉണ്ട് ; വിശദമാക്കുമോ ;

(സി) പ്ലാസ്റ്റിക് റീ-സൈക്ലിംഗ് സംബന്ധിച്ച് പ്രസ്തുത ഏജൻസികളുടെ പ്രവർത്തനം എന്തെല്ലാം ?

ഉത്തരം

(എ) പ്രധാന പാരിസ്ഥിതിക പ്രശ്നങ്ങൾ ചുവടെ ചേർക്കുന്നു:

1. കാലാവസ്ഥാ വ്യതിയാനം.
2. പാരിസ്ഥിതി മലിനീകരണം.
3. കുന്നിടിക്കുക, ക്വാറിയിംഗ് തുടങ്ങിയ മാനുഷിക പ്രവർത്തനങ്ങൾ മൂലമുണ്ടാകുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾ.
4. ജൈവ സമ്പത്തിന്റെ നശീകരണം.
5. ഖരദ്രവ മാലിന്യങ്ങളുടെ അശാസ്ത്രീയമായ സംസ്കരണം.
6. രാസവളങ്ങളുടെയും കീടനാശിനികളുടെയും അമിതോപയോഗം.

(ബി) സർക്കാർ ഏജൻസികളുടെ വിവരം ചുവടെ ചേർക്കുന്നു:

1. സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് (സ്റ്റാറ്റ്യൂട്ടറി അതോറിറ്റി)

2. ശുചിത്വ മിഷൻ (സംസ്ഥാന സർക്കാർ സ്ഥാപനം)

3. ഡയറക്ടറേറ്റ് ഓഫ് എൻവയോൺമെന്റ് ആന്റ് ക്ലൈമറ്റ് ചേഞ്ച്

4. കേരള സംസ്ഥാന ബയോഡൈവേഴ്സിറ്റി ബോർഡ്

5. കേരള സ്റ്റേറ്റ് കൗൺസിൽ ഫോർ സയൻസ്, ടെക്നോളജി ആന്റ് എൻവയൺമെന്റ്.

ഇതിനുപുറമേ കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റി, സ്റ്റേറ്റ് എൻവയോൺമെന്റ് ഇംപാക്ട് അസ്സസ്സ്മെന്റ് അതോറിറ്റി എന്നീ സ്റ്റാറ്റ്യൂട്ടറി അതോറിറ്റികളും നിലവിലുണ്ട്.

(സി) ക്ലീൻ കേരള കമ്പനി മുഖേന ലോഗ്രേഡ് ഉൾപ്പെടെ 187 ടൺ പ്ലാസ്റ്റിക് മാലിന്യങ്ങൾ 2-10-2014 മുതലുള്ള കാലയളവിൽ ശേഖരിച്ച് അംഗീകൃത ഏജൻസികൾ മുഖേന പുനഃചംക്രമണത്തിനു നൽകിയിട്ടുണ്ട്. പദ്ധതിയുടെ അടുത്ത ഘട്ടമായി തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ മുനിസിപ്പൽ കോർപ്പറേഷനുകളിൽ പ്ലാസ്റ്റിക് പ്രോസസ്സിംഗ് യൂണിറ്റുകൾ സ്ഥാപിച്ച് ശാസ്ത്രീയമായി റീ-സൈക്ലിംഗ് നടത്തുന്നതിനുള്ള ഒരു പദ്ധതിയും ആവിഷ്കരിച്ചിട്ടുള്ളതും പ്രസ്തുത യൂണിറ്റുകളുടെ പ്രവർത്തനം ഉടൻ ആരംഭിക്കുന്നതുമാണ്. പ്ലാസ്റ്റിക് റീ-സൈക്ലിംഗ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിനാവശ്യമായ കെട്ടിടവും മറ്റു പശ്ചാത്തല സൗകര്യവും ലഭിക്കുന്നമുറയ്ക്ക് ഇതര സ്ഥലങ്ങളിലും ഈ പദ്ധതി നടപ്പിലാക്കുന്നതിനും ഉദ്ദേശിക്കുന്നു.

## പ്ലാസ്റ്റിക്കും പാരിസ്ഥിതിക പ്രശ്നങ്ങളും

302 (2131) <u>ശ്രീ. പി. തിലോത്തമൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവാരമില്ലാത്ത പ്ലാസ്റ്റിക് ഉത്പന്നങ്ങൾ പ്രചരിക്കുന്നതുമൂലം ജനങ്ങൾക്കുണ്ടാകുന്ന ആരോഗ്യപ്രശ്നങ്ങളും പരിസ്ഥിതിക്കുണ്ടാകുന്ന ഗുരുതരമായ പ്രശ്നങ്ങളും പരിഹരിക്കുവാൻ പ്ലാസ്റ്റിക്ക് നിയന്ത്രിക്കുന്നതിനോ ഏതെങ്കിലും തരത്തിലുള്ള പ്ലാസ്റ്റിക് ഉത്പന്നങ്ങൾ നിരോധിക്കുന്നതിനോ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) പ്ലാസ്റ്റിക് ക്യാരി ബാഗുകൾ അടക്കമുള്ള നിരവധി പ്ലാസ്റ്റിക് ഉത്പന്നങ്ങൾ രൂക്ഷമായ പ്രത്യാഘാതങ്ങളെ ക്ഷണിച്ചുവരുത്തുമെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ എത്രയും വേഗം പ്ലാസ്റ്റിക് ഉത്പന്നങ്ങളെ നിയന്ത്രിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) 40 മൈക്രോണിൽതാഴെ കനമുള്ള പ്ലാസ്റ്റിക് ക്യാരി ബാഗുകൾ രാജ്യവ്യാപകമായി, പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് ആന്റ് ഹാൻഡ് ലിംഗ് റൂൾസ്, 2011 പ്രകാരം നിരോധിച്ചിട്ടുണ്ട്. പ്ലാസ്റ്റിക് മാലിന്യം അലക്ഷ്യമായി വലിച്ചെറിയുന്നത് കാരണം ഇവ മണ്ണിലടിഞ്ഞ് മണ്ണിലെ വായു, ജലം എന്നിവയുടെ സുഗമമായ സഞ്ചാരത്തിന് തടസ്സമാകുകയും ഇത് കൃഷിയെയും മറ്റും പ്രതികൂലമായി ബാധിക്കുകയും ചെയ്യുന്നു. അലക്ഷ്യമായി വലിച്ചെറിയുന്ന പ്ലാസ്റ്റിക് മാലിന്യം ഓടകളിലൂടെയും മറ്റും ജലാശയങ്ങളിൽ എത്തിച്ചേരുന്നത് പാരിസ്ഥിതിക പ്രശ്നങ്ങൾക്ക് കാരണമാകുന്നു. പ്ലാസ്റ്റിക് മാലിന്യങ്ങളുടെ വേർതിരിച്ചുള്ള ശേഖരണം, ട്രാൻസ്പോർട്ടേഷൻ, നിർമ്മാർജ്ജനം എന്നിവ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ചുമതലയാണ്. പ്ലാസ്റ്റിക് റീസൈക്ലിംഗ് യൂണിറ്റുകൾക്ക് രജിസ്ട്രേഷൻ നൽകുന്നത് ചട്ടപ്രകാരം സംസ്ഥാന മലിനീകരണനിയന്ത്രണ ബോർഡിന്റെ ചുമതലയാണ്. സംസ്ഥാനത്ത് ബഹുഭൂരിപക്ഷം നഗരസഭകളുടേയും നേതൃത്വത്തിൽ പ്ലാസ്റ്റിക് അടക്കമുള്ള അജൈവമാലിന്യം ശേഖരിച്ച് പുനരുപയോഗം/പുനഃചംക്രമണത്തിനായി കൈമാറുന്ന നടപടി സ്വീകരിച്ചുവരുന്നു.

**കായികനയ പരിഷ്കരണം**

303 (2132) ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. പാലോട് രവി :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായികനയം പരിഷ്കരിക്കാൻ എന്തെല്ലാം കർമ്മ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട് ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതിവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

ഉത്തരം

(എ) സംസ്ഥാന കായികനയ പരിഷ്കരണം സംബന്ധിച്ച് പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് 13-2-2015-ലെ സർക്കാർ ഉത്തരവ് നമ്പർ

24/15/കാ.യു.വ. പ്രകാരം ചുവടെ പറയുന്നവരെ ഉൾപ്പെടുത്തി ഒരു ഹൈ പവർ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്:

1. ഡോ. ജി.എസ്.ജി. അയ്യങ്കാർ - ചെയർമാൻ
   ജോയിന്റ് സെക്രട്ടറി
   കായികയുവജനകാര്യ മന്ത്രാലയം
   കേന്ദ്ര സർക്കാർ & വൈസ് ചാൻസിലർ (i/c)
   എൽ.എൻ.യു.പി.ഇ.
   ഗ്വാളിയർ.
2. പത്മശ്രീ പി. ടി. ഉഷ - മെമ്പർ
3. ഡോ. ദലീൽ സിംഗ് ചൗഹാൻ - മെമ്പർ
   അർജ്ജുന അവാർഡ് ജേതാവ്
   ഡയറക്ടർ ഓഫ് ഫിസിക്കൽ എഡ്യൂക്കേഷൻ &
   സ്പോർട്സ്, കുരുക്ഷേത്ര യൂണിവേഴ്സിറ്റി
   ഹരിയാന
4. ഡോ.ബിനു ജോർജ്ജ് വർഗ്ഗീസ് - കൺവീനർ
   മെമ്പർ സെക്രട്ടറി
   കേരള സ്റ്റേറ്റ് സ്പോർട്ട്സ് കൗൺസിൽ

കൂടാതെ 9-3-2015 തീയതിയിലെ സർക്കാർ ഉത്തരവ് നമ്പർ 37/15/കാ.യു.വ. പ്രകാരം ഷൂട്ടിംഗ് പരിശീലകൻ പ്രൊഫ. സണ്ണി തോമസിനെകൂടി പ്രസ്തുത കമ്മിറ്റിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി&സി) സംസ്ഥാന കായികനയം പരിഷ്കരണം സംബന്ധിച്ച് പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനാണ് പ്രസ്തുത കമ്മിറ്റി രൂപീകരിച്ചിരുന്നത്. സംസ്ഥാന കായികവികസനത്തിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ അടങ്ങിയ റിപ്പോർട്ട് ഹൈപവർ കമ്മിറ്റി സർക്കാരിലേക്ക് സമർപ്പിക്കുകയും ടി റിപ്പോർട്ട് കേരള സ്റ്റേറ്റ് സ്പോർട്ട്സ് കൗൺസിലിന്റെ റിമാർക്സിനായി അയച്ചു കൊടുത്തിട്ടുള്ളതും ആകുന്നു.

## വടുതല ജമാ അത്ത് ഹയർസെക്കണ്ടറി സ്കൂളിലെ സ്പോർട്സ് ഗ്രൗണ്ട് നിർമ്മാണം

304 (2133) <u>ശ്രീ. എ. എം. ആരിഫ്</u> : താഴെ കാണുന്ന ചോദ്യത്തിന് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അരൂർ മണ്ഡലത്തിലെ വടുതല ജമാ അത്ത് ഹയർസെക്കണ്ടറി സ്കൂളിൽ

ഒരു സ്പോർട്സ് ഗ്രൗണ്ട് നിർമ്മിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ബഹു. സ്പോർട്സ് വകുപ്പ് മന്ത്രിക്കും സ്പോർട്സ് കൗൺസിലിനും മണ്ഡലം എം.എൽ.എ. നിവേദനം നൽകിയതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ ; നിരവധി കായിക താരങ്ങൾക്ക് പ്രയോജനകരമാകുന്ന പ്രസ്തുത ഗ്രൗണ്ടിന്റെ നിർമ്മാണ പ്രവൃത്തികൾ ത്വരിതപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

<u>ഉത്തരം</u>

അങ്കമാലി അരുക്കുറ്റി പഞ്ചായത്തിൽ ഒരു സ്പോർട്സ് ഗ്രൗണ്ട് നിർമ്മിക്കുന്നതിനുള്ള നിർദ്ദേശം 2013-ലെ സ്മൈൽ പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനതല ഉന്നതാധികാര സമിതി മുമ്പാകെ സമർപ്പിച്ചുവെങ്കിലും പദ്ധതി അംഗീകരിക്കപ്പെട്ടിട്ടില്ല.

പ്രസ്തുത നിർദ്ദേശം പുതുക്കിയ എസ്റ്റിമേറ്റ് സഹിതമുള്ള അപേക്ഷയായി സമർപ്പിക്കുകയാണെങ്കിൽ നടപ്പുസാമ്പത്തിക വർഷത്തെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള സംസ്ഥാനതല സമിതി മുമ്പാകെ സമർപ്പിക്കുന്നതാണ്.

**സ്മൈൽ പദ്ധതി**

305 (2134) <u>ശ്രീ. ബാബു എം. പാലിശ്ശേരി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായിക വകുപ്പിൽ 2011-12 വർഷം ആരംഭിച്ച സ്മൈൽ പദ്ധതി നടപ്പിലാക്കുന്നതിനായി നാളിതുവരെ എത്ര തുക അനുവദിച്ചിട്ടുണ്ട്; പ്രസ്തുത പദ്ധതി പ്രകാരം ഏറ്റെടുത്ത പ്രവൃത്തികൾ ഏതൊക്കെ ; വിശദമാക്കുമോ ;

(ബി) ഇപ്രകാരമുള്ള എത്ര പദ്ധതികൾ പൂർത്തിയായിട്ടുണ്ട് ; ഇനി എത്രയെണ്ണം പൂർത്തിയാകാനുണ്ട് ; വിശദമാക്കുമോ ; പൂർത്തിയാകാത്തതിന്റെ കാരണങ്ങൾ വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പദ്ധതി ഇപ്പോഴും തുടരുന്നുണ്ടോ ; എങ്കിൽ ആയതിലെ പുതിയ പ്രവൃത്തികൾ ഏതൊക്കെയെന്നും അവയ്ക്ക് എത്ര തുക വീതം അനുവദിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) 2011-12 മുതൽ SMILE-സ്കീമിൽ ഉൾപ്പെട്ട പദ്ധതികൾക്കായി 18.12 കോടി രൂപ നാഷണൽ ഗെയിംസ് സെക്രട്ടേറിയറ്റിന് അനുവദിച്ചിട്ടുണ്ട്. ഈ പദ്ധതിയിലെ പ്രവർത്തികൾ സംബന്ധിച്ച വിശദാംശം അനുബന്ധമായി* ചേർക്കുന്നു.

(ബി) പൂർത്തിയായവയുടേയും പ്രവർത്തി നടന്നുകൊണ്ടിരിക്കുന്നവയുടേയും

ലിസ്റ്റ് അനുബന്ധമായി* ചേർത്തിട്ടുണ്ട്. പ്രതികൂല കാലാവസ്ഥ കാരണം സ്പോർട്സ് സർഫസ് ചെയ്യുന്നതിന് സാധിക്കാത്തതിനാലാണ് ഏതാനും ചില പ്രവർത്തികൾ പൂർത്തിയാക്കാനാവാതെ വന്നത്.

(സി) പദ്ധതി ഇപ്പോഴും തുടരുന്നുണ്ട്. 2015-16 സാമ്പത്തിക വർഷം 10.5 കോടി രൂപ അനുവദിച്ചിട്ടുണ്ട്. പുതിയ ഉപഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ദേശീയ ഗെയിംസ്**

306 (2135) ശ്രീ. സി. കെ. നാണു :
ശ്രീമതി ജമീലാ പ്രകാശം :
ശ്രീ. ജോസ് തെറ്റയിൽ :
ശ്രീ. മാത്യു റ്റി. തോമസ് : താഴെ കാണുന്ന ചോദ്യത്തിന് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ദേശീയ ഗെയിംസിന്റെ നടത്തിപ്പിനായി നിർമ്മിക്കപ്പെട്ടിട്ടുള്ള അടിസ്ഥാന സൗകര്യങ്ങൾ നിലനിർത്തുന്നതിനും സംരക്ഷിക്കുന്നതിനും വേണ്ടി എന്തൊക്കെ സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത് ; വിശദാംശങ്ങൾ നൽകുമോ ?

ഉത്തരം

35-ാം ദേശീയ ഗെയിംസിനായി നവീകരിച്ച/നിർമ്മിച്ച സ്റ്റേഡിയങ്ങളുടെ താൽക്കാലിക പരിപാലനചുമതല വിവിധ ഏജൻസികളെ ഏൽപ്പിച്ച് പുറപ്പെടുവിച്ച് സർക്കാർ ഉത്തരവുകൾ അനുബന്ധമായി* ചേർത്തിരിക്കുന്നു. ദേശീയ ഗെയിംസിനായി നിർമ്മിക്കപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ നിലനിർത്തുന്നതിനും സംരക്ഷിക്കുന്നതിനുമുള്ള ഒരു ലെഗസി പ്ലാൻ നാഷണൽ ഗെയിംസ് സെക്രട്ടേറിയറ്റ് തയ്യാറാക്കിവരുന്നു.

**ദേശീയ ഗെയിംസ് ചെലവ്**

307 (2136) ശ്രീമതി കെ. കെ. ലതിക :
ശ്രീ. ജെയിംസ് മാത്യു :
ശ്രീ. കെ. ദാസൻ :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.
* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ ഗെയിംസ് നടത്തിപ്പുമായി ബന്ധപ്പെട്ട് നടത്തിയ ചെലവുകൾ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ടോ ; റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) ആകെ ചെലവു വന്ന തുകയ്ക്ക് മുഴുവൻ പരിശോധന നടത്താൻ ഓഡിറ്റ് വകുപ്പിന് സാധിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണമെന്ത് ; ഇനി പരിശോധിക്കാനുള്ള തുക എത്ര ; വിശദമാക്കുമോ ;

(സി) ആഗോള ടെണ്ടറുകൾ സംബന്ധിച്ച് ഓഡിറ്റ് വകുപ്പ് പരിശോധന നടത്തിയിരുന്നോ ; വിശദമാക്കുമോ ;

(ഡി) എത്ര ദിവസത്തിനകം പരിശോധന പൂർത്തിയാക്കുമെന്നാണ് പ്രഖ്യാപിച്ചിരുന്നത് ; അതനുസരിച്ച് പൂർത്തിയാക്കാനായോ ; ഇല്ലെങ്കിൽ കാരണമെന്ത് ; റിപ്പോർട്ട് എപ്പോഴാണ് കിട്ടിയത് ; വിശദമാക്കുമോ ;

(ഇ) ഏതെങ്കിലും മത്സര ഇനങ്ങളുടെ സ്റ്റാർട്ടിംഗ് പോയിന്റിനായി സ്വകാര്യ ഭൂമി സർക്കാർ ചെലവിൽ നികത്തിയതായി റിപ്പോർട്ടിൽ പരാമർശമുണ്ടോ ; വിശദമാക്കുമോ ;

(എഫ്) ഉദ്ഘാടന-സമാപന ചടങ്ങുകളുടെ ചെലവുകൾക്കായി നിശ്ചയിച്ചിരുന്നതിനേക്കാൾ കൂടുതൽ തുക ചെലവായതു സംബന്ധിച്ച റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിട്ടുള്ളതെന്താണ് ;

(ജി) ഗ്രീൻഫീൽഡ് സ്റ്റേഡിയം നിർമ്മാണത്തിനായി കാര്യവട്ടം യൂണിവേഴ്സിറ്റി സ്റ്റേഡിയം ഏറ്റെടുത്തപ്പോൾ യൂണിവേഴ്സിറ്റിയുമായി ഉണ്ടാക്കിയിരുന്ന വ്യവസ്ഥകൾ എന്തൊക്കെയായിരുന്നു ; പ്രസ്തുത വ്യവസ്ഥകൾ പ്രകാരമുള്ള തുക ലഭിച്ചിട്ടില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കുമോ ; പ്രസ്തുത നടപടി സംബന്ധിച്ച് ഓഡിറ്റ് വകുപ്പിന്റെ പ്രതികൂല പരാമർശം എന്തായിരുന്നു ?

<u>ഉത്തരം</u>

(എ) 35-ാം ദേശീയ ഗെയിംസിന്റെ 15-3-2008 മുതൽ 31-3-2015 വരെയുള്ള

വരവ് ചെലവ് കണക്കുകൾ ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പ് 25-2-2015 മുതൽ 23-5-2015 വരെ ആഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. കൂടാതെ ദേശീയ ഗെയിംസിന്റെ 2009-10 മുതൽ 2014-15 വരെയുള്ള കണക്കുകളും രജിസ്റ്ററുകളും പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറലിന്റെ ആഡിറ്റിനും വിധേയ മാക്കിയിട്ടുണ്ട്.

ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പിന്റെ ആഡിറ്റ് റിപ്പോർട്ട് 30-9-2015-നും അക്കൗണ്ടന്റ് ജനറലിന്റെ ആഡിറ്റ് റിപ്പോർട്ട് 8-10-2015-നും സർക്കാരിൽ ലഭിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടുകളിലെ പരാമർശങ്ങൾക്ക് ദേശീയ ഗെയിംസ് സെക്രട്ടേറിയറ്റ് നൽകിയ വിശദാംശങ്ങളുടെ അടിസ്ഥാനത്തിൽ മറുപടി തയ്യാറാക്കിവരുന്നു.

(ബി) ഇല്ല. 31-3-2015 വരെയുള്ള കണക്കുകൾ മാത്രമാണ് ഓഡിറ്റ് വകുപ്പ് പരിശോധിച്ചിട്ടുള്ളത്. 31-3-2015 -വരെ ദേശീയ ഗെയിംസ് നടത്തിപ്പിനായി 400.90 കോടി രൂപയും റോഡ് നവീകരണത്തിനായി 20 കോടി രൂപയും മാത്രമാണ് ദേശീയ ഗെയിംസ് സെക്രട്ടേറിയറ്റിന് അനുവദിച്ചിരുന്നത്. ഗെയിംസ് സമാപിച്ചതിനുശേഷം അനുവദിക്കപ്പെട്ട 85.94 കോടി രൂപയുടെ ചെലവ് ആഡിറ്റിന് വിധേയമാക്കിയിട്ടില്ല.

(സി) ആഗോള ടെണ്ടറുകൾ സംബന്ധിച്ച രേഖകൾ ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പും അക്കൗണ്ടന്റ് ജനറലും പരിശോധിച്ചിട്ടുണ്ട്.

(ഡി) ദേശീയ ഗെയിംസ് അവസാനിച്ച് 45 ദിവസത്തിനുള്ളിൽ ഓഡിറ്റ് നടത്തി റിപ്പോർട്ട് സമർപ്പിക്കുവാനാണ് ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പിനോട് ആവശ്യപ്പെട്ടിരുന്നത്. പിന്നീട് ആഡിറ്റ് വകുപ്പിന്റെ ആവശ്യപ്രകാരം 45 ദിവസം കൂടി നീട്ടിനൽകുകയുണ്ടായി. നിശ്ചിത ദിവസത്തിനുള്ളിൽ ആഡിറ്റ് പൂർത്തിയാക്കുകയും 30-5-2015-ൽ സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

(ഇ) ഇത്തരം പരാമർശം ഓഡിറ്റ് റിപ്പോർട്ടിൽ ഇല്ല എന്ന് നാഷണൽ ഗെയിംസ് സെക്രട്ടേറിയറ്റ് ചീഫ് കമ്മീഷണർ ആന്റ് പ്രിൻസിപ്പൽ കോ-ഓർഡിനേറ്റർ അറിയിച്ചിട്ടുണ്ട്. ഓഡിറ്റ് റിപ്പോർട്ട് സർക്കാർതലത്തിൽ

പരിശോധിച്ചുവരുന്നതേയുള്ളൂ.

(എഫ്) ഉദ്ഘാടന സമാപന ചടങ്ങുകൾക്കായി കൂടുതൽ തുക ചെലവായത് സംബന്ധിച്ച് ആഡിറ്റ് റിപ്പോർട്ടിൽ പരാമർശമില്ല എന്ന് നാഷണൽ ഗെയിംസ് സെക്രട്ടേറിയറ്റ് ചീഫ് കമ്മീഷണർ ആന്റ് പ്രിൻസിപ്പൽ കോ-ഓർഡിനേറ്റർ അറിയിച്ചിട്ടുണ്ട്.

(ജി) യൂണിവേഴ്സിറ്റിയുമായി ഉണ്ടാക്കിയ ധാരണ പത്രത്തിന്റേയും വാടക ചീട്ടിന്റേയും പകർപ്പ് അനുബന്ധമായി* ചേർത്തിരിക്കുന്നു. 2012, 2013 വർഷങ്ങളിലെ പാട്ടത്തുക നൽകിയിട്ടുണ്ട്. പാട്ടത്തുക ദേശീയ ഗെയിംസിന്റെ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. 2015 വർഷത്തെ പാട്ടത്തുക നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

പാട്ടത്തുക നൽകാത്തത് സംബന്ധിച്ച് ഓഡിറ്റ് വകുപ്പ് പ്രതികൂല പരാമർശങ്ങളൊന്നും രേഖപ്പെടുത്തിയിട്ടില്ല.

**കായിക വകുപ്പിനായി പ്രഖ്യാപിക്കപ്പെട്ട പദ്ധതികൾ**

308 (2137) ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2013-14 ബഡ്ജറ്റിൽ കായിക വകുപ്പിനായി പ്രഖ്യാപിക്കപ്പെട്ട പദ്ധതികളിൽ ഇതുവരെ പൂർത്തിയാക്കാൻ സാധിക്കാത്ത പദ്ധതികൾ ഏതെല്ലാം ;

(ബി) പ്രസ്തുത പദ്ധതികൾക്കോരോന്നിനുമായി 2013-14-ൽ വകയിരുത്തപ്പെട്ട തുക എത്ര ; അനുവദിക്കപ്പെട്ട തുക എത്ര ; പിൻവലിക്കാതെ അവശേഷിച്ച തുക എത്ര ; വ്യക്തമാക്കാമോ ;

(സി) തുടർന്നുള്ള ബഡ്ജറ്റുകളിൽ പ്രസ്തുത പദ്ധതികൾക്കായി തുക വകയിരുത്തപ്പെട്ടിരുന്നോ ; എങ്കിൽ എത്ര വീതം ; അനുവദിക്കപ്പെട്ട തുക എത്ര വീതം ; പിൻവലിക്കാതെ ട്രഷറിയിൽ അവശേഷിക്കുന്ന തുക എത്രവീതം ; വ്യക്തമാക്കാമോ ?

ഉത്തരം

(എ) 2013-14 ബഡ്ജറ്റിൽ പ്രഖ്യാപിക്കപ്പെട്ട പദ്ധതികളിൽ കായിക വകുപ്പുമായി ബന്ധപ്പെട്ട മൾട്ടി പർപ്പസ് സിന്തറ്റിക് സ്റ്റേഡിയങ്ങളുടെ നിർമ്മാണം,

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

കായിക വികസനനിധി രൂപീകരണം, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പോർട്ട്സ്, ചങ്ങനാശ്ശേരിയിലെ സ്പോർട്സ് കോംപ്ലക്സ് എന്നിവ പൂർത്തിയായിട്ടില്ല.

(ബി) കായിക വികസന നിധിക്കായി 50 ലക്ഷം രൂപയും കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പോർട്ട്സിനായി 20 ലക്ഷം രൂപയും ചങ്ങനാശ്ശേരി സ്പോർട്സ് കോംപ്ലക്സിന് 50 ലക്ഷം രൂപയും വകയിരുത്തിയിരുന്നു. ആയതിൽ കായികവികസന നിധിക്കായി അനുവദിച്ച 50 ലക്ഷം രൂപ പിൻവലിച്ചു.

(സി) തുടർന്നുള്ള ബഡ്ജറ്റുകളിൽ കായികവികസനനിധി, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പോർട്സ് എന്നിവയ്ക്ക് തുക വകയിരുത്തിയിരുന്നു.

<u>കായിക വികസനനിധി :</u>

2014-15 - അനുവദിച്ച തുക 40 ലക്ഷം, തുക പിൻവലിച്ച് ട്രഷറി അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുകയാണ്.

2015-16 - അനുവദിച്ച തുക 40 ലക്ഷം, തുക ചെലവഴിച്ചില്ല.

<u>കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പോർട്സ് :</u>

2014-15 - അനുവദിച്ച തുക 20 ലക്ഷം, ചെലവഴിച്ച തുക 20 ലക്ഷം.

2015-16 - അനുവദിച്ച തുക 20 ലക്ഷം, ചെലവഴിച്ച തുക 15 ലക്ഷം.

**ശ്രീപാദം സ്റ്റേഡിയം**

309 (2138) <u>ശ്രീ. ബി. സത്യൻ)</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാഷണൽ ഗെയിംസ് നടത്തിപ്പിന് ശേഷം തകർന്ന ശ്രീപാദം സ്റ്റേഡിയത്തിന്റെ ഗ്രൗണ്ടും സ്റ്റേഡിയത്തിന്റെ മറ്റ് അറ്റകുറ്റപ്പണികളും നടത്തുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ ;

(ബി) തദ്ദേശവാസികളായ കായികപ്രേമികൾ ഏറെ പ്രയോജനപ്പെടുത്തിയിരുന്ന ശ്രീപാദം സ്റ്റേഡിയം ദേശീയ ഗെയിംസിനായി ഏറ്റെടുത്തശേഷം കായികപ്രേമികൾക്ക് പ്രയോജനപ്പെടുത്താൻ കഴിയാത്തത് ഏറെ ബുദ്ധിമുട്ടുണ്ടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പ്രദേശവാസികൾക്ക്കൂടി കായിക പരിശീലനത്തിനുതകും വിധത്തിൽ ശ്രീപാദം സ്റ്റേഡിയത്തിൽ സംവിധാനമൊരുക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ദേശീയ ഗെയിംസിനുശേഷം ആറ്റിങ്ങൽ ശ്രീപാദം സ്റ്റേഡിയത്തിന്റെ പരിപാലന ചുമതല കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിൽ നിക്ഷിപ്തമാക്കിയിട്ടുണ്ട്. ആറ്റിങ്ങൽ ശ്രീപാദം സ്റ്റേഡിയത്തിൽ സിന്തറ്റിക് ട്രാക്ക് നിർമ്മിക്കുന്നതിന് 4.99 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി നടപ്പു സാമ്പത്തിക വർഷം കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ പ്ലാൻ ഫണ്ടുപയോഗിച്ച് ആരംഭിക്കുന്നതിനുള്ള നടപടികൾ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ സ്വീകരിച്ചുവരുന്നു.

(ബി) ഉണ്ട്.

(സി) പ്രദേശവാസികൾക്കുകൂടി സ്റ്റേഡിയം പ്രയോജനപ്പെടുത്തുന്നതിനുള്ള നടപടികൾ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ സ്വീകരിച്ചുവരുന്നു.

## തലശ്ശേരി മുനിസിപ്പൽ സ്റ്റേഡിയം നവീകരണം

310 (2139) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി മുൻസിപ്പൽ സ്റ്റേഡിയം നവീകരണവുമായി ബന്ധപ്പെട്ട പ്രവർത്തിയുടെ നടപടിക്രമം ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കാമോ ;

(ബി) എം.എൽ.എ. ആസ്തി വികസന ഫണ്ടുൾപ്പെടെ എത്ര തുകയുടെ എസ്റ്റിമേറ്റിനാണ് സർക്കാർ ഭരണാനുമതി നൽകിയതെന്ന് വിശദമാക്കാമോ ;

(സി) നവീകരണ പ്രവൃത്തി ഏറ്റെടുത്തിരിക്കുന്നത് ഏത് ഏജൻസി ആണെന്ന് വെളിപ്പെടുത്താമോ ;

(ഡി) നവീകരണ പ്രവൃത്തി ആരംഭിക്കുന്നതിന് തടസ്സമായി നിൽക്കുന്ന വിഷയങ്ങൾ എന്താണെന്ന് വിശദമാക്കാമോ ;

(ഇ) പ്രവൃത്തി ഇതിനകം ടെണ്ടർ ചെയ്തിട്ടുണ്ടോ ; വ്യക്തമാക്കുമോ ;

(എഫ്) പ്രവൃത്തി എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ-എഫ്) തലശ്ശേരി മുനിസിപ്പൽ സ്റ്റേഡിയം നിർമ്മാണത്തിന് ബഹു. എം.എൽ.എ. ശ്രീ. കോടിയേരി ബാലകൃഷ്ണന്റെ പ്രാദേശിക ആസ്തിവികസനഫണ്ട്

2 കോടി രൂപയും കായിക വകുപ്പിൽനിന്നും 2 കോടി രൂപയും ഉൾപ്പെടെ 4 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. എന്നാൽ ടി സ്റ്റേഡിയത്തിന്റെ ഉടമസ്ഥാവകാശത്തെ ചൊല്ലി റവന്യൂ വകുപ്പും തലശ്ശേരി മുനിസിപ്പാലിറ്റിയും തമ്മിൽ തർക്കം ഉണ്ടായതിനെ തുടർന്ന് 13-7-2015-ൽ ബഹു. മുഖ്യമന്ത്രി വിളിച്ചു ചേർത്ത യോഗത്തിൽ തൽക്കാലം തലശ്ശേരി മുനിസിപ്പൽ സ്റ്റേഡിയത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് റവന്യൂ വകുപ്പിന്റെ ഒരു Permissive sanction--നോടുകൂടി ആരംഭിക്കാമെന്ന് തീരുമാനിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത സ്റ്റേഡിയത്തിന്റെ ഉടമസ്ഥാവകാശം റവന്യൂ വകുപ്പിൽ നിലനിർത്തിക്കൊണ്ട് നിർമ്മാണത്തിന് അനുമതി നൽകാവുന്നതാണെന്ന് കണ്ണൂർ ജില്ലാ കളക്ടർ ലാന്റ് റവന്യൂ കമ്മീഷണറെ അറിയിച്ചിട്ടുണ്ട്. ഇത്തരത്തിൽ നിർമ്മാണാനുമതി റവന്യൂ വകുപ്പിൽനിന്ന് ലഭ്യമാകുന്നമുറയ്ക്ക് മാത്രമേ ടെൻഡർ നടപടികൾ ആരംഭിച്ച്, ഒരു നിർമ്മാണ ഏജൻസിയെ നിശ്ചയിച്ച് നിർമ്മാണം ആരംഭിക്കാനാകൂ.

**മൂന്നാർ ഹൈ ആൾട്ടിറ്റ്യൂഡ് ട്രെയിനിംഗ് സെന്റർ**

311 (2140) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂന്നാർ ഹൈ ആൾട്ടിറ്റ്യൂഡ് ട്രെയിനിംഗ് സെന്ററിന്റെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കുമോ ;

(ബി) നടപ്പുവർഷം ട്രെയിനിംഗ് സെന്ററിൽ കുട്ടികളെ പ്രവേശിപ്പിച്ചിട്ടുണ്ടോ ; എങ്കിൽ എത്ര കുട്ടികൾ ആണെന്ന് വ്യക്തമാക്കുമോ ;

(സി) മൂന്നാർ ഹൈ ആൾട്ടിറ്റ്യൂഡ് ട്രെയിനിംഗ് സെന്ററിന്റെ വികസനത്തിന് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ) മൂന്നാർ ഹൈ ആൾട്ടിറ്റ്യൂഡ് ട്രെയിനിംഗ് സെന്ററിൽ ഫുട്ബാളിൽ ആൺകുട്ടികൾക്കായി ഒരു സെൻട്രലൈസ്ഡ് സ്പോർട്സ് ഹോസ്റ്റൽ പ്രവർത്തിച്ചു വരുന്നു. കൂടാതെ ട്രെയിനിംഗ് സെന്ററിന്റെ ഗ്രൗണ്ട് കായികതാരങ്ങളുടെ ഫുട്ബോൾ പരിശീലനത്തിനായും ഉപയോഗിച്ചുവരുന്നു.

(ബി) ഉണ്ട്. നടപ്പുവർഷം മൂന്നാർ ഹൈ ആൾട്ടിറ്റ്യൂഡ് ട്രെയിനിംഗ് സെന്ററിൽ 10 കുട്ടികൾക്ക് പ്രവേശനം നൽകുകയുണ്ടായെങ്കിലും 3 പേർ മാത്രമാണ് അഡ്മിഷൻ എടുത്തത്.

(സി) മൂന്നാർ ഹൈ ആൾട്ടിറ്റ്യൂഡ് ട്രെയിനിംഗ് സെന്ററിൽ സിന്തറ്റിക് ട്രാക്ക്

സ്ഥാപിക്കുന്നതിനും Water Treatment Plant സ്ഥാപിക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ നിലവിലുണ്ട്.

**ചാലക്കുടി മണ്ഡലത്തിലെ സൈ്മൽ പദ്ധതി**

312 (2141) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 'സൈ്മൽ' പദ്ധതി പ്രകാരം ചാലക്കുടി മണ്ഡലത്തിലെ വിവിധ സ്ഥാപനങ്ങൾ സമർപ്പിച്ച അപേക്ഷകളിന്മേൽ നടപടി സ്വീകരിച്ചിട്ടുണ്ടോ ; വ്യക്തമാക്കാമോ ;

(ബി) ചാലക്കുടി പി.എം.ജി. കോളജ്, ചാലക്കുടി ഹൗസിംഗ് ബോർഡ് റസിഡൻസ് അസോസിയേഷൻ തുടങ്ങിയ സ്ഥാപനങ്ങളും സംഘടനകളും സമർപ്പിച്ച അപേക്ഷ പ്രകാരം സിന്തറ്റിക് കോർട്ടും കായിക സൗകര്യങ്ങളും അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ ; വിശദമാക്കുമോ ?

ഉത്തരം

(എ) സൈ്മൽ പദ്ധതി പ്രകാരം ചാലക്കുടി മണ്ഡലത്തിൽനിന്നും ഈ വകുപ്പിൽ ലഭ്യമായ അപേക്ഷ ബഹു. കായിക വകുപ്പുമന്ത്രി അദ്ധ്യക്ഷനായ സ്റ്റേറ്റ് ലെവൽ കമ്മിറ്റിയിൽ സമർപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) ചാലക്കുടി ഹൗസിംഗ് ബോർഡ് റെസിഡൻസ് അസോസിയേഷന്റെ അപേക്ഷ ലഭിച്ചിട്ടില്ല. ചാലക്കുടി പി.എം.ജി. കോളേജിലടക്കം സിന്തറ്റിക് ട്രാക്ക് നിർമ്മിക്കുന്നതിനായി തൃശ്ശൂർ ജില്ലയിൽനിന്ന് ലഭിച്ച മറ്റ് അപേക്ഷകൾ സ്റ്റേറ്റ് ലെവൽ കമ്മിറ്റിയിൽ സമർപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**കാര്യവട്ടം രാജ്യാന്തര സ്റ്റേഡിയം**

313 (2142) ശ്രീ. എ. കെ. ശശീന്ദ്രൻ :
ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാഫ് ഫുട്ബോൾ ടൂർണമെന്റിന് കാര്യവട്ടം രാജ്യാന്തര സ്റ്റേഡിയത്തിലെ ഒരുക്കങ്ങൾ വ്യക്തമാക്കുമോ ; എന്നുമുതലാണ് ടൂർണമെന്റ് ആരംഭിക്കുന്നത് ;

(ബി) ഇന്ത്യാ-ഉവാം ലോകകപ്പ് യോഗ്യത മത്സരം പ്രസ്തുത സ്റ്റേഡിയത്തിൽ നിന്നും ബെംഗളൂരുവിലേക്ക് മാറ്റിയതെന്തുകൊണ്ട് ;

(സി) പ്രസ്തുത സ്റ്റേഡിയം ഗ്രൗണ്ടിൽ സ്ഥിരമായുള്ള പിച്ച് നിർമ്മിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത സ്റ്റേഡിയത്തിൽ ക്ലബ് ഹൗസും കൺവെൻഷൻ സെന്ററും പൂർത്തീകരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്ന് പൂർത്തീകരിക്കുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) കാര്യവട്ടം ഗ്രീൻഫീൽഡ് സ്റ്റേഡിയത്തിന്റെ 15 വർഷത്തേയ്ക്കുള്ള നടത്തിപ്പ് M/s IL & FS Transportation Network Ltd. എന്ന സ്ഥാപനത്തിൽ നിക്ഷിപ്തമാണ്. സ്റ്റേഡിയത്തിൽ മത്സരങ്ങൾ നടത്തുന്ന കാര്യത്തിൽ തീരുമാനം കൈക്കൊള്ളേണ്ടത് പ്രസ്തുത സ്ഥാപനമാണ്.

(സി) പ്രസ്തുത സ്റ്റേഡിയം വ്യത്യസ്ത മത്സരയിനങ്ങൾ നടത്തുവാൻ വേണ്ടിയുള്ളരീതിയിലാണ് രൂപകൽപ്പന ചെയ്തിരിക്കുന്നത്. സ്ഥിരമായുള്ള പിച്ച് നിർമ്മിച്ചാൽ ക്രിക്കറ്റ് മാത്രമേ നടത്തുവാൻ കഴിയുകയുള്ളൂ. മറ്റ് മത്സരയിനങ്ങൾ നടത്തിയാൽ പിച്ചിന് കേടുപാടുകൾ സംഭവിക്കാനിടയുണ്ട്. ഇക്കാരണത്താൽ കുറഞ്ഞ സമയം കൊണ്ട് നീക്കം ചെയ്യാവുന്നതും പുനഃസ്ഥാപിക്കാൻ കഴിയുന്നതുമായ ഡ്രോപ്-ഇൻ-പിച്ച് (Drop-in-pitch) എന്ന പുതിയ സാങ്കേതികവിദ്യ നടപ്പാക്കുന്നകാര്യം പരിഗണനയിലുണ്ട്. ഇപ്രകാരം ഡ്രോപ്-ഇൻ-പിച്ച് നിർമ്മിച്ചാൽ ഫുട്ബാൾ, ക്രിക്കറ്റ് മത്സരങ്ങൾ കൂടുതൽ ദിനങ്ങളിൽ നടത്തുവാൻ കഴിയും.

(ഡി) ക്ലബ് ഹൗസിന്റെയും കൺവെൻഷൻ സെന്ററിന്റെയും നിർമ്മാണ പ്രവർത്തികൾ ദ്രുതഗതിയിൽ പുരോഗമിച്ചുവരികയാണ്. 2016 ഫെബ്രുവരി മാസത്തിൽ പണി പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

**സ്പോർട്സ് കൗൺസിലിന്റെ ബഡ്ജറ്റ് വിഹിതം**

314 (2143) ശ്രീ. എ. പ്രദീപ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-12, 2012-13, 2013-14, 2014-15, 2015-16 എന്നീ വർഷങ്ങളിൽ സ്പോർട്സ് കൗൺസിലിന് നീക്കിവച്ച ബഡ്ജറ്റ് തുക എത്രയാണെന്ന് വ്യക്തമാക്കുമോ ;

(ബി) ആയതിൽ പ്ലാൻ, നോൺ പ്ലാൻ ഫണ്ടുകൾ എത്ര വീതമെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത വർഷങ്ങളിൽ പ്ലാൻ-നോൺപ്ലാൻ ഫണ്ടുകൾ ചെലവഴിക്കപ്പെട്ടത് എത്രയെന്നും ബാക്കിതുക എത്രയെന്നും വർഷം തിരിച്ച് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ&ബി) കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന് 2011-12, 2012-13, 2013-14, 2014-15, 2015-16 എന്നീ വർഷങ്ങളിൽ പ്ലാൻ & നോൺ പ്ലാൻ ഇനത്തിൽ അനുവദിച്ച തുകയുടെ വിവരം ചുവടെ കൊടുക്കുന്നു:

| വർഷം | ബഡ്ജറ്റിൽ വകയിരുത്തിയത് | | അഡീഷണൽ ഗ്രാന്റ് |
|---|---|---|---|
| | പ്ലാൻ | നോൺപ്ലാൻ | |
| 2011-12 | 16,25,00,000 | 7,01,24,000 | 1,00,00,000 |
| 2012-13 | 22,97,00,000 | 7,92,14,000 | 4,00,00,000 |
| 2013-14 | 29,47,00,000 | 9,98,36,000 | 2,00,00,000 |
| 2014-15 | 31,50,00,000 | 11,35,46,000 | ... |
| 2015-16 | 31,50,00,000 | 12,34,56,000 | ... |

(സി) മറുപടി അനുബന്ധമായി കൊടുത്തിരിക്കുന്നു*.

**കോട്ടക്കൽ വനിതാ സ്പോർട്സ് അക്കാഡമി**

315 (2144) <u>ശ്രീ. മുല്ലക്കര രത്നാകരൻ</u> : താഴെ കാണുന്ന ചോദ്യത്തിന് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

നൽകുമോ:

ചടയമംഗലം മണ്ഡലത്തിലെ കോട്ടുക്കൽ വനിതാ സ്പോർട്സ് അക്കാഡമി യാഥാർത്ഥ്യമാക്കാനാകാത്ത സാഹചര്യത്തിൽ ഇതിനായി സായ് അധികൃതർക്കു വിട്ടുനൽകിയ ഭൂമിയിൽ സംസ്ഥാന സ്പോർട്സ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ പൊതുകായിക അക്കാദമി ആരംഭിക്കുന്നകാര്യം പരിഗണിക്കുമോ; ഇതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

കൊല്ലം ജില്ലയിലെ ചടയമംഗലത്ത് സായിയുടെ ആഭിമുഖ്യത്തിൽ ഒരു മൾട്ടി സ്പോർട്സ് അക്കാഡമി സ്ഥാപിക്കുന്നതിനുള്ള സംസ്ഥാന സർക്കാരിന്റെ സമ്മതം 29-8-2014 -ലെ 804/എ 2/2010/കാ.യു.വ. കത്ത് പ്രകാരം കേന്ദ്ര യുവജനകാര്യ കായിക മന്ത്രാലയത്തിനെ അറിയിച്ചിട്ടുണ്ട്. എന്നാൽ കേന്ദ്ര സർക്കാരിൽനിന്നും ഇതു സംബന്ധിച്ച തുടർ നടപടികൾ ആരംഭിച്ചിട്ടില്ല.

**കേരള സംസ്ഥാന ഫിലിം ഡവലപ്മെന്റ് കോർപ്പറേഷൻ**

316 (2145) ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന ഫിലിം ഡവലപ്പ്മെന്റ് കോർപ്പറേഷന്റെ വരുമാന മാർഗ്ഗങ്ങൾ എന്തൊക്കെയാണ് ; 2005 ഏപ്രിൽ മുതൽ 2015 നവംബർ വരെ തീയേറ്ററുകളിൽ നിന്നുള്ള വരുമാനം എത്ര രൂപയാണ് ; വർഷം, തീയേറ്ററുകൾ എന്നിവ തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ;

(ബി) 2005 ഏപ്രിൽ മുതൽ 2015 നവംബർ വരെയുള്ള സ്റ്റുഡിയോ വരുമാനം എത്ര രൂപയാണെന്ന് വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ;

(സി) 2005 ഏപ്രിൽ മുതൽ 2015 നവംബർ വരെയുള്ള മറ്റ് വരുമാനം എത്ര രൂപയാണെന്ന് ഇനം തിരിച്ച് ലഭ്യമാക്കുമോ ;

(ഡി) കോർപ്പറേഷന്റെകീഴിൽ എത്ര ജീവനക്കാർ ജോലി ചെയ്യുന്നുണ്ടെന്നും ഇവരുടെ ശമ്പള ഇനത്തിൽ പ്രതിമാസം എത്ര രൂപ ചെലവഴിക്കുന്നുണ്ടെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) തിയേറ്റർ വരുമാനം, സ്റ്റുഡിയോ വരുമാനം, പരസ്യവരുമാനം, ഡോക്യുമെന്ററി വരുമാനം, പാർക്കിംഗ് & ക്യാന്റീൻ വരുമാനം, തിയേറ്ററുകളിൽ നിന്നും കിട്ടുന്ന സർവ്വീസ് ചാർജ്ജ് എന്നിവയാണ് കേരള സംസ്ഥാന ഫിലിം ഡവലപ്പ്മെന്റ് കോർപ്പറേഷന്റെ വരുമാന മാർഗ്ഗങ്ങൾ. 2005 ഏപ്രിൽ മുതൽ 2015 നവംബർവരെ തിയേറ്ററുകളിൽ നിന്നുള്ള വരുമാനം 49,82,89,237.50 രൂപയാണ് വർഷം തിയേറ്ററുകൾ എന്നിവ തിരിച്ചുള്ള വരുമാനം അനുബന്ധം 1* ആയി ചേർക്കുന്നു.

(ബി) 2005 ഏപ്രിൽ മുതൽ 2015 നവംബർവരെയുള്ള സ്റ്റുഡിയോ വരുമാനം 21,38,98,828.26 രൂപയാണ്. വർഷം തിരിച്ചുള്ള കണക്ക് അനുബന്ധം 2* ആയി ചേർക്കുന്നു.

(സി) 2005 ഏപ്രിൽ മുതൽ 2015 നവംബർ വരെയുള്ള മറ്റു വരുമാനം 25,70,48,728.68 രൂപയാണ്. വർഷം തിരിച്ചുള്ള കണക്ക് അനുബന്ധം 3* ആയി ചേർക്കുന്നു.

(ഡി) കോർപ്പറേഷന്റെ കീഴിൽ 174 ജീവനക്കാർ ജോലി ചെയ്യുന്നുണ്ട്. അവർക്ക് ശമ്പള ഇനത്തിൽ പ്രതിമാസം 52,06,757 രൂപ ചെലവഴിക്കുന്നുണ്ട്.

**ഒറ്റപ്പാലത്ത് ഫിലിംസിറ്റി**

317 (2146) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലത്ത് ഫിലിംസിറ്റി സ്ഥാപിക്കുന്നതിനുള്ള നടപടികളുടെ പുരോഗതി വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത ഫിലിംസിറ്റി സ്ഥാപിക്കുന്നതിനായി ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത ഫിലിംസിറ്റിയുടെ പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചുവോ ; ഇല്ലെങ്കിൽ എന്നാരംഭിക്കുവാൻ കഴിയും ; വിശദമാക്കുമോ വിശദാംശം ലഭ്യമാക്കുമോ ;

(സി) പ്രസ്തുത ഫിലിംസിറ്റി സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി എത്ര പ്രാവശ്യം യോഗം വിളിച്ചിട്ടുണ്ട്; യോഗതീരുമാനങ്ങൾ എന്തെല്ലാമായിരുന്നു; വിശദാംശം ലഭ്യമാക്കുമോ; യോഗതീരുമാനങ്ങൾ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

നടപ്പിലാക്കിയോ ; വിശദാംശം ലഭ്യമാക്കുമോ ;

(ഡി) പ്രസ്തുത ഫിലിം സിറ്റി സ്ഥാപിക്കുന്നതിനായി ഏതെല്ലാം ഫണ്ടുകൾ ഉപയോഗിക്കാനാണ് തീരുമാനം എടുത്തിട്ടുള്ളത് ; വിശദാംശം നൽകുമോ ; പ്രസ്തുത ഫിലിംസിറ്റിക്കായി എത്ര തുക നാളിതുവരെ അനുവദിച്ചു ; വിശദാംശം നൽകുമോ ;

(ഇ) പ്രസ്തുത ഫിലിംസിറ്റിയുടെ പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചുവോ ; ഇല്ലെങ്കിൽ എന്നാരംഭിക്കുവാൻ കഴിയും ; വിശദമാക്കുമോ ?

ഉത്തരം

(എ) ഒറ്റപ്പാലം താലൂക്കിൽ ഇറിഗേഷൻ വകുപ്പിന്റെ അധീനതയിലുള്ള മൂന്ന് ഏക്കർ മൂന്ന് സെന്റ് ഭൂമി ഫിലിംസിറ്റി നിർമ്മാണത്തിനായി സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷന് മുപ്പത് വർഷം പാട്ടത്തിന് നൽകുവാൻ സർക്കാർ ഉത്തരവായിട്ടുണ്ട്. ഈ പദ്ധതിക്കായി എം.എൽ.എ ഫണ്ടിൽനിന്നും തുക അനുവദിക്കുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലാണ്.

(ബി) ഇല്ല. എന്നാൽ 2011-12, 2012-13 വർഷങ്ങളിലെ ബഡ്ജറ്റ് പ്രസംഗങ്ങളിൽ യഥാക്രമം 50 ലക്ഷവും, ഒരു കോടി രൂപയും വകയിരുത്തിയിരിക്കുന്നു.

(സി-ഇ) മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 14-12-2012, 13-06-2013 തീയതികളിൽ യോഗം ചേർന്നു. യോഗതീരുമാനങ്ങൾ അനുബന്ധമായി* ചേർത്തിട്ടുണ്ട്. ഒറ്റപ്പാലം ഫിലിംസിറ്റി നിർമ്മിക്കുന്നതിനാവശ്യമായ ഫണ്ട് എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടിൽനിന്നും അനുവദിക്കുന്നതിന് ശുപാർശ സമർപ്പിച്ചിട്ടുണ്ടെങ്കിലും ടി ശുപാർശ ആസ്തി വികസന ഫണ്ടിന്റെ മാർഗ്ഗ നിർദ്ദേശങ്ങൾ അനുസരിച്ചല്ലാത്തതിനാൽ ആയത് അംഗീകരിക്കാൻ നിർവ്വാഹമില്ലെന്ന് ധനകാര്യ വകുപ്പ് അറിയിച്ചിരിക്കുകയാണ്.

**കേരള സംസ്ഥാന സാസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡ്**

318 (2147) ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന സാംസ്കാരിക പ്രവർത്തന ക്ഷേമനിധി ബോർഡിൽ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

എത്ര കലാകാരന്മർ അംഗങ്ങളായുണ്ടെന്ന വ്യക്തമാക്കാമോ ;

(ബി) 2011-12 മുതൽ 15-16 വരെ വർഷങ്ങളിൽ ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനത്തിനായി നീക്കിവച്ച ബഡ്ജറ്റ് തുക എത്രയെന്ന് വ്യക്തമാക്കാമോ ;

(സി) ക്ഷേമനിധി ബോർഡിന്റെ വരുമാനമാർഗ്ഗങ്ങൾ എന്തൊക്കെയാണ് ; എന്തൊക്കെ ക്ഷേമ പ്രവർത്തനങ്ങളാണ് അംഗങ്ങൾക്കായി നടത്തി വരുന്നത് ; എത്ര അംഗങ്ങൾക്ക് പെൻഷൻ നൽകുന്നുണ്ടെന്നും, പെൻഷൻ നൽകുന്നതിന്റെ മാനദണ്ഡങ്ങൾ എന്തൊക്കെയെന്നും വ്യക്തമാക്കാമോ ;

(ഡി) പെൻഷൻ പദ്ധതി ഏത് വർഷമാണ് ആരംഭിച്ചത്; പദ്ധതിക്ക് മുടക്കം സംഭവിച്ചിട്ടുണ്ടോ ; എങ്കിൽ ഏതൊക്കെ മാസങ്ങളിലെന്നും, അതിന്റെ കാരണവും വ്യക്തമാക്കാമോ ;

(ഇ) പെൻഷന് പുറമെ ചികിത്സാ ധനസഹായം, വിദ്യാഭ്യാസ സഹായം എന്നിവ നൽകുന്നുണ്ടോ ; ഉണ്ടെങ്കിൽ 2011-12 മുതൽ 15-16 വരെ വർഷങ്ങളിൽ എത്ര പേർക്ക് എത്ര തുക നൽകിയെന്ന് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) കേരള സംസ്ഥാന സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡിൽ 6983 അംഗങ്ങളാണ് രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ളത്. ഇവരിൽ 1567 പേർ ഈ ക്ഷേമനിധിയിൽ നിന്നും പെൻഷൻ വാങ്ങി വരുന്നവരാണ്.

(ബി) 2011-12 മുതൽ 2015-16 വരെ സർക്കാർ കേരള സംസ്ഥാന സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡിന് താഴെപ്പറയും പ്രകാരം ഫണ്ട് അനുവദിച്ചിട്ടുണ്ട്:

| | | |
|---|---|---|
| 2011-12 | 1 കോടി രൂപ | സാംസ്കാരിക ബമ്പർ ലോട്ടറിയിലൂടെ പിരിഞ്ഞു കിട്ടിയ തുകയുടെ അറ്റാദായത്തിൽനിന്നും അനുവദിച്ചത് |
| 2012-13 | 51.4 ലക്ഷം രൂപ | സാംസ്കാരിക ബമ്പർ ലോട്ടറിയിലൂടെ പിരിഞ്ഞു കിട്ടിയ തുകയുടെ അറ്റാദായത്തിൽനിന്നും അനുവദിച്ചത്. |
| 2013-14 | 6 ലക്ഷം രൂപ | എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾക്കായി സർക്കാരിൽ നിന്നും ലഭിച്ചത്. |

| | | |
|---|---|---|
| 2014-15 | 2 കോടി രൂപ | സെസ്സ് വരുമാനം ലഭിക്കുമ്പോൾ തിരിച്ചടക്കണമെന്ന വ്യവസ്ഥയിൽ അനുവദിച്ചത്. |
| 2015-16 | 25 ലക്ഷം രൂപ | എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾക്കായുള്ള ബഡ്ജറ്റ് വിഹിതം. |

ആകെ 382.4 ലക്ഷം രൂപ

(സി) ക്ഷേമനിധി ബോർഡിൽ വരവ് വയ്ക്കാവുന്ന ഫണ്ടിനങ്ങളുടെ വിവരം ക്ഷേമനിധി ആക്ടിൽ ചട്ടം 3(2)-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ആക്ടിന്റെ പ്രസക്ത ഭാഗം അനുബന്ധം 1 ആയി ചേർക്കുന്നു*. എന്നാൽ അംഗങ്ങൾ അടയ്ക്കുന്ന അംശാദായ തുകയും അപേക്ഷയോടൊപ്പം ലഭിക്കുന്ന രജിസ്ട്രേഷൻ ഫീസ്, സിനിമാ പ്രേക്ഷകരിൽനിന്നും ലഭിക്കുന്ന സെസ്സ്, സർക്കാരിൽനിന്നും നൽകുന്ന ഫണ്ട് എന്നിവയാണ് നിലവിലെ വരവിനങ്ങൾ. 2013-ലെ കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി പദ്ധതി വ്യവസ്ഥകൾ പ്രകാരമുള്ള പ്രവർത്തനങ്ങളാണ് ഈ ബോർഡ് കൈക്കൊണ്ടുവരുന്നത്. ക്ഷേമനിധി പദ്ധതിപ്രകാരം അംഗങ്ങൾക്കു ലഭ്യമാകുന്ന ആനുകൂല്യങ്ങൾ സംബന്ധിച്ച വിവരം അനുബന്ധം 2 ആയി ചേർത്തിട്ടുണ്ട്.* നിലവിൽ 1567 അംഗങ്ങൾക്കാണ് ക്ഷേമനിധി ബോർഡുമുഖേന പെൻഷൻ നൽകി വരുന്നത്. ക്ഷേമനിധി പദ്ധതി വ്യവസ്ഥകൾ പ്രകാരം 60 വയസ്സിനുമുൻപ് തുടർച്ചയായി 5 വർഷത്തെ അംശാദായം അടച്ചിട്ടുള്ള അംഗത്തിന് 60 വയസ്സുകഴിയുമ്പോഴും, 60 വയസ്സുകഴിഞ്ഞ അംഗങ്ങൾ പദ്ധതി നിഷ്കർഷിക്കുന്ന കാലപരിധിക്കുള്ളിൽ 5 വർഷത്തെ അംശാദായം ഒറ്റത്തവണയായി അടച്ച് അംഗത്വം എടുക്കുന്ന മുറയ്ക്കും പെൻഷന് അർഹത കൈവരുന്നു.

(ഡി) 2013 ജനുവരി മാസം മുതലാണ് പെൻഷൻ പദ്ധതി ആരംഭിച്ചത്. ബോർഡിന്റെ വരുമാനം പ്രതീക്ഷക്കൊത്തവണ്ണം ഉണ്ടാകാത്തതിനെത്തുടർന്ന് (സെസ്സ് പിരിവും അംശാദായവും) 2014 നവംബർ മുതൽ 2015 മാർച്ച് വരെ 5 മാസക്കാലം പെൻഷൻ നൽകുന്നതിന് മുടക്കം സംഭവിച്ചിട്ടുണ്ട്. തുടർന്ന് 2015

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഏപ്രിൽ മാസം മുതൽ പെൻഷൻ പുനഃരാരംഭിച്ചിട്ടുണ്ട്. മുടങ്ങിക്കിടന്ന അഞ്ചു മാസത്തെ പെൻഷൻ തുകയിൽ നാലുമാസത്തെ പെൻഷൻ കുടിശ്ശിക ഇതിനകം നൽകിയിട്ടുണ്ട്. ഒരു മാസത്തെ കുടിശ്ശിക ഇനിയും നൽകാനുണ്ട്.

(ഇ) ക്ഷേമനിധി പദ്ധതി നിലവിൽ വന്ന 2013 ജനുവരി മാസം മുതൽ നാളിതുവരെ 47 അംഗങ്ങൾക്ക് 17,55,275 രൂപ ചികിത്സാ ധനസഹായം നൽകിയിട്ടുണ്ട്. എന്നാൽ പദ്ധതി പ്രകാരമുള്ള വിദ്യാഭ്യാസ സഹായത്തിനായി അർഹതയുള്ള ആരും മുന്നോട്ടുവന്നിട്ടില്ല.

**കെ.എസ്.ആർ.ടി.സി.-യുടെ ആസ്തി**

319 (2148) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ കെ.എസ്.ആർ.ടി.സി.-യ്ക്ക് വസ്തുവകകൾ, കെട്ടിടങ്ങൾ ഉൾപ്പെടെയുള്ള മൊത്തം ആസ്തി എത്രയെന്നും മൊത്തം കടം എത്രയെന്നും വ്യക്തമാക്കുമോ ;

(ബി) ഈ സർക്കാർ വന്നതിനുശേഷം നാളിതുവരെ ഏതൊക്കെ സ്ഥാപനങ്ങളിൽനിന്നും വായ്പ എടുത്തിട്ടുണ്ടെന്നും ഇതിനായി മുതലും പലിശയുമായി എത്ര തുക പ്രതിമാസം നൽകിവരുന്നുണ്ടെന്നും തരംതിരിച്ച് വ്യക്തമാക്കുമോ ;

(സി) നിലവിൽ കെ.എസ്.ആർ.ടി.സി.-യ്ക്ക് പരസ്യയിനം, വാടക, ടിക്കറ്റ് കളക്ഷൻ, മറ്റുവരുമാനങ്ങൾ ഉൾപ്പെടെ പ്രതിമാസം ശരാശരി വരുമാനം എത്രയെന്നും വിവിധയിനങ്ങളിലെ (ശമ്പളം, പെൻഷൻ, ഡീസൽ ഉൾപ്പെടെ) പ്രതിമാസ ചെലവ് എത്രയെന്നും വ്യക്തമാക്കുമോ ;

(ഡി) കെ.എസ്.ആർ.ടി.സി.-യിൽ പ്രതിദിനം ശരാശരി എത്ര യാത്രക്കാർ ഉണ്ടെന്നും പ്രസ്തുത യാത്രക്കാരിൽനിന്നും സെസ്സ് പിരിക്കാൻ തീരുമാനിച്ചത് എന്നുമുതലാണെന്നും പ്രസ്തുതയിനത്തിൽ മാസംതോറും എത്ര തുക

ലഭിക്കുന്നുണ്ടെന്നും വ്യക്തമാക്കുമോ ;

(ഇ) കെ.എസ്.ആർ.ടി.സി.-യുടെ മേൽനോട്ടത്തിൽ നടത്തപ്പെടുന്ന കെ.യു.ആർ.ടി.സി. വിഭാഗത്തിൽനിന്നും ലഭിക്കുന്ന ശരാശരി വരുമാനം എത്രയെന്നും പ്രതിമാസ ചെലവ് എത്രയെന്നും വ്യക്തമാക്കുമോ ;

(എഫ്) പ്രതിദിനം എത്ര കിലോമീറ്റർ സർവ്വീസാണ് കെ.എസ്.ആർ.ടി.സി. നടത്തുന്നത് ; സംസ്ഥാന-അന്തർ സംസ്ഥാനം എന്നിങ്ങനെ തരംതിരിച്ച് എത്ര ബസ്സുകൾ പ്രതിദിനം സർവ്വീസ് നടത്തുന്നുണ്ടെന്നും മിടുക്കരായ പ്രൊഫഷണലുകളുടെ സേവനം ഈ സർക്കാർ വന്നതിനുശേഷം കെ.എസ്.ആർ.ടി.സി.-യ്ക്ക് ലഭിക്കുന്നില്ലെന്ന വസ്തുത സംബന്ധിച്ചും വിശദാംശം വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) M/s. Varma & Varma, Chartered Accountants എന്ന സ്ഥാപനം സമർപ്പിച്ച കെ.എസ്.ആർ.ടി.സി.-യുടെ ആസ്തിമൂല്യ നിർണ്ണയ റിപ്പോർട്ട് പ്രകാരമുള്ള ആകെ ആസ്തിമൂല്യം 3674.13 കോടി രൂപയാണ്. 31-10-2015 -ലെ കണക്ക് പ്രകാരം കെ.എസ്.ആർ.ടി.സി.-ക്ക് വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുമെടുത്ത വായ്പയുടെ തിരിച്ചടവിനത്തിലുള്ള ആകെ ബാധ്യത 1953.76 കോടി രൂപയാണ്. ഇതിനുപുറമേ സർക്കാർ കെ.എസ്.ആർ.ടി.സി.-ക്ക് വായ്പയായി തുക അനുവദിച്ചിട്ടുണ്ട്. 31-10-2015-ലെ കണക്ക് പ്രകാരം 1471.56 കോടി രൂപ സർക്കാരിന് കെ.എസ്.ആർ.ടി.സി. വായ്പാ തിരിച്ചടവിനത്തിൽ നൽകാനുണ്ട്. ടി തുകയിൽ 2013-14 വരെ കെ.എസ്.ആർ.ടി.സി.-ക്ക് അനുവദിച്ച നൽകിയ 1090.75 കോടി രൂപയുടെ വായ്പ സർക്കാരിന്റെ കെ.എസ്.ആർ.ടി.സി.-യിലുള്ള മൂലധനമായി മാറ്റുന്നതിന് തത്വത്തിൽ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിൻപ്രകാരം ശേഷിക്കുന്ന സർക്കാരിൽ നിന്നുള്ള വായ്പാ ബാദ്ധ്യത 380.81 കോടി രൂപയാണ്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷമെടുത്ത വായ്പയെ സംബന്ധിച്ച് ഇനം തിരിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു:

| സ്ഥാപനം | തുക (കോടിയിൽ) |
|---|---|
| HUDCO | 223.00 |

| | |
|---|---|
| KTDFC | 2,324.50 (ഹ്രസ്വകാല, ദീർഘകാല വായ്പകൾ ഉൾപ്പെടെ) |
| KST 133 | 10.00 |
| DCB PLKD | 200.00 |
| DCB EKM | 91.00 |
| KSPIFC | 15.00 |
| Total | 2863.50 |

വായ്പാ തിരിച്ചടവിനത്തിൽ (മുതലും പലിശയുമുൾപ്പെടെ) പ്രതിമാസം കെ.റ്റി.ഡി.എഫ്.സി.-ക്ക് 52 കോടി രൂപയും ഹഡ്കോയ്ക്ക് 3.30 കോടി രൂപയും പാലക്കാട് DCB-യ്ക്ക് 5.20 കോടി രൂപയും KST-133 Society-യ്ക്ക് 21 ലക്ഷം രൂപയും എറണാകുളം DCB-യ്ക്ക് 5.10 കോടി രൂപയും KSP IFC-യ്ക്ക് 34 ലക്ഷം രൂപയുമാണ് കെ.എസ്.ആർ.ടി.സി. നൽകിവരുന്നത്.

(സി) പരസ്യയിനം, വാടക എന്നീയിനങ്ങളിൽ പ്രതിമാസം 1,50,11,946 രൂപ ലഭിക്കുന്നു. കെ.എസ്.ആർ.ടി.സി.-യുടെ പ്രതിമാസ ശരാശരി വരുമാനം 170 കോടി രൂപയും ചെലവ് ശരാശരി 260 കോടി രൂപയുമാണ്.

(ഡി) ഒക്ടോബർ മാസത്തെ കണക്ക് പ്രകാരം പ്രതിദിനം ശരാശരി 26,77,159 യാത്രക്കാർ കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ യാത്രചെയ്യുന്നുണ്ട്. 1-4-2015 മുതലാണ് 15 രൂപ ടിക്കറ്റ് നിരക്കിന് മുകളിൽ യാത്ര ചെയ്യുന്ന യാത്രക്കാരിൽനിന്നും സാമൂഹ്യ സുരക്ഷാ സെസ്സ് ഇനത്തിൽ തുക ഈടാക്കി വരുന്നത്. ഈ ഇനത്തിൽ പ്രതിമാസം 6 കോടിയിൽ പരം രൂപ ലഭ്യമാകുന്നുണ്ട്.

(ഇ) 2015 ആഗസ്റ്റ്, സെപ്റ്റംബർ, ഒക്ടോബർ മാസങ്ങളിലെ ശരാശരി വരുമാനം 12 കോടി 36 ലക്ഷം രൂപയും, ശരാശരി ചെലവ് 8 കോടി 60 ലക്ഷം രൂപയുമാണ്.

(എഫ്) കെ.എസ്.ആർ.ടി.സി. പ്രതിദിനം ശരാശരി 14,99,806 കിലോമീറ്ററാണ് സർവ്വീസ് നടത്തുന്നത്. ജൻറം ബസ് ഉൾപ്പെടെ പ്രതിദിനം ശരാശരി 5012 ഷെഡ്യൂളുകളാണ് കെ.എസ്.ആർ.ടി.സി. നടത്തിവരുന്നത്. ഇതിൽ 346 സർവ്വീസുകൾ അന്തർ സംസ്ഥാന സർവ്വീസുകളാണ്. മുൻകാലങ്ങളിൽനിന്നും വ്യത്യസ്തമായി കെ.എസ്.ആർ.ടി.സി.യുടെ ഉന്നത തസ്തികകളിൽ ഇരിക്കുന്ന ഉദ്യോഗസ്ഥർ താന്താങ്ങളുടെ മേഖലകളിൽ പ്രാഗൽഭ്യം തെളിയിച്ചിട്ടുള്ളവരാണ്.

ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, ശ്രീ. ആന്റണി ചാക്കോ കേരളത്തിലേയും കേന്ദ്രത്തിലേയും വിവിധ പൊതുമേഖലാ സ്ഥാപനങ്ങളിൽ ചീഫ് എക്സിക്യൂട്ടീവായി പ്രാഗൽഭ്യം തെളിയിച്ചിട്ടുള്ള ഉദ്യോഗസ്ഥനാണ്. ജനറൽ മാനേജർ എക്സിക്യൂട്ടീവ് ഡയറക്ടർ എന്നീ തസ്തികകളിൽ ചുമതല വഹിക്കുന്നവർ അതാത് മേഖലകളിൽ പ്രൊഫഷണൽ ബിരുദങ്ങൾ ഉള്ളവരാണ്.

**ലോ ഫ്ളോർ ബസ്സ് സർവ്വീസ്**

320 (2149) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓരോ ജില്ലയിലും എത്ര ലോ ഫ്ളോർ ബസ്സുകൾ സർവ്വീസ് നടത്തുന്നുണ്ടെന്നും അവ ഏതെല്ലാം ഡിപ്പോകളുടെ കീഴിലാണെന്നും ജില്ല തിരിച്ച് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത ബസ്സുകളിലെ കളക്ഷൻ എത്ര തുകയാണെന്ന് റൂട്ട് തിരിച്ചും ജില്ലതിരിച്ചും വ്യകതമാക്കുമോ ;

(സി) ഏറ്റവും കൂടുതൽ കളക്ഷനുള്ളതും ഏറ്റവും കുറവുള്ളതും ഏത് റൂട്ടുകളിലാണെന്ന് വ്യക്തമാക്കുമോ ; കുറവ് കളക്ഷനുള്ള റൂട്ടുകളിലെ ബസ്സുകൾ കളക്ഷൻ കൂടുതലുള്ള റൂട്ടുകളിലേക്ക് മാറ്റുന്നകാര്യം പരിഗണിക്കുമോ ?

ഉത്തരം

(എ) അനുബന്ധം I ആയി ചേർക്കുന്നു.*

(ബി) അനുബന്ധം II ആയി ചേർക്കുന്നു*

(സി) അനുബന്ധം III ആയി ചേർക്കുന്നു.* കുറവ് കളക്ഷനുള്ള റൂട്ടുകളിലെ ബസ്സുകൾ കളക്ഷൻ കൂടുതലുള്ള റൂട്ടുകളിലേക്ക് മാറ്റുന്നകാര്യം പരിഗണിക്കുന്നതാണ്.

**സംസ്ഥാനത്തെ വാഹനാപകടങ്ങൾ**

321 (2150) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2013, 2014, 2015 വർഷങ്ങളിൽ സംസ്ഥാനത്ത് വാഹനാപകടങ്ങളിൽ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

എത്ര പേർ മരണപ്പെട്ടിട്ടുണ്ടെന്ന് വിശദമാക്കുമോ ;

ഉത്തരം

2013-ൽ 4258 പേരും 2014-ൽ 4049 പേരും 2015 ഒക്ടോബർ 30 വരെ 3101 പേരും വാഹനാപകടത്തിൽ മരണപ്പെട്ടിട്ടുണ്ട്.

**കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ**

322 (2151) ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ഏതൊക്കെ തരത്തിലുള്ള (ഓർഡിനറി, ഫാസ്റ്റ്) സർവ്വീസുകളാണ് ഇപ്പോൾ നടത്തിവരുന്നതെന്ന് വ്യക്തമാക്കാമോ ;

(ബി) ഓരോ സർവ്വീസിനും എത്ര ബസ്സുകളാണ് ഉപയോഗിക്കുന്നത് ; ഓരോ തരത്തിലുള്ള ബസ്സുകൾ ദിവസേന എത്ര സർവ്വീസുകൾ നടത്തുന്നുണ്ട് ;

(സി) എത്ര വിദ്യാർത്ഥികൾക്കാണ് കൺസെഷൻ ടിക്കറ്റുകൾ വിതരണം ചെയ്തിട്ടുള്ളത് ;

(ഡി) കൺസെഷൻ ടിക്കറ്റുകൾ ഉപയോഗിച്ച് ഏതെല്ലാം തരം സർവ്വീസ് ബസ്സുകളിലാണ് യാത്ര ചെയ്യാൻ അനുവദിച്ചിട്ടുള്ളത് ;

(ഇ) സ്കൂൾ കുട്ടികൾക്ക് കൺസെഷൻ ഉപയോഗിച്ച് യാത്ര ചെയ്യാൻ വളരെ പരിമിത സൗകര്യമേ ലഭിക്കുന്നുള്ളൂ എന്നത് പരിഗണിച്ച്, സിറ്റി ഫാസ്റ്റ് പോലുള്ള ബസ്സുകളിൽകൂടി യാത്രാനുമതി നൽകുമോ ?

ഉത്തരം

(എ) കെ.എസ്.ആർ.ടി.സി. ഓർഡിനറി, സിറ്റി, സിറ്റി ഫാസ്റ്റ്, ഫാസ്റ്റ് പാസഞ്ചർ, സൂപ്പർ ഫാസ്റ്റ്, സൂപ്പർ എക്സ്പ്രസ്, സൂപ്പർ ഡീലക്സ്, ഹൈടെക് ലക്ഷ്വറി, സിൽവർ ലൈൻ ജെറ്റ്, വോൾവോ എന്നീ തരം സർവ്വീസുകളാണ് നടത്തി വരുന്നത്.

(ബി) Volvo 13, Super Deluxe -50, Super Express -52, Super Fast-367, Fast Passenger-1157, City Fast -208, Vestibule -1, Double Decker -2, Ordinary -3765, Mini 3 എന്നിങ്ങനെ 5618 ബസുകളാണ് ഉപയോഗിക്കുന്നത്.

30-11-2015-ലെ കണക്കനുസരിച്ച് 4704 ബസ്സുകൾ സർവ്വീസ് നടത്തിയിട്ടുണ്ട്. ചുവടെ പറയുന്ന രീതിയിൽ സർവ്വീസുകൾ നടത്തുന്നതിനാണ് അനുവാദം നൽകിയിട്ടുള്ളത് :

| | | | | |
|---|---|---|---|---|
| 1. | വോൾവോ | - | 6 | സർവ്വീസ് |
| 2. | ഹൈടെക് ലക്ഷ്വറി | - | 5 | സർവ്വീസ് |
| 3. | സൂപ്പർ ഡീലക്സ് | - | 25 | സർവ്വീസ് |
| 4. | സൂപ്പർ എക്സ്പ്രസ് | - | 32 | സർവ്വീസ് |
| 5. | സൂപ്പർ ഫാസ്റ്റ് | - | 259 | സർവ്വീസ് |
| 6. | ഫാസ്റ്റ് പാസഞ്ചർ | - | 837 | സർവ്വീസ് |
| 7. | ഓർഡിനറി | - | 4008 | സർവ്വീസ് |
| 8. | സിറ്റി ഫാസ്റ്റ് | - | 249 | സർവ്വീസ് |
| 9. | സിറ്റി | - | 354 | സർവ്വീസ് |

(സി) 2014-15 സാമ്പത്തിക വർഷം 6,43,792 കൺസഷൻ ടിക്കറ്റുകൾ വിതരണം ചെയ്തിട്ടുണ്ട്.

(ഡി) ടൗൺ ടു ടൗൺ ഒഴികെയുള്ള എല്ലാത്തരം ഓർഡിനറി സർവ്വീസുകളിലും കൺസെഷൻ ടിക്കറ്റ് ഉപയോഗിച്ച് യാത്ര ചെയ്യാവുന്നതാണ്.

(ഇ) 4008 ഓർഡിനറി സർവ്വീസുകൾ നടത്തുന്നതിന് അനുവാദം നൽകിയിട്ടുള്ള സാഹചര്യത്തിൽ സിറ്റി ഫാസ്റ്റ് പോലുള്ള സർവ്വീസുകളിൽ കൺസെഷൻ ടിക്കറ്റ് ഉപയോഗിച്ചുള്ള യാത്ര അനുവദിക്കുന്നകാര്യം ഇപ്പോൾ പരിഗണനയിലില്ല.

**കെ.എസ്.ആർ.ടി.സി. അപകട ഇൻഷ്വറൻസ് പദ്ധതി**

323 (2152) ശ്രീ. ആർ. സെൽവരാജ് :

ശ്രീ. അൻവർ സാദത്ത് :

ശ്രീ. എ. റ്റി. ജോർജ് :

ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യിലെ യാത്രക്കാർക്ക് വ്യക്തിഗത അപകട

ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കിയിട്ടുണ്ടോ ;

(ബി) പ്രസ്തുത പദ്ധതിവഴി എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ നല്കുമോ ;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

<u>ഉത്തരം</u>

(എ) നടപ്പാക്കിയിട്ടുണ്ട്.

(ബി) കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ യാത്രചെയ്യുന്ന എല്ലാ യാത്രക്കാർക്കും അപകട ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പുവരുത്താനും യാത്രക്കാരുടെ ബാഗേജിന് ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പുവരുത്താനുമാണ് അപകട ഇൻഷ്വറൻസ് പദ്ധതിവഴി ലക്ഷ്യമിടുന്നത്.

(സി) എല്ലാ കെ.എസ്.ആർ.ടി.സി. യാത്രക്കാർക്കും അപകട ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നതിനായി M/s New India Assurance Company യുമായി ധാരണാ പത്രത്തിൽ ഒപ്പുവയ്ക്കുകയും വാർഷിക പ്രീമിയമായി 3,28,09,120 രൂപ (സർവ്വീസ് ടാക്സ് ഉൾപ്പെടെ) നൽകുകയും ചെയ്തിട്ടുണ്ട്.

**കെ.എസ്.ആർ.ടി.സി. നിരത്തിലിറക്കിയ പുതിയ ബസ്സുകൾ**

324 (2153) <u>ശ്രീ. സി. ദിവാകരൻ</u> : താഴെ കാണുന്ന ചോദ്യത്തിന് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2014-15, 2015-16 വർഷങ്ങളിൽ ഇതുവരെ പുതിയ എത്ര ബസ്സുകളാണ് നിരത്തിലിറക്കിയത് ; ഇനം തിരിച്ച് വ്യക്തമാക്കുമോ ; ഓരോ ജില്ലയ്ക്കും അനുവദിച്ചത് എത്ര എണ്ണം വീതമാണെന്നും അറിയിക്കുമോ ?

<u>ഉത്തരം</u>

2014-15 വർഷത്തിൽ 203 ബസ്സുകളും 2015-16 വർഷത്തിൽ (നവംബർ മാസം വരെ) 401 ബസ്സുകളും നിരത്തിലിറക്കിയിട്ടുണ്ട്. കൂടാതെ JnNURM പദ്ധതി പ്രകാരം 2014-15 വർഷത്തിൽ 45 ബസ്സുകളും 2015-16 വർഷത്തിൽ (നവംബർ മാസം വരെ) 237 ബസ്സുകളും നിരത്തിലിറക്കിയിട്ടുണ്ട്.

| YEAR | KSRTC | JnNURM | Total |
|---|---|---|---|
| 2014-15 | 203 | 45 | 248 |
| 2015-16 | 401 | 237 | 638 |
| Total | 604 | 282 | 886 |

ഓരോ ജില്ലയ്ക്കും അനുവദിച്ച ബസ്സുകളുടെ എണ്ണം, ഇനം തിരിച്ചും ജില്ല തിരിച്ചും അനുബന്ധമായി* ചേർത്തിട്ടുണ്ട്.

**കെ.എസ്.ആർ.ടി.സി.-യിലെ പഞ്ചിംഗ് സംവിധാനം**

325 (2154) ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ഭവനിലുൾപ്പെടെ എതൊക്കെ ഡിപ്പോകളിൽ ജീവനക്കാരുടെ വരവ് പോക്ക് രേഖപ്പെടുത്തുന്ന പഞ്ചിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട് ; വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത സംവിധാനം കെ.എസ്.ആർ.ടി.സി.-യിൽ നടപ്പാക്കുന്നതെങ്ങനെയെന്നും ഇതിന്റെ ഉദ്ദേശം എന്താണെന്നും വിശദമാക്കുമോ ;

(സി) ഉദ്യോഗസ്ഥരുടെ ജോലി സമയത്തെ കൃത്യത പരിശോധിക്കുന്ന സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ടോ ; വ്യക്തമാക്കുമോ ;

(ഡി) എങ്കിൽ പരിശോധനയുടെ അടിസ്ഥാനത്തിൽ എത്ര പേർക്കെതിരെ അച്ചടക്ക നടപടി സ്വീകരിച്ചിട്ടുണ്ട് ; വ്യക്തമാക്കുമോ ;

(ഇ) ഇവിടെ പഞ്ചിംഗ് സംവിധാനം നിലനിർത്തുന്നതിന് ഗവൺമെന്റിന് ആലോചനയുണ്ടോ ; വ്യക്തമാക്കുമോ ?

ഉത്തരം

(എ) നിലവിൽ കേന്ദ്ര ഓഫീസിൽ പഞ്ചിംഗ് സംവിധാനം പ്രാബല്യത്തിൽ വരുത്തിയിട്ടുണ്ട്. മറ്റ് 70 യൂണിറ്റുകളിൽ ഇതിന്റെ വിവരശേഖരണം നടന്നുവരികയും

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

പഞ്ചിംഗ് ഡിവൈസ് സ്ഥാപിക്കുകയും പരീക്ഷണാടിസ്ഥാനത്തിൽ പഞ്ചിംഗ് പരിശോധിച്ചുവരികയുമാണ്.

(ബി) സംസ്ഥാന പൊതുമേഖലാ സ്ഥാപനമായ കെൽട്രോൺ മുഖേനയാണ് പ്രസ്തുത സംവിധാനം കെ.എസ്.ആർ.ടി.സി.-യിൽ നടപ്പിലാക്കുന്നത്. ജീവനക്കാരുടെ ഹാജർ വിവരങ്ങളിൽ കൃത്യത ഉറപ്പുവരുത്താനും താമസിച്ചുവരികയോ, നേരത്തേ പോകുകയോ ചെയ്താൽ ആ വിവരം കൃത്യമായി അറിയുവാനും കഴിയും, ഇതോടൊപ്പം ഫോട്ടോ പതിച്ച ആർ.എഫ്.ഐ.ഡി. സംവിധാനത്തോടുകൂടിയുള്ള തിരിച്ചറിയൽ കാർഡ് നൽകുന്നു. ഈ തിരിച്ചറിയൽ കാർഡ് യാത്രാപാസായും ഉപയോഗിക്കാൻകഴിയുംവിധത്തിലാണ് ക്രമീകരിച്ചിരിക്കുന്നത്.

(സി) 2015 ഡിസംബർ 1 മുതലാണ് കേന്ദ്ര ഓഫീസിൽ പ്രാവർത്തികമാക്കിയത്. മറ്റു യൂണിറ്റുകളിൽ പരീക്ഷണഘട്ടത്തിലാണ്.

(ഡി) പഞ്ചിംഗ് പരിശോധനയുടെ അടിസ്ഥാനത്തിൽ ജീവനക്കാർക്കെതിരെ ഇതുവരെ അച്ചടക്കനടപടികൾ സ്വീകരിച്ചിട്ടില്ല.

(ഇ) പഞ്ചിംഗ് സംവിധാനം തുടരുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

**കെ.എസ്.ആർ.ടി.സി.-യിൽ വിദ്യാർത്ഥികൾക്ക് സൗജന്യ യാത്ര**

326 (2155) ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ വിദ്യാർത്ഥികൾക്ക് സൗജന്യ യാത്രക്ക് പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതിവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത് ; വിശദാംശം നൽകുമോ ;

(സി) പദ്ധതി നടപ്പിലാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്

(ബി&സി) പ്ലസ് ടു തലംവരെയുള്ള വിദ്യാർത്ഥികൾക്ക് യാത്രച്ചെലവ് അവരുടെ വിദ്യാഭ്യാസത്തിന് ഒരു പരിധിവരെയെങ്കിലും തടസ്സമാവരുതെന്നും ഡീസൽ വില കുറഞ്ഞത് ലിറ്ററിന് ഏതാണ്ട് 52 രൂപയിൽ എത്തിയപ്പോൾ അതിന്റെ ആനുകൂല്യം വിദ്യാർത്ഥികൾക്കും കേരളത്തിലെ സാധാരണക്കാരായ ജനങ്ങൾക്കും ലഭ്യമാക്കുക എന്നുമുള്ള ഉദ്ദേശ്യത്തോടെയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്.

കെ.എസ്.ആർ.ടി.സി.-യുടെ ടൗൺ ടു ടൗൺ ഓർഡിനറി ഒഴികെയുള്ള എല്ലാത്തരം ഓർഡിനറി സർവീസുകളിലും 1-2-2015 മുതൽ പ്ലസ് ടു തലംവരെ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് സൗജന്യ യാത്ര അനുവദിച്ചുവരികയാണ്.

10 രൂപയുടെ ഒരു സൗജന്യ യാത്രാകാർഡ് കരസ്ഥമാക്കി വിദ്യാർത്ഥികൾക്ക് ഈ ആനുകൂല്യം പ്രയോജനപ്പെടുത്താവുന്നതാണ്.

സൗജന്യയാത്രാ കാർഡിൽ യാത്ര ചെയ്യേണ്ട റൂട്ടും കാലാവധിയും രേഖപ്പെടുത്തിയിട്ടുണ്ട്. 3 മാസം കൂടുമ്പോൾ ഈ കാർഡ് പുതുക്കി വാങ്ങേണ്ടതാണ്. ഞായറാഴ്ചയും മറ്റ് പൊതു അവധി ദിവസങ്ങളും ഒഴികെയുള്ള ദിവസങ്ങളിൽ സൗജന്യയാത്രാ കാർഡ് ഉപയോഗിച്ച് യാത്ര ചെയ്യാവുന്നതാണ്.

ഇത് സംബന്ധിച്ചുള്ള നിർദ്ദേശങ്ങൾ കെ.എസ്.ആർ.ടി.സി.-യുടെ മുഖ്യ കാര്യാലയത്തിൽനിന്നും എല്ലാ ഡിപ്പോകൾക്കും നൽകിയിട്ടുണ്ട്.

**കെ.എസ്.ആർ.ടി.സി. കൽപ്പറ്റ ഡിപ്പോ**

327 (2156) <u>ശ്രീ. എം. വി. ശ്രേയാംസ് കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. കൽപ്പറ്റ ഡിപ്പോയിൽനിന്ന് കൽപ്പറ്റ- മുണ്ടേരി- മണിയംകോട് - കോക്കുഴി - കോട്ടത്തറ - വണ്ടിയാമ്പറ്റ - കമ്പ്ലക്കാട്- കൽപ്പറ്റ സർക്കുലർ ബസ് സർവ്വീസ് ആരംഭിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് നിവേദനം ലഭിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത നിവേദനത്തിന്മേൽ നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(സി) പ്രസ്തുത റൂട്ടിൽ ബസ്സ് സർവ്വീസ് ആരംഭിക്കുന്നതിന് നടപടി

സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) നിവേദനം ലഭിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത നിവേദനത്തിന്റെ അടിസ്ഥാനത്തിൽ സാധ്യതാപഠനം നടത്തിയിട്ടുണ്ട്.

(സി) ബസ്സിന്റെ കുറവ് അനുഭവപ്പെടുന്നതിനാൽ സർവ്വീസ് ആരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണിക്കുവാൻ കഴിയില്ല.

**കെ.എസ്.ആർ.ടി.സി.-ലെ ഡ്രൈവർമാരുടെ കുറവ്**

328 (2157) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യിൽ ഡ്രൈവർമാരുടെ കുറവുമൂലം ദിവസേന ശരാശരി എത്ര സർവ്വീസുകളാണ് സംസ്ഥാനത്ത് ആകെ മുടങ്ങുന്നത് ; ഇതുവഴി എത്ര രൂപയുടെ നഷ്ടമാണ് കെ.എസ്.ആർ.ടി.സി.-ക്ക് ഉണ്ടാകുന്നത്; വ്യക്തമാക്കുമോ ;

(ബി) കെ.എസ്.ആർ.ടി.സി.-യിൽ നിലവിൽ ഡ്രൈവർമാരുടെ എത്ര തസ്തികകളാണ് ഒഴിഞ്ഞുകിടക്കുന്നത് ; ഈ തസ്തികയിൽ എം-പാനൽവഴി നിയമനം നടത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്ര തസ്തികകളിലാണ് നിയമനം നടത്തിയിട്ടുള്ളത് ; വിശദമാക്കാമോ ;

(സി) റാന്നി കെ.എസ്.ആർ.ടി.സി. ഓപ്പറേറ്റിംഗ് സെന്ററിൽ എത്ര ബസ്സുകളും, ഷെഡ്യൂളുകളുമാണ് ഇപ്പോഴുള്ളത് ; ഡ്രൈവർമാരുടെ അഭാവം മൂലം ശരാശരി എത്ര ഷെഡ്യൂളുകളാണ് ദിവസവും വെട്ടിക്കുറയ്ക്കുന്നത് ; ഇതുവഴി പ്രതിദിനം എത്ര രൂപയാണ് നഷ്ടമാകുന്നത് ; വ്യക്തമാക്കുമോ ;

(ഡി) മറ്റ് ഡിപ്പോകളിൽനിന്നും റാന്നിക്ക് സ്ഥലംമാറ്റം ആവശ്യപ്പെടുന്ന വർക്ക് സ്ഥലംമാറ്റം നൽകുന്നതിനും റാന്നിയിലെ ഡ്രൈവർമാരുടെ ഒഴിവു നികത്തുന്നതിനും എന്തെങ്കിലും നടപടി സ്വീകരിക്കുമോ ; വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ) ഡ്രൈവർമാർ കൃത്യമായി ജോലിക്ക് വരാത്തതുമൂലം പ്രതിദിനം ശരാശരി 85 വരെ ഷെഡ്യൂളുകൾ മുടങ്ങാറുണ്ട്. തന്മൂലം 10,20,000 രൂപയുടെ വരുമാന നഷ്ടം ഉണ്ടാകുന്നുണ്ട്.

(ബി) കെ.എസ്.ആർ.ടി.സി.-യിൽ നിന്ന് ഡ്രൈവർമാരുടെ 101 എൻ.ജെ.ഡി. ഒഴിവുകൾ 24-9-2013-ലും, 285 പുതിയ ഒഴിവുകൾ 1-9-2014-ലും, ബഹു. ഹൈക്കോടതി ഉത്തരവിൻ പ്രകാരം 2455 ഒഴിവുകൾ, 6-8-2015-ലും കേരളാ പി.എസ്.സി.-യിലേക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൂടാതെ, പുതുതായി 498 ഡ്രൈവർമാരുടെ ഒഴിവുകളുമുണ്ട്. പുതുതായി എംപാനൽ ഡ്രൈവർമാർക്ക് നിയമനം നൽകിയിട്ടില്ല.

(സി) റാന്നി കെ.എസ്.ആർ.ടി.സി. ഓപ്പറേറ്റിംഗ് സെന്ററിൽ ജൻറം ഉൾപ്പെടെ 14 ഷെഡ്യൂളുകൾ നടത്തുന്നതിനാണ് അനുവാദം നൽകിയിട്ടുള്ളത്. 18 കെ.എസ്.ആർ.ടി.സി. ബസ്സുകളും 1 ജൻറം ബസ്സുമാണ് നിലവിലുള്ളത്. ഡ്രൈവർമാർ കൃത്യമായി ജോലിക്ക് വരാത്തതിനാൽ പ്രതിദിനം ശരാശരി 4 ഷെഡ്യൂളുകൾ റദ്ദാക്കാറുണ്ട്. തൻമൂലം പ്രതിദിനം ശരാശരി 48000 രൂപയുടെ വരുമാനനഷ്ടം ഉണ്ടാകുന്നുണ്ട്.

(ഡി) മറ്റുഡിപ്പോയിൽനിന്നും റാന്നിയിലേക്ക് സ്ഥലംമാറ്റം ആവശ്യപ്പെട്ടിട്ടുള്ളവർക്ക് സ്ഥലംമാറ്റം നൽകിയിട്ടുണ്ട്. ടി ഡിപ്പോയിൽ ഒഴിവുകൾ ഉണ്ടാകുന്ന മുറയ്ക്ക് നികത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

**കെ.എസ്.ആർ.ടി.സി.-യുടെ ഇന്ധന കുടിശ്ശിക**

329 (2158) <u>ശ്രീ. കെ. ദാസൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-ക്ക് ഇന്ധനം വാങ്ങിയതിന് പെട്രോളിയം കമ്പനികൾക്ക് നിലവിൽ ബാദ്ധ്യതയുണ്ടോ ; എങ്കിൽ ഏതെല്ലാം കമ്പനികൾക്ക് എത്ര രൂപ വീതമാണെന്ന് വ്യക്തമാക്കുമോ ;

(ബി) എം.എ.സി.റ്റി. കോടതിവിധികൾ പ്രകാരം കെ.എസ്.ആർ.ടി.സി. നിലവിൽ കൊടുത്തുതീർക്കാനുള്ള കുടിശ്ശിക തുക എത്രയാണെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) ബാദ്ധ്യതയുണ്ട്. M/s. IOC യിൽനിന്നും 15 ദിവസത്തെ Credit-ൽ

ആണ് ഇന്ധനം ലഭിക്കുന്നത് ആ ഇനത്തിൽ 28,09,03,233 രൂപ ബാദ്ധ്യതയുണ്ട്. HPC-ക്ക് പ്രതിവാരം 50 ലക്ഷം രൂപവീതം ബാദ്ധ്യതയിൽ ഇന്ധനം ലഭിക്കുന്നു.

(ബി) കേരളത്തിലെ വിവിധ എം.എ.സി.റ്റി, കോടതികളിൽ വിധിയായ 3210 കേസ്സുകളിലായി 33,52,12,211 രൂപയും നാളിതുവരെയുള്ള പലിശയും കുടിശ്ശികയായുണ്ട്.

## കെ.എസ്.ആർ.ടി.സി.യിലെ വൈദ്യുതിച്ചെലവ്

330 (2159) <u>ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതിച്ചെലവിനത്തിൽ പ്രതിമാസം കെ.എസ്.ആർ.ടി.സി. മൊത്തമായി എന്തു തുക ചെലവഴിക്കുന്നുണ്ട് ;

(ബി) വൈദ്യുതി ഉപയോഗം കുറയ്ക്കുന്നതിന് മറ്റ് എന്തെങ്കിലും ബദൽ സംവിധാനംകൂടി ഏർപ്പെടുത്തുന്നകാര്യം ആലോചിക്കുന്നുണ്ടോ ;

(സി) ഉണ്ടെങ്കിൽ അതിന് എന്തെങ്കിലും സംവിധാനങ്ങൾ നടപ്പാക്കിയിട്ടുണ്ടോ ;

(ഡി) ഇല്ലെങ്കിൽ പ്രതിമാസം വൈദ്യുതി ചെലവ് കുറച്ചുകൊണ്ടുവരാനും അത്യാവശ്യമുള്ളയിടത്ത് മാത്രം വൈദ്യുതി ഉപയോഗം നിലനിർത്തി ചെലവ് ചുരുക്കുന്നതിനും നടപടി സ്വീകരിക്കുമോ ;

(ഇ) കഴിഞ്ഞ ആറ് മാസമായി കെ.എസ്.ആർ.ടി.സി. ഭവനിൽ പ്രതിമാസം എന്ത് തുക വൈദ്യുതി ബിൽ ഇനത്തിൽ നൽകിവരുന്നു എന്ന് വിശദവിവരം നൽകാമോ ?

<u>ഉത്തരം</u>

(എ) കെ.എസ്.ആർ.ടി.സി. പ്രതിമാസം 27.99 ലക്ഷം രൂപ വൈദ്യുതിയിനത്തിൽ ചെലവഴിക്കുന്നുണ്ട്.

(ബി&സി) നിലവിൽ ചങ്ങനാശ്ശേരി ഡിപ്പോയിൽ 3 KWA ശേഷിയുള്ള സോളാർ പാനൽ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നു. ഫണ്ടിന്റെ ലഭ്യതയനുസരിച്ചോ പ്രായോജകരെ ലഭിക്കുമെങ്കിലോ കൂടുതൽ ഡിപ്പോകളിൽ ഇത് സ്ഥാപിക്കുന്നതാണ്.

(ഡി) വൈദ്യുതി ഉപഭോഗം കുറയ്ക്കുന്നതിലേക്ക് ആവശ്യമായ അച്ചടക്കം

പാലിക്കുന്നതിനുള്ള ബോധവൽക്കരണം നടത്തിവരുന്നു. കൂടാതെ ഉയർന്ന ഊർജ്ജോപഭോഗമുള്ള സോഡിയം ലാമ്പുകളുടെ സ്ഥാനത്ത് കഴിയുന്നത്ര കുറഞ്ഞ ഉപഭോഗമുള്ള സി.എഫ്.എൽ./എൽ.ഇ.ഡി. ബൾബുകൾ ഉപയോഗിച്ചുവരുന്നു.

(ഇ) ട്രാൻസ്പോർട്ട് ഭവനിലെ പ്രതിമാസ വൈദ്യുതിബിൽ പ്രകാരമുള്ള തുകയിൽ വാടകക്കാരായ ആർ.റ്റി.ഒ., രജിസ്ട്രേഷൻ വകുപ്പ്, സപ്ലൈകോ എന്നിവരുടെ വൈദ്യുതി ബിൽ തുക കഴിച്ച് കഴിഞ്ഞ ആറുമാസക്കാലത്തെ കെ.എസ്.ആർ.ടി.സി.-യുടെ ബിൽ തുകയുടെ പ്രതിമാസ കണക്ക് ചുവടെ ചേർക്കുന്നു:

| | |
|---|---|
| 5/2015 | 1,45,949 രൂപ |
| 6/2015 | 1,34,077 ,, |
| 7/2015 | 1,41,165 ,, |
| 8/2015 | 1,26,679 ,, |
| 9/2015 | 1,26,895 ,, |
| 10/2015 | 1,28,655 ,, |

**കെ.എസ്.ആർ.ടി.സി. വരവും ചെലവും**

331 (2160) ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.അർ.ടി.സി.-യിലെ ഡ്രൈവർ, കണ്ടക്ടർ, മെക്കാനിക്ക്, മിനിസ്റ്റീരിയൽ സ്റ്റാഫ് എന്നിവരുടെ എണ്ണം ഇനം തിരിച്ച് ലഭ്യമാക്കാമോ ;

(ബി) ജീവനക്കാരുടെ പ്രതിമാസ ശമ്പള ഇനത്തിൽ എത്ര തുക ചെലവു വരുന്നു എന്ന് വ്യക്തമാക്കാമോ ;

(സി) കെ.എസ്.അർ.ടി.സി.-യിൽ നിലവിൽ എത്ര പെൻഷൻകാരുണ്ടെന്നും പെൻഷൻ ഇനത്തിലുള്ള പ്രതിമാസ ചെലവ് എത്രയാണെന്നും വ്യക്തമാക്കാമോ ;

(ഡി) കെ.എസ്.അർ.ടി.സി.-യുടെ പ്രതിമാസ ശരാശരി വരുമാനം എത്ര രൂപയാണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) കെ.എസ്.ആർ.ടി.സി.-യിൽ ഡ്രൈവർ, കണ്ടക്ടർ, മെക്കാനിക്ക്, മിനിസ്റ്റീരിയൽ സ്റ്റാഫ് എന്നീ തസ്തികയിലെ സ്ഥിരം ജീവനക്കാരുടെ എണ്ണം താഴെപറയും പ്രകാരമാണ്:

| | | |
|---|---|---|
| ഡ്രൈവർ | ... | 13899 |
| കണ്ടക്ടർ | ... | 11858 |
| മെക്കാനിക്ക് | ... | 5712 |
| മിനിസ്റ്റീരിയൽ സ്റ്റാഫ് | ... | 2123 |

(ബി) ഒക്ടോബർ 2015-ലെ കണക്കുപ്രകാരം സ്ഥിരം ജീവനക്കാരുടെ ശമ്പള ഇനത്തിൽ 64,50,65,830 രൂപ ചെലവ് വരുന്നു.

(സി) നവംബർ 2015-ലെ കണക്കനുസരിച്ച് 37,512 പെൻഷൻകാരുണ്ട്. അതിൽ 37,288 പേർക്കായി 45,29,94,468 രൂപ നൽകിയിട്ടുണ്ട്.

(ഡി) 2015 ഏപ്രിൽ മുതൽ നവംബർവരെയുള്ള കാലയളവിലെ പ്രതിമാസ ശരാശരി ടിക്കറ്റ് വരുമാനം 152,08,28,737 രൂപയാണ്.

**കെ.എസ്.ആർ.ടി.സി.-യിൽ നൽകിയ അധിക ശമ്പളം**

332 (2161) ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ജീവനക്കാർക്കോ പെൻഷൻകാർക്കോ ശമ്പളം അധികമായി നൽകിയിട്ടുണ്ടോ ; എങ്കിൽ ശമ്പളം/പെൻഷൻ എന്നിവ 2014-15 വർഷം എത്ര ജീവനക്കാർക്ക് എന്ത് തുക എത്ര തവണ അധികമായി നൽകിയിട്ടുണ്ട് ;

(ബി) ഇതിൽ തെറ്റായി നൽകിയ അധിക ശമ്പളമോ പെൻഷനോ ലഭിച്ചവർ തിരിച്ച് നൽകുകയോ കെ.എസ്.ആർ.ടി.സി. തിരികെ പിടിക്കുകയോ നാളിതുവരെ ചെയ്തിട്ടുണ്ടോ ; എങ്കിൽ അതിന്റെ വിശദവിവരം നൽകാമോ ; ഇല്ലെങ്കിൽ അത് തിരികെ പിടിക്കാത്തതിന്റെ കാരണം അറിയിക്കുമോ ;

(സി) ഇത്തരത്തിൽ ശമ്പളം അധികമായി നൽകിയതിന്റെ ഉത്തവാദിത്വം ഏതൊക്കെ ഉദ്യോഗസ്ഥർക്കാണ് ;

(ഡി) ഉത്തരവാദികളായ ആരുടെയെല്ലാം പേരിൽ എന്ത് നടപടികൾ സ്വീകരിച്ചുവെന്ന് അറിയിക്കാമോ ;

(ഇ) ശമ്പളം/പെൻഷൻ അധികരിപ്പിച്ച് നൽകുന്ന തെറ്റ് ആവർത്തിക്കാതിരിക്കാൻ നാളിതുവരെ ഉദ്യോഗസ്ഥതലത്തിലും മറ്റ് ടെക്നിക്കൽതലത്തിലും

സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ ?

ഉത്തരം

(എ-ഇ) കെ.എസ്.ആർ.ടി.സി.-യിൽ ജീവനക്കാർക്കോ പെൻഷൻകാർക്കോ 2014-15 വർഷം ശമ്പളം/പെൻഷൻ എന്നിവ അധികമായി നൽകിയിട്ടില്ല.

**കെ.എസ്.ആർ.ടി.സി.-യിൽ ഓൺലൈൻ ടിക്കറ്റ് റിസർവ്**

333 (2162) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യിൽ ഓൺലൈൻ മുഖേന ടിക്കറ്റ് റിസർവ് ചെയ്യുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ബി) ഏതെല്ലാം റൂട്ടുകളിലാണ് ഈ സൗകര്യം ലഭ്യമാകുന്നതെന്ന് വിശദമാക്കാമോ ;

(സി) പ്രസ്തുത ബസ്സുകളുടെ വിശദാംശങ്ങൾ മൊബൈൽ ഫോൺവഴി ലഭ്യമാക്കാൻ എന്തെല്ലാം സൗകര്യങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് അറിയിക്കാമോ ?

ഉത്തരം

(എ) നിലവിൽ കെ.എസ്.ആർ.ടി.സി.-യുടെ 24 ഓൺലൈൻ റിസർവേഷൻ കൗണ്ടറുകൾവഴി മുൻകൂർ ഓൺലൈൻ റിസർവേഷൻ സൗകര്യം ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ യാത്രക്കാർക്ക് ഓൺലൈൻ സംവിധാനംവഴി www;ksrtconline.com എന്ന വെബ് സൈറ്റ് മുഖേന ക്രഡിറ്റ് കാർഡ്, ഡെബിറ്റ് കാർഡ് ഇന്റർനെറ്റ് ബാങ്കിംഗ് മുഖേനയും ടിക്കറ്റ് മുൻകൂർ റിസർവ് ചെയ്യാൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. പൊതുജനങ്ങൾക്ക് Mobile Android Application ഉപയോഗിച്ച് ഓൺലൈൻ ടിക്കറ്റുകൾ റിസർവ് ചെയ്യുന്നതിനുള്ള സൗകര്യവും ലഭ്യമാണ്.

(ബി) കെ.എസ്.ആർ.ടി.സി.-യുടെ എല്ലാ വോൾവോ, സൂപ്പർ ഡീലക്സ്, സിൽവർ ലൈൻ ജെറ്റ് തുടങ്ങിയ സൂപ്പർ ക്ലാസ്സ് സർവ്വീസുകൾക്കും മുൻകൂർ

റിസർവേഷൻ സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ തെരഞ്ഞെടുത്ത ദീർഘദൂര സൂപ്പർ എക്സ്പ്രസ്, സൂപ്പർ ഫാസ്റ്റ്, ഫാസ്റ്റ് പാസഞ്ചർ, ഓർഡിനറി സർവീസുകൾക്ക് നിലവിൽ ടിക്കറ്റുകൾ മുൻകൂർ റിസർവ് ചെയ്യാൻ സാധിക്കും. ആകെ 325 സർവീസുകൾക്ക് നിലവിൽ മുൻകൂർ ടിക്കറ്റ് റിസർവേഷൻ സൗകര്യം ലഭ്യമാക്കിയിട്ടുണ്ട്.

(സി) നിലവിൽ യാത്രക്കാർ ഓൺലൈൻമുഖേന ടിക്കറ്റ് റിസർവ് ചെയ്യുമ്പോൾ തന്നെ അവരുടെ മൊബൈലിൽ എസ്.എം.എസ് മുഖേന ടിക്കറ്റ് ലഭ്യമാക്കുന്നുണ്ട്. (എം-ടിക്കറ്റ്) പ്രസ്തുത ടിക്കറ്റ് ഉപയോഗിച്ച് ബസ്സിൽ യാത്ര ചെയ്യാവുന്നതാണ്. കൂടാതെ ബസ് പുറപ്പെടുന്നതിനുമുൻപായി കണ്ടക്ടർ റിസർവേഷൻ ചാർട്ട് തയ്യാറാക്കുന്നവേളയിൽ സർവ്വീസ് നടത്തുന്ന ബസ്സിന്റെ നമ്പർ, ഔദ്യോഗികമായി മൊബൈൽ ഫോൺ അനുവദിച്ചിട്ടുള്ള ബസ്സുകൾക്ക് പ്രസ്തുത മൊബൈൽ നമ്പർ, ബാക്കിയുള്ള ബസ്സുകൾക്ക് ബസ് പുറപ്പെടുന്ന യൂണിറ്റിലെ ടെലിഫോൺ നമ്പർ എന്നിവയും എസ്.എം.എസ്. മുഖാന്തരം ലഭ്യമാക്കുന്നുണ്ട്. പൊതുജനങ്ങൾക്ക് Mobile Android Application ഉപയോഗിച്ച് ഓൺലൈൻ ടിക്കറ്റുകൾ റിസർവ് ചെയ്യുന്നതിനുള്ള സൗകര്യവും ലഭ്യമാണ്.

### കെ.എസ്.ആർ.ടി.സി.-ക്ക് നൽകിയ ധനസഹായം

334 (2163) ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കെ.എസ്.ആർ.ടി.സി.-ക്ക് സർക്കാർ എത്ര രൂപ ധനസഹായം നൽകിയിട്ടുണ്ട് ; വർഷം തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ ; ലഭിച്ച തുക ഏതൊക്കെ ആവശ്യത്തിനാണ് ഉപയോഗിച്ചിട്ടുള്ളത് ; ബസ്സ് വാങ്ങുന്നതിനായി ഇതിൽനിന്നും എത്ര തുക ഉപയോഗിച്ചു ; എത്ര ബസ്സുകൾ വാങ്ങാൻ കഴിഞ്ഞിട്ടുണ്ട് ;

(ബി) കെ.എസ്.ആർ.ടി.സി. അന്യസംസ്ഥാനങ്ങളിൽനിന്ന് വായ്പ എടുത്തിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഏതൊക്കെ സംസ്ഥാനങ്ങളിൽനിന്നും എത്ര രൂപ വീതമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കെ.എസ്.ആർ.ടി.സി.-യ്ക്ക് അനുവദിച്ചു നൽകിയ തുകയെ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു:

തുക (കോടിയിൽ)

| വർഷം | വായ്പ | പദ്ധതി വിഹിതം | ഗ്രാന്റ്/സബ്സിഡി |
|---|---|---|---|
| 2011-12 | 140 | 42 | 32 |
| 2012-13 | 175 | 57.07 | 28 (ഡീസൽ സബ്സിഡി) |
| 2013-14 | 425 | 59 | ... |
| 2014-15 | 266.41 | 65.42 | ... |
| 2015-16 (നാളിതുവരെ) | 134.40 | 19.55 | ... |
| ആകെ | 1140.81 | 243.04 | 60 |

2011-12 സാമ്പത്തിക വർഷം ലഭ്യമായ വായ്പത്തുക പൂർണ്ണമായും പ്രവർത്തനമൂലധന ചെലവുകൾക്കായാണ് വിനിയോഗിച്ചിട്ടുള്ളത്.

2012-13 സാമ്പത്തിക വർഷം ലഭ്യമായ വായ്പത്തുകയിൽ 50 കോടി രൂപ Special Package നടപ്പിലാക്കുന്നതിനായും ശേഷിക്കുന്ന 125 കോടി രൂപ പ്രവർത്തനമൂലധന ചെലവുകൾക്കുമായാണ് വിനിയോഗിച്ചിട്ടുള്ളത്.

2013-14 സാമ്പത്തിക വർഷത്തെ വായ്പത്തുക പൂർണ്ണമായും പ്രവർത്തന മൂലധന ചെലവുകൾക്കായാണ് വിനിയോഗിച്ചിട്ടുള്ളത്. 2014-15 സാമ്പത്തിക വർഷത്തെ വായ്പത്തുകയിൽ 39.56 കോടി രൂപ ബസ് ഷാസികൾ വാങ്ങുന്നതിനും 76.85 കോടി രൂപ ബോഡീബിൽഡിംഗ് സാമഗ്രികൾ വാങ്ങുന്നതിനും ശേഷിക്കുന്ന തുകയായ 150 കോടി രൂപ പ്രവർത്തനമൂലധന ചെലവുകൾക്കുമായാണ് വിനിയോഗിച്ചിട്ടുള്ളത്.

2011-12 സാമ്പത്തിക വർഷം മുതൽ 2014-15 സാമ്പത്തിക വർഷംവരെ ബസ്സുകൾ വാങ്ങുന്നതിനായി 123.30 കോടി രൂപ പദ്ധതി വിഹിത ഇനത്തിൽ കെ.എസ്.ആർ.ടി.സി-യ്ക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്.

ബസ്സുകൾ വാങ്ങുന്നതിനായി 162.86 കോടി രൂപ വിനിയോഗിച്ചു. ഈ തുക ഉപയോഗിച്ച് 933 ബസ്സുകൾ നിരത്തിൽ ഇറക്കിയിട്ടുണ്ട്. 2015-16 -ൽ അനുവദിച്ച

19.55 കോടി രൂപ വിനിയോഗിച്ച് ബസ്സുകൾ വാങ്ങുന്നതിന് അനുവാദം നൽകിയിട്ടുണ്ട്.

(ബി) കെ.എസ്.ആർ.ടി.സി. അന്യസംസ്ഥാനങ്ങളിൽനിന്ന് വായ്പ എടുത്തിട്ടില്ല.

**കെ.എസ്.ആർ.ടി.സി.-യുടെ സംരക്ഷണം**

335 (2164) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യെ സംരക്ഷിക്കുന്നതിനായി ഈ സർക്കാർ ഏതെങ്കിലും പഠനം നടത്തിയിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ;

(ബി) കെ.എസ്.ആർ.ടി.സി.-യുടെ നിലവിലെ കടം എത്രയാണെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) M/s Varma&Varma എന്ന സ്ഥാപനത്തെകൊണ്ട് കെ.എസ്.ആർ.ടി.സി.-യെ സംരക്ഷിക്കുന്നതിനായി ഒരു സമഗ്രപഠനം നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. തുടർന്ന് ഒരു പുനരുദ്ധാരണ പാക്കേജ് ഗവൺമെന്റ് അംഗീകരിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ വിവിധങ്ങളായ പദ്ധതികൾ നടപ്പാക്കി കോർപ്പറേഷൻ വരുമാനം വർദ്ധിപ്പിച്ച് മുന്നോട്ട് പോകുന്നു.

(ബി) 31-10-2015-ലെ കണക്ക് പ്രകാരമുള്ള കെ.എസ്.ആർ.ടി.സി.-യുടെ ആകെ വായ്പ, ബാദ്ധ്യത സംബന്ധിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു:

| സ്ഥാപനം | തുക (കോടിയിൽ) |
|---|---|
| HUDCO | 182.19 |
| KTDFC | 1205.46 (L.T.LOAN)<br>225.12 (S.T.LOAN) |
| LIC | 65.00 |

| | |
|---|---|
| KST 133 | 7.90 |
| DCB PLKD | 166.90 |
| DCB EKM | 86.59 |
| KSPIFC | 14.60 |
| TOTAL | 1953.76 |

ഇതിനുപുറമേ സർക്കാർ കെ.എസ്.ആർ.ടി.സി. വായ്പയായി തുക അനുവദിച്ചിട്ടുണ്ട്. 31-10-2015-ലെ കണക്ക് പ്രകാരം 1471.56 കോടി രൂപ സർക്കാരിന് കെ.എസ്.ആർ.ടി.സി. വായ്പാ തിരിച്ചടവിനത്തിൽ നൽകാനുണ്ട്. ടി തുകയിൽ 2013-14 വരെ കെ.എസ്.ആർ.ടി.സി.-ക്ക് അനുവദിച്ചുനൽകിയ 1090.75 കോടി രൂപയുടെ വായ്പ സർക്കാരിന്റെ കെ.എസ്.ആർ.ടി.സി.-യിലുള്ള മൂലധനമാക്കി മാറ്റാമെന്ന് തത്വത്തിൽ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ശേഷിക്കുന്ന സർക്കാരിൽ നിന്നുള്ള വായ്പാ ബാധ്യത 380.81 കോടി രൂപയാണ്.

**റോഡ് ട്രാൻസ്പോർട്ട് ഓഫീസ്**

336 (2165) ശ്രീ. റ്റി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആകെ എത്ര റോഡ് ട്രാൻസ്പോർട്ട് ഓഫീസുകളുണ്ടെന്നും, അവ ഏതെല്ലാമാണെന്നും വ്യക്തമാക്കുമോ ;

(ബി) റോഡ് ട്രാൻസ്പോർട്ട് ഓഫീസ് ഇല്ലാത്ത ഏതെങ്കിലും താലൂക്ക് നിലവിലുണ്ടോ ; എങ്കിൽ അവ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് ആകെ 73 റീജിയണൽ/സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകൾ ഉണ്ട്. (18 റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളും 55 സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളും).

തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി,

എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ്, ആർ.ടി.ഒ. നാഷണലൈസ്ഡ് സെക്ടർ (തിരുവനന്തപുരം), ആറ്റിങ്ങൽ, മൂവാറ്റുപുഴ, വടകര എന്നിവയാണ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകൾ.

പാറശ്ശാല, നെയ്യാറ്റിൻകര, നെടുമങ്ങാട്, കഴക്കൂട്ടം, കരുനാഗപ്പള്ളി, കൊട്ടാരക്കര, പുനലൂർ, അടൂർ, തിരുവല്ല, മല്ലപ്പള്ളി, കായംകുളം, ചെങ്ങന്നൂർ, മാവേലിക്കര, ചേർത്തല, ചങ്ങനാശ്ശേരി, കാഞ്ഞിരപ്പള്ളി, പാല, വൈക്കം, വണ്ടിപെരിയാർ, തൊടുപുഴ, തൃപ്പൂണിത്തുറ, പെരുമ്പാവൂർ, ആലുവ, നോർത്ത് പറവൂർ, മട്ടാഞ്ചേരി, കോതമംഗലം, ഇരിങ്ങാലക്കുട, ഗുരുവായൂർ, കൊടുങ്ങല്ലൂർ, വടക്കാഞ്ചേരി, ആലത്തൂർ, മണ്ണാർക്കാട്, ഒറ്റപ്പാലം, പട്ടാമ്പി, പെരിന്തൽമണ്ണ, പൊന്നാനി, തിരൂർ, കൊയിലാണ്ടി, കൊടുവള്ളി, തലശ്ശേരി, തളിപ്പറമ്പ്, കാഞ്ഞങ്ങാട്, കുന്നത്തൂർ, റാന്നി, അങ്കമാലി, ചാലക്കുടി, തിരുരങ്ങാടി, കുട്ടനാട്, ഉഴവൂർ, ദേവികുളം, ഉടുമ്പൻചോല, ചിറ്റൂർ, നിലമ്പൂർ, മാനന്തവാടി, സുൽത്താൻബത്തേരി, എന്നിവയാണ് സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകൾ.

(ബി) സബ് ആർ.ടി. ഓഫീസ് ഇല്ലാത്ത 8 താലൂക്കുകൾ നിലവിലുണ്ട്.

മഞ്ചേശ്വരം, വെള്ളരിക്കുണ്ട്, ഇരിട്ടി, കൊണ്ടോട്ടി, കോന്നി, പത്തനാപുരം, വർക്കല, കാട്ടാക്കട എന്നിവയാണ് ആ താലൂക്കുകൾ.

**കരമന-കളിയിക്കാവിള ദേശീയപാത വികസനം**

337 (2166) <u>ശ്രീ. വി. ശിവൻകുട്ടി</u> : താഴെ കാണുന്ന ചോദ്യത്തിന് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കരമന-കളിയിക്കാവിള ദേശീയപാത വികസനവുമായി ബന്ധപ്പെട്ട് പാപ്പനംകോട്ടുള്ള മുസ്ലീം പള്ളി മാറ്റി സ്ഥാപിക്കുന്നതിനായി കെ.എസ്.ആർ.ടി.സി.-യുടെ സ്ഥലം പാപ്പനംകോട് കെ.എസ്.ആർടി.സി. ഡിപ്പോയുടെ കോമ്പൗണ്ടിൽ അനുവദിക്കുന്നതിനുള്ള നടപടികളുടെ പുരോഗതി വിശദമാക്കുമോ ?

<u>ഉത്തരം</u>

കെ.എസ്.ആർ.ടി.സി. സെൻട്രൽ വർക്ക്ഷോപ്പിന്റെ ഭാഗമായി ഉള്ള 4 സെന്റ് സ്ഥലം ഖബറും, മുസ്ലീം പള്ളിയും മാറ്റി സ്ഥാപിക്കുന്നതിനായി അനുമതി

നൽകി 26-9-2015-ൽ സ.ഉ.(കൈ) 81/2015/പൊ.മ.വ. നമ്പർ ഉത്തരവ് സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്.

എന്നാൽ മേൽ ആവശ്യത്തിലേയ്ക്കായി സ്ഥലം വിട്ടുനൽകുന്നതിന് കെ.എസ്.ആർ.ടി.സി. ഭരണ സമിതി തീരുമാനം കൈക്കൊണ്ടിട്ടില്ല.

**എൽ.പി.ജി. ടാങ്കറുകളുടെ സുരക്ഷ**

338 (2167) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡ് മാർഗ്ഗം ഗതാഗതം ചെയ്യപ്പെടുന്ന എൽ.പി.ജി. ടാങ്കറുകൾ ഗുരുതര അപകടങ്ങളുണ്ടാക്കുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇത്തരം എത്ര അപകടങ്ങൾ ഉണ്ടായിട്ടുണ്ടെന്നും അവയിലൂടെ എത്രപേർക്ക് ജീവഹാനി സംഭവിച്ചിട്ടുണ്ടെന്നുമുള്ള വിവരം അറിയിക്കുമോ ;

(സി) എൽ.പി.ജി. ടാങ്കറുകളുടെ ഗതാഗതം അപകടരഹിതമാക്കുന്നതിന് ആവശ്യമായ നിയന്ത്രണ, മുൻകരുതൽ നടപടികൾ കർശനമായി പാലിക്കാൻ നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 88 എൽ.പി.ജി. ടാങ്കർ വാഹന അപകടങ്ങളിലായി 61 പേർക്ക് ജീവഹാനി സംഭവിച്ചിട്ടുണ്ട്.

(സി) നിർദ്ദേശം നൽകിയിട്ടുണ്ട്. ഇത്തരം ചരക്കുകൾ കൊണ്ടുപോകുന്ന വലിയ വാഹനങ്ങളിൽ സ്പീഡ് ഗവർണർ നിർബന്ധമാക്കിയിട്ടുണ്ട്. 1-10-2006-ന് ശേഷം നിർമ്മിക്കപ്പെടുന്ന ഇത്തരം വാഹനങ്ങളിൽ ആന്റി ലോക്ക് ബ്രേക്കിംഗ് സംവിധാനം നിർബന്ധമാക്കിയിട്ടുണ്ട്. കൂടാതെ ഇത്തരം വാഹനങ്ങൾ ഓടിക്കുന്ന ഡ്രൈവർമാർ എല്ലാ വർഷവും അംഗീകൃത ഏജൻസികൾ നടത്തുന്ന പരിശീലന പരിപാടിയിൽ പങ്കെടുക്കേണ്ടതും ആ വിവരം ഡ്രൈവിംഗ് ലൈസൻസിൽ എന്റോഴ്സ് ചെയ്തു സൂക്ഷിക്കേണ്ടതുമാണ്. ടാങ്കർ ലോറികളിൽ സർക്കാർ നിഷ്കർഷിച്ചിട്ടുള്ള സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടോയെന്നും കർശനമായി പരിശോധിക്കുന്നുണ്ട്. തിരക്കേറിയ സമയങ്ങളിൽ ഇത്തരം വാഹനങ്ങൾ നഗരത്തിലേക്ക് പ്രവേശിക്കുന്നതിന് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്.

**ഗതാഗത നിയമ ലംഘനം കണ്ടെത്താൻ പദ്ധതി**

339 (2168) ശ്രീ. പാലോട് രവി :
ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. ആർ. സെൽവരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗതാഗത നിയമം ലംഘിക്കുന്നവരെ കണ്ടെത്താൻ എന്തെല്ലാം കർമ്മ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത് ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതിവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

ഉത്തരം

(എ) റോഡ് അപകടങ്ങൾ സൃഷ്ടിക്കുന്നതിൽ പ്രധാന കാരണങ്ങളിൽ ഒന്നായ അമിത വേഗത നിയന്ത്രിക്കുന്നതിനായി മോട്ടോർ വാഹന വകുപ്പ് നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അതിന്റെ ഭാഗമായി സ്റ്റേജ് കാര്യേജുകളിലും ഹെവി വാഹനങ്ങളിലും സ്കൂൾ വാഹനങ്ങളിലും ടിപ്പർ വാഹനങ്ങളിലും സ്പീഡ് ഗവേർണർ നിർബന്ധമാക്കിയിട്ടുണ്ട്. സ്പീഡ് ട്രേസറുകൾ, മൊബൈൽ എൻഫോഴ്സ്മെന്റ്സ്ക്വാഡ് എന്നിവ മുഖാന്തിരമുള്ള വാഹന പരിശോധനകളിലും ഓഫീസ് തലങ്ങളിൽ നടത്തുന്ന ചെക്കിംഗുകളിലും അമിതവേഗത്തിലോടുന്ന വാഹനങ്ങൾക്കെതിരെ കർശന നടപടികൾ സ്വീകരി ക്കുന്നുണ്ട്. മദ്യപിച്ചും അശ്രദ്ധയോടെയും വാഹനം ഉപയോഗിക്കുന്നവരുടെ ലൈസൻസ് കണ്ടുകെട്ടുക, സസ്പെൻഡ് ചെയ്യുക, പിഴ ഈടാക്കുക തുടങ്ങിയ നടപടികൾ സ്വീകരിച്ചുവരുന്നു. ജില്ലാതലങ്ങളിൽ സ്പീഡ് ട്രേസറുകൾ ഉപയോഗിച്ചും മേഖലാതലത്തിൽ അത്യാധുനിക റഡാർ സംവിധാനമുള്ള ഇന്റർസെപ്റ്ററുകൾ ഉപയോഗിച്ചും വാഹനങ്ങളുടെ അമിത വേഗത കണ്ടുപിടിക്കുകയും പിഴ ഈടാക്കുകയും ചെയ്യുന്നുണ്ട്. കൂടാതെ പോലീസ് വകുപ്പുമായി ചേർന്ന് സംയുക്ത വാഹന പരിശോധനയും നടത്തിവരുന്നു. ഗതാഗത നിയമ ലംഘകരെ കണ്ടെത്തുകയും അമിത വേഗത്തിലും അലക്ഷ്യമായും വാഹനമോടിക്കുന്നവരെ പിടികൂടുകയും അവർക്കെതിരെ പിഴ ചുമത്തുകയും നിയമ നടപടികൾ സ്വീകരിക്കുകയും ചെയ്യുകവഴി നിയമ ലംഘനങ്ങളും അപകടങ്ങളും കുറയ്ക്കുന്നതിനും മോട്ടോർ വാഹനവകുപ്പ് വിവിധ സ്ഥലങ്ങളിൽ നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കിവരുന്നു. ദേശീയപാതയിൽ

ചേർത്തല മുതൽ മഞ്ചേശ്വരം വരെയും കണ്ണൂർ, തൃശ്ശൂർ, പാലക്കാട്, എറണാകുളം, കോട്ടയം, കൊല്ലം എന്നിവിടങ്ങളിലായി വിവിധ സ്ഥലങ്ങളിലും ക്യാമറാ നിരീക്ഷണ സംവിധാനങ്ങൾ സ്ഥാപിച്ചുകഴിഞ്ഞു.

(ബി) വാഹനാപകടങ്ങളും തൻമൂലമുണ്ടാകുന്ന മരണങ്ങളും കുറയ്ക്കുക, നിയമ ലംഘകരെ കണ്ടെത്തി പിഴ ഈടാക്കുക, അവരെ ബോധവൽക്കരിക്കുന്നതുവഴി തുടർ നിയമ ലംഘനങ്ങൾ ഒഴിവാക്കുകയും ഒരു നല്ല റോഡ് ഗതാഗത സംസ്കാരം നടപ്പിൽ വരുത്തുകയും ചെയ്യുക.

(സി) മോട്ടോർ വാഹന വകുപ്പിന്റെകീഴിലുള്ള മുഴുവൻ എൻഫോഴ്സ്മെന്റ് ഉദ്യോഗസ്ഥരുടേയും സേവനം ഇതിനായി പ്രയോജനപ്പെടുത്തുന്നുണ്ട്. കൂടാതെ വകുപ്പിന്റെ പക്കലുള്ള വാഹനങ്ങളും എൻഫോഴ്സ്മെന്റ് ഉപകരണങ്ങളും ഇതിനായി ഉപയോഗിക്കുന്നു. ഓരോ വർഷവും പദ്ധതിയിനത്തിൽ തുക അനുവദിച്ചുകൊണ്ട് എൻഫോഴ്സ്മെന്റ് ഓട്ടോമേഷൻ നടപ്പാക്കിവരുന്നു. ഡ്രൈവിംഗ് ടെസ്റ്റും വാഹനങ്ങളുടെ ഫിറ്റ്നെസ് പരിശോധനയും ശാസ്ത്രീയമായും കുറ്റമറ്റരീതിയിലും നടത്തുന്നതിനായി ഘട്ടംഘട്ടമായി കമ്പ്യൂട്ടറൈസ്ഡ് വെഹിക്കിൾ ടെസ്റ്റിംഗ് സ്റ്റേഷനുകളും ഡ്രൈവർ ടെസ്റ്റിംഗ് ട്രാക്കുകളും സ്ഥാപിച്ചുവരുന്നു.

**എല്ലാ തപാലുകളും രജിസ്റ്ററിൽ രേഖപ്പെടുത്തുവാൻ നടപടി**

340 (2169) ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ഡിപ്പോകളിൽനിന്ന് കെ.എസ്.ആർ.ടി.സി. ഭവനിലേക്ക് അയയ്ക്കുന്ന എല്ലാ തപാലുകളും രജിസ്റ്ററിൽ രേഖപ്പെടുത്തി നമ്പരിട്ടാണോ വിവിധ സെക്ഷനുകളിലേക്ക് നടപടിക്കായി നൽകാറുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) ജീവനക്കാരുടെ വിവിധ പ്രശ്നങ്ങൾ സംബന്ധിച്ച് ലഭിക്കുന്ന അപേക്ഷകൾ തപാൽ രജിസ്റ്ററിൽ രേഖപ്പെടുത്തി നമ്പർ നൽകാത്തതുകാരണം ഇതു സംബന്ധിച്ച അന്വേഷണങ്ങൾക്കായി വരുന്ന അപേക്ഷകർക്കുണ്ടാകുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; അപേക്ഷകൾ തപാൽ രജിസ്റ്ററിൽ രേഖപ്പെടുത്താത്ത ഉത്തരവാദികൾക്കെതിരെ പരാതി ലഭിച്ചാൽ നടപടി സ്വീകരിക്കുമോ ;

(സി) എല്ലാ തപാലുകളും നമ്പരിട്ട ശേഷംമാത്രം കൃത്യമായി നടപടിക്കായി വിവിധ ഇടങ്ങളിലെത്തിക്കാൻ കർശന നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ) എല്ലാ തപാലുകളിലും നമ്പർ രേഖപ്പെടുത്തിയല്ല വിവിധ സെക്ഷനുകളിലേക്ക് നൽകുന്നത്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്, പരാതി ലഭിച്ചാൽ നടപടി സ്വീകരിക്കുന്നതാണ്.

(സി) കമ്പ്യൂട്ടർവത്ക്കരണം പൂർത്തിയാകുന്നമുറയ്ക്ക് എല്ലാ തപാലുകളിലും നമ്പറിട്ട് ചേർത്ത് നൽകുവാനും കൃത്യത ഉറപ്പാക്കുവാനും കഴിയുന്നതാണ്.

**ചെറായി ബീച്ചിനേയും മൂന്നാറിനേയും ബന്ധിപ്പിച്ചുകൊണ്ട് സർവ്വീസ്**

341 (2170) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗോശ്രീ പാലംവഴി സർവ്വീസ് നടത്തുന്നതിന് കെ.എസ്.ആർ.ടി.സി.-ക്ക് പെർമിറ്റ് അനുവദിക്കരുതെന്ന് കോടതി ഉത്തരവ് നിലവിലുണ്ടോ ; വിശദീകരിക്കാമോ ;

(ബി) ഇല്ലെങ്കിൽ വിനോദസഞ്ചാര കേന്ദ്രങ്ങളായ ചെറായി ബീച്ചിനെയും മൂന്നാറിനെയും ബന്ധിപ്പിച്ചുകൊണ്ട് മുമ്പ് നിലവിലുണ്ടായിരുന്ന പ്രസ്തുത സർവ്വീസ് പുനരാരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) അത്തരത്തിൽ ഒരു ഉത്തരവ് നിലവിലില്ല.

(ബി) മൂന്നാറിൽ നിന്നും നടത്തിയിരുന്ന ചെറായി സർവ്വീസ് കോടതി ഇടപെടലിനെ തുടർന്ന് എറണാകുളം വരെയായി ചുരുക്കുകയുണ്ടായി. നിലവിൽ ഇത് സംബന്ധമായി കോടതിയിൽ കേസ്സുകൾ ഇല്ലായെങ്കിലും മൂന്നാർ-ചെറായി ആയി സർവ്വീസ് നടത്തിയിരുന്നപ്പോൾ മതിയായ വരുമാനം ലഭിച്ചിരുന്നില്ല. ഈ സാഹചര്യത്തിൽ ഈ സർവീസ് ചെറായിലേക്ക് നീട്ടുന്നകാര്യം ഇപ്പോൾ പരിഗണനയിലില്ല.

**മലബാർ മേഖലയിൽ ജെ.എൻ.എൻ.യു.ആർ.എം. ബസ്സുകൾ**

342 (2172) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജെ.എൻ.എൻ.യു.ആർ.എം. പദ്ധതി പ്രകാരമുള്ള ബസ്സുകൾ അനുവദിക്കുന്നതിൽ

മലബാർ മേഖലയോട് അവഗണന കാണിക്കുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കോഴിക്കോട്, കണ്ണൂർ, വയനാട്, കാസർകോട് ജില്ലകളിലെ യാത്രാ ദുരിതം പരിഹരിക്കുന്നതിന് കൂടുതൽ ജെ.എൻ.എൻ.യു.ആർ.എം. ബസ്സുകൾ അനുവദിക്കുന്നകാര്യം പരിഗണിക്കുമോ ;

(സി) പ്രസ്തുത പദ്ധതിയിൽ ബസ്സുകൾ അനുവദിക്കുന്നതിന്റെ മാനദണ്ഡം എന്തെല്ലാമാണ് ; വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. മലബാർ മേഖലയ്ക്ക് ആനുപാതികമായ പരിഗണന നൽകിയിട്ടുണ്ട്, നിലവിൽ

| | | |
|---|---|---|
| തൃശ്ശൂർ | - | 20 (12 A/c, 8 Non A/c) |
| മലപ്പുറം | - | 14 (8 A/c, 6 Non A/c) |
| കോഴിക്കോട് | - | 21 (15 A/c, 6 Non A/c) എന്നിങ്ങനെ ബസ്സുകൾ അനുവദിച്ചിട്ടുണ്ട്. |

(ബി&സി) NATPAC തയ്യാറാക്കിയതും Ministry of Urban Development അംഗീകരിച്ചതുമായ Detailed Project Report പ്രകാരമാണ് ബസ്സുകൾ അനുവദിക്കുന്നത്.

### ആലപ്പുഴ ജില്ലയ്ക്ക് അനുവദിച്ച ലോ ഫ്ളോർ ബസ്സുകൾ

343 (2173) <u>ശ്രീ. ജി. സുധാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിൽ ആകെ എത്ര ലോ ഫ്ലോർ ബസുകളാണ് അനുവദിച്ചിട്ടുള്ളതെന്ന് ഡിപ്പോ തിരിച്ച് വ്യക്തമാക്കാമോ ;

(ബി) ആലപ്പുഴ ഡിപ്പോയ്ക്ക് അനുവദിച്ചിട്ടുള്ള ലോ ഫ്ലോർ ബസ്സുകൾ ഏതെല്ലാം റൂട്ടുകളിലാണ് സർവ്വീസ് നടത്തുന്നതെന്ന് വ്യക്തമാക്കാമോ ;

(സി) ആലപ്പുഴ ഡിപ്പോയ്ക്ക് കൂടുതൽ ലോ ഫ്ലോർ ബസ്സുകൾ അനുവദിക്കാൻ നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) ആലപ്പുഴ ജില്ലയിൽ 14 എ.സി. ലോ ഫ്ളോർ ബസ്സുകളും 12 നോൺ എ.സി. ലോ ഫ്ളോർ ബസ്സുകളും ഉൾപ്പെടെ ആകെ 26 ലോ ഫ്ളോർ ബസ്സുകളാണ്

അനുവദിച്ചിട്ടുള്ളത്.

<u>ഡിപ്പോ തിരിച്ചുള്ള വിവരം :</u>

| | | |
|---|---|---|
| ആലപ്പുഴ | - | 14 എ.സി. 2 നോൺ എ.സി. |
| ചെങ്ങന്നൂർ | - | 2 നോൺ എ.സി. |
| ചേർത്തല | - | 3 നോൺ എ.സി. |
| എടത്വ | - | 1 നോൺ എ.സി. |
| ഹരിപ്പാട് | - | 2 നോൺ എ.സി. |
| കായംകുളം | - | 1 നോൺ എ.സി. |
| മാവേലിക്കര | - | 1 നോൺ എ.സി. |
| ആകെ | - | 26 ബസ്സുകൾ |

(ബി)

| | | |
|---|---|---|
| ആലപ്പുഴ | - | ഇൻഫോ പാർക്ക് |
| ആലപ്പുഴ | - | ചെങ്ങന്നൂർ |
| ആലപ്പുഴ | - | പത്തനംതിട്ട |
| ആലപ്പുഴ | - | കോട്ടയം - മെഡിക്കൽകോളേജ് |
| ആലപ്പുഴ | - | ഫോർട്ടുകൊച്ചി - ശിവഗിരി |
| ആലപ്പുഴ | - | എറണാകുളം - തിരുവനന്തപുരം |
| ആലപ്പുഴ | - | തിരുവനന്തപുരം - എറണാകുളം (2 സർവ്വീസുകൾ) |
| ആലപ്പുഴ | - | പാല |
| ആലപ്പുഴ | - | മൂന്നാർ (2 സർവ്വീസുകൾ) |
| ആലപ്പുഴ | - | നിലമ്പൂർ |
| ആലപ്പുഴ | - | അമ്പലപ്പുഴ – ഗുരുവായൂർ |
| ആലപ്പുഴ | - | ചേർത്തല – ഹരിപ്പാട് (നോൺ എ.സി.) |
| ആലപ്പുഴ | - | മാവേലിക്കര-ചെങ്ങന്നൂർ (നോൺ എ.സി.) |

എന്നീ റൂട്ടുകളിലാണ് സർവ്വീസ് നടത്തുന്നത്.

(സി) NATPAC തയ്യാറാക്കിയതും Ministry of Urban Development അംഗീകരിച്ചതുമായ Detailed Project Report പ്രകാരം JnNURM ബസ്സുകൾ

അനുവദിക്കുന്നതാണ്.

**കൈനകരി - പൂപ്പള്ളി -ചമ്പക്കുളം ബസ് സർവ്വീസ്**

344 (2174) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽനിന്നും കൈനകരി, പൂപ്പള്ളിവഴി ചമ്പക്കുളത്തേക്ക് രാവിലെയും വൈകിട്ടും ഓരോ ബസ് സർവ്വീസ് ആരംഭിക്കുന്നതിനാവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോ ;

(ബി) എടത്വാ ഡിപ്പോയിൽനിന്നോ ചങ്ങനാശ്ശേരി ഡിപ്പോയിൽ നിന്നോ മിത്രക്കരി ഭാഗത്തേക്ക് പകൽ 11 മണി സമയത്ത് ഒരു ബസ് സർവ്വീസ് ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ആലപ്പുഴ ഡിപ്പോയിൽനിന്നും രാവിലെ 6 മണിക്ക് കൈനക്കരി-പൂപ്പള്ളിവഴി ചങ്ങനാശ്ശേരിക്ക് ഒരു സർവ്വീസ് ഇപ്പോൾ നടത്തിവരുന്നുണ്ട്. രാവിലേയും വൈകിട്ടും ബസ് സർവ്വീസ് ലഭ്യമാക്കണമെങ്കിൽ പുതിയ ഒരു സർവീസ് ആരംഭിക്കേണ്ടിയിരിക്കുന്നു. ബസ്സിന്റെ കുറവ് അനുഭവപ്പെടുന്നതിനാൽ ഇപ്പോൾ സർവ്വീസ് ആരംഭിക്കുന്നകാര്യം പരിഗണനയിലില്ല.

(ബി) എടത്വാ ഡിപ്പോയിൽനിന്നുള്ള 5.10 ആലപ്പുഴ സർവ്വീസിന് രാവിലെ 11.20-ന് എടത്വ-കളങ്ങര-മിത്രകരിവഴി ഒരു ട്രിപ്പ് നിലവിലുണ്ട്. ചങ്ങനാശ്ശേരി ഡിപ്പോയിൽനിന്നും മേൽപറഞ്ഞ സമയത്ത് ഒരു സർവ്വീസ് ആരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

**ടിപ്പർ ലോറികൾമൂലമുള്ള അപകടങ്ങൾ**

345 (2175) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടിപ്പർ ലോറികൾമൂലമുള്ള അപകടങ്ങളിൽ എത്ര മരണങ്ങൾ സംഭവിച്ചിട്ടുണ്ടെന്ന ഇക്കഴിഞ്ഞ അഞ്ച് വർഷങ്ങളിലെ കണക്കുകൾ ജില്ലാടിസ്ഥാനത്തിൽ ലഭ്യമാക്കാമോ ;

(ബി) ടിപ്പർ ലോറികളുടെ അമിത വേഗതമൂലമുള്ള അപകടങ്ങൾ ഒഴിവാക്കുന്നതിന്

നിലവിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ) അനുബന്ധമായി* ചേർത്തിട്ടുണ്ട്.

(ബി) കേരളത്തിലെ എല്ലാ ടിപ്പർലോറികളിലും പ്രവർത്തനക്ഷമമായ സ്പീഡ് ഗവേർണർ നിർബന്ധമാക്കിയിട്ടുണ്ട്. കൂടാതെ, സ്കൂൾ കുട്ടികളും മറ്റ് യാത്രക്കാരും കൂടുതൽ യാത്ര ചെയ്യുന്ന രാവിലെ 9 മണി മുതൽ 10 മണിവരെയും വൈകിട്ട് 4 മുതൽ 5 വരെയും ഓരോ മണിക്കൂർ വീതം ടിപ്പർ വാഹനങ്ങൾ നിരത്തിലിറക്കരുതെന്ന് ഉത്തരവ് നൽകിയിട്ടുണ്ട്. സ്പീഡ് ഗവേർണർ നിർബന്ധമാക്കിയിട്ടുണ്ടെങ്കിലും ചില ടിപ്പർ ലോറികൾ അത് കേടുവരുത്തി വേഗതാ പരിധി പാലിക്കാതെ ഓടുന്നതുമൂലം അപകടങ്ങൾ ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് വകുപ്പിലെ എല്ലാ ഉദ്യോഗസ്ഥർക്കും അവരവരുടെ അധികാരപരിധിയിലെ സ്ഥലങ്ങളിൽ പരിശോധന നടത്തി കേന്ദ്ര മോട്ടോർ വാഹന ചട്ടം 118 അനുസരിച്ച് സ്പീഡ് ഗവേർണറുകൾ സീൽ ചെയ്യാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

**വാളയാർ-വടക്കഞ്ചേരി ദേശീയപാതയിലെ അപകടങ്ങൾ**

346 (2176) <u>ശ്രീ. എം. ചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാളയാർ വടക്കഞ്ചേരി ദേശീയപാതയിലെ ആലത്തൂർ മേഖലയിൽ വൻതോതിൽ അപകടങ്ങൾ നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ആലത്തൂർ സ്വാതി ജംഗ്ഷനിലെ പാത നിർമ്മാണവുമായി ബന്ധപ്പെട്ട് പരാതി ലഭ്യമായിട്ടുണ്ടോ ;

(സി) കഴിഞ്ഞ ആറുമാസത്തിനിടയ്ക്ക് ഇവിടെ എത്ര അപകടങ്ങൾ ഉണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ഡി) സ്വാതി ജംഗ്ഷനിലെ റോഡിന്റെ അശാസ്ത്രീയമായ നിർമാണം മൂലമാണ് അപകടങ്ങൾ വർദ്ധിപ്പിക്കുന്നതെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) പ്രസ്തുത അപാകതകൾ പരിഹരിച്ച് സിഗ്നൽ സംവിധാനം നടപ്പിലാക്കുന്ന കാര്യം പരിഗണിക്കുമോ ?

<u>ഉത്തരം</u>

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(എ) ഉണ്ട്.

(ബി) മോട്ടോർ വാഹനവകുപ്പിൽ പരാതി ലഭിച്ചിട്ടില്ല.

(സി) സ്വാതി ജംഗ്ഷനിൽ 4 എണ്ണം.

(ഡി) ഉണ്ട്.

(ഇ) വാളയാർ വടക്കഞ്ചേരി ദേശീയപാതയിലെ റോഡ് നിർമ്മാണത്തിലെ അശാസ്ത്രീയത കൊണ്ടുണ്ടാകുന്ന റോഡപകടങ്ങൾ കുറയ്ക്കുന്നതിനും അപാകതകൾ പരിഹരിക്കുന്നതിനും വേണ്ടി പാലക്കാട് ജില്ലാകളക്ടർ 24-11-2015-ന് ബഹു. പാലക്കാട് എം.പി. ശ്രീ. എം. ബി. രാജേഷ് അവർകളുടെ നിർദ്ദേശാനുസരണം യോഗം വിളിച്ചുചേർത്തിരുന്നു. പ്രസ്തുത യോഗത്തിൽ സിഗ്നൽ സംവിധാനം നടപ്പിലാക്കുന്നതിനായി അടിയന്തര നടപടികൾ എടുക്കാൻ തീരുമാനിച്ചിട്ടുണ്ട്.

## പുതുതായി അനുവദിച്ച കെ.എസ്.ആർ.ടി.സി. ബസ്സുകൾ

347 (2177) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കെ.എസ്.ആർ.ടി.സി. ഡിപ്പോകൾക്ക് പുതിയതായി അനുവദിച്ച ബസ്സുകൾ എത്രയാണ് എന്ന് മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കാസർകോട് അസംബ്ലി നിയോജക മണ്ഡലത്തിൽ എത്ര പുതിയ കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ ആരംഭിച്ചിട്ടുണ്ട് ; നേരത്തെ സർവ്വീസ് നടത്തിയിരുന്ന ഏതെങ്കിലും റൂട്ടിൽ സർവ്വീസ് റദ്ദാക്കിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകാമോ ;

(സി) കാസർഗോഡ് കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ ഇപ്പോൾ എത്ര ബസ്സുകൾ വിവിധ ഭാഗങ്ങളിൽ സർവ്വീസ് നടത്തുന്നുണ്ട് ; റൂട്ടുകൾ തിരിച്ചുള്ള കണക്കുകൾ വ്യക്തമാക്കാമോ ;

(ഡി) പ്രസ്തുത ഡിപ്പോയിൽ ആവശ്യത്തിന് അനുസരിച്ച് ബസുകൾ ഉണ്ടോ ; അവിടെ ജീവനക്കാരുടെ കുറവുണ്ടോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കെ.എസ്.ആർ.ടി.സി. ഡിപ്പോകൾക്ക് പുതിയതായി അനുവദിച്ച ബസ്സുകൾ മണ്ഡലം തിരിച്ചുള്ള കണക്ക് അനുബന്ധം I ആയി* ചേർത്തിരിക്കുന്നു.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാസർഗോഡ് അസംബ്ലി നിയോജകമണ്ഡലത്തിൽ 3 ജൻറം സർവ്വീസുകൾ ഉൾപ്പെടെ 4 പുതിയ സർവ്വീസുകൾ കെ.എസ്.ആർ.ടി.സി. ആരംഭിച്ചിട്ടുണ്ട്. നടത്തിയിരുന്ന സർവ്വീസുകൾ ഒന്നും തന്നെ സ്ഥിരമായി റദ്ദാക്കിയിട്ടില്ല. ബസ്സിന്റെയും ജീവനക്കാരുടെയും കുറവ് അനുഭവപ്പെടുമ്പോൾ ചില സർവ്വീസുകൾ താൽക്കാലികമായി റദ്ദാക്കാറുണ്ട്.

(സി) കാസർഗോഡ് കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ Super Deluxe-2, Super Express-1, Fast Passenger-22, Ordinary-69, JnNURM-3, എന്നിങ്ങനെ 97 ബസ്സുകൾ 76 വിവിധ റൂട്ടുകളിലായി സർവീസുകൾ നടത്തി വരുന്നുണ്ട്. അവയുടെ വിശദവിവരം അനുബന്ധം 2 ആയി ചേർത്തിട്ടുണ്ട്.*

(ഡി) 5 എക്സ്പ്രസ് ബസ്സുകളുടേയും 13 ഓർഡിനറി ബസ്സുകളുടേയും കുറവുണ്ട്. ജീവനക്കാരുടെ കുറവില്ല.

**കാൻസർ രോഗികൾക്ക് സൗജന്യയാത്ര**

348 (T2178) <u>ശ്രീ. കെ. കെ. ജയചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാൻസർ രോഗികൾക്ക് കെ.എസ്.ആർ.ടി.സി. ബസിൽ സൗജന്യ യാത്ര അനുവദിച്ചിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(ബി) പ്രസ്തുത ഉത്തരവുപ്രകാരം പാസ് നൽകുന്നതിന് കെ.എസ്.ആർ. ടി.സി. മാനദണ്ഡങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ എന്തൊക്കെ എന്ന് വിശദീകരിക്കാമോ ;

(സി) രോഗിക്കും സഹായിയായി യാത്ര ചെയ്യുന്നയാൾക്കും സൗജന്യപാസ് അനുവദിക്കുന്നകാര്യം പരിഗണനയിലുണ്ടോ ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന്

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

വ്യക്തമാക്കുമോ ; ഇപ്രകാരം സൗജന്യപാസ്സ് അനുവദിക്കുന്നകാര്യം പരിഗണിക്കുമോ ?

<u>ഉത്തരം</u>

(എ) അനുവദിച്ചിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി* ചേർക്കുന്നു.

(ബി) ഉണ്ട്. കാൻസർ രോഗികൾക്ക് അവരുടെ സ്ഥിരമായ താമസ സ്ഥലത്തുനിന്നും മെഡിക്കൽകോളേജ്, റീജിയണൽ കാൻസർ സെന്ററുകൾ തുടങ്ങിയ അംഗീകൃത കാൻസർ ചികിത്സാ കേന്ദ്രങ്ങളിലേക്കും തിരിച്ചും ചികിത്സക്ക് പോകുന്ന ദിവസം കെ.എസ്.ആർ.ടി.സി.-യുടെ എല്ലാ ഓർഡിനറി, സിറ്റി ഫാസ്റ്റ്, ലിമിറ്റഡ് സ്റ്റോപ്പ്, ഫാസ്റ്റ് പാസഞ്ചർ ബസുകളിലും യാത്രാ കൂലിയിൽ 50% സൗജന്യ നിരക്ക് അനുവദിച്ചുകൊണ്ട് കോർപ്പറേഷൻ 23-5-2012-ൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) പരിഗണനയിലുണ്ട്. നിലവിൽ കാൻസർ രോഗികൾക്ക് യാത്രാസൗജന്യം നൽകി വരുന്നതുപോലെ കാൻസർ രോഗിയെ അനുഗമിക്കുന്ന ഒരാളിനും, കിഡ്നി രോഗികൾക്കും ഒരു സഹയാത്രികനും അംഗീകൃത ചികിത്സാ കേന്ദ്രങ്ങളിലേക്ക് ചികിത്സയ്ക്ക് പോകുന്നതിനും മടങ്ങുന്നതിനും കെ.എസ്.ആർ.ടി.സി.യുടെ എല്ലാ ഓർഡിനറി ബസ്സുകളിലും സിറ്റി ഫാസ്റ്റ്, ലിമിറ്റഡ് സ്റ്റോപ്പ്, ലിമിറ്റഡ് സ്റ്റോപ്പ് ഫാസ്റ്റ് പാസഞ്ചർ, റിസർവേഷൻ ഇല്ലാത്ത എല്ലാ ഫാസ്റ്റ് പാസഞ്ചർ ബസ്സുകളിലും ഇതിനാവശ്യമായ തുക കെ.എസ്.ആർ.ടി.സി.-ക്ക് ലഭ്യമാക്കുന്നതിന് സാമൂഹ്യനീതി വകുപ്പിന്റെ ബജറ്റിൽ വകകൊള്ളിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ ടി വകുപ്പിൽ നിന്നും കെ.എസ്.ആർ.ടി.സി.-ക്ക് മുൻകൂർ പണം കൈമാറുകയും ചെയ്യണമെന്ന വ്യവസ്ഥക്ക് വിധേയമായി, 50% സൗജന്യയാത്രാ പാസ് നൽകുന്നതിന് കെ.എസ്.ആർ.ടി.സി.-ക്ക് നിർദ്ദേശം നൽകി 9-1-2015-ൽ സ.ഉ. (കൈ) 66/2015/ ഗതാഗതം നമ്പരായി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

**കാസർഗോഡ്-മംഗളൂർ റൂട്ടിൽ സർവ്വീസ് നടത്തുന്ന സ്വകാര്യ ബസ്സുകൾ**

349 (2179) <u>ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ്-മംഗളൂർ അന്തർ സംസ്ഥാന റൂട്ടിൽ നിലവിൽ സ്വകാര്യബസ്സുകൾ സർവ്വീസ് നടത്തുന്നുണ്ടോ ; വിശദാംശങ്ങൾ അറിയിക്കുമോ ;

(ബി) ഈ റൂട്ടിൽ സ്വകാര്യ ബസ്സുടമസ്ഥർ സർവ്വീസ് നടത്തുന്നതിന് അനുമതിയ്ക്കായി കോടതിയെ സമീപിച്ചിരുന്നുവോ ; വിശദമാക്കുമോ ;

(സി) സംസ്ഥാന സർക്കാർ ഈ കേസ്സിൽ എന്ത് നിലപാടാണ് കോടതിയിൽ എടുത്തിട്ടുള്ളതെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) ഇല്ല. കാസർഗോഡ്-മംഗളൂർ അന്തർ സംസ്ഥാന റൂട്ടിൽ നേരിട്ട് ഡബിൾ പോയിന്റ് ടാക്സ് അടിസ്ഥാനത്തിലും സിംഗിൾ പോയിന്റ് ടാക്സ് അടിസ്ഥാനത്തിലും നിലവിൽ സ്വകാര്യ ബസ്സുകൾ സർവ്വീസ് നടത്തുന്നില്ല. പക്ഷേ സിംഗിൾ പോയിന്റ് ടാക്സ് അടിസ്ഥാനത്തിൽ-

1. കണ്ണൂർ - കൊല്ലൂർ റൂട്ടിൽ (via കാസർഗോഡ് - മംഗളൂർ)
2. കണ്ണൂർ - മംഗളൂർ റൂട്ടിൽ (via കാസർഗോഡ് )
3. കോഴിക്കോട് - മംഗളൂർ റൂട്ടിൽ (via കാസർഗോഡ് )

ആയി നിലവിൽ 3 സ്വകാര്യ ബസ്സുകൾ സർവ്വീസ് നടത്തുന്നുണ്ട്.

(ബി) സമീപിച്ചിരുന്നു. കാസർഗോഡ്-മംഗളൂർ അന്തർ സംസ്ഥാന റൂട്ടിൽ ഡബിൾ പോയിന്റ് ടാക്സ് അടിസ്ഥാനത്തിൽ കോടതി വിധികളുടെ അടിസ്ഥാനത്തിൽ കുറച്ച് സ്വകാര്യ ബസ്സുകൾ സർവ്വീസ് നടത്തിക്കൊണ്ടിരുന്നു. എന്നാൽ ഇതു സംബന്ധിച്ച് സ്റ്റേറ്റ് ട്രാൻസ്പോർട്ട് അപ്പലേറ്റ് ട്രൈബ്യൂണലിൽ നില നിന്നിരുന്ന അപ്പീലുകൾ സർക്കാരിനനുകൂലമായി തീർപ്പ് കൽപ്പിച്ചപ്പോൾ ടി സ്വകാര്യ ബസ്സുകൾക്ക് Stop Memo നൽകുകയുണ്ടായി. അതിനുശേഷം സ്വകാര്യ ബസ്സുടമകൾ, ബഹു.ഹൈക്കോടതി, കേരള മുമ്പാകെ Writ Petition- കൾ ഫയൽ ചെയ്തു. ബഹു. ഹൈക്കോടതി, 15-11-2013 തീയതിയിൽ പൊതു ജഡ്ജ്മെന്റിലൂടെ പതിനേഴ് കേസ്സുകൾ തീർപ്പുകൽപ്പിച്ചു. ടി വിധിന്യായത്തിനെതിരായി, കർണ്ണാടക കെ.എസ്.ആർ.ടി.സി., കേരള സർക്കാർ എന്നിവരൊക്കെ ബഹു. ഹൈക്കോടതി, കേരള മുമ്പാകെ Writ Appeal ഫയൽ ചെയ്യുകയുണ്ടായി. സ്വകാര്യ ബസ്സുടമസ്ഥർ, സ്റ്റേറ്റ് ട്രാൻസ്പോർട്ട് അപ്പലേറ്റ് ട്രൈബ്യൂണൽ, എറണാകുളത്ത് വീണ്ടും അപ്പീലുകൾ ഫയൽ ചെയ്യുകയുണ്ടായി. അവയും തീർപ്പാക്കിയിട്ടില്ല. WP(C) No. 8210/2013-ൽ 15-11-2013 തീയതിയിലെ വിധിന്യായത്തിനെതിരായി കർണ്ണാടക സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ ബഹു. കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WA No. 1955/2013, 14-10-2015-ൽ തീർപ്പാക്കുകയും റിട്ട് പെറ്റീഷനിലെ വിധി സ്ഥിരപ്പെടുത്തുകയും ചെയ്തു.

(സി) അന്തർ സംസ്ഥാന ഗതാഗത കരാറിലെ വ്യവസ്ഥകൾക്കനുസൃതമായ നിലപാടാണ് സർക്കാർ കോടതിയിൽ സ്വീകരിച്ചിട്ടുള്ളത്.

**പുതുക്കാട് കെ.എസ്.ആർ.ടി.സി. ഡിപ്പോയിലെ ജീവനക്കാരുടെ ഒഴിവ്**

350 (2180) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും

പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗതാഗത വകുപ്പുമന്ത്രിയുമായി ചർച്ചനടത്തി തീരുമാനമായിട്ടും പുതുക്കാട് കെ.എസ്.ആർ.റ്റി.സി. ഡിപ്പോയിൽ ജീവനക്കാരുടെ ഒഴിവ് നികത്തിയിട്ടില്ല എന്ന കാര്യം അറിയുമോ ;

(ബി) എങ്കിൽ ആവശ്യമായ ജീവനക്കാരെ എന്ന് നിയമിക്കാനാകുമെന്ന് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) ഗതാഗത വകുപ്പുമന്ത്രിയുമായി ചർച്ച നടത്തി തീരുമാനമെടുത്തതിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ ജീവനക്കാരെ കെ.എസ്.ആർ.ടി.സി. പുതുക്കാട് ഡിപ്പോയിൽ നിയമിച്ചിരുന്നുവെങ്കിലും പി.എസ്.സി.-യിൽ നിന്നും നിയമിച്ച കണ്ടക്ടർമാർ ജോലിയിൽ പ്രവേശിക്കാത്തതാണ് പുതുക്കാട് ഡിപ്പോയിൽ കണ്ടക്ടർ വിഭാഗത്തിലുള്ള ജീവനക്കാരുടെ ഒഴിവുകൾ ഉണ്ടാകുവാൻ കാരണം.

(ബി) ആവശ്യമായ ജീവനക്കാരെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**കൊയിലാണ്ടി നിയോജകമണ്ഡലത്തിലെ വികസന പദ്ധതികൾ**

351 (2181) <u>ശ്രീ. കെ. ദാസൻ</u> : താഴെ കാണുന്ന ചോദ്യത്തിന് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഗതാഗത വകുപ്പുമന്ത്രിയുടെ കീഴിലുള്ള വിവിധ വകുപ്പുകൾമുഖേന കൊയിലാണ്ടി നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ എന്തെല്ലാം; ഓരോ പദ്ധതിക്കും ഭരണാനുമതി നൽകി അനുവദിച്ച തുക എത്ര ; വകുപ്പ് തിരിച്ച് വ്യക്തമാക്കുമോ ; പ്രസ്തുത പദ്ധതികളുടെ നിലവിലെ അവസ്ഥ വിശദമാക്കുമോ ?

<u>ഉത്തരം</u>

പദ്ധതികളൊന്നും നടപ്പിലാക്കിയിട്ടില്ല.

**പേരൂർക്കട കെ.എസ്.ആർ.ടി.സി. ഡിപ്പോയിലെ ബസ് ക്ഷാമം**

352 (2182) <u>ശ്രീ. കെ. മുരളീധരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം പേരൂർക്കട കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ അനുവദിച്ചിട്ടുള്ള ഷെഡ്യൂളുകളുടെയും ബസ്സുകളുടെയും എണ്ണം ലഭ്യമാക്കാമോ ;

(ബി) അംഗീകൃത ഷെഡ്യൂളുകൾ ഓപ്പറേറ്റ് ചെയ്യുന്നതിന് ഇപ്പോൾ എത്ര ബസ്സുകളുടെ കുറവുണ്ട് ;

(സി) പ്രസ്തുത ഡിപ്പോയിൽ ആവശ്യമായ ബസ്സുകൾ അനുവദിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) പേരൂർക്കട ഡിപ്പോയിൽനിന്നും 95 കെ.എസ്.ആർ.ടി.സി. സർവ്വീസുകളും 15 ജൻറം സർവ്വീസുകളും നടത്തുന്നതിനാണ് അനുമതി നൽകിയിട്ടുള്ളത്. തിരുവനന്തപുരം പേരൂർക്കട ഡിപ്പോയിൽ അനുവദിച്ചിട്ടുള്ള ഷെഡ്യൂളുകൾ നിലവിലുള്ള ബസ്സുകൾ എന്നിവ സംബന്ധിച്ച വിവരം താഴെ പറയും പ്രകാരമാണ്:

| ഇനം | ഷെഡ്യൂളുകൾ | ബസുകൾ |
|---|---|---|
| City Fast | 41 | 38 |
| Ordinary | 54 | 24 |
| JnNURM | 15 | 15 |
| Total | 110 | 77 |

(ബി) സിറ്റി ഫാസ്റ്റിന് സ്പെയർ ഉൾപ്പെടെ 7 ബസ്സുകളുടേയും സിറ്റി ഓർഡിനറിക്ക് സ്പെയർ ഉൾപ്പെടെ 35 ബസ്സുകളുടേയും കുറവുണ്ട്.

(സി) പുതിയ ബസ്സുകൾ നിരത്തിലിറക്കുന്നമുറയ്ക്ക് ബസ്സുകൾ അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

**വാഹനങ്ങളിലെ ഹോണുകൾ**

353 (2183) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും

പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാഹനങ്ങളിലെ ഉച്ചത്തിൽ ശബ്ദം പുറപ്പെടുവിക്കുന്ന ഹോണുകൾ നീക്കം ചെയ്യുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) ഹോണുകളുടെ ശബ്ദതീവ്രത അളക്കാൻ വേണ്ടത്ര ഉപകരണങ്ങൾ ബന്ധപ്പെട്ട വകുപ്പുകൾക്ക് ലഭ്യമാക്കിയിട്ടുണ്ടോ ;

(സി) ഇത് സംബന്ധിച്ച നിയമലംഘനത്തിനെതിരെ പൊതുജനങ്ങൾക്ക് പരാതിപ്പെടാനും പരിഹാരം തേടാനും ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത നിയമലംഘകർക്ക് നിശ്ചയിച്ചിട്ടുള്ള ശിക്ഷ എന്താണെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) വാഹനങ്ങൾ രജിസ്റ്റർ ചെയ്യുന്ന സമയത്തും വാഹന പരിശോധനാ സമയത്തും വാഹനങ്ങളിൽ നിയമപ്രകാരമുള്ള ഹോൺ തന്നെയാണോ ഉപയോഗിക്കുന്നത് എന്ന് ഉറപ്പുവരുത്താറുണ്ട്. ഫിറ്റ്നെസ് സർട്ടിഫിക്കറ്റ് നല്കുന്ന സമയത്ത് ഇതു സംബന്ധിച്ച് പരിശോധകൾ നടത്താറുണ്ട്. കൂടാതെ എയർ ഹോണിന്റെ ഉപയോഗം ഇല്ലാതാക്കുക എന്ന ഉദ്ദേശത്തോടുകൂടി നിരവധി നിർദ്ദേശങ്ങൾ നല്കിയിട്ടുണ്ട്. ഈ വിഷയവുമായി ബന്ധപ്പെട്ട് പ്രത്യേക ചെക്കിംഗുകളും സ്ഥിരമായി നടത്തിവരുന്നുണ്ട്.

(ബി) വേണ്ടത്ര ഉപകരണങ്ങൾ ലഭ്യമാക്കിയിട്ടില്ല. എന്നാൽ റോഡ് സേഫ്റ്റി ഫണ്ട് ഉപയോഗിച്ച് കോഴിക്കോട് ജില്ലയ്ക്ക് ശബ്ദതീവ്രത അളക്കുന്നതിനുള്ള 14 ഉപകരണങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്.

(സി) ബന്ധപ്പെട്ട റീജിയണൽ/സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളിൽ നേരിട്ടോ, ഇ-മെയിൽവഴിയോ പരാതി സമർപ്പിക്കാവുന്നതാണ്. കൂടാതെ മേഖലാതല ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർക്കോ, ട്രാൻസ്പോർട്ട് കമ്മീഷണർക്കോ നേരിട്ടും പരാതി സമർപ്പിക്കാവുന്നതാണ്.

(ഡി) പ്രസ്തുത നിയമ ലംഘകർക്കെതിരെ 1988-ലെ കേന്ദ്ര മോട്ടോർ വാഹന നിയമത്തിലെ 177-ാം വകുപ്പ് പ്രകാരം നടപടി സ്വീകരിക്കുന്നതാണ്. പ്രസ്തുത വകുപ്പ് പ്രകാരം ഒന്നാമത്തെ കുറ്റത്തിന് 100 രൂപയും രണ്ടാമത്തേതോ, തുടർന്നുള്ളതോ ആയ കുറ്റങ്ങൾക്ക് 300 രൂപ വരെയും പിഴ ഈടാക്കാവുന്നതാണ്.

## ആറ്റിങ്ങൽ മേഖലയിലെ വാഹനാപകടം കുറയ്ക്കാൻ നടപടി

354 (2184) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാമം പാലമുൾപ്പെടുന്ന പ്രദേശം അപകടരഹിതമാക്കുന്നതിന് മോട്ടോർ വാഹനവകുപ്പും റോഡ് സേഫ്റ്റി അതോറിറ്റിയും എന്തെല്ലാം നടപടിയാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വിശദമാക്കാമോ ;

(ബി) മാമം പാലത്തിൽ 20-11-2015-ന് മൂന്ന് പേരുടെ മരണത്തിനിടയാക്കിയ അപകടത്തിന് ശേഷം ആറ്റിങ്ങൽ മേഖലയിൽ വാഹനാപകടം കുറയ്ക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചുവെന്നതിന്റെ വിശദവിവരം ലഭ്യമാക്കാമോ ?

ഉത്തരം

(എ) മാമം പാലം ഉൾപ്പെടുന്ന റോഡിൽ മദ്ധ്യഭാഗത്തായി ഡെലിനേറ്ററുകളും മറ്റും സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശം ഹൈവേ അതോറിറ്റിക്ക് നൽകുകയും അവർ അത് പാലിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ രാത്രി കാലങ്ങളിലും പകലിലും കർശനമായ ചെക്കിംഗും പെട്രോളിംഗും നടത്തുന്നുണ്ട്.

(ബി) ഈ മേഖലയിൽ പെട്രോളിംഗും ചെക്കിംഗും കൂടുതൽ കർശനമാക്കി. കൂടാതെ പ്രൈവറ്റ് ബസ്സുകളുടെ ഉള്ളിലും പുറകിലും അമിതവേഗത ശ്രദ്ധയിൽപ്പെട്ടാൽ ബന്ധപ്പെടുന്നതിനും മേൽനടപടി സ്വീകരിക്കുന്നതിനും മോട്ടോർ വാഹന വകുപ്പിന്റെ എൻഫോഴ്സ്മെന്റ് വിഭാഗത്തിന്റെ ഫോൺ നമ്പർ പതിപ്പിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു. പ്രൈവറ്റ് ബസ്സ് ഡ്രൈവർമാർക്ക് 9-12-2015 മുതൽ റോഡ് സേഫ്റ്റി ബോധവൽക്കരണങ്ങൾ സംഘടിപ്പിക്കുന്നതിനുള്ള നടപടിയും ആരംഭിച്ചു. എല്ലാ പ്രൈവറ്റ് ബസ്സുകളും കർശനമായ ചെക്കിംഗിന് വിധേയമാക്കിക്കൊണ്ടിരിക്കുന്നു.

## നെടുങ്ങാട് പ്രദേശത്തെ ഗതാഗത പ്രശ്നം

355 (2185) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യത്തിന് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നായരമ്പലം നെടുങ്ങാട് പ്രദേശത്തെ ഗതാഗതപ്രശ്നം പരിഹരിക്കുന്നതു സംബന്ധിച്ച് മോട്ടോർ വാഹന വകുപ്പ് റോഡ് ഓഡിറ്റിങ്ങ് നടത്തിയിരുന്നുവോയെന്ന് വ്യക്തമാക്കുമോ ; റിപ്പോർട്ടിന്റെ വിശദാംശം ലഭ്യമാക്കുമോ ; സ്വീകരിച്ച തുടർ നടപടി വിശദീകരിക്കാമോ ;

ഉത്തരം

നടത്തിയിരുന്നു. താഴെപ്പറയുന്നവയാണ് റോഡ് ഓഡിറ്റിംഗിന്റെ ഫലമായി ഉയർന്നു വന്ന പൊതു നിർദ്ദേശങ്ങൾ:

1. ഏറ്റവും അധികം അപകടങ്ങൾ സംഭവിച്ചിട്ടുള്ളത് കാൽനടക്കാർക്കായതിനാൽ വൈപ്പിൻമുതൽ മുനമ്പംവരെയും ഫുട്പാത്ത് നിർമ്മിക്കുകയുംഅത് കാൽ നടക്കാർക്ക് മുറിച്ചുകടക്കാൻ പ്രത്യേകം അടയാളപ്പെടുത്തുന്ന സ്ഥലങ്ങൾ ഒഴികെ മറ്റെല്ലാ സ്ഥലത്തും വേലികെട്ടി തിരിയ്ക്കുകയും ചെയ്യുക.
2. എല്ലാ ജംഗ്ഷനുകളും ശാസ്ത്രീയമായി പുനഃക്രമീകരിക്കുക.
3. ജംഗ്ഷനുകളിൽ ഹൈമാസ്റ്റ് ലൈറ്റ് സംവിധാനമൊരുക്കുക.
4. സർവൈലൻസ് ക്യാമറകൾ സ്ഥാപിച്ച് ഞാറയ്ക്കൽ പോലീസ് സ്റ്റേഷനിൽ നിയന്ത്രണ സംവിധാനമേർപ്പെടുത്തുക.
5. സിഗ്നൽ സംവിധാനങ്ങളിൽ ക്യാമറകൾ സ്ഥാപിക്കുക.
6. റോഡിൽ ആവശ്യമായ നിയന്ത്രണരേഖകൾ അടയാളപ്പെടുത്തുക.
7. ട്രാഫിക്ക് സൈൻ ബോർഡുകൾ സ്ഥാപിക്കുക.
8. പ്രധാനനിരത്തിലേക്ക് പ്രവേശിക്കുന്ന ചെറിയ റോഡുകളിലെ വേഗത നിയന്ത്രിയ്ക്കുന്നതിന് റമ്പിൾ സ്ട്രിപ്പുകൾ നിർമ്മിക്കുക.
9. ബസ് ബേകൾ നിർമ്മിക്കുക.
10. ബസ് ഷെൽട്ടറുകൾ ആധുനികരീതിയിൽ നിർമ്മിക്കുക.

ഈ പൊതുവായ നിർദ്ദേശങ്ങൾ - റോഡ് ഓഡിറ്റ് റിപ്പോർട്ട് കേരള റോഡ് സുരക്ഷാ അതോറിറ്റിയുടെയും പൊതുമരാമത്ത് വകുപ്പിന്റേയും പരിഗണനയ്ക്കും തുടർ നടപടികൾക്കുമായി സമർപ്പിച്ചിരിക്കുകയാണ്.

**ബഡ്ജറ്റിൽ ഗതാഗത വകുപ്പിന് കീഴിലുള്ള പദ്ധതികൾ**

356 (2186) <u>ശ്രീ. സി. കെ. സദാശിവൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2013-14 ലെ സംസ്ഥാന ബഡ്ജറ്റിൽ ഗതാഗതവകുപ്പിന് കീഴിൽ ആരംഭിക്കുമെന്ന് പ്രഖ്യാപിച്ചിരുന്ന പദ്ധതികളിൽ ഇനിയും പൂർത്തിയാക്കാൻ കഴിയാത്ത പദ്ധതികൾ ഉണ്ടോ ; വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത ബഡ്ജറ്റിൽ വകുപ്പിന് കീഴിലുള്ള പദ്ധതികൾക്ക് ഓരോന്നിനുമായി വകയിരുത്തപ്പെട്ടതും അനുവദിക്കപ്പെട്ടതും ട്രഷറിയിൽനിന്നും പിൻവലിക്കാതെ അവശേഷിച്ചതുമായ തുകകൾ എത്ര ;

(സി) തുടർന്നുള്ള ബഡ്ജറ്റുകളിൽ തുക വകയിരുത്തപ്പെട്ട പദ്ധതികളുണ്ടോ ; എങ്കിൽ

ഓരോന്നിനും വകയിരുത്തിയിരുന്നതുക, അനുവദിച്ച തുക,പിൻവലിക്കാതെ അവശേഷിച്ച തുക എന്നിവ തരം തിരിച്ച് വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി) വിവിരം ശേഖരിച്ചുവരുന്നു.

**റോഡപകടങ്ങൾ ഉണ്ടാക്കുന്നവരുടെ ലൈസൻസ് റദ്ദാക്കുന്നതിനുള്ള നടപടി**

357 (2187) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യത്തിന് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സ്ഥിരമായി റോഡപകടങ്ങൾ ഉണ്ടാക്കുന്നവരുടെ ലൈസൻസ് പൂർണ്ണമായും റദ്ദാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

1988-ലെ കേന്ദ്ര മോട്ടോർ വാഹന നിയമത്തിലെ 19-ാം വകുപ്പ് അനുസരിച്ച് സ്ഥിരം കുറ്റവാളികളോ, മദ്യപാനികളോ, ലഹരി വസ്തുക്കൾ ഉപയോഗിക്കുന്നവരോ കുറ്റകൃത്യങ്ങൾ നടത്താൻ വാഹനം ഉപയോഗിച്ചവരോ, ഉപയോഗിക്കുന്നവരോ പൊതുജനങ്ങൾക്ക് അപകടം ഉണ്ടാക്കുംവിധം വാഹനമോടിക്കുന്നവരോ ആയ ഡ്രൈവർമാരുടെ ലൈസൻസ് അപകടങ്ങളുടെ ഗൗരവം അനുസരിച്ച് ഒരു നിശ്ചിത കാലയളവിലേക്ക് അയോഗ്യമാക്കുകയും പതിവായി അപകടങ്ങൾ സൃഷ്ടിക്കുന്നവരും പല തവണ ഡ്രൈവിംഗ് ലൈസൻസ് സസ്പെൻഡ് ചെയ്യപ്പെട്ടവരും നിരന്തരം ടി കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നവരുമായ ഡ്രൈവർമാരുടെ ഡ്രൈവിംഗ് ലൈസൻസ് റദ്ദാക്കുകയും ചെയ്യാറുണ്ട്.

**ഗതാഗതവകുപ്പിന് കീഴിലുള്ള പദ്ധതികൾ**

358 (2188) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2012-13 വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ ഗതാഗതവകുപ്പിന് കീഴിലുള്ള വിവിധ പദ്ധതികൾക്കായി എത്ര തുകയാണ് വകയിരുത്തിയിരുന്നത് ;

(ബി) ഇതിൽ എത്ര തുക വീതം ഓരോ പദ്ധതിക്കും അനുവദിച്ചു ; എത്ര തുക

വീതം പിൻവലിക്കാതെ ട്രഷറിയിൽ ബാക്കിയുണ്ട് ; വ്യക്തമാക്കാമോ ;

(സി) ഇവയിൽ തുടർന്നുള്ള ബഡ്ജറ്റുകളിൽ തുക വകയിരുത്തപ്പെട്ട പദ്ധതികളുണ്ടോ ; എങ്കിൽ ഓരോ വർഷവും എത്ര തുക വീതം അനുവദിക്കപ്പെട്ടു ; എത്ര തുക പിൻവലിക്കാതെ അവശേഷിക്കുന്നു ; വ്യക്തമാക്കാമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

**തൊട്ടിൽപ്പാലം - വടകര ചെയിൻ സർവ്വീസ്**

359 (2189) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊട്ടിൽപ്പാലം കെ.എസ്.ആർ.ടി.സി. സബ് ഡിപ്പോയിൽനിന്നും വടകരയ്ക്ക് ചെയിൻ സർവ്വീസ് ആരംഭിക്കേണ്ട ആവശ്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതുമായി ബന്ധപ്പെട്ട് അപേക്ഷകൾ ലഭിച്ചിട്ടുണ്ടോ ; വിശദാംശം നൽകാമോ ;

(സി) ആയത് ആരംഭിക്കാൻ വൈകുന്നതിന്റെ കാരണവും പ്രസ്തുത സർവ്വീസ് എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) ജനപ്രതിനിധികളിൽനിന്നും സംഘടനകളിൽനിന്നും അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. വടകര - തൊട്ടിൽപ്പാലം ചെയിൻ സർവ്വീസ് ആരംഭിക്കുന്നതിനായി 6 ഷെഡ്യൂളുകൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്. ബസ്സുകളുടെ കുറവുമൂലം പ്രസ്തുത സർവ്വീസ് ആരംഭിക്കുവാൻ ഇതുവരേയും കഴിഞ്ഞിട്ടില്ല. ബസ്സുകൾ ലഭ്യമാകുന്ന മുറയ്ക്ക് ടി ചെയിൻ സർവ്വീസ് ആരംഭിക്കാവുന്നതാണ്.

**ഓട്ടോറിക്ഷകളിൽ മീറ്റർ**

360 (2190) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടാക്സി സവാരി നടത്തുന്ന ഓട്ടോറിക്ഷകളിൽ ഏതെങ്കിലും വിഭാഗത്തിനെ മീറ്റർ ഘടിപ്പിക്കുന്നതിൽനിന്നും ഒഴിവാക്കിയിട്ടുണ്ടോ ;

(ബി) ഭൂരിപക്ഷം ഓട്ടോറിക്ഷകളിലും മീറ്റർ പ്രവർത്തിക്കാറില്ലെന്നുള്ള വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പ്രസ്തുത വസ്തുത പരിശോധിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള സംവിധാനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(ഡി) മീറ്ററുകൾ പ്രവർത്തിപ്പിക്കാതെ ഓടിക്കുന്ന എത്ര ഓട്ടോറിക്ഷകൾക്കെതിരെ കഴിഞ്ഞ വർഷം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) വാഹന പരിശോധനാ സമയത്ത്, ചില ഓട്ടോറിക്ഷകളിൽ മീറ്റർ പ്രവർത്തിക്കുന്നില്ല എന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ഓട്ടോറിക്ഷാ ഡ്രൈവർമാർക്ക് ബോധവൽക്കരണ ക്ലാസ്സുകൾ നടത്തുകയും ഓട്ടോറിക്ഷാ സ്റ്റാൻഡുകളിൽ പരിശോധന നടത്തുകയും ചെയ്യുന്നുണ്ട്. ഓട്ടോറിക്ഷകൾക്ക് രജിസ്ട്രേഷൻ, ഫിറ്റ്നെസ് സർട്ടിഫിക്കറ്റ് ഉൾപ്പെടെയുള്ള എല്ലാ സർവ്വീസുകളും ചെയ്തുകൊടുക്കുന്നത് ലീഗൽ മെട്രോളജി വകുപ്പ് സീൽ ചെയ്ത മീറ്റർ ഘടിപ്പിച്ചിട്ടുണ്ട് എന്ന് ഉറപ്പുവരുത്തിയതിനുശേഷം മാത്രമാണ്. കൂടാതെ വാഹന പരിശോധനാ സമയത്ത് മീറ്റർ പരിശോധന കർശനമാക്കിയിട്ടുണ്ട്. എൻഫോഴ്സ്മെന്റ് പരിശോധനയിലും ഫെയർ മീറ്ററിന് പ്രത്യേക പരിഗണന നൽകിയിട്ടുണ്ട്.

(ഡി)

| | |
|---|---|
| തിരുവനന്തപുരം | 71 |
| കൊല്ലം | 261 |
| ആലപ്പുഴ | 115 |
| പത്തനംതിട്ട | 51 |
| കോട്ടയം | 77 |
| തൃശ്ശൂർ | 156 |

| | |
|---|---|
| മലപ്പുറം | 120 |
| കോഴിക്കോട് | 32 |
| കണ്ണൂർ | 344 |
| പാലക്കാട് | 110 |
| കാസർഗോഡ് | 56 |
| വയനാട് | 116 |
| എറണാകുളം | 307 |
| ഇടുക്കി | 28 |
| ആകെ | 1844 |

**കുട്ടനാട്ടിലേക്ക് ബസ് സർവ്വീസുകൾ**

361 (2191) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യത്തിന് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കെ. എസ്. ആർ. ടി. സി. എടത്വ, ആലപ്പുഴ, ചങ്ങനാശ്ശേരി ഡിപ്പോകളുടെകീഴിൽ ഏതെല്ലാം ബസ് സർവ്വീസുകൾ കുട്ടനാട്ടിലേക്ക് ആരംഭിച്ചുവെന്ന വിശദവിവരം ലഭ്യമാക്കുമോ ?

ഉത്തരം

ഈ സർക്കാർ അധികാരമേറ്റശേഷം കെ.എസ്.ആർ.ടി.സി. കുട്ടനാട്ടിലേക്ക് ആരംഭിച്ച പുതിയ സർവ്വീസുകൾ.

എടത്വ യൂണിറ്റ് :

എടത്വ – ചിറയകം

ചങ്ങനാശ്ശേരി യൂണിറ്റ് :

1. കോലോത്ത് ജെട്ടി - ഭരണങ്ങാനം
2. കോലോത്ത് ജെട്ടി - മെഡിക്കൽ കോളേജ്
3. 4.30 ഗുരുവായൂർ ഫാസ്റ്റ് (കുട്ടനാട് വഴി)
4. 6.30 കോഴിക്കോട് (കുട്ടനാട് വഴി)

5. 4.50 ചങ്ങനാശ്ശേരി-ആലപ്പുഴ റെയിൽവേസ്റ്റേഷൻ (കുട്ടനാട് വഴി)
6. ചങ്ങനാശ്ശേരി-പുളിങ്കുന്ന്-വലിയപ്പള്ളി

ആലപ്പുഴ യൂണിറ്റ് :

1. 6.00 കൈനകരിവഴി ചങ്ങനാശ്ശേരി
2. 6.50 മങ്കൊമ്പ്-ചമ്പക്കുളം-കണ്ടംകരിവഴി ചക്കുളത്ത് കടവ്
3. 7.40 പടന്നാരം കടത്ത് കടവ്
4. 6.10 ചിറയകം
5. 19.00 ചങ്ങനാശ്ശേരി
6. 13.40 ചങ്ങനാശ്ശേരിവഴി ബാലൻപിള്ള സിറ്റി (ഫാസ്റ്റ്)
7. 6.35 പാലാ (ജൻറം)
8. 5.50 പത്തനംതിട്ട (ജൻറം)
9. 6.50 ചെങ്ങന്നൂർ (ജൻറം)
10. 7.10 ഇൻഫോപാർക്ക്-ചങ്ങനാശ്ശേരി (ജൻറം)

**റോഡപകടങ്ങൾക്കായി സമഗ്ര പദ്ധതി**

362 (2192) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡപകടങ്ങൾ കുറയ്ക്കുന്നതിന് ഒരു സമഗ്ര പദ്ധതി റോഡ് സേഫ്റ്റി അതോറിറ്റി ആസൂത്രണം ചെയ്ത് നടപ്പിലാക്കുമെന്ന 2012-13 ലെ ബഡ്ജറ്റ് പ്രഖ്യാപനം യഥാർത്ഥ്യമായിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) റോഡപകടങ്ങൾ കുറയ്ക്കുന്നതിനുള്ള എന്തെല്ലാം പദ്ധതികൾ ഇതുവരെ അതോറിറ്റി നടപ്പിലാക്കിയിട്ടുണ്ട് ; ഇതിന്റെ ഫലമായി അപകടങ്ങൾ കുറയ്ക്കുന്നതിന് സാധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(സി) സംസ്ഥാന, ജില്ലാതലങ്ങളിൽ ആക്സിഡന്റ് റിവ്യൂ കമ്മിറ്റികൾ രൂപീകരിക്കുമെന്ന പ്രസ്തുത ബഡ്ജറ്റിലെ പ്രഖ്യാപനം നടപ്പിലാക്കിയിട്ടുണ്ടോ ; വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത കമ്മിറ്റികൾക്ക് റോഡപകടങ്ങളുടെ കാരണവും പരിഹാരവും കണ്ടെത്താൻ സാധിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ&ബി) ഉണ്ട്. കേരള റോഡ് സേഫ്റ്റി അതോറിറ്റി റോഡപകടങ്ങൾ കുറയ്ക്കുന്നതിന് ജില്ലാ സുരക്ഷാ കൗൺസിലുകൾ, വിവിധ വകുപ്പുകൾ എന്നിവ മുഖേന നടപ്പിലാക്കിവരുന്ന വിവിധ പദ്ധതികൾ ചുവടെ വിവരിക്കുന്നു:

◆ ദൃശ്യ-ശ്രവ്യ അച്ചടി മാധ്യമങ്ങളുടെ സാധ്യത ഉപയോഗിച്ച് റോഡ് സുരക്ഷയെപ്പറ്റി പൊതുജനങ്ങളെ ബോധവൽക്കരണം നടത്തി അച്ചടക്കമുള്ള ട്രാഫിക്ക് സംസ്കാരം രൂപപ്പെടുത്തുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

◆ ടിപ്പർലോറി/ചരക്കുവാഹനം എന്നിവയുടെ ഡ്രൈവർമാർക്ക് നാറ്റ്പാക്ക് വഴി റോഡുസുരക്ഷ പരിശീലനം നൽകുന്നതിനായി സാമ്പത്തിക സഹായം നൽകുന്നു.

◆ റോഡ് സുരക്ഷാ ബോധവൽക്കരണം വ്യാപകമാക്കുന്നതിന്റെ ഭാഗമായി കേരളത്തിലെ സാധ്യമാകുന്ന എല്ലാ സിനിമാ തിയേറ്ററുകളിലൂടെയും റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട ഹ്രസ്വ ചിത്രങ്ങൾ സംപ്രേക്ഷണം ചെയ്യുവാനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

◆ രാത്രികാല എയർപോർട്ട് യാത്രാ അപകടങ്ങൾ നിയന്ത്രിക്കുന്നതിന്റെ ഭാഗമായി രാത്രികാല സവാരി നടത്തുന്ന ഡ്രൈവർമാരെയും യാത്രക്കാരേയും ബോധവൽക്കരിക്കുന്നതിനായി അച്ചടിച്ച ലഘുലേഖകൾ കേരളത്തിലെ മൂന്ന് അന്താരാഷ്ട്ര വിമാനത്താവളങ്ങളുടെ പരിധിയിൽവരുന്ന റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരുടെ നേതൃത്വത്തിൽ രാത്രികാലങ്ങളിൽ വിതരണം ചെയ്തുവരുന്നു.

◆ ഡ്രൈവർമാരെ ബോധവൽക്കരിക്കുന്നതിന്റെ ഭാഗമായി റോഡ് 'റെഗുലേഷൻസ് ' എന്ന ലഘുലേഖ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർ മുഖേന എല്ലാ ജില്ലകളിലും വിതരണം ചെയ്തുവരുന്നു.

◆ സ്കൂൾ വിദ്യാർത്ഥികളെ ബോധവൽക്കരിക്കുന്നതിന്റെ ഭാഗമായി നാറ്റ്പാക്ക് തയ്യാറാക്കിയ 'സ്കൂളുകളിലേക്കുള്ള സുരക്ഷിതപാത', 'അദ്ധ്യാപക പഠന സഹായി', എന്നീ പുസ്തകങ്ങളുടെയും ഇംഗ്ലീഷ്, മലയാളം വാല്യങ്ങളുടെ കോപ്പികൾ അച്ചടിച്ച് കേരളത്തിലെ സ്കൂളുകളിൽ വിതരണം ചെയ്തുവരുന്നു.

◆ നാറ്റ്പാക്ക് തയ്യാറാക്കിയ അഞ്ച് റോഡ് സുരക്ഷാ ഹ്രസ്വചിത്രങ്ങൾ

കേരളത്തിലെ സ്കൂളുകളിൽ പ്രദർശിപ്പിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.

◆ റോഡ് സുരക്ഷാ പ്രവർത്തനങ്ങളിൽ വിദ്യാർത്ഥികളെ പങ്കാളിയാക്കുവാൻ കേരളത്തിലെ സ്കൂൾ കോളേജുകളിൽ റോഡ് സുരക്ഷാ ക്ലബുകൾ രൂപീകരിച്ചിട്ടുണ്ട്.

◆ ബോധവൽക്കരണ പരിപാടികൾ കൂടാതെ പോലീസ്, മോട്ടോർ വാഹന വകുപ്പുകൾ കർശന വാഹന പരിശോധനയും നടത്തുന്നുണ്ട്.

◆ ട്രാഫിക്ക് നിയമം തെറ്റിക്കൽ, മദ്യപിച്ച് വാഹനം ഓടിക്കൽ, അമിത വേഗത മുതലായവ കണ്ടെത്തി കുറ്റക്കാരെ ശിക്ഷിക്കുവാൻ വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.

◆ പൊതുമരാമത്ത് വകുപ്പുവഴി അപകടസാധ്യത കൂടുതലുള്ള ബ്ലാക്ക്സ്പോർട്ടുകൾ കണ്ടെത്തുകയും അത് പരിഹരിക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

◆ ജില്ലാതലത്തിൽ റോഡ് സുരക്ഷ കാര്യക്ഷമമാക്കുന്നതിനുവേണ്ടി എല്ലാ ജില്ലകളിലേയും ജില്ലാ റോഡ് സുരക്ഷാ കൗൺസിലുകൾക്ക് തുക നൽകിവരുന്നു.

◆ പൊതുമരാമത്ത് വകുപ്പ് മുഖാന്തിരം സ്കൂളുകൾക്ക് സമീപം ഉണ്ടാകുന്ന അപകടങ്ങൾ കുറയ്ക്കുന്നതിന് സ്കൂൾ സേഫ് സോൺ നിർമ്മിക്കുവാനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.

◆ പോലീസ് വകുപ്പുവഴി പോലീസ് ഉദ്യോഗസ്ഥർക്ക് ട്രാഫിക്ക് ട്രെയിനിംഗ് നൽകുവാനും രണ്ട് ഡിജിറ്റലൈസ്ഡ് ട്രാഫിക്ക് എഡ്യൂക്കേഷൻ വാഹനങ്ങൾ തയ്യാറാക്കുവാനും നടപടി സ്വീകരിച്ചിട്ടുണ്ട്.

◆ എല്ലാ ജില്ലകളിലും ട്രാഫിക്ക് ട്രെയിനിംഗ് പാർക്ക് നിർമ്മിക്കുവാനും ഹൈവേയിലേക്ക് ചെറിയവഴികൾ പ്രവേശിക്കുന്ന സ്ഥലത്ത് "നിൽക്കൂ, നോക്കൂ, നീങ്ങൂ" എന്ന സൈൻബോർഡ് സ്ഥാപിക്കുവാനും നടപടി സ്വീകരിച്ചുവരുന്നു.

◆ ആരോഗ്യവകുപ്പുവഴി ട്രോമോകെയർ ശക്തിപ്പെടുത്താൻ നടപടി സ്വീകരിച്ചുവരുന്നു.

◆ പൊതുമരാമത്ത് വകുപ്പുവഴി ക്രാഷ് ബാരിയേറുകൾ നിർമ്മിക്കുവാനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

◆ പോലീസ് വകുപ്പിന് 'ശുഭയാത്ര' എന്ന ട്രാഫിക്ക് ബോധവൽക്കരണ പരിപാടി നടത്തുന്നതിന് 2014-15 സാമ്പത്തിക വർഷത്തിൽ 6 കോടി രൂപ അനുവദിക്കുവാൻ തീരുമാനിച്ചു.

മേൽ പദ്ധതികൾവഴി അപകടങ്ങൾ കുറയ്ക്കുന്നതിന് സാധിച്ചിട്ടുണ്ട്. സ്റ്റേറ്റ് ക്രൈം റിക്കാർഡ് ബ്യൂറോയുടെ കണക്ക് പ്രകാരമുള്ള വാഹനാപകടങ്ങൾ സംബന്ധിച്ചുള്ള താരതമ്യ പഠന വിവരം താഴെ ചേർക്കുന്നു:

| വർഷം | അപകട നിരക്ക് | മരണ നിരക്ക് | റിമാർക്സ് |
|---|---|---|---|
| 2011 | 35,216 | 4,145 | |
| 2012 | 36,174 | 4,286 | മുൻവർഷത്തേക്കാൾ അപകടങ്ങൾ 958 ആയും മരണനിരക്ക് 141 ആയും കൂടിയിട്ടുണ്ട്. |
| 2013 | 35,215 | 4,258 | മുൻവർഷത്തേക്കാൾ അപകടങ്ങൾ 959 ആയി കൂടിയെങ്കിലും മരണനിരക്ക് 28 ആയി കുറഞ്ഞു. |
| 2014 | 36,282 | 4,049 | മുൻവർഷത്തേക്കാൾ അപകടങ്ങൾ 1067 ആയി കൂടിയെങ്കിലും മരണനിരക്ക് 209 ആയി കുറഞ്ഞു. |

ഓരോ വർഷവും കേരളത്തിൽ 5 ലക്ഷം വാഹനങ്ങൾക്ക് ലൈസൻസ് നൽകുന്നുണ്ട്. ഇതിന് അനുസൃതമായി റോഡുകളുടെ സൗകര്യങ്ങൾ വർദ്ധിക്കുന്നില്ല എന്നുള്ളതാണ് വസ്തുത. വാഹന വർദ്ധനവുമായി താരതമ്യം ചെയ്യുമ്പോൾ അപകട നിരക്ക് കൂടുന്നില്ല.

(സി) നടപ്പിലാക്കിയിട്ടുണ്ട്. 30-6-2012-ലെ സർക്കാർ ഉത്തരവ് നമ്പർ 343/2012/ഗത. പ്രകാരം സംസ്ഥാന ജില്ലാതലങ്ങളിൽ ആക്സിഡന്റ് റിവ്യൂ കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്.

(ഡി) സാധിച്ചിട്ടുണ്ട്. ജില്ലാ ആക്സിഡന്റ് റിവ്യൂ കമ്മിറ്റി ചേർന്ന് റോഡപകടങ്ങളുടെ കാരണവും പരിഹാരവും കണ്ടെത്തി ആയതിന്റെ റിപ്പോർട്ട് സംസ്ഥാന ആക്സിഡന്റ് റിവ്യൂ കമ്മിറ്റിക്ക് അയച്ചു തരുകയും 6-7-2014, 4-8-2014

എന്നീ തീയതികളിൽ കൂടിയ സംസ്ഥാന ആക്സിഡന്റ് റിവ്യൂ കമ്മിറ്റി, ജില്ലാ ആക്സിഡന്റ് റിവ്യൂ കമ്മറ്റികളുടെ റിപ്പോർട്ട് പരിശോധിച്ചിട്ടുണ്ട്.

**മോട്ടോർ വാഹന വകുപ്പിൽ 529 പുതിയ തസ്തികകൾ**

363 (2193) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മോട്ടോർ വാഹന വകുപ്പിൽ 529 പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിനായിട്ടുള്ള ഗതാഗത കമ്മീഷണറുടെ ശിപാർശ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ എംപവേർഡ് കമ്മിറ്റി പരിശോധിച്ച് മന്ത്രിസഭയുടെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതുമായി ബന്ധപ്പെട്ട് മന്ത്രിസഭ എടുത്ത തീരുമാനങ്ങൾ എന്തെല്ലാം ; വിശദമാക്കുമോ?

ഉത്തരം

(എ) സമർപ്പിച്ചിരുന്നു.

(ബി) എംപവേർഡ് കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ മോട്ടോർ വാഹന വകുപ്പിൽ 55 മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർ തസ്തികകൾ സൃഷ്ടിക്കുവാൻ 20-2-2013-ലെ മന്ത്രിസഭായോഗം തീരുമാനിച്ചു. കൂടാതെ, എക്സിക്യൂട്ടീവ് മിനിസ്റ്റീരിയൽ വിഭാഗങ്ങളിലായി 178 അധിക തസ്തികകളും 28 ഡ്രൈവർ തസ്തികകളും വകുപ്പിൽ നിലവിലുള്ള 40 തസ്തികകൾ (39 ടൈപ്പിസ്റ്റ് തസ്തികകളും ഒരു റോണിയോ ഓപ്പറേറ്റർ തസ്തികയും) സൂപ്പർ ന്യൂമററിയായി കണക്കാക്കുമെന്ന വ്യവസ്ഥയിലും ഇ-പേമെന്റ് സംവിധാനം സംസ്ഥാനത്തെ എല്ലാ ജില്ലകളിലും രണ്ടുമാസത്തിനുള്ളിൽ ഫലപ്രദമായി നടപ്പിലാക്കണമെന്ന വ്യവസ്ഥയിലും സൃഷ്ടിക്കുവാനും 20-3-2013-ലെ മന്ത്രിസഭായോഗം തീരുമാനിക്കുകയുണ്ടായി. ഈ തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ സർക്കാർ ഉത്തരവുകളും പുറപ്പെടുവിച്ചിട്ടുണ്ട്.

**വാഹന അപകടങ്ങൾ**

364 (2194) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ രണ്ടുവർഷത്തിനിടെ സംസ്ഥാനത്ത് വാഹന അപകടത്തിൽ എത്ര പേർ മരിച്ചു എന്നും പരിക്കേറ്റവർ എത്രയെന്നും വ്യക്തമാക്കുമോ ;

(ബി) റോഡ് സുരക്ഷാ ഫണ്ടിൽനിന്നും കഴിഞ്ഞ 3 വർഷത്തിനിടെ റോഡുകളുടെ സുരക്ഷയ്ക്കായി എന്തൊക്കെ കാര്യങ്ങൾ ചെയ്തു എന്നും ഇതിനായി എത്ര രൂപ ചെലവഴിച്ചു എന്നും വിശദമാക്കുമോ ;

(സി) കഴിഞ്ഞ 3 വർഷത്തിനിടെ, വാഹനങ്ങളുടെ രജിസ്ട്രേഷൻ, ഫീ, ഫൈൻ, ടാക്സ് എന്നീ ഇനത്തിൽ മോട്ടോർ വാഹന വകുപ്പിന് എന്തു തുക ലഭിച്ചു എന്ന് വിശദമാക്കുമോ ;

(ഡി) ഇതിൽ എത്ര രൂപ റോഡുകളുടെ സുരക്ഷയ്ക്കുവേണ്ടി ചെലവഴിച്ചു എന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) കഴിഞ്ഞ രണ്ടുവർഷത്തിനിടയിൽ സംസ്ഥാനത്ത് വാഹനാപകടങ്ങളിൽ 8307 പേർ മരണപ്പെടുകയും 81442 പേർക്ക് പരിക്കേൽക്കുകയുമുണ്ടായി.

(ബി) റോഡ് സുരക്ഷാ ഫണ്ടിൽനിന്നും കഴിഞ്ഞ മൂന്ന് വർഷത്തിനിടെ റോഡുകളുടെ സുരക്ഷക്കായി വിവിധ വകുപ്പുകൾക്കും ജില്ലാ റോഡ് സുരക്ഷാ കൗൺസിലുകൾക്കുമായി നൽകിയ ഫണ്ടുകളുടെ വിവരം അനുബന്ധമായി* ചേർത്തിരിക്കുന്നു.

(സി) 2012-2015 മാർച്ച് വരെ ഫീസിനത്തിൽ 617.31 കോടി രൂപയും പിഴയിനത്തിൽ 235.10 കോടി രൂപയും ടാക്സായി 5356.74 കോടി രൂപയും മോട്ടോർ വാഹന വകുപ്പിന് ലഭിച്ചു.

(ഡി) റോഡ് സുരക്ഷാ അതോറിറ്റിയിൽനിന്നും റോഡ് സുരക്ഷാ പ്രവർത്തനങ്ങൾക്കായി 59,24,11,301 രൂപ ചെലവഴിച്ചിട്ടുണ്ട്.

**പുതിയ ജോയിന്റ് ആർ.റ്റി. ഓഫീസുകൾ**

365 (2195) <u>ശ്രീ. കെ. ബി. ഗണേഷ് കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(എ) ഈ സർക്കാർ വന്നതിനുശേഷം അനുവദിച്ച എല്ലാ താലൂക്കുകളിലും ജോയിന്റ് ആർ. റ്റി. ഓഫീസ് അനുവദിച്ചിട്ടുണ്ടോ; ഏതൊക്കെ താലൂക്കുകളിലാണ് അനുവദിച്ചിട്ടുള്ളതെന്നും ഇനി അനുവദിക്കാനുള്ള താലൂക്കുകൾ ഏതൊക്കെയെന്നും വ്യക്തമാക്കുമോ ;

(ബി) അനുവദിക്കാനുള്ള താലൂക്കുകളിൽ ജോയിന്റ് ആർ. റ്റി. ഓഫീസ് അനുവദിക്കുന്നതിനുള്ള നടപടികൾ നിലവിലുണ്ടോ ; ഉണ്ടെങ്കിൽ അതിന്റെ പുരോഗതിയും എന്നത്തേക്ക്നടപടികൾ പൂർത്തിയാക്കുമെന്നും വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ) ഇല്ല. ഈ സർക്കാർ വന്നതിനുശേഷം അനുവദിച്ച 12 താലൂക്കുകളിൽ, ഇടുക്കി താലൂക്കിൽ ആർ.ടി. ഓഫീസും, പട്ടാമ്പി, ചാലക്കുടി, പുനലൂർ, താമരശ്ശേരി എന്നീ താലൂക്കുകളിൽ സബ് ആർ.ടി.ഓഫീസുകളും നേരത്തേ തന്നെ പ്രവർത്തിച്ചു വരുന്നുണ്ട്. താലൂക്ക് അടിസ്ഥാനത്തിൽ സബ്. ആർ.ടി. ഓഫീസുകൾ അനുവദിക്കുക എന്നതിലുപരി വാഹന പെരുപ്പം, ജനങ്ങൾക്ക് സമയബന്ധിത സേവനങ്ങൾ ലഭ്യമാക്കുക എന്നിവയാണ് പുതിയ ഓഫീസുകൾ തുടങ്ങുന്നതിന് പരിഗണിക്കാറുള്ളത്. അതിനാൽ ഓരോ താലൂക്കിലും സബ് ആർ.ടി.ഓഫീസ് അനുവദിക്കണമെന്ന് നിർബന്ധമില്ല.

(ബി) ഇല്ല.

**കർണ്ണാടക സംസ്ഥാനത്തിലേക്ക് പ്രവേശിക്കുന്ന ടൂറിസ്റ്റ് ടാക്സികൾ**

366 (2196) <u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കർണ്ണാടക സംസ്ഥാനത്തിലേക്ക് പ്രവേശിക്കുന്ന ടൂറിസ്റ്റ് ടാക്സികൾക്ക് ഏർപ്പെടുത്തിയ അധിക നികുതി സംബന്ധിച്ച ടാക്സി ഡ്രൈവർമാരുടെ പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത പ്രശ്നപരിഹാരത്തിനായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ;

(സി) കർണ്ണാടക സർക്കാരിന്റെ പ്രസ്തുത നിയമംമൂലം ദുരിതത്തിലായ കാസർഗോട് ഉൾപ്പെടെയുള്ള അതിർത്തി ജില്ലകളിലെ ടാക്സി ഡ്രൈവർമാരുടെ

പ്രശ്നം എപ്പോൾ പരിഹരിക്കുമെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) 22-9-2014-ൽ കേരള സംസ്ഥാന ഗതാഗത വകുപ്പുമന്ത്രിയും കർണ്ണാടക സംസ്ഥാന ഗതാഗത മന്ത്രിയും വകുപ്പ് മേധാവികളും ഈ വിഷയത്തിൽ ചർച്ച നടത്തിയിരുന്നു.

(സി) 22-9-2014-ൽ കേരള സംസ്ഥാന ഗതാഗത വകുപ്പ് മന്ത്രിയും കർണ്ണാടക സംസ്ഥാന ഗതാഗത മന്ത്രിയും വകുപ്പ് മേധാവികളും ഈ വിഷയത്തിൽ ചർച്ച നടത്തിയിരുന്നു. ഓരോ സംസ്ഥാനത്തെയും മോട്ടോർ വാഹന നികുതി നിർണ്ണയിക്കുന്നതിന് അതതുസംസ്ഥാനങ്ങൾക്ക് അധികാരമുണ്ട്. കൂടാതെ കർണ്ണാടക സർക്കാർ തീരുമാനിക്കുന്ന നികുതി ഘടന കർണ്ണാടക ഹൈക്കോടതി അംഗീകരിക്കുകയുണ്ടായി. കർണ്ണാടക സർക്കാർ നികുതി ഘടനയിൽ മാറ്റം വരുത്തിയാൽമാത്രമേ ഈ പ്രശ്നംപരിഹരിക്കുവാൻ കഴിയുകയുള്ളൂ.

**വർദ്ധിച്ചുവരുന്ന വാഹനാപകടങ്ങൾ**

367 (2197) <u>ശ്രീ. പി. കെ. ബഷീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വർദ്ധിച്ച് വരുന്ന വാഹനാപകടങ്ങൾ കുറയ്ക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ ;

(ബി) ആയതിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം മേൽനടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ?

<u>ഉത്തരം</u>

(എ&ബി) ഉണ്ട്. സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന വാഹനാപകടങ്ങൾ ഉണ്ടാകുന്നതിന്റെ കാരണങ്ങൾ പഠിക്കുന്നതിനും പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിനും റിട്ടയേർഡ് ജസ്റ്റിസ് ശ്രീ. റ്റി. കെ. ചന്ദ്രശേഖരദാസ് അന്വേഷണ കമ്മീഷനെ സർക്കാർ നിയമിക്കുകയും കമ്മീഷൻ സർക്കാരിന് അന്തിമ റിപ്പോർട്ട് സമർപ്പിച്ചിട്ടുമുണ്ട്. റിപ്പോർട്ട് സർക്കാരിന്റെ പരിശോധനയിലാണ്.

**ജലഗതാഗത വകുപ്പിന് കീഴിലെ യാത്രാ ബോട്ടുകൾ**

368 (2198) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലഗതാഗത വകുപ്പിന് കീഴിൽ എത്ര യാത്രാ ബോട്ടുകൾ ഉണ്ട് ; ഇതിൽ സർവ്വീസ് നടത്തുന്നവ എത്ര ; സർവ്വീസ് നടത്താത്തവ എത്ര; വിശദമാക്കുമോ ;

(ബി) വകുപ്പിന് കീഴിലുള്ള ബോട്ടുകളിൽ ഭൂരിഭാഗവും അറ്റകുറ്റപ്പണികൾക്കായി മാറ്റിയിട്ടിരിക്കുകയാണെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇത്തരം ബോട്ടുകൾ യഥാസമയം അറ്റകുറ്റപ്പണികൾചെയ്ത് ഗതാഗതയോഗ്യമാക്കാത്തത് വകുപ്പിന് പ്രതിദിനം ധാരാളം നഷ്ടം വരുത്തുന്നുണ്ടെന്നകാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ; വിശദമാക്കുമോ ;

(സി) ജലഗതാഗത വകുപ്പിന്റെ ബോട്ടുകളിൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഇല്ലാത്ത ബോട്ടുകൾ സർവ്വീസ് നടത്തുന്നുണ്ടോ ; എങ്കിൽ എത്ര എണ്ണം ; കാരണം വ്യക്തമാക്കാമോ ;

(ഡി) ഇത്തരം യാത്രാക്ഷമമല്ലാത്ത ബോട്ടുകൾ അറ്റകുറ്റപ്പണി ചെയ്യുന്നതിന് നിർമ്മിച്ച ഡ്രൈ ഡോക്ക് യാർഡ് പ്രവർത്തന സജ്ജമാണോ ; എങ്കിൽ ഇത്തരം എല്ലാ ബോട്ടുകളും അടിയന്തരമായി യാത്രാക്ഷമമാക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നുണ്ടോ; വ്യക്തമാക്കാമോ ?

ഉത്തരം

(എ) വകുപ്പിന് കീഴിൽ 95 ബോട്ടുകൾ നിലവിൽ ഉണ്ട്. ഇതിൽ 51 ബോട്ടുകൾ ഉപയോഗിച്ച് നിലവിൽ അനുവദിച്ചിട്ടുള്ള 51 ഷെഡ്യൂളുകൾ കൃത്യമായി നടത്തിവരുന്നു. 2 ബോട്ടുകൾ സ്പെയർ ബോട്ടായി നിലനിർത്തിയിട്ടുള്ളവയാണ്. ഒരു പൈലറ്റ് ബോട്ട്, ഒരു സ്പീഡ് ബോട്ട്, ഒരു വർക്ക്ഷോപ്പ് ബോട്ട് എന്നിവ ഉൾപ്പെടെ ആകെ 56 ബോട്ടുകൾ സർവ്വീസിന് യോഗ്യമായവയാണ്. 10 ഫൈബർ ബോട്ടുകൾ സർവ്വീസ് യോഗ്യമല്ലാത്തതിനാൽ നീക്കം ചെയ്തിട്ടുള്ളവയാണ്. ശേഷിക്കുന്ന 29 ബോട്ടുകൾ മേജർ/മൈനർ അറ്റകുറ്റപ്പണികൾക്കായി വകുപ്പിന്റെ യാർഡുകളിൽ പിടിച്ചിട്ടുള്ളവയാണ്. ഇവ വകുപ്പിന്റെ പുതുതായി പണി കഴിപ്പിച്ച ആലപ്പുഴ ജില്ലയിലെ പോഞ്ഞിക്കരയിലെ ഡ്രൈഡോക്ക്, സ്ലിപ് വേ എന്നിവയും

എറണാകുളം തേവരയിലെ യാർഡ് സൗകര്യവും പ്രയോജനപ്പെടുത്തി അറ്റകുറ്റപ്പണികൾ പൂർത്തിയാക്കിവരികയാണ്.

(ബി) നിലവിൽ അനുവദിച്ചിട്ടുള്ള 51 ഷെഡ്യൂളുകളും സംസ്ഥാന ജല ഗതാഗത വകുപ്പ് കൃത്യമായി സർവ്വീസ് നടത്തിവരുന്നു. വകുപ്പ് ബോട്ടുകളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനായി 4 ബോട്ടുകൾ ഒരേ സമയം മേജർ റിപ്പയർ ചെയ്യാവുന്ന ഡ്രൈഡോക്കും, 4 ബോട്ടുകൾ കയറ്റാവുന്ന സ്ലിപ് വേയും ആലപ്പുഴ ജില്ലയിലെ പോഞ്ഞിക്കരയിൽ പണി പൂർത്തിയാക്കി 27-9-2015-ന് ഉദ്ഘാടനം നടത്തിയിട്ടുണ്ട്. യാർഡുകളിൽ അറ്റകുറ്റപ്പണികൾ യുദ്ധകാലാടിസ്ഥാനത്തിൽ പൂർത്തിയാക്കി വകുപ്പ് വക ബോട്ടുകൾ സർവ്വീസ് യോഗ്യമാക്കിവരികയാണ്. അനുവദനീയമായ ഷെഡ്യൂളുകൾ കൃത്യമായി സർവ്വീസ് നടത്തുന്നതിനാൽ വകുപ്പിന് പ്രതിദിനം നഷ്ടം ഉണ്ടാകുന്നില്ല.

(സി) ഇല്ല. സർവ്വീസ് ബോട്ടുകൾ എല്ലാം കൃത്യമായ ഫിറ്റ്നെസ് സർട്ടിഫിക്കറ്റുകൾ ഉള്ളവയാണ്. തുറമുഖ വകുപ്പ് സർവ്വേയർ പരിശോധന നടത്തി സാക്ഷ്യപ്പെടുത്തി നൽകുന്ന ഫിറ്റ്നസ് സർട്ടിഫിക്കറ്റുകൾ ഉള്ള ബോട്ടുകൾ മാത്രമാണ് സർവീസുകളിൽ ഉപയോഗിച്ചുവരുന്നത്.

(ഡി) ബോട്ടുകളുടെ അറ്റകുറ്റപ്പണികൾക്കായി നിർമ്മിച്ച കേരളത്തിലെ തന്നെ ആദ്യത്തെ 4 ബോട്ടുകൾ ഒരേ സമയം മേജർ റിപ്പെയർ ചെയ്യാവുന്ന ഡ്രൈഡോക്കിന്റേയും 4 ബോട്ടുകൾ കയറ്റാവുന്ന സ്ലിപ് വേയുടേയും പണികൾ ആലപ്പുഴ ജില്ലയിലെ പോഞ്ഞിക്കരയിൽ പൂർത്തിയാക്കി 27-9-2015-ന് ഉദ്ഘാടനം നടത്തിയിട്ടുണ്ട്. ടി യാർഡുകളിൽ ബോട്ടുകളുടെ അറ്റകുറ്റപ്പണികൾ മുൻഗണനാ ക്രമാടിസ്ഥാനത്തിൽ നടത്തി ഉടൻ യാത്രാ ക്ഷമമാക്കുവാൻ കഴിയും. നിലവിൽ മൈനർ അറ്റകുറ്റപ്പണികൾ ആവശ്യമായ ബോട്ടുകളിൽ യഥാസമയം അറ്റകുറ്റപ്പണികൾ പൂർത്തിയാക്കി സർവീസുകൾ നടത്തിവരുന്നു. മേജർ അറ്റകുറ്റപ്പണികൾ ആവശ്യമായവ യാർഡുകളിലെ സ്ഥല സൗകര്യം അനുസരിച്ച് യുദ്ധകാലാടിസ്ഥാനത്തിൽ പണികൾ നടത്തി യാത്രാക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**സർവ്വീസ് നടത്താൻ യോഗ്യമായ ബോട്ടുകൾ**

369 (2199) <u>ശ്രീ. സി. മമ്മൂട്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി

നൽകുമോ:

(എ) സംസ്ഥാന ജലഗതാഗത വകുപ്പിന്റെ കീഴിൽ സർവ്വീസ് നടത്താൻ യോഗ്യമായ എത്ര ബോട്ടുകളുണ്ടെന്ന് വ്യക്തമാക്കുമോ; ഇവയുടെ പഴക്കം എത്രയെന്ന് വെളിപ്പെടുത്തുമോ ;

(ബി) സർവ്വീസ് നടത്താൻ യോഗ്യമല്ലാത്ത എത്ര ബോട്ടുകൾ നിലവിലുണ്ട് ; അവ കയ്യൊഴിയാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(സി) ഒരു മാസത്തെ ശരാശരി കളക്ഷനം, ചെലവും എത്രയാണ് ;

(ഡി) പുതിയ ബോട്ടുകൾ വാങ്ങി സർവ്വീസ് കാര്യക്ഷമമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ?

<u>ഉത്തരം</u>

(എ) 51 സർവ്വീസ് ബോട്ടുകളും രണ്ട് സ്പെയർ ബോട്ടുകളും ഉൾപ്പെടെ വകുപ്പിന് കീഴിൽ നിലവിൽ സർവ്വീസ് യോഗ്യമായ 53 ബോട്ടുകളുണ്ട്. ഇവയിൽ 37 സ്റ്റീൽ ബോട്ടുകൾ 15 വർഷത്തിനു താഴെ മാത്രം പഴക്കം ചെന്നവയും 16 തടി ബോട്ടുകൾ 10 വർഷത്തിനും 39 വർഷത്തിനും ഇടയിൽ പഴക്കമുള്ളതുമാണ്.

(ബി) സർവ്വീസ് യോഗ്യമല്ലാത്ത ബോട്ടുകളിൽ മൈനർ/മേജർ റിപ്പയർ പണികൾ ആവശ്യമായവ വകുപ്പിന്റെ യാർഡുകളിൽ പണികൾ നടത്തിവരുന്നു. സർവ്വീസ് യോഗ്യമല്ലാത്ത 10 ഫൈബർ ബോട്ടുകൾ നീക്കം ചെയ്തിട്ടുള്ളതാണ്.

(സി) ഒരു മാസത്തെ ശരാശരി വരവ് 63,30,000 (അറുപത്തിമൂന്ന് ലക്ഷത്തി മുപ്പതിനായിരം രൂപ മാത്രം) രൂപയും ചെലവ് 3,96,00,000 (മൂന്ന്കോടി തൊണ്ണൂറ്റി ആറ് ലക്ഷം രൂപ മാത്രം) രൂപയുമാണ്.

(ഡി) ഉണ്ട്. സർവ്വീസുകൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി കാലപ്പഴക്കമേറിയ തടി ബോട്ടുകൾ പിൻവലിച്ച് പുതിയ സ്റ്റീൽ ബോട്ടുകൾ സർവ്വീസിൽ ഉൾക്കൊള്ളിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. നിലവിൽ ഏകദേശം നാൽപ്പതിയഞ്ചോളം സ്റ്റീൽ ബോട്ടുകൾ സർവ്വീസിൽ ഉൾപ്പെടുത്താൻ സാധിച്ചിട്ടുണ്ട്. ഇവയിൽ ടൂറിസ്റ്റ് കം പാസഞ്ചർ ബോട്ടുകളും ടൂ വീലർ കാര്യർ ബോട്ടുകളും ഉൾപ്പെടുന്നു. ഇന്ത്യയിൽ ആദ്യമായി പരീക്ഷണാടിസ്ഥാനത്തിൽ

സർവ്വീസ് നടത്തുന്നതിനായി ഒരു സോളാർ ബോട്ടിന് സർക്കാർ അനുമതി നൽകുകയും ആയതിന്റെ നിർമ്മാണം പുരോഗമിച്ച വരുകയുമാണ്. കൂടുതൽ സുരക്ഷിതമായ ജലഗതാഗതം ഉറപ്പ വരുത്തുന്നതിലേക്കായി നിലവിലെ ബോട്ടുകൾ കൂടുതൽ സാങ്കേതിക മികവാർന്ന സുരക്ഷിതമായ കറ്റാമറൻ ബോട്ടുകളായി പുനഃസ്ഥാപിക്കുന്നതിലേക്കായി ബോട്ടുകൾ വാങ്ങുന്നതു സംബന്ധിച്ചുള്ള പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു.

**പുതിയ സ്റ്റീൽ ബോട്ടുകൾ**

370 (T2200) <u>ശ്രീ. ടി. എം. തോമസ് ഐസക്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലഗതാഗത വകുപ്പിന് ഏഴ് പുതിയ സ്റ്റീൽ ബോട്ടുകൾകൂടി വാങ്ങുന്നതിനായി 2011-12-ലെ ബഡ്ജറ്റിൽ ഒൻപത് കോടിരൂപ വകയിരുത്തിയിട്ടുണ്ടോ ; വ്യക്തമാക്കുമോ ;

(ബി) എങ്കിൽ പ്രസ്തുത തുക ഉപയോഗിച്ച് വാങ്ങിയ എത്ര ബോട്ടുകൾ ഇപ്പോൾ ഗതാഗതം നടത്തുന്നുണ്ടെന്നും ഇതിനായി എത്ര തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ ;

(സി) തുടർന്നുള്ള ബഡ്ജറ്റിൽ ഓരോന്നിലും പ്രസ്തുത ഇനത്തിൽ എത്ര തുക നീക്കിവച്ചുവെന്നും എത്ര തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്. 2011-12-ലെ ബഡ്ജറ്റിൽ പുതിയ സ്റ്റീൽ ബോട്ടുകൾ വാങ്ങുന്നതിനായി ബന്ധപ്പെട്ട ശീർഷകത്തിൽ ഒറിജിനൽ ഗ്രാന്റായി 5 കോടി രൂപയും സപ്ലിമെന്ററി ഗ്രാന്റായി 4 കോടി രൂപയും അനുവദിച്ചു.

(ബി) 7 ബോട്ടുകൾ വാങ്ങുകയും അവ ഗതാഗതം നടത്തിവരികയും ചെയ്യുന്നു. അതിനായി 2.98 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. ബാക്കി തുക വർക്ക്ഷോപ്പ് നിർമ്മാണം ഉൾപ്പെടെയുള്ള പദ്ധതി ശീർഷകത്തിലേക്ക് റിഅപ്രോപ്രിയേറ്റ് ചെയ്ത് പൂർണ്ണമായും ചെലവഴിച്ചിട്ടുണ്ട്.

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

(സി) സ്റ്റീൽ ബോട്ടുകൾ വാങ്ങുന്നതിനായി ബന്ധപ്പെട്ട ശീർഷകത്തിൽ നീക്കിവച്ച തുകയും ചെലവഴിച്ച തുകയും ചുവടെ ചേർക്കുന്നു:

| വർഷം | നീക്കിവച്ച തുക (ലക്ഷത്തിൽ) | ചെലവഴിച്ച തുക (ലക്ഷത്തിൽ) |
|---|---|---|
| 2012-13 | 200 | 179.95 |
| 2013-14 | 200 | 183.63 |
| 2014-15 | 320 | 73.70 |

**വിനോദസഞ്ചാരികളെ ആകർഷിക്കാൻ പദ്ധതി**

371 (2201) ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. പാലോട് രവി :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലഗതാഗത വകുപ്പ് വിനോദസഞ്ചാരികളെ ആകർഷിക്കാൻ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പദ്ധതിവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത് ;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

ഉത്തരം

(എ) ഉണ്ട്.

(ബി) സ്വദേശികളും വിദേശികളുമായ വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിനും താരതമ്യേന ചെലവ് കുറഞ്ഞതുമായ രീതിയിൽ ജലഗതാഗത മേഖലയിൽ ടൂറിസം നടപ്പിലാക്കുന്നതിന് ടി പദ്ധതി ലക്ഷ്യമിടുന്നു.

(സി) ഭരണതലത്തിലുള്ള അനുമതി ലഭിച്ചശേഷമാണ് കൊല്ലം-ആലപ്പുഴ ടൂറിസ്റ്റ് സർവ്വീസും ആലപ്പുഴ-കൊല്ലം സർവ്വീസും പുനരാരംഭിച്ചത്. 19-1-2012-ലെ സ.ഉ.(സാധാ) നമ്പർ 25/2012/ഗതാ. പ്രകാരമാണ് ആലപ്പുഴ-കുട്ടനാട് പാസഞ്ചർ-

കം-ടൂറിസ്റ്റ് സർക്കുലർ ബോട്ട് സർവ്വീസ് 'സീ-കുട്ടനാട്' എന്ന പേരിൽ 23-5-2012 മുതൽ ആരംഭിച്ചിട്ടുള്ളത്. നിലവിൽ പുതുതായി വൈക്കം-എറണാകുളം റൂട്ടിൽ ഒരു പാസഞ്ചർ-കം-ടൂറിസ്റ്റ് ബോട്ട് വാങ്ങുന്നതിന് സർക്കാർ ഉത്തരവ് (ആർറ്റി.) നമ്പർ 336/2015/ട്രാൻസ്, തീയതി 27-7-2015 പ്രകാരവും ആലപ്പുഴ-കുമരകം-കോട്ടയം റൂട്ടിൽ മറ്റൊരു ടൂറിസ്റ്റ്-കം-സർവ്വീസ് ബോട്ട് വാങ്ങുന്നതിന് സർക്കാർ ഉത്തരവ് (ആർറ്റി.) നമ്പർ 335/2015/ട്രാൻസ്, തീയതി 27-7-2015 പ്രകാരവും ഭരണാനുമതി നൽകിയിട്ടുണ്ട്.

(1856, 1860, 1895, 1910, 1983, 2022, 2090, 2171 എന്നീ നമ്പർ നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമായിട്ടില്ല.)

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

9.30 AM]

## II അടിയന്തരപ്രമേയം

### പോലീസ് തലപ്പത്തെ അഴിച്ചുപണി

മി. സ്പീക്കർ: പോലീസ് തലപ്പത്ത് നടത്തിയ അഴിച്ചുപണിയിൽ പ്രതിഷേധിച്ച് ഡി.ജി.പി.-മാർ ചാർജെടുക്കാതെ അവധിയിൽ പ്രവേശിച്ചു കൊണ്ടിരിക്കുന്നതിനാൽ ഭരണരംഗമാകെ നിശ്ചലമായിരിക്കുന്നതിലും സ്വാഭാവിക നീതിന്യായ പ്രക്രിയയെ ദുർബ്ബലപ്പെടുത്തുന്നതിലും ജനങ്ങളാകെ ഉത്കണ്ഠാകുലരായിരിക്കുന്നതായി പറയപ്പെടുന്ന സ്ഥിതിവിശേഷം സംബന്ധിച്ച് ഇന്നത്തെ സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ പി. ശ്രീരാമകൃഷ്ണൻ, വി. എസ്. സുനിൽ കുമാർ, സി. കെ. നാണു, എ. കെ. ശശീന്ദ്രൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, സംസ്ഥാന പോലീസ് സർവ്വീസിൽ പോലീസ് കോൺസ്റ്റബിൾ മുതൽ ഡി.ജി.പി. വരെയുള്ള മുഴുവൻ ഉദ്യോഗസ്ഥർക്കും യഥാസമയം ന്യായമായ പ്രൊമോഷൻ ലഭിക്കണമെന്ന ലക്ഷ്യമാണ് ഗവൺമെന്റിന്റേത്. ഡി.ജി.പി. റാങ്കിലേക്ക് ഇപ്പോൾ നടത്തിയ പ്രൊമോഷനുമായി ബന്ധപ്പെട്ട വസ്തുതകൾ താഴെപറയുംപ്രകാരമാണ്. 31-11-2015-ൽ ശ്രീ. വിൻസൻ എം. പോൾ വിരമിച്ച ഒഴിവിലേക്ക് എ.ഡി.ജി.പി. ആയിരുന്ന ശ്രീ. ഋഷിരാജ് സിംഗിനെ ഒരു ദിവസത്തെപോലും കാലവിളംബമില്ലാതെ

1-12-2015-ൽ പ്രൊമോട്ട് ചെയ്തു. വിരമിക്കലും പ്രൊമോഷനുമുണ്ടാകുമ്പോൾ അതിന്റെ ഭാഗമായ ഉദ്യോഗസ്ഥരുടെ സ്ഥാനമാറ്റം ഒരു സ്വാഭാവിക നടപടി മാത്രമാണ്. അത്തരത്തിലുള്ള നടപടിയാണ് ഇവിടെയും സ്വീകരിച്ചുവന്നിട്ടുള്ളത്. ഇതുമായി ബന്ധപ്പെട്ട് പ്രൊമോട്ട് ചെയ്ത ഉദ്യോഗസ്ഥന് ശമ്പളം ലഭിക്കുന്നതിന് ഏതെങ്കിലും തരത്തിലുള്ള ബുദ്ധിമുട്ടുണ്ടാകുമോ എന്നുള്ള സംശയം ഉന്നയിക്കപ്പെട്ടു. ഒരു റാങ്കിലേയ്ക്ക് ഒരുദ്യോഗസ്ഥനെ നിയമിക്കുമ്പോൾ ആ ഉദ്യോഗസ്ഥന് ലഭിക്കേണ്ട ന്യായമായ ശമ്പളം ലഭ്യമാക്കേണ്ട ഉത്തരവാദിത്വം ഗവൺമെന്റിനുണ്ട്. ആ ഉത്തരവാദിത്വം നിറവേറ്റുന്നതിന് ഗവൺമെന്റ് ആവശ്യമായ നടപടികൾ സ്വീകരിക്കും. ഇക്കാര്യത്തെ പാറ്റൂർ ഭൂമി അന്വേഷണവുമായും ഫ്ലാറ്റ് സുരക്ഷാ ചട്ടങ്ങളെ സംബന്ധിച്ച് സ്വീകരിച്ച നടപടികളുമായും വിജിലൻസ് ഡയറക്ടറുടെ നിയമനവുമായും ബന്ധപ്പെട്ട് വ്യാഖ്യാനിക്കുന്ന സമീപനം തികച്ചും അടിസ്ഥാനരഹിതമാണ്. ഇവിടെ ഉന്നയിച്ചിരിക്കുന്ന മുഖ്യ ആരോപണം ഡി.ജി.പി. റാങ്കിലെ ഒരു കേഡർപോസ്റ്റ് ഒഴിച്ചിട്ട് വിജിലൻസ് ഡയറക്ടർ തസ്തികയിൽ നിയമനം നടത്തിയെന്നാണ്. ഇത് അങ്ങേയറ്റം തെറ്റിദ്ധാരണാ ജനകമാണ്. ഇതേസമയം സംസ്ഥാനത്ത് ഐ.പി.എസ്.-ൽ വിവിധ റാങ്കുകളിൽ നിരവധി കേഡർ പോസ്റ്റുകൾ ഒഴിഞ്ഞുകിടക്കുന്നുണ്ട്. ഉദാഹരണത്തിന് ഡി.ഐ.ജി. റാങ്കിൽ 12 കേഡർ തസ്തികകളും ഐ.ജി. റാങ്കിൽ 15 കേഡർ തസ്തികകളും എ.ഡി.ജി.പി. റാങ്കിൽ 2 കേഡർ തസ്തികകളും ഇപ്പോൾ ഒഴിഞ്ഞുകിടക്കുന്നുണ്ട്. ഈ കേഡർ തസ്തികകളിൽ ഉടൻ നിയമനം നടത്തുകയാണെങ്കിൽ ഇപ്പോൾ എ.ഡി.ജി.പി. ആയിരിക്കുന്ന പലരും ഐ.ജി.മാരാകേണ്ടിവരും. ഇതുപോലെ ഐ.ജി. തസ്തികയിലിരിക്കുന്ന പലരും ഡി.ഐ.ജി.മാരാകേണ്ടിവരും. ആ അവസ്ഥ തരംതാഴ്ത്തലാകും. അത്തരമൊരു സാഹചര്യം സൃഷ്ടിക്കാൻ ഗവൺമെന്റ് ആഗ്രഹിക്കുന്നില്ല. സംസ്ഥാന താൽപ്പര്യവും ഉദ്യോഗസ്ഥർക്ക് പ്രൊമോഷൻ ലഭിക്കുന്നതിനുള്ള അവസരവും ഉണ്ടാക്കുന്നതിനു വേണ്ടി പരമാവധി കേഡർ പോസ്റ്റുകൾ സൃഷ്ടിക്കുക എന്നുള്ള സമീപനമാണ് ഗവൺമെന്റ് സ്വീകരിച്ചുവന്നിട്ടുള്ളത്. ഇപ്പോൾ ഡി.ജി.പി. റാങ്കിലേക്ക് പ്രൊമോഷനുള്ള അവസരം സൃഷ്ടിച്ചതുതന്നെ അപ്രകാരം ഗവൺമെന്റിന്റെ വിവേചനാധികാരം ഉപയോഗിച്ച് എക്സ്-കേഡർ തസ്തിക സൃഷ്ടിച്ചുകൊണ്ടാണ്. ഫയർഫോഴ്സ് മേധാവിയുടേയും ജയിൽ വകുപ്പുമേധാവിയുടേയും തസ്തികകൾ യഥാർത്ഥത്തിൽ എ.ഡി.ജി.പി. റാങ്കിലുള്ളവയാണ്. അതിനാൽ അവിടെ ശ്രീ. പി. ശ്രീരാമകൃഷ്ണൻ ഉന്നയിച്ച തത്വം മാത്രമുപയോഗിച്ച് നിയമനം നടത്തുകയാണെങ്കിൽ ഡി.ജി.പി റാങ്കിലേയ്ക്ക് ആർക്കും പ്രൊമോഷൻ നൽകാൻ കഴിയില്ല. ആൾ ഇന്ത്യാ

സർവ്വീസ് കേഡർ മാനേജ്മെന്റുമായി ബന്ധപ്പെട്ട് സംസ്ഥാന ഗവൺമെന്റിൽ ചില അധികാരങ്ങൾ നിക്ഷിപ്തമാണ്. അതൊരു ഫെഡറൽ വ്യവസ്ഥയ്ക്ക് അനിവാര്യവുമാണ്. അത്തരം അധികാരങ്ങൾ ഒരു ഫെഡറൽ ഭരണ സംവിധാനത്തിൽ അത്യന്താപേക്ഷിതമായതുകൊണ്ട്, ഉദാഹരണത്തിന് ഐ.പി.എസ്. (കേഡർ) റൂൾസ് 1954-ലെ റൂൾ 4 ഞാൻ ക്വാട്ട് ചെയ്യുകയാണ്. ....“The Central Government shall, at the interval of every five years, re-examine the strength and composition of each such cadre in consultation with the State Government or the State Governments concerned and may make such alterations therein as it deems fit”. സംസ്ഥാന ഗവൺമെന്റുമായി ആലോചിച്ച് എല്ലാ അഞ്ചുവർഷം കൂടുമ്പോഴും കേഡർ തസ്തികയിൽ ആൾട്രേഷൻ വരുത്താനുള്ള അധികാരം കേന്ദ്രഗവൺമെന്റിനുണ്ട്. 'Provided that nothing in this sub rule shall be deemed to affect the power of the Central Government to alter the strength and composition of any cadre at any other time: കേന്ദ്രഗവൺമെന്റിന് പൂർണ്ണ അധികാരമുണ്ട്. Provided എന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ടത്. “Provided further that the State Government concerned may add for a period not exceeding two years {and with the approval of the Central Government for a further period not exceeding two years} to a State or Joint Cadre one or more posts carrying duties or responsibilities of a like nature to cadre posts”. റൂൾ 4(2)-ൽ വളരെ വ്യക്തമായി പറയുന്നത് 'രണ്ട് വർഷത്തേയ്ക്കെങ്കിലും കൂടുതൽ കേഡർ പോസ്റ്റുകൾ ക്രിയേറ്റ് ചെയ്യാനുള്ള അധികാരം സംസ്ഥാന ഗവൺമെന്റിൽ നിക്ഷിപ്തമാണ്' എന്നുള്ളതാണ്. ഇതനുസരിച്ച് മധ്യപ്രദേശ്, ഹരിയാന തുടങ്ങി നിരവധി സംസ്ഥാനങ്ങളിൽ എക്സ്-കേഡർ പോസ്റ്റുകൾ ക്രിയേറ്റ് ചെയ്ത ചരിത്രമുണ്ട്. നമ്മുടെ തൊട്ടടുത്ത സംസ്ഥാനമായ തമിഴ്നാട്ടിലും ഇതുപോലെ എക്സ്-കേഡർ പോസ്റ്റുകൾ സൃഷ്ടിച്ചിട്ടുണ്ട് എന്നുള്ളത് പ്രത്യേകം പ്രസ്താവ്യമാണ്. റൂൾ 4(2) അനുസരിച്ച് സംസ്ഥാന ഗവൺമെന്റിന് താൽക്കാലികമായി കേഡർ പോസ്റ്റുകൾ സൃഷ്ടിക്കാനുള്ള അധികാരം വിനിയോഗിച്ച് ശമ്പളം സംബന്ധിച്ച വിഷയം പരിഹരിക്കാൻ കഴിയും. ഭരണഘടനാപരമായി ഒരു ഫെഡറൽ സംവിധാനത്തിൽ സംസ്ഥാന ഗവൺമെന്റിൽ നിക്ഷിപ്തമായിട്ടുള്ള നിയമപരമായ അധികാരം മാത്രമാണ് ഗവൺമെന്റ് പ്രയോഗിച്ചിട്ടുള്ളത്. ഐ.പി.എസ്. കേഡറിലെ ഉദ്യോഗസ്ഥരുടെ അർഹമായ പ്രൊമോഷൻ ഉറപ്പുവരുത്തുന്നതിന് റൂൾ (4) പ്രകാരമുള്ള ഐ.പി.എസ്. കേഡർ റിവ്യൂവിലൂടെ കഴിയുന്നതാണ്.

ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ഞാനും കേന്ദ്ര ആഭ്യന്തരവകുപ്പുമന്ത്രിയേയും ബന്ധപ്പെട്ട മന്ത്രിമാരേയും നേരിട്ടുകണ്ട് ഈ ആവശ്യം ഉന്നയിച്ചിട്ടുള്ളതാണ്. കേഡർ റിവ്യൂ സംബന്ധിച്ച് കേന്ദ്രഗവൺമെന്റ് പുറപ്പെടുവിച്ച എഫ്.എൻ. 1/11013/12/2009/ഐ.പി.എസ്.1 തീയതി 23-2-2010-ലെ ഗൈഡ്‌ലൈനിൽ ഇപ്രകാരം പറയുന്നു-"While reviewing the cadre post which are in existence in ex-cadre having a long term requirement will be encadred" ........ദീർഘകാലമായി എക്സ്-കേഡർ പോസ്റ്റിൽ നിലനിൽക്കുന്ന പല റാങ്കുകളും കേഡർ പോസ്റ്റുകളാക്കി മാറ്റാൻ കഴിയുമെന്നാണ് കേന്ദ്രഗവൺമെന്റിന്റെ പുതിയ ഉത്തരവ്. അതിൻപ്രകാരം ഡി.ജിപി.-മാരുടെ കേഡർ തസ്തിക അനുവദിക്കുക എന്നുള്ളത് തികച്ചും ന്യായമാണ്. സംസ്ഥാന ഗവൺമെന്റ് സമർപ്പിച്ച പ്രൊപ്പോസൽ കേന്ദ്ര ആഭ്യന്തര വകുപ്പ് ശിപാർശ ചെയ്ത് കേന്ദ്രപേഴ്സണൽ മന്ത്രാലയത്തിന്റെ പരിഗണനയിലുള്ള കാര്യമാണ്. ഭരണഘടനാപരമായി പോലീസും ക്രമസമാധാനവും സംസ്ഥാന വിഷയമാണ് എന്ന വസ്തുതയും കേന്ദ്ര ആഭ്യന്തര വകുപ്പാണ് ഐ.പി.എസ്. പോസ്റ്റുകളുടെ കേഡർ കൺട്രോളിംഗ് അതോറിറ്റി എന്ന വസ്തുതയും കണക്കിലെടുക്കുമ്പോൾ കേന്ദ്ര പേഴ്സണൽ മന്ത്രാലയം വൈകാതെ, ഇന്ത്യയുടെ ഫെഡറൽ സംവിധാനത്തിന്റെ അന്തഃസത്ത ഉൾക്കൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ആഭ്യന്തര വകുപ്പുമന്ത്രി എന്നുള്ള നിലയിൽ ഞാനും കേന്ദ്ര പേഴ്സണൽ മന്ത്രാലയത്തിനും ആഭ്യന്തരവകുപ്പിനും നൽകിയിട്ടുള്ള നിവേദനങ്ങൾ പരിഗണിച്ച് സംസ്ഥാനത്തിന് അർഹതപ്പെട്ട ഡി.ജി.പി.മാരുടെ കേഡർ തസ്തിക അനുവദിക്കുമെന്ന് ഞങ്ങൾ പ്രതീക്ഷിക്കുകയാണ്. ഇതിന് പൂർണ്ണമായ മറുപടി ഇതുവരെ ലഭിച്ചിട്ടില്ലായെന്നുള്ളതാണ് സത്യം. അതിനാവശ്യമായ തുടർനടപടികൾ സംസ്ഥാന ഗവൺമെന്റ് സ്വീകരിക്കുന്നതാണ്. അതുപോലെ മുൻപ് മാറ്റമുണ്ടായിട്ടുള്ള ഐ.പി.എസ്. ഉദ്യോഗസ്ഥരുടെ പ്രൊമോഷൻ സംബന്ധിച്ച പ്രശ്നങ്ങൾ ശാശ്വതമായി പരിഹരിക്കാൻ കഴിയുന്നതാണ്. കേരള പോലീസിലോ ആഭ്യന്തരവകുപ്പിലോ ഒരുവിധത്തിലുള്ള പ്രശ്നങ്ങളും നിലനിൽക്കുന്നില്ല എന്നുകൂടി ഈ സഭയുടെ ശ്രദ്ധയിൽപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുന്നു.

<u>ശ്രീ. പി. ശ്രീരാമകൃഷ്ണൻ</u>: സർ, ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രിയുടെ വിശദീകരണം വളരെ നിർഭാഗ്യകരമാണ്. ഇതൊരു സർവ്വീസ് മാറ്റർ എന്നുള്ള നിലയിലാണ് അദ്ദേഹം വിശദീകരിക്കാൻ ശ്രമിച്ചത്. വിശദീകരണക്കുറിപ്പിൽ ഇതൊരു സർവ്വീസ് മാറ്ററായിട്ടു മാത്രമല്ല പറഞ്ഞിരുന്നത്. അദ്ദേഹം സാങ്കേതികമായ ഒട്ടനവധി കാര്യങ്ങൾ വിശദീകരിച്ചു. കേരള പോലീസ് മാന്വലിൽ ഒരു എ.ഡി.ജി.പി.യെ വിജിലൻസ് ഡയറക്ടറാക്കാൻ പാടുണ്ടോ എന്നുള്ളതു

സംബന്ധിച്ച് വ്യക്തമായ നിലപാടുണ്ട്. കാരണം ഡി.ജി.പി.-ക്കെതിരെ അന്വേഷണം വന്നാൽ ഒരു എ.ഡി.ജി.പി.-ക്ക് അതന്വേഷിക്കാൻ സാധിക്കുകയില്ല. ഏത് കാലത്തും വിജിലൻസ് ഡയറക്ടറുടെ പോസ്റ്റിൽ ഡി.ജി.പി. റാങ്കിലുള്ളവരെയാണ് നിയമിച്ചുകൊണ്ടിരിക്കുന്നത്. കേഡർ തസ്തികയിലുള്ള വേക്കൻസികളെക്കുറിച്ചോ ഐ.ജി. പോസ്റ്റുകൾ ഒഴിഞ്ഞുകിടക്കുന്നു എന്ന രീതിയിൽ ഒരു സർവ്വീസ് മാറ്ററായോ അല്ല ഈ വിഷയം ഇവിടെ ഉന്നയിച്ചത്. അദ്ദേഹം പറഞ്ഞതുപോലെ അത്ര ചെറുതല്ല പ്രശ്നം. ചീഫ് സെക്രട്ടറിയുടെ കത്തിനെ സംബന്ധിച്ചും വിശദീകരണക്കുറിപ്പിനെ സംബന്ധിച്ചും എല്ലാ മാധ്യമങ്ങളിലും ഇന്ന് വാർത്ത വന്നിട്ടുണ്ട്. അത് അദ്ദേഹത്തിനും ലഭ്യമാണ്. പ്രതിപക്ഷമുണ്ടാക്കിയ ഒരു പ്രശ്നമല്ലിത്. കേരളത്തിലെ ഐ.പി.എസ്. അസോസിയേഷന്റെ യോഗം ഇന്ന് വൈകിട്ട് 5.30-ന് ചേരുന്നുണ്ട്. കേരളത്തിലെ രണ്ട് ഡി.ജി.പി.-മാർ ചാർജെടുക്കാതെ അവധിയിൽ പ്രവേശിച്ചിരിക്കുകയാണ്. ഇതൊന്നും ഞങ്ങളുണ്ടാക്കിയതല്ല. കേരളത്തിന്റെ ചരിത്രത്തിൽ ആദ്യമായി ആഭ്യന്തരവകുപ്പിന്റെ ഉത്തരവനുസരിക്കാതെ മാറി നടക്കുകയാണ്. 'കട്ടിലിനൊപ്പിച്ച് കാൽ മുറിക്കരുത്' എന്നുള്ള അഭിപ്രായപ്രകടനത്തോടുകൂടിയ നോട്ട് ഹോം സെക്രട്ടറിയും ചീഫ് സെക്രട്ടറിയും ഗവൺമെന്റിന് കൈമാറിയതായുള്ള വാർത്തകളും ഇതിനിടെ വരികയുണ്ടായി. യഥാർത്ഥത്തിലുള്ള പ്രശ്നം എന്താണ്; കേരളത്തിലെ പോലീസ് സേനയെ തങ്ങൾ ആഗ്രഹിക്കുന്ന രീതിയിൽ ചട്ടുകംപോലെ ഉപയോഗിക്കാൻ കഴിയണമെന്ന പിടിവാശിയുടെ പേരിലുള്ള പ്രശ്നമാണിതെല്ലാം. പോലീസ് എന്നാൽ പൊതുജനങ്ങൾക്ക് വിശ്വാസ്യതയും സംരക്ഷണവും നൽകാനുള്ള സേനയാണ്. നീതിനിർവ്വഹണം, നിയമ വ്യവസ്ഥയുടെ പാലനം ഇതെല്ലാം ഭംഗിയായി നിർവ്വഹിക്കും എന്നുള്ളതിന്റെ ഉറപ്പാണ് പോലീസ് സേന. അതിനെ താളത്തിന് തുള്ളുന്ന ഒരു വാനരസേനയാക്കി മാറ്റണമെന്നാണ് യു.ഡി.എഫ്. ആഗ്രഹിക്കുന്നത്. വാനരന്മാരെ കളിപ്പിക്കുന്നതുപോലെ ആഭ്യന്തര വകുപ്പുമന്ത്രിക്കുമാത്രമല്ല, ഒരു ഘട്ടത്തിൽ ബഹുമാന്യനായ ജി. സുധാകരൻ സഭയിൽ പറഞ്ഞതുപോലെ മണ്ഡലിമാർക്കെല്ലാം കളിപ്പിക്കണം. കേരളത്തിലെ മണ്ഡലം പ്രസിഡന്റുമാരായിട്ടുള്ള ആയിരക്കണക്കിന് വരുന്ന മണ്ഡലിമാർക്കും കളിപ്പിക്കേണ്ടൊരു വാനരസേനയായി പോലീസ് സേനയെ മാറ്റുന്നതിന്റെ ഭാഗമായിട്ടാണ് ഈ പ്രശ്നങ്ങളെല്ലാം വന്നത്. ഡി.ജി.പി.-മാരോട് കാണിക്കുന്ന ഈ സമീപനത്തിന് താഴെത്തലങ്ങളിൽ കൊടുക്കുന്ന മെസ്സേജ് എന്താണ്? കേരളത്തിൽ അങ്ങോളമിങ്ങോളം തങ്ങളുടെ ശാസനകൾക്ക് വിധേയമായി പ്രവർത്തിക്കാൻ എല്ലാ പോലീസുകാർക്കും ബാദ്ധ്യതയുണ്ട്

എന്നൊരു ഫീലിംഗ്, സന്ദേശം, മെസ്സേജ് കൊടുത്തുകൊണ്ടിരിക്കുകയാണ്. കേരളത്തിലെ ഒരു സമാന്തര പോലീസ് സ്റ്റേഷൻ ഒരു റിട്ടയേർഡ് എസ്.പി.യുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്നുണ്ട്. കേരളത്തിലെ ആഭ്യന്തര വകുപ്പും ഗവൺമെന്റും ഇതിനെതിരെ ഹൈക്കോടതിയിൽ അഫിഡവിറ്റ് കൊടുത്തത് മറക്കാറായിട്ടില്ല. കേരളത്തിലെ സമാന്തര പോലീസ് സ്റ്റേഷന് നേതൃത്വം കൊടുക്കുന്നതിനെ സംബന്ധിച്ച് ഹൈക്കോടതിയിൽ അഫിഡവിറ്റ് കൊടുത്തതിന് എന്തെങ്കിലും നടപടി സ്വീകരിച്ചോ? അദ്ദേഹം ഇത് വളരെ ലാഘവത്തോടുകൂടിയുള്ള പ്രശ്നമായി ഒരു സാങ്കേതികക്കുരുക്കിൽ വിശദീകരിച്ച് രക്ഷപ്പെടാൻ ശ്രമിക്കുകയാണ് ചെയ്തത്. അസംതൃപ്തി, ലീവെടുത്ത് പോകുക, പരസ്യപ്രതികരണങ്ങൾ, അസോസിയേഷന്റെ യോഗംകൂടി ഗവൺമെന്റിനെതിരെ നിലപാട് സ്വീകരിക്കാൻ പോകുന്ന എന്നിവയെല്ലാമാണ് സ്ഥിതിവിശേഷം. സംസ്ഥാനത്തിന്റെ മുഖ്യമന്ത്രിക്കെതിരെ മാനനഷ്ടക്കേസ് കൊടുക്കുമെന്ന് ഒരു ഡി.ജി.പി.പരസ്യമായി നിലപാട് സ്വീകരിക്കുന്നത് കേരളത്തിന്റെ ചരിത്രത്തിൽ ആദ്യമായിട്ടല്ലേ? ചീഫ് സെക്രട്ടറിയുടെയും ആഭ്യന്തര വകുപ്പ് സെക്രട്ടറിയുടെയും പ്രതിരോധങ്ങൾ, ഇങ്ങനെ ഒരിക്കലും കേട്ടിട്ടില്ലാത്ത അനുഭവങ്ങളിൽ കൂടിയാണ് നമ്മുടെ നാട് കടന്നുപൊയ്ക്കൊണ്ടിരിക്കുന്നത്. എന്താണ് ഇവിടത്തെ പ്രശ്നം? നാല് ഡി.ജി.പി.-മാരാണ് കേരളത്തിലുള്ളത്. രണ്ട് കേഡർ തസ്തികയും രണ്ട് എക്സ്-കേഡർ തസ്തികയുമാണുള്ളത്. പോലീസ് മേധാവിയും വിജിലൻസ് മേധാവിയും ഡി.ജി.പി. കേഡറിലുള്ളവരാണ്. കേരളത്തിൽ ഡി.ജി.പി. കേഡറിലുള്ള മൂന്ന് ഉദ്യോഗസ്ഥന്മാരുണ്ടല്ലോ? ഈ മൂന്ന് ഉദ്യോഗസ്ഥന്മാർക്കും ഡി.ജി.പി. കേഡർ പദവി കൊടുക്കാൻ പറ്റില്ല എന്ന് നിങ്ങൾ തീരുമാനിക്കാൻ കാരണമെന്താണ്? ഇതുസംബന്ധിച്ചുള്ള മറുപടിയാണ് ആഭ്യന്തര വകുപ്പുമന്ത്രി സഭയിൽ പറയേണ്ടത്. ജേക്കബ് തോമസ്, ലോക്നാഥ് ബെഹ്റ, ഋഷിരാജ് സിംഗ് എന്നീ മൂന്ന് ഡി.ജി.പി. റാങ്കിലുള്ള ഉദ്യോഗസ്ഥരുണ്ടായിട്ടും അവരെ മാറ്റിനിർത്തി ഉത്തരമേഖല എ.ഡി.ജി.പി.-യായ ശ്രീ. ശങ്കർ റെഡ്ഡിക്ക് വിജിലൻസ് ഡയറക്ടർ സ്ഥാനം കൊടുക്കാനുള്ള കാരണമെന്തായിരുന്നു; എന്തുകൊണ്ടാണ് നിങ്ങൾ അവരെ മാറ്റിനിർത്തിയത്? ഇത് വളരെ ലളിതമായൊരു ചോദ്യമാണ്. ഈ ചോദ്യത്തിന് ഉത്തരം പറയാതെ, കേന്ദ്ര ഗവൺമെന്റുമായി ബന്ധപ്പെട്ട് കുഴഞ്ഞുമറിഞ്ഞ പ്രശ്നങ്ങൾക്കല്ല ഇവിടെ മറുപടി പറയേണ്ടത്. ശ്രീ. ജേക്കബ് തോമസ്സിനോടും അതുപോലുള്ള ഉദ്യോഗസ്ഥന്മാരോടും മുഖ്യമന്ത്രി എങ്ങനെയാണ് പെരുമാറുന്നത് എന്നതിനെ സംബന്ധിച്ച് ചില ഉദാഹരണങ്ങൾ ഞാൻ പറയാം. ശ്രീ. ജേക്കബ് തോമസിനെ സംബന്ധിച്ച് മുഖ്യമന്ത്രി നാല് കാര്യങ്ങളാണ്

പറഞ്ഞത്. ഒന്ന്, ഞാൻ കൈകാര്യം ചെയ്യു; ഞങ്ങൾക്ക് കൈകാര്യം ചെയ്യാൻ അറിയാം. രണ്ട്, അദ്ദേഹത്തിന് പ്രായോഗികതയില്ല; പ്രായോഗികതയില്ലാത്ത നിലപാടുകൾ സ്വീകരിച്ച് അദ്ദേഹം ഗവൺമെന്റിനെ ബുദ്ധിമുട്ടിലാക്കുകയാണ്. മൂന്ന്, അനധികൃതമായി കെട്ടി ഉയർത്തിയ ഫ്ലാറ്റുകളുമായി ബന്ധപ്പെട്ട പ്രശ്നത്തിലാണ് നിലപാട് സ്വീകരിച്ചത്. അതാണ് യുദ്ധകാലാടിസ്ഥാനത്തിൽ നിങ്ങൾ മന്ത്രിസഭായോഗം ചേർന്ന് റാറ്റിഫൈ ചെയ്തുകൊടുത്തത്. ഞാൻ വേറൊരു ചോദ്യം ചോദിക്കട്ടെ; കേരളത്തിൽ 600 കി.മീ. ദൂരം തീരദേശമാണ്. സി.ആർ.ഇസഡ്-ന്റെ നിബന്ധനയിൽപ്പെട്ട് സ്വന്തം വീടിന്റെ, കുടിലിന്റെ മുകളിൽ ഒരു ഓല മാറ്റാൻ നിവൃത്തിയില്ലാത്ത ലക്ഷക്കണക്കിന് വരുന്ന മത്സ്യത്തൊഴിലാളികളെ സഹായിക്കാനായി ഒരു അടിയന്തര മന്ത്രിസഭായോഗം കൂടാൻ നിങ്ങൾക്ക് ഇന്നുവരെ സാധിച്ചോ? 77 അനധികൃത ഫ്ലാറ്റുകളെ റെഗുലറൈസ് ചെയ്യാൻവേണ്ടി നിങ്ങൾ യോഗം കൂടിയല്ലോ? അതേസമയം സി.ആർ.ഇസഡ്-ൽ കുടുങ്ങിയിട്ടുള്ള മത്സ്യത്തൊഴിലാളികൾക്കായി ഒന്നും ചെയ്യാൻ സാധിക്കാത്ത സാഹചര്യത്തെ സംബന്ധിച്ച് എന്ത് ആശങ്കയാണ് നിങ്ങൾക്കുള്ളത്? ഇതൊരു പ്രായോഗിക പ്രശ്നമല്ലേ? ഇതൊരു പ്രായോഗിക പ്രശ്നമായി മുഖ്യമന്ത്രിക്ക് തോന്നുന്നില്ല. മറ്റൊന്ന്, ശ്രീ. ജേക്കബ് തോമസിനെക്കുറിച്ച് ധാരാളം പരാതികൾ ലഭിച്ചിട്ടുണ്ടെന്ന് മുഖ്യമന്ത്രി പറയുകയുണ്ടായി. ആരുടെ പരാതി; എവിടെ നിന്നാണ് പരാതി? ഈ നിയമസഭയിൽ കഴിയുമെങ്കിൽ മുഖ്യമന്ത്രിയും ആഭ്യന്തര വകുപ്പുമന്ത്രിയും പറയട്ടെ ആരാണ് പരാതി കൊടുത്തതെന്ന്. എന്തായിരുന്നു ആ പരാതിയുടെ ഉള്ളടക്കം? നാല്, അച്ചടക്കലംഘനം നടത്തി. ഈ നാല് കാര്യങ്ങളിൽ ഏതെങ്കിലും ഒന്ന് വ്യക്തമാക്കാൻ ഈ ഗവൺമെന്റിന് സാധിച്ചോ? കൈകാര്യം ചെയ്യൽ നടന്നു. അദ്ദേഹത്തെ വിജിലൻസ് ഡയറക്ടർ സ്ഥാനത്തുനിന്നും അഗ്നിശമനസേനാ സ്ഥാനത്തുനിന്നും മാറ്റുകയും കൺസ്ട്രക്ഷൻ കോർപ്പറേഷൻ എം.ഡി.-യാക്കുകയും ചെയ്തു. സാധാരണഗതിയിൽ, കൺസ്ട്രക്ഷൻ കോർപ്പറേഷനിൽ എം.ഡി.-യും ചെയർമാനുംകൂടി ആകുന്ന സാഹചര്യത്തിൽ ചെയർമാൻ സ്ഥാനം ഒഴിവാക്കി. ആഭ്യന്തര വകുപ്പുമന്ത്രിക്ക് കേരള പോലീസ് ആക്ട് 1997 എന്താണെന്നുള്ളത് അറിയാമല്ലോ? പ്രസ്തുത ആക്ട് എല്ലാവരും ചേർന്ന് വിശദമായി ചർച്ചചെയ്ത് നിയമസഭയിൽ പാസ്സാക്കിയതാണ്. ഇന്ത്യയിലെ മറ്റെല്ലാ സംസ്ഥാനങ്ങൾക്കും മാതൃകയായ പ്രസ്തുത ആക്ടിലെ 97-ാം വകുപ്പിൽ രണ്ട് വർഷം ഒരു പോലീസ് ഓഫീസറെ സ്വന്തം ചുമതലയിൽനിന്നും മാറ്റാതിരിക്കാൻ ശ്രദ്ധിക്കണമെന്നുപറയുന്നുണ്ട്. അതിന് കൃത്യമായ നിബന്ധനകൾ പറഞ്ഞിട്ടുണ്ട്. അതിൽ ഏതെങ്കിലും ഒരു നിബന്ധന ഇതുമായി ബന്ധപ്പെട്ട് ഉയർന്നുവന്ന

പ്രശ്നത്തിലുണ്ടോ? നിങ്ങളുടെ താൽപ്പര്യത്തിനനുസരിച്ച് നിന്നില്ല എന്നുള്ളത് ഒഴിച്ചാൽ മറ്റെന്തെങ്കിലും പരാതിയുണ്ടോ? മുഖ്യമന്ത്രി പറഞ്ഞു, എനിക്കെതിരെ മാനനഷ്ടക്കേസ് കൊടുക്കണമെന്നൊരാവശ്യം ഉന്നയിച്ചാൽ ആ സെക്കന്റിൽ ഞാൻ അനുമതി കൊടുക്കും എന്നാണ്. ഒരു സെക്കന്റിന്റെ കാലാവധി എത്രയാണ്? ആ സെക്കന്റുകൾ ഇതുവരെ ആയിട്ടില്ലേ? ഇദ്ദേഹം വൈകാരികമായി മുഖ്യമന്ത്രിക്കെതിരെ പറയുന്നത്, All India Service Conduct Rule Section 17-ൽ 'ഒരു ഉദ്യോഗസ്ഥൻ ആക്ഷേപിക്കപ്പെട്ടാൽ അദ്ദേഹത്തിന് തന്നെക്കുറിച്ച് സർക്കാരിന് പരാതിയുണ്ടാകുന്ന നിലയിൽ പരസ്യമായി പറഞ്ഞ് വിഷമം തോന്നിയാൽ അത് കോടതിയിൽ പോയി അതിന്റെ ക്ലിയറൻസ് വാങ്ങി വരാനുള്ള അനുവാദം കൊടുക്കുന്നുണ്ട് എന്നാണ്. ആ അനുവാദം കൊടുക്കേണ്ടത് മന്ത്രിസഭയാണ്. മന്ത്രിസഭ കൊടുക്കേണ്ട ആ അനുവാദം ഇതുവരെ കൊടുത്തോ? ചീഫ് സെക്രട്ടറി അനുവാദം കൊടുക്കില്ലെന്ന് പറഞ്ഞു. ചീഫ് സെക്രട്ടറിക്ക് ആരാണ് അധികാരം ആതറൈസ് ചെയ്തുകൊടുത്തത്? ഒരു സെക്കന്റിൽ അനുവാദം കൊടുക്കുന്നത് സംബന്ധിച്ച് മുഖ്യമന്ത്രിക്ക് മറുപടി പറയാൻ സാധിച്ചില്ല. കുറ്റം ചെയ്താൽ നടപടി സ്വീകരിക്കണ്ടേ? ഇദ്ദേഹത്തെ സംബന്ധിച്ച് പരാതിയുണ്ടെന്ന് കേരളത്തിന്റെ മുഖ്യമന്ത്രി പറഞ്ഞു. എന്തെങ്കിലും പരാതി ഉണ്ടോ എന്ന് വിവരാവകാശ നിയമപ്രകാരം മുഖ്യമന്ത്രിയുടെ ഓഫീസിൽ എഴുതി ചോദിക്കുകയുണ്ടായി. എന്തായിരുന്നു ആ മറുപടി? മുഖ്യമന്ത്രിയുടെ അഡീഷണൽ പ്രൈവറ്റ് സെക്രട്ടറി ഡി. ബിനു വിവരാവകാശ നിയമപ്രകാരം കൊടുത്ത മറുപടിയിൽ പറയുന്നത്, ഇദ്ദേഹത്തെ സംബന്ധിച്ച് ഒരു പരാതിയും ഈ ഗവൺമെന്റിന് ലഭിച്ചിട്ടില്ലെന്നാണ്. ഒരു പരാതിയും ലഭിച്ചിട്ടില്ല, ഒരു വിശദീകരണവും ചോദിച്ചിട്ടില്ല, ഒരു വിശദീകരണവും അദ്ദേഹത്തിൽനിന്ന് വാങ്ങിയിട്ടുമില്ല എന്നാണ്. അങ്ങയുടെ ഓഫീസിൽനിന്നുള്ള മറുപടി. അച്ചടക്ക ലംഘനം നടത്തിയാൽ നിങ്ങൾക്കെതിരെ നടപടി സ്വീകരിക്കുമെന്ന് പറഞ്ഞു. കുറേ ദിവസം ആയല്ലോ, എന്തുകൊണ്ടാണ് നിങ്ങൾ നടപടി സ്വീകരിക്കാത്തത്? നിങ്ങൾക്ക് നടപടിയെടുക്കാൻ സാധിക്കുന്നില്ല. കാരണമെന്താണ്? നടപടിയെടുക്കാവുന്ന ഒരു കുറ്റവും അദ്ദേഹം ചെയ്തിട്ടില്ല. നിയമവ്യവസ്ഥയ്ക്ക് വിധേയമായി, നിയമാനുസൃതമായ കാര്യങ്ങൾ ചെയ്യാൻ പരിശ്രമിച്ചുവെന്നല്ലാതെ ഒരു കുറ്റവും അദ്ദേഹം ചെയ്തിട്ടില്ല. ഒരു കുറ്റവാളിയായ ഉദ്യോഗസ്ഥനാണ് ഇദ്ദേഹമെന്ന് പരസ്യമായി കേരളത്തിന്റെ മുഖ്യമന്ത്രി പറഞ്ഞതിന് ഇന്നുവരെ നടപടി സ്വീകരിക്കാൻ കഴിയാതെ പോയത് എന്തുകൊണ്ടാണ്? ശ്രീ. ജേക്കബ് തോമസ് കുറ്റവാളിയാണെന്നും കുറ്റകൃത്യങ്ങൾ ചെയ്തുവെന്നുമൊക്കെയാണ് മുഖ്യമന്ത്രി പറയുന്നത്. അദ്ദേഹം ചെയ്ത കുറ്റങ്ങൾ

എന്താണ്? ആ കുറ്റങ്ങൾ സഭ അറിയണം. ഒന്ന്, വിജിലൻസ് എ.ഡി.ജി.പി. ആയിരിക്കെ പാറ്റൂർ ഭൂമി തട്ടിപ്പ് കേസ്സന്വേഷണവുമായി ബന്ധപ്പെട്ട് ഒരു റിപ്പോർട്ട് അദ്ദേഹം സമർപ്പിക്കുകയാണുണ്ടായി. റവന്യൂ വകുപ്പുമന്ത്രിയുടെയും മുഖ്യമന്ത്രിയുടെയും ചീഫ് സെക്രട്ടറിയുടെയും പങ്ക് ബോദ്ധ്യപ്പെട്ടത് വ്യക്തമായി എന്നാണ് അദ്ദേഹം ഒന്നാമത്തെ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. അതുകൊണ്ട് മറ്റാരെയും ഏൽപ്പിക്കാതെ അദ്ദേഹത്തിന്റെ സ്വബോധത്തിന്റെ അടിസ്ഥാനത്തിൽ ഉൾപ്പെടുത്തി. രണ്ടാമത്തെ റിപ്പോർട്ട്, മുഖ്യമന്ത്രി ഒപ്പുവച്ച ക്യാബിനറ്റ് നോട്ടിന്റെ കോപ്പി ഉൾപ്പെടുന്ന റിപ്പോർട്ട് സമർപ്പിച്ചു. അദ്ദേഹം സമർപ്പിച്ച രണ്ട് റിപ്പോർട്ടുകളും ലോകായുക്തയുടെ പരിഗണനയിലാണ്. കുറ്റപത്രത്തിൽ അദ്ദേഹത്തിന്റെ കുറ്റങ്ങളാണ് പറയുന്നത്. മൂന്ന്, ശ്രീ. കെ. എം. മാണിക്കെതിരെയുള്ള വിജിലൻസ് അന്വേഷണത്തിൽ നിയമാനുസൃതമായ നിലപാട് സ്വീകരിക്കണമന്നുള്ളൊരു നിലപാട് സ്വീകരിച്ചു. നാല്, മന്ത്രി ശ്രീ. കെ. ബാബുവിനെതിരെ കേസ്സെടുക്കണമെന്ന നിലപാട് സ്വീകരിച്ചു. കേസ്സെടുക്കണമെന്ന നിലപാട് സ്വീകരിക്കാൻ അദ്ദേഹത്തിന് അധികാരമില്ല. അഞ്ച്, 77 ബഹുനില കെട്ടിടങ്ങൾക്ക് എൻ.ബി.സി. (നാഷണൽ ബിൽഡിംഗ് കോഡ്) കേരള ബിൽഡിംഗ് റൂളിന് വിധേയമാകാതെ അനുമതി നൽകിയില്ല. അദ്ദേഹത്തിന് എങ്ങനെ അനുമതി നൽകാൻ സാധിക്കും. സാധിക്കുമോ? കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 44-ൽ പറയുന്നത് 'കെട്ടിടങ്ങൾ പണിയുമ്പോൾ അനുവർത്തിക്കേണ്ട അഗ്നി സുരക്ഷ ആവശ്യകതയെ സംബന്ധിച്ച് പ്രതിപാദിക്കുന്നുണ്ട്. നിങ്ങൾക്ക് ഫ്ലാറ്റ് മാഫിയയുടെ താൽപ്പര്യവുമായി ചേർന്നുനിൽക്കണമെന്ന് ആഗ്രഹമുള്ളതുകൊണ്ട് ചട്ടങ്ങൾ ലംഘിക്കാൻ അധികാരമുണ്ടോ? നാഷണൽ ബിൽഡിംഗ് കോഡിലെ നാലാം ഭാഗത്ത് പറയുന്നത്, ഫയർ ആന്റ് സേഫ്റ്റിയെ സംബന്ധിച്ച നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ടുമാത്രമേ ഫയർ ആന്റ് സേഫ്റ്റി വകുപ്പ് കെട്ടിടങ്ങൾക്ക് അനുമതി നൽകാവൂ എന്നാണ്. ഇത് ലംഘിച്ചുകൊണ്ട് ശ്രീ. ജേക്കബ് തോമസിന് എങ്ങനെ നിലപാട് സ്വീകരിക്കാൻ സാധിക്കും? വകുപ്പ് ഡയറക്ടർ ചട്ടം 44 പാലിക്കുക മാത്രമാണ് ചെയ്തത്. ചട്ടങ്ങൾക്ക് വിരുദ്ധമായി അനുമതി നൽകിയാൽ നാളെ ദൗർഭാഗ്യകരമായി ഉണ്ടാകാവുന്ന എല്ലാ അനിഷ്ട സംഭവങ്ങൾക്കും അദ്ദേഹം ഉത്തരവാദി ആയിരിക്കുകയില്ലേ; ആ ഉത്തരവാദിത്വം ഈ ഗവൺമെന്റ് ഏറ്റെടുക്കുമോ? വൈപ്പിൻ ബോട്ടപകടമുണ്ടായപ്പോൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥനെതിരെയാണ് കേസ്സെടുത്തത്. തനിക്കെതിരെ കേസ്സെടുക്കുമെന്നുള്ള ഭയംകൊണ്ട് ഈ രാജ്യത്ത് നിലവിലുള്ള ചട്ടം പാലിക്കാൻ നിലപാട് സ്വീകരിച്ച ഒരു ഉദ്യോഗസ്ഥനെ ഇങ്ങനെ

വേട്ടയാടുന്നത് സാമാന്യ മര്യാദയാണോയെന്ന് നിങ്ങൾ ആലോചിക്കണം. ഇതിനെക്കുറിച്ചാണ് നിങ്ങൾ മറുപടി പറയേണ്ടത്.

ജേക്കബ് തോമസിനെപ്പോലെ മാറ്റിനിർത്തപ്പെട്ട മറ്റൊരുദ്യോഗസ്ഥനാണ് ജയിൽ ഡി.ജി.പി. ആയിരുന്ന ലോകനാഥ് ബെഹ്റ. നിങ്ങളുടെ ഇംഗിതത്തിന് വഴങ്ങിയില്ല എന്നതായിരുന്നു അദ്ദേഹവും ചെയ്ത കുറ്റം. നിങ്ങളുടെ ഇംഗിതത്തിന് വഴങ്ങുന്നവരെയാണ് നിങ്ങൾക്കാവശ്യം. സോളാർ കേസ് പ്രതി ബിജു രാധാകൃഷ്ണനെ മൊഴിയെടുക്കുന്നതിനായി നവംബർ മാസം 11-ാം തീയതി സോളാർ കമ്മിഷൻ മുമ്പാകെ ഹാജരാക്കാൻ ആവശ്യപ്പെട്ടെങ്കിലും അദ്ദേഹത്തെ ഹാജരാകാൻ അനുവദിച്ചില്ല. ബിജു രാധാകൃഷ്ണനെ കമ്മീഷനു മുമ്പിൽ ഹാജരാക്കാതിരിക്കാൻ ജയിൽ സൂപ്രണ്ടായ സുരേഷിനെ ആരാണ് ചുമതലപ്പെടുത്തിയത്? ജയിൽ സൂപ്രണ്ടായ സുരേഷ് 20 തവണയാണ് ബിജു രാധാകൃഷ്ണനുമായി ചർച്ച നടത്തിയിട്ടുള്ളത്. അറുപതോളം കേസ്സുകളിലെ പ്രതി, കൊലക്കേസിലെ പ്രതി, കുറ്റവാളി എന്നൊക്കെ നിങ്ങൾ പറയുന്ന ബിജു രാധാകൃഷ്ണനുമായി ആഭ്യന്തരവകുപ്പിന്റെ പ്രത്യേക അനുമതിയോടുകൂടി കേരളത്തിലെ ഒരു ജയിൽ സൂപ്രണ്ട് 20 തവണ ചർച്ച നടത്തേണ്ടതിന്റെ ആവശ്യമെന്താണ്; ആ ചർച്ചയുടെ ഉള്ളടക്കം എന്താണ്? ബിജു രാധാകൃഷ്ണനെ സോളാർ കമ്മീഷനുമുന്നിൽ ഹാജരാക്കാതിരിക്കാൻ നടത്തുന്ന പരിശ്രമങ്ങൾ കണ്ട് സോളാർ കമ്മീഷൻ ജസ്റ്റിസ് ശിവരാജൻ പരസ്യമായി ആക്ഷേപം ഉന്നയിച്ചു. ജസ്റ്റിസ് ശിവരാജന്റെ പരസ്യ പ്രതികരണം കേട്ടപ്പോൾ ലോകനാഥ് ബെഹ്റ ജയിൽ സൂപ്രണ്ടിനോട് ബിജു രാധാകൃഷ്ണനെ കമ്മീഷനുമുന്നിൽ ഹാജരാക്കണമെന്ന് ആവശ്യപ്പെട്ടു. അതോടുകൂടി അദ്ദേഹത്തിന് ജയിൽ ഡി.ജി.പി. സ്ഥാനം നഷ്ടപ്പെടുകയും എ.ഡി.ജി.പി. തസ്തികയിലേക്ക് തരംതാഴ്ത്തപ്പെടുകയും ചെയ്തു. ഇതിന് സമാനമായ അനുഭവം തന്നെയാണ് ഋഷിരാജ്സിംഗിനുമുണ്ടായത്. നിങ്ങളുടെ താൽപ്പര്യത്തിന് വിധേയമായിട്ടല്ലാതെ ആർക്കും പ്രവർത്തിക്കാൻ കഴിയില്ല എന്നുള്ളതിന്റെ ഉദാഹരണങ്ങളാണ് വന്നുകൊണ്ടിരിക്കുന്നത്. നിങ്ങൾ ഇങ്ങനെ ചെയ്യുന്നതെല്ലാം നിയമവിരുദ്ധ പ്രവൃത്തികളാണ്. നിയമവിരുദ്ധ പ്രവൃത്തികളെ സംബന്ധിച്ച് സഭയിൽ ചർച്ച ചെയ്യുന്നതിനുപകരം സാങ്കേതിക കാര്യങ്ങൾ പറഞ്ഞ് രക്ഷപ്പെടാനാണ് അങ്ങ് ശ്രമിക്കുന്നത്. നിങ്ങൾക്ക് താൽപ്പര്യമുള്ള ചില ഉദ്യോഗസ്ഥൻമാരുണ്ട്, ഏറാംമൂളികൾ. അതിൽ പ്രധാനപ്പെട്ട ഏറാംമൂളിയാണ് ഐ.ജി. ഗോപകുമാർ. അദ്ദേഹം ഒരന്വേഷണം നടക്കുന്നതിനിടയിൽ അപ്രതീക്ഷിതമായി ജയിലിൽ എത്തിയിട്ട് അന്വേഷണ സംഘവുമായി ബന്ധപ്പെട്ട് ചർച്ച ആരംഭിക്കുകയാണ്.

നിസാം എന്ന അതിസമ്പന്നൻ കാണിച്ചുകൂട്ടിയ ധിക്കാരവും ധാർഷ്ട്യവും തുടർന്നുള്ള കൊലപാതകവും കേരളമാകെ അപലപിച്ച ഒരു കേസാണ്. ആ നിസാമുമായി രഹസ്യചർച്ച നടത്തിയ ജേക്കബ് ജോബ് നിങ്ങൾക്ക് വേണ്ടപ്പെട്ട ഉദ്യോഗസ്ഥനാണ്. 3000 തവണ കേരളത്തിലെ മാധ്യമങ്ങൾക്ക് രഹസ്യം ചോർത്തിക്കൊടുത്ത് എൽ.ഡി.എഫ്.-നെ തകർക്കാനുള്ള മാധ്യമ ഗൂഢാലോചനയിൽ പങ്കാളിയായ ജോസി ചെറിയാൻ എന്ന ഡിവൈ.എസ്.പി. നിങ്ങൾക്ക് വേണ്ടപ്പെട്ട ആളാണ്. അദ്ദേഹം മൂവ്വായിരം തവണ മാധ്യമ പ്രവർത്തകരുമായി ചർച്ച നടത്തിയതിന്റെ വിശദാംശങ്ങൾ പുറത്തുവന്നു. 20 തവണ പ്രതിയെ പോയിക്കണ്ട് സമ്മർദ്ദം ചെലുത്തി മൊഴി കൊടുക്കരുതെന്ന് പറഞ്ഞ ജയിൽ സൂപ്രണ്ട് സുരേഷ് നിങ്ങൾക്ക് വേണ്ടപ്പെട്ട ആളാണ്. വിൻസൻ എം. പോൾ എന്ന മാന്യനായ ഉദ്യോഗസ്ഥനെ നിങ്ങൾ നശിപ്പിച്ചു. ദീർഘകാലത്തെ മാന്യതയുടെയും മര്യാദയുടെയും ട്രാക്ക് റിക്കോർഡുണ്ടായിരുന്ന അദ്ദേഹത്തെ നിങ്ങൾ ചന്ദനം ചാരിയാൽ 'ചന്ദനം മണക്കും ചാണകം ചാരിയാൽ ചാണകം മണക്കും' എന്ന ചൊല്ലിന് സമാനമായ നിലയിൽ ചാണകം പൂശിയിറക്കിവിട്ടു.

വിൻസൻ എം. പോളിനെ നിങ്ങളുടെ താൽപ്പര്യങ്ങൾക്കനുസരിച്ച് mould ചെയ്ത് ചാണകംപൂശി നിങ്ങൾ ഇറക്കിവിട്ടു. കേരളത്തിൽ മാന്യമായും സത്യസന്ധമായും ജോലി ചെയ്യുന്ന പോലീസ് ഉദ്യോഗസ്ഥൻമാരെയെല്ലാം ഭീഷണിപ്പെടുത്തി വശത്താക്കുന്ന സമീപനം തുടരുന്നതിന്റെ ഭാഗമായി കേരളത്തിലെ പോലീസ് സേനയിൽ മാന്യൻമാർക്ക് ജോലിചെയ്യാൻ കഴിയാത്ത സാഹചര്യം ഉണ്ടാക്കിയിരിക്കുകയാണ്. എന്തുകൊണ്ടാണ് നിങ്ങൾ ഇങ്ങനെയുള്ള സമീപനം സ്വീകരിക്കുന്നത്? കോഴിക്കോട് റെയ്ഞ്ച് വിജിലൻസ് കേസിൽ രണ്ട് മന്ത്രിമാർക്കും ഒരു ഉദ്യോഗസ്ഥനുമെതിരായി കേസ്സുണ്ടായി. ശ്രീ. അടൂർ പ്രകാശ്, ഡോ. എം. കെ. മുനീർ എന്നീ മന്ത്രിമാർക്കും ശ്രീ. ടി. ഒ. സൂരജിനുമെതിരായി ക്രൈം നമ്പർ 1/08, 2/08, 3/08, 4/08, 5/08, 6/08, 7/08, 08/08 എന്നീ കേസ്സുകളുണ്ടായിരുന്നു. ഈ കേസ്സുകൾ വിജിലൻസ് കോടതിയിൽ കുറ്റപത്രം സമർപ്പിച്ചുകഴിഞ്ഞതാണ്. കൂടുതൽ തെളിവുകൾ തരാനുണ്ടെന്നുപറഞ്ഞ് അത് തിരിച്ചുവാങ്ങി നശിപ്പിച്ച നാണംകെട്ട സമീപനം സ്വീകരിച്ച ...... (ബഹളം) ...... നിങ്ങൾക്ക് തോന്നുന്നതുപോലെ വിജിലൻസ് വകുപ്പ് കൈകാര്യം ചെയ്യുന്നതിനുള്ള താൽപ്പര്യത്തിന് കൂട്ടുനിൽക്കുന്നില്ല എന്നതുകൊണ്ടുമാത്രമാണ് കേരളത്തിലെ മൂന്ന് ഡി.ജി.പി. റാങ്കിലുള്ള ഉദ്യോഗസ്ഥൻമാരെ മാറ്റിനിർത്തി ഒരു എ.ഡി.ജി.പി.യെ കൊണ്ടുവന്ന് ഈ തോന്ന്യാസം കാണിക്കുന്നത്. സംസ്ഥാനത്തെ പോലീസ്

ഭരണം സ്വജനപക്ഷപാതത്തിന്റെയും നീതിനിഷേധത്തിന്റെയും ചീഞ്ഞുനാറിയ അവസ്ഥയിലെത്തിയിരിക്കുകയാണ്. ഞങ്ങൾ പറയുന്നത് കേട്ടില്ലെങ്കിൽ കൈകാര്യം ചെയ്യുമെന്നുപറയുന്ന ഭരണാധികാരികളാണുള്ളത്. കേരളത്തിന്റെ മുഖ്യമന്ത്രിയാണ് ഒരു ഡി.ജി.പി.യെ ഞാൻ കൈകാര്യം ചെയ്യുമെന്ന് പരസ്യമായി പ്രഖ്യാപിച്ചത്. ഇങ്ങനെയുള്ള ഭരണാധികാരികൾ വെല്ലുവിളിക്കുന്നത് ഭരണഘടനയെയും പൊതുസമൂഹത്തെയുമാണ്. ഭരണഘടനയെയും പൊതുസമൂഹത്തെയും വെല്ലുവിളിക്കുന്ന ഈ സാഹചര്യം ഈ സഭ നിർത്തിവച്ച് ഗൗരവമായി ചർച്ച ചെയ്യണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട ശ്രീരാമകൃഷ്ണൻ, സംസാരിക്കുമ്പോൾ അനുസരിക്കേണ്ട ചട്ടങ്ങളെക്കുറിച്ചാണ് നിയമസഭാ നടപടിക്രമങ്ങളും ചട്ടങ്ങളും എന്നതിലെ 284-ൽ പ്രത്യേകം എടുത്തുപറയുന്നത്. അതിൽ ഒൻപതാമത്തേതിൽ, ഒരു മുൻകൂർ നോട്ടീസ് സ്പീക്കർക്കും അതിന്റെ പകർപ്പ് ബന്ധപ്പെട്ട മന്ത്രിക്കും നൽകാതെ സർക്കാർ ഉദ്യോഗസ്ഥരെ പേരെടുത്ത് പരാമർശിക്കരുത് എന്നാണ്. ..... (ബഹളം) ...... ശ്രീ. പി. ശ്രീരാമകൃഷ്ണൻ അങ്ങ് സംസാരിച്ചുകഴിഞ്ഞു. ഇനി ചെയർ പറയുന്നത് കേൾക്കണം. ഏതെങ്കിലും സർക്കാർ ഉദ്യോഗസ്ഥരുടെ പേര് സഭയിൽ പറഞ്ഞാൽ, ആ ഉദ്യോഗസ്ഥന് ഇവിടെ വന്ന് മറുപടി പറയാൻ കഴിയാത്ത സാഹചര്യത്തിൽ അങ്ങനെ പറയരുത് എന്നാണ് പറഞ്ഞിട്ടുള്ളത്. അങ്ങ് ഇതിന് വിപരീതമായി ഇവിടെ പേര് പറഞ്ഞിട്ടുണ്ട്. ....... (ബഹളം) ........ ... ഞാൻ റൂളിംഗ് നടത്തിയതല്ല. ........ (ബഹളം).........

10.00 AM]

ശ്രീ. രമേശ് ചെന്നിത്തല: സർ, ബഹുമാനപ്പെട്ട പൊന്നാനി മെമ്പർ ശ്രീ. പി. ശ്രീരാമകൃഷ്ണൻ പ്രധാനമായും ഇവിടെ ഉന്നയിച്ചകാര്യം, എ.ഡി.ജി.പി. റാങ്കിലുള്ള ഒരുദ്യോഗസ്ഥനെ വിജിലൻസ് ഡയറക്ടർ ആക്കാമോ എന്നുള്ളതാണ്. കേരളത്തിന്റെ ചരിത്രം പരിശോധിച്ചാൽ അദ്ദേഹത്തിന്റെ സംശയം മാറും. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ശ്രീ. വി. എസ്. അച്ചുതാനന്ദൻ മുഖ്യമന്ത്രി ആയിരുന്നപ്പോൾ, ഡി.ജി.പി. റാങ്കിലുണ്ടായിരുന്ന ഏറ്റവും സീനിയർ മോസ്റ്റ് ആയിരുന്ന ശ്രീ. ഉപേന്ദ്ര വർമ്മയെ 19-10-2007-ൽ ഐ.എം.ജി. ഡയറക്ടറായി സ്ഥലംമാറ്റി. അന്ന് എ.ഡി.ജി.പി. ആയിരുന്ന സിബി മാത്യൂവിനെ 19-10-2007 മുതൽ വിജിലൻസ് ഡയറക്ടറായി നിയമിച്ചു. കൂടാതെ, 1-3-2011-ൽ ഇപ്പോഴത്തെ

പ്രതിപക്ഷനേതാവ് മുഖ്യമന്ത്രിയായിരുന്നപ്പോൾ ശ്രീ. നെറ്റോ ഡെസ്മണ്ടിനെ വിജിലൻസ് ഡയറക്ടറായി നിയമിക്കുമ്പോൾ അദ്ദേഹവും എ.ഡി.ജി.പി. ആയിരുന്നു. കുറച്ചുകൂടി പുറകിലോട്ട് പോയാൽ ഇ. കെ. നായനാർ മുഖ്യമന്ത്രി ആയിരുന്നപ്പോൾ 1996-2001 കാലഘട്ടത്തിൽ ശ്രീ. ആർ. എസ്. മുഷാഹരി, ശ്രീ. എ. വി. സുബ്ബറാവു എന്നിവരെ വിജിലൻസ് ഡയറക്ടർമാരായി നിയമിക്കുമ്പോൾ അവരും എ.ഡി.ജി.പി. റാങ്കിലുള്ളവരായിരുന്നു എന്നു കാണാൻ സാധിക്കും. വിവിധ കാലഘട്ടങ്ങളിൽ ശ്രീ. പി. ചന്ദ്രശേഖരൻ, ശ്രീമതി ശ്രീലേഖ, ശ്രീ. വിൻസൻ എം. പോൾ എന്നിവരും എ.ഡി.ജി.പി. റാങ്കിൽ വിജിലൻസ് ഡയറക്ടറുടെ പദവിയിൽ ജോലി ചെയ്തിട്ടുണ്ട്. ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന്റെ കാലത്ത് സംസ്ഥാന പോലീസ് മേധാവിയായിട്ടുപോലും ഡി.ജി.പി.-യെ മാറ്റി എ.ഡി.ജി.പി.-യെ നിയമിച്ച ഉദാഹരണങ്ങളുണ്ട്. 25-7-2000-ൽ അന്നത്തെ സംസ്ഥാന പോലീസ് മേധാവി ആയിരുന്ന, ഡി.ജി.പി. റാങ്കിലുള്ള ശ്രീ. ബി. എസ്. ശാസ്ത്രിയെ മാറ്റി, എ.ഡി.ജി.പി. റാങ്കിലുള്ള ശ്രീ. പി. ആർ. ചന്ദ്രനെ നിയമിച്ചിട്ടുള്ള ചരിത്രവുമുണ്ട്. അത്തരത്തിൽ സ്ഥലം മാറ്റിയ ഏറ്റവും സീനിയർ ഐ.പി.എസ്. ഓഫീസറായ ശ്രീ. ബി. എസ്. ശാസ്ത്രിയെ ഫയർഫോഴ്സ് ഡയറക്ടറായും നിയമിച്ചിട്ടുണ്ട്. .....(ബഹളം).... അന്ന് മുഖ്യമന്ത്രി ആയിരുന്ന ഇപ്പോഴത്തെ പ്രതിപക്ഷ നേതാവിനെ ഞാൻ കുറ്റപ്പെടുത്തുന്നില്ല. അതൊക്കെ ഭരണപരമായി ഒരു സർക്കാർ ചെയ്യേണ്ട കാര്യങ്ങളാണ്.

അദ്ദേഹത്തിന്റെ രണ്ടാമത്തെ ചോദ്യം, ഡി.ജി.പി. റാങ്കിലുള്ള ആളുകളുടെ പേരിൽ അഴിമതി ഉണ്ടായാൽ വിജിലൻസ് ഡയറക്ടർക്ക് അന്വേഷിക്കാമോ എന്നാണ്. ഡി.ജി.പി.ക്ക് എതിരായ അന്വേഷണം മാത്രമല്ല, മന്ത്രിമാർക്കും ചീഫ് സെക്രട്ടറിക്കും പൊതുപ്രവർത്തകർക്കും സർക്കാർ ഉദ്യോഗസ്ഥർക്കും എതിരായുള്ള ഏത് ആരോപണത്തെ സംബന്ധിച്ചും വിജിലൻസ് ഡയറക്ടർക്ക് അന്വേഷിക്കാൻ കഴിയുമെന്ന് കേരളം എത്രയോ കേസ്സുകളിൽ തെളിയിച്ചിട്ടുള്ളതാണ്. ഇന്ന് ഐ.പി.എസ്. ഓഫീസർമാരുടെ യോഗം ചേരുന്നുവെന്ന് ഇവിടെ പറയുകയുണ്ടായി. പൊതുവായ കാര്യങ്ങൾ ചർച്ച ചെയ്യാനാണ് ഐ.പി.എസ്. ഓഫീസർമാരുടെ യോഗം ചേരുന്നത്. അത് ട്രേഡ് യൂണിയൻ സ്വഭാവത്തിൽ പ്രവർത്തിക്കുന്ന സംഘടനയല്ല. സർക്കാരിനെയും മുഖ്യമന്ത്രിയെയും ആഭ്യന്തര വകുപ്പുമന്ത്രിയെയും പരാതികൾ അറിയിക്കുന്നതിന് വ്യവസ്ഥാപിതമായിട്ടുള്ള ഒരു കാര്യമാണത്. അതിൽ തെറ്റില്ല; അതൊരു പുതിയ കാര്യവുമല്ല. പ്രതിപക്ഷ

നേതാവ് മുഖ്യമന്ത്രി ആയിരുന്നപ്പോഴും അവർ യോഗം ചേരുകയും നമ്മളോട് ചില കാര്യങ്ങൾ പറയുകയും ചെയ്തിട്ടുണ്ട്. എനിക്ക് പറയാനുള്ളത്, ഭരണ-പ്രതിപക്ഷത്ത് ഇരിക്കുന്ന ആളുകൾ ഭരണത്തിലിരിക്കുമ്പോൾ, ഏത് ഉദ്യോഗസ്ഥൻ എവിടെ ജോലി ചെയ്യണമെന്ന് ഗവൺമെന്റാണ് തീരുമാനിക്കുന്നത്. എന്നെ ഇവിടെ നിയമിക്കണമെന്ന് ഉദ്യോഗസ്ഥന്മാരല്ല പറയേണ്ടത്. 'എനിക്ക് വിജിലൻസ് കൂടിയേ തീരൂ - ബെഹ്റ' എന്ന വാർത്ത പത്രത്തിൽ കണ്ടു. ഞാനും മുഖ്യമന്ത്രിയും ഒക്കെ ഇവിടെ ഇരിക്കുന്നത് എന്തിനാണ്? കേരളത്തിൽ ഭരണം നടത്തിയ നിങ്ങൾക്ക് അതംഗീകരിക്കാൻ കഴിയുമോ? ഏതെങ്കിലും ഒരു സംസ്ഥാനത്തെ പോലീസ് മേധാവിയെയോ സർക്കാർ ഉദ്യോഗസ്ഥനെയോ നിയമിക്കാനുള്ള അധികാരം സംസ്ഥാന ഗവൺമെന്റിന് ഇല്ലെങ്കിൽ എങ്ങനെ ഗവൺമെന്റിന് പ്രവർത്തിക്കാൻ കഴിയും; പിന്നെ ജനാധിപത്യത്തിന്റെ ആവശ്യമെന്താണ്? അത് അംഗീകരിച്ചുകൊടുക്കാൻ കഴിയില്ല. അവർക്ക് ന്യായമായ പരാതികളുണ്ടെങ്കിൽ ഗവൺമെന്റും മുഖ്യമന്ത്രിയും ഞാനും കേൾക്കാൻ തയ്യാറാണ്. എന്നാൽ ഏതെങ്കിലും ഒരു പോസ്റ്റ് തനിക്ക് വേണമെന്ന് ഏതെങ്കിലും ഒരുദ്യോഗസ്ഥൻ പറഞ്ഞാൽ I am very sorry, that cannot be acceded, that cannot be accepted. ഞാൻ ഒരു ഉദ്യോഗസ്ഥന്റെയും പേര് പറയാൻ ആഗ്രഹിച്ചതല്ല. ഇവിടെ പറഞ്ഞതുകൊണ്ട് എനിക്കും പറയേണ്ടിവരും. ശ്രീ. ജേക്കബ് തോമസിനോട് ഈ സർക്കാരിന് യാതൊരു വിരോധവുമില്ല. ഇതെല്ലാം വളരെ തെറ്റായ ചില പ്രചാരണങ്ങളാണ്. അദ്ദേഹം വിജിലൻസിൽ സേവനമനുഷ്ഠിച്ചിട്ടുണ്ട്. ശ്രീ. പി. ശ്രീരാമകൃഷ്ണൻ പറഞ്ഞ രണ്ട് ഉദ്യോഗസ്ഥന്മാരായ ശ്രീ. ജേക്കബ് തോമസിനും ശ്രീ. ഋഷിരാജ് സിംഗിനും ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ കാലത്ത് പോലീസ് വകുപ്പിൽ ഏതെങ്കിലും നല്ല പോസ്റ്റിംഗ് കൊടുത്തിട്ടുണ്ടോ; കൊടുത്തിട്ടില്ല. ഞാൻ ആഭ്യന്തരവകുപ്പുമന്ത്രി ആയതിനുശേഷമാണ് എ.ഡി.ജി.പി. വിജിലൻസായി നിയമിച്ചത്. പ്രൊമോഷൻ സമയം ആകുമ്പോൾ അത് നൽകണ്ടേ? കൊടുത്തില്ലെങ്കിൽ പ്രൊമോഷൻ മനഃപൂർവ്വം കൊടുക്കാത്തതാണെന്ന് നിങ്ങൾ പറയും. അദ്ദേഹത്തിന് പ്രൊമോഷൻ നൽകി ഫയർഫോഴ്സ് ഡി.ജി.പി. ആയി നിയമിച്ചു. അന്ന് കേരളത്തിലെ പ്രമുഖമായ രണ്ട് പത്രങ്ങളിൽ വന്ന എഡിറ്റോറിയൽ ഞാൻ വായിച്ചു. 20-9-2015-ൽ കേരളകൗമുദി പത്രത്തിൽ വന്ന "ആശാന്റെ നെഞ്ചത്തായാൽ കളരിക്ക് പുറത്തുതന്നെ" എന്ന ഹെഡ്ഡിംഗിൽ വാർത്ത ഇപ്രകാരമാണ്: 'ഒന്നുകിൽ ആശാന്റെ നെഞ്ചത്ത് അല്ലെങ്കിൽ കളരിക്ക് പുറത്ത് എന്ന മട്ടിൽ ഉത്തരവാദിത്വമുള്ള പദവികളിൽ ഇരിക്കുന്ന ഉദ്യോഗസ്ഥന്മാർ പെരുമാറാൻ തുടങ്ങിയാൽ സർക്കാരിന് മാത്രമല്ല, അതുകൊണ്ടുണ്ടാകുന്ന ക്ഷീണവും

ബുദ്ധിമുട്ടും ജനങ്ങളേയും വല്ലാത്ത ദുരിതത്തിലാക്കും. ഒരു ഭരണകൂടം അതിന്റെ സൽപ്പേരും പ്രതിച്ഛായയും നിലനിർത്തുന്നത് ഉദ്യോഗസ്ഥന്മാരിലൂടെയാണ്. സർക്കാരിന്റെ നയങ്ങളോടും പരിപാടികളോടുമുള്ള വിയോജിപ്പ് ധാരാളം ഉദ്യോഗസ്ഥന്മാർക്ക് കാണുമായിരിക്കാം. എന്നാൽ ഔദ്യോഗിക കൃത്യ നിർവ്വഹണത്തിൽ അത്തരം എതിർപ്പുകൾക്കും ഇഷ്ടമില്ലായ്മയ്ക്കും തെല്ലുമില്ല സ്ഥാനം. സർക്കാരിനോടുള്ള പ്രതിഷേധം തലതിരിഞ്ഞ ഉത്തരവുകളായി ജനങ്ങളുടെമേൽ അടിച്ചേൽപ്പിക്കാൻ ശ്രമിക്കുന്ന ഉദ്യോഗസ്ഥന്മാർ ആരായാലും അവർ എവിടെ ഇരിക്കണമെന്ന് തീരുമാനിക്കാനുള്ള അധികാരം സർക്കാരിന് ഉണ്ടായിരിക്കണം'. മലയാള മനോരമ പത്രത്തിൽ വന്ന 'അഗ്നിശമനസേന ഒപ്പമുണ്ടാകണം' എന്ന വാർത്ത സമയക്കുറവ് കാരണം ഞാൻ വായിക്കുന്നില്ല. അഗ്നിശമന സേനയുടെ സേവനം ജനങ്ങൾക്ക് ലഭ്യമാകുന്നില്ലെന്നും ഒരുത്തരവിലൂടെ ജനങ്ങൾക്ക് ബുദ്ധിമുട്ട് ഉണ്ടാകുന്നുവെന്നും കേരളത്തിലെ രണ്ട് പ്രമുഖപത്രങ്ങൾ എഴുതിയപ്പോൾ ആ വിഷയം മന്ത്രിസഭായോഗം ചർച്ച ചെയ്ത്, ആ ഉദ്യോഗസ്ഥനെ മാറ്റി പുതിയ ഉദ്യോഗസ്ഥനെ നിയമിക്കണമെന്ന് തീരുമാനിച്ചു. അതിനുള്ള അധികാരം പോലും ക്യാബിനറ്റിനില്ലെങ്കിൽ സർക്കാർ എങ്ങനെ പ്രവർത്തിക്കും? ഇവിടെ ഒരു കാര്യം വളരെ വ്യക്തമാണ്. 10 വർഷം രണ്ട് എൽ.ഡി.എഫ്. ഗവൺമെന്റുകൾ ഭരിച്ചു. ശ്രീ. ജേക്കബ് തോമസിനെ കൊച്ചി സിറ്റി പോലീസ് കമ്മീഷണറായി നിയമിച്ചു. ഒരു കാര്യം പറഞ്ഞതുകേൾക്കാത്തതിന്റെ പേരിൽ അര മണിക്കൂറിനുള്ളിൽ അദ്ദേഹത്തെ മാറ്റിനിയമിക്കുകയും എ.സി.പി.-ക്ക് ചാർജ്ജ് കൊടുക്കുകയും ചെയ്തു. അന്നത്തെ ആഭ്യന്തര വകുപ്പുമന്ത്രി ഇവിടെയുണ്ട്. ശരിയാണോയെന്ന് ശ്രീ. പി. ശ്രീരാമകൃഷ്ണൻ അദ്ദേഹത്തോട് ചോദിക്കട്ടെ. ശ്രീ. കെ. ബാബുവിന്റെ പേരിലുള്ള അന്വേഷണ റിപ്പോർട്ട് വരുമ്പോൾ ശ്രീ. ജേക്കബ് തോമസ് വിജിലൻസ് വകുപ്പിലില്ല. പിന്നെ എങ്ങനെ കേസ്സെടുക്കാൻ ഉത്തരവിടും. ഇതെല്ലാം തെറ്റിദ്ധാരണാജനകമായ കാര്യങ്ങളാണ്.

സി.ആർ.ഇസഡ്.-ന്റെകാര്യം പറയുകയുണ്ടായി. സി.ആർ.ഇസഡ്.-നു വേണ്ടി മുഖ്യമന്ത്രി തന്നെ വ്യക്തിപരമായി എത്രയോ യോഗങ്ങൾ വിളിച്ചിട്ടുണ്ട്. എന്റെ നിയോജകമണ്ഡലവും തീരദേശമാണ്. എല്ലാവരും ആവശ്യപ്പെട്ടതിന്റെ പേരിൽ മുഖ്യമന്ത്രി യോഗങ്ങൾ വിളിക്കുകയും ഡൽഹിയിൽ പോയി ബഹുമാനപ്പെട്ട പ്രധാനമന്ത്രിയെ കാണുകയും ചെയ്തു. സി.ആർ.ഇസഡ്.-ന്റെ കാര്യത്തിൽ മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ എടുത്തിട്ടുള്ള സമീപനം ഇന്ത്യയിൽ ഒരു ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടില്ല. ഇവിടെ എനിക്ക് പറയാനുള്ളത്,

ഒരു സമാന്തര പോലീസ് സ്റ്റേഷനും കേരളത്തിൽ പ്രവർത്തിക്കുന്നില്ലെന്നുള്ളതാണ്. ശ്രീ. പി. ശ്രീരാമകൃഷ്ണൻ, ശ്രീ. സി. കെ. സദാശിവൻ, ശ്രീ. എസ്. രാജേന്ദ്രൻ, ശ്രീ. സാജു പോൾ എന്നിവരുടെ, സമാന്തര പോലീസ് സ്റ്റേഷൻ കേരളത്തിൽ പ്രവർത്തിക്കുന്നതായി വിവരം ലഭിച്ചിട്ടുണ്ടോ; എങ്കിൽ അത്തരം കേന്ദ്രങ്ങൾക്കെതിരെ എന്തുനടപടി സ്വീകരിച്ചുവെന്ന 7-12-2015-ലെ 2053-ാം നമ്പർ നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന്, സംസ്ഥാനത്ത് സമാന്തര പോലീസ് സ്റ്റേഷൻ പ്രവർത്തിക്കുന്നതായി ഏതെങ്കിലും അന്വേഷണ റിപ്പോർട്ടിൽ നിന്നോ, രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുന്ന കേസ്സുകളിൽ നിന്നോ വെളിവായിട്ടില്ല, കൊച്ചിയിൽ സമാന്തര പോലീസ് സ്റ്റേഷൻ പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല, ഇക്കാര്യത്തിൽ കൊച്ചിയിൽ എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്തിട്ടില്ല, കോടതിയിൽ അത്തരത്തിൽ ഒരു അഫിഡവിറ്റും കൊടുത്തിട്ടില്ല എന്നാണ് മറുപടി നൽകിയിരിക്കുന്നത്. ഇതെല്ലാം തെറ്റിദ്ധാരണയിൽ പറയുന്ന കാര്യങ്ങളാണ്. ജയിലിനെക്കുറിച്ചും ഇവിടെ പറയുകയുണ്ടായി. മലയാള മനോരമ, ദേശാഭിമാനി പത്രങ്ങളിൽ വാർത്ത വന്നതിന്റെയടിസ്ഥാനത്തിൽ അന്വേഷണം നടത്തി. ചട്ടങ്ങളനുസരിച്ച്, ജയിൽ ഉദ്യോഗസ്ഥന്മാരെ പ്രതികൾക്ക് കാണണമെന്ന് പറഞ്ഞാൽ കാണാതിരിക്കാൻ പറ്റില്ല. ഒരു പ്രതിയും ഒരു കമ്മീഷന്റെ മുമ്പിലും പോകരുതെന്ന് പറഞ്ഞിട്ടില്ല. ഞാൻ ദീർഘിപ്പിക്കുന്നില്ല. എന്റെ സുഹൃത്ത് ശ്രീ. പി. ശ്രീരാമകൃഷ്ണൻ ചില കാര്യങ്ങൾ അറിയാതെ പറഞ്ഞതാണ്. എനിക്ക് അദ്ദേഹത്തോട് യാതൊരു പരിഭവവുമില്ല. ഈ ഗവൺമെന്റ് ഒരിക്കലും പോലീസിനെ രാഷ്ട്രീയവൽക്കരിച്ചിട്ടില്ല. ഈ പറയുന്ന ഉദ്യോഗസ്ഥന്മാർക്കൊക്കെ നല്ല പോസ്റ്റുകളാണ് ഞാൻ നൽകിയിട്ടുള്ളത്. ഇപ്പോൾ പോലീസ് മേധാവി ആയ ശ്രീ. സെൻകുമാർ ഒന്നര വർഷം ജോലിചെയ്ത ജയിൽ ഡി.ജി.പി. പോസ്റ്റിലാണ് ശ്രീ. ഋഷിരാജ് സിംഗിനെ നിയമിച്ചത്. അദ്ദേഹത്തെ ഞാൻ ഡീപ്രൊമോട്ട് ചെയ്യുകയാണോ ചെയ്തത്? അദ്ദേഹത്തിന് പ്രൊമോഷൻ ലഭിച്ച് ഒരു മണിക്കൂർ താമസിയാതെ നിയമനം നൽകി. എക്സ്-കേഡറിൽ പോസ്റ്റ് ചെയ്യാതെയും പ്രൊമോഷൻ കൊടുക്കാതെയും ശ്രീ. ഋഷിരാജ് സിംഗിനെ എ.ഡി.ജി.പി. ആയി നിലനിർത്താൻ ഗവൺമെന്റിന് അധികാരമുണ്ട്. അപ്പോൾ സല്യൂട്ട് വിവാദത്തിൽ ഞാൻ മനഃപൂർവ്വം ചെയ്തതാണെന്ന് നിങ്ങൾ പറയും. അതുകൂടി കണക്കിലെടുത്താണ് അദ്ദേഹത്തിന് അന്നുതന്നെ പോസ്റ്റിംഗ് കൊടുത്തത്.

<u>ശ്രീ. പി. ശ്രീരാമകൃഷ്ണൻ:</u> സർ, അങ്ങയോട് എനിക്ക് ബഹുമാനമുണ്ട്.

പക്ഷെ സഭയെ തെറ്റിദ്ധരിപ്പിക്കരുത്. നിങ്ങളുടെ ഒരു സ്ഥിരം പരിപാടി എന്താണെന്നുവച്ചാൽ പണ്ടൊരു കുട്ടി 'കുഞ്ഞികോയയും ഗോപാലകൃഷ്ണനും ഫസ്റ്റ് ക്ലാസ്സല്ല, എനിക്ക് പൂജ്യം മാർക്കേയുള്ളൂ' എന്നുപറഞ്ഞതുപോലെയാണ്. അമ്മയെ തെറ്റിദ്ധരിപ്പിക്കാൻ പറഞ്ഞ ഒരു കുട്ടിയെപ്പോലെ ഇപ്പോഴും പഴയകാര്യങ്ങൾ പറയുകയാണ്. അങ്ങ് ഇവിടെ ശ്രീ. സിബി മാത്യുവിന്റെ കാര്യം പറഞ്ഞു. ശ്രീ. സിബി മാത്യു ഇരുന്നത് അഡീഷണൽ ഡയറക്ടർ, വിജിലൻസ് എന്ന പോസ്റ്റിലാണ്. അങ്ങനെയല്ലേ? അന്ന് ഡി.ജി.പി. റാങ്കിലുണ്ടായിരുന്ന ബാലസുബ്രഹ്മണ്യൻ ഡെപ്യൂട്ടേഷനിലായിരുന്നു. ഡെപ്യൂട്ടേഷൻ കഴിഞ്ഞ് അദ്ദേഹം തിരിച്ചുവന്നപ്പോൾ അദ്ദേഹത്തെത്തന്നെ ഡയറക്ടർ ആക്കുകയല്ലേ ചെയ്തത്; അക്കാര്യം അങ്ങ് സഭയിൽ മറച്ചുവയ്ക്കുകയാണ്. രണ്ടാമതായി അങ്ങ് പറഞ്ഞൊരുകാര്യം ഗവൺമെന്റിന്റെ താൽപ്പര്യങ്ങൾക്ക് വിരുദ്ധമായി പറഞ്ഞ ഉദ്യോഗസ്ഥന്മാർക്കെതിരെ നടപടി സ്വീകരിച്ചില്ല എന്നാണ്.

<u>മി. സ്പീക്കർ:</u> ബഹുമാനപ്പെട്ട പി. ശ്രീരാമകൃഷ്ണൻ, അങ്ങ് അടിയന്തരപ്രമേയം അവതരിപ്പിച്ചുകഴിഞ്ഞു. ഇനി അങ്ങേക്ക് പ്രസംഗിക്കാൻ കഴിയില്ല...... (ബഹളം) ....... ചോദ്യം മാത്രം ചോദിക്കാവുന്നതാണ്. ഇനി പ്രസംഗിക്കുന്നത് ശരിയല്ല.

<u>ശ്രീ. രമേശ് ചെന്നിത്തല:</u> സർ, ശ്രീ. പി. ശ്രീരാമകൃഷ്ണന് എവിടെനിന്നാണ് ഇങ്ങനെയുള്ള വിവരങ്ങൾ ലഭിച്ചതെന്ന് അറിയില്ല ........... (ബഹളം)........ ശ്രീ. പി. ശ്രീരാമകൃഷ്ണൻ ഞാൻ നിങ്ങളെ കുറ്റപ്പെടുത്തിയതല്ല.

<u>മി. സ്പീക്കർ:</u> അദ്ദേഹത്തിന് പറയാനുള്ളത് മുഴുവൻ പറയാനുള്ള സമയം കൊടുക്കണം. വേണമെങ്കിൽ ചോദ്യം ചോദിക്കാം. പ്രസംഗിക്കുന്നത് ശരിയല്ല.

<u>ശ്രീ. രമേശ് ചെന്നിത്തല:</u> സർ, ഞാൻ ഇടതുപക്ഷത്തെ കുറ്റപ്പെടുത്തിയതല്ല. ...... (ബഹളം) .......... ഞാൻ പറഞ്ഞത് ഏത് ഗവൺമെന്റ് വന്നാലും ഭരണപരമായി ചില കാര്യങ്ങൾ ഗവൺമെന്റിന് ചെയ്യേണ്ടി വരുമെന്നാണ്. ഞാൻ നിങ്ങളെ കുറ്റപ്പെടുത്തുന്നില്ല. ഐ.പി.എസ്. കാരുടെ മാത്രമല്ല മുഴുവൻ പോലീസുകാരുടെയും പ്രൊമോഷന്റെ കാര്യത്തിൽ ഈ ഗവൺമെന്റ് പ്രതിജ്ഞാബദ്ധമാണ്. ഞാൻ ആഭ്യന്തരമന്ത്രിയായതിനു ശേഷമാണ്, 30 വർഷമായി കേരളത്തിലെ എ.ആർ. ബറ്റാലിയനിൽ നിലനിന്നിരുന്ന പ്രൊമോഷൻ തർക്കം, 7000 പേർക്ക് പ്രൊമോഷൻ നൽകി ഈ ഗവൺമെന്റാണ് എന്നന്നേക്കുമായി പരിഹരിച്ചത്. അത് ന്യായമായ ഒരു പ്രശ്നമാണ്. ശ്രീ. പി. ശ്രീരാമകൃഷ്ണൻ മനസ്സിലാക്കണം. ഐ.എ.എസ്.-കാർക്ക് ആവശ്യാനുസരണം

കേഡർ പോസ്റ്റുണ്ട്. അതേസമയം ഐ.പി.എസ്.-കാർക്കില്ല. വർഷങ്ങളായി ഐ.പി.എസ്.-കാർക്ക് രണ്ട് കേഡർ പോസ്റ്റാണുള്ളത്. ഐ.എ.എസ്.കാർക്ക് 4 കേഡർ പോസ്റ്റും നാല് എക്സ്-കേഡർ പോസ്റ്റുകളുമുണ്ട്. ചീഫ് സെക്രട്ടറിയുടെ റാങ്കിൽ 12 ഐ.എ.എസ്.-കാരെ അഡീഷണൽ ചീഫ് സെക്രട്ടറിമാരായി നിയമിച്ചിരിക്കുകയാണ്. അവർക്ക് ചീഫ് സെക്രട്ടറിയുടെ ശമ്പളം ലഭിക്കും. ഐ.എഫ്.എസ്.-കാർക്ക് ഇപ്പോൾ ഒരു കേഡർകൂടി അനുവദിച്ചു. അങ്ങനെ അവർക്ക് 3 കേഡറുണ്ട്. ഐ.പി.എസ്.-കാർക്ക് സംസ്ഥാനത്താകെ രണ്ട് കേഡർ പോസ്റ്റ് മാത്രമേയുള്ളൂ. രണ്ട് കേഡർ പോസ്റ്റുകൂടി വേണമെന്ന് മുഖ്യമന്ത്രിയും ഞങ്ങളും ആവശ്യപ്പെട്ടിട്ടുണ്ട്. 9-ാം തീയതി മുഖ്യമന്ത്രി പ്രധാനമന്ത്രിയെ കാണുന്നുണ്ട്. കേരളത്തിലെ ഐ.പി.എസ്. ഉദ്യോഗസ്ഥന്മാർ വളരെക്കാലമായി ആവശ്യപ്പെടുന്ന ഒരു കാര്യമാണ്. അത് കിട്ടാത്തതുകൊണ്ടാണ് ഗവൺമെന്റ് അവർക്ക് സൗകര്യപ്രദമായി എക്സ്-കേഡർ പോസ്റ്റുണ്ടാക്കിയത്. ശ്രീ. ഋഷിരാജ് സിംഗിനെ ഡി.ജി.പി. ആക്കിയില്ലായിരുന്നുവെങ്കിൽ ആരും ചോദിക്കുകയില്ലായിരുന്നു. അദ്ദേഹത്തോട് ഞാൻ ചെയ്ത തെറ്റ് അദ്ദേഹത്തിന് ഡി.ജി.പി.-യായി പ്രൊമോഷൻ കൊടുത്തുവെന്നുള്ളതാണ്. ഞാൻ അവസാനിപ്പിക്കുന്നു. ഈ ഗവൺമെന്റ് പോലീസിൽ ഒരു തരത്തിലുമുള്ള രാഷ്ട്രീയ ഇടപെടലും അനുവദിക്കുന്നതല്ല. നിഷ്പക്ഷവും നീതിപൂർവ്വവുമായ നിലയിൽ പ്രവർത്തിക്കുന്നു. സംസ്ഥാനത്തെ ഐ.പി.എസ്. ഉദ്യോഗസ്ഥന്മാരുടെ ന്യായമായ പ്രൊമോഷനെ സംബന്ധിച്ച് ഗവൺമെന്റിന് നല്ല ബോദ്ധ്യമുണ്ട്. അത് കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതാണ്. മുഖ്യമന്ത്രി 9-ാം തീയതി പ്രധാനമന്ത്രിയെ കാണുന്നുണ്ട്. ഇക്കാര്യം പ്രധാനമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തി പരിഹരിക്കാൻ ശ്രമിക്കും. ഒരിക്കലും പോലീസിനെ രാഷ്ട്രീയവൽക്കരിക്കാൻ ശ്രമിച്ചിട്ടില്ല. ഉദ്യോഗസ്ഥരെ ഏറാൻമൂളികളാക്കാൻ ആഗ്രഹിക്കുന്നുമില്ല. പോലീസിനെ നിഷ്പക്ഷവും നീതിപൂർവ്വകവുമായ നിലയിൽ പ്രവർത്തിപ്പിക്കാൻ അനുവദിക്കുകയും ജനങ്ങൾക്ക് നീതിയും സമാധാനജീവിതവും ഉറപ്പുവരുത്തുകയും ചെയ്യേണ്ടത് ഈ സർക്കാരിന്റെ ചുമതലയാണ്. അത് നിറവേറ്റുന്നുണ്ട്. ആഭ്യന്തരവകുപ്പിൽ ഒരു പ്രശ്നവുമില്ല. മാധ്യമങ്ങളിലൂടെ വരുന്ന പ്രശ്നങ്ങളല്ലാതെ ഒരു പ്രശ്നവുമില്ല എന്ന് ഈ സഭയെയും ജനങ്ങളെയും അറിയിക്കാനാഗ്രഹിക്കുന്നു. അതുകൊണ്ട് സഭാനടപടികൾ നിർത്തിവച്ച് ഇക്കാര്യം ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ആഭ്യന്തര വകുപ്പുമന്ത്രി അടിയന്തരപ്രമേയത്തിന്മേൽ വിശദമായ മറുപടി നൽകിക്കഴിഞ്ഞിരിക്കുകയാണ്.

അതുകൊണ്ട് ഞാൻ രണ്ട് കാര്യങ്ങൾ പറയാം. ഒന്ന് CRZ-ന്റെ കാര്യത്തിൽ ശ്രീ. പി. ശ്രീരാമകൃഷ്ണൻ പറഞ്ഞത് വളരെ നിർഭാഗ്യകരമായിപ്പോയി. CRZ-നെ സംബന്ധിച്ച് നിങ്ങളുടെ ഗവൺമെന്റ് അധികാരത്തിലിരിക്കുന്ന സമയത്താണ് ഗവൺമെന്റിനോട് അഭിപ്രായം ചോദിച്ചത്. ഇവിടെ പലവട്ടം ചർച്ച ചെയ്തതാണ്.... (ബഹളം) .......... ആ വിഷയം സംബന്ധിച്ച് എന്തു റെസ്പോൺസായിരുന്നു വെന്നുള്ളത് എല്ലാവർക്കുമറിയാം. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം മത്സ്യത്തൊഴിലാളികളുടെയും തീരപ്രദേശങ്ങളിൽ താമസിക്കുന്നവരുടെയും താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടി ഞങ്ങൾ ഡൽഹിയിൽപ്പോയി നിവേദനം കൊടുത്തതിന്റെ അടിസ്ഥാനത്തിൽ ഒരു കമ്മിറ്റിയെ അവർ കോൺസ്റ്റിറ്റ്യൂട്ട് ചെയ്തു. ആ കമ്മിറ്റി കേരളത്തിൽ വന്നു. അതിന്റെ പ്രാധാന്യം മനസ്സിലാക്കി ക്യാബിനറ്റ് ഒന്നടങ്കമാണ് ആ കമ്മിറ്റിയെ കണ്ടത്. ആ കമ്മിറ്റി റിപ്പോർട്ട് തയ്യാറാക്കി. കേരളം മുമ്പോട്ടുവച്ച എല്ലാ ആവശ്യങ്ങളും തത്വത്തിൽ അംഗീകരിച്ചുകൊണ്ടുള്ള റിപ്പോർട്ടാണത്. ആ റിപ്പോർട്ട് പ്രധാനമന്ത്രിയുടെ അംഗീകാരത്തിനുവേണ്ടി സമർപ്പിച്ചിരുന്നു. പ്രധാനമന്ത്രി അംഗീകാരം നൽകിയെന്നാണ് മനസ്സിലാക്കുന്നത്. അസംബ്ലിയുടെ ഇടവേളയിൽ ഡൽഹിയിൽ പോയി നമ്മുടെ എം.പി.-മാരുമായി ഒത്തൊരുമിച്ച് കേരളത്തിന്റെ എല്ലാ കാര്യങ്ങളെക്കുറിച്ചും ചർച്ചചെയ്യാൻ തീരുമാനിച്ചിരിക്കുകയാണ്. ഏറ്റവും പ്രാധാന്യത്തോടു കൂടി വച്ചിരിക്കുന്ന ഒരുകാര്യം CRZ-മായി ബന്ധപ്പെട്ട് കേന്ദ്ര പരിസ്ഥിതി വകുപ്പുമന്ത്രിയെ കാണുക എന്നതാണ്. മത്സ്യത്തൊഴിലാളികളുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കാൻ ഗവൺമെന്റ് എല്ലാം ചെയ്തിട്ടുണ്ടെന്നു മാത്രമല്ല, കേന്ദ്ര ഗവൺമെന്റിന്റെ അംഗീകാരം കിട്ടുന്നതുവരെ മത്സ്യത്തൊഴിലാളികൾക്ക് ബുദ്ധിമുട്ടുണ്ടാകരുതെന്ന് കരുതി അവർക്ക് താൽക്കാലികമായി വീട്ട് നമ്പർ കൊടുക്കാനും അതിന്റെ അടിസ്ഥാനത്തിൽ കറണ്ട് കണക്ഷൻ, വാട്ടർ കണക്ഷൻ വോട്ടേഴ്സ് ലിസ്റ്റിൽ പേര് ചേർക്കൽ എന്നിങ്ങനെയുള്ള എല്ലാ സൗകര്യങ്ങളും അവർക്ക് നൽകാനും തീരുമാനിച്ചിട്ടുണ്ട്. എല്ലാ അവകാശങ്ങളും അവർക്കുണ്ടാകണം. തീരപ്രദേശത്തെ മത്സ്യത്തൊഴിലാളികളുടെ പ്രശ്നങ്ങൾ നല്ലതുപോലെ മനസ്സിലാക്കിയാണ് ഈ ഗവൺമെന്റ് പ്രവർത്തിച്ചിട്ടുള്ളത്. അവരുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കും.

കേരളത്തിൽ മൂന്നുനില കെട്ടിടങ്ങൾ മാത്രം മതിയെന്ന് ഏതെങ്കിലുമൊരു ഉദ്യോഗസ്ഥൻ പറഞ്ഞുവെന്നതിന്റെ പേരിൽ അതംഗീകരിക്കാൻ തയ്യാറല്ല. അതിനോട് ഗവൺമെന്റിന് യോജിപ്പില്ല. പക്ഷേ സുരക്ഷാ സംവിധാന ങ്ങളുണ്ടാകണം. അക്കാര്യത്തിൽ യാതൊരു വിട്ടുവീഴ്ചയുമില്ല.

പ്രതിപക്ഷനേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): സർ, എത്ര നിലവരെ ഉയരാം?

ശ്രീ. ഉമ്മൻ ചാണ്ടി: സർ, എവിടംവരെ ഉയരാമോ അവിടംവരെ കേരളം ഉയരണം.

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: സർ, സുരക്ഷിതത്വം വേണ്ട അല്ലേ?

ശ്രീ. ഉമ്മൻ ചാണ്ടി : സർ, അങ്ങനെ ഞാൻ പറഞ്ഞില്ലല്ലോ. സുരക്ഷിതത്വ നടപടികളിൽ ഒരു കോംപ്രമൈസുമില്ല. സുരക്ഷിതത്വം വേണം. പക്ഷെ, കേരളം മൂന്നുനിലവരെ വളർന്നാൽ മതിയെന്നുപറഞ്ഞാൽ അതിനോട് യോജിക്കാൻ നിവൃത്തിയില്ല. സുരക്ഷാ സംവിധാനങ്ങൾ ഉണ്ടാക്കേണ്ടത് ഗവൺമെന്റാണ്. ശ്രീ. ജേക്കബ് തോമസ് ഈ ചാർജ് വഹിക്കുന്ന അവസരത്തിൽത്തന്നെ ആഭ്യന്തര വകുപ്പുമന്ത്രി ആവശ്യപ്പെട്ടതനുസരിച്ച് ഞാൻ കോൺഫറൻസ് വിളിച്ചുകൂട്ടി. അവിടെവച്ച് സുരക്ഷാ സംവിധാനത്തിന് എന്തൊക്കെ വേണം എന്നുചോദിച്ചപ്പോൾ 170 കോടി രൂപയുടെ പ്രൊപ്പോസൽ തന്നു. ആ പ്രൊപ്പോസൽ അതേപടി അംഗീകരിച്ചു. എന്നിട്ട് ഏതൊക്കെ അവസരങ്ങളിലായി ആ തുക കൊടുക്കണമെന്ന് തീരുമാനിക്കാൻ വച്ചിരിക്കുകയാണ്. ആ പ്രൊപ്പോസൽ അന്നുതന്നെ ധനകാര്യ വകുപ്പിൽ കൊടുത്തുകഴിഞ്ഞു. ആ കാര്യത്തിൽ ഒരു കോംപ്രമൈസുമില്ല. പക്ഷേ കേരളം എല്ലാ രംഗത്തും ഉയരാവുന്നത്ര ഉയരത്തിൽ ഉയരണം.

ശ്രീ. ഇ. പി. ജയരാജൻ : സർ, ഫ്ലാറ്റിന്റെ കാര്യത്തിൽ അങ്ങ് ഇപ്പോഴെടുത്ത നിലപാട് പാവപ്പെട്ട മത്സ്യത്തൊഴിലാളികളുടെ കാര്യത്തിൽ എടുത്തിട്ടുണ്ടോ?

ശ്രീ. ഉമ്മൻ ചാണ്ടി : സർ, ശ്രീ. ഇ. പി. ജയരാജൻ ഇവിടെ ഉണ്ടായിരുന്നെങ്കിലും അത് ശ്രദ്ധിക്കാത്തതുകൊണ്ടാണ്. ഞാൻ ഇവിടെ ആദ്യം പറഞ്ഞതുമുഴുവൻ മത്സ്യത്തൊഴിലാളികളുടെ കാര്യങ്ങളാണ്. നിങ്ങളുടെ ഗവൺമെന്റിന്റെ കാലത്ത് ഇവർക്ക് താൽക്കാലിക നമ്പരെങ്കിലും കൊടുക്കാമായിരുന്നല്ലോ. നിങ്ങൾ കൊടുത്തില്ലല്ലോ.

ശ്രീ. ഇ. പി. ജയരാജൻ : സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി അന്ന് പ്രതിപക്ഷത്തുണ്ടായിരുന്നല്ലോ. നിങ്ങൾ ആവശ്യപ്പെട്ടോ; നിങ്ങളെന്താ അന്ന് ആവശ്യപ്പെടാതിരുന്നത്?

ശ്രീ. ഉമ്മൻ ചാണ്ടി: സർ, ഇപ്പോൾ പ്രതിപക്ഷം ആവശ്യപ്പെട്ടതനുസരിച്ചല്ല ഞങ്ങൾ ചെയ്തത്. ഞങ്ങൾ ഇവിടത്തെ മത്സ്യത്തൊഴിലാളികളുടെ ആവശ്യം തിരിച്ചറിഞ്ഞ് ചെയ്തതാണ്.

ശ്രീ. വി. എസ്. സുനിൽ കുമാർ : സർ, കോൺഗ്രസിന്റെ ഗവൺമെന്റ് കൊണ്ടുവന്ന നിയമമാണ് സി.ആർ.ഇസഡ് നിയമം.

ശ്രീ. എ. കെ. ബാലൻ : സർ, ഉദ്യോഗസ്ഥൻമാർ പ്രായോഗികമായ നിലപാട് സ്വീകരിക്കണം എന്ന് അങ്ങ് പറയുന്നതിനോട് ഞങ്ങൾക്ക് വിയോജിപ്പില്ല. എന്നാൽ, കേരള ബിൽഡിംഗ് റൂൾസിനെതിരായി നാഷണൽ ബിൽഡിംഗ് കോഡ് ഓഫ് ഇന്ത്യ ഒരു നിലപാടെടുത്തു കഴിഞ്ഞാൽ ഉദ്യോഗസ്ഥർ എന്ത് ചെയ്യും. നിങ്ങൾക്ക് ചട്ടം മാറ്റാനായി കേന്ദ്രത്തോട് ആവശ്യപ്പെടാം. അല്ലെങ്കിൽ നിങ്ങൾക്ക് ഇവിടെ കേരള ബിൽഡിംഗ് റൂൾസ് മാറ്റാം. പാവപ്പെട്ട ഒരു ഉദ്യോഗസ്ഥന് ചട്ടത്തിനനുസരിച്ചല്ലേ കംപ്ലൈ ചെയ്യാൻ കഴിയൂ. ആ ഉദ്യോഗസ്ഥൻ എന്ത് തെറ്റ് ചെയ്തു. നിങ്ങൾക്ക് ചട്ടം മാറ്റാനുള്ള അധികാരമുണ്ട്. അതിനുപകരം എല്ലാം ഉദ്യോഗസ്ഥന്റെ തലയിൽ വയ്ക്കുന്നതെന്തിനാണ്?

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, നാഷണൽ ബിൽഡിംഗ് കോഡ് വളരെ മുമ്പുതന്നെ ഉണ്ടായിരുന്നതാണ്. അത് ഇപ്പോൾ പുതുതായി വന്നതൊന്നുമല്ല. കേരള ബിൽഡിംഗ് റൂൾസ് പ്രകാരം ഇതുവരെയും ലൈസൻസ് കൊടുത്തിരുന്നു. ഒരു ദിവസം ഒരു ഉദ്യോഗസ്ഥൻ വന്ന് കേരള ബിൽഡിംഗ് റൂൾസ് വേണ്ട എൻ.ബി.സി. വേണമെന്നുപറഞ്ഞാൽ അത് അംഗീകരിക്കാൻ സർക്കാരിന് കഴിയില്ലായെന്ന് മാത്രമാണ് ഞങ്ങൾ പറഞ്ഞത്. അങ്ങയുടെ സർക്കാരിന്റെ കാലത്ത് ചെയ്തിരുന്ന അതേ രീതിയിൽത്തന്നെ തുടർന്നുപോകണമെന്നാണ് പറഞ്ഞത്. ഒരു ദിവസം ഒരു ഉദ്യോഗസ്ഥൻ വന്ന് നിയമത്തെ ഒരുതരത്തിൽ എക്സ്പ്ലെയിൻ ചെയ്താൽ അത് സമ്മതിക്കാൻ കഴിയില്ല എന്നുമാത്രമെ പറഞ്ഞിട്ടുള്ളൂ.

ശ്രീ. ഉമ്മൻ ചാണ്ടി : സർ, കേരള ബിൽഡിംഗ് റൂൾസ് അനുസരിച്ചാണ് കാലാകാലങ്ങളിലെല്ലാം ഇവിടെ പെർമിറ്റ് കൊടുത്തത്. അത് അങ്ങ് പരിശോധിക്കണം. അങ്ങ് മനഃപൂർവ്വം തെറ്റിദ്ധരിപ്പിക്കാൻ പറഞ്ഞുവെന്ന് ഞാൻ ഒരിക്കലും പറയില്ല. പക്ഷേ കേരള ബിൽഡിംഗ് റൂൾസ് അനുസരിച്ചാണ് നിങ്ങളുടെ കാലത്തും ഞങ്ങളുടെ കാലത്തുമെല്ലാം പെർമിറ്റ് അനുവദിച്ചത്. ഈ പ്രശ്നം വന്നപ്പോൾ ഞങ്ങൾ വിശദമായി പരിശോധിച്ചു. അത് കൊടുക്കുന്നതിന് നിയമപരമായി ഒരു തടസ്സവുമില്ല എന്ന് കണ്ടു. പാറ്റൂർ ഭൂമി കേസിനെക്കുറിച്ച് ഒരു കാര്യം പറയാൻ ആഗ്രഹിക്കുകയാണ്. ശ്രീ. പി. ശ്രീരാമകൃഷ്ണൻ ഇവിടെ പലകാര്യങ്ങളും പറഞ്ഞു. ഞാൻ വിമർശനത്തെ ഒരിക്കലും എതിർക്കുന്ന ആളല്ല. പക്ഷെ വിമർശനം നടത്തുന്നതിനുമുമ്പ് അതിന്റെ സത്യാവസ്ഥ മനസ്സിലാക്കണം.

ആരെങ്കിലും പറഞ്ഞുവെന്നതിന്റെ പേരിൽ അത് ഏറ്റുപിടിക്കരുത്. അങ്ങ് അത് ശരിയാണെന്ന് ധരിച്ചുകൊണ്ട് പറഞ്ഞതാണെന്നാണ് ഞാൻ വിശ്വസിക്കുന്നത്. ഒരിക്കലും തെറ്റാണെന്നറിഞ്ഞുകൊണ്ട് പറയില്ല എന്ന് ഞാൻ കരുതുന്നു.

ഒരാൾ ലോകായുക്തയിൽ ഒരു പരാതി കൊടുത്തു. ആ പരാതിയിൽ എന്റെയോ മന്ത്രിമാരിൽ ആരുടെയെങ്കിലുമോ പേരില്ല. ആ പരാതി അന്വേഷിക്കാൻ ശ്രീ. ജേക്കബ് തോമസിനെ ലോകായുക്ത ചുമതലപ്പെടുത്തി. അദ്ദേഹം അതുസംബന്ധിച്ച് റിപ്പോർട്ട് കൊടുത്തു. ആ റിപ്പോർട്ടിൽ എന്റെ പേരില്ല. എന്നിട്ടും ശ്രീ. ജേക്കബ് തോമസ് കൊടുത്ത റിപ്പോർട്ടിനകത്ത് മന്ത്രിക്കെതിരായിട്ടുമൊക്കെ ഉണ്ടെന്നാണ് പറയുന്നത്. ലോകായുക്തയിൽ കൊടുത്ത പരാതിയുടെ കോപ്പിയും ശ്രീ. ജേക്കബ് തോമസിന്റെ റിപ്പോർട്ടിന്റെ കോപ്പിയുമൊക്കെ നിങ്ങൾക്കും കിട്ടും. അതുവാങ്ങി ആ പരാതിയിലും ആ റിപ്പോർട്ടിലും ഞങ്ങളുടെ പേരുണ്ടോയെന്ന് പരിശോധിച്ചുനോക്കണം. പക്ഷേ റിപ്പോർട്ട് കൊടുത്തതിനുശേഷം ബ്രേക്കിംഗ് ന്യൂസ് വന്നത് മുഖ്യമന്ത്രിക്കെതിരെ റിപ്പോർട്ട് എന്നാണ്. പക്ഷേ ആ റിപ്പോർട്ടിൽ ഞങ്ങളുടെ പേരില്ല. ആ വാർത്തകളെക്കുറിച്ച് ലോകായുക്ത അതിരൂക്ഷമായി വിമർശിച്ചു. ഞങ്ങൾ ആ റിപ്പോർട്ട് തുറന്നുനോക്കുന്നതിനുമുമ്പ് ചാനലുകളിൽവന്നു. അതിൽ വന്ന വാർത്തകൾ യാഥാർത്ഥ്യത്തിന് നിരക്കാത്തതാണ്. ലോകായുക്ത ഇതുസംബന്ധിച്ച് വിധിയിൽ പറഞ്ഞിട്ടുണ്ട്. ഇതിനെതിരെ ഹൈക്കോടതിയിൽ പോയി, ഹൈക്കോടതി കേസ് തള്ളി. സുപ്രീം കോടതിയിൽ പോയി, സുപ്രീംകോടതിയും കേസ് തള്ളി. പാറ്റൂർ ഭൂമി കേസ് സംബന്ധിച്ച് അങ്ങ് പറഞ്ഞ കാര്യങ്ങളെല്ലാം തെറ്റായ സംഗതികളാണ്. ഞാൻ പറഞ്ഞ കാര്യങ്ങൾ പരിശോധിച്ചിട്ട് അങ്ങ് ഈ പ്രശ്നം വീണ്ടും സഭയിൽ അവതരിപ്പിക്കുകയാണെങ്കിൽ ഞാൻ സമ്മതിക്കാം. ഇതിന് വ്യത്യസ്തമായി എന്തെങ്കിലുമുണ്ടെങ്കിൽ പറയണം. പരാതിയിലില്ല, റിപ്പോർട്ടിലില്ല, ജഡ്ജ്മെന്റിലില്ല. ലോകായുക്തയും ഹൈക്കോടതിയും സുപ്രീംകോടതിയും തള്ളി. ഇത്രയും നിയമനടപടികൾ പൂർത്തിയാക്കിയ ഒരു കാര്യത്തെക്കുറിച്ച് യാഥാർത്ഥ്യവുമായി ഒരു ബന്ധവുമില്ലാത്തകാര്യം പറഞ്ഞത് വളരെ നിർഭാഗ്യകരമായിപ്പോയി. അങ്ങിവിടെ പറഞ്ഞ കാര്യങ്ങൾക്കെല്ലാം വിശദമായി ആഭ്യന്തര വകുപ്പുമന്ത്രി മറുപടി പറഞ്ഞു. എല്ലാകാലത്തും നടന്നുകൊണ്ടിരുന്ന കാര്യമാണ്. ഞങ്ങൾ ഭരിച്ചപ്പോഴും നടന്നിട്ടുണ്ട്, നിങ്ങൾ ഭരിച്ചപ്പോഴും നടന്നിട്ടുണ്ട്. ഇപ്പോൾ മാത്രം എന്താണ്

പ്രത്യേകത. അങ്ങ് ശ്രീ. ജേക്കബ് തോമസിന് അനുമതി കൊടുക്കുന്നതിന്റെ കാലതാമസത്തെക്കുറിച്ചു പറഞ്ഞു. ആ ഫയൽ എനിക്ക് കിട്ടിയിട്ടുണ്ട്. അത് പരിശോധിച്ച് തീരുമാനമെടുക്കും. അതു സംബന്ധിച്ച് ഒരു സംശയവും വേണ്ട. എന്തെല്ലാം പ്രശ്നങ്ങൾ ചർച്ച ചെയ്യാനുണ്ട്. എന്തെങ്കിലും തെറ്റുണ്ടെങ്കിൽ ചൂണ്ടിക്കാണിക്കണം, വിമർശിക്കണം. യാതൊരു സംശയവുമില്ല. എന്നാൽ ഇതുപോലുള്ള വിഷയങ്ങളിൽ ചുറ്റിപ്പറ്റി ജനങ്ങളുടെ പ്രശ്നവും നാടിന്റെ വികസന പ്രവർത്തനങ്ങളും അവഗണിക്കുന്നത് തെറ്റാണ് എന്നാണ് എനിക്ക് പറയാനുള്ളത്.

മി. സ്പീക്കർ : ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രിയുടെയും നഗരകാര്യ വകുപ്പുമന്ത്രിയുടെയും വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിന് അവതരണാനുമതി നിഷേധിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): സർ, പോലീസ്, ഫയർഫോഴ്സ്, ജയിൽ, വിജിലൻസ് എന്നിവയെല്ലാം നാഥനില്ലാത്ത കളരിയായി മാറിയിരിക്കുകയാണ്. അതാണ് ഇന്ന് ഇവിടെ അടിയന്തര പ്രമേയത്തിൽ സഖാവ് ശ്രീ. പി. ശ്രീരാമകൃഷ്ണൻ സഭയുടെ മുൻപാകെ അവതരിപ്പിച്ചത്. കേരളത്തിലാകെ നാല് ഡി.ജി.പി.-മാരാണുള്ളത്. രണ്ടെണ്ണം കേഡർ പോസ്റ്റും രണ്ടെണ്ണം എക്സ് കേഡർ പോസ്റ്റും. ഇത് തീരുമാനിക്കുന്നത് കേന്ദ്ര സർക്കാരിന്റെ നിബന്ധനകൾക്കനുസരിച്ചും ഉത്തരവുപ്രകാരവുമാണ്. കേരളത്തിൽ ഇതേവരെ നിലവിലുള്ള കേഡർ പോസ്റ്റിൽ ഡി.ജി.പി. അഡ്മിനിസ്ട്രേഷൻ, വിജിലൻസ് ഡയറക്ടറായും എക്സ് കേഡർ പോസ്റ്റിൽ ജയിൽ ഡി.ജി.പി.-യും ഫയർഫോഴ്സ് മേധാവിയുമാണ്. ഇപ്പോൾ ഇതെല്ലാം അട്ടിമറിച്ചുകഴിഞ്ഞു. ഇപ്പോൾ ഡി.ജി.പി. ശ്രീ. സെൻകുമാർ മാത്രമാണ് കേഡർ പോസ്റ്റിലുള്ളത്. മറ്റൊരു കേഡർ പോസ്റ്റും രണ്ട് എക്സ് കേഡർ പോസ്റ്റും ഒഴിഞ്ഞുകിടക്കുകയാണ്. ശ്രീ. സെൻകുമാറിന് തൊട്ടുതാഴെവരുന്നത് ശ്രീ. ജേക്കബ് തോമസാണ്. അദ്ദേഹം ബാർ കോഴക്കേസിൽ സർക്കാരിന്റെ നോട്ടപ്പുള്ളിയുമാണ്. അതുകൊണ്ട് അദ്ദേഹത്തിനെ ഒരു കേഡറുമില്ലാത്ത ഒരു എഞ്ചിനീയർ ഇരിക്കേണ്ട പോസ്റ്റിലേക്ക് മാറ്റി. പോലീസ് സ്റ്റേഡിയത്തിന്റെ ഒരു മൂലയ്ക്ക് കൊണ്ടിരുത്തിയിരിക്കുകയാണ്. തൊട്ടടുത്തയാളായ ശ്രീ. ലോക്നാഥ് ബെഹ്റ ആയിരുന്നു ജയിൽ മേധാവി.

സരിതക്കേസിലെ സാക്ഷിയായ ബിജു രാധാകൃഷ്ണൻ ജയിലിലായിരുന്നല്ലോ. ഇയാളുമായിട്ടാണ് മുഖ്യമന്ത്രി ഗസ്റ്റ്ഹൗസിലെ അടച്ചിട്ട മുറിയിൽ ഒരു മണിക്കൂർ കുടുംബരഹസ്യം ചർച്ച ചെയ്തത്. ആ രഹസ്യം ഇപ്പോഴും പുറത്തുവിടാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി തയ്യാറല്ല. കുറ്റം പറയരുത്. മാന്യതകൊണ്ടാണ് അത് പുറത്തുപറയാത്തതെന്നാണ് അദ്ദേഹത്തിന്റെ ഭാഷ്യം. പക്ഷെ, ആ രഹസ്യം അങ്ങാടിപ്പാട്ടാണ്. ബിജു രാധാകൃഷ്ണനെ സോളാർ കമ്മീഷന് മുൻപാകെ ഹാജരാക്കാൻ നോട്ടീസയച്ചു. എന്നാൽ സർക്കാർ ഇടപെട്ട് അത് തുടർച്ചയായി തടഞ്ഞുകൊണ്ടിരുന്നു. അവസാനം ബിജു രാധാകൃഷ്ണനെ ഹാജരാക്കാൻ കമ്മീഷൻ നേരിട്ട് ശ്രീ. ലോക്നാഥ് ബെഹ്റയോട് നിർദ്ദേശിക്കുകയായിരുന്നു. കമ്മീഷന്റെ നിർദ്ദേശ പ്രകാരം ബിജു രാധാകൃഷ്ണനെ കമ്മീഷനുമുൻപിൽ ഹാജരാക്കാൻ ശ്രീ. ബെഹ്റ നിർദ്ദേശം നൽകി. ആ ഒരു തെറ്റുമാത്രമേ അദ്ദേഹം ചെയ്തുള്ളൂ. കമ്മീഷൻ മുൻപാകെ ബിജു രാധാകൃഷ്ണൻ നടത്തിയ വെളിപ്പെടുത്തൽ ഈ സഭയിൽ പറയാൻ എനിക്ക് ലജ്ജയുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുൾപ്പെടെ അതെല്ലാം നിഷേധിച്ചു. എങ്കിലും ബഹുമാനപ്പെട്ട കോടതി പറഞ്ഞ സീസറിന്റെ ഭാര്യയുടെ കഥ ഇവിടെ ഇപ്പോഴും പ്രസക്തമാണെന്നു പറഞ്ഞാൽ ദയവുചെയ്ത് നിങ്ങൾ എന്നോട് പിണങ്ങരുത്. ഒരാൾ കഴിഞ്ഞദിവസം ഇവിടെ വിളിച്ചുകൂവുന്നത് കേട്ടു, എനിക്ക് വൈരനിര്യാതന ബുദ്ധിയാണെന്ന്. അയാൾ കൈക്കൂലി വാങ്ങിയെന്നു പറഞ്ഞത് ഞാനാണോ? അത് പറഞ്ഞത് കമ്മീഷൻ മുൻപാകെ ഹാജരായ ഒരു സാക്ഷിയല്ലേ; ആ സാക്ഷിമൊഴി വിശ്വസിക്കണമോ വേണ്ടയോ എന്ന് തീരുമാനിക്കേണ്ടത് കോടതിയല്ലേ? സാക്ഷി പറയുന്നവരെ അധികാരം ഉപയോഗിച്ച് ഇല്ലാതാക്കുകയും അവരുടെ വായ് മൂടിക്കെട്ടുകയും ചെയ്യുന്നത് ഈ സർക്കാരിന്റെ നയമാണോ? ശ്രീ. ബെഹ്റ എന്ത് തെറ്റാണ് ചെയ്തത്? കമ്മീഷന്റെ ഉത്തരവ് അനുസരിച്ചതിന്റെ പേരിലാണ് ശ്രീ. ബെഹ്റയെ അഗ്നിശമന സേനയുടെ മേധാവിയാക്കി തരംതാഴ്ത്തിയത്. തമിഴ്നാട്ടിൽ പ്രളയം വന്നപ്പോൾ ആഹാരം കിട്ടാതെ നരകിച്ചവർക്ക് ജയിലിൽനിന്ന് ആഹാരമുണ്ടാക്കി കഷ്ടപ്പെടുന്നവരെ ഊട്ടാൻ ശ്രമിച്ചതാണോ അദ്ദേഹം ചെയ്ത തെറ്റ്; മാന്യന്മാരായ ഇത്തരം ഉദ്യോഗസ്ഥൻമാരുടെ മനോവീര്യം കെടുത്താനല്ലേ നിങ്ങൾ ശ്രമിക്കുന്നത്. അതുകൊണ്ടല്ലേ അദ്ദേഹം അവധിയെടുത്ത് പോയത്. സത്യസന്ധതയ്ക്കും കുറ്റമറ്റ കൃത്യനിർവ്വഹണം നടത്തുന്നതിനും പേരുകേട്ട ഉദ്യോഗസ്ഥനാണല്ലോ ശ്രീ. ഋഷിരാജ് സിങ്. അദ്ദേഹത്തെ സ്ഥാനക്കയറ്റം നൽകി ഡി.ജി.പി.-യായി വിജിലൻസിൽ നിയമിയ്ക്കുന്നതിനുപകരം ജയിൽ മേധാവിയാക്കി. വിജിലൻസിൽ

ഇദ്ദേഹത്തെ നിയമിച്ചാൽ ഉണ്ടാകാവുന്ന പുകിൽ എന്തായിരിക്കുമെന്നും അപ്പുറത്തിരിക്കുന്ന പല മന്ത്രിമാരുടെയും സ്ഥിതി എന്തായിരിക്കുമെന്നും അറിയാമല്ലോ. അദ്ദേഹം സസന്തോഷം അവധിയിൽ പോയി, ബാർ കോഴക്കേസിൽ ഒന്നാം പ്രതിയായ ശ്രീ. കെ. എം. മാണി വിജിലൻസ് കോടതിയിൽനിന്നും ബഹുമാനപ്പെട്ട ഹൈക്കോടതിയിൽനിന്നും ഏറ്റ പ്രഹരത്തിന്റെ ഫലമായി ധനമന്ത്രി സ്ഥാനത്തു നിന്ന് തെറിച്ചില്ലേ? ഇപ്പോൾ അദ്ദേഹത്തിന് കൊടുത്തിരിക്കുന്ന സീറ്റ് ഏതാണ്? പണ്ട് ശ്രീ. പി. സി. ജോർജ് ഇരുന്ന സീറ്റ്. ബഹുമാനപ്പെട്ട സ്പീക്കർ സർ, ശ്രീ. പി. സി. ജോർജിന്റെ സീറ്റിൽ ത്തന്നെ ശ്രീ. മാണിയെ ഇരുത്താൻ അങ്ങേക്ക് ശ്രീ. മാണിയോട് അത്ര ശത്രുതയുണ്ടോ? അതോ അങ്ങ് മറ്റ് വല്ലതും മനസ്സിൽ കണ്ടാണോ ശ്രീ. മാണിക്ക് ശ്രീ. പി. സി. ജോർജിന്റെ സീറ്റ് നൽകിയത്. സംശയം കൊണ്ട് ചോദിച്ചു പോയതാണ്. ബാർ കോഴക്കേസ് സത്യസന്ധമായി അന്വേഷിച്ച ശ്രീ. ജേക്കബ് തോമസിനെ കൺസ്ട്രക്ഷൻ പണിക്ക് കൊണ്ടിരുത്തിയിരിക്കുന്നതിന്റെ ചേതോവികാരവും എന്തായിരുന്നു? ബാർ കോഴക്കേസിൽ നിയമസഭയിലുണ്ടായ സമ്മർദ്ദത്തിന്റെ വെളിച്ചത്തിൽ ക്വിക്ക് വെരിഫിക്കേഷൻ ഉത്തരവ് നൽകേണ്ടി വന്നു. ആ ക്വിക്ക് വെരിഫിക്കേഷന്റെ നേതൃത്വം ശ്രീ. ജേക്കബ് തോമസിനായിരുന്നു. സത്യസന്ധനായ ആ ഉദ്യോഗസ്ഥൻ നേരാംവണ്ണം അന്വേഷിച്ചുകൊണ്ടാണല്ലോ ശ്രീ. കെ. എം. മാണി എന്തോ കളഞ്ഞ ഒരു ജീവിയെപ്പോലെ ഇങ്ങനെ ഇരിക്കേണ്ടി വന്നത്. ഇത്തരത്തിൽ സത്യസന്ധതയും ആത്മാർത്ഥതയുമുള്ള ഉദ്യോഗസ്ഥർ പ്രധാനപ്പെട്ട സ്ഥാനങ്ങളിലിരുന്നാൽ അഴിമതിക്കാരായ മന്ത്രിമാരുടെ സിംഹാസനങ്ങളായിരിക്കും ഇളകി വീഴുന്നതെന്ന് ഇക്കൂട്ടർക്ക് അറിയാം. അതുകൊണ്ടല്ലേ ഇത്തരം ഉദ്യോഗസ്ഥരെ നിങ്ങൾ ഇങ്ങനെ തട്ടിക്കളിക്കുന്നത്. ഏതെങ്കിലും ഒരു സർക്കാരിന്റെ കാലത്ത് ഇതുപോലെ സത്യസന്ധരായ ഉദ്യോഗസ്ഥരെ വേട്ടയാടിയിട്ടുണ്ടോ? ആത്മാഭിമാനമുള്ള ഉദ്യോഗസ്ഥർക്കാർക്കെങ്കിലും നിങ്ങളുടെ വൃത്തികേടുകൾ സഹിച്ച് ജോലി ചെയ്യാനാകുമോ? അതുകൊണ്ടല്ലേ അവർ അവധിയിൽ പ്രവേശിച്ചത്. ഇതിൽപ്പരം നാണക്കേട് ഒരു സർക്കാരിന് വരാനുണ്ടോ? കേരളത്തിൽ ഇപ്പോൾ പാരലൽ പോലീസ് സ്റ്റേഷനും സ്ഥാപിച്ച് അന്വേഷണം നടത്തുന്ന കാലമാണല്ലോ? ഇങ്ങനെ ഒന്ന് നടക്കുന്നുണ്ടെന്നകാര്യം ശ്രീ. ചെന്നിത്തല തന്നെയല്ലേ കോടതിയിൽ സമ്മതിച്ചത്. പോലീസിന്റെ പണി ഒറ്റയ്ക്ക് കൊടുത്തിട്ട് ശ്രീ. ചെന്നിത്തല എന്താണ് ആഭ്യന്തര മന്ത്രിയുടെ പതക്കവും കെട്ടിത്തൂക്കി നടക്കുന്നത്. ഛെ, നാണക്കേട്. ശ്രീ. ചെന്നിത്തല എന്തൊക്കെയോ വിശദീകരിക്കുന്നതുകേട്ടു, അദ്ദേഹത്തിന് മുഖ്യമന്ത്രിയെക്കാൾ തൊലിക്കട്ടി

കുറവാണെന്നാണ് ഞാൻ ഇതുവരെ ധരിച്ചിരുന്നത്. ക്ഷമിക്കണം അത് തെറ്റാണെന്ന് എനിക്ക് ഇപ്പോൾ ബോധ്യമായി. സ്വന്തം വകുപ്പിൽ അഴിമതി നടത്തുന്ന കുറ്റക്കാരെ രക്ഷിക്കുന്ന അഴിമതി ഭരണത്തിന്റെ നേതൃത്വം താങ്കൾക്കാണ്. വെള്ള ഖദറും കള്ള മനസ്സുമായി എത്ര കാലം ഇങ്ങനെ ജനങ്ങളെ പറ്റിക്കാൻ കഴിയും. അടിയന്തരപ്രമേയം ചർച്ച ചെയ്താൽ കൂടുതൽ കാര്യങ്ങൾ സ്വാനുഭവങ്ങളിൽനിന്നും എം.എൽ.എ.മാർക്ക് പറയാൻ കഴിയും. അത് നിങ്ങൾക്ക് താങ്ങാൻ കഴിയില്ല. അതുകൊണ്ടാണ് വളരെ ബുദ്ധിപൂർവ്വം ചർച്ച ഒഴിവാക്കി നിങ്ങൾ അടിയന്തര പ്രമേയത്തിന് അനുമതി നിഷേധിച്ചത്. ഇതിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയിൽപ്പെട്ട അംഗങ്ങളും വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. വി. എസ്. അച്ചുതാനന്ദനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി)

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

ശ്രീ. സി. ദിവാകരൻ: സർ, ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രിക്ക് ആഭ്യന്തരവകുപ്പിനെ സംബന്ധിച്ച അടിയന്തരപ്രമേയത്തിൽ പ്രതിപക്ഷം കൊണ്ടുവന്ന ആക്ഷേപങ്ങളിൽ ഒരെണ്ണത്തിനുപോലും മറുപടി പറയാൻ കഴിഞ്ഞിട്ടില്ല. അങ്ങ് എന്റെ വളരെ അടുത്ത സുഹൃത്താണ്. നല്ല മന്ത്രിയാണെന്ന് ഞാൻ എല്ലാവരോടും പറഞ്ഞ ആളുമാണ്. പക്ഷേ അദ്ദേഹത്തിന്റെ ഇപ്പോഴത്തെ നിലപാടുകൾ വളരെ നിർഭാഗ്യകരമാണ്. അങ്ങ് പറഞ്ഞത് സാധാരണ ഒരു സ്ഥലംമാറ്റമാണ് നടന്നതെന്നാണ്. സാധാരണ ഒരു വകുപ്പാണോ ആഭ്യന്തര വകുപ്പ്? ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുന്ന സെൻസിറ്റീവായ ഏറ്റവും പ്രധാനപ്പെട്ട ഒരു വകുപ്പ്, ഒരു സർവ്വേയറെ സ്ഥലം മാറ്റുന്നതു പോലെയാണോ പോലീസിലെ ഉന്നത ഉദ്യോഗസ്ഥരെ സ്ഥലം മാറ്റുന്നത്. ആ സ്ഥലം മാറ്റത്തിൽ ക്രമക്കേടുകൾ ഉണ്ടെന്നും തെറ്റാണെന്നും കാണിച്ച് ജീവനും സ്വത്തിനും സംരക്ഷണം നൽകേണ്ട ഡി.ജി.പി.-മാർ അഭയത്തിനുവേണ്ടി കോടതിയിൽ പോകുകയാണ്. അവരാണോ കേരളത്തെ സംരക്ഷിക്കാൻ പോകുന്നത്? പോലീസിൽ ക്രിമിനലുകളുടെ ഒരു കൂടാരം തന്നെയുണ്ടെന്ന് ഈ നിയമസഭയിൽ തന്നെ കണക്കുകൾ സഹിതം വ്യക്തമാക്കിയിട്ടുള്ളതാണ്. ഐ.പി.എസ്. ഉദ്യോഗസ്ഥരടക്കം അഴിമതിക്കാരും കൊള്ളരുതാത്തവരുമാണ്. അതിന്റെ ഒരു ലിസ്റ്റ് തന്നെയുണ്ട്. അതിന്റെ നമ്പറും ഇവിടെ പറയുകയുണ്ടായി. അങ്ങനെയുള്ള ആഭ്യന്തര വകുപ്പിൽ അവശേഷിച്ചിരുന്ന ഏതാനും ഉദ്യോഗസ്ഥർ ഇപ്പോൾ കോടതിയിലും പോകുകയാണ്. അത് അങ്ങേക്ക് നിഷേധിക്കാൻ

കഴിയുമോ?

അങ്ങ് ഇവിടെ പത്രങ്ങൾ വായിച്ചതുകൊണ്ട് ഞാനും വായിക്കാം. ഇന്നത്തെ മലയാള മനോരമ പത്രത്തിൽ "ജേക്കബ് തോമസിനെതിരെ നടപടി വേണ്ട"- ചീഫ് സെക്രട്ടറി. സർക്കാരിനെതിരെ പരസ്യവിമർശനം ഉന്നയിച്ചുവെന്ന പരാതിയിന്മേൽ ഡി.ജി.പി. ജേക്കബ് തോമസിനെതിരെ അച്ചടക്ക നടപടി എടുക്കേണ്ടതില്ലെന്ന് ചീഫ് സെക്രട്ടറിയുടെ റിപ്പോർട്ട്. അങ്ങനെ ഒരു റിപ്പോർട്ടുണ്ടോ? എന്തിന്റെ അടിസ്ഥാനത്തിലാണ് ആ റിപ്പോർട്ട് വന്നതെന്ന് ഈ സഭയിൽ വ്യക്തമാക്കാൻ കഴിയുമോ? ആ പത്രത്തിൽ തന്നെ മൂന്ന കോളം ന്യൂസ് - "ഡി.ജി.പി. നിയമനം - സർക്കാർ നടപടി ക്രമവിരുദ്ധം" - ചീഫ് സെക്രട്ടറി. പോലീസ് ഉന്നതങ്ങളിലെ അഴിച്ചുപണിയുമായി ബന്ധപ്പെട്ട് ചീഫ് സെക്രട്ടറിയും സർക്കാരും രണ്ടുതട്ടിലാണെന്നാണ് അതിൽ പറഞ്ഞിരിക്കുന്നത്. ഡി.ജി.പി.-മാരായ ശ്രീ. ലോക്നാഥ് ബെഹ്റ, ശ്രീ. ഋഷിരാജ് സിംഗ് എന്നിവരുടെ സ്ഥലംമാറ്റം ക്രമവിരുദ്ധമാണെന്നുകാണിച്ച് ചീഫ് സെക്രട്ടറി ശ്രീ. ജിജി തോംസൺ മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടിക്ക് നോട്ട് നൽകിയിരിക്കുന്നു. ഇതെല്ലാം ജനങ്ങൾ വായിക്കുകയല്ലേ; ഇത് വെള്ളരിക്കാപ്പട്ടണമാണോ; എന്നിട്ട് അങ്ങ് നിയമസഭയിൽ അങ്ങനെയൊന്നുമില്ലായെന്ന് പറയുന്നു. ഈ ഡി.ജി.പി.-മാരെ എത്രയോ ദിവസങ്ങളായി പന്താടുകയാണ്. ഞങ്ങൾക്ക് ഈ ഡി.ജി.പി.-മാരോട് വ്യക്തിപരമായി ഒരു താല്പര്യവുമില്ല. ഒരു ഡി.ജി.പി.യെ വയ്ക്കാനോ ഒരു ഡി.ജി.പി.-യെ മാറ്റാനോ പ്രതിപക്ഷം ആവശ്യപ്പെട്ടിട്ടില്ല. അങ്ങ് തന്നെ ഇവരെ പന്താടുകയാണ്. ശ്രീ. ജേക്കബ് തോമസിനെതിരെയുള്ള കുറ്റമെന്താണെന്നുമാത്രം പറഞ്ഞാൽ മതി. അദ്ദേഹം എന്തുചെയ്തു? അവിടെ നിന്നാണല്ലോ ഇത് തുടങ്ങുന്നത്. ശ്രീ. ജേക്കബ് തോമസ് ലോകായുക്തയ്ക്ക് രണ്ടാമതൊരു റിപ്പോർട്ട് കൊടുത്തു. ആ റിപ്പോർട്ട് ഫ്രീസ് ചെയ്തിരിക്കുകയാണ്. ആ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ലോകായുക്തയുടെ ജഡ്ജ്മെന്റ് അമിക്കസ്ക്യൂറിയെ നിയമിക്കാൻ; മുഖ്യമന്ത്രിയെ പ്രതി ചേർക്കണമോ എന്നുപറയാൻ ഗവൺമെന്റിനോട് ആവശ്യപ്പെട്ടിരിക്കുകയാണ്. ഇതാണോ ശ്രീ. ജേക്കബ് തോമസ് ചെയ്ത തെറ്റ്. ഉദ്യോഗസ്ഥന്മാർ അഴിമതിക്കാരും കുറ്റവാളികളുമാണെങ്കിൽ ഞങ്ങൾ അവർക്കുവേണ്ടി വാദിക്കില്ല.

മുഖ്യമന്ത്രി (<u>ശ്രീ. ഉമ്മൻ ചാണ്ടി</u>): സർ, ശ്രീ. ജേക്കബ് തോമസ് കൊടുത്ത റിപ്പോർട്ടിനകത്ത് എന്റെ പേരില്ല. ഇതെല്ലാം അങ്ങേക്ക് പരിശോധിക്കാമല്ലോ.

പാറ്റൂർ വിഷയത്തെ സംബന്ധിച്ച റിപ്പോർട്ടിൽ എന്റെ പേരില്ല, ഒരു മന്ത്രിയുടെയും പേരില്ല. അങ്ങനെയുള്ള ഒരുകാര്യം അങ്ങിവിടെ പറയുന്നത് മനസ്സിലാക്കിയിട്ടു വേണം എന്നാണ് എനിക്ക് പറയാനുള്ളത്.

ശ്രീ. സി. ദിവാകരൻ: സർ, ഞാൻ അങ്ങേക്ക് എതിരായി ഒരു ആരോപണവും ഉന്നയിച്ചിട്ടില്ല. പക്ഷേ കേരളത്തിൽ ഇന്ന് നടക്കുന്ന വിവാദങ്ങളും ചർച്ചകളും മാധ്യമവാർത്തകളുമെല്ലാം തന്നെ വിരൽ ചൂണ്ടുന്നത് ആർക്കുനേരെയാണ്? ശ്രീ. ജേക്കബ് തോമസ് രണ്ടാമതൊരു റിപ്പോർട്ട് കൊടുത്തിട്ടുണ്ട്. അമിക്കസ്ക്യൂറിയെ വയ്ക്കാമോ എന്ന് ലോകായുക്ത ചോദിച്ചിരിക്കുകയാണ്, എന്തിനാണത്?

ശ്രീ. ഉമ്മൻ ചാണ്ടി: സർ, അമിക്കസ്ക്യൂറിയുടെ റിപ്പോർട്ടും കിട്ടി. അതിനകത്തും ഒന്നുമില്ല. അറിയാത്ത കാര്യം പറയരുത്.

ശ്രീ. സി. ദിവാകരൻ: സർ, അറിയാത്തകാര്യം അറിയാൻ വേണ്ടിയാണ് ചോദിക്കുന്നത്. ശ്രീ. ജേക്കബ് തോമസ് എന്ന ഈ ഡി.ജി.പി. ഏത് തരത്തിലാണ് കുറ്റവാളിയാകുന്നത്? എന്തുകൊണ്ടാണ് അദ്ദേഹത്തിനെതിരെ നടപടിയെടുക്കണമെന്നും നടപടിയെടുക്കരുതെന്നും പറയുന്നത്; എന്തുകൊണ്ട് ഈ വാർത്തകൾ പത്രങ്ങളിൽ വരുന്നു; ശ്രീ. ജേക്കബ് തോമസിന്റെ പേരിൽ അച്ചടക്ക നടപടിയെടുക്കുന്നു, പിന്നീട് നടപടി എടുക്കുന്നില്ലായെന്ന് ചീഫ് സെക്രട്ടറി പറയുന്നു. ഇത് രണ്ടും ഞങ്ങൾ ഒരേ പത്രത്തിൽ വായിക്കുകയാണ്. ഞങ്ങൾ എന്തുചെയ്യണം; ഞങ്ങളാണോ കുറ്റവാളികൾ. ഞങ്ങൾ എങ്ങനെ കുറ്റവാളികളാകും. നിങ്ങൾ അതിന് മറുപടി പറയണം. ഒരു ഉദ്യോഗസ്ഥന്റെ പേരിൽ ഇത്ര വലിയ വിവാദങ്ങളുണ്ടാകാൻ കാരണമെന്താണ്? അതാണ് ഞങ്ങൾ ഇവിടെ ചോദിക്കുന്നത്. നിങ്ങളുടെ പിടിപ്പുകേട്, ക്രമക്കേടുകൾ, കെടുകാര്യസ്ഥത ഇതെല്ലാം ആഭ്യന്തര വകുപ്പിനെ കുത്തഴിഞ്ഞ പുസ്തകമാക്കി. അതാണ് ഞങ്ങൾ ഉന്നയിച്ചത്. ഇവിടെ 15 ഡി.ഐ.ജി.-മാരുടെയും 10 ഐ.ജി.-മാരുടെയും 2 എ.ഡി.ജി.പി.-മാരുടെയും ഒഴിവുകളുണ്ടെന്ന് ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി പറഞ്ഞു. എന്തുകൊണ്ടാണ് ആ വേക്കൻസികൾ നികത്താത്തത്; എന്താണ് തടസ്സം?

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, കേഡർ പോസ്റ്റുകളെ സംബന്ധിച്ചാണ് ഞാൻ വിശദീകരിച്ചത്. കേഡർ പോസ്റ്റുകൾ ഇത്രയുണ്ട്, കേഡർ പോസ്റ്റുകൾ ഒഴിഞ്ഞുകിടക്കുന്നത് അതിനുള്ള പ്രൊമോഷൻ കിട്ടാത്തതുകൊണ്ടാണ്. ശ്രീ. പി. ശ്രീരാമകൃഷ്ണൻ ഉന്നയിച്ചപ്പോൾ കേഡർ

പോസ്റ്റുകളും എക്സ് കേഡർ പോസ്റ്റുകളും തമ്മിലുള്ള വ്യത്യാസം ചൂണ്ടിക്കാണിച്ചതാണ്. സർവ്വീസ് റൂൾ അനുസരിച്ച് ആളില്ലാത്തതുകൊണ്ടാണ് അത് നികത്താത്തത്.

ശ്രീ. സി. ദിവാകരൻ: സർ, ഒഴിഞ്ഞുകിടക്കുന്ന കേഡർ പോസ്റ്റുകളിൽ എലിജിബിളായ ആളുകളെ പ്രൊമോട്ട് ചെയ്യണമെന്ന് പറയാൻ വേണ്ടിയാണ് ഐ.പി.എസ്.-കാർ ഇന്ന് യോഗം ചേരുന്നത്. അവരുടെ അവശതകൾ ചൂണ്ടിക്കാണിക്കാനാണ് യോഗം ചേരുന്നതെന്ന് അങ്ങു തന്നെ പറഞ്ഞു. ഹോം ഡിപ്പാർട്ടുമെന്റിൽ ഇത്രയധികം ഒഴിവുകൾ ഉണ്ടാകുകയും അതു നികത്താതിരിക്കുകയും ചെയ്യുന്നത് ശരിയായ നടപടിയാണെന്ന് തോന്നുന്നുണ്ടോ? കുറേക്കൂടി അവധാനതയോടുകൂടി ഈ ഉദ്യോഗസ്ഥരെ കൈകാര്യം ചെയ്യേണ്ടതല്ലേ; എൽ.ഡി.എഫ്.-ന്റെ കാലത്ത് ഒരുപാട് ആളുകളെ ഇങ്ങനെ ചെയ്തിരുന്നുവെന്ന് മുടന്തൻ ന്യായം പറഞ്ഞ് രക്ഷപ്പെടുന്നത് ശരിയാണോ? എൽ.ഡി.എഫ്.-ന്റെ കാലത്ത് ചെയ്തു; അതുകൊണ്ട് നിങ്ങളും ചെയ്യുമെന്നാണോ പറയുന്നത്. എൽ.ഡി.എഫ്.-ന്റെ കാലത്ത് തെറ്റുചെയ്തിരിക്കാം. ഞങ്ങൾ ഇപ്പുറത്തായത് എല്ലാം ശരിയായതുകൊണ്ടല്ലല്ലോ, തെറ്റുകളുണ്ടാവാം. അത് കറക്ട് ചെയ്യാൻ വന്നയാളുകൾ ഞങ്ങൾ ചെയ്തതിനേക്കാൾ അപ്പുറം ചെയ്യുമെന്നുപറയുന്നത് എന്തു ന്യായമാണ്? അതുപോലെ സി.ആർ.ഇസഡ്. നിയമം കൊണ്ടുവന്നത് കേന്ദ്ര ഗവൺമെന്റാണ്. ആദ്യ യു.പി.എ. ഗവൺമെന്റിനെ ഞങ്ങൾ സപ്പോർട്ട് ചെയ്തു. ആദ്യ യു.പി.എ. ഗവൺമെന്റിന്റെ കാലത്ത് പാർലമെന്റിൽ ഈ നിയമം കൊണ്ടുവന്നപ്പോൾ ബഹളമുണ്ടാക്കി. അപ്പോൾ അത് മാറ്റിവച്ചു. രണ്ടാമത്തെ ഗവൺമെന്റിന്റെ കാലത്ത് നിങ്ങൾ ഇത് കൊണ്ടുവന്നു. ഞങ്ങൾ പിന്തുണ പിൻവലിച്ചപ്പോൾ കേരളത്തിലെ തീരപ്രദേശങ്ങളിലെ ആളുകളെ മുഴുവൻ വെള്ളത്തിലാക്കാൻ മൻമോഹൻ സിംഗ് ഗവൺമെന്റ് കൊണ്ടുവന്നതാണ്. നിങ്ങൾ ഇപ്പോൾ രോഷാകുലരായിട്ട് കാര്യമില്ല. ഞങ്ങൾ വീട്ടുനമ്പർ കൊടുത്തിട്ടില്ല എന്നാണ് പറയുന്നത്, നമ്പർ കൊടുക്കാത്തതാണ് കുഴപ്പം. അടിച്ചുപുറത്താക്കാൻ നിയമം കൊണ്ടുവന്നതിന് കുഴപ്പമില്ല. കോൺഗ്രസ് ഭൂരിപക്ഷമുള്ളപ്പോൾ മൻമോഹൻ സിംഗ് ഗവൺമെന്റ് കൊണ്ടുവന്ന നിയമം. അന്ന് അങ്ങ് പ്രതിപക്ഷ നേതാവായിരുന്നു. അപ്പോൾ അങ്ങ് ഒന്നും ചെയ്തില്ലല്ലോ; ഇപ്പോൾ അവിടെ പോയാൽ നടക്കുമോ? എന്തടിസ്ഥാനത്തിലാണ് നടക്കുമെന്നുപറയുന്നത്. രാഷ്ട്രീയ കാലാവസ്ഥ ഇപ്പോൾ അനുകൂലമാണോ? കേന്ദ്രത്തിൽ ഇരിക്കുന്ന ആളുകൾ തീരപ്രദേശങ്ങളിലെ തൊഴിലാളികൾക്ക് അനുകൂലമാണോ? പറ്റിക്കാൻവേണ്ടി പറയുകയാണ്. നിങ്ങൾ എല്ലാവരുംകൂടി അവിടെ പോയാലും ഇത് നടക്കുമെന്ന് തോന്നുന്നില്ല. ഇത് വേറെയാണ്. സെൻട്രൽ ആക്ട് പാർലമെന്റിൽ കൊണ്ടുവന്ന് ഭേദഗതി ചെയ്യണം.

അതിനുള്ള ഭേദഗതി പോലും ആരും മൂവ് ചെയ്തിട്ടില്ല.

ശ്രീ. ഉമ്മൻ ചാണ്ടി: സർ, സുനാമി ദുരന്തമുണ്ടായതിനുശേഷം തീരപ്രദേശത്തെ നിർമ്മാണം സംബന്ധിച്ച നടപടികളിൽ നിയന്ത്രണം വേണമെന്ന ലോകമൊട്ടാകെയുണ്ടായ ചർച്ചയുടെ അടിസ്ഥാനത്തിലാണ് ഈ നിയമം രൂപപ്പെടുന്നത്. ഒരു നിയമവും വേണ്ട എന്ന് ഞങ്ങളാരും പറഞ്ഞിട്ടില്ല. പക്ഷേ അവിടെ താമസിക്കുന്ന മത്സ്യത്തൊഴിലാളികൾക്കും തദ്ദേശവാസികൾക്കും പരിഗണന കൊടുക്കണം. അതിനകത്തെ നിയന്ത്രണങ്ങൾ ഒഴിവാക്കണം, ഇതാണ് നമ്മുടെ സമീപനം. സുനാമി ദുരന്തത്തിന്റെ ഭവിഷ്യത്തുകൾ നമ്മൾ കണ്ടതാണ്. അതുകൊണ്ട് ഒരു നിയന്ത്രണവും വേണ്ട എന്നുള്ള അഭിപ്രായം ഗവൺമെന്റിനില്ല. ആവശ്യമായ നിയന്ത്രണങ്ങൾ വേണം. പക്ഷേ മത്സ്യത്തൊഴിലാളികളുടെയും തദ്ദേശവാസികളുടെയും താമസത്തിനും ജീവനോപാധിക്കും തടസ്സങ്ങളുണ്ടാകാൻ പാടില്ല. അതാണ് ഗവൺമെന്റിന്റെ നിലപാട്, അതാണ് കേന്ദ്ര ഗവൺമെന്റിനെക്കൊണ്ട് അംഗീകരിപ്പിക്കാൻ ശ്രമിക്കുന്നത്.

ശ്രീ. സി. ദിവാകരൻ: സർ, അങ്ങേക്ക് ഇങ്ങനെ വാദിച്ചേ പറ്റൂ. ഞാനാണെങ്കിലും അങ്ങനെത്തന്നെ വാദിക്കും. പക്ഷെ നിയമം പാസ്സാക്കിയതിന്റെ പിതൃത്വം അങ്ങേക്കാണ്, അങ്ങയുടെ ബേബിയാണ്, കേന്ദ്ര ഗവൺമെന്റിന്റെ ബേബിയാണ്. അന്ന് നിയമം ഉണ്ടാക്കിയപ്പോൾ ഈ ബോധം എവിടെ പോയിരുന്നു; നിയമം ഉണ്ടാക്കിയപ്പോൾ കേരളത്തിലെ തീരപ്രദേശത്തുള്ള ആളുകൾ മുഴുവൻ വഴിയാധാരമാകുമെന്ന് അങ്ങ് എന്തുകൊണ്ട് ചിന്തിച്ചില്ല; എന്തുകൊണ്ട് എം.പി.-മാരോട് പറഞ്ഞില്ല; എന്തുകൊണ്ട് മന്ത്രിയോട് പറഞ്ഞില്ല?

ശ്രീ. ഉമ്മൻ ചാണ്ടി : സർ, നിയമം ഉണ്ടാക്കിയപ്പോൾ എല്ലാ സ്റ്റേറ്റ് ഗവൺമെന്റുകളോടും അഭിപ്രായം ചോദിച്ചിരുന്നു. അന്ന് നിങ്ങളാണ് അധികാരത്തിലിരുന്നത്. നിങ്ങൾ മറുപടി പോലും അയച്ചില്ല.

ശ്രീ. സി. ദിവാകരൻ: സർ, ഞങ്ങൾ മറുപടി അയച്ചില്ലായെന്ന് തെളിയിക്കാമോ? ശ്രീ. എസ്. ശർമ്മയുടെ വകുപ്പാണ്, ഞങ്ങൾ മറുപടി അയച്ചു. ബിൽ മാറ്റിവയ്ക്കാൻ പറഞ്ഞു. ആദ്യം കൊണ്ടുവന്നതാണ്. അങ്ങനെയാണ് മാറ്റിവച്ചത്. രണ്ടാമത് ചോദിച്ചില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇങ്ങനെ മറുപടി പറഞ്ഞാൽ ഞാൻ എന്ത് പറയാനാണ് . അങ്ങ് കേരളത്തിന്റെ മുഖ്യമന്ത്രിയല്ലേ?

ശ്രീ. ഉമ്മൻ ചാണ്ടി : സർ, ഞാൻ ഫയൽ നോക്കിയതിനുശേഷമാണ്

പറയുന്നത്. നിങ്ങൾ അഭിപ്രായം ചോദിച്ച്, കമ്മിറ്റിയെ വച്ച്, അങ്ങോട്ടും ഇങ്ങോട്ടും പോയി, അവസാനം നിങ്ങൾ തീരുമാനം എടുത്തപ്പോൾ അവിടെ ഫൈനലൈസ് ചെയ്തു. എത്ര നാളാണ് ഇവിടെ വച്ചുകൊണ്ടിരുന്നത്?

ശ്രീ. സി. ദിവാകരൻ: സർ, ആദ്യം പറഞ്ഞത് അങ്ങനെയല്ല. ഞങ്ങൾ അയച്ചില്ല എന്നാണ് പറഞ്ഞത്. ഇപ്പോൾ പറയുന്നത് ഞങ്ങൾ അയച്ചതിൽ കാലതാമസം ഉണ്ടായി എന്നാണ്. അത് ശരിയായിരിക്കാം. സർക്കാരിന്റെ നടപടിക്രമങ്ങൾ അങ്ങേയ്ക്ക് ഇപ്പോൾ നന്നായി അറിയാമല്ലോ. അങ്ങ് ഇപ്പോൾ മറുപടി പറയുന്നതെല്ലാം സർക്കാരിൽ നടക്കുന്ന ക്രമക്കേടുകൾക്കുവേണ്ടിയാണ്. അത് ഞങ്ങൾക്കറിയാം. ഞങ്ങൾ ഇവിടെനിന്ന് അയച്ച്, കാലതാമസം ഉണ്ടായി. അതിനെക്കാൾ ഉത്തരവാദിത്വം ഇന്ത്യ ഭരിക്കുന്നവർക്കില്ലേ; കേരളം ഭരിക്കുന്നവർക്ക് മാത്രമേയുള്ളോ? ഇന്ത്യ ഭരിക്കുന്നവർ കൊണ്ടുവന്ന വിനാശകരമായ ഒരു നിയമം ഭേദഗതി ചെയ്യാൻ ഇന്ന് ബി.ജെ.പി.-യുടെ അടുത്തുപോകുകയാണ്. നടക്കുമോ? ഒരു വഴിയേയുള്ളൂ. അദാനിയെ കണ്ട് പറഞ്ഞാൽ ചിലപ്പോൾ ഈ ബിൽ മാറ്റിവയ്ക്കാൻ പറയും. ഭേദഗതി ചെയ്ത് നടത്താൻ പറയും. അതല്ലാതെ വേറെ വഴിയൊന്നുമില്ല. പാർലമെന്റിൽ ഇതുവരെ മൂവ് ചെയ്തിട്ടില്ല. ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി, അങ്ങ് ആഭ്യന്തര വകുപ്പിനെ കുറച്ചുകൂടി നേരായരീതിയിൽ നയിക്കണം. അത് ചർച്ച ചെയ്യാൻ ഞങ്ങളെ വിശ്വാസത്തിലെടുക്കണം. വിശ്വാസത്തിലെടുത്തിരുന്നുവെങ്കിൽ അടിയന്തര പ്രമേയം ഇവിടെ ചർച്ച ചെയ്യാമായിരുന്നു. അങ്ങ് നിഷേധിച്ചു. അതിൽ പ്രതിഷേധിച്ചുകൊണ്ട് ഞാനും എന്റെ കക്ഷികളും വാക്കൗട്ട് നടത്തുകയാണ്.

(ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. സി. ദിവാകരനും അദ്ദേഹത്തിന്റെ കക്ഷിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി.)

ശ്രീ. മാത്യു റ്റി. തോമസ്: സർ, ഇന്നേയ്ക്ക് ഏതാണ്ട് 28 കൊല്ലങ്ങൾക്കുമുമ്പ് 8-ാം കേരള നിയമസഭയിൽ പഴയ നിയമസഭാ മന്ദിരത്തിന്റെ പിൻ ബഞ്ചിലിരുന്ന് ഞാൻ ഒരു ശ്രദ്ധക്ഷണിക്കൽ പ്രമേയം അവതരിപ്പിച്ചു. കേരളത്തിൽ വിവിധ വകുപ്പുകളിൽ ഉയർന്ന തസ്തികകളുടെ എണ്ണം കൂടിവരുന്നു എന്നതാണ് അന്നത്തെ ശ്രദ്ധ ക്ഷണിക്കൽ പ്രമേയത്തിന്റെ ഉള്ളടക്കം. ഒരു ഐ.ജി. മാത്രമുണ്ടായിരുന്ന സംസ്ഥാനത്ത് ഐ.ജി.മാരുടെ എണ്ണം കൂടിയപ്പോൾ ഡി.ജി.പി. തസ്തികകൾ

ഒന്നായി പിന്നെ പലതായി. ചീഫ് എഞ്ചിനീയർമാരുടെ തസ്തികകൾ കൂട്ടുന്നു, സി.സി.എഫ്.-മാരുടെ എണ്ണം കൂട്ടുന്നു. ഉന്നതതലങ്ങളിലുള്ള ഉദ്യോഗസ്ഥരുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചുവരുന്ന പ്രവണതയെ 28 കൊല്ലം മുമ്പ് നിയമസഭയിൽ ചോദ്യം ചെയ്തെങ്കിൽ ഇന്നത്തെ അവസ്ഥ എന്താണ്? സ്ഥാനക്കയറ്റം കിട്ടിയ ഡി.ജി.പി.മാരെ എവിടെ നിയമിക്കുമെന്നതിനെ സംബന്ധിച്ചാണ് ഇന്ന് നമ്മൾ ചർച്ച ചെയ്യുന്നത്. ഒരു ജനാധിപത്യ പ്രക്രിയയിൽ തെരഞ്ഞെടുക്കപ്പെടുന്ന രാഷ്ട്രീയ ഭരണനേതൃത്വം സ്വീകരിക്കുന്ന നയങ്ങൾ നടപ്പിലാക്കാൻ ഉദ്യോഗസ്ഥർ ബാധ്യസ്ഥരാണ്. അത് നടപ്പിലാക്കുകതന്നെ ചെയ്യണം. അവരെക്കൊണ്ട് നടപ്പിലാക്കിപ്പിക്കണം. ഉദ്യോഗസ്ഥരും രാഷ്ട്രീയ ഭരണ നേതൃത്വവും തമ്മിൽ ഏറ്റുമുട്ടലില്ലാതെ മുന്നോട്ടുപോകണം. അതിനുള്ള സാഹചര്യം സൃഷ്ടിക്കണം. അതാണ് ഒരു ഗവൺമെന്റിന്റെ മിടുക്ക്. നേരത്തെ ഐ.എ.എസ്.കാർ ഗവൺമെന്റിനെതിരെ പടനീക്കം നടത്തി. ഏത് തസ്തികയിൽ നിയമിക്കണമെന്ന് തീരുമാനിക്കാനുള്ള ഗവൺമെന്റിന്റെ അധികാരത്തെ ഞങ്ങൾ ചോദ്യം ചെയ്യുന്നില്ല. ഇവിടത്തെ പ്രശ്നം എന്താണ്? നിലവിലിരിക്കുന്ന നിയമങ്ങളനുസരിച്ച്, കേന്ദ്ര ഗവൺമെന്റ് പുറപ്പെടുവിക്കുന്ന നാഷണൽ ബിൽഡിംഗ് കോഡ് അനുസരിച്ച്, നിലവിലുള്ള ചട്ടങ്ങളെയും മാർഗ്ഗ നിർദ്ദേശങ്ങളെയും അടിസ്ഥാനപ്പെടുത്തി ഉദ്യോഗസ്ഥർ തീരുമാനങ്ങളെടുക്കുമ്പോൾ, ആ തീരുമാനങ്ങൾ ഗവൺമെന്റിന് ഇഷ്ടപ്പെടുന്നില്ല എന്നുപറഞ്ഞ് തസ്തിക മാറ്റിക്കൊണ്ടിരിക്കുകയാണ്. കേരളത്തിലെ ജനങ്ങൾ ഇന്ന് ധരിച്ചുവച്ചിരിക്കുന്നതും വിശ്വസിക്കുന്നതും അഴിമതിക്ക് കൂട്ടുനിൽക്കാത്ത ഉദ്യോഗസ്ഥന്മാര പ്രധാന തസ്തികയിൽനിന്ന് മാറ്റിനിർത്താൻ ഗവൺമെന്റ് നിരന്തരം പരിശ്രമിച്ചു കൊണ്ടിരിക്കുന്നുവെന്നാണ്. അങ്ങനെയുള്ള വിശ്വാസം കേരള സമൂഹത്തിനുണ്ട്. ആ വിശ്വാസത്തിന് അടിസ്ഥാനമുണ്ടെന്ന് ധ്വനിപ്പിക്കുന്ന രീതിയിലുള്ള പ്രതികരണങ്ങളാണ് ഭരണപക്ഷത്തുനിന്ന് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. ഗവൺമെന്റിന് ഉദ്യോഗസ്ഥരെ മാറ്റി നിയമിക്കാൻ അധികാരമുള്ളപ്പോൾത്തന്നെ പൊതുജനങ്ങൾക്കിടയിൽ സംശയത്തിനിടനൽകുന്നതരത്തിൽ ഉദ്യോഗസ്ഥന്മാരെ മാറ്റിമറിക്കുകയാണ്. സത്യസന്ധരായ, നിയമത്തോട് കൂറ് പുലർത്തുന്ന, നിർഭയരായി പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥന്മാരെ താക്കോൽ സ്ഥാനങ്ങളിൽ നിന്ന് നിരന്തരമായി മാറ്റിക്കൊണ്ടിരിക്കുന്ന പ്രവണത അപകടകരമാണെന്ന വിഷയമാണ് ചർച്ച

ചെയ്യാൻ ശ്രമിച്ചത്. ആ വിഷയം ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. മാത്യു റ്റി. തോമസും അദ്ദേഹത്തിന്റെ കക്ഷിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി.)

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, സർക്കാരിന്റെ തീരുമാനത്തിൽ പ്രതിഷേധിച്ച് രണ്ട് ഉന്നത ഉദ്യോഗസ്ഥന്മാർ ലീവെടുത്തു. അതുസംബന്ധിച്ച് അരുതാത്ത ധാരാളം വാർത്തകൾ വരുന്നു. അങ്ങനെ വരുമ്പോൾ നീതിന്യായ വ്യവസ്ഥയും ക്രമസമാധാനനിലയും പാലിക്കേണ്ട ഒരു സംവിധാനം ഇവിടെ കുത്തഴിഞ്ഞുകിടക്കുകയാണെന്ന് പൗരന്മാർക്ക് തോന്നുന്നത് സ്വാഭാവികമാണ്. പൗരന്മാരുടെ ആ സംശയം ദുരീകരിക്കത്തക്കവിധത്തിലുള്ള ഫലപ്രദമായ നടപടികളാണ് സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകേണ്ടത്. അത് ഇത്രയും ദിവസമായിട്ടും ഉണ്ടായിട്ടില്ലാത്ത പശ്ചാത്തലത്തിലാണ് ആ പ്രശ്നം ചർച്ച ചെയ്യണമെന്നകാര്യം ഞങ്ങൾ ഇവിടെ ഉന്നയിക്കാനിടയായത്. ആഭ്യന്തര വകുപ്പുമന്ത്രി പറഞ്ഞതുപോലെ ഉദ്യോഗസ്ഥന്മാരെ നിയമിക്കാനും മാറ്റി നിയമിക്കാനുമൊക്കെയുള്ള സർക്കാരിന്റെ അധികാരത്തെ ഞങ്ങളാരും ഒരു കാലഘട്ടത്തിലും ചോദ്യം ചെയ്യില്ല. അതേസമയത്ത് ഇവിടെ സർക്കാരിന്റെ അധികാരം, അമിതമാകുമ്പോൾ, സർക്കാരിന്റെ അധികാരം ദുരുദ്ദേശ്യപരമായി ഉപയോഗിക്കുമ്പോൾ അതിനുള്ള പശ്ചാത്തലം എന്താണെന്ന് പരിശോധി ക്കേണ്ടതില്ലേ? ഇവിടെ വന്നത് സർക്കാരിനെ സംശയിക്കുന്ന സമയവും സന്ദർഭവുമാണ്. അതിനുള്ള ചില ഉദാഹരണങ്ങളാണ് ഇവിടെ ചൂണ്ടിക്കാണിച്ചത്. ഗവൺമെന്റിന്റെ ഉത്തരവുകൾ നടപ്പിലാക്കുന്ന ഉദ്യോഗസ്ഥന്മാർ ഗവൺമെന്റിന്റെ ആഗ്രഹമനുസരിച്ചല്ല പ്രവർത്തിക്കുന്നതെന്നുകണ്ടാൽ അവരെ ആ സ്ഥാനത്തുനിന്ന് മാറ്റുന്നുവെന്ന പ്രതീതിയുണ്ടാവുക. ജയിലിൽ കിടക്കുന്ന ഒരു പ്രതിയെ സംരക്ഷിക്കുന്നതിനുവേണ്ടി ചില ഉദ്യോഗസ്ഥന്മാരെ പ്രേരിപ്പിക്കുകയും അവർ അതിന് വഴങ്ങുന്നില്ലെന്നുവരുമ്പോൾ ഇത്തരത്തിലുള്ള സംഭവങ്ങൾ ഉണ്ടാവുകയുമാണ്. നിരവധി സംശയാസ്പദമായ സംഭവ പരമ്പരകൾക്കിടയിലാണ് ഗവൺമെന്റ് അധികാരം പ്രയോഗിക്കുന്നത്. അധികാരം പ്രയോഗിക്കുന്നത് സമയവും സന്ദർഭവും നോക്കിവേണം. ജനങ്ങൾക്ക് ബോധ്യമാകുന്നതരത്തിൽ വേണം. അങ്ങനെ വരുമ്പോഴേ ജനങ്ങൾക്ക് ഗവൺമെന്റിൽ വിശ്വാസം

ഉണ്ടാവുകയുള്ളൂ. ആ വിശ്വാസത്തകർച്ച ഇപ്പോൾ നമ്മുടെ സംസ്ഥാനത്തുണ്ട്. അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചാലും ആ വിശ്വാസത്തകർച്ചയ്ക്ക് മാറ്റമുണ്ടാക്കാൻ കഴിയില്ല. അത് ഗുരുതരമായ സാഹചര്യമാണ്. ആ സാഹചര്യത്തെ നിഷേധാത്മകമായിട്ടാണ് ഗവൺമെന്റ് നോക്കിക്കാണുന്നത്. അതിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. എ. കെ. ശശീന്ദ്രനും അദ്ദേഹത്തിന്റെ കക്ഷിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി.)

(പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ അൽപ്പസമയത്തിനുശേഷം സഭയിൽ വീണ്ടും ഹാജരായി.)

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട അംഗം, മൂന്ന് ബില്ലുകളിലായി 16 പേർ പ്രസംഗിക്കാനുണ്ട്. അതുകൊണ്ട് സമയം പരമാവധി ചുരുക്കണം.

# III. ശ്രദ്ധ ക്ഷണിക്കൽ

## 1. കാർഷിക മേഖലയിൽ പ്രത്യേക പാക്കേജ്

ശ്രീ. മോൻസ് ജോസഫ്: സർ, കാർഷിക വിളകളുടെ രൂക്ഷമായ വിലയിടിവുമൂലം സംസ്ഥാനത്തെ കൃഷിക്കാർ നേരിടുന്ന സാമ്പത്തിക പ്രതിസന്ധി പരിഹരിക്കുന്നതിന് കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾ സാധ്യമായ പരിഹാര നടപടികൾ സ്വീകരിക്കണമെന്നാണ് ഈ ശ്രദ്ധ ക്ഷണിക്കൽ പ്രമേയത്തിലൂടെ എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ഇന്ന് കേരളത്തിലെ കാർഷിക മേഖല വലിയ പ്രതിസന്ധികളിലൂടെ കടന്നുപോയിക്കൊണ്ടിരിക്കുകയാണ്. വിലത്തകർച്ചയുടെയും കടക്കെണിയുടെയും നടുവിൽപ്പെട്ട് കേരളത്തിലെ കർഷകർ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ സംസ്ഥാന ഗവൺമെന്റ് ആത്മാർത്ഥമായ ഇടപെടലുകൾ നടത്തേണ്ടതായിട്ടുണ്ട്. കേരളത്തിലെ കാർഷികരംഗം വലിയ പ്രതിസന്ധികളിലൂടെ കടന്നുപോയപ്പോഴെല്ലാം സംസ്ഥാന ഗവൺമെന്റ് ആത്മാർത്ഥമായി ഇടപെടുകയും സാധ്യമായ പരിഹാരനടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. മുഖ്യമന്ത്രിയുടെയും ധനകാര്യ വകുപ്പുമന്ത്രിയുടെയും കൃഷി വകുപ്പുമന്ത്രിയുടെയുമൊക്കെ നേതൃത്വത്തിൽ സ്വീകരിച്ച നടപടികളെ കർഷകർ എന്നും നന്ദിപൂർവ്വം ഓർക്കുന്നുമുണ്ട്.

ഇന്നത്തെ പ്രതിസന്ധി വളരെ രൂക്ഷമാണ്. വിവിധ കാരണങ്ങളാൽ കർഷിക ഉൽപ്പന്നങ്ങൾക്കെല്ലാം വിലയിടിവ് സംഭവിച്ചിരിക്കുകയാണ്. റബ്ബറിന്റെ വിലത്തകർച്ചയാണ് അതിൽ ഏറ്റവും പ്രധാനം. റബ്ബറിന്റെ കാര്യത്തിലുള്ള പ്രതിസന്ധി രൂക്ഷമായി തുടരുകയാണ്. റബ്ബറിന് 200 രൂപയിലധികം വിലകിട്ടിക്കൊണ്ടിരുന്ന സ്ഥാനത്ത് ഇപ്പോൾ 100 രൂപയിലേക്ക് വില ഇടിഞ്ഞിരിക്കുകയാണ്. കൃഷിക്കാർക്ക് പിടിച്ചുനിൽക്കാൻ കഴിയാത്ത ഒരു സ്ഥിതിയിലേയ്ക്ക് കാര്യങ്ങൾ എത്തിയിരിക്കുന്നു. റബ്ബർവെട്ട് നിർത്തിയിരിക്കുന്നു, റബ്ബർ മരങ്ങൾ മുറിച്ചുമാറ്റുന്നു, ആളുകൾ കൃഷി ഉപേക്ഷിക്കുന്നു. കാർഷികരംഗത്ത് വലിയ പ്രതിസന്ധി ഉണ്ടായിരിക്കുന്ന ഈ സാഹചര്യത്തിൽ റബ്ബർകൃഷിയെ സഹായിക്കാൻ കഴിയുന്ന തരത്തിലുള്ള നടപടികളുണ്ടാകണം. ബഹുമാന്യനായ മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ നിരവധി യോഗങ്ങൾ നടത്തുകയും തീരുമാനങ്ങൾ എടുക്കുകയും ചെയ്തിരുന്നു. ധനകാര്യ വകുപ്പുമന്ത്രിയായിരുന്ന കെ. എം. മാണി സാർ

ഈ പ്രതിസന്ധി പരിഹരിക്കുന്നതിനുവേണ്ടി 300 കോടി രൂപയുടെ വിലസ്ഥിരതാഫണ്ട് സംസ്ഥാനത്ത് ആദ്യമായി ഏർപ്പെടുത്തി. ഇന്ത്യയിൽ ആദ്യമായി അത്തരമൊരു നടപടിക്ക് മുതിർന്നത് കേരളമാണ്. ഇതെല്ലാം ഞങ്ങൾ സ്വാഗതം ചെയ്യുന്നു. ഇതൊക്കെ നടപ്പാക്കുന്നതിനുവേണ്ടി ഫലപ്രദമായ ഒരു സിസ്റ്റം ഇവിടെ പ്രവർത്തിക്കുന്നുണ്ടോയെന്നുള്ളകാര്യം ഗവൺമെന്റ് ഗൗരവമായി പരിശോധിക്കണം. വിലത്തകർച്ചയുമായി ബന്ധപ്പെട്ട് 150 രൂപയ്ക്ക് വിലസ്ഥിരതാ ഫണ്ട് ഏർപ്പെടുത്തുന്ന പ്രവർത്തനം കാര്യക്ഷമമായി മുന്നോട്ടുകൊണ്ടുപോകാൻ കഴിയാത്തവിധത്തിൽ പ്രതിസന്ധികൾ ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. ഈ പ്രതിസന്ധി പരിഹരിക്കാൻ ഗവൺമെന്റ് ഭാഗത്തുനിന്നും ഇടപെടലുകൾ നടത്തേണ്ടതായിട്ടുണ്ട്. ഇല്ലെങ്കിൽ ഈ പറഞ്ഞ നടപടികൾകൊണ്ട് ഒരു പ്രയോജനവും കൃഷിക്കാരന് ലഭിക്കാതെ വരും. അതു ഫലപ്രദമായി നടപ്പാക്കുന്നതിനുവേണ്ടി കൃഷിവകുപ്പ് മുൻകൈ എടുത്ത് ആവശ്യമായ നടപടികൾ സ്വീകരിക്കണം. റബ്ബർ മേഖലയിലുണ്ടായ പ്രതിസന്ധിയെക്കുറിച്ച് വിവിധ മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അതിനെക്കുറിച്ച് എല്ലാവർക്കും നല്ല ബോധ്യവുമുണ്ട്.

11.00 AM]

അന്താരാഷ്ട്ര മാർക്കറ്റിൽ ക്രമ്പ് റബ്ബർ 75 രൂപ നിരക്കിൽ ലഭ്യമായതിനാൽ ഇവിടെയുള്ള വ്യവസായികളെല്ലാം അവിടെനിന്ന് വാങ്ങുന്നതിനിടയായി. ഇന്ത്യോനേഷ്യ, വിയറ്റ്നാം, തായ്‌ലന്റ് അടക്കമുള്ള രാജ്യങ്ങളിലെല്ലാം ഉൽപ്പാദനം വർദ്ധിച്ചപ്പോൾ വിലകുറച്ച് റബ്ബർ കൊടുക്കാൻ അവർ തയ്യാറായി. ഇന്ത്യാഗവൺമെന്റ് ചെയ്യേണ്ട ഏറ്റവും വലിയ സഹായം ഇറക്കുമതി അവസാനിപ്പിക്കുക എന്നുള്ളതായിരുന്നു. ആവശ്യത്തിലധികം റബ്ബർ ഇന്ത്യയിലുണ്ടായിട്ടും അന്താരാഷ്ട്ര മാർക്കറ്റിൽ വിലകുറഞ്ഞ സമയത്ത് ഇന്ത്യാഗവൺമെന്റ് വീണ്ടും ഇറക്കുമതിക്ക് അനുവാദം കൊടുത്തു. കേരളത്തിലെ റബ്ബർ കർഷകർ ഒരിക്കലും രക്ഷപ്പെടാൻ പാടില്ലായെന്ന വൈരാഗ്യ ബുദ്ധിയോടെയാണ് കേന്ദ്ര സർക്കാർ പ്രവർത്തിച്ചത്.

മി. ഡെപ്യൂട്ടി സ്പീക്കർ: യെസ്.....യെസ്.....

ശ്രീ. മോൻസ് ജോസഫ്: സർ, എനിക്ക് ഏതാനും മിനിട്ടുകൾകൂടി തരേണ്ടതുണ്ട്. ശമ്പള പരിഷ്കരണത്തെക്കുറിച്ച് സംസാരിക്കാനാണെങ്കിൽ എത്ര മണിക്കൂറുകൾ വേണമെങ്കിലും അനുവദിക്കുമല്ലോ. കേരളത്തിലെ കർഷകന്റെ പ്രശ്നങ്ങൾ ഗൗരവമായി ചർച്ച ചെയ്യാൻ നമ്മൾ സമയം കണ്ടെത്തണം. പുതിയ ശമ്പളപരിഷ്കരണം വരാൻ പോവുകയാണ്. ഞാൻ അതിനെ എതിർക്കുകയല്ല, അതൊക്കെ വേണ്ട കാര്യങ്ങളാണ്. എന്നാൽ അതൊക്കെ ഈ രാജ്യത്തെ കർഷകർ കാണുന്നുണ്ടെന്നകാര്യം ഓർക്കണം. കൃഷിക്കാരന്റെകാര്യം പറയുമ്പോൾ ഇവിടെ പണമില്ല, നടപടികളില്ല, ചർച്ചചെയ്യാൻ സമയമില്ല എന്നുപറഞ്ഞാൽ അതംഗീകരിക്കാൻ കഴിയില്ല. കർഷകന്റെ വേദന ഗൗരവമായി കണക്കിലെടുക്കണം. കർഷകർക്ക് ന്യായമായ വില ഉറപ്പുവരുത്തണം. അത്രയ്ക്ക് രൂക്ഷമായ സ്ഥിതിവിശേഷമാണ് സംസ്ഥാനത്ത് സംജാതമായിരിക്കുന്നത്.

ഒന്നുരണ്ട് നിർദ്ദേശങ്ങൾ ഞാൻ ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. റബ്ബർ സംഭരണം ഇവിടെ നിർത്തിവച്ചിരിക്കുകയാണ്. റബ്ബർ സംഭരണം പുനരാരംഭിക്കാതെ പ്രാദേശികമായി കൃഷിക്കാരന് ഇതിന്റെ പ്രയോജനം ലഭിക്കുകയില്ല. നേരത്തെ മാർക്കറ്റ് വിലയേക്കാൾ അഞ്ചുരൂപ കൂട്ടി റബ്ബർ സംഭരിച്ചിരുന്നതാണ്. അത് പത്തു രൂപയാക്കണം. അതിനു കഴിഞ്ഞില്ലെങ്കിൽ മാർക്കറ്റ് വിലയേക്കാൾ അഞ്ചുരൂപകൂട്ടി പ്രാദേശിക സംഘങ്ങൾവഴി റബ്ബർ സംഭരിക്കാനുള്ള ഒരു സിസ്റ്റം ഗവൺമെന്റ് ഏർപ്പെടുത്തണം. അല്ലാതെ ഈ പ്രതിസന്ധിയിൽനിന്ന് കൃഷിക്കാരനെ കരകയറ്റാൻ കഴിയുകയില്ല. സംസ്ഥാന ഗവൺമെന്റ് അടിയന്തരമായി ഇരുപത്തയ്യായിരം ടൺ റബ്ബർ സംഭരിക്കാനുള്ള നടപടി സ്വീകരിക്കണം. സംഭരിക്കുന്ന റബ്ബർ വൻകിട വ്യാപാരികൾക്ക് കൊടുക്കാനുള്ള സംവിധാ നത്തെക്കുറിച്ചുകൂടി ഗവൺമെന്റ് ആലോചിക്കേണ്ടതായിട്ടുണ്ട്. സംസ്ഥാന ഗവൺമെന്റുതന്നെ സംഭരിക്കുന്ന റബ്ബർ വൻകിട വ്യവസായികൾക്ക് കൊടുക്കാൻ കഴിയുന്നവിധത്തിൽ റബ്ബർ വ്യവസായ മേഖലയിലെ ബന്ധപ്പെട്ടവരുമായി ഗവൺമെന്റ് ചർച്ച നടത്തേണ്ടതായിട്ടുണ്ട്. അതിനുകൂടി ഗവൺമെന്റ് തയ്യാറാകണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

പൊതുമരാമത്തുവകുപ്പ് കുറച്ചുകാലം കൈകാര്യംചെയ്ത അനുഭവം വച്ചുകൊണ്ട് ഞാൻ പറയട്ടെ, ശ്രീ. പി. ജെ. ജോസഫ് മന്ത്രിയായിരുന്ന സമയത്ത് റബ്ബറൈസ്ഡ് റോഡുകൾ നിർമ്മിക്കാനുള്ള ഒരു തീരുമാനം എടുത്തിരുന്നതാണ്. റബ്ബറൈസ്ഡ് റോഡുകൾക്കുവേണ്ടി പ്ലാന്റുവരെ ഇവിടെ സ്ഥാപിച്ചതാണ്. അത്

കേരളം ഉപയോഗിക്കുന്നില്ല. നമ്മൾ പരിഹാരത്തെക്കുറിച്ച് പറയുമ്പോൾ ഇതെല്ലാം പ്രവർത്തിപ്പിക്കാൻ ഗവൺമെന്റിന് കഴിയേണ്ടേ? ഈ ഗവൺമെന്റിന്റെ കാലഘട്ടത്തിൽത്തന്നെ ഞാൻ മൂന്നു പ്രാവശ്യം ഈ വിഷയം സഭയിൽ ഉന്നയിച്ചിട്ടുണ്ട്. ബഹുമാന്യനായ പി.ഡബ്ല്യൂ.ഡി. മന്ത്രി അക്കാര്യത്തിൽ വളരെ പോസിറ്റീവായ നിലപാട് എടുത്തിട്ടുണ്ട്. ഗവൺമെന്റ് ഗൗരവമായി പരിശോധിക്കണം. ക്വാണ്ടിറ്റി കുറച്ചുമതിയെന്നുള്ളത് ശരിയാണ്. ഗവൺമെന്റ് റബ്ബർ കർഷകന്റെ പക്ഷത്ത് നിൽക്കുന്നുവെന്ന് ബോദ്ധ്യപ്പെടുത്താനെങ്കിലും ഈ പദ്ധതി ഇവിടെ ആരംഭിക്കുന്നതിനുള്ള നടപടിയുണ്ടാകണം. ചെയറിലിരിക്കുന്ന അങ്ങും റബ്ബർ കാർഷിക മേഖലയുമായി ബന്ധപ്പെട്ട ഒരാളാണ്. തീർച്ചയായും ഈ പ്രശ്നങ്ങളിൽ ഗവൺമെന്റ് എടുക്കുന്ന നല്ല നിലപാടുകളെ ഞാൻ അഭിനന്ദിക്കുന്നു, സ്വാഗതം ചെയ്യുന്നു. അതോടൊപ്പം അവരുടെ പ്രശ്നപരിഹാരത്തിനുവേണ്ടിയുള്ള നടപടികൾക്ക് ഗവൺമെന്റ് മുൻഗണന നൽകണമെന്നുകൂടി ഞാൻ സൂചിപ്പിക്കുകയാണ്.

റബ്ബറിനോടൊപ്പം മറ്റ് നാണ്യവിളകളും തകർന്നിരിക്കുകയാണ്. ഏലത്തിന്റെയും നെല്ലിന്റെയും വില തകർന്നിരിക്കുന്നു. നെല്ലിന് വില കൂട്ടിക്കൊടുക്കുമെന്ന് ഗവൺമെന്റ് പറഞ്ഞിട്ടുണ്ട്, അത് ഞാൻ സ്വാഗതം ചെയ്യുന്നു. അതിനുള്ള നടപടിയുണ്ടാകണം. കൈതച്ചക്കയുടെകാര്യത്തിലും കൃഷിക്കാർ പ്രതിസന്ധിനേരിടുകയാണ്. അങ്ങനെ എല്ലാ രംഗത്തും പ്രതിസന്ധികൾ നിലനിൽക്കുമ്പോൾ നാണ്യവിളകളുടെ വിലത്തകർച്ച പരിഹരിക്കുന്നതിനുവേണ്ടി ഒരു സ്ഥിരം വിലസ്ഥിരതാ ഫണ്ട് എല്ലാ കാർഷിക വിളകൾക്കും ഏർപ്പെടുത്താൻ സംസ്ഥാന ഗവൺമെന്റ് തയ്യാറാകണം. വിള ഇൻഷ്വറൻസ് ഉൾപ്പെടെയുള്ള കാര്യങ്ങളിൽ അനുകൂല നിലപാടുണ്ടാകണം. കർഷകർ കേരളത്തിന്റെ നട്ടെല്ലാണ്. കാർഷിക മേഖലയുടെ വേദനയും കൃഷിക്കാരന്റെ നൊമ്പരങ്ങളും ഒപ്പിയെടുക്കാൻ ഗവൺമെന്റ് മുന്നോട്ടുവന്നിട്ടുണ്ട്. അതോടൊപ്പം ഈ പ്രതിസന്ധിയെ അതിജീവിക്കാനും കർഷകന്റെ ജീവൻ നിലനിർത്താനും കാർഷിക മേഖല സംരക്ഷിക്കപ്പെടാനും വേണ്ടിയുള്ള ആത്മാർത്ഥമായ നടപടികൾക്ക് ഗവൺമെന്റ് നേതൃത്വം കൊടുക്കുകയും വേണം. അതിന് കൃഷി വകുപ്പ് സജീവമായി മുന്നോട്ടുവരണമെന്നുകൂടി സൂചിപ്പിച്ചുകൊണ്ട് ഞാൻ ചുരുക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): കേരളത്തിലെ റബ്ബർ കർഷകരുടെയും റബ്ബർ കർഷക ത്തൊഴിലാളികളുടെയും പ്രശ്നമാണ് ബഹുമാനപ്പെട്ട അംഗം ശ്രീ. മോൻസ് ജോസഫ് ഇവിടെ സൂചിപ്പിച്ചത്. വളരെ ഗൗരവത്തോടുകൂടിയാണ് സർക്കാർ ഈ കാര്യം

കണ്ടത്. കാർഷികോല്പന്നങ്ങളിൽ പ്രധാനമായും വിലയിടിവ് നേരിടുന്നത് റബ്ബറിനാണ്. റബ്ബർ സംഭരണം ആരംഭിച്ചപ്പോൾ കോട്ടയം വിപണിയുടെ ദൈനംദിന വിപണിയിൽനിന്നും കിലോയ്ക്ക് രണ്ട് രൂപ മുതൽ കൂടുതൽ നൽകി RSS-IV ഗ്രേഡിലുള്ള റബ്ബറാണ് സംഭരിച്ചിട്ടുള്ളത്. എന്നാൽ 13-10-2014-ലെ സർക്കാർ ഉത്തരവുപ്രകാരം RSS-V ഗ്രേഡിലുള്ള റബ്ബറും കർഷകരിൽനിന്നും സംഭരണം നടത്തുന്നതിനുള്ള ഉത്തരവായിട്ടുണ്ട്. തുടർന്ന് 6-11-2015-ലെ ഉത്തരവുപ്രകാരം റബ്ബർ കർഷകരെ സഹായിക്കുന്നതിന് വിപണിയിൽ ഇടപെട്ട് റബ്ബർ സംഭരിക്കുന്നതിന് ബോർഡിന്റെ കോട്ടയം വിപണിയുടെ ദൈനംദിന വിപണി വിലയിൽനിന്നും കിലോയ്ക്ക് അഞ്ച് രൂപ കൂടുതൽ നൽകി RSS-IV, RSS-V ഗ്രേഡിലുള്ള റബ്ബർ സംഭരണത്തിന് ഉത്തരവായിട്ടുണ്ട്. പദ്ധതിയുടെ ആരംഭ ഘട്ടത്തിൽ 138.96 ടൺ റബ്ബറാണ് മാർക്കറ്റ് ഫെഡും റബ്ബർ മാർട്ടും സംഭരണം നടത്തിയത്. തുടർന്ന് സംഭരണ ഏജൻസികൾക്കുള്ള പ്രശ്നങ്ങൾ പരിഹരിച്ചുകൊണ്ട് റബ്ബർ സംഭരണം അടിയന്തരമായി പുനരാരംഭിക്കുന്നതിനായി 16-8-2014-ലെ ഉത്തരവ് പ്രകാരം പത്ത് കോടി രൂപ വിലസ്ഥിരതക്കുവേണ്ടി വിപണിയിൽ ഇടപെടൽ പദ്ധതി പ്രകാരം അധികമായി അനുവദിക്കുകയും അഞ്ച് കോടി രൂപ വീതം സംഭരണ ഏജൻസികളായ മാർക്കറ്റ് ഫെഡ്-നും റബ്ബർ മാർട്ട്-നും അനുവദിച്ച് റബ്ബർ സംഭരണം പുനരാരംഭിക്കുകയും ചെയ്തു. എന്നാൽ 15-12-2014-ലെ ഉത്തരവുപ്രകാരം സംഭരണ ഏജൻസികൾക്ക് കിലോയ്ക്ക് ആറ് രൂപ നിരക്കിൽ നൽകുന്ന കൈകാര്യച്ചെലവ് ഒൻപത് രൂപയാക്കി ഉയർത്തിയിട്ടുണ്ട്. 2015-16-ൽ റബ്ബർ സംഭരണം കൂടുതൽ ഊർജ്ജിത പ്പെടുത്തുന്നതിനായി, 13-3-2015-ലെ ഉത്തരവുപ്രകാരം കൃഷിവകുപ്പിന്റെ വില സ്ഥിരതക്കുവേണ്ടി വിപണിയിൽ ഇടപെടൽ പദ്ധതി പ്രകാരം ഒരു കോടി രൂപ വീതം സംഭരണ ഏജൻസികളായ മാർക്കറ്റ് ഫെഡിനും റബ്ബർ മാർട്ടിനും അനുവദിച്ചുനൽകിയിട്ടുണ്ട്. 2014 ഡിസംബർ വരെ റബ്ബർ മാർട്ടും മാർക്കറ്റ് ഫെഡും 1227.32 ടൺ റബ്ബർ സംഭരിച്ചിട്ടുണ്ട്. റബ്ബർ കർഷകർ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കാൻ കേന്ദ്ര സർക്കാരിന്റെ ഇടപെടൽ ആവശ്യമാണെന്ന് ബോദ്ധ്യപ്പെട്ടതിനാൽ, കേന്ദ്രസർക്കാരിൽ സമ്മർദ്ദം ചെലുത്തുന്നതിനായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി അടക്കമുള്ളവർ കേന്ദ്രസർക്കാരിനെ നേരിൽ കണ്ട് നിവേദനം സമർപ്പിച്ചിട്ടുണ്ട്. ഇതിന്റെയടിസ്ഥാനത്തിൽ സ്വാഭാവിക റബ്ബറിന്റെ ഇറക്കുമതിച്ചുങ്കം 25 ശതമാനമോ കിലോയ്ക്ക് 30 രൂപയോ ഏതാണ് കുറവെന്നുള്ള നിരക്ക് കേന്ദ്രസർക്കാർ തീരുമാനിച്ചിട്ടുണ്ട്. റബ്ബർ കർഷകരെ സഹായിക്കുന്നതിന് 2015-16-ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച മുന്നൂറ് കോടി രൂപയുടെ റബ്ബർ

പ്രൊഡക്ഷൻ ഇൻസെന്റീവ് പദ്ധതി പ്രകാരം 3-7-2015-ൽ ഉത്തരവ് പുറപ്പെടുവിച്ചുകൊണ്ട് നടപടി സ്വീകരിച്ചു. പദ്ധതിയുടെ ഏകോപനം റബ്ബർ ബോർഡ് മുഖേനയാണ് നടപ്പിലാക്കുന്നത്. ഈ പദ്ധതി പ്രകാരം, റബ്ബറിന്റെ താങ്ങുവിലയും റബ്ബർ ബോർഡ് കിലോയ്ക്ക് അതാത് ദിവസം പ്രസിദ്ധീകരിക്കുന്ന വിലയും തമ്മിലുള്ള വ്യത്യാസം റബ്ബർ ബോർഡ് സാക്ഷ്യപ്പെടുത്തിയ ബില്ലിന്റെ അടിസ്ഥാനത്തിൽ രജിസ്റ്റർ ചെയ്ത കർഷകരുടെ ബാങ്ക് അക്കൗണ്ടിലേക്ക് സബ്സിഡിയായി നൽകുന്നതാണ്. 20-8-2015-ലെ സർക്കാർ ഉത്തരവുപ്രകാരം ഒരു കോടി രൂപയും 10-9-2015-ലെ ഉത്തരവുപ്രകാരം അൻപത് കോടി രൂപയും ഉൾപ്പെടെ അൻപത്തിയൊന്ന് കോടി രൂപ കൃഷി വകുപ്പ് ഡയറക്ടർ ബന്ധപ്പെട്ട അക്കൗണ്ടിലേയ്ക്ക് നിക്ഷേപിച്ചിട്ടുണ്ട്. RSS-IV, RSS-V എന്നീ ഗ്രേഡിലുള്ള റബ്ബറിന് പുറമേ ലാറ്റക്സിനും സബ്സിഡി അനുവദിക്കാവുന്നതാണെന്ന് ഉത്തരവിറക്കി. സർക്കാരും റബ്ബർ ബോർഡും സംയുക്തമായാണ് റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് പദ്ധതി നടപ്പിലാക്കുന്നത്. സംസ്ഥാന സർക്കാർ നാളിതുവരെയായി കൃഷിവകുപ്പിലൂടെ 67 കോടി രൂപ റബ്ബർ സംഭരണവുമായി ബന്ധപ്പെട്ട് നൽകിയിട്ടുണ്ട്. സംസ്ഥാന സർക്കാർ ഇതോടൊപ്പം നാളികേരത്തിന് ന്യായമായ വില ഉറപ്പുവരുത്തുന്നതിനായി കൃഷിഭവനുകൾ മുഖേന കേരഫെഡിന്റെ സഹകരണത്തോടെ പച്ചനാളികേര സംഭരണ പദ്ധതി ഊർജ്ജിതമായി നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. കർഷകർക്ക് അതിന്റെ വില ബാങ്ക് അക്കൗണ്ട് മുഖേനയാണ് നൽകുന്നത്. ഒരു കിലോ പച്ചനാളികേരത്തിന് 25 രൂപയെന്ന നിരക്കിലാണ് കൃഷി ഭവൻ മുഖാന്തിരം കേരഫെഡ് സംഭരണം നടത്തുന്നത്. 1-10-2013 മുതൽ ആരംഭിച്ച ഈ പദ്ധതി പ്രകാരം 371 കൃഷിഭവനുകളിൽനിന്ന് 65650 ടൺ പച്ച നാളികേരം സംഭരിച്ചുകഴിഞ്ഞു. ഇതിനുപുറമെ നെല്ലിന്റെ ന്യായമായ വില ഉറപ്പുവരുത്തുന്നതിന് സംസ്ഥാനത്ത് സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേന എല്ലാ ജില്ലകളിലേയും കർഷകരിൽനിന്നും നെല്ല് സംഭരിച്ചുവരുന്നു. കേന്ദ്രസർക്കാരിന്റെ വികേന്ദ്രീകൃത നെല്ല് സംഭരണ പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് സംസ്ഥാനത്ത് നെല്ല് സംഭരണം നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. കേന്ദ്രസർക്കാരിന്റെ ഇപ്പോഴത്തെ താങ്ങുവില കിലോയ്ക്ക് 14.10 രൂപയാണ്. സംസ്ഥാന സർക്കാർ നെല്ലിന് നൽകിയിരിക്കുന്ന സംഭരണവില 19 രൂപ ആയിരുന്നത് 7-11-2015-ലെ ഉത്തരവുപ്രകാരം കിലോയ്ക്ക് 21.50 രൂപയാക്കിയിരുന്നു. അതുപ്രകാരമുള്ള ഉയർന്ന സംഭരണവില 2015 ഒക്ടോബർ മുതൽ സംഭരിച്ച നെല്ലിനും ബാധകമാക്കിയിരിക്കുന്നു. സംസ്ഥാനത്ത് 2014-15-ൽ 550055.780 ടൺ നെല്ലും 2015-16-ൽ ഇതിനകം

139000 ടൺ നെല്ലും സംസ്ഥാന സിവിൽ സപ്ലൈസ് കോർപ്പറേഷൻ സംഭരിച്ചിട്ടുണ്ട്. കാർഷികോല്പന്നങ്ങളുടെ വിലയിടിവ് നേരിടാൻ ഇത്തരത്തിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇവിടെ സൂചിപ്പിച്ചതുപോലെ പ്രാദേശിക സംഭരണ കേന്ദ്രങ്ങൾ നാളികേരത്തെ സംരക്ഷിച്ചതുപോലെ റബ്ബറിനും നടപ്പിലാക്കി മുന്നോട്ടുപോയാൽ കർഷകനും കർഷകത്തൊഴിലാളികളും രക്ഷപെടും. ഇന്ന് കർഷകത്തൊഴിലാളികൾ കർഷകരേക്കാൾ കൂടുതൽ പ്രയാസത്തിലാണ്. അതുകൊണ്ട് അവർക്ക് വളരെ അനുകൂലമായ നിലപാടുമായിട്ടാണ് സർക്കാർ മുന്നോട്ടുപോകുന്നത്.

<u>ശ്രീ. മോൻസ് ജോസഫ്</u>: സർ, അങ്ങ് ഇവിടെ സൂചിപ്പിച്ച മറുപടി വളരെ സ്വാഗതാർഹമാണ്. സംസ്ഥാന ഗവൺമെന്റ് റബ്ബർ സംഭരണം ആരംഭിക്കുന്നതിനുള്ള നടപടി അടിയന്തരമയി ചർച്ച ചെയ്യുമോ; അതിനുള്ള നടപടികൾ സ്വീകരിക്കുമോ എന്നതിനോടൊപ്പം ഞാൻ ഒരു പ്രധാന നിർദ്ദേശം കൂടി വച്ചിരുന്നു. എല്ലാ കാർഷിക വിളകൾക്കും വിലസ്ഥിരതാഫണ്ട് ഏർപ്പെടുത്തുവാനും കൃഷി നശിച്ചുപോയാൽ ഒരു സഹായവും കിട്ടാത്ത സ്ഥിതി നിലനില്ക്കുന്നതുകൊണ്ട് വിള ഇൻഷ്വുറൻസ് പദ്ധതി നടപ്പാക്കാനും ഗവൺമെന്റ് തയ്യാറാകുമോ?

<u>ശ്രീ. കെ. പി. മോഹനൻ</u>: സർ, 12-11-2015-ൽ കേന്ദ്ര കൃഷി വകുപ്പുമന്ത്രിയുമായി 40 മിനിറ്റോളം ഇത്തരം കാര്യങ്ങളെക്കുറിച്ച് വളരെ വിശദമായി ചർച്ച ചെയ്തിരുന്നു. ഇക്കാര്യത്തിൽ കേന്ദ്രസർക്കാരും അനുകൂലമായ നടപടിയാണ് സ്വീകരിച്ചത്. കേന്ദ്രവും സംസ്ഥാനവും 50:50 റേഷ്യോയിൽ സഹായം നല്കുന്ന ഫണ്ടാണ് കേന്ദ്രസർക്കാരിന്റെ പ്രൈസ് സ്റ്റെബിലൈസേഷൻ ഫണ്ട്. ഈ ഫണ്ടിന്റെ പരിധിയിൽ റബ്ബർ കർഷകരെയും നാളികേര കർഷകരെയുംകൂടി ഉൾപ്പെടുത്താൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയടക്കമുള്ളവർ 2-12-2015-ൽ കേന്ദ്ര വാണിജ്യ വകുപ്പുമന്ത്രിക്കുകൂടി കത്ത് നല്കിയിട്ടുണ്ട്. അതിന്റെ ഭാഗമായി പ്രൈസ് സ്റ്റെബിലൈസേഷൻ ഫണ്ടിൽ കേരളത്തിലെ കൂടുതൽ വിളകൾ ഉൾപ്പെടുത്താൻ വേണ്ടിയുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. വിള ഇൻഷ്വറൻസ് പദ്ധതിയും ഇതുപോലെതന്നെയാണ് നടത്തിവരുന്നത്. ഒന്നുമുതൽ രണ്ടുഹെക്ടർ വരെയുള്ള കർഷകരിൽനിന്നും 750 രൂപ നിരക്കിൽ വാങ്ങാനും കൃഷിനഷ്ടം സംഭവിച്ചവർക്ക് വർദ്ധിച്ച നിരക്കിൽ നഷ്ടപരിഹാരം നല്കാനുമുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇത് എല്ലാ വർഷവും നടന്നാൽ സർക്കാരിന് കൂടുതൽ ബാധ്യതയില്ലാതെ മുന്നോട്ടുപോകാൻ സാധിക്കും.

## 2. ഭിന്നശേഷിയുള്ള കുട്ടികളുടെ വിദ്യാഭ്യാസ സൗകര്യങ്ങൾ

ശ്രീ. മാത്യു റ്റി. തോമസ്: സർ, കേരളത്തിലെ ഭിന്നശേഷിയുള്ള കുട്ടികളുടെ വിദ്യാഭ്യാസ സൗകര്യങ്ങളും പുനരധിവാസ പദ്ധതികളും കൂടുതൽ വിപുലപ്പെടുത്തുകയും മെച്ചപ്പെടുത്തുകയും വേണമെന്ന മാനുഷികമായ ഒരു പ്രശ്നമാണ് ഞാൻ അവതരിപ്പിക്കാൻ ശ്രമിക്കുന്നത്. ഈ മേഖലയെ സംബന്ധിച്ചിടത്തോളം 'Early detection and remedy' എന്നാണ് പറയുന്നത്. മാതാപിതാക്കൾ പലപ്പോഴും ഈ അസുഖം ശരിയായിക്കൊള്ളും എന്നു വിചാരിച്ച് മതിയായ റെമഡിക്ക് പോകുന്നില്ല എന്നുള്ളതാണ് പ്രധാന പ്രശ്നം. ഭിന്നശേഷിയുള്ള കുട്ടികൾക്കുള്ള സ്പെഷ്യൽ സ്കൂളുകൾ മോണിറ്റർ ചെയ്യാനായി പ്രത്യേക സംവിധാനമൊന്നും ഈ സംസ്ഥാനത്തില്ല. ഡി.പി.ഐ.യുടെകീഴിൽ ഒരു ഐ.ഇ.ഡി. മാത്രമാണുള്ളത്. സാധാരണ സ്കൂളിലേക്ക് ഈ കുട്ടികളെ അബ്സോർബ് ചെയ്യണമെന്നുള്ള ഒരുനയം പലപ്പോഴും പ്രയോഗികമായ ബുദ്ധിമുട്ടുകൾ സൃഷ്ടിക്കുന്നു.

കാഴ്ചശക്തിയില്ലാത്ത കുട്ടികൾക്കുവേണ്ടി 14 സ്കൂളുകളാണ് ഈ സംസ്ഥാനത്തുള്ളത്. അതിൽ 10 സ്കൂളുകൾ സ്വകാര്യമേഖലയിലും 4 സ്കൂളുകൾ ഗവൺമെന്റ് മേഖലയിലുമാണ്; അതിൽ ചിലത് മാത്രമാണ് എയ്ഡഡ് സ്കൂളുകൾ. മിക്ക സ്കൂളുകളിലും 7-ാം ക്ലാസ്സുവരെയുള്ള പഠന സൗകര്യമേയുള്ളൂ. കോട്ടയത്ത് മുള്ളുശ്ശേരി ഗവൺമെന്റ് സ്കൂളിൽ മാത്രമാണ് ഒരു ഹൈസ്കൂൾ സെക്ഷനുള്ളത്. ഹയർ സെക്കൻഡറി സ്കൂൾ ലെവൽവരെയെങ്കിലും കാഴ്ചശക്തിയില്ലാത്ത കുട്ടികളുടെ പ്രത്യേക സ്കൂൾ ഉണ്ടാകണമെന്നുള്ളതാണ് ഒരു പ്രധാനപ്പെട്ട ആവശ്യം. ശ്രവണശേഷിയില്ലാത്ത ഏതാണ്ട് 450-ഓളം കുട്ടികൾ എസ്.എസ്.എൽ.സി. പാസ്സാകുന്നു. പക്ഷെ, വൊക്കേഷണൽ ഹയർ സെക്കണ്ടറി ഇന്ന് ഒരു സ്കൂളിൽ മാത്രമേ നിലവിലുള്ളൂ. അടൂർ സി.എസ്.ഐ.-യിൽ (സെൽഫ് ഫിനാൻസിംഗ്) ബി.കോം കോഴ്സ് വരെ മാത്രമേയുള്ളൂ. സംസ്ഥാനത്ത്, ശ്രവണശേഷിയില്ലാത്തതും കാഴ്ചശക്തിയില്ലാത്തതും ബുദ്ധിമാന്ദ്യമുള്ളതുമായ കുട്ടികൾക്കുവേണ്ടി അന്താരാഷ്ട്ര നിലവാരത്തിലുള്ള പരിശീലനകേന്ദ്രങ്ങൾ ആരംഭിക്കാൻ ഗവൺമെന്റ് മുൻ കയ്യെടുക്കണം. നൂതനമായ സങ്കേതങ്ങൾ അവലംബിച്ചുകൊണ്ട് അദ്ധ്യാപകരെയും പരിശീലകരെയും അപ്ഡേറ്റ് ചെയ്യാനുള്ള സംവിധാനമുണ്ടാകണം എന്നാണ് എനിക്ക് സൂചിപ്പിക്കുവാനുള്ളത്.

ബുദ്ധിമാന്ദ്യം സംഭവിച്ച കുട്ടികളുടെ കാര്യമാണ് ഏറ്റവും വിഷമകരമായ ഒരു പ്രശ്നമായി നിലനില്ക്കുന്നത്. മൈൽഡ്, മോഡറേറ്റ്, സിവിയർ, പ്രൊഫൗണ്ട് എന്നിങ്ങനെ നാലുവിഭാഗമായിട്ടാണ് ഇവരെ തരംതിരിച്ചിരിക്കുന്നത്. കേരളത്തിൽ 292 സ്കൂളുകളാണ് ബുദ്ധിമാന്ദ്യമുള്ള കുട്ടികൾക്കായി ഇപ്പോൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. പാങ്ങപ്പാറയിലുള്ള സി. എച്ച്. മുഹമ്മദ്കോയ മെമ്മോറിയൽ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ദി മെന്റലി ചലഞ്ച്ഡ് എന്ന ഗവൺമെന്റ് സ്ഥാപനമൊഴിച്ചാൽ ബാക്കിയുള്ള എല്ലാ സ്വകാര്യസ്ഥാപനങ്ങളും എൻ.ജി.ഒ.-മാർ നടത്തുന്നതാണ്. 100 കുട്ടികളെങ്കിലുമുണ്ടെങ്കിൽ അത് എയ്ഡഡ് ആക്കി കൊടുക്കണമെന്നുള്ള ഒരു നയം ഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുണ്ട്. പിന്നീടത് 50 കുട്ടികൾ എന്നാക്കി, ഇപ്പോൾ 25 കുട്ടികൾവരെയുള്ളവയെ എയ്ഡഡ് ആക്കുമെന്ന് പറയുന്നു. എന്നാൽ നൂറ് കുട്ടികളുള്ള സ്ഥാപനങ്ങൾപോലും എയ്ഡഡാക്കാനുള്ള നടപടികൾ ആയിട്ടില്ല; അതിന്റെ അപേക്ഷകൾ സ്വീകരിക്കുന്ന ഘട്ടത്തിൽ മാത്രം എത്തി നില്ക്കുകയാണ്. ഈ സ്കൂളുകളിൽ വരുന്ന കുട്ടികളുടെ പ്രായപരിധി നിശ്ചയിച്ചിരിക്കുന്നത് അപ്രായോഗികമായ തലത്തിലാണ്. 4 വയസ്സുമുതൽ 18 വയസ്സുവരെ പ്രായമുള്ള കുട്ടികളെ മാത്രമേ ഈ പരിശീലന കേന്ദ്രങ്ങളിൽ ഇപ്പോൾ പഠിപ്പിക്കുന്നുള്ളൂ. പലപ്പോഴും 12 വയസ്സുകഴിഞ്ഞാൽ മാത്രമേ ഈ കുട്ടികളെ സ്കൂളിലേക്ക് അയയ്ക്കാറുള്ളൂ. ഒരു സ്കിൽ പഠിപ്പിക്കാൻതന്നെ (പ്രാഥമികാവശ്യങ്ങൾ നിർവ്വഹിക്കുന്നതിന് കുട്ടികളെ പഠിപ്പിക്കണമെങ്കിൽ) മൂന്നുമുതൽ ആറുമാസംവരെ സമയമെടുക്കും. 12 വയസ്സിൽ സ്കൂളിൽ ചേരുന്ന കുട്ടികൾ 18 വയസ്സുവരെ മാത്രമേ പഠനം നടത്താവൂ എന്ന പ്രായപരിധി എടുത്തുകളയണം. ഇതിന് ക്രോണോളജിക്കൽ ഏജല്ല മെന്റൽ ഏജാണ് പരിഗണിക്കേണ്ടത്. പി.ഡബ്ല്യൂ.ഡി. ആക്ട് (Persons with Disabilities Act)-ൽ 18 വയസ്സിന് മുകളിലുള്ളവരെപ്പറ്റി പറയുന്നില്ല; ഇത് സെൻട്രൽ ആക്ടാണ്. ഇക്കാര്യത്തിൽ മാതാപിതാക്കൾക്ക് ഏറെ ആശങ്കയുണ്ട്. 18 വയസ്സു കഴിഞ്ഞാൽ അവരെ എന്തു ചെയ്യും? കുട്ടികളെ വീട്ടിൽ ഇരുത്തിയിട്ട് കൂലിപ്പണിക്കുപോകാൻ മാതാപിതാക്കൾക്ക് കഴിയുന്നില്ല. അതുകൊണ്ട് 18 വയസ്സുവരെ എന്നുള്ള സെൻട്രൽ ആക്ട് നിലനില്ക്കുമ്പോൾത്തന്നെ 25 വയസ്സുവരെയെങ്കിലും ഈ കുട്ടികൾക്ക് പരിരക്ഷ നല്കാനുള്ള നടപടി സ്വീകരിക്കണം. 18 വയസ്സുകഴിഞ്ഞാൽ വൊക്കേഷണൽ സ്കൂളുകളിൽ ചേരാൻ കഴിയാത്ത ഒരു സ്ഥിതിവിശേഷം നിലനില്ക്കുകയാണ്. സ്കൂളുകളിലെ അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം അനുവദനീയമായിരിക്കുന്നത് 8:1 ആണ്.

ഓട്ടിസം ബാധിച്ച ഹൈപ്പർ ആക്ടീവ് കുട്ടികളുടെ കാര്യത്തിൽ ഒരു കുട്ടിക്ക് ഒരദ്ധ്യാപകൻ എന്ന രീതിയിലല്ലാതെ പരിശീലനം നല്കുന്നത് പ്രായോഗികമല്ല. അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം 8:1 എന്നുള്ളത് 3:1 എങ്കിലും ആക്കിയില്ലെങ്കിൽ ഈ അനുപാതം പ്രായോഗികതലത്തിലേക്ക് കൊണ്ടുവരാൻ കഴിയുന്നതല്ല. ഈ മേഖലയിൽ പഠിപ്പിക്കുന്ന അദ്ധ്യാപകരുടെ ശമ്പളം വളരെ പരിമിതമാണ്. അദ്ധ്യാപകർക്ക് പ്രതിമാസം 3800 രൂപയാണ് സെൻട്രൽ ഗവൺമെന്റ് നൽകുന്ന എയ്ഡ്. റ്റി.റ്റി.സി.ക്ക് തുല്യമായ, രണ്ടുവർഷത്തെ കോഴ്സായ ഡി.എസ്.ഇ.എം.ആർ. (ഡിപ്ലോമ ഇൻ സ്പെഷ്യൽ എഡ്യുക്കേഷൻ മെന്റൽ റിറ്റാർഡേഷൻ)) പാസ്സായി വരുന്ന അദ്ധ്യാപകർക്ക് ഇത് നൽകിയാൽ മതിയാവില്ല. പാചകത്തൊഴിലാളികൾക്ക് കിട്ടുന്ന 350 രൂപപോലും ഏറ്റവും ബുദ്ധിമുട്ടുള്ള സാഹചര്യത്തിൽ ജോലി ചെയ്യുന്ന, പരിശീലനം കഴിഞ്ഞ ഈ അദ്ധ്യാപകർക്ക് കിട്ടുന്നില്ലായെന്നുള്ളത് വലിയ പ്രശ്നമാണ്. ഇതിൽ ഒന്നാമതായി വേണ്ടത് പരിപൂർണ്ണമായ സമർപ്പണമാണ്; ഇതിൽ പ്രവർത്തിക്കുന്നവർ ഡെഡിക്കേറ്റഡായി വർക്ക് ചെയ്യുന്നവരാണ്. അതുപോലെ കുട്ടികൾ എത്ര അക്രമകാരികളായി പെരുമാറിയാലും അവരെ സ്നേഹിക്കാനുള്ള ഒരു മനസ്സുണ്ടാവണം. അങ്ങനെ ഏറ്റവും സമർപ്പിതമായി പ്രവർത്തിക്കുന്ന അദ്ധ്യാപകർക്ക് നല്ല പ്രതിഫലം കൊടുക്കുന്ന കാര്യത്തിൽ ഒരു തീരുമാനമുണ്ടാകണം. ഈ സ്ഥാപനങ്ങൾ എയ്ഡഡാക്കി മാറ്റുമ്പോൾ നിലവിൽ അവിടെ ജോലി ചെയ്യുന്ന അദ്ധ്യാപകരെ retain ചെയ്യാനുള്ള നടപടിയുണ്ടാകണം. മിക്ക സ്കൂളുകളും വലിയ സാമ്പത്തിക പ്രതിസന്ധിയിലൂടെ കടന്നുപൊയ്ക്കൊണ്ടിരിക്കുകയാണ്. വൊക്കേഷണൽ ട്രെയിനിംഗിന് ഒരു ജില്ലയിൽ ഒരു സെന്റർ മാത്രം എന്ന തീരുമാനം ശരിയല്ല. എൻ.ജി.ഒ.മാർ നടത്തുന്ന സ്കൂളുകളോട് ചേർത്തുതന്നെ വൊക്കേഷണൽ ട്രെയിനിംഗ് നടത്താനുള്ള സംവിധാനം ചെയ്യണം. അത് ഗവൺമെന്റ് മോണിറ്റർ ചെയ്താൽ നന്നായിരിക്കും. അതുപോലെതന്നെ പുനരധിവാസകേന്ദ്രങ്ങൾ ഒരു ജില്ലയിൽ ഒന്ന് എന്നുള്ളത് ഗവൺമെന്റ് തലത്തിൽ പരിമിതപ്പെടുത്തിയാൽ പോരാ. ഫെസിലിറ്റേഷൻ സെന്ററുകൾ, പഞ്ചായത്ത്/ മുനിസിപ്പാലിറ്റികളുടെ പദ്ധതിയിലുൾപ്പെടുത്താൻ തക്കവണ്ണമുള്ള തൊഴിൽ കേന്ദ്രങ്ങൾ രക്ഷകർത്താവും അദ്ധ്യാപകരും ജനപ്രതിനിധികളും ചേർന്ന് രൂപപ്പെടുത്തിയെടുക്കാൻ കഴിയണം. സഹകരണസംഘങ്ങൾ രൂപീകരിക്കാൻ കഴിയുമോയെന്നുള്ളത് പരിശോധിക്കണം. കാർഷിക അനുബന്ധ പ്രവർത്തനങ്ങൾ നടത്താൻ കഴിയണം. കൃഷി വിജ്ഞാനകേന്ദ്രം Indian Council of Agricultural

Research-മായി ബന്ധപ്പെട്ട് ചില ശ്രമങ്ങൾ നടത്തുന്നുണ്ട്. ഈ കുട്ടികൾ ഉല്പാദിപ്പിക്കുന്ന മെഴുകുതിരി, കവർ, നോട്ട് ബുക്ക് തുടങ്ങി പലതരത്തിലുള്ള ഉല്പന്നങ്ങളുണ്ട്. കുട്ടികൾ ഉണ്ടാക്കുന്ന ഈ ഉല്പന്നങ്ങൾക്ക് മാർക്കറ്റുണ്ടാക്കാനും അതുവഴി നല്ല വരുമാനമുണ്ടാക്കി കൊടുക്കാനും സൗകര്യമുണ്ടാക്കണം. ഓപ്പൺ മേഖലയിലായാലും ഷെൽട്ടേർഡ് മേഖലയിലായാലും സെൽഫ് എംപ്ലോയ്മെന്റാണെങ്കിലും ഇവർക്ക് തൊഴിൽ ലഭ്യമാക്കാൻ കഴിയണം. തൊഴിൽ നല്കുന്ന ചില സ്ഥാപനങ്ങളുണ്ട്, അവരെ പരമാവധി പ്രോത്സാഹിപ്പിക്കാൻ കഴിയണം. കിൻഫ്രയിൽ 15-ലധികം ബുദ്ധിമാന്ദ്യമുള്ള കുട്ടികൾക്ക് ജോലി ലഭിച്ചിരിക്കുന്നു. സ്വകാര്യസ്ഥാപനത്തിന്റെ പേരുപറഞ്ഞ് പ്രചോദനം കൊടുക്കാൻ ഞാനിഷ്ടപ്പെടുന്നില്ലെങ്കിൽത്തന്നെയും ശക്തിമസാല എന്ന സ്വകാര്യസ്ഥാപനത്തിൽ 200 കുട്ടികൾക്ക് ജോലി കൊടുക്കുകയും തൊഴിലുടമയ്ക്ക് നാഷണൽ അവാർഡ് കിട്ടുകയും ചെയ്തു. പി.എം.ജി.യിലുള്ള സയൻസ് ആന്റ് ടെക്നോളജിയിൽ 5 കുട്ടികൾക്ക് ജോലി കൊടുത്തിരിക്കുന്നു. ഈ കാര്യങ്ങൾക്ക് വേണ്ടത്ര മാധ്യമശ്രദ്ധയും സമൂഹത്തിന്റെ ശ്രദ്ധയും നൽകുന്നതിൽ നാം പരാജയപ്പെട്ടു കൊണ്ടിരിക്കുകയാണ്. ഇവർക്ക് വേണ്ടത്ര അംഗീകാരം കൊടുക്കാനുള്ള നടപടികൾകൂടി ഉണ്ടാകണം. നമ്മുടെ സംസ്ഥാനത്തെ മൂന്ന് കുട്ടികൾക്ക് കഴിഞ്ഞവർഷം നാഷണൽ അവാർഡ് കിട്ടി. തുമ്പ റോക്കറ്റ് വിക്ഷേപണ കേന്ദ്രത്തിൽ ജോലി ചെയ്യുന്ന പ്രസാദ്, എറണാകുളത്ത് മുൻരാഷ്ട്രപതി അബ്ദുൾ കലാമിന്റെ ചിത്രം നല്ല രീതിയിൽ വരച്ച അഞ്ജൻ എന്ന കുട്ടി, പത്തനംതിട്ട ജില്ലയിൽ മുയൽ വളർത്തലിലൂടെ പ്രതിമാസം 25,000 രൂപ സമ്പാദിക്കുന്ന മനീഷ സൂസൻ ഫിലിപ്പ് എന്നീ കുട്ടികൾക്ക് നാഷണൽ അവാർഡ് കിട്ടിയെങ്കിലും സംസ്ഥാന ഗവൺമെന്റ് ഇവരെ ആദരിച്ചില്ല. അവർക്ക് വേണ്ട ആദരവും അംഗീകാരവും കൊടുക്കണം. അവരുടെ പഠനത്തിന്റെയും പുനരധിവാസത്തിന്റെയും പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തി വിപുലമാക്കാനുള്ള സത്വര നടപടികൾ സർക്കാർ സ്വീകരിക്കണമെന്നാണ് ഞാൻ അഭ്യർത്ഥിക്കുന്നത്.

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ): സർ, ഭിന്നശേഷിയുള്ള കുട്ടികളുടെ വിദ്യാഭ്യാസം ഇപ്പോൾ വിവിധ സർക്കാർ-സർക്കാരിതര സ്ഥാപനങ്ങളുടേയും വകുപ്പുകളുടേയും ചുമതലയിലാണ് നടന്നുവരുന്നത്. വിദ്യാഭ്യാസ വകുപ്പ്, തദ്ദേശസ്വയംഭരണ വകുപ്പ്, സാമൂഹ്യനീതി വകുപ്പ്, കുടുംബശ്രീ എന്നിവയുടെ ചുമതലയിൽ വിവിധതരം ഭിന്നശേഷിയുള്ളവർക്കായി വിദ്യാഭ്യാസ സ്ഥാപനങ്ങൾ നടത്തപ്പെടുന്നു. അങ്ങ് ഇവിടെ പറഞ്ഞിട്ടുള്ള

പ്രധാനപ്പെട്ട എല്ലാ സ്ഥാപനങ്ങളും വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലാണ് വരുന്നത്. മുമ്പ് സാമൂഹ്യക്ഷേമവകുപ്പിന്റെ കീഴിലുണ്ടായിരുന്ന സ്ഥാപനങ്ങൾപോലും ഇപ്പോൾ വിദ്യാഭ്യാസ വകുപ്പിന്റെകീഴിലേക്ക് മാറിയിരിക്കുകയാണ്. അങ്ങ് സൂചിപ്പിച്ച പാങ്ങപ്പാറയിലുള്ള സ്ഥാപനവും സാമൂഹ്യനീതി വകുപ്പിൽനിന്നും ഇപ്പോൾ വിദ്യാഭ്യാസ വകുപ്പ് ഏറ്റെടുത്ത് നടത്തിക്കൊണ്ടിരിക്കുകയാണ്. ഗവൺമെന്റിന്റെ സാമ്പത്തിക സഹായം മിക്ക സ്ഥാപനങ്ങൾക്കും ലഭിക്കുന്നുണ്ട്. ഇവരുടെ വിദ്യാഭ്യാസവും പുനരധിവാസവും വിവിധ വകുപ്പുകളുടെ ചുമതലയായതിനാൽ ഇവയ്ക്കായി ഒരു ഏകോപന സംവിധാനം കൊണ്ടുവരാൻ സാധിച്ചിട്ടില്ല എന്ന് അങ്ങ് പറഞ്ഞിട്ടുള്ളകാര്യം ഗൗരവമായി ഗവൺമെന്റ് ആലോചിക്കും. കാരണം ഭിന്നശേഷിക്കാരായ കുട്ടികളുടെ കാര്യങ്ങൾ പല വകുപ്പുകൾ കൈകാര്യം ചെയ്യുന്നതുകൊണ്ടുള്ള ചില പ്രതിസന്ധികൾ ഇവിടെയുണ്ട്. ഇപ്പോൾ 23 തരം ഭിന്നശേഷിയാണ് സാധാരണ കണ്ടുവരുന്നത്. ഓരോരുത്തരുടേയും ഭിന്നശേഷി കണ്ടറിഞ്ഞ് അവർക്ക് വിദ്യാഭ്യാസം നൽകുക ശ്രമകരമാണ്. മാത്രവുമല്ല ഭിന്നശേഷിക്കാരായ കുട്ടികൾക്കും സാധാരണ കുട്ടികൾക്കൊപ്പം വിദ്യാഭ്യാസം നൽകണമെന്നൊരു കാഴ്ചപ്പാട് ലോകത്ത് നിലവിലുണ്ട്. ഭിന്നശേഷി ഗവേഷണത്തിനും പഠനത്തിനുമുള്ള സർവ്വകലാശാലയായി നിഷ് (NISH) ഉയർത്തപ്പെടുന്നതോടുകൂടി വിദ്യാഭ്യാസ പുനരധിവാസ നടപടികൾ ശാസ്ത്രീയമായും കാര്യക്ഷമമായും ക്രമീകരിക്കുവാൻ കഴിയും. ഇതിനുപുറമെ ഭിന്നശേഷിയുള്ള കുട്ടികളുടെ വിദ്യാഭ്യാസത്തിനും പുനരധിവാസത്തിനുമായി ഒരു നയം നമ്മൾ രൂപീകരിച്ചിട്ടുണ്ട്. അത് നടപ്പിലാക്കുന്നതിനുവേണ്ടിയുള്ള കർമ്മപദ്ധതി ബന്ധപ്പെട്ട എല്ലാവരുമായി ആലോചിച്ച് നടപ്പിലാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ട്. ഇപ്പോൾത്തന്നെ ഒരു സെൻസസ് നമ്മൾ ആരംഭിച്ചുകഴിഞ്ഞു. 23 തരം ഭിന്ന ശേഷികൾ കണ്ടെത്തുന്നതിനുവേണ്ടിയിട്ടുള്ള ഇന്ററിം റിപ്പോർട്ട് ആയി. അടുത്ത റിപ്പോർട്ട് വരുന്നതോടുകൂടി ഇന്ത്യയിൽ 23 തരം ഭിന്നശേഷി കണ്ടെത്തുന്ന ആദ്യത്തെ സംസ്ഥാനമായി കേരളം മാറും. അതിനനുസരിച്ചുവേണം അവരുടെ വിദ്യാഭ്യാസ പദ്ധതികൾപോലും ആവിഷ്കരിക്കാൻ. വിദ്യാഭ്യാസത്തിനുശേഷം ഈ വിഭാഗക്കാർക്ക് മതിയായ സംരക്ഷണം കിട്ടുന്നില്ല എന്നുള്ളത് വളരെ ശരിയായ കാര്യമാണ്. അതിനുവേണ്ടി ചില കാര്യങ്ങൾ നമ്മൾ ഗൗരവമായി ആലോചിച്ചിട്ടുണ്ട്. ഇപ്പോൾ തിരുവനന്തപുരത്തും കോഴിക്കോട്ടും ഭിന്നശേഷിയുള്ളവരുടെ തൊഴിൽ പരിശീലനത്തിനായി രണ്ട് വൊക്കേഷണൽ ട്രെയിനിംഗ് സെന്ററുകൾ പ്രവർത്തിച്ചുവരുന്നുണ്ട്. കമ്പ്യൂട്ടർ പരിശീലനം, ബുക്ക് ബൈന്റിംഗ്, പ്രിന്റിംഗ് തുടങ്ങിയ പ്രധാന മേഖലകളിൽ ഭിന്നശേഷിക്കാർക്ക്

തൊഴിൽ പരിശീലനം നൽകിവരുന്നുണ്ട്. വളരെ പ്രധാനപ്പെട്ട മറ്റൊരുകാര്യം സൂചിപ്പിക്കാനുള്ളത്, പല രക്ഷിതാക്കളും, തങ്ങളുടെ കാലശേഷം ഇത്തരത്തിലുള്ള കുട്ടികൾക്ക് എന്ത് സംഭവിക്കും എന്നൊരു ചോദ്യം ഉന്നയിക്കുകയുണ്ടായി. അത് ഞങ്ങളെ വല്ലാതെ ഉലയ്ക്കുന്ന ഒരു ചോദ്യമായിരുന്നു. അതുകൊണ്ട് ഗവൺമെന്റ് അടിയന്തരമായി ഒരു കാര്യം ഇപ്പോൾ ചെയ്തിട്ടുണ്ടെന്ന് ബഹുമാനപ്പെട്ട മെമ്പറെ അറിയിക്കുകയാണ്. കുടുംബശ്രീ ഇപ്പോൾ 62 ബഡ്സ് സ്കൂളുകൾ നടത്തുന്നുണ്ട്. പക്ഷേ ഈ സ്കൂളുകൾ Persons With Disabilities Act പ്രകാരം പ്രവർത്തിക്കുന്നവയായതുകൊണ്ട് 18 വയസ്സ് കഴിഞ്ഞാൽ ഇത്തരത്തിലുള്ള കുട്ടികൾക്ക് അവിടെനിന്നും പോകേണ്ടിവരുന്നു. അതുകൊണ്ട് 18 വയസ്സിനു മുകളിലുള്ള കുട്ടികൾക്ക് വിദ്യാഭ്യാസവും തൊഴിൽ പരിശീലനവുമൊക്കെ നൽകുന്നതിനുവേണ്ടി 118 ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററുകൾ ഇപ്പോൾ ആരംഭിച്ചിരിക്കുകയാണ്. ഇത്തരത്തിലുള്ള ഓരോ സെന്ററിനും കുടുംബശ്രീയിൽനിന്ന് രണ്ട് ലക്ഷം രൂപവീതം കൊടുക്കുന്നുണ്ട്. ഈ സെന്ററുകൾക്കാവശ്യമായ കെട്ടിടങ്ങളുണ്ടാക്കുന്നതിന് എം.എൽ.എ.-മാർ അവരുടെ അസറ്റ് ഫണ്ടിൽനിന്നോ മറ്റോ ധനസഹായം അനുവദിച്ചാൽ ഈ 118 കേന്ദ്രങ്ങളേയും നമുക്ക് ഉന്നത നിലവാരമുള്ള ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററുകളാക്കാൻ സാധിക്കും. അതിനാവശ്യമായ ഒരു ജി.ഒ.കൂടി ഇറക്കേണ്ടതുണ്ട്. എത്ര വയസ്സെന്ന് കൃത്യമായി പറയുന്നില്ല, എത്രകാലം വേണമെങ്കിലും അവരെ പരിചരിക്കുന്നതിനുവേണ്ടി ബി.ആർ.സി.-കളെ നമുക്ക് ഉപയോഗിക്കാം. ബി.ആർ.സി. ഇന്ത്യയ്ക്കുതന്നെ മാതൃകയായിട്ടുള്ള ഒരു സെന്ററായി മാറിക്കൊണ്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട എല്ലാ മെമ്പർമാരുടേയും അഭിപ്രായങ്ങൾ ആരാഞ്ഞുകൊണ്ട് ബി.ആർ.സി.-യെ ഉന്നത നിലവാരമുള്ള ഒരു സെന്ററാക്കി മാറ്റുന്നതിനും അതിനാവശ്യമായ ഫണ്ട് കണ്ടെത്തുന്നതിനും ശ്രമം നടത്തുന്നതാണ്. തദ്ദേശസ്ഥാപനങ്ങളുടെയും പഞ്ചായത്തുകളുടെയും ഫണ്ടുകൾ പൂൾ ചെയ്യുകയാണെങ്കിൽ ഇതെല്ലാം നല്ല രീതിയിൽ നടത്തിക്കൊണ്ടുപോകാൻ നമുക്ക് സാധിക്കും. ബഡ്സ് സ്കൂളുകളിൽ 25 കുട്ടികളുണ്ടെങ്കിൽ അവയെല്ലാം എയ്ഡഡ് സ്ഥാപനങ്ങളാക്കാമെന്നു പറയുന്നുണ്ട്. അങ്ങനെയങ്കിൽ ഈ 62 ബഡ്സ് സ്കൂളുകളിലെയും അദ്ധ്യാപകർക്ക് അതിന്റെ പ്രയോജനം കിട്ടുമെന്നുകൂടി അറിയിക്കുകയാണ്. ഇതിനുപുറമേ എൻഡോസൾഫാൻ മേഖലയിൽ പ്ലാന്റേഷൻ കോർപ്പറേഷൻ നമുക്ക് 25 ഏക്കർ ലാന്റ് കൈമാറിയിട്ടുണ്ട്. അവിടെ എൻഡോസൾഫാൻ ദുരിതവുമായി ബന്ധപ്പെട്ടുകൊണ്ട് ഭിന്നശേഷിയുള്ള കുറച്ച് കുട്ടികളുണ്ട്. എൻഡോസൾഫാൻ മേഖലയിൽ അസിസ്റ്റീവ് ലീവിംഗ് പദ്ധതി പ്രകാരം 10 കോടി രൂപ ഉപയോഗിച്ചുകൊണ്ട്

കോട്ടേജുകളുണ്ടാക്കി അവരെ പുനരധിവസിപ്പിക്കാനുള്ള നടപടികൾ ആയിക്കഴിഞ്ഞു. ഉടൻതന്നെ അവിടെ അസിസ്റ്റീവ് ലീവിംഗിനുവേണ്ടിയിട്ടുള്ള സ്ഥാപനങ്ങൾ/ കോട്ടേജുകൾ ആരംഭിക്കു ന്നതിവേണ്ടിയിട്ടുള്ള നടപടികളെടുക്കാൻ സാധിക്കും. അങ്ങ് പറഞ്ഞിട്ടുള്ള എല്ലാ കാര്യങ്ങളും നടപ്പിലാക്കാൻ ശ്രമിക്കുന്നതാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: സർ, ഡി.എസ്.ഇ.എം.ആർ. കഴിഞ്ഞു വരുന്നവർക്കുള്ള വേതനം വർദ്ധിപ്പിക്കുവാൻ എന്തെങ്കിലും നടപടി സ്വീകരിക്കുമോ?

ഡോ. എം. കെ. മുനീർ: സർ, അതും ഇക്കൂട്ടത്തിൽ ആലോചിക്കേണ്ടതാണ്. അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം 8:1 എന്നതിൽനിന്ന് 3:1 ആക്കണമെന്ന അങ്ങയുടെ ആശയം വളരെ സ്വാഗതാർഹമാണ്. അതും പരിശോധിക്കാവുന്നതാണ്. ഭിന്നശേഷിയുള്ളവർ ഉണ്ടാക്കുന്ന സാധനങ്ങൾക്ക് മാർക്കറ്റ് കണ്ടെത്തുന്നതിനു വേണ്ടിയുള്ള കാര്യങ്ങളും ചെയ്യാം. അവർക്ക് അവാർഡ് നൽകുന്നതിനുള്ള കാര്യങ്ങളും ചെയ്യുന്നുണ്ട്. നമ്മൾ റെക്കമെന്റ് ചെയ്ത 3 പേർക്ക് നാഷണൽ അവാർഡ് കിട്ടിയിട്ടുണ്ട്. അതിനുപുറമേ ഇവിടെയും അവരെ ആദരിക്കുന്നതിനും അവർക്ക് ആവശ്യമുള്ള തുക നൽകുന്നതിനുംവേണ്ടിയുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. മാത്യു റ്റി. തോമസ് : സർ, ദേശീയതലത്തിൽ അവാർഡ് കിട്ടിയ ആ കുട്ടികളെ സംസ്ഥാന ഗവൺമെന്റ് റെക്കമെന്റ് ചെയ്തുവെന്ന് അറിയിച്ചതിൽ സന്തോഷം. എന്നാൽ ആ കുട്ടികൾക്ക് നമ്മുടേതായ ഒരു അംഗീകാരം കൊടുക്കാൻ എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തുമോ?

ഡോ. എം. കെ. മുനീർ : സർ, സ്റ്റേറ്റും അവാർഡ് പ്രഖ്യാപിച്ചിട്ടുണ്ട്. ഏറ്റവുംകൂടുതൽ ഭിന്നശേഷിയുള്ളവരെ ജോലിക്കെടുക്കുന്ന സ്ഥാപനങ്ങൾക്ക് അവാർഡുണ്ട്. എന്നാൽ അഡ്വർടൈസ്മെന്റ് ഉൾപ്പെടെ പലരീതിയിലും അതിനുവേണ്ടിയുള്ള കാര്യങ്ങൾ ചെയ്തിട്ടും നല്ല രീതിയിലുള്ള റെക്കമെന്റേഷൻസ് വരുന്നില്ല. അതുകൊണ്ട് അതാത് സ്ഥലങ്ങളിലെ എം.എൽ.എ.-മാർ അവരവരുടെ മണ്ഡലങ്ങളിലുള്ളവർക്കു വേണ്ടി റെക്കമെന്റേഷൻസ് നൽകുകയാണെങ്കിൽ തീർച്ചയായും അവാർഡ് കൊടുക്കാൻ തയ്യാറാണ്.

# IV പ്രത്യേക പരാമർശം

## മുല്ലപ്പെരിയാർ ഡാമിൽ ജലനിരപ്പുയർന്നതിലുള്ള ആശങ്ക

പ്രതിപക്ഷനേതാവ് (ശ്രീ. വി. എസ്. അച്യുതാനന്ദൻ): സർ, കേരളത്തിന് ബുദ്ധിമുട്ടുകൾ സൃഷ്ടിക്കത്തക്കവിധത്തിലുള്ള വാർത്തകളാണ് ഇപ്പോൾ വന്നുകൊണ്ടിരിക്കുന്നത്. മുല്ലപ്പെരിയാർ ഡാമിൽ ജലനിരപ്പ് 136 അടി ആയാകുമ്പോൾത്തന്നെ ആ പ്രദേശത്തുള്ള ജനങ്ങളെ മാറ്റിതാമസിപ്പിക്കുന്നതിനുവേണ്ടിയുള്ള ശ്രമങ്ങൾ നടത്തണമെന്ന് പറയുന്ന ഗവൺമെന്റ് ഇപ്പോൾ ജലനിരപ്പ് 142 അടി കഴിഞ്ഞിട്ടും ജനങ്ങളെ മാറ്റിപാർപ്പിക്കുന്നതിനുള്ള നടപടികളൊന്നും സ്വീകരിക്കുന്നില്ല. ഇക്കാര്യത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ഞാൻ അഭ്യർത്ഥിക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇല്ലെങ്കിൽ ആഭ്യന്തരമന്ത്രി ഇതുസംബന്ധിച്ച് മറുപടി നൽകണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഇപ്പോൾ ചൂണ്ടിക്കാണിച്ചത് ഗൗരവമേറിയ ഒരു വിഷയമാണ്. ആഭ്യന്തര വകുപ്പുമന്ത്രിക്കോ മുഖ്യമന്ത്രിക്കോ അതിന് മറുപടി പറയാം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, മുല്ലപ്പെരിയാർ വിഷയം ഗവൺമെന്റിന്റെ സജീവശ്രദ്ധയിലുള്ള കാര്യമാണ്. കേരളത്തിലെ ജനങ്ങളുടെ ജീവനും സ്വത്തിനും സുരക്ഷിതത്വം കൊടുക്കേണ്ട ഉത്തരവാദിത്വം ഗവൺമെന്റിനുള്ളതിനാൽ വളരെ വ്യക്തമായിത്തന്നെ അക്കാര്യങ്ങൾ പരിശോധിക്കുന്നതാണ്. പ്രധാനമന്ത്രിയെയും കേന്ദ്രമന്ത്രിമാരെയും കാണാൻ മുഖ്യമന്ത്രി പോകുന്നുണ്ട്. ആ സമയം ബഹുമാന്യനായ പ്രതിപക്ഷ നേതാവ് ഉന്നയിച്ച മുല്ലപ്പെരിയാർ പ്രശ്നവും ചർച്ചാവിഷയമാക്കുന്നതായിരിക്കും.

ശ്രീ. വി. എസ്. അച്യുതാനന്ദൻ: സർ, ജലനിരപ്പ് 136 അടിയാകുമ്പോൾത്തന്നെ ജനങ്ങളെ മാറ്റി പാർപ്പിക്കണമെന്ന് തീരുമാനിച്ചിട്ടുള്ളതാണ്. ഇപ്പോൾ 142 അടിയായിട്ടും മാറ്റിപാർപ്പിക്കുന്നകാര്യം നടന്നിട്ടില്ല എന്ന കാര്യംകൂടി അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്.

ശ്രീ. രമേശ് ചെന്നിത്തല: സർ, ജില്ലാ കളക്ടറുമായി ബന്ധപ്പെട്ടുകൊണ്ട് അവരെ റീഹാബിലിറ്റേറ്റ് ചെയ്യിക്കാനുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിക്കുന്നതാണ്.

# V സബ്മിഷൻ

## 1. സർവ്വകലാശാലയിലെ ജനാധിപത്യ വിരുദ്ധ നടപടി

പ്രതിപക്ഷനേതാവ് (ശ്രീ. വി. എസ്. അച്യുതാനന്ദൻ): സർ, വെറ്ററിനറി സർവ്വകലാശാലയിൽ സർക്കാർ അനുമതിയില്ലാതെ എൻ.ആർ.ഐ. ക്വാട്ടയിൽ പ്രവേശനം നൽകാനുള്ള നീക്കം തടയണമെന്നാവശ്യപ്പെട്ടുകൊണ്ട് ഞാൻ കഴിഞ്ഞ സമ്മേളനത്തിലും സബ്മിഷൻ ഉന്നയിച്ചിരുന്നു. പൊതുഖജനാവിൽ നിന്നും പണമെടുത്ത് ഇടപാട് നടത്തുന്ന സ്ഥാപനങ്ങളിൽ എൻ.ആർ.ഐ. സെൽഫ് ഫൈനാൻസിംഗ് കോഴ്സുകൾ നടത്തില്ലായെന്ന് അന്ന് കൃഷി വകുപ്പുമന്ത്രിയും മുഖ്യമന്ത്രിയും സഭയ്ക്ക് ഉറപ്പ് നൽകിയിരുന്നു. മാത്രവുമല്ല, 30-8-2014-ൽ ഇതുസംബന്ധിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നതുമാണ്. എന്നാൽ ഈ അക്കാഡമിക് വർഷം ഈ ഉത്തരവിന്റെ അന്തഃസത്തയ്ക്ക് വിരുദ്ധമായി വൈസ് ചാൻസലർ രണ്ടുതരത്തിലുള്ള നടപടികൾ സ്വീകരിച്ചിരിക്കുകയാണ്. വെറ്ററിനറി ബിരുദ കോഴ്സിലേക്ക് എൻട്രൻസ് കമ്മീഷണറുടെ റാങ്ക് ലിസ്റ്റിൽ ഇല്ലാത്ത 10 പേർക്ക് സർവ്വകലാശാല നേരിട്ട് പ്രവേശനം നൽകി. 12 ലക്ഷം രൂപ വീതം ഡെപ്പോസിറ്റ് വാങ്ങിയാണ് 'നോൺ കേരള ഡൊമിസൈൽ ക്വാട്ട' എന്ന കള്ളപ്പേരിൽ പ്രവേശനം നൽകിയത്. ഇങ്ങനെയൊരു ക്വാട്ട പ്രോസ്പെക്ടസിൽ സൂചിപ്പിച്ചിരുന്നില്ല. ഇത് സഭയോടുള്ള അവഹേളനമാണ്. പൂക്കോട്, തിരുവനന്തപുരം കാമ്പസുകളിൽ പ്രവേശനം നേടിയ ഡയറി ടെക്നോളജി വിദ്യാർത്ഥികളോട് രണ്ടുലക്ഷം രൂപ ഡെപ്പോസിറ്റ് നൽകാൻ സർവ്വകലാശാല ആവശ്യപ്പെട്ടു. ഇതും സഭാതീരുമാനത്തിന് വിരുദ്ധമാണ്. വെറ്ററിനറി സർവ്വകലാശാലയിലെ വൈസ് ചാൻസലർ, മുഹമ്മദ്ബിൻ തുഗ്ലക്കിനെ തോൽപ്പിക്കുന്ന ഒരു ഭരണകർത്താവാണ്. അധ്യാപകരും അനധ്യാപകരും വിവിധ പ്രശ്നങ്ങൾ ഉന്നയിച്ച് നിത്യേന സമരത്തിലാണ്. ഞാൻ അവരുടെ സമരപ്പന്തൽ സന്ദർശിച്ചിരുന്നു. പ്രതിപക്ഷനേതാവായ എനിക്കെതിരെപോലും യൂണിവേഴ്സിറ്റി വിലക്ക് കൽപ്പിച്ചിരുന്നു. ഇതുപോലുള്ള ജനാധിപത്യ വിരുദ്ധ സമീപനങ്ങൾക്ക് കൂട്ടുപിടിക്കുന്നത് ബഹുമാനപ്പെട്ട കൃഷിവകുപ്പുമന്ത്രിയും അദ്ദേഹത്തിന്റെ പാർട്ടിയിലെ എം.എൽ.എ.യുമാണ്. ആയതിനാൽ മുഖ്യമന്ത്രി ഇടപെട്ട് സഭയിൽ നൽകിയ ഉറപ്പുകൾ പാലിക്കണമെന്നും സർക്കാർ മേഖലയിൽ സ്വകാര്യ കോളേജുകളിലെ പോലെ എൻ.ആർ.ഐ. സമ്പ്രദായം കൊണ്ടുവരുന്നത് അവസാനിപ്പിക്കണമെന്നും ഞാൻ ശക്തിയായി ആവശ്യപ്പെടുകയാണ്.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഉന്നയിച്ച വിഷയം വളരെ ഗൗരവത്തോടുകൂടിയാണ് സർക്കാർ കാണുന്നത്. സർവ്വകലാശാല വിദ്യാർത്ഥികൾക്ക് എൻ.ആർ.ഐ. സീറ്റിൽ പ്രവേശനം നൽകുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുകയുണ്ടായി. ഇത് തുല്യനീതി ഉറപ്പാക്കുന്നതിന് വിരുദ്ധമായതിനാലും സർക്കാർ നയങ്ങൾക്ക് എതിരായിരുന്നതിനാലും 30-8-2014-ലെ സർക്കാർ ഉത്തരവുപ്രകാരം എൻ.ആർ.ഐ. ക്വാട്ട ഏർപ്പെടുത്താനുള്ള സർവ്വകലാശാലയുടെ തീരുമാനം റദ്ദാക്കി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. തുടർന്ന് ഈ വർഷം എൻ.ആർ.ഐ. ക്വാട്ടയിൽ സർക്കാർ പ്രവേശനം നടത്തിയിട്ടില്ല. കേരള വെറ്ററിനറി ആന്റ് ആനിമൽ സയൻസ് സർവ്വകലാശാല ജനാധിപത്യവിരുദ്ധവും നിയമാനുസൃതമല്ലാത്തതുമായ പ്രവൃത്തികൾ നടത്തുന്നുവെന്നാരോപിച്ച് പ്രതിപക്ഷനേതാവിന് വിവിധ സംഘടനകളടക്കം നൽകിയ നിവേദനം അദ്ദേഹം സർക്കാരിന് നൽകുകയും പ്രസ്തുത പരാതിയിന്മേൽ വിജിലൻസ് അന്വേഷണം നടത്താൻ ഉത്തരവായിട്ടുമുണ്ട്.

## 2. വ്യാപാരിയുടെ ദുരൂഹ തിരോധാനം

ശ്രീ. കെ. ദാസൻ: സർ, എന്റെ നിയോജക മണ്ഡലത്തിൽ കൊയിലാണ്ടി കുറുവങ്ങാട് പ്രദേശത്ത് വ്യാപാരിയായ പാണകണ്ടിത്താഴ അബ്ദുൾ അസീസ് ജനുവരി 7-ാം തീയതി രാത്രി ഒരു ഫോൺ വന്നതിനെത്തുടർന്ന് വീട്ടിൽനിന്നും പുറത്തുപോയതായിരുന്നു. വീട്ടിൽ എത്താൻ വൈകിയതിനാൽ അദ്ദേഹത്തിന്റെ ഇളയ മകൻ അർഷാദ് ഫോൺ ചെയ്തപ്പോൾ, ഞാൻ വരാൻ കുറച്ച് വൈകുമെന്ന് പറഞ്ഞ് ഫോൺ കട്ട് ചെയ്യുകയായിരുന്നു. പിറ്റേ ദിവസം ഫോൺ ചെയ്തപ്പോൾ യാതൊരു പ്രതികരണവും ഇല്ലാതെയായി. അസീസിനെപ്പറ്റി യാതൊരു വിവരവുമില്ല. ഇപ്പോൾ കാണാതായിട്ട് ആറുമാസമായി. കൊയിലാണ്ടി പോലീസ് സ്റ്റേഷനിൽ ബന്ധുക്കൾ പരാതി നൽകിയതിനെത്തുടർന്ന് പോലീസ് അന്വേഷിച്ചുകൊണ്ടിരിക്കുന്ന ഈ കേസിൽ യാതൊരു പുരോഗതിയും ഇതുവരെ ഉണ്ടായിട്ടില്ല. അബ്ദുൾ അസീസിനെ കാണാതായതിനെ സംബന്ധിച്ച് ഒട്ടേറെ ദുരൂഹതകൾ നിലനിൽക്കുകയാണ്. അബ്ദുൾ അസീസ് അദ്ദേഹത്തിന്റെ ഒരു സുഹൃത്തിന്റെ വീട്ടിലേയ്ക്കാണ് പോയതെന്നും അദ്ദേഹത്തിന്റെ കയ്യിൽ നിന്നും ഒരു ലക്ഷത്തി പതിമൂന്നായിരം രൂപ വാങ്ങിയെന്നും ബന്ധുക്കൾ പറയുന്നു. അബ്ദുൾ അസീസിന്റെ 2949 നമ്പർ മോട്ടോർ ബൈക്ക് ഒരാഴ്ച കഴിഞ്ഞ് വെങ്ങളം റെയിൽവേ മേൽപ്പാലത്തിനടുത്തുനിന്നും മൊബൈൽ ഫോൺ മൂടാടിയിലെ

സിൽക്ക് ബസാറിൽ സ്വിച്ച് ഓഫ് ചെയ്ത നിലയിലുമാണ് കണ്ടെത്തിയത്. പോലീസ് അന്വേഷണത്തിൽ അബ്ദുൾ അസീസിനെ കണ്ടെത്താനോ തൃപ്തികരമായ വിവരം ലഭിക്കുകയോ ചെയ്യാത്തതിനാൽ പൊതുജനങ്ങൾ ജനപ്രതിനിധിയുടെ നേതൃത്വത്തിൽ ആക്ഷൻ കമ്മിറ്റി രൂപീകരിച്ചിരിക്കുകയാണ്. ആക്ഷൻ കമ്മിറ്റി അബ്ദുൾ അസീസിന്റെ തിരോധാനവുമായി ബന്ധപ്പെട്ട് ദുരൂഹമായി കാണുന്ന സാഹചര്യങ്ങൾ വിവരിച്ചുകൊണ്ട് പോലീസിനും ആഭ്യന്തരവകുപ്പുമന്ത്രിക്കും മുഖ്യമന്ത്രിക്കും പരാതി നൽകിയിട്ടുണ്ട്. പോലീസ് അന്വേഷണത്തിലിരിക്കുന്ന കാര്യമായതിനാൽ അതിൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾ ഞാൻ ഇവിടെ വിസ്തരിക്കുന്നില്ല. ഈ കേസ് ഫലപ്രദമായി അന്വേഷിച്ച് അബ്ദുൾ അസീസിന്റെ തിരോധാനവുമായി ബന്ധപ്പെട്ട ദുരൂഹത വെളിച്ചത്തുകൊണ്ടു വരണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട അംഗങ്ങളോട് ഒരുകാര്യം പറയാനുള്ളത്, ഇന്ന് പതിനാറ് അംഗങ്ങൾ പ്രസംഗിക്കാനുണ്ട്. അതുകൊണ്ട് ഓരോ മിനിട്ടെടുത്ത് ഇത് അവതരിപ്പിക്കണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, കൊയിലാണ്ടി പോലീസ് സ്റ്റേഷൻ പരിധിയിൽ കുറുവങ്ങാട് ഷേഹ മൻസിലിൽ താമസിച്ചിരുന്ന പലചരക്ക് വ്യാപാരിയായ 52 വയസ്സുള്ള അബ്ദുൾ അസീസ് 7-1-2015-ന് ഒൻപതുമണിയോടുകൂടി വീട്ടിൽ നിന്നും പോയശേഷം കാണാനില്ലായെന്ന കാര്യത്തിൽ ഇദ്ദേഹത്തിന്റെ ജ്യേഷ്ഠൻ മൊയ്തീന്റെ പരാതിയനുസരിച്ച് കെ.പി. ആക്ട് 57-ാം വകുപ്പുപ്രകാരം 27/2015 ആയി കൊയിലാണ്ടി പോലീസ് സ്റ്റേഷനിൽ 9-1-2015-ന് കേസ് രജിസ്റ്റർ ചെയ്തു. കേസിന്റെ അന്വേഷണം കൊയിലാണ്ടി സബ്ഇൻപെക്ടർ ഏറ്റെടുത്ത് ക്രൈം മെമ്മോ തയ്യാറാക്കി സംസ്ഥാനത്തെ എല്ലാ പോലീസ് സ്റ്റേഷനുകളിൽ അയയ്ക്കുകയും ഫോട്ടോ പതിച്ച ലുക്ക് ഔട്ട് നോട്ടീസ് പ്രദർശിപ്പിക്കുകയും പ്രാദേശിക ടെലിവിഷൻ ചാനലിലും വാർത്താമാധ്യമങ്ങളിലും വാർത്ത കൊടുക്കുകയും ആകാശവാണിയിലൂടെയും ദൂരദർശനിലൂടെയും വാർത്ത സംപ്രേക്ഷണം ചെയ്യാനുള്ള റിപ്പോർട്ട് അയയ്ക്കുകയും ചെയ്തു. അബ്ദുൾ അസീസിന്റെ മോട്ടോർ സൈക്കിൾ 13-1-2015-ന് ഇദ്ദേഹത്തിന്റെ വീട്ടിൽനിന്നും ഉദ്ദേശം പന്ത്രണ്ട് കിലോമീറ്റർ അകലെ വെങ്ങളം എന്ന സ്ഥലത്ത് നാഷണൽ ഹൈവേയിൽനിന്നും കണ്ടെത്തി. അബ്ദുൾ അസീസിനെ ബാംഗ്ലൂരിൽ കണ്ടതായി വിവരം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ സ്പെഷ്യൽ ടീമിനെ ബാംഗ്ലൂരിലേക്ക് അയച്ച് അവിടത്തെ പത്രമാധ്യമങ്ങളിൽ ഫോട്ടോയും വാർത്തയും

കൊടുത്തു. നിരവധി ആളുകളെ കണ്ട് ചോദിച്ചും ഫോൺ കോളുകളുടെ വിവരങ്ങൾ ശേഖരിച്ച് പരിശോധിച്ചും മറ്റും അബ്ദുൾ അസീസിനെ കണ്ടെത്താനുള്ള ശ്രമങ്ങൾ കൊയിലാണ്ടി പോലീസ് സബ് ഇൻസ്പെക്ടർ നടത്തിവരുന്നു. അബ്ദുൾ അസീസിന്റെ ഭാര്യ, ആയിഷ ബീവി ജില്ലാ പോലീസ് മേധാവിക്ക് നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ സമഗ്ര അന്വേഷണം നടത്താൻ കോഴിക്കോട് ക്രൈം എസ്.പി.-ക്ക് കേസ് കൈമാറിയിട്ടുണ്ട്. 6-2-2015 മുതൽ ഈ കേസിന്റെ അന്വേഷണം ജില്ലാ ക്രൈംബ്രാഞ്ച് ഡിവൈ.എസ്.പി. നടത്തിവരുന്നു. സൈബർ സെല്ലിന്റെ പ്രയോജനം ഉപയോഗപ്പെടുത്തി കൂടുതൽ വിവരങ്ങൾ ശേഖരിച്ചുവരുന്നു. അബ്ദുൾ അസീസുമായി പണമിടപാട് ഉണ്ടെന്നുപറയപ്പെടുന്ന ഉസ്മാൻ എന്നയാളെ പലതവണ ചോദ്യം ചെയ്തു. കാസർഗോഡ് ജില്ലയിലെ ഷെറിയ, ഒളയം തമിഴ്നാടിലെ ഏർവാടി, കോയമ്പത്തൂർ, രാമനാഥപുരം എന്നീ സ്ഥലങ്ങളിൽ പ്രത്യേകം പോലീസ് ടീമിനെ അയച്ചും അബ്ദുൾ അസീസിന്റെ ഫോൺ ടവർ ലൊക്കേഷൻ അവസാനമായി കാണിച്ച മൂടാടി പ്രദേശത്തെ ടെലഫോൺ ടവറുമായി ബന്ധപ്പെട്ട മുഴുവൻ കോളുകളുടെ വിവരങ്ങൾ ശേഖരിച്ചും മറ്റും അബ്ദുൾ അസീസിനെ കണ്ടെത്താനുള്ള സാധ്യമായ എല്ലാ ശ്രമങ്ങളും ജില്ലാ ക്രൈംബ്രാഞ്ച് നടത്തിവരികയാണ്. ഈ കേസിന്റെ അന്വേഷണവുമായി ബന്ധപ്പെട്ട് നാളിതുവരെ 125 സാക്ഷികളെ വിസ്തരിക്കുകയും 50 മൊബൈൽ ഫോണുകളിൽ നിന്നുള്ള കോളുകൾ ശേഖരിച്ച് അന്വേഷണം നടത്തിവരികയുമാണ്. അന്വേഷണം വളരെ ഊർജ്ജിതമായി മുന്നോട്ടുപോകുകയാണ്. വിവരം കിട്ടുന്നതനുസരിച്ച് മറ്റ് മേൽനടപടികൾ സ്വീകരിക്കുന്നതാണ്.

## 3. തോട്ടം മേഖലയിൽ പാക്കേജ്

ശ്രീമതി ഇ. എസ്. ബിജിമോൾ: സർ, റബ്ബർ തോട്ടങ്ങളിലും തേയില തോട്ടങ്ങളിലും ഏലം, കാപ്പി തുടങ്ങിയ വ്യവസായ മേഖലകളിലുമായി മൂന്നരലക്ഷം തൊഴിലാളികൾ പണിയെടുക്കുന്നു. ഈ തൊഴിലാളികൾക്ക് കിട്ടുന്ന ബഡ്ജറ്റ് സപ്പോർട്ട് തുലോം കുറവാണ്. ബഡ്ജറ്റ് സപ്പോർട്ട് കിട്ടുന്നില്ലായെന്നുതന്നെ പറയാം. ഇവരുടെ അവകാശത്തെ കവർന്നെടുക്കുന്ന തരത്തിലുള്ള നിയമ നിർമ്മാണങ്ങളാണ് കേന്ദ്രഗവൺമെന്റ് നടത്തിക്കൊണ്ടിരിക്കുന്നത്. ഈ സാഹചര്യത്തിൽ പി.എൽ.സി.-യുമായി (പ്ലാന്റേഷൻ ലേബർ കമ്മിറ്റി) ഇവരുടെ ശമ്പള വർദ്ധനവുമായി ബന്ധപ്പെട്ട് ഒട്ടനവധി ചർച്ചകൾ നടത്തുകയുണ്ടായി. അതിന്റെ ഫലമായിട്ടാണ് 70 രൂപയുടെ ശമ്പളവർദ്ധനവ് ഈ രംഗത്ത് വന്നിട്ടുള്ളത്. ഈ മേഖലയുമായി ബന്ധപ്പെട്ട് വലിയ വർദ്ധനവ്

ഉണ്ടാക്കിക്കൊണ്ടുള്ള ഒരു ശമ്പളവർദ്ധനവാണ് ഇപ്പോൾ പി.എൽ.സി.-യുമായി ബന്ധപ്പെട്ട് ചർച്ച ചെയ്തുകൊണ്ടിരിക്കുന്നത്. എന്നാൽ കേന്ദ്ര സംസ്ഥാന ഗവൺമെന്റുകളുടെ ഭാഗത്തുനിന്നും ഇവർക്ക് കിട്ടേണ്ട സപ്പോർട്ട് പലപ്പോഴും കിട്ടാതെപോകുന്നുവെന്നതാണ് ഏറ്റവും നിർഭാഗ്യകരമായകാര്യം. ബഡ്ജറ്റുകളിൽ പലപ്പോഴും ഈ വിഭാഗത്തിൽപ്പെട്ട ആളുകളെ പരിഗണിക്കാറേയില്ല. ബഡ്ജറ്റിൽ അവഗണനയും ടാക്സിൽ വലിയ വർദ്ധനവുമാണ് ഉണ്ടാകുന്നത്. ബഡ്ജറ്ററി സപ്പോർട്ട് ഈ വിഭാഗത്തിൽപ്പെട്ട ആളുകൾക്ക് കിട്ടാത്തതിനാൽ ഒട്ടനവധി പ്രശ്നങ്ങളുണ്ടാകുന്നുണ്ട്. ഇതൊന്നും ഒരു സബ്മിഷനിലൂടെ പറഞ്ഞ് അവസാനിപ്പിക്കാൻ സാധിക്കുന്ന കാര്യങ്ങളല്ല. കേന്ദ്ര സംസ്ഥാന ഗവൺമെന്റുകൾ ചർച്ച ചെയ്യേണ്ട ഒട്ടനവധി വിഷയങ്ങളാണ് ഈ സബ്മിഷന്റെ ഭാഗമായി ചൂണ്ടിക്കാണിക്കുന്നത്. ഈ മേഖലയെ നിലനിർത്തുന്നതിനും മൂന്നരലക്ഷത്തോളം വരുന്ന തോട്ടം തൊഴിലാളികളെ സംരക്ഷിക്കുന്നതിനും കേന്ദ്രഗവൺമെന്റുമായി ചേർന്നുകൊണ്ട് സംസ്ഥാന സർക്കാർ ഒരു പാക്കേജ് പ്രഖ്യാപിക്കുമോ?

തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ): സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് ശരിയാണ്. ഇത് സബ്മിഷനായിട്ടല്ല, ശ്രദ്ധക്ഷണിക്കലായി വരേണ്ട ഒരു വിഷയമാണ്. അത്രയും ഗൗരവമേറിയ സാഹചര്യം നിലനിൽക്കുകയാണ്. ഇപ്പോൾ തീരുമാനിച്ചിരിക്കുന്ന ശരാശരി കൂലി 301 രൂപ വച്ച് മൂന്നരലക്ഷം ഗ്രാമീണ സഹോദരിമാർക്ക് തൊഴിൽ കൊടുക്കുന്ന മേഖലയാണിത്. ഏകദേശം 3000 മുതൽ 5000 കോടി രൂപ വരെ കൂലി കിട്ടുന്ന ഒരു മേഖലയാണ്. അത് നമ്മളാരും കാണാതെ പോകുകയാണ്. ഐ.റ്റി. മേഖലയ്ക്ക് നമ്മൾ കൊടുക്കുന്ന പ്രാധാന്യത്തെക്കാൾ കൂടുതൽ പ്രാധാന്യം കൊടുക്കേണ്ടത് ഈ മേഖലയ്ക്കാണ്. അതിന്റെ ക്വാണ്ടം എടുത്തുനോക്കുമ്പോൾ ഗ്രാമീണ സ്ത്രീസമൂഹത്തിന് 4000 കോടി രൂപ ഒരു വർഷം കൂലിയിനത്തിൽ വരുന്ന ഒരു മേഖലയാണ്. പക്ഷേ ബഡ്ജറ്ററി സപ്പോർട്ട് പലപ്പോഴും ഇല്ലായെന്നുള്ളതാണ് യാഥാർത്ഥ്യം. പ്ലാന്റേഷൻ ലേബർ ആക്ടിൽ മുതലാളിമാരിൽ നിക്ഷിപ്തമായിരിക്കുന്ന ഉത്തരവാദിത്വം, ഇവരുടെ ക്ഷേമം, സോഷ്യൽ കോസ്റ്റ് തുടങ്ങിയവകൂടി എടുത്തുകളയണമെന്ന നിലപാടാണ് ഇപ്പോൾ കേന്ദ്രഗവൺമെന്റ് കൈക്കൊണ്ടിട്ടുള്ളത്. കേന്ദ്രഗവൺമെന്റ് പറയുന്നതിലും ന്യായമുണ്ട്. ഇപ്പോൾ ആഗോളമത്സരമാണ്. ഗ്ലോബൽ കോമ്പറ്റീഷനുമുന്നിൽ നമ്മുടെ ക്രോപ്പിന് പിടിച്ചുനിൽക്കാൻ പറ്റുന്നില്ല,അവ കോമ്പറ്റിറ്റീവ് ആകുന്നില്ല, പ്ലാന്റേഷനുകളിലെ സോഷ്യൽ കോസ്റ്റെല്ലാം മുതലാളിമാർക്കാണ് പോകുന്നത് എന്നുള്ള ഒരു കാഴ്ചപ്പാടാണ്

കേന്ദ്രഗവൺമെന്റിനുള്ളത്. ഇക്കാര്യം കേന്ദ്രഗവൺമെന്റുമായി ചർച്ച ചെയ്യാനിരിക്കുകയാണ്. അവർ ആ സോഷ്യൽ കോസ്റ്റെടുത്ത് മാറ്റുമ്പോൾ അതിനുപകരമായി അത് പ്രൊവൈഡ് ചെയ്യാനുള്ള ഉത്തരവാദിത്വം ഗവൺമെന്റിനാണ്. ബഹുമാനപ്പെട്ട മെമ്പർ 5000 കോടിയുടെ ഒരു പാക്കേജ് പ്രഖ്യാപിക്കണമെന്നുപറയുമ്പോൾ കേന്ദ്രഗവൺമെന്റ് തീർച്ചയായും ഈ കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിൽ സോഷ്യൽ കോസ്റ്റിന്റെ ഉത്തരവാദിത്വം പൂർണ്ണമായി ഏറ്റെടുക്കും, അതുവഴി അങ്ങനെയൊരു പാക്കേജ് ഇന്ത്യയിലെ തോട്ടം തൊഴിലാളികൾക്കുണ്ടാകും എന്ന് ഞാൻ പ്രതീക്ഷിക്കുന്നു. കേരളത്തിലെ സാഹചര്യം വളരെ ഗൗരവമേറിയതും ഗുരുതരവുമാണ്.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: ഹോസ്പിറ്റൽ, കുടിവെള്ളം, ഹൗസിംഗ് തുടങ്ങിയവയാണ് സോഷ്യൽ കോസ്റ്റായി മുതലാളിമാർ കൊടുക്കുന്നത്.

<u>ശ്രീ. ഷിബു ബേബി ജോൺ</u>: ഈ സോഷ്യൽ കോസ്റ്റെല്ലാം ആഡ് അപ് ചെയ്യുന്നതുകൊണ്ട് നമ്മുടെ ക്രോപ്പിന്റെ പ്രൈസ് റെമ്യൂണറേറ്റീവല്ല, അല്ലെങ്കിൽ ഗ്ലോബലി കോമ്പറ്റിറ്റീവല്ല. സൗത്ത് അമേരിക്കൻ കോമ്പറ്റിറ്റേഴ്സുമായി നമുക്ക് മത്സരിക്കാൻ പറ്റുന്നില്ലെന്ന കാഴ്ചപ്പാടാണ് കേന്ദ്രഗവൺമെന്റിനുള്ളത്. അതിൽ സത്യമുണ്ട്. കേരളത്തെയാണ് ഇത് പ്രത്യേകമായി ബാധിക്കുന്നത്, കേരളത്തിലെ ഹൈ ലേബർ കോസ്റ്റ് കണക്കിലെടുക്കുമ്പോൾ ഇത് ശരിയാണുതാനും. ഇതിൽ സംസ്ഥാന ഗവൺമെന്റിന് ചെയ്യാനുള്ളത് അവരുടെ ഹൗസിംഗുമായി ബന്ധപ്പെട്ടാണ്. ഇപ്പോൾ അതുമായി ബന്ധപ്പെട്ട് ഒരു തീരുമാനമെടുത്തിട്ടുണ്ട്. ഏകദേശം 15-20 കോടി രൂപ ഭവനം ഫൗണ്ടേഷന്റെ കൈവശമുണ്ട്. രണ്ട് ഒറ്റമുറിയുള്ള വീട്ടിൽ താമസിക്കേണ്ടിവരുന്നു എന്നുപറയുന്നത് വലിയ ഗതികേട് തന്നെയാണ്. ഈ കാലഘട്ടത്തിലും അങ്ങനെ ചെയ്യേണ്ടി വരുന്നുവെന്നുപറയുന്നത് വളരെ ദുഃഖകരമായ കാര്യമാണ്. അതുകൊണ്ട് നമ്മൾ തീരുമാനിച്ചിരിക്കുന്നത്, ആദ്യം രണ്ട് ലയങ്ങൾ ഒന്നാക്കുന്നതുവഴി ഒരു കുടുംബത്തിന് മൂന്ന് മുറിയും ഒരു അടുക്കളയും കിട്ടുന്ന ഒരു സാഹചര്യം സൃഷ്ടിക്കുക എന്നതാണ്. ഈ വർഷം തന്നെ അതിനുള്ള തുടക്കം കുറിച്ചുകൊണ്ട് അത് നടപ്പാക്കും. അത് പൂർത്തീകരിക്കുന്ന മുറയ്ക്ക് രണ്ടാമത് കുറേ ലയങ്ങൾകൂടി പണിയേണ്ടിവരും. സംസ്ഥാന ഗവൺമെന്റിന് ഭവന പദ്ധതി കൊണ്ടുവരാൻ 4000 കോടി രൂപ വേണം. ഗവൺമെന്റിന്റെ സാമ്പത്തികശേഷിവച്ച് 4000 കോടി രൂപ ഒരുമിച്ചെടുക്കാൻ സാധിക്കില്ല. എന്നാൽ അടുത്ത വർഷത്തേക്ക് പ്ലാൻ ഫണ്ടിൽ ആവശ്യപ്പെട്ടിരിക്കുന്നത് 150 കോടി രൂപയാണ്. കാരണം രണ്ട് മുറിയും ഒരു

അടുക്കളയെങ്കിലുമുള്ള കൂടുതൽ ലയങ്ങൾ പണിയണമെന്നാണ് ഗവൺമെന്റ് ആഗ്രഹിക്കുന്നത്. ആ നിലയിലേയ്ക്കുള്ള കാര്യങ്ങളാണ് ചെയ്യാനുള്ളത്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ പ്ലാന്റേഷൻ ടാക്സും ലാന്റ് ടാക്സും അടക്കമുള്ള വിഷയങ്ങൾ, പ്ലാന്റേഷൻ സ്റ്റഡി കമ്മിറ്റിയും ട്രേഡ് യൂണിയനുകളും മുന്നോട്ടുവച്ച ആവശ്യങ്ങൾ അനുഭാവപൂർവ്വം ഗവൺമെന്റ് പരിഗണിക്കുന്നതായിരിക്കും. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതിനോട് പൂർണ്ണമായി യോജിക്കുന്നു. ഈ മേഖലയ്ക്ക് പ്രാധാന്യം കൊടുത്ത് സംരക്ഷിച്ചില്ലെങ്കിൽ വലിയ ഒരു അനിശ്ചിതാവസ്ഥ ഈ മേഖലയിൽ വരുമെന്നുള്ളത് സത്യമാണ്.

**4. ഹയർസെക്കണ്ടറി അദ്ധ്യാപകനിയമനം**

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, എന്റെ നിയോജകമണ്ഡലത്തിലെ അങ്ങാടിക്കൽ സൗത്ത് ഗവൺമെന്റ് ഹയർസെക്കണ്ടറി സ്കൂളിൽ ഒന്നര മാസത്തിലധികമായി ഇംഗ്ലീഷ്, ഹിസ്റ്ററി, ജ്യോഗ്രഫി, സുവോളജി, എക്കണോമിക്സ്, കമ്പ്യൂട്ടർ ആപ്ലിക്കേഷൻ തുടങ്ങിയ വിഷങ്ങൾ പഠിപ്പിക്കുന്നതിന് അദ്ധ്യാപകരില്ല. നിയമപരമായ ചില പ്രശ്നങ്ങളുള്ളതുകാരണം ഗസ്റ്റ് ലക്ചറർമാരെ നിയമിക്കാൻ പി.ടി.എ.യ്ക്ക് കഴിയുന്നുമില്ല. അവിടെ വിദ്യാർത്ഥികളും രക്ഷകർത്താക്കളും സംയുക്ത സമരത്തിലാണ്. പരീക്ഷ അടുത്തുവരുന്ന സാഹചര്യത്തിൽ ഒന്നുകിൽ ട്രാൻസ്ഫർവഴി ഈ പോസ്റ്റുകൾ നികത്തുന്നതിനുള്ള നടപടി സ്വീകരിക്കണം. അതിന് സാങ്കേതികമായ തടസ്സമോ കാലതാമസമോ ഉണ്ടാകുന്ന സാഹചര്യമുണ്ടെങ്കിൽ പി.ടി.എ.-യ്ക്ക് ഗസ്റ്റ് ലക്ചറർമാരെ നിയമിക്കാനുള്ള അധികാരമോ നൽകാനുള്ള തീരുമാനം അടിയന്തരമായി ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): സർ, ചെങ്ങന്നൂർ അങ്ങാടിക്കൽ സൗത്ത് ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിലെ അദ്ധ്യാപകരെ ജനറൽ ട്രാൻസ്ഫറിന് അപേക്ഷിച്ചതിനാൽ ഇംഗ്ലീഷ്, ഹിസ്റ്ററി, ജ്യോഗ്രഫി, സുവോളജി, എക്കണോമിക്സ്, കമ്പ്യൂട്ടർ ആപ്ലിക്കേഷൻ എന്നീ വിഷയങ്ങൾ പഠിപ്പിക്കുന്ന അദ്ധ്യാപകർക്ക് വിവിധ സ്കൂളുകളിൽ സ്ഥലം മാറ്റം നൽകിക്കൊണ്ട് 21-9-2015-ൽ ഹയർ സെക്കണ്ടറി ഡയറക്ടർ ഉത്തരവ് പുറപ്പെടുവിക്കുകയും അവരെ പ്രസ്തുത സ്കൂളുകളിൽനിന്നും വിടുതൽ ചെയ്യുകയും ചെയ്തു. പകരം അദ്ധ്യാപകരെ പ്രസ്തുത സ്കൂളുകളിലേക്ക് നിയമിക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിക്കുന്നതിനിടയിൽ ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 1-10-2015-ലെ ഉത്തരവുപ്രകാരം സ്ഥലമാറ്റനിയമനങ്ങൾ നിലവിലെ അവസ്ഥയിൽ

നിർത്തിവയ്ക്കുവാനും തുടർന്ന് സ്ഥലമാറ്റ ഉത്തരവിലെ അപാകതകൾ പരിശോധിച്ച് തിരുത്തുന്നതിനായി ഒരു അനോമലി കമ്മിറ്റി രൂപീകരിക്കാനും നിർദ്ദേശിക്കുകയുണ്ടായി. അതനുസരിച്ച് സർക്കാർതലത്തിൽ പൊതുവിദ്യാഭ്യാസ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അധ്യക്ഷനായി ഒരു അനോമലി കമ്മിറ്റി രൂപീകരിക്കുകയും 26-10-2015-ലെ ജി.ഒ. (ആർ.ടി) നമ്പർ 5035/2015/പൊ.വി.വ ഉത്തരവുപ്രകാരം നിലവിൽ വന്ന ട്രാൻസ്ഫറിലെ അപാകതകൾ പരിഹരി ക്കുന്നതിനും ട്രാൻസ്ഫർ പ്രക്രിയ കൂടുതൽ സുതാര്യമായ രീതിയിൽ നടത്തുന്നതിനും മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയുണ്ടായി. ഇതിനുശേഷം ഹയർ സെക്കണ്ടറി വിദ്യാഭ്യാസ ഡയറക്ടർ ട്രാൻസ്ഫർ നടപടിക്രമങ്ങൾ പൂർത്തീകരിക്കുന്നതിനുള്ള അടിയന്തരനടപടികൾ സ്വീകരിച്ചുവരികയാണ്. എന്നാൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പുമൂലവും കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഇടപെടൽമൂലവും ഇക്കാര്യത്തിൽ വീണ്ടും കാലതാമസമുണ്ടായിരിക്കുകയാണ്. എങ്കിലും ഹയർ സെക്കണ്ടറി സ്കൂൾ അദ്ധ്യാപകരുടെ 2015-16 വർഷത്തെ ട്രാൻസ്ഫർ വൈകിയാണെങ്കിലും പൂർത്തീകരിക്കാൻ ഹൈക്കോടതി നിർദ്ദേശമുള്ളതിനാലും അദ്ധ്യാപകരുടേയും വിദ്യാർത്ഥികളുടെയും താൽപ്പര്യം മുൻനിർത്തി സ്ഥലമാറ്റ നടപടികൾ എത്രയുംവേഗം പൂർത്തീകരിക്കേണ്ടതുണ്ടെന്നുള്ളതിനാലും ഏതാനും ദിവസങ്ങൾക്കുള്ളിൽതന്നെ ഹയർ സെക്കണ്ടറി ഡയറക്ടർ ഇതുസംബന്ധിച്ച് അന്തിമ ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്. ഈ ഉത്തരവ് പുറപ്പെടുവിക്കുന്ന മുറയ്ക്ക് ചെങ്ങന്നൂർ അങ്ങാടിക്കൽ സൗത്ത് ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിൽ ഇംഗ്ലീഷ്, ഹിസ്റ്ററി, ജ്യോഗ്രഫി, സുവോളജി, എക്കണോമിക്സ്, കമ്പ്യൂട്ടർ ആപ്ലിക്കേഷൻ എന്നീ വിഷയങ്ങൾക്കുള്ള അദ്ധ്യാപകർ നിയമിതരാകുന്നതാണ്.

## 5. സർക്കാർ ഉടമസ്ഥതയിൽ സിനിമാ തിയേറ്റർ

ശ്രീ. കെ. അജിത് : സർ, മലയാള സിനിമയിലെ ആദ്യ നിശബ്ദചിത്രമായ 'ബാലനിലെ' നായിക മുതൽ ഭരത് മമ്മൂട്ടിവരെ ജന്മം കൊണ്ട സ്ഥലമാണ് വൈക്കം. കർമ്മംകൊണ്ട് ദക്ഷിണാമൂർത്തി സ്വാമികൾ വൈക്കത്തുകാരനാണ്. വൈക്കം മുനിസിപ്പാലിറ്റിയിൽ മൂന്ന് സിനിമാ തിയേറ്ററുകളാണുണ്ടായിരുന്നത്. പക്ഷേ സിനിമാ പ്രതിസന്ധിയുടെ ഭാഗമായി അതെല്ലാം അടച്ചുപൂട്ടുകയുണ്ടായി. ഇപ്പോൾ വൈക്കം മുനിസിപ്പാലിറ്റി ആവശ്യമായ സ്ഥലം നൽകാമെന്ന് സൂചിപ്പിച്ചിട്ടുണ്ട്. ഫിലിം ഡവലപ്മെന്റ് കോർപ്പറേഷൻ ഇങ്ങനെയുള്ള സ്ഥലങ്ങളിൽ സിനിമാ തിയേറ്റർ പണിയാൻ തയ്യാറാണെന്ന് അറിയിച്ചിട്ടുണ്ട്. വൈക്കത്തെ സിനിമാ പ്രേമികളുടെ ആവശ്യപ്രകാരം വൈക്കത്ത് സർക്കാരിന്റെ നേതൃത്വത്തിൽ ഒരു സിനിമാ തിയേറ്റർ നിർമ്മിക്കാനുള്ള നടപടി സ്വീകരി ക്കണമെന്നാണ് ഈ സബ്മിഷനിലൂടെ എനിക്ക് ഉന്നയിക്കാനുള്ളത്.

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, വൈക്കം നഗരസഭയുടെ പരിധിയിൽ ഒരു തിയേറ്റർ നിർമ്മിക്കുന്നതിനാവശ്യമായ സ്ഥലം നൽകാമെന്ന് നഗരസഭാ കൗൺസിൽ തീരുമാനം കൈക്കൊണ്ടിട്ടുള്ളതായി നഗരസഭ, ചലച്ചിത്ര വികസന കോർപ്പറേഷനെ അറിയിച്ചിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തിയേറ്റർ നിർമ്മിക്കുന്നതിന് അനുയോജ്യമായ സ്ഥലം ലഭ്യമാക്കുകയാണെങ്കിൽ അവിടങ്ങളിൽ പി.പി.പി. മാതൃകയിൽ തിയേറ്റർ നിർമ്മിക്കുന്നതിനുള്ള പദ്ധതി കെ.എഫ്.ഡി.സി. സർക്കാരിന് നൽകിയിട്ടുണ്ട്, അത് ലഭിച്ചിട്ടുമുണ്ട്. പ്രസ്തുത പ്രൊപ്പോസൽ മേൽപദ്ധതി നടപ്പാക്കാനാവശ്യമായ അധിക വിവരങ്ങൾ കെ.എഫ്.ഡി.സി. ലഭ്യമാക്കുന്ന മുറയ്ക്ക് പരിശോധിക്കും. പദ്ധതി അംഗീകരിക്കുന്ന മുറയ്ക്ക് തിയേറ്റർ നൽകാൻ തയ്യാറാണ്.

## 6. പാലം നിർമ്മാണത്തിന് സ്ഥലം

ശ്രീ. റ്റി. യു. കുരുവിള: സർ, കോതമംഗലം നിയോജകമണ്ഡലത്തിലെ കുട്ടമ്പുഴ പഞ്ചായത്തിലെ ഓടാട്ടുപുഴ-ഇടമലയാർ തുടങ്ങിയ പ്രദേശങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന ആനക്കയം പാലത്തിന്റെ നിർമ്മാണത്തിന് സർക്കാർ തുക അനുവദിച്ചുവെങ്കിലും വനം വകുപ്പിൽനിന്നും ആറ് സെന്റ് സ്ഥലം വിട്ടുകിട്ടാത്തതുമൂലം ഈ പാലം നിർമ്മാണം നടത്താൻ കഴിയാതിരിക്കുകയാണ്. ഇതിന് അനുവദിച്ച ഫണ്ടിന്റെ കാലാവധി തീരാൻ കുറച്ച് ദിവസങ്ങളേ ബാക്കിയുള്ളൂ. ആദിവാസികൾ തിങ്ങിപ്പാർക്കുന്ന പ്രദേശത്തെ ഏക ഗതാഗത സൗകര്യമാണിത്. ഈ പാലം അടിയന്തരമായി നിർമ്മിക്കുന്നതിന് ആദിവാസി കുടികളിൽനിന്നും ഊരുകൂട്ടം തീരുമാനമെടുത്ത് ബന്ധപ്പെട്ടവരെ അറിയിച്ചിട്ടുള്ളതാണ്. വനം വകുപ്പിൽനിന്നും ഈ പാലം നിർമ്മിക്കുന്നതിന് ആറ് സെന്റ് സ്ഥലം മാത്രം വിട്ടുനൽകേണ്ടതായ തടസ്സമേയുള്ളൂ. പ്രാധാന്യം കണക്കിലെടുത്ത് ആനക്കയം പാലം പണിയുന്നതിന് വനം വകുപ്പിൽനിന്നും ആറ് സെന്റ് സ്ഥലം ലഭ്യമാക്കി അനുവദിക്കപ്പെട്ട ഫണ്ട് ലാപ്സാക്കാതെ ആനക്കയം പാത അടിയന്തരമായി നിർമ്മിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കണം.

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, ആറ് സെന്റ് സ്ഥലത്തിനകത്ത് പരിമിതപ്പെടുത്തുകയാണെങ്കിൽ ഗവൺമെന്റിന് ചെയ്യാൻ പറ്റുന്ന പോസിറ്റീവായിട്ടുള്ള എല്ലാ നടപടികളുമെടുക്കാം. പക്ഷേ എനിക്ക് റെക്കോർഡിക്കലായി കിട്ടിയത് വ്യത്യസ്തമായ മറുപടിയാണ്. സ്ഥലത്തിന്റെ ആവശ്യകതയെ സംബന്ധിച്ച് ഇപ്പോഴും എഞ്ചിനീയേഴ്സ് അവിടെ ഫോർമലായി വനം വകുപ്പിന് ഒരു പ്രൊപ്പോസൽ കൊടുത്തിട്ടില്ല. ആ പ്രൊപ്പോസൽ ആറ് സെന്റ് സ്ഥലത്തായി ലിമിറ്റ് ചെയ്തുകൊണ്ട് ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റിന് കൊടുത്താൽ അതിൽ പോസിറ്റീവായ തീരുമാനമെടുക്കാം.

## 7. ആശുപത്രി പ്രവർത്തനം കാര്യക്ഷമമാക്കൽ

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ: സർ, തൃശ്ശൂർ ജില്ലാ ആശുപത്രി ജനറലാശുപത്രിയായിട്ട് ഒരു വർഷമായിട്ടും അവിടെ ആവശ്യമായ ഒരു സ്റ്റാഫിനെപ്പോലും നിയോഗിച്ചിട്ടില്ല. ഡിപ്പാർട്ടുമെന്റുകളിൽ ബോർഡുണ്ട്, പക്ഷേ ഒന്നും പ്രവർത്തിക്കുന്നില്ല. ആർ.എസ്.ബി.വൈ. ഫണ്ടിന്റെ കുറവുകൊണ്ട് 74 ജീവനക്കാരിൽ 24 പേരെ പിരിച്ചുവിടേണ്ടിവന്നു. അവിടെ ആകെ സമരാന്തരീക്ഷമാണ്. പ്രവർത്തനം നടക്കുന്നില്ല. ബഹുമാനപ്പെട്ട മന്ത്രിക്ക് ഡിപ്പാർട്ടുമെന്റ് കൊടുത്ത പതിവ് മറുപടി ഞാൻ പ്രതീക്ഷിക്കുന്നു. പക്ഷേ അതെല്ലാം തെറ്റാണ്. അതിനെതിരായ തെളിവുകളായി പത്രറിപ്പോർട്ടുകൾ അദ്ദേഹത്തിന് കൊടുത്തിട്ടുണ്ട്. അതുപോലെതന്നെ സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രിക്ക് കോടിക്കണക്കിന് രൂപ സാംഗ്ഷൻ ചെയ്തുകിട്ടിയിട്ട് ഇതുവരെ പണിതുടങ്ങിയിട്ടില്ല. പഴയ കെട്ടിടങ്ങൾ പൊളിച്ചുനീക്കാൻ പറ്റുന്നില്ല. ഒരുകാര്യവും നടക്കുന്നില്ല. അതുകൊണ്ട് അടിയന്തരമായി ഈ നിയമസഭാ സമ്മേളനത്തിൽതന്നെ ബന്ധപ്പെട്ടവരുടെ യോഗം വിളിച്ച് സമയബന്ധിതമായി ഈ വിഷയത്തിന് പ്രശ്നപരിഹാരം കാണണമെന്ന് അഭ്യർത്ഥിക്കുന്നു.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സർ, എം.എൽ.എ.മാരുടെ സഹകരണത്തോടുകൂടി ഏറ്റവും നല്ല രീതിയിൽ പ്രവർത്തനം നടക്കുന്ന ഒരാശുപത്രിയാണ് തൃശ്ശൂർ ജനറലാശുപത്രി. അവിടെ 350-ഓളം രോഗികൾക്ക് ഐ.പി. ചികിൽസ നൽകുന്നുണ്ട്. 1300 ഒ.പി., ഇരുന്നൂറിലധികം പ്രസവം എന്നിവ എല്ലാമാസവും നടക്കുന്നുണ്ട്. രണ്ട് ഷിഫ്റ്റുകളിലായി 20 പേർക്ക് ദിവസേന ഡയാലിസിസ് നടത്തുന്നുണ്ട്. ഫിസിയാട്രി യൂണിറ്റിനോട് ചേർന്ന് റീജിയണൽ ലിംബ് ഫിറ്റിംഗ് സെന്റർ നല്ല രീതിയിൽ പ്രവർത്തിക്കുന്നുണ്ട്. കാൻസർ രോഗികൾക്കുള്ള കീമോതെറാപ്പി ചികിത്സ ഇവിടെ നടത്തുന്നുണ്ട്. ജെറിയാട്രിക് വാർഡ്, എസ്.എൻ.സി.യു. (സിക്ക് ന്യൂബോൺ കെയർ യൂണിറ്റ്) ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രം, ബ്ലഡ് ബാങ്ക്, നാഷണൽ ഡെഫ്നസ് കൺട്രോൾ പ്രോഗ്രാം, സി.റ്റി. സ്കാൻ സെന്റർ എന്നിവയും ഇവിടെ നല്ലരീതിയിൽ പ്രവർത്തിക്കുന്നുണ്ട്. എല്ലാ പ്രധാനപ്പെട്ട സ്പെഷ്യാലിറ്റികളും ഇവിടെ പ്രവർത്തിക്കുന്നുണ്ട്. 50 തസ്തികകൾ ഉള്ളതിൽ 5 ഒഴിവുകൾ മാത്രമാണ് നികത്താനുള്ളത്. 28-7-2012-ലെ സർക്കാർ ഉത്തരവുപ്രകാരം ജില്ലാ ആശുപത്രിയായി പദവി ഉയർത്തപ്പെട്ട തൃശ്ശൂർ ജനറൽ ആശുപത്രിയിൽ അധിക തസ്തിക സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിഗണിച്ചുവരികയാണ്. പുതുതായി നിർമ്മിച്ച ഒ.പി. ബ്ലോക്കിന്റെ മൂന്ന്

നിലകളുടെ പണി പൂർത്തീകരിച്ചിട്ടുണ്ട്. പ്രസ്തുത ബ്ലോക്കിൽ മൂന്ന് ലിഫ്റ്റുകൾ പണിയുന്നതിനായി 115 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. പുതിയ ഒ.പി. കെട്ടിടത്തിന്റെ ലിഫ്റ്റിന്റെ പണി പൂർത്തിയാകുന്നതോടെ ഒ.പി. വിഭാഗവും കൂടുതൽ കാര്യക്ഷമമാകുന്നതാണ്. ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ച സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി കെട്ടിടത്തിന്റെ നിർമ്മാണത്തിന് 7,25,00,000 രൂപ അനുവദിച്ചിട്ടുണ്ട്. പഴയ ജില്ലാ ആശുപത്രിയുടെ കോമ്പൗണ്ടിലുള്ള ഉപയോഗ്യ ശൂന്യമായ നാല് കെട്ടിടങ്ങൾ പൊളിച്ചുനീക്കി അതിനുവേണ്ട പ്രവർത്തനങ്ങൾ നടന്നുവരികയാണ്. ജനുവരിയിൽത്തന്നെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കും. ആർ.എസ്.ബി.വൈ. ഫണ്ട് പ്രകാരം നിശ്ചിതമായിട്ടുള്ള എംപ്ലോയീസിനെ മാത്രമേ നിയോഗിക്കാൻ കഴിയുകയുള്ളൂ. കൂടുതലായിട്ടുള്ള ആളുകളെയാണ് പിരിച്ചുവിട്ടിട്ടുള്ളത്. അത് എന്താണെന്നുള്ളത് പരിശോധിക്കാം.

## 8. അരീക്കോട് യുനാനി ആശുപത്രി

ശ്രീ. പി. കെ. ബഷീർ: സർ, എന്റെ നിയോജക മണ്ഡലത്തിലെ അരീക്കോട് പ്രദേശത്ത് ഒരു യുനാനി ആശുപത്രി സ്ഥാപിക്കണമെന്നാണ് ഈ സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുന്നത്. 10 സെന്റ് സ്ഥലം അവിടെ സൗജന്യമായി യുനാനി ആശുപത്രി സ്ഥാപിക്കുന്നതിനുവേണ്ടി ജനങ്ങൾ നൽകിയിട്ടുണ്ട്. മലപ്പുറം ജില്ലയിൽ യുനാനി ആശുപത്രികൾ ഇല്ല. അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി പ്രത്യേക താൽപ്പര്യമെടുത്ത് ഏറനാട് മണ്ഡലത്തിലെ അരീക്കോട് ഒരു യുനാനി ആശുപത്രി സ്ഥാപിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെടുന്നു.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സർ, ഭാരതീയ ചികിത്സാ വകുപ്പിന്റെകീഴിൽ കാസർഗോഡ് ജില്ലയിൽ ഒരു യുനാനി ഡിസ്പെൻസറി പ്രവർത്തിച്ചുവരുന്നുണ്ട്. കൂടാതെ എൻ.എച്ച്.എം. മുഖേന കണ്ണൂർ, കോഴിക്കോട്, മലപ്പുറം, പാലക്കാട് ജില്ലകളിലായി 15 ഡിസ്പെൻസറികളാണ് കേരളത്തിൽ പ്രവർത്തിക്കുന്നത്. ഇനിയും ഡിസ്പെൻസറികൾ ആരംഭിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് പല സ്വയംഭരണ സ്ഥാപനങ്ങളും ആവശ്യം ഉന്നയിച്ചിട്ടുണ്ട്. ഇവിടെ സൂചിപ്പിച്ച കാര്യം, നമ്മുടെ സംസ്ഥാനത്ത് "ആയുഷ്" രൂപീകരണത്തോടുകൂടി "ആയുഷ്"-ന്റെ എല്ലാ ശാഖകൾക്കും കൂടുതൽ പ്രാധാന്യം നൽകണമെന്നാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. ബഹുമാനപ്പെട്ട മെമ്പർ നൽകിയിട്ടുള്ള നിവേദനപ്രകാരം 10 സെന്റ് സ്ഥലം അനുവദിച്ച് ലഭ്യമാകുകയാണെങ്കിൽ തീർച്ചയായും ഗവൺമെന്റ് ഇക്കാര്യം പരിശോധിക്കുന്നതാണ്.

## 9. ക്ഷേത്രവരുമാനത്തിന്റെ വിനിയോഗവും ധനസഹായം അനുവദിക്കലും

ശ്രീ. വി. ഡി. സതീശൻ: സർ, നമ്മുടെ സംസ്ഥാനത്ത് വർഗ്ഗീയതയുടെ വിഷവിത്തുകൾ വിതയ്ക്കാനും ജനമനസ്സുകളിൽ വെറുപ്പിന്റെയും വിദ്വേഷത്തിന്റെയും വിഷം കുത്തിവയ്ക്കാനും വ്യാപകമായ ശ്രമങ്ങളും ഗൂഢാലോചനകളും നടക്കുകയാണ്. ഇതിന്റെ ഭാഗമായി വെള്ളത്തിന് തീപിടിപ്പിക്കുന്ന വർത്തമാനങ്ങളാണ് നമ്മുടെ സംസ്ഥാനത്ത് നടക്കുന്നത്. ശബരിമല ഉൾപ്പെടെയുള്ള ക്ഷേത്രങ്ങളിലെ വരുമാനം സർക്കാർ കവർന്നെടുത്ത് മറ്റ് കാര്യങ്ങൾക്കുവേണ്ടി ചെലവഴിക്കുന്നുവെന്നതാണ് പ്രധാന ആരോപണം. അതേയവസരത്തിൽ ക്രൈസ്തവ ദേവാലയങ്ങളിലും മുസ്ലീം പള്ളികളിലുംനിന്നും ലഭിക്കുന്ന വരുമാനം അവർതന്നെ എടുക്കുന്നുവെന്ന് കുറ്റപ്പെടുത്തുകയും ചെയ്യുന്നു. മാൻഹോളിൽ അകപ്പെട്ടുപോയ തൊഴിലാളികളെ രക്ഷിക്കാൻ ജീവത്യാഗം നടത്തിയ നൗഷാദ് കാണിച്ചത് മണ്ടത്തരമായി എന്നുപറയാൻ ചുണ്ടുചലിപ്പിച്ച വികലമായ മനസ്സുകളാണ് ഇതിനുപിന്നിൽ. അവരുടെ ക്വട്ടേഷൻ ഏറ്റെടുത്ത് ജാഥനടത്തുകയും പാർട്ടി ഉണ്ടാക്കുകയും ചെയ്യുവർ ഇക്കാര്യം ഏറ്റുപാടുകയാണ്. കാര്യങ്ങളറിയാത്ത സാധാരണക്കാരുടെ മനസ്സിൽ മുറിവുണ്ടാക്കാൻ ഈ പ്രചരണം സഹായകരമായിട്ടുണ്ട്. അതിനാൽ ക്ഷേത്രങ്ങളിൽനിന്നും ലഭിക്കുന്ന വരുമാനം സർക്കാർ മറ്റേതെങ്കിലും ആവശ്യങ്ങൾക്കു വേണ്ടി ഉപയോഗിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കണം. ഈ സർക്കാർ നിലവിൽ വന്നതിനുശേഷം ക്ഷേത്രങ്ങൾക്കും ദേവസ്വം ബോർഡുകൾക്കും സർക്കാർ ഗ്രാന്റോ മറ്റ് ധനസഹായങ്ങളോ നൽകിയിട്ടുണ്ടോ എന്നും വ്യക്തമാക്കണം.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സർ, ബഹുമാനപ്പെട്ട വി. ഡി. സതീശൻ ഇവിടെ ചൂണ്ടിക്കാണിച്ചത് ഏറ്റവും പ്രധാനപ്പെട്ട ഒരു വിഷയമാണ്. കുറച്ചുദിവസമായി സംസ്ഥാനത്തെ ക്ഷേത്രങ്ങളുടെ വരുമാനം എടുത്ത് മറ്റുപല കാര്യങ്ങൾക്കും വിനിയോഗിക്കുന്നുവെന്നുള്ള വ്യാജമായ പ്രചരണം കേരളമെമ്പാടും വ്യാപിച്ചുകൊണ്ടിരിക്കുകയാണ്. അതിന്റെ വിശദാംശം ഞാൻ ഇവിടെ സൂചിപ്പിക്കാം. സംസ്ഥാനത്തെ ശബരിമല ഉൾപ്പെടെയുള്ള ക്ഷേത്രങ്ങളുടെ വരുമാനം ട്രഷറിയിൽ നിക്ഷേപിച്ച് മറ്റുപല ആവശ്യങ്ങൾക്കായി വകമാറ്റി ചെലവഴിക്കുന്നുവെന്ന പ്രചരണം തികച്ചും അടിസ്ഥാനരഹിതമാണ്. തിരുവിതാംകൂർ-കൊച്ചി ദേവസ്വം ബോർഡുകളുടെ കീഴിലുള്ള ക്ഷേത്രങ്ങളിലെ വരുമാനം അതത് ദേവസ്വം ബോർഡുകളുടെ ബാങ്ക് അക്കൗണ്ടിലും മലബാർ

ദേവസ്വം ബോർഡ്, ഗുരുവായൂർ, കൂടൽമാണിക്യം ക്ഷേത്രങ്ങളിലെ വരുമാനങ്ങൾ അതത് ക്ഷേത്രങ്ങളുടെ ബാങ്ക് അക്കൗണ്ടുകളിലുമാണ് നിക്ഷേപിക്കുന്നത്. തിരുവിതാംകൂർ-കൊച്ചി ദേവസ്വം ബോർഡുകളിലെ വരവ്-ചെലവ് കണക്കുകൾ ആഡിറ്റ് ചെയ്യുന്നത് ബഹുമാനപ്പെട്ട ഹൈക്കോടതി നിയോഗിക്കുന്ന ആഡിറ്റർമാരാണ്. നിലവിൽ അത് ലോക്കൽ ഫണ്ട് വകുപ്പാണ് ചെയ്യുന്നത്. മലബാർ ദേവസ്വം ബോർഡിനുകീഴിലുള്ള ക്ഷേത്രങ്ങളുടെയും, കൂടൽമാണിക്യം, ഗുരുവായൂർ ദേവസ്വം ബോർഡുകളുടെയും വരവ്-ചെലവ് കണക്കുകൾ ലോക്കൽ ഫണ്ട് ആഡിറ്റ് ഡിപ്പാർട്ടുമെന്റ് ഇപ്പോൾ നിർവ്വഹിച്ചുവരുന്നു. ദേവസ്വം ബോർഡുകളുടെയും ക്ഷേത്രങ്ങളുടെയും ആഡിറ്റ് റിപ്പോർട്ടുകൾ പബ്ലിക് ഡോക്യുമെന്റായതിനാൽ ഇവ പരിശോധിച്ചാൽ ക്ഷേത്രങ്ങളുടെ വരുമാനം ക്ഷേത്രങ്ങൾക്കുവേണ്ടി മാത്രമാണ് ചെലവഴിക്കുന്നതെന്ന് വ്യക്തമാകും. തിരുവിതാംകൂർ, കൊച്ചി ദേവസ്വം ബോർഡുകൾക്ക് ഒരു നിശ്ചിത തുകയിൽ കൂടുതൽ ചെലവഴിക്കണമെങ്കിൽ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ അനുമതി ആവശ്യമുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ശബരിമല ഉൾപ്പെടെയുള്ള വിവിധ ക്ഷേത്രങ്ങൾക്കായി തിരുവിതാംകൂർ ദേവസ്വം ബോർഡിനുവേണ്ടി 106.30 കോടി രൂപയും കൊച്ചിൻ ദേവസ്വം ബോർഡിനുവേണ്ടി 2 കോടി രൂപയും മലബാർ ദേവസ്വം ബോർഡിനുവേണ്ടി 60.31 കോടി രൂപയും സംസ്ഥാന ഖജനാവിൽനിന്നും ചെലവഴിച്ചിട്ടുണ്ട്. ഇതുകൂടാതെ ശ്രീപത്മനാഭ സ്വാമി ക്ഷേത്രത്തിന്റെ സുരക്ഷയുമായി ബന്ധപ്പെട്ട് ഇതുവരെ 62.18 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. കൂടൽമാണിക്യം ദേവസ്വത്തിനുവേണ്ടി 50 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. മലപ്പുറം ജില്ലയിലെ ചമ്രവട്ടം ക്ഷേത്രം അഗ്നിബാധയ്ക്കിരയായപ്പോൾ പുനരുദ്ധാരണത്തിന് ദേവസ്വം ബോർഡ് നൽകിയതുകൂടാതെ 5 ലക്ഷം രൂപ സംസ്ഥാന ഗവൺമെന്റും അനുവദിച്ചിട്ടുണ്ട്. ചൊവ്വല്ലൂർ ക്ഷേത്ര പുനരുദ്ധാരണത്തിന് 4 ലക്ഷം രൂപ സംസ്ഥാന ഗവൺമെന്റ് അനുവദിച്ചിട്ടുണ്ട്. ആകെ 231.38 കോടി രൂപ വിവിധ ദേവസ്വം ബോർഡുകൾക്കും ക്ഷേത്രങ്ങൾക്കുമായി സർക്കാർ ഖജനാവിൽനിന്നും ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നൽകിയിട്ടുണ്ട്. ഇതിനുമുമ്പ് ഒരു കാലഘട്ടത്തിലും സർക്കാരിൽനിന്ന് ദേവസ്വം ബോർഡുകൾക്കോ ക്ഷേത്രങ്ങൾക്കോ ഇത്രയധികം തുക അനുവദിച്ചിട്ടില്ല എന്നുള്ളകാര്യം വ്യക്തമാക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഇതുകൂടാതെ 2011 മുതൽ 2015 വരെ

ശബരിമല റോഡുകളുടെ നിർമ്മാണത്തിനും നവീകരണത്തിനുമായി ഈ സാമ്പത്തിക വർഷം അനുവദിച്ച തൊണ്ണൂറ്റിയഞ്ചരക്കോടിരൂപ ഉൾപ്പെടെ 540 കോടി രൂപയാണ് ശബരിമല റോഡുകളുടെ നിർമ്മാണത്തിനുവേണ്ടി ഈ ഗവൺമെന്റ് ഇതുവരെ ചെലവഴിച്ചത്. ശബരിമല വികസനത്തിനായി തിരുവിതാംകൂർ ദേവസ്വം ബോർഡ് ചെലവഴിക്കുന്ന ദേവസ്വം ബോർഡ് ഫണ്ടിനുപരിയായി ശബരിമല മാസ്റ്റർ പ്ലാൻ കമ്മിറ്റി മുഖേന കോടിക്കണക്കിന് രൂപയുടെ വികസനപ്രവർത്തനങ്ങളാണ് നടന്നുവരുന്നത്. ഈ വർഷംതന്നെ സർക്കാർ ഫണ്ടുപയോഗിച്ച് ശബരിമല, പമ്പ, നിലയ്ക്കൽ മേഖലകളിൽ 65 കോടി രൂപയുടെ വികസനപ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. സന്നിധാനത്തെ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ്, 6 ക്യൂ കോംപ്ലക്സുകൾ, വാട്ടർ ടാങ്കുകൾ, ടോയ്ലെറ്റ് ബ്ലോക്കുകൾ, നിലയ്ക്കലിൽ 3500 വാഹനങ്ങൾ പാർക്ക് ചെയ്യുന്നതക്കരീതിയിലുള്ള ഇന്റർലോക്കിംഗ് സംവിധാനം എന്നിവ ഇതിനകത്ത് ഉൾപ്പെടുന്നു. ആരോഗ്യ വകുപ്പിന്റെ ഫണ്ടുപയോഗിച്ച് മോഡേൺ മെഡിസിൻ, ആയുർവ്വേദം, ഹോമിയോ വകുപ്പുകൾ എന്നിവ ഉൾപ്പെടുത്തി 15 കോടി രൂപ ചെലവിൽ പമ്പയിൽ ആശുപത്രി കെട്ടിട സമുച്ചയം നിർമ്മിച്ചുകഴിഞ്ഞു. അതുപോലെതന്നെ സന്നിധാനത്ത് ഈ വർഷം സംസ്ഥാന ഗവൺമെന്റ് ഫണ്ടായ 5 കോടി രൂപ ഉപയോഗിച്ച് പുതിയ ആശുപത്രി കെട്ടിടത്തിന് തറക്കല്ലിട്ടു. കേരള വാട്ടർ അതോറിറ്റി 6 കോടി രൂപ ചെലവിൽ പമ്പ മുതൽ സന്നിധാനംവരെ പാരലൽ പൈപ്പ്ലൈൻ സ്ഥാപിച്ചു. പോലീസ് ബസ്സിന് 2 കോടി രൂപ, ശബരിമലയിൽ ഡ്യൂട്ടിയുള്ള ആരോഗ്യവകുപ്പ് ഉദ്യോഗസ്ഥർക്ക് റ്റി.എ. നൽകുന്നതിനായി 75 ലക്ഷം രൂപ, ശബരിമലയുമായി ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് 3 കോടി രൂപ, ശുചീകരണത്തിന് വിശുദ്ധസേനയെ നിയോഗിക്കുന്നതിന് ഒന്നരക്കോടി രൂപ, ബന്ധപ്പെട്ട ജില്ലാകളക്ടർമാർക്ക് 10 ലക്ഷം രൂപ, ജില്ലാ പോലീസ് സൂപ്രണ്ടുമാർക്ക് 5 ലക്ഷം രൂപ അടിയന്തരാവശ്യങ്ങൾക്ക് നൽകുന്നതിനുവേണ്ടി ഈ വർഷവും നൽകിയിട്ടുണ്ട്. അതോടൊപ്പംതന്നെ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ആറ്റുകാൽ ക്ഷേത്രത്തിൽ ഓരോവർഷവും ഉൽസവത്തോടനുബന്ധിച്ചുള്ള പ്രവർത്തനങ്ങൾക്ക് ഏകദേശം 10 കോടിരൂപ അനുവദിക്കുകയാണ്. 2011 മുതൽ 2015 വരെ ദേവസ്വം ബോർഡുകൾക്കും ക്ഷേത്രങ്ങൾക്കും സർക്കാർ ഖജനാവിൽനിന്നും ചെലവഴിച്ച തുകയുടെ ചെറിയൊരു രൂപംകൂടി ഞാൻ പറയാം. തിരുവിതാംകൂർ ദേവസ്വം ബോർഡ്-ശബരിമല-ഗ്രാന്റ്

2011 മുതൽ 2015 വരെ 4 കോടിരൂപ നൽകിയിട്ടുണ്ട്. കാവുകളും കുളങ്ങളും സംരക്ഷിക്കുന്നതിനുവേണ്ടി ഒരു പദ്ധതി ആവിഷ്കരിക്കണമെന്ന് അങ്ങ് തന്നെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ തിരുവിതാംകൂർ ദേവസ്വം ബോർഡുകളുടെ കാവുകൾക്കും കുളങ്ങൾക്കും ക്ഷേത്രങ്ങൾക്കുമായി 4 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ശബരിമല മാസ്റ്റർ പ്ലാനിന് സംസ്ഥാന ഗവൺമെന്റാണ് തുക ചെലവഴിക്കുന്നത്. 2011-15 വരെ 65 കോടി രൂപ ബഡ്ജറ്റിൽ ഓരോവർഷവും ആദ്യമായി 25 കോടി രൂപ വീതം വച്ചുകൊണ്ടാണ് ക്ഷേത്രത്തിലെ പുനരുദ്ധാരണത്തിനുള്ള പ്രവർത്തനങ്ങൾ നടന്നത്. വൈക്കം കലാപീഠം - 5 ലക്ഷം രൂപ, വർക്കല ജനാർദ്ദന സ്വാമി ക്ഷേത്രം-80 ലക്ഷം രൂപ, ശബരിമല പോലീസ് ബസ് - 6.55 കോടി രൂപ, ഡോക്ടർമാർക്ക് റ്റി.എ. ഇതുവരെ 3.85 കോടിരൂപ, സാനിട്ടേഷൻ സൊസൈറ്റി ശുചീകരണം - 5.4 കോടി രൂപ, ജില്ലാ കളക്ടർമാർക്ക്-1.90 കോടി രൂപ, സീറോ വേസ്റ്റ് മാനേജ്മെന്റ് - 5 കോടി രൂപ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ - 9.75 കോടി രൂപ എന്നുരൂപത്തിൽ അങ്ങനെ തിരുവിതാംകൂർ ദേവസ്വം ബോർഡിന് 106.30 കോടി രൂപ സംസ്ഥാനഗവൺമെന്റ് ഇതുവരെ അനുവദിച്ചിട്ടുണ്ട്. ശ്രീപത്മനാഭ സ്വാമിക്ഷേത്രത്തിന്റെ സ്വത്തുക്കൾ കണ്ടെത്തിയതിനുശേഷം സുരക്ഷാസംവിധാനവുമായി ബന്ധപ്പെട്ട് 60.18 കോടി രൂപ സെക്യൂരിറ്റിക്കുവേണ്ടി മാത്രം അനുവദിച്ചു. ഗ്രാന്റ് ഒരുകോടി രൂപ അനുവദിച്ചു. പത്മതീർത്ഥക്കുളം നവീകരിക്കുന്നതിന് ഒരു കോടി രൂപ അനുവദിച്ചു. മലബാർ ദേവസ്വം ബോർഡിന്റെ ഗ്രാന്റ് 18 കോടി രൂപയായിരുന്നത് ഇപ്പോൾ ആകെ 33 കോടി രൂപ അനുവദിച്ചു. 2011 മുതൽ 2015 വരെ 52.86 കോടി രൂപ, ആചാരസ്ഥാനീയർക്ക് പെൻഷൻ 4 കോടി രൂപ, കാവുകളും കുളങ്ങളും സംരക്ഷിക്കുന്നതിന് മൂന്നരക്കോടി രൂപ, കൊച്ചിൻ ദേവസ്വം ബോർഡിന് 2 കോടി രൂപ, കൂടൽമാണിക്യം ദേവസ്വം ബോർഡിന് 50 ലക്ഷം രൂപ ഇങ്ങനെ കോടിക്കണക്കിന് രൂപ സംസ്ഥാന ഗവൺമെന്റിന്റെ ഖജനാവിൽനിന്നും ക്ഷേത്രങ്ങളുടെ സംരക്ഷണത്തിന്, ശബരിമല പോലെയുള്ള മഹാക്ഷേത്രങ്ങളുടെ പുരോഗതിക്കുവേണ്ടി ഉപയോഗിച്ചു കൊണ്ടിരിക്കുന്ന ഒരു സാഹചര്യത്തിൽ ക്ഷേത്രങ്ങളുടെ വരുമാനം വകമാറ്റി ചെലവഴിക്കുന്നുവെന്ന് സംസ്ഥാന വ്യാപകമായി ചില കേന്ദ്രങ്ങൾ വ്യാജപ്രചരണം നടത്തുന്നത് തികച്ചും അടിസ്ഥാനരഹിതമാണ്, ഖേദകരമാണ് എന്നുപറയാൻ ഞാൻ ആഗ്രഹിക്കുകയാണ്.

12.00 Noon]

## 10. പാരിപ്പള്ളി ഇ.എസ്.ഐ. മെഡിക്കൽ കോളേജ്

ശ്രീ. ജി. എസ്. ജയലാൽ: സർ, കൊല്ലം ജില്ലയിൽ പാരിപ്പള്ളി കേന്ദ്രമാക്കി 540 കോടി രൂപ മുടക്കി ആരംഭിക്കാൻ തീരുമാനിച്ചിരുന്ന ഇ.എസ്.ഐ. മെഡിക്കൽ കോളേജ് ഇ.എസ്.ഐ. കോർപ്പറേഷൻ ഉപേക്ഷിച്ചിരിക്കുകയാണ്. അത് 2009-ൽ ഇൻഡ്യയിൽ ആദ്യമായി തറക്കല്ലിട്ട ഇ.എസ്.ഐ. മെഡിക്കൽ കോളേജും സംസ്ഥാനത്തെ ഏക ഇ.എസ്.ഐ. മെഡിക്കൽ കോളേജുമാണ്. 2012-ൽ ഉദ്ഘാടനം ചെയ്യുമെന്ന് പ്രഖ്യാപിച്ചുകൊണ്ടാണ് അതിന്റെ നിർമ്മാണ പ്രവർത്തനം ആരംഭിച്ചത്. 2011 വരെ അതിന്റെ പ്രവർത്തനം ത്വരിതഗതിയിൽ നടന്നിരുന്നു. അതിനുശേഷം പ്രവർത്തനം മന്ദഗതിയിലായി. നിർമ്മാണം പൂർത്തിയാക്കാതെ തന്നെ 2014-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉദ്ഘാടനവും ചെയ്ത മെഡിക്കൽ കോളേജാണിത്. 2014-ൽ പുതിയ കേന്ദ്ര ഗവൺമെന്റ് വന്നശേഷം ഇ.എസ്.ഐ. കോർപ്പറേഷൻ പാരിപ്പള്ളി ഇ.എസ്.ഐ. മെഡിക്കൽ കോളേജ് ഉപേക്ഷിക്കാൻ തീരുമാനിച്ചു. സ്വകാര്യ മുതലാളിമാരുടെ കൈകളിലേക്ക് പോകാതിരിക്കാൻ സംസ്ഥാന ഗവൺമെന്റ് അത് ഏറ്റെടുത്ത് പ്രാവർത്തികമാക്കണം. തൊഴിലാളികളുടെ എല്ലാ ആനുകൂല്യങ്ങളും നിലനിർത്തിക്കൊണ്ട് സംസ്ഥാന ഗവൺമെന്റ് ആ മെഡിക്കൽ കോളേജ് ഏറ്റെടുത്ത് പ്രവർത്തിപ്പിക്കണ മെന്നാവശ്യപ്പെട്ടുകൊണ്ട് വമ്പിച്ച ജനകീയ പ്രക്ഷോഭം ഉണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ ഗവൺമെന്റ് ഏറ്റെടുക്കുമെന്ന് പ്രഖ്യാപിക്കുകയും ചെയ്തു. പക്ഷെ അത് പ്രഖ്യാപനത്തിൽ മാത്രം ഒതുങ്ങുകയാണ്. 2014-ൽ മെഡിക്കൽ കോളേജിന്റെ ഉദ്ഘാടനം നടത്തുകയും ഇത്തരത്തിലുള്ള ആശങ്കകൾ വരുകയും ചെയ്തപ്പോൾ മെഡിക്കൽ കോളേജ് ആരംഭിക്കാത്തതിന്റെ പേരിൽ അവിടെ ഒരു കക്ഷിയുടേയും പിൻബലമില്ലാതെ മൂന്നാറിലെ പെമ്പിളൈ ഒരുമയെപ്പോലുള്ള സമര മാർഗ്ഗങ്ങളിലേക്ക് തൊഴിലാളികൾ കടന്നുവരികയും മൂന്ന് മാസമായി സമരം ചെയ്യുകയുമാണ്. അതിന്റെ പേരിൽ വലിയ ആശങ്കയാണ്. അവിടത്തെ ജീവനക്കാർ ഉൾപ്പടെ ചേർന്നുകൊണ്ടാണ് ഇത്തരം ആശങ്കയുണ്ടാക്കുന്നതെന്നാണ് നമുക്ക് മനസ്സിലാക്കാൻ കഴിഞ്ഞിട്ടുള്ളത്. അവിടെ തൊഴിലാളി സംഘടനകളും ജനപ്രതിനിധികളുമുൾപ്പെടെ ഏകദേശം 25 ദിവസമായി സത്യാഗ്രഹത്തിലാണ്. ആ സമരം ഇപ്പോൾ വല്ലാതെ വളർന്നുവരികയാണ്. സംസ്ഥാന സർക്കാർ ഏറ്റെടുക്കുമെന്ന് പ്രഖ്യാപിക്കുന്നതല്ലാതെ മെഡിക്കൽ കൗൺസിലിന്റെ അംഗീകാരംപോലും ലഭ്യമായിട്ടില്ലെന്നാണ് നമുക്ക് മനസ്സിലാകുന്നത്. ഈ താമസം വലിയ ആശങ്ക ജനിപ്പിക്കുന്നു. ഇ.എസ്.ഐ. കോർപ്പറേഷൻ നടത്തുമ്പോൾ തൊഴിലാളികൾക്ക് നൽകുന്ന ചികിത്സാ, വിദ്യാഭ്യാസം തുടങ്ങിയ എല്ലാ ആനുകൂല്യങ്ങളും നിലനിർത്തിക്കൊണ്ട് മെഡിക്കൽ കോളേജ് ഉടൻ പ്രവർത്തനം

ആരംഭിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നടക്കുന്ന ജനകീയ സമരത്തെ ഗവൺമെന്റ് വളരെ ഗൗരവമായി കാണുകയും സമരം നടത്തുന്ന ട്രേഡ് യൂണിയൻ സംഘടനകളെയും ജനപ്രതിനിധികളെയും വിളിച്ചുകൂട്ടി ചർച്ച ചെയ്ത് എത്രയും പെട്ടെന്ന് മെഡിക്കൽ കോളേജ് ആരംഭിക്കാനുള്ള നടപടി സ്വീകരിക്കുകയും വേണം എന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സർ, സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ഓരോ മെഡിക്കൽ കോളേജ് ആരംഭിക്കുക എന്ന ഗവൺമെന്റ് നയത്തിന്റെ ഭാഗമായി, കൊല്ലത്ത് പാരിപ്പള്ളി ഇ.എസ്.ഐ. മെഡിക്കൽ കോളേജ് കേന്ദ്ര ഗവൺമെന്റ് നടത്താത്ത പശ്ചാത്തലത്തിൽ ഇ.എസ്.ഐ. കോർപ്പറേഷന്റെ ആവശ്യപ്രകാരം കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ധാരണയിലെത്തുകയും 12-10-2015-ൽ പാരിപ്പള്ളി ഇ.എസ്.ഐ. മെഡിക്കൽ കോളേജ് ഏറ്റെടുക്കുന്നതിന് ധാരണാപത്രത്തിൽ ഒപ്പുവയ്ക്കുകയും ചെയ്തു. 1-12-2015-ലെ സർക്കാർ ഉത്തരവ് പ്രകാരം ഏറ്റെടുക്കൽ നടപടികൾ പൂർത്തീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കേരള കാഷ്യൂ വർക്കേഴ്സ് സെന്ററും മുൻ തൊഴിലാളി സംഘടനകളും ചേർന്ന് ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തതിലും സർക്കാർ ഇക്കാര്യം ബോധിപ്പിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിലാണ് ബഹുമാനപ്പെട്ട ഹൈക്കോടതി സ്റ്റേ ഒഴിവാക്കിയതും ധാരണാപത്രം ഒപ്പുവയ്ക്കുന്നതുമായി സർക്കാർ മുന്നോട്ടു പോയതും. ഇ.എസ്.ഐ. കോർപ്പറേഷനുമായി സർക്കാർ ഒപ്പുവച്ച ധാരണാപത്രത്തിന്റെ അടിസ്ഥാനത്തിൽ എംപ്ലോയീസ് സ്റ്റേറ്റ് ഇൻഷ്വറൻസ് സ്കീമിൽ ഇൻഷ്വർ ചെയ്തിട്ടുള്ള തൊഴിലാളികൾക്കും അവരുടെ കുടുംബാംഗങ്ങൾക്കും സൗജന്യചികിത്സ ഉറപ്പുവരുത്തും. മെഡിക്കൽ കോളേജിലെ 35 ശതമാനം എം.ബി.ബി.എസ്. സീറ്റുകൾ ഇ.എസ്.ഐ. കോർപ്പറേഷനുകീഴിൽ ഇൻഷ്വർ ചെയ്ത വ്യക്തികളുടെ കുട്ടികൾക്ക് പ്രവേശനം നൽകുന്നതിനായി മാറ്റിവയ്ക്കും. പാരിപ്പള്ളി ഇ.എസ്.ഐ. മെഡിക്കൽ കോളേജിൽ അടുത്ത അദ്ധ്യയനവർഷംതന്നെ എം.ബി.ബി.എസ്. കോഴ്സിലേക്ക് പ്രവേശനം സാധ്യമാക്കുന്നതിനായി ഇൻഡ്യൻ മെഡിക്കൽ കൗൺസിലിന്റെ അംഗീകാരം തേടിയിട്ടുണ്ട്. മെഡിക്കൽ കൗൺസിൽ നിഷ്കർഷിച്ച പ്രകാരമുള്ള അദ്ധ്യാപക-അനദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നടപടികൾ ധനകാര്യ വകുപ്പ് ഉടൻതന്നെ സ്വീകരിക്കുന്നതാണ്. മെഡിക്കൽ കൗൺസിലിന്റെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് കോളേജിന്റെ പ്രവർത്തനം ആരംഭിക്കാൻ കഴിയും. അടുത്തവർഷം മെഡിക്കൽ കോളേജിന്റെ പ്രവർത്തനം ആരംഭിക്കാൻ കഴിയുമെന്നാണ് കരുതുന്നത്. അവിടെ ചില തൊഴിലാളി സംഘടനകൾ അംഗീകരിക്കപ്പെട്ട കാര്യങ്ങളുമായി ബന്ധപ്പെട്ട് സമരവുമായി മുന്നോട്ടു വന്നിട്ടുണ്ട്. ആവശ്യമെങ്കിൽ തൊഴിൽ വകുപ്പുമന്ത്രിയുമായി സംസാരിച്ച് തൊഴിലാളി സംഘടനകളുമായി ചർച്ച ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

# VI മേശപ്പുറത്തുവച്ച കടലാസുകൾ

## ചട്ടം 47(2) പ്രകാരമുള്ള കടലാസുകൾ

1. മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : സർ, പതിമൂന്നാം കേരള നിയമസഭയുടെ പതിമൂന്നാം സമ്മേളനത്തിലെ 50, പതിനാലാം സമ്മേളനത്തിലെ 84 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടിയും അവയ്ക്ക് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

2. മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു) : സർ, പതിമൂന്നാം കേരള നിയമസഭയുടെ പതിനാലാം സമ്മേളനത്തിലെ 117 എന്ന നമ്പരിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന്റെ മറുപടിയും യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

3. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ) : സർ, പതിമൂന്നാം കേരള നിയമസഭയുടെ പതിനാലാം സമ്മേളനത്തിലെ 270, 1892, 1998 എന്നീ നമ്പരുകളിലുള്ള നക്ഷത്ര ചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടിയും അവയ്ക്ക് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രിക്കുവേണ്ടി ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

# VII റിപ്പോർട്ട് സമർപ്പണം

## 2015-ലെ കേരള സ്പോർട്സ് (ഭേദഗതി) ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട്

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദുറബ്ബ്): സർ, വിദ്യാഭ്യാസ വകുപ്പുമന്ത്രിയും സബ്ജക്ട് കമ്മിറ്റി VI-ന്റെ അദ്ധ്യക്ഷനുമായ ഞാൻ 2015-ലെ സ്പോർട്സ് (ഭേദഗതി) ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കുന്നു.

മി. സ്പീക്കർ: റിപ്പോർട്ട് സമർപ്പിക്കപ്പെട്ടിരിക്കുന്നു.

# VIII ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന

## 'അവർക്കായ് നമുക്ക് വാങ്ങാം' പദ്ധതി

പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽ കുമാർ): സർ, സംസ്ഥാന വിനോദസഞ്ചാര വകുപ്പ് സംഘടിപ്പിക്കുന്ന ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവൽ സീസൺ 9, കഴിഞ്ഞ ദിവസം ബഹുമാന്യനായ മുഖ്യമന്ത്രി കൊല്ലത്ത് ഉദ്ഘാടനം നിർവ്വഹിക്കുകയുണ്ടായി. 46 ദിവസം നീണ്ടുനിൽക്കുന്ന ഈ വ്യാപാര മേളയിൽ എല്ലാം വ്യാപാര സംഘടനകളും സഹകരിക്കുന്നുണ്ട്. പരമ്പരാഗത കരകൗശല മേഖലയ്ക്ക് പ്രത്യേക പ്രാധാന്യം നൽകി സംഘടിപ്പിക്കുന്ന ഇത്തവണത്തെ ഫെസ്റ്റിവലിൽ കോഴിക്കോട് ഇരിങ്ങലിൽ സർഗ്ഗാലയ ഇരിങ്ങൽ ഇന്റർനാഷണൽ ക്രാഫ്റ്റ് ഫെസ്റ്റിവൽ മേളയും ചവറയിൽ ദേശീയ കരകൗശലോത്സവവും സംഘടിപ്പിക്കുന്നതോടൊപ്പം സംസ്ഥാനത്താദ്യമായി കരകൗശല ശിൽപികൾക്ക് അവാർഡുകളും ഏർപ്പെടുത്തിയിട്ടുണ്ട്. ഷോപ്പിംഗ് ഫെസ്റ്റിവലിൽ ഇത്തവണ ആദ്യമായി 'അവർക്കായ് നമുക്ക് വാങ്ങാം' എന്ന പുതിയ പദ്ധതി നടപ്പിലാക്കുന്നുണ്ട്. നമുക്ക് ചുറ്റുമുള്ള അനാഥർ, അഗതികൾ, ആലംബഹീനർ, സാമ്പത്തിക-ശാരീരിക-മാനസിക പരിമിതിയുള്ളവരും അവരെ പരിചരിക്കുന്ന സ്ഥാപനങ്ങളെയുംകൂടി സഹായിക്കാൻ ലക്ഷ്യമിട്ടുകൊണ്ടാണ് 'അവർക്കായ് നമുക്ക് വാങ്ങാം' പദ്ധതി നടപ്പിലാക്കുന്നത്. നാം ഉത്സവകാലങ്ങളിലും ഷോപ്പിംഗ് സീസണുകളിലും ഇഷ്ടാനുസരണം ഒട്ടേറെ വസ്തുക്കൾ വാങ്ങാറുണ്ട്. ആ സന്തോഷത്തോടൊപ്പം ഇങ്ങനെ വാങ്ങാൻ കഴിയാത്തവർക്കുകൂടി എന്തെങ്കിലുമൊന്ന് വാങ്ങി നൽകി അവർക്കുണ്ടാകുന്ന സന്തോഷത്തിൽ നമ്മളും പങ്കുചേരുന്നുവെന്നതാണ് ഇതിന്റെ മുഖ്യലക്ഷ്യം. ഈ കരുതലിന്റെ സന്ദേശം എല്ലാവരിലേയ്ക്കും എത്തിക്കുന്നതിനുള്ള പ്രചരണ-സംഘാടന പ്രവർത്തനങ്ങൾക്ക് ജി.കെ.എസ്.എഫ്. നേതൃത്വം നൽകുന്നുണ്ട്. 'അവർക്കായ് നമുക്ക് വാങ്ങാം' പദ്ധതിയുടെ ഔപചാരിക ഉദ്ഘാടനം കുട്ടികൾക്ക് കുഞ്ഞുടുപ്പ് വാങ്ങി നൽകിക്കൊണ്ട് രാജ്ഭവനിൽ വച്ച് ബഹുമാന്യനായ കേരളാ ഗവർണർ ശ്രീ. ജസ്റ്റിസ് പി. സദാശിവം, നിർവ്വഹിക്കുകയുണ്ടായി. അദ്ദേഹം വാങ്ങി നൽകിയ കുഞ്ഞുടുപ്പുകൾ രക്താർബുദം പോലെ മാരകമായ അസുഖം ബാധിച്ച കുട്ടികൾക്കായി തൃശ്ശൂർ ജില്ല ആസ്ഥാനമായി പ്രവർത്തിക്കുന്ന സോളസ് എന്ന സംഘടനയ്ക്ക് ബഹുമാന്യനായ മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടി കൊല്ലത്ത് ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവൽ സീസൺ 9-ന്റെ ഉദ്ഘാടന വേദിയിൽവച്ച് കൈമാറുകയുണ്ടായി. മറ്റു പല വ്യക്തികളും സാമൂഹിക സംഘടനകളും ഈ സാമൂഹിക സേവന ദൗത്യത്തിന് പങ്കാളികളാകാൻ തയ്യാറായിവന്നിട്ടുണ്ട്. എല്ലാ ബഹുമാന്യരായ നിയമസഭാ സാമാജികരും ഇതിൽ പങ്കാളികളാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

# IX നിയമനിർമ്മാണകാര്യം

(1) 2012-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ കീഴിലുള്ള സർവ്വീസുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബില്ലിന്റെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും.

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): സർ, 2012-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ കീഴിലുള്ള സർവ്വീസുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബിൽ ഞാൻ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): സർ, 2012-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ കീഴിലുള്ള സർവ്വീസുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബിൽ വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും സംബന്ധിച്ച X-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): സർ, 1974-ൽ ആണ് The Water (Prevention and Control of Pollution) Act, 1974 എന്ന കേന്ദ്രനിയമം നിലവിൽ വന്നത്. അതിന്റെ വെളിച്ചത്തിൽ അതേവർഷംതന്നെ കേരളത്തിൽ ഒരു ബോർഡ് കോൺസ്റ്റിറ്റ്യൂട്ട് ചെയ്തു. സെൻട്രൽ ബോർഡ് വരുന്നതിനുമുൻപുതന്നെ കേരളത്തിൽ ആ ബോർഡ് നിലവിൽ വന്നു. ഇൻഡ്യയിൽ ആദ്യമായി ഈ ആക്ടിന്റെ അടിസ്ഥാനത്തിൽ ഒരു ബോർഡ് രൂപീകരിച്ചത് ആ കാലത്താണ്. The Water (Prevention and Control of Pollution) Act, 1974, The Air (Prevention and Control of Pollution) Act, 1981 എന്നീ രണ്ട് ആക്ടുകളുടെ പ്രവർത്തനമാണ് ഈ ബോർഡ് നടത്തിക്കൊണ്ടിരിക്കുന്നത്. ഇന്ന് ബോർഡിൽ ജോലിഭാരം കൂടുതലാണ്. 2004-ൽ ബോർഡിലെ സാങ്ഷൻഡ് സ്ട്രെങ്ത് 301 ആയിരുന്നു. അതുവച്ചാണ് ബോർഡ് പ്രവർത്തിച്ചുവരുന്നത്. എന്നാൽ ഇന്ന് ആ സ്ട്രെങ്ത് അനുസരിച്ചുള്ള ആളുകളില്ല, കേവലം 121 സ്റ്റാഫ് മാത്രമാണുള്ളത്. അത് ബോർഡിന്റെ പ്രവർത്തനത്തെ ഏറെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്.

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽനിന്നും സർവ്വീസിൽനിന്നും ഡെപ്യൂട്ടേഷനിൽ ആളുകളെ നിയമിച്ചാണ് ബോർഡ് പ്രവർത്തിച്ചുവരുന്നത്. ഇത് ബോർഡിന്റെ കാര്യക്ഷമമായ പ്രവർത്തനത്തിന് വളരെയധികം ബുദ്ധിമുട്ടുണ്ടാക്കുന്നു. പ്രവർത്തനങ്ങൾക്ക് കണ്ടിന്യൂവേഷൻ കിട്ടുന്നില്ല. അതുകൊണ്ട് ഈ നിയമനങ്ങൾ പി.എസ്.സി.-ക്ക് വിട്ടുകൊണ്ട് പെർമനന്റ് ജീവനക്കാരെ നിയമിക്കാൻ സാധിക്കണം എന്ന് ഉദ്ദേശിച്ചുകൊണ്ടാണ് ഈ ബിൽ അവതരിപ്പിക്കുന്നത്. മൂന്നുനാല് ക്ലോസ്സുകൾ മാത്രമേ ഇതിലുള്ളൂ. ഇതുസംബന്ധിച്ച് വലിയൊരു ചർച്ച ആവശ്യമുണ്ടെന്ന് എനിക്കുതോന്നുന്നില്ല. വേണമെങ്കിൽ ചർച്ച ചെയ്യുന്നതിലും വിരോധവുമില്ല.

മി. സ്പീക്കർ: ഭേദഗതി അവതരിപ്പിച്ചുകൊണ്ട് അംഗങ്ങൾക്ക് സംസാരിക്കാവുന്നതാണ്. രണ്ട് ബില്ലുകൾ പാസ്സാക്കാനുണ്ട്. ഈ ബിൽ സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കുകയും വേണം. 16 പേർ സംസാരിക്കാനുണ്ട്. ബില്ലിന് പ്രത്യേകം സമയം ഇല്ല. അതുകൊണ്ട് സംസാരിക്കുന്ന ബഹുമാന്യരായ അംഗങ്ങൾ സമയം കുറച്ചെടുത്താൽ നന്നായിരിക്കും.

ശ്രീ. സി. ദിവാകരൻ : സർ, 2012-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (കേരള സംസ്ഥാന മലിനീകരണനിയന്ത്രണ ബോർഡിന്റെ കീഴിലുള്ള സർവ്വീസുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 30-1-2016 വരെ സർക്കുലേറ്റ് ചെയ്യണമെന്ന 1 (എ) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ബഹുമാനപ്പെട്ട മന്ത്രി ഈ ബിൽ അവതരിപ്പിച്ചുകൊണ്ട് ചർച്ചകൾ ഒഴിവാക്കി പാസ്സാക്കിത്തരണം എന്നുള്ള ഒരു സന്ദേശം നൽകി. ചർച്ചകൾ ഒഴിവാക്കാൻ സാദ്ധ്യമല്ല. ചർച്ച ചെയ്യാതെ ബിൽ പാസ്സായാൽ undemocratic ആയിപ്പോകും.

ശ്രീ. ആര്യാടൻ മുഹമ്മദ്: സർ, ഞാൻ ചർച്ച വേണ്ടെന്നല്ല, വളരെ കുറച്ച് ക്ലോസുകൾ മാത്രമേയുള്ളൂ എന്നാണ് പറഞ്ഞത്. ചർച്ച വേണമെങ്കിൽ ആകാം.

ശ്രീ. സി. ദിവാകരൻ: സർ, ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതുപോലെ ഇൻഡ്യാ മഹാരാജ്യത്തുതന്നെ ആദ്യത്തെ ശ്രമമായിരുന്നു ഇതുസംബന്ധിച്ച് കേരള സംസ്ഥാന ഗവൺമെന്റ് സ്വീകരിച്ചത്. അതിന്റെയടിസ്ഥാനത്തിൽ വന്ന ഒരു നിയമമാണിത്. ഇതിന്റെ മൗലികമായ ഉദ്ദേശ്യം കേരളത്തെ മാലിന്യവിമുക്തമാക്കുക എന്നതാണ്. ഇതിന്റെ ലക്ഷ്യം ശുചിത്വ കേരളമാണ്. നിയമനം പി.എസ്.സി. വഴി വേണോ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലൂടെ വേണോ, ഡയറക്ടായി വേണോ അല്ലെങ്കിൽ ദേവസ്വം ബോർഡിൽ ഉള്ളതുപോലെ ഒരു

റിക്രൂട്ട്മെന്റ് ബോർഡ് വഴി വേണോ എന്നുള്ളതല്ല ഇവിടത്തെ പ്രശ്നം. ഫലത്തിൽ ഈ ബോർഡ് ഒരു വെള്ളാനയാണ്. ബോർഡിൽനിന്ന് സംസ്ഥാനത്തെ ജനങ്ങൾക്ക് കിട്ടേണ്ട യാതൊരു സേവനവും കിട്ടുന്നില്ല. ഫാക്ടറികളും മറ്റ് സ്ഥാപനങ്ങളും തുടങ്ങുമ്പോൾ ലൈസൻസ് കൊടുക്കുക എന്നതിന് മാത്രമാണ് ബോർഡിനെ ആശ്രയിക്കുന്നത്. അതിന് ആവശ്യമായ പഠനങ്ങളും മറ്റും കാര്യക്ഷമമായി നടക്കുന്നുണ്ടോയെന്നും അതിനാവശ്യമായ വിദഗ്ദ്ധൻമാരുണ്ടോ എന്നൊന്നുമില്ല. ഇതിൽ രണ്ട് കമ്മിറ്റികളുള്ളതായി കാണുന്നു. ഒന്ന്, ഇതിന്റെ ബോർഡ് തന്നെയാണ്. ബോർഡിനോടൊപ്പം ഒരു അഡ്വൈസറി കമ്മിറ്റിയുമുണ്ട്. അഡ്വൈസറി കമ്മിറ്റി കൂടിയിട്ടുണ്ടോയെന്നും അതിന്റെ പ്രവർത്തനം വല്ലതും നടക്കുന്നുണ്ടോയെന്നൊന്നും അറിയില്ല. ഈ നിയമത്തിൽ പറഞ്ഞിരിക്കുന്ന ഒട്ടേറെ കാര്യങ്ങളുണ്ട്. ആക്ട് പ്രകാരം ഭീമമായ തുക സെസ് പിരിക്കാം. സെസ് പിരിക്കുന്ന തുക കേന്ദ്രത്തിൽ പോയി തിരിച്ച് വാട്ടർ അതോറിറ്റി വഴി നമുക്ക് അതിന്റെ വിഹിതം കിട്ടും. ഈ സെസ് എങ്ങനെയാണ് പിരിക്കേണ്ടത്, എങ്ങനെയാണ് ഇത് അസസ് ചെയ്യുന്നത് എന്നതെല്ലാം ഇതിൽ പറഞ്ഞിട്ടുണ്ട്. As per the Amendment of the Act 2003, all Industries consuming less than 10 cubic litre water a day have been exempted from the levy of cess. Based on that 222 Industries have been brought under the purview of Water Cess Act. Out of this, 51 major Industries are assessed. ഏതെല്ലാം വ്യവസായങ്ങളിൽനിന്നാണ് സെസ് പിരിക്കേണ്ടതെന്നും ഏതെല്ലാം വ്യവസായ ങ്ങളെയാണ് ഇതിൽനിന്ന് ഒഴിവാക്കിയതെന്നും ഏതെല്ലാം വ്യവസായങ്ങളാണ് വെള്ളം ഏറ്റവും കൂടുതൽ ദുർവിനിയോഗം ചെയ്യുന്നതെന്നുമെല്ലാം ഇതിൽ പറഞ്ഞിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ പൊല്യൂഷൻ കൺട്രോൾ ബോർഡ് എന്തെങ്കിലും നടപടിയെടുത്തതായി ഇതുവരെ ജനങ്ങൾക്കറിയില്ല. പ്ലാസ്റ്റിക്കും പ്ലാസ്റ്റിക് സഞ്ചികളും നിരോധിക്കണമെന്നു സംബന്ധിച്ച് ഒരുപാട് പ്രചരണം നടത്തിയതാണ്. However as an enhancement of the thickness to 50 micron is considered imperative by the Board. The board enhanced of the minimum thickness of plastic carry bags and containers including plastic cups, bottles and packing materials again to 50 micron vide the notification and the Honourable High Court vide interim order dated 2-5-2008 has stayed the notification and the present minimum thickness allowed is 30 micron. പൊല്യൂഷൻ കൺട്രോൾ ബോർഡ് എടുത്ത ഒരു തീരുമാനം അശാസ്ത്രീയവും അപ്രായോഗികവും തെറ്റാണെന്നുള്ളതുകൊണ്ടുമാണ് ബഹുമാനപ്പെട്ട ഹൈക്കോടതി സ്റ്റേ ചെയ്തത്. ഇത് ബോർഡിന്റെ കെടുകാര്യസ്ഥതയ്ക്ക്

ഉദാഹരണമാണ്. Public hearing എന്നത് സ്റ്റാറ്റ്യൂട്ടറിയായിട്ടുള്ള കാര്യമാണ്. Public hearing is mandatory for environmental clearance in the case of certain development projects. ഏത് സ്ഥലത്തും പുതിയൊരു ഡവലപ്മെന്റ് പ്രോജക്ട് വരികയാണെങ്കിൽ പബ്ലിക് ഹിയറിംഗ് വയ്ക്കണം. ജനങ്ങൾക്ക് എങ്ങനെയാണ് അതുകൊണ്ട് ദോഷങ്ങൾ വരുന്നതെന്ന് അറിയാൻ ശ്രമിക്കണം. എയർ പൊല്യൂഷൻ, വാട്ടർ പൊല്യൂഷൻ മറ്റ് ഏതെങ്കിലും തരത്തിലുള്ള മാലിന്യങ്ങൾ എന്നിവയെ സംബന്ധിച്ച് പൊതുജനങ്ങളിൽനിന്ന് അഭിപ്രായം സ്വീകരിക്കണമെന്ന് ഇതിൽ സ്റ്റാറ്റ്യൂട്ടറിയായി പറഞ്ഞിട്ടുണ്ട്. കേരളത്തിൽ എവിടെയാണിത് നടന്നിട്ടുള്ളത്; ഇവിടെ ഒരു പ്രദേശത്ത് ഏതെങ്കിലും പുതിയൊരു സംരംഭം ആരംഭിക്കുമ്പോൾ എവിടെയാണ് പൊല്യൂഷൻ കൺട്രോൾ ബോർഡ് പൊതുജനങ്ങളെ വിളിച്ചുകൂട്ടി ആരോഗ്യത്തെ സംബന്ധിച്ചും മറ്റുമുള്ള അവരുടെ അഭിപ്രായം ആരാഞ്ഞിട്ടുള്ളത്? കേരളത്തിലെ കുടിവെള്ളം കുടിക്കാൻ നിവൃത്തിയില്ലെന്നാണ് പ്രകൃതി സ്നേഹികളും മറ്റും പറയുന്നത്. ജലമലിനീകരണം കേരളത്തിന്റെ ഏറ്റവും വലിയൊരു ശാപമാണ്. കുടിവെള്ളത്തിൽനിന്നാണ് രോഗങ്ങളെല്ലാം വരുന്നത്. അടുത്ത കാലത്തായി നടത്തിയ പരിശോധനകളിൽ മിനറൽ വാട്ടറിൽ മാലിന്യമുള്ളതായി കണ്ടെത്തിയിരുന്നു. ഫുഡ് മെറ്റീരിയൽസ് മുഴുവൻ മായം ചേർക്കപ്പെട്ടതും വിഷാംശം ഉള്ളതാണെന്നും പറയുന്നു.

ആറുകളും, പുഴകളും, നദികളും പൊല്യൂറ്റഡ് ആയിക്കഴിഞ്ഞു. എവിടെയായിരുന്നു പൊല്യൂഷൻ കൺട്രോൾ ബോർഡ് ; എന്തുകൊണ്ട് ഇതിലൊന്നും ഇടപെട്ടില്ല? കേരളത്തിൽ ഒരു വലിയ ചരിത്രസംഭവം ഉണ്ടായി. കേരളത്തിൽ തൊഴിലാളികൾ ജീവത്യാഗം ചെയ്യുംപോലെ മാവൂർ റയോൺസ് അടച്ചുപൂട്ടി. മാവൂർ റയോൺസ് പൂട്ടിയതിന് കാരണമെന്താണെന്ന് ബഹുമാനപ്പെട്ട ആര്യാടൻ മുഹമ്മദിന് അറിയാം. ബിർള ഇട്ടിട്ടുപോയതല്ല, ചാലിയാർ പുഴ മലിനീകരിക്കുന്നു, മലിനമാകുന്നു, ജീവിക്കാൻ നിവൃത്തിയില്ല, പരിസരവാസികൾ എല്ലാപേരും കൂടി നടത്തിയ സമരത്തിന്റെ ഫലമായി തൊഴിലാളികളെ വഴിയാധാരമാക്കി, കമ്പനി അടച്ചുപൂട്ടി. എറണാകുളത്ത് പൊല്യൂറ്റഡ് ആയ ഏരിയയിൽ എത്രയോ ഫാക്ടറികൾ അടച്ചുപൂട്ടാൻ ഹൈക്കോടതി ഉത്തരവിട്ടു, ഒന്നും നടന്നില്ല. കേന്ദ്ര ഗവൺമെന്റും സുപ്രീം കോടതിയും ഡൽഹിയിലും ഹരിയാനയിലുമുള്ള നിരവധി ഫാക്ടറികൾ അടച്ചുപൂട്ടാൻ ഉത്തരവിട്ടു. കാരണം, അവിടെ ജനങ്ങൾ ശ്വാസംമുട്ടുകയാണ്. അതുകൊണ്ട് ഇവിടെ ആളുകളെ എങ്ങനെ നിയമിക്കണം എന്നല്ല, എന്തിനു നിയമിക്കണം എന്നാണ് ആലോചിക്കേണ്ടത്. ആദ്യം ചെയ്യേണ്ടത് പൊല്യൂഷൻ കൺട്രോൾ ബോർഡ് നിയമാനുസരണമായി പ്രവർത്തിക്കുന്നുണ്ടോയെന്ന് പരിശോധിക്കണം. അതിന് ആളില്ല. ഈ ബിൽ

പൈലറ്റ് ചെയ്തിരിക്കുന്നത് അങ്ങനെയാണോ എന്ന് എനിക്ക് സംശയമുണ്ട്. കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷൻ (കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന് കീഴിലുള്ള സർവ്വീസുകൾ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബിൽ 2012. ഈ ബിൽ ആരുടെ വകുപ്പിലാണ് വരുന്നത്. വളരെ പ്രധാനപ്പെട്ട ഒരു വകുപ്പാണ്, ശ്രീ. ആര്യാടന്റെ വകുപ്പിലാണോ? അങ്ങയുടെ കയ്യിലാണെന്ന്, ഇപ്പോഴാണ് ഞാൻ അറിയുന്നത്. വിപുലമായ അധികാരവും വിപുലമായ സർവ്വീസും ജനങ്ങളെ സഹായിക്കാൻ കഴിയുന്ന വേറേ വകുപ്പുണ്ടോ? പൊല്യൂഷൻ കൺട്രോൾ ബോർഡ് കയ്യിലിരിക്കുമ്പോഴാണോ ഈ മായം അത്രയും നടക്കുന്നത്; ഈ പുഴകൾ മുഴുവൻ മലിനമായത്; ഈ നദികൾ എല്ലാം ഇങ്ങനെയായത്? അടച്ചു പൂട്ടാനുള്ളത് അടച്ചു പൂട്ടുന്നില്ല. എന്തിനാണ് പെർമിഷൻ കൊടുക്കുന്നത്? ഫാക്ടറികൾക്ക് പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ പെർമിറ്റില്ലാതെ ഇവിടെ പ്രവർത്തിക്കാൻ പറ്റുമോ? അതിന് വല്ല കേസ്സും ഉണ്ടാകുന്നുണ്ടോ? നിയമം ലംഘിച്ചതിന്റെ പേരിൽ എത്രപേരെ പ്രോസിക്യൂട്ട് ചെയ്തു; എന്ത് നടപടിയെടുത്തു? ഒരു സ്ഥാപനമുണ്ടായാൽ ആ സ്ഥാപനത്തിൽനിന്ന് ജനങ്ങൾക്ക് അതിന്റെ ഗുണം കിട്ടേണ്ടേ; സർവ്വീസ് കിട്ടേണ്ടേ? നിയമങ്ങൾ ഭേദഗതി ചെയ്യാത്തതിന്റെ കുഴപ്പമല്ല, ഭേദഗതി ചെയ്താൽ അത് അവിടെ കിടക്കും. ഇപ്പോൾ എന്താണ് സംഭവം? ഇതുപോലെ ചില സ്ഥാപനങ്ങൾ പി.എസ്.സി.-ക്ക് വിട്ടു. പി.എസ്.സി. അത് അംഗീകരിച്ചു, നോട്ടിഫിക്കേഷൻ വന്നു, അതിന്റെ റൂളും ആക്ടും ഉണ്ടാക്കി. ഇതെല്ലാം വരുന്ന ഒരു ഇടവേളയുണ്ട്, ആ ഇടവേളയിൽ ഇഷ്ടംപോലെ നിയമനം നടത്താം. അതാണ് ഇതിന്റെയൊരു സമ്പ്രദായം. പി.എസ്.സി.-ക്ക് വിട്ട പല സ്ഥാപനങ്ങളിലും ഇന്ന് നിയമനം നടക്കുന്നില്ല.

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): സർ, ഈ ഗവൺമെന്റ് അങ്ങനെ ഉദ്ദേശിക്കുന്നില്ല. മാത്രവുമല്ല, ഒഴിവുണ്ടെങ്കിൽ എംപ്ലോയ്മെന്റിൽ നിന്നാണ് എടുക്കുന്നത്. അതല്ലെങ്കിൽ ഡെപ്യൂട്ടേഷനിലാണ് ആളുകളെ എടുക്കുന്നത്. ഒരാളേയും അല്ലാതെ നിയമിക്കുവാൻ ഉദ്ദേശിക്കുന്നില്ല.

ശ്രീ. സി. ദിവാകരൻ: സർ, മന്ത്രിയുടെ തീരുമാനം നല്ല തീരുമാനമാണ്. ഈ വകുപ്പിൽ മറ്റു രീതികളൊന്നും നടക്കുന്നില്ല എന്ന് അങ്ങ് പറഞ്ഞത് ഞാൻ വിശ്വാസത്തിലെടുക്കുന്നു. സഭയിൽ പറയുന്നതാണ്, അങ്ങനെ നടക്കാൻ പാടില്ല. പി.എസ്.സി. അല്ലെങ്കിൽ എംപ്ലോയ്മെന്റ് ആണ് അതിന്റെ ഒരു ഏജൻസി. പി.എസ്.സി.-ക്ക് വിട്ടാൽ അതിന്റെ പ്രവർത്തനം എന്താണ്? അത് ഞാൻ ഇവിടെ പറയുന്നില്ല. ഇപ്പോൾ ഇത്ര വേക്കൻസിയുണ്ട് എന്ന് അങ്ങുപറഞ്ഞാൽ പി.എസ്.സി. ഉടനെ റാങ്ക് ലിസ്റ്റാക്കി, വെരിഫിക്കേഷൻ കഴിഞ്ഞ്, അഡ്വൈസ് മെമ്മോ തരുമെന്നാണോ വിചാരിക്കുന്നത്? വർഷങ്ങൾ എടുക്കും. പി.എസ്.സി.-ക്ക്

വർക്ക് ലോഡ് ഉണ്ട്. അവർ ചെയ്യുന്നില്ല. പി.എസ്.സി.-യിലൂടെ സെലക്ഷൻ കിട്ടിയ കുട്ടികൾ വഴിയാധാരമായി നടക്കുകയാണ്. രണ്ടു കൊല്ലമായി നിയമനം നടക്കുന്നില്ല. ഡിപ്പാർട്ടുമെന്റുകൾ ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നില്ല. വേക്കൻസികൾ സപ്രസ് ചെയ്യുകയാണ്. പല ഡിപ്പാർട്ടുമെന്റുകളും ഗവൺമെന്റ് തീരുമാനം വയലേറ്റ് ചെയ്യുകയാണ്. ആയിരക്കണക്കിന് വേക്കൻസികൾ ഉണ്ട്, പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യില്ല. പി.എസ്.സി.-ക്ക് വിടുന്നത് നല്ല കാര്യം. ഇൻ പ്രിൻസിപ്പിൾ, ഞാൻ ഇതിനോട് യോജിക്കുകയാണ്. കാരണം, നിയമനങ്ങളിൽ സാമൂഹ്യനീതി നടപ്പാക്കാൻ, അഴിമതിരഹിതമാകാൻ, സ്വജനപക്ഷപാതമില്ലാതിരിക്കാൻ ഇന്ന് നിലവിലുള്ള ഒരു സർക്കാർ ഏജൻസിയാണ് പബ്ലിക് സർവ്വീസ് കമ്മീഷൻ. ഗവൺമെന്റ് സ്ഥാപനങ്ങൾ ആ ഏജൻസി വഴി നിയമനം നടത്തുന്നത് വളരെ നല്ല കാര്യമാണ്. പൊല്യൂഷൻ കൺട്രോൾ ബോർഡ് എന്നുപറയുന്നത്, പൊല്യൂഷൻ കൺട്രോൾ ബോർഡല്ല, ഈ ബോർഡ് കംപ്ലീറ്റ് പൊല്യൂറ്റഡ് ആണ്. അതുകൊണ്ട് കൺട്രോൾ എന്ന വാക്കിനെ എടുത്തു കളയണം, പൊല്യൂഷൻ ബോർഡ് എന്നുപറയുന്നതായിരിക്കും നല്ലത്. അത്ര കുത്തഴിഞ്ഞ അവസ്ഥയിലാണ്. അതുകൊണ്ട് ബഹുമാനപ്പെട്ട ഗവൺമെന്റ് ഈ നിയമനങ്ങൾ പി.എസ്.സി.-ക്ക് വിടുന്നതിനോടൊപ്പംതന്നെ ഈ ബോർഡിന്റെ സർവ്വീസ് ജനങ്ങൾക്ക് ലഭ്യമാക്കുന്ന തരത്തിലുള്ള ശക്തമായ നടപടികളും ഇടപെടലുകളും ഉണ്ടാകണമെന്ന് അപേക്ഷിച്ചുകൊണ്ട് ഞാൻ ഈ ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്നാവശ്യപ്പെടുന്നു.

<u>ശ്രീ. എം. ഉമ്മർ</u>: സർ, 2015-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ കീഴിലുള്ള സർവ്വീസുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബിൽ ഒരു സെലക്ട് കമ്മറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന 2 (ബി) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

1974-ൽ പാസ്സാക്കിയ ഒരു നിയമം ഇത്രയും കാലം പി.എസ്.സി.-ക്ക് വിടാതെ മാറിമാറി വന്ന ഗവൺമെന്റുകൾ നിയമനങ്ങൾ നടത്തിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ ഈ നിയമനങ്ങൾ പി.എസ്.സി.ക്ക് വിട്ട് സുതാര്യമാക്കുവാനും ഈ ബോർഡിനെ ശക്തിപ്പെടുത്താനും മുന്നോട്ടുവന്നിട്ടുള്ള ബഹുമാനപ്പെട്ട മന്ത്രിയേയും, ഗവൺമെന്റിനേയും ഞാൻ അഭിനന്ദിക്കുകയാണ്. ഈ ഗവൺമെന്റ് വന്നതിനുശേഷം ഇതുപോലെ യൂണിവേഴ്സിറ്റികളിലെ അനദ്ധ്യാപകരുടെ നിയമനം പി.എസ്.സി.-ക്ക് വിടുന്ന ഒരു നിയമം നമ്മുടെ സഭ മുൻപാകെ ചർച്ച ചെയ്തുകൊണ്ടിരിക്കുകയാണ്. നിയമനങ്ങൾ സുതാര്യമാക്കുന്നതിനുവേണ്ടി എടുത്തിട്ടുള്ള ധീരമായ നടപടി തീർച്ചയായും സ്വാഗതാർഹമാണ്. ഇവിടെ

ബഹുമാനപ്പെട്ട മന്ത്രി ബിൽ അവതരിപ്പിച്ചപ്പോൾതന്നെ പറയുകയുണ്ടായി, 300 സാങ്ഷഡ് പോസ്റ്റുകളിലേക്ക് 120 ആളുകൾ മാത്രമാണുള്ളത് എന്ന്. വേണമെങ്കിൽ ഈ ഗവൺമെന്റിന് സാങ്ഷഡ് പോസ്റ്റുകളിലേക്ക് ആളുകളെ തിരുകി കയറ്റാമായിരുന്നു. അത് ചെയ്യാതെ പി.എസ്.സി.-ക്ക് വിട്ടുകൊടുക്കാനുള്ള തന്റേടം കാണിച്ചു എന്നുള്ളതുതന്നെ ഈ ഗവൺമെന്റിന്റെ ഉദ്ദേശ്യശുദ്ധിയെയാണ് കാണിക്കുന്നത്. പി.എസ്.സി.-ക്ക് വിട്ടതുകൊണ്ട് ഈ ബോർഡ് ശാക്തീകരിക്കപ്പെടും എന്ന് നമുക്ക് വിശ്വസിക്കാൻ കഴിയുകയില്ല. ബഹുമാനപ്പെട്ട മന്ത്രി തന്നെ പറഞ്ഞു, 300 ആളുകൾ ഉണ്ടായാൽ തന്നെയും മതിയാകുകയില്ല എന്ന്. ബഹുമാനപ്പെട്ട ശ്രീ. സി. ദിവാകരൻ സൂചിപ്പിച്ചതുപോലെ, ഒരുപാട് പ്രവർത്തിക്കുവാൻ കഴിയുന്ന ഒരു ബോർഡും നിയമവുമാണ് ഇത്. ഇവിടെ കാര്യമായി ജല മലിനീകരണമുണ്ട്, വായു മലിനീകരണമുണ്ട്, ശബ്ദ മലിനീകരണമുണ്ട്, ഖര മാലിന്യമുണ്ട്, ഇ-മാലിന്യമുണ്ട്. ഇതെല്ലാം സംരക്ഷിക്കുവാനും ഇതിനെ മാലിന്യമുക്തമാക്കുവാനുള്ള വലിയ ഉത്തരവാദിത്വമുള്ള ബോർഡാണ് ഇത്. തീർച്ചയായും മാലിന്യനിർമ്മാർജ്ജനം ശാസ്ത്രീയമായി കൈകാര്യം ചെയ്യാൻ ഗവൺമെന്റ് മാത്രം വിചാരിച്ചാൽ കഴിയുകയില്ല. അതിന് സമൂഹത്തിന്റെയും സർക്കാരിന്റെയും സ്വകാര്യ ഏജൻസികളുടെയും സംയോജിത നയരൂപീകരണം ആവശ്യമാണ്. എങ്കിൽ മാത്രമേ ഈ വിപത്തിനെ നമുക്ക് തടയാൻ കഴിയുകയുള്ളൂ. വായുവും, വെള്ളവുമൊക്കെ പ്രകൃതിയുടെ വരദാനമാണ്. പ്രകൃതിയുടെ വരദാനമായ ശുദ്ധജലവും ശുദ്ധമായ വായുവും മനുഷ്യരുടെ അനാവശ്യമായ ഇടപെടലുകൾ കാരണം ഉണ്ടായിട്ടുള്ള പാരിസ്ഥിതിക ആഘാതങ്ങൾ വളരെ വലുതാണ്. മുൻപ് നമ്മുടെ സമൂഹത്തിൽ ഈ ഒരവസ്ഥ ഇല്ലാതിരുന്നതുകാരണം ആരോഗ്യരംഗത്ത് നമുക്ക് വളരെയധികം മുന്നോട്ടുപോകാൻ കഴിഞ്ഞിട്ടുണ്ട്. ഒരുപക്ഷെ ഇന്ത്യയിൽ ഇത്രമാത്രം ആശുപത്രികൾ ഉള്ള ഒരേയൊരു സംസ്ഥാനം കേരളമായിരിക്കും. ആരോഗ്യരംഗത്ത് ഏറ്റവും മുൻപന്തിയിൽ നിൽക്കുന്ന സംസ്ഥാനം കേരളമാണ് എന്ന് നമ്മൾ അഭിമാനിക്കുമ്പോൾ പുതിയ പുതിയ രോഗങ്ങൾ മുമ്പുള്ളതിനേക്കാൾ അധികമായി വരികയുമാണ്. കാൻസർ, അലർജി, ശ്വാസകോശ രോഗങ്ങൾ എന്നിവയൊക്കെ രോഗം വന്നതിനുശേഷം ചികിത്സിക്കുന്നതിനുപകരം വരാതിരിക്കാനുള്ള മുൻകരുതൽ എടുക്കണമെങ്കിൽ അതിനുള്ള കാരണങ്ങൾ എന്തെന്ന് കണ്ടുപിടിക്കേണ്ടിയിരിക്കുന്നു. വെള്ളത്തിന്റേയും വായുവിന്റേയും മലിനീകരണവുമായി ബന്ധപ്പെട്ട് നിതാന്തജാഗ്രത കാണിക്കണം എന്ന് സമൂഹം നമ്മോട് ആവശ്യപ്പെടുകയാണ്. രാജ്യത്ത് നിയമങ്ങൾ ഉണ്ട്. ഈ നിയമങ്ങൾ ഫലപ്രദമായി നടപ്പിലാക്കാൻ കഴിയുന്നില്ല എന്നുള്ളത് ഒരു വസ്തുതയാണ്. ബോർഡ് ഒരു ഓട്ടോണമസ് ബോഡിയാണ്. 35 കോടിയോളം രൂപയുടെ

വരുമാനമുണ്ട്, 35 കോടിയോളം രൂപ ചെലവുമുണ്ട്. ബോർഡിന് വരുമാന മുണ്ടാക്കാൻ ധാരാളം സാദ്ധ്യതകളുണ്ട്. ഈ സാദ്ധ്യതകളനുസരിച്ച് ബോർഡും പ്രവർത്തന മേഖലയും ശക്തിപ്പെടുത്തേണ്ടതുണ്ട്. അതിന് ആദ്യമായി വേണ്ടത് ആവശ്യമായ പോസ്റ്റുകളിലേക്ക് അടിയന്തരമായി നിയമനം നടത്തി ഇതിനുവേണ്ടി പ്രവർത്തിക്കുവാനുള്ള മാൻപവർ ഉണ്ടാക്കിയെടുക്കുക എന്നുള്ളതാണ്.

കേരളത്തിൽ പൊല്യൂഷൻ കൺട്രോൾ ബോർഡിൽ രജിസ്റ്റർ ചെയ്ത് ലൈസൻസ് എടുത്തിട്ടുള്ള 50,000 സ്ഥാപനങ്ങൾ ഉണ്ട്. ഈ 50,000 സ്ഥാപനങ്ങൾ മുഴുവൻ നോക്കാൻ നിലവിലുള്ളത് 120 സ്റ്റാഫാണ്. ഈ സ്ഥാപനങ്ങളുടെ മേൽനോട്ടം മുഴുവൻ വഹിക്കാൻ ഇപ്പോൾ വെറും 120 സ്റ്റാഫാണുള്ളത്. കേരളത്തിൽ പരന്നുകിടക്കുന്ന ഒരുപാട് സ്വകാര്യ സ്ഥാപനങ്ങൾ, ഗവൺമെന്റ് സ്ഥാപനങ്ങൾ , ജലം, ശബ്ദം ഇവയുമായി ബന്ധപ്പെട്ട മലിനീകരണ പ്രശ്നങ്ങൾ ഇവ നോക്കുന്നതിന് 120 മനുഷ്യർ മാത്രം പ്രയത്നിച്ചാൽ എവിടെയെങ്കിലും എത്തിക്കാൻ കഴിയുമോ? അതുകൊണ്ട് അതിനാവശ്യമായിട്ടുള്ള കൂടുതൽ പോസ്റ്റുകൾ അനുവദിക്കുകയും അനുവദിച്ച പോസ്റ്റുകളിൽ നിയമനം നടത്തുകയും വേണം. ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുമ്പോൾ സ്വാഭാവികമായും അതുമായി ബന്ധപ്പെട്ട കാര്യങ്ങൾ, പി.എസ്.സി. ടെസ്റ്റുകൾ നടത്താനുള്ള കാലതാമസം എന്നിവയുണ്ടാകാൻ സാധ്യതയുള്ളതുകൊണ്ട് ഗവൺമെന്റും പി.എസ്.സി.-യുമായി ചർച്ച നടത്തി ഈ പുതിയ നിയമം വന്നതിന്റെ അടിസ്ഥാനത്തിൽ കഴിയുന്നത്ര വേഗത്തിൽ അവശേഷിക്കുന്ന പത്തുമുന്നൂറോളം പോസ്റ്റുകൾ നികത്താനും അടിയന്തരമായി വേണ്ട പുതിയ തസ്തികകൾ സൃഷ്ടിക്കാനും ഗവൺമെന്റും ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയും ശ്രദ്ധിക്കണമെന്ന് പറയുവാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഇപ്പോൾ 50,000 വാണിജ്യ സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് പറയുന്നുണ്ട്. എന്നാൽ 36 പേരെ മാത്രമാണ് കോൺട്രാക്ട് അടിസ്ഥാനത്തിൽ താൽക്കാലികമായി സാമ്പിൾ കളക്ട് ചെയ്യുവാൻ നിയോഗിച്ചിട്ടുള്ളത്. ഈ സാമ്പിളുകൾ ശേഖരിക്കുമ്പോൾ കുറേക്കൂടി സുതാര്യതയും authenticity-യും ആവശ്യമാണ്. ഇത് നമ്മുടെ സംവിധാനത്തിന്റെ പോരായ്മയെയാണ് ചൂണ്ടിക്കാണിക്കുന്നത്. സാമ്പിളുകൾ ശേഖരിക്കുവാൻ നിയോഗിക്കുന്ന ജീവനക്കാർ ബന്ധപ്പെട്ട വിഷയങ്ങളിൽ ആധികാരികമായി കൂടുതൽ അറിവ് നേടിയവരായിരിക്കണം. മാത്രമല്ല, അതിനായി കൂടുതൽ പോസ്റ്റുകൾ ക്രിയേറ്റ് ചെയ്യണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കുവാനുള്ളത്. പരാതി കിട്ടിയാലും കിട്ടിയില്ലെങ്കിലും suo moto ആയി ഇങ്ങനെയുള്ള സാമ്പിളുകൾ എടുക്കുവാനും ഡിറ്റക്ട് ചെയ്യാനും ആ സാമ്പിളുകൾ ഫലപ്രദമായി പരിശോധിക്കുന്നതിനുമുള്ള ലാബ് സംവിധാനങ്ങളും

ഉണ്ടാകേണ്ടതായിട്ടുണ്ട്. ഇപ്പോൾ എൻ.എ.ബി.എൽ. അക്രെഡിറ്റേഷൻ സൗകര്യമുള്ളത് കൊച്ചിയിലുള്ള ഒരു ലാബിൽ മാത്രമാണ്. സംസ്ഥാനത്തുനിന്ന് എടുക്കപ്പെടേണ്ടതായിട്ടുള്ള എല്ലാ സാമ്പിളുകൾക്കും വെള്ളത്തിന്റേതായിരുന്നാലും വായുവിന്റേതായിരുന്നാലും ഓരോന്നിന്റേയും മലിനീകരണം സംബന്ധിച്ച് ടെസ്റ്റ് ചെയ്യണമെങ്കിൽ ആധികാരികമായി പരിശോധിക്കുവാനുള്ള ഏക സംവിധാനം ഇന്ന് കൊച്ചിയിലുള്ള ലാബിൽ മാത്രമേയുള്ളൂ. വായുവിലുള്ള മലിനീകരണത്തിന് കാരണമാകുന്ന ഘടകങ്ങളെപ്പറ്റി പരിശോധന നടത്തണമെങ്കിൽ പ്രത്യേകമായ സംവിധാനങ്ങൾ വേണം. അതിനുള്ള എയർ പൊല്യൂട്ടിംഗ് മോണിറ്ററിംഗ് സംവിധാനം ആകെയുള്ളത് തിരുവനന്തപുരം ജില്ലയിലെ പട്ടത്ത് പ്ലാമൂട് പ്രവർത്തിക്കുന്ന സ്ഥാപനത്തിൽ മാത്രമാണ്. എയർ പൊല്യൂഷന്റെ ക്വാണ്ടിറ്റി എത്രമാത്രമുണ്ടെന്ന് അളക്കുവാനുള്ള സംവിധാനം അവിടെ മാത്രമാണുള്ളത്. മാത്രമല്ല, ഈ ഒറ്റ കേന്ദ്രത്തിന്റെ പരിശോധനകൊണ്ട് മനസ്സിലാകും പാരിസ്ഥിതിക മലിനീകരണ തോത് നമുക്ക് അനുവദിക്കപ്പെട്ടിട്ടുള്ളതിന്റെ അടുത്ത് എത്തി നിൽക്കുകയാണെന്ന്. എന്നുപറഞ്ഞാൽ അനുവദിക്കപ്പെട്ട എയറിന്റെ പരിശുദ്ധിയേക്കാൾ അല്ലെങ്കിൽ അനുവദിക്കപ്പെട്ടിട്ടുള്ളതിനേക്കാൾ പൊല്യൂട്ടഡ് ആകുന്നതിന് ഇനി വളരെ കുറച്ച് സമയമേ വേണ്ടിവരികയുള്ളൂ. വളരെക്കുറച്ച് വ്യവസായ സ്ഥാപനങ്ങൾ മാത്രമുള്ള തിരുവനന്തപുരത്തെ വളരെ ഭീകരമായ വിധത്തിലുള്ള എയർ പൊല്യൂഷന്റെ കണക്കുകൾ നമ്മെ ഭീതിപ്പെടുത്തുന്നു.

ശ്രീ. ഹൈബി ഈഡൻ : സർ, ഹോസ്പിറ്റൽ മാലിന്യം 'ഇമേജ് 'എന്ന ഒരു സെന്ററാണ് സംസ്കരിക്കുന്നത്. അതിന്റെ കപ്പാസിറ്റിയിൽ കൂടുതൽ മാലിന്യം ഇന്ന് ഹോസ്പിറ്റൽ വേസ്റ്റായി വരികയാണ്. ഓപ്പൺ പ്ലെയിസുകളിൽ അവ നശിപ്പിക്കുന്നത് പലപ്പോഴും ജനങ്ങളുടെ ഇടപെടൽമൂലം തടസ്സപ്പെട്ടിട്ടുണ്ട്. പല തുറസ്സായ സ്ഥലങ്ങളിലും ഒഴിഞ്ഞുകിടക്കുന്ന പറമ്പുകളിലും ഹോസ്പിറ്റൽ മാലിന്യങ്ങൾ കാണപ്പെടുന്നുണ്ട്. ഇങ്ങനെയുള്ള മാലിന്യങ്ങൾ സംസ്കരിക്കാനുള്ള കാര്യങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ വർക്കല കഹാർ)

ശ്രീ. എം. ഉമ്മർ : സർ, അതും ഗൗരവമായി കാണേണ്ട ഒന്നാണ്. എയർ ക്വാളിറ്റി മോണിറ്ററിംഗ് സംവിധാനം ഇപ്പോൾ നമ്മുടെ സംസ്ഥാനത്ത് ഈ ഒറ്റ സ്ഥലത്ത് മാത്രമാണുള്ളത്. കഴിയുന്നതും കൊച്ചി, കോഴിക്കോട്, കൊല്ലം പോലെയുള്ള വൻ പട്ടണങ്ങളിലെങ്കിലും അല്ലെങ്കിൽ കോർപ്പറേഷൻ പരിധിയിൽ മാത്രമായോ ഇങ്ങനെയുള്ള ടെസ്റ്റുകൾ നടത്താനും എയർ പൊല്യൂട്ടഡ് ആകാനുള്ള അടിസ്ഥാന കാരണങ്ങൾ എന്താണെന്ന് പരിശോധിക്കാനും അങ്ങനെയുണ്ടെങ്കിൽ

ശക്തമായി അതിൽ ഇടപെടാനും ബോർഡിന് കഴിയണം. ഓരോ പ്രധാനപ്പെട്ട പട്ടണങ്ങളിലും ഇങ്ങനെയുള്ള സംവിധാനങ്ങൾ കൊണ്ടുവരാനും അതുവഴി ജനങ്ങളിൽ ആത്മവിശ്വാസം ഉണ്ടാക്കുവാനും ഗവൺമെന്റ് ശ്രമിക്കണം. അതുപോലെ നമ്മൾ നേരിടുന്ന മറ്റൊരു പാരിസ്ഥിതിക പ്രശ്നം ഇ-മാലിന്യമാണ്. 1974-ൽ ഈ ബോർഡ് രൂപീകരിക്കുമ്പോൾ ഇ-മാലിന്യം എന്ന പ്രതിഭാസ മുണ്ടായിരുന്നില്ല. പുതിയ പുതിയ ഉൽപ്പന്നങ്ങൾ വരികയും അതിന്റെ ഉപയോഗം കൂടുകയും ചെയ്തപ്പോൾ മാലിന്യങ്ങൾ പുതിയ പുതിയ വിധാനങ്ങളിലേക്ക് പോകുകയാണ്. ഉപയോഗം കൂടുന്തോറും മാലിന്യത്തിന്റെ അളവ് പെരുകി വരികയാണ്. അത് ഖരമാലിന്യമായാലും വെള്ളത്തിൽ നിന്നുള്ള മാലിന്യമായിരുന്നാലും മറ്റുള്ള മാലിന്യങ്ങളായാലും ശരി, അത് കൂടി വരുന്നതിനേക്കാൾ അപകടകരമായിട്ടുള്ള ഒരു പ്രതിഭാസമായി മാറിയിരിക്കുകയാണ് ഇ-മാലിന്യങ്ങൾ. ലാപ്ടോപ്പ്, കമ്പ്യൂട്ടർ, മൊബൈൽ ഫോൺ മുതലായ നിരവധി പ്രോഡക്ടുകൾ മാർക്കറ്റിലേക്ക് നിത്യേന ഇറങ്ങിക്കൊണ്ടിരിക്കുയാണ്. പലതിന്റെയും ഗ്യാരന്റി മൂന്നോ ആറോ മാസമോ അതല്ലെങ്കിൽ പരമാവധി ഒരു വർഷം വരെയോ ആയിരിക്കും. അതുപോലെതന്നെ സി.എഫ്.എൽ. ലാമ്പുകൾ പോലെയുള്ള കാര്യങ്ങൾ. വൈദ്യുതിയുടെ ഉപയോഗം കുറയ്ക്കുന്നതിനുവേണ്ടി നമ്മൾ സി.എഫ്.എൽ. പോലുള്ള സംവിധാനങ്ങൾ കൊണ്ടുവരും. പക്ഷേ ഇത് ശാസ്ത്രീയമായി സംസ്കരിക്കുന്നതിനോ ശാസ്ത്രീയമായി കളക്ട് ചെയ്യുന്നതിനോ യാതൊരു സംവിധാനവുമില്ല എന്നുള്ള ഒരു വസ്തുത നിലനിൽക്കുകയാണ്. ഈ മേഖലയിൽ ആധികാരികമായി പ്രവർത്തിക്കുന്ന ഏക സ്ഥാപനം ഇൻഡ്യയിൽ ഹൈദ്രാബാദിൽ മാത്രമാണുള്ളത്. അതുകൊണ്ട് കേരളത്തിൽ ഇങ്ങനെയുള്ള ഇ-മാലിന്യങ്ങൾ കളക്ട് ചെയ്യുന്നതിനും സംസ്കരിക്കുന്നതിനും സംവിധാനങ്ങളുണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ഇപ്പോൾ കേരളത്തിൽ 50,000 സ്വകാര്യ-ഗവൺമെന്റ് സ്ഥാപനങ്ങൾ മാത്രമാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. ഇതിന്റെ പ്രവർത്തനം കൂടുതൽ മേഖലകളിലേക്ക് കൊണ്ടുപോകുവാനും കൂടുതൽ സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്യിക്കുവാനും കൂടുതൽ നിരീക്ഷണം നടത്തുന്നതിനും കൂടുതൽ അധികാരങ്ങൾ ഉണ്ടാകണം. അതിന് ആവശ്യമായ സ്റ്റാഫും സൗകര്യങ്ങളുമുണ്ടാ കേണ്ടതുണ്ട്. അതിന് തീർച്ചയായും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഒരു കോ-ഓർഡിനേഷൻ നിർബന്ധമാക്കണം. എത്രമാത്രം അധികാരം ബോർഡിനുണ്ടെങ്കിൽ പോലും പലതും പഞ്ചായത്തുമായി ബന്ധപ്പെട്ട് കിടക്കുന്ന പ്രവർത്തനങ്ങളാണ്. അതുകൊണ്ട് തീർച്ചയായും പഞ്ചായത്ത് വകുപ്പിന്റെയും മുനിസിപ്പൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയെല്ലാം സഹകരണത്തോടു കൂടിയുള്ള കൺട്രോൾ ബോർഡുകൾ ഇടപെടുകയാണെങ്കിൽ കൂടുതൽ ഫലപ്രദമാക്കാൻ കഴിയുമെന്ന അഭിപ്രായംകൂടി രേഖപ്പെടുത്തിക്കൊണ്ട് ഞാൻ എന്റെ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. രാജു എബ്രഹാം : സർ, മലിനീകരണ നിയന്ത്രണ ബോർഡിന്റെ കീഴിലുള്ള തസ്തികകൾ പി.എസ്.സി.-ക്ക് വിടുന്ന വളരെ പ്രധാനപ്പെട്ട ചർച്ചയാണ് ഇവിടെ നടക്കുന്നത്. മലിനീകരണ നിയന്ത്രണ ബോർഡിന്റെ പ്രവർത്തനത്തെ സംബന്ധിച്ച് പറയുകയാണെങ്കിൽ, 41 വർഷത്തിനുശേഷം ഭാവിയിൽ ഉണ്ടാകുന്ന നിയമനങ്ങൾ ഒരു പൊതുവ്യവസ്ഥയുടെ അടിസ്ഥാനത്തിൽ, ഉദ്യോഗാർത്ഥികളെ തെരഞ്ഞെടുക്കുന്ന നിലയിൽ തസ്തികകൾ പി.എസ്.സി.-ക്ക് വിടുവാൻ തീരുമാനിച്ചുകൊണ്ടുള്ള ഈ ബില്ലിലെ വ്യവസ്ഥകളെ സ്വാഗതം ചെയ്യുകയാണ്. ബോർഡിന്റെ പ്രവർത്തനങ്ങളെ സംബന്ധിച്ച് നിയമസഭയിൽ ഇതിനുമുമ്പ് കാര്യമായിട്ടുള്ള ചർച്ചകൾ നടത്തിയിട്ടില്ല എന്നുള്ളതാണ് പരിഗണിക്കേണ്ട പ്രധാനപ്പെട്ട കാര്യം. 1974 സെപ്റ്റംബർ 12-ന് മലിനീകരണ നിയന്ത്രണ ബോർഡ് നിലവിൽ വന്നെങ്കിലും കാലഘട്ടത്തിനനുസരിച്ച് ഒരു മോഡണൈസേഷൻ മലിനീകരണ നിയന്ത്രണ ബോർഡിന്റെ സംവിധാനങ്ങളിൽ ഉണ്ടാകുന്നില്ല എന്നുള്ളതാണ് സഗൗരവം നമ്മൾ പരിഗണിക്കേണ്ട ഒരു കാര്യം. വളരെ വിസ്തൃതമായ ഒരു കാൻവാസാണ്. 1974-ലെ ജല മലിനീകരണം തടയലും നിയന്ത്രണവും നിയമം, 1981-ലെ വായു മലിനീകരണം തടയലും നിയന്ത്രണവും ആക്ടിലെ വ്യവസ്ഥകൾ, 1981-ലെ പരിസ്ഥിതി സംബന്ധിച്ച നിയമങ്ങൾ ഇതെല്ലാം നടപ്പിലാക്കുന്നത് മലിനീകരണ നിയന്ത്രണ ബോർഡാണ്. കേരളത്തെ സംബന്ധിച്ചിടത്തോളം അറബിക്കടലിന്റെ തീരം മുതൽ സഹ്യപർവ്വത മലനിരകൾ വരെയുള്ള സമ്പൽസമൃദ്ധമായ, പ്രകൃതിരമണീയമായ ഒരു സ്ഥലമെന്ന നിലയിൽ മാത്രമല്ല, 44 നദികളും വേമ്പനാട് കായലുമെല്ലാമുള്ള ഒരു പ്രദേശത്ത് മലിനീകരണത്തിന്റെ തോത് വളരെ ഉയർന്നിട്ടുണ്ടെന്നുള്ളതു പരിശോധിക്കുമ്പോഴാണ് ഈ കാലഘട്ടത്തിനനുസരിച്ചുള്ള മാറ്റങ്ങൾ മലിനീകരണ നിയന്ത്രണ കാര്യങ്ങളിലും ഉണ്ടാകേണ്ട പ്രായോഗിക പ്രശ്നം കടന്നുവരുന്നത്. 28-7-2007-ലെ ജി.ഒ. (എം.എസ്.) നമ്പർ 5/2007/എൻവയോൺമെന്റ് ഉത്തരവുപ്രകാരം ഒരു എൻവയോൺമെന്റ് മാനേജ്മെന്റ് ഏജൻസിയും അതോടൊപ്പം ബയോ ഡൈവേഴ്സിറ്റി ബോർഡും ഇവിടെ പ്രവർത്തിക്കുന്നുണ്ട്. ഇതെല്ലാം പ്രവർത്തനം നടത്തിയിട്ടും പൊല്യൂഷൻ നിയന്ത്രണ വിധേയമാക്കാൻ കഴിഞ്ഞിട്ടുണ്ടോ എന്നാണ് നോക്കേണ്ടത്. പൊല്യൂഷൻ എന്ന വാക്കുതന്നെ 'പൊല്യൂർ, പൊല്യൂഷ്യ' തുടങ്ങിയ ലാറ്റിൻ ഭാഷയിൽ നിന്നുമുണ്ടായതാണ്. പ്രകൃതിയുടെ സ്വാഭാവിക നിലനിൽപ്പിനെ തകിടം മറിക്കുന്നതും മലിനീകരിക്കുന്നതുമായ വിഷവസ്തുക്കളുടെ സാന്നിദ്ധ്യമാണ് പൊല്യൂഷൻ അഥവാ മലിനീകരണം. മണ്ണ്, വെള്ളം, വായു, ശബ്ദം, ചൂട്, പ്രകാശം എന്നിവയെല്ലാം പൊല്യൂഷനുമായി ബന്ധപ്പെട്ടുകിടക്കുകയാണ്. വെള്ളത്തിലും മറ്റ് കാര്യങ്ങളിലും കാഡ്മിയത്തിന്റെ അളവ് വളരെ ഉയർന്നതോതിൽ ഉണ്ടായിരിക്കുന്നു. 2001-ൽ പരിസ്ഥിതി കമ്മിറ്റിയുടെ ഭാഗമായി കൊക്കോകോള ഫാക്ടറി സന്ദർശിച്ച്

പരിശോധന നടത്തിയപ്പോൾ കിട്ടിയ പ്രധാന വസ്തു കാഡ്മിയമാണ്. നമ്മുടെ കുട്ടികൾ ഏറ്റവും കൂടുതൽ ഉപയോഗിക്കുന്ന ഒരു വസ്തുവാണ് ഇത്. ബൈ-പ്രോഡക്ടായി കാഡ്മിയം കണ്ടു എന്നുപറയുമ്പോൾ എത്രമാത്രം മാരകമായ വിഷാംശങ്ങൾ നമ്മുടെ സമൂഹം ഉപയോഗിക്കുന്നുണ്ടെന്ന് കണ്ടെത്താൻ സാധിക്കും. ക്യാൻസർ പോലെയുള്ള രോഗങ്ങളുടെ ക്രമാതീതമായ കടന്നുവരവ് ജനങ്ങളെ ഭയാശങ്കയിലാഴ്ത്തുന്ന ഒരു പ്രധാനപ്പെട്ട കാര്യം തന്നെയാണ്. നിയമസഭാ പരിസ്ഥിതി കമ്മിറ്റി കുടിവെള്ളമായ മിനറൽ വാട്ടർ പരിശോധിച്ചപ്പോൾ ബി.ഡി.റ്റി.-യുടെ കണ്ടന്റ് വളരെയധികം ഉണ്ടെന്നാണ് കണ്ടെത്തിയത്. ഇത്തരം കാര്യങ്ങളിൽ യഥാർത്ഥ പരിശോധന നടത്താനുള്ള സംവിധാനങ്ങൾ പലപ്പോഴും പരാജയപ്പെടുന്നു എന്നുള്ളതാണ് യാഥാർത്ഥ്യം. പ്ലാസ്റ്റിക് മാലിന്യങ്ങൾ നിയന്ത്രിക്കാനുള്ള നിയമങ്ങളും സർക്കുലറുകളുമുണ്ട്. പക്ഷേ, അതുസംബന്ധിച്ച് ഒരു പുരോഗതിയും ഉണ്ടായിട്ടില്ല എന്നുള്ളതാണ് ഏറ്റവും വ്യസനത്തോടുകൂടി നമുക്ക് കാണാൻ കഴിയുന്നത്.

ശബരിമലയിൽ വന്യമൃഗങ്ങൾ പ്ലാസ്റ്റിക് കഴിച്ച് മരണപ്പെടുന്ന വളരെ ദയനീയമായ അവസ്ഥ ഉണ്ടാകുന്നുണ്ട്. ഭൂമിയെ സംബന്ധിച്ചിടത്തോളം പ്ലാസ്റ്റിക് ഏറ്റവും വലിയ ഭീഷണിയാണ്. മണ്ണാണ് നമുക്ക് എല്ലാം തരുന്നത്. മണ്ണിൽനിന്നാണ് നമുക്ക് വസ്തുങ്ങളും ആഭരണങ്ങളുമുണ്ടാകുന്നത്, മണ്ണാണ് നമുക്ക് ഭക്ഷണം തരുന്നത്. അങ്ങനെയുള്ള മണ്ണിനെ സംരക്ഷിക്കാൻ നമ്മുടെ തലമുറയ്ക്ക് കഴിയുന്നില്ല എന്നുള്ളതാണ് വളരെ ദയനീയമായ കാര്യം. പ്ലാസ്റ്റിക് നിയന്ത്രിക്കാനും അല്ലെങ്കിൽ മുപ്പത് മൈക്രോണിനു താഴെയുള്ള പ്ലാസ്റ്റിക്കുകൾ പിടിച്ചെടുക്കാനും അതിനുപകരമുള്ള സംവിധാനങ്ങൾ ഏർപ്പെടുത്താനുമുള്ള ശ്രമങ്ങൾ പരാജയപ്പെടുന്ന അവസ്ഥയാണ് ഇവിടെയുള്ളത്. സംസ്ഥാനത്തുള്ള എല്ലാ ജലസംഭരണികളും ആഴം കുറഞ്ഞ് ചെളിയടിഞ്ഞ് മലിനപ്പെട്ട് കിടക്കുന്നു. പ്രത്യേകിച്ച് പെരിയാറിന്റെ അവസ്ഥ വളരെ ഗൗരവമായി കണക്കാക്കേണ്ടതാണ്. ഏലൂർ, എടയാർ തുടങ്ങിയ സ്ഥലങ്ങളിലെ വ്യവസായ ശാലകളിൽനിന്ന് പുറത്തുവിടുന്ന മാലിന്യത്തിന്റെ അളവ് വളരെ വലുതാണ്. എസ്റ്റിമേറ്റ് കമ്മിറ്റിയും പരിസ്ഥിതി കമ്മിറ്റിയും പല ഘട്ടങ്ങളിലായി പല സന്ദർഭങ്ങളിലും പരിശോധിച്ചിട്ടുണ്ട്. പക്ഷേ, പരിഹാരം കാണാൻ മാത്രം കഴിയുന്നില്ല. ബി.ഒ.ഡി. കണ്ടന്റും സി.ഒ.ഡി. കണ്ടന്റും വളരെ വലുതായി ഉയർന്നുനിൽക്കുന്നു എന്നതാണ് കാണാൻ കഴിയുന്നത്. ചാലിയാർ പുഴയുടെ യഥാർത്ഥ നിറംതന്നെ മാറുന്ന ഒരു ദുരവസ്ഥ നേരിൽ കാണാൻ കഴിഞ്ഞിട്ടുണ്ട്. ഇത്തരത്തിലുള്ള മേഖലകളിൽ പ്രത്യേകിച്ച് ഏലൂർ പോലുള്ള വ്യവസായമേഖലകളിൽ നിയന്ത്രണങ്ങൾ ഉണ്ടാകണ്ടേ? പക്ഷേ, അത് വ്യവസായത്തെ തകർത്തുകൊണ്ടാകാൻ പാടില്ല. വ്യവസായത്തിൽനിന്ന് കിട്ടുന്ന

ലാഭത്തിന്റെ വിഹിതം ഉപയോഗിച്ചുകൊണ്ടുതന്നെ അവിടെ പരിസ്ഥിതി സൗഹാർദ്ദമായിട്ടുള്ള നിയന്ത്രണങ്ങൾ ഉണ്ടാകണം. അത് പരിശോധിക്കാനുള്ള സംവിധാനം ഉണ്ടാകുന്നില്ലെന്നുള്ളതാണ് ഏറ്റവും ദുഷ്കരമായ കാര്യം.

പ്ലാമൂട് ജംഗ്ഷനിലാണ് മലിനീകരണ നിയന്ത്രണ ബോർഡിന്റെ ഓഫീസ് പ്രവർത്തിക്കുന്നത്. അതിന് തൊട്ടടുത്തുള്ള തോടുതന്നെ മലിനമായി കിടക്കുന്ന കാഴ്ചയാണ് നമുക്ക് കാണാൻ കഴിയുന്നത്. വാഹനങ്ങളുടെ പുകമൂലം മലിനമാകാതിരിക്കാനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തിയത് ഡൽഹിയിൽ മാത്രമാണ്. മറ്റ് സ്റ്റേറ്റുകളിലേയ്ക്ക് അത്തരം കാര്യങ്ങൾ വരുന്നില്ല എന്നുള്ളത് നമുക്ക് കാണാൻ കഴിയണം. പുകമൂലമുള്ള മലിനീകരണം തടയാനും നിയന്ത്രിക്കാനുമുള്ള സംവിധാനങ്ങൾ ഉണ്ടാക്കേണ്ടിയിരിക്കുന്നു.

<u>ശ്രീ. എം. ഹംസ</u> : സർ, വായു മലിനീകരണത്തെത്തുടർന്ന് ഡൽഹിയിൽ ഒറ്റ അക്ക നമ്പരുള്ള വാഹനങ്ങളായ കാറുകൾ ഒരു ദിവസമേ റോഡിലിറങ്ങാൻ പാടുള്ളൂ. ഇരട്ട അക്ക നമ്പരുള്ള വാഹനങ്ങൾ മറ്റൊരു ദിവസമേ ഇറങ്ങാവൂ എന്ന രൂപത്തിൽ കാറുകൾക്ക് നിയന്ത്രണം ഏർപ്പെടുത്തിയത് അങ്ങയുടെ ശ്രദ്ധയിലുണ്ടോ; കേരളവും ഇങ്ങനെ പോയാൽ അത്തരത്തിലുള്ള ഒരു നിയന്ത്രണത്തിലേയ്ക്ക് വരേണ്ടിവരില്ലേ; അത്തരമൊരു നിയന്ത്രണത്തെക്കുറിച്ച് അങ്ങയുടെ അഭിപ്രായമെന്താണ്?

<u>ശ്രീ. രാജു എബ്രഹാം</u> : സർ, നിയന്ത്രണം നടപ്പിലാക്കുമെന്ന് ഡൽഹി മുഖ്യമന്ത്രി അരവിന്ദ് കെജ്രിവാൾ ഇന്നലെ പ്രഖ്യാപിച്ചതേയുള്ളൂ. തീർച്ചയായിട്ടും സ്വാഗതം ചെയ്യേണ്ട കാര്യംതന്നെയാണത്. വായുവിനെയും വെള്ളത്തെയും സംരക്ഷിക്കാൻ ഭരണകൂടങ്ങൾ പ്രതിജ്ഞാബദ്ധമാണ്. ജനപ്രതിനിധികളും രാഷ്ട്രീയ പാർട്ടികളും സാമൂഹ്യസംഘടനകളുമെല്ലാം പ്രതിജ്ഞാബദ്ധമാണെന്നു ചൂണ്ടിക്കാട്ടാൻ ഞാൻ ആഗ്രഹിക്കുകയാണ്. പ്ലാസ്റ്റിക്കിന്റെ റീസൈക്ലിംഗ് കേന്ദ്രങ്ങൾ ഫലപ്രദമായി ആരംഭിക്കാനുള്ള കാലഘട്ടം അതിക്രമിച്ചിരിക്കുകയാണ്. റീസൈക്ലിംഗ് ഉണ്ടായാൽ തീർച്ചയായും ഒരു അളവുവരെ പ്ലാസ്റ്റിക് പ്രശ്നത്തിന് പരിഹാരമുണ്ടാക്കാൻ കഴിയും. സി.എഫ്. ലാമ്പുകൾ റീസൈക്കിൾ ചെയ്യുന്നതിനുള്ള ഫാക്ടറി ഉണ്ടാകുമെന്നുള്ള പ്രഖ്യാപനം പല സന്ദർഭങ്ങളിലും നിയമസഭയിൽ ഉയർന്നുവന്നിട്ടുള്ള കാര്യമാണ്. എന്നാൽ ഇതുവരെയും അതുസംബന്ധിച്ച് ഒരു നടപടിയും ഉണ്ടായിട്ടില്ല. ബഹുമാനപ്പെട്ട ശ്രീ. ആര്യാടൻ മുഹമ്മദ് തന്നെയാണ് അതുസംബന്ധിച്ച പ്രഖ്യാപനം നടത്തിയിട്ടുള്ളതെന്നാണ് എനിക്ക് മനസ്സിലാക്കാൻ സാധിച്ചത്.

പരിസ്ഥിതി മലിനീകരണം ഗൗരവമായ ഒരു പ്രശ്നമാണ്. കാറ്ററിംഗ് സ്ഥാപനങ്ങൾ പരിസ്ഥിതി മലിനീകരണത്തിന് കാരണമാകുന്നുണ്ട്. കാറ്ററിംഗ് സ്ഥാപനങ്ങളെ കുറ്റപ്പെടുത്തുന്നതല്ല. ഇന്ന് കേരളം മാലിന്യത്തിന്റെ ഒരു ശവപ്പറമ്പാണ്. വഴിനീളെ കാറ്ററിംഗിന്റെ അവശിഷ്ടങ്ങൾ തള്ളുകയാണ്. ഇത് നിയന്ത്രിക്കാനുള്ള സംവിധാനമില്ല. ഹൈവേകളിലും ഗ്രാമീണ റോഡുകളിലും വനപ്രദേശങ്ങളിലും കോഴി മാലിന്യങ്ങളും കാറ്ററിംഗ് മാലിന്യങ്ങളും തള്ളുന്ന ഒരു ദുരവസ്ഥ ഇന്നു നിലവിലുണ്ട്. എത്രയോ ചർച്ചകൾ നമ്മൾ നടത്തിയെങ്കിലും ഇതിന്മേൽ എന്തെങ്കിലും നടപടി ഉണ്ടായോ? ഒരു നടപടിയും ഉണ്ടായിട്ടില്ല. കേരളത്തെ സംബന്ധിച്ചിടത്തോളം സഗൗരവം പരിഗണിക്കേണ്ട ഒരു പ്രശ്നമായി ഇത് മാറണം. മലിനീകരണ നിയന്ത്രണ ബോർഡാണെങ്കിലും പരിസ്ഥിതി വകുപ്പാണെങ്കിലും ഇതുസംബന്ധിച്ച് വളരെ ഗൗരവമായ ഒരു കാഴ്ചപ്പാട് ഇക്കാര്യത്തിൽ ഉണ്ടാകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

പരിസ്ഥിതിയോട് വെല്ലുവിളിച്ചാൽ എന്താണ് ഉണ്ടാവുക എന്ന് ചെന്നൈ നമുക്ക് കാണിച്ചുതന്നിരിക്കുകയാണ്. ചെന്നൈയെക്കുറിച്ച് രാജ്യത്തുടനീളം ചർച്ച ആരംഭിച്ചിട്ടുണ്ട്. കഴിഞ്ഞ ദിവസം ഫേയ്സ്ബുക്കിൽ വന്ന ഒരു കാഴ്ച. 18 ലക്ഷം രൂപ ശമ്പളമുള്ള ഒരു പെൺകുട്ടി വളരെ വ്യസനത്തോടുകൂടി പറയുകയാണ് എനിക്ക് മാസം 18 ലക്ഷം രൂപ ശമ്പളമുണ്ട്, കോടിക്കണക്കിന് രൂപയുടെ ആസ്തിയുമുണ്ട്. പക്ഷേ, എനിക്ക് ഇപ്പോൾ വേണ്ടത് ഒരു കഷണം റൊട്ടിയും ഒരു ഗ്ലാസ് വെള്ളവുമാണ്. സിനിമാരംഗത്തും വ്യവസായ രംഗത്തുമുള്ള നിരവധി കോടീശ്വരന്മാർ ഒരു കുപ്പി വെള്ളത്തിനുവേണ്ടി യാചിക്കുന്ന കാഴ്ച നമുക്ക് കാണാൻ കഴിയും. എവിടേയ്ക്കാണ് നമ്മുടെ ചോദ്യം പോകേണ്ടത്? അവിടെയുള്ള എല്ലാ കായലുകളും കുളങ്ങളും ജലസ്രോതസ്സുകളും ചതുപ്പുനിലങ്ങളും പാടശേഖരങ്ങളും നികത്തി വലിയ വലിയ ഫ്ലാറ്റുകളുണ്ടാക്കി. ഫ്ലാറ്റുകൾ വേണ്ട എന്നല്ല പറയുന്നത്. പക്ഷെ ആ ഫ്ലാറ്റുകൾ പ്രകൃതിയോടും പരിസ്ഥിതിയോടുമുള്ള ഒരു വെല്ലുവിളിയാണ്.

കൊച്ചി നഗരത്തിൽ ഇതുപോലെ ഒരു സംഭവം ഉണ്ടായാൽ, ചെന്നൈയിൽ ഉണ്ടായ അപകടത്തേക്കാൾ ഭയാനകമായിരിക്കും. 2012 വരെ പാടശേഖരങ്ങൾ നികത്തിയത് വരവുവച്ചുകൊണ്ടുള്ള ഒരു ഓർഡിനൻസ് ഈ ഗവൺമെന്റുതന്നെ ഇപ്പോൾ ഇറക്കിയിരിക്കുകയാണ്. എന്നുവച്ചാൽ അവശേഷിക്കുന്ന പാടശേഖരങ്ങളും നികത്തപ്പെടാൻ പോകുകയാണ് എന്നർത്ഥം. അവശേഷിക്കുന്നവ മാത്രമല്ല, പുതിയ പാടശേഖരങ്ങൾപോലും മണ്ണിട്ട് നികത്തി ഉദ്യോഗസ്ഥരെ സ്വാധീനിച്ച് 2012-നുമുമ്പ് നികത്തിയതാണെന്ന് വരുത്തുന്ന വളരെ വേഗതയേറിയ ഒരു പ്രവർത്തനം കേരളത്തിൽ നടക്കുകയാണ്. എന്ത് ഉത്തരവാദിത്വമാണ് ഈ ഗവൺമെന്റിനുള്ളത്? എന്തെങ്കിലും ഉത്തരവാദിത്വം ഈ ഗവൺമെന്റിനുണ്ടോ? ഇങ്ങനെ അഴിമതിക്ക് കുടപിടിക്കുകയും കൂട്ടുനിൽക്കുകയും ചെയ്യുന്ന ഒരു സമീപനം സ്വീകരിച്ചാൽ നമ്മുടെ പ്രകൃതിയും നമ്മുടെ പരിസ്ഥിതിയും എവിടെ പോകും?

മി. ചെയർമാൻ : ശ്രീ. സി. പി. മുഹമ്മദ്, അദ്ദേഹം പ്രസംഗം നിർത്താൻ പോകുകയാണ്.

ശ്രീ. രാജു എബ്രഹാം : സർ, അദ്ദേഹം പരിസ്ഥിതി സംബന്ധിച്ച സമിതിയുടെ ചെയർമാൻ കൂടിയാണ്.

ശ്രീ. സി. പി. മുഹമ്മദ് : സർ, അഞ്ചുവർഷത്തെ പരിസ്ഥിതി കമ്മിറ്റിയുടെ പ്രവർത്തനത്തിന്റെ അടിസ്ഥാനത്തിൽ എനിക്കുണ്ടായ ഒരു അനുഭവം പറയുകയാണ്. അഭ്യസ്തവിദ്യരായ ആളുകൾപോലും ഇതിനനുസരിച്ച് മാറുന്നില്ല. ഒരു ഉദാഹരണം പറയാൻ ആഗ്രഹിക്കുകയാണ്. നാലഞ്ചു കോടി രൂപ ചെലവഴിച്ച് കോഴിക്കോട് മെഡിക്കൽ കോളേജിൽ ഒരു ട്രീറ്റ്മെന്റ് പ്ലാന്റ് ഉണ്ടാക്കി. ശുദ്ധീകരിച്ച വെള്ളം എവിടേക്ക് വിടണമെന്ന് മൂന്ന് കൊല്ലമായിട്ടും തീരുമാനമാകാത്തതിനാൽ പ്ലാന്റ് വർക്ക് ചെയ്യുന്നില്ല. കനോലി കനാലിലേക്ക് വിടുക എന്നുപറഞ്ഞാൽ അവിടത്തെ ജനങ്ങൾ അതിന് എതിരു നിൽക്കുകയാണ്. കോഴിക്കോട് മെഡിക്കൽ കോളേജ് കോമ്പൗണ്ട് പത്ത് അഞ്ഞൂറ് ഏക്കറുണ്ട്. പച്ചക്കറിയോ മറ്റെന്തെങ്കിലും കൃഷിയോ ചെയ്യണമെന്നുപറഞ്ഞാൽ അവിടെയുള്ള അഭ്യസ്തവിദ്യരായ ഡോക്ടർമാർപോലും സമ്മതിക്കുകയില്ല. ഇതിനുള്ള ഒരു അവബോധം നമ്മുടെ സമൂഹത്തിനില്ല.

പാടം നികത്തുന്ന കാര്യത്തെക്കുറിച്ച് പറഞ്ഞു. എല്ലാ ഗവൺമെന്റുകൾ ഭരിക്കുമ്പോഴും കോടിക്കണക്കിന് രൂപയുടെ പാടം നികത്തപ്പെടുകയാണ്. തൃശ്ശൂരിൽ പാടം നികത്തി പത്തും പന്ത്രണ്ടും നിലകളുള്ള ഫ്ലാറ്റുകളാണ് പണിതിരിക്കുന്നത്. പാവപ്പെട്ടവന് മൂന്ന് സെന്റ് സ്ഥലത്ത് ഒരു വീട് വയ്ക്കാൻ പ്രയാസമാണ്. അതേസമയം കോടീശ്വരൻമാർക്കോ; അതിൽ എൽ.ഡി.എഫ്., യു.ഡി.എഫ്. എന്ന ഭേദമില്ല. അതുകൊണ്ട് ഇക്കാര്യത്തെ സംബന്ധിച്ച് ആരോപണ പ്രത്യാരോപണങ്ങൾ ഉന്നയിച്ചതുകൊണ്ടൊന്നും കാര്യമില്ല. നമ്മൾ മാറണം. നമ്മുടെ വിദ്യാഭ്യാസത്തിന്റെ ഭാഗമായി ഇത് മാറ്റണം. അതിനനുസരിച്ചുള്ള ഒരു ബോധവൽക്കരണം നടത്തണം. രാഷ്ട്രീയ പ്രസ്ഥാനങ്ങൾതന്നെ ഈ ദൗത്യം ഏറ്റെടുക്കണം. ഇതിൽ അങ്ങയുടെ അഭിപ്രായമെന്താണ്?

ശ്രീ. രാജു എബ്രഹാം : സർ, നിയമസഭാ കമ്മിറ്റിക്ക് ഒരു പരാതി കിട്ടിയതിന്റെ അടിസ്ഥാനത്തിൽ 1996-ൽ ഞങ്ങൾ കോഴിക്കോട് മെഡിക്കൽ കോളേജ് സന്ദർശിച്ചു. അവിടെ ചെല്ലുമ്പോഴുള്ള സ്ഥിതി വളരെ മോശമായിരുന്നു. മെഡിക്കൽ കോളേജിന്റെ തന്നെ വലിപ്പത്തിൽ മാലിന്യങ്ങൾ കൂടിക്കിടക്കുകയാണ്. ടി കമ്മിറ്റി മുന്നോട്ടുവച്ച നിർദ്ദേശമനുസരിച്ചാണ് അവിടെ മാലിന്യങ്ങൾ കത്തിച്ച്

കളയാനുള്ള സംവിധാനമുണ്ടായത്. പിന്നീടാണ് എസ്.റ്റി.പി.-യിലേക്ക് വന്നത്. അവിടെ ഏതാണ്ട് പത്ത് കിലോമീറ്റർ ചുറ്റളവിലുള്ള കിണറുകളിൽ മുഴുവൻ മാലിന്യമാണ്. ഇത് പൊതുബോധത്തിന്റെ പ്രശ്നമാണ്. എവിടെ മാലിന്യ നിർമ്മാർജ്ജന സംവിധാനങ്ങൾ ഉണ്ടാകണം? മാലിന്യ നിർമ്മാർജ്ജന സംവിധാനങ്ങൾക്ക് ഇന്ന് കേരളത്തിലെ പൊതുസമൂഹം അനുമതി നൽകുന്നില്ല എന്നുള്ളത് ഒരു പൊതുപ്രശ്നമാണ്. അതൊരു അവബോധത്തിന്റെ പ്രശ്നം കൂടിയാണ്. അത് ഏറ്റവും കൂടുതൽ അനുഭവിക്കുന്ന ഒരു നാടാണ് തിരുവനന്തപുരം. തിരുവനന്തപുരത്തു മാത്രമല്ല എല്ലായിടത്തും ഈ പ്രശ്നമുണ്ട്. ഇത്തരം കാര്യങ്ങളെ സംബന്ധിച്ച് നമുക്ക് എന്തുകൊണ്ട് ആലോചിച്ചുകൂടാ? മലിനീകരണ നിയന്ത്രണ ബോർഡ്, തദ്ദേശ സ്വയംഭരണ വകുപ്പ്, ഗവൺമെന്റ്, മുനിസിപ്പാലിറ്റി അങ്ങനെ എല്ലാവരും സംയുക്തമായി ആലോചിക്കേണ്ട വളരെ ഗൗരവമായ ഒരു പ്രശ്നമാണിത്. രാഷ്ട്രീയ വിമർശനമൊന്നുമല്ല ഞാൻ നടത്തിയത്. ഫ്ലാറ്റുകളുടെ വിഷയത്തിലാണെങ്കിലും നിയമം അനുസരിച്ച് കാര്യങ്ങൾ പോകണം.

പാടശേഖരങ്ങൾ നികത്തുന്ന കാര്യത്തെ സംബന്ധിച്ച് ചർച്ച ചെയ്തതാണ്. പക്ഷെ അതെല്ലാം റാറ്റിഫൈ ചെയ്തുകൊടുക്കുന്ന നിലയിലേക്ക് കാര്യങ്ങൾ ഇപ്പോൾ എത്തിയിരിക്കുന്നു എന്നാണ് ഞാൻ പറഞ്ഞത്. അത് നിയമവിധേയമാക്കി മാറ്റിയത് ഈ ഗവൺമെന്റാണ്. അതിന് രാഷ്ട്രീയമായി കുറ്റപ്പെടുത്തിയിട്ട് കാര്യമില്ല. ചെന്നൈ ദുരന്തത്തിന്റെ അനുഭവത്തിൽ ഇത്തരം പ്രശ്നങ്ങൾ പുന:പരിശോധനയ്ക്ക് വിധേയമാക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

മാലിന്യത്തിന്റെ കൂമ്പാരമാണ് ശബരിമലയും പരിസരപ്രദേശങ്ങളും. പലകാര്യങ്ങളും നമ്മൾ ചെയ്തിട്ടുണ്ട്. ഒരു മോഡൽ ആക്ഷൻ പ്ലാൻ ആയി പമ്പ റിവർ ആക്ഷൻ പ്ലാനിനെ നമ്മൾ കൊണ്ടുവന്നു. പക്ഷെ ഗവൺമെന്റിന്റെ സപ്പോർട്ട് അതിന് കിട്ടുന്നില്ല എന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. ഞാൻ കുറ്റപ്പെടുത്തുകയല്ല, ഈ നാലര വർഷക്കാലത്തിനിടയിൽ ഒരു തവണപോലും അതിനുവേണ്ടി ഒരു യോഗം വിളിച്ചിട്ടില്ല. അതുപോലെതന്നെ, അന്നൊരു പ്രൊപ്പോസൽ വന്നത് പെരിയാറിനെ സംബന്ധിച്ചാണ്. അതിന് ഒരു റിവർ ആക്ഷൻ പ്ലാൻ ഉണ്ടാക്കാൻ നമുക്ക് കഴിഞ്ഞിട്ടില്ല. ഇതുപോലെയുള്ള പ്രശ്നങ്ങൾ വളരെ ഗൗരവമായി കാണണ്ടേ?

സന്നിധാനത്ത് പുതിയ ട്രീറ്റ്മെന്റ് പ്ലാന്റ് നിലവിൽവന്നു. ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി ശ്രീ. വി. എസ്. ശിവകുമാറും ഞങ്ങളെല്ലാവരും കൂടി നവംബർ 9-ാം തീയതി പോയി പരിശോധിച്ചപ്പോൾ ഈ പ്ലാന്റ് വളരെ ഫലപ്രദമായി പ്രവർത്തിക്കുന്നതായിട്ടാണ് കാണിച്ചത്. പക്ഷെ കഴിഞ്ഞ ദിവസം

ഹൈക്കോടതി നിയോഗിച്ച ജഡ്ജിയുടെ നേതൃത്വത്തിൽ കാര്യങ്ങൾ പരിശോധിച്ചപ്പോൾ ഞങ്ങളെ കാണിച്ചത് ഒരു വ്യാജ സംഭവമാണെന്നാണ് തെളിഞ്ഞത്. അവിടെയുള്ള 34 മാലിന്യ കേന്ദ്രങ്ങളിൽനിന്നും പൈപ്പുവഴി കണക്റ്റ് ചെയ്ത് കൊണ്ടുവരേണ്ട സംവിധാനമുണ്ടാക്കാതെ വെള്ളം നിറച്ച് ഞങ്ങൾക്ക് മുമ്പിൽ ഒരു ഷോ കാണിക്കുകയായിരുന്നു. കോളിഫോം ബാക്ടീരിയയുടെ എണ്ണം അവിടെ രണ്ട് ലക്ഷത്തിനും മൂന്ന് ലക്ഷത്തിനും ഇടയ്ക്ക് വന്നുനിൽക്കുകയാണെന്നാണ് രണ്ട് ദിവസമായി വരുന്ന റിപ്പോർട്ടുകൾ വ്യക്തമാക്കുന്നത്. 5 എം.എൽ.ഡി.-യുടെ ഒരു പ്ലാന്റ് താഴെ പ്രവർത്തിക്കുന്നുണ്ട്. അതിന് ശബ്ദം മാത്രമേയുള്ളൂ. അവിടെ ഒരു പ്രക്രിയയും നടക്കുന്നില്ല. ഈ മാലിന്യമെല്ലാം പമ്പാനദിയിലേക്ക് കുത്തിയൊഴുക്കുകയാണ്. കുടിവെള്ളത്തിൽ കോളിഫോം ബാക്ടീരിയയുടെ അളവ് 500-ൽ കൂടുതലായാൽ അത് മനുഷ്യജീവനുതന്നെ ഹാനികരമാണെന്ന വസ്തുത നിലനിൽക്കെയാണ് ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയാതെ നമ്മുടെ സംവിധാനം മുന്നോട്ടുപോകുന്നത്.

പെരിയാറിലും ഇതുപോലെയുള്ള പ്രശ്നമുണ്ട്. രാസവസ്തു മാലിന്യത്തിന്റെ കേന്ദ്രമാണ് കുട്ടനാട്. അവിടെ രാസവസ്തു മാലിന്യം ഒഴുകിക്കൂടുകയാണ്. ചേർത്തല മക്ഡവൽ ഫാക്ടറി സന്ദർശിച്ചപ്പോൾ ഞങ്ങളെ കാണിച്ച ഒരു കുഴൽ ഉണ്ടായിരുന്നു. ആ കുഴലിൽക്കൂടി രാസവസ്തു വരുന്നില്ല. പകരം ഭൂമിക്കടിയിൽക്കൂടി മറ്റൊരു കുഴൽ സ്ഥാപിച്ചിരിക്കുന്നു. രണ്ടുമൂന്നു കിലോമീറ്റർ ദൂരത്തിൽ അവിടെ മത്സ്യം ഇല്ലായെന്നുള്ള ഒരു അവസ്ഥയാണ്. ഒരു ഫാക്ടറിയും അടച്ചുപൂട്ടാൻ പാടില്ല. എല്ലാ ഫാക്ടറികളും പ്രവർത്തിക്കണം. പക്ഷെ, മാലിന്യപ്രശ്നങ്ങൾക്ക് പരിഹാരം കണ്ടുകൊണ്ടുവേണം അവ പ്രവർത്തിപ്പിക്കാൻ. പരിസ്ഥിതി പ്രശ്നങ്ങൾ ഗൗരവമായി പരിഹരിക്കാൻ ശ്രമിക്കുമ്പോൾതന്നെ ഒരു പരിസ്ഥിതി മാഫിയ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട് എന്നും നാം മനസ്സിലാക്കണം. കേന്ദ്ര ഗവൺമെന്റുതന്നെ ഇക്കാര്യങ്ങൾ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. വിദേശങ്ങളിൽനിന്നും ധാരാളം പണം വാങ്ങി പരിസ്ഥിതിയുടെ പേരിൽ വികസന പ്രവർത്തനങ്ങളെ അട്ടിമറിക്കുന്ന ചില മാഫിയകൾ പ്രവർത്തിക്കുന്നുണ്ട്. അത് കേരളത്തിലും പ്രവർത്തിക്കുന്നുണ്ട്. നേരത്തെ ഒരു പത്രത്തിൽവന്ന വാർത്തയാണ്. പത്രം ഏതാണെന്ന് ഞാൻ ഓർക്കുന്നില്ല. എറണാകുളത്തെ പ്രശസ്തനായ ഒരു പരിസ്ഥിതി പ്രവർത്തകന് വയനാട്ടിൽ വലിയ ഒരു റിസോർട്ടുണ്ട്. അതുവരെ അദ്ദേഹത്തിന് ഒരു ആസ്തിയും ഉണ്ടായിരുന്നില്ല. ഞങ്ങൾ ഫിലിപ്സ് കാർബൺ കമ്പനിയിൽ പരിശോധനയ്ക്ക് പോയപ്പോൾ ഇവരെല്ലാംകൂടി ഞങ്ങളുടെ മുമ്പിൽ വന്നതാണ്.

<u>മി. ചെയർമാൻ</u> : ശ്രീ. രാജു എബ്രഹാം, 21 മിനിട്ടായി.

<u>ശ്രീ. രാജു എബ്രഹാം</u> : സർ, ഞാൻ സഹകരിക്കാൻ തയ്യാറാണ്. രണ്ട് മിനിട്ടുകൊണ്ട് അവസാനിപ്പിക്കാം. ഇങ്ങനെയുള്ള പരിസ്ഥിതി പ്രവർത്തകരുടെ സ്വത്തിനുണ്ടാകുന്ന ക്രമാതീതമായ വർദ്ധനവ് സത്യസന്ധമായി പരിസ്ഥിതിയെ സംരക്ഷിക്കുന്ന പ്രസ്ഥാനങ്ങൾക്ക് അല്ലെങ്കിൽ ഗവൺമെന്റുകൾക്ക് ഒരു ഭീഷണിയാണെന്നുകൂടി ഞാൻ ഈ സന്ദർഭത്തിൽ ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുകയാണ്. വളരെ വ്യസനത്തോടുകൂടി എറണാകുളത്തുള്ള ഒരു ചെറിയ വ്യവസായി എന്നോട് പറഞ്ഞത്, പരിസ്ഥിതിയെ സംബന്ധിച്ച് വാചാലനാകുന്ന ഒരു യുവ അഭിഭാഷകൻ വ്യവസായവുമായി ബന്ധപ്പെട്ട് പരിസ്ഥിതി സംബന്ധമായി ചില പ്രശ്നങ്ങളുണ്ടാക്കി, അത് കോംപ്രമൈസ് ചെയ്യുന്നതിന് 5 ലക്ഷം രൂപയാണ് ചോദിച്ചത്. ഞാൻ പറഞ്ഞുവരുന്നത് വളരെ മാന്യമായും സത്യസന്ധമായും ആത്മാർത്ഥമായും പ്രവർത്തിക്കുന്നവരുമുണ്ട്. അതുപോലെ വിവാദങ്ങൾ ഉണ്ടാക്കുകയും പണം വാങ്ങി സ്വത്ത് സമ്പാദിക്കുകയും ചെയ്യുന്ന പരിസ്ഥിതി മാഫിയയും നമ്മുടെ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ടെന്ന കാര്യം കൂടി ഞാൻ ചൂണ്ടിക്കാണിക്കുകയാണ്. ബോർഡിലേക്കുള്ള നിയമനങ്ങൾ പി.എസ്.സി.-ക്ക് വിടുന്ന നടപടിയെ ഞാൻ സ്വാഗതം ചെയ്യുന്നു.

01.00 PM]

<u>ശ്രീ. ബെന്നി ബെഹനാൻ</u>: സർ, മലിനീകരണ നിയന്ത്രണ ബോർഡിലെ നിയമനം പി.എസ്.സി.ക്ക് വിടണമെന്നുള്ളതാണ് ഭേദഗതി. മാലിന്യപ്രശ്നവും തീവ്രവാദികളുയർത്തുന്ന വെല്ലുവിളികളുമാണ് ഇന്ന് മാനവരാശി നേരിടുന്ന ഏറ്റവും സങ്കീർണ്ണമായ പ്രശ്നങ്ങൾ. അതുകൊണ്ടാണ് ഉച്ചകോടി സമ്മേളനങ്ങളുടെ മുഖ്യ അജണ്ടയായി ഈ പ്രശ്നങ്ങളൊക്കെ മാറുന്നത്. മുൻകാലങ്ങളിൽ ഉച്ചകോടി സമ്മേളനങ്ങളിൽ ഭക്ഷ്യ പ്രശ്നങ്ങളും പട്ടിണിയെക്കുറിച്ചുമൊക്കെയാണ് ചർച്ച ചെയ്തിരുന്നത്. ഇന്ന് ലോകരാഷ്ട്രത്തലവന്മാർ ഒരുമിച്ചുകൂടുന്ന ഉച്ചകോടി സമ്മേളനങ്ങളുടെ ഏറ്റവും പ്രധാനപ്പെട്ട അജണ്ട മാലിന്യപ്രശ്നവും മറ്റുമാണ്. പാരീസിൽവച്ച് നടന്ന ഉച്ചകോടി സമ്മേളനത്തിൽ ബഹുമാനപ്പെട്ട പ്രധാനമന്ത്രി പങ്കെടുത്തിരുന്നു. ഇന്ദിരാഗാന്ധി പങ്കെടുത്ത് പുതിയ നിർദ്ദേശങ്ങൾവച്ച, സ്വീഡനിൽ നടന്ന ഒ.സി.ഒ. കൺവെൻഷൻ, ബ്രസീലിൽ വച്ചുനടന്ന RIO convention തുടങ്ങി അന്തർദ്ദേശീയതലത്തിൽ നടന്ന കൺവെൻഷനുകളിൽ നമ്മുടെ രാജ്യം ഉൾപ്പെടെയുള്ള ലോകരാഷ്ട്രങ്ങളെടുത്ത ശക്തമായ നിലപാടിന്റെ അടിസ്ഥാനത്തിലാണ് ഇന്ന് നമ്മളിവിടെ പരാമർശിച്ച പല നിയമങ്ങളും ഉണ്ടായത്. മലിനീകരണ നിയന്ത്രണ ബോർഡിലെ നിയമനം പി.എസ്.സി.ക്ക് വിടണമെന്ന ഭേദഗതിയാണ് ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ചത്; ഞാൻ

അതിനോട് പൂർണ്ണമായി യോജിക്കുന്നു. നിയമനം പി.എസ്.സി.-ക്ക് വിട്ടതുകൊണ്ട് മലിനീകരണ നിയന്ത്രണ ബോർഡിന്റെ പ്രവർത്തനം കാര്യക്ഷമമാക്കാൻ കഴിയുമോ; ചെയർമാൻ, മെമ്പർ സെക്രട്ടറി ഉൾപ്പെടെ ബോർഡിന്റെ എല്ലാ ഓഫീസുകളിലുംകൂടി ആകെ 301 ജീവനക്കാരാണുള്ളത്. അതിൽ 121 തസ്തികകളിൽമാത്രമാണ് സ്ഥിരം ജീവനക്കാരുള്ളത്. ബാക്കി 180 തസ്തികകളിൽ നിയമനം നടത്തേണ്ടതായിട്ടുണ്ട്. ഏകദേശം അൻപതിനായിരത്തിലധികം സ്ഥാപനങ്ങളാണ് ബോർഡിന്റെ ഓൺലൈൻ അനുമതി മേഖലയിലുള്ളത്. ബോർഡിലെ ജീവനക്കാരുടെ എണ്ണം കുറവായതുകൊണ്ട് ബോർഡിന്റെ പ്രവർത്തനം കാര്യക്ഷമമാക്കാൻ കഴിഞ്ഞിട്ടില്ല എന്നുമാത്രമല്ല നിയമനം പി.എസ്.സി.ക്ക് വിടണമെന്ന ആശയം നേരത്തെ ഉണ്ടായതുകൊണ്ട് പുതിയ നിയമനങ്ങൾ നടക്കുന്നുമില്ല. നിയമനങ്ങൾ നിർത്തിവച്ചിരിക്കുന്നു. സമൂഹം നേരിടുന്ന ഏറ്റവും ഗുരുതരമായ മലിനീകരണ പ്രശ്നത്തിന് പരിഹാരം കണ്ടെത്തുന്നതിനും നിയന്ത്രിക്കുന്നതിനും രൂപംകൊടുത്ത മലിനീകരണ നിയന്ത്രണ ബോർഡിലെ നിയമനം പി.എസ്.സി.-ക്ക് വിട്ടതുകൊണ്ടുമാത്രം കാര്യക്ഷമമാക്കാൻ പറ്റില്ല. മറിച്ച് ബോർഡിന്റെ പ്രവർത്തനം കൂടുതൽ ശക്തമായി മുന്നോട്ടുകൊണ്ടുപോകാൻ നമുക്ക് കഴിയണം. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റ് ബോർഡിലെ മാനവശേഷിയെ സംബന്ധിച്ച് നടത്തിയ പഠനത്തിൽ ബോർഡിൽ അധിക തസ്തിക സൃഷ്ടിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് സൂചിപ്പിച്ചിട്ടുണ്ട്. എത്ര തസ്തികകൾ വേണമെന്നതിനെക്കുറിച്ച് ഗ്രാഹ്യമില്ല. കേന്ദ്ര ഗവൺമെന്റ് പാസ്സാക്കിയ നിയമങ്ങളുടെയും അതിനോടനുബന്ധിച്ച് സംസ്ഥാന ഗവൺമെന്റുകൾ പാസ്സാക്കിയ നിയമങ്ങളുടെയും അടിസ്ഥാനത്തിലാണ് മലിനീകരണ നിയന്ത്രണ ബോർഡ് പ്രവർത്തിക്കുന്നത്. The Water (Prevention and Control of Pollution) Act, 1974, The Air (Prevention and Control of Pollution) Act, 1981, The Environment Protection Act 1986, Bio-Medical Waste (Management and Handling) Rules, Bio-Medical Waste Rules, Municipal Waste (Management and Handling) Rules, Industrial Hazardous Waste (Management and Handling) Rules, The Batteries (Management and Handling) Rules, Plastic Waste Management Rules, The Noise Pollution (Regulation and Control) Rules, e-Waste (Management) Rules തുടങ്ങിയ ഒട്ടേറെ റൂളുകൾ കാലാകാലങ്ങളിൽ ഗവൺമെന്റ് ഉണ്ടാക്കിയിട്ടുണ്ട്. കുടിവെള്ളത്തിലും ജലത്തിലുമുള്ള മലിനീകരണത്തെക്കുറിച്ചുള്ള പഠനങ്ങളും അതിനുവേണ്ട നിയന്ത്രണങ്ങളും ഏർപ്പെടുത്തുക എന്നതായിരുന്നു മലിനീകരണ നിയന്ത്രണ ബോർഡിന്റെ ആദ്യകാല പ്രവർത്തനങ്ങളെങ്കിൽ ഇന്ന് അതിന്റെ മേഖല വളരെ വലുതായിരിക്കുന്നു. ആ മേഖലയുടെ വലുപ്പത്തിനനുസരിച്ചുള്ള,

ജീവനക്കാരുടെ അംഗസംഖ്യ മാത്രമല്ല, ശാസ്ത്ര-സാങ്കേതിക രംഗത്തുണ്ടായ വളർച്ചയുടേയും വികാസത്തിന്റേയും ആധുനിക കാഴ്ചപ്പാടിന്റെയും അടിസ്ഥാനത്തിൽ മലിനീകരണ ബോർഡിനെ അടിമുടി അഴിച്ചുപണിയേണ്ട സമയം കഴിഞ്ഞിരിക്കുന്നു എന്നാണ് സൂചിപ്പിക്കാനുള്ളത്.

ജല മലിനീകരണത്തിന് ഒട്ടേറെ കാര്യങ്ങളുണ്ട്. ഒന്ന്, നഗരമാലിന്യങ്ങൾ നദികളിലേക്കാണ് എത്തിച്ചേരുന്നത്. വെള്ളത്തിൽ കോളിഫോം ബാക്ടീരിയയുടെ സാന്നിദ്ധ്യം വർദ്ധിക്കുന്നു. നമ്മുടെ നാട്ടിൽ പണിതിരിക്കുന്ന സെപ്റ്റിക് ടാങ്കുകൾക്ക് സ്വീവേജ് ഫെസിലിറ്റിയില്ല. ഞാൻ കൊച്ചി നഗരത്തെ പ്രതിനിധീകരിക്കുന്ന എം.എൽ.എ. ആണ്. കൊച്ചി കേരളത്തിലെ ഏറ്റവും വലിയ നഗരമാണ്. നമ്മുടെ നഗരകാര്യ വകുപ്പുമന്ത്രി ഇവിടെയുണ്ട്. കൊച്ചി നഗരത്തിന് ആവശ്യമുള്ളതിന്റെ 16 ശതമാനം മാത്രമേ സ്വീവേജ് ഫെസിലിറ്റിയുള്ളൂ. കൊച്ചിയിലെ ബഹുഭൂരിപക്ഷം വരുന്ന സ്ഥലങ്ങളിലും സ്വീവേജ് ഫെസിലിറ്റി യില്ലാത്തതുകൊണ്ട് അവിടത്തെ കുടിവെള്ളം മലിനപ്പെടുന്നു. ഓപ്പൺവെല്ലിൽനിന്നും കുടിവെള്ളം ഉപയോഗിക്കുന്ന പല സ്ഥലങ്ങളിലും ബാക്ടീരിയകളുണ്ടാകുന്നു. അത് മനുഷ്യന്റെ ആരോഗ്യത്തെ ബാധിക്കുന്നു.

വായുമലിനീകരണത്തെക്കുറിച്ച് പറഞ്ഞു. കാലാവസ്ഥാ വ്യതിയാനവും അന്തരീക്ഷ മലിനീകരണവും വെല്ലുവിളി ഉയർത്തുന്ന വർത്തമാനലോകത്തിൽ പ്രാണവായുവിൽ വിഷമാലിന്യങ്ങൾ നിറഞ്ഞിരിക്കുന്നു. അപകടകരമായ വാതകങ്ങളിൽനിന്നും പൊതുജനങ്ങൾക്ക് ഗുരുതരമായ ആരോഗ്യഭീഷണിയാണ് നേരിടുന്നത്. അതിന്റെ കണക്ക് കേട്ടാൽ നമ്മൾ ഞെട്ടിപ്പോകും. അന്തരീക്ഷ മാലിന്യങ്ങൾ നമ്മുടെ ശ്വാസകോശങ്ങൾക്കും ആരോഗ്യത്തിനും എങ്ങനെ ഹാനികരമാകുന്നുവെന്നും അവ കാലാവസ്ഥാവ്യതിയാനത്തെ എത്രത്തോളം സ്വാധീനിക്കുന്നു എന്നതിനെക്കുറിച്ചുമുള്ള ശാസ്ത്രീയ പഠനങ്ങൾ നടന്നുകൊണ്ടി രിക്കുകയാണ്. അങ്ങ് വിഷയങ്ങൾ വളരെ ഗൗരവമായി പഠിക്കുകയും ഒട്ടേറെ കാര്യങ്ങൾ വായിച്ചുമനസ്സിലാക്കുകയും ചെയ്യുന്ന ആളാണ്. അന്തരീക്ഷ മലിനീകരണംമൂലം അതീവ ആപത്ക്കരമായ തോതിലാണ് ഇന്ത്യൻ നഗരങ്ങളിൽ അന്തരീക്ഷ മലിനീകരണ വ്യാപനം ഉണ്ടാകുന്നത്. കൂടാതെ നൈട്രസ് ഓക്സൈഡ്, വിവിധതരം വിഷവാതകങ്ങൾ തുടങ്ങി വിവിധതരം പൊടിമാലിന്യങ്ങൾ നഗരാന്തരീക്ഷത്തിൽ കലർന്ന് പൊതുജനാരോഗ്യത്തിന് വൻഭീഷണി ഉയർത്തുന്നു. അതായത് 95 ശതമാനം ഇന്ത്യാക്കാരും ശ്വസിക്കുന്നത് ലോകാരോഗ്യ സംഘടന ശിപാർശ ചെയ്തിരിക്കുന്ന ഗുണനിലവാരത്തിലും എത്രയോ താഴ്ന്ന വായുവാണ്. അന്തരീക്ഷവായുവിന്റെ ഗുണനിലവാര പരിശോധനകളും മറ്റും ആരംഭിച്ച് പതിറ്റാണ്ടുകൾ പിന്നിട്ടിട്ടും നമ്മുടെ നഗരങ്ങളിൽ

പൊടിപടലങ്ങളുയർത്തുന്ന മലിനീകരണംമൂലം ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾ ഉണ്ടാകുന്നുണ്ട്. വികസിത രാഷ്ട്രങ്ങളിൽ വളരെയധികം ആരോഗ്യപ്രശ്നങ്ങൾ സൃഷ്ടിക്കുകയും ആഗോളതലത്തിലുള്ള പത്ത് മരണകാരണങ്ങളിൽ ഒന്നായി അത് മാറുകയും ചെയ്യുന്നു. ആഗോള രോഗഭാരത്തിന്റെ ഏറ്റവും പുതിയ കണക്കുകൾ പ്രകാരം പൊടിപടലം നിറഞ്ഞ അന്തരീക്ഷവായു ശ്വസിക്കുന്നതുമൂലം ഇന്ത്യയിൽമാത്രം ഓരോവർഷവും 6,27,000 കുഞ്ഞുങ്ങൾ മരണത്തിന് കീഴടങ്ങുന്നു. 18 ദശലക്ഷം ആരോഗ്യ ജീവിതവർഷങ്ങൾ അനാരോഗ്യംമൂലം നഷ്ടപ്പെടുന്നു. ഈ പൊടിപടലങ്ങൾ നിയന്ത്രിക്കേണ്ടത് മലിനീകരണ നിയന്ത്രണ ബോർഡാണ്. ഓരോ വർഷവും 6,27,000 കുഞ്ഞുങ്ങൾ ശുദ്ധവായു ശ്വസിക്കാൻ കഴിയാതെ മരണപ്പെടുന്ന സാഹചര്യത്തിലാണ് നമ്മുടെ രാഷ്ട്രം എത്തിച്ചേർന്നിരിക്കുന്നത്.

ഇന്ത്യൻ നഗരങ്ങളുടെ അന്തരീക്ഷത്തിൽ കലർന്നിരിക്കുന്ന വിഷാംശഭീഷണിമൂലം പാരിസ്ഥിതിക ആരോഗ്യപ്രശ്നങ്ങൾ വർദ്ധിച്ചുകൊണ്ടിരിക്കുന്നു. ശ്രീ. രാജു എബ്രഹാം സൂചിപ്പിച്ചതുപോലെ ക്യാൻസർ ഉൾപ്പെടെയുള്ള രോഗങ്ങളെ സംബന്ധിച്ച പഠനങ്ങളും ഇപ്പോൾ നടന്നുവരുന്നു. ആഗോള രോഗഭാര കണക്കുകൾപ്രകാരം അന്തരീക്ഷ വായുവിലെ വിഷാംശങ്ങൾമൂലം ഹൃദ്രോഗങ്ങൾ, ഹൃദയാഘാതം, വിട്ടുമാറാത്ത ശ്വാസകോശ രോഗങ്ങൾ, ആസ്ത്മ, ശ്വാസകോശ ക്യാൻസറുകൾ, ശ്വാസോച്ഛ്വാസ പ്രശ്നങ്ങൾ തുടങ്ങിയ ഗുരുതരമായ രോഗങ്ങൾ ബാധിക്കുന്നു.

180 ജീവനക്കാരുടെ തസ്തികകൾ പബ്ലിക് സർവ്വീസ് കമ്മീഷനുവിട്ട് നിയമനം നടത്തിയതുകൊണ്ടുമാത്രം മലിനീകരണ നിയന്ത്രണ ബോർഡിന്റെ പ്രവർത്തനത്തിൽ നമ്മളുദ്ദേശിക്കുന്നരീതിയിലുള്ള പ്രയോജനമുണ്ടാകില്ല. കൽക്കത്തയിലെ ചിത്തരഞ്ജൻ ക്യാൻസർ ഇൻസ്റ്റിറ്റ്യൂട്ട് 2012-ൽ ഡൽഹിയിലെ കുട്ടികൾക്കിടയിൽ നടത്തിയ സാംക്രമിക രോഗപഠനത്തിൽ ചില നിർണ്ണായകമായ തെളിവുകളുണ്ട്. ഡൽഹിയിലെ പ്രാന്തപ്രദേശങ്ങളിലെ 36 സ്കൂളുകളിൽ പഠിക്കുന്ന 11628 കുട്ടികളിലാണ് വ്യത്യസ്ത കാലയളവുകളിൽ പഠനം നടത്തിയത്. മൂന്നിൽ ഒരു കുട്ടിയുടെ വീതം ശ്വാസകോശപ്രവർത്തനം കുറവാണ്. ഇത് ഡൽഹിയിൽ നടത്തിയ പഠനങ്ങളാണ്. ഇവിടെ നേരത്തെ സൂചിപ്പിച്ചതുപോലെ നമ്മളെക്കാൾ അന്തരീക്ഷവായു മലിനീകരണത്തിന് കുറച്ചുകൂടിനിയന്ത്രണമുള്ള ഡൽഹിയിലെ പ്രാന്തപ്രദേശങ്ങളിൽ നടത്തിയ പഠനങ്ങളിൽ നമ്മളെയെല്ലാം അത്ഭുതപ്പെടുത്തുന്ന കണക്കാണ് ലഭിച്ചതെങ്കിൽ കേരളത്തിൽ ഇതിനെക്കുറിച്ച് ഗൗരവമായൊരു പഠനം നടത്തിയാൽ എത്രമാത്രം സ്കൂൾകുട്ടികൾക്ക് ശ്വാസകോശ രോഗങ്ങളുണ്ടെന്ന് മനസ്സിലാക്കാൻ കഴിയും. ഞാൻ താമസിക്കുന്നത് എറണാകുളം ജില്ലയിലാണ്.

വികസനം ആവശ്യമാണ്. പക്ഷേ അതിന് ആധുനിക തലത്തിലുള്ള നിയന്ത്രണങ്ങൾ ഏർപ്പെടുത്തേണ്ടിയിരിക്കുന്നു. ഇപ്പോൾ കൊച്ചിയിൽ മെട്രോയുടെ പണിനടക്കുകയാണ്. എല്ലാ റോഡുകളിലും മെട്രോ പണി നടക്കുന്നു. ഇതിന്റെ ചുമതല വഹിക്കുന്ന മന്ത്രിയായതുകൊണ്ടാണ് ഞാൻ ഇക്കാര്യം അങ്ങയോട് സൂചിപ്പിക്കുന്നത്. അതിന്റെ തൊട്ടടുത്ത് എത്രയോ സ്കൂളുകളുണ്ട്. അവിടെയുണ്ടാകുന്ന മാലിന്യ പ്രശ്നങ്ങൾ ആ സ്കൂളുകളെ എങ്ങനെ ബാധിക്കുന്നുവെന്നുള്ളതിനെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ? മലിനീകരണ നിയന്ത്രണ ബോർഡിൽ ആകെ 301 ജീവനക്കാരാണുള്ളത്. ആ 301 ജീവനക്കാരിൽനിന്നും 100 പേർ മാത്രമെ സ്ഥിരം ജീവനക്കാരായുള്ളൂ. ബാക്കിയുള്ളവരെല്ലാം താൽക്കാലികവും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലും ജോലി നോക്കുന്നവരാണ്. ഈ 180 പോസ്റ്റുകളും പി.എസ്.സി.-ക്ക് വിട്ട് നിയമനം നടത്തിയാലും ഇത്രയും ബൃഹത്തായ ഒരു മേഖലയിലേക്ക് ഇവരുടെ പ്രവർത്തനം എത്തിച്ചേരാൻ കഴിയുമോ? അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി അതിനെക്കുറിച്ച് വളരെ ഗൗവരമായി ആലോചിക്കണം. എനിക്ക് ഇതുസംബന്ധിച്ച് ധാരാളം കണക്കുകൾ പറയാനുണ്ട്.

ആഗോളതാപനം മലിനീകരണത്തെ ബാധിക്കുന്നുണ്ട്. നമ്മൾ ഇത് നിയമസഭയിൽ ചർച്ച ചെയ്തു. കാട്ടാന ഇറങ്ങുന്നു, വന്യമൃഗങ്ങൾ ഇറങ്ങുന്നു, പാമ്പുകൾ ഇറങ്ങുന്നു എന്നിവയെല്ലാം ആഗോളതാപനംമൂലം ഉണ്ടാകുന്ന ചില പ്രത്യാഘാതങ്ങളാണ്. ജന്തുക്കൾക്കിടയിലെ അവസ്ഥ ഇതാണെങ്കിൽ സസ്യങ്ങൾക്കിടയിലെ മാറ്റം പുറമേ വരുന്നുണ്ട്. ഇന്ന് നമുക്ക് കാണാൻ സാധിക്കുന്നത് ചൂടിനനുസരിച്ചാണ് പല സസ്യങ്ങളും പുഷ്പിക്കുന്നത് എന്നതാണ്. ചൂട് വർദ്ധിച്ച് ചെടിയുടെ കോശങ്ങൾക്ക് സമ്മർദ്ദമുണ്ടാകുമ്പോൾ ചെടികൾ പൂക്കും. സാധാരണ മീനമാസത്തിലാണ് കേരളത്തിൽ ചൂട് വർദ്ധിക്കുന്നത്. ഈ സമയത്താണ് കൊന്ന പൂക്കുന്നത്. അത് അങ്ങ് കണ്ടുകാണും. പണ്ടൊക്കെ ഏപ്രിൽ മാസത്തിലാണ് കൊന്ന പൂത്തുകൊണ്ടിരുന്നത്, അപ്പോഴാണ് വിഷു വരുന്നത്. ഇപ്പോൾ ജനവരി, ഫെബ്രുവരി മാസങ്ങളിലാണ് കൊന്നകൾ പൂക്കുന്നത്. അതിനുള്ള കാരണം ആഗോളതാപനമാണ്. മീന മാസത്തിൽ അനുഭവപ്പെടുന്ന ചൂട് കുംഭ മാസത്തിൽ അനുഭവപ്പെടുമ്പോൾ കൊന്നയിലെ കോശം സെൻസിബിൾ ആയി വിഷുക്കാലമായി എന്നുകരുതി നേരത്തെ പൂക്കുന്നു. കൊന്ന, മാവ്, കുരുമുളക് എന്നിവയൊക്ക നേരത്തെ പൂക്കുന്നത് ആഗോളതാപനംമൂലവും അന്തരീക്ഷ മലിനീകരണം മൂലവും ഉണ്ടാകുന്ന പ്രത്യാഘാതങ്ങൾ മൂലമാണ്. ഇത് കാർഷിക മേഖലയെയാണ് ബാധിക്കുന്നത്. കുരുമുളക് നേരത്തെ പൂക്കുന്നതുമൂലം പലപ്പോഴും അതിന് വേണ്ടത്ര യീൽഡ് ലഭിക്കുന്നില്ല. നിലമ്പൂരിൽ ധാരാളം മാവുകൾ ഉള്ളതാണ്. അങ്ങയുടെ വീടിന്റെ പരിസരത്തും മാവുണ്ട്. അങ്ങേക്കറിയാം,

അവിടെ മാവുകൾ നേരത്തെ പൂക്കുന്നു, പഴയതുപോലെ മാങ്ങ ഉൽപ്പാദിപ്പിക്കപ്പെടാൻ കഴിയുന്നില്ല. ആഗോളതാപനം മൂലം പ്രകൃതിയിലുണ്ടാകുന്ന മാറ്റങ്ങൾ എങ്ങനെ നമുക്ക് കൈകാര്യം ചെയ്യാം എന്നുള്ളത് നിരീക്ഷിച്ച് അതിനുള്ള ശാസ്ത്രീയമായ പരിഹാരമാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനുവേണ്ടി പ്രയോജനപ്പെടുത്തേണ്ട അങ്ങയുടെ കീഴിലുള്ള മലിനീകരണ നിയന്ത്രണ ബോർഡിന്റെ കാര്യമാണ് ഞാൻ സൂചിപ്പിച്ചത്. ബില്ലിലൂടെ അവതരിപ്പിച്ചിരിക്കുന്ന ഭേദഗതികൾ വളരെ ചെറുതാണെങ്കിലും ഇതിനെ വളരെ ഗൗരവത്തോടുകൂടി കാണണം. ഒരു കാര്യം കൂടി സൂചിപ്പിക്കുന്നു. അധിനിവേശ സംസ്കാരം നഗരവൽക്കരണവും സാമ്പത്തിക വികസനവും ഖരമാലിന്യത്തിന്റെ തോത് ക്രിയാത്മകമായി കൂടാൻ ഇടയാക്കിയിട്ടുണ്ട്. 2007-ലെ കണക്കുപ്രകാരം ഏഷ്യയിൽ ഒരു ദിവസമുണ്ടാകുന്നത് ഒരു മില്യൻ ടൺ ഖരമാലിന്യങ്ങളാണ്. ഇത് കൈകാര്യം ചെയ്യാൻ 25 മില്യൻ ടൺ ഡോളറാണ് ഓരോ കൊല്ലവും ചെലവഴിക്കേണ്ടി വരുന്നത്. ഈ ചെലവ് ഓരോ വർഷവും 47 മില്യൻ ടൺ വീതം കൂടി വരുന്നുണ്ട്. ഏഷ്യാ-പെസഫിക് മേഖലയിലെ മുഖ്യപ്രശ്നങ്ങളിൽ ഒന്നായി മാറിയ മാലിന്യ നിർമ്മാർജ്ജനം ശാസ്ത്രീയമായി കൈകാര്യം ചെയ്യാൻ സമൂഹം, സർക്കാർ, സ്വകാര്യ ഏജൻസികൾ എന്നിവർ ഉൾപ്പെടുന്ന ഒരു സംയോജിത നയരൂപീകരണം ആവശ്യമാണ്. ഇന്ത്യയിൽ ഒരു കൊല്ലം 150 മുതൽ 200 മില്യൻ ടൺ മാലിന്യങ്ങളാണ് ഉണ്ടാകുന്നത്. അതായത് മൊത്തം ഭക്ഷ്യോൽപ്പാദനത്തിന് തുല്യമായ അളവ്. ഇതിൽ അപകടരമായ മാലിന്യം 6 മില്യൻ ടണ്ണാണ്. ഇന്ത്യയിലെ ഭക്ഷ്യോൽപ്പാദനത്തിന് തുല്യമായ അളവിൽ ഖരമാലിന്യങ്ങൾ ഉണ്ടാകുന്ന ഒരു സമൂഹത്തിൽ നിന്നുകൊണ്ടാണ് മാലിന്യസംസ്കരണത്തെക്കുറിച്ചും അത് നിയന്ത്രിക്കാനുള്ള മാലിന്യ നിയന്ത്രണ ബോർഡിനെക്കുറിച്ചുമൊക്കെ ചർച്ച ചെയ്യുന്നത്. ഇന്ന് വ്യാവസായികമായി മുന്നേറുന്തോറും സംസ്ഥാനത്ത് അപകടകരമായ വിധത്തിൽ മാലിന്യങ്ങൾ ഉണ്ടാകുന്നു. കൂട്ടിയിട്ടിരിക്കുന്ന ഖരമാലിന്യത്തിൽനിന്നും ഒലിച്ചിറങ്ങുന്നജലം മണ്ണിനടിയിലേക്ക് ഒലിച്ചിറങ്ങി ഭൂഗർഭജലാശയത്തിന്റെ ഭാഗമായി അത് കിണറുകളെ ബാധിക്കുന്നു. ഇതുസംബന്ധിച്ച് ശാസ്ത്രീയമായി പഠിക്കാനും നിയന്ത്രിക്കാനും കഴിയണം.

സെൽഫ് വൺ, വീഡിയോ ക്യാമറ, ഡിജിറ്റൽ ക്യാമറ, ലാപ്ടോപ്, കമ്പ്യൂട്ടറുകൾ എന്നിവയിൽ ഉപയോഗിക്കുന്ന ബാറ്ററികൾ അലക്ഷ്യമായി വലിച്ചെറിയാൻ പാടില്ല. ലീഥിയം ബാറ്ററികൾ, നാണയങ്ങൾ, മറ്റ് ലോഹവസ്തുക്കൾ തുടങ്ങിയവയുമായി കൂട്ടിക്കലർത്തി നിക്ഷേപിച്ചാൽ ഷോർട്ട് സർക്യൂട്ട് മൂലം വൻ തീപിടിത്തമുണ്ടാകുന്നു. ഖരമാലിന്യങ്ങളിൽ ഏറ്റവും വില്ലൻ പ്ലാസ്റ്റിക്കാണ്. ഒരു മിനിട്ടിൽ ഒരു മില്യൻ പ്ലാസ്റ്റിക് ബാഗാണ് ലോകത്തിൽ ഉപയോഗിക്കുന്നത്.

പണ്ടൊക്കെ വീട്ടുകളിൽ പാത്രം കഴുകിക്കൊണ്ടിരുന്നത് ചാരമുപയോഗിച്ചാണെന്നുള്ള കാര്യം അങ്ങയുടെ സഹധർമ്മിണിയോട് ചോദിച്ചാൽ അറിയാൻ കഴിയും. ഇന്ന് ആ സ്ഥിതി മാറി. ഇതാണ് നമ്മുടെ ജീവിത ശൈലിയിൽ വന്നിരിക്കുന്ന മാറ്റം. പണ്ട് കാലത്ത് ചാരം ഉപയോഗിച്ച് വൃത്തിയാക്കുന്ന പാത്രങ്ങൾ ഇന്ന് പ്ലാസ്റ്റിക് കുപ്പികളിൽ കിട്ടുന്ന സോപ്പ് ലായനിയിൽ കഴുകിയാൽ മതിയാകും എന്നായിരിക്കുന്നു. ഒരു കാലത്ത് മുറ്റമടിച്ച് ചാണകം തളിച്ചിരുന്ന നമ്മൾ ഇപ്പോൾ ലൈസോൾ മുതലായ ക്ലീനിംഗ് ലായനികൾക്കുപുറകേയായി. കാട്ടിൽനിന്നും കിട്ടുന്ന പുൽത്തൈലങ്ങൾ ഉപയോഗിച്ചാൽ കിട്ടുന്ന മണവും കുളിർമയും മേൽപ്പറഞ്ഞ ലായനികൾ ഉപയോഗിച്ചാൽ കിട്ടില്ല. നമ്മുടെ ജീവിതരീതിയിൽ വന്നിരിക്കുന്ന മാറ്റങ്ങൾ, പാത്രം കഴുകുന്നതിൽ വന്നിരിക്കുന്ന മാറ്റങ്ങൾ, മുറ്റമടിക്കുന്നതിൽ വന്നിരിക്കുന്ന മാറ്റങ്ങൾ, തറ ക്ലീൻ ചെയ്യുന്നതിൽ വന്നിരിക്കുന്ന മാറ്റങ്ങൾ ഇവയിലെല്ലാം കൂടുതൽ ശാസ്ത്രീയമായ പുരോഗതി ഉണ്ടായപ്പോൾ അതിന് അനുയോജ്യമായ വസ്തുക്കൾ കിട്ടുന്നുണ്ടെങ്കിലും അതെല്ലാം ഈ പറഞ്ഞതുപോലെ മാലിന്യപ്രശ്നങ്ങൾ മൂലം ആരോഗ്യത്തെ ബാധിക്കുന്നതു കൊണ്ട് ഇത്തരം പ്രശ്നങ്ങൾ നിയന്ത്രിക്കുന്നതിനുവേണ്ടിയുള്ള ചില നടപടികൾ സ്വാഭാവികമായും ഉണ്ടാകേണ്ടതുണ്ട്.

ഇന്ന് ഏറ്റവും കൂടുതൽ ചർച്ച ചെയ്യപ്പെടേണ്ട ഒന്നാണ് ശബ്ദമാലിന്യം. അതും നിയന്ത്രിക്കപ്പെടേണ്ടതുണ്ട്. അങ്ങ് ഒത്തിരി വിദേശയാത്രകൾ നടത്തിയിട്ടുള്ള ഒരാളാണ്. ബഹുമാനപ്പെട്ട മഞ്ഞളാംകുഴി അലി പോകാത്ത രാജ്യങ്ങളില്ല. നമ്മൾ പല രാജ്യങ്ങളിലും പോകുമ്പോൾ കാണുന്നുണ്ട്. അവിടത്തെ നാഷണൽ ഹൈവേകളിൽ ശബ്ദം നിയന്ത്രിക്കുന്നതിനുവേണ്ടി ഭിത്തികെട്ടി ശബ്ദമലിനീകരണം ഉണ്ടാകാതെ നോക്കും. കേരളത്തിൽ എന്താണ് സ്ഥിതി? ഞാൻ അതിന്റെ കണക്കുകൾ എടുത്തിട്ടുണ്ട്. അത് കേൾവിശക്തിയെ ബാധിക്കുന്നു, അതുമൂലം ആരോഗ്യത്തെയും കൊച്ചുകുട്ടികളുടെ ബുദ്ധിശക്തിയെയും ബാധിക്കുന്നു. കേരളം എങ്ങോട്ട് പോകുന്നു? നമുക്ക് ഒരു നിയന്ത്രണവുമില്ല. ആട്ടോമൊബൈൽ മേഖലയിൽ കേരളത്തിന്റെ സ്ഥിതി എന്താണ്? ഇക്കാര്യം വളരെ ഗൗരവത്തോടുകൂടി കാണണം. കേരളത്തിന്റെ ജനസംഖ്യ എന്നുപറയുന്നത് മൂന്നേകാൽ കോടിയാണ്. ഈ അടുത്ത കാലത്ത് ലഭിച്ച ട്രാഫിക് സെൻസസ് അനുസരിച്ച് കേരളത്തിന്റെ ട്രാഫിക് ഒരു കോടിയിലേക്ക് എത്തുന്നു. മൂന്നുകോടി ജനങ്ങളുള്ള കേരളത്തിൽ ഒരു കോടി വാഹനങ്ങളാണ്. ഈ വാഹനങ്ങൾക്ക് പോകാൻ കഴിയുന്ന ഇൻഫ്രാസ്ട്രക്ച്ചർ ഇല്ല. അതിനുവേണ്ടിയുള്ള റോഡുകളും സൗകര്യങ്ങളുമില്ല. അവിടെ നിന്നെല്ലാം വമിക്കുന്ന വിഷമാലിന്യങ്ങളും വാഹനങ്ങളിൽനിന്നും വമിക്കുന്ന പുകമൂലവും നിരവധി ആരോഗ്യപ്രശ്നങ്ങൾ നേരിടേണ്ടിവരികയാണ്.

<u>ശ്രീ. എസ്. രാജേന്ദ്രൻ</u>: സർ, ഒരു വിഷയം അങ്ങയുടെ ഓർമ്മയിൽനിന്ന് വിട്ടുപോയിട്ടുണ്ടെന്ന് തോന്നി. അതുകൊണ്ടാണ് ഞാൻ ഇടപെട്ട് സംസാരിക്കുന്നത്. യാത്രാക്ലേശവുമായി ബന്ധപ്പെട്ട വിഷയമാണല്ലോ താങ്കൾ സംസാരിക്കുന്നത്. റോഡിന്റെ നടുക്ക് ബസ് നിർത്തുന്നതുമൂലം ട്രാഫിക്കിൽപ്പെടുന്ന മറ്റു വാഹനങ്ങളുടെ പുക ആ പരിസരം മുഴുവനും വിഷമയമാകുന്നു. അത് പരിഹരിക്കാൻ ഗ്രാമപഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ അധികൃതർ ആവശ്യമായ സ്ഥലം നൽകി അതോറിറ്റിയുടെ ഭാഗമാക്കി സാമ്പത്തിക സഹായം അനുവദിച്ച് ട്രാഫിക് ഒഴിവാക്കി കൊടുക്കാമെങ്കിൽ ഈ പ്രശ്നത്തിന് പരിഹാരം കാണാൻ സാധിക്കുന്നതാണ്. അത് അങ്ങയുടെ ശ്രദ്ധയിലുണ്ടോ എന്നാണ് ഞാൻ ചോദിക്കുന്നത്?

<u>ശ്രീ. ബെന്നി ബെഹനാൻ</u>: സർ, അങ്ങ് സൂചിപ്പിച്ച കാര്യങ്ങളൊക്കെ ഞാൻ സമ്മതിക്കുന്നു. പക്ഷേ ഞാൻ സൂചിപ്പിച്ചത് വാഹനം നിർത്തുന്നത് സംബന്ധിച്ചുള്ള പ്രശ്നമല്ല. ട്രാഫിക് പോപ്പുലേഷനും സെൻസസ്സും നിലവിലുള്ളപ്പോൾ നമ്മുടെ ജനസംഖ്യയും റോഡുകളുടെ സ്ഥിതിയും തമ്മിൽ താരതമ്യം ചെയ്യുമ്പോഴുണ്ടാകുന്ന മാലിന്യ തള്ളലിന്റെ ഭീകരാവസ്ഥയെക്കുറിച്ചാണ് ഇവിടെ പറഞ്ഞത്. വാഹനങ്ങൾ നിർത്തിയശേഷം എടുക്കുമ്പോൾ കൂടുതൽ പുക പോകുന്നുവെന്നുള്ളതെല്ലാം ഞാൻ സമ്മതിക്കുന്നു.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (<u>ശ്രീ. മഞ്ഞളാംകുഴി അലി</u>): സർ, അങ്ങ് വളരെ ഫ്ലുവന്റായി സംസാരിച്ചു കൊണ്ടിരിക്കുമ്പോൾ ശല്യപ്പെടുത്തേണ്ട എന്നുവിചാരിച്ചാണ് ഞാൻ സംസാരിക്കാതിരുന്നത്. ഇവിടെ രണ്ട് കാര്യങ്ങളാണ് പറഞ്ഞത്. ഒന്ന്, സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റ് - നമ്മുടെ സംസ്ഥാനത്ത് ആദ്യമായി ഒരു സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റ് അടുത്ത 19-ാം തീയതി അങ്ങയുടെ ജില്ലയായ കൊച്ചിയിൽ ഉദ്ഘാടനം ചെയ്യുകയാണ്. ഇത് ചരിത്രത്തിലെ വലിയൊരു കാര്യമാണ്. ഇന്ത്യയിൽ മറ്റുള്ള സ്ഥലങ്ങളിലൊന്നും ഇതേ രീതിയിലുള്ള പ്ലാന്റ് ഇല്ല. ഏകദേശം 200 ട്രക്ക് വേസ്റ്റുകൾ എറണാകുളത്തെ നദികളിലും കായലുകളിലും ഒഴുക്കിക്കളയുകയാണ് സ്ഥിരമായി ചെയ്യാറുള്ളത്. അതിനുപകരമായി സെപ്റ്റേജ് ട്രീറ്റ്മെന്റ്പ്ലാന്റ് വരുന്നു. അത് കേരളത്തിന് വലിയ ആശ്വാസമേകും.

രണ്ട്, ഇലക്ട്രോണിക് വേസ്റ്റിനെ സംബന്ധിച്ച് പറയുകയുണ്ടായി. ഇ-വേസ്റ്റ് വലിയൊരു ശാപമായി മാറിയിരിക്കുന്നു. എൽ.ഇ.ഡി. ലൈറ്റ്, സി.എഫ്.എൽ. ബൾബ്, ട്യൂബ് ലൈറ്റ് എന്നിവ ഭൂമിയിൽ വാരിവലിച്ച് എറിയുകയാണ് ചെയ്യുന്നത്. ആദ്യമായി ഒരു കിലോയ്ക്ക് 10 രൂപ നൽകി അത് കളക്ട് ചെയ്യുകയാണ്. ഇന്ത്യയിൽ വേറെ സംസ്ഥാനങ്ങളിൽ ഒന്നും ഈ സമ്പ്രദായം നിലവിലില്ല എന്നുള്ളതാണ് സത്യം.

ശ്രീ. ബെന്നി ബെഹനാൻ: കൊച്ചിയിൽ സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റ് ആരംഭിക്കുന്നതിനെ ഞാൻ അഭിനന്ദിക്കുന്നു. അതിന്റെ പണി എത്രയും വേഗം പൂർത്തിയാകട്ടെയെന്ന് ഞാനും ആഗ്രഹിക്കുകയാണ്. 19-ാം തീയതി ഉദ്ഘാടനം ചെയ്യുന്ന ആ പ്ലാന്റ് ഏറ്റവും നല്ലൊരു മാതൃകയാണ്. അതുപോലുള്ള പ്ലാന്റുകൾ മറ്റ് സ്ഥലങ്ങളിലും ആരംഭിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. അങ്ങ് ഇ-വേസ്റ്റിനെക്കുറിച്ച് പറഞ്ഞു. ഇ-വേസ്റ്റ് പോലെതന്നെ അപകടകരമാണ് മെഡിക്കൽ വേസ്റ്റും. പാലക്കാടുള്ള ഒരു യൂണിറ്റ് മാത്രമാണ് ഇപ്പോൾ മെഡിക്കൽ വേസ്റ്റ് സംസ്കരിക്കുന്നത്.

ശ്രീ. മഞ്ഞളാംകുഴി അലി : സർ, ബയോമെഡിക്കൽ വേസ്റ്റ് സംസ്കരിക്കുന്നതിനുള്ള പ്ലാന്റ് ആരംഭിക്കുന്നതിനായി എറണാകുളത്ത് രണ്ടേക്കർ സ്ഥലം ഐ.എം.എ.-ക്ക് നൽകിയിട്ടുണ്ട്. അവിടെയും ഉടനെതന്നെ പ്ലാന്റ് ആരംഭിക്കുന്നതാണ്.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

ശ്രീ. ബെന്നി ബെഹനാൻ: സർ, ഐ.എം.എ. വിളിച്ചുചേർത്ത ഒന്നുരണ്ട് യോഗത്തിൽ ഞാനും പങ്കെടുത്തിരുന്നു. അവിടെ പ്ലാന്റ് തുടങ്ങുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഞാൻ അതിനെ സ്വാഗതം ചെയ്യുന്നു. പക്ഷേ പ്ലാന്റ് എത്രയുംവേഗം ആരംഭിക്കേണ്ടതാണ്. അതുപോലെതന്നെയാണ് നാപ്കിനുകൾ നശിപ്പിക്കുന്ന കാര്യവും. നമ്മുടെ സ്ഥലത്തൊക്കെ ഫ്ലാറ്റ് സംസ്കാരമാണ്. നാപ്കിനുകൾ നശിപ്പിക്കാൻ കഴിയാത്തതിനാൽ പലപ്പോഴും ടോയ്ലറ്റിൽ ഇടുകയും ടോയ്ലറ്റ് ബ്ലോക്കാവുകയും ചെയ്യുന്നു. ഫ്ലാറ്റിൽ താമസിക്കുന്നവർ അനുഭവിക്കുന്ന ഏറ്റവും വലിയൊരു ബുദ്ധിമുട്ടാണിത്. ശ്രീ. മഞ്ഞളാംകുഴി അലി സൂചിപ്പിച്ചതുപോലെ ഇത്തരം കാര്യങ്ങൾക്കായി പുതിയ പ്ലാന്റുകളുണ്ടാകണം. മലിനീകരണ പ്രശ്നത്തെ നേരിടാൻ ഭരണപരമായ നടപടിക്രമങ്ങൾ മാത്രം പോര. അതിനായി ബോധവൽക്കരണം നടത്തുകയും മാലിന്യപ്രശ്നത്തിന് രാഷ്ട്രീയമുണ്ടാവുകയും വേണം. മുമ്പ് മാലിന്യപ്രശ്നത്തിന് രാഷ്ട്രീയമുണ്ടായിരുന്നു. മഹാത്മാഗാന്ധി മാലിന്യ പ്രശ്നങ്ങൾ രാഷ്ട്രീയ അജണ്ടയാക്കി മാറ്റിയിരുന്നു. ഇന്ന് കേരളത്തിന് വേണ്ടത് ആ പൊളിറ്റിക്കൽ അജണ്ടയാണ്. സ്വാതന്ത്ര്യസമരകാലഘട്ടത്തിൽ സൂര്യനസ്തമിക്കാത്ത ബ്രിട്ടീഷ് സാമ്രാജ്യത്തിനെതിരെ സ്വാതന്ത്ര്യസമരം നയിച്ചപ്പോഴും മഹാത്മാഗാന്ധിക്ക് ചില കാഴ്ചപ്പാടുകളും രാഷ്ട്രീയവുമുണ്ടായിരുന്നു. അതിൽ ഒന്ന് ശുചീകരണത്തിന്റെ രാഷ്ട്രീയമായിരുന്നു. സ്വന്തം വീട്, സ്വന്തം കക്കൂസ്സ് കഴുകുക എന്നത് അദ്ദേഹത്തിന്റെ രാഷ്ട്രീയമാണ്. അതിന് ഒരു രാഷ്ട്രീയ മുദ്രാവാക്യംപോലും അദ്ദേഹം ഉയർത്തിപ്പിടിച്ചിരുന്നു. ശുചീകരണമെന്നത്

ഒരു രാഷ്ട്രീയ സിദ്ധാന്തമാക്കി അവതരിപ്പിക്കാൻ മഹാത്മാഗാന്ധിക്ക് കഴിഞ്ഞു. അതുകൊണ്ടാണ് ആ കാലഘട്ടത്തിലുണ്ടായിരുന്ന സ്വാതന്ത്ര്യ സമര സേനാനികൾ അവരുടെ ജീവിതചര്യയായി ശുചീകരണമെന്ന ആശയത്തെ ഉൾക്കൊണ്ടത്. മഹാത്മാഗാന്ധി അക്കാര്യത്തിൽ ഒരു വിട്ടുവീഴ്ചയും ചെയ്തിരുന്നില്ല. അങ്ങും ഞാനും മഹാത്മാഗാന്ധിയുടെ സത്യാന്വേഷണ പരീക്ഷണങ്ങൾ വായിച്ചിട്ടുണ്ട്. മഹാത്മാഗാന്ധിയെ ഒരിക്കലും ക്ഷുഭിതനായി കണ്ടിട്ടില്ല. സൗത്ത് ആഫ്രിക്കയിൽ വച്ച് ട്രെയിനിൽ സഞ്ചരിച്ചുകൊണ്ടിരുന്നപ്പോൾ ബ്രിട്ടീഷ് പോലീസുകാരൻ ട്രെയിനിൽനിന്ന് അദ്ദേഹത്തെ വലിച്ചിറക്കി ബൂട്ട്സിട്ട് ചവിട്ടുകയും അദ്ദേഹത്തിന്റെ പല്ല് ഇളകിപ്പോവുകയും ചെയ്തു. അപ്പോഴും സ്വന്തം മുഖത്ത് ബൂട്ട്സിട്ട് ചവിട്ടിയ പോലീസുകാരനോട് ക്ഷുഭിതനാകാതെ എന്നെ ചവിട്ടിയതുകൊണ്ട് അങ്ങയുടെ ബൂട്ട്സിനെന്തെങ്കിലും പറ്റിയോ എന്നാണ് വളരെ വിനയാന്വിതനായി മഹാത്മാഗാന്ധി ചോദിച്ചത്. അദ്ദേഹത്തിന്റെ സത്യാന്വേഷണ പരീക്ഷണങ്ങൾ വായിക്കുമ്പോൾ മഹാത്മാഗാന്ധിയെ ക്ഷുഭിതനായി ഒരവസരത്തിൽ മാത്രമെ കണ്ടിട്ടുള്ളൂ. നിങ്ങളുടെ കക്കൂസ് കഴുകണമെന്ന് കസ്തൂർബാഗാന്ധിയോട് പറഞ്ഞപ്പോൾ വൈമനസ്യം കാണിച്ച അവരോട് ഇത് ചെയ്തിരിക്കണം, ഇതെന്റെ ആജ്ഞയാണ്, അല്ലെങ്കിൽ നമുക്ക് പിരിയേണ്ടിവരുമെന്നുപറഞ്ഞ് മഹാത്മാഗാന്ധി ശുചീകരണരംഗത്ത് പ്രകടിപ്പിച്ച രാഷ്ട്രീയസംസ്കാരമാണ് നമ്മൾ ഉയർത്തിപ്പിടിക്കേണ്ടത്. ഇപ്പോൾ പല ആളുകളും ചൂലെടുത്തടിച്ച് ശുചീകരണത്തിന് പുതിയ മാനമുണ്ടാക്കുന്നതിനുവേണ്ടി ഡൽഹിയിലൊക്കെ നടക്കുന്നുണ്ടെങ്കിലും അത്തരം രാഷ്ട്രീയസംസ്കാരമല്ല നമുക്കുണ്ടാവേണ്ടത്. ജീവിതരീതിയിൽ ശുചീകരണവും മാലിന്യസംസ്കരണവും മാലിന്യത്തെ തുടച്ചുനീക്കാൻ കഴിയുന്നതും ഒരു രാഷ്ട്രീയ സംസ്കാരമാക്കിമാറ്റാൻ കഴിഞ്ഞാൽ മാത്രമെ ഇന്ന് കാണുന്ന തീവ്രമായ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ സാധിക്കുകയുള്ളൂ. ഇന്ന് ലോകത്ത് ചർച്ച ചെയ്യപ്പെട്ടുകൊണ്ടിരിക്കുന്ന ഗുരുതരമായ ഒരു പ്രശ്നം പരിഹരിക്കുന്നതിന് നമ്മൾ രൂപീകരിച്ച ബോർഡിലെ 301 ജീവനക്കാരെക്കൊണ്ട് മാത്രം കഴിയുകയില്ല. 83 എഞ്ചിനീയർമാരും 64 സയന്റിസ്റ്റുമാരുമാണുള്ളത്. 301 തസ്തികകളിൽ നിലവിൽ 101 തസ്തികകളിൽ മാത്രമാണ് സ്ഥിരം ജീവനക്കാരുള്ളത്. മലിനീകരണനിയന്ത്രണ ബോർഡിന് ഒരു ജില്ലയിൽ മൂന്ന് എഞ്ചിനീയർമാർ മാത്രമേയുള്ളൂ. ശ്രീ. രാജു എബ്രഹാം ചെന്നൈയിലെ വെള്ളപ്പൊക്കത്തെക്കുറിച്ച് ഇവിടെ സൂചിപ്പിച്ചു. ഞാൻ അങ്ങയോട് യോജിക്കുകയാണ്. നമ്മൾ കെട്ടിടം പണിയുമ്പോൾ കാണിക്കേണ്ട ശുഷ്കാന്തിയിൽ മലിനീകരണ നിയന്ത്രണ ബോർഡ് നടപടി സ്വീകരിക്കണ്ടേ? ചെന്നൈയിൽ ഇത്രമാത്രം വെള്ളപ്പൊക്കമുണ്ടാകാനുള്ള കാരണത്തെക്കുറിച്ച്

ചെന്നൈയിലെ ചീഫ് സെക്രട്ടറിയായിരുന്ന ശ്രീ. സിറിയക് കഴിഞ്ഞ ദിവസം അഭിപ്രായ പ്രകടനം നടത്തിയിരുന്നു. അവിടെ ആയിരക്കണക്കിന് ഏക്കർ സ്ഥലത്ത് പുതിയ കെട്ടിടങ്ങളുണ്ടായിരിക്കുന്നു. അവിടം ചതുപ്പുനിലങ്ങളായതിനാൽ അതിന്റെ സ്പോഞ്ചിംഗ് ഇഫക്ട് നഷ്ടപ്പെട്ടിരിക്കുന്നു. വെള്ളം താഴേയ്ക്ക് ഒഴുകിപ്പോകാൻ കഴിയാത്ത രീതിയിൽ അവിടത്തെ മണ്ണിന്റെ ഘടന മാറിയതുകൊണ്ടാണ് വെള്ളപ്പൊക്കമുണ്ടായത്. കേരളത്തിൽ വെള്ളപ്പൊക്കമുണ്ടാകാൻ സാധ്യതയുള്ള നാല് നഗരങ്ങളെക്കുറിച്ച് ഇന്നത്തെ പത്രത്തിൽ വായിച്ചിരുന്നു. അവ തിരുവനന്തപുരം, എറണാകുളം, ആലപ്പുഴ, കൊല്ലം എന്നീ ജില്ലകളാണ്. അതിൽ ഏറ്റവും കൂടുതൽ അപകടഭീഷണിയുള്ളത് എറണാകുളം ജില്ലയിലാണ്. ഇവിടെ ചെറിയൊരു മഴ പെയ്താൽപ്പോലും വെള്ളപ്പൊക്കത്തിന്റെ കെടുതികളുണ്ടാകുന്നതിന് കാരണം നേരത്തെ സൂചിപ്പിച്ചതുപോലെ ആവശ്യമായ ശാസ്ത്രീയപഠനങ്ങളില്ലാതെ കെട്ടിടങ്ങളും വ്യവസായ സ്ഥാപനങ്ങളും നിർമ്മിക്കുകയും മറ്റ് രംഗങ്ങളിലൊക്കെ നമ്മൾ കാണിക്കുന്ന അനാസ്ഥയും നമ്മുടെ അറിവില്ലായ്മയുമാണ്. അതുകൊണ്ടാണ് ഇത്തരം ഭീകരമായ പ്രകൃതിക്ഷോഭങ്ങളെ നമുക്ക് നേരിടേണ്ടിവരുന്നത്.

മലിനീകരണ നിയന്ത്രണ ബോർഡിലെ നിയമനങ്ങൾ ചെറിയ ഒരു വകുപ്പിന്റെ ഭേദഗതിയിലൂടെ പി.എസ്.സി.-ക്ക് വിടുന്നത് നല്ലതാണ്. എല്ലാ നിയമനങ്ങളും പി.എസ്.സി.-ക്ക് വിടണം. പക്ഷേ പി.എസ്.സി.-ക്ക് വിട്ടതുകൊണ്ട് മലിനീകരണ നിയന്ത്രണ ബോർഡ് കാര്യക്ഷമമാകുകയില്ല. മലിനീകരണ നിയന്ത്രണ ബോർഡിന്റെ പ്രവർത്തനം എല്ലാ വകുപ്പുകളിലും വ്യാപിപ്പിക്കേണ്ടതാണ്. അന്തരീക്ഷമലിനീകരണമായാലും ഇ-വേസ്റ്റിന്റെതാണെങ്കിലും ബയോ മെഡിസിന്റേതാണെങ്കിലും മറ്റ് ഏത് കാര്യങ്ങൾക്കാണെങ്കിലും നിയന്ത്രണം ഏർപ്പെടുത്തേണ്ടതും മാനവരാശി നേരിടുന്ന സങ്കീർണ്ണമായ പ്രശ്നങ്ങൾ ആദ്യഘട്ടത്തിൽത്തന്നെ പരിഹാരം കാണേണ്ടതും അങ്ങയുടെ നേതൃത്വത്തിൽ നടക്കുന്ന ബോർഡിന്റെ പ്രവർത്തനമായതുകൊണ്ട് ഇതിനെ ശാക്തീകരിക്കുന്നതിനും ഇതിനുവേണ്ടി നടപടി സ്വീകരിക്കുന്നതിനും അങ്ങ് മുൻകൈയെടുക്കണം. ജനാധിപത്യരാജ്യത്ത് എല്ലാ നിയമനിർമ്മാണവും നടക്കുമെന്ന് ഞാൻ വിശ്വസിക്കുന്നില്ല. ശക്തമായ ബോധവൽക്കരണം ഈ രംഗത്ത് ആവശ്യമാണ്. മാലിന്യ സംസ്കരണത്തിന് ശക്തമായ ബോധവൽക്കരണമുണ്ടായിരുന്നു. റസിഡൻസ് അസോസിയേഷനുകളെപ്പോലെയും രാഷ്ട്രീയപ്പാർട്ടികളെപ്പോലെയുമുള്ള ആളുകൾ ഏറ്റെടുത്ത ശക്തമായ ബോധവൽക്കരണത്തിന്റെ അടിസ്ഥാനത്തിൽ മാലിന്യസംസ്കരണത്തെ ഒരു പരിധിവരെ വിജയിപ്പിക്കാൻ കഴിഞ്ഞു. ജൈവ

പച്ചക്കറി കൃഷി പൊളിറ്റിക്കൽ പാർട്ടി അജണ്ടയാക്കി മാറ്റിയിരിക്കുന്നു. പൊളിറ്റിക്കൽ പാർട്ടിയുടെ പ്രചരണ പരിപാടികളിൽ അത്തരം കാര്യങ്ങൾ അജണ്ടയാക്കി മാറ്റി. മാലിന്യസംസ്കരണവും നിയന്ത്രണവുമൊക്കെ രാഷ്ട്രീയ പാർട്ടികളുടെ അജണ്ടയാക്കി മാറ്റുന്നതിനുള്ള കാഴ്ചപ്പാടും ബോധവൽക്കരണവും ആശയവും ബഹുമാനപ്പെട്ട ആര്യാടൻ മുഹമ്മദിനുണ്ട്. മുമ്പ് ശ്രീ. ആര്യാടൻ മുഹമ്മദ് സിഗററ്റ് വലിച്ചുകൊണ്ട് മാലിന്യം വമിപ്പിക്കുന്ന ആളായിരുന്നു. ഇപ്പോൾ അത് നിർത്തി. അദ്ദേഹം സിഗററ്റ് വലിക്കുമ്പോഴുണ്ടാകുന്ന പുക എന്റെയും ശ്രീ. ജോസഫ് വാഴക്കന്റെയുമൊക്കെ ശ്വാസകോശത്തെ പലപ്പോഴും ബാധിച്ചിട്ടുള്ളതു കൊണ്ട് അതെല്ലാം നിർത്തി. ഈ വകുപ്പ് കൈകാര്യം ചെയ്യുന്നതിൽ സർവ്വഥാ യോഗ്യനായി മാറിയിരിക്കുന്ന അങ്ങയുടെ നേതൃത്വത്തിൽ ഇതിന്റെ രാഷ്ട്രീയത്തെ വ്യാപകമാക്കി മാലിന്യ സംസ്കരണത്തിനുവേണ്ടി മുന്നോട്ടുവരണം എന്നുപറഞ്ഞു കൊണ്ട് നിർത്തുന്നു.

ഊർജ്ജ വകുപ്പുമന്ത്രി (<u>ശ്രീ. ആര്യാടൻ മുഹമ്മദ്</u>): സർ, ഇവിടെ സംസാരിച്ച മെമ്പർമാരെല്ലാം വളരെ പ്രായോഗികമായും സാങ്കേതികമായുമുള്ള സംഭാവനയാണ് അവരുടെ പ്രസംഗങ്ങളിലൂടെ നൽകിയത്. ഈ ചർച്ചയിൽ കണ്ട ഒരു പ്രത്യേകത രാഷ്ട്രീയം ആരും ഉപയോഗിച്ചില്ല എന്നതാണ്. വളരെ പ്രായോഗികമായ കാര്യങ്ങളാണ് നിർദ്ദേശിക്കപ്പെട്ടത്. എല്ലാ നിയമനങ്ങളും പി.എസ്.സി.-ക്ക് വിടണമെന്ന നമ്മുടെ ഗവൺമെന്റിന്റെ നയത്തിന്റെ അടിസ്ഥാനത്തിലാണ് ഈ ബിൽ ഇവിടെ അവതരിപ്പിച്ചത്. ഈ വിഷയം വളരെ കാലമായി ആലോചിച്ചുകൊണ്ടിരുന്നതാണ്. നിയമനങ്ങൾ പി.എസ്.സി.-ക്ക് വിടുന്നതോടെ എല്ലാ പ്രശ്നങ്ങളും അവസാനിക്കുമെന്ന് ഞാൻ വിശ്വസിക്കുന്നില്ല. എന്നാൽ നിയമനങ്ങളെ സംബന്ധിച്ച ആക്ഷേപങ്ങൾ ഇല്ലാതാക്കാൻ ഏറ്റവും നല്ല മാർഗ്ഗം പി.എസ്.സി.-ക്ക് വിടുന്നതാണ്. അതാണ് തീരുമാനിച്ചിട്ടുള്ളത്. ഇവിടെ പലരും പല അഭിപ്രായങ്ങളും പറഞ്ഞു. ഈ വകുപ്പിനെ സംബന്ധിച്ചുള്ള ഒരു നല്ല ചർച്ചയാണ് നടന്നത്. ഇതൊരു നല്ല സംഭാവനയായിത്തന്നെ ഞാൻ കണക്കാക്കുന്നു. ഇവിടെ പറഞ്ഞ കാര്യങ്ങൾക്ക് യഥാർത്ഥത്തിൽ ഞാൻ മറുപടി പറയേണ്ട കാര്യമില്ല. കാരണം എനിക്കുമാത്രമല്ല, കേരളത്തിലെ ജനങ്ങൾക്കെല്ലാം അംഗീകരിക്കാവുന്ന കാര്യങ്ങളാണ് ബഹുമാനപ്പെട്ട മെമ്പർമാർ ഇവിടെ ചൂണ്ടിക്കാണിച്ചത്. ശ്രീ. സി. ദിവാകരൻ ഇതൊരു വെള്ളാനയാണെന്ന് പറയുകയുണ്ടായി. അതിനോട് എനിക്ക് യോജിപ്പില്ല. ശ്രീ. കെ. രാജു ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ, 50000-ത്തോളം യൂണിറ്റുകളാണ് മലിനീകരണ നിയന്ത്രണ ബോർഡിന്റെ കീഴിൽ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ളത്. ഇത്രയും യൂണിറ്റുകൾ

പരിശോധിക്കാനുള്ള സമയവും സ്റ്റാഫുമില്ല. ശ്രീ. ബെന്നി ബഹനാനും അതുപോലെ മറ്റുചിലരും പറഞ്ഞിട്ടുള്ളത്, സ്റ്റാഫ് പോരെന്നുള്ളതാണ്. കൂടുതൽ സ്റ്റാഫ് വേണം. സയന്റിസ്റ്റുകൾ ഇല്ലെന്ന് ശ്രീ. സി. ദിവാകരന്റെ പ്രസംഗത്തിൽ അദ്ദേഹം പറയുകയുണ്ടായി. സയന്റിസ്റ്റുകൾ ഉണ്ടെങ്കിലും അത് പോരെന്ന കാര്യം ഞാൻ സമ്മതിക്കുന്നു. സയന്റിസ്റ്റുകളെ കൂടി നിയമിക്കാനുള്ള നടപടിയാണ് ഞാൻ കൈക്കൊള്ളുന്നത്. ഞാൻ ഒരു അറ്റംപ്റ്റ് നടത്തിയതാണ്. എൽ.ബി.എസ്. മുഖേന താൽക്കാലികമായി നിയമനം നടത്താൻ ആലോചിക്കുക മാത്രമല്ല, അതിനുള്ള നടപടിയും സ്വീകരിച്ചിരുന്നു. ശ്രീ. സി. ദിവാകരൻ ചൂണ്ടിക്കാണിച്ചതു പോലെ, പി.എസ്.സി.ക്ക് ആളുകളെ റിക്രൂട്ട് ചെയ്ത് നാളെ രാവിലെതന്നെ നിയമിക്കാൻ കഴിയുമെന്ന് ഞാൻ വിശ്വസിക്കുന്നില്ല. അതിന് സ്പെഷ്യൽ റൂൾ ഉണ്ടാക്കണം, സബ്ജക്ട് കമ്മിറ്റിക്ക് പോകണം അതുകഴിഞ്ഞ് പി.എസ്.സി.ക്ക് കൊടുക്കണം. പി.എസ്.സി. അത് അഡ്വർട്ടൈസ് ചെയ്യണം, റിട്ടൺ ടെസ്റ്റ് നടത്തി റാങ്ക് ലിസ്റ്റും ഉണ്ടാക്കിയാൽ മാത്രമേ ആളുകളെ ലഭിക്കുകയുള്ളൂ. ഇത് ഇന്നല്ലെങ്കിൽ നാളെ ചെയ്യേണ്ടിവരും. 2012 മുതൽ ശ്രമിക്കുകയായിരുന്നു. അതിനുമുമ്പും ഈ വകുപ്പ് കൈകാര്യം ചെയ്ത ചില മന്ത്രിമാർ ഇതിന് ശ്രമിച്ചിട്ടുണ്ട്. പക്ഷേ, അന്നൊക്കെ ചില കാരണത്താൽ നടക്കാതെ പോയി. ഇത് എന്നായാലും നടത്തേണ്ട കാര്യമാണ്. അതുകൊണ്ടാണ് ഇങ്ങനെയൊരു ബിൽ കൊണ്ടുവന്നത്. ഇവിടെ ചൂണ്ടിക്കാണിച്ച കാര്യങ്ങൾക്കെല്ലാം ഞാൻ മറുപടി പറയുന്നില്ല. വെള്ളാനയെന്ന് പറഞ്ഞതിനോടൊക്കെയാണ് എനിക്ക് എതിർപ്പുള്ളത്. മലിനീകരണ നിയന്ത്രണ ബോർഡ് വളരെ കാര്യക്ഷമമായി നടക്കുന്നുണ്ട്. അത് വെള്ളാനയൊന്നുമല്ല, സാങ്ഷൻഡ് സ്റ്റാഫ് സ്ട്രെങ്ത് 301 ആയ സ്ഥാപനത്തിൽ ഇന്ന് ആകെ 121 പേരാണുള്ളത്. അതിൽ 36-37 സയന്റിസ്റ്റുമാർ മാത്രമാണുള്ളത്. അവർക്ക് ഇതു മുഴുവൻ അന്വേഷിക്കാനും പരിശോധിക്കാനും സമയമില്ല. ഉള്ള സ്റ്റാഫ് കഠിനാദ്ധ്വാനം ചെയ്ത് പരിശോധനകൾ നടത്തുന്നുണ്ട്. സ്റ്റാഫിനെക്കുറിച്ച് ഒരു ആരോപണവും ഉണ്ടായിട്ടില്ല. സാധാരണ ഇതുപോലുള്ള ചർച്ചയിൽ സ്റ്റാഫിനെക്കുറിച്ചുള്ള ആരോപണങ്ങൾ കേൾക്കാറുണ്ട്. ഇവിടെ അതിനെക്കുറിച്ച് ആരും പറഞ്ഞില്ല; കാരണമെന്താണ്? സ്റ്റാഫ് വളരെ പെർഫെക്ടായി ജോലി ചെയ്യുന്നുണ്ട്. പക്ഷേ അവർക്ക് അതിന് കഴിയാത്ത സാഹചര്യമാണ്. ബോർഡിനുകീഴിൽ 50000-ത്തോളം യൂണിറ്റുകളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. അവർ ഈ യൂണിറ്റുകൾ പരിശോധിച്ചു വരുമ്പോഴുള്ള കാലതാമസം എത്രമാത്രമാണെന്നുള്ള കാര്യം ഓർക്കണം. ഞാൻ അക്കാര്യത്തെക്കുറിച്ച് കൂടുതൽ പറയുന്നില്ല. പരിശോധനയ്ക്ക് കൂടുതൽ ലാബ് വേണം, എയർ പൊല്യൂഷൻ പരിശോധിക്കുന്നതിനുള്ള ലാബ് എറണാകുളത്ത് സ്ഥാപിക്കണം തുടങ്ങിയവയൊക്ക ചെയ്യാനുള്ള തീരുമാനമെടുത്തിട്ടുണ്ട്.

ബയോമെഡിക്കൽ വേസ്റ്റിനെക്കുറിച്ച് ശ്രീ. മഞ്ഞളാംകുഴി അലി ഇവിടെ ചൂണ്ടിക്കാണിച്ചു. അതൊരു വലിയ പ്രശ്നമാണ്. ഞാൻ പി.എ.സി. ചെയർമാനായിരുന്ന കാലത്ത് ഇതുസംബന്ധിച്ച് പി.എ.സി. റിപ്പോർട്ട് നൽകിയിട്ടുണ്ട്. ഞാൻ ഇന്ന് വകുപ്പുമന്ത്രി ആയിട്ടുപോലും എനിക്കത് പൂർണ്ണമായും നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല. അത് വർഷങ്ങൾക്കുമുമ്പാണ്. അതുകഴിഞ്ഞ് രണ്ട് ഗവൺമെന്റുകൾ വന്നു.

ശ്രീ. ബെന്നി ബെഹനാൻ: സർ, ഞാൻ ആ റിപ്പോർട്ട് വായിച്ചിട്ടുണ്ട്.

ശ്രീ. ആര്യാടൻ മുഹമ്മദ് : ശ്രീ. ബെന്നി ബെഹനാൻ ആ റിപ്പോർട്ട് വായിച്ചിട്ടുണ്ടെന്നറിഞ്ഞതിൽ സന്തോഷമുണ്ട്. ബയോമെഡിക്കൽ വേസ്റ്റ് ഇന്ന് വലിയൊരു പ്രശ്നമാണ്. ഈ വിഷയത്തിൽ ചില ആശുപത്രികൾക്ക് സ്റ്റോപ് മെമ്മോ പോലും കൊടുക്കേണ്ടിവന്നിട്ടുണ്ട്. അവിടെ നിന്നും ആക്ഷേപങ്ങളും ജനങ്ങളുടെ ആവശ്യവും വരികയാണ്. കണ്ണൂരിൽ ഒരാശുപത്രിക്കും മറ്റിടങ്ങളിൽ ചില ആശുപത്രികൾക്കും സ്റ്റോപ് മെമ്മോ കൊടുത്ത കാര്യം എനിക്കറിയാം. ബയോമെഡിക്കൽ വേസ്റ്റിനെക്കുറിച്ച് ശ്രീ. മഞ്ഞളാംകുഴി അലി ചൂണ്ടിക്കാണിച്ചതു പോലെ ഐ.എം.എ. എന്നെയും സമീപിച്ചു. അവർക്ക് കൂടുതൽ സ്ഥലം വേണമെന്ന് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ എറണാകുളത്ത് രണ്ട് ഏക്കർ സ്ഥലം കൊടുക്കാനുള്ള തീരുമാനമെടുത്തു. അതുപോലെ കോഴിക്കോട്ടും കൊടുക്കാനുള്ള ഏർപ്പാടുകൾ ചെയ്യുന്നുണ്ട്. അതുകൊണ്ട് കുറേ കാര്യങ്ങൾ ചെയ്യാൻ സാധിക്കും. വലിയ ആശുപത്രികൾ തന്നെ ബയോ മെഡിക്കൽ വേസ്റ്റ് സംസ്കരിക്കണമെന്നാണ് ഗവൺമെന്റിന്റെ നിലപാട്. ഇക്കാര്യത്തിന് പാലക്കാടുള്ള ഒറ്റ യൂണിറ്റ് മാത്രമാണ് നമുക്കുള്ളത്. അവിടെ ഓവർ ലോഡാണ്. അതുകൊണ്ടുമാത്രം നമുക്ക് ചെയ്ത് തീർക്കാൻ സാധിക്കുന്നില്ല. ലാബ് സൗകര്യം കൂട്ടണമെന്ന് ആവശ്യപ്പെട്ടത് ചെയ്യുന്നുണ്ട്. എറണാകുളത്ത് ലാബ് വേണമെന്നു പറഞ്ഞത് ആലോചിക്കാവുന്നതാണ്, അത് ചെയ്യേണ്ടതാണ്, ചെയ്യുകയും ചെയ്യും. അതുപോലെ കോഴിക്കോട്ടും ആവശ്യമാണ്. ഇവിടെ പറഞ്ഞ കാര്യങ്ങളോടൊന്നും എനിക്ക് വിയോജിപ്പില്ല. പ്ലാസ്റ്റിക്കിന്റെ കാര്യം വലിയ പ്രയാസമുള്ളതാണ്. അത് ഗവൺമെന്റ് ആലോചിക്കുന്നുണ്ട്. അക്കാര്യത്തിലും അടിയന്തരമായ നടപടി വേണം. പ്ലാസ്റ്റിക് നിരോധിക്കുക തന്നെ വേണമെന്നാണ് എന്റെ അഭിപ്രായം. അതല്ലാതെ മറ്റ് മാർഗ്ഗങ്ങളില്ല. 34 ബി.ഒ.ഡി. വച്ചിട്ടൊന്നും കാര്യമില്ല, നിരോധിക്കുക തന്നെ ചെയ്യണം. ചില സ്ഥലങ്ങളിൽ പ്ലാസ്റ്റിക് നിരോധിച്ചതിന്റെ ഗുണങ്ങൾ നമുക്ക് കാണാൻ കഴിഞ്ഞിട്ടുണ്ട്.

മിനറൽ വാട്ടറും കുടിവെള്ളവും മലിനീകരണ നിയന്ത്രണ ബോർഡിന് മാത്രമല്ല, പരിശോധനകൾ നടത്തുന്നതിൽ ആരോഗ്യ വകുപ്പിനും പങ്കാളിത്തവും അധികാരവുമുണ്ട്. അവരും കുറച്ച് കാര്യങ്ങൾ ചെയ്യുന്നുണ്ട്. ഇവിടെ പലരും ചൂണ്ടിക്കാണിച്ച കാര്യങ്ങളിൽ വായു, വെള്ളം, പൊടിപടലങ്ങൾ എന്നിവയാണ് ഈ ബോർഡിന്റെ പരിധിയിൽ വരുന്നത്. ജനറലായിട്ടുള്ളതും വളരെ ഫലപ്രദമായിട്ടുള്ളതുമായ ചർച്ചയാണ് ഇവിടെ നടന്നത്. ഞാൻ അടുത്ത കാലത്ത് ഇത്രയും നല്ല ചർച്ച കേട്ടിട്ടില്ല. അത്രയും നന്നായി പഠിച്ചാണ് അംഗങ്ങൾ ചർച്ച ചെയ്തത്. അതൊരു വലിയ സംഭാവനയാണ്. ശബ്ദമലിനീകരണത്തെക്കുറിച്ച് പറഞ്ഞാൽ മലിനീകരണ നിയന്ത്രണ ബോർഡിനും പോലീസിനും മോട്ടോർ വാഹന വകുപ്പിനും അധികാരമുണ്ട്. അക്കാര്യത്തിലും ചെയ്യാൻ കഴിയുന്ന കാര്യങ്ങൾ ചെയ്യുന്നതാണ്. ശ്രീ. ബെന്നി ബെഹനാനും മറ്റ് ചില അംഗങ്ങളും ചൂണ്ടിക്കാണിച്ചത് സ്റ്റാഫ് പോരെന്നുള്ളതാണ്. അത് കൂട്ടാൻ ഏത് സന്ദർഭത്തിലും തീരുമാനിക്കാം.

ശ്രീ. സി. പി. മുഹമ്മദ്: സർ, ഹോസ്പിറ്റൽ ബയോമെഡിക്കൽ മാലിന്യത്തെക്കുറിച്ച് അങ്ങ് പറഞ്ഞത് ശരിയാണ്. ഹോസ്പിറ്റലുകൾക്കും മാളുകൾക്കും വ്യാപാരസ്ഥാപനങ്ങൾക്കും ലൈസൻസ് കൊടുക്കുമ്പോൾ ഇൻസിനറേറ്റർ സൗകര്യം ഉണ്ടാക്കാനും മാലിന്യ സംസ്കരണത്തിനുമുള്ള ഉറപ്പ് വാങ്ങാനും നിയന്ത്രണം ഉണ്ടാക്കാനുമുള്ള ഒരു നിയമം കൊണ്ടുവരുന്നതിനെക്കുറിച്ച് ആലോചിച്ചുകൂടേ?

ശ്രീ. ആര്യാടൻ മുഹമ്മദ്: സർ, നമ്മുടെ റൂളിനകത്ത് ഇക്കാര്യങ്ങളുണ്ട്. കൂടാതെ പൊല്യൂഷൻ കൺട്രോൾ ബോർഡ് അത് ഇൻസിസ്റ്റ് ചെയ്യുന്നുമുണ്ട്. പക്ഷേ, അവർക്ക് അത് നിയന്ത്രിക്കാൻ കഴിയാതെ വരുന്നു. അതുകൊണ്ടാണ് ഹോസ്പിറ്റൽ ബയോമെഡിക്കൽ മാലിന്യങ്ങൾ ഐ.എം.എ.യുടെ പ്ലാന്റിലേക്ക് അവർ നൽകുന്നത്. ഏതായാലും അത് ഇൻസിസ്റ്റ് ചെയ്യണമെന്നുതന്നെയാണ് എന്റെയും അഭിപ്രായം. ശ്രീ. കെ. രാജു പറഞ്ഞ പെരിയാറിന്റെയും ചാലിയാറിന്റെയും കാര്യം, ചാലിയാർ എന്റെ നാട്ടിൽകൂടി ഒഴുകുന്ന നദിയാണ്. അദ്ദേഹം പറഞ്ഞത് ശരിയാണ്. പെരിയാറിലൊക്കെ പൊല്യൂഷൻ നിയന്ത്രിക്കുമ്പോൾ അവിടെയുള്ള കുറേ ഫാക്ടറികൾ പൂട്ടേണ്ടിവരുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. എങ്കിലും പരമാവധി പൊല്യൂഷൻ നിയന്ത്രിക്കുന്നതിനുള്ള ശ്രമങ്ങൾ പൊല്യൂഷൻ കൺട്രോൾ ബോർഡ് ചെയ്യുന്നുണ്ട്. ഇനിയും കൂടുതൽ കർശനമായി അത് നടപ്പാക്കാനുള്ള ശ്രമങ്ങൾ നടത്തും. ഇതിനൊരു മറുഭാഗം കൂടിയുണ്ട്. മുൻ ഗവൺമെന്റിന്റെ കാലത്തുതന്നെ

പെരിയാറിനെക്കുറിച്ചും ആ പ്രദേശത്തെ ചില ഫാക്ടറികളെക്കുറിച്ചുമൊക്കെ കോടതി വിധി വന്നതാണ്. ഇൻഡ്യാ ഗവൺമെന്റ് ചില നിർദ്ദേശങ്ങൾ നൽകിയതുമാണ്. പക്ഷെ അത് നടപ്പാക്കാൻ പൂർണ്ണമായും സാധിച്ചില്ല. കാരണം, അവിടത്തെ തൊഴിലാളികളുടെ പ്രശ്നങ്ങളും മറ്റ് കാര്യങ്ങളുമാണ്. എന്നാലും കുറെയൊക്കെ നിയന്ത്രിക്കാൻ കഴിഞ്ഞിട്ടുണ്ട്. പൂർണ്ണമായിട്ടുമില്ലായെന്നുപറഞ്ഞാൽ സമ്മതിക്കാൻ ഞാൻ തയ്യാറാണ്. നമുക്കത് പൂർണ്ണമാക്കാനുള്ള ശ്രമങ്ങൾ നടത്താവുന്നതാണ്. ഈ ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. സി. ദിവാകരൻ, അങ്ങയുടെ 1 (എ) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. സി. ദിവാകരൻ : ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ : ശ്രീ. സി. ദിവാകരൻ അവതരിപ്പിച്ച 1 (എ) നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എം. ഉമ്മർ, അങ്ങയുടെ 2 (ബി) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. എം. ഉമ്മർ : ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ : ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 2 (ബി)നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

2012-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ കീഴിലുള്ള സർവ്വീസുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബിൽ വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും സംബന്ധിച്ച X-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.......................

പ്രതികൂലിക്കുന്നവർ.......................

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുന്നു.

## (2) സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള താഴെപ്പറയുന്ന ബില്ലുകൾ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും

(1) 2015-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (സർവ്വകലാശാലകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബിൽ

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദുറബ്ബ്): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2015-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (സർവ്വകലാശാലകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. പി. കെ. അബ്ദുറബ്ബ്: സർ, സംസ്ഥാന വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള 9 സർവ്വകലാശാലകളിലെയും കൃഷിവകുപ്പിന് കീഴിലുള്ള 2 സർവ്വകലാശാലകളുടെയും ഫിഷറീസ് വകുപ്പിന്റെയും ആരോഗ്യവകുപ്പിന്റെയും കീഴിലുള്ള ഓരോ സർവ്വകലാശാലയിലെയും അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാരുടെ നിയമനങ്ങൾ അതാത് സർവ്വകലാശാലാ സ്റ്റാറ്റ്യൂട്ടുകളിലെ വ്യവസ്ഥകൾക്കനുസരിച്ച് സർവ്വകലാശാലകളാണ് നടത്തിവരുന്നത്. അദ്ധ്യാപക നിയമനം യു.ജി.സി. നിർദ്ദേശിക്കുന്ന മാനദണ്ഡങ്ങൾക്കനുസരിച്ച് സെലക്ഷൻ സമിതികളാണ് നടത്തുന്നത്. സർവ്വകലാശാലകൾ അവരവരുടെ സ്റ്റാറ്റ്യൂട്ടുകളാൽ നിശ്ചയിക്കപ്പെട്ട മാനദണ്ഡങ്ങൾക്കനുസൃതമായാണ് അനദ്ധ്യാപക തസ്തികകളിലേക്കുള്ള നിയമനം നടത്തിവരുന്നത്. അക്കാദമികമായ മികവിനും സർവ്വകലാശാലകളുടെ കാര്യക്ഷമമായ ഭരണത്തിനും ഊന്നൽ നൽകേണ്ട സർവ്വകലാശാലാ ഭരണസംവിധാനം അനദ്ധ്യാപക നിയമന കാര്യത്തിൽ കൂടുതൽ ശ്രദ്ധ കൊടുക്കേണ്ടിവരുന്നു. ഈ നിയമനപ്രക്രിയ സർവ്വകലാശാലകളുടെ ഭരണപരമായ കാര്യങ്ങളുടെ നടത്തിപ്പിന് തടസ്സം സൃഷ്ടിക്കുന്നുണ്ട്. കൂടാതെ സർവ്വകലാശാലകളിലെ അനദ്ധ്യാപക തസ്തികകളിലേക്കുള്ള നിയമനങ്ങളിൽ വ്യാപകമായ ക്രമക്കേടുകൾ നടക്കുന്നതായി വിവിധ പരാതികൾ സർക്കാരിന് ലഭിച്ചിട്ടുണ്ട്. സർക്കാർ ഇക്കാര്യം പരിശോധിക്കുകയും അതനുസരിച്ച് കേരളത്തിലെ സർവ്വകലാശാലകളുടെ അനദ്ധ്യാപക തസ്തികകളിലേക്കുള്ള നിയമനങ്ങൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന് വിട്ടുകൊണ്ട് 2010 ഡിസംബർ

18-ാം തീയതിയിലെ സർക്കാർ ഉത്തരവ് എംഎസ്. നമ്പർ 399/2010/ഉന്നത വിദ്യാഭ്യാസ വകുപ്പ്, 2011 ഫെബ്രുവരി 4-ാം തീയതിയിലെ സർക്കാർ ഉത്തരവ് എംഎസ്. നമ്പർ 11/2011 ഉന്നത വിദ്യാഭ്യാസ വകുപ്പ് എന്നീ ഉത്തരവുകൾ പുറപ്പെടുവിക്കുകയും ചെയ്തിരുന്നു. സർവ്വകലാശാലകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ നിർവ്വഹിക്കുന്നതിനുവേണ്ടി സംസ്ഥാന പബ്ലിക് സർവ്വീസ് കമ്മീഷനെ അധികാരപ്പെടുത്തുന്നതിനായി ഭരണഘടനയിലെ 321-ാം അനുച്ഛേദപ്രകാരം ഒരു നിയമനിർമ്മാണം നടത്തേണ്ടത് ആവശ്യമായതിനാൽ അങ്ങനെയുള്ള ഒരു നിയമനിർമ്മാണം നടത്തിയതിനുശേഷം സർവ്വകലാശാലകളുടെ അനദ്ധ്യാപക ജീവനക്കാരുടെ നിയമനവും മറ്റ് സേവന വ്യവസ്ഥകളും സംബന്ധിച്ച് കമ്മീഷനുമായി കൂടിയാലോചന നടത്തി സർക്കാരിന് ചട്ടങ്ങളുണ്ടാക്കാവുന്നതും ആക്ടിലെയും അതിൻകീഴിലുണ്ടാക്കുന്ന ചട്ടങ്ങളിലെയും വ്യവസ്ഥകൾക്കനുസൃതമായി പബ്ലിക് സർവ്വീസ് കമ്മീഷൻ തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിൽനിന്നും സർവ്വകലാശാലകൾക്ക് നിയമനം നടത്താവുന്നതുമാണ്. പ്രസ്തുത ആവശ്യങ്ങൾക്കായി ഒരു പ്രത്യേക നിയമനിർമ്മാണം കൊണ്ടുവരാൻ സർക്കാർ തീരുമാനിച്ചു. അതിനായി ഭരണഘടനയുടെ 321-ാം അനുച്ഛേദം അനുശാസിക്കുന്ന പ്രകാരം ഒരു നിയമനിർമ്മാണം നടത്തുന്നതിനായി 2014-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (സർവ്വകലാശാലകളെ സംബന്ധിച്ച് കൂടുതൽ ചുമതലകൾ) ബിൽ 13-ാം കേരള നിയമസഭയുടെ 283-ാം നമ്പർ ബില്ലായി പ്രസിദ്ധീകരിക്കുകയുണ്ടായെങ്കിലും കഴിഞ്ഞ നിയമസഭാ സമ്മേളനത്തിൽ പ്രസ്തുത ബിൽ അവതരിപ്പിക്കാൻ കഴിഞ്ഞില്ല. പ്രസ്തുത നിർദ്ദേശങ്ങൾക്കുടൻ പ്രാബല്യം നൽകേണ്ടിയിരുന്നതിനാൽ 2015-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (സർവ്വകലാശാലകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ഓർഡിനൻസ് 2015 സെപ്റ്റംബർ 29-ാം തീയതി കേരള ഗവർണ്ണർ വിളംബരപ്പെടുത്തുകയും ആയത് 2015-ലെ 14-ാം നമ്പർ ഓർഡിനൻസ് ആയി 2015 സെപ്റ്റംബർ 29-ാം തീയതി 2196-ാം നമ്പർ കേരള അസാധാരണ ഗസ്റ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത ഓർഡിനൻസുകൾക്കുപകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്ട് കൊണ്ടുവരുന്നതിനുദ്ദേശിച്ചുകൊണ്ടുള്ള 2015-ലെ 370-ാം നമ്പരിലുള്ള ഈ ബിൽ സഭയുടെ പരിഗണനയ്ക്ക് നവംബർ 30-ാം തീയതി ഞാൻ അവതരിപ്പിക്കുകയും അത് സഭ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുകയും ചെയ്തു. സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബിൽ ചർച്ച ചെയ്ത് പാസ്സാക്കുന്നതിനായി

അവതരിപ്പിക്കുന്നു. ഈ ബിൽ സബ്ജക്ട്കമ്മിറ്റിയുടെ പരിഗണനയ്ക്ക് എടുത്തപ്പോഴുള്ള വിയോജനക്കുറിപ്പിൽ ആരോപിക്കുന്ന കാര്യങ്ങൾ വാസ്തവത്തിന് നിരക്കുന്നതല്ല. കാരണം, കേരള സർവ്വകലാശാലയുടെ അസിസ്റ്റന്റുമാരുടെ നിയമനകാര്യങ്ങളിൽ അപാകതകളും അഴിമതിയും ബഹുമാനപ്പെട്ട ലോകായുക്തയും പിന്നീട് ബഹുമാനപ്പെട്ട ഹൈക്കോടതിയും ശരിവച്ചതാണെന്ന് ബഹുമാനപ്പെട്ട അംഗങ്ങൾക്ക് അറിയാവുന്നതാണ്. മാത്രമല്ല, കേരള സർവ്വകലാശാലയിൽ ജോലി നോക്കുന്ന ഡാറ്റാ എൻട്രി ഓപ്പറേറ്റർമാർ ഏറെ പങ്കും അവിടത്തെ ഇടതുപക്ഷ സംഘടനയുടെ അടുത്ത ബന്ധുക്കളുമാണെന്നാണ് അറിയുന്നത്. അവരൊക്കെ ദിവസ വേതനത്തിന് ജോലി നോക്കുന്നവരുമാണ്. കൂടുതൽ അസിസ്റ്റന്റുമാരെ ആവശ്യമായി വന്ന ഘട്ടത്തിൽ നിശ്ചിത യോഗ്യതയുള്ള ആളുകളിൽനിന്നും വിജ്ഞാപനം മുഖേന അപേക്ഷ സ്വീകരിക്കുകയും കൂടിക്കാഴ്ച നടത്തി യോഗ്യരായവരെ ലിസ്റ്റ് ചെയ്ത് റാങ്ക് ലിസ്റ്റ് ഉണ്ടാക്കി റൊട്ടേഷൻ വഴി നിയമിക്കുകയുമാണ് ചെയ്തത്. നിശ്ചിത യോഗ്യതയുള്ള മുമ്പ് ജോലിയിലു ണ്ടായിരുന്നവരെയും ഉൾപ്പെടുത്തിയാണ് നിയമനം നൽകിയത്. ആയതിനാൽ ഈ സർക്കാർ പിൻവാതിൽ നിയമനം ആർക്കുവേണ്ടിയും നടത്താൻ ഒരു സർവ്വകലാശാലകൾക്കും ഒരു നിർദ്ദേശവും നൽകിയിട്ടില്ല. സ്വകാര്യ യൂണിവേഴ്സിറ്റി രൂപീകരിക്കുന്നതിന് ഈ സർക്കാർ നടപടി കൈകൊണ്ടിട്ടില്ല. ഇതുസംബന്ധിച്ച് ഉന്നത വിദ്യാഭ്യാസ വകുപ്പ് ഒരു പഠനം നടത്തിയെന്നത് വാസ്തവമാണ്. മറ്റ് നടപടികളൊന്നുംതന്നെ സർക്കാർ ആലോചിച്ചിട്ടില്ല. മാത്രമല്ല, ഇതിനെ സംബന്ധിച്ച് ഞാൻ മുമ്പ് വ്യക്തമായ മറുപടി പറഞ്ഞിട്ടുമുണ്ട്. വൈസ് ചാൻസിലർമാരെ അതാത് യൂണിവേഴ്സിറ്റികളിൽ നിയമങ്ങൾക്ക് വിധേയമായാണ് നിയമിക്കുന്നത്. അങ്ങനെത്തന്നെയാണ് നിയമിച്ചിട്ടുള്ളതും. നിയമിക്കപ്പെട്ട വൈസ് ചാൻസിലർമാരും പ്രോ-വൈസ് ചാൻസിലർമാരും വേണ്ടത്ര യോഗ്യതയുള്ളവർ ത്തന്നെയാണ്. പരീക്ഷകൾ ഔട്ട്സോഴ്സ് ചെയ്യുന്നതിനുള്ള തീരുമാനം കെ.റ്റി.യു. ആണ് എടുത്തിട്ടുള്ളത്. ഇൻഡ്യയിൽ മറ്റ് ചില യൂണിവേഴ്സിറ്റികളിൽ നിലവിലുള്ള സമ്പ്രദായമാണ് സ്വീകരിച്ചിട്ടുള്ളതെന്നാണ് അറിവായിട്ടുള്ളത്. തകരാറുകൾ ഉണ്ടെങ്കിൽ അത് തിരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും തിരുത്തുകയും ചെയ്യുന്നതാണ്. ഇതുസംബന്ധിച്ച് വിദ്യാർത്ഥി സംഘടനകളുമായും അദ്ധ്യാപക സംഘടനകളുമായും ഇന്ന് വൈകുന്നേരം ചർച്ച നടത്തുന്നുമുണ്ട്. വിദ്യാഭ്യാസ മേഖലയിൽ സംവരണം എടുത്തു മാറ്റിയ കേന്ദ്ര സർക്കാരിന്റെ നടപടി പുനഃസ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. ഈ ബിൽ ചർച്ചയ്ക്കായി ഞാൻ അവതരിപ്പിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: ഡോ. കെ. ടി. ജലീൽ, സബ്ജക്ട് കമ്മിറ്റിയുടെ റിപ്പോർട്ടിന് വിയോജനക്കുറിപ്പ് നൽകിയ അങ്ങേക്ക് സംസാരിക്കാവുന്നതാണ്. ഇന്ന് രണ്ട് ബില്ലുകളുണ്ട്. കഴിയുന്നിടത്തോളം എല്ലാവരും സമയം ചുരുക്കി സംസാരിക്കേണ്ടതാണ്.

ഡോ. കെ. ടി. ജലീൽ: സർ, ഞാൻ എന്റെ വിയോജനക്കുറിപ്പ് ഇവിടെ അവതരിപ്പിക്കുകയാണ്. കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്താണ് ഇങ്ങനെയൊരു ബില്ലിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ നടന്നതും ഒരു നിർദ്ദേശം നമ്മുടെ സംസ്ഥാനത്ത് വ്യാപകമായി ഉയർന്നുവരുന്നതും. ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന് നാലരവർഷം കഴിഞ്ഞു. ഗവൺമെന്റ് അധികാരത്തിൽ വന്ന് ആറുമാസം കഴിയുന്നതിനുമുമ്പുതന്നെ ഈ നിയമം സഭയിൽ അവതരിപ്പിക്കേണ്ടതായിരുന്നു. എല്ലാവരും യോജിക്കുന്ന ഒരു നിയമത്തിൽ ഇത്ര കാലതാമസം ഉണ്ടായത് എന്തിനാണ് എന്നത് പരിശോധിക്കുമ്പോൾ ഈ സർക്കാരിന്റെ ആത്മാർത്ഥതയില്ലായ്മയെക്കുറിച്ച് ആരെങ്കിലും പറഞ്ഞാൽ അവരെ നമുക്ക് കുറ്റപ്പെടുത്താൻ സാധിക്കില്ല. നമ്മുടെ സംസ്ഥാനത്ത് നാലായിരത്തോളം അനദ്ധ്യാപക തസ്തികകൾ 13 സർവ്വകലാശാലകളിലായി സ്ഥിരം നിയമനം നടത്താതെ താൽക്കാലിക നിയമനം നടത്തി മുന്നോട്ടുകൊണ്ടുപോകുന്നുണ്ട്. നാലായിരത്തോളംവരുന്ന താൽക്കാലിക കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ഈ തസ്തികകളിൽ ഈ നിയമം പ്രാബല്യത്തിൽ വരുന്നതോടെ പി.എസ്.സി.-യിലൂടെ നിയമിക്കപ്പെടുന്നവർക്ക് അവസരം ലഭിക്കുമെന്നുള്ളതാണ് ഈ നിയമനിർമ്മാണത്തിന്റെ ഏറ്റവും വലിയ പ്രത്യേകത. വിവിധ സർവ്വകലാശാലകളിൽ പലരേയും താൽക്കാലിക അടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്. അങ്ങനെ നിയമനം കിട്ടിയ ആളുകളുടെ നിയമനങ്ങൾ പല കാരണങ്ങൾ പറഞ്ഞ് റെഗുലറൈസ് ചെയ്യാനുള്ള നിർദ്ദേശങ്ങൾ ബന്ധപ്പെട്ട യൂണിവേഴ്സിറ്റികളിൽനിന്ന് ഭരണസമിതിയുടെ ശിപാർശയോടെ സർക്കാരിലേക്ക് വന്നിട്ടുണ്ട്. അത് സർക്കാർ പരിഗണിച്ചാൽ നമ്മൾ ഉണ്ടാക്കുന്ന ഈ നിയമംകൊണ്ട് ഒരു ഫലവും ഉണ്ടാകില്ല. അത്തരത്തിലുള്ള നിയമനങ്ങൾക്ക് സർക്കാർ അംഗീകാരം നൽകിയാൽ ബലികഴിക്കപ്പെടുന്നത് സംവരണതത്വമാണ് എന്നുള്ള കാര്യവുംകൂടി ഗവൺമെന്റ് ഓർക്കേണ്ടതുണ്ട്. ബഹുമാനപ്പെട്ട മന്ത്രി ആ കാര്യം മനസ്സിലാക്കാതെ പോകരുത്. മാനുഷിക പരിഗണനവച്ച് പല ആളുകളേയും സ്ഥിരപ്പെടുത്തണം എന്നു പറഞ്ഞുകൊണ്ടുള്ള ശിപാർശ വരുമ്പോൾ അത്തരത്തിലുള്ള തീരുമാനങ്ങളിൽ സർക്കാർ അനുകൂലമായിട്ടുള്ള ഒരു സമീപനം കൈക്കൊണ്ടാൽ അനദ്ധ്യാപക നിയമനങ്ങളിൽ പാലിക്കപ്പെടേണ്ട സംവരണതത്വമാണ് അതിലൂടെ ബലികഴിക്കപ്പെടുക. അങ്ങയുടെ വീട്ടിൽനിന്ന് നോക്കിയാൽ കാണുന്ന ദൂരത്താണ്

കാലിക്കട്ട് സർവ്വകലാശാല. അവിടെ അനദ്ധ്യാപക നിയമനങ്ങളിൽ നടന്ന ക്രമക്കേട് സംസ്ഥാനത്ത് ഏറെ ചർച്ച ചെയ്യപ്പെട്ടിട്ടുള്ളതാണ്. കോടികളുടെ കോഴക്കഥകളാണ് അവിടത്തെ അനദ്ധ്യാപക നിയമനങ്ങളുമായി ബന്ധപ്പെട്ട് പുറത്തുവന്നത്. ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ പാർട്ടിയുടെ പ്രാദേശിക നേതാവുകൂടിയായ പള്ളിക്കൽ പഞ്ചായത്ത് പ്രസിഡന്റ് ഫിറോസിനെ എന്തിനാണ് അങ്ങയുടെ പാർട്ടിതന്നെ സസ്പെന്റ് ചെയ്തത്? വി.സി.-ക്കുവേണ്ടി ഇടനിലക്കാരനായി നിന്ന് പാവപ്പെട്ടവരിൽനിന്ന് ലക്ഷങ്ങൾ തട്ടിയെടുത്ത കേസിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണ്? സിൻഡിക്കേറ്റ് അംഗങ്ങൾ തനിക്കുമേൽ വലിയ സമ്മർദ്ദമാണ് നിയമനവുമായി ബന്ധപ്പെട്ട് നടത്തുന്നതെന്ന് വി.സി.-യും പരസ്യമായി പറയുകയുണ്ടായി. 2012-ൽ ഈ ബിൽ കൊണ്ടുവന്നിരുന്നുവെങ്കിൽ ഇത്തരമൊരു സാഹചര്യം കാലിക്കട്ട് സർവ്വകലാശാലയിൽ ഉണ്ടാകുമായിരുന്നോ? സ്വാശ്രയ കോളേജുകളെ അനിവാര്യമായ ഒരു തിന്മ എന്ന നിലയിലേ കേരളം അംഗീകരിച്ചിട്ടുള്ളൂ. ഈ സംവിധാനം വ്യാപകമാക്കാനല്ല, പരമാവധി കുറച്ചുകൊണ്ടുവരാനാണ് നാം ശ്രമിക്കേണ്ടത്. ദൗർഭാഗ്യവശാൽ കാലിക്കട്ട് സർവ്വകലാശാലയിൽ നടക്കുന്നതെന്താണ്? ആവശ്യമുള്ളിടത്തും ഇല്ലാത്തിടത്തും സൗകര്യങ്ങളൊന്നും പരിഗണിക്കാതെ നിർലോഭം സ്വാശ്രയ കോളേജുകൾ കൊടുത്തുകൊണ്ടിരിക്കുകയാണ്. ചില വിദ്യാർത്ഥി സംഘടനകൾക്ക് യൂണിവേഴ്സിറ്റി ഭരണം കിട്ടാൻ ഇത്തരത്തിലുള്ള സ്വാശ്രയ കോളേജുകൾ ആരംഭിക്കുന്നതിലൂടെ മാത്രമേ കഴിയൂ എന്നുവന്നതിന്റെ പശ്ചാത്തലത്തിലാണ് എല്ലാ നിയമങ്ങളും വ്യവസ്ഥകളും കാറ്റിൽ പറത്തിക്കൊണ്ട് നിർലോഭം സ്വാശ്രയ കോളേജുകൾ കാലിക്കട്ട് സർവ്വകലാശാലയ്ക്കുകീഴിൽ കൊടുത്തുകൊണ്ടിരിക്കുന്നത്. ഏറെയൊന്നും ഭേദപ്പെടാത്ത കേരളത്തിന്റെ ഉന്നത വിദ്യാഭ്യാസ മേഖല അക്കാദമിക നിലവാരത്തിൽ പുറകോട്ടുപോകുന്ന സ്ഥിതി ഇത്തരത്തിലുള്ള കെടുകാര്യസ്ഥതമൂലം ഉണ്ടാകുമെന്ന് ഞാൻ അങ്ങയെ ഓർമ്മിപ്പിക്കുകയാണ്. ഇക്കാര്യത്തിൽ ഫലപ്രദമായിട്ടുള്ള ഒരിടപെടൽ അങ്ങയുടെ ഭാഗത്തുനിന്നും ഉണ്ടാകണമെന്ന് സാന്ദർഭികമായി ഞാൻ സൂചിപ്പിക്കുന്നു. കൊച്ചിൻ ശാസ്ത്രസാങ്കേതിക സർവ്വകലാശാലാ ഭരണസമിതി ഇങ്ങനെയൊരു നിയമം കൊണ്ടുവരാൻ പോകുന്നു എന്നതിന്റെ പശ്ചാത്തലത്തിൽ രണ്ടുവർഷത്തേയ്ക്കുള്ള അനദ്ധ്യാപക നിയമനത്തിനുള്ള റാങ്ക് ലിസ്റ്റ് ഇതിനകം തയ്യാറാക്കിക്കഴിഞ്ഞു. ഡിസംബർ മാസം 19-ാം തീയതി മുതൽ 22-ാം തീയതി വരെ കിഡ്കോ കുസാറ്റിലെ സ്വീപ്പർ തസ്തികയിലേക്കുള്ള ആപ്റ്റിറ്റ്യൂഡ് ടെസ്റ്റ് നടത്താൻ പോകുകയാണ്. ഇത് നിറുത്തിവയ്ക്കാൻ കുസാറ്റിന് നിർദ്ദേശം നൽകാൻ അങ്ങ് തയ്യാറാകണം. അവിടെ അനദ്ധ്യാപക നിയമനങ്ങളിലേക്കുള്ള പോസ്റ്റുകളുടെ ഇന്റർവ്യൂവും മറ്റ് കാര്യങ്ങളുമാണ് ഇപ്പോൾ നടക്കുന്നത്. ഈ നിയമം കൊണ്ടുവരുന്ന

പശ്ചാത്തലത്തിൽ അത് നിറുത്തിവയ്ക്കാൻ സർക്കാർ ബന്ധപ്പെട്ട സർവ്വകലാശാലയോട് പറയണം. അല്ലെങ്കിൽ ഈ നിയമത്തിന് ഒരു പ്രസക്തിയും ഉണ്ടാവുകയില്ല. എഴുത്തുപരീക്ഷയുടെ അടിസ്ഥാനത്തിൽ കുസാറ്റ് തന്നെ തയ്യാറാക്കിയ റാങ്ക് ലിസ്റ്റ് അട്ടിമറിക്കാൻ കേട്ടുകേൾവിപോലുമില്ലാത്ത വ്യവസ്ഥകൾ ഇവരിൽനിന്ന് പണം തട്ടിയെടുക്കാൻ കൊണ്ടുവന്നിരിക്കുകയാണ്. 50 ശതമാനം റിട്ടൺ ടെസ്റ്റിനുള്ള വെയ്റ്റേജ്, 30 ശതമാനം ആപ്റ്റിറ്റ്യൂഡ് ടെസ്റ്റിന്, 20 ശതമാനം ഇന്റർവ്യൂവിന് എന്ന നിലയിലാണ് ഫൈനൽ റാങ്ക് ലിസ്റ്റിന് രൂപം നൽകാൻ പോകുന്നത് എന്നാണ് കുസാറ്റ് പറയുന്നത്. വലിയ ആക്ഷേപം ഇതുമായി ബന്ധപ്പെട്ട് ഉയർന്നുവന്നിട്ടുണ്ട്. ഇക്കാര്യം ബഹുമാനപ്പെട്ട മന്ത്രി പരിശോധിക്കണം. സുപ്രീംകോടതി ഇന്റർവ്യൂകളുമായി ബന്ധപ്പെട്ട് നടത്തിയിട്ടുള്ള വിധിയുടെ ലംഘനവും കൂടിയാണ് ഈ മാർക്ക് പാറ്റേൺ. 50% mark for written examination, 30 % mark for aptitude test and 20 % mark for interview എന്നുള്ള കാര്യവും ഞാനിവിടെ സൂചിപ്പിക്കുകയാണ്.

<u>ശ്രീ. ജോസഫ് വാഴയ്ക്കൻ</u> : സർ, നാലഞ്ച് വർഷങ്ങൾക്കുമുമ്പാണ് ടെസ്റ്റ് നടത്തിയത്. ഈ ടെസ്റ്റിന്റെ അടിസ്ഥാനത്തിൽ ആളുകളെ എടുക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് വലിയ സമരങ്ങൾ അവിടെ നടക്കുകയായിരുന്നു. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തുണ്ടായിരുന്ന സിൻഡിക്കേറ്റാണ് ഈ ആപ്റ്റിറ്റ്യൂഡ് ടെസ്റ്റ് കൊണ്ടുവന്നത്. ഈ ആപ്റ്റിറ്റ്യൂഡ് ടെസ്റ്റിന്റെ പ്രസക്തി എന്താണെന്ന് ഞങ്ങൾക്കുതന്നെ സംശയമുണ്ടായിരുന്നു. ഞങ്ങൾതന്നെ പലരോടും ചോദിച്ചിട്ടുണ്ട്. സ്വീപ്പേഴ്സിന്റേയും ലാസ്റ്റ് ഗ്രേഡിന്റേയും അപേക്ഷ ക്ഷണിക്കുമ്പോൾതന്നെ ആപ്റ്റിറ്റ്യൂഡ് ടെസ്റ്റ് വേണമെന്ന് അതിനകത്ത് ഉൾപ്പെടുത്തിയിട്ടുണ്ടായിരുന്നു. യഥാർത്ഥത്തിൽ ഇപ്പോൾ അത് മാറ്റാൻ കഴിയാത്ത ഒരവസ്ഥയായി. ആ ലിസ്റ്റിൽ നിന്നുതന്നെ ആളുകളെ എടുക്കണമെന്നുപറഞ്ഞ് പ്രക്ഷോഭം നടത്തുന്നതും കഴിഞ്ഞ ഗവൺമെന്റുമായി ബന്ധപ്പെട്ട ആളുകൾ തന്നെയാണ്. അവരുടെ ആളുകൾതന്നെയാണ് കൂടുതലും ഈ അപേക്ഷ സമർപ്പിക്കുകയും ആദ്യത്തെ ടെസ്റ്റ് എഴുതുകയും ചെയ്തിട്ടുള്ളത്. പക്ഷേ ഇത് ഇട്ടിട്ടുപോകാൻ കഴിയാത്ത ഒരവസ്ഥയിൽ ആപ്റ്റിറ്റ്യൂഡ് ടെസ്റ്റിന് എന്താണ് പ്രസക്തിയെന്ന് പലതവണ വിദഗ്ദ്ധരുടെ അഭിപ്രായം സ്വീകരിച്ചതിന്റെ അടിസ്ഥാനത്തിൽ ഒരു ഏജൻസിയായ കിഡ്കോയെ ഏൽപ്പിച്ചിരിക്കുന്നു എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഞാൻ അടുത്തകാലത്ത് സിൻഡിക്കേറ്റിൽ അംഗമായ ഒരാളാണ്. അതല്ലെങ്കിൽ പൂർണ്ണമായും റദ്ദ് ചെയ്ത് ആദ്യംമുതലെ ഇത് നടത്തേണ്ടതായിരുന്നു. അത് നടത്താതിരിക്കാൻവേണ്ടി വലിയ പ്രക്ഷോഭങ്ങൾ നടന്നു. അതിന്റെ ഭാഗമായി നടത്തിയ ഒരു ഒത്തുതീർപ്പിന്റെ അടിസ്ഥാനത്തിലാണ് ഇപ്പോൾ അത് നടക്കുന്നത്.

ഡോ. കെ. ടി. ജലീൽ : സർ, ആപ്റ്റിറ്റ്യൂഡ് ടെസ്റ്റിന് 30% മാർക്ക് എന്നത് ശരി. അത് കിഡ്കോയെ ഏൽപ്പിച്ചു. ഇന്റർവ്യൂവിന് 20% മാർക്ക്. സ്വീപ്പർ തസ്തികയിലേയ്ക്ക് ഇങ്ങനെ നടപടിക്രമങ്ങൾ പാലിക്കാറില്ല എന്നാണ് പറയുന്നത്. സുപ്രീംകോടതിയിൽ ഇതുമായി ബന്ധപ്പെട്ട് ഒരു verdict തന്നെ നിലവിലുണ്ട്. ഗവൺമെന്റ് അക്കാര്യം പരിഗണിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. ഇതേ സർവ്വകലാശാലയിൽ തന്നെയാണ് ആർ.റ്റി.ഒ. നടത്തിയ ഡ്രൈവിംഗ് ടെസ്റ്റിൽ തോറ്റയാളെ ഡ്രൈവർമാരുടെ റാങ്ക് ലിസ്റ്റിൽ ഒന്നാമനാക്കി ഉൾപ്പെടുത്തിയിരിക്കുന്നത്. വെറ്ററിനറി സർവ്വകലാശാല കെടുകാര്യസ്ഥതയ്ക്ക് പത്മശ്രീപട്ടം കിട്ടാൻ സ്ഥാപിതമായി വളരെ ചുരുങ്ങിയ കാലയളവിനുള്ളിൽതന്നെ അർഹത നേടിക്കഴിഞ്ഞിരിക്കുകയാണ്. ഇത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടാകും എന്നാണ് എനിക്ക് തോന്നുന്നത്. എല്ലാ സർവ്വകലാശാലകളിലും നിയമനവുമായി ബന്ധപ്പെട്ടാണ് അഴിമതി നടക്കുന്നതെങ്കിൽ വെറ്ററിനറി സർവ്വകലാശാലയിൽ വിദ്യാർത്ഥികളുടെ പ്രവേശനവുമായി ബന്ധപ്പെട്ടാണ് അഴിമതിയുടെ തുടക്കം എന്ന് പറയാതിരിക്കാൻ നിർവ്വാഹമില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സഭയിലെ ഉറപ്പിനെപ്പോലും കാറ്റിൽ പറത്തി ലക്ഷങ്ങളാണ് മെരിറ്റ് സീറ്റിൽ അഡ്മിഷൻ കിട്ടിയ വിദ്യാർത്ഥികളിൽനിന്ന് ഈടാക്കിക്കൊണ്ടിരിക്കുന്നത്. വെറ്ററിനറി സർവ്വകലാശാലയ്ക്ക് 5 വർഷമായിട്ട് സിൻഡിക്കേറ്റ് പോലും നിലവിൽ വന്നിട്ടില്ല. വി.സി.-യുടെ തന്നിഷ്ടമാണ് ഇവിടെ നടക്കുന്നത്. ഏറെ കൊട്ടിഘോഷിച്ച് കൊണ്ടുവന്ന കലാം ടെക്നോളജിക്കൽ യൂണിവേഴ്സിറ്റി ബിൽ ഇപ്പോഴും കടലാസ്സിൽ ഉറങ്ങുകയാണ്. ബോർഡ് ഓഫ് ഗവർണേഴ്സും എക്സിക്യൂട്ടീവ് കമ്മിറ്റിയും അക്കാഡമിക് കൗൺസിലും ബോർഡ് ഓഫ് സ്റ്റഡീസും ഒന്നുംതന്നെ നിയമസഭ പാസ്സാക്കിയ നിയമത്തിനനുസൃതമായി രൂപീകരിക്കപ്പെട്ടിട്ടില്ല. ഇതാണ് നമ്മൾ പാസ്സാക്കുന്ന ബില്ലിന്റെ ഗതിയെങ്കിൽ ഈ നിയമത്തിനും അങ്ങനെയൊരു ദുരവസ്ഥ വരില്ലെന്നതിന് എന്താണ് ഉറപ്പ്. കാർഷിക സർവ്വകലാശാല രൂക്ഷമായ ഭരണ പ്രതിസന്ധി നേരിടുകയാണ്. ഈ സഭയിലെ അംഗമായ ശ്രീ. എം. പി. വിൻസെന്റിന് ഒരു രാത്രിയും രണ്ട് പകലും സർവ്വകലാശാല ആസ്ഥാനത്ത് കുത്തിയിരുന്ന് സമരം ചെയ്യേണ്ടിവന്നത് ഏറെ വിവാദമായിട്ടുള്ള കാര്യമാണ്. അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റിയിൽ വൈസ്ചാൻസലർ ഒഴികെയുള്ള ഒരു ഓഫീസർ തസ്തികയിലും വർഷങ്ങളായി സ്ഥിരനിയമനം നടന്നിട്ടില്ല. തന്നിഷ്ടപ്രകാരം വി.സി. തനിക്കിഷ്ടപ്പെട്ടവർക്ക് ചാർജ് കൊടുക്കുകയാണ് ചെയ്യുന്നത്.

02.00 PM]

സർവ്വകലാശാലകളിലെ അനദ്ധ്യാപക തസ്തികകളിൽ അറുപത് ശതമാനത്തോളം ഒഴിഞ്ഞുകിടക്കുകയാണ്. സാമ്പത്തിക പ്രയാസങ്ങളുടെ പേരുപറഞ്ഞ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയുള്ള നിയമനംപോലും നടത്താൻ അധികൃതർ തയ്യാറാകുന്നില്ല. നമ്മൾ പാസ്സാക്കുന്ന നിയമം നിലവിൽ വന്നാലും സ്ഥാപന മേലധികാരികൾ പി.എസ്.സി.-ക്ക് വേക്കൻസി റിപ്പോർട്ട് ചെയ്തില്ലെങ്കിൽ ഒരു പ്രയോജനവും ഉണ്ടാകില്ല. നിശ്ചിത സമയത്തിനുള്ളിൽ വേക്കൻസി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തില്ലെങ്കിൽ ബന്ധപ്പെട്ട സ്ഥാപന മേധാവിക്ക് നൽകപ്പെടുന്ന ശിക്ഷകൂടി ഈ ബില്ലിൽ വ്യവസ്ഥ ചെയ്യണമെന്നാണ് എന്റെ വിനീതമായ അഭിപ്രായം. നമ്മുടെ സംസ്കൃത സർവ്വകലാശാല ഒരു വർഷത്തിൽ ഏതാണ്ട് ഒരു കോടി അറുപത്തിയെട്ടു ലക്ഷത്തിലധികം രൂപയാണ് അനദ്ധ്യാപക തസ്തികകളിൽ താത്കാലിക നിയമനം നേടിയവർക്ക് ശമ്പളമായി നൽകിക്കൊണ്ടിരിക്കുന്നത്. 109 അനദ്ധ്യാപക തസ്തികകളിലാണ് ഈവിധം നിയമനം നടന്നിരിക്കുന്നത്. നിയമനങ്ങളിലെ സ്വജനപക്ഷപാതം എല്ലാ അതിരുകളും കടന്നപ്പോൾ കേരള ഹൈക്കോടതിതന്നെ ഇടപെട്ട് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി മാത്രമേ സംസ്കൃത സർവ്വകലാശാലയിൽ ഇനി മുതൽ അനദ്ധ്യാപക പോസ്റ്റുകളിൽ നിയമനം നടത്താവൂ എന്നുപറയേണ്ട സാഹചര്യം ഉണ്ടായത് ഇത്തരുണത്തിൽ ഓർക്കുന്നത് നല്ലതാണ്. സംസ്ഥാന ഫിഷറീസ് യൂണിവേഴ്സിറ്റിയിൽ നടക്കുന്ന നിയമനങ്ങളെ സംബന്ധിച്ച് വ്യാപകമായ പരാതികൾ ഉയർന്നുവന്നിട്ടുള്ള കാര്യം സഭയുടെ ശ്രദ്ധയിൽപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുന്നു. അദ്ധ്യാപക നിയമനങ്ങളിൽ എസ് സി./എസ് റ്റി. സംവരണം ഉൾപ്പെടെ നിയമനങ്ങൾ അട്ടിമറിക്കപ്പെട്ടുകൊണ്ടിരിക്കുകയാണ്. ഇതിനകം നിയമിതരായ 22 അദ്ധ്യാപകരിൽ എസ് സി./എസ് റ്റി. സംവരണംവഴി നിയമനം കിട്ടിയ ഒരാൾപോലുമില്ലെന്ന് ഈ സഭ അറിയണം. സർക്കാരിന്റെ കാലാകാലങ്ങളിലുള്ള സംവരണനയം പാലിക്കാൻ നിയമപരമായി ബാദ്ധ്യതപ്പെട്ട സ്ഥാപനങ്ങളിലാണ് ഈ സംവരണ ലംഘനം എന്നുകൂടി നാം ഓർക്കുക. ഈ സാഹചര്യത്തിൽ ഫിഷറീസ് യൂണിവേഴ്സിറ്റിയിൽ അദ്ധ്യാപക നിയമനം നടത്തുന്നതിനായി കഴിഞ്ഞ സെപ്റ്റംബറിൽ ഇറക്കിയ വിജ്ഞാപനം പിൻവലിക്കാൻ സർവ്വകലാശാലയോട് സർക്കാർ ആവശ്യപ്പെടണമെന്ന് ഞാൻ വിനയപുരസ്സരം അഭ്യർത്ഥിക്കുന്നു. കേരള സർവ്വകലാശാലയിലും സർക്കാർ ഒത്താശയോടെ ചട്ടങ്ങളും കീഴ്വഴക്കങ്ങളും ലംഘിച്ച് താത്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്താനുള്ള നീക്കങ്ങൾ നിർബന്ധമായും തടയപ്പെടേണ്ടതുണ്ട്. ഏതാണ്ട് ആയിരത്തിലധികം താത്കാലിക ജീവനക്കാർ കേരള യൂണിവേഴ്സിറ്റിയിൽ പണിയെടുക്കുന്നുണ്ട്. ഇവരിൽ 24 പേരെ മാനുഷിക പരിഗണനയുടെ പേരിലെന്ന വ്യാജേന

സ്ഥിരപ്പെടുത്താൻ തകൃതിയായ നീക്കങ്ങൾ നടന്നുവരുന്നു. ഇത്തരം നിയമനങ്ങളിൽ ഒരു സംവരണതത്വവും പാലിക്കപ്പെടില്ലെന്നുറപ്പാണ്. സ്ഥിരനിയമനത്തിന് സർവ്വകലാശാല നിശ്ചയിച്ചിട്ടുള്ള നിയമന പ്രക്രിയയിലൂടെ കടന്നുവരാത്ത ഒരാൾക്കും താത്കാലിക സേവനത്തിലേർപ്പെട്ടിട്ടുള്ളവർ, കാലയളവ് അത് എത്ര ദൈർഘ്യമുള്ളതാണെങ്കിലും ശരി ജോലിസ്ഥിരതയ്ക്ക് അർഹതയില്ലെന്ന് കോടതി വ്യക്തമാക്കിയിട്ടുണ്ട്. ഇത് നിലനിൽക്കെയാണ് ചില ആളുകളെ സ്ഥിരപ്പെടുത്താനുള്ള നീക്കങ്ങൾ നടക്കുന്നത് എന്നുകൂടി ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽക്കൊണ്ടു വരികയാണ്. കണ്ണൂർ, എം.ജി. യൂണിവേഴ്സിറ്റികളിലും പുതിയ നിയമം സഭ പാസ്സാക്കുന്നത് മുന്നിൽക്കണ്ട് ആശ്രിതരെ പല അനദ്ധ്യാപക തസ്തികകളിലും നിയമിച്ച് സ്ഥിരപ്പെടുത്താൻ നിഗൂഢ നീക്കങ്ങൾ നടക്കുന്നു. ഇത് കണ്ടില്ലെന്നുനടിച്ച് സർക്കാർ മുന്നോട്ടുപോകരുതെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

ഇന്ന് രണ്ട് നിയമങ്ങൾ സഭയുടെ മുന്നിൽ വന്നു. ഒന്ന് ശ്രീ. ആര്യാടൻ മുഹമ്മദ് അവർകളുടെ നിയന്ത്രണത്തിലുള്ള കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ കീഴിലുള്ള സർവ്വീസുകൾ കേരള പബ്ളിക് സർവ്വീസ് കമ്മീഷന് വിട്ടുകൊണ്ടുള്ള ബിൽ. മറ്റൊന്ന്, സർവ്വകലാശാലകളിലെ അനദ്ധ്യാപക നിയമനങ്ങൾ പബ്ളിക് സർവ്വീസ് കമ്മീഷന് വിട്ടുകൊണ്ടുള്ള ബിൽ. ഈ രണ്ട് ബില്ലുകളുടെയും ഫിനാൻഷ്യൽ മെമ്മോറാണ്ടം ഒന്ന് പരിശോധിക്കുന്നത് നല്ലതാണ്. ശ്രീ. ആര്യാടൻ മുഹമ്മദിന്റെ നിയന്ത്രണത്തിലുള്ള മലിനീകരണ നിയന്ത്രണ ബോർഡിന്റെ കീഴിലുള്ള നിയമനങ്ങൾ പി.എസ്.സി. മുഖേന എന്നു പറഞ്ഞു കൊണ്ടുവരപ്പെട്ട ബില്ലിന്റെ ഫിനാൻഷ്യൽ മെമ്മോറാണ്ടത്തിൽ പറയുന്നത് "ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും യാതൊരു ചെലവും ഉണ്ടാകുന്നതല്ല". എന്നാൽ അങ്ങ് ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ബില്ലിന്റെ ഫിനാൻഷ്യൽ മെമ്മോറാണ്ടത്തിൽ പറയുന്നത് "കേരളത്തിലെ സർവ്വകലാശാലകളിലെ അനദ്ധ്യാപക തസ്തികകളിലെ നിയമനത്തിന് ഉദ്യോഗാർത്ഥികളെ തെരഞ്ഞെടുക്കുന്നതിനുള്ള കൂടുതൽ ചുമതലകൾ നിർവ്വഹിക്കുന്നതിന് കേരള പബ്ളിക് സർവ്വീസ് കമ്മീഷന് നേരിട്ടേക്കാവുന്ന ചെലവുകൾ ബന്ധപ്പെട്ട സർവ്വകലാശാല വഹിക്കുന്നതാണ്. ആയതിനാൽ ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിതനിധിയിൽനിന്നും യാതൊരു ചെലവും ഉണ്ടാകുന്നതല്ല". ഒരു ദിവസം അവതരിപ്പിക്കപ്പെട്ട രണ്ടു ബില്ലുകളിൽ ബന്ധപ്പെട്ട ഡിപ്പാർട്ടുമെന്റുകളാണ് ഇതിന്റെ ചെലവ് കൊടുക്കേണ്ടതെങ്കിൽ മലിനീകരണ നിയന്ത്രണ ബോർഡ് അതിലേക്ക് നടക്കുന്ന പി.എസ്.സി. അപ്പോയിന്റ്മെന്റുമായി ബന്ധപ്പെട്ട ചെലവുകൾ കൊടുക്കണമെന്ന വ്യവസ്ഥ ആ ബില്ലിന്റെ ഫിനാൻഷ്യൽ മെമ്മോറാണ്ടത്തിൽ എഴുതേണ്ടതായിരുന്നു. പക്ഷേ അത് എഴുതിയിട്ടില്ല. സഞ്ചിതനിധിയിൽ നിന്നും ഒരുപൈസയും ചെലവാകില്ലെന്നാണ് എഴുതിയിരിക്കുന്നത്.

മി. ഡെപ്യൂട്ടി സ്പീക്കർ: ഇന്നലെ സഭയിൽനിന്നും കൊടുത്തയച്ച കവറിൽ അത് കറക്ട് ചെയ്ത് കൊടുത്തുവിട്ടിട്ടുണ്ട്. അത് അച്ചടിയിൽ വന്ന പിശകാണ്. രണ്ടും ഒരുപോലെയാക്കിയിട്ടുണ്ട്.

ഡോ. കെ. ടി. ജലീൽ: സർ, ഞങ്ങൾ അത് പറഞ്ഞിരുന്നു. ഇപ്പോൾ സഭയിൽനിന്നും തന്നെ ബില്ലിന്റെ കോപ്പി ചോദിച്ചു. ആ കോപ്പിയിൽ ഇങ്ങനെയാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

മി. ഡെപ്യൂട്ടി സ്പീക്കർ: ഇന്നലെ കറക്ട് ചെയ്ത് ഇന്നലെത്തന്നെ കോപ്പി കൊടുത്തയച്ചു.

ഡോ. കെ. ടി. ജലീൽ: അങ്ങനെ ചെയ്തുവെങ്കിൽ അത് നന്നായി. ഞാനും ശ്രീ. പി. സി. വിഷ്ണുനാഥും ശ്രീ. ജോസഫ് വാഴയ്ക്കനുമെല്ലാം അക്കാര്യം ചൂണ്ടിക്കാണിച്ചിരുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): സർ, ധനകാര്യ മെമ്മോറാണ്ടത്തിൽ മാറ്റം വരുത്തിയിട്ടുണ്ട്. ഗവർണ്ണർ അതിന് അനുമതി നൽകിയിട്ടുമുണ്ട്. കേരളത്തിലെ സർവ്വകലാശാലകളിൽ അനദ്ധ്യാപക തസ്തികകളിലേക്കുള്ള നിയമനത്തിന് ഉദ്യോഗാർത്ഥികളെ തെരഞ്ഞെടുക്കുന്നതിനുള്ള കൂടുതൽ ചുമതലകൾ ഏറ്റെടുക്കുന്നതിന് കേരള പബ്ളിക് സർവ്വീസ് കമ്മീഷന് നേരിട്ടേക്കാവുന്ന അധികച്ചെലവ് കേരള സർക്കാർ സംസ്ഥാന സഞ്ചിത നിധിയിൽനിന്നും കമ്മീഷന് നൽകിക്കൊണ്ടിരിക്കുന്ന ബഡ്ജറ്റ് വിഹിതം മുഖേന വഹിക്കുന്നതാണ്. ഈ ആവശ്യത്തിനായി കേരള പബ്ളിക് സർവ്വീസ് കമ്മീഷന് ഉണ്ടാകാവുന്ന ചെലവ് ഇപ്പോൾ കണക്കാക്കുവാൻ സാധിക്കുന്നതല്ല എന്ന് പറഞ്ഞിട്ടുണ്ട്.

ഡോ. കെ. ടി. ജലീൽ: സർ, ഞങ്ങൾ അത് കഴിഞ്ഞ സബ്ജക്ട് കമ്മിറ്റി മീറ്റിംഗിൽ പറഞ്ഞിരുന്നു. അതിന്റെ അടിസ്ഥാനത്തിലാണ് മാറ്റം വരുത്തിയത്. ഇപ്പോൾ വാങ്ങിയ ബില്ലിന്റെ കോപ്പിയിലും അങ്ങനെതന്നെ അച്ചടിച്ചു കണ്ടപ്പോഴാണ് ഞാൻ അക്കാര്യം പറഞ്ഞത്. നമ്മുടെ സംസ്ഥാനത്ത് വളരെ നല്ല നിയമനിർമ്മാണമാണ് ഇതുവഴി നടക്കാൻ പോകുന്നത്. സംസ്ഥാനത്തിന്റെ വ്യത്യസ്ത ഡിപ്പാർട്ടുമെന്റുകളിൽ നിയമനങ്ങൾ പി.എസ്.സി.-ക്ക് വിടാത്ത ഒരു സാഹചര്യം നിലവിലുണ്ടായിരുന്നു. അതുകൊണ്ട് ധാരാളം ബുദ്ധിമുട്ടുകളും പ്രയാസങ്ങളും നമ്മുടെ സംസ്ഥാനത്ത് ഉയർന്നുവന്നിട്ടുണ്ട്. സ്വജനപക്ഷപാതം, രാഷ്ട്രീയ പരിഗണന, അഴിമതി ഇതെല്ലാം ഇവയുടെ നിയമനവുമായി ബന്ധപ്പെട്ടാണ് പല സന്ദർഭങ്ങളിലും ഉയർന്നുവന്നിട്ടുള്ളത്. അതിനൊക്കെ ഒരു

പരിഹാരം ഇതുമൂലം ഉണ്ടാകുമെന്നുള്ള ശുഭപ്രതീക്ഷയാണ് നമുക്കുള്ളത്. ഞാൻ നേരത്തെ സൂചിപ്പിച്ചകാര്യം നാലായിരത്തോളം വരുന്ന തസ്തികകളിൽ പലതിലേക്കും കരാർ അടിസ്ഥാനത്തിൽ നിയമനം കിട്ടിയവരെ സ്ഥിരപ്പെടുത്താനുള്ള ശിപാർശകൾ സർക്കാരിലേക്ക് വന്നിരിക്കുന്നു. ഒരു കാരണവശാലും സർക്കാർ അത് പരിഗണിക്കരുത്. അത് പരിഗണിച്ചാൽ ഈ ബില്ലിന് ഒരു പ്രസക്തിയുമുണ്ടാകില്ല. നിരവധി ആളുകൾ ജോലിക്കായി കാത്തിരിക്കുന്ന സംസ്ഥാനമെന്ന നിലയിൽ ബഹുമാനപ്പെട്ട മന്ത്രി ഈ നിയമത്തിന്റെ എല്ലാ സ്പിരിറ്റും ഉൾക്കൊണ്ടുകൊണ്ട് അക്കാര്യം പ്രത്യേകം ശ്രദ്ധിക്കുമെന്ന ശുഭാപ്തി വിശ്വാസത്തോടെ ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, ഞാൻ വിയോജിപ്പ് രേഖപ്പെടുത്തുന്നു. എല്ലാ വകുപ്പുകളും അവരുടെ കീഴിൽ വരുന്ന ഇത്തരം ഒഴിവുകൾ പബ്ളിക് സർവ്വീസ് കമ്മീഷന് വിടാൻ തീരുമാനിക്കുന്നുവെന്ന് പറഞ്ഞാൽ അതിന്റെ അർത്ഥം ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ വ്യവസ്ഥാപിതമായ ഇന്നത്തെ സംവിധാനത്തിൽ തൊഴിലന്വേഷകരായി നടക്കുന്ന ആളുകൾക്ക് നീതിയും ന്യായവും ലഭിക്കുമെന്നതിന്റെ ഉറപ്പാണ്. ഇന്ന് അത് നടത്തുന്ന രീതിയെക്കുറിച്ച് ഇവിടെ ചൂണ്ടിക്കാണിക്കുകയുണ്ടായി. കരാർ അടിസ്ഥാനത്തിൽ നിയമിക്കപ്പെടുന്ന ആളുകൾക്ക് ഒരുപാട് വർഷങ്ങൾ അവർ തൊഴിൽ ചെയ്യുന്നുവെന്നതിന്റെ പേരിൽ അവരെ സ്ഥിരപ്പെടുത്തണമെന്ന ആവശ്യം ഉയർന്നുവരുന്നത് സ്വാഭാവികമാണ്. അങ്ങനെ സ്ഥിരപ്പെടുത്തണമെന്ന ആവശ്യം ഉയർന്നുവരുമ്പോൾ അതുമായി ബന്ധപ്പെട്ട് അതിന്റെ പിന്നിൽ ശക്തമായ രാഷ്ട്രീയ ഇടപെടലുകളും അധികാരവുമായി ബന്ധപ്പെട്ട സ്ഥാനത്തിരിക്കുന്നവരുടെ ഇടപെടലും സമ്മർദ്ദവുമെല്ലാം പലപ്പോഴും ഉണ്ടാകാറുണ്ടെന്നതും ഒരു വസ്തുതയാണ്. സർവ്വകലാശാലകളിലെ അനദ്ധ്യാപകരുടെ ഒഴിവുകൾ നികത്തുന്ന വിഷയം പി.എസ്.സി.-ക്ക് വിട്ടുകൊടുക്കണമെന്ന് പറയുമ്പോൾ, ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ ഏതാണ്ട് നാലായിരത്തോളം ഒഴിവുകളുള്ളതിൽ കേരള സർവ്വകലാശാലയിൽ മാത്രം 1200-ഓളം അനദ്ധ്യാപകരുടെ ഒഴിവുകളുണ്ടെന്നാണ് കണക്ക്. അതിലൊക്കെ താല്ക്കാലികമായി നിയമിക്കപ്പെട്ടവരെയെല്ലാം നിലനിർത്തിക്കൊണ്ട് അല്ലെങ്കിൽ അവരെ റഗുലറൈസ് ചെയ്തുകൊണ്ട് പോകാനാണുദ്ദേശിക്കുന്നതെങ്കിൽ ഇങ്ങനെയൊരു നിയമം പാസ്സാക്കുന്നതുകൊണ്ട് വലിയ കാര്യമുണ്ടാകുമെന്ന് തോന്നുന്നില്ല. വിവിധ സർവ്വകലാശാലകൾ ഇക്കാര്യത്തിൽ എടുത്തിട്ടുള്ള നിലപാടുകൾ പരിശോധിച്ചാൽ നമുക്കത് കാണാൻ കഴിയും. ഒരു വർഷമോ രണ്ടുവർഷമോ ഉള്ള കാലയളവിലേക്കായി വരുന്ന ഒഴിവുകളെല്ലാം ഇപ്പോൾ തന്നെ തയ്യാറാക്കി, റാങ്ക് ലിസ്റ്റ് ഉൾപ്പെടെ നിലനിർത്തിക്കൊണ്ട് പിന്നീട് അതിന്

നിയമപരമായ പരിരക്ഷ നൽകാനുള്ള സാഹചര്യം ഇല്ലാത്തവിധം, ഈ ബിൽ പാസ്സാക്കി അവതരിപ്പിച്ചുകഴിഞ്ഞാൽ ഇന്ന് മുതൽ അങ്ങോട്ട് ഒരു നിയമനവും തുടർന്ന് നടത്താൻ സാധ്യമല്ലാത്ത വിധമുള്ള ഒരു ഉറപ്പ് നൽകാൻ ബഹുമാനപ്പെട്ട മന്ത്രി തയ്യാറാകണമെന്നാണ് ചൂണ്ടിക്കാണിക്കാനുള്ളത്. 2010-ൽ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തുതന്നെ നിയമനങ്ങൾ പി.എസ്.സി.-ക്ക് വിടാനുള്ള തീരുമാനമുണ്ടായതാണ്. ഈ ഗവൺമെന്റിന്റെ കാലാവധി തീരാൻ ആറുമാസം പോലുമില്ലാത്ത സാഹചര്യത്തിൽ നാലരവർഷക്കാലം ഒന്നും ചെയ്യാതെ ഇപ്പോഴത് ചെയ്യുകയും ഈ കാലയളവിലുള്ള നിയമനങ്ങൾ ഉൾപ്പെടെ എല്ലാം അംഗീകരിച്ചുകൊടുക്കുകയും ചെയ്യുകയാണെങ്കിൽ ഇങ്ങനെയൊരു നിയമം പാസ്സാക്കുന്നതുകൊണ്ട് ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ തൊഴിലന്വേഷകരായ, വിദ്യാസമ്പന്നരായ ആളുകളെ സംബന്ധിച്ചിടത്തോളം വ്യവസ്ഥാപിതമായ മാർഗ്ഗത്തിലൂടെ സാമാന്യനീതിയും സാമാന്യനിയമവും പാലിച്ചുകൊണ്ട് നടപ്പാക്കേണ്ട പി.എസ്.സി.-യുടെ കവാടത്തിലേക്ക് എത്താൻ പോലും കഴിയാത്ത അവസ്ഥയുണ്ടാകും. അതു സംബന്ധിച്ചുള്ള വ്യക്തമായ ഒരു ധാരണയുണ്ടാകണമെന്നാണ് ചൂണ്ടിക്കാണിക്കാനുള്ളത്. യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് സർവ്വകലാശാലകളിൽ ധാരാളം ഇഷ്ടക്കാരെ ജീവനക്കാരായി നിയമിച്ചിട്ടുണ്ട് എന്നുള്ളത് വസ്തുതയാണ്. അതാർക്കും നിഷേധിക്കാൻ കഴിയാത്ത കാര്യമാണ്. അത്തരം ആളുകളുടെ കാര്യത്തിൽ ഒരു ധാരണയുണ്ടാകണം. കേരള സർവ്വകലാശാലയിൽ വിരമിച്ച ജീവനക്കാരെ കൂട്ടത്തോടെ (ഏകദേശം 155 പേരെ) പുനർനിയമിക്കുന്നതിനുവേണ്ടിയുള്ള നീക്കം നടത്തിയതുസംബന്ധിച്ച പത്രവാർത്ത വായിക്കുകയുണ്ടായി. അത്തരം ആളുകളെ പുനർനിയമനം നടത്തി സർവ്വകലാശാലകളിലോ ഏതെങ്കിലും വകുപ്പുകളിലോ നിലനിർത്തുന്നത് തൊഴിലില്ലാതെ അലയുന്ന നമ്മുടെ രാജ്യത്തെ ചെറുപ്പക്കാരോട് കാണിക്കുന്ന ഏറ്റവും വലിയ അനീതിയാണെന്നതിൽ സംശയമില്ല. താൽക്കാലിക സംവിധാനം എന്നുള്ള നിലയിലാണ് ഇതൊക്കെ ചെയ്തുകൊണ്ടുപോകുന്നത്. സർക്കാരോ സർവ്വകലാശാലയോ സാമ്പത്തികബാദ്ധ്യത ഒരല്പം കുറയുമെന്ന ന്യായം ചിലപ്പോൾ പറയാൻ ഇടയുണ്ട്. കാലിക്കട്ട് സർവ്വകലാശാലയുടെ അസിസ്റ്റന്റ് നിയമനത്തിൽ അഭിമുഖം നടത്തിയതുമായി ബന്ധപ്പെട്ട് വലിയ വിവാദമുണ്ടായി. അത് ഇവിടെ ചൂണ്ടിക്കാണിക്കപ്പെട്ടതാണ്. ഇഷ്ടക്കാരെ തിരുകികയറ്റാൻ വേണ്ടിയുള്ള ഏർപ്പാടുകളാണ് അവിടെ നടന്നത്. കൊച്ചി സർവ്വകലാശാലയിൽ അസിസ്റ്റന്റ് നിയമനങ്ങൾക്ക് അഭിമുഖമേ ഉണ്ടായിരുന്നില്ല. വിവിധ സർവ്വകലാശാലകൾ വ്യത്യസ്തമായ രീതിയിൽ ഇക്കാര്യങ്ങൾ ചെയ്യുന്നു. ഓരോ സർവ്വകലാശാലയുടെയും ഉത്തരവാദിത്വപ്പെട്ട അധികാരസ്ഥാനങ്ങളിലിരിക്കുന്ന

ആളുകൾ തങ്ങളുടേതായ താല്പര്യം സംരക്ഷിക്കാൻ വേണ്ടിയുള്ള നീക്കമാണ് നടത്തുന്നത്. എം.ജി. സർവ്വകലാശാലാ നിയമനങ്ങളിൽ വ്യാപകമായ ആരോപണം ഉയർന്നുവരികയും ഹൈക്കോടതി തന്നെ ഗവർണറോട് ഇക്കാര്യം അന്വേഷിക്കാൻ നിർദ്ദേശിക്കുകയും ചെയ്തത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിരിക്കുമെന്നാണ് കരുതുന്നത്. എത്രമാത്രം ഗൗരവമുള്ള വിഷയമാണ് ഇതെന്ന് ഊഹിക്കാവുന്നതേയുള്ളൂ. ഫിഷറീസ് സർവ്വകലാശാലയെ സംബന്ധിച്ച കാര്യങ്ങളൊക്കെ ദീർഘമായി പരാമർശിച്ചതുകൊണ്ട് ഞാൻ ആവർത്തിക്കുന്നില്ല. ഉദ്യോഗാർത്ഥികൾ തന്നെയാണ് അവിടെ നടത്തുന്ന നിയമനങ്ങളെക്കുറിച്ച് വലിയ ആക്ഷേപങ്ങൾ ഉയർത്തിയത്. അദ്ധ്യാപക നിയമനങ്ങളിൽ ലക്ഷങ്ങളുടെ അഴിമതിയാണ് അവിടെ നടക്കുന്നത്. അതുകൊണ്ട് റാങ്ക് ലിസ്റ്റ് സിൻഡിക്കേറ്റ് അംഗീകരിച്ചില്ല എന്ന വാർത്തയും വരികയുണ്ടായി. അനദ്ധ്യാപക നിയമനത്തെക്കുറിച്ചുള്ള ആലോചനകൾ മാത്രം നടത്തുമ്പോൾ സർവ്വകലാശാലയും അതിന്റെ തലപ്പത്തിരിക്കുന്ന ആളുകളും സ്വീകരിച്ചുപോരുന്ന സമീപനം കാണുമ്പോൾ, അത്തരം സമീപനങ്ങൾ സ്വീകരിക്കുന്നവർ അല്ലെങ്കിൽ തങ്ങളുടെ താല്പര്യത്തിനനുസരിച്ച് സർവ്വകലാശാലാ ഭരണത്തെ കൊണ്ടുപോകണമെന്നാഗ്രഹിക്കുന്നവർ ഈ നിയമം പ്രാബല്യത്തിൽ വരുന്നതിനുമുമ്പുതന്നെ അതിനെ കവച്ചുവയ്ക്കാൻ വേണ്ടിയുള്ള നടപടികൾ ആരംഭിച്ചുവെന്നതാണ് ഇപ്പോൾ തയ്യാറാക്കിയിട്ടുള്ള റാങ്ക് ലിസ്റ്റുകളും പട്ടികകളുമെല്ലാം തെളിയിക്കുന്നത്. അവർ വളഞ്ഞവഴിയിലൂടെ അതിനുള്ള മാർഗ്ഗം കണ്ടെത്തുമോ എന്നുള്ളതിനെക്കുറിച്ച് നമുക്ക് ധാരണയുണ്ടാകണം.

സാങ്കേതിക സർവ്വകലാശാലയിൽ പരീക്ഷ ഔട്ട്സോഴ്സ് ചെയ്യാൻ തീരുമാനിച്ചിരിക്കുന്നു എന്നതാണ് മറ്റൊരു വാർത്ത. പരീക്ഷ ഔട്ട്സോഴ്സ് ചെയ്യാനായി സ്വകാര്യ കമ്പനിയെ ഏല്പിക്കുന്നു. സിൽവർ ലൈൻ, അവരുടെ സോഫ്റ്റ്‌വെയർ തന്നെ 2012-ൽ പിൻവലിച്ചതാണെന്ന വാർത്ത വരികയുണ്ടായി. കാലഹരണപ്പെട്ട സോഫ്റ്റ്‌വെയറിനുപകരം സ്വതന്ത്ര സോഫ്റ്റ്‌വെയർ ഉണ്ടാവണമെന്ന് ആഗ്രഹിക്കുകയും അതിനുവേണ്ടി നിലകൊള്ളുകയും ചെയ്ത ഡോ. എ.പി.ജെ. അബ്ദുൾ കലാമിന്റെ പേരിലുള്ള സർവ്വകലാശാലയാണ് ഇത്തരം ഒരു നിലപാട് സ്വീകരിക്കുന്നത് എന്നത് അപമാനകരമായ കാര്യമാണ്. അത്തരം ഒരു നിലപാട് സ്വീകരിച്ചാൽ അതിനെയൊന്നും കണ്ടില്ല എന്ന് നടിക്കാൻ സാധിക്കുമോ ? ലക്ഷക്കണക്കിന് വിദ്യാർത്ഥികൾ പങ്കെടുക്കുന്ന എസ്.എസ്.എൽ.സി. പരീക്ഷ എത്ര നന്നായി നടത്താൻ കഴിയുന്നു. അത്തരം ഒരു സാഹചര്യത്തിൽ വളരെ കുറച്ച് പരീക്ഷാർത്ഥികൾ പങ്കെടുക്കുന്ന പരീക്ഷകൾക്കുവേണ്ടി എന്തിനാണ് ഇങ്ങനെ ഔട്ട്സോഴ്സ് ചെയ്യുന്നതും വലിയ തോതിൽ ഫീസ് ഈടാക്കാൻ

ശ്രമിക്കുന്നതെന്നും മനസ്സിലാകുന്നില്ല. 1,700 രൂപയാണ് പരീക്ഷാ ഫീസ്, 40000 കുട്ടികളിൽ നിന്നും ഈ ഇനത്തിൽ 6 കോടി രൂപയിൽപ്പരം ലഭിക്കും. ഇതൊക്കെ ഔട്ട്സോഴ്സ് ചെയ്തുകൊടുക്കുന്നതിന് താല്പര്യമുള്ള ആളുകളെ കണ്ടെത്താനും അവരുടെ കയ്യിലേക്ക് ഇത് എത്തിക്കാനും ശ്രമിക്കുന്നത് ഒട്ടും ഗുണകരമല്ലെന്ന് മാത്രമല്ല നമ്മുടെ സംസ്ഥാനത്ത് തൊഴിലില്ലാതെ അലഞ്ഞുതിരിഞ്ഞു നടക്കുന്ന വിദ്യാസമ്പന്നരായ ആളുകളോട് കാണിക്കുന്ന ഏറ്റവും വലിയ ക്രൂരതയുമായിരിക്കുമെന്നാണ് എനിക്ക് ചൂണ്ടിക്കാണിക്കാനുള്ളത്.

ശ്രീ. സി. ദിവാകരൻ: സർ, കേരള സർവ്വകലാശാലയിലെ അദ്ധ്യാപകരുടെ നിയമനം പി.എസ്.സി.-ക്ക് വിടുന്നതും ഇപ്പോൾ നടക്കുന്ന ക്രമവിരുദ്ധമായ ചില നടപടികളെയും കുറിച്ചാണ് അങ്ങ് വിശദീകരിക്കുന്നത്. കേരളത്തിലെ ഒരു പ്രത്യേക സ്വകാര്യ ഏജൻസിയെ പരീക്ഷ നടത്താനും റിസൾറ്റ് പ്രഖ്യാപിക്കാനും കോൺട്രാക്ട് വ്യവസ്ഥയിൽ ഔട്ട്സോഴ്സ് ചെയ്തിരിക്കുന്നത് യൂണിവേഴ്സിറ്റി വിദ്യാഭ്യാസത്തെയും സെക്കൻഡറി വിദ്യാഭ്യാസത്തെയും എങ്ങനെ ബാധിക്കുമെന്നാണ് അങ്ങയുടെ അഭിപ്രായം?

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, ഞാൻ അതുതന്നെയാണ് ചൂണ്ടിക്കാണിച്ചു കൊണ്ടിരുന്നത്. അത്തരം ഒരു നിലപാട് സ്വീകരിക്കുകയും മറ്റൊരു വശത്ത് സ്വകാര്യ സർവ്വകലാശാലകളടക്കം ഉണ്ടാക്കാനുള്ള തീരുമാനത്തിലേക്ക് നമ്മൾ നീങ്ങുകയും ചെയ്യുന്ന സാഹചര്യത്തിൽ വിദ്യാഭ്യാസ മേഖല ഏറ്റവും ഗൗരവമേറിയ പ്രതിസന്ധിയിലെത്തുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. ഒരു വശത്ത് സ്വകാര്യ സർവ്വകലാശാലകൾക്ക് രൂപം കൊടുക്കാൻ വേണ്ടിയുള്ള നീക്കം, ആ സ്വകാര്യ സർവ്വകലാശാലകളോടൊപ്പംതന്നെ മറ്റു സർവ്വകലാശാലകളിൽനിന്ന് പരീക്ഷ ഔട്ട്സോഴ്സ് ചെയ്തു കൊടുക്കുന്നതിനുവേണ്ടിയുള്ള നീക്കങ്ങൾ. ഇതെല്ലാം കാണിക്കുന്നത് ഏറ്റവും അപകടകരമായ ഒരു സ്ഥിതിയിലൂടെയാണ് കേരളത്തിലെ വിദ്യാഭ്യാസരംഗത്തെ സ്ഥിതിഗതികൾ മുന്നോട്ടുപോകുന്നതെന്നാണ്. ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി ഇവിടെ അവതരിപ്പിച്ച ബില്ലിൽ ആർക്കും വിയോജിപ്പില്ലാത്ത കാര്യം, ഞാൻ ആദ്യമേ ചൂണ്ടിക്കാണിച്ചതുപോലെ പി.എസ്.സി. മുഖേന നടത്തുന്ന തെരഞ്ഞെടുപ്പുകൾ തൊഴിലന്വേഷകർക്ക് സാമാന്യനീതിയും ന്യായവും ഉറപ്പാക്കുമെന്നതുതന്നെയാണ്. അതിനെ ആരും എതിർക്കേണ്ട കാര്യമില്ല. പക്ഷേ ഇത്തരം ഒരു സാഹചര്യത്തിൽ അതിനോട് യോജിക്കുമ്പോൾതന്നെ, ഈ ഉദ്ദേശ്യശുദ്ധിയെ മറികടക്കാൻവേണ്ടി നടത്തുന്ന നീക്കങ്ങളെ കണ്ടില്ലെന്നു നടിക്കാനും കഴിയില്ല. അങ്ങനെയുള്ള ഒരു സാഹചര്യം സൃഷ്ടിക്കുന്നത് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ, സർവ്വകലാശാലകളുടെ തലപ്പത്തിരിക്കുന്ന ജാതി-മത പരിഗണനയിലൂടെ വന്നവരുടെ സമീപനമാണ്.

അവരിൽ പലരും രാഷ്ട്രീയ വിധേയത്വമുള്ളവരാണ്, അയോഗ്യരാണെന്ന് പരക്കെ ആക്ഷേപമുള്ളവരാണ്. ഇത്തരം ഒരു സാഹചര്യത്തിൽ സർവ്വകലാശാലകളുമായി ബന്ധപ്പെട്ട വിഷയങ്ങളെക്കുറിച്ച് ഗൗരവതരമായ ആലോചന ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകണം. ഈ ബിൽ അവതരിപ്പിക്കുകയും പാസ്സാക്കിയെടുക്കുകയും ചെയ്യുമ്പോൾ ഈ ബില്ലിന്റെ ഉദ്ദേശ്യശുദ്ധിയെ മറികടക്കാനുള്ള നീക്കത്തെ ചെറുക്കുന്നതിനുകൂടി ഗവൺമെന്റ് തയ്യാറാകണം.

ശ്രീ. സി. കെ. നാണു: സർ, ഇത് നടപ്പിലാകുമ്പോൾ പട്ടികജാതി/ പട്ടികവർഗ്ഗ, പിന്നോക്കവിഭാഗങ്ങളുടെ സംവരണം ഒരു തകരാറുമില്ലാതെ ഇതിൽ പരിരക്ഷിക്കപ്പെടില്ലേ?

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, നേരത്തേ വിശദീകരിക്കപ്പെട്ട വിഷയം ആയതുകൊണ്ട് ആവർത്തിച്ചില്ലന്നേയുള്ളൂ. ഈ മേഖലയിൽ താൽക്കാലിക നിയമനം നടത്തുമ്പോൾ ഒരു കാരണവശാലും സാമുദായികമായി നൽകേണ്ട പരിഗണനയും റിസർവേഷനുകളിൽ വ്യത്യസ്ത വിഭാഗങ്ങൾക്ക് ലഭിക്കേണ്ട കൃത്യമായ അളവിലുള്ള റിസർവേഷനും ലഭിക്കില്ലെന്ന് ഉറപ്പാണ്. നിയമനം പി.എസ്.സി.-യിലൂടെ ആകുമ്പോഴുണ്ടാകുന്ന ഏറ്റവും വലിയ നേട്ടം, വ്യവസ്ഥാപിതമായി നിലനിൽക്കുന്ന സംവിധാനമെന്ന നിലയ്ക്ക് അവിടെ റിസർവേഷനുകൾ പാലിക്കപ്പെടും എന്നതാണ്. ഇവിടെ ഒരു തരത്തിലുള്ള റിസർവേഷനും ആരും നോക്കേണ്ട കാര്യമില്ലെന്ന സ്ഥിതിയുണ്ടാകും. തന്നിഷ്ടംപോലെ തങ്ങൾക്ക് ഇഷ്ടപ്പെട്ടവരെ നിയമിക്കുന്ന ഒരു സാഹചര്യവും നിലവിലുള്ള വ്യവസ്ഥയനുസരിച്ച് നിയമിക്കുന്ന സാഹചര്യവും തമ്മിലുള്ള വ്യത്യാസം അതിലുണ്ടാകും. അതുകൊണ്ട് സംവരണം ഉറപ്പാക്കാൻ ഇവിടെ നടപ്പിലാക്കേണ്ടത് പി.എസ്.സി.-യിലൂടെ നിയമനം നടത്തുകയാണ്. ഇപ്പോഴുള്ള ഈ നീക്കത്തെ അട്ടിമറിക്കാതിരിക്കാനുള്ള ജാഗ്രത ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ ഭാഗത്തുനിന്നും ഉണ്ടാകണമെന്നുമാത്രം ഈ സന്ദർഭത്തിൽ ചൂണ്ടിക്കാണിച്ചുകൊണ്ട് എന്റെ വിയോജനക്കുറിപ്പ് രേഖപ്പെടുത്തിക്കൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. പി. സി. വിഷ്ണുനാഥ് : സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2015 ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (സർവ്വകലാശാലകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

നിയമസഭയിൽ അവതരിപ്പിക്കപ്പെട്ടിട്ടുള്ള ശ്രദ്ധേയമായ ഒരു നിയമ നിർമ്മാണമാണ് സർവ്വകലാശാലയിലെ അനദ്ധ്യാപക നിയമനങ്ങൾ പബ്ലിക് സർവ്വീസ് കമ്മീഷന് വിടുന്നതിനുവേണ്ടിയുള്ള ഈ നിയമം. വിഷയത്തിന്റെ സാമൂഹികപരമായ പ്രാധാന്യം പരിഗണിക്കുമ്പോൾ വളരെയധികം പ്രാധാന്യമുള്ള ഒരു നിയമമാണ്. ഇത്തരത്തിലുള്ള നിരവധി നിയമനിർമ്മാണങ്ങൾ ഈ സഭയിൽ കൊണ്ടുവന്നിട്ടുണ്ട്. ഒരു പൊതു പ്രവർത്തകനെന്ന നിലയിലും നിയമസഭയിലെ ഔദ്യോഗിക ഭാഷാ കമ്മിറ്റിയുടെ ചെയർമാനെന്ന നിലയിലും മലയാളത്തിന്റെ പ്രചരണത്തിനുവേണ്ടി ആത്മാർത്ഥമായി പ്രവർത്തിക്കുന്ന സാമൂഹിക പ്രവർത്തകനെന്ന നിലയിലും നമുക്കെല്ലാം അഭിമാനിക്കാവുന്ന തരത്തിൽ ഈ ഗവൺമെന്റിന്റെ കാലത്ത് ബഹുമാനപ്പെട്ട പി. കെ. അബ്ദു റബ്ബിന്റെ നേതൃത്വത്തിൽ നമ്മുടെ വിദ്യാഭ്യാസ വകുപ്പ് കൊണ്ടുവന്നതാണ് മലയാളം സർവ്വകലാശാല. നമ്മുടെ കുട്ടികളെ സ്വപ്നം കാണാൻ പഠിപ്പിച്ച, സ്വപ്നം കാണാനാവശ്യപ്പെട്ട ആദരണീയനായ ഡോ. എ. പി. ജെ. അബ്ദുൾ കലാമിന്റെ നാമധേയത്തിലുള്ള ടെക്നോളജിക്കൽ യൂണിവേഴ്സിറ്റി. നമ്മുടെ വിദ്യാഭ്യാസ മേഖലയിൽ ലോകത്തുണ്ടാകുന്ന മാറ്റങ്ങൾക്കനുസരിച്ച് നമ്മുടെ കലാലയങ്ങളുടെ ശേഷികളെ പരമാവധി പ്രയോജനപ്പെടുത്തുന്ന തരത്തിൽ ആ മാറ്റങ്ങൾക്ക് അനുസൃതമായി നമ്മുടെ കോളേജുകൾക്ക് ഓട്ടോണമസ് പദവി നൽകാനുള്ള ബില്ലും തീരുമാനവും ഈ ഗവൺമെന്റാണ് കൊണ്ടുവന്നത്. ഇടതുപക്ഷ സ്നേഹിതന്മാർ പണ്ടൊക്കെയാണെങ്കിൽ ഇതിനെതിരെ വലിയ സമരങ്ങൾ നയിക്കുമായിരുന്നു. കഴിഞ്ഞ നവംബർ 25-ാം തീയതി കൂത്തുപറമ്പ് രക്തസാക്ഷി ദിനമായിരുന്നു. കൂത്തുപറമ്പിലെ റോഷനും ഷിബുലാലും ബാബുവും മധുവും രാജീവനും രക്തസാക്ഷികളായത് നിങ്ങൾ എടുത്ത സമീപനത്തിന്റെ അടിസ്ഥാനത്തിലാണ്. ആ സമീപനം എന്തായിരുന്നു? വിദ്യാഭ്യാസത്തിന്റെ സ്വകാര്യവത്ക്കരണം ആഗോളവത്ക്കരണത്തിന്റെ അജണ്ടയാണ്. അത് നടപ്പിലാക്കുന്നത് കൊലയാളി രാഘവനാണ്. ആ കൊലയാളി രാഘവനെ പ്രവർത്തിക്കാൻ വിടില്ലായെന്ന് പറഞ്ഞുകൊണ്ടാണ് കൂത്തുപറമ്പിൽ നിങ്ങൾ സമരം നടത്തിയത്. അവിടെ ഉദ്ഘാടനത്തിന് വന്ന രാഘവനെ തടയാൻ ശ്രമിച്ചത്. ആ ചെറുപ്പക്കാർ രക്തസാക്ഷികളായത്. നോമിനേഷൻ പേപ്പർ കൊടുക്കാൻ പോകുന്നതിനുമുമ്പ് വീട്ടിൽ പോയി കാണുന്ന സഖാവ് പുഷ്പൻ അടക്കമുള്ള ജീവിക്കുന്ന രക്തസാക്ഷികൾ, ഇത്തവണ കണ്ണൂരിൽ നിങ്ങൾ എങ്ങനെയായിരുന്നു രക്തസാക്ഷി ദിനം ആചരിച്ചതെന്നറിയാൻ ഞങ്ങൾക്ക് കൗതുകമുണ്ടായിരുന്നു. നിങ്ങൾക്ക് ഇപ്പോൾ കൊലയാളി രാഘവനെന്നുപറയാൻ കഴിയില്ല. കൊലയാളി രാഘവൻ സിന്ദാബാദ് എന്നുവിളിക്കണം. കൊലയാളി രാഘവന്റെ മകൾ

എം. വി. ഗിരിജ സിന്ദാബാദ് എന്നുവിളിക്കണം. കൊലയാളി രാഘവന്റെ മകന് സിന്ദാബാദ് വിളിക്കേണ്ടി വരും. ഇത്തരത്തിലുള്ള സമീപനമാണ് നിങ്ങൾ എല്ലാകാലത്തും സ്വീകരിച്ചിട്ടുള്ളത്. ആദരണീയനായ ലീഡർ കെ. കരുണാകരന്റെ നേതൃത്വത്തിൽ സഹകരണ മേഖലയിൽ സ്വാശ്രയ കോളേജ് കൊണ്ടുവന്നപ്പോൾ ഒരു തരത്തിലുമുള്ള കോളേജും പറ്റില്ല, വിദ്യാഭ്യാസത്തിന്റെ സ്വകാര്യവത്ക്കരണം ആഗോളവത്ക്കരണത്തിന്റെ അജണ്ടയാണെന്ന് പറഞ്ഞുകൊണ്ട് സമരം നടത്തിയവർ, ഇക്കഴിഞ്ഞ നവംബർ 25-ാം തീയതി കൂത്തുപറമ്പ് രക്തസാക്ഷിദിനം ആചരിക്കാൻ കഴിയാത്തവിധം രക്തസാക്ഷികളുടെ ആത്മാവിന്റെ മുമ്പിൽ പ്രതിക്കൂട്ടിൽ നിൽക്കുകയാണ്. ആ രക്തസാക്ഷിത്വം എന്തിന് വേണ്ടിയായിരുന്നു? അന്ന് വിളിച്ച കൊലയാളി രാഘവനെന്ന് ഇന്ന് വിളിക്കാൻ കഴിയുന്നുണ്ടോ? രാഘവന്റെ മൃതശരീരം ഇവർ ഏറ്റുവാങ്ങി. അദ്ദേഹത്തിന്റെ പിന്നീടുള്ള രാഷ്ട്രീയ പ്രവർത്തനത്തിൽ ഒപ്പമുണ്ടായിരുന്ന ഐക്യജനാധിപത്യ മുന്നണിയുടെ നേതാക്കന്മാർക്കുപോലും വേണ്ടത്ര പരിഗണന കൊടുത്തില്ല. കണ്ണൂരുള്ള ശ്രീ. സണ്ണി ജോസഫ് ഇവിടെയുണ്ട്. അവർക്കാർക്കും കിട്ടിയില്ല എം. വി. രാഘവന്റെ ഭൗതിക ശരീരം, ഇവർ ഏറ്റെടുക്കുകയായിരുന്നു. ഭൗതിക ശരീരം ഏറ്റെടുക്കുമ്പോൾ, കൂത്തുപറമ്പിലെ റോഷൻ, ഷിബുലാൽ, ബാബു, മധു, രാജീവൻ ഇവരുടെയൊക്കെ കാര്യം ഓർത്തുനോക്കിയിട്ടുണ്ടോ? കൂത്തുപറമ്പ് വെടിവയ്പ്പിനുശേഷം ആറന്മുളയിലാണ് അദ്ദേഹം പിന്നീട് മത്സരിച്ചത്. ആറന്മുളയിൽ എം. വി. രാഘവൻ മത്സരിച്ചപ്പോൾ, ഒരു തുറന്ന വാഹനത്തിൽ ഇത് റോഷന്റെ അമ്മയാണ്, ഷിബുലാലിന്റെ അച്ഛനാണ്, ബാബുവിന്റെ സഹോദരിയാണ് എന്നുപറഞ്ഞുകൊണ്ട് എം. വി. രാഘവനെതിരെ കൂത്തുപറമ്പ് രക്തസാക്ഷികളുടെ കുടുംബാംഗങ്ങളെ കൊണ്ടുവന്ന് തുറന്ന വാഹനത്തിൽ വോട്ട് പിടിച്ച ആളുകൾക്ക് ഇന്ന് എന്ത് പറയാൻ കഴിയും; നിങ്ങൾ കുറേ കഴിയുമ്പോൾ തിരുത്തും. നിങ്ങൾ തിരുത്തുന്നതുവരെ കാത്തിരിക്കാൻ പറ്റുമോ; നിങ്ങൾ കമ്പ്യൂട്ടറിനെയും സ്വാശ്രയ കോളേജിനെയും നവോദയ വിദ്യാലയങ്ങളെയും എതിർത്തവരാണ്. നിങ്ങളിപ്പോൾ വിഴിഞ്ഞം പദ്ധതിയെ എതിർക്കുന്നവരാണ്. സ്മാർട്ട് സിറ്റി വന്നപ്പോൾ അത് റിയൽ എസ്റ്റേറ്റ് കച്ചവടമാണെന്നുപറഞ്ഞുകൊണ്ട് എതിർത്തവരാണ്, ട്രാക്ടറിനെ എതിർത്തവരാണ്. നിങ്ങൾ ഓരോ കാലത്തും എതിർക്കുന്നതിനെ സ്വീകരിക്കാൻ തയ്യാറായാൽ 20 കൊല്ലം കഴിയുമ്പോൾ നിങ്ങൾ അതിനെ അംഗീകരിക്കും. 20 കൊല്ലം നഷ്ടപ്പെടുത്താൻ കഴിയുമോ? ഞാൻ ഈ ബിൽ അവതരിപ്പിക്കുമ്പോഴുള്ള രാഷ്ട്രീയത്തെ ചുരുക്കത്തിലൊന്ന് പരാമർശിച്ചുവെന്ന് മാത്രമേയുള്ളൂ. നിങ്ങളുടെ എതിർപ്പുകൾ കാലാകാലങ്ങളിൽ ഇത്തരത്തിൽ മാറ്റപ്പെടുന്നുവെന്നതിന്റെ പേരിലാണ് ഞാനിത് സൂചിപ്പിച്ചത്. നിയമനം പബ്ലിക് സർവ്വീസ് കമ്മീഷന്

വിടാനുള്ള തീരുമാനം പ്രസക്തമാകുന്നത് എവിടെയാണ്? കേരള സർവ്വകലാശാലയിലെ അസിസ്റ്റന്റ് നിയമന തട്ടിപ്പുപോലൊരു തട്ടിപ്പ് കേരളത്തിൽ ഇതുപോലെ നടന്നിട്ടുണ്ടോ? ഈ നിമയസഭയിൽ എല്ലാവരും അഴിമതിയെക്കുറിച്ച് സംസാരിക്കാറുണ്ട്. അഴിമതിയെ പരാജയപ്പെടുത്തുന്നതിലും എതിർക്കുന്നതിലും ചെറുക്കുന്നതിലും ആർക്കും അഭിപ്രായവ്യത്യാസമുണ്ടാവില്ല. കേരള സർവ്വകലാശാലയിലെ അസിസ്റ്റന്റ് നിയമന തട്ടിപ്പിന്റെ അത്രയും വലിയ അഴിമതി കേരളത്തിന്റെ വിദ്യാഭ്യാസ മേഖലയിൽ ഇന്നുവരെയുണ്ടായിട്ടുണ്ടോ? 40000 പേരാണ് കേരളാ യൂണിവേഴ്സിറ്റിയിൽ അസിസ്റ്റന്റ് നിയമന പരീക്ഷ എഴുതിയത്. ആ 40000 പേരുടെ ക്രമക്കേട് ലോകായുക്തയുടെ മുമ്പിൽ വന്നപ്പോൾ പരീക്ഷാ പേപ്പറുകൾ പിടിച്ചെടുക്കാൻ ലോകായുക്ത ആവശ്യപ്പെട്ടു. സർവ്വകലാശാലയിൽനിന്ന് പരീക്ഷാ പേപ്പർ കിട്ടിയില്ല. 40000 പേർ എഴുതിയ പരീക്ഷാ പേപ്പർ അന്തരീക്ഷത്തിൽ ആവിയായിപ്പോയി. 40000 ഉത്തരക്കടലാസ്സുകൾ അന്തരീക്ഷത്തിൽ ആവിയായിപ്പോയ ഒരു അഴിമതിയാണ് കേരള സർവ്വകലാശാലയിലെ നിയമന തട്ടിപ്പ്. കേസ് ലോകായുക്തയിൽ പോയി. ക്രമക്കേട് നടന്നു, തട്ടിപ്പ് നടന്നു, അഴിമതിനടന്നുവെന്ന് ലോകായുക്ത പറഞ്ഞു. രണ്ടുതവണ ലോകായുക്ത വിധി പറഞ്ഞു. ഇവിടെ അഴിമതിക്കെതിരെ വലിയ നിലപാടുകൾ എടുക്കുന്ന ആളുകളുണ്ടല്ലോ. ഹൈക്കോടതിയിൽ കേരള സർവ്വകലാശാലയിലെ ഇടതുപക്ഷ സിൻഡിക്കേറ്റ്, കുട്ടികൾ കൊടുക്കുന്ന ഫീസെടുത്ത് ഹൈക്കോടതിയിൽ കേസ് നടത്തിയില്ലേ? ഇവിടെ ഒരു കേസിന് ഏഴ് ലക്ഷം രൂപ നിയമോപദേശം വാങ്ങിയതിന്റെ പേരിൽ വലിയ പുകിലുണ്ടാക്കിയ ആളുകളാണല്ലോ നിങ്ങൾ. അപ്പോൾ കേരള സർവ്വകലാശാലയിലെ കുട്ടികളുടെ ഫീസ് നിരക്ക് വർദ്ധിപ്പിച്ചുകൊണ്ട് വരുമാനം കൂട്ടുകയും ആ കാശുകൊണ്ട് ഹൈക്കോടതിയിൽ പോകുകയും ചെയ്തത് എന്തിനാണ്? പരീക്ഷ എഴുതിയ 40000 പേരുടെ ഉത്തരക്കടലാസ് അന്തരീക്ഷത്തിൽ ആവിയായിപ്പോയ, 1800 പേരെ ക്രമവിരുദ്ധമായി നിയമിക്കാൻവേണ്ടി പട്ടിക തയ്യാറാക്കിയ, അതിൽ 198 പേരെ നിയമിച്ച ഒരു അഴിമതി, ലോകായുകത അഴിമതിയാണെന്ന് പറഞ്ഞപ്പോൾ അതിനെ മറികടക്കാൻ ഹൈക്കോടതിയിൽ പോയി. ഹൈക്കോടതി ജസ്റ്റിസ് സുകുമാരൻ കമ്മീഷനെ നിയമിച്ചു. ജസ്റ്റിസ് സുകുമാരൻ കമ്മീഷൻ അന്വേഷിച്ചു. അദ്ദേഹവും പറഞ്ഞു ഇത് അഴിമതിയാണ്, ക്രമക്കേടാണ്, തട്ടിപ്പാണ്, ക്രമവിരുദ്ധമായി നിയമിച്ചിരിക്കുകയാണെന്ന്. സർക്കാരിനോട് ഇക്കാര്യത്തിൽ നടപടിയെടുക്കണമെന്ന് പറഞ്ഞു. ജസ്റ്റിസ് സുകുമാരൻ കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ക്രൈം ബ്രാഞ്ച് അന്വേഷണം വച്ചു. ക്രൈം ബ്രാഞ്ച് അന്വേഷണത്തിനുമുമ്പ് ജസ്റ്റിസ് സുകുമാരൻ കമ്മീഷൻ സർവ്വകലാശാലാ

നിയമനങ്ങൾ പി.എസ്.സി.-ക്ക് വിടണമെന്ന് സർക്കാരിനോട് പറഞ്ഞു. സർവ്വകലാശാലകളിലെ അദ്ധ്യാപകേതര നിയമനങ്ങൾ പി.എസ്.സി.-ക്ക് വിടാൻ 2010-ൽ എൽ.ഡി.എഫ്. ഗവൺമെന്റ് തീരുമാനിച്ചെങ്കിലും ഇതുവരെ നടപ്പാക്കാതിരുന്നത് ഈ ഗവൺമെന്റിന്റെ ഇച്ഛാശക്തി ഇല്ലായ്മയാണ് സൂചിപ്പിക്കുന്നതെന്ന് വിയോജനക്കുറിപ്പിൽ പറഞ്ഞിട്ടുണ്ട്. 2010-നുശേഷം എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് പല നിയമസഭാ സമ്മേളനങ്ങളും ചേർന്നു. 2011 ഫെബ്രുവരിയിൽ അവസാനത്തെ വോട്ട് ഓൺ അക്കൗണ്ട് പാസ്സാക്കാനുള്ള സഭയും ചേർന്നു. അപ്പോഴൊന്നും എന്തുകൊണ്ട് നിയമം കൊണ്ടുവന്നില്ല? മലയാളം സർവ്വകലാശാലയ്ക്കും സാങ്കേതിക സർവ്വകലാശാലയ്ക്കും സ്വാശ്രയ കോളേജുകൾക്കും നിയമം കൊണ്ടുവന്നതുപോലെ നിയമനങ്ങൾ പി.എസ്.സി.-ക്ക് വിടാനുള്ള നിയമം കൊണ്ടുവരുന്നതിനും ഇച്ഛാശക്തി കാണിച്ചത് യു.ഡി.എഫ്. ഗവൺമെന്റാണ്, ശ്രീ. പി. കെ. അബ്ദു റബ്ബ് നേതൃത്വം നൽകുന്ന വിദ്യാഭ്യാസ വകുപ്പാണെന്നുള്ള കാര്യം ഈ അവസരത്തിൽ പറയുകയാണ്. കേരള സർവ്വകലാശലയിലെ നിയമനത്തട്ടിപ്പുമായി ബന്ധപ്പെട്ട് ക്രൈം ബ്രാഞ്ച് അന്വേഷണം നടത്തി ഇപ്പോൾ കുറ്റപത്രം സമർപ്പിച്ചിട്ടുണ്ട്. സി.പി.ഐ.(എം)-ന്റെ രണ്ട് പ്രധാനപ്പെട്ട നേതാക്കന്മാർ, തിരുവനന്തപുരത്തുള്ള ഏരിയ കമ്മിറ്റി സെക്രട്ടറിമാർ ഇതിൽ പ്രതികളാണ്. വൈസ് ചാൻസലറും പ്രോ വൈസ് ചാൻസലറും രജിസ്ട്രാറുമൊക്കെ പ്രതികളാണ്. ഇപ്പോൾ ഹൈക്കോടതിയിൽ ഒരു കേസ് നടക്കുന്നുണ്ട്. ആ കേസിന്റെ അടിസ്ഥാനത്തിൽ കുറ്റപത്രത്തിന്മേലുള്ള വിചാരണ താല്ക്കാലികമായി നിർത്തി വച്ചിരിക്കുകയാണ്. ആ വിചാരണ തുടർന്നാൽ എന്താണ് സ്ഥിതി? അദ്ധ്യാപക നിയമനത്തട്ടിപ്പ് കേസിൽ ഹരിയാനയിലെ മുൻ മുഖ്യമന്ത്രി ഓം പ്രകാശ് ചൗത്താലയും അദ്ദേഹത്തിന്റെ മകനും ജയിലിൽ കിടക്കുകയാണ്. അതിന് സമാനമല്ല, അതിനേക്കാൾ ഭീകരമാണ് നാൽപ്പതിനായിരം പേർ പരീക്ഷ എഴുതിയ ഒരു അസിസ്റ്റന്റ് നിയമനത്തിന്റെ ഉത്തരക്കടലാസുകൾ അന്തരീക്ഷത്തിൽ ആവിയായിപ്പോകുകയും ഒട്ടനവധി ആളുകളുടെ ക്രമവിരുദ്ധമായ പട്ടിക തയ്യാറാക്കുകയും അതിൽ 198 പേരെ നിയമിക്കുകയും ചെയ്ത സാഹചര്യം. സർവ്വകലാശാലകളിലെ അനദ്ധ്യാപക നിയമനങ്ങൾ പബ്ലിക് സർവ്വീസ് കമ്മീഷന് വിടുവാനുള്ള സാഹചര്യമുണ്ടായത് ഇതേ കാരണം കൊണ്ടുതന്നെയാണ്.

ഇവിടെ നിയമന നിരോധനമാണെന്ന് പറയുന്നുണ്ടെങ്കിലും എല്ലാ ഡിപ്പാർട്ടുമെന്റുകളിലുമായി ഈ ഗവൺമെന്റ് നാലര വർഷംകൊണ്ട് 125000 പേർക്ക് പി.എസ്.സി. നിയമനം കൊടുത്തു. മാത്രമല്ല 35000 പുതിയ തസ്തികകൾ സൃഷ്ടിച്ചു. പഞ്ചായത്തിലെ അസിസ്റ്റന്റ് സെക്രട്ടറി നിയമനങ്ങളടക്കം പോലീസ്, ഹെൽത്ത് തുടങ്ങിയ എല്ലാ വകുപ്പുകളിലുമായി 35000 പുതിയ തസ്തികകൾ ഈ

ഗവൺമെന്റ് വന്നതിനുശേഷം സൃഷ്ടിച്ചതാണ്. പുതിയ താലൂക്കുകൾ, മെഡിക്കൽ കോളേജുകൾ, ജില്ലാ ആശുപത്രികൾ മുതലായവ അനുവദിച്ചു. പി.എസ്.സി. നിയമനങ്ങളുടെ ഒരു പ്രധാന പ്രതിസന്ധി എന്നുപറയുന്നത് വകുപ്പ് മേധാവികൾ യഥാസമയം ഒഴിവുകൾ റിപ്പോർട്ട് ചെയ്യാത്തതുകൊണ്ടുള്ള കാലതാമസമാണ്. ഇക്കാര്യത്തിലും അതുണ്ടാകാതിരിക്കാൻ വിദ്യാഭ്യാസ വകുപ്പിന്റെ മേധാവി എന്ന നിലയിൽ അങ്ങും വകുപ്പിന്റെ സെക്രട്ടറിയും മറ്റ് ഉദ്യോഗസ്ഥരും ശ്രദ്ധിക്കണമെന്നാണ് എന്റെ അഭ്യർത്ഥന.

സെക്രട്ടേറിയറ്റ് അസിസ്റ്റന്റ് റാങ്ക് ലിസ്റ്റ് നിലവിലുണ്ട്. ആ റാങ്ക് ലിസ്റ്റിന് മൂന്നുമാസത്തെ കാലാവധി മാത്രമേയുള്ളൂ. പി.എസ്.സി. ഇനിയൊരു പരീക്ഷ നടത്തി പരീക്ഷാപേപ്പർ നോക്കി റാങ്ക് ലിസ്റ്റും ഷോർട്ട് ലിസ്റ്റും പ്രസിദ്ധീകരിച്ച് ഇന്റർവ്യൂ നടത്തിയൊക്കെ വരുമ്പോൾ ഈ യൂണിവേഴ്സിറ്റികളിലെല്ലാം പെട്ടെന്ന് നിയമനം നടത്താൻ കഴിയില്ല. കരാർ അടിസ്ഥാനത്തിലെടുത്തവരെ സ്ഥിരപ്പെടുത്തരുതെന്നുള്ള പ്രതിപക്ഷത്തിന്റെ ആവശ്യത്തോട് ഞാൻ യോജിക്കുകയാണ്. അക്കാര്യത്തിൽ രാഷ്ട്രീയപരമായ അഭിപ്രായ വ്യത്യാസമൊന്നുമില്ല. കാരണം പി.എസ്.സി. വഴി ടെസ്റ്റ് എഴുതി റാങ്ക് ലിസ്റ്റിൽ വരുന്ന പാവപ്പെട്ട കുട്ടികൾ നിലനിൽക്കുമ്പോൾ ആരുടെയെങ്കിലും ഇഷ്ടക്കാരോ സിൻഡിക്കേറ്റ് മെമ്പർമാരുടെ ബന്ധുക്കളോ വൈസ് ചാൻസലറുടെ വേലക്കാരിയുടെ മകനോ മകളോ രാഷ്ട്രീയ സ്വാധീനമുള്ള ആളുകളോ പിൻവാതിൽവഴി നിയമനം നേടുന്നതിനോട്, ഒരു യുവജന സംഘടനാ പ്രവർത്തകനായി ഈ സഭയിൽ വന്ന ഒരാളെന്ന നിലയിൽ ഞാൻ യോജിക്കുന്നില്ല. അതിന് ചെയ്യാൻ കഴിയുന്ന ഒരു കാര്യം ഈ യൂണിവേഴ്സിറ്റികളിൽ പെട്ടെന്ന് നിയമനം നടത്തുക എന്നതാണ്. യൂണിവേഴ്സിറ്റി അസിസ്റ്റന്റ് തസ്തിക സെക്രട്ടേറിയറ്റ് അസിസ്റ്റന്റിന് ഈക്വലന്റാണ്. മൂന്നുമാസത്തെ കാലാവധി മാത്രമേ ആ പി.എസ്.സി. റാങ്ക് ലിസ്റ്റിനുള്ളൂ. നിയമതടസ്സമില്ലെങ്കിൽ, ആ റാങ്ക് ലിസ്റ്റിലുള്ളവരെ സർവ്വകലാശാലകളിലെ ഒഴിവുകളിൽ നിയമിക്കാനുള്ള നടപടി സ്വീകരിക്കുകയാണെങ്കിൽ ഉദ്യോഗാർത്ഥികൾക്ക് വലിയൊരു ആശ്വാസമായിരിക്കും. രാഷ്ട്രീയ വ്യത്യാസമന്യേ എല്ലാ യുവജന സംഘടനകളും ഈ ആവശ്യം ഉന്നയിച്ചുകൊണ്ടിരിക്കുകയാണ്. അതിന്റെ ഒരു പ്രതിഫലനം ഞാനിവിടെ രേഖപ്പെടുത്തിയെന്നേയുള്ളൂ.

ഡോ. കെ. ടി. ജലീൽ സൂചിപ്പിച്ചതുപോലെ, ഞങ്ങളുടെ ഒരു പ്രധാനപ്പെട്ട ആവശ്യമായിരുന്ന, ഫിനാൻഷ്യൽ മെമ്മോറാണ്ടത്തിൽ പരീക്ഷ നടത്തിപ്പ്. അത് മാറ്റിയതിലുള്ള പ്രത്യേകമായ നന്ദി ബഹുമാനപ്പെട്ട വകുപ്പിനോട് ഈ അവസരത്തിൽ അറിയിക്കുകയാണ്.

യൂണിവേഴ്സിറ്റിയുമായി ബന്ധപ്പെട്ട കാര്യങ്ങൾ പറയുമ്പോൾ യൂണിവേഴ്സിറ്റിയിലെ നിയമനം, അവിടത്തെ ആളുകളുടെ സേവന വേതന വ്യവസ്ഥകളുടെ കാര്യം എന്നിവ മാത്രമാണ് പലപ്പോഴും പരാമർശിക്കപ്പെടുന്നത്. നമ്മുടെ സർവ്വകലാശാലകളുടെ R&D വളരെ മോശമാണ്. അവിടെ റിസർച്ചും ഡെവലപ്മെന്റുമൊന്നും കാര്യമായ രീതിയിൽ നടക്കുന്നില്ല. നമ്മുടെ യൂണിവേഴ്സിറ്റികൾക്ക് എത്ര പേറ്റന്റ് ലഭിക്കുന്നുണ്ടെന്ന് പരിശോധിച്ചാൽ അത് മനസ്സിലാകും. ഞാൻ 2002 മുതൽ കേരള സർവ്വകലാശാലയിലെ ഒരു വിദ്യാർത്ഥി സെനറ്റ് മെമ്പറായി തുടങ്ങി ഇപ്പോൾ നിയമസഭയുടെ പ്രതിനിധിയായി അവിടെ പോകുന്നുണ്ട്. ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കറും ആ സെനറ്റിലുണ്ട്. അവിടെ നടക്കുന്ന കാര്യങ്ങൾ പറയേണ്ട കാര്യമില്ലല്ലോ. ഈ നിയമസഭയിൽ കൊണ്ടുവരുന്ന ഇത്തരം ഗൗരവമുള്ള ബില്ലുകൾ സംബന്ധിച്ച് യാതൊരുവിധ ചർച്ചകളോ ഇടപെടലുകളോ ഒന്നും നടത്താതെ അവിടെ സെനറ്റ് കൂടുമ്പോൾത്തന്നെ അടിയും വഴക്കും ബഹളവുമാണ്. സേവന വേതന വ്യവസ്ഥകളിന്മേലുള്ള ചർച്ചകളും ബഹളങ്ങളുമല്ലാതെ സർവ്വകലാശാല നിലനിൽക്കുന്നത് വിദ്യാർത്ഥികൾക്കുവേണ്ടിയാണെന്നുള്ള ചിന്ത അവിടെയുണ്ടാകുന്നില്ല. അയോഗ്യ രായിട്ടുള്ള ആളുകൾ അവിടെ വരുന്നതും അതിനുകാരണമാകും. ഈ സർക്കാർ മാത്രമല്ല എല്ലാ സർക്കാരും അതിന് ഉത്തരവാദികളാണ്. ഈ സർക്കാരിന്റെ ഉത്തരവാദിത്വത്തിൽനിന്ന് ഞാൻ ഒഴിഞ്ഞുമാറുന്നില്ല. ഏറ്റവും മികച്ച ആളുകളെ സർവ്വകലാശാലാ വൈസ് ചാൻസലർമാരായി കണ്ടെത്തുന്നതിൽ ഈ സർക്കാരും വിജയിച്ചു എന്ന അഭിപ്രായം എനിക്കില്ല. ഇടതുപക്ഷ സർക്കാരിനും അതിനുകഴിഞ്ഞിട്ടില്ല. കഴിഞ്ഞ ഗവൺമെന്റിലെ വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ പേഴ്സണൽ സ്റ്റാഫിലുള്ള ഒരാൾക്കുപോലും സംസ്കൃത സർവ്വകലാശാലയിൽ വൈസ് ചാൻസലറാകാൻ കഴിയുന്ന സാഹചര്യമുണ്ടായി. അദ്ദേഹം അദ്ധ്യാപക സംഘടനയുടെ നേതാവായിരുന്നു എന്നാണ് പറഞ്ഞത്. ഇത്തരത്തിൽ വിട്ടുവീഴ്ചകൾ ചെയ്യുന്നത് വിദ്യാഭ്യാസ മേഖലയുടെ ഗുണമേന്മയെ സാരമായി ബാധിക്കുമെന്ന തിരിച്ചറിവോടുകൂടി അപ്പുറത്തും ഇപ്പുറത്തുമുള്ളവർ ആ കാര്യത്തെ കാണണമെന്നുമാത്രം പറഞ്ഞുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>ശ്രീ. എൻ. ഷംസുദ്ദീൻ :</u> സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2015-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (സർവ്വകലാശാലകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

വളരെ പ്രാധാന്യമുള്ള എന്നാൽ വളരെ ചെറിയ ഒരു ഭേദഗതിയാണ് കേരളത്തിലെ സർവ്വകലാശാലകളിലെ അദ്ധ്യാപകേതര നിയമനങ്ങൾ പി.എസ്.സി.-ക്ക് വിടണമെന്നുള്ളത്. എനിക്കുമുമ്പ് സംസാരിച്ചവർ ചൂണ്ടിക്കാണിച്ചതു

പോലെ സാമൂഹ്യമായി വളരെ പ്രാധാന്യമുള്ള, നിയമന രംഗത്ത് സുതാര്യതയ്ക്കുവേണ്ടിയുള്ള പരിശ്രമങ്ങളുടെ ഒരു വലിയ നാഴികക്കല്ലായി കാണാവുന്ന ഒരു ഭേദഗതിയാണിത്. നമ്മുടെ ഗവൺമെന്റ് വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ വിദ്യാഭ്യാസ രംഗത്ത് ധാരാളം പരിശ്രമങ്ങൾ നടത്തിയിട്ടുണ്ട്. കേരളത്തിൽ ഡി-ലിമിറ്റേഷൻ പ്രകാരം പുതിയ അസംബ്ലി നിയോജകമണ്ഡലങ്ങൾ വന്നപ്പോൾ, സർക്കാർ കോളേജുകളില്ലാത്ത മണ്ഡലങ്ങളിലൊക്കെ കോളേജ് കൊടുക്കുക എന്നുള്ളത് ഈ ഗവൺമെന്റെടുത്ത ഒരു വലിയ തീരുമാനമായിരുന്നു. ഇവിടെ പുതിയ സർവ്വകലാശാലകൾ വന്നു. നമ്മുടെ മാതൃഭാഷയുടെ ഗവേഷണത്തിനും പഠനത്തിനുംവേണ്ടി ഒരു കലാശാല ഇല്ലായെന്നുള്ളത് ഒരു പോരായ്മ തന്നെയായിരുന്നു. ആ പോരായ്മ നികത്തുന്നതിനായി തുഞ്ചത്ത് എഴുത്തച്ഛന്റെ മണ്ണിൽ ഒരു സർവ്വകലാശാല വരികയും നമ്മുടെ ചീഫ് സെക്രട്ടറിയായിരുന്ന മാന്യദേഹത്തെ അതിന്റെ വി.സി.-യൊക്കെ ആക്കുകയും ചെയ്തു. നമ്മുടെ ഭാഷയുടെ വളർച്ചക്കും വികാസത്തിനുംവേണ്ടി മലയാള സർവ്വകലാശാല ഗവേഷണങ്ങളും അതുമായി ബന്ധപ്പെട്ട പല കോൺഫറൻസുകളും നടത്തിയിട്ടുണ്ട്. ഈ കുറഞ്ഞ വർഷങ്ങൾ കൊണ്ടുതന്നെ സർവ്വകലാശാല ഉണ്ടാക്കിയിട്ടുള്ള നേട്ടങ്ങൾക്കും ഇപ്പോൾ അവിടെ നടന്നുകൊണ്ടിരിക്കുന്ന പ്രവർത്തനങ്ങൾക്കും ഞങ്ങളൊക്കെ ദൃക്സാക്ഷികളാണ്.

അതുപോലെ നമ്മൾ ഒരു സാങ്കേതികശാസ്ത്ര സർവ്വകലാശാല തുടങ്ങി. അതിന് മുൻ രാഷ്ട്രപതി എ. പി. ജെ. അബ്ദുൾ കലാമിന്റെ പേര് കൊടുത്തു. അതിന്റെ പ്രവർത്തനങ്ങൾ ആരംഭിക്കാൻ പോകുകയാണ്. നമ്മുടെ ശാസ്ത്ര സാങ്കേതിക രംഗത്തുള്ള എല്ലാ സ്ഥാപനങ്ങളെയും കോളേജുകളെയും കലാലയങ്ങളേയും ഒരു കുടക്കീഴിൽ കൊണ്ടുവന്നുകൊണ്ട് ഒരു ലക്ഷത്തിൽപ്പരം കുട്ടികളെ അതിന്റെ കീഴിലേക്ക് നമ്മൾ കൊണ്ടുവരികയാണ്. അതോടൊപ്പംതന്നെ ഇതുമായി ബന്ധപ്പെട്ടതല്ലെങ്കിൽപ്പോലും, ഹയർ സെക്കണ്ടറി രംഗത്ത് മലബാറിൽ ഒരു വലിയ പോരായ്മയുണ്ടായിരുന്നു. ധാരാളം കുട്ടികൾ എസ്.എസ്.എൽ.സി. പാസ്സാകുന്നു. അവർക്കൊക്കെ പഠിക്കാൻ സ്കൂളുകളുണ്ടായിരുന്നില്ല. രണ്ട് ഘട്ടങ്ങളിലായി പുതിയ കോഴ്സുകളും ബാച്ചുകളും സ്കൂളുകളുമായി ഹയർ സെക്കണ്ടറി രംഗത്തെ പോരായ്മകൾ നമ്മൾ പരിഹരിക്കുകയുണ്ടായി. അങ്ങനെ വിദ്യാഭ്യാസ രംഗത്ത് ഒട്ടനവധി മുന്നേറ്റങ്ങളുണ്ടായി, പുതിയ നിയമ നിർമ്മാണങ്ങളുണ്ടായി. ആ നിയമ നിർമ്മാണങ്ങളുടെ കൂട്ടത്തിൽ ഇതുവരെയുള്ളതിൽ അവസാനത്തേതാണ് ഇന്നിപ്പോൾ നമ്മൾ മുന്നോട്ടുവയ്ക്കുന്ന ഈ ഭേദഗതി ബിൽ. കേരളത്തിൽ ഈ ബിൽ പ്രസക്തമാകുന്നത് ഇവിടെ എന്റെ സ്നേഹിതൻ ശ്രീ. പി. സി. വിഷ്ണുനാഥ് ചൂണ്ടിക്കാണിച്ചതുപോലെ കേരള സർവ്വകലാശാലയിൽ

നടന്ന ഒരു നിയമനത്തട്ടിപ്പിന്റെ കൂടി പശ്ചാത്തലത്തിലാണ്. ഈ ബില്ലിൽ രാഷ്ട്രീയം പറയണമെന്നോ ആരോപണ പ്രത്യാരോപണങ്ങൾ ഉന്നയിക്കണമെന്നോ ഞങ്ങളാരും കരുതിയതല്ല. പക്ഷെ, ഈ ബിൽ ഇപ്പോൾ നിലവിലുള്ള സാഹചര്യത്തിൽ പല രീതിയിൽ നിയമിക്കപ്പെട്ടവരുടെ നിയമനം സാധൂകരിക്കാൻ വേണ്ടിയാണെന്നുപറയുന്നത് നിരർത്ഥകമാണ്. നിയമന രംഗത്തുള്ള ഒരു പോരായ്മ പരിഹരിക്കാൻവേണ്ടി ഒരു പുതിയ ബിൽ കൊണ്ടുവരുമ്പോഴും അതിന്റെ ഗുണം കാണാതെ അതിനെ വിമർശിച്ചത് ശരിയായില്ലെന്ന് ഇവിടെ ചൂണ്ടിക്കാണിക്കുകയാണ്. കേരള സർവ്വകലാശാലയിലെ നിയമനത്തട്ടിപ്പ് ഞെട്ടിക്കുന്ന ഒന്നാണ്. അതുമായി ബന്ധപ്പെട്ട് ഒരുപാട് കാര്യങ്ങളുണ്ട്; എല്ലാം ഞാനിവിടെ പറയുന്നില്ല. ഇതുമായി ബന്ധപ്പെട്ട് പത്രങ്ങളിൽ വന്ന ചില കാര്യങ്ങൾ മാത്രം സൂചിപ്പിക്കാം; "അസിസ്റ്റന്റ് നിയമനം: സ്വാധീനിക്കാത്ത ആർക്കും ജോലി കിട്ടിയില്ലെന്ന് കുറ്റപത്രം, എഴുത്തുപരീക്ഷയിലെ മാർക്കുകൊണ്ടു മാത്രം റാങ്ക് പട്ടികയിൽ വന്നവർ ആരുമില്ല." എഴുത്തുപരീക്ഷയിൽ മെച്ചപ്പെട്ട മാർക്ക് കിട്ടിയവരിൽ സ്വാധീനം ചെലുത്തിയവർ മാത്രമാണ് റാങ്ക് പട്ടികയിൽ മുമ്പിലെത്തിയത്. എഴുത്തുപരീക്ഷയുടെ മാർക്കിന്റെ 20 ശതമാനത്തിലധികം മാർക്ക് അഭിമുഖത്തിന് ഉണ്ടാകരുതെന്ന് സുപ്രീംകോടതിയുടെ നിർദ്ദേശമുണ്ട്. ഇവിടെ അത് ലംഘിച്ചാണ് 30% മാർക്കുവരെ നേരിട്ടുള്ള ഇന്റർവ്യൂവിന് നല്കിയിട്ടുള്ളത്. "കേരള സർവ്വകലാശാല അസിസ്റ്റന്റ് നിയമന തട്ടിപ്പ്: മുൻ വി.സി.-യെ പ്രോസിക്യൂട്ട് ചെയ്യാൻ നടപടി, യൂണിവേഴ്സിറ്റി അസിസ്റ്റന്റ് നിയമനം: പ്രോസിക്യൂഷന്റെ അനുമതി വേണ്ടെന്ന് ഗവർണർ; വിജ്ഞാപനം ഉടൻ, ഉത്തരപ്പേപ്പർ മുക്കിയും മാർക്ക് ദാനം ചെയ്തും തട്ടിപ്പ്, കുംഭകോണത്തിന് 6 വർഷം, മുൻഅന്വേഷണങ്ങൾ ശരിവച്ച കേസ് ഇപ്പോൾ അട്ടിമറിക്കാൻ ശ്രമിക്കുന്നു, അസിസ്റ്റന്റ് നിയമനത്തട്ടിപ്പ്: വേണ്ടപ്പെട്ടവരെ തിരുകിക്കയറ്റി; അർഹരായവർ പുറത്ത്." ഇതെല്ലാം നിയമനത്തട്ടിപ്പുമായി ബന്ധപ്പെട്ട് പത്രങ്ങളിൽ വന്ന വാർത്തകളാണ്. ഇതൊക്കെ ചെയ്തത് കഴിഞ്ഞ ഇടതുപക്ഷ സിൻഡിക്കേറ്റാണ്. അവർക്ക് വേണ്ടപ്പെട്ടവരും എസ്.എഫ്.ഐ. നേതാക്കന്മാരും ഉൾപ്പെടെയുള്ളവർ ഈ തട്ടിപ്പിൽ പങ്കാളികളാണ്. ഇന്ത്യയെത്തന്നെ ഞെട്ടിച്ച, മധ്യപ്രദേശിലെ വ്യാപം നിയമനത്തട്ടിപ്പുമായി ബന്ധപ്പെടുത്താവുന്ന കേരളത്തിലെ ഒരു സംഭവം ചൂണ്ടിക്കാണിക്കുകയാണെങ്കിൽ അത് കേരള സർവ്വകലാശാലയിൽ കഴിഞ്ഞ ഭരണകാലത്ത് ഇടതുപക്ഷ സിൻഡിക്കേറ്റ് നടത്തിയ ഈ തട്ടിപ്പാണെന്ന് കാണാൻ സാധിക്കും. ഭാവിയിൽ ഇത് ആവർത്തിക്കാതിരിക്കാനാണ് സുതാര്യമായ ഈ നിയമ നടപടി ഇവിടെ കൊണ്ടുവന്നിട്ടുള്ളത്. ഇതുപറയുമ്പോൾ, അദ്ധ്യാപകേതര നിയമനങ്ങൾക്ക് മാത്രമല്ലേ ഈ ഭേദഗതി, അദ്ധ്യാപകരുടേതുംകൂടി അങ്ങനെ ആക്കിക്കൂടേ എന്ന് ചോദിക്കുന്നവരുണ്ട്. ഭാവിയിൽ അത്തരം ചർച്ചകളിലേയ്ക്ക് പോകാവുന്നതാണ്. പക്ഷെ, ഇപ്പോൾ ഇങ്ങനെയൊരു നിയമം വരുമ്പോൾ

അതിനെ നിരാകരിക്കുന്നത് ശരിയല്ല എന്നുകൂടി ചൂണ്ടിക്കാണിക്കുകയാണ്. നമ്മുടെ സർവ്വകലാശാലകൾക്ക് കാലോചിതമായ മാറ്റങ്ങൾ ഉണ്ടാവണം. ഇപ്പോൾ പരീക്ഷകൾ നടത്തുകയും ഫലം പ്രസിദ്ധീകരിക്കുകയും ചെയ്യുന്ന കേവലം ഒരു പരീക്ഷാകേന്ദ്രം മാത്രമാണ് യൂണിവേഴ്സിറ്റി. ആ രീതി മാറ്റണം. ഗവേഷണങ്ങളുടെയും പരീക്ഷണ-നിരീക്ഷണങ്ങളുടെയും പരിശീലനങ്ങളുടെയും കേന്ദ്രമായി യൂണിവേഴ്സിറ്റികളെ മാറ്റാൻ കഴിയണം. വിദ്യാർത്ഥിയുടെ വിജ്ഞാനദാഹത്തിന് എല്ലാ സഹായങ്ങളും സൗകര്യങ്ങളും ചെയ്തുകൊടുക്കുന്ന ഒരു കേന്ദ്രമായി യൂണിവേഴ്സിറ്റികളെ മാറ്റണം. വിദ്യാഭ്യാസ വകുപ്പ് ഉന്നത വിദ്യാഭ്യാസരംഗത്ത് നടത്തിയ ചില പരിശ്രമങ്ങളെ ഞാൻ പ്രത്യേകമായി ഈ സന്ദർഭത്തിൽ പരാമർശിക്കുകയാണ്. 'ASAP' (Additional Skill Acquisition Programme) പഠിച്ചുകൊണ്ടിരിക്കുമ്പോൾത്തന്നെ പ്രത്യേകമായി ഏതെങ്കിലും വിഷയങ്ങളിൽ താല്പര്യമുള്ളവർക്ക് പരിശീലനം കൊടുക്കുന്ന ഒരു പദ്ധതിയാണ്. അതുവഴി ജോലി കിട്ടിയവർപോലും ഞങ്ങളുടെ അറിവിലുണ്ട്. അതുപോലെതന്നെ 'Walk with a Scholar' - ഒരു സ്കോളറുടെ കൂടെ നടന്ന് അനുഭവങ്ങളും മറ്റും മനസ്സിലാക്കി വിദ്യാർത്ഥിക്ക് താല്പര്യമുള്ള സബ്ജക്റ്റിൽ കൂടുതൽ പഠിക്കാനും വിശാലമായ ഗവേഷണങ്ങൾ നടത്താനും കഴിയുന്നു. അതുപോലെതന്നെ Faculty Training Academy - കോളേജ് അദ്ധ്യാപകർക്കുള്ള പരിശീലനം നമ്മുടെ യൂണിവേഴ്സിറ്റികളിൽ വന്നിട്ടുണ്ട്, ഏത് അദ്ധ്യാപകർക്കും പരിശീലനം ആവശ്യമാണ്. കാലത്തിന്റെ മാറ്റത്തിനനുസരിച്ച് പുതിയ വിദ്യകൾ സ്വായത്തമാക്കാൻ സാധിക്കണം. 10 വർഷം മുമ്പാണ് കമ്പ്യൂട്ടർ ലിറ്ററസി സംബന്ധിച്ച പ്രഖ്യാപനമുണ്ടായത്. എഴുതാനും വായിക്കാനും അറിഞ്ഞിട്ട് കാര്യമില്ല, കമ്പ്യൂട്ടർ സാക്ഷരതയില്ലെങ്കിൽ ഇന്നത്തെ ലോകം അവനെ നിരക്ഷരനെന്ന് വിളിക്കും. ഇപ്പോഴുള്ള പല അദ്ധ്യാപകരും പഠിച്ചുകൊണ്ടിരുന്ന കാലത്ത് ഇന്നത്തെപ്പോലെ കമ്പ്യൂട്ടർ ഉണ്ടായിരുന്നിരിക്കില്ല. അങ്ങനെയുള്ളവർ കമ്പ്യൂട്ടർ പഠിക്കാൻ നിർബന്ധിതരാകും. കമ്പ്യൂട്ടറിൽത്തന്നെ അനുദിനം വന്നുകൊണ്ടിരിക്കുന്ന മാറ്റങ്ങൾ അദ്ധ്യാപകർ അറിഞ്ഞിരിക്കണം. വളരെ പെട്ടെന്നുതന്നെ ഇപ്പോഴുള്ള ഇന്റർനെറ്റ് പോലും അപ്രത്യക്ഷമാകുമെന്നും അതിനെക്കാൾ അഡ്വാൻസ്ഡായ മറ്റെന്തോ വരുമെന്നുമാണ് പറഞ്ഞു കേൾക്കുന്നത്. അങ്ങനെ അനുദിനം മാറ്റങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുമ്പോൾ, ആ മാറ്റങ്ങൾ ഏറ്റവും കൂടുതൽ പ്രതിഫലിക്കേണ്ട ഒരു വിദ്യാർത്ഥി സമൂഹത്തെ പഠിപ്പിക്കുന്ന അദ്ധ്യാപകർക്ക് പരിശീലനം ആവശ്യമാണ്. അതിനായി 'Faculty Training Academy' ഉണ്ടാക്കിയതിന് ബഹുമാനപ്പെട്ട വിദ്യാഭ്യാസ മന്ത്രിയേയും വിദ്യാഭ്യാസ വകുപ്പിനേയും ഈ സന്ദർഭത്തിൽ ഞാൻ പ്രത്യേകമായി അഭിനന്ദിക്കുകയാണ്. അതുപോലെതന്നെ സർവ്വകലാശാലകൾക്ക് ഒരു ഏകീകൃത അക്കാദമിക് കലണ്ടർ വേണമെന്നുള്ളത് ഉന്നതവിദ്യാഭ്യാസ കൗൺസിലിന്റെ

ശിപാർശയാണ്. ഞങ്ങളൊക്കെ വിദ്യാർത്ഥികളായിരിക്കുമ്പോൾ ഉന്നയിച്ചിരുന്ന ഒരു ആവശ്യമാണ് ഏകീകൃത സർവ്വകലാശാലാ നിയമം. ഇന്നും അത് നടപ്പായിട്ടില്ല. അതൊരു ആഗ്രഹവും ആവശ്യവുമാണ്. അടുത്ത അദ്ധ്യയന വർഷം മുതൽ, വിദ്യാർത്ഥി പ്രവേശനത്തിന് വിജ്ഞാപനം പുറപ്പെടുവിക്കുന്നതുമുതൽ പരീക്ഷാഫലം പ്രസിദ്ധീകരിക്കു ന്നതുവരെയുള്ള ഒരു സമയപ്പട്ടിക വേണമെന്ന് ഉന്നതവിദ്യാഭ്യാസ കൗൺസിലിന്റെ ശിപാർശയുമുണ്ട്. നമ്മളൊക്കെ പഠിക്കുമ്പോൾ വർഷത്തിലായിരുന്നു പരീക്ഷ, ഇപ്പോൾ സെമസ്റ്ററാണ്. അതുകൊണ്ട് പല പ്രശ്നങ്ങളുമുണ്ട്. പല യൂണിവേഴ്സിറ്റികളിലെയും സെമസ്റ്ററുകളിലുള്ള സമയ വ്യത്യാസം കാരണം പല കോഴ്സുകളിലും ചേരാൻ കഴിയാതെ കുട്ടികൾ ബുദ്ധിമുട്ടുന്ന ഒരു വലിയ പ്രതിസന്ധിയുണ്ട്. അതുകൊണ്ട് സമയപ്പട്ടിക നിശ്ചയിച്ചുകൊണ്ടുള്ള ഒരു കരട് അക്കാഡമിക് കലണ്ടറും കൗൺസിൽ ശിപാർശ ചെയ്തിട്ടുണ്ട്. അത് ജൂൺ മാസത്തിൽ തുടങ്ങി സെപ്റ്റംബറിൽ ആദ്യത്തെ സെമസ്റ്ററിന്റെ പരീക്ഷ തീരുന്ന വിധത്തിലാണ്; അത് അംഗീകരിക്കണം. അതുപോലെതന്നെ ഏകീകൃത പാഠ്യപദ്ധതിയും സിലബസും വേണം; അത് ഉന്നത വിദ്യാഭ്യാസ കൗൺസിൽ നിർദ്ദേശിച്ചിട്ടില്ല. എന്റെ അഭിപ്രായത്തിൽ, സർവ്വകലാശാലകളിലൊക്കെ പഠിപ്പിക്കുന്ന വിഷയങ്ങളെല്ലാം തുല്യമാണ്. പക്ഷെ അവിടെയുള്ള സിലബസുകൾ വ്യത്യസ്തമാണ്. അതുകൊണ്ടുതന്നെ തുടർന്നുള്ള കോഴ്സിനും ഉന്നത പഠനത്തിനുമെല്ലാം പ്രയാസങ്ങളുണ്ടാകുന്നുണ്ട്. സർവ്വകലാശാലകളിലെ ബി.എ. ഇക്കണോമിക്സ്, ബി.കോം. കോസ്റ്റ് അക്കൗണ്ടിംഗ്, സയൻസ് വിഷയങ്ങൾ എന്നിവയ്ക്കെല്ലാം ഒരു ഏകീകൃത സിലബസായാൽ എന്താണ് കുഴപ്പം; കാലിക്കറ്റ് സർവ്വകലാശാലയിൽ പഠിപ്പിക്കുന്നതുതന്നെ കേരള സർവ്വകലാശാലയിൽ പഠിപ്പിക്കുമ്പോൾ ആ കോഴ്സിന്റെ കണ്ടന്റ് ഒരു പോലെയായാൽ, ഒരു യൂണിഫോമിറ്റി ഉണ്ടായാൽ എന്താണ് അതിനൊരു കുഴപ്പം? അതുകൂടി പരിഗണിക്കേണ്ടതാണ്. അതോടൊപ്പംതന്നെ ഇവിടെ വേറെ ചില സംഗതികൾ ചൂണ്ടിക്കാണിക്കാനുള്ളത്, 'റൂസ' (രാഷ്ട്രീയ ഉച്ച്ദർ ശിക്ഷാ അഭിയാൻ) അനുപ്രകാരം ധാരാളം പദ്ധതികൾ പല സ്റ്റേറ്റുകളിലും വരുന്നുണ്ട്. നമ്മൾ അതിനുവേണ്ടി ശക്തമായി പരിശ്രമിക്കണം. എന്റെ ഒരു അനുഭവത്തിന്റെ വെളിച്ചത്തിൽ ഞാൻ പറയുകയാണ്, കോഴിക്കോട് സർവ്വകലാശാലയിൽ നിന്ന് 'റൂസ' പദ്ധതിപ്രകാരം എന്റെ മണ്ഡലത്തിലെ പിന്നോക്ക മേഖലയിൽ മൈനോറിറ്റി സ്കീമിൽ ഒരു കോളേജ് അനുവദിച്ചു എന്നുപറഞ്ഞ് ഒരു സംഘം ആളുകൾ വന്ന് സ്ഥലമൊക്കെ പരിശോധിച്ചു, നാട്ടുകാർക്ക് വലിയ പ്രതീക്ഷയായി. ഗവൺമെന്റിന്റെ ഒഴിഞ്ഞു കിടക്കുന്ന സ്ഥലങ്ങളൊക്കെ ഞങ്ങൾ പോയി കാണിച്ചുകൊടുത്തു, പത്രക്കാർ അതിന്റെ പടമൊക്കെ എടുത്തു. ഇപ്പോൾ മൂന്ന് വർഷം കഴിഞ്ഞു, റൂസയുമില്ല ഫണ്ടുമില്ല കോളേജുമില്ല. ഈയൊരവസ്ഥ റൂസയുടെ പല സ്കീമിലുമുണ്ട്, നമ്മുടെ

കുറ്റംകൊണ്ടല്ല. ഉന്നത വിദ്യാഭ്യാസരംഗത്ത് സംസ്ഥാനങ്ങളെ സഹായിക്കുന്ന കേന്ദ്ര സർക്കാരിന്റെ ഒരു പദ്ധതിയാണിത്. ഇങ്ങനെ മറ്റു പല പദ്ധതികളും നഷ്ടമായി പോയിട്ടുണ്ട്. റൂസയുടെ കാര്യത്തിൽ പ്രത്യേകമായ ഒരു ശ്രദ്ധ വേണമെന്ന് ഞാനിവിടെ ചൂണ്ടിക്കാണിക്കുന്നു. ഉന്നത വിദ്യാഭ്യാസരംഗത്തെ പരിഷ്ക്കാരങ്ങൾക്കായി ഒരു കമ്മീഷനെ നിയമിച്ചു. ഇതുപോലെ പല കാര്യത്തിലും കമ്മീഷനുകൾ വരാറുണ്ട്, പക്ഷെ തീരുമാനങ്ങൾ നടപ്പാകാറില്ല. കമ്മീഷനെ നിയമിക്കുന്നതിനും കമ്മീഷൻ നിർദ്ദേശിക്കുന്ന പരിഷ്ക്കാരങ്ങൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിനും ഒരു സംവിധാനം ഉണ്ടാകണമെന്ന് ഞാനിവിടെ ചൂണ്ടിക്കാണിക്കുകയാണ്.

ഇവിടെ ചർച്ചയിൽ വന്നിട്ടുള്ള മറ്റൊരു കാര്യം, ഈ ബിൽ നിയമമായാൽ സംവരണതത്വം അട്ടിമറിക്കപ്പെടില്ലേ എന്ന് പലരും ചോദിച്ചു. എത്ര അടിസ്ഥാനരഹിതമായ കാര്യമാണത്. പി.എസ്.സി. മുഖാന്തരം നിയമനം വരികയാണെങ്കിൽ സംവരണനിയമം പാലിക്കപ്പെടുകയാണ് ചെയ്യുന്നത്. യൂണിവേഴ്സിറ്റികൾ അവയുടെ താല്പര്യങ്ങൾക്കനുസരിച്ച് പ്രവർത്തിക്കുമ്പോഴാണ് പലപ്പോഴും സംവരണതത്വം പാലിക്കപ്പെടാതെ പോകുന്നത്. സ്വാശ്രയ കോളേജുകളുമായി ബന്ധപ്പെട്ട് എന്റെ സ്നേഹിതൻ ഡോ. കെ. ടി. ജലീൽ ഇവിടെ ബാലിശമായ ഒരു പരാമർശം നടത്തുകയുണ്ടായി. കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ കീഴിൽ നിരവധി സ്വാശ്രയ കോളേജുകൾ വരികയാണ്. അത് കോളേജ് യൂണിയൻ തെരഞ്ഞെടുപ്പിൽ ജയിക്കാനും യൂണിവേഴ്സിറ്റി യൂണിയനിൽ ഇടം പിടിക്കാനാണെന്നുമൊക്കെ പറഞ്ഞാൽ എത്ര ബാലിശമാണ്. ഒരു സ്വാശ്രയ കോളേജ് വരുമ്പോൾ, അവിടത്തെ പ്രവേശനത്തിന്റെ അനുപാതം 50:50 ആണ്. 50% കുട്ടികൾക്ക് ഗവൺമെന്റ് ഫീസിൽ മെരിറ്റ് സീറ്റിൽ പഠിക്കാനുള്ള ഭാഗ്യം ഉണ്ടാകുകയാണ്. ആർട്സ് ആന്റ് സയൻസ് കോളേജിൽ ക്യാപ്പിറ്റേഷനോ വലിയ തോതിലുള്ള ഫീസോ ഒന്നുമില്ല. ഒരു ചെറിയ ഫീസ് വർദ്ധനയോടുകൂടി മറ്റു കുട്ടികൾക്കും കോളേജിലെ റെഗുലർ സ്റ്റുഡന്റ്സാകാനുള്ള അവസരം കിട്ടുകയാണ്. ധർമ്മസ്ഥാപനങ്ങൾ, യത്തീംഖാനകൾ, മതസ്ഥാപനങ്ങൾ തുടങ്ങിയവ ഇത്തരത്തിലുള്ള ധാരാളം കോളേജുകൾ നടത്തുന്നുണ്ട്. അങ്ങനെ കോളേജുകൾ വരുമ്പോൾ, സർക്കാർ കോളേജുകളും എയ്ഡഡ് കോളേജുകളും വളരെ പരിമിതമായ നമ്മുടെ സംസ്ഥാനത്ത്, സർവ്വകലാശാലയുടെ റെഗുലർ വിദ്യാർത്ഥികളാകാനുള്ള ഒരുപാട് കുട്ടികളുടെ മോഹമാണ് സഫലമാകുന്നത്. അതുകൊണ്ട് അത്തരം സംരംഭങ്ങളോട് വലിയ അസഹിഷ്ണുത പ്രകടിപ്പിക്കാ തിരിക്കുകയാണ് വേണ്ടതെന്നാണ് എനിക്ക് ചൂണ്ടിക്കാണിക്കാനുള്ളത്.

മറ്റൊന്ന്, ബില്ലിൽ 2(എ)(xiii)നുശേഷം പതിനാലാമതായി ഒരു clause കൂടി വേണമെന്നാണ് എനിക്ക് പറയാനുള്ളത്. കാരണം, കേരള സർവ്വകലാശാല മുതൽ അവസാനം വന്ന സാങ്കേതികശാസ്ത്ര സർവ്വകലാശാല വരെയുള്ള കേരളത്തിലെ പതിമൂന്ന് സർവ്വകലാശാലകളുടെയും പേര് ബില്ലിൽ പറയുന്നുണ്ട്. ഇനിയും യൂണിവേഴ്സിറ്റികൾ വരണമെന്ന ആവശ്യം നിലവിലുള്ളതുകൊണ്ട്, നാളെ ഒരു യൂണിവേഴ്സിറ്റി പുതിയതായി വരുമ്പോൾ ഈ നിയമം ബാധകമാകണമെങ്കിൽ വീണ്ടും ഭേദഗതി വരുത്തേണ്ടിവരും. അതുകൊണ്ട് "കേരള സംസ്ഥാനത്ത് ഇനി രൂപീകൃതമാകുന്ന സർവ്വകലാശാലകൾക്കുകൂടി അദ്ധ്യാപകേതര ജീവനക്കാരെ നിയമിക്കുമ്പോൾ ഈ നിയമം ബാധകമായിരിക്കും" എന്ന പതിനാലാമതൊരു clause കൂടി ഇതിലുണ്ടായാൽ ഇടയ്ക്കിടയ്ക്ക് ഭേദഗതി ചെയ്യേണ്ടിവരില്ല എന്നൊരു നിർദ്ദേശംകൂടി ഞാൻ വയ്ക്കുകയാണ്.

ഉന്നതവിദ്യാഭ്യാസ രംഗത്ത് അദ്ധ്യാപകേതര ജീവനക്കാരെ നിയമിക്കുന്ന കാര്യത്തിൽ പല ക്രമക്കേടുകളും സംഭവിക്കാറുണ്ട്. കേരള സർവ്വകലാശാലയിൽ നടന്ന തട്ടിപ്പ് ഞാൻ ചൂണ്ടിക്കാണിക്കുകയുണ്ടായി. അതുപോലെ ഓരോ കാലഘട്ടത്തിലും സർവ്വകലാശാലയിലെ നിയമനങ്ങൾ വിമർശനങ്ങൾക്ക് വിധേയമായിട്ടുണ്ട്. അത് ഒഴിവാക്കാനുള്ള ഈ സംരംഭം ഏറെ സ്വാഗതാർഹമാണ്. അതുകൊണ്ട് ഇത്തരം പോരായ്മകൾ ചർച്ചചെയ്യുന്നതിന് ഇത് ഒന്നുകൂടി സബ്ജക്ട് കമ്മിറ്റിക്ക് വിടണമെന്ന ഭേദഗതി അവതരിപ്പിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

<u>ശ്രീ. റ്റി. വി. രാജേഷ്</u>: സർ, കേരളത്തിലെ യൂണിവേഴ്സിറ്റികളിലെ അനദ്ധ്യാപക നിയമനം പി.എസ്.സി.-ക്ക് വിട്ടത് 18-12-2010-ലാണ്. ഇപ്പോൾ 5 വർഷം പിന്നിട്ടിരിക്കുന്നു. കേരള സർവ്വകലാശാല നിയമനത്തിലുണ്ടായ പ്രശ്നങ്ങളെക്കുറിച്ച് ഇവിടെ ചിലർ വളരെ വൈകാരികമായും വാചാലമായും സംസാരിച്ചു. ഈ നിയമസഭയിൽ നിരവധി സബ്മിഷനുകളും ശ്രദ്ധക്ഷണിക്കലും ഈ വിഷയത്തിൽ കൊണ്ടുവന്ന ഒരാളാണ് ഞാൻ. കേരളത്തിലെ സർവ്വകലാശാലകളുടെ കാര്യക്ഷമത വർദ്ധിപ്പിക്കാനും നിയമനങ്ങളിൽ കൂടുതൽ സുതാര്യത ഉറപ്പാക്കാനും ക്രമക്കേടിന് അറുതി വരുത്താനുമാണ് യഥാർത്ഥത്തിൽ 2010 ഡിസംബറിൽ അന്നത്തെ ഇടതുപക്ഷ സർക്കാർ സർവ്വകലാശാലകളിലെ അനദ്ധ്യാപക നിയമനം പി.എസ്.സി.-ക്ക് വിട്ടത്. ഈ സർക്കാർ അധികാരത്തിൽ വന്നിട്ട് നാലര വർഷമായി. കഴിഞ്ഞ ജൂൺ മാസത്തിൽ നടന്ന നിയമസഭാ സമ്മേളനത്തിൽ കേരളത്തിലെ സർവ്വകലാശാലകളിലെ അനദ്ധ്യാപക നിയമനങ്ങൾ പി.എസ്.സി.ക്ക് വിട്ട തീരുമാനം പ്രാബല്യത്തിൽ വരുത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഞാൻ ശ്രദ്ധക്ഷണിക്കൽ അവതരിപ്പിച്ചിരുന്നു. എത്രയുംവേഗം അത്

നടപ്പിലാക്കുമെന്നാണ് അന്ന് ബഹുമാന്യനായ മുഖ്യമന്ത്രി പറഞ്ഞത്. അതിനു ശേഷം 5 മാസം പിന്നിട്ടിരിക്കുന്നു. യു.ഡി.എഫ്. സർക്കാരിന് ഇക്കാര്യത്തിൽ യാതൊരുവിധ ആത്മാർത്ഥതയുമില്ല. സർവ്വകലാശാലയുടെ ആക്ടിലും സ്റ്റാറ്റ്യൂട്ടിലും ഇതിനാവശ്യമായ ഭേദഗതി വരുത്താൻ ഈ സർക്കാരിന് നാലര വർഷം ആവശ്യമായിവന്നു. യഥാർത്ഥത്തിൽ, സർക്കാരിന് ഈ വിഷയത്തിൽ ആത്മാർത്ഥതയില്ലാത്തതു കൊണ്ടാണ് അങ്ങേയറ്റം ലാഘവത്തോടെ ഈ വിഷയം കൈകാര്യം ചെയ്തിട്ടുള്ളത്.

ഇന്ന് നമ്മുടെ സർവ്വകലാശാലകളുടെ സ്ഥിതിയെന്താണ്? കേരള സർവ്വകലാശാലയിൽ നിലവിൽ സ്ഥിരം ജീവനക്കാരെക്കാൾ കൂടുതൽ താല്ക്കാലിക ജീവനക്കാരാണുള്ളത്. 1129 ഒഴിവുകളാണ് അവിടെയുള്ളത്. കോഴിക്കോട് സർവ്വകലാശാലയിൽ-610, എം.ജി. സർവ്വകലാശാലയിൽ-250, അഗ്രിക്കൾച്ചറൽ യൂണിവേഴ്സിറ്റിയിൽ-893, കണ്ണൂർ സർവ്വകലാശാലയിൽ-81, കൊച്ചി സർവ്വകലാശാലയിൽ-222, വെറ്ററിനറി സർവ്വകലാശാലയിൽ-315, ഫിഷറീസ് സർവ്വകലാശാലയിൽ-38 എന്നിങ്ങനെ സംസ്കൃത സർവ്വകലാശാലയിലുൾപ്പെടെ നാലായിരത്തിലധികം ഒഴിവുകൾ നികത്തപ്പെടാതെ കിടക്കുകയാണ്. എന്തുകൊണ്ടാണ് ഇത്രയും ഒഴിവുകൾ പി.എസ്.സി.-ക്ക് വിടാനുള്ള തീരുമാനം വൈകിപ്പിച്ചത്? അതിന്റെ പിന്നിൽ ചില താല്പര്യങ്ങളുണ്ട്. കേരള സർവ്വകലാശാലയിൽ യു.ഡി.എഫ്.-ന്റെ സിൻഡിക്കേറ്റ്, ഫിസിക്കലി ഹാന്റിക്യാപ്പ്ഡ് ആണെന്നുപറഞ്ഞ് 3 പേരെ സ്ഥിരപ്പെടുത്തി. മുഖ്യമന്ത്രി ഒരു മാനുഷിക പരിഗണന കൊടുക്കുന്നുവെന്ന് പറഞ്ഞുകൊണ്ടാണ് ഈ മൂന്ന് പേരെ സ്ഥിരപ്പെടുത്തിയത്. അതിൽ ഒരാൾ നേരത്തെ ഇവിടെ സംസാരിച്ച ബഹുമാനപ്പെട്ട അംഗം ശ്രീ. പി. സി. വിഷ്ണുനാഥിന്റെ അടുത്ത സുഹൃത്തും കോൺഗ്രസ് നേതാവുമായ ശ്രീ. ശശികുമാറിന്റെ അനന്തിരവളാണ്. ബഹുമാനപ്പെട്ട ചെയറിനും അവരെ അറിയുമായിരിക്കാം. 40 ശതമാനം ഡിസേബിളായ ആളുകൾക്കാണ് ആ പരിഗണന കൊടുക്കുന്നതെന്ന് നമുക്കറിയാം. എന്നാൽ 40 ശതമാനം ശാരീരിക വൈകല്യങ്ങളില്ലാത്തവരെയാണ് ഇവിടെ സ്ഥിരപ്പെടുത്തിയത്. സാധാരണ ഗതിയിൽ മെഡിക്കൽ ബോർഡിന്റെ ഡിസെബിലിറ്റീസ് സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലാണ് നിയമനം കൊടുക്കേണ്ടത്. എന്നാൽ സിവിൽ സർജന്റെ സർട്ടിഫിക്കറ്റാണ് അവർ ഹാജരാക്കിയത്. എന്ത് അടിസ്ഥാനത്തിലാണ് ആ 3 പേരെ സ്ഥിരപ്പെടുത്തിയത്? രാഷ്ട്രീയ പരിഗണനവച്ച് കോൺഗ്രസ് നേതാക്കളുടെ ബന്ധുക്കളെയാണ് സ്ഥിരപ്പെടുത്തിയത്. ഫിസിക്കലി ഹാന്റിക്യാപ്പ്ഡാണെന്ന് പറഞ്ഞുകൊണ്ട് 14 പേരെ സ്ഥിരപ്പെടുത്താനുള്ള നീക്കം വളരെ തകൃതിയായി നടന്നു കൊണ്ടിരിക്കുകയാണ്. ഇതാണ് സർവ്വകലാശാലകളിൽ നടക്കുന്നത്.

കണ്ണൂർ സർവ്വകലാശാലയിൽ 143 പേരെയാണ് ഇക്കാലയളവിൽ യാതൊരു മാനദണ്ഡവുമില്ലാതെ താല്ക്കാലികമായി നിയമിച്ചത്. വാക്ക്-ഇൻ-ഇന്റർവ്യൂ എന്നു പറഞ്ഞ് ഉദ്യോഗാർത്ഥികളെ നേരിട്ടെടുക്കുന്നു. എല്ലാ ഗവൺമെന്റ് സ്ഥാപനങ്ങളുടേയും പൊതുമേഖലാ സ്ഥാപനങ്ങളുടേയും നിയമനം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുവഴി നടത്തണമെന്നാണ് ഈ സർക്കാർ പുറപ്പെടുവിച്ച ഉത്തരവ്. കോൺഗ്രസ് ഓഫീസിൽനിന്ന് കൊടുക്കുന്ന ലിസ്റ്റുകളും കോൺഗ്രസ് നേതാക്കന്മാർ കൊടുക്കുന്ന ലിസ്റ്റുകളും അതേപടി അംഗീകരിക്കുകയാണ് അവിടെ ചെയ്യുന്നത്. അതുകൊണ്ട് മാനദണ്ഡപ്രകാരമല്ലാതെ താല്ക്കാലികമായി നിയമിച്ച 143 പേരെയും പിരിച്ചു വിടണമെന്നാണ് ഫിനാൻസ് ഇൻസ്പെക്ഷൻ വിംഗ് ഇക്കഴിഞ്ഞ ജൂൺ മാസം പറഞ്ഞിട്ടുള്ളത്. കണ്ണൂർ സർവ്വകലാശാല അതിന് മറുപടി കൊടുക്കാൻപോലും ഇതുവരെ തയ്യാറായിട്ടില്ല. ഇതാണിവിടെ ഉണ്ടായിരിക്കുന്നത്. യഥാർത്ഥത്തിൽ നമ്മുടെ സർവ്വകലാശാലകളെല്ലാം ആളുകളെ യാതൊരു മാനദണ്ഡവുമില്ലാതെ നിയമിച്ചിരിക്കുകയാണ്. കേരള സർവ്വകലാശാലയിൽ റിട്ടയർ ചെയ്ത ആളുകളെ വരെ വളരെ ആകർഷകമായ ശമ്പളം (നാല്പതിനായിരത്തോളം രൂപ) കൊടുത്ത് നിയമിച്ചിരിക്കുന്നു. യഥാർത്ഥത്തിൽ സ്വന്തക്കാരായ ആളുകളെ നിയമിക്കുന്നതിനു വേണ്ടിയാണ് സർവ്വകലാശാല നിയമനങ്ങൾ പി.എസ്.സി.-ക്ക് വിടാതിരിക്കുന്നതെന്ന് നമുക്ക് കാണാൻ സാധിക്കും.

സർവ്വകലാശാലകളെക്കുറിച്ച് സംസാരിച്ചപ്പോൾ അഴിമതിക്കെതിരായി ശക്തമായ നിലപാടുണ്ടെന്നാണ് ചിലർ പറഞ്ഞത്. കോഴിക്കോട് സർവ്വകലാശാലയിൽ അസിസ്റ്റന്റ് നിയമനത്തിന് തേഞ്ഞിപ്പാലം പഞ്ചായത്ത് പ്രസിഡന്റ് യൂണിവേഴ്സിറ്റി ഗസ്റ്റ് ഹൗസിൽ ലക്ഷങ്ങൾ കോഴ വാങ്ങുന്നതും ഡീൽ ഉറപ്പിക്കുന്നതും ഒരു ടി.വി. ചാനലിലൂടെ നമ്മളെല്ലാവരും കണ്ടിട്ടുള്ള കാര്യമാണല്ലോ? പഞ്ചായത്ത് പ്രസിഡന്റിന് സർവ്വകലാശാലയിൽ അസിസ്റ്റന്റിനെ നിയമിക്കാൻ കഴിയില്ലെന്ന് എല്ലാവർക്കുമറിയാം. അപ്പോൾ സർവ്വകലാശാലയിലെ ഒരു ഉന്നതനു വേണ്ടിയിട്ടാണ് പഞ്ചായത്ത് പ്രസിഡന്റ് പണം വാങ്ങിയത്. ഇത് കേരളത്തിലെ ഒരു ചാനൽ പുറത്തുകൊണ്ടുവന്നിട്ടുള്ള കാര്യമാണ്. ഇതാണ് നമ്മുടെ സർവ്വകലാശാലകളിൽ ഇന്ന് നടന്നുകൊണ്ടിരിക്കുന്നത്.

ഏറ്റവും അവസാനം വന്ന സാങ്കേതിക സർവ്വകലാശാലയുടെ ഇപ്പോഴത്തെ അവസ്ഥയെന്താണ്; അവിടെ എപ്പോൾ പരീക്ഷ നടത്തുന്നു? ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി ഇത് കേൾക്കണം. അവിടെ ഇപ്പോൾ പരീക്ഷ ഔട്ട്സോഴ്സ് ചെയ്യാൻ തീരുമാനിച്ചിരിക്കുകയാണ്. അതിനെതിരെ വലിയ പ്രതിഷേധം ഉയർന്നുവന്നിട്ടുണ്ട്. കേരളത്തിൽ ഇതുവരെ പരീക്ഷകൾ ഔട്ട്സോഴ്സ് ചെയ്തിട്ടില്ല. ഔട്ട്സോഴ്സ് ചെയ്യാനുള്ള തീരുമാനത്തിനെതിരായി വിദ്യാർത്ഥി

സംഘടനകൾ പാർട്ടിവ്യത്യാസമില്ലാതെ പ്രതികരിക്കുകയും കേരളത്തിലെ അക്കാഡമിക് മേഖലകളിൽനിന്നും ശക്തമായ എതിർപ്പ് ഉണ്ടാവുകയും ചെയ്തു. അതിന്റെ ഭാഗമായി ആ തീരുമാനം ഫ്രീസ് ചെയ്തിരിക്കുകയാണ്. അവിടത്തെ വിദ്യാർത്ഥികളും രക്ഷകർത്താക്കളും പരീക്ഷ എപ്പോൾ ആരംഭിക്കുമെന്ന കടുത്ത ആശങ്കയിലാണ്. അതുസംബന്ധിച്ച് വ്യക്തമായ തീരുമാനം പറയാൻ സർവ്വകലാശാലക്ക് സാധിക്കുന്നില്ല. ഇതിന് പരിഹാരമുണ്ടാകണം.

ഇപ്പോൾ എം.ജി. സർവ്വകലാശാല സർട്ടിഫിക്കറ്റ് വെരിഫിക്കേഷൻ 3500 രൂപയ്ക്ക് ഔട്ട്സോഴ്സ് ചെയ്തിരിക്കുകയാണ്. അതായത് ഈ സർക്കാർ ഔട്ട്സോഴ്സിംഗ് ആരംഭിച്ചിരിക്കുകയാണ്. നേരത്തെ ചില ബാങ്കുകളിലും പൊതുമേഖലാ സ്ഥാപനങ്ങളിലും യു.പി.എ. സർക്കാരാണ് ഔട്ട്സോഴ്സിംഗ് ആരംഭിച്ചത്. ഇപ്പോൾ അത് വിദ്യാഭ്യാസ മേഖലയിൽ വ്യാപകമായി നടപ്പിലാക്കാനാണ് ഈ സർക്കാർ ശ്രമിച്ചുകൊണ്ടിരിക്കുന്നത്. പ്രത്യേകിച്ചും ഇപ്പോൾ കേരളത്തിലെ സ്വാശ്രയ കോളേജുകളുടെ നിലവാരത്തെ സംബന്ധിച്ച കടുത്ത ആശങ്ക ബഹുമാനപ്പെട്ട ഹൈക്കോടതി രേഖപ്പെടുത്തിയിട്ടുണ്ട്. അപ്പോൾ ഔട്ട്സോഴ്സ് ചെയ്താൽ എന്തായിരിക്കും സ്ഥിതി? നമ്മുടെ പരീക്ഷയുടെ വിശ്വാസ്യത ഇല്ലാതാകാൻ പോകുന്നതിനാൽ ആ തീരുമാനം ഗവൺമെന്റ് പിൻവലിക്കണം.

ബന്ധപ്പെട്ട അദ്ധ്യാപക സംഘടനകളുമായും വിദ്യാർത്ഥി സംഘടനകളുമായും ചർച്ച നടത്താൻ പോകുന്നുവെന്നാണ് മനസ്സിലാക്കാൻ കഴിഞ്ഞത്. കേരളത്തിൽ നേരത്തെ നടത്തിയിരുന്നതുപോലെതന്നെ പരീക്ഷയും അതിന്റെ മൂല്യനിർണ്ണയവും തുടർന്നും നടത്താൻ ആവശ്യമായ നടപടി സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടാകണം എന്നാണ് അഭ്യർത്ഥിക്കുവാനുള്ളത്.

03.00 PM]

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നടത്തിയ നിയമനങ്ങളെ സംബന്ധിച്ച് എനിക്കുമുൻപ് സംസാരിച്ച ബഹുമാനപ്പെട്ട അംഗം ശ്രീ. പി. സി. വിഷ്ണുനാഥ് ഇവിടെ പറഞ്ഞു. എന്താണ് വാസ്തവം? അഡ്വൈസ് മെമ്മോ അയച്ചവർക്കുപോലും നിയമനം നൽകിയിട്ടില്ല. രണ്ടു വർഷമായി അഡ്വൈസ് മെമ്മോ കയ്യിൽ കിട്ടിയിട്ട് അപ്പോയിന്റ്മെന്റ് ഓർഡറിനായി കാത്തിരിക്കുന്ന ആയിരക്കണക്കിന് ആളുകൾ കേരളത്തിലുണ്ട്. ഇവിടെ ഇപ്പോൾ പറഞ്ഞു, മെഡിക്കൽ കോളേജുകൾ ആരംഭിച്ചുവെന്ന്. രേഖയിൽ ആരംഭിച്ചിട്ടുണ്ട്. വില്ലേജ് ആഫീസുകൾ ബൈഫർക്കേറ്റ് ചെയ്തിട്ടുണ്ട് എന്നുപറഞ്ഞു. രേഖയിൽ ഉണ്ട്. താലൂക്ക് ആഫീസുകൾ ആരംഭിച്ചിട്ടുണ്ട് എന്നും ഇതെല്ലാം രേഖയിലുണ്ട്. പക്ഷേ

എവിടെയാണ് നിയമനം നടന്നിട്ടുള്ളത്? കേരളത്തിൽ ആകെ നടന്ന നിയമനങ്ങളുടെ കണക്കെടുത്ത് പരിശോധിച്ചുനോക്കണം. ഇടതുപക്ഷ ഗവൺമെന്റിന്റെ കാലത്ത് (2006-2011), 17-5-2011 വരെ നടന്ന നിയമനങ്ങൾ 1,65,408 ആണ്. ഈ ഗവൺമെന്റിന് ഇനി ബാക്കിയുള്ളത് നാല് മാസങ്ങൾ മാത്രമാണ്. ഇതുവരെ നടന്ന നിയമനങ്ങൾ 1,39,192 ആണ്. കഴിഞ്ഞ ഇടതുപക്ഷ സർക്കാരിന്റെ കാലത്ത് നടന്ന നിയമനങ്ങളെക്കാൾ 26,000 എണ്ണം കുറവാണ്. ഡിസംബർ മാസമടക്കം ഇനിയുള്ള നാലുമാസം നിയമനങ്ങൾ നടന്നാലും ഇടതുപക്ഷ ഗവൺമെന്റിന്റെ കാലത്ത് നടന്ന അത്രയും നിയമനം നടക്കാൻ പോകുന്നില്ല. പതിനായിരക്കണക്കിന് എണ്ണം കുറവായിരിക്കും. എന്തുകൊണ്ടാണ് അത് സംഭവിക്കുന്നത്? പുതിയൊരു മെഡിക്കൽ കോളേജ് വന്നാൽ അതിൽ എത്ര സ്റ്റാഫ് ഉണ്ടായിരിക്കണം?

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: ശ്രീ. റ്റി. വി. രാജേഷ്, എത്ര സമയമെടുക്കും?

<u>ശ്രീ. റ്റി. വി. രാജേഷ്:</u> ഈയൊരൊറ്റ പോയിന്റ് പറഞ്ഞുകൊണ്ട് ഞാൻ കംപ്ലീറ്റ് ചെയ്യാൻ പോകുകയാണ്. യഥാർത്ഥത്തിൽ ഈ സർക്കാർ ജനങ്ങളെ തെറ്റിദ്ധരിപ്പിക്കുകയാണ് ചെയ്യുന്നത്. ഏറ്റവും കൂടുതൽ നിയമനം നടന്നത് ഈ കാലഘട്ടത്തിലാണെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറയും. യഥാർത്ഥത്തിൽ നിയമനങ്ങൾ നടക്കുന്നില്ല. സഭയുടെ ശ്രദ്ധയിൽ തെറ്റായ ചില കാര്യങ്ങൾ മുൻപ് സംസാരിച്ച ബഹുമാനപ്പെട്ട അംഗങ്ങൾ പറഞ്ഞതുകൊണ്ട് ഞാനൊരു ഉദാഹരണം പറയാം. കഴിഞ്ഞ ഇടതുപക്ഷ ഗവൺമെന്റിന്റെ കാലത്ത് 2010-ൽ 44,272 പേർക്കും 2009-ൽ 43,262 പേർക്കും പി.എസ്.സി. നിയമന ശിപാർശ നൽകി. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം, 2012-ൽ 28,425 പേർക്കും 2013-ൽ 39,183 പേർക്കും, 2014-ൽ 28,270 പേർക്കും, 2015-ൽ 25,178 പേർക്കും നിയമന ശിപാർശ നൽകിയിട്ടുണ്ട്. ഇടതുപക്ഷ ഗവൺമെന്റിന്റെ കാലത്ത് ഒരു വർഷം നാൽപ്പത്തിനാലായിരവും നാൽപ്പത്തിമൂവായിരവും നിയമനങ്ങൾക്കാണ് പി.എസ്.സി. ശിപാർശ ചെയ്തത്. ഇവിടെ മുപ്പതിനായിരം കടന്നത് ഒരു വർഷം മാത്രമാണ്; 2013-ൽ മാത്രം. അതിനുശേഷം ഒരു വർഷവും നിയമന ശിപാർശ മുപ്പതിനായിരം കടന്നിട്ടില്ല. ഇതാണ് വസ്തുത. ഈ ഗവൺമെന്റിന് ഇക്കാര്യത്തിൽ ആത്മാർത്ഥ ഉണ്ടായിരുന്നുവെങ്കിൽ കഴിഞ്ഞ ഗവൺമെന്റ് പി.എസ്.സി.-ക്ക്വിട്ട തീരുമാനം പ്രാബല്യത്തിൽ വരുത്താൻ 2011-ൽ ആദ്യ നിയമസഭാ സമ്മേളനത്തിൽ സർവ്വകലാശാലാ ആക്ട് അമെന്റ് നടത്താമായിരുന്നു. സ്റ്റാറ്റ്യൂട്ട് അമെന്റ് ചെയ്യാൻ കഴിയുമായിരുന്നു. അതുപോലെ പൊതുമേഖലാ സ്ഥാപനങ്ങളുടെ നിയമനം പി.എസ്.സി.-ക്ക് വിട്ടു. അക്കാര്യത്തിൽ എന്തെങ്കിലും തുടർനടപടികൾ ഈ സർക്കാർ സ്വീകരിച്ചിട്ടുണ്ടോ?

അഭ്യസ്തവിദ്യരുടെ കാര്യത്തിൽ ഈ സർക്കാരിന് യാതൊരു താൽപ്പര്യവുമില്ല. യുവജനങ്ങളോട് മുഖം തിരിഞ്ഞുനിൽക്കുന്ന സർക്കാരാണിത്. കേരളത്തിൽ ഈ അഞ്ചുവർഷത്തെ സ്ഥിതി എന്താണ്; കേരളത്തിൽ എത്ര സ്ഥാപനങ്ങൾ ആരംഭിച്ചു; എത്രയെണ്ണം പൂട്ടി; എത്ര വ്യവസായ സ്ഥാപനങ്ങൾ ആരംഭിച്ചു? അതിന് റിപ്പോർട്ടിന്റെയോ സർവ്വെ നടത്തേണ്ടതിന്റെയോ ആവശ്യമില്ല. ചുറ്റുവട്ടത്ത് നോക്കിയാൽ മതി. കേരളത്തിലെ യുവജനങ്ങളെ സംബന്ധിച്ചിടത്തോളം കടുത്ത നിരാശയാണ് ഉണ്ടായിരിക്കുന്നത്. ഉള്ള പരിമിതമായ അവസരങ്ങൾപോലും ഇല്ലാതാക്കുന്ന, അവസരങ്ങൾ കൊട്ടിയടയ്ക്കുന്ന സ്ഥിതി തുടരുകയാണ്. അതുകൊണ്ട് അഡ്വൈസ് മെമ്മോ അയച്ചവർക്കെങ്കിലും നിയമന ഉത്തരവ് നൽകാനുള്ള മാന്യത ഈ സർക്കാർ കാണിക്കണമെന്നാണ് ഞങ്ങൾക്ക് അഭ്യർത്ഥിക്കാനുള്ളത്. ഇക്കാര്യത്തിൽ സർക്കാരിന് ആത്മാർത്ഥയില്ല. വലിയ പ്രതിഷേധം ഉയർന്നുവന്ന ഘട്ടത്തിൽ, ഇത് ഭേദഗതി ചെയ്യുവെന്ന് വരുത്തിത്തീർക്കാൻ വേണ്ട ശ്രമം മാത്രമാണ് നടത്തുന്നത്. ഈ തീരുമാനത്തെയല്ല സർക്കാരിന്റെ ഈ രംഗത്തുള്ള കാപട്യത്തെയും ആത്മാർത്ഥതയില്ലായ്മയെയുമാണ് ഇത് ചൂണ്ടിക്കാണിക്കുന്നത്. എന്തായാലും വൈകിയവേളയിലെങ്കിലും ഇത്തരമൊരു നിലപാട് സ്വീകരിക്കാൻ നിങ്ങൾ നിർബന്ധിതരായതാണ്. ഗത്യന്തരമില്ലാതെയാണ് സർക്കാർ ഇത്തരം ഒരു നിലപാടിലേയ്ക്ക് പോയിട്ടുള്ളത്. ഞാൻ എന്റെ ഭേദഗതി അവതരിപ്പിച്ചുകൊണ്ട് അവസാനിപ്പിക്കുകയാണ്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്) : സർ, ഓരോ അഞ്ചുവർഷം കൂടുമ്പോഴുംമാറി മാറിയുള്ള മുന്നണികളാണ് കേരളം ഭരിക്കുന്നത്. ഒന്നുരണ്ടുയൂണിവേഴ്സിറ്റികൾ ഒഴിവാക്കിയാൽ ബാക്കിയുള്ള യൂണിവേഴ്സിറ്റി കളെല്ലാംതന്നെ വളരെ വർഷങ്ങളായി ഇവിടെ നിലനിൽക്കുന്നവയാണ്. അവിടത്തെ നിയമനങ്ങളെ സംബന്ധിച്ച് കാലാകാലങ്ങളിൽ ഗവൺമെന്റു കളാണെങ്കിലും അതാത് യൂണിവേഴ്സിറ്റികളിലെ സിൻഡിക്കേറ്റുകളാണെങ്കിലും എടുക്കുന്ന നിലപാടുകളാണ് ഇതുവരെ തുടർന്നുകൊണ്ടിരിക്കുന്നത്. അതിലെന്തെങ്കിലും അപാകതകൾ നടന്നിട്ടുണ്ടെങ്കിൽ രണ്ടുഭാഗത്തുള്ളവർക്കും പങ്കുണ്ട്. 2010 ഡിസംബർ 15-നും ഫെബ്രുവരി 4-നുമാണ് കഴിഞ്ഞ ഗവൺമെന്റ് ഇതിനുവേണ്ടിയുള്ള ഉത്തരവിറക്കിയത്. ആ ഗവൺമെന്റ് 2006-ൽ നിലവിൽ വന്നതാണ്. അധികാരമൊഴിയാൻ പോകുന്ന സമയത്താണ് ഉത്തരവിറക്കിയത്. ഇവിടെ അതുപോലെ സർക്കാർ കാലാവധി പൂർത്തിയാക്കി പോകാൻ തുടങ്ങുന്ന സമയത്താണെന്ന ആക്ഷേപം പറയുന്നവർ അവരുടെ ഭരണം തുടങ്ങിയപ്പോൾ തന്നെ ചെയ്യണമായിരുന്നു. അത് ചെയ്തിട്ടില്ല. ശ്രീ. പി. സി. വിഷ്ണുനാഥ് പറഞ്ഞതുപോലെ ഈ ഗവൺമെന്റ് വന്നതിനുശേഷം വിദ്യാഭ്യാസ മേഖലയിൽ

പ്രധാനപ്പെട്ട ഒരുപാട് നിയമനിർമ്മാണങ്ങൾ നടത്തി. അതിന്റെ ഫലമായി താമസിച്ച, കഴിഞ്ഞ നിയമസഭയിൽ കൊണ്ടുവരാൻ ഉദ്ദേശിച്ചതായിരുന്നു. എന്നാൽ നിയമസഭ നടക്കാത്തതുകൊണ്ട് വീണ്ടും ഓർഡിനൻസ് കൊണ്ടുവരേണ്ടിവന്നു. അങ്ങനെയുള്ള കാലതാമസത്തിന്റെ ഭാഗമായിട്ടാണ് നടന്നത്. തികഞ്ഞ ഉദ്ദേശ്യശുദ്ധിയോടുകൂടി നടപ്പിലാക്കാൻ തന്നെയാണ് ഈ ബിൽ കൊണ്ടുവന്നിട്ടുള്ളത്. ബഹുമാനപ്പെട്ട കെ. ടി. ജലീൽ സംസാരിക്കുമ്പോൾ പറഞ്ഞു, ഞാനും അദ്ദേഹവും ഒന്നിച്ച് കോഴിക്കോട് സർവ്വകലാശാലയിലെ സിൻഡിക്കേറ്റിൽ ഉണ്ടായിരുന്നവരാണെന്ന്. അന്ന് ഒറ്റയാൾ പട്ടാളമായി യു.ഡി.എഫ്.-ൽ നിന്നും ഉണ്ടായിരുന്ന ഏക അംഗം ഞാനാണ്. ആ അഞ്ചു വർഷക്കാലം അവിടത്തെ സിൻഡിക്കേറ്റ് എന്തൊക്കെയാണ് കാട്ടിക്കൂട്ടിയിട്ടുള്ളതെന്ന് ഡോ. കെ. ടി. ജലീലിനും എനിക്കുമറിയാം. അന്നത്തെ നിയമനങ്ങളിലും ബാക്കി കാര്യങ്ങളിലുമൊക്കെ എന്താണ് നടന്നിട്ടുള്ളതെന്ന് പത്രങ്ങളും മാധ്യമങ്ങളും റിപ്പോർട്ട് ചെയ്തിട്ടുള്ള കാര്യങ്ങളാണ്. അതൊക്കെ മറച്ചുവച്ചാണ് ഡോ. കെ. ടി. ജലീൽ ഇവിടെ സംസാരിച്ചത്. സ്വാശ്രയ കോളേജുകളെ സംബന്ധിച്ച് പറഞ്ഞു; സ്വാശ്രയ കോളേജുകൾ എല്ലാ കാലഘട്ടത്തിലും ഉള്ളതാണ്. അതിന് മറുപടി നേരത്തെ ശ്രീ. പി. സി. വിഷ്ണുനാഥ് പറഞ്ഞു. ഏത് കാര്യവും ഇടതുപക്ഷത്തിന് ബോധ്യപ്പെടാൻ പത്തു കൊല്ലം കഴിയും. അപ്പോഴേക്കും കുട്ടികളുടെ അവസരങ്ങൾ നഷ്ടപ്പെടും. അത് നഷ്ടപ്പെടാതിരിക്കാനാണ് സ്വാശ്രയ കോളേജുകൾ അനുവദിച്ചത്. അത് നിങ്ങളുടെ ഗവൺമെന്റിന്റെ കാലത്ത്, ഞാൻ സിൻഡിക്കേറ്റിലുള്ളപ്പോൾ അനുവദിച്ചിട്ടുണ്ട്. സ്വാശ്രയ കോളേജുകൾ എല്ലാം തന്നെ അൻപതു ശതമാനം സീറ്റ് ഗവൺമെന്റിന് കൊടുക്കുന്നതുകൊണ്ട് കുട്ടികൾക്ക് കുറച്ചുകൂടി സീറ്റ് നൽകാൻ സാധിക്കും. കാരണം സർക്കാർ എയ്ഡഡ് കോളേജുകളുടെ എണ്ണം വളരെ പരിമിതമാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷമാണ് അതിനും മാറ്റംവരുത്തിയത്. ഓരോ നിയോജക മണ്ഡലത്തിനും ഒരു കോളേജ് എന്നുള്ള സിസ്റ്റം കൊണ്ടുവന്നത് ഈ ഗവൺമെന്റാണ്. അതുവരെ അതുപോലും ഉണ്ടായിരുന്നില്ല. കുട്ടികൾക്ക് പഠിക്കാനുള്ള അവസരങ്ങളും സീറ്റുകളും ഉണ്ടാക്കുകയെന്നുള്ളതിന്റെ അടിസ്ഥാനത്തിലാണ് ഇത് കൊണ്ടുവന്നത്. ഉന്നതവിദ്യാഭ്യാസ രംഗത്ത് ഒട്ടേറെ കാര്യങ്ങൾ ഈ ഗവൺമെന്റ് ചെയ്തു. അതുകൊണ്ടുതന്നെയാണ് 'ഇന്ത്യാ ടുഡേ' നടത്തിയ സർവ്വേയിൽ, ഇന്ത്യയിലെ വിദ്യാഭ്യാസ മേഖലയിൽ ഏറ്റവും നല്ല പ്രവർത്തനം നടത്തുന്ന സംസ്ഥാനമായി കേരളത്തെ തെരഞ്ഞെടുക്കുകയും അവാർഡുകൾ നൽകുകയും ചെയ്തത്. അക്കാര്യം മറച്ചുവച്ചുകൊണ്ടാണ് ഇവിടെ അതൊന്നും നടക്കുന്നില്ലായെന്ന് പറയുന്നത്. വേക്കൻസി റിപ്പോർട്ട് ചെയ്യാത്തത് എല്ലാ മേഖലയിലുമുള്ള പൊതുവായ ഒരു പ്രശ്നമാണ്. ഇത് നമ്മുടെ

സംസ്ഥാനത്തിന്റെ ഒരു ഗതികേടാണ്. അത് പരിഹരിക്കാൻ വേണ്ട ഒട്ടേറെ പരിശ്രമങ്ങൾ നടത്തുന്നുണ്ട്. ഈ ബില്ലിലും ഇതുമായി ബന്ധപ്പെട്ട് എങ്ങനെ എത്രയും വേഗം ഇത് നടപ്പിലാക്കാൻ കഴിയുമെന്ന് പരിശോധിക്കാം. പി.എസ്.സി.-യാകുമ്പോൾ സംവരണത്തിന്റെ കാര്യവും മറ്റുള്ളവയുമൊക്കെ സ്വാഭാവികമായും നടപ്പിലാക്കും. അതിനാൽ അക്കാര്യത്തിൽ യാതൊരു ആശങ്കയ്ക്കും വകയില്ല. കഴിഞ്ഞ സിൻഡിക്കേറ്റിന്റെ കാലത്ത് കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ മുസ്ലീം ലീഗിന്റെ പ്രവർത്തകനെ പുറത്താക്കിയകാര്യം പറഞ്ഞു. ചെയ്യാൻ പാടില്ലാത്ത കാര്യങ്ങൾ ചെയ്താൽ പുറത്താക്കും. അതാണ് ഞങ്ങളുടെ പാർട്ടിയുടെ നയം. അതനുസരിച്ച് ചെയ്തു. അതുസംബന്ധിച്ച മറ്റ് അന്വേഷണങ്ങളും കാര്യങ്ങളും യൂണിവേഴ്സിറ്റിയാണ് ചെയ്യേണ്ടത്. നിയമം നിയമത്തിന്റെവഴിക്ക് പോകുമെന്നേ പറയാനുള്ളൂ. ഒരു പാർട്ടിപ്രവർത്തകൻ എന്ന നിലയ്ക്ക് സ്വീകരിക്കാവുന്ന നടപടികൾ പാർട്ടി സ്വീകരിച്ചിട്ടുണ്ട്. എല്ലാ കാലഘട്ടങ്ങളിലും അങ്ങനെ തന്നെയാണ് ചെയ്തിട്ടുള്ളത്.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

ശ്രീ. എൻ. ഷംസുദ്ദീൻ സൂചിപ്പിച്ച ഏകീകൃത കലണ്ടർ അടുത്ത വർഷം മുതൽ എല്ലാ യൂണിവേഴ്സിറ്റികളിലും കൊണ്ടുവരാൻ തീരുമാനിച്ചിട്ടുണ്ട്. ഏകീകൃത സിലബസ്സുമായി ബന്ധപ്പെട്ട് വ്യത്യസ്തമായ അഭിപ്രായങ്ങളുണ്ട്. കാരണം ഓരോ യൂണിവേഴ്സിറ്റിയിലും അതിനനുസരിച്ചുള്ള ബോർഡ് ഓഫ് സ്റ്റഡീസും അക്കാദമിക് കൗൺസിലുമൊക്കെയുണ്ട്. അവരാണ് അവിടുത്തെ കാര്യങ്ങൾ തീരുമാനിക്കുന്നത്. മാത്രവുമല്ല നമ്മൾ കുറേ കോളേജുകൾക്ക് ആട്ടോണമി നൽകി. അതുകൊണ്ട് പ്രത്യേകമായ കോഴ്സുകൾ അവരും ഡിസൈൻ ചെയ്യുന്നുണ്ട്. ഇന്നത്തെ കാലത്ത് ഏകീകൃത സിലബസ് എന്നുള്ളത് പ്രാവർത്തികമാക്കാൻ ചില ബുദ്ധിമുട്ടുകളുണ്ട്. RUSA ഫണ്ടിന്റെ കാര്യം മൂന്നുകൊല്ലം മുമ്പ് പരിശോധന നടത്തിയെന്ന് ശ്രീ. എൻ. ഷംസുദ്ദീൻ പറഞ്ഞത് ശരിയാണ്. പക്ഷേ കേന്ദ്രഗവൺമെന്റ് അതിന്റെ ഫണ്ട് അനുവദിക്കാൻ തുടങ്ങിയത് ഇപ്പോഴാണ്. ഇപ്പോഴാണ് ഇരുപത് കോടി രൂപ കിട്ടിയത്; അതിനനുസരിച്ചുള്ള കാര്യങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. ഇവിടെ വലിയ പരാതിയായി പറഞ്ഞത്, ടെക്നോളജി യൂണിവേഴ്സിറ്റിയിലെ പരീക്ഷ ഔട്ട് സോഴ്സ് ചെയ്തുവെന്നുള്ളതാണ്. പരീക്ഷ ഔട്ട് സോഴ്സ് ചെയ്തിട്ടില്ല. അതിന്റെ സോഫ്റ്റ്‌വെയർ മാത്രമാണ് ഔട്ട് സോഴ്സ് ചെയ്തത്. ബാക്കി കാര്യങ്ങളെല്ലാം യൂണിവേഴ്സിറ്റി തന്നെയാണ് ചെയ്യുന്നത്. മാത്രമല്ല, ഇവിടെ നേരത്തേ പറഞ്ഞു, സ്വാശ്രയ കോളേജുകളിലെ പഠനനിലവാരവും റിസൾട്ടും മോശമാണെന്ന്. അതുകൂടി കണക്കിലെടുത്തുകൊണ്ടാണ് ഇങ്ങനെയൊരു സംഗതി കൊണ്ടുവന്നത്. പരീക്ഷ തുടങ്ങുന്നതിന് ഒരു മണിക്കൂർ മുമ്പുമാത്രമാണ് ക്വസ്റ്റ്യൻ

പേപ്പറുകൾ സൈറ്റിൽ വരുന്നത്. എക്സ്റ്റേണൽ എക്സ്പേർട്ടും ആ സ്ഥാപനത്തിൽ നിയമിതനായിട്ടുള്ള ഉദ്യോഗസ്ഥനും കൂടി രണ്ട് പാസ്‌വേഡ് ഉപയോഗിക്കുമ്പോഴേ ക്വസ്റ്റ്യൻ പേപ്പർ കിട്ടുകയുള്ളൂ. ക്വസ്റ്റ്യൻ പേപ്പർ കിട്ടി അതിന്റെ പ്രിന്റ് ഔട്ട് എടുത്ത് പരീക്ഷ നടത്തി, പരീക്ഷ കഴിഞ്ഞയുടനെതന്നെ അത് സ്കാൻ ചെയ്ത്, പരീക്ഷയുടെ ആൻസർ ഷീറ്റും കൂടി കേന്ദ്രങ്ങളിലേയ്ക്ക് അയച്ചുകൊടുക്കുകയാണ്. വളരെ സുതാര്യമായി പരീക്ഷ നടത്താനും എത്രയുംവേഗത്തിൽ റിസൾട്ട് കൊണ്ടുവരാനും സാധിക്കും. ഇപ്പോൾ നമ്മുടെ സംസ്ഥാനത്തെ സ്ഥിതിയെന്താണ്? മൂന്നാമത്തെയും നാലാമത്തെയും സെമസ്റ്ററിൽ പഠിക്കുമ്പോഴും ഒന്നാമത്തെയും രണ്ടാമത്തെയും സെമസ്റ്ററിന്റെ പരീക്ഷാ റിസൾട്ട് വരാത്ത സാഹചര്യങ്ങൾ നമ്മുടെ സംസ്ഥാനത്തുണ്ട്. ഈ ഗവൺമെന്റ് വന്നപ്പോഴുള്ളതല്ല, നേരത്തേയുള്ളതാണ്. അതിനൊക്കെ ഒരു മാറ്റം വരുത്താൻ, സമയബന്ധിതമായി കാര്യങ്ങൾ ചെയ്യാൻ വേണ്ടിയാണ് ഇത് കൊണ്ടുവന്നത്. പക്ഷേ KTU-യുടെ കാര്യത്തിൽ അത് കൊണ്ടുവന്നതിനുശേഷമാണ് വിദ്യാർത്ഥികളും അദ്ധ്യാപകരും അറിഞ്ഞതെന്നുള്ള പ്രത്യേകത വന്നു. അതിന്റെ ഫലമായിട്ടാണ് പരാതികളും പ്രതിഷേധങ്ങളും വന്നത്. അത് പരിഹരിക്കാൻ ഇന്ന് വൈകിട്ട് മൂന്നുമണിക്ക് ഒരു യോഗം വച്ചിട്ടുണ്ട്. കെ.എസ്.യു.-ഉം എസ്.എഫ്.ഐ.-യും മറ്റ് സംഘടനകളുമൊക്കെ ടെക്നോളജി യൂണിവേഴ്സിറ്റിയുടെ അധികൃതരുമായി സംസാരിച്ചിരുന്നു. അവർ കാര്യങ്ങൾ വിശദീകരിച്ചപ്പോൾ നല്ലൊരു സ്കീമാണെന്ന് എല്ലാപേരും പറഞ്ഞുവെന്നാണ് എനിക്ക് കിട്ടിയ വിവരം. ഏതായാലും ഇന്ന് അതിന്റെ വിശദമായ ചർച്ച നടത്തുന്നുണ്ട്. ആ ചർച്ചയിലുണ്ടാകുന്ന തീരുമാനത്തിനനുസരിച്ചാണ് പരീക്ഷകളുടെ കാര്യങ്ങൾ തീരുമാനിക്കുന്നത്.

ശ്രീ. റ്റി. വി. രാജേഷ് സൂചിപ്പിച്ചതുപോലെ ഈ ഗവൺമെന്റിനെ സംബന്ധിച്ച് കാപട്യത്തിന്റെ പ്രശ്നമില്ല. എന്ത് പറയുന്നു അത് ചെയ്യുക, ചെയ്യാൻ കഴിയുന്നത് പറയുക എന്നുള്ളതാണ്. ഒരു കാപട്യം ഈ ഒരു കാര്യത്തിൽ കാണിക്കേണ്ടകാര്യം ഗവൺമെന്റിനില്ല, വിദ്യാഭ്യാസ വകുപ്പിനുമില്ല. ഈ നാലര വർഷമായി അങ്ങനെയൊരു കാപട്യം ഒരു കാര്യത്തിലും കാണിച്ചിട്ടുമില്ല.

നേരത്തേ പല യൂണിവേഴ്സിറ്റികളിലും നടന്നിട്ടുള്ള കരാറടിസ്ഥാനത്തിലുള്ള നിയമനങ്ങളെയും ദിവസവേതനാടിസ്ഥാനത്തിലുള്ള നിയമനങ്ങളെയും സംബന്ധിച്ച് ഇവിടെ എല്ലാപേരും സൂചിപ്പിക്കുകയുണ്ടായി. അക്കാര്യങ്ങളിൽ എന്ത് ചെയ്യാൻ കഴിയുമെന്ന് വിദഗ്ദ്ധമായ പരിശോധനകൾ നടത്തണം. അല്ലാതെ എല്ലാ കാര്യങ്ങളുംകൂടി നമുക്ക് ഒറ്റയടിക്ക് ചെയ്യാൻ കഴിയില്ല. എല്ലാ ഡിപ്പാർട്ടുമെന്റുകളും, യൂണിവേഴ്സിറ്റികൾ മാത്രമല്ല, മറ്റെല്ലാ സ്ഥലങ്ങളിലും ഡെയ്‌ലി വേജസ് നിയമനങ്ങളും അതുപോലെ കരാർ നിയമനങ്ങളും നടത്തുന്നുണ്ട്. അത്

സ്വന്തക്കാരെ തിരുകിക്കയറ്റാൻ വേണ്ടി മാത്രമല്ല. അത്രയും പോസ്റ്റുകൾ ക്രിയേറ്റ് ചെയ്യാനും അതിനനുസരിച്ചുള്ള സാമ്പത്തിക ബാദ്ധ്യത ഗവൺമെന്റിന് ഏറ്റെടുക്കാൻ കഴിയാത്തുകൊണ്ട് എല്ലാ കാലഘട്ടങ്ങളിലും അത് ചെയ്തിട്ടുണ്ട്. അതുതന്നെയാണ് ഇപ്പോഴും നടക്കുന്നത്. ഇപ്പോൾ മാത്രം വന്നിട്ടുള്ള പ്രത്യേകതയല്ല കരാർ ജീവനക്കാരും ഡെയ്‌ലി വേജസ് ജീവനക്കാരും.

കെ.ടി.യു.-വിന്റെ സമിതികൾ രൂപീകരിച്ചിട്ടില്ലെന്ന് ഇവിടെ സൂചിപ്പിച്ചു. അതിന്റെ ബോർഡ് ഓഫ് ഗവർണേഴ്സിന്റെ നിയമനം ആയിട്ടുണ്ട്. ബാക്കിയുള്ള ഒരുപാട് സമിതികൾ അതിൽ വരുന്നുണ്ട്. അതിന്റെ കാര്യങ്ങൾ ചെയ്തു കൊണ്ടിരിക്കുകയാണ്. അത് വന്നില്ലായെന്നുള്ളതുകൊണ്ട് അതിന്റെ പ്രവർത്തനത്തിന് യാതൊരു തടസ്സവുമില്ല. വളരെ നന്നായി കാര്യങ്ങൾ നടന്നുപോകുന്നുണ്ട്.

<u>ശ്രീ. റ്റി. എൻ. പ്രതാപൻ</u>: സർ, ഈ ബില്ല് വരുന്നതിനുമുമ്പുതന്നെ ചില യൂണിവേഴ്സിറ്റികൾ അനദ്ധ്യാപക നിയമനങ്ങൾക്ക് നോട്ടിഫിക്കേഷനും, ഇന്റർവ്യൂവും നടത്തി, എന്നാൽ നിയമനങ്ങൾ നടത്തിയിട്ടില്ല. അതുമായി ബന്ധപ്പെട്ട് ചില പരാതികളുണ്ടായതായി വൈസ് ചാൻസലർമാർപോലും പറയുകയുണ്ടായി. ഈ നിയമം നിയമസഭ അംഗീകരിക്കുന്നമുറയ്ക്ക് നിലവിലുള്ള കേരളത്തിലെ എല്ലാ യൂണിവേഴ്സിറ്റികളും അപേക്ഷ സ്വീകരിക്കുകയോ അല്ലെങ്കിൽ റാങ്ക് ലിസ്റ്റ് പബ്ലിഷ് ചെയ്യാത്ത ഇന്റർവ്യൂ നടത്തിയിട്ടുള്ളവയെല്ലാം അസാധുവാക്കേണ്ടതല്ലേ; അവ അസാധുവാക്കി അവയെല്ലാം പി.എസ്.സി.-ക്ക് വിടേണ്ടതല്ലേ? ആ കാര്യത്തിൽ കൂടി ഒരു വ്യക്തത വരുന്നത് നല്ലതാണ്.

<u>ശ്രീ. പി. കെ. അബ്ദു റബ്ബ്</u>: വിദ്യാഭ്യാസ വകുപ്പിലെ ഉദ്യോഗസ്ഥന്മാരുമായും യൂണിവേഴ്സിറ്റി ഉദ്യോഗസ്ഥന്മാരുമായും നിയമവകുപ്പുമായും പരിശോധിച്ചതിനുശേഷം മാത്രമേ ആ കാര്യത്തിൽ എന്ത് ചെയ്യാൻ കഴിയുമെന്നുള്ളതിന്റെ തീരുമാനം പറയാൻ കഴിയുകയുള്ളൂ.

<u>ശ്രീ. എ. കെ. ബാലൻ</u>: ഒഴിവുകൾ കൃത്യസമയത്ത് ബന്ധപ്പെട്ട ഡിപ്പാർട്ടുമെന്റിന്റെ ഹെഡ് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നില്ലായെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. അത് ശരിയാണ്. റിപ്പോർട്ട് ചെയ്യുന്നില്ലെന്നു മാത്രമല്ല, റിപ്പോർട്ട് ചെയ്തുകഴിഞ്ഞാൽ സമയബന്ധിതമായി പരീക്ഷ നടത്തില്ല. പരീക്ഷ നടന്നുകഴിഞ്ഞാൽ അവർക്ക് ഇഷ്ടമുള്ള സമയത്ത് ഇന്റർവ്യൂ, അതുകഴിഞ്ഞ് അഡ്വൈസ് മെമ്മോ കൊടുക്കും, അഡ്വൈസ് മെമ്മോ കൊടുത്തു കഴിഞ്ഞാൽ ബന്ധപ്പെട്ട ഡിപ്പാർട്ടുമെന്റ് നിയമനം നടത്തില്ല. അങ്ങനെ നാലഞ്ച് വർഷം ഡ്രാഗ് ചെയ്യുകയാണ്. ഒരു സ്റ്റാറ്റ്യൂട്ടറി ഒബ്ലിഗേഷൻ വരാവുന്ന രൂപത്തിൽ ഒരു

നിയമനിർമ്മാണത്തെക്കുറിച്ച് ആലോചിച്ചുകൂടെ? ഒരു ഡിപ്പാർട്ടുമെന്റിൽ ഒഴിവ് വന്നാൽ ഇത്ര സമയത്തിനുള്ളിൽ അത് പരിപൂർണ്ണമായും നിയമിച്ചിരിക്കണമെന്ന് ഒരു സ്റ്റാറ്റ്യൂട്ടറി ഒബ്ലിഗേഷൻ കൊടുത്ത് ഒരു നിയമനിർമ്മാണത്തെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രി ആലോചിക്കുമോ?

ശ്രീ. പി. കെ. അബ്ദു റബ്ബ്: ഇതൊരു പുതിയ സംഭവമല്ല. പി.എസ്.സി.-യുടേതു പോലും എന്താണ് സ്ഥിതി? പി.എസ്.സി. ആപ്ലിക്കേഷൻ കോൾ ഫോർ ചെയ്ത്, ആപ്ലിക്കേഷൻ സ്വീകരിച്ച്, ടെസ്റ്റ് നടത്തി ഇല്ലെങ്കിൽ ഇന്റർവ്യൂ നടത്തി റാങ്ക് ലിസ്റ്റ് വരുന്നതുതന്നെ രണ്ടുമൂന്ന് കൊല്ലം കഴിഞ്ഞിട്ടാണ്. അതിനുമാത്രം ജോലിഭാരം പി.എസ്.സി.-യിലുണ്ടെന്നുള്ളതാണ് ഞാൻ മനസ്സിലാക്കുന്നത്. അത് ഒറ്റയടിക്ക് നമുക്ക് പരിഹരിക്കാൻ കഴിയില്ല. എത്രയും വേഗം, ഒരു വർഷത്തിനുള്ളിലെങ്കിലും നിയമന നടപടികൾ പൂർത്തീകരിക്കണമെന്നുള്ളതാണ് വ്യക്തിപരമായ എന്റെ അഭിപ്രായം. അതിന് എന്ത് നടപടി സ്വീകരിക്കാൻ, എന്ത് മെക്കാനിസം ഉപയോഗിക്കാൻ കഴിയുമെന്നുള്ളത് നമ്മൾ പരിശോധിക്കേണ്ടതാണ്.

ഡോ. കെ. ടി. ജലീൽ: കെ.ടി.യു.-വിലെ പരീക്ഷകൾ എക്സ്ഹോസ്റ്റ് ചെയ്യുന്നതിനെക്കുറിച്ച് ഇപ്പോൾ ഒരാക്ഷേപം നിലനിൽക്കുന്നത് അങ്ങ് സൂചിപ്പിച്ചു. പ്രസ്തുത സോഫ്റ്റ്വെയർ ഉപയോഗിച്ചുകൊണ്ട് യൂണിവേഴ്സിറ്റി നേരിട്ടാണോ പരീക്ഷകൾ നടത്തുന്നതും വാല്യുവേഷൻ നടത്തുന്നതും? അതിലൊരു അവ്യക്തത നിലനിൽക്കുന്നുണ്ട്. നിങ്ങൾ പറഞ്ഞതിൽ നിന്നുതന്നെ, ഞങ്ങൾ അങ്ങനെയൊരു എക്സ്റ്റേണൽ ഏജൻസിയെ ഏൽപ്പിച്ചിട്ടില്ല, പകരം ഒരു സോഫ്റ്റ്വെയർ ഉപയോഗിച്ചുകൊണ്ട് ഇത് നടത്തുന്നു എന്നാണ് മനസ്സിലായത്. ആ സോഫ്റ്റ്വെയർ ഉണ്ടാക്കിയിട്ടുള്ളത് ഒരു പ്രൈവറ്റ് ഏജൻസിയാണ്. പക്ഷേ അതിന്റെ നടത്തിപ്പിന്റെ ചുമതല മുഴുവൻ യൂണിവേഴ്സിറ്റിക്ക് തന്നെയാണോ?

ശ്രീ. പി. കെ. അബ്ദു റബ്ബ്: അതിന്റെ മുഴുവൻ ചുമതലയും യൂണിവേഴ്സിറ്റിക്ക് തന്നെയാണ്. ഈ സോഫ്റ്റ്വെയറും അതിന്റെ മെക്കാനിസവും ഓപ്പറേറ്റ് ചെയ്യാൻ ഓരോ പരീക്ഷാ സെന്ററിലും ഈ ഏജൻസിയുടെ ആളുകളുണ്ടാകും. പരീക്ഷയുമായി അവർക്ക് യാതൊരു ബന്ധവുമില്ല. ഇന്ന് കൂടുന്ന മീറ്റിംഗിൽ അതിന്റെ വിശദമായ ചർച്ചകൾ നടക്കും, എല്ലാവർക്കും സമ്മതമാണെങ്കിൽമാത്രം നമ്മൾ അതുമായി മുന്നോട്ടുപോയാൽ മതി.

ഡോ. കെ. ടി. ജലീൽ: ഡെയ്‌ലി വേജസിന് പല തസ്തികകളിലും നിയമനം

കിട്ടിയിട്ടുള്ള ആളുകളുണ്ട്. അവരിൽ ചില ആളുകളെ റെഗുലറൈസ് ചെയ്യണമെന്നുപറഞ്ഞ് ബന്ധപ്പെട്ട ഗവേണിംഗ് ബോഡികൾ സർക്കാരിലേയ്ക്ക് ശിപാർശ നൽകിയിട്ടുണ്ട്. ഇപ്പോൾ ഈ ബില്ല് അവതരിപ്പിച്ച സാഹചര്യത്തിൽ അത്തരത്തിലുള്ള ഒരു റെഗുലറൈസേഷനും ഗവൺമെന്റ് ചെയ്യില്ലായെന്ന് അങ്ങേയ്ക്ക് ഈ സഭയിൽ ഉറപ്പുനൽകാൻ സാധിക്കുമോ?

ശ്രീ. പി. കെ. അബ്ദു റബ്ബ്: അതുസംബന്ധിച്ച് എനിക്ക് ഉറപ്പ് നൽകാൻ കഴിയില്ല. എല്ലാവരുമായി ചർച്ച ചെയ്ത് അതിന്റെ നിയമവശം പരിശോധിച്ചശേഷം മാത്രമേ എന്തെങ്കിലും ചെയ്യാൻ കഴിയുകയുള്ളൂ. റാങ്ക് ലിസ്റ്റ് വന്നവരും നേരെ തിരിച്ചാണെങ്കിൽ അവരും കോടതിയിൽ പോകും. അതിന്റെ എല്ലാവശങ്ങളും പരിശോധിച്ചതിനുശേഷം മാത്രമേ അങ്ങനെയൊരു തീരുമാനമെടുക്കാൻ കഴിയുകയുള്ളൂ.

ശ്രീ. എൻ. ഷംസുദ്ദീൻ നേരത്തെ പറഞ്ഞു, ഇനി വരുന്ന യൂണിവേഴ്സിറ്റികൾക്കുകൂടി ഇത് ബാധകമാക്കണമെന്ന്. ഇനി വരുന്ന യൂണിവേഴ്സിറ്റികളിൽ ഇക്കാര്യം പ്രത്യേകമായി പറയേണ്ടി വരുന്നില്ല. കാരണം ഈ നിയമങ്ങൾകൂടി ഉൾപ്പെടുത്തിയിട്ടായിരിക്കും പുതിയ യൂണിവേഴ്സിറ്റി നിയമം വരുന്നത്.

മി. സ്പീക്കർ: ശ്രീ. പി. സി. വിഷ്ണുനാഥ്, അങ്ങയുടെ 1 (എ) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. പി. സി. വിഷ്ണുനാഥ് അവതരിപ്പിച്ച 1(എ) നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ, നോട്ട് ഇൻ ദ സീറ്റ്.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2015-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (സർവ്വകലാശാലകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ,

അനുകൂലിക്കുന്നവർ..............

പ്രതികൂലിക്കുന്നവർ..............

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പരിഗണനയ്ക്കെടുക്കുന്നു.

രണ്ടാം വകുപ്പ്

ശ്രീമതി കെ. എസ്. സലീഖ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

133. ഖണ്ഡം 2 (എ)-യിൽ, "സർവ്വകലാശാല" എന്ന വാക്കിനും ചിഹ്നങ്ങൾക്കും പകരം "സർവ്വകലാശാലകൾ/കല്പിത സർവ്വകലാശാലകൾ/ വിദൂരപഠന കേന്ദ്രങ്ങൾ" എന്നീ വാക്കുകളും ചിഹ്നങ്ങളും ചേർക്കുക.

137. ഖണ്ഡം 2(എ) യിൽ, ഇനം (xiii)-ന് ശേഷം താഴെപറയുന്ന പുതിയ ഇനങ്ങൾ ചേർക്കുക:

"(xiv) സംസ്ഥാനത്ത് നിലവിൽ പ്രവർത്തിക്കുന്ന എല്ലാ കല്പിത സർവ്വകലാശാലകളും;

(xv) സംസ്ഥാനത്ത് നിലവിൽ പ്രവർത്തിക്കുന്ന എല്ലാ വിദൂര പഠനകേന്ദ്രങ്ങളും;"

142. ഖണ്ഡം 2(സി) താഴെപ്പറയും പ്രകാരം മാറ്റുക:

"2 (സി) "അദ്ധ്യാപക/അനദ്ധ്യാപക തസ്തിക" എന്നാൽ ബന്ധപ്പെട്ട സർവ്വകലാശാലകൾ/ കല്പിത സർവ്വകലാശാലകൾ/വിദൂര പഠന കേന്ദ്രങ്ങൾ എന്നിവകളിൽ നിലവിലുള്ള നിയമ വ്യവസ്ഥകൾ പ്രകാരം കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നിയമനം നടത്തേണ്ടുന്ന തസ്തികകൾ എന്നർത്ഥമാകുന്നു."

ശ്രീ. ബെന്നി ബെഹനാൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

134. ഖണ്ഡം 2(എ) ആയി താഴെ പറയുന്നത് ചേർത്ത് ശേഷിക്കുന്നവ പുനരക്ഷരം ചെയ്യുക:

"(എ) "ഗസറ്റ്" എന്നാൽ സർക്കാർ പ്രസിദ്ധീകരിക്കുന്ന ഗസറ്റ് എന്ന് അർത്ഥമാകുന്നു."

ശ്രീ. എ. കെ. ബാലൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

135. ഖണ്ഡം 2(എ)-യിൽ, ഇനം (i) മുതൽ (xii) വരെ അവയുടെ അവസാന ഭാഗത്ത് ചേർത്തിട്ടുള്ള "അല്ലെങ്കിൽ" എന്ന വാക്ക് ഒഴിവാക്കുക.

<u>ശ്രീ. കെ. എൻ.എ. ഖാദർ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

136. ഖണ്ഡം 2(എ)-യിൽ, ഇനം (xiii) ന ശേഷം ഇനം (xiv) ആയി താഴെപ്പറയുന്നത് ചേർക്കുക:

"(xiv) മേൽരേഖപ്പെടുത്തിയ പട്ടികയിൽ ഉൾപ്പെട്ടിട്ടില്ലാത്തതും സംസ്ഥാനത്ത് വിവിധ പഠനശാഖകളിലുള്ള വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുന്നതിനും അതുമായി ബന്ധപ്പെട്ടതോ ആനുഷംഗികമായതോ ആയ കാര്യങ്ങൾക്കും വേണ്ടി നിയമംമൂലം സ്ഥാപിതമാകുന്ന ഏതൊരു സർവ്വകലാശാലയും;"

140. ഖണ്ഡം 2 (സി)-യിൽ, "ബന്ധപ്പെട്ട" എന്ന വാക്ക് ഒഴിവാക്കുക.

<u>ശ്രീ. കെ. ശിവദാസൻ നായർ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

138. ഖണ്ഡം 2(എ) യിൽ, ഇനം(xiii)-ന് ശേഷം താഴെപ്പറയുന്ന ഇനങ്ങൾ ചേർക്കുക:

"(xiv) കേരള കലാമണ്ഡലം ഡീംഡ് യൂണിവേഴ്സിറ്റി;

(xv) നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസ്;

(xvi) കേരള ടെക്നിക്കൽ യൂണിവേഴ്സിറ്റി;

(xvii) ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് എഡ്യൂക്കേഷൻ & റിസർച്ച്;

(xviii) നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി;

(xix) ശ്രീ. ചിത്തിര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് & ടെക്നോളജി;"

<u>ശ്രീ. എം. ഉമ്മർ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:
143. ഖണ്ഡം 2(സി)-യ്ക്ക് ശേഷം താഴെപ്പറയുന്ന ഉപഖണ്ഡങ്ങൾ ചേർക്കുക:

(ഡി) "സർവ്വീസുകൾ" എന്നാൽ സംസ്ഥാനത്തെ യൂണിവേഴ്സിറ്റികൾക്ക് കീഴിലുള്ള സർവ്വീസുകൾ എന്നർത്ഥമാകുന്നു;

(ഇ) "നിർണ്ണയിക്കപ്പെട്ട" എന്നാൽ ഈ ആക്ടിൻകീഴിൽ ഉണ്ടാക്കിയ ചട്ടങ്ങൾ പ്രകാരം നിർണ്ണയിക്കപ്പെട്ട എന്നർത്ഥമാകുന്നു;"

(എഫ്) "സർക്കാർ" എന്നാൽ "കേരള സർക്കാർ" എന്നർത്ഥമാകുന്നു."

ഈ ഭേദഗതിയിലെ 2(സി)-യിൽ സർവ്വീസുകൾ എന്ന് നിർവ്വചനത്തിൽ വന്നിട്ടില്ല. "(ഡി) "സർവ്വീസുകൾ" എന്നാൽ സംസ്ഥാനത്തെ യൂണിവേഴ്സിറ്റികൾക്ക് കീഴിലുള്ള സർവ്വീസുകൾ എന്നർത്ഥമാകുന്നു; (ഇ)" നിർണ്ണയിക്കപ്പെട്ട" എന്നാൽ ഈ ആക്ടിൻകീഴിൽ ഉണ്ടാക്കിയ ചട്ടങ്ങൾ പ്രകാരം നിർണ്ണയിക്കപ്പെട്ട എന്നർത്ഥമാകുന്നു;" (എഫ്) "സർക്കാർ" എന്നാൽ "കേരള സർക്കാർ" എന്നർത്ഥമാകുന്നു." എന്നുള്ളത് ഡെഫനിഷനിൽ വരേണ്ടതാണ്. ഈ ഭേദഗതി ഞാൻ മൂവ് ചെയ്യുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): സർ, ഈ ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല. ഇവയെല്ലാം ഇംഗ്ലീഷ് മലയാളമാക്കുമ്പോൾ implied ആയിട്ടുള്ള കാര്യങ്ങൾ പറയാൻ ആവശ്യമായതാണ്. ആയതിനാൽ ഭേദഗതി ആവശ്യമില്ല.

മി. സ്പീക്കർ: ശ്രീമതി കെ. എസ്. സലീഖ അവതരിപ്പിച്ച 133, 137, 142 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. ബെന്നി ബെഹനാൻ അവതരിപ്പിച്ച 134-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എ. കെ. ബാലൻ അവതരിപ്പിച്ച 135-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 136,140 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. ശിവദാസൻ നായർ അവതരിപ്പിച്ച 138-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 143-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമോയെന്ന പ്രശ്നത്തെ,

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

മൂന്നാം വകുപ്പ്

ശ്രീ. മോൻസ് ജോസഫ്: ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

145. ഖണ്ഡം 3(1)-ൽ, "വിനിർദ്ദേശിച്ചിട്ടുള്ള" എന്നതിനുപകരം "നിർദ്ദേശിച്ചിട്ടുള്ള" എന്നത് ചേർക്കുക.

158. ഖണ്ഡം 3(1)-ൽ, "ചുമതലയായിരിക്കുന്നതാണ്" എന്നതിനുപകരം "ചുമതലയാണ് " എന്നത് ചേർക്കുക.

170. ഖണ്ഡം 3(2)(ബി)-യിൽ, "നേരിട്ടുള്ള നിയമനം വഴി നിയമനം നടത്തുന്നതിന്" എന്നതിനു പകരം "നേരിട്ടുള്ള നിയമനം വഴി നടത്തുന്ന നിയമനത്തിന്" എന്നത് ചേർക്കുക.

180. ഖണ്ഡം 3(3)-ൽ, "ഒരു കാര്യം" എന്നതിന് പകരം "ഏതെങ്കിലുമൊരു കാര്യം" എന്നത് ചേർക്കുക.

185. ഖണ്ഡം 3(4)-ൽ, "(2)-ാം ഉപവകുപ്പ് പ്രകാരമുള്ള ഒരു കാര്യത്തിൽ" എന്നതിനുപകരം "ഏതെങ്കിലുമൊരു കാര്യത്തിൽ" എന്ന് ചേർക്കുക.

ശ്രീ. എ. കെ. ബാലൻ: ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

147. ഖണ്ഡം 3(1)-ൽ, "വിനിർദ്ദേശിച്ചിട്ടുള്ള" എന്നതിനുപകരം "പ്രതിപാദിച്ചിട്ടുള്ള" എന്നത് ചേർക്കുക.

169. ഖണ്ഡം 3(2)(ബി)-യിൽ, "നേരിട്ടുള്ള നിയമനംവഴി നിയമനം" എന്നതിനു പകരം "നേരിട്ടുള്ള നിയമനം" എന്ന് ചേർക്കുക.

173. ഖണ്ഡം 3(2)(ബി)-യിൽ, "നിയമനങ്ങളിലേക്കുള്ള" എന്നതിനുപകരം "തസ്തികകളിലേക്കുള്ള" എന്ന് ചേർക്കുക.

ശ്രീ. കെ. എൻ. എ. ഖാദർ: ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

148. ഖണ്ഡം 3(1)-ൽ, "ഒരു സർവ്വകലാശാലയിലെ" എന്നീ വാക്കുകൾക്കു പകരം "ഏതൊരു സർവ്വകലാശാലയിലേയും" എന്നീ വാക്കുകൾ ചേർക്കുക.

155. ഖണ്ഡം 3(1)-ൽ, "സെലക്റ്റ് ലിസ്റ്റ് തയ്യാറാക്കുന്നത്" എന്നീ വാക്കുകൾക്ക് പകരം "തെരഞ്ഞെടുക്കപ്പെട്ടവരുടെ പട്ടിക തയ്യാറാക്കേണ്ടതും നിയമന ശിപാർശ ചെയ്യേണ്ടതും" എന്നീ വാക്കുകൾ ചേർക്കുക.

160. ഖണ്ഡം 3(2)-ൽ, "ഒരു സർവ്വകലാശാല" എന്നീ വാക്കുകൾക്കുപകരം "ഏതൊരു സർവ്വകലാശാലയും" എന്നീ വാക്കുകൾ ചേർക്കുക.

171. ഖണ്ഡം 3(2)(ബി)-യിൽ,

(i) "നിയമനം വഴി" എന്ന വാക്ക് ഒഴിവാക്കുക.

(ii) "അനുയോജ്യത" എന്ന വാക്കിനുശേഷം "നിർണ്ണയിക്കുന്നത്" എന്ന വാക്ക് ചേർക്കുക.

178. ഖണ്ഡം 3(2) (ബി)-ക്ക് ശേഷം താഴെ പറയുന്ന ഉപഖണ്ഡം ചേർക്കുക:

"(സി) സർവ്വകലാശാലയിൽ പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന ജോലിയിൽ പ്രവേശിച്ച ജീവനക്കാരനെ സർവ്വീസിൽനിന്നും നീക്കം ചെയ്യുന്നതിന് തീരുമാനിക്കുന്നതിന് മുൻപായും;"

179. ഖണ്ഡം 3(3) ൽ, "ഒരു കാര്യം" “ആ കാര്യത്തിൽ” എന്നീ വാക്കുകൾ ഒഴിവാക്കുക.

192. ഖണ്ഡം 3(4)-ൽ,

(i) “റഫർ ചെയ്യേണ്ടതും” എന്നീ വാക്കുകൾക്കുപകരം "അറിയിക്കേണ്ടതും സർക്കാർ ആ കാര്യത്തിൽ തീരുമാനമെടുക്കേണ്ടതുമാണ്.” എന്നീ വാക്കുകൾ ചേർക്കുക.

(ii) ക്ലിപ്തനിബന്ധനയിലെ "കമ്മീഷന് റഫർ ചെയ്യേണ്ടതാണ്” എന്നീ വാക്കുകൾക്ക പകരം "കമ്മീഷനെ അറിയിക്കേണ്ടതാണ്” എന്നീ വാക്കുകൾ ചേർക്കുക.

ഇതിൽ 178-ാം ഭേദഗതിയെക്കുറിച്ച് എനിക്ക് ഒരു വാക്ക് പറയാനുണ്ട്. 178-ൽ വകുപ്പ് (3)-ൽ സർവ്വകലാശാല പബ്ലിക് സർവ്വീസ് കമ്മീഷനുമായി ഏതെല്ലാം വിഷയത്തിൽ കൂടിയാലോചിക്കണമെന്ന് വകുപ്പ് 3 (2)-ൽ വ്യവസ്ഥ ചെയ്യുന്നു. പ്രസ്തുത വകുപ്പിൽ 3(2) (ബി)-ക്ക് ശേഷം (സി) ആയി എന്റെ ഈ ഭേദഗതി ഉൾപ്പെടുത്തണമെന്നാണ് എന്റെ നിർദ്ദേശം. അതായത് ഏതെല്ലാം വിഷയങ്ങളാണ് പബ്ലിക് സർവ്വീസ് കമ്മീഷനുമായി കൂടിയാലോചിക്കേണ്ടത് എന്നതിൽ പി.എസ്.സി. മുഖേന സർവ്വീസിൽ പ്രവേശിച്ച ഒരു ജീവനക്കാരനെ പിരിച്ചുവിടുകയോ സേവനത്തിൽനിന്ന് നീക്കം ചെയ്യുന്നതിനുമുമ്പ് ഇത്തരം ഒരു കൂടിയാലോചന ആവശ്യമാണ് എന്ന് 'കേരള സിവിൽ സർവ്വീസസ് ക്ലാസിഫിക്കേഷൻ കൺട്രോൾ ആന്റ് അപ്പീൽ റൂൾസ് 1960-ത്' പറഞ്ഞിട്ടുണ്ട്. അത് സെക്ഷൻ 18(3)(എ)-യിൽ 'if it is decided to dismiss or remove the Government Servant from service he shall be given reasonable opportunity

to show cause why his services should not be dismissed or removed before passing final orders as per clause (a) above the commission shall also be consulted' എന്ന് പബ്ലിക് സർവ്വീസ് കമ്മീഷനെക്കുറിച്ച് കേരള സിവിൽ സർവ്വീസസ് ക്ലാസിഫിക്കേഷൻ കൺട്രോൾ ആന്റ് അപ്പീൽ റൂൾസിൽ പറഞ്ഞിട്ടുണ്ട്. അതുകൊണ്ട് 3 (2)-ൽ (സി) ആയി ഈ വിഷയംകൂടി ചേർക്കണം. അത് ചേർക്കുമ്പോൾ '(സി)' ഇതുപ്രകാരമായിരിക്കും. "(സി) സർവ്വകലാശാലയിൽ പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന ജോലിയിൽ പ്രവേശിച്ച ജീവനക്കാരനെ സർവ്വീസിൽ നിന്നുംനീക്കം ചെയ്യുന്നതിന് തീരുമാനിക്കുന്നതിന് മുൻപായും;" എന്ന് ആ റൂളിൽ പറയുംപ്രകാരം ചേർത്താൽ ആ വിഷയം പി.എസ്.സി.-യുമായി കൺസൾട്ട് ചെയ്യേണ്ടതായിട്ടുണ്ടെന്ന് വരും. അതുകൊണ്ട് 178-ാമത്തെ ഭേദഗതിയെക്കുറിച്ചാണ് പറയാനുള്ളത്. ബാക്കിയെല്ലാം മൂവ് ചെയ്യുന്നു.

<u>ശ്രീമതി കെ. എസ്. സലീഖ</u>: ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

149. ഖണ്ഡം3 (1)-ൽ, "ഒരു സർവ്വകലാശാലയിലെ അനദ്ധ്യാപക" എന്നീ വാക്കുകൾക്കുപകരം "സംസ്ഥാനത്ത് ആകമാനമുള്ള സർവ്വകലാശാലകൾ, കല്പിത സർവ്വകലാശാലകൾ, വിദൂര പഠന കേന്ദ്രങ്ങൾ എന്നിവയിലെ അദ്ധ്യാപക/ അനദ്ധ്യാപക" എന്നീ വാക്കുകൾ ചേർക്കുക.

159. ഖണ്ഡം 3(2)-ൽ, "ഒരു സർവ്വകലാശാല" എന്ന വാക്കിനുപകരം "ഒരു സർവ്വകലാശാല/കല്പിത സർവ്വകലാശാല/വിദൂര പഠന കേന്ദ്രം" എന്നീ വാക്കുകൾ ചേർക്കുക.

165. ഖണ്ഡം 3(2)(എ), 3(2)(ബി) എന്നിവ താഴപ്പറയും പ്രകാരം മാറ്റുക:

"(എ) ഓരോ സർവ്വകലാശാലകളിലെയും അദ്ധ്യാപക തസ്തികകൾ യു.ജി.സി. മാനദണ്ഡ പ്രകാരം നേരിട്ടുള്ള നിയമനംവഴി നിയമനം പാലിക്കേണ്ട തത്വങ്ങൾ പാലിച്ച് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നടത്തുകയും മറ്റ് അനദ്ധ്യാപക തസ്തികകളിലേയ്ക്ക് നേരിട്ടുള്ള നിയമനംവഴി നിയമനം നടത്തുന്നതിന് പാലിക്കേണ്ട തത്വങ്ങളിൽമേലും അങ്ങനെയുള്ള നിയമനങ്ങളിലേക്കുള്ള ഉദ്യോഗാർത്ഥികളുടെ അനുയോജ്യത സംബന്ധിച്ചും;

(ബി) സംസ്ഥാനത്തെ മറ്റു കല്പിത സർവ്വകലാശാലകൾ/വിദൂര പഠന കേന്ദ്രങ്ങൾ എന്നിവയിലെ അദ്ധ്യാപക/അനദ്ധ്യാപക നിയമനങ്ങൾ ഭരണഘടന അനുശാസിക്കും പ്രകാരം നിലവിലെ കേന്ദ്ര/സംസ്ഥാനങ്ങൾ അനുശാസിക്കുന്ന നിയമന തത്വങ്ങൾ പാലിച്ചുമാത്രം കെ.പി.എസ്.സി. നിയമനം നടത്തേണ്ടുന്ന നടപടികൾ സ്വീകരിക്കുന്നതു സംബന്ധിച്ചും;"

193. ഖണ്ഡം 3(4) താഴെപ്പറയും പ്രകാരം മാറ്റുക:

"(4)അദ്ധ്യാപക/അനദ്ധ്യാപക നിയമനങ്ങളിന്മേൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷനും, സർവ്വകലാശാല/കല്പിത സർവ്വകലാശാല/വിദൂര പഠന കേന്ദ്രങ്ങൾ എന്നിവ തമ്മിൽ (2)-ാം ഉപവകുപ്പ് പ്രകാരമുള്ള ഏതെങ്കിലും ഒരു കാര്യത്തിൽ അഭിപ്രായ വ്യത്യാസം ഉണ്ടാകുന്നപക്ഷം സർവ്വകലാശാല/കല്പിത സർവ്വകലാശാല/വിദൂരപഠന കേന്ദ്രം, ആ കാര്യം സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ട് വരേണ്ടതും അതിന്മേലുള്ള സർക്കാർ തീരുമാനം പ്രസ്തുത സ്ഥാപനങ്ങളുടെ ചാൻസലർ ആയിട്ടുള്ള ഗവർണർക്ക് റഫർ ചെയ്യേണ്ടതും അതിന്മേലുള്ള ഗവർണറുടെ തീരുമാനം അന്തിമമായിരിക്കുന്നതുമാണ്."

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

150. ഖണ്ഡം 3(1)-ൽ, "അനദ്ധ്യാപക" എന്ന വാക്കിനുപകരം "അദ്ധ്യാപകേതര" എന്ന വാക്ക് ചേർക്കുക.

ശ്രീ. എം. ഹംസ: ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

151. ഖണ്ഡം3(1)ൽ, "തസ്തികയിലേക്ക്" എന്ന വാക്കിന് പകരം "തസ്തികകളിലേക്ക് " എന്ന വാക്ക് ചേർക്കുക.

189. ഖണ്ഡം 3(4)-ൽ, "സർവ്വകലാശാല ആ കാര്യം സർക്കാരിലേക്ക് റഫർ ചെയ്യേണ്ടതും അതിൻമേലുള്ള സർക്കാരിന്റെ തീരുമാനം അന്തിമമായിരിക്കുന്നതുമാണ് " എന്നതിനു പകരം "പബ്ലിക് സർവ്വീസ് കമ്മീഷന്റെ തീരുമാനം അന്തിമമായിരിക്കും" എന്നത് ചേർക്കേണ്ടതാണ്.

194. ഖണ്ഡം 3(4) ന്റെ ക്ലിപ്തനിബന്ധന ഒഴിവാക്കുക.

ശ്രീ. പി. കെ. ബഷീർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

153. ഖണ്ഡം 3 (1)-ൽ, "നിയമനംവഴി" എന്നതിനുപകരം "നിയമനരീതി പ്രകാരം" എന്നത് ചേർക്കുക.

ശ്രീ. എം. ഉമ്മർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

152. ഖണ്ഡം 3 (1)-ൽ, "തസ്തികയിലേക്ക്" എന്നതിനുപകരം" തസ്തികകളിലേക്ക് " എന്ന് ചേർക്കുക.

154. ഖണ്ഡം 3(1)-ൽ6, "സെലക്റ്റ് ലിസ്റ്റ്" എന്ന വാക്കിനുമുമ്പ് "ഉദ്യോഗാർത്ഥികളുടെ" എന്ന് ചേർക്കുക.

156. ഖണ്ഡം 3(1)-ൽ "സെലക്റ്റ് ലിസ്റ്റ്" എന്നതിനുപകരം "തെരഞ്ഞെടുപ്പ് പട്ടിക" എന്ന് ചേർക്കുക.

162. ഖണ്ഡം 3(2)(എ)-യിൽ, "നിയമനക്രമവുമായി" എന്ന വാക്കിനുമുൻപ് "നേരിട്ടുള്ള" എന്ന വാക്ക് ചേർക്കുക.

163. ഖണ്ഡം 3(2)(എ)-യിൽ, "നിയമനക്രമവുമായി" എന്ന വാക്കിനുപകരം "നിയമന നടപടിക്രമവുമായി" എന്ന് ചേർക്കുക.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

157. ഖണ്ഡം 3(1)-ൽ, "സെലക്റ്റ് ലിസ്റ്റ്"എന്ന വാക്കിനുപകരം "യോഗ്യതപ്പട്ടിക " എന്ന് ചേർക്കുക.

ശ്രീ. കെ. എം. ഷാജി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

161. ഖണ്ഡം 3(2)(എ)-യിൽ, "അനദ്ധ്യാപക" എന്നതിനുപകരം "അദ്ധ്യാപകേതര" എന്ന് ചേർക്കുക.

ശ്രീ. തോമസ് ഉണ്ണിയാടൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

164. ഖണ്ഡം 3(2)(എ)-യിൽ, "നിയമനക്രമവുമായി ബന്ധപ്പെട്ട" എന്നീ വാക്കുകൾക്ക് പകരം "നേരിട്ടുള്ള നിയമനം സംബന്ധിച്ച" എന്നീ വാക്കുകൾ ചേർക്കുക.

167. ഖണ്ഡം 3(2)(ബി)-യിൽ, "അനദ്ധ്യാപക തസ്തികകളിലേക്ക് " എന്നീ വാക്കുകൾക്ക് ശേഷം "ഉദ്യോഗസ്ഥരെയും ജീവനക്കാരെയും" എന്നീ വാക്കുകൾ ചേർക്കുക.

181. ഖണ്ഡം 3(3)-ൽ, "കമ്മീഷൻ" എന്ന വാക്ക് ഒഴിവാക്കുക.

183. ഖണ്ഡം 3(3)-ൽ, "ഉപദേശം" എന്ന വാക്കിന് ശേഷം "നല്കേണ്ടത് പബ്ലിക് സർവ്വീസ് കമ്മീഷന്റെ ചുമതലയായിരിക്കുന്നതുമാണ്" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. സി. മമ്മൂട്ടി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

166. ഖണ്ഡം 3(2)(ബി)-യിൽ, “അനദ്ധ്യാപക" എന്ന വാക്കിനു പകരം "അദ്ധ്യാപകേതര" എന്ന വാക്ക് ചേർക്കുക.

ശ്രീ. റ്റി. എ. അഹമ്മദ് കബീർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

172. ഖണ്ഡം 3(2)(ബി)-യിൽ, "നിയമനംവഴി" എന്ന വാക്കിനുപകരം "നിയമനരീതി പ്രകാരം" എന്നു ചേർക്കുക.

ശ്രീ. പി. ഉബൈദുള്ള : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

184. ഖണ്ഡം 3(4)-ൽ, "(2)-ാം ഉപവകുപ്പ് പ്രകാരമുള്ള ഒരു കാര്യത്തിൽ" എന്നതിനുപകരം" (2)-ാം ഉപവകുപ്പ് പ്രകാരമുള്ള ഒരു കാര്യത്തിലോ (3)-ാം ഉപവകുപ്പുപ്രകാരം നല്കുന്ന ഉപദേശം സംബന്ധിച്ചോ" എന്നത് ചേർക്കുക.

ശ്രീ. ഷാഫി പറമ്പിൽ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

188. ഖണ്ഡം 3(4)-ൽ, "കാര്യം" എന്ന വാക്കിന് പകരം "സംഗതി" എന്ന വാക്ക് ചേർക്കുക.

ശ്രീ. റ്റി. എൻ. പ്രതാപൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

197. ഖണ്ഡം 3(4)-ന്റെ ക്ലിപ്ത നിബന്ധനയിൽ, "കാര്യം" എന്നതിന് പകരം "സംഗതി" എന്ന് ചേർക്കുക.

ശ്രീ. കെ. ശിവദാസൻ നായർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

199. ഖണ്ഡം 3(4)-ന്റെ ക്ലിപ്തനിബന്ധന താഴെ പറയും പ്രകാരം മാറ്റുക:

"എന്നാൽ, പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഉപദേശത്തിനെതിരായി സർക്കാർ ഒരു തീരുമാനം എടുക്കുന്നതിന് മുമ്പ് അത് പബ്ലിക് സർവ്വീസ് കമ്മീഷന് റഫർ ചെയ്യേണ്ടതാണ്".

ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

200. ഖണ്ഡം 3(4)-ന്റെ ക്ലിപ്തനിബന്ധന താഴെപ്പറയും പ്രകാരം മാറ്റുക:

"എന്നാൽ സർക്കാർ (4)-ാം ഉപവകുപ്പ് പ്രകാരമുള്ള ഒരു തീരുമാനമെടുക്കുന്നതിനുമുമ്പ് ആ കാര്യത്തിൽ പബ്ലിക് സർവ്വീസ് കമ്മീഷന്റെ അഭിപ്രായം ആരായേണ്ടതാണ്".

മി. സ്പീക്കർ: മറ്റ് ഭേദഗതികൾ അവതരിപ്പിക്കേണ്ടതില്ല.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): സർ, ശ്രീ. എം. ഹംസ അവതരിപ്പിച്ച 151-ാം നമ്പർ ഭേദഗതി സ്വീകരിക്കാവുന്നതാണ്.

151. ഖണ്ഡം3(1)-ൽ, "തസ്തികയിലേക്ക്" എന്ന വാക്കിന് പകരം "തസ്തികകളിലേക്ക് " എന്ന വാക്ക് ചേർക്കുക.

ശ്രീ. കെ. എൻ. എ. ഖാദർ കൊണ്ടുവന്ന 178-ാം ഭേദഗതി ഇവിടെ അമെന്റ് ചെയ്യേണ്ട കാര്യമില്ല. കാരണം പി.എസ്.സി.-യുമായി ഉണ്ടാക്കുന്ന നിബന്ധനകളിൽ അത് വരും. മാത്രമല്ല, റൂൾസിലും അക്കാര്യങ്ങൾ വരും. അതുകൊണ്ട് ഇങ്ങനെതന്നെ നിലനിർത്തിയാൽ മതിയാകും. മറ്റു ഭേദഗതികളൊന്നും സ്വീകാര്യമല്ല.

മി. സ്പീക്കർ: മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 145, 158, 170, 180, 185 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എ. കെ. ബാലൻ അവതരിപ്പിച്ച 147, 169, 173 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 148, 155, 160, 171, 178, 179, 192 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീമതി കെ. എസ്. സലീഖ അവതരിപ്പിച്ച 149, 159, 165, 193 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന് അവതരിപ്പിച്ച 150-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. ഹംസ അവതരിപ്പിച്ച 189, 194 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. പി. കെ. ബഷീർ അവതരിപ്പിച്ച 153-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 152, 154, 156, 162, 163 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി അവതരിപ്പിച്ച 157-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. എം. ഷാജി അവതരിപ്പിച്ച 161-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. തോമസ് ഉണ്ണിയാടൻ അവതരിപ്പിച്ച 164, 167, 181, 183 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. സി. മമ്മൂട്ടി അവതരിപ്പിച്ച 166-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. റ്റി. എ. അഹമ്മദ് കബീർ അവതരിപ്പിച്ച 172-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള അവതരിപ്പിച്ച 184-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ഷാഫി പറമ്പിൽ അവതരിപ്പിച്ച 188-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. റ്റി. എൻ. പ്രതാപൻ അവതരിപ്പിച്ച 197-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. ശിവദാസൻ നായർ അവതരിപ്പിച്ച 199-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ അവതരിപ്പിച്ച 200-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമോയെന്ന പ്രശ്നത്തെ,

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ............

ഭേദഗതി ചെയ്ത പ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

മൂന്നാം വകുപ്പിനുശേഷമുള്ള പുതിയ വകുപ്പ്

ശ്രീ. എം. ഉമ്മർ: സർ, ഞാൻ താഴെപറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

201. ഖണ്ഡം 3-നുശേഷം താഴെപ്പറയുന്ന പുതിയ ഖണ്ഡം ചേർത്ത് ശേഷിക്കുന്നത് പുനരക്കം ചെയ്യുക:

"4. പ്രത്യേക വ്യവസ്ഥ:- ഉദ്യോഗാർത്ഥികളുടെ സെലക്റ്റ് ലിസ്റ്റ് തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട എല്ലാ നിയമനക്രമങ്ങളുടെയും ചെലവ് ബന്ധപ്പെട്ട സർവ്വകലാശാല വഹിക്കേണ്ടതാണ്."

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): സർ, പുതിയ വകുപ്പിന്റെ ആവശ്യമില്ല.

മി. സ്പീക്കർ: പ്രസ്തുത ഭേദഗതി ബില്ലിന്റെ ഭാഗമല്ലാത്തതിനാൽ അഡോപ്റ്റ് ചെയ്യേണ്ടതില്ല.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 201-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ബില്ലിന്റെ ഭാഗമല്ലാത്തതിനാൽ അഡോപ്റ്റ് ചെയ്യേണ്ടതില്ല.

നാലാം വകുപ്പ്

ശ്രീമതി കെ. എസ്. സലീഖ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

202. ഖണ്ഡം 4(1)-ൽ 'സർവ്വകലാശാലയുമായും' എന്ന വാക്കിനു പകരം "സർവ്വകലാശാലയുമായും/കല്പിത സർവ്വകലാശാലയുമായും/വിദൂര പഠന കേന്ദ്രവുമായും" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

203. ഖണ്ഡം 4(1)-ൽ "കൂടിയാലോചിച്ച്," എന്ന വാക്കിനും ചിഹ്നത്തിനും ശേഷമുള്ളവ ഒഴിവാക്കി താഴെപ്പറയുന്ന വാക്കുകളും ചിഹ്നവും ചേർക്കുക:

"ചട്ടങ്ങൾ ഉണ്ടാക്കാവുന്നതും അത് ഗസറ്റിൽ വിജ്ഞാപനം ചെയ്യേണ്ടതുമാണ്."

220. ഖണ്ഡം 4(2) (സി)-യ്ക്കുശേഷം ഇനിപ്പറയുന്ന ഇനങ്ങൾ ചേർക്കുക:

"(ഡി) പബ്ലിക് സർവ്വീസ് കമ്മീഷനും സർവ്വകലാശാലയും തമ്മിൽ അഭിപ്രായവ്യത്യാസമുണ്ടാകുന്ന സംഗതിയിൽ അനുവർത്തിക്കേണ്ട നടപടിക്രമം;

(ഇ) പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഉപദേശത്തിനെതിരായി തീരുമാനമെടുക്കുന്നതിന് മുൻപ് അനുവർത്തിക്കേണ്ട നടപടിക്രമം;"

ചട്ടങ്ങൾ ഉണ്ടാക്കുന്ന സമയത്ത് ചെയ്യേണ്ട പ്രവൃത്തികളെക്കുറിച്ച് നാലാം വകുപ്പിൽ (ഡി), (ഇ) എന്നീ രണ്ട് വ്യവസ്ഥകൾ ചേർക്കണമെന്നതാണ് എന്റെ 220-ാം നമ്പർ ഭേദഗതി. ചട്ടങ്ങൾ ഉണ്ടാക്കുമ്പോൾ ഏതെല്ലാം കാര്യങ്ങൾ വ്യവസ്ഥ ചെയ്യണമെന്നാണ് 4(2) വകുപ്പിൽ പറയുന്നത്. പ്രസ്തുത ചട്ടങ്ങളിൽ ഭേദഗതി നിർദ്ദേശിച്ച പ്രകാരമുള്ള വ്യവസ്ഥകൾകൂടി ഉണ്ടാകുന്നത് ഉചിതമായിരിക്കും. ചട്ടങ്ങളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് പബ്ലിക് സർവ്വീസ് കമ്മീഷനുമായി കൂടിയാലോചിക്കുന്നതിന് സർവ്വകലാശാല അനുവർത്തിക്കേണ്ടുന്ന നടപടിക്രമം, പബ്ലിക് സർവ്വീസ് കമ്മീഷനുമായി കൂടിയാലോചിക്കുന്ന ഉദ്യോഗസ്ഥന് ആനുഷംഗികമായ എന്തെങ്കിലും കാര്യം എന്നിവ 4(2)(സി) കഴിഞ്ഞ് ഞാൻ നിർദ്ദേശിച്ച (ഡി)-ഉം (ഇ)-ഉം ചേർക്കണമെന്നാണ് എന്റെ ഭേദഗതി.

<u>ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി:</u> സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

207. ഖണ്ഡം 4(1)-ൽ "ഉണ്ടാക്കാവുന്നതാണ്" എന്ന വാക്കിനുപകരം "പുറപ്പെടുവിക്കാവുന്നതാണ്" എന്ന വാക്ക് ചേർക്കുക.

<u>ശ്രീ. എ. കെ. ബാലൻ:</u> സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

210. ഖണ്ഡം 4(2)(എ)-യ്ക്കുശേഷം താഴെ പറയുന്ന ഇനം (ബി) ആയി ചേർക്കുകയും തുടർന്നുള്ളവ പുനഃക്രമീകരിക്കുകയും ചെയ്യുക:

"(ബി) നേരിട്ടുള്ള നിയമനത്തിന് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സെലക്ട് ലിസ്റ്റ് തയ്യാറാക്കുമ്പോൾ പാലിക്കേണ്ട സംവരണ തത്വങ്ങളും ആവശ്യം വരുന്ന സാഹചര്യത്തിൽ സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്താൻവേണ്ട വ്യവസ്ഥകൾ".

ചട്ടങ്ങൾ ഉണ്ടാക്കുമ്പോൾ സർവ്വകലാശാല കാണേണ്ട ചില കാര്യങ്ങളുണ്ട്. അത് ആക്ടിൽതന്നെ പറയുന്നതാണ് നല്ലത്. പി.എസ്.സി. വഴി നിയമനം നടത്തുമ്പോൾ സംവരണവും അതുപോലെതന്നെ എസ് സി./എസ് ടി. വിഭാഗങ്ങളെ യഥാസമയം ലഭിക്കാതെ വന്നാൽ സ്പെഷ്യൽ റിക്രൂട്ട്മെന്റ് ആവശ്യമാണ്. അത് ഇതിൽത്തന്നെ പെടുത്തുന്നതായിരിക്കും നല്ലത്. ഇല്ലെങ്കിൽ ജന്മത്തിൽ അത് ഉണ്ടാകുകയില്ല.

ശ്രീ. മോൻസ് ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

211. ഖണ്ഡം 4(2)(ബി)-യിൽ, "കൂടിയാലോചിക്കുന്ന ഉദ്ദേശ്യത്തിന് ആനുഷംഗികമോ ആവശ്യമോ ആയ" എന്നീ വാക്കുകൾക്ക് പകരം "കൂട്ടിച്ചേർക്കാവുന്നതായ" എന്ന വാക്ക് ചേർക്കുക.

217. ഖണ്ഡം 4(2)(സി)-യിൽ, "ഏതെങ്കിലും കാര്യം" എന്നീ വാക്കുകൾക്ക് പകരം "ഏതെങ്കിലുമൊരു കാര്യം" എന്നീ വാക്കുകൾ ചേർക്കുക.

224. ഖണ്ഡം 4(3)-ൽ, "ഉണ്ടാക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ" എന്നീ വാക്കുകൾക്ക് പകരം "വേണ്ട എന്ന് തീരുമാനിക്കുകയോ" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. പി. കെ. ബഷീർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

213. ഖണ്ഡം 4(2)(ബി)-യിൽ, "ആനുഷംഗികമോ" എന്ന വാക്കിനുപകരം "ഉചിതമോ" എന്ന വാക്ക് ചേർക്കുക.

ശ്രീ. എം. ഉമ്മർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

214. ഖണ്ഡം 4(2)(ബി)-യിൽ "കാര്യം;" എന്ന വാക്കിനും ചിഹ്നത്തിനും പകരം "കാര്യവും വ്യവസ്ഥ ചെയ്യാവുന്നതാണ്;" എന്നീ വാക്കുകളും ചിഹ്നങ്ങളും ചേർക്കുക.

219. ഖണ്ഡം 4(2)(സി) ചുവടെ ചേർക്കുംപ്രകാരം മാറ്റുക:

"(സി) എന്നാൽ പൊതുവായതോ ഏതെങ്കിലും പ്രത്യേക സംഗതിയിലോ പ്രത്യേക സാഹചര്യങ്ങളിലോ പബ്ലിക് സർവ്വീസ് കമ്മീഷനുമായി കൂടിയാലോചിക്കേണ്ടതില്ലാത്ത കാര്യങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കുന്ന ചട്ടങ്ങൾ;"

221. ഖണ്ഡം 4(3)-ൽ, "ആക്റ്റിൻ" എന്ന വാക്കിനുപകരം "ആക്റ്റിന്റെ" എന്ന വാക്ക് ചേർക്കുക.

223. ഖണ്ഡം 4(3)-ൽ, "ഉണ്ടാക്കേണ്ടതില്ലെന്ന്" എന്ന വാക്കിനു പകരം" "റദ്ദ് ചെയ്യാൻ" എന്ന വാക്ക് ചേർക്കുക.

221-ൽ, ഈ ആക്ടിൻകീഴിലുണ്ടാക്കിയ എന്നല്ല വേണ്ടത്. ആക്ടിന്റെ കീഴിലുണ്ടാക്കിയ എന്നാണ് വേണ്ടത്. ആക്ടിൻകീഴിലുണ്ടാക്കിയ എന്നത് ശരിയായ പ്രയോഗമല്ല. 223-ൽ, അപ്രകാരം ഏത് സമ്മേളനത്തിൽ വയ്ക്കുകയോ ആ സമ്മേളനമോ തൊട്ടടുത്തുവരുന്ന സമ്മേളനമോ അവസാനിക്കുന്നതിനുമുമ്പ്

നിയമസഭ ആ ചട്ടത്തിൽ ഏതെങ്കിലും രൂപഭേദം വരുത്തുകയോ അല്ലെങ്കിൽ ആ ചട്ടം ഉണ്ടാക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ, ചട്ടം ഉണ്ടായിക്കഴിഞ്ഞ്, പിന്നെ ചട്ടം ഉണ്ടാക്കേണ്ടതില്ലെന്ന് പറയേണ്ടല്ലോ; ഒരിക്കൽ ചട്ടം ഉണ്ടാക്കിക്കഴിഞ്ഞാൽ പിന്നീട് അത് റദ്ദ് ചെയ്യുകയാണ് ചെയ്യുന്നത്. അതുകൊണ്ട് ചട്ടം ഉണ്ടാക്കേണ്ടതില്ലെന്നുള്ള തീരുമാനമല്ല വേണ്ടത്. അങ്ങനെ വരുകയാണെങ്കിൽ ചട്ടം റദ്ദാക്കുകയോ എന്നുള്ളതാണ് വേണ്ടത്. അങ്ങനെ വരുമ്പോൾ ഈ ചട്ടം റദ്ദാക്കാൻ തീരുമാനിക്കുകയോ എന്നതാണ് എന്റെ ഭേദഗതി.

<u>ശ്രീ. വി. റ്റി. ബൽറാം:</u> സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

215. ഖണ്ഡം 4(2)(ബി)-യിൽ "കാര്യം" എന്ന വാക്കിന് പകരം "സംഗതി" എന്ന വാക്ക് ചേർക്കുക.

<u>ശ്രീ. സണ്ണി ജോസഫ്:</u> സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

218. ഖണ്ഡം <u>4(2)(സി)-യിൽ "കാര്യം"</u> എന്ന വാക്കിന് പകരം "സംഗതി" എന്ന വാക്ക് ചേർക്കുക.

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്:</u> സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

225. ഖണ്ഡം 4(3)-ൽ, “ഉണ്ടാക്കേണ്ടതില്ലെന്ന്" എന്ന വാക്കിനുപകരം "ആവശ്യമില്ലെന്ന്" എന്നും "പ്രാബല്യമില്ലാതിരിക്കുകയോ ചെയ്യുന്നതും ആകുന്നു" എന്നീ വാക്കുകൾക്ക് പകരം "പ്രാബല്യവുമില്ലാതായിത്തീരുകയോ ചെയ്യുന്നതുമാകുന്നു" എന്നീ വാക്കുകളും ചേർക്കുക.

<u>മി. സ്പീക്കർ:</u> മിനിസ്റ്റർ ഏതെങ്കിലും ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി <u>(ശ്രീ. പി. കെ. അബ്ദു റബ്ബ്):</u> സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

<u>മി. സ്പീക്കർ:</u> ശ്രീമതി കെ. എസ്. സലീഖ അവതരിപ്പിച്ച 202-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 203, 220 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി അവതരിപ്പിച്ച 207-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. എ. കെ. ബാലൻ അവതരിപ്പിച്ച 210-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 211, 217, 224 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. പി. കെ. ബഷീർ അവതരിപ്പിച്ച 213-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 214, 219, 221, 223 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. വി. റ്റി. ബൽറാം അവതരിപ്പിച്ച 215-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. സണ്ണി ജോസഫ് അവതരിപ്പിച്ച 218-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന് അവതരിപ്പിച്ച 225-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമോയെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ ...........

പ്രതികൂലിക്കുന്നവർ ..........

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

അഞ്ചാം വകുപ്പ്

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

227. ഖണ്ഡം 5(2)-ൽ, "കാര്യമോ" എന്ന വാക്കിനുശേഷം "കാര്യങ്ങളോ" എന്ന വാക്കും "നടപടിയോ" എന്ന വാക്കിനുശേഷം "നടപടികളോ" എന്ന വാക്കും ചേർക്കുക.

മി. സ്പീക്കർ: മിനിസ്റ്റർ ഭേദഗതി സ്വീകരിക്കുന്നുണ്ടോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): സർ, ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 227-ാം നമ്പർ ഭേദഗതി സ്വീകരിക്കാവുന്നതാണ്.

227. ഖണ്ഡം 5(2)-ൽ, "കാര്യമോ" എന്ന വാക്കിനുശേഷം "കാര്യങ്ങളോ" എന്ന വാക്കും "നടപടിയോ" എന്ന വാക്കിനുശേഷം "നടപടികളോ" എന്ന വാക്കും ചേർക്കുക.

മി. സ്പീക്കർ: മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമോയെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ ...........

പ്രതികൂലിക്കുന്നവർ ..........

ഭേദഗതി ചെയ്ത പ്രകാരമുള്ള അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ഒന്നാം വകുപ്പും പീഠികയും പേരും

ശ്രീ. മോൻസ് ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

108. ശീർഷകത്തിൽ "സർവ്വകലാശാലകളെ സംബന്ധിച്ച" എന്നീ വാക്കുകൾക്ക് പകരം "സർവ്വകലാശാലകളുമായി ബന്ധപ്പെട്ട" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീമതി കെ. എസ്. സലീഖ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

110. ശീർഷകം താഴെ പറയും പ്രകാരം മാറ്റുക:

"2015-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (സർവ്വകലാശാലകൾ/ കല്പിത സർവ്വകലാശാലകൾ/വിദൂരപഠന കേന്ദ്രങ്ങൾ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബിൽ".

111. ദീർഘശീർഷകത്തിൽ, "സർവ്വകലാശാലകളുടെകീഴിലുള്ള" എന്നീ വാക്കുകൾക്കുപകരം "സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സർവ്വകലാശാലകൾ, കല്പിത സർവ്വകലാശാലകൾ, വിദൂരപഠന കേന്ദ്രങ്ങൾ എന്നിവയിൻകീഴിലുള്ള അദ്ധ്യാപക/അനദ്ധ്യാപക" എന്നീ വാക്കുകൾ ചേർക്കുക.

114. ദീർഘശീർഷകത്തിൽ, 'സർവ്വീസുകൾ' എന്ന വാക്കിനുപകരം "സേവന മേഖലകൾ" എന്നീ വാക്കുകൾ ചേർക്കുക.

118. പീഠികയിൽ, “സർവ്വകലാശാലകളുടെകീഴിലുള്ള" എന്നീ വാക്കുകൾക്ക് പകരം "സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സർവ്വകലാശാലകൾ, കല്പിത സർവ്വകലാശാലകൾ, വിദൂരപഠന കേന്ദ്രങ്ങൾ എന്നിവയിൻ കീഴിലുള്ള അദ്ധ്യാപക/അനദ്ധ്യാപക" എന്നീ വാക്കുകൾ ചേർക്കുക.

120. പീഠികയിൽ, 'സർവ്വീസുകൾ' എന്ന വാക്കിനുപകരം "സേവന മേഖലകൾ" എന്നീ വാക്കുകൾ ചേർക്കുക.

123. പീഠികയിൽ, “കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ചില കൂടുതൽ ചുമതലകൾ നിർവ്വഹിക്കുന്നതിന്" എന്നീ വാക്കുകൾക്കുപകരം "സംസ്ഥാനത്ത് നാളിതുവരെ നിയമന അധികാരങ്ങൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഭാഗമല്ലാത്തതിനാൽ ഭരണഘടന 321-ാം അനുച്ഛേദം ഫലവത്താക്കാൻ കേരള പബ്ലിക് സർവ്വീസ് കമ്മീഷന് കൂടുതൽ ചുമതലകൾ" എന്നീ വാക്കുകൾ ചേർക്കുക.

125. പീഠികയിൽ, 'ചില കൂടുതൽ' എന്നീ വാക്കുകൾക്ക് പകരം "ഭരണഘടനാപരമായ" എന്ന വാക്ക് ചേർക്കുക.

129. ഖണ്ഡം 1(1) താഴെ പറയും പ്രകാരം മാറ്റുക:

“ഈ ആക്റ്റിന് 2015-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (സർവ്വകലാശാലകൾ/കല്പിത സർവ്വകലാശാലകൾ/വിദൂരപഠന കേന്ദ്രങ്ങൾ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ആക്റ്റ് എന്ന് പേര് പറയാം.”

ഞാൻ അവതരിപ്പിച്ച 125-ാം നമ്പർ ഭേദഗതി, പീഠികയിൽ, 'ചില കൂടുതൽ' എന്നീ വാക്കുകൾക്കുപകരം "ഭരണഘടനാപരമായ" എന്ന വാക്ക് ചേർക്കുന്നതായിരിക്കും ഒന്നുകൂടി നന്നാകുക എന്നുള്ള ഒരഭിപ്രായമുണ്ട്.

<u>ശ്രീ. എം. ഉമ്മർ:</u> സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

113. ദീർഘശീർഷകത്തിൽ, “സർവ്വീസുകൾ" എന്ന വാക്കിനുമുൻപ് "അനദ്ധ്യാപക തസ്തികകളിലെ" എന്നീ വാക്കുകൾ ചേർക്കുക.

115. ദീർഘശീർഷകത്തിൽ, “ചില കൂടുതൽ" എന്നീ വാക്കുകൾക്ക് പകരം "പ്രത്യേക" എന്ന വാക്ക് ചേർക്കുക.

121. പീഠികയിൽ, “സർവ്വീസുകൾ" എന്ന വാക്കിനുമുൻപ് "അനദ്ധ്യാപക തസ്തികകളിലെ" എന്നീ വാക്കുകൾ ചേർക്കുക.

124. പീഠികയിൽ, “ചില കൂടുതൽ" എന്നീ വാക്കുകൾക്കുപകരം "പ്രത്യേക" എന്ന വാക്ക് ചേർക്കുക.

<u>ശ്രീ. കെ. എൻ. എ. ഖാദർ:</u> സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

122. പീഠികയിൽ, “സർവ്വീസുകൾ" എന്ന വാക്കിനുപകരം "അനദ്ധ്യാപക നിയമനങ്ങളും സേവന വ്യവസ്ഥകളും" എന്നീ വാക്കുകൾ ചേർക്കുക.

127. ഖണ്ഡം 1(1)-ൽ, “ആക്റ്റിന്" എന്ന വാക്കിന് പകരം "നിയമത്തിന്" എന്ന വാക്കും "ആക്റ്റ്" എന്ന വാക്കിന് പകരം "നിയമം" എന്ന വാക്കും ചേർക്കുക.

132. ഖണ്ഡം 1(2) താഴെപ്പറയും പ്രകാരം മാറ്റുക:

“(2) ഇതിന് 2015 സെപ്റ്റംബർ 29-ാം തീയതി മുതൽ പ്രാബല്യ മുണ്ടായിരിക്കുന്നതാണ്.”

<u>ശ്രീ. എം. ഹംസ:</u> സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

130. ഖണ്ഡം 1(2)-ൽ, “2015 സെപ്റ്റംബർ 29-ാം തീയതി" എന്നതിനു പകരം "നിയമസഭ പാസ്സാക്കുന്ന തീയതി മുതൽ" എന്ന് ചേർക്കുക.

<u>ശ്രീ. എ. കെ. ബാലൻ:</u> സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

131. ഖണ്ഡം 1(2)-ൽ, “2015 സെപ്റ്റംബർ 29-ാം തീയതി" എന്നതിനു പകരം "ഉടനടി" എന്ന വാക്ക് ചേർക്കുക.

<u>മി. സ്പീക്കർ:</u> മിനിസ്റ്റർ ഏതെങ്കിലും ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി <u>(ശ്രീ. പി. കെ. അബ്ദു റബ്ബ്):</u> സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല. ഞാൻ താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു:

ഒന്നാം വകുപ്പിന്റെ ചുരുക്കപ്പേരും പ്രാരംഭവും, 'സർവ്വകലാശാലകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ' എന്നീ വാക്കുകൾക്ക് പകരം "സർവ്വകലാശാലകളുടെ കീഴിലുള്ള സർവ്വീസുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ" എന്നീ വാക്കുകൾ ചേർക്കണം.

<u>മി. സ്പീക്കർ:</u> മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 108-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീമതി കെ. എസ്. സലീഖ അവതരിപ്പിച്ച 110, 111, 114, 118, 120, 123, 125, 129 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 113, 115, 121, 124 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 122, 127, 132 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. എം. ഹംസ അവതരിപ്പിച്ച 130-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. എ. കെ. ബാലൻ അവതരിപ്പിച്ച 131-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കാമോയെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ ...........

പ്രതികൂലിക്കുന്നവർ ..........

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്) : സർ, ശീർഷകത്തിൽ ഒരു മാറ്റമുണ്ട്. ബില്ലിന്റെ ശീർഷകത്തിൽ ബില്ലിന്റെ പേരാണ് നൽകിയിട്ടുള്ളത്. അത് നിയമസഭാ ഗസറ്റിൽ പ്രസിദ്ധീകരിച്ച പ്രകാരം ബഹുമാനപ്പെട്ട ഗവർണറുടെ അനുമതി ലഭിക്കുന്നതുവരെ അതേ പേരിൽ തുടരേണ്ടതും ബില്ലിന്റെ ചുരുക്കപ്പേരിൽ ഭേദഗതി വരുന്നപക്ഷം അതിനനുസൃതമായി ആക്റ്റ് ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുമ്പോൾ മാത്രം ആക്റ്റിന്റെ ശീർഷകമായി ചേർക്കാവുന്നതുമാണ്. ബില്ലിന്റെ ചുരുക്കപ്പേരിനുള്ള ഭേദഗതി ഒന്നാം വകുപ്പ് പരിഗണിക്കുമ്പോൾ ഞാൻ ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിച്ചിട്ടുണ്ട്.

2015-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (സർവ്വകലാശാലകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

<u>മി. സ്പീക്കർ:</u> 2015-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (സർവ്വകലാശാലകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ...........

പ്രതികൂലിക്കുന്നവർ ..........

2015-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (സർവ്വകലാശാലകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

2015-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (സർവ്വകലാശാലകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബിൽ പാസ്സായിരിക്കുന്നു.

## <u>2. 2015-ലെ കൂലി കൊടുക്കൽ (കേരള ഭേദഗതി) ബിൽ</u>

തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി (<u>ശ്രീ. ഷിബു ബേബി ജോൺ</u>): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2015-ലെ കൂലി കൊടുക്കൽ (കേരള ഭേദഗതി) ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (<u>ശ്രീ. കെ. പി. മോഹനൻ</u>): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

<u>ശ്രീ. എ. കെ. ബാലൻ</u>: സർ, ഞാൻ വിയോജിപ്പ് രേഖപ്പെടുത്തുന്നു. ഈ ഭേദഗതി ബില്ലിന്റെ പ്രധാനപ്പെട്ട ഉദ്ദേശ്യം, തൊഴിലാളികളുടെ സമ്മതമില്ലാതെ തന്നെ അവരവരുടെ വേതനം ചെക്കായിട്ടോ ബാങ്ക് അക്കൗണ്ട് വഴിയോ കൃത്യസമയത്ത് ലഭ്യമാക്കുക എന്നുള്ളതാണ്. ഈ ഭേദഗതി ഇല്ലെങ്കിലും തൊഴിലാളി ഓപ്ഷൻ കൊടുത്തുകഴിഞ്ഞാലും ഫലം ഒന്നുതന്നെയാണ്. അനാവശ്യമായിട്ടുള്ളൊരു ഭേദഗതിയാണ്, ഇതുകൊണ്ട് പ്രത്യേക കാര്യമൊന്നും കിട്ടാൻ പോകുന്നില്ല. പക്ഷേ ഈ മേഖലയുമായി ബന്ധപ്പെട്ടുകൊണ്ട് ഫലപ്രദമായ നിരവധി ഭേദഗതികൾ കൊണ്ടുവരാൻ സാധിക്കും. ബഹുമാനപ്പെട്ട അങ്ങ് കൈകാര്യം ചെയ്യുന്നത് കേരളത്തിലെ അധ്വാനിക്കുന്നവന്റെ, പാവപ്പെട്ടവന്റെ ഒരു വകുപ്പാണെന്നുള്ളതുകൊണ്ടാണ് ഞാൻ ഇത് പറയുന്നത്. സംസ്ഥാനത്തെ വിവിധ മേഖലകളിലുള്ള തൊഴിലാളികൾ നേരിടുന്ന പ്രധാനപ്പെട്ട പ്രശ്നം തുച്ഛ വേതനത്തിൽ 12 മണിക്കൂറിലധികം ജോലി ചെയ്യേണ്ടിവരുന്നു എന്നതാണ്. പീടികത്തൊഴിലാളി, മരുന്നു കടകളിലെ ജീവനക്കാർ, തോട്ടം തൊഴിലാളികൾ, സെക്യൂരിറ്റി ജീവനക്കാർ, ഗാർഹിക തൊഴിലാളികൾ തുടങ്ങി ഐ.ടി.

മേഖലയിലെവരെ സ്ഥിതി വിഭിന്നമല്ല. അവ പരിഹരിക്കുന്നതിനായി എന്തെങ്കിലും നടപടി എടുക്കുന്നതിൽനിന്ന് ശ്രദ്ധതിരിക്കാനാണ് ബഹുമാനപ്പെട്ട മന്ത്രി ശ്രമിക്കുന്നതെങ്കിൽ അതിൽ ഞാൻ കുറ്റപ്പെടുത്തുന്നില്ല.

വേതനം അക്കൗണ്ട് വഴിയോ ചെക്കായോ നൽകിയാലും അത് ന്യായമായ വേതനമാണോ എന്ന് പരിശോധിക്കണമെങ്കിൽ ആദ്യമായി വേണ്ടത് ന്യായമായ വേതനം നിശ്ചയിക്കുകയാണ്. അക്കാര്യത്തിൽ നടപടി എടുക്കാതെ വേതനം അക്കൗണ്ട് വഴിയാക്കുന്നതുകൊണ്ട് പ്രത്യേക പ്രയോജനമൊന്നുമില്ല. തൊഴിലുടമകളുടെയോ തൊഴിലാളിയുടെയോ അക്കൗണ്ട് പരിശോധിക്കാൻ നിയമത്തിൽ വ്യവസ്ഥ ചെയ്യാത്ത സാഹചര്യത്തിൽ ബില്ലിലെ വ്യവസ്ഥയ്ക്ക് ഒരു പ്രായോഗികതയും അർത്ഥവുമില്ല. തൊഴിൽ വകുപ്പിന്റെ കണക്കുപ്രകാരംതന്നെ മിനിമം വേതനം നിശ്ചയിച്ചിരിക്കുന്ന 72 മേഖലകളിൽ 68 എണ്ണത്തിലും അത് നിശ്ചയിച്ചിട്ടുള്ളത് 2008-2011 കാലഘട്ടത്തിലാണ്. 3 വർഷംകൂടുമ്പോൾ പുതുക്കേണ്ട മിനിമം വേതനം പുതുക്കിയിട്ട് 4 വർഷം മുതൽ 7 വർഷം വരെയായി. അതിഭീമമായ വിലക്കയറ്റവും മൂല്യശോഷണവും കൊണ്ടുണ്ടായ വേതനശോഷണം പരിഹരിക്കാൻ നടപടി എടുക്കാതെ തുച്ഛമായിക്കിട്ടുന്ന ഈ വേതനം ബാങ്കിലൂടെ കൊടുക്കണോ അല്ല ക്യാഷായിട്ട് കൊടുക്കണോ എന്നുള്ളതാണ് പ്രധാനമായി ബഹുമാനപ്പെട്ട മന്ത്രി ഇവിടെ ഒരു ഭേദഗതിയായി കൊണ്ടുവന്നത്. ഈ സർക്കാർ മിനിമം വേതനം പുതുക്കിയ 4 മേഖലകളിൽ ഒന്നായ തോട്ടം മേഖല എടുത്താൽ തൊഴിലാളി സമരഫലമായുണ്ടായ സമ്മർദ്ദത്തെതുടർന്നുനടന്ന അനുരഞ്ജന ചർച്ചയ്ക്ക് മുമ്പായി വകുപ്പുമന്ത്രി തൊഴിലുടമകൾക്ക് അനുകൂലമായി നടത്തിയ പരസ്യ പ്രസ്താവനകൾ വേതന വർദ്ധനവിനായുള്ള തൊഴിലാളികളുടെ ആവശ്യത്തെ പ്രതികൂലമായി ബാധിച്ചു. വർദ്ധന നാമമാത്രമായി ഒതുങ്ങി. ഇതിന്റെ പേരിൽ തോട്ടം ഉടമകൾ ഭീമമായ ആനുകൂല്യങ്ങൾ സർക്കാരിൽനിന്നും ആവശ്യപ്പെടുകയും ചെയ്തു. തോട്ടം ഉടമകൾക്കുവേണ്ടി പരസ്യമായിവാദിച്ച തൊഴിൽവകുപ്പ് തൊഴിലാളികളുടെ വാസസ്ഥലത്തിന്റെ ശോച്യാവസ്ഥ പരിഹരിക്കാനോ ചികിത്സാസൗകര്യങ്ങൾ ഒരുക്കാനോ തയ്യാറായില്ല. തോട്ടം ഉടമകൾ വൻ നഷ്ടത്തിലാണെങ്കിൽ തൊഴിലാളി താൽപര്യം സംരക്ഷിക്കുന്നതിനായി നഷ്ടത്തിലുള്ള തോട്ടങ്ങൾ ഏറ്റെടുത്ത് പ്ലാന്റേഷൻ കോർപ്പറേഷന്റെകീഴിലോ അല്ലെങ്കിൽ ദിനേശ് ബീഡി സഹകരണ സംഘം മാതൃകയിൽ സഹകരണ സംഘത്തെ ഏൽപ്പിക്കുകയോ ചെയ്യണം. ഇവിടെ ലക്ഷക്കണക്കിന് ഏക്കർ ഭൂമിയാണ് അനധികൃതമായി കേരളത്തിലെ ഭൂവുടമകൾ കൈവശം വച്ചിട്ടുള്ളത്. ബഹുമാനപ്പെട്ട ഡി.ഐ.ജി. ശ്രീ. ശ്രീജിത്, മനുഷ്യാവകാശ കമ്മീഷന്റെ ഒരു പെറ്റീഷന്റെ ഭാഗമായി അന്വേഷണം നടത്തി. 5 ലക്ഷത്തിൽ കൂടുതൽ ഏക്കർ

ഭൂമി അനധികൃതമായി തോട്ടം ഉടമകൾ കൈവശം വച്ചിട്ടുണ്ടെന്നാണ് കാണുന്നത്. പ്ലാന്റേഷനുമായി ബന്ധപ്പെട്ടുകൊണ്ട് ഞാൻ തന്നെ ഇവിടെയൊരു അടിയന്തരപ്രമേയം കൊണ്ടുവന്നിരുന്നു. ശ്രീ. ടി. എൻ. പ്രതാപൻ എം.എൽ.എ.-യൊക്കെ അതിന് സഹായിച്ചതാണ്. പോപ്സൺ കരുണാ എസ്റ്റേറ്റ്, യഥാർത്ഥത്തിൽ അത് റവന്യൂ ഭൂമിയാണ്. അത് ലീസിന് കൊടുത്ത് ആ ലീസിന്റെ ടൈം ടെർമിനേഷൻ കഴിയുന്നതിന് മുൻ തീറാധാരം കൊടുക്കുകയാണ്. ഇത് തനി വെട്ടിപ്പാണ്. അതുമായി ബന്ധപ്പെട്ടുകൊണ്ട് ഞാനിവിടെ ക്രമപ്രശ്നം കൊണ്ടുവന്നു. പിന്നീട് ഗവൺമെന്റ് തന്നെ രണ്ട് തലത്തിൽ അന്വേഷിച്ചു. അവസാനം അന്നത്തെ ലാന്റ് ബോർഡ് സെക്രട്ടറി ശ്രീമതി മേരിക്കുട്ടി ഐ.എ.എസ്. അന്വേഷിച്ച് നമ്പർ വൺ റിപ്പോർട്ട് കൊടുത്തു. ആ റിപ്പോർട്ട് പ്രകാരം അവർ പറഞ്ഞു, ഇത് ശരിക്കുള്ള മാനിപ്പുലേഷനാണ്. ഭൂപരിഷ്കരണ നിയമം ഹിറ്റ് ചെയ്യുന്നതാണ് ഇത്. ഈ ഭൂമി തിരിച്ചു പിടിക്കേണ്ടതാണ്. 1963-ലെ കേരള ഭൂപരിഷ്കരണ നിയമത്തിലെ 72-ാം വകുപ്പ് പ്രകാരം ഈ ഭൂമി സർക്കാരിൽ നിക്ഷിപ്തമാണ്. ഭൂപരിഷ്കരണ നിയമത്തിന്റെ വ്യക്തമായ ലംഘനമാണ് നടന്നതെന്ന് അവർ റിപ്പോർട്ട് കൊടുത്തു. എന്നുമാത്രമല്ല, ഈ മാനിപ്പുലേഷന് കൂട്ടുനിന്ന ആളുകളെ നിയമത്തിന്റെ മുൻപിൽ കൊണ്ടുവരാനും ശിക്ഷിക്കാനും സമയബന്ധിതമായി നടപടി സ്വീകരിക്കണമെന്നും അവർ റിപ്പോർട്ട് കൊടുത്തിട്ടും ഇന്നേവരെ ആ ഭൂമി ഏറ്റെടുത്തില്ലെന്നുമാത്രമല്ല, ഉടമയ്ക്ക് കോടതിയിൽ പോകുന്നതിനും സ്റ്റേ വാങ്ങുന്നതിനുമുള്ള സാവകാശം കൊടുത്തു. ഈ രൂപത്തിൽ നെല്ലിയാമ്പതിയിലും ഇടുക്കിയിലും കേരളത്തിലെ നിരവധി പ്രദേശങ്ങളിലെ ഭൂമിയായാലും ഇതാണ് സ്ഥിതി. കേരള ഭൂപരിഷ്കരണ നിയമത്തിൽനിന്ന് ഈ പ്ലാന്റേഷൻ ഉടമകളെ എക്സംപ്റ്റ് ചെയ്തത് എന്തിനുവേണ്ടിയായിരുന്നു; അത് തോട്ടം ഉടമകൾക്ക് ക്യാപിറ്റൽ ഉണ്ടാക്കാൻ വേണ്ടിയല്ല, അവിടെ പണിയെടുക്കുന്ന തൊഴിലാളികളുടെ സംരക്ഷണംകൂടി ഉറപ്പുവരുത്താനാണ്. അത് ഉറപ്പുവരുത്തുന്നില്ലെന്ന് മാത്രമല്ല, ഈ രൂപത്തിൽ കൊടുത്ത ഭൂമി ലീസ് പിരീഡ് കഴിഞ്ഞിട്ടും അനധികൃമായമായി കൈവശം വയ്ക്കുന്നു. ലീസ് പിരീഡിന്റെ ഉള്ളിൽതന്നെ ലീസുമായി ബന്ധപ്പെട്ടുകൊണ്ടുള്ള എല്ലാ കണ്ടീഷൻസിനേയും അവർ വയലേറ്റ് ചെയ്യുകയാണ്. യഥാർത്ഥത്തിൽ ആയിരക്കണക്കിന് ഏക്കർ ഭൂമിയാണ് അവർ കൈവശം വയ്ക്കുന്നത്. ഞാൻ ചോദിക്കട്ടെ, നാളികേര കൃഷിക്കാരും നെൽകൃഷിക്കാരനുമൊക്കെ 15 ഏക്കർ കഴിഞ്ഞാൽ ഭൂമി വിട്ടുകൊടുക്കണമല്ലോ. പ്ലാന്റേഷൻ ഉടമകൾ ആ പരിധിയിൽ വരാതിരുന്നത് അതിന്റെ ഏകീകൃതവും സംഘടിതവുമായ വ്യവസായത്തിന്റെ രൂപം മാറുകയും തൊഴിലാളികൾ സംരക്ഷിക്കപ്പെടില്ലെന്നും തൊഴിലാളികളുടെ തൊഴിലിന് ഉറപ്പുണ്ടാവില്ലെന്നും ഉള്ളതുകൊണ്ടാണ് ലാന്റ് സീലിംഗിൽനിന്ന് ഇവരെ എക്സംപ്റ്റ്

ചെയ്ത് കൊടുത്തത്. അല്ലാതെ അവന്റെ ഔദാര്യത്തിനുവേണ്ടിയല്ല. ആ ഭൂമിയിലാണ് ഇവരിപ്പോൾ തിരിമറി നടത്തുന്നത്. ഇതിനെ സംബന്ധിച്ച് ശ്രീമതി നിവേദിത പി. ഹരൻ ഐ.എ.എസ്., ശ്രീമതി മേരിക്കുട്ടി ഐ.എ.എസ്, ഡി.ഐ.ജി. ശ്രീ. ശ്രീജിത്ത് എന്നിവരുടെ റിപ്പോർട്ടുകൾ ഗവൺമെന്റിന്റെ കയ്യിലുണ്ട്. ശ്രീ. ശ്രീജിത്തിന്റെ റിപ്പോർട്ട് കിട്ടിയതിനുശേഷം ഞാൻ ഒരു ചോദ്യം ബഹുമാനപ്പെട്ട റവന്യൂവും കയറും വകുപ്പുമന്ത്രി ശ്രീ. അടൂർ പ്രകാശിനോട് ചോദിച്ചിരുന്നു. "മനുഷ്യാവകാശ കമ്മീഷന്റെ നിർദ്ദേശപ്രകാരം സംസ്ഥാനത്തെ ഭൂമി കയ്യേറ്റങ്ങളെ സംബന്ധിച്ച് ക്രൈം ബ്രാഞ്ച് ഐ.ജി. കണ്ടെത്തിയ വിവരങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉത്തരം, വിവരം ശേഖരിച്ചു വരുന്നു. പ്രസ്തുത വിവരങ്ങളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; റിപ്പോർട്ടിലെ കണ്ടെത്തലുകൾ എന്തെല്ലാമാണ്; റിപ്പോർട്ടിന്റെ കോപ്പി ലഭ്യമാക്കാമോ; ഉത്തരം, വിവരം ശേഖരിച്ചുവരുന്നു. പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മനുഷ്യാവകാശ കമ്മീഷൻ എന്തെങ്കിലും ഉത്തരവ് നൽകിയിട്ടുണ്ടോ; പ്രസ്തുത ഉത്തരവ് സർക്കാർ പാലിച്ചിട്ടുണ്ടോ; എങ്കിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ; ഉത്തരം, വിവരം ശേഖരിച്ചുവരുന്നു. പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പോലീസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തു; എവിടെയെല്ലാം; പ്രതിപ്പട്ടികയിലുള്ള കയ്യേറ്റക്കാരുടെ പേരുകളുടെ വിശദാംശം വ്യക്തമാക്കാമോ? ഉത്തരം, വിവരം ശേഖരിച്ചുവരുന്നു." ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി തന്നെ ഇവിടെ പറഞ്ഞിട്ടുണ്ട്, കുറേ കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന്. അതുപോലും റവന്യൂ വകുപ്പ് മൂടിവയ്ക്കുകയാണ്. ഞാൻ പറയുന്നത്, നമ്മുടെ പ്ലാന്റേഷൻ മേഖലയിലെ ഭൂമിതട്ടിപ്പുമായി ബന്ധപ്പെട്ടുകൊണ്ട് കാലാകാലങ്ങളായി മാറിവന്ന സർക്കാരുകൾ, അതിൽ ഏറ്റക്കുറച്ചിലുണ്ടാകും. ഞാൻ ഏതെങ്കിലും ഒരു സർക്കാരിനെ മാത്രം കുറ്റപ്പെടുത്തുന്നില്ല. ഉദ്യോഗസ്ഥൻമാരെയും അഡ്വക്കേറ്റ് ജനറലിന്റെ ഓഫീസിനെയും ഉപയോഗ പെടുത്തിക്കൊണ്ട് മാനിപ്പുലേഷൻ നടത്തിയതുകൊണ്ടാണ് ഇന്ന് കേരളത്തിലെ പാവപ്പെട്ടവന് ഭൂമിയില്ലാതായത്. അവിടെ പണിയെടുക്കുന്ന തൊഴിലാളിയുടെ സ്ഥിതിയെന്താണ്; 500 രൂപയ്ക്കുവേണ്ടിയാണ് അവർ സമരം നടത്തുന്നത്. അത് കൊടുക്കാൻ പാടില്ലെന്ന നിലപാട് മുതലാളിമാർ എടുത്തു. തൊഴിലാളിയുടെ ഭാഗത്തുനിൽക്കേണ്ട മന്ത്രി മുതലാളിയുടെ ഭാഗത്തുനിന്നു. യഥാർത്ഥത്തിൽ ശക്തമായിട്ടുള്ളൊരു നിലപാടെടുത്ത് മിനിമം വേതനം 500 രൂപയിലേക്ക് എത്തിക്കാൻ പറ്റുന്നതായിരുന്നു. പക്ഷേ ഇതാണ് നമ്മുടെ ലേബർ വകുപ്പ് ഇപ്പോൾ ചെയ്യുന്നത്. സർക്കാർ ഈ മേഖലയുമായി ബന്ധപ്പെട്ടുകൊണ്ട് ചെയ്യുന്ന കാര്യങ്ങളൊന്നും ഇപ്പോൾ തൊഴിലാളിക്ക് അനുകൂലമല്ല.

സർക്കാർ മിനിമം വേതനം പുതുക്കിയ മറ്റൊരു മേഖല കശുവണ്ടി വ്യവസായമാണ്. തോട്ടം മേഖലയിൽ ശ്രീ. പി. കെ. ഗുരുദാസൻ മന്ത്രിയായിരുന്ന സമയത്താണ് മിനിമം വേതനം പുതുക്കിയത്. ആ സമയത്ത് 23 തോട്ടങ്ങൾ അടച്ചുപൂട്ടിയിരുന്നു. വൈദ്യുതി കുടിശ്ശിക എഴുതിത്തള്ളാതെ തുറക്കാൻ സാധിക്കില്ലെന്ന് പറഞ്ഞപ്പോൾ ഞാൻ ആ വകുപ്പ് കൈകാര്യം ചെയ്ത കാലഘട്ടത്തിൽ അത് എഴുതിത്തള്ളി. അങ്ങനെയാണ് അത് തുറന്നത്. തോട്ടം ഉടമകളെ സംബന്ധിച്ചിടത്തോളം 500 രൂപ കൊടുക്കുന്നതിന് ഒരു ബുദ്ധിമുട്ടുമില്ല. പക്ഷേ നമുക്ക് മിനിമം വേതനത്തിലേക്ക് എത്തിക്കാൻ കഴിഞ്ഞില്ല, പുതുക്കാനും കഴിഞ്ഞില്ല. ഇതുപോലെതന്നെയാണ് കശുവണ്ടി മേഖല. വേതനം പുതുക്കിക്കൊണ്ടുള്ള ഉത്തരവിറക്കാനുള്ള തൊഴിൽ വകുപ്പിന്റെ വൈമനസ്യം നീണ്ട സമരങ്ങൾക്ക് കാരണമായി. പുതുക്കിയ കൂലി കൊടുക്കാൻ വലിയൊരു വിഭാഗം ഉടമകൾ ഇപ്പോഴും തയ്യാറായിട്ടില്ല. കുടിവറപ്പും കമ്മീഷൻവറപ്പും അവരിപ്പോൾ വ്യാപകമാക്കുകയാണ്.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

ഈ സർക്കാർ മിനിമം വേതനം പുതുക്കിയ മൂന്നാമത്തെ മേഖല ആശുപത്രി വ്യവസായമാണ്. അന്യായമായ ചൂഷണത്തിനെതിരെ സംസ്ഥാന വ്യാപകമായി സ്വകാര്യ ആശുപത്രികളിലെ നേഴ്സുമാർ സമരരംഗത്ത് എത്തിയപ്പോൾ മാന്യമായ സേവനവ്യവസ്ഥകൾ ഉറപ്പാക്കുന്നതിനുപകരം, അവിടെ വ്യവസായബന്ധ സമിതി രൂപീകരിച്ച് വ്യവസായികളുടെ താൽപ്പര്യമാണ് തൊഴിൽ വകുപ്പ് സംരക്ഷിച്ചത്. പ്രതികരിക്കുന്നവർക്ക് തൊഴിൽ ഇല്ല. ആശുപത്രി വ്യവസായികൾക്കെതിരെ യാതൊരു നടപടിയും എടുത്തിട്ടില്ല. പഠനത്തിന് വായ്പയെടുത്ത നേഴ്സുമാർ, അവരുടെ കുടുംബാഗംങ്ങൾ ഇപ്പോൾ കടക്കെണിയിലാണ്, അൻപതിനായിരവും അറുപതിനായിരവും രൂപ എടുത്തിട്ടാണ് ഈ പാവങ്ങൾ നേഴ്സിംഗ് പഠിക്കാൻ പോയത്, ആത്മഹത്യ ഉറപ്പാണ്. അത്രത്തോളം മാനസിക സമ്മർദ്ദയിലാണ് അവർ.

കടുത്ത ചൂഷണം നേരിടുന്ന മറ്റൊരു മേഖല അൺ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളാണ്. മിക്ക മാനേജുമെന്റുകളും ഗാർഹികതൊഴിലാളികൾക്ക് നൽകുന്ന വേതനംപോലും അധ്യാപകർക്ക് നൽകുന്നില്ല. ഇക്കാര്യം ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ തൊഴിൽ വകുപ്പ് അറിയിച്ചത് അൺഎയ്ഡഡ് മേഖലയിലെ അധ്യാപകർ വർക്ക്മെൻ എന്ന ഗണത്തിലോ തൊഴിലാളി എന്ന ഗണത്തിലോ വരാത്തതിനാൽ തൊഴിൽ വകുപ്പിന് ഇടപെടാൻ കഴിയുകയില്ല എന്നാണ്. 5000 രൂപയാണ് അവർക്കിപ്പോൾ ആകെ കൊടുക്കുന്നത്, 10,000 രൂപയുടെ ചെക്കും

കൊടുക്കും. ചെക്ക് കൊടുക്കുന്നതിന് ഒരു ബുദ്ധിമുട്ടും ഇല്ല. ഈ മേഖലയിൽ പോലും ഇടപെടാൻ സാധിക്കാത്ത വകുപ്പാണ്. അതുകൊണ്ട് വേതനം ചെക്കായി നൽകിയതുകൊണ്ട് ഒരു ഗുണവും പ്രത്യേകിച്ച് വരാൻ പോകുന്നില്ല. സംസ്ഥാനത്തെ ഏറ്റവും വലിയ മേഖലയായി മാറിയ ചില്ലറ വിൽപ്പന രംഗം, അത് തകർത്ത് സ്വദേശവിദേശ കുത്തകകൾക്ക് പ്രോൽസാഹനം നൽകുന്ന മുൻകേന്ദ്ര സർക്കാരിന്റേയും, ഇപ്പോഴത്തെ സർക്കാരിന്റേയും നയങ്ങൾ അനുകൂലിക്കുന്നതാണ് തൊഴിൽ വകുപ്പ്. 12 മണിക്കൂറാണ് പാവങ്ങൾ ജോലി ചെയ്യുന്നത്. ഈ മേഖലയിൽ എത്ര തൊഴിലാളികൾ ഉണ്ടെന്നുപോലും അറിയില്ല എന്നാണ് മന്ത്രി നിയമസഭയെ അറിയിച്ചത്. വളരെ മുൻപ് നിശ്ചയിച്ച അപര്യാപ്തമായ മിനിമം വേതനം പോലും ലഭിക്കാത്തവർ ഉണ്ടെന്ന് സർക്കാരിന് അറിയാമെന്ന് അംഗീകരിക്കുമ്പോഴും, ആർക്കുമെതിരെ ഒരു നടപടിയും സ്വീകരിച്ചിട്ടില്ല. ഗാർഹിക തൊഴിലാളികൾ അതുപോലെതന്നെ സെക്യൂരിറ്റി ജീവനക്കാരുടെ പ്രശ്നം, ഇതെല്ലാം ചൂഷണത്തിന്റെ ഭീകരമായ മുഖങ്ങൾ വ്യക്തമാകുന്ന മേഖലകളാണ്. ഒന്നര ലക്ഷം തൊഴിലാളികൾ പണിയെടുക്കുന്ന ഐ.ടി. രംഗത്ത് പ്രശ്നങ്ങളുണ്ടെന്ന് സർക്കാർ അംഗീകരിക്കുമ്പോഴും, ഒരു സ്ഥാപനത്തിനെതിരെപോലും ഇതുവരെ നടപടി എടുത്തിട്ടില്ല. ഇവിടെ ഭൂരിപക്ഷവും സ്ത്രീതൊഴിലാളികളാണ്. ഏത് രൂപത്തിലുള്ള മെന്റൽ പ്രോസിക്യൂഷനാണ് അവിടെ നടക്കുന്നതെന്ന് ഞാൻ ഇവിടെ പറയാൻ ആഗ്രഹിക്കുന്നില്ല, കാരണം, നമ്മുടെ കേരളത്തിലാണ് ഇത് നടക്കുന്നതെന്ന് തൊഴിൽ മേഖലയുമായി ബന്ധപ്പെട്ടുകൊണ്ട് ഞാൻ പറയുകയാണ്. പീടികത്തൊഴിലാളി ക്ഷേമനിധിയിൽ 6,93,342 പേരുണ്ട്, ചേരാത്തവർ ലക്ഷക്കണക്കിനാണ്, ഒരു സംരക്ഷണവും അവിടെയുള്ള തൊഴിലാളികൾക്ക് ഇല്ല. എപ്പോഴാണോ മാനേജ്മെന്റ് പോകാൻ പറയുന്നത് അപ്പോൾ പോകാൻ നിർബന്ധിക്കപ്പെടുകയാണ്. 26 ലക്ഷത്തോളംവരുന്ന ഇതര സംസ്ഥാന തൊഴിലാളികളുടെ പ്രശ്നത്തിന്മേൽ യാതൊരു നടപടിയും എടുത്തില്ല. മുൻ എൽ.ഡി.എഫ്. സർക്കാർ 2009-10 -ൽ ക്ഷേമനിധി രൂപീകരിച്ച് 10 കോടി രൂപ അനുവദിച്ച സ്ഥാനത്ത് ഈ സർക്കാർ അധികാരത്തിലേറിയതിനുശേഷം കേവലം 1000 രൂപ മാത്രമാണ് ക്ഷേമനിധിയിലേക്ക് അനുവദിച്ചത്. കൊളോണിയൽ ഭരണങ്ങളോട് ഉൾപ്പെടെ തൊഴിലാളികൾ പോരാടി നേടിയ സേവന വേതന തൊഴിൽ സുരക്ഷിതത്വ നിയമങ്ങൾ ഇല്ലാതാക്കുന്ന കേന്ദ്ര നയത്തിനെതിരെ നിലപാട് എടുക്കാൻ നിയമസഭയിൽ പലതവണ ആവശ്യപ്പെട്ടിട്ടും തൊഴിൽ വകുപ്പിൽ നിന്നും സ്വമേധയാ യാതൊന്നും ചെയ്തില്ല. തൊഴിൽ വകുപ്പിന്

കീഴിലുള്ള നിരവധി ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം സർക്കാർ നിഷ്പ്രഭമാക്കി. 366.13 കോടി രൂപ മാച്ചിംഗ് ഗ്രാന്റ് നൽകേണ്ട കർഷകക്ഷേമനിധി ബോർഡിന് വകയിരുത്തിയിരിക്കുന്നത് 83,80,000 രൂപ മാത്രമാണ്. കശുവണ്ടിത്തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡ്, കൈത്തറിത്തൊഴിലാളി ക്ഷേമനിധി ബോർഡ്, തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ്, ഈറ്റ, തഴപ്പായ ക്ഷേമനിധി, മരംകയറ്റ തൊഴിലാളി ആശ്വാസ നിധി, പീടിക വാണിജ്യ തൊഴിലാളി ക്ഷേമനിധി, എല്ലാം സ്ഥിതി ഇതുതന്നെയാണ്, ഒരു വ്യത്യാസവുമില്ല. സംസ്ഥാന സർക്കാരിന്റെ നിയന്ത്രണത്തിലുള്ള ഇ.എസ്.ഐ. ആശുപത്രികളുടെ പ്രവർത്തനം പരിതാപകരമാണ്. മുൻ കേന്ദ്രമന്ത്രിക്ക് പരസ്യമായി അതു പറയേണ്ടിവന്നു. തൊഴിൽ വകുപ്പ് നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾ ഏതൊക്കെ എന്ന ചോദ്യത്തിന് സഭയിൽ നൽകിയ മറുപടി, ആ വിവരം ഉടനടി ലഭ്യമല്ല എന്നതാണ്. വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ ഏതൊക്കെയാണെന്നുപോലും തിട്ടമില്ലാത്ത സ്ഥിതിയിൽ പദ്ധതിവിഹിതം ചെലവഴിക്കുന്നതിൽ ഉണ്ടായിട്ടുള്ള കുറവും അസ്വാഭാവികമല്ല.

സ്വയം സംരംഭക മിഷൻവഴി ഒരു ലക്ഷം പേർക്ക് തൊഴിൽ നൽകും എന്നു പ്രഖ്യാപിച്ചിരുന്നെങ്കിലും തൊഴിൽ വകുപ്പിന്റെകീഴിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് പദ്ധതി ഒന്നും ഇല്ല എന്ന സത്യം മന്ത്രി നിയമസഭയിൽ വെളിപ്പെടുത്തിയിരുന്നു. തൊഴിൽ വകുപ്പ് സമ്പൂർണ്ണ പരാജയമാണെന്നും ഭരണപക്ഷ അനുകൂല, പ്രതിപക്ഷ അനുകൂല തൊഴിലാളി സംഘടനകളുടെ വിമർശനം ശരിയാണെന്ന് 2014 നവംബർ 27 ന് കഞ്ചിക്കോട്ടുള്ള ചില സ്റ്റീൽ ഫാക്ടറി സ്ഥാപനങ്ങൾ കാണാൻ പോയപ്പോൾ എന്തായിരുന്നു അവിടെ കണ്ട കാഴ്ച എന്നു ബഹുമാനപ്പെട്ട മന്ത്രി തന്നെ പത്രക്കാരോട് പറഞ്ഞതാണ്. അതുകൊണ്ട് ഞാൻ അക്കാര്യത്തിലേക്ക് കടക്കുന്നില്ല. തൊഴിലാളികൾക്കെതിരെ കേന്ദ്ര സർക്കാർ മുതലാളിമാർക്കായി നിയമനിർമ്മാണം നടത്തിയപ്പോഴും, ഇ.എസ്.ഐ. സംവിധാനം കേന്ദ്രം ഇല്ലാതാക്കിയപ്പോഴും കേന്ദ്ര നയത്തിനെതിരെ പ്രതികരിക്കാനും സംസ്ഥാനത്തെ തൊഴിലാളികളുടെ താൽപ്പര്യം സംരക്ഷിക്കാനും തൊഴിൽ ചൂഷണം തടയുന്നതിനും ഉൽപ്പാദനപരമായ തൊഴിലന്തരീക്ഷം സൃഷ്ടിക്കുന്നതിലും തൊഴിൽ വകുപ്പ് ദയനീയ പരാജയമായി. കേരളത്തിലെ നാലരവർഷത്തെ ഗവൺമെന്റിന്റെ പ്രവർത്തനം നിരാശാജനകമാണ്, തൊഴിലാളി വിരുദ്ധമാണ്. അതിരൂക്ഷമായിട്ടുള്ള വിലക്കയറ്റത്തിന്റേയും ചികിത്സാ ചെലവിന്റേയും വർദ്ധനവും മറ്റു കുടുംബപ്രാരാബ്ധങ്ങളും പാവപ്പെട്ടവന്റെ ജീവിതം ദയനീയാവസ്ഥയിൽ എത്തിച്ചു.

നാലു ലക്ഷം പേർ കയർമേഖലയിൽ ഉണ്ടെങ്കിലും 10 ശതമാനം പേർക്ക് മാത്രമാണ് തൊഴിൽ ലഭിക്കുന്നത്. കയർഫെഡിന് സാമ്പത്തിക സഹായം ഇല്ല, നാമമാത്രമായിട്ടുള്ള കൂലിയാണ് ലഭിക്കുന്നത്. അഞ്ചുതൊഴിലാളികൾ ആലപ്പുഴയിൽ ആത്മഹത്യ ചെയ്തുകഴിഞ്ഞു. കൈത്തറി മേഖല തകർച്ചയിലാണ്. 758 പ്രൈമറി സംഘങ്ങൾ ആണുള്ളത്. അതിൽ ഭൂരിപക്ഷവും പ്രവർത്തിക്കുന്നില്ല. പ്രതിദിനം 150 രൂപയാണ് കിട്ടുന്നത്. ഇടതുപക്ഷ ജനാധിപത്യമുന്നണി ഭരിക്കുന്ന സമയത്ത്, ബഹുമാനപ്പെട്ട എളമരം കരീം ആ വകുപ്പ് കൈകാര്യം ചെയ്തിരുന്ന സമയത്ത് കൈത്തറിയെ രക്ഷിക്കാൻ വേണ്ടി നമ്മുടെ കേരളത്തിൽ ഐ.എ.എസ്. ഉദ്യോഗസ്ഥർവരെ ആഴ്ചയിൽ ഒരുദിവസം കൈത്തറി വസ്ത്രം ഉപയോഗിക്കാൻ നിർദ്ദേശിച്ചു. സ്കൂൾ കുട്ടികൾ എല്ലാം ഒരുദിവസം കൈത്തറി വസ്ത്രവും ധരിച്ചിട്ടാണ് സ്കൂളിൽ പോയിരുന്നത്. കൈത്തറിരംഗം അതുപോലെ രക്ഷപ്പെട്ട ഒരു കാലഘട്ടം ഇല്ല. ഒരു ഗവൺമെന്റിന് ഇച്ഛാശക്തി ഉണ്ടെങ്കിൽ ആ മേഖല രക്ഷപ്പെടും എന്നതിന്റെ തെളിവാണ് അത്.

രണ്ടുലക്ഷത്തോളം ബീഡി തൊഴിലാളികളുള്ള ആ മേഖല ഇന്ന് തകർച്ചയിലാണ്. 42,000 ബീഡി തൊഴിലാളികൾ കേരള ദിനേശിൽ ഉണ്ടായിരുന്നു, ഇപ്പോൾ 7000 ആയി ചുരുങ്ങി. 1000 ബീഡി തെറുക്കാൻ 150 രൂപയാണ് കിട്ടുന്നത്. 2,32,000 മത്സ്യത്തൊഴിലാളികൾ ഉണ്ട്, അവരെ ആശ്രയിച്ച് 10 ലക്ഷം കുടുംബങ്ങൾ ജീവിക്കുന്നുണ്ട്. തീരദേശം പട്ടിണിയിലാണ്, വളരെ ദയനീയമാണ്, മത്സ്യസമ്പത്ത് കുറഞ്ഞു, വിദേശക്കപ്പലുകൾ എല്ലാം കൊണ്ടുപോകുകയാണ്. കടാശ്വാസ പദ്ധതിക്ക് 261 കോടിരൂപ എൽ.ഡി.എഫ്. കൊടുത്തതാണ്, അതും ഇപ്പോൾ പൊളിച്ചു. മൂന്ന് മത്സ്യത്തൊഴിലാളികളെ വെടിവച്ചു കൊന്നത് അങ്ങേക്ക് അറിയാമല്ലോ? ആ കാര്യത്തിലും കുറ്റവാളികളെ രക്ഷിക്കുന്നതിനുവേണ്ടി എന്തൊക്കെയാണ് ശ്രമം നടന്നത്, അതിനെ സംബന്ധിച്ച് ഇവിടെ ഒന്നും പറയാൻ ഞാൻ ആഗ്രഹിക്കുന്നില്ല.

ഈറ്റ, പനമ്പ് തൊഴിലാളികളിൽ ഭൂരിപക്ഷവും പാവപ്പെട്ട ആദിവാസികളാണ്, ആ ആദിവാസികളിൽ തന്നെ പ്രാക്തന ആദിവാസികൾ, കുറമ്പർ, കാടർ, ചോലനായ്ക്കർ, കാട്ടുനായ്ക്കൾ ഇവരൊക്കെയാണ്. ഇതിനെ ആശ്രയിച്ചാണ് ഇവർ ജീവിക്കുന്നത്, ഇപ്പോൾ അവരും പട്ടിണിയിലാണ്. നാലു കോടി രൂപയുടെ ബാംബൂ കെട്ടിക്കിടക്കുകയാണ്. 22 കോടി രൂപ എൽ.ഡി.എഫ്. കൊടുത്തതാണ്. ബാംബൂ കോർപ്പറേഷനെ രക്ഷപ്പെടുത്താൻ ഒരു നടപടിയുമില്ല. അൻപതിനായിരം ആൾക്കാർ കള്ള് ചെത്ത് രംഗത്തുണ്ടായിരുന്നു. അത് ഇപ്പോൾ 25,000 ആയി കുറഞ്ഞു. തൊഴിൽ നഷ്ടപ്പെട്ട പാവപ്പെട്ടവർക്ക് ഒരു രൂപത്തിലുമുള്ള സഹായവും ഇല്ല. ഖാദി വ്യവസായം, നമ്മുടെ സ്വാതന്ത്ര്യസമരവുമായി ബന്ധപ്പെട്ടുകൊണ്ട് വൈകാരികമായിട്ടുള്ള മേഖലയാണ്. ആ ഖാദി വ്യവസായത്തേപ്പോലും സംരക്ഷിക്കുവാൻ സാധിക്കുന്നില്ല. കേന്ദ്രം നൽകിയിട്ടുള്ള

റിബേറ്റ് നിർത്തലാക്കി, മിനിമം കൂലി ഇല്ല. കർഷകത്തൊഴിലാളി ക്ഷേമനിധി, മാച്ചിംഗ് ഗ്രാന്റ് 2014-15, 2015-16 എന്നീ വർഷങ്ങളിൽ 366 കോടി രൂപ കൊടുത്ത സ്ഥാനത്ത് ഇപ്പോൾ 83,79,000 ആണ് കൊടുത്തത്. കശുവണ്ടിത്തൊഴിലാളി പെൻഷൻ കുടിശ്ശിക 80 കോടി 84 ലക്ഷം രൂപയാണ്. ബഡ്ജറ്റിൽ അനുവദിച്ചത് 2 കോടി 40 ലക്ഷം രൂപ മാത്രമാണ്. മരംകയറ്റ തൊഴിലാളികൾക്ക് സാമ്പത്തിക സഹായം ഇല്ല. തയ്യൽ തൊഴിലാളികൾക്ക് പെൻഷൻ ഇല്ല. 34 കോടി രൂപ ആവശ്യമുള്ളതിൽ 1 കോടി രൂപയാണ് നീക്കി വെച്ചത്. കള്ള് ചെത്ത് ക്ഷേമനിധി കുടിശ്ശിക നാലരക്കോടി രൂപയാണ്. കേരളബീഡി സിഗാർ തൊഴിലാളി ക്ഷേമനിധി 4 കോടി 76 ലക്ഷം രൂപ കുടിശ്ശികയാണ്. ചുമട്ടുതൊഴിലാളി ക്ഷേമനിധി 5 കോടി 28 ലക്ഷം രൂപയാണ് കുടിശ്ശിക. ഗാർഹികതൊഴിലാളികളുടെ പ്രശ്നം സംബന്ധിച്ച് പറയുകയാണെങ്കിൽ, ഏറ്റവുമധികം ചൂഷണം നടക്കുന്ന ഒരു മേഖലയാണ്. 25 ലക്ഷം വരുന്ന അന്യ സംസ്ഥാന തൊഴിലാളികളുടെ കടുത്ത ചൂഷണവും നടക്കുകയാണ്. അങ്ങനെ മൊത്തം നോക്കിയാൽ അധ്വാനിക്കുന്ന പാവപ്പെട്ടവൻ എങ്ങനെയോ ജീവിച്ചുപോകുന്നു എന്നുള്ളതാണ് സത്യം. ബഹുമാനപ്പെട്ട അങ്ങേക്കുകൂടി താൽപ്പര്യമുള്ളതുകൊണ്ടാണ് ഞാൻ ഈ വിഷയം ഈ രൂപത്തിൽ ഇപ്പോൾ അവതരിപ്പിച്ചത്. ഇല്ലെങ്കിൽ രണ്ടുസെന്റൻസ് മാത്രം പറഞ്ഞ് അവസാനിപ്പിക്കാൻ തീരുമാനിച്ചതാണ്. അതുകൊണ്ടാണ് ഞാൻ ഈ പേയ്മെന്റ് ഓഫ് വേജസ്സ് (കേരള ഭേദഗതി) ബിൽ 2015-ന് വിയോജനക്കുറിപ്പ് കൊടുക്കാൻ നിർബന്ധിതനായത്.

04.00 PM]

<u>ശ്രീ. പി. കെ. ഗുരുദാസൻ</u> : സർ, ഞാൻ വിയോജിപ്പ് രേഖപ്പെടുത്തുന്നു. ഈ ബില്ലിന്റെ ഉള്ളടക്കത്തോട് എനിക്ക് വിയോജിപ്പാണ്. 1936-ലെ സെൻട്രൽ ആക്ടിൽ, കൂലി കൊടുക്കുന്നത് കറൻസി നോട്ടായിട്ടോ കോയിനായിട്ടോ കൊടുക്കണമെന്നുള്ള വ്യവസ്ഥ വയ്ക്കുകയും തൊഴിലാളികൾക്ക് സ്വീകാര്യമാണെങ്കിൽ, after obtaining the written authorisation of the employed person എന്നുണ്ട്. അതായത് തൊഴിലാളികളുടെ written authorisation-നോടുകൂടി ചെക്ക് ആയോ അല്ലെങ്കിൽ ബാങ്ക് അക്കൗണ്ടിലോ നിക്ഷേപിക്കാനാണ് 1936-ലെ ആക്ടിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്. ഇപ്പോഴത്തെ ഭേദഗതി നിയമം ഇതിന് നേരെ വിപരീതമാണ്. ഞാൻ പറയുവാൻ ഉദ്ദേശിക്കുന്നത് അടിസ്ഥാനപരമായ വ്യത്യാസങ്ങളാണ്. അതായത്, without obtaining any authorisation of the employed person എന്നാണ് ഭേദഗതി നിയമത്തിലുള്ളത്. തൊഴിലാളികളുടെ

അനുവാദത്തോടുകൂടി ചെക്കായിട്ടോ ബാങ്ക് അക്കൗണ്ടിലോ നിക്ഷേപിക്കണമെന്ന കേന്ദ്ര നിയമത്തിലെ വ്യവസ്ഥയ്ക്കുപകരം, without obtaining the authorisation of the worker എന്നാണ് പറഞ്ഞിരിക്കുന്നത്. അത് അംഗീകരിക്കാൻ കഴിയില്ല. എന്തിനുവേണ്ടിയാണ് ആ ഭേദഗതി എന്നുള്ളത് മനസ്സിലാകുന്നില്ല. അതുകൊണ്ട് അതിനെ ഞാൻ ശക്തിയായി എതിർക്കുകയാണ്. ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർക്കുകൂടി താൽപ്പര്യമുള്ള ചിലകാര്യങ്ങൾ പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കാം. അദ്ദേഹവും ഒരു ട്രേഡ് യൂണിയൻ നേതാവാണ്. നമ്മുടെ തൊഴിലാളികളും കേന്ദ്ര തൊഴിലാളി സംഘടനകളും എല്ലാം ചേർന്നുകൊണ്ട് സെപ്റ്റംബർ 2-ാം തീയതി ഒരു പണിമുടക്ക് നടത്തുകയുണ്ടായി. അതിന് ആധാരമായിട്ടുള്ള വിഷയങ്ങൾ കേന്ദ്ര ഗവൺമെന്റിന്റെ മുമ്പിൽ ബി.എം.എസ്. അടക്കമുള്ള തൊഴിലാളി സംഘടനകൾ സമർപ്പിച്ചിരുന്നതാണ്. ILC (ഇൻഡ്യൻ ലേബർ കോൺഫറൻസ്)-ന്റെ 46-ാമത് യോഗം 2015 ജൂലൈ മാസം 20-ാം തീയതി ചേർന്നപ്പോൾ ഗവൺമെന്റിന് തൊഴിലാളി സംഘടനകൾ നൽകിയ നിവേദനത്തിലെ ഏതെങ്കിലും ഒരു വിഷയത്തെപ്പറ്റി സംസാരിക്കാൻ പ്രധാനമന്ത്രി ശ്രീ. നരേന്ദ്ര മോദി അദ്ദേഹത്തിന്റെ ഉദ്ഘാടന പ്രസംഗത്തിൽ സന്നദ്ധമായില്ല എന്നുള്ള വിഷയം കേരള നിയമസഭ നോട്ട് ചെയ്യേണ്ടതാണ്. അതുപോലെതന്നെ പണിമുടക്കിനുമുമ്പ് ആഗസ്റ്റ് മാസം 26, 27 തീയതികളിൽ തൊഴിലാളി സംഘടനകളുമായി ഗവൺമെന്റ് പ്രതിനിധികൾ ചർച്ച ചെയ്തിട്ടും അതിനെ സംബന്ധിച്ച് ഒരു തീരുമാനവും എടുക്കാൻ കഴിഞ്ഞില്ല. ഇൻഡ്യയിലെ 48 കോടിയോളം വരുന്ന തൊഴിലാളികൾ ഉന്നയിക്കുന്ന പ്രധാനപ്പെട്ട ഒരു വിഷയം വിലക്കയറ്റം തടയുകയെന്നുള്ളതാണ്. വിലക്കയറ്റം തടയുന്നതിനാവശ്യമായ ഒരു നടപടിയും സ്വീകരിച്ചില്ലെന്ന് മാത്രമല്ല, വിലക്കയറ്റം അതിരൂക്ഷമാകുകയും ജീവിതം ദുസ്സഹമാകുകയും ചെയ്യുകയാണ്. അത് നമ്മുടെ കേരള നിയമസഭ നോട്ട് ചെയ്യേണ്ട ഏറ്റവും പ്രധാനപ്പെട്ട വിഷയമാണ്. എല്ലാ വിഭാഗം തൊഴിലാളികൾക്കും 15,000 രൂപ പ്രതിമാസം ലഭ്യമാക്കണമെന്നുള്ള ആവശ്യമാണ് ഉന്നയിച്ചിരുന്നത്. ഡോ. മൻമോഹൻ സിംഗ് പ്രധാനമന്ത്രിയായിരുന്ന സമയത്ത് ഈ വിഷയം ഉന്നയിച്ചിരുന്നതാണ്. അന്ന് തൊഴിലാളികളുടെ പ്രതിമാസ വേതനമായി ആവശ്യപ്പെട്ടിരുന്നത് 10,000 രൂപയാണ്. പക്ഷേ ആ ഗവൺമെന്റ് അത് അംഗീകരിക്കാൻ തയ്യാറായില്ല. ഇപ്പോൾ ജീവിതച്ചെലവ് വർദ്ധിച്ചതിന്റെ അടിസ്ഥാനത്തിൽ 15,000 രൂപ ആവശ്യപ്പെട്ടു. ഈ ഗവൺമെന്റ് ഇതുവരെയും

അത് പരിഗണിച്ചിട്ടേയില്ല. സെപ്റ്റംബർ മാസം 2-ന് നടന്ന പണിമുടക്കം കൂടി ചേർത്ത് പതിനേഴാമത്തെ പ്രാവശ്യമാണ് തൊഴിലാളികൾ ഇതേ ആവശ്യങ്ങളുന്നയിച്ച് പണിമുടക്കുന്നത്. നവ ഉദാരവൽക്കരണ സാമ്പത്തികനയം നടപ്പിലാക്കിത്തുടങ്ങിയശേഷം തൊഴിലാളികൾ നടത്തുന്ന 17-ാമത്തെ പണിമുടക്കാണെന്നുള്ളത് ഏറ്റവും ഗൗരവതരമായ പ്രശ്നമായി മാറിയിരിക്കുകയാണ്. കഴിഞ്ഞ യു.പി.എ. ഗവൺമെന്റായാലും ഇപ്പോഴത്തെ എൻ.ഡി.എ. ഗവൺമെന്റായാലും ഇന്ത്യയിലെ തൊഴിലാളി വർഗ്ഗത്തിന്റെ താൽപ്പര്യങ്ങൾ സംരക്ഷിക്കാൻ സന്നദ്ധമാകുന്നില്ലെന്നത് അങ്ങേയറ്റം വേദനാജനകമാണ്. തൊഴിലാളികളുടെ ഇടയിൽ വളർന്നുവരുന്ന അസംതൃപ്തി പരിഹരിക്കുവാൻ തയ്യാറാകാതെ കേന്ദ്ര ഗവൺമെന്റ് ഇപ്രകാരമൊരു നടപടി സ്വീകരിക്കുമ്പോൾ, സംസ്ഥാന ഗവൺമെന്റ് തൊഴിലാളികളുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ പര്യാപ്തമായ ഒരു നിലപാട് സ്വീകരിക്കുവാൻ ബാധ്യസ്ഥമാണ്. ആ വിഷയങ്ങളാണ് ബഹുമാനപ്പെട്ട എ. കെ. ബാലൻ ഇവിടെ അവതരിപ്പിച്ചത്. ഞാൻ അതിനോടെല്ലാം പൂർണ്ണമായും യോജിക്കുകയാണ്. കേന്ദ്രത്തിൽ ശ്രീ. നരേന്ദ്ര മോദിയുടെ ഗവൺമെന്റ് അധികാരത്തിൽ വരുന്നതിനുമുമ്പ് അധികാരത്തിൽവന്ന ബി.ജെ.പി. ഗവൺമെന്റാണ് ഇപ്പോഴത്തെ രാജസ്ഥാൻ ഗവൺമെന്റ്. അവിടത്തെ മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ തൊഴിലാളികളുടെ എല്ലാ നിയമങ്ങളും ഭേദഗതി ചെയ്യുവാൻ തീരുമാനിച്ചു. ആവർത്തന വിരസത വരുമെന്നതിനാൽ ഞാൻ അതിന്റെ വിശദാംശങ്ങളിലേക്ക് കടക്കുന്നില്ല. 40 തൊഴിലാളികളിൽ താഴെ പണിയെടുക്കുന്ന വ്യവസായ സ്ഥാപനത്തിലെ ഒരു തൊഴിലാളിക്കും ഒരു ആനുകൂല്യവും രാജ്യത്ത് നിലവിലുള്ള നിയമപ്രകാരം ലഭ്യമാക്കേണ്ടതില്ല എന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട ദ്രോഹകരമായ ഭേദഗതി. അതുപോലെതന്നെ തൊഴിലാളികളെ ദ്രോഹിക്കുന്ന മറ്റൊരു ഭേദഗതി എന്നുപറയുന്നത്, 300 തൊഴിലാളികൾവരെ പണിയെടുക്കുന്ന ഒരു സ്ഥാപനം ഗവൺമെന്റിന്റെ അനുമതിയില്ലാതെതന്നെ അടച്ചുപൂട്ടാനും ലേ ഓഫ് ചെയ്യാനും തൊഴിലാളികളെ പിരിച്ചുവിടാനും അനുമതി കൊടുക്കുന്ന ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ട് ആക്ടിലെ ഭേദഗതിയാണ്. ഇതെല്ലാം തൊഴിലാളികളെ ഏറ്റവും കൂടുതൽ ദ്രോഹകരമായി ബാധിക്കുന്ന ഭേദഗതികളാണ്. ഈ ഭേദഗതികളെല്ലാം ഇൻഡ്യയിലെ എല്ലാ സംസ്ഥാനങ്ങളിലും നടപ്പാക്കണമെന്നാണ് പ്രധാനമന്ത്രി ശ്രീ. നരേന്ദ്ര മോദി എല്ലാ സ്റ്റേറ്റ് ചീഫ് സെക്രട്ടറിമാർക്കും അയച്ചിരിക്കുന്ന നിർദ്ദേശം. കേരളത്തിൽ അത്തരത്തിലുള്ള

ശക്തമായ ഒരു കടന്നാക്രമണത്തിലേക്ക് വന്നില്ലെങ്കിലും വളരെ പതുങ്ങിപ്പതുങ്ങി തൊഴിലാളികൾക്കെതിരായ ആക്രമണം നടത്തുന്നതിന്റെ ഒരു സൂചനയാണ് ബഹുമാനപ്പെട്ട തൊഴിൽ വകുപ്പുമന്ത്രി ഷിബു ബേബി ജോൺ ഇവിടെ കൊണ്ടു വന്നിരിക്കുന്ന ഭേദഗതിയുടെ ഉദ്ദേശ്യം. അത് എന്തിനാണെന്ന് മനസ്സിലാകുന്നില്ല.

കേന്ദ്ര ഗവൺമെന്റ് അപ്രന്റീസ് ആക്ട് ഭേദഗതി ചെയ്യുവാൻ തീരുമാനിച്ചു, കരാർത്തൊഴിലാളി നിയമം ഭേദഗതി ചെയ്യുവാൻ തീരുമാനിച്ചു, ട്രേഡ് യൂണിയൻ ആക്ട് ഭേദഗതി ചെയ്യുവാൻ തീരുമാനിച്ചു, ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ട് ആക്ട് ഭേദഗതി ചെയ്യുവാൻ തീരുമാനിച്ചു. ഈ നിലയ്ക്ക് കേന്ദ്ര ഗവൺമെന്റ് രാജ്യത്തെ അദ്ധ്വാനിക്കുന്ന ജനവിഭാഗത്തിന്റെ മുഴുവൻ അവകാശങ്ങളും കവർന്നെടുക്കുകയാണ് ചെയ്യുന്നത്. വിദേശ ബഹുരാഷ്ട്ര കുത്തകകൾക്ക് അവരുടെ പ്രത്യക്ഷ മൂലധന നിക്ഷേപം തുറന്നുകൊടുക്കുന്നതിലൂടെ ബഹുരാഷ്ട്ര കുത്തകകൾക്ക് നമ്മുടെ സമ്പത്ത് കവർന്നെടുക്കുവാനുള്ള എല്ലാ അവസരവും നൽകുകയാണ്. ഇതാണ് കേന്ദ്ര ഗവൺമെന്റ് നയം. ഒരുകാര്യം എനിക്ക് പറയാതിരിക്കാൻ നിർവ്വാഹമില്ല. 1970-ലെ കോൺട്രാക്ട് ലേബർ അബോളിഷൻ ആന്റ് റെഗുലേഷൻ ആക്ട് തൊഴിലാളികൾക്ക് അനുകൂലമായി ഭേദഗതി ചെയ്യണമെന്ന പ്രമേയം ഐകകണ്ഠ്യേന ഇൻഡ്യൻ ലേബർ കോൺഫറൻസ് അംഗീകരിച്ചു. എംപ്ലോയറുടെ പ്രതിനിധികളും തൊഴിലാളി പ്രതിനിധികളും ഗവൺമെന്റ് പ്രതിനിധികളു മെല്ലാമടങ്ങുന്ന ഐ.എൽ.സി. എല്ലാ ഭേദഗതികളും അംഗീകരിച്ചിട്ടും അന്നത്തെ മൻമോഹൻ സിംഗ് ഗവൺമെന്റ് അത് പാസ്സാക്കാൻ തയ്യാറായില്ല. ഇതായിരുന്നു അന്നത്തെ യു.പി.എ. ഗവൺമെന്റിന്റെ നയം. ആ നയത്തിന്റെ പിൻതുടർച്ചക്കാരാണ് ഇപ്പോഴത്തെ കേന്ദ്ര ഗവൺമെന്റ് എന്ന് പറയാതിരിക്കാൻ നിർവ്വാഹമില്ല, പിൻതുടർച്ചക്കാർ മാത്രമല്ല, ശത്രുതയോടുകൂടി തൊഴിലാളികളെ കാണുന്നവരാണെന്ന് പറയുവാൻ ഞാൻ ആഗ്രഹിക്കുകയാണ്. പ്രധാനമന്ത്രിയുടെ സംസ്ഥാനമായ ഗുജറാത്ത് ഗവൺമെന്റ് കൊണ്ടുവന്ന ഒരു ഭേദഗതിയെന്തെന്ന് വച്ചാൽ, Gujarat's Controversial Labour Laws Bill gets Presidential Assent. ഇത് ഡിസംബർ മാസം 2-ാം തീയതിയിലെ ഹിന്ദു ദിനപ്പത്രത്തിൽവന്ന വാർത്തയാണ്. അതിൽ പറഞ്ഞിരിക്കുന്നത്, 'President Pranab Kumar Mukherji has given assent to the contentious Labour Laws Bill of Gujarat, which has provision to ban strikes in public utility services for one year' എന്നാണ്. ഇതാണ് ഗുജറാത്തിൽ പാസ്സാക്കിയിരിക്കുന്ന നിയമം. for one year എന്ന് തൽക്കാലം പാസ്സാക്കിയിട്ടുണ്ട്. പിന്നീട് രണ്ട് വർഷമെന്ന കണക്കിൽ അനിശ്ചിതകാലത്തേക്ക് പണിമുടക്ക് നിരോധിക്കാനുള്ള വ്യവസ്ഥകളടങ്ങിയ ഒരു

കരിനിയമം ഗുജറാത്ത് ഗവൺമെന്റ് ഇപ്പോൾ പാസ്സാക്കിയിരിക്കുകയാണ്. ഈ നിയമത്തിനകത്ത്, the new law allows the employers to change the nature of job of the employees without prior notice. ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ട്സ് ആക്ടിന്റെ കടകവിരുദ്ധമായിട്ടുള്ള വ്യവസ്ഥയാണ് ഇവിടെ സൂചിപ്പിച്ചിരിക്കുന്നത്. അപ്രകാരമൊരു ഭേദഗതി കൊണ്ടുവന്നിരിക്കുകയാണ്. The Bill provides out of court settlements between the labourers and managements by paying certain fee to the Government. Out of court തീരുമാനമെടുക്കാൻ, അതായത് പിന്നീട് മുതലാളിമാരുടെ സമ്മർദ്ദത്തിന് വിധേയമായി നിയമവിരുദ്ധമായി ഒത്തുതീർപ്പുണ്ടാക്കാനുള്ള സൗകര്യം കൊടുത്തിരിക്കുകയാണ് ഈ നിയമം. The law has amended the definition of contractor to include outsourcing agencies. നിലവിലുള്ള 1970-ലെ കോൺട്രാക്ട് ലേബർ അബോളിഷൻ ആന്റ് റെഗുലേഷൻ ആക്ട് തന്നെ ഫലശൂന്യമാകുന്ന വിധത്തിലുള്ള നിയമ ഭേദഗതികളാണ് ഗുജറാത്ത് ഗവൺമെന്റ് ഇപ്പോൾ പാസ്സാക്കിയിരിക്കുന്നത്. ഏറ്റവും വലിയ ഒരുകരി നിയമമാണിത്. ഈ നിയമം രാജ്യത്തോടുള്ള ഒരു വെല്ലുവിളിയാണ്. നരേന്ദ്ര മോദിയുടെ പിൻഗാമി നരേന്ദ്ര മോദിയേക്കാൾ മുൻഗാമിയായി, തൊഴിലാളി വിരുദ്ധമായിട്ടുള്ള ഒരു നിയമം പാസ്സാക്കിയിരിക്കുന്നു എന്നുള്ളതാണ് ഇതിൽ നാം കാണേണ്ടതായിട്ടുള്ളത്. നമ്മുടെ രാജ്യത്ത് പെർമനന്റ് വർക്കേഴ്സിന്റെ എണ്ണം കുറയുകയും കോൺട്രാക്ട് ലേബേഴ്സ്, ടെമ്പററി വർക്കേഴ്സ്, കാഷ്വൽ വർക്കേഴ്സ് എന്നിവരുടെ എണ്ണം വർദ്ധിച്ചുവരികയുമാണ്. അങ്ങനെ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ഈ അമെന്റ്മെന്റിന് എന്തർത്ഥമാണുള്ളത്? വളരെ വിപുലമായ അർത്ഥത്തിൽ ബഹുമാനപ്പെട്ട മിനിസ്റ്ററും ഗവൺമെന്റും ചിന്തിക്കേണ്ടതായിട്ടുണ്ട് എന്നാണ് എനിക്ക് സൂചിപ്പിക്കുവാനുള്ളത്. നമുക്ക് ഇവിടെ ചെയ്യേണ്ട ഒരുപാട് കാര്യങ്ങളുണ്ട്. സോഷ്യൽ സെക്യൂരിറ്റി കവറേജ് എല്ലാ വിഭാഗം തൊഴിലാളികൾക്കും കൊണ്ടുവരാവുന്നതാണ്. അതിനാവശ്യമായിട്ടുള്ള നിയമനിർമ്മാണമാണ് അങ്ങ് കൊണ്ടുവരേണ്ടത്. അങ്ങ് അത് ചെയ്തില്ല. കഴിഞ്ഞ ഗവൺമെന്റ് കൊണ്ടുവന്ന കുറെത്തൊഴിലാളി ക്ഷേമപദ്ധതികൾക്കുപുറമെ നാലരക്കൊല്ലം കഴിഞ്ഞിട്ടും മറ്റൊന്നും കൊണ്ടുവരാൻ അങ്ങേയ്ക്ക് സമയം കിട്ടിയിട്ടില്ല. കഴിഞ്ഞ ഗവൺമെന്റ് കൊണ്ടുവന്ന സോഷ്യൽ സെക്യൂരിറ്റി നിയമങ്ങൾ നടപ്പിലാക്കാനും പുതിയ നിയമങ്ങൾ കൊണ്ടുവരാനുമുള്ള നടപടി സ്വീകരിക്കണം. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് കുറെനിയമങ്ങൾ കൊണ്ടു വന്നിട്ടുണ്ട്. ഡൊമസ്റ്റിക് വർക്കേഴ്സിനുവേണ്ടി ഒരു സ്കീം നടപ്പിലാക്കണമെന്നു പറഞ്ഞു. പക്ഷേ, അത് വികൃതമാക്കി കളയുകയാണ് ചെയ്തത്. കേരളത്തിൽ ഇങ്ങനെയുള്ള ലക്ഷക്കണക്കിന് തൊഴിലാളികളുണ്ട്.

അതുപോലെ വളരെ ഗൗരവതരമായ ഒരു വിഷയം നിങ്ങളുടെ മുന്നിൽ അവതരിപ്പിക്കുകയാണ്. 10-ാം തീയതി ഐ.എൻ.റ്റി.യു.സി, ബി.എം.എസ്. എ.ഐ.റ്റി.യു.സി., സി.ഐ.റ്റി.യു., യു.റ്റി.യു.സി. എന്നീ സംഘടനകളിൽപ്പെട്ട ലക്ഷക്കണക്കിന് കൺസ്ട്രക്ഷൻ തൊഴിലാളികൾ സെക്രട്ടേറിയറ്റിനുമുന്നിൽ പ്രകടനം നടത്തുകയാണ്. അവരുടെ മുദ്രാവാക്യം അവരുടെ തൊഴിൽ സംരക്ഷിക്കുക എന്നുള്ളതാണ്. ഒരു കാര്യംകൂടി ഇവിടെ ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുകയാണ്. കൺസ്ട്രക്ഷൻ വെൽഫെയർ ബോർഡിന്റെ ചില ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ബഹുമാനപ്പെട്ട തൊഴിൽ വകുപ്പുമന്ത്രിക്ക് അവർ പല പ്രാവശ്യമായി നിവേദനങ്ങൾ നൽകിയിട്ടുണ്ട്. 2013-ൽ മരണാനന്തര ധനസഹായം 15,000 രൂപയിൽനിന്ന് 25,000 രൂപയും ഫ്യൂണറൽ സഹായം 5000 രൂപയും വിവാഹ ധനസഹായം 10,000 രൂപയും മാരക രോഗങ്ങൾക്കുള്ള ചികിത്സാസഹായം 50,000 രൂപയും ആയി വർദ്ധിപ്പിക്കണമെന്നാവശ്യപ്പെട്ടതാണ്. ഇന്നാൽ ഇതുവരെയും ഇത് അനുവദിച്ചിട്ടില്ല. അതുപോലെ അപകടമരണത്തിനുള്ള ധനസഹായം രണ്ടു ലക്ഷം രൂപയിൽനിന്നും മൂന്ന് ലക്ഷം രൂപ ആക്കണമെന്നാവശ്യപ്പെട്ടു. പെൻഷൻ 600 രൂപയിൽനിന്ന് 800 രൂപ ആക്കണമെന്നാവശ്യപ്പെട്ടു. എല്ലാം അവരുടെ ഫണ്ടിൽ നിന്നാണ്. ഗവൺമെന്റിന് ഒരു പൈസപോലും ചെലവില്ല. പക്ഷേ, ഗവൺമെന്റ് അതിന് ഒരിക്കലും തയ്യാറായില്ല. ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർക്കും ഇതിനോട് നൂറ് ശതമാനം യോജിപ്പായിരിക്കും. ഇത് ബഹുമാനപ്പെട്ട മിനിസ്റ്റർ ഇന്ന് സഭയ്ക്ക് ഉറപ്പു നൽകണമെന്നാണ് ഇക്കാര്യത്തിൽ എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ട് ആക്ടിലെ ഒരു ഭേദഗതി ഓഡിനൻസായി കൊണ്ടുവന്നിരുന്നു. ID Act-ലെ section 2(s) അമെന്റ് ചെയ്ത് സെയിൽസ് പ്രൊമോഷൻ എംപ്ലോയീസിനെക്കൂടി workmen-ന്റെ പരിധിയിൽ കൊണ്ടുവരണമെന്നായിരുന്നു അത്. മെഡിക്കൽ റെപ്രസെന്റേറ്റീവ്സ്, ഫുഡ് ഐറ്റംസ്, വീട്ടുപകരണങ്ങൾ എന്നിവ വില്പന നടത്തുന്നവർ ഇങ്ങനെ ലക്ഷക്കണക്കിനാളുകൾ സെയിൽസ് പ്രൊമോഷൻ എംപ്ലോയീസായി പണി എടുക്കുന്നുണ്ട്. ഇത് കേന്ദ്ര നിയമമാണ്. ഓർഡിനൻസ് കേന്ദ്രം അംഗീകരിച്ചു. പക്ഷേ, നിയമം കൊണ്ടുവരണമെങ്കിൽ കേന്ദ്രത്തിന്റെ അംഗീകാരം വേണ്ട, അതിന് രാഷ്ട്രപതിയുടെ അസന്റുവേണം. അങ്ങ് ഇതുചെയ്താൽ അത് വളരെയധികം പ്രയോജനകരമായിരിക്കും. അതുകൊണ്ട് ഇത്തരം കാര്യങ്ങളിൽ അങ്ങയുടെ ശ്രദ്ധവരണമെന്നും, ഒരു ജീവനക്കാരന്റെ അനുമതിയോടുകൂടി, after obtaining the authorisation of the employed person എന്നുള്ളതിനുപകരം അദ്ദേഹത്തിന്റെ

അനുവാദമില്ലെങ്കിലും ആതറൈസേഷൻ ഇല്ലാതെതന്നെ കൊടുക്കാൻ തീരുമാനിക്കണം എന്ന ഭേദഗതി ഒരു നിലയിലും നമ്മുടെ നിയമസഭയ്ക്ക് യോജിച്ചതല്ല എന്നുള്ളതുകൊണ്ട് അതിനോട് ഞാൻ പൂർണ്ണമായി വിയോജിക്കുകയാണ്.

ശ്രീ. എം. ഹംസ : സർ, ഞാൻ വിയോജിപ്പ് രേഖപ്പെടുത്തുകയാണ്. ഇതുമായി ബന്ധപ്പെട്ട് എനിക്കുമുമ്പ് സംസാരിച്ച ശ്രീ. എ. കെ. ബാലനും ശ്രീ. പി. കെ. ഗുരുദാസനും ഒട്ടനേകം കാര്യങ്ങൾ ഇവിടെ സൂചിപ്പിച്ചിട്ടുണ്ട്. എനിക്ക് സൂചിപ്പിക്കാനുള്ള ഒരുകാര്യം, തൊഴിൽവകുപ്പ് 2011-ൽ ഇറക്കിയിട്ടുള്ള പൗരാവകാശ രേഖയിൽ നാല് കടമകളെക്കുറിച്ച് വളരെ കൃത്യമായി പറയുന്നുണ്ട്. ഒന്ന്, തൊഴിൽനിയമങ്ങൾ നടപ്പാക്കുക. രണ്ട്, തൊഴിൽ തർക്കങ്ങൾ പരിഹരിക്കുക. മൂന്ന്, അർദ്ധനീതിന്യായ പ്രവർത്തനങ്ങൾ നടത്തുക, നാല്, തൊഴിലാളി ക്ഷേമപദ്ധതികൾ നടപ്പാക്കുക. ഈ നാല് കാര്യങ്ങളിലും തൊഴിൽ വകുപ്പിന്റെ ഇടപെടൽശേഷിയിൽ വലിയ കുറവ് വന്നിരിക്കുന്നു എന്ന അഭിപ്രായമാണ് എനിക്കുള്ളത്. ഇന്നത്തെ ഗവൺമെന്റിന്റെ രാഷ്ട്രീയമായ നിലപാടുകൾകൊണ്ടാണ് ഇന്ന് തൊഴിൽ വകുപ്പിന് വല്ലാത്ത ഒരു ശേഷിക്കുറവ് ബാധിച്ചിട്ടുള്ളത്. ഇവിടെ നാലാമതായി പറഞ്ഞ തൊഴിലാളി ക്ഷേമ സുരക്ഷാ പദ്ധതികളുടെ സ്ഥിതി എന്താണെന്നതിനെ സംബന്ധിച്ച് സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടിലെ 15-ാമത്തെ പേജിൽ വളരെ കൃത്യമായി പറയുന്നുണ്ട്. 15-ാമത്തെ പേജ് സൂചിപ്പിക്കുന്നത് സബ്ജക്ട് കമ്മിറ്റി ആവശ്യപ്പെട്ടതൊന്നും കിട്ടുന്നില്ല എന്നുള്ളതാണ്. സബ്ജക്ട് കമ്മിറ്റി എന്താണോ പറഞ്ഞത് അതൊന്നും കിട്ടാത്ത രൂപത്തിൽ ധനകാര്യ വകുപ്പ് തൊഴിൽ വകുപ്പിനോട് അനീതി കാണിക്കുകയാണ്. തൊഴിൽ വകുപ്പിനോടല്ല അനീതി, കേരളത്തിലെ അദ്ധ്വാനിക്കുന്ന ജനവിഭാഗങ്ങളോടാണ് അനീതി കാണിക്കുന്നത്. ഓരോ മേഖലയിലും ചോദിച്ച പണം കൃത്യമായി തരുന്നില്ല. കർഷകത്തൊഴിലാളി ക്ഷേമബോർഡിന് 166 കോടി രൂപ വേണം. നമുക്ക് കിട്ടിയത് 83 ലക്ഷം രൂപയാണ്. കൺസ്ട്രക്ഷൻ മേഖലയിൽ പെൻഷൻ കുടിശ്ശിക ഉൾപ്പെടെ കൊടുക്കുന്നതിനുവേണ്ടി നാലുകോടി എഴുപത്തിയാറ് ലക്ഷം രൂപ വേണം. നമുക്ക് കിട്ടിയത് 50 ലക്ഷമാണ്. സബ്ജക്ട് കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് പറയുന്നത്. പേജ് നമ്പർ 15-ൽ 4,76,14,770 രൂപ പെൻഷൻ കുടിശ്ശിക കൊടുക്കാൻ വേണം. ബഹുമാനപ്പെട്ട ചെയറിന് അറിയാമെന്നാണ് തോന്നുന്നത്. 15-ാമത്തെ പേജ് അങ്ങയുടെ ശ്രദ്ധയിലേക്ക് കൊണ്ടുവരികയാണ്. സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടിലെ 15, 16 പേജുകൾ അങ്ങ് പരിശോധിച്ചതിനുശേഷം അതിൽനിന്നും തൊഴിലാളി വർഗ്ഗത്തിന് കിട്ടേണ്ട, തൊഴിലാളി ക്ഷേമപദ്ധതികൾക്ക് കിട്ടേണ്ട പണം

കണക്കു പറഞ്ഞ് വാങ്ങാനുള്ളശേഷി ആർജ്ജിക്കണം. കേരളത്തിലും ഇന്ത്യയിലുമുള്ള തൊഴിലാളി വർഗ്ഗത്തിനിടയിൽ കക്ഷി രാഷ്ട്രീയത്തിനതീതമായി വലിയൊരു ഐക്യം വന്ന കാലമാണ്. എല്ലാ രാഷ്ട്രീയപ്പാർട്ടികളിലുംപെട്ട ട്രേഡ് യൂണിയനുകൾ തൊഴിലാളികളുടെ പ്രശ്നങ്ങൾക്കുവേണ്ടി ഒരുമിച്ച് നിൽക്കുന്ന ഒരു കാഴ്ച ഇന്ത്യയിൽ കാണാൻ കഴിയുമായിരുന്നു. ബി.എം.എസ്. കഴിഞ്ഞ പണിമുടക്കിൽനിന്ന് മാറിനിന്നപ്പോൾപോലും ബി.എം.എസ്.-ലെ തൊഴിലാളി നേതാക്കന്മാർ, പ്രാദേശിക നേതാക്കന്മാർ, സംസ്ഥാന നേതാക്കന്മാർ പണിമുടക്കിൽ പങ്കെടുക്കാതെ വന്നതിൽ ഖേദം പ്രകടിപ്പിക്കുന്ന രൂപത്തിലേക്ക് മാറിയ, തൊഴിലാളിവർഗ്ഗബോധത്തിന്റെ അടിസ്ഥാനത്തിലാണ് ഇന്ത്യയിലെ തൊഴിലാളിവർഗ്ഗവും പ്രത്യേകിച്ച് കേരളത്തിലെ തൊഴിലാളിവർഗ്ഗവും നിൽക്കുന്നത്. ഇങ്ങനെ ഐക്യപ്പെട്ട് നിന്നിട്ടും തൊഴിലാളിവർഗ്ഗത്തിനുള്ള ആനുകൂല്യങ്ങൾ സംസ്ഥാന ഗവൺമെന്റിൽനിന്നും പിടിച്ചുവാങ്ങുന്ന കാര്യത്തിൽ നമ്മൾ എന്തുകൊണ്ട് പരാജയപ്പെടുന്നു എന്നതിനെക്കുറിച്ച് നാം ഗൗരവമായി ചിന്തിക്കണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡിന് അതിവർഷ ആനുകൂല്യങ്ങൾ കൊടുക്കാൻ 167 കോടി രൂപ വേണമെന്നാണ് അങ്ങയുടെ മറുപടിയിൽ പറഞ്ഞിരിക്കുന്നത്. അതുപോലെ വിവാഹ ധനസഹായം കൊടുക്കാൻ 122 കോടി രൂപ, പ്രസവാനുകൂല്യങ്ങൾ കൊടുക്കാൻ 22,17,000 രൂപ വേണം, ചികിത്സാ ധനസഹായം കൊടുക്കാൻ 89,200 രൂപയും വേണം. അങ്ങ് നിയമസഭയിൽ പറഞ്ഞ ഉത്തരമാണ്. ക്ഷേമനിധികളിലും പദ്ധതികളിലും തൊഴിലാളികൾക്ക് കിട്ടേണ്ട ആനുകൂല്യങ്ങൾ കിട്ടാത്തൊരു കാലം ഇതിനുമുമ്പുണ്ടായിട്ടുണ്ടോ; അതിൽ കക്ഷിരാഷ്ട്രീയമൊന്നും നോക്കേണ്ടതില്ല, ട്രേഡ് യൂണിയൻ ഐക്യത്തോടുകൂടി നിൽക്കണം. സി.ഐ.ടി.യു., എ.ഐ.ടി.യു.സി. തുടങ്ങി എല്ലാ ട്രേഡ് യൂണിയനിൽപ്പെട്ടവരുമുണ്ടാകും. എല്ലാവരും ഒരുമിച്ചുനിന്ന് ക്ഷേമപദ്ധതികൾക്കാവശ്യമായ പണം കിട്ടാനുള്ള ഇടപെടൽ നടത്തണമെന്നാണ് എനിക്ക് പറയാനുള്ളത്.

<u>ശ്രീ. എസ്. രാജേന്ദ്രൻ</u>: സർ, തൊഴിലാളികളുടെ തൊഴിൽക്ഷേമം സംബന്ധിച്ചാണ് പറഞ്ഞുവരുന്നത്. ക്ഷേമപദ്ധതികളിൽ, തൊഴിലാളികൾക്ക് കൂലി കുറവാണ് എന്നുള്ളത് വളരെ പ്രധാനപ്പെട്ട ഒരു പ്രശ്നംതന്നെയാണ്. നമ്മൾ വളരെയേറെ പ്രശ്നങ്ങൾ അഭിമുഖീകരിക്കുകയും ആ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനുവേണ്ടി ബഹുമാനപ്പെട്ട മന്ത്രിയും മറ്റും വളരെയേറെ സമയമെടുത്ത് ചർച്ച ചെയ്യുകയുമുണ്ടായി. അതിനെക്കുറിച്ച് എല്ലാവർക്കും അറിയാം. അതിന്റെ വിശദാംശങ്ങളിലേക്ക് ഞാൻ പോകുന്നില്ല. ഇന്ന് ഏതെങ്കിലും ഒരു തൊഴിലാളിക്ക്

രോഗം ബാധിച്ചാൽ എന്ത് രോഗമാണ് ബാധിച്ചിട്ടുള്ളതെന്ന് തിരിച്ചറിയാനും ചികിത്സിക്കാനുമുള്ള സൗകര്യങ്ങൾ ചികിത്സാരംഗത്തില്ല എന്നുള്ളത് ഒരു യാഥാർത്ഥ്യമാണ്. കിട്ടുന്ന കൂലിയിൽനിന്നുതന്നെ അതിനുള്ള പണവും കണ്ടെത്തേണ്ടി വരുന്നുവെന്നുള്ളത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. എം. ഹംസ: സർ, തോട്ടം തൊഴിലാളികൾക്കുവേണ്ടി നിരാഹാര സമരം നടത്തി വിജയം വരിച്ച എം.എൽ.എ. എന്നുള്ള നിലയിൽ ശ്രീ. എസ്. രാജേന്ദ്രന്റെ വാക്കുകൾക്ക് വലിയ വിലയുണ്ട്. അദ്ദേഹത്തിന്റെ വാക്കുകൾ ബഹുമാനപ്പെട്ട മന്ത്രിയും പരിഗണിക്കുമെന്നാണ് എന്റെ വിശ്വാസം. അതുകൊണ്ട് അതിനെക്കുറിച്ച് ഞാൻ കൂടുതൽ പ്രതികരിക്കുന്നില്ല. രണ്ടാമതായി ഇ.എസ്.ഐ. രംഗത്തെക്കുറിച്ചാണ് എനിക്ക് പറയാനുള്ളത്. കേരളത്തിൽ 30,652 സ്ഥാപനങ്ങൾ ഇ.എസ്.ഐ.-യിൽ രജിസ്റ്റർ ചെയ്തു. 6,23,000 തൊഴിലാളികളാണ് ആ പരിധിയിലുള്ളത്. പക്ഷേ ഇവിടെ 52 ബ്രാഞ്ച് മാനേജർമാരുടെ ഒഴിവുകളുണ്ട്. ഇ.എസ്.ഐ. ആശുപത്രികളിലെ ഡോക്ടർമാരുടേയും നഴ്സുമാരുടേയും കുറവ് പരിഹരിക്കാനാവശ്യമായ ഇടപെടൽ ഉണ്ടാകണം. ഡോക്ടർമാരുടെയും മാനേജർമാരുടെയും കുറവ് പരിഹരിക്കുന്നതിനുവേണ്ടി ഇടപെടൽ നടത്തണം. ഓട്ടോറിക്ഷ, ബസ് എന്നിവയിൽ പണിയെടുക്കുന്നവരെക്കൂടി ഇ.എസ്.ഐ.-യിൽ ഉൾപ്പെടുത്തി തൊഴിലാളികളുടെ ആനുകൂല്യങ്ങൾ വിപുലപ്പെടുത്താൻ ശ്രമിക്കണം. അതിനുവേണ്ടി കേന്ദ്രഗവൺമെന്റിൽ സജീവമായി ഇടപെടണം. കേരളത്തിൽ 6 ലക്ഷം തൊഴിലാളികൾക്കുമാത്രമെ ഇ.എസ്.ഐ. ആനുകൂല്യം ലഭിക്കുന്നുള്ളൂ. അത് പ്രധാനപ്പെട്ട ഒരു പോരായ്മയാണ്. ആ പോരായ്മ പരിഹരിക്കാനുള്ള ഇടപെടൽ വേണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ഇന്ന് ചികിത്സാരംഗം ആധുനികവത്ക്കരിക്കപ്പെട്ടുകഴിഞ്ഞു. ചികിത്സയ്ക്കായി പുതിയ തരത്തിലുള്ള ഉപകരണങ്ങൾ ഉപയോഗിക്കാൻ തുടങ്ങി. ഇങ്ങനെയുള്ള ആധുനിക സംവിധാനങ്ങളുള്ളപ്പോൾ ഇ.എസ്.ഐ. ഇപ്പോഴും പ്രാകൃതകാലത്തെ ചികിത്സാരംഗത്താണ് നിൽക്കുന്നത്. ബഹുമാനപ്പെട്ട ചെയറിന് ഇക്കാര്യങ്ങളെല്ലാം അറിയാം. ഷുഗർ പേഷ്യന്റിന് സ്ഥിരമായി ശരീരത്തിൽ ഇൻസുലിൻ പമ്പ് വയ്ക്കുന്നതിന് 3 ലക്ഷത്തോളം രൂപ വേണ്ടിവരും. അതൊന്നും ഇ.എസ്.ഐ. തരില്ല എന്ന നിലപാടിലാണ്. വലിയ ഇടപെടൽ നടത്തിയിട്ടാണ് ആദ്യമായി ഒരു തൊഴിലാളിക്ക് സ്ഥിരമായി ശരീരത്തിൽ വയ്ക്കാനുള്ള ഇൻസുലിൻ പമ്പ് കൊടുക്കാൻ തയ്യാറായത്. നിയമം നമുക്കനുകൂലമായിട്ടും ചികിത്സാരംഗത്തെ ആധുനിക സൗകര്യങ്ങളെല്ലാം കിട്ടുമായിരുന്നിട്ടും അത് തടയാൻ ശ്രമിക്കുന്ന ചില ആളുകളുണ്ട്. ഇ.എസ്.ഐ. രംഗത്ത് പ്രവർത്തിക്കുന്ന ഉന്നതോദ്യോഗസ്ഥരുടെ

മനോഭാവത്തിൽ മാറ്റമുണ്ടാകണം. തൊഴിൽ വകുപ്പുമന്ത്രി സഭയിൽ ഇല്ലെങ്കിൽപ്പോലും മറുപടിയിൽ ഇക്കാര്യത്തെക്കുറിച്ച് പറയാൻ തൊഴിൽ വകുപ്പുമന്ത്രിക്ക് കുറിച്ചുകൊടുക്കണമെന്ന് ബഹുമാനപ്പെട്ട ഊർജ്ജവകുപ്പുമന്ത്രിയോട് വളരെ വിനയത്തോടെ അഭ്യർത്ഥിക്കുന്നു. ആരോഗ്യമേഖലയിൽ ആധുനിക ചികിത്സാരംഗത്തെ സൗകര്യങ്ങൾ തൊഴിലാളിക്ക് ലഭിക്കണം. അതിന് ഇ.എസ്.ഐ. ഉദ്യോഗസ്ഥർ തടസ്സം നിൽക്കരുത്. അത് ഉറപ്പുവരുത്താൻ കഴിയണമെന്നാണ് അഭ്യർത്ഥിക്കാനുള്ളത്. മറ്റൊന്ന് ആർ.എസ്.ബി.വൈ.-യെ കുറിച്ചാണ് പറയാനുള്ളത്. തൊഴിൽ വകുപ്പാണ് പോളിസി കൊടുക്കുന്നത്. ഏപ്രിൽ മാസത്തിൽത്തന്നെ പോളിസി കൊടുത്താൽ എന്താണ് പ്രശ്നം; ഏപ്രിൽ മാസത്തിൽ കൊടുക്കില്ല. അവസാനം കൊടുക്കും. ആറുമാസമാകുമ്പോഴേയ്ക്കും സർക്കാർ ആശുപത്രികളിൽ പോകുന്ന പാവപ്പെട്ട തൊഴിലാളികൾക്ക് അതിന്റെ ആനുകൂല്യം കിട്ടാതെ വരും. ഇപ്പോൾ റിലയൻസാണ് അത് ക്വാട്ട് ചെയ്തിട്ടുള്ളത്. ആരോ ക്വാട്ട് ചെയ്യട്ടെ, എത്ര രൂപയ്ക്കോ കൊടുക്കട്ടെ. പക്ഷേ അത് കൃത്യമായി കൊടുത്ത് ആർ.എസ്.ബി.വൈ.-യുടെ ആനുകൂല്യം കേരളത്തിൽ എല്ലാവർക്കും കിട്ടത്തക്കവിധത്തിലുള്ള ഇടപെടൽ ആവശ്യമായിട്ടുണ്ട്. അതിലിടപെടണമെന്ന് അഭ്യർത്ഥിക്കുന്നു. മറ്റൊരുകാര്യം, നേരത്തെ ബഹുമാനപ്പെട്ട പി. കെ. ഗുരുദാസൻ പറഞ്ഞതുപോലെ കൺസ്ട്രക്ഷൻ രംഗത്ത് മാർച്ചുമാസം 17-ാം തീയതി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും തൊഴിൽ വകുപ്പുമന്ത്രിയും ഒരു കരാർ ഒപ്പുവച്ചിട്ടുണ്ട്. എല്ലാ ട്രേഡ് യൂണിയൻ നേതാക്കന്മാരും ഒപ്പ് വച്ചിട്ടുണ്ടെന്നാണ് എന്റെ വിശ്വാസം. മാർച്ച് 17-ാം തീയതി ഒപ്പുവച്ച കരാറിലെ ആനുകൂല്യങ്ങൾ ഇത്രയും മാസമായിട്ടും കൊടുക്കാൻ കഴിയാത്തതെന്താണ്; കൺസ്ട്രക്ഷൻ മേഖലയിൽ പണിയെടുക്കുന്നവരുടെ മക്കൾക്കുള്ള പഠന സഹായം ആയിരം രൂപയാക്കാമെന്നും ചികിത്സാസഹായം 5000 രൂപയാക്കാമെന്നും വിവാഹ ധനസഹായം പതിനായിരം രൂപയാക്കാമെന്നും ഹാർട്ട് അറ്റാക്ക് വന്നാൽ പതിനായിരം രൂപ ചികിത്സാ സഹായം നൽകാമെന്നും പറഞ്ഞിട്ടുണ്ട്. മാർച്ച് മാസം 17-ാം തീയതി അങ്ങുൾപ്പെടെയുള്ളവർ ഒപ്പിട്ട കരാറിലെ വ്യവസ്ഥകൾ നടപ്പാക്കിയിരിക്കുന്നുവെന്ന് പ്രഖ്യാപിക്കണമെന്നാണ് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത്. കൺസ്ട്രക്ഷൻ മേഖലയിലെ മറ്റൊരു പ്രശ്നം, നമുക്ക് കരാറുകാരിൽനിന്നും ബിൽഡിംഗ് ടാക്സ് ഇനത്തിൽ ഏതാണ്ട് 30 കോടിയോളം രൂപ കിട്ടാനുണ്ടെന്നാണ് രേഖാമൂലമുള്ള കണക്ക്. ആ തുക തിരിച്ചുപിടിക്കാൻ കൺസ്ട്രക്ഷൻ ക്ഷേമനിധിയിലെ ഉദ്യോഗസ്ഥർ കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ലായെന്നുള്ള വിമർശനമുണ്ട്. ആ വിമർശനം ശരിയാണോ അല്ലയോ എന്ന് പരിശോധിച്ച് ശരിയാണെങ്കിൽ കൃത്യമായ ഇടപെടൽ നടത്തണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ഇന്ന് ലക്ഷക്കണക്കിന് ചുമട്ടുതൊഴിലാളികളാണ് ചുമട്ടുതൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായിട്ടുള്ളത്. അവരുടെ ക്ഷേമനിധി ഓഫീസുകൾ ആധുനികവൽക്കരിക്കേണ്ട കാലം അതിക്രമിച്ചുകഴിഞ്ഞു. ചുമട്ടുതൊഴിലാളി ക്ഷേമനിധി ഫണ്ട് ഉപയോഗിച്ച് ക്ഷേമനിധി ഓഫീസുകൾ ആധുനികവൽക്കരിക്കണം. മാത്രവുമല്ല അതിൽ 25 ശതമാനം ലെവിയും രണ്ടു ശതമാനം റിസ്ക് ഫണ്ടും പിരിക്കാനുണ്ട്. 27 ശതമാനം പണം പിരിക്കേണ്ടത് ഈ ക്ഷേമനിധിയിൽ നിന്നാണ്. എന്നാൽ ഇത് രണ്ടും പിരിക്കുന്നില്ല. പിരിച്ചാൽ മാത്രമല്ലേ ഫണ്ട് വരികയുള്ളൂ. ഫണ്ട് വരില്ലെന്നു മാത്രമല്ല ഈ ക്ഷേമനിധി ബോർഡുകൾ ഡെപ്യൂട്ടേഷൻ ബോർഡുകളായി മാറുകയുമാണ്. ഡെപ്യൂട്ടേഷൻ ബോർഡുകളായി മാറുമ്പോൾ ഉയർന്ന തസ്തികയിൽ ഉയർന്ന ശമ്പളം വാങ്ങിക്കൊണ്ടിരിക്കുന്നവരാണ് ഈ സ്ഥാനങ്ങളിൽ വരുന്നത്. അതിന്റെ ഭാഗമായി എസ്റ്റാബ്ലിഷ്മെന്റ് കോസ്റ്റ് കൂടുകയാണ്. ചുമട്ടുതൊഴിലാളി ക്ഷേമനിധിയുടെ എസ്റ്റാബ്ലിഷ്മെന്റ് കോസ്റ്റ് ഏതാണ്ട് 8 ശതമാനത്തിൽ എത്തിയെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഇവിടെയുള്ള തൊഴിലാളികൾ തന്നെയാണ് ഇതിനെ നയിക്കുന്നതെങ്കിൽ എസ്റ്റാബ്ലിഷ്മെന്റ് കോസ്റ്റ് കേവലം 5 ശതമാനത്തിൽ എത്തിക്കാൻ സാധിക്കും. എസ്റ്റാബ്ലിഷ്മെന്റ് കോസ്റ്റ് 5 ശതമാനത്തിൽ നിർത്തുന്നതിനുപകരം 8 ശതമാനവും 9 ശതമാനവുമായി വർദ്ധിക്കുന്നത് ഉയർന്ന ശമ്പളം വാങ്ങുന്നവർ ഇവിടെ വരുന്നതുകൊണ്ടാണ്. എന്നാൽ ഇതിനോട് ഇവർ ആത്മാർത്ഥത കാണിക്കുന്നില്ല എന്നുള്ളതും ചുമട്ടുതൊഴിലാളികൾക്കിടയിൽ ഒരു വിമർശനമായി നിൽക്കുന്നുണ്ട്. അവരുടെ വികാരമാണ് ഞാൻ ഇവിടെ അവതരിപ്പിക്കുന്നത്.

മറ്റൊന്ന് സൂചിപ്പിക്കാനുള്ളത്, ചുമട്ടുതൊഴിലാളി ക്ഷേമനിധി ആനുകൂല്യങ്ങളുടെ വർദ്ധനവ് സംബന്ധിച്ച് ചില പ്രൊപ്പോസലുകൾ കൊടുത്തിട്ടുണ്ട്. ആ പ്രൊപ്പോസലുകൾ അംഗീകരിച്ചിട്ടില്ല എന്നുള്ളപരാതിയുണ്ട്. അത് പരിഹരിക്കപ്പെടണം. ചുമട്ടുതൊഴിലാളി ചുമട് എടുക്കുകയാണ്. നമ്മൾ എല്ലാവരും നോക്കുകൂലിയെ എതിർക്കുന്നവരാണ്. തൊഴിലാളികൾക്ക് പണിയെടുക്കുന്നതിനുള്ള അവകാശവും ജോലിഭാരത്തിനനുസരിച്ച് ഏകീകരിച്ച കൂലി ലഭിക്കുന്നതിനാവശ്യമായ സംവിധാനവുമുണ്ടാക്കണം. തൊഴിൽ എടുക്കുക എന്നുള്ളത് അവകാശമാക്കി മാറ്റാനാവശ്യമായ സംവിധാനമുണ്ടാകണം. അതിന് നിയമം കൊണ്ടുവരണം. ഹൈക്കോടതിയിൽ പോയാൽ ചുമട്ടുതൊഴിലാളിക്ക് പ്രൊട്ടക്ഷൻ ലഭിക്കുന്നില്ല. ചുമട്ടുതൊഴിലാളികൾക്ക് സംരക്ഷണവും ആനുകൂല്യങ്ങളും കിട്ടുന്നതിനുതകുന്ന വിധത്തിലുള്ള നിയമത്തിന് തൊഴിൽ വകുപ്പ് നേതൃത്വം കൊടുക്കണമെന്നുള്ള അഭിപ്രായമാണ് എനിക്കുള്ളത്.

മറ്റൊന്ന്, ഇരുമ്പുരുക്ക് വ്യവസായ മേഖലയെക്കുറിച്ചാണ് സംസാരിക്കാനുള്ളത്. അങ്ങ് ഉൾപ്പെടുന്ന സബ്ജക്ട് കമ്മിറ്റി ഇരുമ്പുരുക്ക് വ്യവസായ മേഖലയിൽ സന്ദർശനം നടത്തുകയുണ്ടായി. ബഹുമാനപ്പെട്ട മന്ത്രി സന്ദർശനം നടത്തുമെന്ന് പറയുമ്പോൾ, സാധാരണഗതിയിൽ തൊഴിൽ നിയമങ്ങളും സുരക്ഷാസംവിധാനങ്ങളും ആ വ്യവസായശാലയിൽ എല്ലാരീതിയിലും ഉണ്ടാകുമെന്നാണല്ലോ പ്രതീക്ഷിക്കുന്നത്. പ്രത്യേകിച്ച് തൊഴിൽ വകുപ്പുമന്ത്രിയാണല്ലോ വരുന്നത്. തൊഴിൽ വകുപ്പുമന്ത്രി വരുമ്പോഴും മനുഷ്യാവകാശ ലംഘനം നടക്കുന്നത് മന്ത്രിയുൾപ്പെടെ കാണുകയാണ്. ഒരു ഷർട്ടിട്ട്, ഒരു ഹവായ് ചെരുപ്പിട്ട്, ഒരു തുണിത്തൊപ്പി തലയിൽ വച്ച് 1500 ഡിഗ്രി സെൽഷ്യസ്സിൽ തൊഴിലാളികൾ പണിയെടുക്കുന്നത് ബഹുമാനപ്പെട്ട മന്ത്രിയും സബ്ജക്ട് കമ്മിറ്റി അംഗങ്ങളും ഉൾപ്പെടെ കാണുകയാണ്. ബഹുമാനപ്പെട്ട മന്ത്രി ശ്രീ. ബേബി ജോണിന്റെ മകനായി പോയതുകൊണ്ട് പെട്ടെന്ന് പ്രതികരിച്ചു, അപ്പോൾത്തന്നെ പണി നിർത്താൻ പറഞ്ഞു. ബഹുമാനപ്പെട്ട മന്ത്രിയുടെ പ്രവൃത്തിയെ ഞങ്ങളെല്ലാവരും അഭിനന്ദിച്ചു. അവർക്കാവശ്യമായ സമയം കൊടുത്തു. സമയം കൊടുത്തിട്ടും ആ വ്യവസായ മേഖലയിൽ തൊഴിലാളികളുടെ ജീവൻ സംരക്ഷിക്കാൻ, സേവന-വേതന വ്യവസ്ഥകൾ ഉറപ്പാക്കാൻ, 1500 ഡിഗ്രി സെൽഷ്യസ്സിൽ മനുഷ്യരാണ് പ്രവർത്തിക്കുന്നത് എന്ന് ഉറപ്പുവരുത്താൻ നമുക്ക് കഴിഞ്ഞിട്ടില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും വ്യവസായ വകുപ്പുമന്ത്രിയും ഇടപെട്ടു. അവർ കൊടുത്ത സമയത്തിനുള്ളിലും ആ വ്യവസായശാലകളിലെ തൊഴിലാളിക്ക് അനുകൂലമായ തീരുമാനങ്ങൾ വന്നില്ല എന്നത് ഖേദകരമാണ്. ഇന്ന് ഇവിടെ സംസാരിക്കുന്നതിനുമുമ്പും ഇരുമ്പുരുക്ക് വ്യവസായത്തൊഴിലാളികളുമായി ഞാൻ സംസാരിക്കുകയുണ്ടായി. വളരെ ഭയാനകമായ ഒരു അവസ്ഥയാണ് അവിടെയുള്ളത്. അത് പരിഹരിക്കാനാവശ്യമായ ഏർപ്പാടുകൾ ഉണ്ടാക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

ഐ.ടി.ഐ.-കളിൽ പഠിക്കുന്ന കുട്ടികൾക്ക് ധാരാളം തൊഴിലവസരങ്ങളുണ്ട്. ഐ.ടി.ഐ. വിദ്യാഭ്യാസത്തെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിനും നല്ല ഫാക്കൽറ്റികളെ നിയമിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കണം. ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽ ഉൾപ്പെടെ ഐ.ടി.ഐ. ലഭിച്ചിട്ടുണ്ട്. അവിടെ നല്ല രീതിയിൽ പ്രവർത്തിക്കാൻ ആവശ്യമായിട്ടുള്ള ഇടപെടൽ ഉണ്ടാകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

ശ്രീ. പി. തിലോത്തമൻ: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2015-ലെ കൂലി കൊടുക്കൽ (കേരള ഭേദഗതി) പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. ഈ ഭേദഗതി തൊഴിൽ മേഖലയിൽ വലിയ പ്രത്യാഘാതങ്ങൾ ഉളവാക്കുന്ന

ഒന്നായതുകൊണ്ട് പൊതുജനാഭിപ്രായത്തിന് അയയ്ക്കണം എന്ന അഭിപ്രായമാണ് എനിക്കുള്ളത്. വളരെ നിസ്സാരമായി കാണാൻ കഴിയുന്ന ഒരു ഭേദഗതിയല്ല 1936-ലെ 'പേമെന്റ് ഓഫ് വേജസ് ആക്റ്റിൽ' ബഹുമാനപ്പെട്ട മന്ത്രി കൊണ്ടുവന്നിരിക്കുന്നത്. ഒട്ടേറെ പ്രത്യാഘാതങ്ങൾ വിളിച്ചുവരുത്തുന്ന ഒന്നാണിത്. നിലവിലുള്ള തൊഴിൽ നിയമങ്ങളെ അട്ടിമറിക്കാൻ നിരന്തര പരിശ്രമങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. കേന്ദ്രത്തിൽ ബി.ജെ.പി. അധികാരത്തിൽ വന്നതോടുകൂടി, രാജസ്ഥാൻ ഗവൺമെന്റ് അതിന്റെ ഒരു ഉദാഹരണമായി മാറിയിരിക്കുകയാണ്. രാജ്യമൊട്ടാകെ തൊഴിൽ നിയമങ്ങൾ ഭേദഗതി ചെയ്യാൻ കൊണ്ടുപിടിച്ച പരിശ്രമങ്ങൾ നടന്നുകൊണ്ടിരിക്കുന്ന ഈ സന്ദർഭത്തിലാണ് തൊഴിലാളി വർഗ്ഗത്തിന്റെ താൽപര്യങ്ങൾ ഉയർത്തിപ്പിടിക്കാൻ എല്ലാ കാലത്തും നിലകൊണ്ടിട്ടുള്ള ശ്രീ. ബേബി ജോൺ സാറിന്റെ മകനായ ശ്രീ. ഷിബു ബേബി ജോൺ എന്ന ബഹുമാനപ്പെട്ട മന്ത്രി ഈ ഭേദഗതി കൊണ്ടുവന്നിരിക്കുന്നത്. അതുകൊണ്ട് അതിന്റെ പ്രത്യാഘാതങ്ങൾ ഗൗരവത്തോടെ ഈ സഭ ചർച്ച ചെയ്യുമെന്നാണ് ഞാൻ പ്രതീക്ഷിക്കുന്നത്.

പേമെന്റ് ഓഫ് വേജസ് ആക്ട് നിലവിൽ വരുന്നത് 1936-ൽ ബ്രിട്ടീഷുകാരുടെ ഭരണകാലത്താണ്. തൊഴിലാളി വർഗ്ഗത്തിന്റെ ഉജ്ജ്വലമായ സമരത്തോടെ രൂപം കൊണ്ട ആക്ട് തീർച്ചയായും അന്നത്തെ സാഹചര്യത്തിൽ വലിയ പ്രത്യാഘാതങ്ങൾ വിളിച്ചുവരുത്തിയ ഒന്നായിരുന്നു. അന്ന് കൂലി പണമായി കൊടുക്കുമായിരുന്നില്ല. കൂലി സാധനമായിട്ടാണ് കൊടുത്തിരുന്നത്. തൊഴിലാളി പണിയെടുത്താൽ കൂലി നിശ്ചയിക്കുന്നത് മുതലാളിയാണ്. ആ കൂലി അരിയായി, പലവ്യഞ്ജനങ്ങളായി, മറ്റുപല സാധനങ്ങളായി മുതലാളിയുടെ കടയിൽ നിന്നുതന്നെയാണ് കൊടുക്കുന്നത്. ആ സ്ഥിതിഗതികൾ നമുക്ക് എല്ലാവർക്കും അറിയാവുന്നതാണ്. കള്ള് കുടിക്കുന്ന തൊഴിലാളിയാണെങ്കിൽ മുതലാളിയുടെ കള്ളുഷാപ്പിൽ ചീട്ട് കൊടുത്തുവിടുകയാണ് ചെയ്യുന്നത്. ബാർബർ ഷാപ്പിൽ മുടി വെട്ടിക്കാൻവരെ ചീട്ട് കൊടുത്തുവിടുകയാണ് ചെയ്യുന്നത്. അങ്ങനെ ചീട്ട് കൊടുത്തുവിട്ട് തൊഴിലാളിക്ക് കൂലിയായി കൊടുക്കേണ്ട പണത്തിനുപകരം സാധനങ്ങളും സർവ്വീസുകളും മാത്രമായി ഇരട്ട ചൂഷണത്തിന് വിധേയമാക്കുന്ന കാലമായിരുന്നു 1936-കളിലും പിന്നീടുള്ള 1947 വരെയുള്ള കാലഘട്ടത്തിലും നമ്മുടെ സംസ്ഥാനത്ത് നിലനിന്നിരുന്നത്. നഗ്നമായ ചൂഷണമായിരുന്നു അവിടെ നടന്നിരുന്നത്. മുതലാളി നിശ്ചയിക്കുന്ന കൂലി പട്ടിണിക്കൂലിയാണ്. അതോടൊപ്പം അവരുടെ സ്ഥാപനങ്ങളിൽനിന്നും ഉൽപ്പന്നങ്ങൾ കൊടുക്കുമ്പോൾ അവിടെയും കൊടിയ ചൂഷണമാണ് നടക്കുന്നത്. വൻകിട വ്യവസായ മേഖലയുൾപ്പെടെയുള്ള എല്ലാ മേഖലകളിലുമുള്ള തൊഴിലാളികൾ ഈ ചൂഷണത്തിന് വിധേയരായിരുന്നു.

1946-ലാണ് പുന്നപ്ര-വയലാർ സമരം നടക്കുന്നത്. ചേർത്തല-അമ്പലപ്പുഴ താലൂക്കിലെ തൊഴിലാളി വർഗ്ഗം അനുഭവിച്ച കൊടിയ ദുരിതം പുന്നപ്ര-വയലാർ സമരത്തിന്റെ ചരിത്രം വായിച്ചാൽ മനസ്സിലാക്കാൻ കഴിയും. ഇവിടെയിരിക്കുന്ന എല്ലാവരും അത് വായിച്ചിട്ടുണ്ടാകുമെന്ന് ഞാൻ കരുതുന്നു. കൊടിയ മർദ്ദനങ്ങൾക്കുമപ്പുറത്ത് നഗ്നമായ ചൂഷണമാണ് നടന്നത്. മത്സ്യത്തൊഴിലാളി വള്ളത്തിൽ ജോലിക്കുപോയാൽ അവർ പിടിച്ചുകൊണ്ടുവരുന്ന മത്സ്യംവരെ, മുതലാളിയുടെ പണം കൊണ്ട് വാങ്ങിയ വള്ളം, വല എന്നിവയ്ക്ക് പ്രത്യേകമായി വീതം വയ്ക്കണം. ക്രിസ്തീയ സമുദായത്തിൽപ്പെട്ടവനോ മുസ്ലീം സമുദായത്തിൽ പ്പെട്ടവനോ ആണെങ്കിൽ പള്ളി പങ്കം, വള്ളപങ്കം, വലപങ്കം വേറെ വയ്ക്കണം. ഹിന്ദു സമുദായത്തിൽപ്പെട്ടവനാണെങ്കിൽ ഉത്സവപങ്കം വയ്ക്കണം. ഇങ്ങനെ വീതം വച്ചതിനുശേഷമാണ് തൊഴിലാളികളുടെ കൂലിയെ സംബന്ധിച്ച് തീരുമാനമെടുക്കുന്നത്. കൂലി എന്നുപറയുന്നത് അവസാനത്തെ ഷെയറാണ്. എല്ലാം എടുത്തശേഷം മിച്ചമുള്ളതാണ് തൊഴിലാളികളുടെ കൂലി. ആ കാലത്താണ് 1936- ലെ പേയ്മെന്റ് ഓഫ് വേജസ് ആക്ട് നിലവിൽ വന്നതും ആ ആക്ടിലെ നന്മ തിരിച്ചറിയാൻ കഴിഞ്ഞതും. ആ നിയമം നാൽപ്പതുവർഷക്കാലം ഒരു മാറ്റവുമില്ലാതെ നിലനിന്നിരുന്നു. 40 വർഷത്തിനുശേഷം സെക്ഷൻ (6)-ൽ, .... 'All wages shall be paid in current coin or currency notes or in both:' എന്ന സെക്ഷന് ചില മാറ്റമുണ്ടാകുന്നത് 1976-കളിലാണ്. ഇന്ദിരാഗാന്ധി പ്രധാനമന്ത്രി ആയിരുന്ന കാലം, രാജ്യത്ത് അടിയന്തരാവസ്ഥ നിലനിന്നിരുന്ന കാലം. ഒരക്ഷരം മിണ്ടാൻ ആരേയും അനുവദിക്കാതിരുന്ന, കാളകൂട സർപ്പം വിളയാടിയ ആ സന്ദർഭത്തിലാണ് ആ ഭേദഗതി കൊണ്ടുവരുന്നത്. എല്ലാ അധികാരങ്ങളും വരിഞ്ഞുകെട്ടിയ സന്ദർഭത്തിൽ തൊഴിലാളികളുടെ വേജസ്സും ആനുകൂല്യങ്ങളും കവർന്നെടുക്കുകയുണ്ടായി. ആദ്യത്തെ ഭേദഗതി സെക്ഷൻ (6)-ൽ ഒരു പ്രൊവൈസോ ചേർക്കുന്നത്, 'provided that the employer may, after obtaining the written authorisation of the employed person, pay him the wages either by cheque or by crediting the wages in his bank account.'

ഇന്ദിരാഗാന്ധി അടിയന്തരാവസ്ഥ കാലത്ത് തൊഴിലാളികളുടെ അനുവാദ ത്തോടുകൂടിയാണ് ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യാനോ ചെക്കായി നൽകാനോ ഉള്ള വ്യവസ്ഥ സെക്ഷൻ (6)-ൽ കൊണ്ടുവന്നത്. എന്നാൽ ബഹുമാനപ്പെട്ട ഷിബു ബേബി ജോൺ തൊഴിലാളികളുടെ ആതറൈസേഷൻ ഇല്ലാതെ കമ്പനികൾക്കോ വ്യവസായ സ്ഥാപനങ്ങൾക്കോ ചെക്കായോ ഡ്രാഫ്റ്റായോ അല്ലെങ്കിൽ ബാങ്കിൽ ക്രെഡിറ്റ് ചെയ്യാനോ ഉള്ള അധികാരം ഗവൺമെന്റ് മാനേജ്മെന്റിന് കൊടുക്കുന്ന ഒരു വ്യവസ്ഥയാണ് കൊണ്ടുവരുന്നത്. ബ്രിട്ടീഷുകാർ കൊണ്ടുവന്ന പേമെന്റ് ഓഫ് വേജസ് ആക്ടിൽ ഇന്ദിരാഗാന്ധി ഒരു

കൈക്കുമ്പിൾ വെള്ളമാണ് ഒഴിച്ചതെങ്കിൽ, ശ്രീ. ഷിബു ബേബി ജോൺ ഒരു കുടം വെള്ളം ഒഴിച്ച് അതിനെ വീണ്ടും ദുർബലപ്പെടുത്തുകയാണ് ചെയ്യുന്നത്. അതുകൊണ്ടാണ് ആ ഭേദഗതിയെ ഞാൻ ശക്തിയായി എതിർക്കുന്നത്. ഈ ഭേദഗതി തൊഴിലാളി വർഗ്ഗത്തിനോ ഈ രാജ്യത്തിന്റെ പൊതുവായ താൽപ്പര്യങ്ങൾക്കോ അനുയോജ്യമായതല്ല. ഇത് തൊഴിൽ മേഖലയിൽ വമ്പിച്ച പ്രത്യാഘാതമുളവാക്കും. അതുകൊണ്ടാണ് ഇത് നിരാകരിക്കേണ്ടതാണെന്നും ജനങ്ങളുടെ അഭിപ്രായം സ്വരൂപിക്കേണ്ടതാണെന്നും പറയുന്നത്. ഈ ഭേദഗതി തൊഴിലാളികളെയും ട്രേഡ് യൂണിയൻ പ്രസ്ഥാനത്തെയും ദുർബലപ്പെടുത്തുന്നതാണ്. ട്രേഡ് യൂണിയൻ പ്രസ്ഥാനം ദുർബലമായാൽ എന്താകും സ്ഥിതിയെന്നത് നമ്മൾ ഇപ്പോൾ കണ്ടുകൊണ്ടിരിക്കുകയാണ്. തൊഴിലാളികളുടെ സംഘടിത പ്രസ്ഥാനത്തെ തകർക്കുന്നതുവഴി തൊഴിലാളികളുടെ ബാർഗെയിനിംഗ് പവറിനെ ദുർബലപ്പെടുത്തുകയാണ് ചെയ്യുന്നത്. തൊഴിലാളി പ്രസ്ഥാനത്തെയും തൊഴിലാളികളെയും ദുർബലമാക്കാൻ സഹായിക്കുന്ന, മൂലധന ഉടമകൾക്കു വിടുപണി ചെയ്തുകൊടുക്കുന്ന ഒരു ഭേദഗതിയായി ഇത് മാറിക്കൊണ്ടിരിക്കുകയാണ്. സമരം, അതാണ് തൊഴിലാളികളുടെ കയ്യിലുള്ള ഏറ്റവും വലിയ ആയുധം. അവർ കൂലി ഉപേക്ഷിച്ചുകൊണ്ട് സമരം ചെയ്യുകയാണ്. ലോകത്തിനുതന്നെ ഏറ്റവും ഉജ്ജ്വലമായ ഒരു സമരമാർഗ്ഗം കാണിച്ചുകൊടുത്തത് മഹാത്മാഗാന്ധിയാണ്, നിരാഹാര സമരം. നിരാഹര സമരം പോലെ ഏറ്റവും പ്രധാനപ്പെട്ട ഒരു സമരായുധം കൂലി വാങ്ങാതെയും ബോണസ് വാങ്ങാതെയും പണിയെടുക്കുക എന്നതാണ്. അങ്ങനെ ജോലി ചെയ്യുമ്പോൾ മൂലധന ഉടമയെ അവസാനം കണക്ക് പറയേണ്ട അവസ്ഥയിലേയ്ക്ക് എത്തിക്കാൻ സഹായിക്കുന്ന ഉജ്ജ്വലമായ സമരത്തിന്റെ മാതൃകാരൂപമാണ് ഇവിടെ ഇല്ലാതാക്കാൻ ശ്രമിക്കുന്നത്. ഇത് ആരെ സഹായിക്കാൻ വേണ്ടിയാണ് എന്നുള്ള കാര്യം ബഹുമാനപ്പെട്ട മന്ത്രി ആലോചിക്കേണ്ടതാണ്. തൊഴിൽ നിയമങ്ങളെയാകെ പൊളിച്ചെഴുതുന്ന കാലമാണിത്. എല്ലാവരും അക്കാര്യം ഇവിടെ ചൂണ്ടിക്കാണിച്ചിരുന്നു. തൊഴിൽ നിയമങ്ങൾ ലംഘിച്ചാൽ തൊഴിലാളിയുടെ പേരിൽ കർക്കശമായ നടപടി സ്വീകരിക്കാം. നോട്ടീസ് നൽകാതെ ഒരു ദിവസം പണിമുടക്കിയാൽ 8 ദിവസത്തെ വേതനം തൊഴിലുടമയ്ക്ക് ഈടാക്കാം. തൊഴിലുടമയ്ക്ക് ഇതിനെല്ലാമുള്ള അധികാരമുണ്ട്. എന്നാൽ തൊഴിലുടമ തൊഴിൽ നിയമങ്ങൾ ലംഘിച്ചാൽ അവരെ പ്രോസിക്യൂട്ട് ചെയ്യാൻ തൊഴിലാളിക്ക് അവകാശം കൊടുക്കുന്ന ഏത് വകുപ്പാണുള്ളത്? മൂന്നാറിലെ വിഷയം സംബന്ധിച്ച് ഗവൺമെന്റുൾപ്പെടെ ത്രികക്ഷി ചർച്ചയിൽ കൈക്കൊണ്ട കരാർ തൊഴിലുടമ ലംഘിച്ചു; എന്നിട്ട് എന്താണ് ചെയ്തത്? എത്രയോ കരാർ ലംഘനങ്ങളുടെ പട്ടികയാണ് നമ്മുടെ രാജ്യത്ത് ചൂണ്ടിക്കാണിക്കാനുള്ളത്. ഒരിക്കൽ സമരം ചെയ്ത് കരാറുണ്ടായാൽ ആ കരാർ

നടപ്പാക്കാൻവേണ്ടി വീണ്ടും സമരങ്ങൾ നടത്തേണ്ടിവരുന്ന അവസ്ഥയാണ് നമ്മുടെ സംസ്ഥാനത്തുള്ളത്. അതുകൊണ്ട് തൊഴിലാളി തൊഴിൽ നിയമങ്ങൾ ലംഘിച്ചാൽ നടപടിയെടുക്കാൻ കർക്കശമായ വ്യവസ്ഥയുള്ള ഈ രാജ്യത്ത് തൊഴിലുടമ കരാർ ലംഘനം നടത്തിയാൽ തൊഴിലുടമയെ പ്രോസിക്യൂട്ട് ചെയ്യാൻ തൊഴിലാളിക്ക് നേരിട്ട് അധികാരം കൊടുക്കുന്ന നിയമഭേദഗതിയാണ് കൊണ്ടുവരേണ്ടത്. അതിനാണ് ബഹുമാനപ്പെട്ട മന്ത്രി മുൻകയ്യെടുക്കേണ്ടത്. നമ്മുടെ രാജ്യത്ത് ധാരാളം ഭേദഗതികൾ കൊണ്ടുവരുന്നുണ്ട്. എന്നാൽ ആ ഭേദഗതികളൊന്നും നമ്മുടെ സംസ്ഥാനത്തെ ബാധിക്കാതിരിക്കാൻ അതിന് സഹായകരമായ ഭേദഗതി ഇവിടെ കൊണ്ടുവരണം. അതിന് കഴിയുമോ എന്നതാണ് ഏറ്റവും പ്രധാനപ്പെട്ട മറ്റൊരു വിഷയം. സ്ഥിരം തൊഴിലാളികളുടെ എണ്ണം പൊതുമേഖലാ സ്ഥാപനങ്ങളിലും സർക്കാർ സ്ഥാപനങ്ങളിലും കുറഞ്ഞ് വരികയാണ്. ഇതുപോലെ തൊഴിൽ നിയമങ്ങളുടെ ലംഘനങ്ങൾ നടക്കുന്ന ഒരു രംഗം വേറെയുണ്ടോ? നമ്മുടെ എത്രയോ ഡിപ്പാർട്ടുമെന്റുകളിലും വ്യവസായ സംരംഭങ്ങളിലും തൊഴിൽ നിയമങ്ങളുടെ നഗ്നമായ ലംഘനങ്ങൾ നടക്കുകയാണ്. സ്ഥിരം തൊഴിലാളികളെക്കാൾ കൂടുതൽ കരാർ ജോലിക്കാരെ വച്ച് ജോലി ചെയ്യുന്നത് ഇന്ന് പതിവ് പരിപാടിയായി മാറിയിട്ടുണ്ട്. സ്വകാര്യ മേഖലയിലും ഇതുതന്നെയാണ് സ്ഥിതി. സ്വകാര്യ മേഖലയിൽ സ്ഥിരം തൊഴിലാളികളെ മുഴുവൻ പിരിച്ചുവിട്ട് കാഷ്വൽ ലേബേഴ്സിനെയും കരാർ ജോലിക്കാരെയും വച്ച് ജോലി ചെയ്യിപ്പിക്കുകയാണ്. സ്ഥിരം തൊഴിലാളികൾ ഇത്ര ശതമാനം വേണമെന്നും കരാർ ജോലിക്കാരും കാഷ്വൽ ലേബേഴ്സും ഇത്ര ശതമാനമേ പാടുള്ളൂ എന്നുമുള്ള വ്യവസ്ഥ കൊണ്ടുവരാൻ കഴിയുന്ന നിയമഭേദഗതിക്ക് എന്തുകൊണ്ടാണ് നമ്മൾ ഇനിയും വൈകുന്നത്. നമ്മുടെ സീരിയസായ പ്രശ്നം അതല്ലേ? ആ വിഷയത്തിലേക്ക് കടക്കാത്തതെന്താണ് എന്നാണ് എനിക്ക് ചോദിക്കാനുള്ളത്.

ഇന്ന് രണ്ടോ മൂന്നോ ജില്ലകൾ കേന്ദ്രീകരിച്ചുണ്ടാക്കുന്ന ട്രേഡ് യൂണിയൻ രജിസ്ട്രേഷന് വളരെ കാലതാമസമുണ്ടാകുന്നു. ഇത് എത്രവേഗത്തിൽ ചെയ്തുകൊടുക്കാൻ കഴിയുന്ന കാര്യമാണ്. ട്രേഡ് യൂണിയൻ രജിസ്ട്രേഷൻ നടത്താൻ എല്ലാ ഡി.എൽ.ഒ.-മാർക്കും അധികാരം കൊടുത്തു. ആ അധികാരം വികേന്ദ്രീകരിച്ചു എന്ന് മന്ത്രി മറുപടിയിൽ പറയുമായിരിക്കും. പക്ഷേ അതുകൊണ്ട് ഒരു ഫലവും നമ്മുടെ സംസ്ഥാനത്തുണ്ടായില്ല. ഡി.എൽ.ഒ.-മാരുടെ അനുമതിക്കുവേണ്ടി, 14 ജില്ലകളിലേയും എൻ.ഒ.സി.-ക്കുവേണ്ടി ഒരു ജില്ലയിൽ രജിസ്ട്രേഷന് കൊടുത്താൽ വളരെ കാലം കാത്തിരിക്കേണ്ടിവരുന്നു. പുതിയ തൊഴിലാളി പ്രസ്ഥാനത്തിന് രൂപം കൊടുക്കാൻ ശ്രമിക്കുന്ന പ്രവർത്തകന്റെ എല്ലാ താൽപ്പര്യവും അവസാനിപ്പിക്കുന്ന രീതിയല്ലേ ഇവിടെയുള്ളത്. ഓൺ ലൈൻ സമ്പ്രദായ ത്തിലൂടെയോ താൽക്കാലിക രജിസ്ട്രേഷനോ നടത്താൻ സാധിക്കില്ലേ? ഇവയൊക്കെയാണ് ഗൗരവതരമായി ആലോചിക്കേണ്ട പ്രധാനപ്പെട്ട വിഷയങ്ങൾ.

നമ്മുടെ രാജ്യത്തെ തൊഴിലാളി വർഗ്ഗത്തിന്റെ ഉജ്ജ്വലമായ സമരങ്ങളുടെ വേദി ഒരുങ്ങിവരുന്ന സന്ദർഭമാണ്. എല്ലാ തൊഴിലാളിപ്രസ്ഥാനങ്ങളും കൈ കോർക്കുന്ന കാഴ്ചയാണ് നാം കാണുന്നത്. തൊഴിലാളികളെ ദുർബലമാക്കുന്ന, തൊഴിലാളി പ്രസ്ഥാനത്തെ ദുർബലമാക്കുന്ന ഒട്ടേറെ നിയമഭേദഗതികൾ വന്നുകൊണ്ടിരിക്കുന്ന നമ്മുടെ രാജ്യത്ത്, തൊഴിലാളി പ്രസ്ഥാനങ്ങളുടെ പോരാട്ടങ്ങളുടെ എത്രയോ അവിസ്മരണീയമായ മുഹൂർത്തങ്ങളുണ്ടായ ഈ നാട്ടിൽ തൊഴിലാളി പ്രസ്ഥാനത്തെ ദുർബലമാക്കുന്ന ഒരു നടപടിയും ഉണ്ടാകരുത്. അതുകൊണ്ട് ഈ ഭേദഗതി പൊതുജനസമക്ഷം അവതരിപ്പിച്ച് അവരുടെ അഭിപ്രായ രൂപീകരണത്തിനുശേഷമേ നടപ്പിലാക്കാവൂ എന്നുപറഞ്ഞുകൊണ്ട് എന്റെ വാക്കുകൾ ചുരുക്കുന്നു.

<u>ശ്രീ. ജോസഫ് വാഴയ്ക്കൻ</u>: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2015-ലെ കൂലി കൊടുക്കൽ (കേരള ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. 1936-ലെ പേമെന്റ് ഓഫ് വേജസ് ആക്ടിൽ ഒരു ചെറിയ ഭേദഗതി വരുത്തിക്കൊണ്ട് വിപ്ലവകരമായ മാറ്റത്തിന് നേതൃത്വം കൊടുക്കുന്ന മന്ത്രിയെ ഞാൻ അഭിനന്ദിക്കുകയാണ്. ഏതാണ്ട് 80 വർഷം മുമ്പ് ഉണ്ടാക്കിയ നിയമത്തിൽ കാലത്തിനനുസൃതമായി ചെറുതും സുപ്രധാനവുമായ മാറ്റം വരുത്തിയിരിക്കുന്നു എന്നുള്ളതാണ് ഈ നിയമഭേദഗതിയിലൂടെ എനിക്ക് മനസ്സിലാക്കാൻ സാധിക്കുന്നത്. ഇന്ദിരാഗാന്ധി നിയമത്തിൽ വെള്ളം ചേർക്കാൻ ശ്രമിച്ചെവന്നും മന്ത്രി അതിൽ ഒരുകുടം വെള്ളം ഒഴിച്ച് ദുർബലമാക്കാൻ ശ്രമിക്കുന്നുവെന്നും ശ്രീ. പി. തിലോത്തമൻ പറയുകയുണ്ടായി. 80 വർഷം മുമ്പ് നിയമം ഉണ്ടായപ്പോൾ കോയിനും കറൻസിയും അല്ലാതെ ബാങ്കോ, ചെക്കോ ഇന്ത്യൻ തൊഴിലാളി കണ്ടിട്ടുണ്ടോയെന്ന് സംശയമാണ്. ഇന്ദിരാഗാന്ധി അത് ചെക്ക് മുഖേനയും ബാങ്ക് ട്രാൻസാക്ഷൻ മുഖേനയും തൊഴിലാളികളുടെ അനുമതിയോടെ ചെയ്യാമെന്ന് പറയുകയും ഇന്ത്യയിലെ ബാങ്കുകൾ ദേശസാൽക്കരിച്ച് ഇന്ത്യയിലെ സാധാരണക്കാരനെയും ബാങ്കിംഗ് സമ്പ്രദായത്തിന്റെ ഭാഗമാക്കാൻ പ്രാപ്തമാക്കുകയും ചെയ്തതിനു ശേഷമാണ് അത്തരത്തിൽ ഒരു നിയമം കൊണ്ടുവന്നത്. അത് മോശമായിപ്പോയി എന്നുപറയുന്നത് എന്തടിസ്ഥാനത്തിലാണെന്ന് എനിക്ക് മനസ്സിലാകുന്നില്ല. ഇന്ന് ലോകം അവിടെനിന്നും വളരെ വേഗത്തിൽ മുന്നോട്ടു പോവുകയാണ്. കോയിനും കറൻസിയും ഒന്നും വേണ്ടാത്ത കാലഘട്ടമാണിന്ന്. ഇപ്പോൾ ഇ-ട്രാൻസ്ഫറാണ് നടക്കുന്നത്. കോയിനും കറൻസിയും ആർക്കും കയ്യിൽപോലും കൊണ്ടുനടക്കേണ്ട കാര്യമില്ല. അതൊന്നുമില്ലാതെ മൊത്തം

ട്രാൻസാക്ഷൻ സാമ്പത്തിക മേഖലയിൽ നടക്കുന്ന കാലഘട്ടത്തിൽ തൊഴിലാളി അതിനനുസരിച്ച് മാറണ്ടേ, അവൻ പഴയ കോയിനും കറൻസിയും മാത്രം ഉപയോഗിച്ചാൽ മതിയെന്നുള്ള നിലപാട് സ്വീകരിക്കുന്നത് ഒട്ടും യുക്തിഭദ്രമല്ലെന്നാണ് എന്റെ അഭിപ്രായം. കേരള ഗവൺമെന്റിന്റെ തൊഴിൽ വകുപ്പ്, തൊഴിലാളികൾക്ക് വേതനം ബാങ്കിലൂടെ കൊടുത്തുകൊണ്ട് വേതന സുരക്ഷാ പദ്ധതിക്ക് തുടക്കം കുറിച്ചു. വേതന സുരക്ഷാ പദ്ധതി എന്നുപറയുമ്പോൾ വേതനം ഉറപ്പുവരുത്തുകയും അതുപോലെ സുതാര്യമാക്കുകയും ചെയ്യുന്ന രണ്ട് പ്രധാനപ്പെട്ട കർമ്മങ്ങളാണ് നടക്കുന്നത്. വേതനം ബാങ്കുകളിലൂടെ കൊടുക്കുമ്പോൾ ആളുകളെ കബളിപ്പിക്കാൻ കഴിയില്ല, തൊഴിൽദാതാക്കൾ കൃത്യമായി തൊഴിലാളിയുടെ ബാങ്ക് അക്കൗണ്ടു കളിലേയ്ക്ക് ശമ്പളം കൊടുക്കാൻ ബാദ്ധ്യസ്ഥരാണ്. അതിനായി കേരള തൊഴിൽ വകുപ്പ് കെൽട്രോണിനെക്കൊണ്ട് ഒരു സോഫ്റ്റ്‌വെയർ ഡെവലപ് ചെയ്യിച്ചിട്ടുണ്ട്. ആ സോഫ്റ്റ്‌വെയറിൽ എല്ലാ കമ്പനികളും തൊഴിൽദാതാക്കളും രജിസ്റ്റർ ചെയ്യണമെന്നും കറണ്ട് അക്കൗണ്ടുകൾ ബാങ്കിൽ തുടങ്ങണമെന്നും ആ അക്കൗണ്ടുകളിലേയ്ക്ക് പണം നിക്ഷേപിക്കണമെന്നും കൃത്യമായി തൊഴിലാളികൾക്ക് അതത് മാസം വേതനം എത്രയാണെന്നുവച്ചാൽ അത് കൈമാറണമെന്നുമാണ് ഈ നിയമത്തിൽ വ്യവസ്ഥ ചെയ്യുന്നത്. അതോടുകൂടി കാര്യങ്ങൾ എത്രയോ സുതാര്യമാവുകയാണ്. ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് കമ്പനികളിലോ ഫാക്ടറികളിലോ തൊഴിൽ ദാതാക്കളുടെ സ്ഥാപനങ്ങളിലോ പോകേണ്ട ആവശ്യമില്ല. അവർക്ക് ഓഫീസുകളിൽ ഇരുന്നുകൊണ്ട് ട്രാൻസാക്ഷനുകൾ മനസ്സിലാക്കാനും കൃത്യമായി ശമ്പളം കൊടുത്തിട്ടുണ്ടോയെന്നും എത്ര ശമ്പളമാണ് കൊടുക്കുന്നതെന്നുമൊക്കെ അറിയുവാനുമുള്ള വലിയ മാറ്റം ഇവിടെ നടക്കുകയാണ്. അപ്പോൾ തീർച്ചയായും തൊഴിലാളികളുടെ അനുമതി വാങ്ങിക്കൊണ്ടുവേണം ഇത് നടത്താനെന്നുപറയുന്നത് നിയമപരമായി വെറുതെ ഒരു തടസ്സം സൃഷ്ടിക്കാമെന്നുള്ളതുകൊണ്ട് ആ തടസ്സം മാറ്റുകയെന്നുള്ളതാണ് ഈ നിയമം കൊണ്ട് ലക്ഷ്യം വയ്ക്കുന്നത്. ഇവിടെ നടക്കുന്ന തൊഴിലുറപ്പ് പദ്ധതിയുടെ കടയ്ക്കൽ കത്തി വയ്ക്കുന്ന സാഹചര്യത്തിലേക്ക് കാര്യങ്ങൾ വന്നുകൊണ്ടിരിക്കുകയാണ്. എല്ലാ കേന്ദ്രാവിഷ്കൃത പദ്ധതികളിലും കേന്ദ്ര ഗവൺമെന്റിന്റെ ഷെയർ വെട്ടിക്കുറച്ച് പദ്ധതികളെയെല്ലാം മുക്കിക്കൊല്ലുന്ന കാലഘട്ടമാണ്. പത്ത് ശതമാനം തുക സംസ്ഥാനങ്ങൾക്ക് കേന്ദ്രവിഹിതം വർദ്ധിപ്പിച്ചുവെന്നുപറഞ്ഞ് കേന്ദ്രാവിഷ്കൃത പദ്ധതികളെല്ലാം നശിപ്പിച്ചുകൊണ്ടിരിക്കുന്ന കാലമാണ്. എങ്കിലും തൊഴിലുറപ്പ് പദ്ധതി ഇവിടെ വളരെ വിജയകരമായി നടത്തിയതാണ്. ഈ പദ്ധതി നടപ്പിലാക്കുമ്പോൾ പല പ്രദേശത്തും ബാങ്കുകൾ വഴി പണമെത്തുകയും എ.ടി.എം. വഴി തൊഴിലാളികൾ പണമെടുക്കുകയും ചെയ്യുമ്പോൾ ആദ്യം എല്ലാവരും

പറഞ്ഞത്, എ.ടി.എം. എന്നൊക്കെ കേൾക്കുമ്പോൾ തൊഴിലാളികൾ ഞെട്ടിപ്പോകുമെന്നാണ്. പക്ഷേ, അവർ എത്ര മനോഹരമായിട്ടാണ് കാര്യങ്ങൾ ചെയ്യുന്നത്. തൊഴിലാളികളെ under estimate ചെയ്യുകയാണ്. കാലത്തിനനുസരിച്ചുള്ള മാറ്റങ്ങൾ അംഗീകരിക്കണ്ട, അല്ലെങ്കിൽ പ്രാപ്തമാക്കണ്ട എന്നുള്ള നിലപാട് നമ്മുടെ ഭാഗത്തുനിന്നും എടുക്കുന്നത് ശരിയല്ലെന്നുള്ള അഭിപ്രായമാണ് എനിക്കുള്ളത്.

തൊഴിൽ വകുപ്പുമന്ത്രി ശ്രീ. ഷിബു ബേബി ജോൺ എഫിഷ്യന്റായിട്ടുള്ള ഒരു മന്ത്രിയാണ്. കാര്യങ്ങൾ കൃത്യമായി പഠിക്കുകയും ഓരോ പ്രശ്നങ്ങൾക്കും കൃത്യമായി പരിഹാരം തേടുകയും ചെയ്യുന്ന ആളാണദ്ദേഹം. ഈ നിയമഭേദഗതി മാത്രമല്ല, ഷോപ്പ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ടിലും ഭേദഗതി വരുത്തി, ആ മേഖലയിൽ ഉണ്ടായിട്ടുള്ള എല്ലാ ന്യൂനതകളും പരിഹരിച്ച് ഒട്ടനവധി കാര്യങ്ങൾ ചെയ്തിട്ടുണ്ട്. കൂടാതെ തൊഴിൽ വകുപ്പിനെ കാലോചിതമായി പരിഷ്കരിക്കുന്നതിന് മറ്റ് നിരവധി പദ്ധതികൾ ചെയ്തിട്ടുണ്ട്.

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ കാര്യമെടുക്കാം. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ വിളിച്ചുപറയണമെന്നാവശ്യപ്പെട്ട് ദിവസവും നമ്മുടെയടുത്ത് ആളുകൾ വരാറുണ്ട്. നമ്മൾ വിളിച്ചുപറഞ്ഞാൽ ഉടൻ അവരുടെ പേരുകൾ ശിപാർശ ചെയ്യുമെന്നും പിറ്റേദിവസം ജോലി കിട്ടുമെന്നുമാണ് ആളുകൾ വിചാരിച്ചിരിക്കുന്നത്. 1982-ൽ രജിസ്റ്റർ ചെയ്തിട്ടുള്ള ആളുകളെ ഇന്നുവരെ ഒരുതവണ പോലും ജോലിക്ക് വിളിച്ചിട്ടില്ലാത്ത സ്ഥിതിയുണ്ട്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് കൊണ്ട് എന്താണുപയോഗം എന്നുപോലും പലപ്പോഴും തോന്നിയിട്ടുണ്ട്. ആ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ ഇപ്പോൾ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുവാൻ റീ-മോഡിഫൈ ചെയ്തു. ഇന്ന് ട്രെയിനിംഗും മറ്റ് നിരവധി കാര്യങ്ങളും എപ്ലോയ്മെന്റ് എക്സ്ചേഞ്ച്വഴി നടത്തുന്നുണ്ട്. റീ-മോഡിഫൈ ചെയ്തപ്പോൾ ഇന്നലെവരെ ഉണ്ടായിരുന്ന പ്രവൃത്തിയല്ല ഇന്ന് നടക്കുന്നത്. മുമ്പ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെക്കുറിച്ച് ഒരു പ്രതീക്ഷയും ഉണ്ടായിരുന്നില്ലെങ്കിലും ഇന്ന് ആ പ്രതീക്ഷകൾ ഉണ്ടായിരിക്കുകയാണ്. കാരണം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ എംപ്ലോയ്ബിലിറ്റി സെന്ററുകളാക്കി മാറ്റുകയാണ്. തൊഴിൽ അന്വേഷകരുടെ അഭിരുചി തിരിച്ചറിഞ്ഞ് ആവശ്യമായ പരിശീലനവും കൗൺസിലിങ്ങും നൽകി സ്വകാര്യ-പൊതുമേഖലാ സ്ഥാപനങ്ങളിൽ തൊഴിൽ ഉറപ്പാക്കുന്ന പദ്ധതി ഇന്ന് നടക്കുകയാണ്. നിരവധി പദ്ധതികൾ ഈ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ ആരംഭിച്ചിട്ടുണ്ട്. തൊഴിൽ മേഖലയിൽ 'നൈപുണ്യ കേരളം' പദ്ധതിക്ക് രൂപം നൽകി. ഇതുവരെ പോളിടെക്നിക്കുകളിലും ഐ.റ്റി.ഐ.കളിലും മാത്രമാണ് തൊഴിൽ നൈപുണ്യ പരിശീലനം നടന്നിരുന്നത്.

ഈ സ്ഥാപനങ്ങളെയൊക്കെ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിന്റെ ആദ്യപടി പ്രവർത്തനങ്ങൾ നടക്കുകയാണ്. വ്യവസായ മേഖലയിലെ പ്രമുഖരുടെ സഹകരണത്തോടെ സംയുക്തമായ നൈപുണ്യ പരിശീലനം നടത്തുന്നതിന് സംയുക്ത സംരംഭങ്ങൾ നടക്കുകയാണ്. ട്രെയിനിംഗിനെ സംബന്ധിച്ചിടത്തോളം സ്കിൽഡ് ലേബറേഴ്സ് കുറവാണെന്നുള്ളതാണ് പ്രധാനപ്പെട്ട കാര്യം. നമുക്ക് ആവശ്യമായ വിദ്യാഭ്യാസം ലഭിക്കുന്നുണ്ടെങ്കിലും തൊഴിലിന് പ്രയോജന പ്രദമാകുന്ന രീതിയിൽ ഉള്ള ട്രെയിനിംഗ് കിട്ടുന്നില്ലെന്നുള്ളതാണ് പ്രധാന കാരണം. അതിനെക്കുറിച്ച് പ്ലാനിംഗ് കമ്മീഷന്റെ കണക്കുപ്രകാരം, കൊറിയയിൽ 96-ഉം ജപ്പാനിൽ 80-ഉം ജർമ്മനിയിൽ 75-ഉം ബ്രിട്ടണിൽ 68-ഉം ശതമാനം തൊഴിലാളികൾക്ക് നൈപുണ്യ പരിശീലനം കിട്ടുമ്പോൾ ഇന്ത്യയിൽ വെറും 10 ശതമാനം ആളുകൾക്കാണ് നൈപുണ്യ പരിശീലനം കിട്ടുന്നതെന്നാണ്. അത്ര വലിയ വ്യത്യാസമാണ് വരുന്നത്. രാജ്യത്തിനകത്താണെങ്കിലും പുറത്താണെങ്കിലും നമ്മുടെ ആളുകൾക്ക് ജോലി ലഭിക്കണമെങ്കിൽ നൈപുണ്യവികസന രംഗത്ത് പ്രത്യേകമായ പരിശീലനം കിട്ടണം. അത്തരം പരിശീലനങ്ങൾക്കുള്ള കേരള അക്കാഡമി ഫോർ സ്കിൽ എക്സലൻസ് (KASE) എന്ന സ്ഥാപനം തന്നെ കേരളത്തിൽ ആരംഭിക്കുന്നു. ഇന്ത്യയിലെ കമ്മ്യൂണിറ്റി സ്കിൽ പാർക്കായ കൗശൽ കേന്ദ്ര എന്ന പേരിൽ ഒരു സ്ഥാപനം കൊല്ലം ജില്ലയിൽ പ്രവർത്തിക്കുകയാണ്. അതുപോലെ സ്കിൽ ലാംഗ്വേജ് ലാബുകൾ ഇതിന്റെ കീഴിൽ ആരംഭിച്ചിട്ടുണ്ട്. ഹിന്ദി, ജർമ്മൻ, ഫ്രഞ്ച്, ഇംഗ്ലീഷ് തുടങ്ങിയ ഭാഷകളിലൊക്കെ നമ്മുടെ ആളുകൾക്ക് ട്രെയിനിംഗ് കിട്ടാനും അതുവഴി വിദേശങ്ങളിൽ ജോലി ലഭിക്കാനുമുള്ള സൗകര്യങ്ങൾക്ക് വേണ്ട പ്രവർത്തനങ്ങളും ഈ മേഖലയിൽ നടക്കുന്നുണ്ട്. തൊഴിൽ രംഗത്ത് ഗവേഷണം നടത്തിക്കൊണ്ട് ഇന്നുവരെ ഉണ്ടാകാത്ത രീതിയിൽ നിരവധി കാര്യങ്ങളിൽ ഇടപെടലുകൾ നടത്തുകയും അവയിലൊക്കെ നല്ല റിസൾട്ട് ഉണ്ടാക്കുകയും ചെയ്തിട്ടുണ്ടെന്ന് അനുഭവങ്ങളിൽ നിന്നും മനസ്സിലാകും.

05.00 PM]

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

നഴ്സിംഗ് മേഖലയിലെ തൊഴിലാളികളുടെ സുരക്ഷ, ഈ നിയമം വരുന്നതുകൊണ്ട് ഏറ്റവും കൂടുതൽ ചർച്ച ചെയ്യപ്പെടുകയും അതിന്റെ ഗുണം ഏറ്റവും കൂടുതൽ ലഭിക്കാൻ പോകുകയും ചെയ്യുന്ന ഒരു വിഭാഗമാണ് നഴ്സുമാർ. മൂവായിരമോ നാലായിരമോ രൂപ ശമ്പളമാണ് നഴ്സുമാർക്ക് ഇന്നലെവരെ കിട്ടിക്കൊണ്ടിരുന്നത്. രണ്ട് വർഷംമുമ്പ്, കേരളത്തിൽ നഴ്സിംഗ് മേഖലയിൽ ഒരു വലിയ സമരം

നടന്നു. ആ സമരവുമായി ബന്ധപ്പെട്ട് തൊഴിൽ വകുപ്പിന്റെയും ഹെൽത്ത് ഡിപ്പാർട്ടുമെന്റിന്റെയും സംയുക്തമായ പരിശ്രമം ആ മേഖലയിലുണ്ടായി. പ്രധാനമായും തൊഴിൽ വകുപ്പിനാണ് അതിനകത്ത് കാര്യങ്ങൾ ചെയ്യേണ്ടിയിരുന്നത്. അവിടെ മിനിമം വേജസ് നടപ്പിലാക്കുന്നതിനും അവരുടെ ജോലി സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനും ഒരു പരിധിവരെയെങ്കിലും കഴിഞ്ഞിട്ടുണ്ട്. ബാങ്കിലൂടെ ഇവരുടെ ശമ്പളം കിട്ടാൻ തുടങ്ങിയാൽ ഈ ഹോസ്പിറ്റലുകളെല്ലാം ഈ പദ്ധതിയുടെ കീഴിൽ വരും. ഹോസ്പിറ്റലുകളെല്ലാം ഈ പദ്ധതിയുടെ കീഴിലേക്ക് വരുമ്പോൾ തീർച്ചയായും ഈ ഹോസ്പിറ്റലുകൾ എത്ര രൂപയാണ് ശമ്പളം കൊടുക്കുന്നത്, അവരത് കൃത്യമായി കൊടുക്കുന്നുണ്ടോ ഇത് കൃത്യമായി ജീവനക്കാരുടെ കൈകളിൽ എത്തുന്നുണ്ടോ എന്നീ കാര്യങ്ങളൊക്കെ ഓഫീസിലിരുന്നുകൊണ്ട് ഉദ്യോഗസ്ഥർക്ക് നിരീക്ഷിക്കാൻ കഴിയുന്ന ഒരു സാഹചര്യം വരികയാണ്. വലിയ ഒരു മാറ്റമായിരിക്കും വരുന്നത്. ഈ നിയമം നടപ്പിലാകുന്നുവെന്ന് വന്നപ്പോൾത്തന്നെ, തൊഴിൽ വകുപ്പിന്റെ ഇടപെടൽകൊണ്ടു വലിയ മാറ്റങ്ങൾ സംഭവിച്ചിട്ടുണ്ട്. മുമ്പ്, നഴ്സുമാർ വിദേശത്ത് ജോലിക്ക് പോകുന്നതിനുള്ള ട്രെയിനിംഗിനുവേണ്ടി മാത്രമാണ് കേരളത്തിലെ സ്വകാര്യ ആശുപത്രികളിൽ പോയിരുന്നത്. ഏകദേശം രണ്ട് വർഷം ഇവിടെ വർക്ക് ചെയ്തതിനുശേഷം വിദേശത്ത് ജോലിക്ക് പോകുകയെന്നുള്ളതായിരുന്നു അവരുടെ ലക്ഷ്യം. ഇപ്പോൾ ഇവിടെ വർക്കുചെയ്യുന്നവരാരും വിദേശത്ത് പോകുന്നില്ല. കാരണം, ഇവിടെ അവർക്ക് നല്ല ശമ്പളം ലഭിക്കുന്നുണ്ട്. മുമ്പ് സ്വകാര്യ ആശുപത്രിയിൽ ജോലിക്ക് ഒരു നഴ്സിനെ നിയമിക്കാൻ വലിയ ബുദ്ധിമുട്ടില്ലായിരുന്നു. പറഞ്ഞുകഴിഞ്ഞാൽ അപ്പോൾ അവർക്ക് ജോലികിട്ടും. ഇപ്പോൾ ജോലി കിട്ടാൻ ബുദ്ധിമുട്ടാണ്. കാരണം വർക്ക് ചെയ്യുന്നവരാരും അവിടെനിന്ന് പോകുന്നില്ല. ഈ ഗവൺമെന്റ് വന്നതിനുശേഷം അവർക്കൊക്കെ മാന്യമായ വേതനം ഉറപ്പാക്കിയിട്ടുണ്ട്.

സ്വകാര്യ/അൺ-എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപകർക്കും കൃത്യമായ ശമ്പളം ഏതാണ്ട് ഉറപ്പുവരുത്താൻ കഴിഞ്ഞിട്ടുണ്ട്. എങ്കിലും ഒരു കാര്യം ഞാൻ ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താൻ ആഗ്രഹിക്കുകയാണ്. ഈ സംവിധാനമെല്ലാമുണ്ടാക്കിയാലും സ്വകാര്യ/അൺ-എയ്ഡഡ് സ്കൂളുകളിലെ മാനേജ്മെന്റുകൾ കോൺട്രാക്ട് കൊടുക്കുമ്പോൾത്തന്നെ അദ്ധ്യാപകരുമായി ഒരു ധാരണയുണ്ടാക്കും. 20,000 രൂപ ശമ്പളം ബാങ്കിലിട്ടുതരുമ്പോൾ 5,000 രൂപ തിരിച്ച് തരണം എന്ന ധാരണ. എനിക്ക് നേരിട്ട് ബോദ്ധ്യമുള്ള കുറച്ച് സ്കൂളുകൾ ഉണ്ട്. നിയമങ്ങൾ കർക്കശമാക്കുമ്പോൾ, അതെല്ലാം പാലിക്കേണ്ട ബാദ്ധ്യത വരുമ്പോൾ, അതിനെയും ബൈപ്പാസ് ചെയ്യാനുള്ള കുശാഗ്രബുദ്ധി പലപ്പോഴും ഇവരൊക്കെ കാണിക്കുന്നുണ്ട്. എങ്കിലും ഇത്തരം നിയമങ്ങൾ വരുന്നതോടുകൂടി

സുതാര്യത ഈ തൊഴിൽ മേഖലയിൽ ഉറപ്പുവരുത്താൻ കഴിയും. നമ്മുടെ സോഫ്റ്റ്‌വെയറിൽ സ്വകാര്യ ആശുപത്രികളും സ്കൂളുകളും നിരവധി സ്ഥാപന ങ്ങളുമെല്ലാം രജിസ്റ്റർ ചെയ്യാൻ നിർബന്ധിതരാകും. തൊഴിലാളികൾ എത്രയുണ്ടെന്ന് അറിയിക്കാനും അവർക്ക് നിശ്ചയിച്ചിരിക്കുന്ന ശമ്പളമെത്രയാണെന്ന് പറയാനും നിശ്ചയിച്ചിരിക്കുന്ന ശമ്പളം ബാങ്കിൽ നിക്ഷേപിക്കാനും അവർ നിർബന്ധിതരാകും. എല്ലാമാസവും വളരെ കൃത്യമായി ശമ്പളം ലഭിക്കുന്നുണ്ടോയെന്ന് അറിയാനുള്ള വളരെ സുതാര്യമായ ഒരു സംവിധാനമാണ് വരാൻ പോകുന്നത്. ശാസ്ത്ര സാങ്കേതിക മേഖലയിൽ വലിയ കുതിച്ചുചാട്ടം നടക്കുന്ന ഒരു കാലഘട്ടമാണ്, അറിവിന്റെ ലോകത്ത് വലിയ വിസ്ഫോടനം നടക്കുന്ന കാലമാണ്. ഇവിടെ കോയിനായും കറൻസിയായും മാത്രമേ തൊഴിലാളികൾക്ക് ശമ്പളം കൊടുക്കാൻ പാടുള്ളൂവെന്നുള്ള നിലയിൽ സംസാരിച്ചത് കേട്ടപ്പോൾ ഞാൻ അത്ഭുതപ്പെട്ടുപോയി. എല്ലാ തൊഴിലാളികൾക്കും ഇന്ന് സ്മാർട്ട് ഫോണുകളുണ്ട്, ഇന്റർനെറ്റ് കണക്ഷനുള്ളവരാണ്. മിക്കവാറും ആളുകൾ വാട്ട്സാപ്പിലൊക്കെ സജീവമാണ്. ബാങ്കിംഗ് ബിസിനസ്സുകൾ ഇ-ട്രാൻസ്ഫറിംഗ് നടത്താൻ അറിയാവുന്നവരാണ്. അഥവാ എവിടെയെങ്കിലും കുറവുണ്ടെങ്കിൽ അതിന് നൈപുണ്യ കേന്ദ്രംവഴി അവർക്ക് ട്രെയിനിംഗ്കൂടി കൊടുത്താൽ നമ്മുടെ തൊഴിലാളികളൊക്കെ വളരെ സ്മാർട്ടാകും. അവരെക്കുറിച്ചാരും ആശങ്കപ്പെടേണ്ട കാര്യമില്ല എന്നാണ് എനിക്ക് പറയാനുള്ളത്. കാലത്തിനനുസരിച്ചുള്ള കൃത്യമായ ഒരു ഭേദഗതിയാണ് ഇവിടെ നടത്തിയിരിക്കുന്നത്. 80 കൊല്ലങ്ങൾക്കുശേഷം കോയിനും കറൻസിയും മാത്രമല്ല, നമുക്ക് ചെക്കും ഉപയോഗിക്കാൻ കഴിയും എന്നുള്ളതിന് ഒരു നിയമസാധുത തേടിയ ഭേദഗതിയെ ഞാൻ സ്വാഗതം ചെയ്യുന്നു.

തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ): സർ, ചെറിയൊരു ഭേദഗതിയാണ് ഈ ബിൽവഴി ഉദ്ദേശിച്ചത്. പക്ഷെ ശ്രീ. ജോസഫ് വാഴക്കൻ സൂചിപ്പിച്ചതുപോലെ തൊഴിലാളി സമൂഹത്തിനനുകൂലമായ ഒരു വലിയ മാറ്റം ലക്ഷ്യമിട്ടുകൊണ്ടുള്ള ഒരു ഭേദഗതിയാണ്. നാലുപേർ ഇതിനെ എതിർത്ത് സംസാരിച്ചു. വകുപ്പിനെ വിമർശിക്കാൻ കിട്ടുന്ന ഒരവസരമെന്നുള്ള നിലയിൽ സംസാരിച്ചതിനെ ഞാൻ ഉൾക്കൊള്ളുന്നു. അതിനപ്പുറത്തേയ്ക്ക് ഇതിനെ ശക്തമായി എതിർത്തതുകൊണ്ട്, ഇതിൽ എന്തോ ഒരു അവ്യക്തത നിലനിൽക്കുന്നുണ്ട് എന്നുപറയുമ്പോൾ, കാര്യങ്ങൾ അവരെ ബോദ്ധ്യപ്പെടുത്താൻ സാധിച്ചിട്ടില്ല എന്ന ഒരു തിരിച്ചറിവാണ് എനിക്കുണ്ടായത്.

കേരളം ലേബർ നിയമങ്ങളുടെ കാര്യത്തിൽ ഇൻഡ്യയ്ക്ക് മാതൃകയാണ്. എപ്പോഴും നമ്മൾ ഒരു പടി മുമ്പിലാണ്. പക്ഷെ ആന്ധ്രാപ്രദേശ്, ആസ്സാം, ബീഹാർ, മഹാരാഷ്ട്ര, ഒറീസ്സ എന്നീ അഞ്ച് സംസ്ഥാനങ്ങൾ വർഷങ്ങൾക്കുമുമ്പെ

നടപ്പിലാക്കിക്കഴിഞ്ഞതാണ് ഈ ഭേദഗതി. പിന്നോക്കം നിൽക്കുന്ന ഒറീസ്സയും ബീഹാറുംപോലും ഈ നിയമം നേരത്തെതന്നെ നടപ്പിലാക്കിയതാണ്. ശ്രീ. ജോസഫ് വാഴക്കൻ സൂചിപ്പിച്ചതുപോലെ 'വേജ് പ്രൊട്ടക്ഷൻ സിസ്റ്റം' എന്നുപറയുന്ന ഒരു സംവിധാനം കൊണ്ടുവരിക എന്നതാണ് ഈ നിയമംകൊണ്ടുദ്ദേശിക്കുന്നത്. ഗൾഫ് രാജ്യങ്ങളിൽ ഏറ്റവും ഇഫക്ടീവായി ഇപ്പോൾ നടപ്പിലാക്കുന്ന ഒരു സിസ്റ്റമാണിത്. അവിടെ കൂലി ഇന്നദിവസം കൊടുക്കുമെന്ന് പറഞ്ഞാൽ കൊടുത്തിരിക്കണം, അതിന്റെ ഡീറ്റെയിൽസ് സെൻട്രൽ ബാങ്കിന് ലഭ്യമാകും, പിന്നെ ഏതെങ്കിലും കാരണത്താൽ വൈകുകയാണെങ്കിൽ അപ്പോൾത്തന്നെ അവരുടെ ശ്രദ്ധയിൽപ്പെടുകയും അവർ നടപടിയെടുക്കുകയും ചെയ്യും. വേജ് പ്രൊട്ടക്ഷൻ സിസ്റ്റം സോഫ്റ്റ്‌വെയറിലേക്ക് വരാത്ത കമ്പനികൾക്ക് വലിയ പണിഷ്മെന്റാണ് അവിടെ നൽകുന്നത്. നമ്മൾ അത് മോഡൽ ആക്കിക്കൊണ്ടാണ് ഇവിടെ നടപ്പാക്കുന്നത്. ശമ്പളം കൊടുക്കുന്നത് ബാങ്കു വഴിയാണ് എന്നതുമാത്രമല്ല, 43 ഇനങ്ങളുടെ ഡീറ്റെയിൽസാണ് കൊടുക്കേണ്ടത്. എല്ലാം ഞാൻ വായിക്കുന്നില്ല. ബാങ്ക് അക്കൗണ്ട് നമ്പർ, ഡെയ്സ് ഓഫ് അറ്റെൻഡൻസ്, ലോസ് ഓഫ് പേ ഡെയ്സ്, നമ്പർ ഓഫ് വീക്കിലി ഓഫ് ഗ്രാന്റഡ്, നമ്പർ ഓഫ് ലീവ് ഗ്രാന്റഡ്, ബേസിക് പേ, ഡി.എ., എച്ച്.ആർ.എ., സിറ്റി കോമ്പൻസേറ്ററി അലവൻസ് തുടങ്ങി ഇവർക്ക് കിട്ടേണ്ടതായ ഇ.എസ്.ഐ., പി.എഫ്., എന്നിങ്ങനെ വിവിധ രജിസ്റ്ററുകളായി നിയമപരമായി മെയിന്റയിൻ ചെയ്യേണ്ടതായ എല്ലാം ഉൾപ്പെടുന്ന ഒരു വേജ് സ്ലിപ്പ് തൊഴിലാളികൾക്ക് കൊടുക്കുകയും അതിന്റെ ഡീറ്റെയിൽസിന്റെ പകർപ്പാണ് ബാങ്കുകൾക്ക് കൊടുക്കുന്നതും. ഈ കാര്യത്തിൽ ബാങ്കുമായി ഒരു ടൈഅപ് ഉണ്ടാക്കിയതിനു ശേഷം ബാങ്കിന് ലഭിക്കുന്നതിന്റെ പകർപ്പ് ഡി.എൽ.ഒ.ക്ക് ലഭിക്കുക എന്നുള്ളതാണ് ഉദ്ദേശിക്കുന്നത്. അതിന് നമ്മുടെ കമ്പ്യൂട്ടറുകളിൽ ടെക്നോളജി ഉപയോഗിച്ചുകൊണ്ട് ശമ്പളം കൃത്യമായി കൊടുത്തുവോയെന്നു മാത്രമല്ല, ഇ.എസ്.ഐ., പി.എഫ്. എന്നിവയുടെ വിഹിതമടച്ചിട്ടുണ്ടോ എന്നുള്ള എല്ലാ ഡീറ്റെയിൽസും ഇതുവഴി ലഭ്യമാകുന്ന ഒരു സാഹചര്യം ഒരുക്കുകയാണ് ചെയ്യുന്നത്. ഇത് ഒരു ദിവസം കൊണ്ട് കുറ്റമറ്റതായ നിലയിൽ വരുമെന്നൊന്നും ഞാൻ അവകാശപ്പെടുന്നില്ല. കുറച്ച് സമയമെടുത്തുകൊണ്ടു മാത്രമേ അത് നടപ്പിലാകൂ. അതുകൊണ്ടാണ് തിരുവനന്തപുരം ജില്ലയിൽ ഇപ്പോൾ ട്രയലായി നടപ്പിലാക്കുന്നത്. ഏറ്റവും പ്രശ്നബാധിതവും എന്നാൽ നടപ്പിലാക്കാൻ സാധ്യതയുമുള്ള 7 സെക്ടറുകൾ നമ്മൾ ഐഡന്റിഫൈ ചെയ്തിട്ടുണ്ട്. ഐ.ടി. മേഖലയിൽ അവർക്ക് ധാരാളം രജിസ്റ്റർ മെയിന്റെയിൻ ചെയ്യേണ്ടിവരുന്നു, തൊഴിൽ നിയമങ്ങൾ കാരണം വലിയ പ്രശ്നമാണ് എന്നൊക്കെ പറഞ്ഞുകൊണ്ടിരുന്നത് ഐ.ടി. മേഖലയിലാണ്. ഇത് നടപ്പിലാക്കാൻ ചെന്നപ്പോൾ ഐ.ടി. വ്യവസായ മേഖലയിൽനിന്നാണ് ഏറ്റവും

എതിർപ്പുണ്ടായതും. അവർ ബാങ്കുവഴി പേമെന്റ് കൊടുക്കുന്നവരാണ്. ബാങ്കുവഴി പേമെന്റ് കൊടുക്കുന്നവർക്ക് ഈ ഡീറ്റെയിൽസ് തരുന്നതിൽ യാതൊരു മടിയും കാണിക്കേണ്ട കാര്യമില്ല എന്നാണ് നമ്മൾ വിചാരിച്ചിരുന്നത്. ദൗർഭാഗ്യവശാൽ അവരുടെ ഡീറ്റെയിൽസ് തരാൻ സാധിക്കുകയില്ലായെന്നുപറഞ്ഞ് അവരടക്കം ഇത് എതിർത്തുകൊണ്ടിരിക്കുകയാണ്. ഇത് എന്നെ വല്ലാതെ അത്ഭുതപ്പെടുത്തി. കാരണം കണ്ടുപിടിക്കണം. അവിടെ എല്ലാം ട്രാൻസ്പേരന്റാണ്, എല്ലാം കൊടുക്കുന്നുവെന്ന് പറയുന്നവർക്ക് അതിന്റെ ഡീറ്റെയിൽസ് ഗവൺമെന്റിന് തന്നാൽ എന്താണ് കുഴപ്പം? ഡി.എൽ.ഒ., അറിഞ്ഞാലെന്താണ് കുഴപ്പം; ഞങ്ങൾ അങ്ങോട്ട് പരിശോധനയ്ക്ക് പോകുന്നില്ല. അവരതിനെ എതിർത്തു കൊണ്ടിരിക്കുകയാണ്. നമുക്കതിനെ അതിജീവിക്കാൻ സാധിക്കും, ഇത് നടപ്പിലാക്കുകയും ചെയ്യും. ഈ ഗവൺമെന്റിന്റെ കാലഘട്ടത്തിലൊന്നും ഇത് പൂർണ്ണതോതിൽ വരാൻ പോകുന്നില്ല. പക്ഷെ ഇതിന് തുടക്കം കുറിച്ച് ഇത് നടപ്പിലാക്കികഴിഞ്ഞാൽ ഇൻഡ്യയ്ക്ക് മാതൃകയാകുന്ന നിലയിലേയ്ക്ക് എല്ലാ തൊഴിൽ നിയമങ്ങളും നടപ്പിലാകുമെന്ന് ഉറപ്പുവരുത്തുന്ന ഒരു സംസ്ഥാനമായി കേരളം മാറും. അതാണ് ഈ ചെറിയ അമെന്റ്മെന്റുകൊണ്ട് നമ്മൾ ലക്ഷ്യമിടുന്ന ഒരു കാര്യം. അതുകൊണ്ട് ആർക്കും ആശങ്ക വേണ്ട. ഇത് തൊഴിലാളികളുടെ താല്പര്യം ഹനിക്കാനല്ല, മറിച്ച് എല്ലാ തൊഴിൽ നിയമങ്ങളും ടെക്നോളജി ഉപയോഗിച്ച് നടപ്പിലാക്കുന്ന നിലയിലേക്ക് കാര്യങ്ങൾ മാറ്റാൻവേണ്ടി മാത്രമാണ് ഈ അമന്റ്മെന്റ്. പല കാര്യങ്ങളും ഇവിടെ പറഞ്ഞു. പക്ഷേ മറുപടി പറയാതിരിക്കാൻ നിവൃത്തിയില്ല. ഇവിടെ ശ്രീ. എ. കെ. ബാലൻ പ്രസംഗിച്ചപ്പോൾ പറഞ്ഞതുപോലെ ഒന്നിനും കൊള്ളാത്ത ഒരു മന്ത്രിയാണ് ഇവിടെ ഇരുന്നതെന്ന് ഏതെങ്കിലും ഒരു കാലഘട്ടത്തിൽ ഈ രേഖ വായിക്കുന്നവർക്ക് തോന്നുമല്ലോ എന്നുള്ളതുകൊണ്ട് മറുപടി പറയുന്നുവെന്നുമാത്രമെയുള്ളൂ. സാധാരണഗതിയിൽ കാര്യങ്ങൾ വളരെ പഠിച്ച് അവതരിപ്പിക്കുന്ന ഒരു വ്യക്തിയാണ് ശ്രീ. എ. കെ. ബാലൻ. അവതരിപ്പിക്കുന്ന ശൈലിയോട് പലർക്കും വിയോജിപ്പുണ്ടായിരിക്കാം. സംസ്ഥാന കമ്മിറ്റിയുടെ തിരക്കായതുകൊണ്ടായിരിക്കും കാര്യമായി മൈൻഡ് അപ്ലൈ ചെയ്യാതെ വന്നു പ്രസംഗിച്ചു എന്നുള്ള ഒരാക്ഷേപം എനിക്കുണ്ട്.

50 വർഷങ്ങൾക്കുശേഷം കേരള നിയമസഭയിൽ ഈ ഗവൺമെന്റാണ് ആദ്യമായി ആക്ടിന് മാറ്റം വരുത്തിയത്. ഇവിടെ നടന്നുകൊണ്ടിരിക്കുന്ന ചൂഷണം അവസാനിപ്പിക്കാൻ ശക്തമായ നടപടിയുമായി മുന്നോട്ടുപോകുകയാണ്. അദ്ദേഹം ലീസ് പീരീഡ് കഴിയുന്ന തോട്ടങ്ങളെക്കുറിച്ച് പറഞ്ഞു. ലീസ് പീരീഡ് കഴിയുന്ന തോട്ടങ്ങളെയൊക്കെ ഗവൺമെന്റ് ഏറ്റെടുക്കണമെന്നാണോ ശ്രീ. എ. കെ. ബാലന്റെ അഭിപ്രായം. ട്രേഡ് യൂണിയനുകളൊക്കെ അതിൽനിന്ന്

വ്യത്യസ്തമായി തോട്ടങ്ങൾ തോട്ടമായിത്തന്നെ നിലനിർത്തണമെന്നാണ് പറയുന്നത്. പക്ഷെ അങ്ങ് ലീസ് പീരീഡ് കഴിയുന്ന തോട്ടങ്ങൾ ഇങ്ങനെ വിട്ടുകൊടുക്കുന്നത് ശരിയല്ല എന്നുപറഞ്ഞു. ഇതൊന്നും തൊഴിൽ വകുപ്പിന്റെ കീഴിൽ വരുന്നതല്ല.

കശുവണ്ടിയുടെ മിനിമം കൂലി പുതുക്കി. കഴിഞ്ഞ ഗവൺമെന്റ് നാലുവർഷവും ഒരുമാസവും കഴിഞ്ഞപ്പോഴാണ് മിനിമം കൂലി പുതുക്കിയത്. ഈ ഗവൺമെന്റും നാലുവർഷവും ഒരു മാസവും കഴിഞ്ഞപ്പോൾ മിനിമം കൂലി പുതുക്കി. അതിനുമുമ്പ് ഒരു സമരം ആവശ്യമില്ലാതിരുന്നിട്ടും അവർ സമരം ചെയ്തു. അൺഎയ്ഡഡിനെക്കുറിച്ചു പറഞ്ഞു. അത് തൊഴിൽ വകുപ്പിന്റെ കീഴിൽ വരുന്നതല്ല. ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ട് ആക്ട് അവർക്ക് ബാധകമല്ലായെന്നത് സുപ്രീം കോടതിയുടെ വിധിയാണ്. നമുക്ക് ഒരു കാരണവശാലും അതിൽ ഇടപെടാൻ സാധിക്കില്ല. തോട്ടം മേഖലയുടെ വിഷയം വന്നു. ആ വിഷയത്തിൽ ഗവൺമെന്റും ട്രേഡ് യൂണിയനുകളും ഒറ്റക്കെട്ടായി നിന്നുകൊണ്ടാണ് പരിഹാരം കണ്ടത്. ജനപ്രതിനിധികളും അതിന് സഹായിച്ചു. ഇവിടെയുള്ള മൂന്ന് ജനപ്രതിനിധികൾ ആ ചർച്ചകളിലെല്ലാം പങ്കെടുത്തു. ട്രേഡ് യൂണിയന്റെ എക്സിസ്റ്റൻസിനെ ചോദ്യംചെയ്യുന്ന നിലയിലേയ്ക്ക് കാര്യങ്ങൾ നീങ്ങിയപ്പോൾ ട്രേഡ് യൂണിയനുകൾ ഉണർന്ന് പ്രവർത്തിച്ചു. ഗവൺമെന്റ് ശക്തമായ പിന്തുണ കൊടുത്തതുകൊണ്ട് ആ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ ഒരു പരിധിവരെ സാധിച്ചു. പക്ഷെ അത് വളരെ അപര്യാപ്തമാണ്. തൊഴിൽ വകുപ്പുമന്ത്രി ഒരു പ്രസ്താവന നടത്തിയതുകൊണ്ടാണ് ഇത് നടന്നുപോയത് എന്നുപറയുമ്പോൾ കാര്യങ്ങൾ ജനങ്ങളെ ധരിപ്പിക്കാനുള്ള ഉത്തരവാദിത്വം നമുക്കുണ്ടല്ലോ. കയ്യടിക്കുവേണ്ടി എന്തെങ്കിലും പറഞ്ഞാൽപോര, 500 രൂപ കൂലി കിട്ടിയാലേ സമരം അവസാനിപ്പിക്കൂ എന്നുപറഞ്ഞപ്പോൾ ഞാനൊരു ഘട്ടത്തിൽ പറഞ്ഞതാണ്. ഞാൻ പറയാൻ ആധാരമായ കാരണമുണ്ട്. 1996 മുതലുള്ള കണക്ക് എന്റെ കയ്യിലുണ്ട്. അന്നത്തെയൊക്കെ തൊഴിൽ വകുപ്പുമന്ത്രിമാർക്ക് തൊഴിലാളി താല്പര്യമില്ലാത്തതുകൊണ്ടണോ കാര്യങ്ങൾ ചെയ്യാതിരുന്നത്. 1996 മുതൽ ഓരോ വേജ് ഇൻക്രീസിന്റെയും ആവറേജ് എടുത്താൽ 12.61 ശതമാനമാണ് ഓരോ പി.എൽ.സി. സെറ്റിൽമെന്റും വന്നിട്ടുള്ളത്. 9%, 8%, 11%, 14.5%, 10%, 0%, 7.8% 14.45%. ഒരു കാര്യംകൂടി പറയാം. ബഹുമാനപ്പെട്ട എ. കെ. ബാലൻ ഇത് കേൾക്കണം. ശ്രീ. പി. കെ. ഗുരുദാസൻ ഇപ്പോൾ സഭയിലില്ല. അദ്ദേഹം മോശമായ തൊഴിൽ വകുപ്പുമന്ത്രിയോ തൊഴിലാളി സ്നേഹം ഇല്ലാത്ത ആളോ അല്ല. പക്ഷെ അദ്ദേഹത്തിന്റെ കാലഘട്ടത്തിൽ രണ്ടുപ്രാവശ്യമാണ് തോട്ടം മേഖലയിൽ മിനിമം വേജസ് പുതുക്കൽ ഉണ്ടായിട്ടുള്ളത്. ആദ്യത്തെ തവണ 7.8%, രണ്ടാമത്തെ തവണ 14.45%. രണ്ട് തവണയുംകൂടി 22.25 ശതമാനമാണ് എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത്

തോട്ടം മേഖലയിലെ കൂലി വർദ്ധിപ്പിച്ചത്. ഈ ഗവൺമെന്റ് വന്ന് 2011-ൽ തന്നെ 22.96 ശതമാനമാണ് ആദ്യത്തെ കൂലി വർദ്ധനവ്. എൽ.ഡി.എഫ്.-ന്റെ കാലത്ത് രണ്ടുപ്രാവശ്യവുംകൂടി 22.25 ശതമാനമായിരുന്നുവെങ്കിൽ യു.ഡി.എഫ്. അധികാരത്തിൽ വന്ന് ആദ്യത്തെ വർദ്ധനവുതന്നെ 22.96 ശതമാനമാണ്. അതുകഴിഞ്ഞ് ഇപ്പോൾ ഈ പ്രശ്നം പൊട്ടിപ്പുറപ്പെട്ടപ്പോൾ 30 ശതമാനമാണ് കൂലി വർദ്ധിപ്പിച്ചത്. അങ്ങനെ രണ്ടുതവണയായി ഈ മേഖലയിൽ 55 ശതമാനത്തോളം ഈ ഗവൺമെന്റ് കൂലി വർദ്ധിപ്പിക്കുകയാണ് ചെയ്തത്. എന്നിട്ടുപോലും 300 രൂപയേ ആയിട്ടുള്ളൂ. അത് എല്ലാത്തിനും പര്യാപ്തമാണെന്നൊന്നും ഞാൻ പറയുന്നില്ല. പക്ഷെ 300 രൂപയിൽ എത്തിച്ചത് ഈ ഗവൺമെന്റാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ 152 രൂപയായിരുന്നു മിനിമം കൂലി. അതാണിപ്പോൾ 300 രൂപയായിരിക്കുന്നത്. അത് തികഞ്ഞു എന്ന് ഞാൻ പറയുന്നില്ല. ആ മേഖലയിൽ അതുകാരണം പല പ്രതിസന്ധിയുമുണ്ടാകും. ആ പ്രതിസന്ധി തരണം ചെയ്യാൻ നമ്മളൊക്കെ കൂട്ടായി കാര്യങ്ങൾ നീക്കേണ്ടതുണ്ട്. അല്ലെങ്കിൽ ഇത് പൂട്ടിപ്പോകും. ഇതാണ് ഞാൻ നേരത്തെ പറഞ്ഞത്. ആലോചനയില്ലാതെ ഓരോ ഡിമാൻഡ് വയ്ക്കുക, കുറേപേർ അതിന്റെ പിന്നാലെ പോകുക അങ്ങനെയൊക്കെയാണോ കേരളത്തിൽ നടക്കേണ്ടത്. അതുകൊണ്ട് പറഞ്ഞുവെന്നേയുള്ളൂ. അല്ലാതെ ഒരിക്കലും തൊഴിലാളി താല്പര്യങ്ങൾക്ക് എതിരായി പറഞ്ഞതല്ല. കേന്ദ്ര ഗവൺമെന്റിന്റെ പുതിയ നിയമങ്ങളെക്കുറിച്ച് സംസാരിച്ചപ്പോൾ ശ്രീ. പി. കെ. ഗുരുദാസൻ പറഞ്ഞു അതിൽ സംസ്ഥാന ഗവൺമെന്റ് ഒന്നും പറയുന്നില്ലായെന്ന്. അദ്ദേഹം ഒരു സീനിയർ ട്രേഡ് യൂണിയൻ നേതാവാണ്. ഇന്ത്യൻ ലേബർ കോൺഗ്രസ്സിൽ സംസ്ഥാന ഗവൺമെന്റ് പറഞ്ഞ അഭിപ്രായം എന്തായിരുന്നുവെന്ന് സി.ഐ.ടി.യു.-ന്റെയും ഐ.എൻ.ടി.യു.സി.-യുടെയും അഖിലേന്ത്യാ നേതാക്കൻമാരോട് ചോദിച്ചാൽ അവർ പറഞ്ഞുതരും. കേരളമെടുത്ത നിലപാടിന് സി.ഐ.ടി.യു.-ന്റെ അഖിലേന്ത്യാ പ്രസിഡന്റ് ശ്രീ. പത്മനാഭൻ എന്നെ നേരിൽകണ്ട് അഭിനന്ദിച്ചതാണ്. അത്രയ്ക്ക് ശക്തമായി അവിടെ ആരും നിലപാടെടുത്തിട്ടില്ല. ആ നിലയിലേക്കാണ് കാര്യങ്ങൾ അവതരിപ്പിച്ചത്. നമ്മൾ മൃദുസമീപനം കൈക്കൊണ്ടു എന്നുപറയുന്നതിൽ ഒരർത്ഥവുമില്ല.

ബഹുമാനപ്പെട്ട എം. ഹംസ സൂചിപ്പിച്ച പല കാര്യങ്ങളുണ്ട്. അതിന്റെ വിശദാംശങ്ങളിലേക്ക് കടക്കുന്നില്ല. പോരായ്മകളൊക്കെ ഉണ്ട്. പെൻഷൻ കൊടുക്കുന്നതിന് ആവശ്യത്തിന് തുക വച്ചിട്ടില്ല എന്ന് പറഞ്ഞു. എല്ലാ കാലവും അങ്ങനെയാണ്. അഡീഷണൽ ആതറൈസേഷൻ വഴിയല്ലേ പെൻഷനുള്ള തുക അനുവദിക്കുന്നത്. നവംബർ 2015 വരെയുള്ള കർഷകത്തൊഴിലാളി പെൻഷൻ കൊടുത്തുകഴിഞ്ഞു. ബാക്കി എല്ലാ വെൽഫയർ പെൻഷനും സെപ്റ്റംബർ

2015 വരെയുള്ളത് കൊടുത്തുകഴിഞ്ഞു. ആവശ്യമുള്ള തുക അഡീഷണൽ ആതറൈസേഷൻ വഴി ലഭിക്കുന്നുണ്ട്. അത് കൃത്യമായി കൊടുക്കുന്നുമുണ്ട്. കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡിന് ആനുകൂല്യം കൊടുക്കാൻ വരുമാനമില്ലാത്ത ഒരു സ്ഥിതിയാണ്. 270-280 കോടി രൂപ വേണം. എൽ.ഡി.എഫ്. ഗവൺമെന്റ് 2000 മുതലുള്ള കുടിശ്ശിക തീർക്കാൻവേണ്ടി 2010-ൽ ഒറ്റത്തവണയായി 110 കോടി രൂപ കൊടുത്തു. 2009 വരെയുള്ള കുടിശ്ശിക തീർത്തു. എന്നിട്ടും രണ്ടുവർഷത്തെ കുടിശ്ശിക ബാക്കിയാക്കി വച്ചിട്ടാണ് എൽ.ഡി.എഫ്. സർക്കാർ ഇറങ്ങിയത്. ക്ഷേമനിധി രൂപീകരിച്ചത് സ്വയംപര്യാപ്തമാകാനാണ്. കാലാകാലങ്ങളിൽ ഭരണസമിതിയിൽ വന്നവരെല്ലാം കുറേ ആനുകൂല്യ വർദ്ധനവ് നടത്തി. ഇതിന്റെ വരുംവരായ്കകൾ ആലോചിച്ചില്ല. നാളെ ഇതിനുള്ള വരുമാനം എവിടെനിന്നും ഉണ്ടാകുമെന്നതിനെക്കുറിച്ച് ചിന്തിച്ചില്ല. അങ്ങനെ കൊടുക്കാൻ ശേഷിയില്ലാതായി. ഇതുമൊത്തം ഗവൺമെന്റ് കൊടുക്കണമെന്ന് പറയുമ്പോൾ അതിനെതിരെയുള്ള വാദങ്ങളും സ്വാഭാവികമാണ്. അതുകൊണ്ട് 280 കോടി രൂപ കിട്ടിയില്ലെങ്കിലും കിട്ടുന്നതുവച്ച് എന്തെങ്കിലും കൊടുക്കാൻ കഴിയുമോയെന്ന് ഞാൻ പരിശ്രമിച്ചുകൊണ്ടിരിക്കുകയാണ്.

നിർമ്മാണത്തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ കാര്യംകൂടി പറഞ്ഞ് അവസാനിപ്പിക്കാം. അങ്ങ് തുക പിരിച്ചെടുക്കാനുണ്ടെന്ന് പറഞ്ഞു. അങ്ങയെ ആരോ തെറ്റിദ്ധരിപ്പിച്ചതാണ്. എൽ.ഡി.എഫ്. ഗവൺമെന്റിന്റെ സമയത്ത് അഞ്ചുവർഷംകൊണ്ട് ക്ഷേമനിധി ബോർഡിലുള്ള സെസ് പിരിച്ചത് ഇരുന്നൂറ്റി അമ്പത്തിഒൻപത് കോടി എൺപത്തി മൂന്ന് ലക്ഷം രൂപയാണ്. നാലര വർഷം കൊണ്ട് യു.ഡി.എഫ്. ഗവൺമെന്റ് പിരിച്ചത് അറുന്നൂറ്റി അറുപത്തിയൊൻപത് കോടി നാൽപ്പത്തിരണ്ട് ലക്ഷം രൂപയാണ്; എവിടെയാണ് വീഴ്ച വന്നത്? റിക്കോർഡ് പിരിവാണ് നടത്തിക്കൊണ്ടിരിക്കുന്നത്. അതുകൊണ്ട് അതെല്ലാം തെറ്റായപ്രചരണമാണ്. ഇതിൽക്കൂടുതൽ മനുഷ്യസഹജമായി ഒന്നും ചെയ്യാൻ സാദ്ധ്യമല്ല.

ഒരു കാര്യം പറഞ്ഞത് ഞാൻ സമ്മതിക്കുന്നു. നിർമ്മാണത്തൊഴിലാളികളുടെ ചില ആനുകൂല്യ വർദ്ധനവ് ഗവൺമെന്റ് ഏറ്റിരുന്നതാണ്. സംയുക്തമായി ഒരു സമരം നടന്നപ്പോൾ ഞാൻ മാത്രമല്ല, മുഖ്യമന്ത്രിയടക്കം ചർച്ചനടത്തി ചില ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കാമെന്ന് പറഞ്ഞതാണ്. അതിന്റെ ഫയൽലേബർ ഡിപ്പാർട്ടുമെന്റ് ക്ലിയർ ചെയ്ത് ഫിനാൻസ് ഡിപ്പാർട്ടുമെന്റിൽ പെൻഡിംഗിലാണ്. ഞാൻ കഴിഞ്ഞ ആഴ്ചയും ഫിനാൻസ് സെക്രട്ടറിയുമായി സംസാരിച്ചു, ക്ലിയർ ചെയ്തുതരാമെന്ന് ഉറപ്പ് നൽകിയിട്ടുണ്ട്. എന്തായാലും ഗവൺമെന്റ് എടുത്ത തീരുമാനത്തിനും സംഘടനകൾക്ക് നൽകിയ ഉറപ്പിനുമനുസരിച്ച് ആനുകൂല്യങ്ങൾ

വർദ്ധിപ്പിക്കും, അക്കാര്യത്തിൽ ഒരു ആശങ്കയും വേണ്ട. അത് നടപ്പിലാക്കിയിരിക്കുമെന്ന് മാത്രമേ എനിക്ക് ഈ കാര്യത്തിൽ പറയാനുള്ളൂ. അതുകൊണ്ട് വളരെ പ്രോഗ്രസ്സീവായ സ്റ്റെപ്പായി കണ്ടുകൊണ്ട് ഈ അമെന്റ്മെന്റിനെ എല്ലാവരും പിന്തുണയ്ക്കണമെന്നുമാത്രമാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

മി. സ്പീക്കർ: ഭേദഗതികൾ പ്രസ് ചെയ്യുന്നുണ്ടോ?

(ഭേദഗതി പ്രസ് ചെയ്യപ്പെട്ടില്ല.)

ശ്രീ. പി. തിലോത്തമൻ അവതരിപ്പിച്ച 1 (എ) നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ജോസഫ് വാഴക്കൻ അവതരിപ്പിച്ച 2 (ബി) നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2015- ലെ കൂലി കൊടുക്കൽ (കേരള ഭേദഗതി)ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ....

പ്രതികൂലിക്കുന്നവർ.....

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പരിഗണനയ്ക്കെടുക്കുന്നു.

രണ്ടാം വകുപ്പ്

*Shri K. N. A. Khader :* Sir, I move the following amendment.

112. In the second proviso to section 6 proposed to be inserted in the principal Act by clause 2:

(1) for the word "notification" substitute the word "notifying".

(2) after the word "person" insert the symbol and word "persons" wherever it occurs.

*Shri K. Sivadasan Nair :* Sir, I move the following amendments.

113. In the second proviso to section 6 proposed to be inserted in the principal Act by clause 2, after the words "specify the industrial" the words "and commercial" shall be inserted.

120. In the second proviso to Section 6 proposed to be inserted in the principal Act by clause 2, before the words “without obtaining” the words “with or” shall be inserted.

*Smt. K. S. Saleekha :* Sir, I move the following amendments.

114. In the second proviso to section 6 proposed to be inserted in the principal Act by clause 2, after the word and symbol “industrial establishments,” insert the words and symbol “specify the time of work and minimum wage of employers by notification,”

122. In the second proviso to section 6 proposed to be inserted in the principal Act by clause 2, for the words “without obtaining any authorisation of the employed person” substitute the words “without obtaining any authorisation of the employed person, the employers payment of wages and other allowances are modified on each and every five years.”

*Shri M. Ummer :* Sir, I move the following amendment.

118. In the second proviso to Section 6 proposed to be inserted in the principal Act by clause 2, after the words and symbol “in his bank account,” the words “with a scheduled bank on the first working day of the succeeding month” shall be inserted.

*Shri M. Hamsa :* Sir, I move the following amendments.

119. In the second proviso to Section 6 proposed to be inserted in the principal Act by clause 2, the word “without” shall be deleted.

123. In the second proviso to section 6 proposed to be inserted in the principal Act by clause 2, the word, “any” shall be deleted.

*Shri A. K. Balan :* Sir, I move the following amendment.

128. The second proviso to section 6 proposed to be inserted in the principal Act by Clause 2 shall be recast as follows:

“Provided further that notwithstanding anything contained in this Act, the State Government may, by notification in the Gazette, specify the industries, or establishments which shall pay the wages either by cheque or by crediting into the bank account of the employees.”

ശമ്പളം ചെക്കായോ ബാങ്ക് അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്തോ നൽകാൻ ഈ നിയമപ്രകാരം നോട്ടിഫൈ ചെയ്യുന്ന എല്ലാ വ്യവസായ സ്ഥാപനങ്ങളും മറ്റ് സ്ഥാപനങ്ങളും അപ്രകാരം നൽകണമെന്ന് കുറച്ചുകൂടി വ്യക്തതയോടെ പറയുന്നതായിരിക്കും നല്ലത്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഇതിൽ ഏതെങ്കിലും ഭേദഗതി അംഗീകരിക്കുന്നുണ്ടോ?

ശ്രീ. ഷിബു ബേബി ജോൺ: സർ, ഒരു ഭേദഗതിയും അംഗീകരിക്കുന്നില്ല. എന്നാൽ ഒരു ഒഫിഷ്യൽ അമെന്റ്മെന്റ് മൂവ് ചെയ്യാനുണ്ട്. ശ്രീ. കെ. ശിവദാസൻ നായർ സൂചിപ്പിച്ചത് വ്യത്യസ്തമായ രീതിയിൽ. Clause 2-ലുള്ള ഒഫിഷ്യൽ അമെന്റ്മെന്റ് .

"In the proviso to section 6 of the Act proposed to be amended by clause 2 of the bill for the words "industrial establishments", the words "industrial or other establishments" shall be substituted."

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. കെ. എൻ. എ ഖാദർ അവതരിപ്പിച്ച 112-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. ശിവദാസൻ നായർ അവതരിപ്പിച്ച 113, 120 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീമതി കെ. എസ്. സലീഖ അവതരിപ്പിച്ച 114, 122 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 118-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. ഹംസ അവതരിപ്പിച്ച 119, 123 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എ. കെ. ബാലൻ അവതരിപ്പിച്ച 128-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത് പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമോയെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ ......

പ്രതികൂലിക്കുന്നവർ.........

ഭേദഗതി ചെയ്ത് പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത് പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

മൂന്നാം വകുപ്പ്

(ഭേദഗതിയില്ല)

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമോയെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ ......

പ്രതികൂലിക്കുന്നവർ.........

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ഒന്നാം വകുപ്പും പീഠികയും പേരും

*Shri K. N. A. Khader :* Sir, I move the following amendments.

108. In clause 1(2), after the word "Kerala" insert the words "and the places under its jurisdiction".

109. In clause 1(3), for the figure and word "3rd" substitute the word "third".

*Shri M. Hamsa :* Sir, I move the following amendment.

110. In clause 1(3), for the words, figures and symbol "3rd day of October, 2015" substitute the words, figure and symbol "1st day of May, 2015".

*Smt. K. S. Saleekha :* Sir, I move the following amendment.

111. In clause 1(3), for the figures, words and symbol "3rd day of October, 2015" substitute the figures, words and symbol "7th day of December, 2015"

മി. സ്പീക്കർ: ബഹുമാനപ്പെട്ട മിനിസ്റ്റർ, ഭേദഗതികൾ ഏതെങ്കിലും അംഗീകരിക്കുന്നുണ്ടോ?

ശ്രീ. ഷിബു ബേബി ജോൺ: സർ, ഭേദഗതികൾ അംഗീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. കെ. എൻ.എ ഖാദർ അവതരിപ്പിച്ച 108, 109 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. ഹംസ അവതരിപ്പിച്ച 110-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീമതി കെ. എസ്. സലീഖ അവതരിപ്പിച്ച 111-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കാമോയെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ ......

പ്രതികൂലിക്കുന്നവർ.........

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ) : സർ, 2015-ലെ കൂലി കൊടുക്കൽ (കേരള ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനനൻ): സർ, പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. സി. ദിവാകരൻ : സർ, നിയമസഭ പാസ്സാക്കുന്ന ഈ ഭേദഗതി കേരളത്തിലെ തൊഴിലാളി വർഗ്ഗത്തിന്റെ കൂട്ടായ വിലപേശലിന്റെ കടക്കൽ കത്തിവയ്ക്കലാണ്. 1936-ൽ Payment of Wages Act നിലവിൽ വന്നു. ഏതാണ്ട് 80 വർഷക്കാലം ഈ നിയമം ഇവിടെ നിലനിന്നിട്ടും ഇതിലെ വ്യവസ്ഥകൾ ഫലപ്രദമായി ആധുനികവൽക്കരിക്കാനും തൊഴിലാളികൾക്ക് കൂടുതൽ കൂലി കിട്ടാനും വേണ്ടി പ്രബുദ്ധരായ പഴയകാല ട്രേഡ് യൂണിയൻ നേതാക്കന്മാർ ഒരുകാലത്തും ഉന്നയിച്ചിട്ടില്ലെന്ന ഒരു കണ്ടുപിടിത്തമാണ് അങ്ങ് ഇവിടെ നടത്തിയിരിക്കുന്നത്. ഇതിൽ ഏറ്റവും അപകടമുള്ളത് എംപ്ലോയർക്ക് ഇഷ്ടമുള്ള

ആളുകളുടെ പേര് കൊടുത്താൽ അവർക്കാണ് ചെക്കായാലും ക്യാഷായാലും കിട്ടുന്നത്. തൊഴിലാളിക്ക് ഒരു ഓപ്ഷൻ സെൻട്രൽ ആക്ടിൽ ഉണ്ട്. അതിൽ തൊഴിലാളിയുടെ കൺസെന്റ് വേണം. ഇവിടെ തൊഴിലാളിയുടെ കൺസെന്റ് വേണ്ട. ഇത് പാസ്സാക്കുന്നതിലുള്ള അപകടം അതാണ്. ഇത് ഒറ്റപ്പെട്ട സംഭവമല്ല. ഇന്ത്യാ മഹാരാജ്യത്തിന്റെ ജനാധിപത്യ വ്യവസ്ഥിതിയെത്തന്നെ തകിടംമറിക്കുന്ന സംഭവങ്ങളാണ് അരങ്ങേറിക്കൊണ്ടിരിക്കുന്നത്. ഇന്ത്യയിലെ ജനാധിപത്യത്തിനും സ്വാതന്ത്ര്യത്തിനുംവേണ്ടി അടരാടിയത് തൊഴിലാളിവർഗ്ഗമാണ്. 18 വയസ്സിൽ വോട്ടവകാശത്തിനുവേണ്ടി അടരാടിയത് പാവപ്പെട്ട കയർത്തൊഴിലാളികളാണ്. കേരള നിയമസഭയാണ് ഇന്ത്യയ്ക്ക് മാതൃകയായി ബോണസ് ആക്ട് കൊണ്ടുവന്നത്. അതിലൂടെയാണ് ബോണസ് എന്ന സങ്കൽപ്പം തന്നെ വന്നത്. എല്ലാ കാര്യത്തിലും വളരെ മുമ്പെ നടന്നവരാണ് നമ്മൾ. പക്ഷെ ഇക്കാര്യത്തിൽ തൊഴിലാളികളുടെ കൈകാൽ വരിഞ്ഞുകെട്ടി അവരുടെ ഓപ്ഷനും കൺസെന്റും ആവശ്യമില്ലായെന്നും എംപ്ലോയർ തനിക്ക് ഇഷ്ടമുള്ളവരുടെ ലിസ്റ്റ് കൊടുക്കും, അവർക്ക് പേയ്മെന്റും കൊടുക്കും എന്ന രീതിയിലാക്കുകയാണ്. അല്ലാത്തവർക്ക് പേയ്മെന്റില്ലെന്നുമാണ് വരുന്നത്. ബാങ്ക് വഴി നടപ്പാക്കിയ പരിഷ്കാരങ്ങൾ എന്തൊക്കെയാണ്; സബ്സിഡി കിട്ടുന്നുണ്ടോ? റേഷൻ കടകൾവഴി കിട്ടുന്ന സബ്സിഡി ബാങ്ക് വഴിയാക്കാൻ തീരുമാനിച്ചു. ഇതുവരെ നടപ്പാക്കിയിട്ടില്ല. പാചകവാതകത്തിന്റെ സബ്സിഡി ബാങ്ക് വഴിയാണെന്നു പറഞ്ഞു, അതും നടക്കുന്നില്ല. ഈ ഗവൺമെന്റ് ജീവനക്കാർക്ക് ബ്രിട്ടീഷുകാരുടെ കാലത്തുണ്ടായിരുന്ന ആനുകൂല്യം നിഷേധിച്ച് പാർട്ടിസിപ്പേറ്ററി പെൻഷൻ കൊണ്ടുവന്നു. പെൻഷന്റെ കോൺട്രിബ്യൂഷൻ എവിടെയാണ് ഓപ്പറേറ്റ് ചെയ്യുന്നത്; ഏത് ബാങ്കാണ്, ട്രഷറിയാണോ? ആ പെൻഷന് യാതൊരു ഗ്യാരന്റിയുമില്ല. ഇന്ത്യാ രാജ്യത്ത് ബ്രിട്ടീഷുകാർ അനുവദിച്ച ഐ.ഡി. ആക്ട് ഭേദഗതി ചെയ്യാൻ പോവുകയാണ്. നേരത്തെ തൊഴിൽ വകുപ്പുമന്ത്രിയായിരുന്ന ആളാണ് ബഹുമാനപ്പെട്ട ആര്യാടൻ മുഹമ്മദ്. അങ്ങയുടെ മനസ്സാക്ഷി ഇത് അനുവദിക്കുന്നുണ്ടോ? ഐ.ഡി. ആക്ടിൽ ഭേദഗതി വരികയാണ്. നാൽപ്പത് പേര് വേണം ഒരു ട്രേഡ് യൂണിയൻ രജിസ്റ്റർ ചെയ്യാൻ. കേന്ദ്ര ഗവൺമെന്റ് തൊഴിലാളികളുടെ അവകാശങ്ങൾ കവർന്നെടുക്കാൻ കച്ചകെട്ടി ഭേദഗതികൾ കൊണ്ടുവരുമ്പോൾ അതിന് ചൂട്ടുപിടിക്കണോ?

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): സർ, ഐ.ഡി. ആക്ട് ബ്രിട്ടീഷുകാരുടെ കാലത്തുള്ളതല്ല. ട്രേഡ് യൂണിയൻ ആക്ടാണ് ബ്രിട്ടീഷുകാരുടെ കാലത്തുള്ളത്. അങ്ങ് അറിയാതെ ഐ.ഡി. ആക്ടെന്നാണ് പറഞ്ഞത്.

<u>ശ്രീ. സി. ദിവാകരൻ</u>: സർ, കറക്ട് ചെയ്തതിന് നന്ദി. അത് ബ്രിട്ടീഷുകാരുടെ കാലത്ത് തുടങ്ങിയതാണ്. തൊഴിലാളികൾ രക്തവും ജീവനും കൊടുത്ത് ജനാധിപത്യത്തിനുവേണ്ടി എന്നും സമരം ചെയ്തവരാണ്. ഇവിടെ സൗജന്യമായി ഒരു നിയമവും ഒരു പരിഷ്കാരവും വന്നിട്ടില്ല. അവരുടെ നേർക്കാണ് കേരളത്തിൽ, 'നീ നിശബ്ദനായിരിക്കണം, ബാക്കി ഞങ്ങൾ കൈകാര്യം ചെയ്തോളാം. എംപ്ലോയറും ഗവൺമെന്റും കൂടിച്ചേർന്ന് തീരുമാനിക്കാമെന്ന് പറയുന്നത് ശരിയാണോ? ഇതിൽ ജോബ് സെക്യൂരിറ്റിയുണ്ടോ; ഇതിനകത്ത് കാര്യങ്ങൾ തീരുമാനിക്കുന്നത് ആരാണ്; അങ്ങ് സർക്കുലേറ്റ് ചെയ്തിരിക്കുന്നത് ഞാൻ വായിക്കാം - 'എന്നാൽ തൊഴിലുടമ ജോലിക്കായി നിയോഗിക്കപ്പെട്ട ആളുടെ രേഖാമൂലമുള്ള അധികാരപ്പെടുത്തൽ വാങ്ങാതെ കൂലി ചെക്കായിട്ടോ അല്ലെങ്കിൽ ബാങ്കിലോ കൊടുക്കാം.' എന്തിനാണ് ഇത് കൊണ്ടുവന്നിരിക്കുന്നത്?

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (<u>ശ്രീ. കെ. സി. ജോസഫ്</u>): സർ, കേരളത്തിൽ ഇപ്പോൾ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട് കൂലി മുഴുവൻ കൊടുക്കുന്നത് ബാങ്ക് അക്കൗണ്ട് മുഖേനയാണ്. യഥാസമയം കൂലി കിട്ടും, ഇടനിലക്കാരില്ല, ഒരു ചൂഷണവുമുണ്ടാകില്ല. ആ ഒരു രീതി ഈ രംഗത്തും വരുന്നത് നല്ലതല്ലേ?

<u>ശ്രീ. സി. ദിവാകരൻ</u>: സർ, ഞാനതിലേക്ക് വരാം. അങ്ങ് പറഞ്ഞതുപോലെ പലരും ഇത് ബദലായി ചൂണ്ടിക്കാണിച്ചു. കേരളത്തിൽ തൊഴിലുറപ്പ് പദ്ധതിയുടെ എംപ്ലോയർ പഞ്ചായത്താണ്. വ്യക്തികളല്ല. അവിടെ എംപ്ലോയർ പ്രൈവറ്റ് ഏജൻസിയല്ല. അത് കറക്ടാണ്, അതുകൊണ്ട് കുഴപ്പമില്ല. എന്നാൽ ഇവിടെ സ്വകാര്യ മുതലാളിമാരുടെ കൈകളിലേക്കാണ് എറിഞ്ഞുകൊടുക്കുന്നത്. ഇവിടത്തെ കമ്പനികൾ, സ്ഥാപനങ്ങൾ അവയിൽ മഹാഭൂരിപക്ഷവും ഗവൺമെന്റ് ഉടമസ്ഥതയിലല്ല, പബ്ലിക് സെക്ടറിലുമല്ല. നിങ്ങൾ പറഞ്ഞല്ലോ, ഐ.ടി. സെക്ടർ എങ്ങനെ നടപ്പിലാക്കുമെന്ന്; എന്തുകൊണ്ട് അവർ നടപ്പിലാക്കുന്നില്ല.

തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി (<u>ശ്രീ. ഷിബു ബേബി ജോൺ</u>): സർ, ഐ.ടി. സെക്ടറിൽ ബാങ്ക് വഴി മാത്രമാണ് പേയ്മെന്റ് കൊടുക്കുന്നത്. അത് മനസ്സിലാക്കണം. അവർ ഡീറ്റെയിൽസ് തരാൻ വിസമ്മതിക്കുന്നു എന്നാണ് പറഞ്ഞത്.

<u>ശ്രീ. സി. ദിവാകരൻ</u>: സർ, അങ്ങ് ഇവിടെ പറഞ്ഞത് എന്നെ ഞെട്ടിപ്പിച്ചു, ഐ.ടി. മേഖലയിൽ ഇത് നടപ്പിലാക്കാൻ അനുവദിക്കുന്നില്ല എന്നാണ് പറഞ്ഞത്. ഞങ്ങൾ കേട്ടുകൊണ്ടിരുന്നതാണ്. അതിന്റെ ഡീറ്റെയിൽസ് എടുക്കാൻ പോയപ്പോഴുള്ള കാര്യമാണെന്ന് അങ്ങ് ഇപ്പോൾ പറഞ്ഞപ്പോഴാണ് മനസ്സിലാക്കുന്നത്.

എന്തായാലും ഇത് തൊഴിലാളികളുടെ താല്പര്യം സംരക്ഷിക്കാൻ പര്യാപ്തമല്ല. തൊഴിലുറപ്പ് പദ്ധതിയെക്കുറിച്ച് ഞാൻ സൂചിപ്പിച്ചു. ഐ.ഡി. ആക്ട് ഭേദഗതി ചെയ്യാൻ നടപടി എടുക്കുന്നു. അത് ഇന്ത്യയിലെ ട്രേഡ് യൂണിയൻ രംഗത്തെ, തൊഴിലാളിവർഗ്ഗത്തെ സഹായിക്കാനാണോ; ട്രേഡ് യൂണിയൻ ബാഹുല്യം എന്നുപറഞ്ഞ് തൊഴിലാളികളെ വേട്ടയാടുന്നുണ്ട്. അത് നല്ല സമീപനമാണോ; ഹർത്താൽ നിയന്ത്രണത്തിന് ഒരു ബിൽ കൊണ്ടുവന്നിരിക്കുന്നു; അത് തൊഴിലാളികളെ സഹായിക്കാനാണോ; ഇപ്പോൾ നിങ്ങൾ ഈ ബിൽ കൊണ്ടുവന്നിരിക്കുന്നു; തൊഴിലാളികൾ ശബ്ദിക്കാൻ പാടില്ല, അതല്ലേ ഇതിന്റെ ആകെയുള്ള ഒരു മെസേജ്. തൊഴിലാളികൾക്ക് നേരിട്ട് കൂലി കൊടുക്കില്ല; കൂലി ചോദിക്കാൻ പാടില്ല; ബാങ്കിൽ പോയി ചോദിക്കാൻ പറയും. ഉദാഹരണത്തിന് ഞാൻ ഒരു സ്ഥാപനത്തിൽ ജോലി ചെയ്യുകയാണെങ്കിൽ എന്നോട് ശമ്പളം ബാങ്കിൽ കൊടുത്തിട്ടുണ്ടെന്നു പറയും; ബാങ്കിൽ പോയാൽ ശമ്പളമില്ല; എന്തുചെയ്യണം; എന്റെ പേരിൽ ഒന്നും അയച്ചിട്ടില്ല; ഇത് ചീറ്റിംഗാണ്; കേരളത്തിലും ഇന്ത്യയിലും ഇപ്പോൾ ഏറ്റവും കൂടുതൽ തട്ടിപ്പ് നടക്കുന്നത് സാമ്പത്തിക രംഗത്താണ്. ഇത് മറ്റൊരു സാമ്പത്തിക കുഴപ്പത്തിലേയ്ക്കാണ് പോകുന്നത്. തൊഴിലാളികൾക്ക് കൂട്ടത്തോടെ കൂലി കൊടുക്കാത്ത അവസ്ഥയിലേക്ക് വരും. ഗവൺമെന്റ് നേരിട്ട് കൊടുക്കുമോ. നിങ്ങൾ ബാങ്കിൽ ഏല്പിക്കുമെന്ന് പറയുന്നു; ഏത് ബാങ്കിനെ ഏല്പിക്കും; ഏല്പിക്കാൻ കഴിയുന്ന ബാങ്ക് ഏതാണ്; ഇത് വളരെ അശാസ്ത്രീയമായിട്ടുള്ളതാണ്. ഇത് തൊഴിലാളികൾ ഇതുവരെ അനുഭവിച്ചുകൊണ്ടിരുന്ന, കൂലി കിട്ടാനുള്ള അവകാശം, പേയ്മെന്റ് ഓഫ് വേജസ് ആക്ടിനകത്ത് വെള്ളം ചേർക്കുന്നതാണ്.

<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>: ഒരു തൊഴിലുടമ തൊഴിലാളിയുടെ പേരിൽ ബാങ്ക് അക്കൗണ്ടിൽ പണം നിക്ഷേപിക്കുമ്പോൾ അയാൾക്ക് കൊടുക്കുന്ന കൂലി എത്രയാണെന്ന് മറ്റൊരു തൊഴിലാളി അറിയാനുള്ള അവസരം നിഷേധിക്കുകയല്ലേ; അങ്ങനെ വരുമ്പോൾ തൊഴിലാളികൾ തമ്മിൽ വിഭാഗീയതയുണ്ടാക്കാൻ കൂടി ഈ സംരംഭം വഴിയൊരുക്കുകയില്ലേ?

<u>ശ്രീ. സി. ദിവാകരൻ</u>: ഇതിന്റെ ഉദ്ദേശ്യം അതുതന്നെയാണ്. തൊഴിലാളികളുടെയിടയിൽ ഭിന്നിപ്പുണ്ടാക്കുക. തൊഴിലാളികളും മാനേജ്മെന്റും തമ്മിലടിക്കുക. തൊഴിലാളികളും ബാങ്ക് അധികാരികളും തമ്മിലടിക്കുക. അങ്ങനെ ഇപ്പോഴുള്ള തൊഴിലാളി-മുതലാളി സമരങ്ങളെ കുറേക്കൂടി വ്യാപകമാക്കി ധനകാര്യ സ്ഥാപനങ്ങളിൽക്കൂടി കൊണ്ടുചെന്നെത്തിക്കാൻ പര്യാപ്തമായ കാര്യങ്ങളാണ് ഇതിനകത്തുള്ളത്. ഇത് ഭരണഘടനാ വിരുദ്ധമാണ്. അങ്ങയുടെ കാലത്ത് ഇത് ചെയ്യാൻ പാടില്ല, ഏറ്റവും അറുപിന്തിരിപ്പനായ ഈ ഭേദഗതി അങ്ങ്

പിൻവലിക്കണം. ഇത് ഈ നിയമസഭയ്ക്ക് അപമാനമാണ്. എന്തു പുരോഗതിയാണ് ഇതിൽ കാണുന്നത്. ഇവിടെ തൊഴിൽ നിയമമില്ലാത്തതു കൊണ്ടാണോ? കേരളത്തിൽ പരമ്പരാഗത വ്യവസായ മേഖല മുഴുവൻ ശവപ്പറമ്പായത് നിയമമില്ലാത്തതുകൊണ്ടാണോ; എന്തുകൊണ്ട് ഇങ്ങനെ സംഭവിക്കുന്നു. തൊഴിൽ നിയമങ്ങൾ പലയിടത്തും നടപ്പിലാക്കാൻ കഴിയുന്നില്ല. തൊഴിലാളികളുടെ താല്പര്യങ്ങൾ സംരക്ഷിക്കാൻ പര്യാപ്തമായ നിലവിലുള്ള നിയമങ്ങൾ എൻഫോഴ്സ് ചെയ്യുന്നതിൽ നടപടിയെടുക്കാതെ പുതിയ ഭേദഗതി കൊണ്ടുവരുന്നു. ഈ ഭേദഗതി അവതരിപ്പിച്ച മന്ത്രി തന്നെ പറഞ്ഞു; ഇത് ഇപ്പോഴൊന്നും നടപ്പിലാകില്ല എന്ന്. പിന്നെന്തിനാണ് ഈ ബിൽ കൊണ്ടുവന്നത്. ഇത് നടപ്പിലാക്കാനുള്ള സമയമില്ല. വെറുതെ ഒരു ഭേദഗതി കൊണ്ടുവന്ന് ഒരു ബിൽ അവതരിപ്പിച്ചുവെന്നതല്ലാതെ, ദോഷവശങ്ങളല്ലാതെ ഇതിൽ ഗുണവശങ്ങളൊന്നും തന്നെയില്ല. അങ്ങയുടെ മനഃസാക്ഷി അനുവദിക്കുമെങ്കിൽ ഇത് പുനഃപരിശോധിക്കണം. തൊഴിലാളിക്ക് ജാതിയില്ല, മതമില്ല, എന്നാൽ ഇന്ന് രാജ്യം അതിലേയ്ക്ക് പോകുകയാണ്. സർവ്വരാജ്യ തൊഴിലാളികൾ എന്ന മുദ്രാവാക്യത്തിൽ നിൽക്കുന്ന തൊഴിലാളികളെ ഒന്നിച്ചുകൊണ്ടുപോകണം. ഐ.എൻ.ടി.യു.സി.-യും യു.ടി.യു.സി.-യും എല്ലാവരും ഒന്നിച്ചുനിൽക്കുകയാണ്. അവരെല്ലാം ഇതിന് എതിരാണ്.

ശ്രീ. ഷിബു ബേബി ജോൺ: ഒരാളും ഇതിന് എതിരല്ല.

ശ്രീ. സി. ദിവാകരൻ: ട്രേഡ് യൂണിയനുകളുടെ സർവ്വകക്ഷിയോഗം വിളിക്കണം. കേരളത്തിലെ സെൻട്രൽ ട്രേഡ് യൂണിയനുകളുടെ യോഗം വിളിച്ച് ഈ ബിൽ പാസ്സാക്കിയത് ശരിയാണോ തെറ്റാണോ എന്ന് ചർച്ച ചെയ്യണം. അതിന് ഞാൻ താങ്കളെ വെല്ലുവിളിക്കുകയാണ്. ഭൂരിപക്ഷം ട്രേഡ് യൂണിയനുകളും ഇതിന് എതിരായിരിക്കും. അതിന് തയ്യാറാണോ; ജനാധിപത്യപരമായ ഒരു സമീപനം വേണം.

ശ്രീ. കെ. സി. ജോസഫ്: അങ്ങ് ഒരു കാര്യം മനസ്സിലാക്കണം. ട്രേഡ് യൂണിയനുകൾക്ക് അവസാനം മൂന്നാറിലെ അവസ്ഥയുണ്ടാകരുത്. അതൊരു മുന്നറിയിപ്പാണ്.

ശ്രീ. സി. ദിവാകരൻ: ശ്രീ. കെ. സി. ജോസഫിന് ആ രംഗത്ത് വലിയ പരിചയമില്ലാത്തതുകൊണ്ടാണ്. ഞാൻ 40-45 കൊല്ലം തൊഴിലാളിരംഗത്ത് നിന്ന ഒരാളാണ്. തൊഴിലാളികൾ ചിലപ്പോൾ നേതാക്കന്മാർക്കെതിരെ തിരിയും; അതു കണ്ട് അമ്പരക്കുകയൊന്നും വേണ്ട. ആ തൊഴിലാളികൾ തന്നെ ഞങ്ങളെ കൊണ്ടുപോകുകയും ചെയ്യും. മനുഷ്യരാണ് തൊഴിലാളികൾ. തെറ്റുകളുണ്ടായാൽ

തൊഴിലാളികൾ നേതാക്കന്മാരോട് തിരുത്താൻ പറയും. അവിടെ ഒരു അപകടവുമുണ്ടായില്ല. ഉണ്ടോയെന്ന് ലേബർ മിനിസ്റ്റർ പറയട്ടെ. ഒരു അപകടവുമുണ്ടായില്ല. അതുകൊണ്ട് അവിടത്തെ കാര്യം ഇവിടെ പറഞ്ഞിട്ട് വല്ല കാര്യമുണ്ടോ; ബഹുമാനപ്പെട്ട മന്ത്രി അതിനെ പ്രോത്സാഹിപ്പിക്കുന്നത് നല്ലതാണോ; അത് അരാജകത്വമാണ് ; ആ കാര്യത്തിൽ ലേബർ മന്ത്രി എടുത്തതാണ് നിലപാട്.

ശ്രീ. കെ. സി. ജോസഫ്: അതൊരു മുന്നറിയിപ്പാണ്. അവിടെയുള്ള ചുവരെഴുത്ത് വായിച്ചുനോക്കണം.

ശ്രീ. സി. ദിവാകരൻ: ഒരു മുന്നറിയിപ്പുമില്ല. അതൊക്കെ ഇടയ്ക്കിടെയുണ്ടാകും. ചുവരെഴുത്ത് ഒരുപാട് വായിച്ചതാണ്. അതിൽ ചുവരെഴുത്തൊന്നുമില്ല. അതൊക്കെ ട്രേഡ് യൂണിയൻ രംഗത്തുള്ള ആളുകളോട് ചോദിക്കണം. തൊഴിലാളികളുടെ ആവശ്യം അംഗീകരിക്കപ്പെടാതെ പണിമുടക്ക് പിൻവലിക്കുമ്പോൾ നേതാക്കന്മാരെ കൈകാര്യം ചെയ്യും, എല്ലായിടത്തുമുള്ളതാണ്.

മി. സ്പീക്കർ: ശ്രീ. സി. ദിവാകരൻ, അങ്ങ് അവസാനിപ്പിക്കണം.

ശ്രീ. സി. ദിവാകരൻ: ഞാൻ അവസാനിപ്പിക്കുകയാണ്. മൂന്നാം വായനയായതുകൊണ്ടാണ്. വീണ്ടും ഞാൻ ഈ സഭയോടും മുൻതൊഴിൽ വകുപ്പുമന്ത്രി, ഇപ്പോഴത്തെ തൊഴിൽ വകുപ്പുമന്ത്രി, തൊഴിലാളികളോട് താല്പര്യമുള്ള ഡെപ്യൂട്ടി സ്പീക്കർ തുടങ്ങിയ ട്രേഡ് യൂണിയൻ നേതാക്കന്മാരോട് പറയുകയാണ്, ഇത് ശരിയല്ല, നീതികേടാണ്; ഈ ഭേദഗതി തൊഴിലാളികൾക്ക് എതിരാണ്. അതിനാൽ ഇത് പുനഃപരിശോധിക്കണം.

ശ്രീ. ഷിബു ബേബി ജോൺ: സർ, ഇതുസംബന്ധിച്ച കാര്യങ്ങളെല്ലാം വിശദീകരിച്ചതാണ്. ഈ ബില്ല് ഭരണഘടനാവിരുദ്ധമാണെന്നാണ് ബഹുമാനപ്പെട്ട ശ്രീ. സി. ദിവാകരൻ കണ്ടെത്തിയിരിക്കുന്നത്. അത് എങ്ങനെയാണെന്ന് അറിയില്ല. ഇത് ഓർഡിനൻസ് ആക്കി പ്രസിഡൻഷ്യൽ അസെന്റ് കിട്ടിയതാണ്. ഭരണഘടനാവിരുദ്ധമാണെങ്കിൽ പ്രസിഡൻഷ്യൽ അസെന്റ് കിട്ടില്ല. അത് ബില്ലാക്കി റീപ്ലേസ് ചെയ്യുന്നുവെന്ന് മാത്രമേയുള്ളൂ. അതിന്റെ ഭാഗമായി ഇംപ്ലിമെന്റ് ചെയ്ത ഒരു വേജ് പ്രൊട്ടക്ഷൻ സിസ്റ്റത്തെക്കുറിച്ചാണ് ഇവിടെ വിശദീകരിച്ചത്. വേജ് പ്രൊട്ടക്ഷൻ സിസ്റ്റം കേരളത്തിൽ മൊത്തം നടപ്പിലായി വരാൻ കുറച്ചുസമയം എടുക്കുമെന്നാണ് ഞാൻ പറഞ്ഞത്. എല്ലാ സെക്ടറും നാളെ മുതൽ ആക്കുമെന്ന് പറയാൻ കഴിയുമോ. അദ്ദേഹം എങ്ങനെ കേട്ടുവെന്ന് മനസ്സിലാകുന്നില്ല. ഇത് തൊഴിലാളി വിരുദ്ധമല്ല, തൊഴിലാളികൾക്ക് വേണ്ടിയുള്ള ഏറ്റവും വിപ്ലവകരമായ ഒരു നടപടിയാണ്. മാറ്റങ്ങളുടെ മുമ്പിൽ മുഖം തിരിച്ചു നിന്നുകൊണ്ട് എല്ലാറ്റിനെയും

എതിർത്തിട്ട് പിന്നീട്, മൂന്നുനാല് പതിറ്റാണ്ട് കഴിയുമ്പോൾ അത് ശരിയാണെന്ന് പറയുന്ന സമീപനമാണല്ലോ കണ്ടുവരുന്നത്. ആ നിലപാട് ഇനിയെങ്കിലും ഉപേക്ഷിക്കണം. കാര്യങ്ങൾ മനസ്സിലാക്കാനെങ്കിലും ട്രേഡ് യൂണിയൻ നേതാക്കന്മാർ ശ്രമിക്കണം. ഇവിടെ എന്തൊക്കെയാണ് പറഞ്ഞത്. ഞാൻ ഒരു രാഷ്ട്രീയവും പറഞ്ഞില്ല. ഒരു ബില്ലിന്റെ അന്തഃസത്ത ഉൾക്കൊണ്ടുകൊണ്ട് സംസാരിക്കുന്നതിനുപകരം എന്തും പറയാവുന്ന നിലയിലേക്ക് കാര്യങ്ങൾ പോവുകയാണ്. ഇതിൽ തൊഴിലാളി വിരുദ്ധമായിട്ടുള്ളത് എന്താണ്? കാലം മാറി, ഇ-ബാങ്കിംഗ് മാറി, ഇപ്പോൾ മൊബൈൽ ബാങ്കിംഗിലേക്ക് പോകുന്ന കാലഘട്ടമാണ്. അത് എന്താണെന്നുള്ളത് മനസ്സിലാക്കണം.

ശ്രീ. സി. ദിവാകരൻ: സർ, നടപടിക്രമം തെറ്റിച്ചാണ് മിനിസ്റ്റർ മറുപടി പറയുന്നത്.

മി. സ്പീക്കർ: അങ്ങ് പറഞ്ഞതിന് ക്ലാരിഫിക്കേഷൻ നൽകുന്നതാണ്.

ശ്രീ. ഷിബു ബേബി ജോൺ: ബില്ലിന് മറുപടി പറഞ്ഞപ്പോൾ അതിന്റെ എല്ലാ വശങ്ങളെയുംകുറിച്ച് പറഞ്ഞതാണ്. മൂന്നാം വായനയുടെ നടപടിക്രമം പരിശോധിക്കുകയാണെങ്കിൽ ബില്ലിന്റെ ഇംപ്ലിമെന്റേഷനിൽ വരാവുന്ന അപാകതകൾ എന്തൊക്കെയുണ്ടെന്ന് ചൂണ്ടിക്കാണിക്കാം, അതാണ് മൂന്നാം വായന. അല്ലാതെ നിയമം മാറ്റണമെന്ന് പറയുകയല്ല.

മി. സ്പീക്കർ: അക്കാര്യം വ്യക്തമായി അറിയാവുന്ന ഒരാളാണ് ശ്രീ. സി. ദിവാകരൻ.

ശ്രീ. ഷിബു ബേബി ജോൺ : സർ, അങ്ങനെയാണെങ്കിൽ ഇങ്ങനെ പ്രസംഗിക്കുകയില്ലായിരുന്നു. മൂന്നാം വായനയുമായി ബന്ധപ്പെട്ട ഒരു ചട്ടവും പാലിക്കാത്ത പ്രസംഗമായിരുന്നു അദ്ദേഹത്തിന്റേത്. ഇത് പാസ്സാക്കുന്നതുകൊണ്ട് ആർക്കെങ്കിലും ദോഷമുണ്ടെങ്കിൽ അത് ഇതിനെ വരുമാന മാർഗ്ഗമാക്കി, പാവം തൊഴിലാളികളെ ചൂഷണം ചെയ്ത് അവരുടെ കൂലിയിൽനിന്ന് പിരിവെടുക്കുന്ന ചിലർക്കായിരിക്കും. ആ പിരിവിനുള്ള അവസരം നിഷേധിച്ചെന്നിരിക്കും. (ബഹളം)

ശ്രീ. ബാബു എം. പാലിശ്ശേരി: ..........

ശ്രീ. ഷിബു ബേബി ജോൺ: നിങ്ങൾ പിരിച്ചുവെന്ന് പറഞ്ഞോ. ശ്രീ. ബാബു. എം. പാലിശ്ശേരി എന്തിനാണ് ഇത് ഏറ്റുപിടിക്കുന്നത്. ശ്രീ. ബാബു എം. പാലിശ്ശേരി പിരിച്ചെന്ന് ഞാൻ പറഞ്ഞില്ലല്ലോ.

മി.സ്പീക്കർ: യെസ്. പ്ലീസ്... പ്ലീസ് ..... ബഹുമാനപ്പെട്ട മിനിസ്റ്റർ പ്ലീസ് .....

ശ്രീ. ഷിബു ബേബി ജോൺ : സർ, ഞാൻ വഴങ്ങുന്നില്ല.

മി. സ്പീക്കർ: അവസാന ഘട്ടത്തിൽ ഇത്തരത്തിൽ ഒരു ചർച്ചയിലേക്ക് പോകുന്നത് ശരിയല്ല.

ശ്രീ. ഷിബു ബേബി ജോൺ : എന്നെക്കൊണ്ട് പറയിച്ചതാണ്. ഇതൊക്കെ അറിയാവുന്ന കാര്യമാണ്. അറിയാൻ വയ്യാത്തതൊന്നുമല്ല. അങ്ങനെയുള്ളവർക്ക് ബുദ്ധിമുട്ടുണ്ടാകും, അവർ എതിർക്കും. എന്നാൽ വ്യവസ്ഥാപിതമായ ട്രേഡ് യൂണിയനുകൾക്ക് ഭയക്കേണ്ട കാര്യമില്ല. ചെക്ക് ഓഫ് സിസ്റ്റം ഉണ്ട്.

ശ്രീ. സി. ദിവാകരൻ: വ്യവസ്ഥാപിതമായതാണോ അല്ലയോ എന്ന് തീരുമാനിക്കുന്നത് ആരാണ്?

ശ്രീ. ഷിബു ബേബി ജോൺ: നമ്മൾ തമ്മിൽ വ്യക്തിപരമായി സംസാരിക്കേണ്ടതില്ല. ആ സീറ്റിന്റെ അന്തസ് കളഞ്ഞുകൊണ്ട് സംസാരിക്കരുത്. ഇത് ഒരു തൊഴിലാളിക്കും ദ്രോഹപരമായിട്ടുള്ളതല്ല. തൊഴിലാളി വിരുദ്ധമല്ല. തൊഴിലാളികൾക്ക് അനുകൂലമായിട്ടുള്ളതാണ്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട സി. ദിവാകരൻ ഇത്തരത്തിലുള്ള ചർച്ചയ്ക്ക് പോകരുത്. മൂന്നാം വായനയും കഴിഞ്ഞു. ഇനി അനുവദിക്കാൻ കഴിയില്ല.

2015-ലെ കൂലി കൊടുക്കൽ (കേരള ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ .......

അനുകൂലിക്കുന്നവർ ..........................

പ്രതികൂലിക്കുന്നവർ..........................

ശ്രീ. സി. ദിവാകരൻ: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.)

അനുകൂലിക്കുന്നവർ:

1. ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി
2. ശ്രീ. പി. ബി. അബ്ദുൾ റസാക്
3. ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി
4. ശ്രീ. കെ. അച്ചുതൻ
5. ശ്രീ. അടൂർ പ്രകാശ്

6. ശ്രീ. റ്റി. എ. അഹമ്മദ് കബീർ
7. ശ്രീ. മഞ്ഞളാംകുഴി അലി
8. ശ്രീ. എ. പി. അനിൽകുമാർ
9. ശ്രീ. അൻവർ സാദത്ത്
10. ശ്രീ. കെ. ബാബു
11. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
12. ശ്രീ. സി. എൻ. ബാലകൃഷ്ണൻ
13. ശ്രീ. വി. റ്റി. ബൽറാം
14. ശ്രീ. പി. കെ. ബഷീർ
15. ശ്രീ. ബെന്നി ബെഹനാൻ
16. ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
17. ശ്രീ. എ. റ്റി. ജോർജ്
18. ശ്രീ. ഹൈബി ഈഡൻ
19. ശ്രീമതി പി. കെ. ജയലക്ഷ്മി
20. ഡോ. എൻ. ജയരാജ്
21. ശ്രീ. കെ. സി. ജോസഫ്
22. ശ്രീ. ജോസഫ് വാഴക്കൻ
23. ശ്രീ. വർക്കല കഹാർ
24. ശ്രീ. കെ. എൻ. എ. ഖാദർ
25. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
26. ശ്രീ. റ്റി. യു. കുരുവിള
27. ശ്രീ. പി. എ. മാധവൻ
28. ശ്രീ. സി. മമ്മൂട്ടി
29. ശ്രീ. സി. മോയിൻ കുട്ടി
30. ശ്രീ. സി. പി. മുഹമ്മദ്
31. ശ്രീ. കെ. പി. മോഹനൻ
32. ശ്രീ. ആര്യാടൻ മുഹമ്മദ്
33. ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

34. ശ്രീ. കെ. മുരളീധരൻ
35. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
36. ശ്രീ. ഉമ്മൻ ചാണ്ടി
37. ശ്രീ. ടി. എൻ. പ്രതാപൻ
38. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
39. ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
40. ശ്രീ. രമേശ് ചെന്നിത്തല
41. ശ്രീ. പാലോട് രവി
42. ശ്രീ. കെ. എസ്. ശബരിനാഥൻ
43. ശ്രീ. വി. പി. സജീന്ദ്രൻ
44. ശ്രീ. വി.ഡി. സതീശൻ
45. ശ്രീ. ഷാഫി പറമ്പിൽ
46. ശ്രീ. കെ. എം. ഷാജി
47. ശ്രീ. എൻ. ഷംസുദ്ദീൻ
48. ശ്രീ. ഷിബു ബേബി ജോൺ
49. ശ്രീ. കെ. ശിവദാസൻ നായർ
50. ശ്രീ. വി. എസ്. ശിവകുമാർ
51. ശ്രീ. സണ്ണി ജോസഫ്
52. ശ്രീ. സി. എഫ്. തോമസ്
53. ശ്രീ. തോമസ് ഉണ്ണിയാടൻ
54. ശ്രീ. പി. ഉബൈദുള്ള
55. ശ്രീ. എം. ഉമ്മർ
56. ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ
57. ശ്രീ. എം. പി. വിൻസെന്റ്
58. ശ്രീ. പി. സി. വിഷ്ണുനാഥ്

<u>പ്രതികൂലിക്കുന്നവർ :</u>

1. ശ്രീമതി പി. അയിഷാ പോറ്റി
2. ശ്രീ. കെ. അജിത്
3. ശ്രീ. എ. എം. ആരിഫ്
4. ശ്രീ. എ. കെ. ബാലൻ
5. ശ്രീ. ബാബു എം. പാലിശ്ശേരി
6. ശ്രീ. സി. ദിവാകരൻ
7. ശ്രീ. ഇ. ചന്ദ്രശേഖരൻ
8. ശ്രീ. വി. ചെന്താമരാക്ഷൻ
9. ശ്രീ. കെ. ദാസൻ
10. ശ്രീമതി ഗീതാ ഗോപി
11. ശ്രീ. ചിറ്റയം ഗോപകുമാർ
12. ശ്രീ. എം. ഹംസ
13. ശ്രീമതി ജമീലാ പ്രകാശം
14. ഡോ. കെ. ടി. ജലീൽ
15. ശ്രീ. സി. കൃഷ്ണൻ
16. ശ്രീ. എളമരം കരീം
17. ശ്രീമതി കെ. കെ. ലതിക
18. ശ്രീ. മാത്യു റ്റി. തോമസ്
19. ശ്രീ. കെ. കെ. നാരായണൻ
20. ശ്രീ. പുരുഷൻ കടലുണ്ടി
21. ശ്രീ. രാജു എബ്രഹാം
22. പ്രൊഫ. സി. രവീന്ദ്രനാഥ്
23. ശ്രീ. എസ്. രാജേന്ദ്രൻ
24. ശ്രീ. വി. എസ്. സുനിൽ കുമാർ

25. ശ്രീമതി കെ. എസ്. സലീഖ

26. ശ്രീ. വി. ശശി

27. ശ്രീ. എ. കെ. ശശീന്ദ്രൻ

28. ശ്രീ. ബി. സത്യൻ

29. ശ്രീ. കെ. സുരേഷ് കുറുപ്പ്

30. ശ്രീ. പി. തിലോത്തമൻ

31. ശ്രീ. ഇ. കെ. വിജയൻ

മി. സ്പീക്കർ: അനുകൂലിക്കുന്നവർ - 58

പ്രതികൂലിക്കുന്നവർ - 31

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല.

2015-ലെ കൂലി കൊടുക്കൽ (കേരള ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

2015-ലെ കൂലി കൊടുക്കൽ (കേരള ഭേദഗതി) ബിൽ പാസ്സായിരിക്കുന്നു.

സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(8-ാം തീയതി ചൊവ്വാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ വൈകുന്നേരം 5.45-ന് പിരിഞ്ഞു.)